# കേരള നിയമസഭാ നടപടികൾ

**പതിമൂന്നാം കേരള നിയമസഭ**

**പന്ത്രണ്ടാം സമ്മേളനം**

**2014 ഡിസംബർ 9, ചൊവ്വ**

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 157 - നമ്പർ 7

വില : ₹ 50

**കേരള നിയമസഭാ സെക്രട്ടേറിയറ്റ്**
**തിരുവനന്തപുരം**

# കേരള നിയമസഭാ നടപടികൾ

## പതിമൂന്നാം കേരള നിയമസഭ

### പന്ത്രണ്ടാം സമ്മേളനം

2014 ഡിസംബർ 9, ചൊവ്വ

സ്പീക്കർ
**ശ്രീ. ജി. കാർത്തികേയൻ**

ഡെപ്യൂട്ടി സ്പീക്കർ
**ശ്രീ. എൻ. ശക്തൻ**

സെക്രട്ടറി
**ശ്രീ. പി. ഡി ശാരംഗധരൻ**

ചീഫ് എഡിറ്റർ
**ശ്രീ. ബി. മഹേന്ദ്ര കുമാർ**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. ഉമ്മൻ ചാണ്ടി |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | ശ്രീ. പി. കെ. അബ്ദു റബ്ബ് |
| റവന്യൂവും കയറും വകുപ്പുമന്ത്രി | : | ശ്രീ. അടൂർ പ്രകാശ് |
| പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി | : | ശ്രീ. എ. പി. അനിൽ കുമാർ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. അനൂപ് ജേക്കബ് |
| ഊർജ്ജ വകുപ്പുമന്ത്രി | : | ശ്രീ. ആര്യാടൻ മുഹമ്മദ് |
| മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. കെ. ബാബു |
| സഹകരണവും ഖാദി-ഗ്രാമവ്യവസായവും വകുപ്പുമന്ത്രി | : | ശ്രീ. സി. എൻ. ബാലകൃഷ്ണൻ |
| പൊതുമരാമത്ത് വകുപ്പുമന്ത്രി | : | ശ്രീ.വി. കെ. ഇബ്രാഹിം കുഞ്ഞ് |
| പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി | : | കുമാരി പി. കെ. ജയലക്ഷ്മി |
| ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി | : | ശ്രീ. കെ. സി. ജോസഫ് |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. പി. ജെ. ജോസഫ് |
| വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി | : | ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി |
| ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. കെ. എം. മാണി |
| നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി | : | ശ്രീ. മഞ്ഞളാംകുഴി അലി |
| കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി | : | ശ്രീ. കെ. പി. മോഹനൻ |
| പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : | ഡോ. എം. കെ. മുനീർ |
| ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി | : | ശ്രീ. രമേശ് ചെന്നിത്തല |
| തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി | : | ശ്രീ. ഷിബു ബേബി ജോൺ |
| ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. ശിവകുമാർ |
| വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി | : | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ |

# ഉള്ളടക്കം

പേജ്

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ 1
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ 27
   (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ 27
   (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ 67

**II അടിയന്തരപ്രമേയം**

അനിശ്ചിതകാല നിരാഹാര സമരം
(അവതരണാനുമതി നിഷേധിച്ചു) 412

**III ശ്രദ്ധ ക്ഷണിക്കൽ**

1. പുനലൂർ-മൂവാറ്റുപുഴ റോഡിന്റെ തകർച്ച—
   ശ്രീ. കെ. ബി. ഗണേഷ് കുമാർ 428
2. ഇന്ദിരാ ആവാസ് യോജന പദ്ധതിക്കുള്ള സംസ്ഥാന വിഹിതം—
   ശ്രീ. എ. കെ. ബാലൻ 437

**IV സബ്മിഷൻ**

1. ടെലിവിഷൻ ചാനലുകളിലെ ജീവനക്കാർക്ക്
   ശമ്പളവും ആനുകൂല്യങ്ങളും—
   പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്യുതാനന്ദൻ) 441
2. ഹിരണ്യനല്ലൂർ ക്ഷേത്രം അഗ്നിക്കിരയായ സംഭവം—
   ശ്രീ. ചിറ്റയം ഗോപകുമാർ 443
3. കിസ് ഓഫ് ലവ് പ്രവർത്തകർക്ക് നേരെയുണ്ടായ ആക്രമണം—
   ശ്രീ. എ. പ്രദീപ്കുമാർ 444
4. കൂനമ്മാവ് സെന്റ് ഫിലോമിനാസ് ദേവാലയം തീർത്ഥാടന
   കേന്ദ്രമായി സംരക്ഷിക്കൽ—

| | | |
|---|---|---|
| | ശ്രീ. വി. ഡി. സതീശൻ | 450 |
| 5. | മെഡിക്കൽ കോളേജിന്റെ പ്രവർത്തനം — | |
| | ശ്രീ. പി. കെ. ഗുരുദാസൻ | 451 |
| 6. | ഗതാഗതക്കുരുക്ക്— | |
| | ശ്രീ. പി. ബി. അബ്ദുൾ റസാക് | 454 |
| 7. | അദ്ധ്യാപക നിയമനം— | |
| | ശ്രീ. എം. വി. ശ്രേയാംസ് കുമാർ | 456 |
| 8. | താറാവ് കർഷകർ നേരിടുന്ന പ്രതിസന്ധി— | |
| | ശ്രീ. മാത്യു റ്റി. തോമസ് | 457 |
| 9. | വൈദ്യുതിലൈൻ ഡബിൾ സർക്യൂട്ട് ആക്കൽ— | |
| | ശ്രീ. എ. റ്റി. ജോർജ് | 461 |
| 10. | റാങ്ക് ഹോൾഡേഴ്സിന്റെ നിരാഹാര സമരം— | |
| | ശ്രീ. കോടിയേരി ബാലകൃഷ്ണൻ | 462 |
| 11. | തൃപ്രയാർ ക്ഷേത്രത്തിലെ അടിസ്ഥാന സൗകര്യങ്ങൾ— | |
| | ശ്രീമതി ഗീതാ ഗോപി | 465 |
| 12. | തങ്കളം-കോഴിപ്പിള്ളി ബൈപ്പാസ് റോഡ് പൂർത്തീകരണം— | |
| | ശ്രീ. റ്റി. യു. കുരുവിള | 467 |
| 13. | സാനിട്ടേഷൻ വർക്കർമാരുടെ പ്രശ്നങ്ങൾ— | |
| | ശ്രീ. ജെയിംസ് മാത്യു | 469 |
| 14. | സിമന്റ് പാത്ര നിർമ്മാണ മേഖല നേരിടുന്ന പ്രതിസന്ധി— | |
| | ശ്രീ. സി. കെ. നാണു | 472 |
| 15. | ടോൾ പിരിവ് നിർത്തലാക്കൽ— | |
| | ശ്രീ. സി. പി. മുഹമ്മദ് | 474 |
| 16. | നാലുവരിപ്പാത നിർമ്മാണം— | |

ശ്രീ. ബാബു എം. പാലിശ്ശേരി 475

17. കനോലി കനാൽ ശുദ്ധീകരിക്കൽ–

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി 477

18. കുടിവെള്ള പദ്ധതികൾ കമ്മിഷൻ ചെയ്യൽ–

ശ്രീ. ആർ. രാജേഷ് 478

19. ദിവസവേതന ഡ്രൈവർമാരുടെ പിരിച്ചുവിടൽ–

ശ്രീ. സി. മോയിൻകുട്ടി 479

20. മുതലമട പഞ്ചായത്തിൽ കാൻസർ രോഗം–

ശ്രീ. വി. ചെന്താമരാക്ഷൻ 481

**V മേശപ്പുറത്തുവച്ച കടലാസ്സുകൾ**

കാര്യവിവര പട്ടികയിലെ മൂന്നാമത്തെ
ഇനം അനുസരിച്ചുള്ള കടലാസുകൾ 483

**VI റിപ്പോർട്ട് സമർപ്പണം**

ഹർജികൾ സംബന്ധിച്ച സമിതിയുടെ എട്ടാമത് റിപ്പോർട്ട് 489

**VII അറിയിപ്പ്** 489

**VIII പ്രത്യേക പരാമർശം**

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) 489

**IX നിയമനിർമ്മാണകാര്യം**

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2014-ലെ
കേരള മാരിടൈം ബോർഡ് ബിൽ പരിഗണനയ്ക്ക്
എടുക്കണമെന്ന പ്രമേയം 491

# കേരള നിയമസഭാ നടപടികൾ

## പതിമൂന്നാം കേരള നിയമസഭ

### പന്ത്രണ്ടാം സമ്മേളനം

*2014 ഡിസംബർ 9, ചൊവ്വ*

വാല്യം 157] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 7]

നിയമസഭ 2014 ഡിസംബർ മാസം 9-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. ഡെപ്യൂട്ടി സ്പീക്കർ: ഓർഡർ, ഓർഡർ ചോദ്യം നമ്പർ * 181

### വില്പന നികുതി അടയ്ക്കാതെ ഓൺലൈൻ ഷോപ്പിംഗ് സൈറ്റുകൾ

1 (*181) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീമതി കെ. എസ്. സലീഖ :
ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വില്പന നികുതി അടയ്ക്കാതെ ഓൺലൈൻ ഷോപ്പിംഗ് സൈറ്റുകൾ സംസ്ഥാനത്ത് വ്യാപകമായ തോതിൽ സാധനങ്ങൾ വില്പന നടത്തി വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഏതെല്ലാം ഓൺലൈൻ ഷോപ്പിംഗ് (ഇ-കോമേഴ്സ്) സൈറ്റുകൾ സംസ്ഥാനത്ത് വില്പന നടത്തി വരുന്നുണ്ടെന്ന് അന്വേഷിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കാമോ ;

(സി) ഇ-കോമേഴ്സ് സൈറ്റുകളിലൂടെയുള്ള വില്പനയ്ക്ക് നികുതി ഏർപ്പെടുത്തുന്നതിൽ കാലവിളംബം നേരിടുന്നത് എന്തുകൊണ്ടാണ് ; ഇതുമൂലം ഉണ്ടായ നികുതി നഷ്ടം കണക്കാക്കിയിട്ടുണ്ടോ ;

(ഡി) നികുതി ഈടാക്കുന്നത് സംബന്ധിച്ച് പഠിക്കാൻ നിയോഗിച്ച കമ്മിറ്റിയുടെ

റിപ്പോർട്ട് വാങ്ങി തീരുമാനം കൈക്കൊള്ളാതിരിക്കുന്നത് എന്തുകൊണ്ടാണ് ?

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി ) : സർ,

(എ) സംസ്ഥാനത്ത് ഓൺലൈൻ സൈറ്റിലൂടെ സാധനങ്ങൾ വാങ്ങുന്ന പ്രവണത വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അന്യസംസ്ഥാനങ്ങളിൽ കേന്ദ്രീകരിച്ചിരിക്കുന്ന ഇത്തരം സ്ഥാപനങ്ങൾ ഓൺലൈൻ വഴി ഓർഡറുകൾ സ്വീകരിക്കുകയും ഉപഭോക്താക്കൾക്ക് പ്രധാനമായും കൊറിയർ വഴി സാധനങ്ങൾ എത്തിക്കുകയുമാണ് ചെയ്യുന്നത്. ഉപഭോക്താക്കളുടെ പേരിൽ ബിൽ ചെയ്തുവരുന്ന ഇത്തരം സാധനങ്ങൾക്ക് അതാത് സംസ്ഥാനങ്ങളിൽ നിലവിലുള്ള നികുതി ഈടാക്കിയതായിട്ടാണ് ബില്ലിൽ രേഖപ്പെടുത്തിക്കാണുന്നത്. ഇവർക്ക് കേരളത്തിൽ ഡീലർമാരോ കടകളോ കാണുകയില്ല. അന്യസംസ്ഥാനങ്ങളിൽനിന്നും കേരളത്തിലേക്ക് നടത്തുന്ന ഇത്തരം വില്പന, കേന്ദ്ര ചരക്ക് വില്പന നിയമത്തിലും കേന്ദ്രവില്പന നികുതി നിയമത്തിലും വ്യവസ്ഥ ചെയ്യപ്പെട്ടിട്ടുള്ള രീതിയിൽ ആകയാൽ നിയമപരമായി തടയുവാൻ ബുദ്ധിമുട്ടുള്ളതുമാണ്.

(ബി) അന്വേഷണത്തിൽ പ്രധാനപ്പെട്ട ഒരു ഓൺലൈൻ ഷോപ്പിംഗ് സൈറ്റും കേരളത്തിൽ പ്രവർത്തിക്കുന്നില്ല. എന്നാൽ അടുത്ത കാലത്തായി ready made garments, designer sari എന്നിവ വിൽക്കുന്നതിന് ചില ഓൺലൈൻ സൈറ്റുകൾ കേരളത്തിൽ ആരംഭിച്ചിട്ടുണ്ട്. താഴെപ്പറയുന്ന സ്ഥാപനങ്ങൾ വഴിയാണ് മുഖ്യമായും ഓൺലൈൻ ഇടപാടുകൾ സംസ്ഥാനത്ത് നടക്കുന്നത്.

Myntra, Jabong, Amazon, Snapdeal, e-Bay, WS Retail (Flipkart). ഇതിൽ Myntra എന്ന നാമത്തിൽ ഓൺലൈൻ വ്യാപാരം നടത്തുന്ന സ്ഥാപനം Vector E Commerce Pvt. Ltd. എന്ന പേരിൽ എറണാകുളത്ത് 23-4-2014-ൽ വാറ്റ് രജിസ്ട്രേഷൻ എടുത്തിട്ടുണ്ട്. സ്റ്റോക്ക് ട്രാൻസ്ഫർ വഴി മറ്റു സംസ്ഥാനങ്ങളിൽ നിന്ന്, പ്രധാനമായും കർണ്ണാടകയിൽനിന്ന് എത്തിക്കുന്ന സാധനങ്ങൾ ഇവിടെ ബില്ല് ചെയ്താണ് ഉപഭോക്താക്കൾക്ക് നല്കുന്നത്. ഇവർ കൈകാര്യം ചെയ്യുന്ന

പ്രധാന സാധനങ്ങൾ readymade goods, electronic and electric goods, leather goods എന്നിവയാണ്. 2014 ജൂൺ മുതൽ ഒക്ടോബർ വരെ 230.67 ലക്ഷം രൂപ നികുതിയിനത്തിൽ അടച്ചിട്ടുണ്ട്.

(സി) ഈ വിഷയം പഠിക്കുവാൻ നിയോഗിച്ച കമ്മിറ്റിയോട് നികുതി നഷ്ടം കണക്കാക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. അന്യസംസ്ഥാനങ്ങളിൽ നിന്നും നിയമപരമായി കേരളത്തിലേക്ക് നടത്തുന്ന ഇത്തരം വില്പന, കേന്ദ്ര വില്പന നികുതി നിയമം, കേന്ദ്ര ചരക്ക് വില്പന നിയമം എന്നിവ അനുസരിച്ചാണ്. നിലവിൽ ഓൺലൈൻ വ്യാപാരങ്ങൾ തടയുവാനോ റെഗുലേറ്റ് ചെയ്യുവാനോ ഫലപ്രദമായ ഒരു നിയമവും ഇല്ല. അന്തർ സംസ്ഥാന വില്പന ഒരു കേന്ദ്ര വിഷയവുമാണ്. അതുകൊണ്ട് കേന്ദ്ര സർക്കാരാണ് ഇതുസംബന്ധിച്ച് ഒരു നിയമം കൊണ്ടുവരേണ്ടത്. ഓൺലൈൻ സംവിധാനത്തിലൂടെ സാധനങ്ങൾ ഓർഡർ ചെയ്ത് അന്യസംസ്ഥാനങ്ങളിൽ നിന്ന് ക്യാഷ്-ഓൺ-ഡെലിവറി സംവിധാനം മുഖേന സംസ്ഥാനത്ത് ചരക്കുകൾ എത്തിച്ച് വില്ക്കുന്ന സമ്പ്രദായം കേരള മൂല്യവർദ്ധിത നികുതി നിയമത്തിന്റെ പരിധിയിൽ വരുമെന്ന് കാണിച്ച് വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗം, വില്പന വില സ്വീകരിച്ച ഇടനിലക്കാരായ ചില ഏജന്റുമാരുടെ മേൽ പിഴ ചുമത്തിയിട്ടുണ്ട്. ഇതിന്റെ നിയമ സാധുത ചോദ്യം ചെയ്ത് അവർ സമർപ്പിച്ച ഹർജി ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലാണ്.

(ഡി) ബഡ്ജറ്റ് നിർദ്ദേശ പ്രകാരം ഓൺലൈൻ വ്യാപാരം സംസ്ഥാന സമ്പദ്‌വ്യവസ്ഥയിൽ ചെലുത്തുന്ന സ്വാധീനത്തെക്കുറിച്ച് പഠിക്കാൻ വാണിജ്യ നികുതി ജോയിന്റ് കമ്മീഷണർ-1 അദ്ധ്യക്ഷയായി ഒരു കമ്മിറ്റി രൂപീകരിക്കുകയുണ്ടായി. ഇതുമായി ബന്ധപ്പെട്ട് പ്രധാനപ്പെട്ട ഓൺലൈൻ വ്യാപാരികളുടെയും കൊറിയർ/പാഴ്സൽ സ്ഥാപനങ്ങളുടെയും പ്രതിനിധികളെ ഉൾപ്പെടുത്തി ചർച്ച നടത്തി. ചില വിഷയങ്ങളിന്മേൽ ഇനിയും പരിശോധന ആവശ്യമായതിനാലും മറ്റുചില വിഷയങ്ങളിൽ കൂടുതൽ വിവരങ്ങൾ ശേഖരിക്കേണ്ടതിനാലും റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. അന്തർസംസ്ഥാന വില്പന ഒരു കേന്ദ്ര വിഷയമായതിനാൽ കേന്ദ്ര സർക്കാരാണ് ഇതുസംബന്ധിച്ച് നിയമനിർമ്മാണം നടത്തേണ്ടത്. ധനമന്ത്രിമാരുടെ ഉന്നതാധികാര സമിതിയിൽ കേരളം ഇക്കാര്യം ഉന്നയിക്കുകയും എല്ലാ സംസ്ഥാനങ്ങളും ഓൺലൈൻ വ്യാപാരത്തിൽ ഉണ്ടാകുന്ന നികുതി ചോർച്ചയെക്കുറിച്ച് ആശങ്ക പ്രകടിപ്പിക്കുകയുമുണ്ടായി. ഇക്കാര്യം പഠിക്കുവാൻ ഒരു സമിതിയെ

നിയോഗിക്കണമെന്നും ഓർഡർ നൽകുന്ന ഉപഭോക്താവിന്റെ വിലാസം ഉള്ള സംസ്ഥാനത്തുതന്നെ നികുതി ലഭിക്കുന്നതിനുള്ള വ്യവസ്ഥകൾ കൊണ്ടുവരേണ്ടതാണെന്നും കേരളം ആവശ്യപ്പെട്ടു. മറ്റ് സംസ്ഥാനങ്ങളും ഇത് പിന്തുണയ്ക്കുകയുണ്ടായി. ഈ ആവശ്യം ഉന്നതാധികാര സമിതിയുടെ പരിഗണനയിലാണ്. ശീതകാല സമ്മേളനത്തിൽ ഈ വിഷയം പാർലമെന്റിൽ ഉന്നയിക്കുവാൻ എം.പി.-മാരോട് ആവശ്യപ്പെട്ടിട്ടുണ്ട്.

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : സർ, ഏറെ സാമ്പത്തിക പ്രയാസം അനുഭവിക്കുന്ന സംസ്ഥാനമായി കേരളം മാറാൻ കാരണം നികുതി മുഴുവൻ പിരിച്ചെടുക്കാൻ സാധിക്കാത്തതാണെന്ന വസ്തുത ഈ സഭയിൽത്തന്നെ എല്ലാവരും സമ്മതിച്ചിട്ടുണ്ട്. സാങ്കേതിക രംഗം വളരെ വികാസം പ്രാപിച്ച ഈ കാലഘട്ടത്തിൽ ഓൺലൈൻ വ്യാപാരം വളരെ വ്യാപകമാണ്. അതിൽ യു.എസ്.എ., യു.കെ., ആസ്ട്രേലിയ തുടങ്ങിയ വിദേശ രാജ്യങ്ങൾ ഇന്ത്യയിലെ ഓൺലൈൻ വ്യാപാരത്തിന്റെ 60 ശതമാനം കയ്യടക്കാൻ വേണ്ടിയുള്ള ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇപ്പോൾ 4500 കോടി രൂപയുടെ നികുതി നമുക്ക് നഷ്ടമായിട്ടുണ്ട്. അങ്ങയുടെ ഉത്തരത്തിൽ Amazon എന്ന കമ്പനിയെ മൂന്നാമതായിട്ടാണ് കൊടുത്തിരിക്കുന്നത്. ഈ കമ്പനി സാർവ്വദേശീയമായി അമേരിക്കയിൽ കേന്ദ്രീകരിച്ച നിൽക്കുന്ന ഇ-കൊമേഴ്സ് ഭീമനാണ്. അതുകഴിഞ്ഞാൽ ഇന്ത്യയിലെ ഓൺലൈൻ വ്യാപാര രംഗത്ത് നിൽക്കുന്ന പ്രധാനപ്പെട്ട മറ്റൊരു സ്ഥാപനം Flipkart ആണ്. ഇങ്ങനെ കോടിക്കണക്കിന് രൂപ നഷ്ടം വരുത്തുന്ന ഓൺലൈൻ വ്യാപാരത്തിന്റെ കാര്യത്തിൽ നിസ്സഹായാവസ്ഥയാണ് അങ്ങ് കാണിച്ചിരിക്കുന്നത്. ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങൾക്കും ഒരേ നിയമമാണ്. കേരളത്തിന്റെ തൊട്ടടുത്ത് കിടക്കുന്ന കർണ്ണാടകയിൽ ഇത്തരം സ്ഥാപനങ്ങൾക്കെതിരെ നോട്ടീസ് അയച്ച കഴിഞ്ഞു. അതായത് നികുതി അടയ്ക്കാതെ ഓൺലൈൻ വഴി സാധനങ്ങൾ സംസ്ഥാനത്ത് എത്തിക്കുന്നതുമായി ബന്ധപ്പെട്ട് കേരളത്തിലെ ധനകാര്യ വകുപ്പുമന്ത്രി ഒരു നോട്ടീസ് അയക്കാൻപോലും തയ്യാറാകാതെ ഇത്തരം നിലപാടെടുക്കുന്നത് ശരിയാണോ ?

ശ്രീ. കെ. എം. മാണി: സർ, ബഹുമാനപ്പെട്ട അംഗം കാര്യങ്ങൾ മനസ്സിലാക്കാതെയാണ് സംസാരിക്കുന്നത്. കർണ്ണാടകത്തിൽ നിയമമില്ല, അവർ നോട്ടീസ് അയച്ചുവെന്നേയുള്ളൂ. കേരളത്തെ സംബന്ധിച്ചിടത്തോളം നോട്ടീസ് അയച്ചപ്പോൾ അതിനെതിരെ ഹൈക്കോടതിയിൽ കേസ് വന്നു. അത് ഹൈക്കോടതിയുടെ പരിഗണനയിലാണ്. ഇക്കാര്യത്തിൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഒരു അലംഭാവവുമില്ല. ഇവിടെ നല്ല രീതിയിലുള്ള ധീരമായ

പ്രവർത്തനങ്ങളാണ് നടക്കുന്നത്.

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : സർ, നികുതി ഈടാക്കുമ്പോൾ സാധാരണ ഗതിയിൽ നമ്മൾ ഇതുമായി ബന്ധപ്പെട്ട ബുക്കുകളെടുത്ത് പരിശോധിക്കും. ഓൺ ലൈനിൽ ആ രേഖ എപ്പോഴുമുണ്ടാകും. മുഖ്യമന്ത്രിതന്നെ പലപ്പോഴും അസംബ്ലിയിൽ 'എന്റെ ഓഫീസൊന്നും ഒരു കുഴപ്പവും കാണിച്ചില്ല' എന്ന് പറഞ്ഞിട്ടുണ്ട്. പിന്നീട് കോൾ ലിസ്റ്റ് എടുത്തപ്പോൾ ജോപ്പനും ജിക്കുമോനും മറ്റും അതിൽ ഉൾപ്പെട്ടിരുന്നു. അതുപോലെ ഓൺലൈൻ വ്യാപാരം നടക്കുമ്പോൾ അതെല്ലാം നമുക്ക് ഫീഡ് ചെയ്ത് എടുക്കാൻ സാധിക്കും.

മി. ഡെപ്യൂട്ടി സ്പീക്കർ : അങ്ങ് ചോദ്യം ചോദിക്കൂ. അങ്ങ് സ്കൂൾ കുട്ടികളെ പഠിപ്പിക്കുന്നതുപോലെ നിയമസഭാംഗങ്ങളെ പഠിപ്പിക്കാൻ ശ്രമിക്കേണ്ട, ചോദ്യം ചോദിക്കൂ.

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : സർ, മനസ്സിലാകാൻവേണ്ടി എളിമയോടുകൂടി ഒരു ഉദാഹരണം പറഞ്ഞതാണ്. ഓൺലൈനിലൂടെയാകുമ്പോൾ പിന്നീട് തിരഞ്ഞാലും ആ വിവരങ്ങൾ കണ്ടെത്താൻ സാധിക്കുമെന്നതിനാൽ ആരുടെ പേരിലാണെന്ന് കണ്ടെത്തി നികുതി ചുമത്താൻ സാധിക്കും. അത്തരമൊരു സംവിധാനമുണ്ടാക്കിയെടുക്കാനും നികുതി ഈടാക്കാനും അങ്ങ് തയ്യാറാകുമോ ?

ശ്രീ. കെ. എം. മാണി : സർ, ഇത് വളരെ കൺഫ്യൂഷനുണ്ടാക്കുന്ന ചോദ്യമാണ്. ഓൺലൈൻ വ്യാപാരം സംബന്ധിച്ച് നമുക്ക് ധാരാളം പരിമിതികളുണ്ട്. അതിനൊരു നിയമം കൊണ്ടുവരേണ്ടത് കേന്ദ്ര ഗവൺമെന്റാണ്. നിയമമില്ലാത്തതു കൊണ്ടുള്ള പരിമിതി കേരളത്തിനുണ്ട്.

ശ്രീമതി പി. അയിഷാ പോറ്റി : സർ, സി.എസ്.ടി. പ്രകാരം നിയമപരമായാണ് ഓൺലൈൻ ഷോപ്പിംഗ് നടക്കുന്നതെന്നും കേന്ദ്ര നിയമത്തിൽ ഭേദഗതി കൊണ്ടുവന്നാൽ മാത്രമേ നമുക്ക് നികുതി ഈടാക്കാൻ സാധിക്കുകയുള്ളൂ വെന്നും അങ്ങ് മറുപടി പറയുകയുണ്ടായി. ഇവിടെ 30000 കോടി രൂപയുടെ ഓൺലൈൻ ബിസിനസ്സ് നടക്കുന്നുവെന്നാണ് മനസ്സിലാക്കുന്നത്. കേരളത്തിൽ രജിസ്ട്രേഷനുള്ള ഒരു സ്ഥാപനമാണെങ്കിൽ ഇത്രയും തുകയുടെ കച്ചവടം നടത്തുമ്പോൾ അതിന്റെ 14.5 ശതമാനം ടാക്സ് സർക്കാരിന് ലഭിക്കും. ഓൺലൈൻ

വ്യാപാരം നടത്തുന്നതുവഴി വലിയൊരു തുക നമുക്ക് ടാക്സ് ഇനത്തിൽ നഷ്ടപ്പെടുന്നുവെന്ന് അങ്ങുതന്നെ സമ്മതിച്ചു. അതുകൊണ്ട് ഇക്കാര്യത്തിൽ ആവശ്യമായ ഭേദഗതികൾ അടിയന്തരമായി കൊണ്ടുവരാൻ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ?

ശ്രീ. കെ. എം. മാണി : സർ, ഡെസ്റ്റിനേഷൻ പോയിന്റിൽ നികുതി ലഭിക്കാൻ നമുക്ക് അവകാശമുണ്ട്. അതുകൊണ്ട് കേന്ദ്ര ഗവൺമെന്റ് പ്രത്യേക നിയമം കൊണ്ടുവരണമെന്ന് Empowered Committee-യിൽ കേരളത്തിനുവേണ്ടി ഞാൻ വാദിക്കുകയുണ്ടായി. നമുക്ക് ചെയ്യാൻ സാധിക്കുന്ന കാര്യങ്ങൾ ചെയ്യുന്നുണ്ട്. ഈ രംഗത്തെ ഇവേഷൻ കാര്യക്ഷമമായി തടയണമെന്നുണ്ടെങ്കിൽ ശക്തമായ പുതിയ നിയമം കൊണ്ടുവരണം.

ശ്രീമതി കെ. എസ്. സലീഖ: സർ, നമ്മുടെ സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധി രൂക്ഷമായതുകൊണ്ട് ജനങ്ങളുടെമേൽ അധികഭാരം അടിച്ചേൽപ്പിച്ചു കൊണ്ടിരിക്കുന്ന ഒരു സാഹചര്യമാണ് ഇപ്പോൾ നിലനിൽക്കുന്നത്. ഓൺലൈൻ വ്യാപാരം വഴി സംസ്ഥാനത്ത് എത്തിക്കുന്ന സാധനങ്ങൾക്ക് നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നില്ലായെന്നത് നിലവിലുള്ള നിയമത്തിന്റെ കുറവാണെന്ന് ഇവിടെ ചൂണ്ടിക്കാണിക്കപ്പെട്ടു. കോടിക്കണക്കിന് രൂപയുടെ നികുതി വെട്ടിപ്പാണ് ഈ മേഖലയിൽ നടന്നുകൊണ്ടിരിക്കുന്നത്. അതുമാത്രമല്ല ചെറുകിട വ്യാപാര മേഖലയെ ഇത് വല്ലാതെ ബാധിച്ചുകൊണ്ടിരിക്കുകയാണ്. നമ്മുടെ നാട്ടിൽ നിയമവ്യവസ്ഥയ്ക്ക് വിധേയമായി സ്വയം തൊഴിൽ എന്ന നിലയിൽ ലക്ഷക്കണക്കിന് ചെറുകിട വ്യാപാരികൾ ഉണ്ട്. സംസ്ഥാനത്തിന്റെ നികുതി നഷ്ടവും ഉപഭോക്താക്കൾക്ക് സാധനങ്ങൾ ലഭ്യമാകുന്നതിനുള്ള പ്രയാസങ്ങളുമെല്ലാം ഇതിന്റെ ഭാഗമായിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിന് കേന്ദ്രത്തിൽ നിയമം ഇല്ല എന്നതിന്റെ പേരിൽ ഇത്തരം സാഹചര്യത്തിൽ നിന്നുംമാറി നിൽക്കാനാകുമോ; ഈ വിഷയത്തിൽ അടിയന്തരമായി പരിഹാരം കാണുന്നതിന് എന്ത് നടപടിയാണ് സംസ്ഥാന സർക്കാരിന് സ്വീകരിക്കാൻ സാധിക്കുന്നത് ?

ശ്രീ. കെ. എം. മാണി: സർ, ആദ്യത്തെ ചോദ്യത്തിന് ഉത്തരമായി ഞാൻ ഇക്കാര്യം പറഞ്ഞതാണ്. ഇക്കാര്യത്തിൽ കാര്യക്ഷമമായി ഇടപെടണമെങ്കിൽ നിയമനിർമ്മാണം ആവശ്യമാണ്. അതിനുവേണ്ടി കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തിക്കൊണ്ടിരിക്കുകയാണ്.

ഡോ. ടി. എം. തോമസ് ഐസക് : സർ, ബഹുമാനപ്പെട്ട മന്ത്രി ഓൺലൈൻ വ്യാപാരത്തിനുമേൽ വില്പന നികുതി ഏർപ്പെടുത്തുന്നതിനുള്ള പരിമിതികളെ കുറിച്ച് വിവരിക്കുകയുണ്ടായി, അത് വളരെ ശരിയാണ്. വിൽപ്പന നികുതി വിൽപ്പന പോയിന്റിലേ ചെലുത്താൻ സാധിക്കു. വിൽപ്പന പോയിന്റ് കേരളത്തിന്

പുറത്താണെന്ന് ശഠിച്ചാൽ നമുക്ക് ഒന്നും ചെയ്യാൻ സാധിക്കുകയില്ല. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ ഉപചോദ്യത്തിനുള്ള മറുപടിയായി പറഞ്ഞതു പോലെ, നമ്മുടെ സംസ്ഥാനത്ത് സ്റ്റോക്ക് ചെയ്ത് സപ്ലൈ ചെയ്യുകയാണെങ്കിൽ നികുതി പിരിക്കാൻ സാധിക്കുമോയെന്ന് പരിശോധിക്കണം. ഇതുമാത്രമല്ല, ഉദാഹരണത്തിന്, അങ്ങേക്ക് ഒരു കെട്ടിടം പണിയണമെങ്കിൽ ഓർഡർ വാങ്ങി ഏജന്റ് സപ്ലൈ ചെയ്യുകയാണ്. സ്വന്തം ആവശ്യത്തിനുവേണ്ടി നികുതി വെട്ടിക്കുകയാണ്. ഇതിനൊക്കെ ഉത്തരം പുതിയ കേന്ദ്ര നിയമമാണെന്ന് ഞാൻ കരുതുന്നില്ല. എന്തുകൊണ്ടെന്നാൽ ഇനി ജി.എസ്.ടി. വരികയാണ്. സി.എസ്.ടി. പോലുള്ള നിയമങ്ങൾ ഇല്ലാതാക്കാനാണ് ശ്രമിക്കുന്നത്. അതുകൊണ്ട് ജി.എസ്.ടി.-യിൽ ഡെസ്റ്റിനേഷൻ പ്രിൻസിപ്പൽ അംഗീകരിപ്പിക്കുകയെന്നുള്ളതാണ് കേരള സർക്കാർ ചെയ്യേണ്ടത്. ബഹുമാനപ്പെട്ട മന്ത്രിയോട് ചോദിക്കാനുള്ളത്, ധനകാര്യ വകുപ്പുമന്ത്രിമാരുടെ യോഗങ്ങളിൽ നടന്ന ചർച്ചകളിൽ, നികുതി ഒറിജിൻ പോയിന്റിൽ വേണം, ഡെസ്റ്റിനേഷനിൽ പാടില്ലായെന്ന് ഏതെങ്കിലും സംസ്ഥാനം ആവശ്യപ്പെട്ടിട്ടുണ്ടോ ; നമ്മൾ എങ്ങനെയാണ് അതിനോട് പ്രതികരിച്ചിട്ടുള്ളത് ?

ശ്രീ. കെ. എം. മാണി : സർ, ഒറിജിൻ പോയിന്റിൽ നികുതി വേണം എന്ന് വാദിച്ചിരിക്കുന്നത് ഗുജറാത്ത് ആണ്. നമ്മൾ അത് സമ്മതിച്ചിട്ടില്ല. നികുതി വരുമാനം നമുക്കാണ് കിട്ടേണ്ടതെന്നും ഡെസ്റ്റിനേഷൻ പോയിന്റിലാണ് നികുതി ചുമത്തേണ്ടതെന്നും നമ്മൾ ശക്തമായ നിലപാടെടുത്തിരിക്കുകയാണ്.

ഡോ. ടി. എം. തോമസ് ഐസക് : സർ, ഇക്കാര്യത്തിൽ സഭ തന്നെ ഒരുമിച്ചുനിന്ന് ഒരു നിലപാട് സ്വീകരിക്കണം. കേരളത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും പരമപ്രധാനമായിട്ടുള്ള കാര്യമാണിത്.

ശ്രീ. കെ. എം. മാണി: സർ, അതിൽ യാതൊരു സംശയവുമില്ല. കേരള ഗവൺമെന്റ് ഇക്കാര്യത്തിൽ ശക്തമായ നിലപാട് സ്വീകരിച്ചിട്ടുണ്ട്. ഗവൺമെന്റിന്റേതായ പോളിസിയുണ്ട്. അതനുസരിച്ച് എംപവേർഡ് കമ്മിറ്റിയിൽ, ധനകാര്യ വകുപ്പുമന്ത്രിമാരുടെ കോൺഫറൻസിൽ ശക്തമായി കേരളത്തിന്റെ അഭിപ്രായം ഞാൻ പറഞ്ഞിട്ടുണ്ട്. റിട്ടൺ ആയിത്തന്നെ നമ്മുടെ അഭിപ്രായം അവിടെ പ്ലേസ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

ശ്രീ. സി. പി. മുഹമ്മദ്: സർ, ഓൺലൈൻ വ്യാപാരത്തിന്റെ ഫലമായി കോടിക്കണക്കിന് രൂപയുടെ നികുതി വെട്ടിപ്പ് മാത്രമല്ല പരസ്യത്തിന് വിരുദ്ധമായി ഗുണമേന്മയില്ലാത്ത സാധനങ്ങൾ നൽകി ജനങ്ങളെ വഞ്ചിച്ചുകൊണ്ടിരിക്കുകയാണ്.

പഴയകാലത്ത് മൂട്ടയെ കൊല്ലുന്ന യന്ത്രം അയച്ച ഒരു കഥയുണ്ട്. ഒരു സൂചി, ഒരു ചിരട്ട, ഒരു ചുറ്റിക, ഒരു നോട്ടീസ്. മൂട്ടയെ കണ്ടാൽ സൂചി കൊണ്ട് കുത്തുക, ചുറ്റിക കൊണ്ട് അടിക്കുക, ചിരട്ടയിലാക്കി പുറത്തേക്ക് കളയുക. ഈ രീതിയിലുള്ള വഞ്ചനയാണ് നടത്തുന്നത്. കോടിക്കണക്കിന് രൂപയുടെ നികുതി വെട്ടിപ്പിനേക്കാൾ

കോടിക്കണക്കിന് ജനങ്ങളെ ചൂഷണം ചെയ്യുന്ന നടപടിയാണിത്. അത് കേന്ദ്രം മാത്രം തീരുമാനിക്കുന്നതിനുപകരം ഓൺലൈൻ വഴി സാധനങ്ങൾ വരുമ്പോൾ പരിശോധന നടത്തി ഇതിനുള്ള പരിഹാരം ഉണ്ടാക്കിക്കൂടേ ?

ശ്രീ. കെ. എം. മാണി : സർ, ഓൺലൈൻ വഴി ഗുണമേന്മയില്ലാത്ത സാധനങ്ങൾ നൽകി വഞ്ചിക്കുന്നതിന് എങ്ങനെ പരിഹാരം ഉണ്ടാക്കണമെന്ന് എനിക്ക് അറിഞ്ഞുകൂടാ. നികുതി വെട്ടിപ്പ് തടയാനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കാം.

ശ്രീ. മുല്ലക്കര രത്നാകരൻ : സർ, അങ്ങ് സൂചിപ്പിച്ചതുപോലെ ഇത് നയപരമായ ഒരു പ്രശ്നം കൂടിയാണ്. വിശ്വാസയോഗ്യമായ ഉൽപ്പന്നങ്ങൾ കിട്ടുന്നില്ലായെന്നുള്ളത് ഒരു പ്രധാന പ്രശ്നമാണ്. അത് അങ്ങയുടെ പരിധിയിൽ വരുന്നതല്ലെങ്കിലും സംസ്ഥാന ഗവൺമെന്റിന് ആവശ്യമായ നിയമങ്ങൾ ഉണ്ടാക്കി ഉൽപ്പന്നത്തിന് ഗുണമേന്മയില്ലെങ്കിൽ തടയാവുന്നതാണ്. നികുതി വെട്ടിപ്പുപോലെ തന്നെ പ്രധാന പ്രശ്നമാണ് ഉപഭോക്താക്കളെ വഞ്ചിക്കുന്നതും. ഇതെല്ലാം നിയന്ത്രിക്കുന്നതിന് ഒരു കേന്ദ്ര നിയമം വേണമെന്നുള്ളതുകൊണ്ടും കേന്ദ്ര നിയമത്തിന് പോളിസി ഒരു പ്രശ്നമായതുകൊണ്ടും ഇക്കാര്യത്തിൽ സമാനമായി ചിന്തിക്കുന്ന സംസ്ഥാന ധനകാര്യ വകുപ്പുമന്ത്രിമാരുടെ യോഗം അങ്ങ് തന്നെ മുൻകൈ എടുത്ത് വിളിച്ച് ഇതിനെതിരായ ഒരു പോളിസി ഉണ്ടാക്കുന്നതിനുവേണ്ടി കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുമോ ?

ശ്രീ. കെ. എം. മാണി: സർ, അങ്ങനെ ഒരു യോഗം വിളിച്ചില്ലെങ്കിൽ പോലും എംപവേർഡ് കമ്മിറ്റിയിൽ കേരളത്തിന്റെ അഭിപ്രായത്തോട് മറ്റു സംസ്ഥാനങ്ങളും യോജിച്ചു. ഞങ്ങൾ എല്ലാവരും കൂട്ടായി ഒരേ അഭിപ്രായമാണ് അവിടെ പറഞ്ഞത്.

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : സർ, ഓൺലൈൻ സമ്പ്രദായം നടപ്പിലാക്കിയതുമൂലം നികുതി സംബന്ധമായ കാര്യങ്ങളിലുണ്ടായിട്ടുള്ള ലാഭനഷ്ടങ്ങളെ സംബന്ധിച്ചുള്ള ഒരു വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; അതിന്റെ സ്ഥിതിയെ സംബന്ധിച്ചുള്ള കണക്കുകൂട്ടലിന്റെ അടിസ്ഥാനം എന്താണ് ?

ശ്രീ. കെ. എം. മാണി: സർ, ലാഭനഷ്ടങ്ങളെപ്പറ്റിയുള്ള കണക്ക് പഠിച്ചു കൊണ്ടിരിക്കുകയാണ്. അതിനായി കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്, കമ്മിറ്റി പരിശോധിച്ച് റിപ്പോർട്ട് തരും.

ശ്രീമതി ജമീലാ പ്രകാശം: സർ, ഓൺലൈൻ ട്രേഡിംഗിന് ഒരുപാട് നല്ല വശങ്ങളുണ്ട്. ഒന്നാമത്തെ കാര്യം, സംസ്ഥാനത്ത് പല ഐറ്റങ്ങളും വിറ്റഴിക്കുമ്പോൾ ഉപഭോക്താക്കളും കട ഉടമസ്ഥരും ചേർന്ന് ബില്ലുകൾ വേണ്ടായെന്ന് വയ്ക്കുകയാണ്. സ്വർണ്ണാഭരണങ്ങളും, വലിയ വിലയുള്ള തുണിത്തരങ്ങളും ഉദാഹരണങ്ങളാണ്.

പക്ഷേ ഓൺലൈൻ ട്രേഡിംഗിലൂടെ സാധാരണക്കാർ സാധനം വാങ്ങിക്കുമ്പോൾ അവരുടെ ഏറ്റവും വലിയ ആവശ്യം അവർക്ക് ബിൽ കിട്ടുകയെന്നുള്ളതാണ്. സാധനങ്ങൾക്ക് എന്തെങ്കിലും കുഴപ്പമുണ്ടെങ്കിൽ വിർച്വൽ സ്പെയ്സിൽ അന്വേഷിച്ചാൽപോലും അവരെ കാണാൻ സാധിക്കില്ല. അതുമനസ്സിലാക്കി ക്കൊണ്ട് സ്വർണ്ണാഭരണങ്ങളും ഡിസൈനർ സാരികളും വിലയേറിയ ആഡംബര വസ്തുക്കളും അതുപോലെതന്നെ സാധാരണ ജനങ്ങൾക്കുവേണ്ട ധാരാളം ഉപഭോഗ വസ്തുക്കളും ഇതുവഴി വിൽക്കാൻ തുടങ്ങും. അതൊക്കെ മുൻകൂട്ടി കണ്ടുകൊണ്ട് ഡെസ്റ്റിനേഷൻ പോയിന്റിൽ നികുതി ചുമത്താമെന്ന് കേന്ദ്ര ഗവൺമെന്റുമായിട്ടുള്ള ചർച്ചയ്ക്കൊടുവിൽ തീരുമാനമെടുക്കാൻ കഴിഞ്ഞാൽ നമുക്ക് ഇത്രയും നല്ലോരവസരം വേറെയില്ല. സാധനങ്ങൾ വില കുറച്ച് വിൽക്കാനും ഓൺലൈൻ ട്രേഡിംഗിലൂടെ സാധിക്കും. കാരണം, വലിയ ഷോറൂമുകളോ അനുബന്ധചെലവുകളോ ഇതിൽ വരുന്നില്ല. അതുംകൂടി മുൻകൂട്ടി കണ്ടുകൊണ്ട് ധനകാര്യ വകുപ്പ് മറ്റു വകുപ്പുകളുമായി കൂടിയാലോചിച്ച് എന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ എന്തെല്ലാം ?

<u>ശ്രീ. കെ. എം. മാണി</u>: സർ, ഇതൊക്കെ സംബന്ധിച്ച് കമ്മിറ്റി വിശദമായി പഠിച്ച് റിപ്പോർട്ട് തരുമ്പോൾ ഗവൺമെന്റ് അതുസംബന്ധിച്ച നയം രൂപീകരിക്കാം.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, ഓൺലൈൻ ട്രേഡിംഗിന്റെ കാര്യത്തിൽ ധനകാര്യ വകുപ്പുമന്ത്രിയെ വിമർശിച്ചുകൊണ്ട് ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ ഒരു ചോദ്യം ചോദിച്ചു. ഇത് ഇപ്പോൾ തുടങ്ങിയതല്ല. സ്നാപ് ഡീലും, ആമസോണും ഫ്ലിപ്കാർട്ടുമെല്ലാം നിങ്ങളുടെ ഗവൺമെന്റിന്റെ കാലത്തും ഉണ്ടായിരുന്നു. പക്ഷെ, ഓൺലൈൻ ട്രേഡിംഗിന്റെ നികുതി സാധ്യത പരിശോധിക്കുമെന്ന് ആദ്യമായി ബഡ്ജറ്റിൽ പറഞ്ഞ ധനകാര്യ വകപ്പുമന്ത്രിയാണ് ശ്രീ. കെ. എം. മാണിയെന്നത് അനുസ്മരിച്ചുകൊണ്ട് ചോദ്യം ചോദിക്കുന്നത് നല്ലതായിരിക്കും. ബഡ്ജറ്റ് പുസ്തകത്തിൽ ഓൺലൈൻ ട്രേഡിംഗിനെ കുറിച്ച് ആദ്യമായി വന്നത് നിങ്ങളുടെ ധനകാര്യ വകുപ്പുമന്ത്രിയുടെ കാലത്തല്ല. എന്റെ ചോദ്യം, ഓൺലൈൻ ട്രേഡിംഗിൽ കൊറിയർ സർവ്വീസ് വഴിയാണ് സാധനങ്ങളുടെ ഡെലിവറി എന്നുപറഞ്ഞു. അങ്ങനെയാണെങ്കിൽ കൊറിയർ സർവ്വീസ് കേന്ദ്രങ്ങളിൽ നിന്നും ഡെലിവറി നോട്ടിന്റെ അടിസ്ഥാനത്തിൽ നികുതി ചുമത്തുന്നതിനുള്ള നടപടി ഈ കമ്മിറ്റി പരിശോധിക്കുമോയെന്നാണ് എന്റെ ചോദ്യം.

ശ്രീ. കെ. എം. മാണി : അത് പരിശോധിക്കാം.

## പാരമ്പര്യവും പാരമ്പര്യേതരവുമായ ഊർജ്ജസ്രോതസ്സുകളെ സംബന്ധിച്ച താരതമ്യ പഠനം

2 (*182) ശ്രീ. കെ. എം. ഷാജി :
ശ്രീ. റ്റി. എ. അഹമ്മദ് കബീർ :
ശ്രീ. എം. ഉമ്മർ :
ശ്രീ. കെ. എൻ. എ. ഖാദർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി ഉൽപ്പാദനച്ചെലവിന്റെ കാര്യത്തിൽ പരമ്പരാഗതവും പാരമ്പര്യേതരവുമായ ജലം, കാറ്റ്, സൗരോർജ്ജം, തിരമാല, കൽക്കരി, ഡീസൽ എന്നീ ഊർജ്ജസ്രോതസ്സുകളെ സംബന്ധിച്ച് കെ.എസ്.ഇ.ബി., എനർജി മാനേജ്മെന്റ് സെന്റർ, അനർട്ട് തുടങ്ങിയ ഏതെങ്കിലും ഏജൻസികൾ എന്തെങ്കിലും താരതമ്യ പഠനങ്ങൾ നടത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത പഠനഫലങ്ങൾ വിശദീകരിച്ചുകൊണ്ടുള്ള റിപ്പോർട്ടുകളേതെങ്കിലും ലഭിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ അതിലെ പ്രധാന കണ്ടെത്തലുകൾ വിശദമാക്കുമോ ; അതിൻപ്രകാരം ഉൽപ്പാദനച്ചെലവ് കുറവുള്ള സ്രോതസ്സ് ഏതാണെന്ന് വ്യക്തമാക്കുമോ ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) : സർ,

(എ-സി) ഇല്ല. പക്ഷേ വിവിധ സ്രോതസ്സുകൾ ഉപയോഗിച്ചുള്ള വൈദ്യുതി ഉൽപ്പാദനച്ചെലവിനെക്കുറിച്ച് ദേശീയ തലത്തിലും അന്തർ ദേശീയ തലത്തിലും വളരെയധികം പഠനങ്ങൾ നടത്തിയിട്ടുണ്ട്. പ്രാദേശികമായി വൈദ്യുതി ഉൽപ്പാദന സ്രോതസ്സുകളുടെ ലഭ്യതകൂടി ആശ്രയിച്ചാണ് വൈദ്യുതി ഉൽപ്പാദന ചെലവിലെ ഏറ്റക്കുറച്ചിലുകൾ ഉണ്ടാകുന്നത്. കൽക്കരി, പ്രകൃതി വാതകം എന്നിവ പുറത്തു നിന്നുകൊണ്ടുവരേണ്ട സാഹചര്യം കേരളത്തിലുള്ളതിനാൽ ഈ സ്രോതസ്സുകളിൽ നിന്നുള്ള ഉൽപ്പാദനച്ചെലവ് അൽപ്പം കൂടുതലായിരിക്കും. ഇത്തരം പദ്ധതി നിരക്കുകളുടെ ഏകദേശ പരിധി താഴെപ്പറയും പ്രകാരമാണ്:

| ക്രമ നമ്പർ | പദ്ധതികളിൽ ഉപയോഗിക്കുന്ന ഇന്ധനം | വൈദ്യുതി നിരക്കുകളിലെ ഏകദേശ പരിധി |
|---|---|---|

| | | |
|---|---|---|
| 1 | കൽക്കരി : | |
| | (എ) ആഭ്യന്തരം | ₹ 2.00 - ₹ 3.00 |
| | (ബി) ഇറക്കുമതി | ₹ 4.50 - ₹ 5.50 |
| 2 | നാഫ്ത | ₹ 10.00 - ₹ 13.00 |
| 3 | പ്രകൃതി വാതകം : | |
| | (എ) ആഭ്യന്തരം | ₹ 6.00 - ₹ 8.00 |
| | (ബി) ഇറക്കുമതി | ₹ 10.00 - ₹ 12.00 |

കൂടാതെ റെഗുലേറ്ററി കമ്മീഷൻ ഉൽപ്പാദനച്ചെലവ് പരിശോധിച്ച് താഴെപ്പറയുന്ന നിരക്കുകൾക്ക് അംഗീകാരം നൽകിയിട്ടുമുണ്ട്.

കാറ്റ് - 4.77 രൂപ

ചെറുകിട ജലവൈദ്യുത പദ്ധതികൾ (25MV വരെ)

(a) 5MW-ൽ കുറവ് - 4.88 രൂപ

(b) 5MW-ൽ കൂടുതൽ - 4.16 രൂപ

സൗരോർജ്ജം - 6.95 രൂപ (കേന്ദ്ര റെഗുലേറ്ററി കമ്മീഷൻ 2014-ൽ നിശ്ചയിച്ചത്).

ശ്രീ. കെ. എം. ഷാജി : സർ, കുറഞ്ഞ ചെലവിൽ വൈദ്യുതി ഉല്പാദിപ്പിക്കാൻ കഴിയുന്നത് ജലവൈദ്യുത പദ്ധതികൾക്കാണ്. ജലലഭ്യതയുടെ എത്രശതമാനമാണ് നമ്മൾ ഇതുവരെ ഉപയോഗിച്ചിട്ടുള്ളത് ; ഇനി എത്ര ശതമാനം ഉപയോഗപ്പെടുത്താനുണ്ട്; വൈദ്യുതി ഉല്പാദനത്തിന് ഉപയോഗപ്പെടുത്താൻ ബാക്കിയുള്ള ജലസ്രോതസ്സുകളിൽ ഏതെല്ലാം പദ്ധതികളാണ് സർക്കാർ ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, കേരളത്തിൽ ജലവൈദ്യുത പദ്ധതികളിൽ നിന്നും ഏകദേശം ആറായിരം മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കാം. എന്നാൽ വളരെ കുറച്ച് മാത്രമാണ് ഇപ്പോൾ ഉല്പാദിപ്പിക്കുന്നത്. ഇപ്പോൾ 13 ജല വൈദ്യുത

പദ്ധതികൾ പ്രവർത്തിക്കുന്നുണ്ട്. 7 പദ്ധതികളുടെ പ്രാരംഭനടപടികൾ തുടങ്ങി കഴിഞ്ഞു. നിലവിലുള്ള 13 പദ്ധതികളിൽ നിന്നുമാത്രം 199 മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കാൻ സാധിക്കും. കൂടാതെ, പ്രൈവറ്റ് മേഖലയിൽ ഐ.പി.പി.-യായും സി.പി.പി.-യായും 25 കമ്പനികൾക്ക് വൈദ്യുതി ഉത്പാദിപ്പിക്കാൻ അനുവാദം നൽകിയിട്ടുണ്ട്. അതിൽ 8 എണ്ണം കൊച്ചി എയർപോർട്ടിന്റെ കമ്പനികളും ബാക്കിയുള്ളത് പ്രൈവറ്റ് കമ്പനികളുമാണ്. അതിൽനിന്ന് 109 മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കാൻ സാധിക്കും. അങ്ങനെ എല്ലാംകൂടി 500 മെഗാവാട്ടിൽപരം വൈദ്യുതി ഉല്പാദിപ്പിക്കാൻ സാധിക്കുമെന്നാണ് ഇപ്പോൾ കണക്കാക്കിയിട്ടുള്ളത്.

ശ്രീ. കെ. എം. ഷാജി : സർ, സൗരോർജ്ജ വൈദ്യുതി ഉല്പാദന ചെലവ് വളരെ കൂടുതലാണെന്ന് നമുക്കറിയാം. എന്നാൽ കൂടുതൽ ലഭ്യമാകുന്ന ഊർജ്ജവും ഇതുതന്നെയാണ്. ഇതിന്റെ ഉല്പാദനച്ചെലവ് കുറയ്ക്കാനുള്ള മാർഗ്ഗങ്ങളെക്കുറിച്ച് എന്തെങ്കിലും പഠനങ്ങൾ നടത്തിയിട്ടുണ്ടോ ; ജലപ്പരപ്പുകളിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുന്നതിനുള്ള സർക്കാർ പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ?

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, കാറ്റിൽനിന്നും ഉല്പാദിക്കുന്ന വൈദ്യുതിക്ക് 4.77 പൈസയാണ് ഇപ്പോൾ ഈടാക്കുന്നത്. കാറ്റിൽനിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നതിന് കേന്ദ്ര റെഗുലേറ്ററി കമ്മീഷനും ബാക്കിയുള്ളവയ്ക്ക് സംസ്ഥാന റെഗുലേറ്ററി കമ്മീഷനുമാണ് വില നിർണ്ണയിക്കുന്നത്. ഇതിനുവേണ്ടി കേന്ദ്ര ഗവൺമെന്റ് സബ്സിഡി നൽകുന്നുണ്ട്. ഇതിന്റെ സാങ്കേതികവിദ്യ വികസിപ്പിക്കുന്നതിനുള്ള പല സംരംഭങ്ങളും ഇപ്പോൾ നടക്കുന്നുണ്ട്. അനെർട്ട് ഇതുമായി സഹകരിച്ച് പ്രവർത്തിക്കുന്നുണ്ട്.

ശ്രീ. റ്റി. എ. അഹമ്മദ് കബീറിനുവേണ്ടി ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : സർ, സൗരോർജ്ജ വൈദ്യുതിയുടെ ആവശ്യകതയെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചു. സൗരോർജ്ജ വൈദ്യുതി സെല്ലിന് (solar photovoltaic cell) വില കുറഞ്ഞു കൊണ്ടിരിക്കുകയാണെന്നാണ് അന്താരാഷ്ട്ര മാർക്കറ്റിൽ നിന്നുള്ള വിവരം. അതു കൊണ്ടുതന്നെ ലോകം മുഴുവൻ സോളാർ എനർജിയുടെ വില കുറഞ്ഞു കൊണ്ടിരിക്കുകയാണ്. പലയിടത്തും ഇത് വ്യാപകമായി നടപ്പിലാക്കി തുടങ്ങി. അടുത്തകാലത്തായി കെനിയയിൽ ഒരു കമ്പനിയുടെ സോളാർ കാർഡുവരെ രംഗത്ത്

വന്നിട്ടുണ്ട്. സാധാരണ ടി.വി. ചാനലുകൾക്കൊക്കെ കാർഡ് ഉപയോഗിക്കുന്നതു പോലെ സോളാർകാർഡ് ഉപയോഗിച്ച് വീടുകളിലും ലോകം മുഴുവനും വൈദ്യുതി എത്തിക്കുന്നതിനുള്ള പരിശ്രമം നടക്കുകയാണ്. കേരളത്തിൽ കാറ്റടക്കമുള്ള പാരമ്പര്യേതര ഊർജ്ജം ഉപയോഗപ്പെടുത്തുന്നതിനുവേണ്ടിയും വില നിർണ്ണയിക്കുന്നതുമായി ബന്ധപ്പെട്ടും എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, 2003-ലെ ഇലക്ട്രിസിറ്റി ആക്ട് പ്രകാരം കാറ്റിൽ നിന്നും ഉല്പാദിപ്പിക്കപ്പെടുന്ന വൈദ്യുതിക്ക് കേന്ദ്ര റെഗുലേറ്ററി കമ്മീഷനും ബാക്കിയുള്ളതിനൊക്കെ സംസ്ഥാന റഗുലേറ്ററി കമ്മീഷനുമാണ് വില നിജപ്പെടുത്തുന്നത്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചത് ശരിയാണ്, സൗരോർജ്ജ വൈദ്യുതിക്ക് വില കുറഞ്ഞുകൊണ്ടിരിക്കുകയാണ്. എന്നാലും ഇപ്പോൾ 7 രൂപയിൽ അധികമുണ്ട്. സബ്സിഡിയില്ലെങ്കിൽ ഇത് ഇപ്പോഴും മുതലാകുമെന്ന് തോന്നുന്നില്ല. കാരണം, ഇതിന് Power Load Factor (PLF) 16-17 ശതമാനമേ വരികയുള്ളൂ. അതേയവസരത്തിൽ കോളിനും ഗ്യാസിനും PLF 80 ശതമാനത്തോളം വരും, ജലവൈദ്യുത പദ്ധതികളാണെങ്കിൽ 50-60 ശതമാനം കിട്ടും. പുതിയ ടെക്നോളജികൾ ഉപയോഗിക്കുന്നതിന്റെ ഫലമായി സൗരോർജ്ജ വൈദ്യുതിക്ക് ലോകത്തൊട്ടാകെയും ഇന്ത്യയിലും വില കുറഞ്ഞു വരുന്നുവെന്നുള്ളത് വസ്തുതയാണ്.

ശ്രീ. എം. ഉമ്മർ : സർ, ചെറുകിട ജലവൈദ്യുത പദ്ധതികൾ ലാഭകരമാണെന്നു പറയുന്നുണ്ട്. പാലക്കാട് ജില്ലാ പഞ്ചായത്ത് ഇനിഷ്യേറ്റീവ് എടുത്ത് കമ്മിഷൻ ചെയ്ത മീൻവല്ലം ജലവൈദ്യുത പദ്ധതി ലാഭകരമാണോ; അതിന്റെ നിയന്ത്രണവും ഉല്പാദനവും വിതരണവുമൊക്കെ കെ.എസ്.ഇ.ബി.-യുടെ കീഴിലാണോ ; നിലമ്പൂർ നിയോജക മണ്ഡലത്തിലെ ആഢ്യൻപാറ ജലവൈദ്യുത പദ്ധതി പോലുള്ള ചെറുകിട ജലവൈദ്യുത പദ്ധതികൾ ലാഭകരമാണെങ്കിൽ അതിന്റെ സാദ്ധ്യതകൾ ആരാഞ്ഞ് ഉടനെ ആരംഭിക്കാൻ സാധിക്കുന്നവിധത്തിലുള്ള ഏതെങ്കിലും പദ്ധതികളെ സംബന്ധിച്ച റിപ്പോർട്ട് വൈദ്യുതി വകുപ്പിലുണ്ടോ ?

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ച മീൻവല്ലം ജലവൈദ്യുത പദ്ധതി പാലക്കാട് ജില്ലാ പഞ്ചായത്തിന്റേതാണ്. അത് കമ്മിഷൻ ചെയ്തുവെന്നു മാത്രമല്ല ലാഭകരമായിരിക്കു മെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഏത് പഞ്ചായത്താണെങ്കിലും

വ്യക്തികളാണെങ്കിലും ഇതുപോലുള്ള പരിപാടികളുമായി മുന്നോട്ടുവന്നാൽ അതിന് അനുവാദം കൊടുക്കും. ഇതിനുവേണ്ടി ഞങ്ങളൊരു എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് വിളിച്ചു. അതിനോട് കുറേ കമ്പനികൾ പ്രതികരിച്ചു. അതിൽ ഏറ്റവും കൂടുതൽ പ്രീമിയം സർക്കാരിന് തരുന്ന കമ്പനികളെ സെലക്ട് ചെയ്തു. അങ്ങനെയാണ് ഞാൻ നേരത്തേ ചൂണ്ടിക്കാണിച്ച 25 കമ്പനികളെ സെലക്ട് ചെയ്തത്. അങ്ങനെ 109 മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കുന്നുണ്ട്. അതിനപ്പുറമേ കെ.എസ്.ഇ.ബി. തന്നെ ചില പദ്ധതികളുമായി മുന്നോട്ടുവരുന്നുണ്ട്. പുതിയതായി ചെറുകിട വൈദ്യുത പദ്ധതികളല്ലാതെ വലിയ പദ്ധതികൾ തുടങ്ങണമെങ്കിൽ ഫോറസ്റ്റ് ആന്റ് എൻവയോൺമെന്റിന്റെ ക്ലിയറൻസ് ആവശ്യമാണ്. അത് കിട്ടാത്തതുകാരണം 700-ഓളം മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കാൻശേഷിയുള്ള പല പദ്ധതികളും മുടങ്ങിക്കിടക്കുകയാണ്. അതുകൊണ്ടാണ് ചെറുകിട പദ്ധതിയിലേക്ക് മാത്രം നീങ്ങിയത്. ആഢ്യൻപാറ പദ്ധതിയുടെ പണി തുടങ്ങി. ഒരു വർഷത്തിനുള്ളിൽ കമ്മിഷൻ ചെയ്യാൻ സാധിക്കും.

<u>ശ്രീ. കെ. എൻ. എ. ഖാദർ</u>: സർ, ജലവൈദ്യുത പദ്ധതികൾക്കുള്ള സാദ്ധ്യത ഇനി കേരളത്തിൽ വളരെ കുറവാണ്. നോൺ കൺവെൻഷണൽ എനർജിയുടെ കാര്യത്തിൽ ഇന്ത്യയും കേരളവും വളരെ ധന്യമാണ്. സുമാർ 95,000 മെഗാവാട്ട് എനർജിക്ക് ഇന്ത്യ പൊട്ടൻഷ്യലാണെന്ന് പറയപ്പെടുന്നു. സോളാർ എനർജി, വിന്റ് എനർജി, ജിയോ തെർമൽ എനർജി, റൈഡ് എനർജി, ബയോഗ്യാസ് തുടങ്ങിയവയിൽ ജിയോതെർമൽ ഒഴികെ ബാക്കിയെല്ലാം കേരളത്തിൽ ലഭ്യമാണ്. രാമക്കൽമേട് ഉൾപ്പടെ 17 വിന്റ് മിൽ സൈറ്റുകൾ ജർമ്മൻ സാങ്കേതിക വിദഗ്ദ്ധരും ഇന്ത്യൻ എഞ്ചിനീയർമാരും വന്ന് കണ്ടെത്തിയിരുന്നുവെങ്കിലും അവയെ നമ്മൾ വേണ്ടത്ര പ്രയോജനപ്പെടുത്തിയിട്ടില്ല. ഹൈഡൽ പ്രോജക്ട് അല്ലാതെ നോൺ കൺവെൻഷണൽ ഫീൽഡിൽ ഊർജ്ജ സ്രോതസ്സുകൾ ഏതെല്ലാം വിധത്തിൽ പ്രയോജനപ്പെടുത്തി കേരളത്തിന്റെ വൈദ്യുതി ആവശ്യം നിറവേറ്റാമെന്ന് പഠിക്കുന്നതിനും നടപ്പിലാക്കുന്നതിനും ഗവൺമെന്റ് ഒരു പുതിയ കമ്മീഷനെ നിശ്ചയിക്കുവാൻ തയ്യാറാകുമോ ?

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u> : സർ, ഇതിന് കമ്മീഷന്റെ ആവശ്യമുണ്ടെന്ന് എനിക്ക് തോന്നുന്നില്ല. ജലവൈദ്യുത പദ്ധതികളും 25 മെഗാവാട്ടിൽ താഴെയുള്ള

പദ്ധതികളുമൊക്കെ നോൺ കൺവെൻഷണൽ എനർജിയാണ്. വിന്റ് എനർജിയെ സംബന്ധിച്ചിടത്തോളം കേന്ദ്ര ഗവൺമെന്റിന്റെ കീഴിൽ സെന്റർ ഫോർ വിന്റ് എനർജി ടെക്നോളജി എന്നുപറയുന്ന ചെന്നൈയിലുള്ള സ്ഥാപനവുമായി സഹകരിച്ചു കൊണ്ട് കേരളം ഒരു പഠനം നടത്തി. 28 സ്ഥലങ്ങളാണ് കേരളത്തിൽ അവർ ഐഡന്റിഫൈ ചെയ്തത്. അതിൽ 17 സ്ഥലങ്ങളിൽനിന്നും 790 മെഗാവാട്ട് ലഭ്യമാകുമെന്നാണ് അവരുടെ കണക്ക്. ഇനിയും കുറേ സ്ഥലങ്ങളിൽകൂടി അവർ പഠനം നടത്തിക്കൊണ്ടിരിക്കുകയാണ്. മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് നോൺ കൺവെൻഷണൽ എനർജിയുടെ കാര്യത്തിൽ കേരളത്തിന്റെ സാദ്ധ്യത അത്ര മെച്ചമല്ല എന്നുള്ളതാണ് പ്രശ്നം. കേരളം 2 മെഗാവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കുമ്പോൾ തമിഴ്നാടും 2 മെഗാവാട്ട് ഉൽപ്പാദിപ്പിക്കുമായിരുന്നു. എന്നാൽ ഇന്ന് അവർക്ക് ആറായിരത്തിൽപ്പരം മെഗാവാട്ട് ഉത്പാദനശേഷിയുണ്ട്. ഭൂമിയുടെ കിടപ്പ്, ലഭ്യമാകുന്ന കാറ്റ് ഇവയെല്ലാം കേരളത്തേക്കാൾ കൂടുതലാണ്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ രാമക്കൽമേട് ഏറ്റവും കൂടുതൽ കാറ്റുള്ള പ്രദേശമാണ്. കുന്നും മലയുമായി കിടക്കുന്നതിനാൽ അവിടെനിന്നും പൂർണ്ണമായും ലഭ്യമാക്കാൻ സാധിക്കുന്നില്ല. എന്നുമാത്രമല്ല അവിടെ നിന്നുമാണ് ഏറെക്കുറെ കാറ്റിൽ നിന്നുമുള്ള വൈദ്യുതി ഉല്പാദിപ്പിക്കുന്നത്. അവിടെ കാട് ഉള്ളതിനാൽ യന്ത്രങ്ങൾ അങ്ങോട്ടുമിങ്ങോട്ടും കൊണ്ടു പോകാൻ കഴിയുന്നില്ല. ലൈൻ വലിച്ചു കൊണ്ടു പോകാനും കഴിയുന്നില്ല. ഇങ്ങനെയുള്ള ചില പ്രശ്നങ്ങളുണ്ട്. ഏതായാലും നോൺ കൺവെൻഷണൽ എനർജിയിലേക്ക് നമ്മൾ കൂടുതൽ ശ്രദ്ധ പതിപ്പിക്കണം. കഴിഞ്ഞ കൊല്ലം പതിനായിരം വീടുകളിൽ സോളാർ പവർ ഉപയോഗിച്ചുകൊണ്ട് ഒരു കിലോവാട്ട് കണക്ട് ചെയ്യാൻ തീരുമാനിച്ചു. അതിൽ ഏഴായിരത്തോളം വീടുകളിൽ പൂർത്തിയായി. ബാക്കി മൂവായിരത്തോളം വീടുകളിൽ ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുകയാണ്. ഇതിനു പുറമേ ഈ വർഷം പതിനായിരം വീടുകളിൽ ഒരു കിലോവാട്ട് ഗ്രിഡ് കണക്റ്റഡായി ചെയ്യാനും കേന്ദ്ര ഗവൺമെന്റിൽ നിന്നും അനുവാദം ലഭിച്ചിട്ടുണ്ട്. അതിന്റെയും നടപടികൾ നടന്നു കൊണ്ടിരിക്കുകയാണ്.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: സർ, യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര മെഗാവാട്ട് വൈദ്യുതി അധികം ഉൽപ്പാദിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്; ചീമേനി വൈദ്യുതി നിലയം വേണ്ടെന്ന് വച്ചിട്ടുണ്ടോ?

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ഒരു ഗവൺമെന്റ് വന്നാൽ ആ ഗവൺമെന്റിന്റെ പദ്ധതികളല്ല അധികം വരുന്നത്. അതിനുമുമ്പിലത്തെ ഗവൺമെന്റ് തുടങ്ങി വച്ചതാണ് പൂർത്തീകരിക്കുന്നത്. 38 മെഗാവാട്ട് വൈദ്യുതിയാണ് അധികമായി വന്നിട്ടുള്ളത്. ചീമേനി വൈദ്യുതി നിലയം ഒരിക്കലും ഞങ്ങൾ വേണ്ടാ എന്ന് വച്ചിട്ടില്ല. ഞാൻ അക്കാര്യം ഇവിടെ പറഞ്ഞു. നമ്മുടെ പ്രശ്നം പരിഹരിക്കാൻ ഏറ്റവും നല്ലത് കോൾ ബേസ്ഡാണ്. അതിനൊരു മൂന്നര, നാല് രൂപയിൽ കൂടുതൽ വിലവരില്ല. എട്ടും പത്തും പതിനൊന്നും പന്ത്രണ്ടും രൂപ വരുന്ന സ്ഥാനത്ത് 4 രൂപ മാക്സിമം വന്നാൽ അത് ഇംപോർട്ട് ചെയ്താൽപ്പോലും അത്രയും മാത്രമേ വരികയുള്ളൂ. അതിനുവേണ്ടിയുള്ള എല്ലാ ശ്രമവും ഈ ഗവൺമെന്റ് വന്നതിനുശേഷം നടത്തിയിട്ടുണ്ട്. അതുമായി ബന്ധപ്പെട്ട് കുറേക്കാര്യങ്ങൾ അങ്ങേക്ക് അറിയാം. അതിന് തടസ്സമായി നിൽക്കുന്നത് ഒരിക്കലും ശരിയല്ല. ഇന്നും അവിടെ ചില എതിർപ്പുകളുണ്ട്. ആ ജില്ലയിലെ എല്ലാ പാർട്ടി എം.എൽ.എ.മാരെയും കഴിഞ്ഞ സെഷനിലോ അതിനു മുമ്പത്തെ സെഷനിലോ വിളിച്ചുസംസാരിച്ചിരുന്നു. എന്നുമാത്രമല്ല കാസർഗോഡ് കളക്ടറേറ്റിൽ അതിനുവേണ്ടിയുള്ള പ്രത്യേക യോഗം വിളിച്ചുകൂട്ടിയിരുന്നു. ചെയർമാനും ബാക്കിയുള്ള ആളുകളുമൊക്കെ പങ്കെടുത്തു. ഇതുകൊണ്ട് ദോഷമില്ല, ഇത് വലിയ പരിസ്ഥിതി പ്രശ്നമുണ്ടാക്കുന്നില്ല എന്ന് ബോദ്ധ്യപ്പെടുത്താൻ സബ്ജക്റ്റ് കമ്മിറ്റി മെമ്പർമാരെ നോർത്ത് ഇന്ത്യയിലുള്ള പ്ലാന്റുകൾ കൊണ്ടുപോയി കാണിക്കുകയും ചെയ്തു. അവിടത്തെ രാഷ്ട്രീയ പാർട്ടികൾ, ബ്ലോക്ക്-ജില്ലാ-ഗ്രാമപഞ്ചായത്ത് പ്രതിനിധികളെ കൊണ്ടു പോയി കാണിച്ച് ബോദ്ധ്യപ്പെടുത്താനുള്ള ശ്രമവും ഞങ്ങൾ നടത്തിവരികയാണ് എന്നതാണ് വസ്തുത.

ശ്രീ. വർക്കല കഹാർ: സർ, നമ്മുടെ പാരമ്പര്യ ഊർജ്ജ സ്രോതസ്സുകൾ ആശങ്കാകരമായ നിലയിൽ കുറയുമ്പോൾ ചെലവ് കൂടുതലാണെങ്കിലും ഏറ്റവും കൂടുതൽ ആശ്രയിക്കാൻ സാധിക്കുന്നത് സോളാർ പദ്ധതികളെയാണ്. ഇക്കഴിഞ്ഞ ജൂണിൽ സോളാർ പദ്ധതികളിൽ നിന്ന് കെ.എസ്.ഇ.ബി.-ക്ക് വൈദ്യുതി സ്വീകരിക്കാമെന്ന് കാണിച്ച് വൈദ്യുതി റഗുലേറ്ററി കമ്മീഷൻ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിപ്പിക്കുകയും ഗാർഹിക ഉപഭോക്താവിന് യൂണിറ്റിന് ഒരു രൂപ വച്ച് കൊടുക്കാൻ നിർദ്ദേശിക്കുകയും വലിയ സ്ഥാപനങ്ങൾ ഉത്പാദിപ്പിക്കുന്ന സോളാർ വൈദ്യുതി ഗ്രിഡിലേക്ക് ബന്ധിപ്പിച്ച് വിതരണം ചെയ്യണമെന്നും പറഞ്ഞതനുസരിച്ച് ലഭിച്ച നിരവധി അപേക്ഷകളിൽ ഒരെണ്ണത്തിനുമാത്രമേ അംഗീകാരം നൽകിയിട്ടുള്ളൂ എന്നാണ് മനസ്സിലാക്കുന്നത്. ഇക്കാര്യത്തിൽ കെ.എസ്.ഇ.ബി.യുടെ ഭാഗത്തുനിന്നും വീഴ്ച സംഭവിച്ചിട്ടുണ്ടെങ്കിൽ സോളാർ

വൈദ്യുതി പ്രയോജനപ്പെടുത്താൻ കെ.എസ്.ഇ.ബി.-ക്ക് പ്രത്യേക നിർദ്ദേശം നൽകുമോ ?

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, കെ.എസ്.ഇ.ബി.-യുടെ ഭാഗത്തുനിന്നും യാതൊരു വീഴ്ചയും ഉണ്ടായിട്ടില്ല. രണ്ടുകൊല്ലം മുമ്പുതന്നെ സോളാറിന് എം.എൻ.ആർ.ഇ.-യുടെ സബ്സിഡിയുണ്ട്. ആ സബ്സിഡി ഒരു കിലോവാട്ട് വരെ മാത്രമേ കൊടുക്കൂ എന്നാണ് അവർ പറയുന്നത്. അന്നത്തെ മന്ത്രി ശ്രീ. ഫാറൂഖ് അബ്ദുള്ളയുമായി ഞാൻ നേരിട്ട് സംസാരിച്ചു. അദ്ദേഹം തത്വത്തിൽ അംഗീകരിച്ചിരുന്നുവെങ്കിലും അന്ന് ഗ്രിഡ് കണക്ഷൻ എന്നുള്ളത് നിഷേധിക്കുകയും. ഓഫ് കണക്റ്റഡ് ആയിട്ടുള്ളത് നമുക്ക് നൽകുകയും ചെയ്തതിന്റെയടിസ്ഥാനത്തിലാണ് 10000 എന്നുപറയുന്നത്. കെ.എസ്.ഇ.ബി.-യെ അല്ല അനെർട്ട്-നെയാണ് ഇതിന്റെ നോഡൽ ഏജൻസിയാക്കി കേന്ദ്ര ഗവൺമെന്റ് വച്ചിട്ടുള്ളത്. ഇതിൽ യാതൊരു വ്യത്യാസവുമില്ല. ഇതിനുവേണ്ടിയുള്ള ശ്രമങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. എന്നുമാത്രമല്ല ഈ വർഷം 5 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള അനുവാദം നൽകിയിട്ടുണ്ട്. അവരുടെ അനുവാദം കൂടാതെ ചെയ്താൽ സബ്സിഡി ലഭ്യമല്ല. അതാണ് പ്രയാസം. ഈ വർഷത്തെ ബഡ്ജറ്റിൽ 12 മെഗാവാട്ട് ഉൽപ്പാദിപ്പിക്കാനുള്ള പ്രഖ്യാപനം നടത്തിയിട്ടുണ്ട്. അതിനുള്ള നടപടികൾ കൈക്കൊണ്ടുവരികയാണ്. അത് അനെർട്ട് ആണ് ചെയ്യുന്നത്. കെ.എസ്.ഇ.ബി. അല്ല.

ശ്രീ. കെ. കെ. നാരായണൻ: സർ, അനെർട്ടും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ചേർന്ന് ധാരാളം ചെറുകിട പദ്ധതികൾ നടപ്പാക്കാൻ തീരുമാനിച്ചിരുന്നതനുസരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അവരുടെ പദ്ധതിവിഹിതം അനെർട്ടിന് കൈമാറുകയും ചെയ്തിരുന്നു. ആ പദ്ധതികളെ സംബന്ധിച്ച് എന്താണ് പറയാനുള്ളത് ?

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, വ്യക്തമായി ചോദ്യം ചോദിച്ചാലേ പറയാൻ സാധിക്കുകയുള്ളൂ. കെ.എസ്.ഇ.ബി.-യുടെ ഭാഗത്തുനിന്നോ ഗവൺമെന്റിന്റെ ഭാഗത്തുനിന്നോ ഈ പദ്ധതികൾക്ക് കാലതാമസം ഉണ്ടാക്കാൻ വേണ്ടിയുള്ള ഒരു ശ്രമവും നടത്തിയിട്ടില്ല. ബഹുമാനപ്പെട്ട മെമ്പറിന് അറിയാം. ഇടുക്കിയിൽ ഒരു പദ്ധതി നടപ്പാക്കി. എം.എൽ.എ. ഇടുക്കി ജില്ലാ പഞ്ചായത്ത് പ്രസിഡന്റായിരുന്നു. കുറേക്കാര്യങ്ങൾ അവിടെ ചെയ്തു. പെൻഡിംഗ് ഉള്ളതായി എന്റെ അറിവിലില്ല.

വല്ലതുമുണ്ടെങ്കിൽ ഉടൻ തന്നെ ക്ലിയർ ചെയ്തുകൊടുക്കാം. കെ.എസ്.ഇ.ബി.-യുടെയും ഗവൺമെന്റിന്റെയും തടസ്സം കാരണം ഒരു പദ്ധതിയും മുടങ്ങില്ല എന്നുമാത്രമല്ല അതുപോലെ ഏതെങ്കിലും പദ്ധതികളുണ്ടെങ്കിൽ ആ പദ്ധതിയുടെ കാര്യം പ്രത്യേകം പരിഗണിക്കാം.

<u>ശ്രീ. എം. വി. ശ്രേയാംസ് കുമാർ</u>: സർ, 12 മെഗാവാട്ട് വൈദ്യുതിക്ക് ഒരു കിലോവാട്ടിന്റെ പാനൽ എന്നുപറഞ്ഞു. സർക്കാർ എംപവേർഡ് ആയിട്ടുള്ള ഏജൻസികളാണ് ഇത് നൽകുന്നത്. അങ്ങ് പറഞ്ഞതുപോലെ പതിനഞ്ചോ പതിനാറോ പവർ ഫാക്ടറുള്ള ഒരു പാനലിന്റെ വില കിലോവാട്ടിന് ഏകദേശം ഒന്നരലക്ഷം രൂപയാണ്. മറിച്ച് പുറത്തുനിന്ന് 20-21 പെർസന്റേജ് എഫിഷ്യൻസിയുള്ള പാനലിന് ഒരു ലക്ഷം രൂപ വരെ മാത്രമേ മാർക്കറ്റിൽ വിലയുള്ളൂ. ഹയർ റേറ്റിന് വാങ്ങി സബ്സിഡി കൊടുക്കുന്നതിൽ എന്താണ് അർത്ഥം ; അതുപോലെ വയനാട്ടിലെ ബാണാസുരസാഗറിൽ ഒരു സോളാർ ഫാം തുടങ്ങാനുള്ള പദ്ധതി ഏതുവരെയായി ?

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u>: സർ, ടോട്ടൽ പർച്ചേസ് ചെയ്യുന്നതിന്റെ 2/3 സബ്സിഡി കൊടുക്കുന്നത് എം.എൻ.ആർ.ഇ. ആണ്; കേന്ദ്ര ഗവൺമെന്റ് നോംസനുസരിച്ച് 39,000 രൂപയാണ് സംസ്ഥാന സർക്കാരിന്റെ സബ്സിഡിയായി വരുന്നത്. അങ്ങനെയാണ് തൊണ്ണൂറ്റിരണ്ടായിരത്തിലധികം രൂപ സബ്സിഡി കൊടുത്തത്. എം.എൻ.ആർ.ഇ.-യുടെ നോംസനുസരിച്ച് അവർ അംഗീകരിച്ച 180-ഓളം കമ്പനികളിൽ നിന്ന് വാങ്ങിയാൽ മാത്രമേ സബ്സിഡി കിട്ടുകയുള്ളൂ. അല്ലാതെ ടെണ്ടർ വിളിച്ചാൽ എം.എൻ.ആർ.ഇ.യുടെ സബ്സിഡി കിട്ടുകയില്ല. അതുകൊണ്ട് അനെർട്ട്, എം.എൻ.ആർ.ഇ. അപ്രൂവ് ചെയ്ത, സപ്ലൈ ചെയ്യാൻ തയ്യാറുള്ള കമ്പനികളുടെ ടെണ്ടർ വിളിച്ചു. ഏറ്റവും കുറച്ച് ക്വാട്ട് ചെയ്ത 25 കമ്പനികളെ സെലക്ട് ചെയ്തു. ആ 25 കമ്പനികളിൽ കൺസ്യൂമറിന് ഇഷ്ടമുള്ള കമ്പനിയിൽ നിന്ന് അവർക്ക് തന്നെ വാങ്ങാം. അല്ലാതെ അനെർട്ട് അല്ല പർച്ചേസ് ചെയ്യുന്നത്. 1,74,000 ആണ് ലോവസ്റ്റായി കിട്ടിയിട്ടുള്ള ടെണ്ടർ. ആ 1,74,000 രൂപയുടെ 1/3 മാത്രമേ എം.എൻ.ആർ.ഇ. അനുവദിക്കുകയുള്ളൂ. പുറമേ മറ്റുള്ള രൂപത്തിൽ കിട്ടുമെങ്കിലും അതിന്റെ ടെക്നോളജിയും ഫാക്ടറിയും മറ്റു കാര്യങ്ങളുമെല്ലാം പരിശോധിച്ചാണ് ഈ പാനൽ ഉണ്ടാക്കിയത്. അതുകൊണ്ട് അത് മാറ്റി അവർക്ക് വാങ്ങാം, സബ്സിഡി കിട്ടില്ല എന്നുള്ളതാണ് എം.എൻ. ആർ.ഇ.-യുടെ നോംസിൽ പറയുന്നത്.

<u>ശ്രീ. എ. കെ. ബാലൻ</u> : സർ, കേരളത്തിന്റെ വൈദ്യുതി പ്രതിസന്ധി പരിഹരിക്കാൻ പറ്റാത്ത ഒരു മേഖലയായി എനിക്ക് തോന്നുന്നില്ല. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലഘട്ടത്തിൽ തുടങ്ങിയ 630 മെഗാവാട്ടിന്റെ 31 ചെറുകിട-ഇടത്തരം ജലവൈദ്യുത പദ്ധതി നമ്മുടെ മുന്നിലുണ്ട്. രണ്ട് മേജർ പദ്ധതികളുമുണ്ട്. അതിലൊന്ന് കൽക്കരി ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള ചീമേനി പദ്ധതിയായിരുന്നു. 2200 ഏക്കർ ഭൂമിയാണ് അന്ന് കൃഷി വകുപ്പുമന്ത്രി അനുവദിച്ചത്. ചീമേനി പദ്ധതിക്ക് പുറമെ ബൈതരണി പദ്ധതിയുമുണ്ട്. നിർഭാഗ്യവശാൽ ഈ പദ്ധതികളൊന്നുംതന്നെ പലകാരണങ്ങളാൽ മുന്നോട്ടുകൊണ്ടുപോകാൻ നമുക്ക് കഴിഞ്ഞിട്ടില്ല. ഇതിൽ ഒരു രാഷ്ട്രീയ ഇച്ഛാശക്തിയോടുകൂടി നല്ല നിലപാടെടുത്തു കഴിഞ്ഞാൽ പല പദ്ധതികളും പൂർത്തീകരിക്കാൻ സാധിക്കും. ടെമ്പററിയായിട്ടുള്ള നമ്മുടെ വൈദ്യുതി പ്രതിസന്ധി പരിഹരിക്കാൻ പറ്റാത്തതല്ല. 300 - 350 മെഗാവാട്ടിന്റെ പ്രശ്നമേ യഥാർത്ഥത്തിൽ പീക്ക് ലോഡ് സമയത്തുള്ളൂ. ഓഫ് പീക്ക് സമയത്ത് പ്രശ്നവുമില്ല. കാറ്റാടിയിൽനിന്നും 730 മെഗാവാട്ടിന്റെ സാദ്ധ്യതയേ ഉള്ളൂവെന്ന് നേരത്തെ പറഞ്ഞു. ഇരുന്നൂറിനടുത്ത് മെഗാവാട്ട് വൈദ്യുതിയാണ് ഇത് ഉപയോഗിച്ച് ഉണ്ടാക്കാൻ പറ്റുന്നത്. ഒരു സെക്കന്റിൽ 22,000 കിലോമീറ്റർ വേഗതയിൽ കാറ്റ് വീശുന്ന പ്രദേശത്തു മാത്രമേ ഇത് കൊണ്ടുവരാൻ സാധിക്കൂ. അട്ടപ്പാടിയിലും രാമക്കൽമേട്ടിലും കഴിഞ്ഞ പ്രാവശ്യം എൽ.ഡി.എഫ്. ഗവൺമെന്റിന്റെ സമയത്ത് 33 മെഗാവാട്ടാണ് ഉത്പാദിപ്പിച്ചത്. ആ സമയത്താണ് ആദിവാസികളുടെ ഭൂമി എടുത്തുവെന്നുള്ള ആശങ്കകളും പ്രക്ഷോഭങ്ങളുമൊക്കെ വന്നത്. ഇപ്പോൾ പ്രശ്നമൊന്നുമില്ല. പെട്ടെന്ന് 200-300 മെഗാവാട്ട് വൈദ്യുതി ഉണ്ടാക്കാൻ ഒരു ബുദ്ധിമുട്ടുമില്ലാത്ത മേഖലയാണ് കാറ്റാടി മേഖല. ആ ഭാഗത്തേക്ക് ഒരു പ്രത്യേക പ്രാധാന്യം കൊടുത്തുകൊണ്ട് ഈ പദ്ധതികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചാൽ ടെമ്പററിയായുള്ള നമ്മുടെ വൈദ്യുതി പ്രതിസന്ധി പെട്ടെന്ന് പരിഹരിക്കാൻ പറ്റും. സ്ഥായിയായുള്ളതിന് കുറച്ച് പണിയുണ്ടാകും. കാറ്റിനെ ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള ഈ പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u> : സർ, മുൻ ഗവൺമെന്റിന്റെ കാലത്ത് അറുന്നൂറിലധികം മെഗാവാട്ട് എന്ന് പറഞ്ഞതിൽ നാനൂറിലധികവും അതിനും മുമ്പുള്ള ഗവൺമെന്റിന്റെ കാലത്ത് ഇൻവെസ്റ്റിഗേഷൻ നടത്തിയിട്ടുള്ള പദ്ധതികളാണ്.

ഇത് തുടർച്ചയാണ്. ഒന്നും തുടങ്ങിയിരുന്നില്ല. അതിപ്പോൾ കുറെ തുടങ്ങിയിട്ടുണ്ട്. അതാണ് വാസ്തവം. അന്ന് മുതൽ ഉള്ളതുണ്ട്. ഞാൻ മുമ്പ് മന്ത്രിയായിരുന്ന കാലത്ത് ഇൻവെസ്റ്റിഗേഷൻ നടന്നതും ഡി.പി.ആർ. ശരിയാക്കിയതും ടെണ്ടർ ചെയ്തതുമായ വർക്കുകൾ നാനൂറിലധികം മെഗാവാട്ടിന്റേതാണ്. ഞാൻ അത് പറയുന്നില്ല. എന്നാലും ശ്രീ. എ. കെ. ബാലൻ അതിനൊക്കെ കുറെ ശ്രമിച്ചിട്ടുണ്ടെന്നത് ഞാൻ പറയാം. ചീമേനി പദ്ധതി ശ്രീ. എ. കെ. ബാലന്റെ കാലത്ത് ആലോചിച്ചതാണ്. വേണ്ടെന്ന് വച്ചതും അവരുടെ കാലത്താണ്. കോൾ വേണ്ടെന്നുവച്ച് ഗ്യാസിന്റെ പദ്ധതിയിട്ടതും ശ്രീ. എ. കെ. ബാലന്റെ കാലത്താണ്. ഞങ്ങളും അത് അംഗീകരിക്കുന്നു. ആ ഗ്യാസിന്റെ പദ്ധതി അവിടെ നടക്കണമെങ്കിൽ പൈപ്പിടണം. പൈപ്പിടാൻ കഴിഞ്ഞിട്ടില്ല. ഞങ്ങളുടെ കാലത്തും നിങ്ങളുടെ കാലത്തും കഴിഞ്ഞില്ല. ഞങ്ങളിപ്പോൾ അതിന് ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ജനങ്ങളുടെ എതിർപ്പുണ്ട്. വെടിവച്ച് ആളെക്കൊന്ന് നടത്താൻ ഞങ്ങൾ ഉദ്ദേശിക്കുന്നില്ല. ആ വ്യത്യാസമേയുള്ളൂ. എന്നാൽ പൈപ്പ് ലൈൻ വലിച്ചു കഴിഞ്ഞാൽ ആ പദ്ധതി 1200 മെഗാവാട്ടെങ്കിലും അവിടെ നമുക്ക് ഉത്പാദിപ്പിക്കാൻ സാധിക്കും. ഇത് കൊണ്ടുപോകാനുള്ള കഴിവ് വേണം. കൊണ്ടുപോകണമെങ്കിൽ പൈപ്പ് ലൈനിടണം. അതിനുള്ള നടപടിയായി മുഖ്യമന്ത്രിയും വ്യവസായ വകുപ്പുമന്ത്രിയുംകൂടി എത്രയോ കോൺഫറൻസുകൾ നടത്തി. അതിന് ഇവിടത്തെ രാഷ്ട്രീയ പാർട്ടികളാരും എതിരല്ലായെന്നും ഞാൻ പറയുന്നു. പ്രതിപക്ഷത്തും ഭരണപക്ഷത്തുമുള്ള ഒരു പാർട്ടിയും ഇതിനെ എതിർക്കുന്നതായി ഞാൻ കാണുന്നില്ല. ജനങ്ങൾ ഇത് ബോംബാണെന്ന രൂപത്തിലുള്ള പ്രചരണമാണ് നടത്തുന്നത്. എല്ലാവർക്കും അതൊക്കെ അറിയാം. കാറ്റാടിയെ സംബന്ധിച്ചാണെങ്കിൽ അതിൽ 28-30 മെഗാവാട്ട് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഉണ്ടായിട്ടുണ്ട്. രണ്ട് മെഗാവാട്ട് അതിന് മുമ്പുള്ളതാണ്. ഏതായാലും ഇപ്പോൾ 32 മെഗാവാട്ടാണ് നമുക്ക് കിട്ടുന്നത്. ഇപ്പോൾ എൻ.എച്ച്.പി.സി.-യുമായും ഇൻഡ്യാ ഗവൺമെന്റിന്റെ ഒരു കമ്പനിയുമായും യോജിച്ചുകൊണ്ട് 82 മെഗാവാട്ട് ഉത്പാദിപ്പിക്കാനുള്ള നടപടികൾ ആവിഷ്കരിച്ചിട്ടുണ്ട്. അതിനുപുറമെ വെസ്റ്റ് കല്ലടയിലെ പഞ്ചായത്തും കൃഷിക്കാരും കെ.എസ്.ഇ.ബി.-യുമെല്ലാംകൂടി യോജിച്ച് അവിടെ ഒരു കമ്പനിയുണ്ടാക്കി 50 മെഗാവാട്ട് പദ്ധതിക്കുള്ള ഏർപ്പാട് ഉണ്ടാക്കിയിട്ടുണ്ട്. ഇനിയും ഇതു പോലെയുള്ളതിന് എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് വിളിക്കാനും തീരുമാനിച്ചിട്ടുണ്ട്.

ഇതാണ് കാറ്റാടിയെ സംബന്ധിച്ച് പറയാനുള്ളത്. രണ്ട് കൊല്ലം കൊണ്ട് 300 മെഗാവാട്ട് ഉത്പാദിപ്പിക്കാനാണ് ഞങ്ങളുടെ ശ്രമം.

ശ്രീ. സി. മോയിൻകുട്ടി: സർ, വൻകിട ജലസ്രോതസ്സുകളും വെള്ളച്ചാട്ടങ്ങളുമൊക്കെയുള്ള മലയോര മേഖലയിൽ വാസ്തവത്തിൽ ഏറെ സാദ്ധ്യതകൾ ഇപ്പോഴും നിലനിൽക്കുകയാണ്. അതിന്റെ ഭാഗമായി എന്റെ നിയോജക മണ്ഡലത്തിലെ 100 കോടിയിൽപ്പരം രൂപ മുതൽമുടക്കുള്ള ഉറുമി-ചെമ്പുകടവ് പദ്ധതികൾ വൻവിജയമായി മാറിയിരിക്കുകയാണ്. തുടർന്നുള്ള രണ്ടാംഘട്ട പ്രവർത്തനത്തിനു വേണ്ടിയുള്ള നിരവധി പഠനങ്ങളും സാദ്ധ്യതകളും കേൾക്കുന്നു. അത് സംബന്ധിച്ചുള്ള പുരോഗതിയും സ്ഥലമെടുപ്പും അതുമായി ബന്ധപ്പെട്ട കാര്യങ്ങളും വിശദീകരിക്കാമോ ?

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞത് ശരിയാണ്. ഈ പറഞ്ഞ പദ്ധതികളൊക്കെ ചൈനീസ് സാങ്കേതികവിദ്യ ഉപയോഗിച്ചുള്ളതാണ്. ചെമ്പുകടവ് പദ്ധതിയൊക്കെ വളരെ വിജയകരമാകുമെന്നുള്ളതിന് യാതൊരു സംശയവും വേണ്ട. അതുപോലെയുള്ള പദ്ധതികളാണ് ഇപ്പോൾ ഞങ്ങൾ ആവിഷ്കരിക്കുന്നത്. അതുപോലെതന്നെ ഇപ്പോൾ ഡി.പി.ആർ. ശരിയാക്കിയ പദ്ധതികളിൽ ഒന്നിനുള്ള കുറെ ഭൂമി ഫോറസ്റ്റിന്റേതാണ് ; മറ്റൊന്ന് സ്വകാര്യ മേഖലയിൽ നിന്നുള്ളതാണ്. ഈ രണ്ട് തടസ്സങ്ങളുണ്ട്. അതിന് വളരെയധികം പ്രയാസം നേരിടുന്നു. എന്നാലും കുറെയെല്ലാം കളക്ടർമാർ ചെയർമാനായ ഡി.എൽ.പി.സി. കൂടി ഡയറക്ടായി നെഗോഷ്യേറ്റ് ചെയ്ത് എടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. അങ്ങനെ കുറെ വർക്ക് നടക്കുന്നുണ്ട്. ഇനിയും അത്തരത്തിലുള്ള കുറെ ഭൂമികൾ പ്രൈവറ്റ് മേഖലയിൽ നിന്നും ഫോറസ്റ്റിൽ നിന്നും കിട്ടേണ്ടതുണ്ട്. അതിനുള്ള ശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. അതോടുകൂടി ഈ പദ്ധതികളൊക്കെ നമുക്ക് തുടങ്ങാൻ സാധിക്കുന്നതാണ്.

ശ്രീമതി ഗീതാ ഗോപി: സർ, കേരള സംസ്ഥാനത്ത് പാരമ്പര്യവും പാരമ്പര്യേതരവുമായ ഊർജ്ജ സംരക്ഷണം, ജല സ്രോതസ്സ്, കൽക്കരി, സൗരോർജ്ജം തുടങ്ങിയവയിൽനിന്ന് ലഭിക്കുന്ന ഊർജ്ജം എന്നിവയെ സംബന്ധിച്ചുള്ള വിദഗ്ദ്ധ പഠനങ്ങൾ ഗവൺമെന്റ് നടത്തി വരുന്നുണ്ട്. നമുക്ക് കേരളത്തെ സമ്പൂർണ്ണ വൈദ്യുതീകരണ സംസ്ഥാനമായിട്ട് പ്രഖ്യാപിക്കാൻ കഴിയുമോ ; അതിനാണല്ലോ R.G.G.V.Y. പദ്ധതി പ്രകാരം ദാരിദ്ര്യരേഖയ്ക്ക്

താഴെയുള്ളവർക്ക് വൺ പോയിന്റ് കണക്ഷൻ കൊടുക്കുന്ന പദ്ധതി കേന്ദ്ര സർക്കാർ നടപ്പിലാക്കിയത്. 2014 നവംബർ 15 ആണ് അതിന്റെ അവസാന ദിവസമെന്നുള്ളൊരു നിർദ്ദേശം കണ്ടിരുന്നു; പുതിയ സ്ട്രീറ്റ് ലൈനുകൾ വലിക്കാനും പുതിയ മീറ്ററുകൾ വയ്ക്കാനും പഞ്ചായത്ത് തലത്തിൽ ലക്ഷക്കണക്കിന് രൂപയുടെ പദ്ധതി വിഹിതം കെ.എസ്.ഇ.-ബോർഡിൽ ഡെപ്പോസിറ്റ് ചെയ്തിരിക്കുകയാണ്. ഒന്നര-രണ്ട് വർഷമായിട്ട് ഇതിനായി മെറ്റീരിയൽ ടെണ്ടർ കൊടുക്കുന്നതിനോ അതിന്റെ ഇംപ്ലിമെന്റേഷൻ വർക്കുകൾ നടത്തുന്നതിനോ പഞ്ചായത്തുകൾക്ക് സമയം കിട്ടാത്ത സ്ഥിതിയാണ്. മാർച്ച് 31-നകം എക്സ്പെന്റിച്ചർ ഫണ്ട് ചെലവാക്കേണ്ടതുണ്ട്. ഇക്കാര്യത്തിൽ വകുപ്പുമന്ത്രി എന്തു നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ?

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u> : സർ, മെറ്റീരിയലിന്റെ കാര്യത്തിൽ മീറ്ററിനെ സംബന്ധിച്ച് മാത്രമേ പ്രശ്നമുള്ളൂ. മീറ്ററിനുള്ള ടെണ്ടർ ചെയ്തുകഴിഞ്ഞു. അത് സപ്ലൈ ചെയ്യുന്നതോടുകൂടി ഈ കാര്യങ്ങൾ ഉടൻതന്നെ പൂർത്തീകരിക്കാൻ സാധിക്കും.

രാജീവ് ഗാന്ധി ഗ്രാമീൺ വൈദ്യുതീകരൺ യോജന (RGGVY)-യുടെ സമയം നവംബർ 15-ാം തീയതി വരെയായിരുന്നു. അതിപ്പോൾ 31-ാം തീയതി വരെ നീട്ടി. ഒന്നാം തീയതിക്കുള്ളിൽ അപേക്ഷ കൊടുത്ത ആളുകൾക്കെല്ലാം ഡിസംബർ 15-ാം തീയതിക്കുള്ളിൽ സൗജന്യമായി വൈദ്യുതി കണക്ഷൻ നൽകും. ഇപ്പോൾ ഏതെങ്കിലും സെക്ഷനിൽ അന്വേഷിച്ചാൽ നാലോ അഞ്ചോ ബി.പി.എൽ. കുടുംബങ്ങളുടെ അപേക്ഷ മാത്രമേ തീരുമാനമാകാതെ പെന്റിംഗ് ഉള്ളൂ. ബാക്കിയെല്ലാം കൊടുത്തുകഴിഞ്ഞു. ഇതോടുകൂടി സമ്പൂർണ്ണ വൈദ്യുതീകരണം പൂർത്തിയാകും. അതിനുള്ള നടപടികളെടുത്തു. രാജീവ് ഗാന്ധി ഗ്രാമീൺ വൈദ്യുതീകരൺ യോജനയിൽ അന്ന് കൊടുത്തതിനേക്കാൾ പദ്ധതിയുടെ 40 ശതമാനം കൂടുതൽ കണക്ഷൻ കൊടുക്കാൻ കഴിഞ്ഞു. തിരു-കൊച്ചി ഏരിയയിലായിരുന്നു അവസാനമായി ചെയ്തത്. ഇനി വളരെ കുറച്ചുമാത്രമാണ് പെന്റിംഗിലുള്ളത്. ഇന്നത്തെ തീയതിയിൽ നോക്കിയാൽ ഒരു ശതമാനം പോലും വരില്ല. അടുത്ത വീട്ടുകാരൻ ലൈൻ വലിക്കാൻ സമ്മതിക്കാത്തതുകൊണ്ട് ഇൻഡ്യൻ ടെലിഗ്രാഫ് ആക്ട് അനുസരിച്ച് എ.ഡി.എം.-ന്റെ കോടതിയിൽ കൊടുത്ത ചില കേസുകൾ മാത്രമാണ് പെന്റിംഗുള്ളത്. ബാക്കിയെല്ലാം തീർന്നിട്ടുണ്ട്. പാലക്കാട് അട്ടപ്പാടിയിൽ കോൺട്രാക്ടർ ഉഴപ്പിയതുകാരണം കണക്ഷൻ കൊടുക്കുന്നതിനുള്ള കുറച്ച് ജോലികൾ ബാക്കിയുണ്ട്. അതും ഇപ്പോൾ പെട്ടെന്ന് തീർക്കാനുള്ള ശ്രമം നടത്തിയിട്ടുണ്ട്. ഡിസംബർ 15-ാം തീയതിയോടുകൂടി

രാജീവ് ഗാന്ധി ഗ്രാമീൺ വൈദ്യുതീകരൺ യോജനയിൽ നമ്മുടെ ടാർജറ്റിനേക്കാൾ 50 ശതമാനം കൂടുതൽ കൊടുത്തുകൊണ്ട്, ഒരു അപേക്ഷപോലും പെന്റിംഗില്ലാതെ കണക്ഷൻ കൊടുക്കും.

ശ്രീ. കെ. ശിവദാസൻ നായർ: സർ, നമ്മുടെ വൈദ്യുതി ഉപഭോഗം വളരെ വേഗം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. കാറ്റ്, സൗരോർജ്ജം തുടങ്ങിയ സ്രോതസ്സുകൾ ഉപയോഗപ്പെടുത്തിയാൽപോലും നമ്മുടെ ഉപഭോഗ വർദ്ധനവിനനുസരിച്ച് കാര്യങ്ങൾ നടക്കില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ബൈതരണി, ചീമേനി തുടങ്ങിയ പദ്ധതികളൊക്കെ ഇച്ഛാശക്തിയോടുകൂടി തുടങ്ങിയെങ്കിലും അവ തുടങ്ങിയയിടത്തുതന്നെ അവസാനിക്കുകയും ചെയ്തു. അതുകൊണ്ട് കായംകുളത്തെ സെക്കന്റ് ഫേസ് ഗ്യാസ് ഉപയോഗിച്ച് എത്രയും പെട്ടെന്ന് പൂർത്തിയാക്കാൻ കഴിയുമോയെന്നുള്ളതിനെ കുറിച്ച് അത്യാവശ്യമായി ആലോചിക്കണം. കൂടംകുളത്തുനിന്ന് വൈദ്യുതി വരുന്നതിനുള്ള തടസ്സങ്ങൾ ഉണ്ട്, ലൈൻ വലിക്കുന്നതിന്റെ കോറിഡോർ നീക്കം ചെയ്തോ ; തടസ്സങ്ങൾ മാറ്റിയോ ; ഈ രണ്ട് കാര്യങ്ങളിൽ ഒരൽപ്പം പുരോഗതി ഉണ്ടായാൽ പെട്ടെന്ന് നമ്മുടെ ആവശ്യത്തിനനുസരിച്ച് വൈദ്യുതി ഉൽപ്പാദനം വർദ്ധിപ്പിക്കാൻ കഴിയും. അതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, കായംകുളം NTPC-യുടെ 359 MW ശേഷിയുള്ള പ്ലാന്റാണ്. അവരുമായി എഗ്രിമെന്റ് ചെയ്തിട്ട് ഒരു കൊല്ലമായി. എൽ.എൻ.ജി.-യായി കൺവർട്ട് ചെയ്ത് മുഴുവൻ ഉപയോഗിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അവർ നടത്തിക്കൊണ്ടു വരികയാണ്. അങ്ങനെ എൽ.എൻ.ജി.-യാക്കി കൺവർട്ട് ചെയ്തു കഴിഞ്ഞാൽ ഏറ്റവും ചുരുങ്ങിയത് നാല് രൂപയുടെ വ്യത്യാസം ഉണ്ടാക്കാൻ സാധിക്കും. അങ്ങനെയാണ് ഈ കാര്യത്തിൽ ചെയ്തിട്ടുള്ളത്.

കൂടംകുളത്തെ സംബന്ധിച്ചിടത്തോളം ഏകദേശം ശരിയായിട്ടുണ്ട്. ആ പ്രദേശത്തെ എം.എൽ.എ-മാരുമായും ആക്ഷൻ കമ്മിറ്റിയുമായും കൂടിയാലോചിച്ച് അവർക്കൊരു ഹയർ കോംപൻസേഷൻ കൊടുക്കാനുള്ള തീരുമാനം സർക്കാർ എടുത്തു. അതിന്റെ അടിസ്ഥാനത്തിൽ പെട്ടെന്ന് പരിഹാരം ഉണ്ടാക്കാൻ കഴിയും. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ആറോ ഏഴോ കോൺഫറൻസുകൾ അതിനുവേണ്ടി കൂടിയിരുന്നു. അവസാനം ഏകദേശ തീരുമാനത്തിൽ ഇപ്പോൾ എത്തിയിട്ടുണ്ട്.

<u>ശ്രീ. എം. ഹംസ</u>: സർ, പാരമ്പര്യേതര ഊർജ്ജ ഉൽപ്പാദനത്തിന് വികേന്ദ്രീകൃത ഉൽപ്പാദന മേഖലയിലേക്ക് കടക്കുകയാണ് മാർഗ്ഗം. അതിന് നമ്മുടെ നാഷണൽ ഹൈവേയിലും അതുപോലെ ഗവൺമെന്റ് നിലവാരത്തിൽ നിർമ്മിക്കുന്ന കെട്ടിടങ്ങളിലും സോളാർ പ്ലാന്റുകൾ നിർമ്മിക്കുന്ന കാര്യത്തെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുന്നുണ്ടോ ; ഇടത്തരക്കാരുടെ വീടുകളിൽ സോളാർ എനർജി ഉൽപ്പാദിപ്പിക്കുമ്പോൾ ആ വൈദ്യുതി ഇലക്ട്രിസിറ്റി ബോർഡ് തിരിച്ച് വാങ്ങുന്ന കാര്യത്തെക്കുറിച്ചും ചിന്തിക്കുമോ ; കടമ്പഴിപ്പുറത്തെ 33 കെ.വി. സബ്സ്റ്റേഷന്റെ പ്രവർത്തനം എന്നേക്ക് നടപ്പാക്കാൻ കഴിയുമെന്ന കാര്യം വ്യക്തമാക്കാമോ ?

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u>: സർ, ഇത് ഗ്രിഡ് കണക്റ്റഡ് ആണ്. അത് ഞാനിവിടെ പറഞ്ഞു കഴിഞ്ഞു. ഗ്രിഡ് കണക്റ്റഡ് ആയിക്കഴിഞ്ഞാൽ അത് കെ.എസ്.ഇ.ബി.-യാണ് എടുക്കുന്നത്. അതിനുള്ള സ്കീമായിട്ടുണ്ട്, ഞങ്ങളിപ്പോൾ എടുത്തുകൊണ്ടിരിക്കുകയാണ്. ഇനി ആരുടേത് വേണമെങ്കിലും എടുക്കാൻ തയ്യാറാണ്. കേരളത്തിലെ ഗവൺമെന്റ് കെട്ടിടങ്ങളിലെല്ലാം ഇപ്പോൾതന്നെ സോളാർ പാനൽ വയ്ക്കാനുള്ള തീരുമാനമെടുത്ത് നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. എല്ലാംകൂടി ഒന്നിച്ച് കഴിയില്ല, പടിപടിയായി ചെയ്യാം. കടമ്പഴിപ്പുറത്തെ 33 കെ.വി. സബ്സ്റ്റേഷന്റെ കാര്യം പരിഗണനയിലാണ്.

## ഹൗസിംഗ് കോളനികളിലെ അടിസ്ഥാന സൗകര്യ വികസനവും ഫ്ലാറ്റ് നിർമ്മാണവും

3 (* 183) <u>ശ്രീ. റ്റി. യു. കുരുവിള</u> :
<u>ശ്രീ. സി.എഫ്. തോമസ്</u> :
<u>ശ്രീ. തോമസ് ഉണ്ണിയാടൻ</u> :
<u>ശ്രീ. മോൻസ് ജോസഫ്</u> : സർ, താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഭൂലഭ്യത കുറവായതിനാൽ ഭാവിയിൽ ഉണ്ടാകാവുന്ന പാർപ്പിട സൗകര്യ അപര്യാപ്തത പരിഹരിക്കുന്നതിന് ഹൗസിംഗ് ബോർഡ് വഴി കൂടുതൽ ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിന് പദ്ധതി തയ്യാറാക്കുമോ ;

(ബി) നിലവിൽ വിവിധ നഗര പ്രദേശങ്ങളിൽ സ്ഥിതി ചെയ്യുന്ന ഹൗസിംഗ് ബോർഡിന്റെ ഹൗസിംഗ് കോളനികളിൽ കൂടുതൽ അടിസ്ഥാന സൗകര്യം

വർദ്ധിപ്പിക്കുന്നതിനും ഈ കോളനികളിലുള്ള ഉപയോഗിച്ചിട്ടില്ലാത്ത സ്ഥലങ്ങളിൽ കൂടുതൽ ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിനും നടപടികൾ ഉണ്ടാകുമോ ; വിശദമാക്കുമോ?

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ,

(എ) ഭവന നിർമ്മാണ ബോർഡ് നടപ്പിലാക്കി വരുന്ന ഫ്ലാറ്റ് നിർമ്മാണ പദ്ധതികൾ താഴെപ്പറയുന്നവയാണ്.

1. പാരസ്പര്യം ഭവന പദ്ധതി :

   ഭൂമിയുടെ അനുയോജ്യതയും ഡിമാന്റും കണക്കിലെടുത്ത്, ബോർഡിന്റെ കൈവശമുള്ള സ്ഥലങ്ങളിൽ പാരസ്പര്യം മാതൃകയിൽ ഫ്ലാറ്റ് സമുച്ചയങ്ങൾ നിർമ്മിക്കാനുള്ള പദ്ധതികൾ തയ്യാറാക്കുന്നുണ്ട്. തിരുവനന്തപുരത്ത് കവടിയാർ ഹൈറ്റ്സ് പദ്ധതി പ്രകാരം 36 ഫ്ലാറ്റുകളുടെ നിർമ്മാണം പൂർത്തിയായി.

   തിരുവനന്തപുരത്ത് അമ്പലനഗറിലും കൊച്ചിയിൽ പനമ്പള്ളി നഗറിലും ഉടൻ ഫ്ലാറ്റ് നിർമ്മാണ പദ്ധതികൾ ആരംഭിക്കുന്നതാണ്. കോഴിക്കോട് (മെഡിക്കൽ കോളേജിന് സമീപം) ഫ്ലാറ്റ് നിർമ്മാണ പദ്ധതി ആരംഭിക്കാനുള്ള നടപടി പരിശോധിച്ചുവരുന്നു. ഇരുമ്പനം, തൃക്കാക്കര കുമാരനാശാൻ നഗർ, പി.റ്റി. ചാക്കോ നഗർ, ഇരിങ്ങാലക്കുട, ചങ്ങനാശ്ശേരി എന്നിവിടങ്ങളിൽ പദ്ധതി രൂപകൽപ്പന പുരോഗതിയിലാണ്.

2. സാഫല്യം ഭവന പദ്ധതി :

   സ്ഥലത്തിന്റെ അപര്യാപ്തത കണക്കിലെടുത്ത് ഭൂ-ഭവന രഹിതരായ ദുർബല വിഭാഗത്തിൽപ്പെട്ടവർക്കായി സാഫല്യം ഭവന നിർമ്മാണ പദ്ധതി പ്രകാരം സംസ്ഥാനത്തിലെ വിവിധ പഞ്ചായത്തുകളിൽ പഞ്ചായത്തിന്റെ സഹകരണത്തോടെ ഫ്ലാറ്റുകൾ നിർമ്മിച്ച് നൽകുന്നുണ്ട്. കൊല്ലത്ത് ചാത്തന്നൂരിലും (48 യൂണിറ്റുകൾ), എറണാകുളത്ത് ചോറ്റാനിക്കരയിലും (54 യൂണിറ്റുകൾ), തൃശ്ശൂർ പുതുക്കാടും (48 യൂണിറ്റുകൾ), കോഴിക്കോട് ചേളന്നൂരിലും (66 യൂണിറ്റുകൾ) ഫ്ലാറ്റ് നിർമ്മാണം പുരോഗമിക്കുന്നു. കൂടാതെ എറണാകുളത്ത് ഇലഞ്ഞിയിലും (48 യൂണിറ്റുകൾ), പാലക്കാട് ലക്കിടി-പേരൂരും (66 യൂണിറ്റുകൾ), മലപ്പുറം ഊരകത്തും (48 യൂണിറ്റുകൾ), കാസർകോഡ് ചെമ്മനാടും (24 യൂണിറ്റുകൾ) ഫ്ലാറ്റുകൾ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നു.

3. ഇന്നവേറ്റീവ് ഭവന പദ്ധതി :

നഗരത്തിൽ ജോലി ചെയ്തുകൊണ്ട് നഗരത്തിന് പുറത്ത് താമസിക്കുന്ന ബി.പി.എൽ. വിഭാഗക്കാരായ തൊഴിലാളികൾക്ക് നഗരത്തിൽ താമസസൗകര്യം ലഭ്യമാക്കുന്നതിനായി ഫ്ലാറ്റുകൾ നിർമ്മിച്ച് കുറഞ്ഞ നിരക്കിൽ വാടകയ്ക്ക് ലഭ്യമാക്കുന്ന പദ്ധതിയായ ഇന്നവേറ്റീവ് ഭവന പദ്ധതിയിലൂടെ 188 ഫ്ലാറ്റുകൾ നിർമ്മിച്ചിട്ടുണ്ട്. 24 ഫ്ലാറ്റുകളുടെ നിർമ്മാണം നടന്നുവരുന്നു. 24 ഫ്ലാറ്റുകളുടെ നിർമ്മാണം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു.

4. വാടക വീട് പദ്ധതി :

(സർക്കാർ ഭൂമിയിൽ സർക്കാർ ജീവനക്കാർക്കുള്ള ഭവന പദ്ധതി)

സർക്കാർ ജീവനക്കാർക്ക് ക്വാർട്ടേഴ്സായി അലോട്ട് ചെയ്യുന്നതിനായി സർക്കാർ ഭൂമിയിൽ ഫ്ലാറ്റുകൾ നിർമ്മിച്ച് റവന്യൂ വകുപ്പിന് കൈമാറുന്ന പദ്ധതിയാണിത്. പദ്ധതിയിലൂടെ കാസർഗോഡ് 24 ഫ്ലാറ്റുകളും ദേവികുളത്ത് 6 ഫ്ലാറ്റുകളും നിർമ്മിച്ചിട്ടുണ്ട്. കൂടാതെ കാസർഗോഡ് 12 ഫ്ലാറ്റുകളും ദേവികുളത്തും കുട്ടനെല്ലൂരിലും 6 ഫ്ലാറ്റുകൾ വീതവും നിർമ്മിച്ചു വരുന്നു.

5. സങ്കേതം ഭവന പദ്ധതി :

തുച്ഛവരുമാന വിഭാഗക്കാർക്കായി പഞ്ചായത്തിന്റെ ഭൂമിയിൽ സർക്കാർ സബ്സിഡിയോടുകൂടി ഫ്ലാറ്റ് സമുച്ചയങ്ങൾ നിർമ്മിക്കാനുദ്ദേശിക്കുന്ന സങ്കേതം ഭവന പദ്ധതിക്ക് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. പദ്ധതിക്കായി പഞ്ചായത്ത് വക ഭൂമി ലഭ്യമാക്കുന്ന മുറയ്ക്ക് സർക്കാർ സബ്സിഡി തുകയോടുകൂടി പദ്ധതി രൂപകൽപ്പന ചെയ്ത് നടപ്പിലാക്കുന്നതാണ്.

(ബി) നഗരപ്രദേശങ്ങളിൽ സ്ഥിതിചെയ്യുന്ന ഭവനനിർമ്മാണ ബോർഡിന്റെ ഹൗസിംഗ് കോളനികളിൽ ഭൂരിഭാഗവും അലോട്ടികൾക്ക് അതിന്റെ എല്ലാ അവകാശവും കൈമാറി വിലയാധാരവും നൽകി കഴിഞ്ഞവയാണ്. ഓരോ കോളനിയിലെയും അലോട്ടീസ് അസോസിയേഷനാണ് ആ കോളനിയിലെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കാൻ മുൻകൈ എടുക്കേണ്ടത്. ബോർഡ് ഭാവി പ്രവർത്തനങ്ങൾക്കായി മാറ്റിയിട്ട സ്ഥലങ്ങൾ ഉപയോഗപ്രദമാക്കുന്നതിനായി അവയുടെ അനുയോജ്യത പരിശോധിച്ച് കമേഴ്സ്യൽ-കോംപ്ലക്സുകൾ/കമേഴ്സ്യൽ-കം-റസിഡൻഷ്യൽ കോംപ്ലക്സുകൾ നിർമ്മിക്കുന്നതിന് നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. തിരുവനന്തപുരത്ത് പി.റ്റി. ചാക്കോ നഗറിലും, എറണാകുളത്ത് ഇരുമ്പനത്തും,

തൃക്കാക്കര സാറ്റലൈറ്റ് ടൗൺഷിപ്പിലും, തൃക്കാക്കര ഭവന പദ്ധതിയിലും, തൃശ്ശൂർ ഇരിങ്ങാലക്കുടയിലും, കിഴക്കേചാലക്കുടിയിലും ഇപ്രകാരം ഭാവിപ്രവർത്തനത്തിനായി മാറ്റിയിട്ട സ്ഥലങ്ങൾ ഫലപ്രദമായി വിനിയോഗിക്കുന്നതിന് പദ്ധതികൾ തയ്യാറാക്കി വരുന്നു.

ശ്രീ. റ്റി. യു. കുരുവിള : സർ, ഹൗസിംഗ് ബോർഡിന്റെ കീഴിലുള്ള ഹൗസിംഗ് കോളനികളിൽ ഒഴിഞ്ഞു കിടക്കുന്ന സ്ഥലങ്ങളിലെല്ലാം ഫ്ലാറ്റുകൾ പണിത് ദുർബലരായ, ഭൂമിയില്ലാത്തവർക്ക് ഫ്ലാറ്റുകൾ നൽകുന്നതിനുള്ള സൻമനസ്സ് ഉണ്ടാകുമോ ; നഗര പ്രദേശങ്ങളിൽ ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിന് ഹൗസിംഗ് ബോർഡിന്റെ സ്ഥലങ്ങളും അതുപോലെത്തന്നെ ഗവൺമെന്റ് വക സ്ഥലങ്ങളും ഒഴിഞ്ഞു കിടക്കുന്നതും പ്രയോജനപ്പെടുത്തുവാൻ സാധിക്കുമോ?

ശ്രീ. കെ. എം. മാണി : സർ, കഴിയുന്നതും ഗവൺമെന്റ് ഭൂമികളിൽ നമ്മുടെ പരിമിതികൾക്കകത്ത് നിന്നുകൊണ്ട് ഫ്ലാറ്റുകൾ നിർമ്മിച്ച് കൊടുക്കുക എന്നുള്ളതാണ് നയം. അതനുസരിച്ച് പ്രവർത്തിച്ചു വരികയാണ്.

ശ്രീ. സി. എഫ്. തോമസ്: സർ, ചങ്ങനാശ്ശേരി പോലുള്ള സ്ഥലങ്ങളിൽ കുറെ ഒഴിഞ്ഞ സ്ഥലങ്ങൾ കിടക്കുന്നുണ്ടെന്ന് ഉത്തരത്തിൽ പറയുന്നുണ്ട്. മറുപടിയിൽ പറഞ്ഞിരിക്കുന്ന കൊമേഴ്സ്യൽ കോംപ്ലക്സുകൾ ടൈം ബൗണ്ട് ആയിട്ട് പണി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. എം. മാണി: സർ, ഉടനെ അതിന്റെ പണി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കാം. അതിന് ആവശ്യമെങ്കിൽ നമുക്കൊരു കോൺഫറൻസ് വയ്ക്കാം. ബഹുമാനപ്പെട്ട അംഗം അതിനെ സംബന്ധിച്ച് എഴുതിത്തന്നാൽ മതി.

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, മുൻ സർക്കാരിന്റെ കാലത്തുണ്ടായിരുന്ന ബാധ്യതയുൾപ്പെടെ ഹഡ്കോയിലുണ്ടായിരുന്ന വൻ ബാദ്ധ്യതയായിട്ടുള്ള 1120 കോടി രൂപ പരിപൂർണ്ണമായി കൊടുത്തു തീർത്തുകൊണ്ട് ഇപ്പോൾ ഹൗസിംഗ് ബോർഡ് പുതിയ പദ്ധതികളുമായി മുന്നോട്ടു പോകുന്നതിൽ ഞാൻ ബഹുമാനപ്പെട്ട മന്ത്രിയെ പ്രത്യേകമായി അഭിനന്ദിക്കുകയാണ്. ഹൗസിംഗ് ബോർഡ് ഇപ്പോൾ ഗൃഹശ്രീ, സാഫല്യം, അത്താണി, സാന്ത്വനം, പാരസ്പര്യം, സൗഭാഗ്യ തുടങ്ങിയ പദ്ധതികൾ വളരെ സജീവമായി നടത്തിക്കൊണ്ടു പോവുകയാണ്. ഹഡ്കോയിലെ ബാധ്യതകൾ പരിപൂർണ്ണമായി കൊടുത്തു തീർത്ത സാഹചര്യത്തിൽ കഴിഞ്ഞ 10 വർഷമായി നിർത്തി വച്ച വായ്പാ പദ്ധതികൾ തുടർന്ന് കൊണ്ടുപോകുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. എം. മാണി : സർ, തീർച്ചയായിട്ടും. ഈ ഗവൺമെന്റ് വന്നതിനുശേഷം 1122 കോടി രൂപ അടച്ചു തീർത്തു എന്നു പറയുമ്പോൾ എത്ര വലിയ ശ്രമകരമായ കാര്യമാണ്. ആ നിലയ്ക്ക് വളരെ ശ്രദ്ധേയമായ നേട്ടമാണ് ഗവൺമെന്റ് കൈവരിച്ചിട്ടുള്ളത്. 14 കോടി 19 ലക്ഷം രൂപ ഇക്കൊല്ലത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഏതായാലും അതിന്റെ അടിസ്ഥാനത്തിൽ ഈ പദ്ധതി വളരെ കാര്യക്ഷമമായി മുന്നോട്ടു കൊണ്ടുപോകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

ശ്രീ. മോൻസ് ജോസഫ്: സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ സങ്കേതം ഭവന പദ്ധതി എന്ന പേരിൽ പാവപ്പെട്ട ആളുകൾക്ക് വീടുവച്ചു കൊടുക്കുന്നതിന് ഗ്രാമപഞ്ചായത്തുകളുമായി ചേർന്ന് ഒരു പദ്ധതി ആവിഷ്കരിക്കുന്നതായി പറയുന്നുണ്ട്. ഇപ്പോൾ പഞ്ചായത്തുകളിൽ ഗ്രാമസഭ തീരുമാനിച്ചാൽ ഒരു വാർഡിൽ ഒരാൾക്ക് മാത്രമാണ് വീട് കൊടുക്കാൻ സാധിക്കുന്നത്. പാവപ്പെട്ടവന് വീട് കിട്ടുന്നതിന് ഇന്ന് യാതൊരു മാർഗ്ഗവുമില്ല. ധാരാളം ആളുകൾ അപേക്ഷ നൽകി കാത്തിരിക്കുകയാണ്. സങ്കേതം പദ്ധതി സന്നദ്ധ സംഘടനകളെക്കൂടി സഹകരിപ്പിച്ച് ഒരു ജനകീയ പദ്ധതിയാക്കി എല്ലാ ഗ്രാമപഞ്ചായത്തുകളിലും പരമാവധി പാവങ്ങൾക്ക് വീട് കൊടുക്കാൻ കഴിയുന്ന തരത്തിലേക്ക് വിപുലീകരിക്കാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. എം. മാണി: സർ, സങ്കേതം പദ്ധതി എന്നുപറയുന്നത് സർക്കാർ 2 ലക്ഷം രൂപ, പഞ്ചായത്ത് 2 ലക്ഷം രൂപ, ഗുണഭോക്താവ് 1 ലക്ഷം രൂപ അങ്ങനെ 5 ലക്ഷം രൂപയുടെ പദ്ധതിയാണ്. പക്ഷേ പഞ്ചായത്തുകൾ വലിയ താൽപര്യം പ്രകടിപ്പിക്കുന്നില്ല. അതാണ് ഇപ്പോൾ ബുദ്ധിമുട്ട് വന്നിരിക്കുന്നത്. പഞ്ചായത്തിന്റെ സഹകരണത്തോടു കൂടിയേ ഇത് നടപ്പിലാക്കാൻ കഴിയുകയുള്ളൂ. പഞ്ചായത്ത് പ്രസിഡന്റുമാർ മുന്നോട്ടു വരേണ്ടത് ആവശ്യമാണ്. അവർക്ക് ആ കാര്യത്തിൽ ജാഗ്രതയുണ്ടാവണം. ബഹുമാനപ്പെട്ട എം.എൽ.എ.-മാർ അവരവരുടെ നിയോജക മണ്ഡലത്തിലെ പഞ്ചായത്ത് പ്രസിഡന്റുമാരെയൊക്കെ വിളിച്ച് അവരെയൊക്കെ ഒന്ന് ഉൽബുദ്ധരാക്കുകയാണെങ്കിൽ നല്ലതായിരുന്നു. അവർ മുന്നോട്ടു വരുന്നുവെങ്കിൽ നമുക്ക് ഈ പദ്ധതി വളരെ കാര്യക്ഷമമായിട്ട് മുന്നോട്ടു കൊണ്ടുപോകാൻ കഴിയും.

മി. ഡെപ്യൂട്ടി സ്പീക്കർ: ഓർഡർ.... ഓർഡർ... ചോദ്യോത്തര സമയം കഴിഞ്ഞു.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### എൽ.എൻ.ജി. പദ്ധതി

4 (*184) ശ്രീ. തോമസ് ചാണ്ടി :

ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമേഖലാ സ്ഥാപനമായ ഗെയിൽ ഇന്ത്യയുടെ എൽ.എൻ.ജി. പദ്ധതിക്കുവേണ്ടി ശേഖരിച്ച 1300 കോടി രൂപയുടെ പൈപ്പുകൾ കമ്പനി മറ്റു സംസ്ഥാനങ്ങളിലേക്കു മാറ്റാൻ ശ്രമിച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതുകാരണം എൽ.എൻ.ജി. പദ്ധതി നടപ്പിലാക്കുന്നതിൽ കേരളത്തിനുള്ള മുൻഗണന നഷ്ടപ്പെടുന്നതു തടയാൻ എന്തൊക്കെ ചെയ്യാനുദ്ദേശിക്കുന്നെന്ന് വെളിപ്പെടുത്താമോ ;

(സി) കേരളം ദേശീയ വാതക ശൃംഖലയിൽ നിന്ന് ഒഴിവാക്കപ്പെടുന്ന ഘട്ടം വരാതിരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്നു വെളിപ്പെടുത്താമോ ?

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) :

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) എൽ.എൻ.ജി. പദ്ധതി നടപ്പിലാക്കുന്നതിൽ കേരളത്തിനുള്ള മുൻഗണന നഷ്ടപ്പെടാതിരിക്കുവാനും കേരളം ദേശീയ വാതക ശൃംഖലയിൽ നിന്ന് ഒഴിവാക്കപ്പെടുന്ന സാഹചര്യം ഉണ്ടാകാതിരിക്കുവാനും എൽ.എൻ.ജി. പദ്ധതി എത്രയും വേഗം യാഥാർത്ഥ്യമായിത്തീരുവാനും സാദ്ധ്യമായ എല്ലാ നടപടികളും സർക്കാർ സ്വീകരിച്ചു വരുന്നുണ്ട്. പെട്രോനെറ്റ് എൽ.എൻ.ജി.-യുടെ പുതുവൈപ്പിലെ സംഭരണ ശേഷി പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നതിന് കൊച്ചിയിൽ നിന്നും മംഗലാപുരത്തേക്കും ബാംഗ്ലൂരിലേക്കും നടപ്പാക്കേണ്ട പൈപ്പ് ലൈൻ പദ്ധതി പൂർത്തീകരിക്കേണ്ടത് അനിവാര്യമാണ്. പ്രാദേശികമായ എതിർപ്പുകൾമൂലം പൈപ്പ് ലൈൻ പദ്ധതി മന്ദഗതിയിലാണ് പുരോഗമിക്കുന്നത്. എന്നാൽ പൈപ്പ് ലൈൻ കടന്നുപോകുന്ന സ്ഥലത്തിന്റെ വിനിയോഗാവകാശം (RoU) മാത്രമേ ഗെയിലിന് നൽകുന്നുള്ളൂ. ആയതിനാൽ ഇതുമായി ബന്ധപ്പെട്ട് ആർക്കും ഭൂമി നഷ്ടപ്പെടുന്നില്ല. കൊച്ചി-മംഗലാപുരം ഗ്യാസ് പൈപ്പ് ലൈൻപദ്ധതി നടപ്പിലാക്കുന്നതിനുവേണ്ട സ്ഥലം കേന്ദ്ര സർക്കാരിന്റെ പെട്രോളിയം ആന്റ് മിനറൽ പൈപ്പ് ലൈൻ ആക്ട് അനുസരിച്ച് ഉപയോഗ അവകാശം (RoU) എടുക്കുന്നതിനു വേണ്ടി ഡെപ്യൂട്ടി കളക്ടർ പദവിയിലുള്ള ഒരു ഉദ്യോഗസ്ഥനെ സംസ്ഥാന സർക്കാർ ഗെയിൽ ഇന്ത്യക്കുവേണ്ടി നിയമിച്ചിട്ടുണ്ട്. ഇപ്രകാരം എടുക്കുന്ന സ്ഥലത്തിന്റെ നഷ്ടപരിഹാരമായി നിശ്ചയിച്ചിരുന്ന തുക ന്യായ

വിലയുടെ 10 ശതമാനമായിരുന്നത് സംസ്ഥാനത്തെ സവിശേഷ സാഹചര്യം പരിഗണിച്ച് 30 ശതമാനമായും പിന്നീട് 50 ശതമാനമായും വർദ്ധിപ്പിച്ച് നൽകാൻ സർക്കാരിന്റെ സമ്മർദ്ദ ഫലമായി ഗെയിൽ തത്വത്തിൽ സമ്മതിച്ചിട്ടുണ്ട്. കേരളത്തിലെ ജനസാന്ദ്രത കണക്കിലെടുത്ത് പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുള്ള വീതി 20 മീറ്ററിൽ നിന്നും 10 മീറ്ററായി ചുരുക്കുകയും ചെയ്തു. പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുവേണ്ടി ഗെയിൽ ഇന്ത്യ കരാറുകാരെ നിയോഗിച്ചു. സ്ഥലമേറ്റെടുപ്പ് സംബന്ധിച്ച പ്രതിസന്ധികൾ പരിഹരിക്കുന്നതിന് അതാത് ജില്ലകളിലെ കളക്ടർമാരുടെ യോഗം വിളിച്ചുകൂട്ടുകയും പദ്ധതി നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. പൈപ്പ് ലൈൻ കടന്നുപോകുന്ന പ്രദേശങ്ങളിലെ കടുത്ത എതിർപ്പ് പരിഗണിച്ച് പദ്ധതിയുടെ അലൈൻമെന്റ് കനോലി കനാലിലൂടെ മാറ്റി നിശ്ചയിക്കുന്ന വിഷയം പഠിച്ച് സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുവാൻ കോഴിക്കോട്, മലപ്പുറം എന്നീ ജില്ലകളിൽ ജില്ലാതല സമിതിയും, സംസ്ഥാന തലത്തിൽ ഉന്നതാധികാര സമിതിയും സർക്കാർ രൂപീകരിച്ചു. വിശദമായ പഠനങ്ങൾക്കൊടുവിൽ കനോലി കനാലിലൂടെയുള്ള പൈപ്പ് ലൈൻ നിർമ്മാണം സാങ്കേതികമായും സാമ്പത്തികമായും പ്രായോഗികമല്ല എന്നായിരുന്നു ഉന്നതാധികാര സമിതിയുടെ കണ്ടെത്തൽ. പൈപ്പ് ലൈൻ പദ്ധതികൊണ്ട് ജനങ്ങൾക്കും സംസ്ഥാനത്തിനും ഉണ്ടാകുന്ന നേട്ടങ്ങളെക്കുറിച്ച് ജനങ്ങൾക്കിടയിൽ അവബോധം നടത്തുന്നതിനും പദ്ധതിയെക്കുറിച്ച് ജനങ്ങളുടെയിടയിൽ ഉടലെടുത്തിട്ടുള്ള ആശങ്കകൾ ദൂരീകരിക്കുന്നതിനുംവേണ്ടി ഗെയിൽ, പെട്രോനെറ്റ് അധികൃതരുടെ സാന്നിദ്ധ്യത്തിൽ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ പദ്ധതി പ്രദേശങ്ങളിലെ ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും യോഗം 28-10-2014-ൽ ചേർന്നിരുന്നു. പ്രസ്തുത യോഗത്തിൽ ചർച്ച ചെയ്ത കാര്യങ്ങൾ ജനപ്രതിനിധികളുടെ ആശങ്ക ഒരു പരിധിവരെ ദൂരീകരിക്കുവാൻ ഉപകരിച്ചിട്ടുണ്ട് എന്നാണ് സർക്കാർ വിലയിരുത്തിയിട്ടുള്ളത്. എൽ.എൻ.ജി. പൈപ്പ് ലൈൻ പദ്ധതി കാലവിളംബം കൂടാതെ നടപ്പിലാക്കുന്നതിനും, പദ്ധതിയുടെ പ്രയോജനം സംസ്ഥാനത്തിന് നഷ്ടപ്പെടാതിരിക്കുവാനും Petronet LNG-യുടെ മാനേജിംഗ് ഡയറക്ടറും ചെയർമാനുമായ Dr. A. K. Balyan-നും അതോടൊപ്പം മുൻ പ്രധാനമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറിയും കെ.എസ്.ഐ.ഡി.സി. ചെയർമാനുമായ ശ്രീ. ടി. കെ. എ. നായരും ക്രിയാത്മകമായ ചില നിർദ്ദേശങ്ങൾ മുന്നോട്ട് വയ്ക്കുകയുണ്ടായി, അവ സർക്കാരിന്റെ പരിഗണനയിലാണ്.

**ഇ-ഡിസ്ട്രിക്ട് പബ്ലിക് പോർട്ടൽ**

5 (*185) ശ്രീ. അൻവർ സാദത്ത് :
ശ്രീ. പാലോട് രവി :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ജോസഫ് വാഴയ്ക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇ-ഡിസ്ട്രിക്ട് പബ്ലിക് പോർട്ടൽ സംവിധാനത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ് ;

(സി) സർക്കാർ സേവനങ്ങൾ ഓൺലൈനിലൂടെ ലഭിക്കാൻ എന്തെല്ലാം സംവിധാനമാണ് ഇതിൽ ഒരുക്കിയിരിക്കുന്നത് ;

(ഡി) പ്രസ്തുത സംവിധാനം വഴി എന്തെല്ലാം സേവനങ്ങളാണ് ലഭിക്കുന്നതെന്ന് വിശദമാക്കാമോ ?

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) :

(എ) ഉണ്ട്.

(ബി) അക്ഷയ കേന്ദ്രങ്ങൾ മുഖാന്തരം ഇ-ഡിസ്ട്രിക്ട് പദ്ധതിയിലൂടെ നല്കിവരുന്ന സംസ്ഥാന സർക്കാർ സേവനങ്ങൾ ഇന്റർനെറ്റ് വഴി ലോകത്തെമ്പാടുമുള്ള മലയാളികൾക്ക് കൂടി ലഭ്യമാക്കുക എന്നതാണ് ഇ-ഡിസ്ട്രിക്ട് പബ്ലിക് പോർട്ടലിന്റെ ഉദ്ദേശ ലക്ഷ്യം.

(സി) ഇ-ഡ്സ്ട്രിക്ട് പബ്ലിക് പോർട്ടലായ www.edistrict.kerala.gov.in മുഖേന ഒറ്റത്തവണ രജിസ്ട്രേഷൻ നടപടിക്രമങ്ങൾ വിജയകരമായി പൂർത്തിയാക്കുന്ന ഏതൊരാൾക്കും പോർട്ടലിൽ ലഭ്യമായ സേവനങ്ങൾ ഉപയോഗിക്കാവുന്നതാണ്. എസ്.എസ്.എൽ.സി, റേഷൻ കാർഡ്, ഡ്രൈവിംഗ് ലൈസൻസ് എന്നിവയുടെ വിവരങ്ങൾ ഇ-ഡിസ്ട്രിക്ടുമായി ബന്ധിപ്പിക്കപ്പെട്ടതിനാൽ പബ്ലിക് പോർട്ടലിലൂടെ ലഭിക്കുന്ന ഈ രേഖകളുടെ ആധികാരികത വില്ലേജ് ഓഫീസർമാർക്ക് ഓൺലൈനായി പരിശോധിക്കുന്നതിനുള്ള സംവിധാനം ഇതിൽ ഒരുക്കിയിട്ടുണ്ട്. ഇതിലൂടെ സമർപ്പിക്കുന്ന അപേക്ഷ അംഗീകരിക്കുകയോ നിരസിക്കുകയോ ചെയ്യുന്ന അവസരത്തിൽ അപേക്ഷകന് മൊബൈൽ എസ്.എം.എസ്. വഴി അക്കാര്യം അറിയാനുള്ള സംവിധാനവും ഒരുക്കിയിട്ടുണ്ട്.

(ഡി) ഇ-ഡിസ്ട്രിക് പബ്ലിക് പോർട്ടൽ വഴി നിലവിൽ ലഭ്യമാകുന്ന സേവനങ്ങൾ ചുവടെ ചേർക്കുന്നു:

റവന്യൂ വകുപ്പിൽ നിന്ന് ലഭിക്കുന്ന 24 സേവനങ്ങൾ/സർട്ടിഫിക്കറ്റുകൾ. വിവരാവകാശ നിയമ പ്രകാരമുള്ള അപേക്ഷ, ഒന്നാം അപ്പീൽ, ജനങ്ങളിൽ നിന്നും ലഭിക്കുന്ന പരാതിയുമായി ബന്ധപ്പെട്ട സേവനങ്ങൾ (Public Grievance Services) തുടങ്ങിയവ. ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങളിൽ ലഭ്യമായ സേവനങ്ങൾ (വൈദ്യുതി ബിൽ, വെള്ളക്കരം, ബി.എസ്.എൻ.എൽ. ടെലിഫോൺ ബിൽ, വിവിധ യൂണിവേഴ്സിറ്റി ഫീസുകൾ, മോട്ടോർ വാഹന വകുപ്പ് ഫീസുകൾ എന്നിവ ഓൺ ലൈനായി അടയ്ക്കുന്നതിനുള്ള സൗകര്യം)

**പൊതുമേഖലാ സ്ഥാപനങ്ങൾ**

6 (*186) ശ്രീ. എളമരം കരീം :

ശ്രീ. ബാബു എം. പാലിശ്ശേരി :

ശ്രീ. സാജു പോൾ :

ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രവർത്തിച്ചുകൊണ്ടിരിക്കുകയായിരുന്ന പൊതുമേഖലാ സ്ഥാപനങ്ങളിൽ ചിലത് കേന്ദ്രപൊതുമേഖലാ സ്ഥാപനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിന് ഉണ്ടാക്കിയ ധാരണകൾ അനുസരിച്ച് അവയെല്ലാം പ്രവർത്തിക്കുന്നുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) സംസ്ഥാനത്ത് കേന്ദ്ര പൊതുമേഖലാസ്ഥാപനവുമായി ചേർന്ന് പ്രവർത്തിക്കുന്നതിന് ഏറ്റെടുക്കപ്പെട്ട സ്ഥാപനങ്ങളേതെല്ലാമാണെന്നും ഇതിൽ സുഗമമായി പ്രവർത്തിക്കുന്നത് ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ ;

(സി) വ്യവസായ വകുപ്പിന്റെ കീഴിലുള്ള കെട്ടിടവും യന്ത്രോപകരണങ്ങളും ഏറ്റെടുത്തുവെങ്കിലും ആവശ്യമായ നിലയിലുള്ള വികസന പദ്ധതികൾ ഇല്ലാത്തത് കാരണം മിക്ക സ്ഥാപനങ്ങളും വൻ തകർച്ച നേരിടുകയാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ടോയെന്നും എങ്കിൽ എന്തു ചെയ്യുവെന്നും വ്യക്തമാക്കുമോ ?

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) :

(എ&ബി) സംസ്ഥാന വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ കേന്ദ്ര പൊതുമേഖലാ സ്ഥാനപനങ്ങളുമായി ഏറ്റെടുക്കൽ/സംയുക്ത സംരംഭത്തിലേർപ്പെട്ടവയുടെ വിവരം ചുവടെ ചേർക്കുന്നു.

- ട്രാൻസ്ഫോർമേഴ്സ് ആന്റ് ഇലക്ട്രിക്കൽസ് കേരള ലിമിറ്റഡ് നാഷണൽ തെർമൽ പവർ കോർപ്പറേഷനുമായിട്ടുള്ള സംയുക്ത സംരംഭം.

- സ്റ്റീൽ കോംപ്ലക്സ് ലിമിറ്റഡും, സ്റ്റീൽ അതോറിറ്റി ഓഫ് ഇൻഡ്യ ലിമിറ്റഡും തമ്മിലുള്ള സംയുക്ത സംരംഭത്തിന്റെ ഭാഗമായി സെയിൽ-എസ്.സി.എൽ കേരള ലിമിറ്റഡ് എന്ന സംയുക്ത സംരംഭ കമ്പനി ഏപ്രിൽ 2013-ൽ രൂപീകരിച്ചു.

- KELTEC-നെ ബ്രഹ്മോസ് ഏയറോസ്പേസ് ഏറ്റെടുത്തു.

- കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എൻജിനീയറിംഗ് കമ്പനി ലിമിറ്റഡും ഭാരത് ഹെവി ഇലക്ട്രിക്കൽസ് ലിമിറ്റഡുമായി ചേർന്നു കെല്ലിന്റെ കാസർഗോഡുള്ള യൂണിറ്റിനെ ഏറ്റെടുത്ത് ബി.എച്ച്.ഇ.എൽ. ഇലക്ട്രിക്കൽ മെഷീൻസ് ലിമിറ്റഡ് എന്ന പേരിൽ പുതിയ സംയുക്ത സംരംഭ കമ്പനി ആരംഭിച്ചു.

പദ്ധതികൾ പ്രവർത്തനക്ഷമമാണെങ്കിലും സംയുക്ത സംരംഭത്തിന്റെ ധാരണ പ്രകാരമുള്ള വികസനപ്രവർത്തനങ്ങൾ പൂർണ്ണതോതിൽ പ്രാവർത്തികമാക്കിയിട്ടില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല എന്നാൽ കരാർപ്രകാരമുള്ള വികസന പ്രവർത്തനങ്ങൾ പൂർണ്ണതോതിൽ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല.

(ഡി) കേന്ദ്ര പൊതുമേഖലയുമായിട്ടുള്ള സംയുക്ത സംരംഭങ്ങളുടെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഇവയുടെ പ്രവർത്തനം വിലയിരുത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്

**മത്സര പരീക്ഷകൾക്കായി യുവജന ബോർഡിന്റെ നേതൃത്വത്തിൽ സൗജന്യ കോച്ചിംഗ്**

7 (*187) ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. പി. സി വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) യുവജന ബോർഡിന്റെ നേതൃത്വത്തിൽ ഉദ്യോഗാർത്ഥികൾക്ക് മത്സര പരീക്ഷകൾക്കായി സൗജന്യ കോച്ചിംഗ് ക്ലാസ്സുകൾ നൽകുന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ;

(സി) ഏതൊക്കെ പരീക്ഷകൾക്കാണ് കോച്ചിംഗ് നൽകുന്നത് ;

(ഡി) പ്രസ്തുത പദ്ധതിയെക്കുറിച്ച് ഉദ്യോഗാർത്ഥികളുടെ ഇടയിൽ പ്രചാരം നൽകുന്ന കാര്യം പരിഗണിക്കുമോ ?

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി (കുമാരി പി. കെ. ജയലക്ഷ്മി) :

(എ) ഉണ്ട്.

(ബി) വിദഗ്ധരായ അദ്ധ്യാപകരുടെ സേവനം ഉപയോഗപ്പെടുത്തി സാധാരണക്കാർക്കും, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളിലെ യുവജനങ്ങൾക്കും സൗജന്യമായി മത്സര പരീക്ഷകൾക്കുള്ള പരിശീലനം നൽകി സർക്കാർ/പൊതു മേഖലാ സ്ഥാപനങ്ങളിലെ വിവിധതരം ജോലികൾ നേടിയെടുക്കുന്നതിന് യുവാക്കളെ പ്രാപ്തരാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം.

(സി) പി.എസ്.സി., യു.പി.എസ്.സി./ബാങ്കിംഗ് മേഖലകളിലെ പരീക്ഷകൾക്കാണ് പരിശീലനം നൽകിയത്.

(ഡി) വേണ്ടത്ര പ്രചരണം നൽകിയാണ് പദ്ധതി നടപ്പാക്കിയത്.

**വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ**

8 (*188) ശ്രീ. കെ. വി. അബ്ദുൾ ഖാദർ :

ശ്രീ. കെ.കെ.ജയചന്ദ്രൻ :

ശ്രീ. സി.കെ സദാശിവൻ :

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ ഉത്തരവുകളുമായി ബന്ധപ്പെട്ട് ഇലക്ട്രിസിറ്റി അപ്പലേറ്റ് ട്രിബ്യൂണൽ പുറപ്പെടുവിച്ച ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ട്രിബ്യൂണൽ ഉത്തരവ് അനുസരിച്ച് വൈദ്യുതി ഉപഭോക്താക്കൾ കൂടുതൽ തുക വൈദ്യുതി ബോർഡിന് നൽകേണ്ട സാഹചര്യം ഉണ്ടാകുമോ ; ഉണ്ടാകുന്ന വർദ്ധന സംബന്ധിച്ച് വിശദമാക്കാമോ ;

(സി) എങ്കിൽ ഇക്കാര്യത്തിലുള്ള നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ ?

ഊർജ്ജ വകുപ്പുമന്ത്രി (<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u>) :

(എ) ഉണ്ട്. വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ച ഉത്തരവിൽ പരിഗണിക്കാതിരുന്ന ജീവനക്കാർക്ക് നല്കുന്ന ക്ഷാമബത്ത, ശമ്പള പരിഷ്കരണത്തിനുള്ള തുക, സെൻട്രൽ ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ നിശ്ചയിച്ചിട്ടുള്ള ലാഭവിഹിതം എന്നിവ കൂടി പരിഗണിച്ച് മാറ്റം വരുത്തണമെന്നാണ് അപ്പലേറ്റ് ട്രിബ്യൂണൽ ഉത്തരവ്.

(ബി) അപ്പലേറ്റ് ട്രിബ്യൂണൽ പുറപ്പെടുവിച്ച ഉത്തരവിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കിയാൽ താരിഫ് വർദ്ധനവ് ഉണ്ടാകാൻ സാദ്ധ്യതയുണ്ട്. ഈ ഉത്തരവ് സംബന്ധിച്ച് ചില സ്പഷ്ടീകരണം തേടിക്കൊണ്ട് ഒരു റിവ്യൂ പെറ്റീഷൻ ഫയൽ ചെയ്യുന്നതിന് കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ നടപടി സ്വീകരിച്ചിട്ടുണ്ട്. റിവ്യൂ പെറ്റീഷനിൽ അപ്പലേറ്റ് ട്രിബ്യൂണൽ പുറപ്പെടുവിക്കുന്ന ഉത്തരവിന്റെ അടിസ്ഥാനത്തിൽ മാത്രമേ താരിഫ് ഏറ്റക്കുറച്ചിൽ ഉണ്ടാകുമോയെന്ന് നിശ്ചയിക്കാനാവൂ.

(സി) 2003-ലെ വൈദ്യുതി നിയമപ്രകാരം സംസ്ഥാന റെഗുലേറ്ററി കമ്മീഷനുകൾ സ്വയംഭരണാധികാരമുള്ള ക്വാസി ജുഡീഷ്യൽ ബോഡിയാണ്. പ്രസ്തുത കമ്മീഷന്റെ നടപടികളിൽ ഇടപെടുന്നതിന് സംസ്ഥാന ഗവൺമെന്റിന് യാതൊരധികാരവുമില്ല. എന്നിരുന്നാലും ഇത്തരം ഉത്തരവുകളുടെ അടിസ്ഥാനത്തിൽ സമൂഹത്തിലെ ഏതെങ്കിലും വിഭാഗത്തിന് ആശ്വാസം നല്കേണ്ടതുണ്ടെങ്കിൽ Indian Electricity Act 2003-ന്റെ സെക്ഷൻ 65 പ്രകാരം സർക്കാരിന് നടപടി എടുക്കാവുന്നതാണ്.

**ധന ഉത്തരവാദിത്ത നിയമത്തിലെ വ്യവസ്ഥകളുടെ ലംഘനം**

9 (*189) <u>ശ്രീ. ജോസ് തെറ്റയിൽ</u> :
<u>ശ്രീ. മാത്യു റ്റി.തോമസ്</u> :

ശ്രീമതി ജമീല പ്രകാശം :

ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ ആഭ്യന്തര കടം 2011-ൽ നിന്നും എത്ര വർദ്ധിച്ചു വെന്ന് വ്യക്തമാക്കാമോ ;

(ബി) നികുതി പിരിവിൽ വീഴ്ച വരുത്തിയിട്ടുണ്ടോ; ഇതുവഴി ധന ഉത്തരവാദിത്ത നിയമത്തിലെ വ്യവസ്ഥകൾ പാലിക്കാൻ കഴിയാതെ വന്നിട്ടുണ്ടോ;

(സി) പ്രസ്തുത നിയമത്തിലെ വ്യവസ്ഥകൾ ലംഘിക്കപ്പെടുന്നതുമൂലമുണ്ടാകുന്ന ഭവിഷ്യത്തുകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) സംസ്ഥാനത്തിന്റെ ആഭ്യന്തര കടം 2011-ലെ 48528.10 കോടി രൂപയിൽ നിന്ന് 31-10-2014-ൽ 83903.28 കോടി രൂപയായി (72.90%) വർദ്ധിച്ചിട്ടുണ്ട്.

(ബി) നടപ്പു സാമ്പത്തിക വർഷം നികുതി പിരിവിൽ വീഴ്ച വന്നിട്ടില്ല. എന്നാൽ ബഡ്ജറ്റിൽ പ്രതീക്ഷിച്ചതിനെ അപേക്ഷിച്ച് നികുതി വരുമാനത്തിൽ കുറവുണ്ടായിട്ടുണ്ട്. റവന്യൂ വരുമാനത്തിൽ ഉണ്ടാകുന്ന കുറവോ റവന്യൂ ചെലവിൽ ഉണ്ടാകുന്ന വർദ്ധനവോമൂലം ധനഉത്തരവാദിത്ത നിയമത്തിലെ വ്യവസ്ഥകൾ പാലിക്കാൻ കഴിയുകയില്ല, എന്നിരുന്നാലും നടപ്പു സാമ്പത്തിക വർഷത്തിലെ അവസാനത്തോടുകൂടി യഥാർത്ഥ കണക്കുകൾ ലഭ്യമായാൽ മാത്രമേ ധന ഉത്തരവാദിത്ത നിയമത്തിലെ വ്യവസ്ഥകൾ പാലിക്കാൻ കഴിഞ്ഞിട്ടുണ്ടോ എന്ന് വ്യക്തമാകുകയുള്ളൂ.

(സി) ധന ഉത്തരവാദിത്ത നിയമം പതിമൂന്നാം ധനകാര്യ കമ്മീഷൻ നിഷ്കർഷിച്ചിട്ടുള്ള ധനപരമായ ലക്ഷ്യങ്ങൾ ഉൾപ്പെടുത്തി ഭേദഗതി ചെയ്താൽ മാത്രമേ പ്രത്യേകാവശ്യങ്ങൾക്കുള്ള ഗ്രാന്റും ദേശീയ ചെറുകിട സമ്പാദ്യ പദ്ധതിയിൽ നിന്നും 2006-07 വർഷം വരെ എടുത്തിട്ടുള്ളതും 2009-10 വർഷത്തിന്റെ അവസാനം ബാക്കിയുള്ളതുമായ വായ്പകളുടെ പലിശ നേരത്തെയുണ്ടായിരുന്ന 9.5/10.50 ശതമാനത്തിൽ നിന്നും 9 ശതമാനമായി പുനർ നിശ്ചയിച്ച പ്രകാരമുള്ള പലിശയിളവ് ലഭിക്കുകയുള്ളൂവെന്ന് ശിപാർശ ചെയ്തിരുന്നു. ധനകാര്യ കമ്മിഷൻ ശിപാർശ പ്രകാരം ധന ഉത്തരവാദിത്ത നിയമം സംസ്ഥാനം ഭേദഗതി ചെയ്തതിന്റെ അടിസ്ഥാനത്തിൽ, പ്രത്യേക ആവശ്യങ്ങൾക്കുള്ള ഗ്രാന്റ് സംസ്ഥാനത്തിന് ലഭിച്ചു വരുന്നു. എന്നാൽ പ്രസ്തുത നിയമത്തിലെ ധനപരമായ ലക്ഷ്യങ്ങൾ പാലിച്ചാൽ മാത്രമേ ദേശീയ ചെറുകിട സമ്പാദ്യ പദ്ധതിയിൽ നിന്നുള്ള വായ്പകളുടെ പലിശയിനത്തിലുള്ള ഇളവിന് സംസ്ഥാനങ്ങൾക്ക് അർഹതയുള്ളു വെന്ന് തുടർന്ന് കേന്ദ്രസർക്കാർ തീരുമാനിക്കുകയുണ്ടായി. ധനഉത്തരവാദിത്ത നിയമത്തിലെ

ധനപരമായ ലക്ഷ്യങ്ങൾ കൈവരിക്കാത്തതിനാൽ ദേശീയ ചെറുകിട സമ്പാദ്യ പദ്ധതിയിൽ നിന്നുള്ള വായ്പകളുടെ പലിശയിളവ് സംസ്ഥാനത്തിന് ഇതുവരെ ലഭിച്ചിട്ടില്ല.

## ബഹുതല ഓൺലൈൻ വിപണനം

10 (*190) ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. എൻ .എ. നെല്ലിക്കുന്ന് :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബഹുതല ഓൺലൈൻ വിപണനം നിയമവിധേയമാക്കുന്നതിന്റെ ഭാഗമായി ഇതിനെ വ്യവസായമായി അംഗീകരിക്കുന്നതിന് ആവശ്യമായ നിയമ നിർമ്മാണം പരിഗണനയിലുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത നിയമത്തിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്ന പ്രധാന വ്യവസ്ഥകൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ;

(സി) ഓൺലൈൻ വിപണനത്തിൽ നിന്നും വില്പന നികുതി ഈടാക്കുന്നതു സംബന്ധിച്ച് പ്രസ്തുത നിയമത്തിൽ എന്തെങ്കിലും വ്യവസ്ഥ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ?

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) :

(എ&ബി) എല്ലാ വിധത്തിലുമുള്ള ബഹുതല വിപണന സംവിധാനവും സംസ്ഥാനത്ത് നിയമവിധേയമാക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. സംസ്ഥാനത്ത് ബഹുതല വിപണനം നിയന്ത്രിക്കുന്നതിനുള്ള ഒരു കരട് ബിൽ സർക്കാർ പരിശോധിച്ചുവരുന്നു. ആയതിന്റെ അന്തിമരൂപം ആയിട്ടില്ല.

(സി) ഇക്കാര്യം നികുതി വകുപ്പുമായി കൂടിയാലോചിച്ച് പരിശോധിച്ചു വരികയാണ്.

## പബ്ലിക് റിസ്ക് ഫണ്ട്

11 (*191) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ബെന്നി ബെഹനാൻ :

ശ്രീ. വർക്കല കഹാർ :

ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ മേഖലയിൽ പബ്ലിക് റിസ്ക് ഫണ്ട് നടപ്പിലാക്കിയിട്ടുണ്ടോ യെന്ന് വ്യക്തമാക്കുമോ ;

(ബി) പബ്ലിക് റിസ്ക് ഫണ്ട് നടപ്പിലാക്കുന്നത് വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിയനുസരിച്ച് എന്തെല്ലാം ആനുകൂല്യങ്ങളും സഹായങ്ങളുമാണ് നൽകിയിട്ടുള്ളത് ;

(ഡി) ഏതെല്ലാം തലത്തിലുള്ള സഹകരണ സംഘങ്ങളും ബാങ്കുകളുമാണ് പദ്ധതി നടപ്പാക്കിയത് ; വിശദാംശങ്ങൾ നൽകുമോ ?

സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ):

(എ) സഹകരണ സ്ഥാപനത്തിൽനിന്നും വായ്പയെടുത്ത് മരണപ്പെട്ടവരുടെ പേരിൽ നിലനിൽക്കുന്ന വായ്പ ബാധ്യത തുക എഴുതിത്തള്ളുന്നതിനായി "കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി" എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(ബി) കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് മുഖേന 1-4-2008 മുതൽ നടപ്പിലാക്കി വരുന്ന റിസ്ക് ഫണ്ട് പദ്ധതി പ്രകാരം വായ്പാ സഹകരണ സംഘങ്ങളിൽ നിന്നും കാർഷിക കാർഷികേതര ആവശ്യങ്ങൾക്ക് വായ്പ എടുക്കുന്ന അംഗങ്ങൾ വായ്പാ കാലാവധിക്കുള്ളിൽ മരണപ്പെടുകയാണെങ്കിൽ റിസ്ക് ഫണ്ട് നിബന്ധനകൾക്ക് വിധേയമായി അന്നേ ദിവസം ബാക്കി നിൽക്കുന്ന ഒരു നിശ്ചിത പരിധിവരെയുള്ള (ഇപ്പോൾ ഒന്നര ലക്ഷം രൂപ മുതലും അതിന്റെ പലിശയും) വായ്പ ബാധ്യതയിൽനിന്നും അവരെ ഒഴിവാക്കുന്നതാണ്. അതോടൊപ്പം മാരക രോഗം ബാധിച്ച് കഷ്ടപ്പെടുന്നവരുടെ വായ്പ മുതൽ ഇനത്തിൽ പരമാവധി 75,000 രൂപ എഴുതിത്തള്ളുന്നതിനുള്ള വ്യവസ്ഥയും ഉൾപ്പെടുത്തിയിട്ടുണ്ട്. കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി നടപ്പിലാക്കുന്നത് സഹകരണ വകുപ്പുമന്ത്രി അധ്യക്ഷനായ കേരള സഹകരണ വികസന ക്ഷേമനിധി ബോർഡാണ്.

(സി) മരണപ്പെട്ട വായ്പക്കാരുടെ വായ്പ തുക എഴുതിത്തള്ളിയ ഇനത്തിലും

മാരകരോഗം ബാധിച്ച വായ്പക്കാർക്ക് ആനുകൂല്യം നൽകിയ ഇനത്തിലുമായി 30-11-2014 വരെ 13,734 വായ്പക്കാർക്കായി 88.12 കോടി രൂപ റിസ്ക് ഫണ്ട് ആനുകൂല്യമായി അനുവദിച്ചിട്ടുണ്ട്.

(ഡി) പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ, പ്രാഥമിക വായ്പാ സംഘങ്ങൾ, സഹകരണ അർബൻ ബാങ്കുകൾ, ജില്ലാ സഹകരണ ബാങ്കുകൾ, സംസ്ഥാന സഹകരണ ബാങ്ക്, പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ, സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിലുള്ള മറ്റ് വായ്പാ സഹകരണ സംഘങ്ങൾ എന്നിവയിൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

## കൺസ്യൂമർഫെഡ്, നീതി, നന്മ, ത്രിവേണി സ്റ്റോറുകൾ

12 (*192) ശ്രീ. ബി. സത്യൻ :
ഡോ. കെ. ടി. ജലീൽ :
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) :
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൺസ്യൂമർഫെഡ്, നീതി, നന്മ, ത്രിവേണി സ്റ്റോറുകളുടെ ഇപ്പോഴത്തെ അവസ്ഥ വിലയിരുത്തിയിട്ടുണ്ടോ ;

(ബി) ഇത്തരം സ്ഥാപനങ്ങളിൽ ഏറിയ പങ്കും അടച്ചുപൂട്ടലിന്റെ വക്കിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഇതിനിടയാക്കിയ സാഹചര്യം എന്തായിരുന്നുവെന്നും അത് പരിഹരിക്കുന്നതിന് എന്തു നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ ;

(ഡി) ഇത്തരം സ്ഥാപനങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കാത്തതുമൂലം സ്വകാര്യ കച്ചവടക്കാർ ഉപഭോക്താക്കളെ ചൂഷണം ചെയ്യുകയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കച്ചവടക്കാർ അധികലാഭം കൊയ്യുന്നതിനുള്ള സാഹചര്യം ഒരുക്കുന്നതിനുള്ള നീക്കമാണ് ഇതിന്റെ പിന്നിലുള്ളതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നിലപാട് വ്യക്തമാക്കുമോ ?

സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ) :

(എ) ഉണ്ട്.

(ബി) ദൈനംദിന വ്യാപാര മേഖലയിൽ വിനിയോഗിച്ചിരുന്ന പ്രവർത്തന

ഫണ്ട് നിലനിർത്തി വ്യാപാരം കാര്യക്ഷമമായി മുന്നോട്ട് കൊണ്ടുപോകുന്നതിൽ ചില തടസ്സങ്ങൾ ഉണ്ടായിട്ടുണ്ട്. ആയത് പരിഹരിക്കുന്നതിന് ഗവൺമെന്റും മാനേജ്മെന്റ് ചേർന്ന് നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) മാനേജ്മെന്റ് വൈദഗ്ദ്ധ്യം വ്യാപാര മേഖലയിൽ നടപ്പിലാക്കിയ തിലുണ്ടായ അപാകതകൾ പരിഹൃതമാക്കുന്നതിലുണ്ടായ കാലവിളംബം, ദൂരവ്യാപക ലക്ഷ്യത്തോടെ വ്യാപാര വിപുലീകരണ ശൃംഖലകൾ സൃഷ്ടിച്ചതിലുണ്ടായ നയനൈപുണ്യമില്ലായ്മ, ഫെഡറേഷന് എതിരായി വന്ന ചില മാദ്ധ്യമ വാർത്തകൾ, ദൈനംദിന പ്രവർത്തനങ്ങളുടെ ഭാഗമായുള്ള പോലീസ്, വിജിലൻസ് പരിശോധന കളിന്മേലുള്ള പ്രചരണങ്ങൾ എന്നിവ കൺസ്യൂമർഫെഡ് യൂണിറ്റുകളുടെ പ്രവർത്തനങ്ങൾ മന്ദീഭവിക്കുന്നതിന് ഇടയാക്കിയിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിനായി വിവിധ പുനരുദ്ധാരണ പദ്ധതികളും, പ്രവർത്തനങ്ങളും ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

(ഡി) കൺസ്യൂമർഫെഡ് നടത്തിയിരുന്ന വിവിധ ഉപഭോക്തൃ വിതരണ സ്ഥാപനങ്ങൾ പൊതുജനങ്ങളുടെ തൃപ്തിക്കനുസൃതമായി പ്രവർത്തിക്കാതിരിക്കുന്നത് സ്വകാര്യ കച്ചവടക്കാർ ഉപഭോക്താക്കളെ ചൂഷണം ചെയ്യാനുള്ള സാദ്ധ്യതയുണ്ടെന്നു വിലയിരുത്തിയിട്ടുണ്ട്. കച്ചവടക്കാർക്ക് അധികലാഭം കൊയ്യുന്നതിനുള്ള സാഹചര്യം ഒരുക്കുന്നതിനുള്ള നീക്കമാണ് ഇതിനു പിന്നിലുള്ളതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ഗോത്രജ്യോതി പദ്ധതി**

13 (*193) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗോത്ര ജ്യോതി പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയുമായി ഏതെല്ലാം ഏജൻസികളാണ് സഹകരിക്കുന്ന തെന്ന് വിശദമാക്കുമോ ;

(ഡി) പട്ടികവർഗ്ഗ യുവാക്കൾക്ക് തൊഴിൽ നൈപുണ്യത്തിന് എന്തെല്ലാം

കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദാംശങ്ങൾ നൽകുമോ ?

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (കുമാരി പി. കെ. ജയലക്ഷ്മി) :

(എ) ഗോത്രജ്യോതി പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ട്.

(ബി) കേരള സംസ്ഥാനത്തെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എസ്.എസ്. എൽ.സി. പാസ്സായ 15-നും 30-നും ഇടയിൽ പ്രായമുള്ള യുവതീയുവാക്കൾക്ക് മോട്ടിവേഷൻ ക്ലാസ്സുകൾ നൽകി ഉദ്ബുദ്ധരാക്കി അവർക്ക് അഭിരുചിയുള്ള മേഖലകളിലെ മെച്ചപ്പെട്ട തൊഴിലുകളിൽ ഏർപ്പെടുന്നതിന് പ്രാപ്തരാക്കുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ.

(സി) രാജീവ് ഗാന്ധി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ യൂത്ത് ഡവലപ്മെന്റ് എന്ന കേന്ദ്രഗവൺമെന്റ് സ്ഥാപനവും നാഷണൽ സർവ്വീസ് സ്കീമും പട്ടികവർഗ്ഗ വികസന വകുപ്പും സംയുക്തമായാണ് ഈ പദ്ധതി നടപ്പാക്കിവരുന്നത്.

(ഡി) സംസ്ഥാനത്ത് 20 കേന്ദ്രങ്ങളിൽ വച്ച് ഒരു ദിവസത്തെ ശില്പശാല 2013 മേയ് 14 മുതൽ 25 വരെ സംഘടിപ്പിക്കുകയും 3500-ൽപരം പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് പ്രത്യേക ക്ലാസ്സുകളും അവബോധവും നൽകുകയുമുണ്ടായി. 3 ഘട്ടങ്ങളായാണ് പദ്ധതി നടപ്പിലാക്കുന്നത്. പ്രാഥമിക ഘട്ടത്തിൽ ശില്പശാലകളിൽ പങ്കെടുക്കുന്ന യുവതീയുവാക്കളിൽനിന്നും യോഗ്യത, അഭിരുചി, സാമർത്ഥ്യം തുടങ്ങിയവയുടെ വിവരശേഖരണം നടത്തി വിശദമായ ലിസ്റ്റ് തയ്യാറാക്കുന്നു. രണ്ടാം ഘട്ടത്തിൽ വിവിധ തൊഴിൽ മേഖലകളിൽ ഈ യുവതീയുവാക്കൾക്ക് സ്കിൽ ഡവലപ്മെന്റ് ട്രെയിനിംഗ്, പി.എസ്.സി. കോച്ചിംഗ്, ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജി തുടങ്ങിയ തൊഴിൽ മേഖലകളിൽ പരിശീലനവും നൽകുന്നു. ഇതിന്റെ തുടർച്ചയായി തിരുവനന്തപുരത്ത് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജിയിൽ 65 യുവതീയുവാക്കൾക്ക് രണ്ട് മാസത്തെ പരിശീലനം നൽകി വരുന്നു. ഇവർക്ക് താമസം, ഭക്ഷണം, യൂണിഫോം എന്നിവ സൗജന്യമായി നൽകുകയും പ്രതിമാസം 1000 രൂപ സ്റ്റൈപ്പന്റ് അനുവദിച്ച് നൽകുകയും ചെയ്യുന്നു.

**ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ പുതുതായി അംഗീകരിച്ച റഗുലേഷനുകൾ**

14 (*194) ശ്രീ. രാജു എബ്രഹാം :
ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. കെ. സുരേഷ് കുറുപ്പ് :

ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി നിരക്കുകൾ നിശ്ചയിക്കുന്നത് സംബന്ധിച്ച് ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷൻ പുതുതായി എന്തെങ്കിലും റെഗുലേഷനുകൾ അംഗീകരിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത റെഗുലേഷനുകൾ വൈദ്യുതി നിരക്കുകളിൽ എന്തു മാറ്റം വരുത്തുമെന്ന് വിശദമാക്കുമോ ;

(സി) പ്രസ്തുത റെഗുലേഷനുകൾ എപ്പോൾ പ്രാബല്യത്തിൽ വരുത്താനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ ;

(ഡി) എല്ലാ വർഷവും താരിഫ് വർദ്ധിപ്പിക്കുന്ന നിലയിൽ തയ്യാറാക്കിയ റഗുലേഷനിൽ സർക്കാർ ഏതെങ്കിലും തരത്തിൽ ഇടപെടാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വ്യക്തമാക്കുമോ ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്):

(എ) ഉണ്ട്.

(ബി) പ്രസ്തുത റെഗുലേഷൻ നടപ്പിലാക്കുന്നതുകൊണ്ട് മാത്രം വൈദ്യുതി നിരക്കിൽ മാറ്റം വരുമെന്ന് പ്രതീക്ഷിക്കുന്നില്ല. 2010-11-ലെ ട്രൂയിംഗ് അപ്പ് കഴിഞ്ഞതിനു ശേഷം കമ്മീഷൻ അംഗീകരിച്ച കണക്കുകളാണ് ചെലവുകൾക്കായി മാനദണ്ഡമാക്കിയിട്ടുള്ളത്. താരിഫിലുണ്ടാകുന്ന മാറ്റം ലൈസൻസികൾ പെറ്റീഷനുകൾ സമർപ്പിച്ചതിനുശേഷമേ അറിയാൻ സാധിക്കുകയുള്ളൂ.

(സി) 2014 നവംബർ 14 മുതലാണ് റെഗുലേഷൻ നിലവിൽ വന്നത്. 2015-16 മുതൽ 2017-18 വരെയുള്ള വരവ് ചെലവു കണക്കുകൾ 2014 ഡിസംബർ 31-ന് മുമ്പായി സമർപ്പിക്കേണ്ടതാണ്.

(ഡി) ഇലക്ട്രിസിറ്റി ആക്ട് 2003-ലെ വകുപ്പുകൾ പ്രകാരം സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനുകൾ സ്വയംഭരണാധികാരമുള്ള ഒരു ക്വാസി ജുഡീഷ്യറി സ്ഥാപനങ്ങളാണ്. ഇലക്ട്രിസിറ്റി ആക്ട് 2003-ലെ ഖണ്ഡിക 61 പ്രകാരവും ഖണ്ഡിക 181(1),181(2), 181(ZD) പ്രകാരവുമുള്ള അധികാരം ഉപയോഗിച്ചാണ് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ ടി റെഗുലേഷൻ അംഗീകരിച്ച് വിജ്ഞാനം ഇറക്കിയിട്ടുള്ളത്. ടി നടപടികളിൽ ഇടപെടുന്നതിന് സംസ്ഥാന ഗവൺമെന്റിന് യാതൊരു അധികാരവുമില്ല.

**വ്യാവസായിക മേഖലയിൽ കേന്ദ്ര നിക്ഷേപ തോത്**

15 (*195) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. സി. കെ സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് വ്യാവസായിക മേഖലയിൽ കേന്ദ്ര നിക്ഷേപ തോത് എത്രയായിരുന്നുവെന്നും ഇത് സംസ്ഥാനത്തിന് അർഹമായ വിധത്തിലായിരുന്നോയെന്നും വ്യക്തമാക്കാമോ ;

(ബി) സംസ്ഥാനത്ത് വ്യവസായ മേഖലയിൽ കേന്ദ്ര നിക്ഷേപത്തിൽ കുറവ് വരുന്നതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(സി) നിലവിൽ സംസ്ഥാനത്തുള്ള കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ ; അവയിൽ പ്രതിസന്ധി നേരിടുന്നവ ഏതൊക്കെയാണ് ?

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

(എ) ഈ സർക്കാരിന്റെ കാലത്ത് വ്യാവസായിക മേഖലയിൽ കേന്ദ്ര നിക്ഷേപത്തിന്റെ തോത് കണക്കാക്കിയിട്ടില്ല. എന്നാൽ വിവിധ പദ്ധതികളുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിൽനിന്നും ലഭിച്ച സാമ്പത്തിക സഹായം/ഗ്രാന്റിന്റെ വിശദവിവരം താഴെ ചേർക്കുന്നു.

കേന്ദ്ര സർക്കാരിന്റെ വ്യവസായ വാണിജ്യ മന്ത്രാലയത്തിന്റെ ASIDE സ്കീം മുഖേന ലഭിച്ച ഗ്രാന്റ് :

| Year | Date of allotment | Amount (in lakhs) |
|---|---|---|
| 2011-2012 | 2-6-2011 | 926.0 |
| | 1-10-2011 | 926.00 |
| | | 1852.00 |
| 2012-2013 | 26-6-12 | 831.00 |

| | | |
|---|---|---|
| | 26-6-12 | 831.00 |
| | | 1662.00 |
| 2013-2014 | 9-5-2013 | 1047.00 |
| | 3-9-2013 | 1047.00 |
| | | 2094.00 |
| | Grand Total | 5608.00 |

കേന്ദ്ര സർക്കാരിന്റെ ഭക്ഷ്യ സംസ്കരണ വ്യവസായ മന്ത്രാലയത്തിൽ നിന്നും ലഭിച്ച ഗ്രാന്റ്:

| Year | Rs.(in lakhs) |
|---|---|
| 2012-2013 | 467.25 |
| 2013-2014 | 222.00 |
| 2014-2015 | 36.14 |
| Grand Total | 725.39 |

ഈ സർക്കാരിന്റെ കാലത്ത് വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനമായ സ്റ്റീൽ കോംപ്ലക്സ് ലിമിറ്റഡ് കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ സ്റ്റീൽ അതോറിറ്റി ഓഫ് ഇന്ത്യയുമായുള്ള (SAIL) സംയുക്ത സംരംഭത്തിന്റെ ഭാഗമായി 2011-12-ൽ മൂലധന നിക്ഷേപമായി 3 കോടി രൂപയും 2012-13-ൽ സ്റ്റീൽ റോളിംഗ് മിൽ സ്ഥാപിക്കുന്നതിനായി 9.71 കോടി രൂപയും 'സെയിൽ' നൽകിയിട്ടുണ്ട്.

ഈ സർക്കാരിന്റെ കാലത്ത് ക്ലസ്റ്റർ ഡെവലപ്മെന്റ് പദ്ധതി വഴി മൊത്തം 31.17 കോടി രൂപയുടെ നിക്ഷേപം നേടിയെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. കേന്ദ്ര വിഹിതത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 2011-12 | - | 1.82 കോടി |
| 2012-13 | - | 8.12 കോടി |

| | | |
|---|---|---|
| 2013-14 | - | 21.23 കോടി |
| 2014-15 | - | Nil |
| ആകെ | - | 31.17 കോടി |

കേന്ദ്ര സർക്കാരിന്റെ നാഷണൽ ബാംബൂ മിഷനിൽ നിന്നും മുള അനുബന്ധ മേഖലയുടെ ഉന്നമനത്തിനായി സംസ്ഥാന ബാംബൂ മിഷന് 213.28 ലക്ഷം രൂപയുടെ നിക്ഷേപം നേടിയെടുക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

| | | |
|---|---|---|
| 2011-2012 | ... | Nil |
| 2012-2013 | ... | Nil |
| 2013-2014 | ... | 100.75 ലക്ഷം |
| 2014-2015 | ... | 112.53 ലക്ഷം |
| ആകെ | ... | 213.28 ലക്ഷം |

ഇതുകൂടാതെ സംസ്ഥാനത്ത് വർദ്ധിച്ചു വരുന്ന പെട്രോളിയം ഉൽപന്നങ്ങളുടെ ആവശ്യകത പരിഗണിച്ച് BPCL തങ്ങളുടെ കൊച്ചി റിഫൈനറിയുടെ ശേഷി വർദ്ധിപ്പിക്കുന്നതിനും അനുബന്ധ പദ്ധതികളുടെ വികസനത്തിനുമായി സംസ്ഥാനത്ത് 18,000 കോടി രൂപ നിക്ഷേപം നടത്തുവാൻ പദ്ധതിയിട്ടിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് വ്യവസായ മേഖലയിൽ കേന്ദ്ര നിക്ഷേപത്തിൽ കുറവ് വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) സംസ്ഥാനത്തെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ പൂർണ്ണമായും കേന്ദ്ര സർക്കാരിന്റെ ഭരണ നിയന്ത്രണത്തിലാണ് പ്രവർത്തിക്കുന്നത്. സംസ്ഥാന സർക്കാരിന് ഈ സ്ഥാപനങ്ങളുടെ ദൈനംദിന കാര്യങ്ങളിലോ ഭരണപരമായ മറ്റ് കാര്യങ്ങളിലോ യാതൊരുവിധ നിയന്ത്രണവുമില്ല. ആയതിനാൽ കേന്ദ്രപൊതു മേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന പുരോഗതി സാധാരണരീതിയിൽ സംസ്ഥാന സർക്കാർ വിലയിരുത്താറില്ല. സംസ്ഥാനത്ത് പ്രവർത്തിക്കുന്നവയിൽ പ്രതിസന്ധി നേരിടുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. *

**ചെറുകിട വ്യവസായ മേഖലയിൽ നൂതന സാങ്കേതികവിദ്യയുടെ ഉപയോഗം**

16 (*196) ശ്രീ. ജി. സുധാകരൻ :

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ശ്രീ. കെ. കെ. നാരായണൻ :

ശ്രീ. കെ. വി. വിജയദാസ് :

ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നൂതന സാങ്കേതികവിദ്യയുടെ അഭാവം ചെറുകിട വ്യവസായ മേഖലയുടെ ഉന്നമനത്തിനു തടസ്സം സൃഷ്ടിക്കുന്നതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വ്യവസായ മേഖലയിലെ മത്സര രംഗത്ത് വിജയിക്കാനുതകുന്ന രീതിയിൽ നൂതന സാങ്കേതികവിദ്യ ചെറുകിട വ്യവസായ മേഖലയിൽ ഉപയോഗപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(സി) ചെറുകിട വ്യവസായ മേഖലയുടെ അഭിവൃദ്ധിക്കായി സർക്കാർ നയത്തിൽ എന്തെങ്കിലും മാറ്റം വരുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ?

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) നൂതന സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി ചെറുകിട വ്യവസായ മേഖലയെ മത്സരക്ഷമമാക്കുന്നതിന് വ്യവസായ വകുപ്പ് വിവിധങ്ങളായ നടപടികൾ സ്വീകരിക്കുന്നുണ്ട്. ഗവേഷണ സ്ഥാപനങ്ങളിലേയും, സാങ്കേതിക സ്ഥാപനങ്ങളിലേയും ഗവേഷണ ഫലങ്ങൾ ചെറുകിട വ്യവസായ സംരംഭകർക്ക് ലഭ്യമാക്കുന്നതിനുള്ള ടെക്നോളജി ഇൻകുബേഷൻ സെന്ററുകൾ, ഇൻഡസ്ട്രി-വാഴ്സിറ്റി ലിങ്കേജുകൾ, എന്റർപ്രണർ ഗൈഡൻസ് സെൽ മുഖേനയുള്ള ഹാന്റ് ഹോൾഡിംഗ് സർവ്വീസുകൾ തുടങ്ങിയവ നടപ്പിലാക്കി വരുന്നു. കേരള ചെറുകിട വ്യവസായ കോർപ്പറേഷനെ (സിഡ്കോ) സമീപിക്കുന്ന ചെറുകിട വ്യവസായികൾക്ക് സ്ക്രീനിംഗ്, പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കൽ, കൗൺസിലിംഗ് എന്നിവ ലഭ്യമാക്കുന്നതിനായി ഒരു കൺസൾട്ടൻസി ഡിവിഷനും വ്യവസായികളുടെ ആവശ്യാനുസരണം സേവനം ലഭ്യമാക്കുന്നതിന് ഒരു ഐ.ടി. ഡിവിഷനും പ്രവർത്തിക്കുന്നു.

20-12-2012 മുതൽ സർക്കാർ നടപ്പിലാക്കി വരുന്ന സംരംഭകത്വ സഹായ പദ്ധതി പ്രകാരം പുതിയ സാങ്കേതിക വിദ്യ ലഭ്യമാക്കി ഉൽപ്പാദനം

നടത്തുന്ന വ്യവസായ സംരംഭകർക്ക് സ്ഥിരാസ്തികളിലുള്ള നിക്ഷേപത്തിന്റെ 10% (പരമാവധി 10 ലക്ഷം രൂപ) അധിക ധനസഹായമായി നൽകുന്നു. കേരളത്തിലെ ഉൽപ്പാദകർക്ക് വിപണിയുടെ ആവശ്യങ്ങൾ, വളരുന്ന വിപണികൾ, ഗുണനിലവാരത്തിൽ പാലിക്കേണ്ട കാര്യങ്ങൾ എന്നിവ നേരിട്ട് മനസ്സിലാക്കുന്നതിന് ബിസിനസ്സ് ടു ബിസിനസ്സ് മീറ്റും സംഘടിപ്പിക്കുന്നുണ്ട്.

(സി) സംസ്ഥാനത്ത് ഒരു പുതിയ വ്യവസായ നയം ആവിഷ്കരിക്കുന്ന കാര്യം സർക്കാർ പരിഗണനയിലാണ്. പ്രസ്തുത നയത്തിൽ ചെറുകിട വ്യവസായ മേഖലയെ അഭിവൃദ്ധിപ്പെടുത്തുന്നതിനായി വ്യവസായ ഏര്യകളിലെ ക്ലസ്റ്ററുകളിൽ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യം ലഭ്യമാക്കുന്നതിനും, ബഹുനില സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറികൾ സ്ഥാപിക്കുന്നതിനും ലക്ഷ്യമിടുന്നു. സ്റ്റാർട്ടപ്പ് സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി കെ.എസ്.ഐ.ഡി.സി., കെ.എഫ്.സി. എന്നിവയിൽ എം.എസ്.എം. ഇ. ഓഹരി പങ്കാളിത്ത നിധി രൂപീകരിക്കുന്നതിന് ഉദ്ദേശിക്കുന്നു. ചെറുകിട-ഇടത്തരം വ്യവസായ യൂണിറ്റുകൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനും തീർപ്പാക്കാനുള്ളവ പരിഹരിക്കുന്നതിനും സംസ്ഥാന-ജില്ലാ തലങ്ങളിൽ വ്യവസായ അദാലത്തുകൾ സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു.

**കെ.എഫ്.സി.-യുടെ നേതൃത്വത്തിൽ സ്വയം സംരംഭക വികസന മിഷൻ**

17 (*197) ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. കെ.മുരളീധരൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കെ.എഫ്.സി.-യുടെ നേതൃത്വത്തിൽ സ്വയം സംരംഭക വികസന മിഷൻ രൂപീകരിച്ചിട്ടുണ്ടോ ;

(ബി) ഇതിന്റെ പ്രവർത്തനങ്ങളെന്തെല്ലാമാണ് ;

(സി) ഏതെല്ലാം മേഖലകളിലുള്ളവർക്കാണ് പ്രസ്തുത മിഷൻ സാമ്പത്തിക സഹായം നൽകുന്നത് ;

(ഡി) ജനങ്ങളിൽ സംരംഭക ശീലം വളർത്തുവാൻ എന്തെല്ലാം കർമ്മ പരിപാടികളാണ് മിഷൻ കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കുമോ ?

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പു മന്ത്രി (ശ്രീ. കെ. എം. മാണി):

(എ) രൂപീകരിച്ചിട്ടുണ്ട്. 2011-12 ബഡ്ജറ്റിൽ പ്രഖ്യാപിച്ച കേരള സംസ്ഥാന സംരംഭക വികസന മിഷന്റെ നോഡൽ ഏജൻസിയാണ് കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ.

(ബി) സംസ്ഥാനത്തെ യുവതീയുവാക്കൾക്കിടയിൽ സംരംഭകത്വ സ്വഭാവം വളർത്തിയെടുക്കുന്നതിനായി കേരള സർക്കാർ രൂപം നൽകിയ മഹത്തായ പദ്ധതിയാണ് കേരള സംസ്ഥാന സംരംഭക വികസന മിഷൻ. ആത്മാർത്ഥതയും ആശയങ്ങളും ഉള്ള തൊഴിൽരഹിതരായ വിദ്യാസമ്പന്നരെ കണ്ടെത്തുകയും അവർക്ക് ആവശ്യമായ പരിശീലനം നൽകി ലളിതമായ ജാമ്യ വ്യവസ്ഥകളിലൂടെ സാമ്പത്തിക സഹായം നൽകുകയാണ് ഈ മിഷനിലൂടെ ലക്ഷ്യമിടുന്നത്.

(സി) ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ രജിസ്റ്റർ ചെയ്യാവുന്ന പുതിയ പദ്ധതികൾക്കും നല്ല കാർഷികാധിഷ്ഠിത പദ്ധതികൾക്കുമാണ് സാമ്പത്തിക സഹായം നൽകുന്നത്.

(ഡി) കലാലയങ്ങളിലും യുവാക്കൾ പങ്കെടുക്കുന്ന സെമിനാറുകളിലും അതാത് ജില്ലകളിൽ നിന്ന് നിയോഗിക്കപ്പെട്ടവർ ക്ലാസ്സുകൾ എടുക്കുകയും ഇന്റർനെറ്റ്, പത്ര മാധ്യമങ്ങൾ ഇവയിലൂടെ പരസ്യങ്ങൾ നൽകുകയും മേഖലാടിസ്ഥാനത്തിൽ ക്യാമ്പുകൾ സംഘടിപ്പിക്കുകയും ചെയ്യാറുണ്ട്. ഈ പ്രവർത്തനങ്ങളിലൂടെ സംരംഭകരാകാൻ മുന്നോട്ട് വരുന്നവർക്ക് ആവശ്യമായ പരിശീലനം ജില്ലാടിസ്ഥാനത്തിൽ നൽകുന്നുണ്ട്.

**സാമ്പത്തിക പ്രതിസന്ധിക്ക് കാരണങ്ങൾ**

18 (*198) ശ്രീ. സാജു പോൾ :
ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. എ. കെ.ബാലൻ :
ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെലവു നിയന്ത്രിക്കുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനുമുള്ള ഉന്നതതല കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ സർക്കാർ അവഗണിച്ചത് സംസ്ഥാനത്ത്

സാമ്പത്തിക പ്രതിസന്ധി രൂക്ഷമാക്കിയെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) സർക്കാരിന് ബാദ്ധ്യതയാകുന്ന അധിക ചെലവുകൾ ഒഴിവാക്കണമെന്ന് സമിതി നിർദ്ദേശിച്ചിട്ടുണ്ടായിരുന്നോ ; എയ്ഡഡ് മേഖലയിൽ പ്ലസ് ടു സ്കൂളുകളും ബാച്ചുകളും അനുവദിച്ചതുപോലുള്ള നടപടികൾ സാമ്പത്തിക പ്രതിസന്ധി രൂക്ഷമാക്കാൻ കാരണമായിട്ടുണ്ടോ ;

(സി) സംസ്ഥാനത്തിന് സാമ്പത്തിക ബാദ്ധ്യതകൾ ഉണ്ടാക്കുന്ന തീരുമാനങ്ങൾ എടുക്കുമ്പോൾ ധനകാര്യ വകുപ്പിന്റെ അറിവോടും അനുമതിയോടും കൂടിയാകണമെന്ന ചട്ടം പാലിക്കപ്പെടുന്നുണ്ടോ ;

(ഡി) വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി, സംസ്ഥാനത്ത് പിരിച്ചെടുക്കാൻ ബാക്കിയായ തുക മുഴുവനും പിരിച്ചെടുക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; പിരിച്ചെടുക്കാൻ അവശേഷിക്കുന്ന മൊത്തം തുക എത്രയെന്ന് വ്യക്തമാക്കുമോ ?

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി):

(എ) അധിക വിഭവസമാഹരണ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായിട്ടാണ് ആസൂത്രണ ബോർഡ് ചെയർമാൻ അദ്ധ്യക്ഷനായി ഒരു ഉന്നതതല കമ്മിറ്റിയെ സർക്കാർ നിയോഗിച്ചിട്ടുള്ളത്. ഈ കമ്മിറ്റിയുടെ അധിക വിഭവ സമാഹരണ നിർദ്ദേശങ്ങൾ സർക്കാരിന് സമർപ്പിക്കുകയും ആയത് സർക്കാർ പരിശോധിച്ച് വിവിധ നടപടികൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്.

(ബി) അധിക വിഭവസമാഹരണ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായിട്ടാണ് സമിതിയെ നിയമിച്ചിരുന്നത്. വിദ്യാഭ്യാസം, ആരോഗ്യം, സാമൂഹ്യ സുരക്ഷ തുടങ്ങിയ അടിസ്ഥാന മേഖലകളിൽ പണം ചെലവഴിക്കുന്നത് ബാദ്ധ്യതയായി സർക്കാർ കാണുന്നില്ല. ഇത്തരം മേഖലകളിലെ ചെലവുകൾ അധിക വിഭവ സമാഹരണത്തിലൂടെ കണ്ടെത്താനാണ് സർക്കാർ ശ്രമിച്ചുവരുന്നത്.

(സി) സംസ്ഥാനത്തിന് സാമ്പത്തിക ബാദ്ധ്യതകൾ ഉണ്ടാക്കുന്ന തീരുമാനങ്ങൾ എടുക്കുമ്പോൾ ധനകാര്യ വകുപ്പിന്റെ അറിവോടും അനുമതിയോടും കൂടിയാകണമെന്ന ചട്ടം

കർശനമായി പാലിക്കണമെന്ന് 1-10-2013-ലെ സർക്കുലർ നമ്പർ 696/എസ് സി. 1/2013/ ജി.എ.9(എസ് സി.) പ്രകാരം എല്ലാ വകുപ്പുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ധനവകുപ്പിന്റെ അനുമതി ലഭിക്കാത്ത പ്രൊപ്പോസലുകൾ മന്ത്രിസഭയുടെ അംഗീകാരത്തിന് വിധേയമായി നടപ്പാക്കാവുന്നതാണെന്നും ചട്ടം അനുശാസിക്കുന്നു.

(ഡി) 19-9-2014-ലെ സ.ഉ.(പി) നമ്പർ 399/2014 /ധന ഉത്തരവ് പ്രകാരം റവന്യൂ കുടിശ്ശികകൾ പിരിക്കുന്നത് സംബന്ധിച്ച് വിശദമായ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിനുള്ള ഊർജ്ജിത നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിനായി ഓരോ ജില്ലയിലും മന്ത്രിമാരുടെ അദ്ധ്യക്ഷതയിൽ മേൽനോട്ട സമിതികൾ രൂപീകരിക്കാൻ തീരുമാനിച്ചു. 10-11-2014-ലെ സ.ഉ.(പി) നമ്പർ 482/2014/ധന പ്രകാരം നികുതി കുടിശ്ശികയിന്മേൽ ഏർപ്പെടുത്തിയിട്ടുള്ള എല്ലാ ഉപാധിരഹിത സ്റ്റേകളും പിൻവലിച്ചു. ഒരു ലക്ഷത്തിൽ കൂടുതൽ തുകയ്ക്ക് മുകളിൽ സ്റ്റേ അനുവദിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുമന്ത്രിയും ധനമന്ത്രിയും മുഖേന മുഖ്യമന്ത്രിക്ക് ഫയൽ സർക്കുലേറ്റ് ചെയ്യേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കംപ്ട്രോളർ & ഓഡിറ്റർ ജനറലിന്റെ 31-3-2013-ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ കണക്കുകൾ പ്രകാരം ആകെ 12243.86 കോടി രൂപയുടെ നികുതി കുടിശ്ശിക പിരിച്ചെടുക്കാനുണ്ടായിരുന്നു. വകുപ്പുതല കണക്കുകൾ പ്രകാരം 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിൽ പിരിച്ചെടുക്കേണ്ടിയിരുന്നതുൾപ്പെടെ നിലവിലെ നികുതി കുടിശ്ശിക 12741.96 കോടി രൂപയാണ്.

## ആദിവാസി ഊരുകളിൽ അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനായി പദ്ധതി

19 (*199) ശ്രീ. റോഷി അഗസ്റ്റിൻ :
ഡോ. എൻ. ജയരാജ് :
ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആദിവാസി ഊരുകളിലെ അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനായി നടപ്പാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ നൽകുമോ ;

(ബി) പ്രസ്തുത പദ്ധതികൾക്കായി ഇതുവരെ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) ഇപ്രകാരം ആദിവാസി മേഖലയിലെ അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനായി പ്രവൃത്തികൾ ഏറ്റെടുത്തു ചെയ്യുന്നതിന് നിർദ്ദേശിക്കപ്പെടുന്ന ഏജൻസികളെ തിരഞ്ഞെടുക്കുന്നത് ഏതു മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ്; വ്യക്തമാക്കുമോ ?

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (കുമാരി പി. കെ. ജയലക്ഷ്മി) :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികവർഗ്ഗക്കാർ അധിവസിക്കുന്ന ഉരുകളിലെ അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനായി നടപ്പിലാക്കിയ പദ്ധതികളുടെ വിവരം ചുവടെ ചേർത്തിരിക്കുന്നു:

- കോർപ്പസ് ഫണ്ട്, പൂൾഡ് ഫണ്ട്, ആർട്ടിക്കിൾ 275 (1) പ്രകാരമുള്ള ഗ്രാന്റ്- ഇൻ എയ്ഡ്-ൽ അനുവദിക്കുന്ന പദ്ധതികൾ എന്നിവയിൽ ഉൾപ്പെടുത്തി പട്ടികവർഗ്ഗക്കാരുടെ സമഗ്ര വികസനത്തിന് ഉതകുംവിധം പട്ടികവർഗ്ഗ സങ്കേതങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഉൾപ്പെടെയുള്ള വികസനത്തിന് പ്രാധാന്യം നൽകി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഗതാഗത സൗകര്യമുള്ള റോഡ്, പാലം എന്നിവ ഉൾപ്പെടെയുള്ള പദ്ധതികളും കുടിവെള്ളം, വൈദ്യുതി, സോളാർ ലൈറ്റുകൾ, നടപ്പാതകൾ, കമ്മ്യൂണിറ്റി കേന്ദ്രങ്ങൾ, അംഗൻവാടികൾ, സ്കൂൾ കെട്ടിടം തുടങ്ങിയവ നിർമ്മിക്കുന്ന പദ്ധതികളും അതാത് വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.
- 2014-15 സാമ്പത്തിക വർഷത്തിൽ തെരഞ്ഞെടുത്ത 14 പ്രദേശങ്ങളിലെ സങ്കേതങ്ങളുടെ സമഗ്ര വികസനത്തിനായി 150 കോടി രൂപയുടെ പുതിയ പദ്ധതി നടപ്പിലാക്കൽ പ്രാരംഭ ഘട്ടത്തിലാണ്.
- പതിമൂന്നാം ധനകാര്യ കമ്മീഷൻ അവാർഡ് മുഖേന പ്രാക്തന ഗോത്ര വർഗ്ഗക്കാരുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ ഉൾപ്പെടെയുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് 148 കോടി രൂപ 2011-2015 കാലയളവിലേക്ക് ലഭിക്കുകയും ആയത് പ്രകാരം ടി പദ്ധതിയുടെ നിർവ്വഹണം അന്തിമ ഘട്ടത്തിലാണ്.
- ആശിക്കുന്ന ഭൂമി ആദിവാസികൾക്ക് സ്വന്തം എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 2013-14 വർഷം 345 ഗുണഭോക്താക്കൾക്ക് 154.43 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്. നടപ്പു വർഷവും ടി പദ്ധതി നടപ്പിലാക്കി വരുന്നു.

- 2014-15 സാമ്പത്തിക വർഷം ഹഡ്കോയിൽ നിന്നും 150 കോടി രൂപ വായ്പയെടുത്ത് 5000 വീടുകൾ നിർമ്മിക്കുന്ന പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.
- 2013-14 സാമ്പത്തിക വർഷം ആരംഭിച്ച ഹാംലെറ്റ് വികസന പദ്ധതി ആ വർഷം 18 സങ്കേതങ്ങളും 2014-15 വർഷം 25 സങ്കേതങ്ങളും തെരഞ്ഞെടുത്ത് ടി സങ്കേതങ്ങളിൽ ഒരു കോടി രൂപ വീതം ചെലവഴിച്ച് അടിസ്ഥാന വികസന പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള വികസന പ്രവർത്തനങ്ങൾ നടത്തിവരുന്നു.
- പട്ടികവർഗ്ഗ പ്രദേശങ്ങളിലെ ഗതാഗത സൗകര്യം മെച്ചപ്പെടുത്തുന്നതിനായി നബാർഡിന്റെ RIDF സ്കീമിൽ ഉൾപ്പെടുത്തി 134 റോഡുകളും 2 പാലങ്ങളും നിർമ്മിക്കുന്നതിനായി 103 കോടി രൂപയുടെ വായ്പയ്ക്കുള്ള അനുമതി നൽകുകയും ആയത് പ്രകാരം പ്രസ്തുത പദ്ധതി നിർവ്വഹണത്തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.
- വനത്തിനുള്ളിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാരുടെ വികസനത്തിനുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു.
- ഗിരിവർഗ്ഗ പ്രദേശത്തെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അടിസ്ഥാന സൗകര്യ വികസനത്തിനായി നടപ്പിലാക്കിവരുന്ന പ്രധാന പദ്ധതികളുടെ ചെലവഴിച്ച തുകയുടെ വിവരം ചുവടെ ചേർത്തിരിക്കുന്നു :

| ക്രമ നമ്പർ | പദ്ധതി | 2011-12 | 2012-13 | 2013-14 | 2014-15 ഒക്ടോബർ 30 വരെ |
|---|---|---|---|---|---|
| 1 | കോർപ്പസ് ഫണ്ട് | 3355.85 | 2348.62 | 3400.68 | 1736.46 |
| 2 | ആർട്ടിക്കിൾ 275(1) | 325.96 | 358.56 | 597 | 65.20 |
| 3 | പൂൾഡ് ഫണ്ട് | 867.16 | 1247.54 | 1300 | 47.00 |

| | | | | | |
|---|---|---|---|---|---|
| 4 | ഭവന നിർമ്മാണം | 1999.86 | 2499.90 | 2375 | 536.61 |
| 5 | ഹാംലെറ്റ് പദ്ധതി | - | - | 982.93 | 81.24 |
| 6 | റ്റി.ആർഡി.എം. | 1500 | 2000 | 1999.99 | 539.67 |
| 7 | പി.വി.റ്റി.ജി. | 976.80 | 3693.04 | 5688.35 | 1201.74 |
| | ആകെ | 9025.63 | 12147.66 | 16343.95 | 4207.92 |

(സി) സർക്കാർ എംപാനൽ ചെയ്തിട്ടുള്ള വിവിധ ഏജൻസികളെയാണ് ബന്ധപ്പെട്ട പദ്ധതികളുടെ നിർവ്വഹണത്തിനായി ചുമതലപ്പെടുത്തിയിരിക്കുന്നത്.

**വൈദ്യുതി നിരക്ക് വർദ്ധനവ്**

20(*200) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014 നവംബർ മാസത്തെ വൈദ്യുത നിരക്കിലുണ്ടായ വർദ്ധനവ് എത്രയെന്ന് വിശദമാക്കുമോ ;

(ബി) അടിക്കടിയുണ്ടാകുന്ന ചാർജ്ജ് വർദ്ധനവ് ഒഴിവാക്കുന്നതിന് വകുപ്പ് ജലവൈദ്യുത സ്രോതസ്സുകളല്ലാതെ മറ്റ് ഊർജ്ജ സ്രോതസ്സുകൾ കണ്ടെത്തി വൈദ്യുതി ഉത്പാദിപ്പിക്കുന്നതിന് ശ്രമം നടത്തുന്നുണ്ടോ ; വിശദമാക്കുമോ ;

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്):

(എ) കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ സംസ്ഥാനത്ത് 2014 ആഗസ്റ്റ് 16-ാം തീയതി മുതൽ താരിഫ് വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവ് ഇറക്കിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി കൊടുത്തിരിക്കുന്നു.*

(ബി) ഏറ്റവും കുറഞ്ഞ നിരക്കിൽ ലഭിക്കുന്ന വൈദ്യുതി ജലവൈദ്യുത സ്രോതസ്സുകൾ മുഖേന ലഭിക്കുന്നവയാണ്. ജലവൈദ്യുത പദ്ധതികൾ സ്ഥാപിക്കാൻ പാരിസ്ഥിതിക അനുമതി ലഭിക്കാതിരിക്കുകയും, കൽക്കരി, ലിഗ്നൈറ്റ് തുടങ്ങിയ ഇന്ധനങ്ങൾ സംസ്ഥാനത്ത് ലഭ്യമല്ലാത്ത സാഹചര്യത്തിൽ പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളെ പരമാവധി പ്രയോജനപ്പെടുത്താൻ ലക്ഷ്യമിട്ടിട്ടുള്ള

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പദ്ധതികൾ സർക്കാർ ആസൂത്രണം ചെയ്തു നടപ്പിലാക്കി വരുന്നു. എന്നാൽ സാങ്കേതിക വിദ്യയിലെ വലിയ വികാസത്തിലൂടെ മാത്രമേ ഈ പദ്ധതികളിൽ നിന്നുള്ള ഉൽപ്പാദനം വൈദ്യുതി ആവശ്യത്തിനനുസരിച്ച് നിയന്ത്രിക്കാൻ കഴിയൂ എന്നത് ഈ പദ്ധതികളുടെ പരിമിതിയാണ്. വില, സാങ്കേതികവിദ്യ, ലഭ്യത ഇവ കണക്കാക്കി, ഉൽപ്പാദനം നിയന്ത്രിക്കാവുന്ന തരത്തിൽ, ഇന്ധനം കരുതി വയ്ക്കാവുന്ന തരത്തിൽ പാരമ്പര്യേതര ഊർജ്ജ പദ്ധതികൾ വികസിപ്പിക്കേണ്ടതുണ്ട്. ആഭ്യന്തര പ്രകൃതിവാതകത്തിലെ ലഭ്യതക്കുറവും ഇറക്കുമതി വിലയിലെ സന്ദിഗ്ധതയും പ്രകൃതിവാതകാധിഷ്ഠിത പദ്ധതികൾക്ക് പ്രതിബന്ധങ്ങളാണ്. ആവശ്യമുള്ള അളവിൽ ആഭ്യന്തര പ്രകൃതിവാതകം ലഭ്യമാകുകയും, ഗ്യാസ് പൈപ്പ് ലൈൻ ശൃംഖല സംസ്ഥാനത്ത് പൂർത്തീകരിക്കുകയും ചെയ്യുമ്പോൾ മാത്രമേ വാതകാധിഷ്ഠിത പദ്ധതികൾ പ്രായോഗികമാവുകയുള്ളൂ.

സംസ്ഥാനത്തെ ഊർജ്ജാവശ്യകത പരിഗണിച്ച് ഉപഭോക്താക്കൾക്ക് കുറഞ്ഞ നിരക്കിൽ മെച്ചപ്പെട്ട നിലവാരമുള്ള വൈദ്യുതി നൽകുന്നതിനായി കേരള സംസ്ഥാന വൈദ്യുതി ബോർഡ് താഴെ പറയുന്ന നടപടികൾ എടുത്തിട്ടുണ്ട്.

1. ടാറ്റ മൈത്തോൺ കമ്പനിയിൽ നിന്നും 150 മെഗാവാട്ട് വൈദ്യുതി 25 വർഷത്തേക്ക് കേന്ദ്ര കമ്മീഷൻ അംഗീകരിക്കുന്ന നിരക്കിൽ വാങ്ങുന്നതിന് 2013-14-ൽ കരാറിലേർപ്പെട്ടിട്ടുണ്ട്.

2. 250 മെഗാവാട്ട് വൈദ്യുതി ദാമോദർ വാലി കോർപ്പറേഷനിൽ നിന്നും കേന്ദ്ര കമ്മീഷൻ അംഗീകരിക്കുന്ന നിരക്കിൽ 25 വർഷത്തേക്ക് ദീർഘകാലാടിസ്ഥാനത്തിൽ വാങ്ങുന്നതിന് 2013-14-ൽ കരാറിലേർപ്പെട്ടിട്ടുണ്ട്.

3. 850 മെഗാവാട്ട് വൈദ്യുതി മത്സരാധിഷ്ഠിത ദർഘാസുകൾ മുഖേന ദീർഘ കാലാടിസ്ഥാനത്തിൽ 25 വർഷത്തേക്ക് വാങ്ങുന്നതിനുള്ള നടപടികൾ എടുക്കുകയും അതിനുള്ള കരാർ 2014 ഡിസംബർ മാസം അവസാനത്തോടുകൂടി ഒപ്പുവയ്ക്കുന്നതുമാണ്. ഇത്തരം ദീർഘകാല താപവൈദ്യുതി വാങ്ങുന്നതിനുള്ള കരാറുകൾ വഴി മൊത്തം വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള ചെലവ് കുറച്ചുകൊണ്ട് വരാൻ കഴിയുമെന്ന് കരുതുന്നു.

4. മേൽപ്പറഞ്ഞവയെല്ലാം കൽക്കരി അധിഷ്ഠിതമായ ഒരു താപനിലയത്തിന്റെ ആവശ്യകതയാണ് കാണിക്കുന്നത്. ചീമേനിയിൽ ഒരു കൽക്കരി വൈദ്യുത നിലയം സ്ഥാപിക്കാനുള്ള സാദ്ധ്യത പരിശോധിച്ചുവരുന്നു.

5. വൈദ്യുതി ബോർഡിന്റെ ബി.ഡി.പി.പി. നിലയം ഭാഗികമായി എൽ.എൻ.ജി. അടിസ്ഥാനമാക്കിയുള്ള നിലയമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. (40 MW)

7. ഇതുകൂടാതെ ഏതാണ്ട് 300 MW സ്ഥാപിതശേഷിയുള്ള ജലവൈദ്യുത പദ്ധതികളും സൗരോർജ്ജ നിലയങ്ങളിൽ നിന്ന് വൈദ്യുതി ഉൽപാദിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

**നിക്ഷേപക സുരക്ഷാ ഫണ്ട് ബോർഡ്**

21(*201) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. പാലോട് രവി :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിക്ഷേപക സുരക്ഷാ ഫണ്ട് ബോർഡ് രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ബോർഡിന്റെ പ്രവർത്തനങ്ങൾ വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) സഹകരണ സംഘങ്ങളിലെ നിക്ഷേപങ്ങൾക്ക് സുരക്ഷിതത്വം ഉറപ്പാക്കാൻ എന്തെല്ലാം കാര്യങ്ങളാണ് ബോർഡിന്റെ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) ഏതെല്ലാം തരം സഹകരണ സംഘത്തിലെ നിക്ഷേപങ്ങൾക്കാണ് സുരക്ഷിതത്വം ഉറപ്പ് വരുത്തുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ?

സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ):

(എ) "കേരള സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീം 2012" നടപ്പാക്കുന്നതിനായി കേരള നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡ് രൂപീകരിച്ചിട്ടുണ്ട്.

(ബി) പ്രാഥമിക വായ്പ സഹകരണ സംഘങ്ങളിലും രജിസ്ട്രാരുടെ ഭരണ നിയന്ത്രണത്തിൽ വരുന്നതും നിക്ഷേപം സ്വീകരിക്കുന്നതുമായ എല്ലാ സഹകരണ സംഘങ്ങളിലും ഒരു നിക്ഷേപകൻ നിക്ഷേപിക്കുന്ന നിക്ഷേപങ്ങൾക്ക് പരമാവധി

ഒന്നര ലക്ഷം രൂപ വരെ ഗ്യാരന്റി നൽകുക എന്നതാണ് നിക്ഷേപക ഗ്യാരന്റി സ്കീമിന്റെ ലക്ഷ്യം. ഇപ്രകാരം നിക്ഷേപങ്ങൾക്ക് ഗ്യാരന്റി നൽകുന്നതിനായി കേരള സഹകരണ നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡ് ഒരു കോർപസ് ഫണ്ട് രൂപീകരിക്കുന്നതാണ്. നിക്ഷേപം സ്വീകരിക്കുന്ന സഹകരണ സംഘങ്ങൾ സ്കീമിൽ ചേരുന്ന ആദ്യ വർഷം ഓരോ 100 രൂപ നിക്ഷേപത്തിനും 10 പൈസ സഹകരണ സംഘങ്ങൾ/ബാങ്കുകളുടെ വിഹിതമായി കോർപസ് ഫണ്ടിലേക്ക് അയയ്ക്കേണ്ടതാണ്. തുടർന്നുള്ള വർഷം നിക്ഷേപ വർദ്ധനവിന് മേൽ പരാമർശിച്ച നിരക്കിൽ പ്രീമിയം അടയ്ക്കേണ്ടതുണ്ട്. കൂടാതെ സർക്കാരിനും ആവശ്യമാണെങ്കിൽ ടി ഫണ്ടിലേക്ക് സർക്കാർ വിഹിതം നൽകുന്നതിനും വ്യവസ്ഥയുണ്ട്. ഇപ്രകാരം സ്വരൂപിക്കുന്ന കോർപസ് ഫണ്ട് ജില്ലാ സഹകരണ ബാങ്കുകളിലോ ഗവൺമെന്റ് ട്രഷറിയിലോ കൂടുതൽ പലിശ കിട്ടുന്ന പ്രത്യേക നിക്ഷേപമായി നിക്ഷേപിച്ച് ടി ഫണ്ട് നിക്ഷേപ ഗ്യാരന്റി നൽകുന്നതിനു മാത്രമായി വിനിയോഗിക്കുക എന്നത് ബോർഡിന്റെ പ്രവർത്തന ലക്ഷ്യത്തിൽപ്പെടുന്നു. കൂടാതെ ടി ഫണ്ട് സ്വരൂപിക്കുന്നതിനും ഫലപ്രദമായി വിനിയോഗിക്കുന്നതിനുമായി സബ്സിഡിയറി ചട്ടങ്ങൾ നിർമ്മിക്കുക, ടി സ്കീമിൽ അംഗങ്ങളെ ചേർക്കുക, അംഗങ്ങളിൽ നിന്നു റിട്ടേണുകൾ സ്വീകരിക്കുക, ഫണ്ട് പരിപാലനത്തിന്റെ ഭാഗമായി റിക്കാർഡുകളും രേഖകളും പരിശോധിക്കുക, ക്ലെയിം നൽകുക എന്നിവ ബോർഡിന്റെ പ്രവർത്തന ലക്ഷ്യത്തിൽപ്പെടുന്നു.

(സി) നിക്ഷേപകന്റെ താൽപര്യം സംരക്ഷിക്കുക എന്നതാണ് സ്കീമിന്റെ ലക്ഷ്യം. ലിക്വിഡേഷൻ ഉൾപ്പെടെ ഏത് തരത്തിലുള്ള കാരണത്താലും നിക്ഷേപകന് നിക്ഷേപ തുക ലഭിക്കാതെ വന്നാൽ സഹകരണ സംഘം പ്രീമിയം അടച്ചിട്ടുണ്ടെങ്കിൽ നിക്ഷേപകന് നിക്ഷേപ ഗ്യാരന്റി സ്കീം പ്രകാരം പരിരക്ഷ ലഭിക്കും. ഏതെങ്കിലും കാരണത്താൽ സഹകരണ സംഘത്തിൽ നിന്നും നിക്ഷേപകന് നിക്ഷേപ തുക തിരികെ നൽകാൻ കഴിഞ്ഞില്ലെങ്കിൽ ഒന്നര ലക്ഷം രൂപ വരെയുള്ള നിക്ഷേപ തുക നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡ് നിക്ഷേപകന് നൽകുന്നതാണ്. ഇപ്രകാരമുള്ള ഗ്യാരന്റി ലഭിക്കുന്നതിനായി നിക്ഷേപകൻ പ്രത്യേക വിഹിതങ്ങൾ ഒന്നും തന്നെ അടയ്ക്കേണ്ടതില്ല.

(ഡി) പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ/സർവ്വീസ് സഹകരണ സംഘങ്ങൾ, എംപ്ലോയീസ് സഹകരണ സംഘങ്ങൾ, അർബൻ സഹകരണ സംഘങ്ങൾ, നിക്ഷേപം സ്വീകരിക്കുന്നതും രജിസ്ട്രാരുടെ ഭരണ

നിയന്ത്രണത്തിൽ വരുന്നതുമായ സഹകരണ സംഘങ്ങൾ എന്നിവയിലെ നിക്ഷേപങ്ങൾക്കാണ് നിക്ഷേപ സുരക്ഷാ പദ്ധതി ബാധകമായിട്ടുള്ളത്.

**ഗവൺമെന്റ് പ്ലീഡർമാരുടെ നിയമനം**

22(*202) ശ്രീ. ആർ. രാജേഷ് :

ശ്രീ. എ. കെ. ബാലൻ :

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :

ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഗവൺമെന്റ് പ്ലീഡർമാരെ നിയമിക്കുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഗവൺമെന്റ് പ്ലീഡർമാരുടെ എണ്ണം കൂടുതലാണെന്നും ഇവരുടെ പ്രകടനം വിലയിരുത്തണമെന്നുമുള്ള ഹൈക്കോടതി നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇക്കാര്യത്തിൽ അഡ്വക്കേറ്റ് ജനറലിന്റെ അഭിപ്രായം അറിയിച്ചിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ ;

(ഡി) ഈ സർക്കാരിന്റെ കാലത്ത് കേസുകളിൽ സർക്കാർ താല്പര്യത്തിനു വിരുദ്ധമായ സമീപനം ഗവൺമെന്റ് പ്ലീഡർമാർ സ്വീകരിക്കുന്ന സ്ഥിതിയുണ്ടായിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ?

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി(ശ്രീ. കെ. എം. മാണി) :

(എ) സർക്കാർ അഭിഭാഷകരുടെ നിയമനം 1978-ലെ കേരള ഗവൺമെന്റ് ലാ ആഫീസേഴ്സ് (നിയമനവും സേവന വ്യവസ്ഥകളും) കേസ് നടത്തിപ്പും ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള മാനദണ്ഡങ്ങൾക്കനുസരിച്ചാണ്. ഹൈക്കോടതിയിൽ, പ്രസ്തുത ചട്ടത്തിലെ 5-ാം ചട്ടപ്രകാരം സീനിയർ ഗവൺമെന്റ് പ്ലീഡറായി നിയമിക്കപ്പെടുന്നതിന് കുറഞ്ഞത് അഭിഭാഷകനായി ഹൈക്കോടതിയിൽ 10 വർഷത്തെ പ്രാക്ടീസും ഗവൺമെന്റ് പ്ലീഡറായി നിയമിക്കപ്പെടുന്നതിന് അഭിഭാഷകനായി ഹൈക്കോടതിയിൽ 7 വർഷത്തെ പ്രാക്ടീസും ആവശ്യമാണ്. സുപ്രീം കോടതിയിൽ സ്റ്റാൻഡിംഗ് കൗൺസലായി നിയമിക്കപ്പെടുന്നത് 1978-ലെ കേരള ഗവൺമെന്റ് ലാ ആഫീസേഴ്സ് (നിയമനവും സേവന വ്യവസ്ഥകളും) കേസ് നടത്തിപ്പും ചട്ടങ്ങളിലെ 13-ാം ചട്ടപ്രകാരമാണ്. സുപ്രീം കോടതിയിൽ സ്റ്റാൻഡിംഗ് കൗൺസലായി നിയമിക്കപ്പെടുന്നതിന് സുപ്രീം കോടതിയിലെ

അഡ്വക്കേറ്റ്-ഓൺ-റെക്കോർഡ് ആയി കുറഞ്ഞത് 3 വർഷത്തെ പ്രാക്ടീസ് ഉണ്ടായിരിക്കേണ്ടതാണ്. യോഗ്യത, പരിചയം, സത്യസന്ധത, യശ്ശസ്, സ്വഭാവം, പൂർവ്വ ചരിത്രം എന്നിവ സംബന്ധിച്ച് അഡ്വക്കേറ്റ് ജനറലിന്റെ അഭിപ്രായത്തിൽ നിയമിക്കപ്പെടാൻ യോഗ്യരായവരെ ഉൾപ്പെടുത്തിയ ഒരു പാനൽ അഡ്വക്കേറ്റ് ജനറൽ അയച്ചുതരികയും ആയതിൽ നിന്ന് മന്ത്രിസഭ ആവശ്യമായ അഭിഭാഷകരെ നിയമിക്കുകയുമാണ് ചെയ്യുന്നത്. ജില്ലാ കോടതിയിലും, സബ് കോടതിയിലും മറ്റും സർക്കാർ അഭിഭാഷകരായി നിയമിക്കുന്നത് പ്രസ്തുത ചട്ടത്തിലെ 8-ാം ചട്ടപ്രകാരമാണ്. പ്രസ്തുത ചട്ടത്തിലെ വ്യവസ്ഥകൾക്കനുസരിച്ച് ജില്ലാ കളക്ടർ ജില്ലാ ജഡ്ജിയുമായി കൺസൾട്ട് ചെയ്ത് തയ്യാറാക്കി നൽകുന്ന പാനലിൽ നിന്നാണ് ജില്ലാ കോടതിയിലും, സബ്കോടതിയിലും സർക്കാർ അഭിഭാഷകരെ നിയമിക്കുന്നത്. പ്രസ്തുത ചട്ടത്തിലെ 11 എ ചട്ടം പ്രകാരമാണ് മോട്ടോർ ആക്സിഡന്റ്സ് ക്ലെയിംസ് ട്രൈബ്യൂണലിലെ സർക്കാർ അഭിഭാഷകരെ നിയമിക്കുന്നത്. ജില്ലാ കളക്ടർ പ്രസ്തുത ട്രൈബ്യൂണലിലെ പ്രിസൈഡിംഗ് ആഫീസറുമായി കൺസൾട്ട് ചെയ്ത് തയ്യാറാക്കി നൽകുന്ന പാനലിൽ നിന്നുമാണ് സർക്കാർ അഭിഭാഷകരെ നിയമിക്കുന്നത്. പ്രസ്തുത ചട്ടത്തിലെ 10-ാം ചട്ടപ്രകാരമാണ് മുൻസിഫ് കോടതി സെന്ററുകളിലെ സർക്കാർ അഭിഭാഷകരെ നിയമിക്കുന്നത്. ജില്ലാ കളക്ടർ പ്രിസൈഡിംഗ് ആഫീസറോടോ, കോടതിയോടോ കൺസൾട്ട് ചെയ്ത് തയ്യാറാക്കി നൽകുന്ന പാനലിൽ നിന്നാണ് മുൻസിഫ് കോടതി സെന്ററുകളിലെ സർക്കാർ അഭിഭാഷകരെ നിയമിക്കുന്നത്.

(ബി) ഉണ്ട്.

(സി) ഇതുസംബന്ധിച്ച് അഡ്വക്കേറ്റ് ജനറലിനോട് ഹൈക്കോടതിയിലെ സർക്കാർ അഭിഭാഷകരുടെ കാര്യക്ഷമത, പ്രവർത്തനം എന്നിവ സംബന്ധിച്ച് ഒരു റിപ്പോർട്ട് നൽകുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ആയതിനുള്ള മറുപടി ലഭിച്ചിട്ടില്ല.

(ഡി) കേസുകൾ കൈകാര്യം ചെയ്യുന്ന വിഷയത്തിൽ ഗവൺമെന്റ് പ്ലീഡർമാരുടെ ഭാഗത്തുനിന്നും അത്തരം സമീപനം ഉണ്ടായിട്ടില്ല.

**സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ പ്രവർത്തനങ്ങൾ**

23 (*203) ശ്രീ. പി. എ. മാധവൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. എ. റ്റി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമാണ് വിശദമാക്കുമോ ;

(ബി) ഇതിന്റെ പ്രവർത്തനങ്ങൾക്ക് എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ്

ലഭിക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) സംസ്ഥാനത്തിന്റെ എല്ലാ മേഖലയിലുമുള്ള മലിനീകരണ നിയന്ത്രണത്തിൽ ബോർഡ് എങ്ങനെയെല്ലാമാണ് ഇടപെട്ടുവരുന്നത് ; വിശദമാക്കുമോ ;

(ഡി) ബോർഡിനെ ശാക്തീകരിക്കാൻ എന്തെല്ലാം കർമ്മപരിപാടികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) :

(എ&സി) മലിനീകരണ നിയന്ത്രണ നിയമങ്ങളായ ജല (മലിനീകരണ നിയന്ത്രണവും നിവാരണവും) നിയമം, 1974, വായു (മലിനീകരണ നിയന്ത്രണവും നിവാരണവും) നിയമം, 1981, പരിസ്ഥിതി (സംരക്ഷണ) നിയമം, 1986 എന്നിവയും അനുബന്ധ ചട്ടങ്ങളും മലിനീകരണ നിയന്ത്രണ ബോർഡ് വഴിയാണ് നടപ്പിലാക്കുന്നത്. ഇക്കാര്യത്തിൽ ബോർഡ് നടത്തിവരുന്ന പ്രവർത്തനങ്ങൾ ചുവടെ ചുരുക്കി വിവരിക്കുന്നു :

- മലിനീകരണം ഉണ്ടാക്കാനിടയുള്ള സ്ഥാപനങ്ങൾക്ക് നിബന്ധനകൾക്ക് വിധേയമായി അനുമതി നല്കുന്നു. പരിസ്ഥിതി നിയമത്തിന്റെ കീഴിലുള്ള ചട്ടങ്ങൾ പ്രകാരം ബയോ മെഡിക്കൽ മാലിന്യം, ഖരമാലിന്യം, അപകടകരമായ മാലിന്യം (ഹസാർഡസ് വേസ്റ്റ്) എന്നിവയെല്ലാം നിയമ പ്രകാരം സംസ്കരിക്കുന്നതിന് അനുമതിയും തുടർ പരിശോധനയും ഉറപ്പു വരുത്തുന്നു. ടി അനുമതി നൽകുന്നതിനുള്ള പരിശോധനകളിലും തുടർന്നു നൽകുന്ന അനുമതി പത്രങ്ങളിലെ നിബന്ധനകളിലും മലിനീകരണ നിയന്ത്രണത്തിനുതകുന്ന (ജലം, വായു, പരിസ്ഥിതി നിയമങ്ങൾ പ്രകാരം) നിർദ്ദേശങ്ങൾ നൽകുന്നു. ഇവ നടപ്പിലാക്കുന്നതു വഴി ജല മലിനീകരണ നിയന്ത്രണവും അന്തരീക്ഷ വായുവിലെ മാലിന്യ ഘടകങ്ങളുടെ അളവുകളിലെ നിയന്ത്രണവും പ്രാവർത്തികമാക്കുന്നു. മലിനീകരണം സംബന്ധിച്ച പരാതികളിന്മേൽ അന്വേഷണം നടത്തുകയും പ്രശ്ന പരിഹാരത്തിന് സാങ്കേതികമായ നിർദ്ദേശങ്ങൾ നൽകുകയും പരിശോധനകൾ വഴി അവയുടെ പാലനം ഉറപ്പുവരുത്തുകയും ചെയ്യുന്നു.

- ബയോമെഡിക്കൽ വേസ്റ്റ് ചട്ടങ്ങൾ, 1998 പ്രകാരം ആശുപത്രികൾ, ഡെന്റൽ ക്ലിനിക്കുകൾ, ക്ലിനിക്കുകൾ, ലാബുകൾ തുടങ്ങി ബയോമെഡിക്കൽ വേസ്റ്റ് ഉണ്ടാക്കുന്ന എല്ലാ ആരോഗ്യ പരിപാലന സ്ഥാപനങ്ങൾക്കും ബോർഡ് അനുമതി നൽകുന്നു.

- മുൻസിപ്പൽ സോളിഡ് വേസ്റ്റ് ചട്ടങ്ങൾ, 2000 പ്രകാരം ഖരമാലിന്യത്തിന്റെ സംസ്കരണത്തിനായുള്ള പ്ലാന്റുകൾ സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്നതിന് ബോർഡ് ആതറൈസേഷൻ നൽകുന്നു.

- അപകടകരമായ മാലിന്യം കൈകാര്യം ചെയ്യുന്നതിനും അത്തരം മാലിന്യം സംസ്ഥാനത്തിനു പുറത്ത് കൊണ്ടു പോകുന്നതിനും ബോർഡ് അനുമതി നല്കുന്നു.

- ബാറ്ററി വിതരണക്കാർക്കും ഇലക്ട്രോണിക്സ് ഉത്പന്ന നിർമ്മാതാക്കൾക്കും ഇ-മാലിന്യം ശേഖരിക്കുന്നവർക്കും സംസ്കരിക്കുന്നവർക്കും ഇലക്ട്രോണിക്സ് ഉത്പന്നങ്ങൾ ഇറക്കുമതി ചെയ്യുന്നവർക്കും ബോർഡ് അനുമതി നൽകുന്നു.

- പ്ലാസ്റ്റിക് വേസ്റ്റ് ചട്ടങ്ങൾ, 2011 പ്രകാരം പ്ലാസ്റ്റിക് ക്യാരി ബാഗുകൾ/multilayered plastic ഉണ്ടാക്കുന്ന സ്ഥാപനങ്ങൾക്കും ബോർഡ് അനുമതി നൽകുന്നു.

- ശബ്ദമലിനീകരണം ചട്ടങ്ങൾ, 2000 പ്രകാരം വ്യവസായ സ്ഥാപനങ്ങളുടെ പ്രവർത്തനംമൂലമുള്ള ശബ്ദ മലിനീകരണ നിയന്ത്രണം ബോർഡിന്റെ ചുമതലയാണ്. ശബ്ദമലിനീകരണം തടയുന്നതിനായി പോലീസ് വകുപ്പിന് ശബ്ദ തീവ്രത അളന്ന് നൽകുന്നതും ബോർഡാണ്. പൊതുജനങ്ങളുടെ പരാതികളിന്മേലുള്ള അന്വേഷണം, വിവിധ കോടതികളുടെ നിർദ്ദേശ പ്രകാരം മലിനീകരണം സംബന്ധിച്ച് റിപ്പോർട്ട് നൽകൽ, സർക്കാരിലേക്ക് സാങ്കേതികമായ ഉപദേശം നൽകൽ എന്നിവ ബോർഡിന്റെ പ്രവർത്തനങ്ങളിൽപ്പെടുന്നു.

- ജല/വായു ഗുണനിലവാര പരിശോധനയ്ക്കായി എറണാകുളത്ത് NABL അക്രഡിറ്റേഷനോടു കൂടിയ കേന്ദ്ര പരിശോധനശാലയും എല്ലാ ജില്ലാ ഓഫീസുക ളോടും ചേർന്ന് ജില്ലാ പരിശോധനശാലകളും പ്രവർത്തിച്ചുവരുന്നു.

- താരതമ്യേന മലിനീകരണം കൂടുതലുള്ള സ്ഥാപനങ്ങൾക്ക് ഓൺലൈൻ മോണിറ്ററിംഗ് സംവിധാനം ബോർഡ് നടപ്പാക്കി വരുന്നു. പെരിയാറിന്റെ ഏലൂർ ഭാഗത്തെ മലിനീകരണം മോണിട്ടർ ചെയ്യാനായി പെരിയാറിന്റെ ഇരുകരകളിലുമായി 24 മണിക്കൂറും പ്രവർത്തിക്കുന്ന 8 സർവൈലൻസ് ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. വ്യവസായ മേഖലയിലെ വായു ഗുണനിലവാരം തുടർച്ചയായി നിർണ്ണയിക്കുന്നതിനുള്ള സംവിധാനം ബോർഡ് ഏർപ്പെടുത്തിയിട്ടുണ്ട്.

- പൊതുജന ബോധവൽക്കരണം മലിനീകരണ നിയന്ത്രണത്തിന് ഒരു പ്രധാന ഘടകമായതിനാൽ ഇതിനായി പത്രദൃശ്യ മാധ്യമങ്ങൾ വഴി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്.

- എല്ലാ വർഷവും ജൂൺ 5 പരിസ്ഥിതി ദിനത്തിൽ ബോർഡ് ജല/വായു ഗുണനിലവാര ഡയറക്ടറി പ്രസിദ്ധീകരിക്കുന്നു.

- പാലക്കാട് ജില്ലയിലെ പുതുശ്ശേരി പഞ്ചായത്തിൽ മാന്തുരുത്തിയിൽ ഇൻഡ്യൻ മെഡിക്കൽ അസോസിയേഷൻ (IMA) കേരള ഘടകത്തിന്റെ മേൽനോട്ടത്തിൽ, ആശുപത്രി മാലിന്യങ്ങൾ സംസ്കരിക്കുന്നതിനായുള്ള സംവിധാനം പ്രവർത്തിക്കുന്നു. സർക്കാർ ആശുപത്രികളിലെ ദ്രവ മാലിന്യ സംസ്കരണം (sewage) ഫലവത്താക്കാൻ ഇത്തരം സ്ഥാപനങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്നുണ്ട്.

- കേരളത്തിന്റെ വ്യവസായ കേന്ദ്രമായ പെരിയാറിന്റെ തീരത്തുള്ള (ഏലൂർ, എടയാർ ഭാഗം) വ്യവസായങ്ങളുടെ മോണിറ്ററിംഗുമായി ബന്ധപ്പെട്ട് 24 മണിക്കൂറും പ്രവർത്തിക്കുന്ന പരിശോധനാ സജ്ജമായ ഒരു സർവൈലൻസ് വാൻ ബോർഡ് പ്രവർത്തിപ്പിക്കുന്നുണ്ട്.

(ബി) നാഷണൽ ആമ്പിയന്റ് എയർ ക്വാളിറ്റി മോണിട്ടറിംഗ് പദ്ധതി പ്രകാരം അന്തരീക്ഷ വായുവിന്റെ ഗുണനിലവാരം 24 സ്റ്റേഷനുകളിൽ മോണിട്ടർ ചെയ്യുന്നതിനും നാഷണൽ ആമ്പിയന്റ് വാട്ടർ ക്വാളിറ്റി മോണിട്ടറിംഗ് പദ്ധതി പ്രകാരം നദികളിലും കായലുകളിലുമായി 128 സ്റ്റേഷനുകളിലെ ജല ഗുണനിലവാരം മോണിട്ടറിംഗ് ചെയ്യുന്നതിനും കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ സാമ്പത്തിക സഹായം ലഭിക്കുന്നുണ്ട്.

(ഡി) ബോർഡിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി പ്രവർത്തനങ്ങൾ കമ്പ്യൂട്ടർവത്ക്കരിക്കുന്നതിനായുള്ള നടപടികൾ കൈകൊണ്ടു വരുന്നു. ആദ്യപടിയായി ഓൺലൈൻ അപേക്ഷ സ്വീകരിക്കുന്നതിനും അനുമതി നൽകുന്നതിനുമുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. നിയമ വ്യവസ്ഥകളുടെ ലംഘനം സംബന്ധിച്ചുള്ള പരാതികളിന്മേലുള്ള റിപ്പോർട്ട്/നടപടി സ്വീകരിക്കൽ എന്നിവ സേവനാവകാശ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവന്നിട്ടുണ്ട്.

**കാറ്റാടിപ്പാടം സ്ഥാപിക്കുന്നതിന് പദ്ധതി**

24 (*204) ശ്രീ. വർക്കല കഹാർ :

ശ്രീ. സണ്ണി ജോസഫ് :

ശ്രീ. എം. എ. വാഹീദ് :

ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കാറ്റാടിപ്പാടം സ്ഥാപിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ ;

(ബി) ഇതുസംബന്ധിച്ച് സാദ്ധ്യതാപഠനം നടത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ;

(സി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി ധാരണാപത്രം ഒപ്പിട്ടിട്ടുണ്ടോ ; വിശദമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതിയനുസരിച്ച് എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഉത്പാദിപ്പിക്കുവാൻ ലക്ഷ്യമിട്ടിട്ടുള്ളത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(ഇ) പദ്ധതി നടത്തിപ്പിനായി ഏതെല്ലാം സ്ഥലങ്ങളാണ് അനുയോജ്യമായി കണ്ടെത്തിയിട്ടുള്ളത് ; വിശദാംശം വ്യക്തമാക്കുമോ ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്):

(എ) പാലക്കാട് ജില്ലയിലെ അഗളി, നല്ലസിംഗം, കോട്ടത്തറ എന്നീ സ്ഥലങ്ങളിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡും എൻ.എച്ച്.പി.സി.-യുമായി ചേർന്ന് 82 മെഗാവാട്ടിന്റെ ഒരു കാറ്റാടി പദ്ധതി സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

സംസ്ഥാനത്ത് കാറ്റാടി നിലയങ്ങൾ സ്ഥാപിക്കാൻ മുന്നോട്ടു വരുന്ന സ്വകാര്യ സംരംഭകർക്ക് അതിനുതകുന്ന നയപരവും നടപടിപരവുമായ എല്ലാ സംവിധാനങ്ങളും സർക്കാർ ഒരുക്കിയിട്ടുണ്ട്. ഇതിൻപ്രകാരം സംസ്ഥാനത്ത് ഇതുവരെ 32.85 മെഗാവാട്ട് കാറ്റാടി വൈദ്യുതി നിലയങ്ങൾ സ്ഥാപിക്കപ്പെട്ടു കഴിഞ്ഞു. ഇതിനു പുറമേ 28 മെഗാവാട്ടിന്റെ പദ്ധതികൾക്ക് അനെർട്ട് ടെക്നിക്കൽ അപ്രൂവൽ നൽകിയിട്ടുണ്ട്. കൂടാതെ 9.15 മെഗാവാട്ടിന്റെ പദ്ധതികൾക്ക് ടെക്നിക്കൽ അപ്രൂവൽ നല്കാനുള്ള നടപടികൾ അനെർട്ടിൽ പുരോഗമിച്ചു വരുന്നു.

(ബി) കാറ്റിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്നതിന് അനുയോജ്യമായ പ്രദേശങ്ങൾ കണ്ടെത്തുന്നതിനുള്ള ശാസ്ത്രീയ പഠനം അനെർട്ട് സംസ്ഥാന തലത്തിൽ നടത്തി വരുന്നു. കൂടാതെ കേന്ദ്ര പാരമ്പര്യേതര ഊർജ്ജ വകുപ്പിന്റേയും

പ്രസ്തുത വകുപ്പിന്റെ കീഴിൽ ചെന്നൈ ആസ്ഥാനമായി പ്രവർത്തിക്കുന്ന സെന്റർ ഫോർ വിന്റ് എനർജി ടെക്നോളജിയുടെയും (C-WET) സഹായത്തോടെ പഠനം നടത്തിയിട്ടുണ്ട്. കേരളത്തിൽ 26 സ്ഥലങ്ങളിൽ പഠനം പൂർത്തിയാക്കിയിട്ടുണ്ട്. ഇതിൽ 17 സ്ഥലങ്ങൾ കാറ്റിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുവാൻ അനുയോജ്യമെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇപ്പോൾ ഇത്തരത്തിലുള്ള പഠനം എട്ട് സ്ഥലങ്ങളിൽ നടന്നു വരുന്നു. C-WET പ്രസിദ്ധീകരിച്ചിട്ടുള്ള India Wind Atlas പ്രകാരം കേരളത്തിലെ കാറ്റിൽ നിന്നുള്ള വൈദ്യുതോത്പാദനശേഷി 790 മെഗാവാട്ട് ആണെന്ന് കണക്കാക്കിയിട്ടുണ്ട്.

(സി) കേരളത്തിൽ അനുയോജ്യമായ സ്ഥലങ്ങളിൽ കാറ്റാടി വൈദ്യുതി നിലയങ്ങൾ സ്ഥാപിക്കാനായി കേരള സർക്കാരും കേന്ദ്ര പൊതുമേഖലാ കമ്പനിയായ എൻ.എച്ച്.പി.സി. (NHPC)-യുമായി 6-1-2014-ന് ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത ധാരണാപത്രം അനുസരിച്ച് ആദ്യ ഘട്ടത്തിൽ 82 മെഗാവാട്ട് ശേഷിയുള്ള കാറ്റാടി വൈദ്യുതി നിലയങ്ങളാണ് സ്ഥാപിക്കാൻ വിഭാവനം ചെയ്തിരിക്കുന്നത്. എൻ.എച്ച്.പി.സി. തയ്യാറാക്കിയ റിപ്പോർട്ട് പ്രകാരം 18 മെഗാവാട്ട് ശേഷിയുള്ള പദ്ധതികൾ സ്ഥാപിയ്ക്കാനാവുന്ന അനുബന്ധ സൗകര്യങ്ങൾ ഇപ്പോൾ തന്നെ നിലവിലുണ്ട്. ഇതിൽ 8 മെഗാവാട്ട് ഉടനടി തന്നെ പ്രസരണ ഗ്രിഡുമായി ബന്ധിപ്പിക്കാനാവുമെന്ന് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ഉറപ്പാക്കിയിട്ടുണ്ട്. പ്രസരണ ലൈനുകൾ ശക്തിപ്പെടുത്തുന്നവ ഉൾപ്പെടെയുള്ള അനുബന്ധ സൗകര്യങ്ങൾ ഘട്ടങ്ങളായി വികസിപ്പിച്ച് പൂർണ്ണ ലക്ഷ്യം കൈവരിക്കാനാകും.

(ഇ) പാലക്കാട് ജില്ലയിലെ അഗളി, നല്ലസിംഗം, കോട്ടത്തറ എന്നീ പ്രദേശങ്ങളാണ് പദ്ധതി നടത്തിപ്പിനായി അനുയോജ്യമായി കണ്ടെത്തിയിട്ടുള്ളത്. പദ്ധതിക്കാവശ്യമായ ഭൂമി കണ്ടെത്തി കൈവശക്കാരനുമായി ധാരണയിലെത്താനുള്ള ഉത്തരവാദിത്വം കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ NHPC-യ്ക്കാണ്. ഇതിന് സർക്കാർ ഭൂമി ആവശ്യമുണ്ടെങ്കിൽ ആയത് സർക്കാർ അംഗീകരിച്ച് നിലവിലുള്ള ഭൂമി പാട്ട വ്യവസ്ഥ പ്രകാരം NHPC-യ്ക്ക് ലഭ്യമാക്കുന്നതാണ്. മറ്റ് സ്വകാര്യ ഭൂമിയാണെങ്കിൽ ആയതിന്റെ ലഭ്യത ഉറപ്പു വരുത്തേണ്ടത് NHPC-യുടെ ഉത്തരവാദിത്വമാണ്. ഇതുവരെ ഇതിനായി കണ്ടെത്തിയ ഭൂമിയിൽ ആദിവാസികളുടെ ഉടമസ്ഥതയിലുള്ള ഭൂമി ഇല്ല എന്നാണ് മനസ്സിലാക്കുന്നത്. ആദിവാസികളുടെ

ഉടമസ്ഥതയിലുള്ള ഭൂമിയാണെങ്കിൽ സർക്കാരിന്റെ അറിവോടെ, പാട്ട വ്യവസ്ഥയിലും ലാഭവിഹിതം നൽകുമെന്ന വ്യവസ്ഥയിലും മാത്രമേ ഏറ്റെടുക്കാവൂ എന്നും നിഷ്കർഷിച്ചിട്ടുണ്ട്.

**ചെക്ക്പോസ്റ്റുകളിലെ നികുതി വെട്ടിപ്പ്**

25 (*205) പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെക്ക്പോസ്റ്റുകളിൽ കൂടിയുള്ള നികുതി വെട്ടിപ്പ് തടയുന്നതിൽ ഉദ്യോഗസ്ഥർ അനാസ്ഥ കാട്ടുന്നതായ ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ ;

(ബി) സംസ്ഥാനത്ത് കോഴിക്കടത്തിലൂടെ വൻ നികുതി ചോർച്ച സംഭവിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ ;

(സി) ഈ വർഷം ഒക്ടോബർ വരെ അന്യസംസ്ഥാനത്തു നിന്നും കോഴി എത്തിക്കുന്നതിലുള്ള നികുതി വരവിൽ വൻ കുറവുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ചെക്ക്പോസ്റ്റ് അധികൃതരുടെ കാര്യക്ഷമതയില്ലായ്മമൂലം ഇത്തരത്തിൽ കോഴിക്കടത്തിലൂടെ എത്ര വരുമാന നഷ്ടം സംഭവിക്കുന്നു എന്ന് കണക്കാക്കിയിട്ടുണ്ടോ ?

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) ചില കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിലുൾപ്പെട്ട ഉദ്യോഗസ്ഥരെ അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്ത് വകുപ്പുതല ശിക്ഷാ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കോഴിയും കോഴിയിറച്ചിയും നികുതി വെട്ടിപ്പിന് സാദ്ധ്യതയുള്ള ചരക്കാണ്. നികുതി വെട്ടിപ്പിന് കൂടുതൽ സാധ്യതയുള്ള ചരക്കുകളിന്മേൽ മൂല്യ വർദ്ധിത നികുതി നിയമത്തിലെ വകുപ്പ് 47 (16 എ) പ്രകാരം മുൻകൂർ നികുതി ഈടാക്കുന്നുണ്ട്. കോഴിയും കോഴിക്കുഞ്ഞും ഇതിൽ ഉൾപ്പെടുന്നുണ്ട്. വാണിജ്യ നികുതി കമ്മീഷണർ നിശ്ചയിച്ച തറവിലയുടെ അടിസ്ഥാനത്തിലാണ് മുൻകൂർ നികുതി ഈടാക്കുന്നത്. സംസ്ഥാനത്തേക്ക് കോഴി കൊണ്ടുവരുമ്പോൾ മുൻകൂർ

നികുതി അടച്ച് മാത്രമേ പ്രവേശിക്കാൻ അനുവാദമുള്ളൂ. അതിനാൽ നികുതി ഒഴിവാക്കുന്നതിനായി ഊടുവഴികളിലൂടെ കോഴികടത്തുന്ന പ്രവണത ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. തമിഴ്നാട്ടിൽ നിന്ന് കേരളത്തിലേക്ക് നികുതി വെട്ടിച്ച് കോഴികടത്താൻ ധാരാളം ഊടുവഴികളുണ്ട്. ഇത്തരത്തിലുള്ള നികുതി വെട്ടിപ്പ് തടയുന്നതിന് വകുപ്പിന്റെ വിഭവശേഷി പരമാവധി പ്രയോജനപ്പെടുത്തുന്നുണ്ട്.

(സി) അന്യസംസ്ഥാനങ്ങളിൽ നിന്നും കോഴി കൊണ്ടുവരുമ്പോൾ മുൻകൂർ നികുതിയടച്ചാൽ മാത്രമേ സംസ്ഥാനത്തിനകത്തേക്ക് പ്രവേശിക്കുന്നതിനു അനുവാദമുള്ളൂ. കഴിഞ്ഞ സാമ്പത്തിക വർഷം (2013-14) ഒക്ടോബർ വരെ കോഴിയിൽ നിന്നുള്ള മുൻകൂർ നികുതി വരുമാനം 65.36 കോടി രൂപയാണ്. ഈ സാമ്പത്തിക വർഷം (2014-15) ഒക്ടോബർ വരെ ലഭിച്ചത് 62.04 കോടി രൂപയുമാണ്.

(ഡി) ചെക്ക്പോസ്റ്റിലൂടെ കോഴി സംസ്ഥാനത്തേക്ക് കൊണ്ടുവരുമ്പോൾ മുൻകൂർ നികുതിയടച്ചാൽ മാത്രമേ സംസ്ഥാനത്തിനകത്തേക്ക് പ്രവേശിക്കാൻ അനുവാദമുള്ളൂ അതിനാൽ ചെക്ക്പോസ്റ്റു വഴി കടന്നു വരുന്ന കോഴികളിന്മേൽ കൃത്യമായ നികുതി ഈടാക്കുന്നുണ്ട്. പക്ഷേ, തമിഴ്നാട്ടിൽ നിന്നും കേരളത്തിലേക്ക് നികുതി വെട്ടിച്ച് കോഴി കടത്താൻ ധാരാളം ഊടുവഴികളുണ്ട്. ഇത്തരത്തിലുള്ള നികുതി വെട്ടിപ്പ് തടയുന്നതിന് വകുപ്പിന്റെ വിഭവശേഷി പരമാവധി പ്രയോജന പ്പെടുത്തുന്നുണ്ട്. ചെക്ക്പോസ്റ്റ് അധികൃതർ കാര്യക്ഷമമായാണ് ചുമതലകൾ നിർവ്വഹിക്കുന്നത്. ഒറ്റപ്പെട്ട ചില സംഭവങ്ങളിൽ ഉദ്യോഗസ്ഥരുടെ ഭാഗത്ത് വീഴ്ചയുള്ളതായി കണ്ടെത്തിയിട്ടുണ്ട്. അവർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഊടുവഴികളിലൂടെ കടത്തിക്കൊണ്ടുവരുന്ന സാഹചര്യം ഒഴിവാക്കാൻ നിലവിലുള്ള ഇന്റലിജൻസ് സ്ക്വാഡുകളുടെ സേവനം പരമാവധി പ്രയോജനപ്പെടുത്തുന്നുണ്ട്.

**ഹരിത യൗവനം പദ്ധതി**

26 (*206) <u>ശ്രീ. ഹൈബി ഈഡൻ</u> :
<u>ശ്രീ. വി. റ്റി.ബൽറാം</u> :
<u>ശ്രീ. ഷാഫി പറമ്പിൽ</u> :
<u>ശ്രീ. പി. സി വിഷ്ണുനാഥ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യുവജനക്ഷേമ ബോർഡ് ഭക്ഷ്യ സുരക്ഷയിൽ യുവാക്കളെ പങ്കാളികളാക്കി ഹരിത യൗവനം പദ്ധതി രൂപീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത് ;

(ഡി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ?

പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (കുമാരി പി. കെ. ജയലക്ഷ്മി) :

(എ-ഡി) യുവജനക്ഷേമ ബോർഡ് ഹരിതയൗവനം എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കിയിട്ടില്ല.

## മൂലധന പര്യാപ്തത കൈവരിക്കുന്നതിനായി സഹകരണ ബാങ്കുകൾക്ക് അനുവദിച്ച പണം

27(*207) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
ശ്രീ. കെ. കെ. നാരായണൻ :
ശ്രീ. എം. ഹംസ :
ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റിസർവ് ബാങ്ക് മാനദണ്ഡപ്രകാരം മൂലധന പര്യാപ്തത കൈവരിക്കുന്നതിന് 2012-13 വർഷം ജില്ലാ സഹകരണ ബാങ്കുകൾക്ക് 125.50 കോടി രൂപയും സംസ്ഥാന സഹകരണ ബാങ്കിന് 70 കോടി രൂപയും അനുവദിച്ച് ഉത്തരവായത് നാളിതുവരെ സ്ഥാപനങ്ങൾക്ക് കൊടുക്കാൻ സാധ്യമായിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കുമോ ;

(സി) സർക്കാർ ഉത്തരവിനെത്തുടർന്ന് സംസ്ഥാന സഹകരണ ബാങ്ക് ഈ പണം ജില്ലാ ബാങ്കുകൾക്ക് അഡ്വാൻസായി കൊടുത്തതുമൂലം സംസ്ഥാന സഹകരണ ബാങ്കിന് പലിശയിനത്തിൽ വന്ന നഷ്ടം പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ ?

സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ) :

(എ&ബി) സംസ്ഥാന സഹകരണ ബാങ്കിനും 6 ജില്ലാ സഹകരണ ബാങ്കുകൾക്കും (ആലപ്പുഴ, കോട്ടയം, പത്തനംതിട്ട, കൊല്ലം, മലപ്പുറം, കാസർഗോഡ്) മൂലധന പര്യാപ്തത കൈവരിക്കുന്നതിനായി 2013-14 സാമ്പത്തിക വർഷം സംസ്ഥാന സഹകരണ ബാങ്കിന് 70 കോടി രൂപയും 6 ജില്ലാ ബാങ്കുകൾക്കായി 129.50 കോടി രൂപയും അടക്കം 199.50 കോടി രൂപ സർക്കാർ ഓഹരി മൂലധനമായി അനുവദിച്ച് ഉത്തരവായിരുന്നു. എന്നാൽ ടി തുക പിൻവലിക്കുന്നതിന് 199.50 കോടി രൂപയ്ക്ക് തത്തുല്യമായ തുക 23 മാസക്കാലയളവിലുള്ള പ്രത്യേക

നിക്ഷേപ പദ്ധതിയിൽ സഹകരണ മേഖലയിൽ നിന്നും നിക്ഷേപിക്കാനും ഉത്തരവായിരുന്നു. ടി പ്രത്യേക നിക്ഷേപ പദ്ധതിയിൽ ആകെ 59.33 കോടി രൂപ മാത്രമേ സഹകരണ മേഖലയിൽ നിന്നും ട്രഷറിയിൽ നാളിതുവരെ നിക്ഷേപിച്ചിട്ടുള്ളൂ. സർക്കാർ ഉത്തരവ് പ്രകാരമുള്ള അത്രയും തുക സഹകരണ മേഖലയിൽ നിന്ന് ട്രഷറിയിൽ നിക്ഷേപിക്കാത്തതിനാൽ തുക പിൻവലിക്കാൻ കഴിഞ്ഞിട്ടില്ല.

(സി) മൂലധന പര്യാപ്തത കൈവരിക്കുന്നതിനായി ജില്ലാ സഹകരണ ബാങ്കുകൾക്ക് അഡ്വാൻസായി തുക നൽകിയതുമൂലം സംസ്ഥാന സഹകരണ ബാങ്കിന് ഉണ്ടായ നഷ്ടം വിലയിരുത്തി വരുന്നു.

**സബർബൻ റെയിൽ പദ്ധതി**

28(*208) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> :
<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u> :
<u>ശ്രീമതി ഗീതാ ഗോപി</u> :
<u>ശ്രീ. വി. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സബർബൻ റെയിൽ പദ്ധതിയുടെ അടങ്കൽ തുകയിലെ കേന്ദ്ര - സംസ്ഥാന വിഹിതം എത്ര വീതമാണ് ;

(ബി) പദ്ധതിയിൽ ആദ്യഘട്ടമായി എത്ര കിലോമീറ്റർ ആണ് ഉൾപ്പെടുത്തിയത് ;

(സി) എത്ര കാലത്തിനുള്ളിൽ പദ്ധതി നടപ്പാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഊർജ്ജ വകുപ്പുമന്ത്രി <u>(ശ്രീ. ആര്യാടൻ മുഹമ്മദ്)</u> :

(എ) പദ്ധതി ചെലവ് പൂർണ്ണമായും സംസ്ഥാന സർക്കാർ വഹിക്കുമെന്നാണ് പദ്ധതിയുടെ DPR-ലെ ശിപാർശ.

(ബി) തിരുവനന്തപുരം-ചെങ്ങന്നൂർ-125.56 കിലോമീറ്റർ.

(സി) പദ്ധതിയുടെ വിശദമായ പഠന റിപ്പോർട്ട് പ്രകാരം റെയിൽവേയിൽ നിന്നും സംസ്ഥാന സർക്കാരിൽ നിന്നും ലഭിക്കാനുള്ള അനുമതികൾ എല്ലാം ലഭ്യമായ ശേഷം മൂന്നു കൊല്ലംകൊണ്ട് നിർദ്ദിഷ്ട സബർബൻ ട്രെയിൻ സർവ്വീസുകൾ ആരംഭിക്കാനാകും എന്നാണ് പ്രതീക്ഷിക്കുന്നത്.

**വൈദ്യുതിബിൽ ഓൺലൈനായി അടയ്ക്കുന്നതിനുള്ള സംവിധാനം**

29(*209) ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി ബിൽ ഓൺലൈനായി അടയ്ക്കുന്നതിനുള്ള സംവിധാനം ആരംഭിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം സൗകര്യങ്ങളാണ് പ്രസ്തുത സംവിധാനം വഴി ഉപഭോക്താക്കൾക്കു ലഭിക്കുന്നത് ; വിശദാംശങ്ങൾ നൽകുമോ ;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) പ്രസ്തുത സംവിധാനം നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശം വ്യക്തമാക്കുമോ ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്):

(എ) വൈദ്യുതി ചാർജ്ജ് ഓൺലൈനായി അടയ്ക്കുന്ന സംവിധാനം 6-7-2011 മുതൽ നിലവിലുണ്ട്. എച്ച്.റ്റി./ഇ.എച്ച്.റ്റി. വിഭാഗത്തിൽപ്പെട്ട ഉപഭോക്താക്കൾക്കാണ് ഈ സംവിധാനം തുടക്കത്തിൽ ലഭ്യമാക്കിയത്. വൈദ്യുതി ബോർഡിലെ മുഴുവൻ വൈദ്യുതി ഉപഭോക്താക്കൾക്കും വൈദ്യുതി ചാർജ്ജ് ഓൺലൈനായി അടയ്ക്കുന്നതിനുള്ള സംവിധാനം 23-4-2013 മുതൽ ലഭ്യമാക്കിയിട്ടുണ്ട്. ഉപഭോക്താക്കൾക്ക് രജിസ്റ്റർ ചെയ്ത് അക്കൗണ്ട് തുടങ്ങി, ബില്ലുകൾ തിരഞ്ഞെടുത്ത് ഓൺലൈനായി പണം അടയ്ക്കുന്നതിനുള്ള നൂതന സംവിധാനം ആർ.എ.പി.ഡി.ആർ.പി. പദ്ധതിയുടെ ഭാഗമായി ഇപ്പോൾ നടപ്പിലാക്കി വരികയാണ്.

(ബി) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലെ ഔദ്യോഗിക വെബ്സൈറ്റായ www.kseb.in മുഖേന പ്രമുഖ ബാങ്കുകൾ വഴി നെറ്റ് ബാങ്കിങ്ങിലൂടെയും, വിസാ/മാസ്റ്റർ കാർഡ് തുടങ്ങിയ ഡെബിറ്റ്/ക്രെഡിറ്റ് കാർഡുകൾ മുഖേനയും ഇന്റർനെറ്റ് വഴി ഓൺലൈനായി വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിനുള്ള സൗകര്യമാണ് ഈ സംവിധാനംവഴി ഉപഭോക്താക്കൾക്ക് ലഭിക്കുന്നത്. പണമടച്ചതിന്റെ വിശദാംശങ്ങൾ തത്സമയംതന്നെ ഉപഭോക്താക്കൾ നൽകിയ മൊബൈൽ നമ്പരിലോ, ഇ-മെയിൽ വിലാസത്തിലോ ലഭിക്കുന്നതിനുള്ള

സൗകര്യവും ലഭ്യമാക്കിയിട്ടുണ്ട്. ആർ.എ.പി.ഡി.ആർ.പി. പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കി വരുന്ന ഓൺലൈൻ സംവിധാനത്തിൽ ഉപഭോക്താക്കൾക്ക് രജിസ്റ്റർ ചെയ്യുന്നതിനും, രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ കൺസ്യൂമർ നമ്പരിലേക്കും പണം അടയ്ക്കാനുള്ള ബില്ലുകൾ തിരഞ്ഞെടുത്ത് അവ ഓൺലൈനായി അടയ്ക്കുന്നതിനും കഴിയും. കൂടാതെ, ഈ സംവിധാനത്തിൽ മുൻകാലങ്ങളിലുള്ള വൈദ്യുതി ബില്ലുകളുടെ വിശദാംശങ്ങൾ പണമടച്ചതിന്റെ വിവരങ്ങൾ, വൈദ്യുതി ഉപഭോഗം സംബന്ധിച്ച വിശദാംശങ്ങൾ എന്നിവയും അറിയാൻ കഴിയും.

(സി) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് വേണ്ടി ടെക്ക് പ്രോസസ്സ് എന്ന സ്ഥാപനമാണ് നെറ്റ് ബാങ്കിംഗ് മുഖേനയും ക്രെഡിറ്റ്-ഡെബിറ്റ് കാർഡുകൾ വഴിയും വൈദ്യുതി ചാർജ്ജ് ഓൺലൈനായി അടയ്ക്കുന്നതിനു വേണ്ടിയുള്ള പേമെന്റ് ഗേറ്റ്‌വേ സൗകര്യം ലഭ്യമാക്കിയിട്ടുള്ളത്. മേൽപ്പറഞ്ഞ സംവിധാനത്തിൽ കൂടി സംസ്ഥാനത്തെ പ്രമുഖ ബാങ്കുകൾ വൈദ്യുതി ചാർജ്ജ് ഓൺലൈനായി അടയ്ക്കുന്നതിനുള്ള സംവിധാനത്തിൽ സഹകരിക്കുന്നു. കൂടാതെ സൗത്ത് ഇന്ത്യൻ ബാങ്ക്, ഫെഡറൽ ബാങ്ക്, കാനറ ബാങ്ക് എന്നീ ബാങ്കുകൾ മുഖേന ഡയറക്ട് നെറ്റ് ബാങ്കിംഗ് സൗകര്യവും ലഭ്യമാക്കിയിട്ടുണ്ട്. ഡയറക്ട് നെറ്റ് ബാങ്കിംഗ് വഴി ഓൺ ലൈനായി പണമടയ്ക്കുന്ന വൈദ്യുതി ഉപഭോക്താക്കൾക്ക് സർവ്വീസ് ചാർജ്ജ് നൽകാതെ തന്നെ വൈദ്യുതി ബിൽ തുക അടയ്ക്കാൻ കഴിയും. ഈ സംവിധാനം കൂടുതൽ ബാങ്കുകളിലേക്ക് വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ എടുത്തു വരികയാണ്.

(ഡി) വൈദ്യുതി ചാർജ്ജ് ഓൺലൈനായി അടയ്ക്കുന്ന സംവിധാനം നടപ്പാക്കുന്നതിന്റെ ഭാഗമായി, ഉപഭോക്താക്കൾക്ക് സംശയനിവാരണത്തിനും പരാതികൾ പരിഹരിക്കുന്നതിനുമുള്ള സേവനം, ആർ.എ.പി.ഡി.ആർ.പി. പദ്ധതിയുടെ ഭാഗമായി വൈദ്യുതി ബോർഡ് ആരംഭിച്ചിട്ടുള്ള 24 മണിക്കൂറും പ്രവർത്തിക്കുന്ന കസ്റ്റമർ കെയർ സെന്റർവഴി നൽകി വരുന്നു. 1912 എന്ന ടെലിഫോൺ നമ്പർ വഴിയും ഇ-മെയിൽ വഴിയും ഈ വിഭാഗവുമായി ബന്ധപ്പെടാൻ കഴിയും. വൈദ്യുതി ബോർഡിലെ ബില്ലിംഗിനായി ഉപയോഗിക്കുന്ന സോഫ്റ്റ്‌വെയറിൽ വേണ്ട മാറ്റങ്ങൾ വരുത്തി എല്ലാ സെക്ഷൻ ഓഫീസുകളിലും വിന്യസിച്ചിട്ടുണ്ട്. വൈദ്യുതി ബോർഡിലെ എല്ലാ ഡിവിഷൻ ഓഫീസുകളും (66) കേന്ദ്രീകരിച്ച് മീറ്റിംഗുകൾ വിളിച്ചു കൂട്ടുകയും ഓൺലൈൻ സംവിധാനവുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന ജീവനക്കാർക്ക് ഈ സംവിധാനം ഫലപ്രദമായി പ്രവർത്തിക്കുന്നതിനുവേണ്ടി ചെയ്യേണ്ട കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കിക്കൊടുക്കുകയും ചെയ്തിട്ടുണ്ട്.

## പ്രതിമാസ റവന്യൂ കമ്മി

30 (*210) ഡോ. കെ. ടി. ജലീൽ :
ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ സംസ്ഥാനത്തെ പ്രതിമാസ റവന്യൂ കമ്മി പരിശോധിച്ചിട്ടുണ്ടോ ;

(ബി) ബഡ്ജറ്റിൽ പ്രതീക്ഷിച്ചിരുന്നതിലും ഉയർന്ന തോതിൽ റവന്യൂ കമ്മി വർദ്ധിക്കുമെന്ന അഭിപ്രായം വിലയിരുത്തിയിട്ടുണ്ടോ ;

(സി) റവന്യൂ കമ്മി വർദ്ധിക്കാനുണ്ടായ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ ;

(ഡി) ക്രമാതീതമായി വർദ്ധിക്കുന്ന കമ്മി വികസന പ്രവർത്തനങ്ങളെയടക്കം ഏതെല്ലാം രീതിയിൽ പ്രതികൂലമായി ബാധിക്കുമെന്ന് അവലോകനം നടത്തിയിട്ടുണ്ടോ ;

(ഇ) പൊതുവിപണിയിൽ നിന്നും കടമെടുക്കുന്ന പണം എന്തെല്ലാം കാര്യങ്ങൾക്കാണ് സാധാരണയായി ഉപയോഗിച്ചുകൂടെന്ന് നിഷ്കർഷിച്ചിട്ടുള്ളത് ; ദൈനംദിന ചെലവിന് കടമെടുത്ത തുക വിനിയോഗിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ?

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) സംസ്ഥാനത്തെ പ്രതിമാസ റവന്യൂ കമ്മി വിലയിരുത്താറുണ്ട്.

(ബി&സി) സംസ്ഥാന സമ്പദ് വ്യവസ്ഥയെ പൊതുവിൽ ബാധിച്ചിട്ടുള്ള മാന്ദ്യത്തിന്റെ പശ്ചാത്തലത്തിൽ മൊത്തം ആഭ്യന്തര ഉപഭോഗത്തിൽ ഉണ്ടായ കുറവ് സംസ്ഥാന റവന്യൂ വരുമാന വളർച്ചയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. അവശ്യ സാധനങ്ങൾ, മരുന്നുകൾ എന്നിവയ്ക്ക് ഏർപ്പെടുത്തിയ നികുതിയിളവുകൾ, സ്റ്റാമ്പ് ഡ്യൂട്ടിയിൽ വരുത്തിയിരുന്ന ഇളവ്, ഭൂമി ക്രയവിക്രയത്തിലുണ്ടായ ഇടിവ്, മദ്യവിൽപ്പനയിലുണ്ടായ കുറവ്, വാഹന വില്പന മേഖലയിലെ മാന്ദ്യം, കാർഷിക നാണ്യവിളകളുടെ വിലയിടിവ് എന്നിവയും റവന്യൂ വരുമാന വളർച്ചാ നിരക്കിൽ കുറവു വരുന്നതിന് കാരണമായിട്ടുണ്ട്. കൂടാതെ കേന്ദ്ര നികുതി വിഹിതത്തിലും കേന്ദ്ര ധനസഹായത്തിലും പ്രതീക്ഷിച്ച തോതിലുള്ള വരവ് ലഭിക്കാത്തതും ശമ്പളം, പെൻഷൻ, പലിശ എന്നീ ചെലവിനങ്ങളിലുണ്ടായ വർദ്ധനവ്, സാമൂഹ്യ സുരക്ഷാ പദ്ധതികൾ, വികസന പദ്ധതികൾ എന്നീ മേഖലകളിൽ കൂടുതൽ തുക

അനുവദിച്ചതുമൂലമുണ്ടായ അധിക ചെലവ് എന്നിവയുടെ ഫലമായി റവന്യൂ ചെലവിലുണ്ടായ വർദ്ധനവും പ്രതീക്ഷിച്ചതിനേക്കാൾ ഉയർന്ന തോതിലുള്ള റവന്യൂ കമ്മിക്ക് ഇടയാക്കുമെന്ന് വിലയിരുത്തപ്പെടുന്നു.

(ഡി) റവന്യൂ വരുമാനത്തിലുണ്ടാകുന്ന വളർച്ച മുരടിപ്പ് വികസന പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കാതിരിക്കാൻ അധിക വിഭവ സമാഹരണ മാർഗ്ഗങ്ങൾ അവലംബിച്ചിട്ടുണ്ട്. നിലവിലുള്ള നികുതി/നികുതിയേതര കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിനുള്ള ഊർജ്ജിത നടപടികൾ സ്വീകരിച്ചുകൊണ്ടും നികുതി പിരിവ് കാര്യക്ഷമമാക്കിയും നികുതി ചോർച്ച തടയുന്നതിനുള്ള കർശന നടപടികൾ സ്വീകരിച്ചും, നികുതിയേതര നിരക്കുകൾ കാലോചിതമായി പരിഷ്കരിച്ചുമാണ് വികസന പ്രവർത്തനങ്ങൾക്കുള്ള ചെലവുകൾ തടസ്സം കൂടാതെ നിർവ്വഹിക്കുന്നതിനുള്ള തുകകൾ കണ്ടെത്താൻ ഉദ്ദേശിക്കുന്നത്.

(ഇ) പൊതുവിപണിയിൽ നിന്ന് കടമെടുക്കുന്ന പണം വികസന പ്രവർത്തനങ്ങൾക്കും അതിനോടനുബന്ധമായ ദൈനംദിന പ്രവർത്തനങ്ങൾക്കുമാണ് വിനിയോഗിക്കുന്നത്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### പുതിയ വൈദ്യുത പദ്ധതികൾ

1 (2239) ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി ഉൽപ്പാദനത്തിന് പുതിയ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഏതെല്ലാം പദ്ധതികളാണ് പുതുതായി ആസൂത്രണം ചെയ്തിട്ടുള്ളത് ; വിശദാംശങ്ങൾ നൽകുമോ ;

(സി) പ്രസ്തുത പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതികൾ പ്രകാരം എത്ര മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത് ; വിശദാംശങ്ങൾ നൽകുമോ ;

(ഇ) പ്രസ്തുത പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

ഊർജ്ജോല്പാദനത്തിനായി പരിഗണിക്കേണ്ട ചെറുകിട ജലവൈദ്യുത പദ്ധതികൾക്കായി ഒരു കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. അതിൻ പ്രകാരം

1. 107.5 MW-ന്റെ 12 ചെറുകിട ജലവൈദ്യുത പദ്ധതികൾ ഒരു വർഷത്തിനകം ലാൻഡ് അക്വിസിഷൻ പൂർത്തിയാക്കി ടെണ്ടർ ചെയ്യാനുദ്ദേശിക്കുന്നു.
2. 54.25 MW സ്ഥാപിത ശേഷിയുള്ള 11 പദ്ധതികളുടെ DPR മേയ് 2015-ന് മുമ്പ് പൂർത്തിയാക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്.
3. 61.25 MW-ന്റെ 10 പുതിയ പദ്ധതികൾ അടുത്ത 2 വർഷത്തിനകം ഇൻവെസ്റ്റിഗേഷൻ നടത്തി DPR പൂർത്തിയാക്കാൻ വേണ്ടി കണ്ടെത്തിയിട്ടുണ്ട്.

മറ്റ് ഊർജ്ജ സ്രോതസ്സുകളിലൂടെയുള്ള പദ്ധതികൾ സംബന്ധിച്ച വിവരം അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

(ബി-ഡി) പുതിയ ജലവൈദ്യുത പദ്ധതികളെ സംബന്ധിച്ച വിശദാംശം അനുബന്ധം 2 ആയി ചേർക്കുന്നു.* 432.2 MW-ന്റെ 39 പദ്ധതികളിൽ 12 എണ്ണത്തിന് ബോർഡ് ഭരണാനുമതി നല്കിയിട്ടുണ്ട്. ഇതിൽ 5 പദ്ധതികൾക്ക് സർക്കാരിന്റെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. (അനുബന്ധം 2). മറ്റ് ഊർജ്ജ സ്രോതസ്സുകളിലൂടെയുള്ള പദ്ധതികൾ സംബന്ധിച്ച വിവരം അനുബന്ധം ആയി നൽകിയിട്ടുണ്ട്.*

(ഇ) പ്രസ്തുത ജലവൈദ്യുത പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്ന വിധത്തിൽ പ്രത്യേക ടീമുകളാക്കി സർവ്വേ ജോലികളും ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കലും ലാൻഡ് അക്വസിഷൻ നടപടികളും പുരോഗമിച്ചു വരുന്നു.

മറ്റ് പദ്ധതികളുടെ പുരോഗതി സംബന്ധിച്ച വിവരം അനുബന്ധം ആയി ചേർക്കുന്നു.

**വൈദ്യുതി ബോർഡ്**

2(2240) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി ബോർഡ് നിലവിൽ ബോർഡ് ആയാണോ അതോ കമ്പനി ആയാണോ പ്രവർത്തിക്കുന്നത് - വ്യക്തമാക്കാമോ ; കമ്പനി ആക്കിയിട്ടുണ്ടെങ്കിൽ ഉത്തരവ് തീയതി ; ഏതൊക്കെ ഭാഗങ്ങളായാണ് ബോർഡ് വിഭജിച്ചിട്ടുള്ളത് എന്നിവ വ്യക്തമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പുതിയ ഏതെങ്കിലും വൈദ്യുത പദ്ധതി പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ;

(സി) നിലവിൽ വൈദ്യുതി ബോർഡ് ലാഭത്തിലാണോ പ്രവർത്തിക്കുന്നതെന്ന് അറിയിക്കുമോ ?

<u>ഉത്തരം</u>

(എ) 2003-ലെ കേന്ദ്ര വൈദ്യുതി നിയമത്തിന്റെ വ്യവസ്ഥകൾ അനുസരിച്ച് 25-9-2008-ലെ ഉത്തരവിലൂടെ സർക്കാരിൽ നിക്ഷിപ്തമാക്കിയിരുന്ന മുൻ സംസ്ഥാന വൈദ്യുതി ബോർഡിന്റെ ആസ്തി-ബാധ്യതകളെല്ലാം 31-10-2013-ലെ (പി) നമ്പർ 46/2013/ഊ. വ. ഉത്തരവു പ്രകാരം "കേരള ഇലക്ട്രിസിറ്റി സെക്കന്റ് ട്രാൻസ്ഫർ സ്കീം (റീവെസ്റ്റിംഗ്), 2013" എന്ന വിജ്ഞാപനത്തിലൂടെ, 14-1-2011-ൽ രൂപീകൃതമായ 'കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് 'എന്ന പൂർണ്ണമായും സർക്കാർ ഉടമസ്ഥതയിലുള്ള ഒറ്റ കമ്പനിയിലേക്ക് കേരള സർക്കാർ കൈമാറ്റം ചെയ്യുകയുണ്ടായി. 1948-ലെ ഇലക്ട്രിസിറ്റി സപ്ലൈ ആക്ട് അനുസരിച്ച് പ്രവർത്തിച്ചിരുന്ന സംസ്ഥാന വൈദ്യുതി ബോർഡ് നിലവിലില്ല. 'കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്" എന്ന കമ്പനിയിൽ ഉൽപ്പാദനം, വിതരണം, പ്രസരണം എന്നീ മൂന്ന് സ്ട്രാറ്റജിക് ബിസിനസ് യൂണിറ്റുകളായി പ്രവർത്തിക്കുന്നതിന് സെക്കന്റ് ട്രാൻസ്ഫർ സ്കീം നിർദ്ദേശിക്കുന്നു. സംസ്ഥാന വൈദ്യുതി ബോർഡിനെ വിഭജിച്ചിട്ടില്ല.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം (2011 മുതൽ 2014 ഒക്ടോബർ വരെയുള്ള കാലയളവിൽ) പൂർത്തിയാക്കിയ വൈദ്യുത പദ്ധതികൾ താഴെ പറയുന്നു:

| നമ്പർ | സ്റ്റേഷന്റെ പേര് | സ്ഥാപിത ശേഷി MW | വാർഷിക ഉല്പാദന ശേഷി MU |
|---|---|---|---|
| 1. | റാന്നി-പെരുനാട് ചെറുകിട ജല വൈദ്യുത പദ്ധതി | 4 | 16.73 |
| 2. | ഇരുട്ടുക്കാനം സ്റ്റേജ് II ചെറുകിട | 1.5 | 3.94 |

| | | | |
|---|---|---|---|
| | ജലവൈദ്യുത പദ്ധതി (IPP) | | |
| 3. | പീച്ചി ചെറുകിട ജലവൈദ്യുത പദ്ധതി | 1.25 | 3.21 |
| 4. | പാമ്പുംകയം (മാങ്കുളം) മിനി ജലവൈദ്യുത പദ്ധതി (IPP) | 0.11 | 0.29 |
| 5. | കാരിക്കയം ചെറുകിട ജലവൈദ്യുത പദ്ധതി (IPP) | 10.5 | 27.6 |
| 6. | അഗളി വിന്റ് ഫാം (IPP) | 1.2 | 2.3 |
| 7. | മീൻവല്ലം ചെറുകിട ജലവൈദ്യുത പദ്ധതി (IPP) | 3 | 8.37 |
| 8. | വിലങ്ങാട് ചെറുകിട ജലവൈദ്യുത പദ്ധതി | 7.5 | 22.63 |
| 9. | പൊരിങ്ങൽകുത്ത്(പുനരുദ്ധാരണം) | 2 | |
| 10. | ശബരിഗിരി (പുനരുദ്ധാരണം) | 5 | |
| | ആകെ | 36.06 | 85.07 |

(സി) 2013-14 സാമ്പത്തിക വർഷത്തെ കണക്കെടുപ്പ് പൂർത്തിയായിട്ടില്ല. 2012-13 സാമ്പത്തിക വർഷത്തെ ആഡിറ്റ് സർട്ടിഫിക്കറ്റ് ലഭിച്ച കണക്കുപ്രകാരം ബോർഡ് നഷ്ടത്തിലാണ്. കേന്ദ്ര റഗുലേറ്ററി കമ്മീഷൻ അനുശാസിക്കുന്ന ലാഭം കാണിക്കേണ്ടതിൽ വന്ന കുറവും ബോർഡിന്റെ നഷ്ടവും ഉൾപ്പെടുത്തി 3998.90 കോടി രൂപ 2012-13-ൽ റഗുലേറ്ററി റവന്യൂ ഗ്യാപ്പ് ഉണ്ടായിട്ടുണ്ട്.

## വൈദ്യുതി ചാർജ്ജ് കുടിശ്ശികയും ഡെപ്പോസിറ്റ് തുകയും

3 (2241) ശ്രീ. വി. എസ്. സുനിൽ കുമാർ :

ശ്രീമതി ഇ. എസ്. ബിജിമോൾ :

ശ്രീ. ഇ. കെ. വിജയൻ :

ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി ഉപഭോക്താക്കളിൽ നിന്നും ഡെപ്പോസിറ്റായി എത്ര തുക വൈദ്യുതി ബോർഡ് പിരിച്ചെടുത്തിട്ടുണ്ട് ; വ്യക്തമാക്കുമോ ;

(ബി) വിവിധ കേസുകളിൽപ്പെട്ട് എത്ര തുക പിരിച്ചെടുക്കാൻ കഴിയാതായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും എത്ര തുക പിരിഞ്ഞു കിട്ടാനുണ്ടെന്ന് വെളിപ്പെടുത്തുമോ ?

<u>ഉത്തരം</u>

(എ) എച്ച്.റ്റി./ഇ.എച്ച്.റ്റി. വിഭാഗത്തിൽ വരുന്ന വൈദ്യുതി ഉപഭോക്താക്കളിൽ നിന്നും സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക പണമായി 386.35 കോടി രൂപയും, ബാങ്ക് ഗ്യാരണ്ടി ഇനത്തിൽ 205.28 കോടി രൂപയും സ്വീകരിച്ചിട്ടുണ്ട്. എൽ.റ്റി. വിഭാഗത്തിലെ വൈദ്യുതി ഉപഭോക്താക്കളിൽ നിന്നും ഡെപ്പോസിറ്റായി 1380.4258 കോടി രൂപ പിരിച്ചെടുത്തിട്ടുണ്ട്.

(ബി) എൽ.റ്റി. വിഭാഗത്തിൽ വിവിധ കേസുകളിൽപ്പെട്ട് പിരിച്ചെടുക്കാൻ കഴിയാതായിട്ടുള്ള തുക 52.135 കോടി രൂപയാണ്. 30-9-2014-ലെ കണക്കനുസരിച്ച് വിവിധ കേസുകളിൽപ്പെട്ട് 434.63 കോടി രൂപ പിരിഞ്ഞുകിട്ടാനുണ്ട്. ഇതിൽ 41.9 കോടി രൂപ ലോ ടെൻഷൻ വിഭാഗത്തിലും 392.73 കോടി രൂപ ഹൈടെൻഷൻ വിഭാഗത്തിലും ആണ്.

(സി) 30-9-2014 കണക്കു പ്രകാരം സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളിലായി 106.70 കോടി രൂപയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നായി 4.28 കോടി രൂപയുമാണ് പിരിഞ്ഞുകിട്ടാനുള്ളത്.

**ജോലിക്കിടെ അപകടത്തിൽ മരിച്ച വൈദ്യുതി കരാർത്തൊഴിലാളികൾ**

4 (2242) <u>ശ്രീ. എ. പ്രദീപ്കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ മൂന്നുവർഷത്തിനകം സംസ്ഥാനത്ത് എത്ര വൈദ്യുതി കരാർ തൊഴിലാളികൾ ജോലിക്കിടെ അപകടത്തിൽ മരിച്ചിട്ടുണ്ടെന്നു വ്യക്തമാക്കുമോ ;

(ബി) ഇവരുടെ കുടുംബാംഗങ്ങൾക്കു നഷ്ടപരിഹാരം നൽകിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) കഴിഞ്ഞ മൂന്ന് വർഷത്തിനകം (1-1-2012 മുതൽ 30-11-2014 വരെയുള്ള കാലയളവിൽ) 39 കരാർ തൊഴിലാളികൾ മരണപ്പെട്ടതായി കെ.എസ്.ഇ.ബി. ലിമിറ്റഡിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) മൂന്ന് ലക്ഷം രൂപയിൽ കവിയാത്ത അടങ്കൽ തുകയുള്ള കരാർ ജോലികൾ ഏറ്റെടുത്ത് നടത്തുന്ന ചെറുകിട കരാറുകാരുടെ കീഴിൽ ജോലി ചെയ്തുവരുന്ന മരണപ്പെട്ട കരാർ തൊഴിലാളികളുടെ ആശ്രിതർക്ക് 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമം അനുസരിച്ച് മരണപ്പെട്ട 30 പേരുടെ ആശ്രിതർക്ക് നഷ്ടപരിഹാരമായി 2,31,06,783/- രൂപ (രണ്ട് കോടി മുപ്പത്തി ഒന്ന് ലക്ഷത്തി ആറായിരത്തി എഴുന്നൂറ്റി എൺപത്തി മൂന്ന് രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്.

മൂന്ന് ലക്ഷം രൂപയിൽ കവിയുന്ന അടങ്കൽ തുകയുള്ള കരാർ ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന കരാർ തൊഴിലാളികൾക്ക് അപകടമോ, അപകട മരണമോ സംഭവിക്കുകയാണെങ്കിൽ നഷ്ടപരിഹാരം നല്കുന്നതിനുള്ള പൂർണ്ണമായ ഉത്തരവാദിത്വം കരാറുകാരനായിരിക്കും. ടി തുകയുള്ള ജോലികൾ ഏറ്റെടുക്കുന്ന കരാറുകാരൻ അയാളുടെ കീഴിലുള്ള തൊഴിലാളികൾക്ക് അപകട ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തേണ്ടതാണ്. കൂടാതെ, വിവിധ കോടതികളുടെ പരിഗണനയിലുള്ള കേസുകളിൽ വിധിന്യായം പുറപ്പെടുവിക്കുന്നതിന് വിധേയമായി അർഹമായ നഷ്ടപരിഹാരം അനുവദിക്കാറുണ്ട്.

**കെ.എസ്.ഇ.ബി.-യുടെ കേന്ദ്രീകൃത കോൾ സെന്ററും ഡാറ്റാ സെന്ററും**

5 (2243) <u>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ</u> :
<u>ശ്രീ. വി. പി. സജീന്ദ്രൻ</u> :
<u>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി</u> :
<u>ശ്രീ. ലൂഡി ലൂയിസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി.-യുടെ കേന്ദ്രീകൃത കോൾ സെന്ററും ഡാറ്റാ സെന്ററും പ്രവർത്തന സജ്ജമായിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് ഇതിന് ലഭിക്കുന്നത് ;

(ഡി) ഉപഭോക്താക്കൾക്ക് എന്തെല്ലാം സൗകര്യമാണ് ഇതിൽ ഒരുക്കിയിരിക്കുന്നത്?

<u>ഉത്തരം</u>

(എ) RAPDRP പദ്ധതിയുടെ പാർട്ട് എ-യുടെ ഭാഗമായി സ്ഥാപിക്കേണ്ട ഡാറ്റാ സെന്ററും കോൾ സെന്ററും യഥാക്രമം 21-1-2014 മുതലും 20-2-2014 മുതലും പ്രവർത്തനസജ്ജമായി. ഇവയുടെ ഔദ്യോഗിക ഉദ്ഘാടനം 12-1-2014-ന് നിർവഹിക്കുകയുണ്ടായി.

(ബി) വൈദ്യുതി ബോർഡിൽ ഉപയോഗത്തിലിരിക്കുന്നതും RAPDRP പദ്ധതി (പുനരാവിഷ്കൃത ഊർജ്ജിത ഊർജ്ജ വികസന പരിഷ്കരണ പദ്ധതി)-യുടെ ഭാഗമായി നിലവിൽ വരുന്നതുമായ സോഫ്റ്റവെയറുകളെ തമ്മിൽ ഏകോപിപ്പിച്ച് പ്രവർത്തിക്കുന്നതിനുള്ള സെർവർ കമ്പ്യൂട്ടറുകളെ ക്രമീകരിക്കുന്നതിനുള്ള സംവിധാനമാണ് ഡാറ്റാ സെന്റർ. ഉപഭോക്തൃ സേവനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി നിലവിൽ വന്ന കേന്ദ്രീകൃത കോൾ സെന്ററിൽ വൈദ്യുതിമുടക്കം, വോൾട്ടേജ് വ്യതിയാനം, ട്രാൻസ്ഫോർമർ തകരാറുകൾ, വൈദ്യുതിലൈൻ തകരാറുകൾ, വൈദ്യുതിപോസ്റ്റ് തകരാറുകൾ, സർവ്വീസ് കണക്ഷൻ പരാതികൾ, വൈദ്യുതി ബിൽ സംബന്ധമായ പരാതികൾ, വൈദ്യുതി മീറ്റർ സംബന്ധമായ പരാതികൾ, അപകടങ്ങൾ, വൈദ്യുതി മോഷണം തുടങ്ങിയവയെല്ലാം പ്രസ്തുത കേന്ദ്രത്തിലെ 1912 എന്ന നമ്പറിൽ കേരളത്തിലെ ഏതു ഫോൺ നമ്പറിൽ നിന്നും വിളിച്ച് രജിസ്റ്റർ ചെയ്യാവുന്നതാണ്. കൂടാതെ 0471-2555544 എന്ന നമ്പറിലും വിളിച്ച കോൾ സെന്ററിന്റെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്.

(സി) കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് RAPDRP. വിതരണ മേഖലയിലെ പ്രസരണ വിതരണ നഷ്ടം (AT&C loss) 15%-ത്തിൽ താഴെ എത്തിച്ച് നിലനിർത്തുക എന്നതാണ് ഈ പദ്ധതി കൊണ്ട് ലക്ഷ്യമിട്ടിരിക്കുന്നത്. ടി പദ്ധതിക്കായി 51.577 കോടി രൂപ മൊത്തം അടങ്കൽ തുകയായി എല്ലാ സംസ്ഥാനങ്ങൾക്കുമായി വകയിരുത്തിയിട്ടുണ്ട്. വൈദ്യുതി വിതരണ മേഖലയിലെ വിവര സാങ്കേതിക പദ്ധതിക്കായി 214.38 കോടി രൂപയാണ് കേന്ദ്ര വിഹിതമായി കേരളത്തിന് അനുവദിച്ചിട്ടുള്ളത്.

(ഡി) വൈദ്യുതി മുടക്കം, വോൾട്ടേജ് വ്യതിയാനം, ട്രാൻസ്ഫോർമർ

തകരാറുകൾ, വൈദ്യുതി ലൈൻ തകരാറുകൾ, വൈദ്യുതി പോസ്റ്റ് തകരാറുകൾ, സർവ്വീസ് കണക്ഷൻ പരാതികൾ, വൈദ്യുതി ബിൽ സംബന്ധമായ പരാതികൾ, വൈദ്യുതി മീറ്റർ സംബന്ധമായ പരാതികൾ, അപകടങ്ങൾ, വൈദ്യുതി മോഷണം തുടങ്ങിയവയെല്ലാം കോൾസെന്ററിൽ വിളിച്ച് രജിസ്റ്റർ ചെയ്യാവുന്നതാണ്. കോൾസെന്റർ ജീവനക്കാരന്റെ സഹായം ഇല്ലാതെ തന്നെ പരാതി രജിസ്റ്റർ ചെയ്യാനുള്ള സംവിധാനവും - IVRS (Interactive Voice Response System) ലഭ്യമാണ്. പരാതി രജിസ്റ്റർ ചെയ്യുമ്പോൾ പരാതി നമ്പർ ഉപഭോക്താവിന്റെ മൊബൈലിൽ എസ്.എം.എസ്. ആയി ലഭിക്കും. പിന്നീട് ഈ പരാതി നമ്പർ നൽകിയാൽ പരാതിയുടെ സ്റ്റാറ്റസ് അറിയുന്നതിനും സംവിധാനമുണ്ട്. കൂടാതെ പരാതി പരിഹരിച്ചു കഴിഞ്ഞാൽ ആ വിവരം ഉപഭോക്താവിനെ എസ്.എം.എസ്. മുഖാന്തരം അറിയിക്കുന്നതാണ്.

പരാതി രജിസ്റ്റർ ചെയ്യുന്നതിന് 1912 എന്ന നമ്പരിൽ വിളിക്കുമ്പോൾ 13 അക്കമുള്ള കൺസ്യൂമർ നമ്പർ ഡയൽ ചെയ്യേണ്ടതാണ്. IVRS-ൽ തന്നെ ഫോൺ നമ്പർ വഴി കൺസ്യൂമറെ തിരിച്ചറിയുന്ന സംവിധാനം ഉടൻ നിലവിൽ വരുന്നതാണ്. കെ.എസ്.ഇ.ബി.-യുടെ വെബ്സൈറ്റ് വഴിയും ഉപഭോക്താവിന് മേൽപ്പറഞ്ഞ എല്ലാവിധ സേവനങ്ങളും ലഭ്യമാകുന്നതാണ്. www.kseb.in എന്ന വെബ്സൈറ്റ് വഴി ഉപഭോക്താക്കൾക്ക് വൈദ്യുതി ബിൽ അടയ്ക്കാവുന്നതാണ്. 37 ബാങ്കുകളുടെ നെറ്റ് ബാങ്കിംഗ്, ഡെബിറ്റ് കാർഡ്, ക്രെഡിറ്റ് കാർഡ് മുഖേന തുക അടയ്ക്കാം. ഇടപാട് പൂർത്തിയാകുമ്പോൾ ഉപഭോക്താക്കൾക്ക് മൊബൈലിൽ എസ്.എം.എസ്.-ഉം ഇ-മെയിലും ലഭിക്കും. www.kseb.in എന്ന വെബ്സൈറ്റ് വഴി ഉപഭോക്താക്കൾക്ക് കൺസ്യൂമർ നമ്പർ രജിസ്റ്റർ ചെയ്ത് ഓൺലൈൻ അക്കൗണ്ട് ഉണ്ടാക്കാവുന്നതാണ്. വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്ത ഉപഭോക്താക്കൾക്ക് അവരുടെ ബിൽ നോക്കുന്നതിനും തുക അടയ്ക്കുന്നതിനും എളുപ്പത്തിൽ സാധിക്കും. കൂടാതെ 12 മാസത്തെ ബിൽ വിവരങ്ങൾ തുക അടച്ച വിവരങ്ങൾ, 12 മാസത്തെ വൈദ്യുതി ഉപഭോഗം, പരാതി രജിസ്റ്റർ ചെയ്ത വിവരങ്ങൾ തുടങ്ങിയവ ലഭ്യമാകും.

## കെ.എസ്.ഇ.ബി.-യുടെ ഇലക്ട്രിക് മീറ്ററുകൾ

6 (2244) ശ്രീ. എ. എ. അസീസ് :

ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി.-ക്ക് ആവശ്യമായ ഇലക്ട്രിക് മീറ്ററുകൾ ഇപ്പോൾ ഏത്

സ്ഥാപനത്തിൽ നിന്നാണ് വാങ്ങുന്നത് ;

(ബി) സിംഗിൾ ഫേസ് ഗാർഹിക കണക്ഷന് കെ.എസ്.ഇ.ബി. നൽകുന്ന മീറ്ററുകൾ വാങ്ങുന്നത് ഓരോന്നിനും എത്ര രൂപയ്ക്കാണ് ;

(സി) ഉപഭോക്താക്കളിൽ നിന്നും പ്രതിമാസം എത്ര രൂപയാണ് മീറ്റർ വാടകയായി ഈടാക്കുന്നത് ?

<u>ഉത്തരം</u>

(എ) ഇലക്ട്രിക് മീറ്ററുകൾ ഇപ്പോൾ വാങ്ങുന്നത് താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നാണ് :

1. <u>സിംഗിൾ ഫേസ് മീറ്റർ</u> :

(a) M/s. ജെനസ് പവർ ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ്, ജയ്പ്പൂർ

(b) M/s. ലാർസൻ & ട്യൂബ്രോ ലിമിറ്റഡ്, ചെന്നൈ

(c) M/s. ലിങ്ക് വെൽ ടെലിസിസ്റ്റം പ്രൈവറ്റ് ലിമിറ്റഡ്, ഹൈദരാബാദ്

2. <u>ത്രീഫേസ് മീറ്റർ</u> :

(a) M/s. ലാർസൻ & ട്യൂബ്രോ ലിമിറ്റഡ്, ചെന്നൈ

(b) M/s. ജെനസ് ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ്, ജയ്പ്പൂർ

3. <u>എൽ.റ്റി.സി.റ്റി മീറ്റർ :</u>

(a) M/s. ലാർസൻ & ട്യൂബ്രോ ലിമിറ്റഡ്, ചെന്നൈ

(b) M/s. ജെനസ് പവർ ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ്, ജയ്പ്പൂർ

(ബി) 639.57 രൂപയ്ക്കാണ് വാങ്ങുന്നത്.

(സി) സിംഗിൾ ഫേസ് മീറ്റർ - 6 രൂപ

ത്രീ ഫേസ് മീറ്റർ - 15 രൂപ

ത്രീ ഫേസ് സി.റ്റി. മീറ്റർ - 30 രൂപ.

**കെ.എസ്.ഇ.ബി. ലിമിറ്റഡിലെ ജീവനക്കാർ**

7 (2245) <u>ശ്രീ. ജി. എസ്. ജയലാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി. ലിമിറ്റഡിൽ എത്ര സ്ഥിരം ജീവനക്കാരുണ്ട് ; മേൽ ജീവനക്കാരുടെ തസ്തിക പ്രത്യേകമായി കാണിച്ച് അനുവദനീയ തസ്തിക, നിലവിൽ ജോലി നോക്കുന്നവരുടെ എണ്ണം, ഒഴിവായിക്കിടക്കുന്ന തസ്തിക എന്നിവയുടെ എണ്ണം വ്യക്തമാക്കുമോ ;

(ബി) വിതരണരംഗം, ഉല്പാദനരംഗം, പ്രസരണരംഗം എന്നീ മൂന്ന് വിഭാഗങ്ങളിൽ ഓരോ വിഭാഗങ്ങളിലും എത്ര ജീവനക്കാർ വീതം ജോലി നോക്കുന്നുവെന്ന് അറിയിക്കുമോ ; മേൽ ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള എണ്ണം വ്യക്തമാക്കുമോ ;

(സി) പ്രസരണ രംഗത്ത് സബ് സ്റ്റേഷനുകളിൽ വിവിധ തസ്തികകളിലായി എത്ര ജീവനക്കാർ കരാർ അടിസ്ഥാനത്തിൽ ജോലി നോക്കുന്നുണ്ട് ;

(ഡി) സംസ്ഥാനത്തെ വിവിധ സബ് സ്റ്റേഷനുകളിൽ സ്ഥിരം ജീവനക്കാരായ എത്ര ഓപ്പറേറ്റർമാർ, ഷിഫ്റ്റ് അസിസ്റ്റന്റുമാർ എന്നിവർ ജോലി നോക്കുന്നുണ്ട്; എത്ര ജീവനക്കാർ കരാർ അടിസ്ഥാനത്തിൽ ഓപ്പറേറ്റർമാരായും ഷിഫ്റ്റ് അസിസ്റ്റന്റുമാരായും ജോലി ചെയ്യുന്നുവെന്ന് അറിയിക്കുമോ ?

<u>ഉത്തരം</u>

(എ) കെ.എസ്.ഇ.ബി ലിമിറ്റഡിൽ മൊത്തം 33083 ജീവനക്കാരുണ്ട്. പട്ടിക തിരിച്ചുള്ള വിവരം ചുവടെ നൽകുന്നു:

| ക്രമ നമ്പർ | തസ്തിക | അനുവദനീയ എണ്ണം | നിലവിൽ ജോലി നോക്കുന്നവർ | ഒഴിവ് |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | ചീഫ് എൻജിനീയർ (ഇലക്ട്രിക്കൽ) | 12 | 12 | 0 |
| 2 | ചീഫ് എൻജിനീയർ (സിവിൽ) | 4 | 2 | 2 |
| 3 | ഡെപ്യൂട്ടി ചീഫ് എൻജിനീയർ (ഇലക്ട്രിക്കൽ) | 66 | 64 | 2 |
| 4 | ഡെപ്യൂട്ടി ചീഫ് എൻജിനീയർ (സിവിൽ) | 10 | 10 | 0 |
| 5 | എക്സി. എൻജിനീയർ | 220 | 219 | 1 |

| | | | | |
|---|---|---|---|---|
| | (ഇലക്ട്രിക്കൽ) | | | |
| 6 | എക്സി. എൻജിനീയർ (സിവിൽ) | 51 | 51 | 0 |
| 7 | ഫിനാൻഷ്യൽ അഡ്വൈസർ | 1 | 0 | 1 |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 8 | ചീഫ് ഇന്റേണൽ ആഡിറ്റർ | 1 | 1 (കോൺട്രാക്റ്റ് വ്യവസ്ഥയിൽ) | 0 |
| 9 | ഡെപ്യൂട്ടി ചീഫ് അക്കൗണ്ട്സ് ഓഫീസർ | 1 | 1 | 0 |
| 10 | സീനിയർ ഫിനാൻസ് ഓഫീസർ | 1 | 1 | 0 |
| 11 | സീനിയർ അക്കൗണ്ട്സ് ഓഫീസർ | 3 | 3 | 0 |
| 12 | ഫിനാൻസ് ഓഫീസർ | 22 | 22 | 0 |
| 13 | അക്കൗണ്ട്സ് ഓഫീസർ | 38 | 38 | 0 |
| 14 | റീജിയണൽ പേഴ്സണൽ ഓഫീസർ | 1 | 1 | 0 |
| 15 | ചീഫ് പേഴ്സണൽ ഓഫീസർ | 1 | 0 | 1 |
| 16 | അസി. എക്സി. എൻജിനീയർ (ഇലക്ട്രിക്കൽ) | 680 | 861 | സർപ്ലസ് |
| 17 | അസി. എക്സി. എൻജിനീയർ (സിവിൽ) | 164 | 162 | 2 |
| 18 | അസിസ്റ്റന്റ് എൻജിനീയർ | 2108 | 1951 | 157 |

| | | | | |
|---|---|---|---|---|
| | (ഇലക്ട്രിക്കൽ) | | | |
| 19 | അസിസ്റ്റന്റ് എൻജിനീയർ (സിവിൽ) | 330 | 206 | 124 |
| 20 | അസി. ഫിനാൻസ് ഓഫീസർ | 16 | 15 | 1 |
| 21 | ഡിവിഷണൽ അക്കൗണ്ടന്റ് | 92 | 51 | 41 |
| (1) | (2) | (3) | (4) | (5) |
| 22 | അസി. അക്കൗണ്ട്സ് ഓഫീസർ | 80 | 68 | 12 |
| 23 | സീനിയർ സൂപ്രണ്ട് | 1112 | 1090 | 22 |
| 24 | സീനിയർ ഫെയർ കോപ്പി സൂപ്രണ്ട് | 1 | 1 | 0 |
| 25 | ഫെയർ കോപ്പി സൂപ്രണ്ട് | 3 | 3 | 0 |
| 26 | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് / സീനിയർ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 126 | 101 | 25 |
| 27 | സബ് എൻജിനീയർ (ഇലക്ട്രിക്കൽ) | 3246 | 2676 | 570 |
| 28 | സബ് എൻജിനീയർ (സിവിൽ) | 471 | 471 | 0 |
| 29 | ഓവർസിയർ (ഇലക്ട്രിക്കൽ) | 5418 | 5373 | 45 |
| 30 | ഓവർസിയർ (സിവിൽ) | 80 | 24 | 56 |
| 31 | മീറ്റർ റീഡർ | 1721 | 850 | 871 |
| 32 | ലൈൻമാൻ | 8975 | 8975 | 0 |
| 33 | ഇലക്ട്രിസിറ്റി വർക്കർ | 5262 | 4733 | 529 |
| 34 | സീനിയർ അസിസ്റ്റന്റ് | 3084 | 2995 | 89 |

| | | | | |
|---|---|---|---|---|
| 35 | ജൂനിയർ അസിസ്റ്റന്റ് / കാഷ്യർ | 1387 | 751 | 636 |
| 36 | ഫെയർ കോപ്പി അസിസ്റ്റന്റ് | 283 | 222 | 61 |
| 37 | ഓഫീസ് അറ്റൻഡന്റ് | 402 | 410 | സർപ്ലസ് |
| 38 | പി.റ്റി.സി | 674 | 348 | 326 |
| 39 | ഡ്രൈവർ | 340 | 322 | 18 |

(ബി) അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തലം മുതലുള്ള ജീവനക്കാരുടെ വിവരം പട്ടികയായി നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | വിതരണ വിഭാഗം | എണ്ണം |
|---|---|---|
| 1 | ചീഫ് എൻജിനീയർ (ഇലക്ട്രിക്കൽ) | 3 |
| 2 | ഡെപ്യൂട്ടി ചീഫ് എൻജിനീയർ (ഇലക്ട്രിക്കൽ) | 31 |
| 3 | എക്സിക്യൂട്ടീവ് എൻജിനീയർ (ഇലക്ട്രിക്കൽ) | 106 |
| 4 | എക്സിക്യൂട്ടീവ് എൻജിനീയർ (സിവിൽ) | 4 |
| 5 | അസി. എക്സി. എൻജിനീയർ (ഇലക്ട്രിക്കൽ) | 424 |
| 6 | അസി. എക്സി. എൻജിനീയർ (സിവിൽ) | 2 |
| 7 | അസിസ്റ്റന്റ് എൻജിനീയർ (ഇലക്ട്രിക്കൽ) | 794 |
| 8 | അസിസ്റ്റന്റ് എൻജിനീയർ (സിവിൽ) | 29 |
| 9 | സബ് എൻജിനീയർ (ഇലക്ട്രിക്കൽ) | 2241 |
| 10 | സബ് എൻജിനീയർ (സിവിൽ) | 50 |
| 11 | ഓവർസിയർ (ഇലക്ട്രിക്കൽ) | 4449 |
| 12 | മീറ്റർ റീഡർ | 850 |
| 13 | ലൈൻമാൻ | 8838 |
| 14 | ഇലക്ട്രിസിറ്റി വർക്കർ | 4130 |
| 15 | ഡ്രൈവർ | 106 |
| 16 | അസിസ്റ്റന്റ് അക്കൗണ്ട്സ് ഓഫീസർ | 59 |
| 17 | ഫിനാൻസ് ഓഫീസർ | 0 |

| | | |
|---|---|---|
| 18 | ഡിവിഷണൽ അക്കൗണ്ടന്റ് / അസിസ്റ്റന്റ് ഫിനാൻസ് ഓഫീസർ | 39 |
| 19 | സീനിയർ സൂപ്രണ്ട് | 912 |
| 20 | സീനിയർ അസിസ്റ്റന്റ് | 2215 |
| 21 | ജൂനിയർ അസിസ്റ്റന്റ് / കാഷ്യർ | 732 |
| 22 | ഓഫീസ് അറ്റൻഡന്റ് | 338 |
| 23 | പി.റ്റി.സി സ്വീപ്പർ | 287 |
| 24 | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് / സീനിയർ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 58 |
| 25 | ഫെയർ കോപ്പി അസിസ്റ്റന്റ് | 118 |

| ക്രമ നമ്പർ | പ്രസരണ വിഭാഗം | എണ്ണം |
|---|---|---|
| 1 | ചീഫ് എൻജിനീയർ (ഇലക്ട്രിക്കൽ) | 3 |
| 2 | ഡെപ്യൂട്ടി ചീഫ് എൻജിനീയർ (ഇലക്ട്രിക്കൽ) | 18 |
| 3 | എക്സിക്യൂട്ടീവ് എൻജിനീയർ (ഇലക്ട്രിക്കൽ) | 61 |
| 4 | അസി. എക്സി. എൻജിനീയർ (ഇലക്ട്രിക്കൽ) | 165 |
| 5 | അസി. എക്സി. എൻജിനീയർ (സിവിൽ) | 13 |
| 6 | അസിസ്റ്റന്റ് എൻജിനീയർ (ഇലക്ട്രിക്കൽ) | 719 |
| 7 | അസിസ്റ്റന്റ് എൻജിനീയർ (സിവിൽ) | 25 |
| 8 | സബ് എൻജിനീയർ (ഇലക്ട്രിക്കൽ) | 272 |
| 9 | സബ് എൻജിനീയർ (സിവിൽ) | 86 |
| 10 | ഓവർസിയർ (ഇലക്ട്രിക്കൽ) | 815 |
| 11 | ഓവർസിയർ (സിവിൽ) | 2 |
| 12 | ലൈൻമാൻ | 17 |
| 13 | ഇലക്ട്രിസിറ്റി വർക്കർ | 472 |
| 14 | ഡ്രൈവർ | 96 |
| 15 | ഫിനാൻസ് ഓഫീസർ | 10 |

| | | |
|---|---|---|
| 16 | അസിസ്റ്റന്റ് അക്കൗണ്ട്സ് ഓഫീസർ | 0 |
| 17 | ഡിവിഷണൽ അക്കൗണ്ടന്റ് / അസിസ്റ്റന്റ് ഫിനാൻസ് ഓഫീസർ | 6 |
| 18 | സീനിയർ സൂപ്രണ്ട് | 23 |
| 19 | സീനിയർ അസിസ്റ്റന്റ് | 109 |
| 20 | ജൂനിയർ അസിസ്റ്റന്റ് / കാഷ്യർ | 17 |
| 21 | ഓഫീസ് അറ്റൻഡന്റ് | 46 |
| 22 | പി.റ്റി.സി സ്വീപ്പർ | 39 |
| 23 | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് / സീനിയർ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 10 |
| 24 | ഫെയർ കോപ്പി അസിസ്റ്റന്റ് | 37 |

| ക്രമ നമ്പർ | ഉല്പാദന വിഭാഗം | എണ്ണം |
|---|---|---|
| 1 | ചീഫ് എൻജിനീയർ (ഇലക്ട്രിക്കൽ) | 1 |
| 2 | ചീഫ് എൻജിനീയർ (സിവിൽ) | 4 |
| 3 | ഡെപ്യൂട്ടി ചീഫ് എൻജിനീയർ (ഇലക്ട്രിക്കൽ) | 8 |
| 4 | ഡെപ്യൂട്ടി ചീഫ് എൻജിനീയർ (സിവിൽ) | 9 |
| 5 | എക്സിക്യൂട്ടീവ് എൻജിനീയർ (ഇലക്ട്രിക്കൽ) | 21 |
| 6 | എക്സിക്യൂട്ടീവ് എൻജിനീയർ (സിവിൽ) | 46 |
| 7 | അസി. എക്സി. എൻജിനീയർ (ഇലക്ട്രിക്കൽ | 74 |
| 8 | അസി. എക്സി. എൻജിനീയർ (സിവിൽ) | 7 |
| 9 | അസി. എക്സി. എൻജിനീയർ (മെക്കാനിക്കൽ) | 1 |
| 10 | അസിസ്റ്റന്റ് എൻജിനീയർ (ഇലക്ട്രിക്കൽ) | 211 |
| 11 | അസിസ്റ്റന്റ് എൻജിനീയർ (സിവിൽ) | 12 |
| 12 | അസിസ്റ്റന്റ് എൻജിനീയർ (മെക്കാനിക്കൽ) | 5 |
| 13 | സബ് എൻജിനീയർ (ഇലക്ട്രിക്കൽ) | 146 |
| 14 | സബ് എൻജിനീയർ (സിവിൽ) | 18 |
| 15 | സബ് എൻജിനീയർ (മെക്കാനിക്കൽ) | 5 |
| 16 | ഓവർസിയർ (ഇലക്ട്രിക്കൽ) | 109 |

| | | |
|---|---|---|
| 17 | ഓവർസിയർ (സിവിൽ) | 1 |
| 18 | ലൈൻമാൻ | 64 |
| 19 | ഇലക്ട്രിസിറ്റി വർക്കർ | 131 |
| 20 | ഡ്രൈവർ | 48 |
| 21 | ഫിനാൻസ് ഓഫീസർ | 3 |
| 22 | ഡിവിഷണൽ അക്കൗണ്ടന്റ് /അസിസ്റ്റന്റ് ഫിനാൻസ് ഓഫീസർ | 3 |
| 23 | സീനിയർ സൂപ്രണ്ട് | 12 |
| 24 | സീനിയർ അസിസ്റ്റന്റ് | 47 |
| 25 | ജൂനിയർ അസിസ്റ്റന്റ് /കാഷ്യർ | 2 |
| 26 | ഓഫീസ് അറ്റൻഡന്റ് | 15 |
| 27 | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് /സീനിയർ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 4 |
| 28 | ഫെയർ കോപ്പി അസിസ്റ്റന്റ് | 12 |
| 29 | സ്കിൽഡ് ടെക്നീഷ്യൻ | 8 |

(സി) സബ് സ്റ്റേഷനുകളിലെ ഓപ്പറേറ്റർ, ഷിഫ്റ്റ് അസിസ്റ്റന്റ് മുതലായ തസ്തികകളിൽ കരാർ അടിസ്ഥാനത്തിൽ ആരെയും നിയമിച്ചിട്ടില്ല. എന്നാൽ ഒഴിവുള്ള തസ്തികകളിലെ ജോലികൾ കരാറടിസ്ഥാനത്തിൽ (വർക്ക് കോൺട്രാക്ട്) നികത്തി വരുന്നു.

(ഡി) വിവിധ സബ് സ്റ്റേഷനുകളിലായി ഓപ്പറേറ്റർ വിഭാഗത്തിൽ 377 പേരും ഷിഫ്റ്റ് അസിസ്റ്റന്റ് വിഭാഗത്തിൽ 782 പേരും സ്ഥിരം ജീവനക്കാരായുണ്ട്, ഓപ്പറേറ്റർമാരായും ഷിഫ്റ്റ് അസിസ്റ്റന്റുമാരായും കരാറടിസ്ഥാനത്തിൽ ആരും ജോലി ചെയ്യുന്നില്ല. ഒഴിവുള്ള ഓപ്പറേറ്റർ, ഷിഫ്റ്റ് അസിസ്റ്റന്റ് തസ്തികകളിലെ ജോലികൾ വർക്ക് കോൺട്രാക്ട് അടിസ്ഥാനത്തിൽ (ദർഘാസ് മുഖേന) ചെയ്തു വരുന്നു.

**കെ.എസ്.ഇ.ബി.-യിലെ ആശ്രിത നിയമനം**

8 (2246) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി.-യിലെ ആശ്രിത നിയമനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ബി) ജനറേഷൻ ഡിവിഷൻ മസ്ദൂർ ആയിരിക്കെ മരണപ്പെട്ട കെ. പി. രാജന്റെ സഹോദരി ശ്രീമതി കെ. പി. തങ്കമ്മ, മുതിയാട്ടുചിറ വീട്, മേതല, അശമന്നൂർ, എറണാകുളം സമർപ്പിച്ച അപേക്ഷ നിരസിച്ചത് സർക്കാർ മനസിലാക്കിയിട്ടുണ്ടോ ;

(സി) അപേക്ഷ നിരസിച്ച ശേഷം ഭർത്താവ് മരണപ്പെട്ട ഇവർ വീണ്ടും സമർപ്പിച്ച അപേക്ഷ പരിഗണിച്ച് ജോലി നൽകാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഉണ്ട്.

(സി) നിലവിലുള്ള നിയമപ്രകാരം ജീവനക്കാരന്റെ മരണശേഷം വിവാഹിത/വിധവയായ സഹോദരി ആശ്രിത നിയമനത്തിന് അർഹയല്ല. ശ്രീമതി കെ. പി. തങ്കമ്മ മരണപ്പെട്ട ജീവനക്കാരൻ ശ്രീ. കെ. പി. രാജന്റെ വിവാഹിത/വിധവയായ സഹോദരിയാണ്. ആകയാൽ ടിയാൾ ആശ്രിത നിയമനത്തിന് അർഹയല്ലാത്തതിനാൽ ജോലി നൽകുന്നതിന് നിർവ്വാഹമില്ല.

**കെ.എസ്.ഇ.ബി.-യിലെ ഒഴിവുകൾ**

9 (2247) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി.-യുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ;

(ബി) മസ്ദൂർ തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളാണ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ ബാക്കിയുള്ളതെന്ന് ജില്ല തിരിച്ച് അറിയിക്കുമോ ;

(സി) ലൈൻമാൻ, ഓവർസീയർ, സബ് എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികകളിൽ എത്ര ഒഴിവുകൾ ഉണ്ടെന്ന് അറിയിക്കുമോ ; ഇതിൽ എത്രയെണ്ണം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് ഇനം തിരിച്ച് അറിയിക്കുമോ ;

(ഡി) ഒഴിവുള്ള തസ്തികകളിൽ പ്രൊമോഷൻ നടത്താനും ഒഴിവ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാനും അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ പ്രവർത്തനം നിരന്തരമായി ഡയറക്ടർ ബോർഡ് വിലയിരുത്താറുണ്ട്. പദ്ധതികളുടെ അവലോകനം പ്ലാനിംഗ് ബോർഡ്, സർക്കാർ തലത്തിൽ നടത്തുന്നുണ്ട്. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലെ മാനവശേഷി സംബന്ധിച്ച ഒരു സമഗ്ര പഠനത്തിന് കോഴിക്കോട് IIM-നെ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ റിപ്പോർട്ട് പൂർത്തിയായിട്ടില്ല.

(ബി)

| | |
|---|---|
| തിരുവനന്തപുരം | 51 |
| കൊല്ലം | 5 |
| പത്തനംതിട്ട | 2 |
| ആലപ്പുഴ | 15 |
| കോട്ടയം | 0 |
| എറണാകുളം | 0 |
| ഇടുക്കി | 0 |
| തൃശ്ശൂർ | 55 |
| വയനാട് | 0 |
| മലപ്പുറം | 0 |
| പാലക്കാട് | 27 |
| കോഴിക്കോട് | 0 |
| കണ്ണൂർ | 8 |
| കാസർഗോഡ് | 29 |

(സി)

| | |
|---|---|
| ലൈൻമാൻ | 0 |
| ഓവർസിയർ | 45 |

സബ് എഞ്ചിനീയർ 280 (പി.എസ്.സി. ക്വാട്ട)

അസിസ്റ്റന്റ് എഞ്ചിനീയർ 64 (പി.എസ്.സി. ക്വാട്ട)

ലൈൻമാന്റെയും ഓവർസീയറുടെയും ഒഴിവുകൾ പ്രൊമോഷൻ മുഖേനയാണ് നികത്തുന്നത്. സബ് എഞ്ചിനീയർ തസ്തികയിലെ 30 ശതമാനം പി.എസ്.സി. ക്വാട്ടയിലെ ഒഴിവുകളിൽ 200 എണ്ണം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തു. ബാക്കി ഒഴിവുകൾ റിപ്പോർട്ട് ചെയ്യാൻ നടപടി ആരംഭിച്ചിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലെ പി.എസ്.സി. ലിസ്റ്റിന്റെ കാലാവധി 13-12-2013-ൽ അവസാനിച്ചു. പ്രസ്തുത റാങ്ക് ലിസ്റ്റിലെ ഉദ്യോഗാർത്ഥികൾ ഫയൽ ചെയ്ത W.P.(C) No.34684/ 2010 കോടതി വിധി പ്രകാരം 250 ഒഴിവുകൾ നിബന്ധനകൾക്കു വിധേയമായി 12-12-2013-ൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) നടപടി സ്വീകരിച്ചുവരുന്നു.

**എൽ.ഇ.ഡി. ബൾബുകൾ**

10 (2248) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എൽ.ഇ.ഡി. ബൾബുകൾ ഉപയോഗിക്കുന്നത് ഊർജ്ജ ഉപഭോഗം കുറയ്ക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് സംബന്ധിച്ച് എന്തെങ്കിലും പഠനങ്ങൾ നടത്തിയിട്ടുണ്ടോ ;

(സി) സംസ്ഥാനത്ത് എൽ.ഇ.ഡി. ബൾബുകളുടെ വ്യാപനത്തിന് എന്തെങ്കിലും പ്രത്യേക പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ; ഇല്ലായെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്.

(സി) സംസ്ഥാനത്ത് എൽ.ഇ.ഡി. ബൾബുകളുടെ വ്യാപനത്തിന് താഴെ പറയുന്ന പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്.

<u>എൽ.ഇ.ഡി. തെരുവു വിളക്കുകൾ സ്ഥാപിക്കൽ</u> :

കേരളത്തിലെ എല്ലാ കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും

100 വീതം എൽ.ഇ.ഡി. തെരുവു വിളക്കുകൾ സ്ഥാപിച്ചു.

<u>എൽ.ഇ.ഡി. വില്ലേജ് പരിപാടി</u> :

ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസിയുടെ (ബി.ഇ.ഇ.) ധനസഹായത്തോടുകൂടി തെരഞ്ഞെടുത്ത വാർഡുകളിൽ ഗാർഹിക ഉപയോഗത്തിനും തെരുവു വിളക്കുകളിലും എൽ.ഇ.ഡി. സ്ഥാപിക്കുന്ന പരിപാടിയിൽ പാലക്കാട് ജില്ലയിലെ ആയക്കുറിശ്ശിയിൽ 325 വീടുകളിൽ രണ്ടു വീതം എൽ.ഇ.ഡി. ബൾബുകളും, 50 എൽ.ഇ.ഡി. തെരുവു വിളക്കുകളും സ്ഥാപിച്ചു. മലപ്പുറം ജില്ലയിലെ നിലമ്പൂരിൽ 50 എൽ.ഇ.ഡി. തെരുവു വിളക്കുകളും 1500 എൽ.ഇ.ഡി ബൾബുകളും സ്ഥാപിച്ചു കഴിഞ്ഞു. ആലപ്പുഴയിൽ 50 എൽ.ഇ.ഡി. തെരുവു വിളക്കുകളും 1600 എൽ.ഇ.ഡി. ബൾബുകളും വിതുരയിൽ 50 എൽ.ഇ.ഡി. തെരുവു വിളക്കുകളും 1500 എൽ.ഇ.ഡി ബൾബുകളും സ്ഥാപിക്കുന്നതിന്റെ നടപടികൾ പുരോഗമിച്ചു വരുന്നു,

<u>മാതൃകാ പദ്ധതികൾ നടപ്പിലാക്കൽ</u> :

ബി.ഇ.ഇ.-യുടെ ധനസഹായത്തോടെ തിരുവനന്തപുരം കോർപ്പറേഷനിൽ വെള്ളയമ്പലം മുതൽ വഴുതക്കാട് വരെ 100 വാട്ട്സിന്റെ 70 എൽ.ഇ.ഡി. തെരുവു വിളക്ക് സ്ഥാപിക്കുന്ന പദ്ധതിയും കോർപ്പറേഷൻ പരിധിക്കുള്ളിൽ 45 വാട്ട്സിന്റെ 500 എൽ.ഇ.ഡി. തെരുവു വിളക്കുകൾ സ്ഥാപിക്കുന്ന പദ്ധതിയും പുരോഗമിച്ചു വരുന്നു.

**ഉപയോഗശൂന്യമായ സി.എഫ്. ലാമ്പുകൾ**

11 (2249) <u>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉപയോഗശൂന്യമായ സി.എഫ്. ലാമ്പുകൾ അലക്ഷ്യമായി കൈകാര്യം ചെയ്യുന്നതിലൂടെ അതിലടങ്ങിയിരിക്കുന്ന മെർക്കുറി വായുവിലും വെള്ളത്തിലും കലർന്ന് ഉണ്ടാകുന്ന പരിസരമലിനീകരണം തടയുന്നതിനായി ഉപയോഗശൂന്യമായ സി.എഫ്. ലാമ്പുകൾ സുരക്ഷിതമായി നശിപ്പിക്കുന്നതിനുള്ള പദ്ധതിക്കുള്ള രൂപരേഖ എനർജി മാനേജ്മെന്റ് സെന്റർ തയ്യാറാക്കിയിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ&ബി) ഉപയോഗശൂന്യമായ സി.എഫ്.എൽ.-കൾ സുരക്ഷിതമായി നശിപ്പിക്കുന്നതിനുള്ള പദ്ധതിക്കുള്ള രൂപരേഖ തയ്യാറാക്കുന്നതിനുള്ള പദ്ധതി എനർജി മാനേജ്മെന്റ് സെന്റർ ആരംഭിച്ചിട്ടുണ്ട്. പദ്ധതിക്കുള്ള വിശദ പഠന റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ഐ.ആർ.ജി. സിസ്റ്റംസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് 3 മാസത്തിനകം റിപ്പോർട്ട് നൽകണം എന്ന വ്യവസ്ഥയോടെ അനുമതി നൽകിയിട്ടുണ്ട്. പഠന സംബന്ധമായ പുരോഗതി റിപ്പോർട്ടുകൾ ഇ.എം. സി.-യിൽ സമർപ്പിച്ചിട്ടുണ്ട്. മഴ കാരണം ഫീൽഡ് സർവ്വേ പൂർത്തിയാക്കാൻ കാലതാമസം നേരിട്ടതുകൊണ്ട് അന്തിമ റിപ്പോർട്ട് സമർപ്പിക്കാൻ കൂടുതൽ സമയം അനുവദിക്കണമെന്ന ഐ.ആർ.ജി. സിസ്റ്റംസിന്റെ അപേക്ഷ പരിഗണിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി 2014 ഡിസംബർ 27 വരെ സമയം നൽകിയിട്ടുണ്ട്.

## പുതിയ വൈദ്യുതി ഉൽപ്പാദന പദ്ധതികൾ

12 (2250) <u>പ്രൊഫ. സി. രവീന്ദ്രനാഥ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതെല്ലാം പുതിയ വൈദ്യുതി ഉൽപ്പാദന പദ്ധതികളാണ് കമ്മീഷൻ ചെയ്തിട്ടുള്ളതെന്ന് വിശദമാക്കാമോ ;

(ബി) എങ്കിൽ ഏതെല്ലാമെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) 36.06 മെഗാവാട്ട് സ്ഥാപിത ശേഷിയുള്ള 8 പുതിയ പദ്ധതികളിൽ നിന്നും 85.07 മില്യൺ യൂണിറ്റ് പ്രതിവർഷം വൈദ്യുതി ഉൽപ്പാദനം നടന്നു വരുന്നു. ഇതിനു പുറമേ 2 പുനരുദ്ധാരണ പദ്ധതികളും പൂർത്തീകരിച്ചവയിൽ ഉൾപ്പെടുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| നമ്പർ | സ്റ്റേഷന്റെ പേര് | സ്ഥാപിത ശേഷി | വാർഷിക ഉൽപ്പാദന |
|---|---|---|---|

| | | (മെഗാവാട്ട്) | ശേഷി (MU) |
|---|---|---|---|
| 1 | റാന്നി - പെരിനാട് ചെറുകിട ജലവൈദ്യുത പദ്ധതി | 4 | 16.73 |
| 2 | ഇരുട്ടുക്കാനം സ്റ്റേജ് II ചെറുകിട ജലവൈദ്യുത പദ്ധതി (IPP) | 1.5 | 3.94 |
| 3 | പീച്ചി ചെറുകിട ജലവൈദ്യുതപദ്ധതി | 1.25 | 3.21 |
| 4 | പാമ്പുകയം (മാങ്കുളം) മിനി ജലവൈദ്യുത പദ്ധതി (IPP) | 0.11 | 0.29 |
| 5 | കാരിക്കയം ചെറുകിട ജലവൈദ്യുത പദ്ധതി (IPP) | 10.5 | 27.6 |
| 6 | അഗളി വിന്റ് ഫാം (IPP) | 1.2 | 2.3 |
| 7 | മീൻവല്ലം ചെറുകിട ജലവൈദ്യുത പദ്ധതി (IPP) | 3 | 8.37 |
| 8 | വിലങ്ങാട് ചെറുകിട ജലവൈദ്യുത പദ്ധതി | 7.5 | 22.63 |
| 9 | പൊരിങ്ങൽകുത്ത് (പുനരുദ്ധാരണം) | 2 | |
| 10 | ശബരിഗിരി (പുനരുദ്ധാരണം) | 5 | |
| | ആകെ | 36.06 | 85.07 |

**വൈക്കം നിയോജകമണ്ഡല പരിധിയിൽ വരുന്ന വൈദ്യുതി ഓഫീസുകളുടെ പ്രവർത്തനം**

13 (2251) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈക്കം നിയോജക മണ്ഡല പരിധിയിൽ വരുന്ന വൈദ്യുതി

ഉപഭോക്താക്കളുമായി ബന്ധപ്പെട്ട സെക്ഷൻ ഓഫീസുകൾ ഏതൊക്കെയെന്നും, ഓരോ സെക്ഷൻ ഓഫീസുകൾക്ക് കീഴിലും എത്ര ഉപഭോക്താക്കൾ വീതമുണ്ടെന്നും, ഏതെങ്കിലും സെക്ഷൻ ഓഫീസുകൾക്ക് കീഴിൽ സബ് എഞ്ചിനീയർ പ്രവർത്തിക്കുന്നുണ്ടോ എന്നും വ്യക്തമാക്കുമോ ;

(ബി) വൈക്കം നിയോജക മണ്ഡലത്തിൽ മുമ്പ് പ്രവർത്തിച്ചിരുന്ന ഏതെങ്കിലും സബ് എഞ്ചിനീയർ ഓഫീസ് നിർത്തലാക്കിയിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ കാരണം എന്തെന്നും വ്യക്തമാക്കുമോ ;

(സി) വൈക്കം നിയോജക മണ്ഡലവുമായി ബന്ധപ്പെട്ട സെക്ഷൻ ഓഫീസുകൾക്കു കീഴിൽ എത്ര കി.മീ. വീതം 11 K.V. ലൈനുകളും LT ലൈനുകളും ഉണ്ടെന്നും ഓരോ സെക്ഷൻ ഓഫീസും കവർ ചെയ്യുന്ന സ്ഥലം എത്രത്തോള മുണ്ടെന്നും വെളിപ്പെടുത്തുമോ ;

(ഡി) വൈക്കം നിയോജക മണ്ഡലത്തിലെ ഉപഭോക്താക്കളുമായി ബന്ധപ്പെട്ട സെക്ഷൻ ഓഫീസുകളിലെ ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കുമോ ;

(ഇ) വൈക്കം നിയോജക മണ്ഡലവുമായി ബന്ധപ്പെട്ട സെക്ഷൻ ഓഫീസുകളിൽ കഴിഞ്ഞ 3 വർഷങ്ങളിൽ ഉപഭോക്താക്കളുടെ എണ്ണത്തിലുണ്ടായ വർദ്ധന, വർഷവും ശതമാനവും തിരിച്ച് വ്യക്തമാക്കുമോ ;

(എഫ്) ഉപഭോക്താക്കളുടെ വർദ്ധനവിനനുസരിച്ച് ഏതെങ്കിലും സ്ഥലങ്ങളിൽ ജീവനക്കാരുടെ എണ്ണത്തിൽ വർദ്ധന വരുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വസ്തുതകൾ വെളിപ്പെടുത്തുമോ ?

<u>ഉത്തരം</u>

(എ) വൈക്കം, ചെമ്പ്, തലയാഴം എന്നീ സെക്ഷനുകൾ മുഴുവനായും തലയോലപ്പറമ്പ്, പെരുവ എന്നീ സെക്ഷനുകളുടെ മുക്കാൽ ഭാഗത്തോളവും കടുത്തുരുത്തി സെക്ഷന്റെ കല്ലറ ഭാഗവും വൈക്കം നിയോജക മണ്ഡല പരിധിയിൽ വരുന്നു. ഓരോ സെക്ഷൻ ഓഫീസുകളുടെയും കീഴിൽ വൈക്കം നിയോജക മണ്ഡല പരിധിയിൽ വരുന്ന ഉപഭോക്താക്കളുടെ എണ്ണം ചുവടെ ചേർക്കുന്നു. കടുത്തുരുത്തി സെക്ഷന്റെ പരിധിയിൽ കല്ലറ ഭാഗത്ത് ഒരു സബ് എൻജിനീയർ ഓഫീസ്

പ്രവർത്തിക്കുന്നുണ്ട്.

| സെക്ഷൻ | ഉപഭോക്താക്കളുടെ എണ്ണം |
|---|---|
| വൈക്കം | 20,487 |
| ചെമ്പ് | 15,356 |
| തലയാഴം | 11,306 |
| തലയോലപ്പറമ്പ് | 10,534 |
| പെരുവ | 5,110 |
| കടുത്തുരുത്തി | 4,220 |

(ബി) നിർത്തലാക്കിയിട്ടില്ല.

(സി)

| സെക്ഷൻ | 11 കെ.വി. ലൈൻ (കി.മീ.) | എൽ.റ്റി.ലൈൻ (കി.മീ.) | വിസ്തീർണ്ണം (സ്ക്വയർ കി.മീ.) |
|---|---|---|---|
| വൈക്കം | 94.536 | 226.833 | 45 |
| ചെമ്പ് | 71.48 | 203.77 | 68 |
| തലയാഴം | 88.98 | 257.17 | 71 |
| തലയോലപ്പറമ്പ് | 51.68 | 149.79 | 56 |
| പെരുവ | 39.79 | 108.75 | 53 |
| കടുത്തുരുത്തി | 27.9 | 98.75 | 16 |

(ഡി)

| തസ്തിക | വൈക്കം | ചെമ്പ് | തലയാഴം | തലയോലപ്പറമ്പ് | പെരുവ | കടുത്തുരുത്തി |
|---|---|---|---|---|---|---|
| അസിസ്റ്റന്റ് എൻജിനീയർ | 1 | 1 | 1 | 1 | 1 | 1 |
| സീനിയർ സൂപ്രണ്ട് | 1 | 1 | 1 | 1 | 1 | 1 |
| സീനിയർ അസിസ്റ്റന്റ് | 2 | 2 | 2 | 2 | 2 | 3 |
| കാഷ്യർ | 2 | 2 | 2 | 2 | 2 | 2 |
| സബ് എൻജിനീയർ | 3 | 3 | 3 | 3 | 3 | 3 |
| മീറ്റർ റീഡർ | 4 | 3 | 3 | 5 | 3 | 4 |
| ഓവർസിയർ | 6 | 6 | 6 | 6 | 6 | 6 |
| ലൈൻമാൻ I&II | 12 | 12 | 12 | 12 | 12 | 12 |
| ഇലക്ട്രിസിറ്റി വർക്കർ | 6 | 6 | 6 | 6 | 6 | 6 |

(ഇ)

| സെക്ഷൻ | ഉപഭോക്താക്കളുടെ എണ്ണത്തിലുണ്ടായ വർദ്ധനവ് | | |
|---|---|---|---|
| | 2011-12 (%) | 2012-13 (%) | 2013-14 (%) |
| വൈക്കം | 3 | 3.5 | 4.5 |
| ചെമ്പ് | 3.2 | 3.8 | 4.3 |
| തലയാഴം | 2.8 | 3.1 | 3.3 |
| തലയോലപ്പറമ്പ് | 2.8 | 2.9 | 3.2 |
| പെരുവ | 2.6 | 2.8 | 3.1 |
| കടുത്തുരുത്തി | 2.5 | 2.9 | 3.2 |

(എഫ്) ഇല്ല.

## രാജീവ് ഗാന്ധി ഗ്രാമീണ വിദ്യുത് യോജന -കരാറുകാർക്ക് കുടിശ്ശിക

14 (2252) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രാജീവ് ഗാന്ധി ഗ്രാമീണ വിദ്യുത് യോജന പ്രകാരം നിർമ്മാണം നടത്തിയ കരാറുകാർക്ക് എത്ര കാലയളവിലെ തുക നൽകാനുണ്ടായിരുന്നു ; എത്ര തുക കുടിശ്ശിക ആയി ഉണ്ടായിരുന്നു ;

(ബി) പ്രസ്തുത തുക കേന്ദ്ര സർക്കാർ മുൻകൂറായി സംസ്ഥാന വൈദ്യുതി ബോർഡിന് അനുവദിച്ചിരുന്നോ ;

(സി) പ്രസ്തുത തുക കരാറുകാർക്ക് വിതരണം ചെയ്യുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കും ?

ഉത്തരം

(എ) 2011-12 മുതൽ 2014-15 വരെ മൊത്തം 1.05 കോടി രൂപ കുടിശ്ശിക ഉണ്ടായിരുന്നു.

(ബി) രാജീവ്ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ യോജന പ്രകാരം അംഗീകാരം കിട്ടിയതിൽ അധികമായി വന്ന പ്രവൃത്തികൾക്കുള്ള തുകയാണ് കുടിശ്ശികയായത്. ഈ തുക കേന്ദ്ര സർക്കാരിൽ നിന്നും മുൻകൂറായി ബോർഡിന് ലഭിച്ചിട്ടില്ല.

(സി) ബില്ലുകൾ പാസ്സാക്കി തുക കരാറുകാർക്ക് നൽകിക്കൊണ്ടിരിക്കുന്നു. നിലവിൽ 1.02 കോടി (ഒരു കോടി രണ്ട് ലക്ഷം രൂപ മാത്രം) രൂപ കൊടുത്തു കഴിഞ്ഞു.

## പാറശ്ശാല താലൂക്ക് ആശുപത്രിയിൽ വൈദ്യുതി തടസ്സം ഒഴിവാക്കുവാൻ നടപടി

**15 (2253)** ശ്രീ. എ. റ്റി. ജോർജ് : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പാറശ്ശാല താലൂക്ക് ആശുപത്രിയിൽ വൈദ്യുതി യഥാസമയം ലഭിക്കാത്തതിനാൽ ഓപ്പറേഷനും മറ്റും തടസ്സം ഉണ്ടാകുകയും ആശുപത്രിയുടെ പ്രവർത്തനം തന്നെ താറുമാറാകുകയും ചെയ്യുന്നതിനാൽ ലോഡ് ഷെഡിംഗ് സമയത്തും മറ്റും കറന്റ് കട്ട് ഒഴിവാക്കുന്നതിനുവേണ്ടി പാറശ്ശാല സബ് സ്റ്റേഷനിൽ പാറശാല

ആശുപത്രിക്കുവേണ്ടി ഒരു പുതിയ ഫീഡർ ലൈൻ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

പാറശ്ശാല താലൂക്ക് ആശുപത്രിയിൽ നിലവിൽ എൽ.റ്റി. 3 ഫേസിന്റെ 4 സർവ്വീസ് കണക്ഷനുകൾ ഉണ്ട്. ഇതിലേയ്ക്കായി ആശുപത്രി പരിസരത്ത് 100 കെ.വി.എ.-യുടെ ഒരു ട്രാൻസ്ഫോർമർ സ്ഥാപിച്ചിട്ടുണ്ട്. പാറശ്ശാല സബ് സ്റ്റേഷനിൽ നിന്നുള്ള കാരോട് 11 കെ.വി. ഫീഡറിലാണ് പ്രസ്തുത ട്രാൻസ്ഫോർമർ ഇപ്പോൾ ഉള്ളത്. കാരോട് ഫീഡറിൽ ഇപ്പോൾ വൈദ്യുതി തടസ്സം കൂടുതലായതിനാലും ടി ഫീഡർ ഓവർ ലോഡ് ആയതിനാലും, സിസ്റ്റം ഇംപ്രൂവ്മെന്റ് സ്കീമിൽപ്പെടുത്തി കാരോട് ഫീഡറും പാറശ്ശാല സബ്സ്റ്റേഷനിൽ നിന്നുള്ള പാറശ്ശാല ഫീഡറും തമ്മിൽ ഇന്റർ ലിങ്ക് ചെയ്യുന്ന പ്രവൃത്തിക്ക് 2014 സെപ്തംബറിൽ സാങ്കേതികാനുമതി നൽകുകയും പ്രസ്തുത പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ടി പ്രവൃത്തി പൂർത്തിയാകുന്നതോടുകൂടി പാറശ്ശാല താലൂക്ക് ആശുപത്രിയിൽ അനുഭവപ്പെടുന്ന വൈദ്യുതി തടസ്സം പരിഹരിക്കപ്പെടുന്നതാണ്.

പാറശ്ശാല താലൂക്ക് ആശുപത്രിയ്ക്കു മാത്രമായി ഒരു 11 കെ.വി ഫീഡർ ആവശ്യമാണെങ്കിൽ, കേരള സംസ്ഥാന ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ പ്രസിദ്ധീകരിച്ചിട്ടുള്ള ഇലക്ട്രിസിറ്റി സപ്ളൈ കോഡ് 2014, റെഗുലേഷൻ13 പ്രകാരം, അപേക്ഷ നൽകുന്ന പക്ഷം സാധ്യതാ പഠനം നടത്തി അറിയിപ്പ് നൽകുകയും ആവശ്യമായ തുക ഒടുക്കുന്ന മുറയ്ക്ക് പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കാവുന്നതുമാണ്.

**കാവാലം സബ്സ്റ്റേഷൻ നിർമ്മാണം**

16 (2254) <u>ശ്രീ. തോമസ് ചാണ്ടി</u> : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കാവാലം സബ്സ്റ്റേഷൻ നിർമ്മാണത്തിന് സ്ഥലം ഏറ്റെടുക്കുന്നത് ഉൾപ്പെടെ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

<u>ഉത്തരം</u>

കാവാലത്ത് ഒരു 66 കെ.വി. സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി 1999-ൽ നൽകിയിരുന്നു. ഇതിനായി കാവാലം വില്ലേജിൽ സ്ഥലം

കണ്ടെത്തിയിരുന്നെങ്കിലും കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം പ്രസ്തുത സ്ഥലം നികത്തുന്നതിന് അനുമതി ലഭ്യമായിരുന്നില്ല. ഇപ്പോൾ കുട്ടനാട് താലൂക്കിൽ നീലംപേരൂരിൽ ഈര എന്ന സ്ഥലത്ത് സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതു സംബന്ധിച്ചുള്ള സാദ്ധ്യതാ പഠനം നടന്നു വരുന്നു.

**ലാഭപ്രഭ പദ്ധതി**

17 (2255) ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. വി. ഡി.സതീശൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി ഉപഭോഗം കുറയ്ക്കുവാൻ എന്തെല്ലാം പ്രോത്സാഹനങ്ങളും സമ്മാനപദ്ധതികളുമാണ് ലാഭപ്രഭ പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നത് ; വിശദാംശങ്ങൾ നൽകുമോ ;

(ബി) പ്രസ്തുത പദ്ധതി മുഖേന എത്ര യൂണിറ്റ് വൈദ്യുതിയുടെ ഉപഭോഗം കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട് ; വിശദാംശങ്ങൾ നൽകുമോ ;

(സി) പ്രസ്തുത പദ്ധതി മുഖേന സമ്മാനങ്ങൾ നൽകുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ-സി) 2014 മാർച്ച് 1 മുതൽ മേയ് 31 വരെയായിരുന്നു ലാഭപ്രഭ 2014 (സീസൺ-2)-ന്റെ പദ്ധതി കാലയളവ്. സംസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥികളുടെ സഹകരണം തേടി എന്നതാണ് ലാഭപ്രഭ സീസൺ-2 ന്റെ സവിശേഷത. ഈ പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്ന സമ്മാന പദ്ധതി ചുവടെ ചേർക്കുന്നു:

- പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്നവർക്കെല്ലാം പ്രോത്സാഹന സമ്മാനമായി ഓരോ സി.എഫ്. ലാമ്പ്.
- പദ്ധതിയിൽ പങ്കാളികളായി തങ്ങളുടെ ശരാശരി ഉപഭോഗത്തെക്കാൾ ഉപഭോഗം പരമാവധി കുറയ്ക്കുന്ന ആദ്യത്തെ 5000 പേർക്ക് ഓരോ സൗരോർജറാന്തലും, പിന്നീടുള്ള 50000 പേർക്ക് ഓരോ സി.എഫ്. ലാമ്പും.

- ഏറ്റവും കൂടുതൽ കുട്ടികളെ പങ്കെടുപ്പിക്കുകയും അവരുടെ വീടുകളിലെ വൈദ്യുതി ഉപഭോഗം 20 ശതമാനമെങ്കിലും കുറപ്പിക്കുകയും അതുവഴി ഏറ്റവും കൂടുതൽ വൈദ്യുതി ലാഭം വരുത്തുകയും ചെയ്യുന്ന, ഓരോ റവന്യൂ ജില്ലയിലെയും ആദ്യത്തെ 10 സ്കൂളുകൾക്ക് ഗ്രിഡുമായി ബന്ധിപ്പിക്കാവുന്ന (Grid tied) 5 കിലോ വാട്ടിന്റെ സൗരോർജ്ജ പ്ലാന്റ്. 20 ശതമാനത്തിൽ കൂടുതൽ വൈദ്യുതി ലാഭം വരുത്തുകയും എന്നാൽ സമ്മാനം ലഭിക്കാതെയും പോകുന്ന സ്കൂളുകൾക്ക് ഇതേ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള പകുതി ചെലവ് കെ.എസ്.ഇ.ബി. വഹിക്കും. സമ്മാനാർഹമാകുന്ന സ്കൂളിലെ ലാഭപ്രഭ കോ-ഓർഡിനേറ്റർമാരായ അധ്യാപകർക്ക് പ്രോത്സാഹനമായി ഓരോ സൗരോർജ്ജ റാന്തലും ബഹുമതി പത്രവും നൽകും.

  ലാഭപ്രഭ 2014 പദ്ധതിയിൽ 193000 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇവർ ഓരോരുത്തർക്കും ഓരോ സി.എഫ്.എൽ. വീതം നല്കാനുള്ള നടപടി പുരോഗമിക്കുന്നു. പദ്ധതിയുടെ സമ്മാനാർഹരെ നിശ്ചയിക്കാനായി വൈദ്യുതി ഉപഭോഗത്തിലുണ്ടായ വ്യത്യാസം കണക്കാക്കുന്നത് രണ്ട് വൈദ്യുതി ബില്ലുകളിലെ ഉപഭോഗത്തിലുണ്ടായ കുറവ് പരിഗണിച്ചാണ്. പദ്ധതിയിൽ പങ്കാളികളായ കുട്ടികളുടെ വിവരങ്ങൾ അതാത് സ്കൂളുകളിൽ നിന്ന് ലഭിച്ച ശേഷം സമ്മാനാർഹരെ കണ്ടെത്താൻ കഴിയും.

(ബി) പ്രസ്തുത പദ്ധതിയിൽ പങ്കാളികളായ സ്കൂളുകളിൽ നിന്ന് വിശദാംശങ്ങൾ ലഭിച്ചുകൊണ്ടിരിക്കുന്നു. ഇതു പൂർണ്ണമായി ലഭിച്ചു കഴിയുമ്പോൾ മാത്രമേ പൂർണ്ണ വിവരങ്ങൾ നൽകാൻ കഴിയുകയുള്ളൂ.

**കൊല്ലം പരവൂരിൽ ഇലക്ട്രിക്കൽ സബ് ഡിവിഷൻ ഓഫീസ്**

18 (2256) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിലെ പരവൂരിൽ മുമ്പ് ഇലക്ട്രിക്കൽ സബ് ഡിവിഷൻ ഓഫീസ് ഉണ്ടായിരുന്നത് സാങ്കേതിക കാരണങ്ങളാൽ നിറുത്തൽ ചെയ്തത്

ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) സംസ്ഥാനത്ത് ഇലക്ട്രിക്കൽ സബ് ഡിവിഷൻ ഓഫീസ് ഇല്ലാത്ത നഗരസഭകൾ ഉണ്ടോ ; വിശദാംശം അറിയിക്കുമോ ;

(സി) ഇലക്ട്രിക്കൽ സബ് ഡിവിഷൻ ഓഫീസ് ഇല്ലാത്ത മുനിസിപ്പാലിറ്റി എന്ന നിലയിൽ പരവൂർ ഇലക്ട്രിക്കൽ സെക്ഷൻ, പൂതക്കുളം ഇലക്ട്രിക്കൽ സെക്ഷൻ എന്നിവ ചേർത്ത് പരവൂരിൽ പുതിയ ഇലക്ട്രിക്കൽ സബ് ഡിവിഷൻ ഓഫീസ് ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. 2002-ൽ മേജർ സെക്ഷനുകൾ നിർത്തലാക്കി സബ് ഡിവിഷനുകൾ രൂപീകരിച്ചപ്പോൾ പരവൂർ മേജർ സെക്ഷൻ ഓഫീസ് പരവൂർ സെക്ഷൻ ഓഫീസാക്കുകയും അതിനെ ചാത്തന്നൂർ സബ് ഡിവിഷൻ പരിധിയിൽ ചേർക്കുകയും ചെയ്തു.

(ബി) പരവൂർ, ഒറ്റപ്പാലം, മട്ടന്നൂർ, ചാവക്കാട്, ഇരിങ്ങാലക്കുട, ഏലൂർ എന്നീ നഗരസഭകളിൽ ഇലക്ട്രിക്കൽ സബ് ഡിവിഷൻ ഓഫീസുകൾ ഇല്ല.

(സി) പരവൂർ, പൂതക്കുളം എന്നീ ഇലക്ട്രിക്കൽ സെക്ഷനുകൾ ഇപ്പോൾ ചാത്തന്നൂർ ഇലക്ട്രിക്കൽ സബ് ഡിവിഷൻ പരിധിയിലാണ്. ഈ സബ് ഡിവിഷനിൽ മൊത്തം നാല് സെക്ഷനുകൾ മാത്രമേ നിലവിലുള്ളൂ. ആകയാൽ പരവൂരിൽ ഒരു പുതിയ ഇലക്ട്രിക്കൽ സബ് ഡിവിഷൻ ആരംഭിക്കുന്ന കാര്യം പരിഗണനയിലില്ല.

**ഊർജ്ജ പ്രതിസന്ധിയും സൗരോർജ്ജ പാനലും**

19 (2257) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. എ. പി.അബ്ദുള്ളക്കുട്ടി :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഊർജ്ജ പ്രതിസന്ധി രൂക്ഷമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന്

വിശദമാക്കുമോ ;

(ബി) സൗരോർജ്ജ സംസ്കാരം വളർത്തുന്നതിന് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ ; പുതുതായി നിർമ്മിക്കുന്ന വീടുകളിൽ സൗരോർജ്ജ പാനൽ നിർബന്ധമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ വ്യക്തമാക്കുമോ ;

(സി) സൗരോർജ്ജം കൂടുതലായി ഉപയോഗിക്കാവുന്ന മേഖലകൾ കണ്ടെത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുന്നുവെന്ന് വ്യക്തമാക്കുമോ;

(ഡി) ചെലവ് കുറഞ്ഞ സൗരോർജ്ജ പാനലുകൾ ഉൽപാദിപ്പിക്കുന്നതിനുള്ള സാങ്കേതികവിദ്യ വികസിപ്പിക്കുന്നതിന് പദ്ധതി ഉണ്ടോ എന്ന് വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. സംസ്ഥാനത്ത് വർദ്ധിച്ചു വരുന്ന വൈദ്യുതി ഉല്പാദനത്തിന് ആനുപാതികമായി സംസ്ഥാനത്ത് പുതിയ വൈദ്യുത നിലയങ്ങൾ സ്ഥാപിച്ച് സ്ഥാപിതശേഷി വർദ്ധിപ്പിക്കാൻ കഴിയുന്നില്ല. സംസ്ഥാനത്തെ നിലയങ്ങളിൽ നിന്നുള്ള ആഭ്യന്തര ഉത്പാദനവും കേന്ദ്ര നിലയങ്ങളിൽ നിന്നും കേരളത്തിന് ലഭിക്കുന്ന വിഹിതത്തിനും പുറമേ ആവശ്യമായി വരുന്ന വൈദ്യുതി പവർ എക്സ്ചേഞ്ച്, പവർ ട്രേഡേഴ്സ് എന്നിവരിൽ നിന്നും കൂടിയ വിലയ്ക്ക് വാങ്ങിയാണ് ഇപ്പോൾ സംസ്ഥാനത്തിന്റെ പ്രതിദിന വൈദ്യുത ആവശ്യകത നിറവേറ്റുന്നത്. സംസ്ഥാനത്തിന്റെ സൗരോർജ്ജ സാധ്യതകൾ പരമാവധി പ്രയോജന പ്പെടുത്തുന്നതിനു വേണ്ടി 25-11-2013-ലെ സർക്കാർ ഉത്തരവ് (പി) 49/2013/ ഊ.വ. പ്രകാരം സൗരോർജ്ജ നയം രൂപീകരിച്ചിട്ടുണ്ട്.

നിലവിൽ വീടുകളിലും മറ്റും ഉപയോഗിക്കുന്ന ഇൻവർട്ടറുകൾ സൗരോർജ്ജത്തിലേക്ക് മാറ്റുക, ഉപയോഗ്യമല്ലാത്ത പ്രദേശങ്ങളിലും, കനാലുകൾ, ജലസംഭരണികൾ, ക്വാറികൾ തുടങ്ങിയവയിലും സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുക, സൗരോർജ്ജ പദ്ധതികൾ നടപ്പാക്കുന്ന സ്ഥാപനങ്ങളെ എംപാനൽ ചെയ്യുക, കെൽട്രോൺ തുടങ്ങിയ പൊതുമേഖലാ സ്ഥാപനങ്ങൾ സൗരോർജ്ജ സംവിധാനങ്ങളുടെ ബാലൻസ് ഓഫ് സിസ്റ്റം (പാനൽ ഒഴികെയുള്ള ഉപകരണങ്ങൾ) നിർമ്മിക്കാൻ പ്രോത്സാഹനം, സൗരോർജ്ജ വൈദ്യുതി

ഉത്പാദന സംവിധാനം, സൗരോർജ്ജ വാട്ടർ ഹീറ്ററുകൾ, സൗരോർജ്ജ സ്റ്റീം പാചകം എന്നിവ അനുയോജ്യമായ സ്ഥലങ്ങളിൽ നിർബന്ധമാക്കുക, സൗരോർജ്ജ പ്രോജക്ടുകളുടെ ഫണ്ടിംഗിനുള്ള വഴികൾ തുടങ്ങി ഒട്ടനവധി കാര്യങ്ങൾ സൗരോർജ്ജ നയത്തിൽ പ്രതിപാദിക്കുന്നുണ്ട്. 2000-നും 3000-നും ഇടയിൽ ചതുരശ്ര തറ വിസ്തീർണ്ണമുള്ള എല്ലാ പുതിയ ഗാർഹിക കെട്ടിടങ്ങളിലും 500 വാട്ട് സോളാർ വൈദ്യുതി പ്ളാന്റും നിർബന്ധമാക്കണമെന്ന് സൗരോർജ്ജ നയം വിഭാവനം ചെയ്യുന്നുണ്ട്. സൗരോർജ്ജ വൈദ്യുതി ഉത്പാദനവും ഉപഭോഗവും വർദ്ധിപ്പിക്കുന്നതിനായി അനെർട്ട് പതിനായിരം റൂഫ്ടോപ്പ് പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. ഇതുകൂടാതെ ശൃംഖലാ ബന്ധിത സൗരോർജ്ജ വൈദ്യുതി ഉത്പാദനം പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ട നടപടികളും അനെർട്ട് വിഭാവനം ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതികൾക്ക് സബ്സിഡിയും നൽകുന്നുണ്ട്. ഇതിനു പുറമേ കെ.എസ്.ഇ.ബി വഴി വിവിധ സൗരോർജ്ജ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

(സി) കേരളത്തിലെ ഉറസ്സായ, മറ്റാവശ്യങ്ങളില്ലാത്ത സ്ഥലലഭ്യതയുടെ പരിമിതികൂടി കണക്കിലെടുത്ത് തണലില്ലാത്ത വീടുകളുടെ മേൽക്കൂരകൾ സൗരോർജ്ജ ഉത്പാദനത്തിന് കൂടുതലായി ഉപയോഗപ്പെടുത്തുവാനാണ് ആലോചിക്കുന്നത്. ഇത് വൈദ്യുതി ഉത്പാദനത്തിനും വെള്ളം ചൂടാക്കുന്നതുൾപ്പെടെയുള്ള ഉയർന്ന താപം ആവശ്യമുള്ള കാര്യങ്ങൾക്കും ഉപയോഗപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്. ഇതിന്റെ ഭാഗമായി കെട്ടിടങ്ങളുടെ മേൽക്കൂരയിൽ സ്ഥാപിക്കുന്ന ചെറിയ സൗരവൈദ്യുത പ്ലാന്റുകളിൽ നിന്ന് ബാറ്ററിയിൽ സംഭരിച്ച് ഉപയോഗിക്കാവുന്ന രീതിയിലും ഗ്രിഡിലേക്ക് നൽകുന്ന രീതിയിലും അനെർട്ട് വഴി പരിപാടികൾ നടപ്പിലാക്കി വരുന്നുണ്ട്. സൗരോർജ്ജ വാട്ടർ ഹീറ്ററുകളുടെ പരിപാടിയും നടപ്പാക്കുന്നുണ്ട്. ഇവയ്ക്കൊക്കെ കേന്ദ്ര സർക്കാർ സഹായവും ലഭ്യമാകുന്നുണ്ട്.

(ഡി) ഇപ്പോൾ നിലവിലില്ല.

**ഊർജ്ജ സംരക്ഷണത്തിനായി നടപ്പിലാക്കുന്ന പദ്ധതികൾ**

20 (2258) <u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഊർജ്ജ സംരക്ഷണത്തിനായി നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ;

(ബി) എനർജി മാനേജ്മെന്റ് സെന്റർ മുഖേന ഊർജ്ജ സംരക്ഷണത്തിനായി നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ ?

<u>ഉത്തരം</u>

(എ) ഊർജ്ജ സംരക്ഷണത്തിനായി വൈദ്യുതി ബോർഡും ഇ.എം.സി.-യും വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. വൈദ്യുതി ഉപഭോഗം കുറയ്ക്കുന്നതിന്റെ പ്രാധാന്യം ബോധ്യപ്പെടുത്തുന്ന വിവിധ പ്രചാരണ പ്രവർത്തനങ്ങൾ പത്ര-ദൃശ്യ-ശ്രവ്യ മാധ്യമങ്ങളിലൂടെ നടപ്പിലാക്കി വരുന്നു. കേരളത്തിലുടനീളമുള്ള തെരഞ്ഞെടുക്കപ്പെട്ട തിയേറ്ററുകളിലും ദൃശ്യ മാധ്യമങ്ങളിലും ആകാശവാണിയിലും എഫ്.എം. ചാനലുകളിലും പ്രമുഖ സിനിമാ താരങ്ങളെ ഉൾപ്പെടുത്തി ഊർജ്ജ സംരക്ഷണ പരസ്യങ്ങൾ പ്രക്ഷേപണം ചെയ്തു. ഫെയ്സ് ബുക്ക് പോലുള്ള സോഷ്യൽ മീഡിയയിലൂടെ ഊർജ്ജ സംരക്ഷണത്തിന് വേണ്ടത്ര പ്രചാരണം നൽകുന്നു. മലയാള മനോരമയുമായി സഹകരിച്ച് കെ.എസ്.ഇ.ബി. ഊർജ്ജ സംരക്ഷണ സന്ദേശം പ്രചരിപ്പിക്കാൻ "ഊർജ്ജ സംരക്ഷണ നുറുങ്ങുകൾ" പദ്ധതി നടപ്പിലാക്കുന്നു. വേനൽക്കാലത്ത് വൈദ്യുതി ഉപയോഗം പരമാവധി കുറച്ച് ലോഡ്ഷെഡിംഗ്, പവർകട്ട് തുടങ്ങിയ നിയന്ത്രണങ്ങൾ ഒഴിവാക്കാൻവേണ്ടി ഊർജ്ജ സംരക്ഷണം ഒരു ദിനചര്യയാക്കാൻ ഉപഭോക്താക്കളെ നിരന്തരം ഓർമ്മിപ്പിക്കുകയും പ്രേരിപ്പിക്കുകയും സജ്ജമാക്കുകയും ചെയ്യുന്നതിന് വേണ്ടിയുള്ള കെ.എസ്.ഇ.ബി.-യുടെ ബൃഹത്തായ ഊർജ്ജ സംരക്ഷണ പ്രചാരണ പരിപാടിയാണ് ലാഭപ്രഭ 2014. ഊർജ്ജത്തിന്റെ കാര്യക്ഷമമായ ഉപയോഗത്തിലൂടെ ഊർജ്ജ ഉപയോഗത്തിന്റെ ചെലവ് കുറയ്ക്കുന്നതിനുവേണ്ടി എനർജി സേവിംഗ്സ് കോ-ഓഡിനേഷൻ ടീം (ഇ.എസ്.സി.ഒ.റ്റി.) കെ.എസ്.ഇ.ബി.-യിൽ രൂപീകരിച്ചിട്ടുണ്ട്.

(ബി) ഊർജ്ജ സംരക്ഷണത്തിനായി എനർജി മാനേജ്മെന്റ് സെന്റർ നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ താഴെപ്പറയുന്നവയാണ്.

1. വ്യവസായശാലകളിൽ ഊർജ്ജകാര്യക്ഷമത വർദ്ധിപ്പിക്കുന്നതിലേക്കായി നിർബന്ധ ഊർജ്ജ ആഡിറ്റിംഗ് (HT/EHT) ഉപഭോക്താക്കൾക്ക് നടപ്പിലാക്കി വരുന്നു.

2. വ്യവസായശാലകളിൽ ഊർജ്ജ ആഡിറ്റ് നടത്തുന്നതിനായി

ഇരുപത്തിയേഴോളം ഊർജ്ജ ആഡിറ്റർമാരെ എംപാനൽ ചെയ്തിട്ടുണ്ട്.

3. വ്യവസായശാലകളിൽ ഊർജ്ജ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിലേക്കായുള്ള പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനായി കെ.എഫ്.സി. മുഖാന്തരം 6% പലിശ നിരക്കിൽ വായ്പകൾ നൽകിവരുന്നു.

4. വിവിധ മേഖലകളിൽ ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിനായി വിവിധതരം ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ച് വരുന്നു.

5. സർക്കാർ ആഫീസുകളിൽ വൈദ്യുത ഉപഭോഗം കുറയ്ക്കുന്നതിനായി 29 സർക്കാർ ആഫീസുകളിൽ ഊർജ്ജ ആഡിറ്റിംഗ് നടത്തുകയും 7 സർക്കാർ ആഫീസുകളിൽ ഊർജ്ജ കാര്യക്ഷമത കുറഞ്ഞ ഉപകരണങ്ങൾ മാറ്റി പകരം വൈദ്യുത ഉപഭോഗം കുറഞ്ഞ ഊർജ്ജ കാര്യക്ഷമത കൂടിയ ഉപകരണങ്ങൾ സ്ഥാപിക്കുകയും ചെയ്തു.

6. ഗാർഹിക മേഖലയിൽ ഊർജ്ജ ഉപഭോഗം കുറയ്ക്കുന്നതിലേക്കായി ഊർജ്ജ ക്ലിനിക് പ്രോഗ്രാം, വിദ്യാർത്ഥികളിൽ ഊർജ്ജ സംരക്ഷണ അവബോധം വളർത്തുന്നതിലേക്കായി സ്മാർട്ട് എനർജി പ്രോഗ്രാം, ഇതിനുപുറമേ ഊർജ്ജ സംരക്ഷണവുമായി ബന്ധപ്പെട്ട് വിവിധയിനം മത്സര പരിപാടികൾ എന്നിവ നടപ്പിലാക്കി വരുന്നു.

7. വിവിധ മേഖലകളിൽ ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ മികച്ച രീതിയിൽ നടപ്പിലാക്കി വരുന്ന സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും കേരള സംസ്ഥാന ഊർജ്ജ സംരക്ഷണ അവാർഡ് നൽകി ആദരിക്കുന്ന ഒരു പദ്ധതിയും നടപ്പിലാക്കി വരുന്നുണ്ട്.

8. ഊർജ്ജ കാര്യക്ഷമത കൂടിയ തെരുവു വിളക്കുകളുടെ പ്രചാരം വർദ്ധിപ്പിക്കുന്നതിനായി കേരളത്തിലെ 60 മുനിസിപ്പാലിറ്റികളിലും

5 കോർപ്പറേഷനുകളിലും 45 watts ശേഷിയുള്ള 100 വീതം എൽ.ഇ.ഡി. അധിഷ്ഠിതമായ തെരുവു വിളക്കുകൾ സ്ഥാപിച്ചു പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്.

കൂടാതെ കേന്ദ്ര സർക്കാരിന്റെ ഊർജ്ജ മന്ത്രാലയത്തിനു കീഴിൽ പ്രവർത്തിക്കുന്ന ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസി (BEE) എന്ന സ്ഥാപനത്തിന്റെ ധനസഹായത്തോടെ കേരളത്തിൽ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

എൽ.ഇ.ഡി. വില്ലേജ് പ്രോഗ്രാം :

- പാലക്കാട് ജില്ല - പെരുങ്ങാട്ടുകുറിശ്ശി പഞ്ചായത്തിലെ ആയക്കുറിശ്ശി വാർഡ്.
- മലപ്പുറം ജില്ല - നിലമ്പൂർ മുനിസിപ്പാലിറ്റിയിലെ ഒരു വാർഡ്.
- ആലപ്പുഴ ജില്ല - ആലപ്പുഴ മുനിസിപ്പാലിറ്റിയിലെ പള്ളാത്തുരിത്തി വാർഡ്
- തിരുവനന്തപുരം ജില്ല-വിതുര ഗ്രാമപഞ്ചായത്തിലെ ഒരു വാർഡ്.

തിരുവനന്തപുരത്ത് വെള്ളയമ്പലം മുതൽ വഴുതക്കാട് വരെ 100 watts-ന്റെ 70 LED തെരുവു വിളക്കുകൾ. തിരുവനന്തപുരം നഗരസഭ പരിധിയ്ക്കുള്ളിൽ 45 watts-ന്റെ 500 LED തെരുവു വിളക്കുകൾ.

**നാട്ടിക നിയോജകമണ്ഡലത്തിന്റെ സമ്പൂർണ്ണ വൈദ്യുതീകരണം**

21 (2259) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാട്ടിക നിയോജക മണ്ഡലത്തിന്റെ സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പാക്കുന്നതിന് എന്തെങ്കിലും നിർദ്ദേശങ്ങൾ നിലവിലുണ്ടോ ;

(ബി) സമ്പൂർണ്ണമായി വൈദ്യുതീകരിച്ച മണ്ഡലമായി നാട്ടികയെ മാറ്റാനുള്ള പദ്ധതി സമർപ്പിച്ചാൽ പരിഗണിക്കുമോ ;

(സി) സംവരണ മണ്ഡലങ്ങൾക്ക് ഇക്കാര്യത്തിൽ എന്തെങ്കിലും മുൻഗണന നിലവിലുണ്ടോ ; ഇല്ലെങ്കിൽ മുൻഗണന നല്കാനായുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 2009-ൽ നാട്ടിക നിയോജക മണ്ഡലത്തെ സമ്പൂർണ്ണ വൈദ്യുതീകരണം

നടപ്പിലാക്കിയതായി പ്രഖ്യാപിച്ചിട്ടുള്ളതാണ്. മണ്ഡലം തിരിച്ചുള്ള സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി ഇപ്പോൾ നിലവിലില്ല.

(ബി) 3-12-2014-ലെ കണക്കനുസരിച്ച് നാട്ടിക നിയോജക മണ്ഡലത്തിൽ സർവ്വീസ് കണക്ഷനുകൾക്കായി രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ അപേക്ഷകർക്കും വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ട്. ഇനിയും വൈദ്യുതീകരിക്കാത്ത വീടുകൾക്ക് അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് എസ്റ്റിമേറ്റ് എടുത്തു നൽകുന്നതും ടി തുക ഒടുക്കുന്ന മുറയ്ക്ക് വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതുമാണ്. അപ്രകാരം സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കിയ മണ്ഡലമായി നാട്ടികയെ മാറ്റുന്നതിനുള്ള പദ്ധതി സമർപ്പിച്ചാൽ പരിഗണിക്കാവുന്നതാണ്.

(സി) ഇല്ല. ബാധകമല്ല.

**വൈദ്യുതി ഉപഭോഗം കുറയ്ക്കുന്നതിനും സൗരോർജത്തിന് മുൻതൂക്കം നൽകുന്നതിനും നിയമനിർമ്മാണം**

22 (2260) ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. പാലോട് രവി :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി ഉപഭോഗം കുറയ്ക്കുന്നതിനും സൗരോർജത്തിന് മുൻതൂക്കം നൽകി ഉത്പാദനം വർദ്ധിപ്പിക്കുന്നതിനുമുതകുന്ന വിധത്തിൽ നിയമനിർമ്മാണം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങളെന്തെല്ലാം;

(സി) എത്ര ചതുരശ്ര അടി വിസ്തീർണ്ണമുള്ള വീടുകൾക്കാണ് പ്രസ്തുത നിയമം ബാധകമാക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) പ്രസ്തുത വിഷയം സംബന്ധിച്ച നിയമ നിർമ്മാണ പ്രക്രിയ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ) 25-11-2013-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 49/2013/ഊ.വ. ഉത്തരവു പ്രകാരം രൂപം നൽകിയ സൗരോർജ്ജ നയത്തിന്റെ ചുവടു പിടിച്ച് നിയമ നിർമ്മാണം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) സൗരോർജ്ജ നയത്തിൽ 2017-ഓടെ 500 മെഗാവാട്ടും 2030 ഓടെ 2500 മെഗാവാട്ടും സൗരോർജ്ജ വൈദ്യുതി ഉത്പാദന ശേഷിയാണ് ലക്ഷ്യമിട്ടിട്ടുള്ളത്. സൗരോർജ്ജ വൈദ്യുത പ്ലാന്റുകൾ വൈദ്യുതി ശൃംഖലയുമായി ബന്ധിപ്പിക്കുന്നതിന് കേന്ദ്ര വൈദ്യുതി അതോറിറ്റി നോട്ടിഫൈ ചെയ്തിട്ടുള്ള സാങ്കേതിക മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ഇതുസംബന്ധിച്ച നടപടി ചട്ടങ്ങളുടെ കരട് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇത് അന്തിമമാക്കി ഉടൻ പ്രസിദ്ധീകരിക്കുന്നതു വഴി സംസ്ഥാനത്ത് സൗരോർജ്ജ വൈദ്യുതി ഉൽപ്പാദനത്തിൽ ഒരു കുതിച്ചുചാട്ടം ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. പരിശീലന പദ്ധതി നടപ്പാക്കി സൗരോർജ്ജ സംവിധാനങ്ങൾ വ്യാപിപ്പിക്കുന്നതിനും പരിപാലിക്കുന്നതിനുമുള്ള മാനുഷിക വിഭവശേഷി സൃഷ്ടിക്കുക, സോളാർ സംവിധാനങ്ങൾ വ്യാപിപ്പിക്കുന്നതിലേക്കായി സംസ്ഥാനത്ത് തൊഴിൽ സംരംഭകരെയും വ്യവസായങ്ങളെയും പ്രോത്സാഹിപ്പിക്കുക, വൈദ്യുതോല്പാദന രംഗത്ത് ഗവേഷണ വികസന പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകുക തുടങ്ങിയവയ്ക്ക് സൗരോർജ്ജ നയം ലക്ഷ്യമിട്ടിട്ടുണ്ട്.

(സി) 2000 Sq.ft. അധികം തറ വിസ്തീർണ്ണമുള്ള ഗാർഹിക കെട്ടിടങ്ങളിൽ സൗരോർജ്ജ ഉപയോഗം നിർബന്ധമാക്കാനാണ് ഉദ്ദേശിക്കുന്നത്. 2000 മുതൽ 3000 Sq. ft. തറ വിസ്തീർണ്ണമുള്ള എല്ലാ പുതിയ ഗാർഹിക കെട്ടിടങ്ങളിലും 500 വാട്ട് സൗരോർജ്ജ വൈദ്യുതി പ്ളാന്റും 3000-ത്തിലേറെ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളിൽ 1000 വാട്ട് സൗരോർജ്ജ വൈദ്യുത പ്ളാന്റുകളും നിർബന്ധമാക്കണമെന്ന് സൗരോർജ്ജനയം വിഭാവനം ചെയ്യുന്നു.

(ഡി) സൗരോർജ്ജ നയത്തിൽ അതിന്റെ നടത്തിപ്പിനായി ഒരു സംസ്ഥാനതല എംപവേഡ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. നിയമനിർമ്മാണ നടപടികൾ സംബന്ധിച്ച് ആദ്യഘട്ട ചർച്ച നടക്കുകയും ചെയ്തു.

**ഗാർഹിക വൈദ്യുതി നിരക്ക് വർദ്ധന**

23 (2261) <u>ശ്രീമതി കെ. എസ്. സലീഖ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ ഓരോ വിഭാഗത്തിനുമുള്ള താരിഫ് പ്രകാരമുള്ള വൈദ്യുതി നിരക്ക് എത്രയായിരുന്നു എന്നും 2014 നവംബർ മാസത്തിലെ നിരക്ക് എത്ര എന്നും വ്യക്തമാക്കുമോ ;

(ബി) ഈ സർക്കാർ നാളിതുവരെ എത്ര തവണ വൈദ്യുതി നിരക്കു കൂട്ടി

എന്നും ഓരോ പ്രാവശ്യവും കൂട്ടിയ തുക എത്ര വീതം എന്നും വ്യക്തമാക്കുമോ ;

(സി) വൈദ്യുതി വകുപ്പിൽ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മറ്റ് ഏതെല്ലാം ഇനങ്ങളിൽ ചാർജ്ജുകൾ വർദ്ധിപ്പിച്ചിട്ടുണ്ട് ; വിശദാംശം വ്യക്തമാക്കുമോ ;

(ഡി) ഈ സർക്കാർ 2015 ജനുവരി മുതൽ വീണ്ടും വൈദ്യുതി നിരക്ക് വർദ്ധിപ്പിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഇതിനെ വൈദ്യുതി റഗുലേറ്ററി കമ്മീഷൻ എതിർത്തിട്ടുണ്ടോ ; ആയതു മറികടക്കാൻ കേന്ദ്ര വൈദ്യുതി റഗുലേറ്ററി കമ്മീഷനെ സമീപിച്ചുവോ ; എങ്കിൽ പ്രസ്തുത കമ്മീഷന്റെ നിഗമനം എന്താണ് ; വിശദാംശം വ്യക്തമാക്കുമോ ;

(ഇ) വൈദ്യുതി ബോർഡിന്റെ ധൂർത്ത് ഒഴിവാക്കിയും, കുടിശ്ശിക തുക പിരിച്ചെടുത്തും, വൈദ്യുതി ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതിനു പകരം വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ച് ജനങ്ങൾക്ക് ദുരിതം ഉണ്ടാക്കാനുള്ള സർക്കാർ നടപടി പുനഃപരിശോധിക്കുമോ ; വിശദാംശം വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) വിശദാംശങ്ങൾ അനുബന്ധം 1 ആയി കൊടുത്തിരിക്കുന്നു.*

(ബി) നിലവിലുള്ള സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2012 ജൂലായ് 1 -ാം തീയതി മുതലും, 2013 മേയ് 1 മുതലും, 2014 ഓഗസ്റ്റ് 16 -ാം തീയതി മുതലും 3 പ്രാവശ്യം വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം ആയി കൊടുത്തിട്ടുണ്ട്.*

(സി) വൈദ്യുതി ചാർജ്ജ് വർദ്ധനവിനു പുറമേ, കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ ഉപഭോക്താക്കൾക്ക് ഏർപ്പെടുത്തിയ ഇന്ധന സർചാർജ്ജിന്റെ വിശദ വിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| കാലയളവ് | നിരക്കുകൾ |
|---|---|
| 2011 ഒക്ടോബർ മുതൽ 2012 മാർച്ച് വരെ | മാസം 120 യൂണിറ്റ് വരെ ഉപയോഗിക്കുന്ന ഗാർഹിക ഉപഭോക്താക്കൾ - സർചാർജ്ജ് ഇല്ല. മറ്റെല്ലാ ഉപഭോക്താക്കൾക്കും യൂണിറ്റൊന്നിന് 25 പൈസാ നിരക്കിൽ |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

| | |
|---|---|
| 2012 ഏപ്രിൽ മുതൽ 2012 സെപ്റ്റംബർ വരെ | മാസം 120 യൂണിറ്റ് വരെ ഉപയോഗിക്കുന്ന ഗാർഹിക ഉപഭോക്താക്കൾ - സർചാർജ്ജ് ഇല്ല. മറ്റെല്ലാ ഉപഭോക്താക്കൾക്കും യൂണിറ്റൊന്നിന് 25 പൈസാ നിരക്കിൽ |
| 2012 ഒക്ടോബർ മുതൽ 2012 ഡിസംബർ വരെ | മാസം 120 യൂണിറ്റ് വരെ ഉപയോഗിക്കുന്ന ഗാർഹിക ഉപഭോക്താക്കൾ - സർചാർജ്ജ് ഇല്ല. മറ്റെല്ലാ ഉപഭോക്താക്കൾക്കും യൂണിറ്റൊന്നിന് 25 പൈസാ നിരക്കിൽ |
| 2013 ജനുവരി മുതൽ 2013 മാർച്ച് വരെ | എല്ലാ വിഭാഗം ഉപഭോക്താക്കൾക്കും യൂണിറ്റൊന്നിന് 10 പൈസാ നിരക്കിൽ. |

ഇതിനു പുറമേ സംസ്ഥാനത്തു നിലനിന്നിരുന്ന രൂക്ഷമായ വൈദ്യുതി പ്രതിസന്ധി കണക്കിലെടുത്ത്, 2012 ഏപ്രിൽ-മേയ് മാസങ്ങളിൽ ഉപഭോക്താക്കളുടെ മേൽ വൈദ്യുതി നിയന്ത്രണം ഏർപ്പെടുത്തുകയും, നിയന്ത്രണത്തിനു മുകളിൽ കൂടുതലായി ഉപയോഗിക്കുന്ന ഓരോ യൂണിറ്റിനും 10 രൂപാ നിരക്കിൽ വൈദ്യുതി ചാർജ് ഈടാക്കാനും വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ ബോർഡിനു അനുമതി നൽകിയിരുന്നു. 2012 ജൂൺ 1-ാം തീയതി മുതൽ ഇതൊഴിവാക്കുകയും ചെയ്തിരുന്നു.

2012 ഡിസംബർ 15- ാം തീയതി മുതൽ 2013 മേയ് വരെയുള്ള കാലയളവിൽ സംസ്ഥാനത്തെ രൂക്ഷമായ വൈദ്യുതി പ്രതിസന്ധി കണക്കിലെടുത്ത്, ഉപഭോക്താക്കളുടെ മേൽ വൈദ്യുതി ഉപയോഗത്തിന് നിയന്ത്രണം ഏർപ്പെടുത്തുകയും നിയന്ത്രണ പരിധിക്കു മുകളിൽ ഉപയോഗിക്കുന്ന ഓരോ യൂണിറ്റ് വൈദ്യുതിക്കും അതതു വിഭാഗത്തിനുള്ള എനർജി ചാർജ്, നിലവിലെ നിരക്കിനു പുറമേ ഈടാക്കാനും സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ ബോർഡിന് അനുവാദം നൽകിയിരുന്നു. പ്രസ്തുത നിയന്ത്രണം, 2013 ജൂൺ 1-ാം തീയതി മുതൽ ഒഴിവാക്കിയിരുന്നു. നിലവിൽ സംസ്ഥാനത്ത് ഇന്ധന സർചാർജ്ജോ അധിക ഉപഭോഗത്തിന് പ്രത്യേക നിരക്കോ ഏർപ്പെടുത്തിയിട്ടില്ല.

കൂടാതെ, സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ അംഗീകാരത്തോടെ, സർവ്വീസ് കണക്ഷൻ ഉൾപ്പെടെയുള്ള വിതരണ ജോലികളുടെ നിരക്കുകൾ പരിഷ്കരിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ അനുബന്ധം ആയി കൊടുത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

എന്നാൽ, ഗാർഹിക ഉപഭോക്താക്കൾ ഉൾപ്പെടെയുള്ള എല്ലാ വിഭാഗം ലോ ടെൻഷൻ ഉപഭോക്താക്കളുടെ വൈദ്യുതി മീറ്ററുകളുടെ വാടക, 1-10-2014 മുതൽ കുറച്ചിട്ടുണ്ട്. വിശദവിവരങ്ങൾ താഴെ കൊടുത്തിരിക്കുന്ന പട്ടികയിൽ വിശദമാക്കിയിരിക്കുന്നു.

| ഇനം | ഈ സർക്കാർ അധികാരത്തിൽ വന്നപ്പോഴുണ്ടായിരുന്ന നിരക്ക് (രൂപ/കൺസ്യൂമർ /മാസം) | ഇപ്പോഴത്തെ നിരക്ക് (രൂപ/കൺസ്യൂമർ/ മാസം) |
|---|---|---|
| സിംഗിൾ ഫേസ് മീറ്റർ | 10 | 6 |
| ത്രീ ഫേസ് മീറ്റർ | 20 | 15 |
| ത്രീ ഫേസ് സി.റ്റി. മീറ്റർ | 75 | 30 |
| ത്രീ ഫേസ്, സ്റ്റാറ്റിക് ട്രൈവെക്ടർ എനർജി മീറ്റർ (ABT facility ഉൾപ്പെടെ) | - | 1000 |

(ഡി) ഇല്ല. സംസ്ഥാനത്ത് വൈദ്യുതി നിരക്കുകൾ നിർണ്ണയിക്കുന്നതിനുള്ള പരിപൂർണ്ണാധികാരം സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷനിൽ നിക്ഷിപ്തമാണ്. 2015 ജനുവരി മുതൽ താരിഫ് പരിഷ്കരിക്കുന്നതിനുള്ള യാതൊരു നിർദ്ദേശങ്ങളും വൈദ്യുതി ബോർഡ് റെഗുലേറ്ററി കമ്മീഷനു മുമ്പാകെ സമർപ്പിച്ചിട്ടില്ല. എന്നാൽ 2014 ഏപ്രിൽ മുതൽ ജൂൺ വരെയുള്ള കാലയളവിലേക്കും, 2014 ജൂലൈ മുതൽ സെപ്തംബർ വരെയുള്ള കാലയളവിലേക്കും, സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ (KSERC) അംഗീകരിച്ച വിവിധ സ്രോതസ്സുകളിൽ നിന്നും വൈദ്യുതി വാങ്ങിയ ഇനത്തിൽ, ഇന്ധന വിലയിലുണ്ടായ അധിക ബാധ്യതയായ 32.39 കോടി രൂപയും 34.95 കോടി രൂപയും, ഇന്ധന സർചാർജ്ജായി ഈടാക്കാൻ വൈദ്യുതി ബോർഡ് കമ്മീഷൻ മുമ്പാകെ പെറ്റീഷനുകൾ സമർപ്പിച്ചിട്ടുണ്ട്. എന്നാൽ ടി കാര്യത്തിൽ കമ്മീഷൻ തീരുമാനങ്ങൾ എടുത്തിട്ടില്ല.

(ഇ) വൈദ്യുതി ബോർഡ് പ്രതീക്ഷിക്കുന്ന റവന്യൂ കമ്മിയുടെ ഒരു ഭാഗം മാത്രമേ താരിഫ് വർദ്ധനവിലൂടെ നികത്തുന്നതിന് റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ

സമർപ്പിക്കാറുള്ളൂ. ബോർഡിന്റെ കാര്യക്ഷമത വർദ്ധിപ്പിച്ചും, അത്യാവശ്യമല്ലാത്ത ചെലവുകൾ ഒഴിവാക്കിയും/ചുരുക്കിയും റവന്യൂ കളക്ഷൻ മെച്ചപ്പെടുത്തിയും, പ്രസരണ-വിതരണ നഷ്ടം പരമാവധി കുറച്ചുമാണ് ബാക്കി കമ്മി നികത്തുന്നത്.

## വൈദ്യുതി ഉൽപാദന പദ്ധതികൾ

24 (2262) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി വൈദ്യുതി ഉൽപാദന പദ്ധതികൾ ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ അവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ബി) നിലവിലുള്ള വൈദ്യുതി പദ്ധതികളിൽ ഉത്പാദനശേഷി വർദ്ധിപ്പിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) പ്രതിവർഷം ഉപഭോക്താക്കളുടെ എണ്ണത്തിലുള്ള വർധനവും പുറമെ നിന്നും വാങ്ങുന്ന വൈദ്യുതിയുടെ കുറവും പരിഗണിച്ച് സംസ്ഥാനത്ത് പുതിയ പദ്ധതികൾ ആരംഭിക്കുവാൻ നടപടികൾ സ്വീകരിക്കുമോ ?

### ഉത്തരം

(എ&ബി) 36.06 മെഗാവാട്ട് സ്ഥാപിത ശേഷിയുള്ള 10 പദ്ധതികൾ കമ്മീഷൻ ചെയ്തിട്ടുണ്ട്. ഇതിൽ 2 പുനരുദ്ധാരണ പദ്ധതികളും ഉൾപ്പെടുന്നു. ഈ പദ്ധതികളിൽ നിന്നും പ്രതിവർഷം 85.07 മില്യൺ യൂണിറ്റ് വൈദ്യുതി ഉൽപ്പാദനം നടത്താൻ കഴിയും. വിശദാംശങ്ങൾ അനുബന്ധം ആയി ചേർക്കുന്നു.*

(സി) നടപടി സ്വീകരിച്ചിട്ടുണ്ട്. പുതുതായി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം ആയി ചേർക്കുന്നു.*

## ഗാർഹിക വൈദ്യുതി നിരക്കുകളുടെ വർദ്ധന

25 (2263) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2011 മാർച്ചിൽ നിലവിലുണ്ടായിരുന്ന ഗാർഹിക വൈദ്യുതി നിരക്കുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ ഏറ്റവും ഒടുവിൽ പുറപ്പെടുവിച്ച താരിഫ് ഉത്തരവു പ്രകാരമുള്ള ഗാർഹിക വൈദ്യുതി നിരക്കുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) പ്രതിമാസം ശരാശരി 40 യൂണിറ്റ് മുതൽ 150 യൂണിറ്റ് വരെ വൈദ്യുതി ഉപയോഗിക്കുന്നവരുടെ അംഗീകൃത വൈദ്യുതി നിരക്കുകളിൽ എത്ര ശതമാനം വർദ്ധനവ് ഈ കാലയളവിനുള്ളിൽ ഉണ്ടായിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(ഡി) നിലവിലുള്ള വൈദ്യുതി നിരക്കുകളിൽ ഗവൺമെന്റ് സബ്സിഡി പ്രകാരമുള്ള ഇളവ് ഏതെങ്കിലും വിഭാഗങ്ങൾക്ക് അനുവദിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഇ) ഇപ്രകാരം ഇളവ് അനുവദിക്കുന്നതിനായി പ്രതിമാസം എന്തു തുകയാണ് ഗവൺമെന്റ് കെ.എസ്.ഇ.ബി-ക്ക് നൽകേണ്ടത് ; ഇതിൽ എത്ര തുക ഇതിനകം നൽകിയിട്ടുണ്ട് ; ബാക്കി തുക എത്ര ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

## ഉത്തരം

(എ)

| പ്രതിമാസ ഉപഭോഗം (യൂണിറ്റിൽ) | നിരക്ക് (രൂപാ /യൂണിറ്റ്) |
|---|---|
| 0-40 | 1.15 |
| 41-80 | 1.90 |
| 81-120 | 2.40 |
| 121-150 | 3.00 |
| 151-200 | 3.65 |
| 201-300 | 4.30 |
| 301-500 | 5.30 |
| 500 യൂണിറ്റിനു മുകളിൽ | 5.45 |

(ബി) 16-8-2014 മുതൽ പ്രാബല്യത്തിൽ വന്ന ഉത്തരവ് പ്രകാരമുള്ള ഗാർഹിക വൈദ്യുതി നിരക്കുകൾ താഴെ കൊടുത്തിരിക്കുന്നു.

| പ്രതിമാസ ഉപഭോഗം | നിരക്ക് (രൂപാ/യൂണിറ്റ്) | കുറിപ്പ് |
|---|---|---|
| 40 യൂണിറ്റ് വരെ | 1.50 | 1000 വാട്ട്സ് വരെ കണക്റ്റഡ് ലോഡുള്ള BPL ഉപഭോക്താക്കൾക്ക് മാത്രം ബാധകം |
| 50 യൂണിറ്റ് വരെ | 2.80 | ടെലിസ്കോപ്പിക് |
| 51 മുതൽ 100 യൂണിറ്റ് വരെ | 3.20 | |
| 101 മുതൽ 150 യൂണിറ്റ് വരെ | 4.20 | |
| 151 മുതൽ 200 യൂണിറ്റ് വരെ | 5.80 | |
| 201 മുതൽ 250 യൂണിറ്റ് വരെ | 7.00 | |
| 251 മുതൽ 300 യൂണിറ്റ് വരെ | 5.00 | നോൺ ടെലിസ്കോപ്പിക് |
| 301 മുതൽ 350 യൂണിറ്റ് വരെ | 5.70 | |
| 351 മുതൽ 400 യൂണിറ്റ് വരെ | 6.10 | |
| 401 മുതൽ 500 യൂണിറ്റ് വരെ | 6.70 | |
| 500 -ന് മുകളിൽ | 7.50 | |

(സി) വിവരം താഴെ കൊടുത്തിരിക്കുന്നു.

| പ്രതിമാസ ഉപഭോഗ സ്ലാബുകൾ (യൂണിറ്റ് അടിസ്ഥാനത്തിൽ) | 2012 ജൂൺ 30 വരെയുള്ള നിരക്ക് | 2012 ജൂലൈ 1 മുതൽ 2013 ഏപ്രിൽ 30 വരെയുള്ള നിരക്ക് | വർദ്ധനവ് % | 2013 മേയ് 1 മുതൽ 2014 ആഗസ്റ്റ് 15 വരെയുള്ള നിരക്ക് | വർദ്ധനവ് % | 2014 ആഗസ്റ്റ് 16 മുതൽ നിലവിലുള്ള നിരക്ക് | വർദ്ധനവ് % |
|---|---|---|---|---|---|---|---|
| 0-40 | 1.15 | 1.50 | 30.43 | 1.50* Slab | 0 | 1.50** Slab | |
| 41-80 | 1.90 | 2.40 | 26.31 | 0-80 2.20 | ശരാശരി 27% | 0-50 2.80 | 27.27 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 81-120 | 2.40 | 2.90 | 20.83 | 3.00 | ശരാശരി 10% | 51-100 | 3.20 | 27.2% |
| 121-150 | 3.00 | 3.60 | 20.00 | 3.80 | 8% | 101-150 | 4.20 | ശരാശരി 22% |

*പ്രതിമാസം 40 യൂണിറ്റ് വരെ വൈദ്യുതി ഉപയോഗിക്കുന്നവർക്ക് മാത്രം ബാധകം

**പ്രതിമാസം 40 യൂണിറ്റ് വരെ ഉപയോഗിക്കുന്ന 1000 വാട്ട്സ് വരെ കണക്ടഡ് ലോഡുള്ള ബി.പി.എൽ. ഉപഭോക്താക്കൾക്ക് മാത്രം ബാധകം.

(ഡി) ഉണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുത്തിരിക്കുന്നു.

| വിഭാഗം | സബ്സിഡി നിരക്ക് |
|---|---|
| 1. എനർജി ചാർജ്ജ് : | |
| (a) പ്രതിമാസം 40 യൂണിറ്റ് വരെ ഉപഭോഗമുള്ള ഗാർഹിക ഉപഭോക്താക്കൾ | യൂണിറ്റൊന്നിന് 35 പൈസ |
| (b) പ്രതിമാസം 41 യൂണിറ്റ് മുതൽ 120 യൂണിറ്റ് വരെ ഉപഭോഗമുള്ള ഗാർഹിക ഉപഭോക്താക്കൾ | 40 യൂണിറ്റ് വരെ യൂണിറ്റൊന്നിന് 35 പൈസയും 41 മുതൽ യൂണിറ്റൊന്നിന് 50 പൈസയും |
| (c) കാർഷിക ഉപഭോക്താക്കൾ | യൂണിറ്റൊന്നിന് 85 പൈസ |
| 2. ഫിക്സഡ് ചാർജ്ജ് : | |
| 120 യൂണിറ്റ് വരെ പ്രതിമാസം ഉപയോഗിക്കുന്ന ഗാർഹിക ഉപഭോക്താക്കൾ | പ്രതിമാസം 20 രൂപ |

(ഇ) ഇപ്രകാരം ഇളവ് അനുവദിക്കുന്നതിലൂടെ ബോർഡിനുണ്ടായ നഷ്ടം നികത്തുന്നതിനായി 2012 ജൂലൈ മുതൽ പ്രതിമാസം 25 കോടി രൂപയും 2013-14-ലെ നിരക്ക വർദ്ധനവിൽ നിന്ന് മുകളിൽ സൂചിപ്പിച്ച വിഭാഗം ഉപഭോക്താക്കളെ മൂന്ന മാസം ഒഴിവാക്കുന്നതിനായി 30.24 കോടി രൂപയും അനുവദിക്കാൻ തീരുമാനമായി. ഇപ്രകാരം ആകെ ലഭിക്കേണ്ടതും ലഭിച്ചതുമായ തുകയുടെ വിശദവിവരം ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| 2012-13 | 9 മാസം × ₹ 25 കോടി | ₹ 225 കോടി |

| | | |
|---|---|---|
| 2013-14 | 12 മാസം × ₹ 25 കോടി | ₹ 300 കോടി |
| | 3 മാസം × ₹ 10.08 കോടി | ₹ 30.24 കോടി |
| 2014-15 | 12 മാസം × ₹ 25 കോടി | ₹ 300 കോടി |
| | ആകെ ലഭിക്കേണ്ടത് | ₹ 855.24 കോടി |
| | ആകെ ലഭിച്ചത് | ₹ 175.00 കോടി |

കൂടാതെ 2014-15-ലെ ഒന്നാം ഉപധനാഭ്യർത്ഥനയിൽ 50 കോടി രൂപയും ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത തുകയും ബോർഡിന് നാളിതുവരെ ലഭ്യമായിട്ടില്ല. ഇപ്രകാരം ആകെ 680.24 കോടി രൂപ ബോർഡിന് ലഭിക്കാനുണ്ട്.

**വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കാൻ നടപടി**

26 (2264) <u>ശ്രീ. എം. ഹംസ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(ബി) 1-7-2011 മുതൽ 31-10-14 വരെ സംസ്ഥാന വിദ്യുച്ഛക്തി ബോർഡ് എത്ര വൈദ്യുതി ഉല്പാദിപ്പിച്ചു ; ഇതിൽ പുതുതായി ഉല്പാദിപ്പിക്കപ്പെട്ട വിദ്യുച്ഛക്തി എത്ര ; ഏതെല്ലാം പദ്ധതികളിൽ നിന്നാണ് ഉല്പാദനം നടത്തിയത് ; വിശദാംശം നൽകാമോ ;

(സി) പ്രസരണ ശേഷി വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കാമോ ;

(ഡി) ഉല്പാദനവും, ഉപഭോഗവും തമ്മിൽ താരതമ്യം ചെയ്യുമ്പോൾ എത്ര കുറവാണ് ഉല്പാദന മേഖലയിൽ അനുഭവപ്പെടുന്നത്; ഉല്പാദന കമ്മി എങ്ങനെയാണ് നികത്തുന്നത് ; വിശദാംശം ലഭ്യമാക്കുമോ ;

(ഇ) വൈദ്യുതി കമ്മി കുറച്ചു വരുന്നതിനായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദീകരിക്കുമോ ?

<u>ഉത്തരം</u>

(എ) വൻകിട ജലവൈദ്യുത പദ്ധതികൾ പരിസ്ഥിതി കാരണങ്ങളാൽ അനുമതി നിഷേധിക്കപ്പെടുന്ന സാഹചര്യത്തിൽ ചെറുകിട ജല വൈദ്യുത

പദ്ധതികളിൽ പരമാവധി ശ്രദ്ധ കേന്ദ്രീകരിക്കുന്നു. നവീകരിക്കാവുന്ന സ്രോതസ്സുകളായ സൗരോർജ്ജം, കാറ്റ് എന്നിവയിൽ നിന്നുള്ള ഉൽപ്പാദനവും പരമാവധി ആക്കാൻ ശ്രമം നടപ്പാക്കുന്നു. അതിരപ്പിള്ളി 163 മെഗാവാട്ട് പദ്ധതിയുടെ പാരിസ്ഥിതിക അനുമതി വിഷയം പുനഃപരിശോധിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഉൽപ്പാദനം നിയന്ത്രിക്കാവുന്ന തരത്തിൽ ഇന്ധനങ്ങളെ ആശ്രയിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനെക്കുറിച്ചുള്ള ഊർജ്ജിത ശ്രമങ്ങൾ നടത്തി വരുന്നു. കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ പരിഗണനയിലുള്ള വൈദ്യുത ഉൽപ്പാദന പദ്ധതികൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) 24563 മില്യൺ യൂണിറ്റ് ഉൽപ്പാദിപ്പിച്ചു. ഇതിൽ പുതുതായി പൂർത്തിയാക്കിയ പദ്ധതികളിൽ നിന്നുള്ള വാർഷിക ഉൽപ്പാദന ശേഷി 42.57 മില്യൺ യൂണിറ്റും ഉല്പാദിപ്പിക്കപ്പെട്ട വൈദ്യുതി 32.266 മില്യൺ യൂണിറ്റുമാണ്. കെ.എസ്.ഇ.ബി.-യുടെ ഉൽപ്പാദന നിലയങ്ങളിൽ നിന്നും 1-7-2011 മുതൽ 31-10-2014 വരെ ഉൽപ്പാദിപ്പിച്ച വൈദ്യുതി:

| | |
|---|---|
| 1-7-2011 മുതൽ 31-3-2012 വരെ | 6107 മില്യൺ യൂണിറ്റ് |
| 1-4-2012 മുതൽ 31-3-2013 വരെ | 5348 മില്യൺ യൂണിറ്റ് |
| 1-4-2013 മുതൽ 31-3-2014 വരെ | 8218 മില്യൺ യൂണിറ്റ് |
| 1-4-2014 മുതൽ 31-10-2014 വരെ | 4890 മില്യൺ യൂണിറ്റ് |
| ആകെ | 24563 മില്യൺ യൂണിറ്റ് |

1-7-2011 മുതൽ 31-10-2014 വരെയുള്ള കാലയളവിൽ പുതുതായി വന്ന പദ്ധതികളിൽ നിന്നുള്ള വൈദ്യുത ഉൽപ്പാദനം.

| | | |
|---|---|---|
| 1 | റാന്നി-പെരിനാട് | 21.33 മില്യൺ യൂണിറ്റ് |
| 2 | പീച്ചി | 4.189 മില്യൺ യൂണിറ്റ് |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

3 വിലങ്ങാട് 6.747 മില്യൺ യൂണിറ്റ്

ആകെ 32.266 മില്യൺ യൂണിറ്റ്

(സി) പ്രസരണ ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി പുതിയ സബ്സ്റ്റേഷനുകളും ലൈനുകളും നിർമ്മിക്കുകയും നിലവിലുള്ള സബ്സ്റ്റേഷനുകളുടെ വോൾട്ടേജ് നിലവാരം ഉയർത്തുകയും ശേഷി വർദ്ധിപ്പിക്കുകയും ചെയ്യുക, പഴയ ലൈനുകളുടെ കണ്ടക്ടർ മാറ്റി പുതിയവ സ്ഥാപിക്കുക എന്നീ പ്രവൃത്തികളാണ് ചെയ്തുവരുന്നത്. ഇതിന്റെ ഭാഗമായി 2011 മേയ് മാസം മുതൽ 2014 നവംബർ 30 വരെയുള്ള കണക്കനുസരിച്ച് 33 പുതിയ വിവിധ വോൾട്ടേജ് നിലവാരത്തിലുള്ള അപ്ഗ്രേഡഡ് സബ്സ്റ്റേഷനുകളും 482.91 കിലോ മീറ്റർ ലൈനും പൂർത്തിയാക്കിയിട്ടുണ്ട്.

(ഡി&ഇ) 2-12-2014-ലെ കണക്കനുസരിച്ച് സംസ്ഥാനത്തെ ഉപഭോഗം 57.9870 മില്യൺ യൂണിറ്റ് ആയിരുന്നു. ഇതിൽ ആഭ്യന്തര ഉൽപ്പാദനം 25.8163 മില്യൺ യൂണിറ്റ് ആയിരുന്നു. കേന്ദ്ര വിഹിതമായി കേരളത്തിന് ലഭിച്ച വൈദ്യുതി 25.247 മില്യൺ യൂണിറ്റ് ആയിരുന്നു. ബാക്കി ആവശ്യമായി വന്ന 6.9237 മില്യൺ യൂണിറ്റ് വൈദ്യുതി പവർ എക്സ്ചേഞ്ചിൽ നിന്നും, പവർ ട്രേഡേഴ്സിൽ നിന്നും അൺഷെഡ്യൂൾഡ് ഇന്റർചേഞ്ച് വഴിയും വാങ്ങിയാണ് സംസ്ഥാനത്തിന്റെ വൈദ്യുത ആവശ്യകത നിറവേറ്റിയത്. വരുംകാലങ്ങളിലും സംസ്ഥാനത്തിന്റെ ഊർജ്ജ കമ്മി നികത്തുന്നതിന് മധ്യ-ദീർഘകാല വൈദ്യുതി വാങ്ങൽ കരാറുകൾ കെ.എസ്.ഇ.ബി. ലിമിറ്റഡ് വിവിധ ഏജൻസികളുമായി ഒപ്പു വച്ചിട്ടുണ്ട്. ആഭ്യന്തര ഉൽപ്പാദനം വർദ്ധിപ്പിക്കുക, ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ (സപ്ലൈ സൈഡ് മാനേജ്മെന്റ് &ഡിമാന്റ് സൈഡ് മാനേജ്മെന്റ്) എന്നിവയിലും ശ്രദ്ധ കേന്ദ്രീകരിച്ചിട്ടുണ്ട്.

**വൈദ്യുതി കുടിശ്ശിക**

27 (2265) ശ്രീ. സി. ദിവാകരൻ :

ശ്രീ. ഇ. കെ. വിജയൻ :

ശ്രീ. കെ. രാജു :

ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷം ഒക്ടോബർ 30 വരെ വൈദ്യുതി ഉപയോഗിച്ചവരിൽ നിന്നും കുടിശ്ശികയായി പിരിഞ്ഞു കിട്ടാനുള്ള തുകയെത്ര ; ഇതിൽ ഏറ്റവും വലിയ കുടിശ്ശിക എത്ര ;

(ബി) കേന്ദ്ര സർക്കാരിനു കീഴിലുള്ള സ്ഥാപനങ്ങൾ നൽകാനുള്ള കുടിശ്ശിക എത്ര ; പവർ പ്ലാന്റുകളുടെയും കേന്ദ്ര-സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളും നൽകാനുള്ള കുടിശ്ശിക എത്ര വീതമാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 30-9-2014-ലെ കണക്കുപ്രകാരം കുടിശ്ശികയായി പിരിഞ്ഞു കിട്ടാനുള്ളത് 1633,49 കോടി രൂപയാണ്. ഇതിൽ ഏറ്റവും വലിയ കുടിശ്ശിക വാട്ടർ അതോറിറ്റിയുടെ 667.60 കോടി രൂപയാണ്. മാസംതോറും വാട്ടർ അതോറിറ്റിയുടെ കുടിശ്ശിക 18 കോടി രൂപയോളം വർദ്ധിക്കുന്നുണ്ട്. അതനുസരിച്ച് ഒക്ടോബർ 30 വരെ കുടിശ്ശിക ഏകദേശം 1650 കോടി രൂപയാണ്.

(ബി) 30-9-2014-ലെ കണക്കുപ്രകാരം കേന്ദ്ര സർക്കാരിനു കീഴിലെ വിവിധ വകുപ്പുകളിലായി 0.41 കോടി രൂപയും കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിലായി 32.51 കോടി രൂപയും ആണ് കുടിശ്ശിക. പവർ പ്ലാന്റുകളുടെ കുടിശ്ശിക നിലവിലില്ല. സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ 850.67 കോടി രൂപയും കുടിശ്ശിക വരുത്തിയിട്ടുണ്ട്.

**മലപ്പുറം ജില്ലയിലെ റൂറൽ ഇലക്ട്രിസിറ്റി ഡിസ്ട്രിബ്യൂഷൻ ബാക്ക്ബോൺ.**

28 (2266) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ റൂറൽ ഇലക്ട്രിസിറ്റി ഡിസ്ട്രിബ്യൂഷൻ ബാക്ക്ബോൺ (REDB) എന്നാണ് പ്രവർത്തനം ആരംഭിക്കേണ്ടിയിരുന്നതെന്ന് അറിയിക്കുമോ ;

(ബി) ഈ പദ്ധതി ആരംഭിക്കുന്നതിൽ അസാധാരണമായ കാലവിളംബം ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഈ പദ്ധതിക്കാവശ്യമായ ഭൂമിയുടെ വികസനപ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്താണ് കാരണം ;

(ഡി) ഈ പദ്ധതി അടിയന്തരമായി പൂർത്തിയാക്കുന്നതിന് സർക്കാർ

പ്രത്യേക ശ്രദ്ധ നൽകുമോ ?

<u>ഉത്തരം</u>

(എ) മലപ്പുറം ജില്ലയിൽ, രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ യോജനയുടെ റൂറൽ ഇലക്ട്രിസിറ്റി ഡിസ്ട്രിബ്യൂഷൻ ബാക്ക് ബോണിന്റെ (REDB) ഭാഗമായി മങ്കടയിൽ ഒരു 66/11 കെ.വി. സബ്സ്റ്റേഷനും അനുബന്ധ ലൈനുകളും സ്ഥാപിക്കുന്നതിന് റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷനിൽ (REC) നിന്നും 10-3-2010-ൽ അംഗീകാരം ലഭിച്ചു. അംഗീകാരത്തിന്റെ നിബന്ധനകൾ അനുസരിച്ച് ടേൺ കീ ടെണ്ടർ ക്ഷണിക്കുകയും, ഹൈദ്രാബാദിലെ ആസ്റ്റർ എന്ന കമ്പനിക്ക് ഈ പ്രവൃത്തികൾ പൂർത്തികരിക്കുന്നതിന് 30-10-2011-ൽ കരാർ നല്കി, 10-2-2012-ൽ പദ്ധതി പ്രവൃത്തികൾ ആരംഭിച്ചു.

(ബി) ഉണ്ട്. നാളിതുവരെയായി ഏകദേശം 62 ശതമാനത്തോളം പ്രവൃത്തികൾ പൂർത്തീകരിച്ചു.

(സി) ഭൂമിയുടെ വികസന പ്രവർത്തനങ്ങൾ നടത്തി, സബ്സ്റ്റേഷൻ നിർമ്മാണം പൂർത്തിയായി വരുന്നു.

(ഡി) പദ്ധതി പൂർത്തീകരിക്കുന്നതിന് 31-1-2015 വരെ സമയം നീട്ടുന്നതിന് അനുമതി നൽകണമെന്ന് കോൺട്രാക്ടർ അപേക്ഷിച്ചിട്ടുണ്ട്. ഈ കാലാവധിക്കുള്ളിൽ പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള ശ്രമത്തിലാണ്.

## വൈദ്യുതി ലൈനുകളിലെ അറ്റകുറ്റപ്പണികൾക്കിടയിൽ മരണപ്പെട്ടവരുടെ ആശ്രിതർക്കുള്ള സഹായങ്ങൾ

29 (2267) <u>ശ്രീ. പി. സി. ജോർജ്</u> :
<u>ശ്രീ. റോഷി അഗസ്റ്റിൻ</u> :
<u>ഡോ. എൻ. ജയരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം വൈദ്യുതി ലൈനുകളിലെ അറ്റകുറ്റപ്പണികൾക്കിടയിൽ മരണപ്പെട്ടവരുടെ എണ്ണം എത്രയാണ് ;

(ബി) ഇപ്രകാരം മരണപ്പെട്ടവരുടെ ആശ്രിതർക്ക് സർക്കാരിൽ നിന്നോ കെ.എസ്.ഇ.ബി.-യിൽ നിന്നോ നൽകിയ ധനസഹായങ്ങളുടെയും ഇതര സഹായങ്ങളുടെയും വിശദാംശങ്ങൾ നൽകുമോ ;

(സി) മരണപ്പെട്ടവരുടെ ആശ്രിതർക്ക് നൽകുവാൻ ഗവൺമെന്റോ

കെ.എസ്.ഇ.ബി.-യോ നിശ്ചയിച്ചതോ പ്രഖ്യാപിച്ചതോ ആയ സഹായങ്ങൾ യഥാസമയം കൊടുക്കുവാൻ കഴിയാത്ത കേസുകൾ അവശേഷിക്കുന്നുവോ ; എങ്കിൽ ആയത് അടിയന്തരമായി നല്കുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

| | | |
|---|---|---|
| (എ) | ബോർഡിലെ സ്ഥിരം ജീവനക്കാർ | - 51 |
| | കരാർ തൊഴിലാളികൾ | - 50 |

(ബി) ജോലിക്കിടെ മരണപ്പെട്ടവരുടെ ആശ്രിതർക്ക് കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൽ നിന്നും, സർക്കാരിൽ നിന്നും നല്കിയ നഷ്ടപരിഹാരം/ധനസഹായത്തിന്റെയും മറ്റ് ഇതര സാമ്പത്തിക സഹായങ്ങളുടെയും (മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ്, ഇലക്ട്രിസിറ്റി ബോർഡ് തൊഴിലാളി ക്ഷേമനിധി) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

മേൽ സൂചിപ്പിച്ചവയ്ക്ക് ഉപരിയായി മരണപ്പെട്ട ബോർഡ് ജീവനക്കാരുടെ ആശ്രിതർക്ക് കേരള സർക്കാരിന്റെ ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി പ്രകാരം 10 ലക്ഷം രൂപ സംസ്ഥാന ഇൻഷ്വറൻസ് ഡിപ്പാർട്ടുമെന്റിൽ നിന്നും ഇൻഷ്വറൻസ് പദ്ധതിയുടെ നിബന്ധനകൾക്ക് വിധേയമായി ലഭിക്കുന്നതിനും അർഹതയുണ്ട്. ലൈനിൽ അറ്റകുറ്റ പണികൾക്കിടയിൽ മരണപ്പെട്ട ബോർഡിലെ സ്ഥിര ജീവനക്കാരുടെ ആശ്രിതരിൽ യോഗ്യരായ 29 പേർക്ക് കെ.എസ്.ഇ.ബി.-യിൽ നിയമനം നൽകിയിട്ടുണ്ട്.

(സി) ജോലിക്കിടെ അപകടമരണം സംഭവിക്കുന്ന കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലെ ജീവനക്കാർ, കരാർ തൊഴിലാളികൾ എന്നിവരുടെ ആശ്രിതർക്ക് 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമം അനുസരിച്ച് നഷ്ടപരിഹാരം അനുവദിക്കുന്നതിന് അർഹത പരിശോധിക്കുന്നതിന് വേണ്ടതായ രേഖകൾ ആവശ്യപ്പെട്ടിട്ടും നാളിതുവരെ ലഭ്യമാക്കാത്ത കാരണത്താലും വിവിധ കോടതികളിൽ നഷ്ടപരിഹാര സംബന്ധമായ കേസുകൾ അന്തിമ തീരുമാനമാകാതെ നിലനില്ക്കുന്നതിനാലും, അനധികൃതമായി ബോർഡിന്റെ പ്രതിഷ്ഠാപനങ്ങളിൽ ബോർഡിന്റെ അറിവോ സമ്മതമോ കൂടാതെ പണി ചെയ്യുമ്പോഴുണ്ടാകുന്ന അപകടങ്ങൾ എന്നീ കാരണത്താലും നഷ്ടപരിഹാരം വിതരണം ചെയ്യുന്നതിൽ കാലതാമസം ഉണ്ടാകുന്നുണ്ട്. നഷ്ടപരിഹാരം അനുവദിക്കുന്നതിനുവേണ്ട വിവിധ രേഖകൾ/പ്രമാണങ്ങൾ എന്നിവ ലഭ്യമാക്കുന്ന

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

മുറയ്ക്ക് ആയവ പരിശോധിച്ച് ബോർഡിന്റെ നിലവിലുള്ള നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായി, കോടതി വ്യവഹാരങ്ങളിലൂടെ ഈടാക്കാൻ ഇടയുള്ള (പലിശ ഉൾപ്പെടെ) സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുന്ന സാഹചര്യം കഴിവതും ഒഴിവാക്കുന്ന രീതിയിൽ അടിയന്തരമായി നഷ്ടപരിഹാരം അനുവദിക്കുന്നതിനു സത്വര നടപടികൾ കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൽ നിന്നും സ്വീകരിച്ചു വരുന്നുണ്ട്. ആശ്രിത നിയമനത്തിനായി അപേക്ഷിച്ച യോഗ്യരായ എല്ലാവർക്കും നിയമനം നൽകിയിട്ടുണ്ട്.

## മസ്ദൂർ തസ്തികയിലെ പ്രൊമോഷനും റാങ്ക് ലിസ്റ്റിലുള്ള ഉദ്യോഗാർത്ഥികൾക്ക് നിയമനവും

30 (2268) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി.-യിൽ മസ്ദൂർ തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ട് ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ; കെ.എസ്.ഇ.ബി.-യിൽ മസ്ദൂർ തസ്തികയിൽ ഓരോ ജില്ലയിൽ നിന്നും എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയിട്ടുണ്ട് ;

(ബി) മസ്ദൂർ തസ്തികയിൽ ജോലി ചെയ്യുന്നവർക്ക് യഥാസമയം പ്രൊമോഷൻ നൽകുന്നതിനുള്ള തടസ്സമെന്താണെന്നറിയിക്കുമോ ;

(സി) മസ്ദൂർ തസ്തികയിൽ ജോലി ചെയ്യുന്നവർക്ക് യഥാസമയം പ്രൊമോഷൻ നൽകി റാങ്ക് ലിസ്റ്റിലുള്ള ഉദ്യോഗാർത്ഥികൾക്ക് പരമാവധി നിയമനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) നിലവിലുള്ള ഒഴിവുകൾ - 529

| | |
|---|---|
| തിരുവനന്തപുരം | 102 |
| കൊല്ലം | 5 |
| കോട്ടയം | 5 പേർ അധികം ജോലി ചെയ്യുന്നു. |
| പത്തനംതിട്ട | 2 |
| ആലപ്പുഴ | 22 |
| എറണാകുളം | 16 |
| ഇടുക്കി | 26 |

| | |
|---|---|
| തൃശ്ശൂർ | 110 |
| വയനാട് | 76 |
| മലപ്പുറം | 38 |
| പാലക്കാട് | 54 |
| കോഴിക്കോട് | 0 |
| കണ്ണൂർ | 8 |
| കാസർഗോഡ് | 75 |

ഏറ്റവും പുതിയ റാങ്ക് ലിസ്റ്റിൽ നിന്നും നിയമിച്ച മസ്ദൂർമാരുടെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

| | |
|---|---|
| തിരുവനന്തപുരം | 77 |
| കൊല്ലം | 12 |
| പത്തനംതിട്ട | 425 |
| ആലപ്പുഴ | 6 |
| കോട്ടയം | 57 |
| ഇടുക്കി | 4 |
| എറണാകുളം | 139 |
| തൃശ്ശൂർ | 287 |
| പാലക്കാട് | 238 |
| മലപ്പുറം | 229 |
| കോഴിക്കോട് | 228 |
| വയനാട് | 1 |
| കണ്ണൂർ | 116 |
| കാസർഗോഡ് | 49 |

(ബി) പ്രൊമോഷൻ നൽകാൻ തടസ്സമില്ല. ലൈൻമാൻ തസ്തികയിൽ ഒഴിവ് വരുന്ന മുറയ്ക്ക് മസ്ദൂർമാർക്ക് പ്രൊമോഷൻ നൽകിവരുന്നു.

(സി) ലൈൻമാൻ തസ്തികയിൽ ഒഴിവ് വരുന്ന മുറയ്ക്ക് മസ്ദൂർ തസ്തികയിൽ ജോലി ചെയ്യുന്നവർക്ക് പ്രൊമോഷൻ യഥാസമയം നൽകിവരുന്നുണ്ട്. ഈ ഒഴിവുകളിലേക്ക് പി.എസ്.സി. റാങ്ക് ലിസ്റ്റിലുള്ളവരെ മസ്ദൂറായി നിയമനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

## വൈദ്യുതി വകുപ്പിൽ മസ്ദൂർ, ലൈൻമാൻ, ഓവർസിയർ വിഭാഗങ്ങളിലെ ഒഴിവുകളും പ്രൊമോഷനും

31 (2269) ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി വകുപ്പിൽ താഴ്ന്ന തസ്തികകളായ മസ്ദൂർ, ലൈൻമാൻ, ഓവർസിയർ എന്നീ വിഭാഗങ്ങളിലെ ഒഴിവുകൾ നികത്തലും പ്രൊമോഷനും കൃത്യമായി നടത്തുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ ;

(ബി) ഇത്തരം തസ്തികകളിൽ ആവശ്യത്തിന് ജീവനക്കാരെ നിയമിച്ച് ഉപഭോക്താക്കൾക്ക് കൂടുതൽ ഉപകാരപ്രദമായ രീതിയിൽ വൈദ്യുതി വകുപ്പിനെ ശക്തിപ്പെടുത്തുന്നതിനും ഉപഭോക്താക്കളെ സംതൃപ്തരാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) മസ്ദൂർ തസ്തികയിലെ ഒഴിവുകൾ ജില്ലാ അടിസ്ഥാനത്തിൽ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുകയും പി.എസ്.സി. അഡ്വൈസ് ചെയ്യുന്ന മുറയ്ക്ക് നിയമനം നടത്തിവരികയും ചെയ്യുന്നു. ലൈൻമാൻ തസ്തികയിലെയും ഓവർസിയർ തസ്തികയിലെയും ഒഴിവുകൾ പ്രൊമോഷൻ മുഖാന്തരം നികത്തുന്നു.

(ബി) നടപടികൾ സ്വീകരിച്ചു വരുന്നു.

## വൈദ്യുതി പ്രതിസന്ധി പരിഹരിക്കുന്നതിന് നടപടി

32 (2270) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലേക്ക് വൈദ്യുതി ലൈനുകൾ അനുവദിക്കുന്നതിന് കേന്ദ്ര റെഗുലേറ്ററി കമ്മീഷൻ അറിയിച്ചിരിക്കുന്ന പ്രധാന തടസ്സങ്ങൾ വ്യക്തമാക്കാമോ ;

കേരളത്തിന് അനുകൂലമായ തീരുമാനങ്ങൾ റെഗുലേറ്ററി കമ്മീഷനിൽ നിന്നും ഉണ്ടായിട്ടുണ്ടോ ;

(ബി) വൈദ്യുതി ലൈനുകൾ സംബന്ധിച്ച് ഇലക്ട്രിസിറ്റി അപ്പലേറ്റ് ട്രൈബ്യൂണലിൽ കേസ്സുകൾ ഇപ്പോൾ നിലവിലുണ്ടോ ; ഈ കേസ്സിന്റെ വിശദാംശങ്ങൾ അറിയിക്കാമോ ; കേസ്സുകൾ വേഗത്തിൽ തീർപ്പുകല്പിച്ച് കേരളത്തിന്റെ വൈദ്യുതി പ്രതിസന്ധി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) കേരളത്തിലേക്ക് വൈദ്യുതി ലൈനുകൾ അനുവദിക്കുന്നത് കേന്ദ്ര റെഗുലേറ്ററി കമ്മീഷൻ അല്ല. എന്നാൽ കേരളത്തിനകത്തു കൂടിയുള്ള ഒരു ലൈനിനെ സംബന്ധിച്ചുള്ള പരാതി പവർഗ്രിഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ് കേന്ദ്ര റെഗുലേറ്ററി കമ്മീഷനു മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. ഇതിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

കേന്ദ്ര ഗവൺമെന്റ് ഉടമസ്ഥതയിലുള്ള കൂടംകുളം ആണവനിലയത്തിൽ നിന്നുള്ള കേരളത്തിന്റെ വിഹിതമായ 133 MW കൊണ്ടുവരുന്നതിനുവേണ്ടിയാണ് ഇടമൺ-മൂവാറ്റുപുഴ 400 കെ.വി. ലൈൻ പവർഗ്രിഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ വിഭാവനം ചെയ്തിരിക്കുന്നത്. ഈ ലൈനിന്റെ പണി മാർച്ച് 2012-ഓടു കൂടി പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരുന്നതെങ്കിലും തദ്ദേശവാസികളുടെ കടുത്ത എതിർപ്പും കോടതി കേസുകൾമൂലവും നാളിതുവരെ ഈ ലൈനിന്റെ പണികൾ പൂർത്തിയാക്കുവാൻ പവർഗ്രിഡ് കോർപ്പറേഷന് കഴിഞ്ഞിട്ടില്ല. പ്രസ്തുത ലൈൻ കടന്നുപോകുന്ന പ്രദേശത്തിലെ സ്ഥലവാസികൾക്ക് കൂടിയ നഷ്ടപരിഹാര തുക സംസ്ഥാന സർക്കാർ അനുവദിക്കുന്നതു സംബന്ധിച്ച തർക്കം പരിഹരിക്കണമെന്ന തുൾപ്പെടെയുള്ള ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ടാണ് പവർഗ്രിഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ് കേന്ദ്ര വൈദ്യുതി റെഗുലേറ്ററി കമ്മീഷനു മുമ്പാകെ ഹർജി (നമ്പർ. എം.പി. 083/2014) സമർപ്പിച്ചിട്ടുള്ളത്. കേന്ദ്ര വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ ഈ പരാതിയുടെ മേൽ അന്തിമ തീരുമാനം ഇതുവരെ കൈക്കൊണ്ടിട്ടില്ല.

(ബി) ഇല്ല.

**വൈദ്യുതി പോസ്റ്റിലൂടെ കേബിൾ വലിച്ചതിന് വാടക**

33 (2271) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോഴിക്കോട് ജില്ലയിൽ കേബിൾ ടി.വി. ഓപ്പറേറ്റർമാർ വൈദ്യുതി പോസ്റ്റിലൂടെ കേബിൾ വലിച്ചതിന് വാടകയായി എത്ര രൂപ ലഭിച്ചിട്ടുണ്ട് ; ഓപ്പറേറ്റർമാരുടെ പേരും ലഭിച്ച പണത്തിന്റെയും കണക്ക് വിശദമാക്കാമോ ;

(ബി) ഈ കാലയളവിൽ എത്ര രൂപ കുടിശ്ശികയായി കിട്ടാനുണ്ട് ; പ്രസ്തുത ഓപ്പറേറ്റർമാരുടെ പേരും തുകയും ലഭ്യമാക്കാമോ ;

(സി) പ്രസ്തുത കുടിശ്ശിക ലഭിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

<u>ഉത്തരം</u>

(എ) ₹4,95,14,773 രൂപ ലഭിച്ചിട്ടുണ്ട്. വിശദവിവരം അനുബന്ധം ആയി ചേർക്കുന്നു.*

(ബി) പ്രസ്തുത കാലയളവിൽ 3,59,00,428 രൂപ കുടിശ്ശികയായി കിട്ടാനുണ്ട്. വിശദവിവരം അനുബന്ധം 2 ആയി ചേർക്കുന്നു.*

(സി) കുടിശ്ശിക വിവരം കേബിൾ ടി.വി. ഓപ്പറേറ്റർമാരെ അറിയിക്കുകയും അടയ്ക്കാത്തവരുടെ കേബിൾ, പോസ്റ്റുകളിൽ നിന്ന് അഴിച്ചുമാറ്റുന്നതിനും കുടിശ്ശിക പിരിച്ചെടുക്കുന്നതിന് നിയമ നടപടികൾ സ്വീകരിക്കുമെന്ന് അറിയിപ്പ് നൽകുകയും ചെയ്തുവരുന്നു. 1-4-2011 മുതലുള്ള കുടിശ്ശിക ഏഷ്യാനെറ്റ് കമ്മ്യൂണിക്കേഷനിൽ നിന്നും പുതുക്കിയ നിരക്കിൽ പിരിച്ചെടുക്കുന്നതിന് ബോർഡ് തലത്തിൽ തീരുമാനമായിട്ടുണ്ട്.

## സ്വകാര്യ ആശുപത്രികളുടെ വൈദ്യുതി കുടിശ്ശിക

34 (2272) <u>ശ്രീ. കെ. കെ. ജയചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി കുടിശ്ശികയിനത്തിൽ സ്വകാര്യ ആശുപത്രികൾ കെ.എസ്.ഇ.ബി.-ക്ക് എത്ര രൂപ നൽകാനുണ്ട് ; ആശുപത്രിയുടെ പേരുവിവരങ്ങൾ ജില്ല തിരിച്ച് നൽകാമോ ;

(ബി) സ്വകാര്യ ആശുപത്രികൾ വരുത്തിയിട്ടുള്ള കുടിശ്ശിക പിരിച്ചെടുക്കുന്നതിന് വൈദ്യുതി ബോർഡ് ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കാമോ ?

<u>ഉത്തരം</u>

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എ) 30-9-2014-ലെ ത്രൈമാസ കണക്കെടുപ്പ് പ്രകാരം എച്ച്.റ്റി./ഇ.എച്ച്.റ്റി. വിഭാഗത്തിൽ വരുന്ന സ്വകാര്യ ആശുപത്രികളിൽ നിന്ന് കുടിശ്ശിക ഇനത്തിൽ 43.61 കോടി രൂപ പിരിഞ്ഞു കിട്ടാനുണ്ട്. ടി തുകയിൽ 25.88 കോടി രൂപ ഇന്ത്യയിലെ വിവിധ കോടതികളുടെ പരിഗണനയിലാണ്. കോടതിയുടെ തീർപ്പിന് വിധേയമായി മാത്രമേ ടി തുക പിരിച്ചെടുക്കാൻ കഴിയുകയുള്ളൂ. ഈ വിഭാഗത്തിലെ ആശുപത്രികളുടെ പേരുവിവരം ജില്ല തിരിച്ച് പട്ടികയായി ഉള്ളടക്കം ചെയ്തിരിക്കുന്നു. എൽ.റ്റി. വിഭാഗത്തിൽ വൈദ്യുതി കുടിശ്ശികയിനത്തിൽ സ്വകാര്യ ആശുപത്രികൾ കെ.എസ്.ഇ.ബി.-ക്ക് 90,13,144 രൂപ നൽകാനുണ്ട്. ആശുപത്രികളുടെ പേരുവിവരം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു:

| ജില്ല | ആശുപത്രി | കുടിശ്ശിക |
| --- | --- | --- |
| (1) | (2) | (3) |
| തിരുവനന്തപുരം | എസ്.ആർ ചാരിറ്റബിൾ ട്രസ്റ്റ് (അകത്തുമുറി ഡെന്റൽ കോളേജ്, വർക്കല). | 2,69,930 |
| കൊല്ലം | ലോക രക്ഷകാ ഹോസ്പിറ്റൽ, തേവലക്കര. | 2,61,225 |
| കോട്ടയം | മന്ദിരം അശുപത്രി, പുതുപ്പള്ളി. | 15,51,846 |
| എറണാകുളം | ക്രിസ്തു ജയന്തി ഹോസ്പിറ്റൽ, ഞാറയ്ക്കൽ. | 2,27,000 |
| | പി.എസ്.മിഷൻ ഹോസ്പിറ്റൽ, മരട്. | 1,36,000 |
| | ശ്രീ. സുധീന്ദ്ര മെഡിക്കൽ മിഷൻ ഹോസ്പിറ്റൽ. | 4,22,000 |
| | എം.എ.ജി.ജെ. ഹോസ്പിറ്റൽ, മൂക്കന്നൂർ | 14,11,000 |

| (1) | (2) | (3) |
|---|---|---|
| തൃശ്ശൂർ | സെന്റ് ജോസഫ് ഹോസ്പിറ്റൽ, ചൂണ്ടൽ. | 8,06,000 |
| | ഡിവൈൻ ഹോസ്പിറ്റൽ, വടക്കാഞ്ചേരി. | 96,000 |
| | മെഡികെയർ ഹോസ്പിറ്റൽ, കൊടുങ്ങല്ലൂർ | 9,29,000 |
| ആലപ്പുഴ | പി.എം. ഹോസ്പിറ്റൽ, മാവേലിക്കര. | 1,89,000 |
| ഇടുക്കി | കരുണ ഹോസ്പിറ്റൽ, നെടുംകണ്ടം | 1,46,000 |
| കോഴിക്കോട് | ബേബി മെമ്മോറിയൽ ഹോസ്പിറ്റൽ, കോഴിക്കോട്. | 14,24,695 |
| | അൽസലാമാ ഹോസ്പിറ്റൽ, പൊറ്റമ്മൽ, കോഴിക്കോട്. | 1,31,804 |
| | ചെസ്റ്റ് ഹോസ്പിറ്റൽ, കോഴിക്കോട്. | 2,65,651 |
| | ഹാലിം മൈലാഞ്ചി ഹോസ്പിറ്റൽ, വടകര. | 51,097 |
| | എം.എം. ഹോസ്പിറ്റൽ, ചെങ്ങോട്ടുകാവ്. | 11,766 |
| മലപ്പുറം | നഫാസ് ഹോസ്പിറ്റൽ, പരപ്പനങ്ങാടി. | 3,57,805 |
| പാലക്കാട് | കരുണ ഹോസ്പിറ്റൽ, മേലാമുറി. | 3,25,325 |
| | ആകെ | 90,13,144 |

(ബി) കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി വൈദ്യുതി ബന്ധം വിച്ഛേദിക്കുക, ഡിസ്മാന്റിൽ ചെയ്ത് റവന്യൂ റിക്കവറി നടത്തുക, തവണവ്യവസ്ഥ അനുവദിക്കുക, ഒറ്റത്തവണ തീർപ്പാക്കൽ അനുവദിക്കുക തുടങ്ങിയ നടപടിക്രമങ്ങളാണ് സ്വീകരിക്കുന്നത്.

സ്വകാര്യ ആശുപത്രികളുടെ കുടിശ്ശിക പിരിച്ചെടുക്കുവാൻ ടി നടപടികൾ തന്നെയാണ് സ്വീകരിച്ചിട്ടുള്ളത്.

**ബഡ്ജറ്റ് പ്രസംഗത്തിൽ ഉൾപ്പെട്ട ഊർജ്ജ വകുപ്പിന്റെ പദ്ധതികൾ**

35 (2273) ശ്രീ. പി. ഉബൈദുള്ള :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. കെ. എം. ഷാജി :
ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബഡ്ജറ്റ് പ്രസംഗത്തിൽ ഉൾപ്പെട്ട ഊർജ്ജ വകുപ്പിന്റെ കീഴിലുള്ള പദ്ധതികളുടെ നടത്തിപ്പ് സംബന്ധിച്ച് കൃത്യമായ അവലോകനം നടത്താനും ഫലപ്രാപ്തിയിലെത്തിക്കാനും എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ള തെന്ന് വ്യക്തമാക്കുമോ ;

(ബി) 2013-14 ബഡ്ജറ്റ് പ്രസംഗത്തിൽ ഊർജ്ജ വകുപ്പിന്റെ കീഴിൽ നടപ്പാക്കാനായി എത്ര പദ്ധതികളാണ് പ്രഖ്യാപിച്ചിരുന്നത് ; വിശദവിവരം വെളിപ്പെടുത്തുമോ ;

(സി) ഇവയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ബഡ്ജറ്റ് പ്രസംഗത്തിൽ ഉൾപ്പെട്ട വിവിധ പദ്ധതികളുടെ പുരോഗതി വിവിധ തലങ്ങളിലെ അവലോകന യോഗങ്ങൾ അടക്കമുള്ള മാർഗ്ഗങ്ങളിലൂടെ നിരീക്ഷിക്കുന്നുണ്ട്. പദ്ധതികളുടെ പുരോഗതി സർക്കാർ തലത്തിലും കൃത്യമായ ഇടവേളകളിൽ അവലോകനം ചെയ്ത് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നല്കുന്നുണ്ട്.

(ബി) 11. വിശദാംശങ്ങൾ അനുബന്ധം ആയി വച്ചിട്ടുണ്ട്.*

(സി) ഉത്തരം അനുബന്ധം ആയി വച്ചിട്ടുണ്ട്.*

**വൈദ്യുതി ക്ഷാമം നേരിടാൻ നടപടി**

36 (2274) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനം കടുത്ത വൈദ്യുതി ക്ഷാമത്തിലേക്ക് എത്തിക്കൊണ്ടിരിക്കുന്ന

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സാഹചര്യം നേരിടാൻ എന്തൊക്കെ മുൻകരുതലുകളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ ;

(ബി) ആഭ്യന്തര വൈദ്യുതോല്പാദനം വർദ്ധിപ്പിക്കുന്നതിന് ഉടൻ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ ;

(സി) സംസ്ഥാനത്തിന് പുറത്ത് നിന്നും വൈദ്യുതി വിലക്ക് വാങ്ങുന്നതിന് ഏതൊക്കെ കരാറുകളിൽ ബോർഡ് ഏർപ്പെട്ടിട്ടുണ്ട്; അവയിൽ ദീർഘകാല കരാറുകൾ എത്രയെണ്ണമെന്നും, ഏതൊക്കെയെന്നും അറിയിക്കുമോ ;

(ഡി) മേൽക്കരാറുകളിൽ ഓരോന്നിലെയും വൈദ്യുതി വിലയും മറ്റു വിശദാംശങ്ങളും നൽകുമോ ;

(ഇ) അന്യസംസ്ഥാനത്ത് നിന്നും വൈദ്യുതി എത്തിക്കുവാനായി നിർമ്മാണ ഘട്ടത്തിലുള്ളതും, ഉടൻ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നതുമായ പ്രസരണ ലൈനുകൾ ഏതൊക്കെയാണ് ; അവയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് നിലവിൽ തടസ്സങ്ങൾ എന്തെങ്കിലും നിലവിലുണ്ടോ ;

(എഫ്) എങ്കിൽ തടസ്സങ്ങൾ എന്തെന്നും, അവ ഒഴിവാക്കാൻ സ്വീകരിച്ച നടപടികൾ എന്താണെന്നും അറിയിക്കുമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തിന്റെ വൈദ്യുതി ആവശ്യകത പ്രതിവർഷം 1500 ദശലക്ഷം യൂണിറ്റും പീക്ക് ഡിമാന്റ് 300 മെഗാവാട്ടും വീതം വർദ്ധിച്ച് വരികയാണ്. എന്നാൽ വനം-പാരിസ്ഥിതികാനുമതികൾ ലഭിക്കാത്തതിനാൽ, സംസ്ഥാനത്ത് വലിയ ജലവൈദ്യുത പദ്ധതികളൊന്നും തന്നെ ആരംഭിക്കാൻ കഴിയാത്ത സ്ഥിതി വിശേഷമാണ് നിലവിലുള്ളത്. ചെറുകിട ഇടത്തരം ജല വൈദ്യുത പദ്ധതികൾ മാത്രമാണ് നടപ്പിലാക്കി വരുന്നത്. സംസ്ഥാനത്ത്, കൽക്കരി, ലിഗ്നൈറ്റ് മുതലായ ചെലവുകുറഞ്ഞ ഇന്ധനങ്ങളും ലഭ്യമല്ല. നിലവിലുള്ള ജലവൈദ്യുത പദ്ധതികളിൽ നിന്നും, കേന്ദ്രപൂളിൽ നിന്നും, കാറ്റാടി നിലയങ്ങളിൽ നിന്നും, ചെറുകിട ജലവൈദ്യുത പദ്ധതികളിൽ നിന്നുമായി, സംസ്ഥാനത്തിന്റെ ഇപ്പോഴത്തെ ഊർജ്ജാവശ്യകതയുടെ 80 ശതമാനത്തോളം മാത്രമേ ലഭ്യമാക്കാൻ കഴിയുന്നുള്ളൂ. ബാക്കി ഊർജ്ജജാവശ്യകത, സംസ്ഥാനത്തിനു പുറമേ നിന്നുള്ള വൈദ്യുതി ഉല്പാദകരിൽ നിന്നും, വ്യാപാരികളിൽ നിന്നും, മത്സരാധിഷ്ഠിത ടെണ്ടർ വഴിയും ഉഭയകക്ഷി കരാറുകളിലൂടെയും വാങ്ങി ഉപയോഗിക്കുന്നതിനാണ് വൈദ്യുതി ബോർഡ് ലക്ഷ്യമിടുന്നത്. ഇപ്രകാരം അടുത്ത വർഷത്തേക്ക് ഹ്രസ്വകാലാടിസ്ഥാനത്തിൽ 300 മെഗാവാട്ട് വൈദ്യുതി ദക്ഷിണേന്ത്യൻ വ്യാപാരികളിൽ നിന്നും വാങ്ങുന്നതിനും, മത്സരാധിഷ്ഠിത ടെണ്ടർ മുഖേന 400 മെഗാവാട്ട് വൈദ്യുതി, 2014 മേയ് മുതൽ 2017 ഫെബ്രുവരി വരെയുള്ള കാലയളവിലേക്ക് വാങ്ങുന്നതിനായി കരാറിലേർപ്പെട്ടിട്ടുണ്ട്. എന്നാൽ ദക്ഷിണേന്ത്യയിലേക്ക്,

രാജ്യത്തിന്റെ ഇതര മേഖലകളിൽ നിന്ന് വൈദ്യുതി എത്തിക്കുന്നതിനുള്ള പ്രസരണ ഇടനാഴിയുടെ അപര്യാപ്തത കാരണം ടി വൈദ്യുതി കൊണ്ടുവരുന്നതിന് കഴിയുന്നില്ല. ടി കുറവ്, ഇപ്പോൾ ഒരു പരിധിവരെ സംസ്ഥാനത്തിനകത്തുള്ള ദ്രവ ഇന്ധന നിലയങ്ങളായ കായംകുളം ബി.എസ്.ഇ.എസ്. നിലയം തുടങ്ങിയവയിൽ നിന്ന് വില കൂടിയ വൈദ്യുതി, കൂടുതലായി ഉല്പാദിപ്പിച്ചാണ് നിറവേറ്റുന്നത്. എന്നാൽ ദീർഘകാലാടിസ്ഥാനത്തിൽ സംസ്ഥാനത്തിന്റെ ഊർജ്ജാവശ്യകത പരിഹരിക്കുന്നതിന് താഴെപ്പറയുന്ന നടപടികൾ എടുത്തിട്ടുണ്ട്.

1. ടാറ്റ മൈത്തോൺ കമ്പനിയിൽ നിന്നും 150 മെഗാവാട്ട് വൈദ്യുതി, 25 വർഷത്തേക്ക് കേന്ദ്ര കമ്മീഷൻ അംഗീകരിക്കുന്ന നിരക്കിൽ വാങ്ങുന്നതിന് 2013-2014 -ൽ കരാറിലേർപ്പെട്ടിട്ടുണ്ട്.

2. 250 മെഗാവാട്ട് വൈദ്യുതി ദാമോദർവാലി കോർപ്പറേഷനിൽ നിന്നും കേന്ദ്ര കമ്മീഷൻ അംഗീകരിക്കുന്ന നിരക്കിൽ 25 വർഷത്തേക്ക് ദീർഘകാലാടി സ്ഥാനത്തിൽ വാങ്ങുന്നതിന് 2013-14-ൽ കരാറിലേർപ്പെട്ടിട്ടുണ്ട്.

3. 850 മെഗാവാട്ട് വൈദ്യുതി, മത്സരാധിഷ്ഠിത ദർഘാസുകൾ മുഖേന ദീർഘകാലാടിസ്ഥാനത്തിൽ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.

4. ഇതുകൂടാതെ, ചീമേനിയിൽ കൽക്കരി/എൽ.എൻ.ജി. ഉപയോഗിച്ചുള്ള താപ വൈദ്യുത നിലയം സ്ഥാപിക്കുന്നതിനുള്ള സാദ്ധ്യതകൾ പരിശോധിച്ചിട്ടുണ്ട്. വൈദ്യുതി ബോർഡിന്റെ ബി.ഡി.പി.പി. നിലയം, എൽ.എൻ.ജി. അടിസ്ഥാനമാക്കിയുള്ള ഒരു നിലയമാക്കി മാറ്റുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു. വൈദ്യുതി ബോർഡ് തന്നെ 300 മെഗാവാട്ടോളം സ്ഥാപിത ശേഷിയുള്ള പുതിയ ജല വൈദ്യുത പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകുന്നുണ്ട്. ഇതുകൂടാതെ, സൗരോർജ്ജ നിലയങ്ങളിൽ നിന്നും കൂടുതൽ വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള നടപടികൾ എടുത്തിട്ടുണ്ട്.

(ബി) ഊർജ്ജോല്പാദനത്തിനായി പരിഗണിക്കേണ്ട ജലവൈദ്യുത പദ്ധതികൾക്കായി ഒരു കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. അതിൻപ്രകാരം താഴെ പറയുന്ന 12 ചെറുകിട ജലവൈദ്യുത പദ്ധതികൾ ഒരു വർഷത്തിനകം ലാൻഡ് അക്വസിഷൻ പൂർത്തിയാക്കി ടെണ്ടർ ചെയ്യാനുദ്ദേശിക്കുന്നു.

| | | |
|---|---|---|
| 1 | അപ്പർകല്ലാർ | 2 MW |
| 2 | ചിന്നാർ | 24 MW |
| 3 | പീച്ചാട് | 3 MW |
| 4 | വെസ്റ്റേൺ കല്ലാർ | 5 MW |
| 5 | പെരുവണ്ണാമൂഴി | 6 MW |

| | | |
|---|---|---|
| 6 | പഴശ്ശിസാഗർ | 15 MW |
| 7 | മാർമ്മല | 7 MW |
| 8 | മരിപ്പുഴ | 6 MW |
| 9 | ഒലിക്കൽ | 5 MW |
| 10 | പൂവാരംതോട് | 3 MW |
| 11 | ചെമ്പുക്കടവ് - III | 7.5 MW |
| 12 | അപ്പർ ചെങ്കുളം | 24 MW |
| ആകെ | | 107.5 MW |

കൂടാതെ 54.25 MW സ്ഥാപിതശേഷിയുള്ള 11 പദ്ധതികളുടെ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് മേയ് 2015-ന് മുൻപ് പൂർത്തീകരിക്കാനും, 61.25 MW-ന്റെ 10 പുതിയ പദ്ധതികൾ അടുത്ത രണ്ട് വർഷത്തിനകം ഇൻവെസ്റ്റിഗേഷൻ നടത്തി ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് പൂർത്തിയാക്കാനും, കാറ്റിൽ നിന്നും സൗരോർജ്ജത്തിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്ന പദ്ധതികളും ലക്ഷ്യമിട്ടു നടപ്പിലാക്കാനും വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

(സി&ഡി) കെ.എസ്.ഇ.ബി. ലിമിറ്റഡ് നിലവിൽ ഏർപ്പെട്ടിട്ടുള്ള കരാറുകളുടെ വിവരം അനുബന്ധം ആയി രേഖപ്പെടുത്തിയിരിക്കുന്നു.*

(ഇ&എഫ്) അന്യസംസ്ഥാനത്തു നിന്നും വൈദ്യുതി എത്തിക്കുന്നതിനായി നിർമ്മിക്കുവാൻ ലക്ഷ്യമിട്ടിരിക്കുന്ന അന്തർസംസ്ഥാന ലൈനുകളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു:

1. 400 കെ.വി. മൈസൂർ-അരിക്കോട് ഡബിൾ സർക്യൂട്ട് ലൈൻ - പ്രസ്തുത ലൈനിന്റെ കേരളത്തിലുള്ള ഭാഗത്തെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. കർണ്ണാടക ഭാഗത്ത് കാപ്പി കർഷകരുടെ എതിർപ്പുമൂലം നിർമ്മാണ പ്രവർത്തനങ്ങൾ തടസ്സപ്പെട്ടിരിക്കുകയാണ്. ഇതു പരിഹരിക്കുന്നതിനായി സർക്കാർ തലത്തിലും CEA ആയും SRPC തുടങ്ങിയ ഫോറങ്ങളിലും ചർച്ചകൾ നടന്നുവരുന്നു. പ്രശ്നങ്ങൾ പരിശോധിക്കുന്നതിനായി കർണ്ണാടക ഗവൺമെന്റ് രൂപീകരിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് പ്രകാരം നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻ പുനരാരംഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

2. കൂടംകുളത്തു നിന്നും കേരളത്തിലേക്ക് വൈദ്യുതി കൊണ്ടു വരുന്നതിനായി PGCIL നിർമ്മിക്കുന്ന 400 കെ.വി. തിരുനെൽവേലി - മാടക്കത്തറ ലൈനിന്റെ ഇടമൺ-കൊച്ചി ഭാഗത്തെ നിർമ്മാണ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പ്രവർത്തനങ്ങൾ ഒഴിച്ച് മറ്റ് നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്. ഇടമൺ - കൊച്ചി ഭാഗത്തെ നിർമ്മാണം കർഷകരുടെ എതിർപ്പുമൂലമാണ് തടസ്സപ്പെട്ടിരിക്കുന്നത്. ഇതു പരിഹരിക്കുന്നതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചർച്ചകൾ അന്തിമ ഘട്ടത്തിലാണ്.

3. കർണ്ണാടകത്തിലെ ഉഡുപ്പിയിൽ നിന്നും മൈലാട്ടി-അരിക്കോട് ഡബിൾ സർക്യൂട്ട് ലൈനും മൈലാട്ടിയിൽ ഒരു 400 കെ.വി. സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനും അനുമതി ലഭിച്ചിട്ടുണ്ട്.

കൂടാതെ കർണ്ണാടകത്തിലെ കോനാജേയിൽ നിന്നും കേരളത്തിലേക്ക് വൈദ്യുതി കൊണ്ടു വരുന്ന കോനാജേ - മഞ്ചേശ്വരം 110 കെ.വി. ലൈനിന്റെ കേരളത്തിലെ ഭാഗത്തെ 110 കെ. വി. തവിടുഗൊളി - മൈലാട്ടി സിംഗിൾ സർക്യൂട്ട് ലൈൻ ഡബിൾ സർക്യൂട്ട് ലൈനാക്കി ശക്തിപ്പെടുത്താനും വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു.

## വൈദ്യുതി ചാർജ് കുടിശ്ശിക പിരിച്ചെടുക്കുന്നതിന് നടപടി

37 (2275) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ ഗാർഹിക-ഗാർഹികേതര വൈദ്യുതി നിരക്കുകൾ യൂണിറ്റിന് എത്ര രൂപയാണെന്ന് വ്യക്തമാക്കുമോ ;

(ബി) 2014-ൽ വൈദ്യുതി ചാർജ്ജ് യൂണിറ്റിന് എത്ര രൂപ വർദ്ധിപ്പിച്ചു എന്നും ഈ വർദ്ധനയ്ക്ക് കാരണമെന്തായിരുന്നു എന്നും വ്യക്തമാക്കുമോ?

### ഉത്തരം

(എ&ബി) സംസ്ഥാനത്ത്, ഇപ്പോൾ നിലവിലുള്ള ഗാർഹിക-ഗാർഹികേതര വൈദ്യുതി നിരക്കുകളും ഓരോ വിഭാഗത്തിലും, 2014-ൽ വൈദ്യുതി ചാർജ്ജിലുണ്ടായ വർദ്ധനവും അനുബന്ധം 1-ൽ കൊടുത്തിരിക്കുന്നു.* വൈദ്യുതി വാങ്ങൽ ചെലവ്, എല്ലാ വർഷവും 8 മുതൽ 10 ശതമാനം വരെ വർദ്ധിച്ചു വരികയാണ്. ഇതുകൂടാതെ പണപ്പെരുപ്പംമൂലവും വൈദ്യുതി ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതു വഴിയും വൈദ്യുതി സംബന്ധമായ സാധന സാമഗ്രികളിലുണ്ടായ വില വർദ്ധനവു കാരണവും, വൈദ്യുതി ബോർഡിന്റെ തേയ്മാന ചെലവുകൾ, റിപ്പയർ & മെയിന്റനൻസ് ചെലവുകൾ, ഭരണച്ചെലവുകൾ മുതലായവ വർദ്ധിച്ചു വരികയാണ്. മേൽപ്പറഞ്ഞ കാരണങ്ങളാൽ സംസ്ഥാനത്തെ വൈദ്യുതി ചെലവുകൾ പ്രതിവർഷം 10 ശതമാനത്തോളം വർദ്ധിക്കുന്നുണ്ട്. ഇതു കൂടാതെ മുൻകാലങ്ങളിൽ ചെലവിനനുസൃതമായി വൈദ്യുതി നിരക്ക് പരിഷ്കരിക്കാത്തതു കാരണം, ബോർഡിന്റെ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

റവന്യൂകമ്മി ഓരോ വർഷവും വർദ്ധിച്ച് വരികയും ടി കമ്മി നികത്തുന്നതിന്, ബാങ്കുകളിൽ നിന്നും മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും കടമെടുത്തതു കാരണം പലിശ ചെലവുകളിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ടി കാരണങ്ങളാൽ, വൈദ്യുതി ചെലവുകൾ വർഷംതോറും വർദ്ധിച്ച് വരുകയും, തത്ഫലമായി വൈദ്യുതി താരിഫ് വർദ്ധിപ്പിക്കേണ്ടി വരികയും ചെയ്യുന്നു.

## വൈദ്യുതി മേഖലയിലെ അപകടങ്ങളും -സുരക്ഷാ ക്രമീകരണങ്ങളും

38 (2276) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. പി. സി. ജോർജ് :
ഡോ. എൻ. ജയരാജ് :
ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വൈദ്യുതി ലൈനിലെ അറ്റകുറ്റപ്പണികൾക്കിടയിൽ ഉണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിന് എന്തെല്ലാം സുരക്ഷാ ക്രമീകരണങ്ങളാണ് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഏർപ്പെടുത്തിയിട്ടുള്ളത് ;

(ബി) ലൈനിൽ അറ്റകുറ്റപ്പണികൾ നടത്തുമ്പോൾ എന്തെല്ലാം സജ്ജീകരണങ്ങളും സുരക്ഷാ ഉപകരണങ്ങളുമാണ് ഉണ്ടായിരിക്കേണ്ടത് ; ആയത് കെ.എസ്.ഇ.ബി.-ക്ക് ആവശ്യാനുസരണം ഉണ്ടോ ; വ്യക്തമാക്കുമോ ;

(സി) ഉല്പാദന പ്രസരണ വിതരണ മേഖലയിൽ സുരക്ഷയ്ക്കായി ഉണ്ടായിരിക്കേണ്ട ഉപകരണങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഡി) വൈദ്യുത മേഖലയിൽ ഉണ്ടായേക്കാവുന്ന അപകടങ്ങളെ ഒഴിവാക്കാൻ സഹായിക്കുന്ന എല്ലാവിധ ആധുനിക ഉപകരണങ്ങളും വാഹനങ്ങളും കെ.എസ്.ഇ.ബി.-ക്ക് ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) നിലവിലുള്ള വൈദ്യുതി വിതരണ ശൃംഖല ബലപ്പെടുത്തുന്നതിനും അറ്റകുറ്റപ്പണികൾ നടത്തി അപകടരഹിതമാക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ ക്രമീകൃതമായി നടത്തി വരുന്നുണ്ട്. അറ്റകുറ്റപ്പണികൾക്കിടയിൽ സുരക്ഷാ പരിപാലനത്തിനായി പ്രത്യേക ചട്ടങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. അതിൽ പ്രധാന മായതാണ് പെർമിറ്റ് ടു വർക്ക് (Permit To Work-PTW) സമ്പ്രദായം. സുരക്ഷാ ചട്ടങ്ങൾ പാലിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുവാൻ സുരക്ഷാ ഉദ്യോഗസ്ഥരെ

ചുമതലപ്പെടുത്തിയിട്ടുണ്ട്. ബോർഡ് ജീവനക്കാർക്കും കെ.എസ്.ഇ.ബി.-യുടെ പ്രതിഷ്ഠാപനങ്ങളിൽ ജോലി ചെയ്യുന്ന കോൺട്രാക്ട് തൊഴിലാളികൾക്കും ആവശ്യമായ സുരക്ഷാ ഉപകരണങ്ങൾ വാങ്ങി നൽകുന്നതിനുള്ള ക്രമീകരണം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ജീവനക്കാർക്കും കോൺട്രാക്ട് തൊഴിലാളികൾക്കും സുരക്ഷാ ബോധവൽക്കരണത്തിനുള്ള സുരക്ഷാ ക്ലാസ്സുകളും പരിശീലന പരിപാടികളും നടത്തി വരുന്നുണ്ട്.

(ബി) ഹെൽമെറ്റ്, സുരക്ഷാ ബെൽറ്റ്, എർത്ത് റോഡ്, കയ്യുറ, ഏണി, ബൂട്ടുകൾ എന്നിവ നിർബന്ധമായും ഉണ്ടായിരിക്കണം. അറ്റകുറ്റപ്പണികൾ നടത്തുമ്പോൾ ആവശ്യമായ എല്ലാ സജ്ജീകരണങ്ങളും സുരക്ഷാ ഉപകരണങ്ങളും കെ.എസ്.ഇ. ബി.-യിൽ ആവശ്യാനുസരണം ലഭ്യമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥർക്കും നൽകിയിട്ടുണ്ട്. അറ്റകുറ്റപ്പണികളുടെ സ്വഭാവം അനുസരിച്ച് മേൽനോട്ടം വഹിക്കുന്നവർക്കും ജോലി ചെയ്യുന്നവർക്കും ഒരു പോലെ സുരക്ഷ ഉറപ്പു വരുത്തുന്ന PTW സമ്പ്രദായം കേരളത്തിലെ എല്ലാ സെക്ഷനുകളിലും നടപ്പിലാക്കിയിട്ടുണ്ട്.

(സി) ഉല്പാദന മേഖലയിൽ സുരക്ഷയ്ക്കായി ഹെൽമെറ്റ്, സുരക്ഷാ ബെൽറ്റ്, മാറ്റ്, എർത്തിംഗ് മെക്കാനിസം, ആർക്ക് സ്യൂട്ട്, ഗംബൂട്ട്, കയ്യുറ, അഗ്നിശമന സംവിധാനങ്ങൾ എന്നിവയും പ്രസരണ മേഖലയിൽ എർത്ത് റോഡ്, ഹെൽമറ്റ്, ഏണി, കയർ, സേഫ്റ്റി ബെൽറ്റ്, ഗംബൂട്ട്, കയ്യുറ, മാറ്റ്, എർത്തിംഗ് കിറ്റ്, അഗ്നിശമന സംവിധാനങ്ങൾ എന്നിവയും വിതരണ മേഖലയിൽ എർത്ത് റോഡ്, ഏണി, കയർ, കയ്യുറ, ഹെൽമെറ്റ്, ഷൂസ്, എർത്തിംഗ് കിറ്റ്, സേഫ്റ്റി ബെൽറ്റ് എന്നിവയും നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്.

(ഡി) അതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ സുരക്ഷാ ഉപകരണങ്ങൾ വാങ്ങുന്നതിന് ഒരു Centralised Yearly Rate Contract System നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**വൈദ്യുതി ബോർഡിലെ ജൂനിയർ അസിസ്റ്റന്റ് - കാഷ്യർ ഒഴിവുകൾ**

39 (2277) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി ബോർഡിൽ ജൂനിയർ അസിസ്റ്റന്റ് - കാഷ്യർ തസ്തികയിൽ എത്ര ഒഴിവുകൾ നിലവിൽ ഉണ്ട് ; ഇതിൽ എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട് ;

(ബി) ഏതെങ്കിലും ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാതെ ഉണ്ടോ;

(സി) നിലവിലുള്ള എല്ലാ ഒഴിവുകളും അടിയന്തരമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിക്കാമോ ?

<u>ഉത്തരം</u>

(എ) 636 ഒഴിവുകൾ നിലവിലുണ്ട്.

162 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) വൈദ്യുതി ബോർഡിലെ കംപ്യൂട്ടർവത്ക്കരണം പൂർത്തിയായിവരികയും ഓൺലൈൻ പേമെന്റ് സംവിധാനം വ്യാപകമായി ഉപയോഗിച്ചു തുടങ്ങുകയും ചെയ്ത സാഹചര്യത്തിൽ ഈ കാറ്റഗറിയിലെ തസ്തിക പുനർ നിർണ്ണയിച്ചശേഷം മാത്രമേ പുതിയതായി ഒഴിവുകൾ റിപ്പോർട്ട് ചെയ്യാൻ കഴിയുകയുള്ളൂ.

**കോതമംഗലം മണ്ഡലത്തിലെ കെ.എസ്.ഇ.ബി. ഓഫീസുകളിലെ മസ്ദൂർ, ലൈൻമാൻ, ഓവർസിയർ ഒഴിവുകൾ**

40 (2278) <u>ശ്രീ. റ്റി. യു. കുരുവിള</u> : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കോതമംഗലം നിയോജക മണ്ഡലത്തിലെ വൈദ്യുതി വിതരണം സുഗമമായി നടക്കുന്നതിനും പുതിയ കണക്ഷനുൾപ്പെടെ ഉള്ള ജോലികൾ യഥാസമയം നിർവ്വഹിക്കുന്നതിനും ഈ മണ്ഡലത്തിലെ കെ.എസ്.ഇ.ബി. ഓഫീസുകളിൽ ഒഴിവുള്ള മസ്ദൂർ, ലൈൻമാൻ, ഓവർസിയർ എന്നീ തസ്തികകൾ അടിയന്തരമായി നികത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

<u>ഉത്തരം</u>

കോതമംഗലം നിയോജക മണ്ഡലത്തിൽ വരുന്ന ഇലക്ട്രിക്കൽ സെക്ഷനുകളായ കുറുപ്പംപടി, കോതമംഗലം I, കോതമംഗലം II, കീരംപാറ എന്നിവയിൽ മസ്ദൂർ

ഒഴിവുകൾ ഒന്നും നിലവിലില്ല. ഒഴിവുള്ള 2 ഓവർസിയർ, 2 ലൈൻമാൻ തസ്തികകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**കൽപ്പറ്റ നിയോജക മണ്ഡലത്തിലെ വൈത്തിരി - കുതിരപാണ്ടി റോഡിൽ തെരുവു വിളക്ക്**

41 (2279) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൽപ്പറ്റ നിയോജക മണ്ഡലത്തിലെ തരിയോട് ഗ്രാമപഞ്ചായത്തിലെ വൈത്തിരി - കുതിരപ്പാണ്ടി റോഡിൽ തെരുവു വിളക്ക് സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പ്രവൃത്തികൾ ഏതുഘട്ടം വരെയെത്തി എന്ന് വ്യക്തമാക്കുമോ ;

(സി) വന്യമൃഗശല്യം രൂക്ഷമായ ഈ റോഡിൽ തെരുവുവിളക്കുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) തെരുവുവിളക്ക് സ്ഥാപിക്കുന്നതിനുള്ള അപേക്ഷ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പ് ഇതുവരെ ബോർഡിന് സമർപ്പിച്ചിട്ടില്ല.

(സി) അപേക്ഷ ലഭിച്ചതിനുശേഷം ബോർഡ് തയ്യാറാക്കുന്ന എസ്റ്റിമേറ്റ് പ്രകാരമുള്ള തുക ഒടുക്കുന്ന മുറയ്ക്ക് ടി പ്രവൃത്തികൾ ആരംഭിക്കാവുന്നതാണ്.

**കോഴിക്കോട് ചാത്തൻകോട്ടുകട ജലവൈദ്യുത പദ്ധതി**

42 (2280) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ചാത്തൻകോട്ടുകട ജലവൈദ്യുത പദ്ധതിയുടെ കരാറുകാരൻ ആരാണെന്നും കരാർ തുക എത്രയാണെന്നും വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഏതൊക്കെ പ്രവൃത്തികളാണ് എസ്റ്റിമേറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതെന്നും ഓരോ പ്രവൃത്തിക്കും എത്ര തുക വീതം വകയിരുത്തിയിട്ടുണ്ടെന്നും വിശദമാക്കുമോ ;

(സി) എസ്റ്റിമേറ്റ് പ്രകാരമുള്ള ഓരോ പ്രവൃത്തിയുടെയും എത്ര ശതമാനം പ്രവൃത്തി പൂർത്തിയായെന്നും എത്ര തുക പാർട്ട് പേമെന്റായി കരാറുകാരന് നൽകിയെന്നും

വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതി എപ്പോൾ കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) കോറമാൻഡൽ എനർജി പ്രൈവറ്റ് ലിമിറ്റഡ്-കോറമാൻഡൽ ഇൻഫ്രാസ്ട്രക്ചർ പ്രൈവറ്റ് ലിമിറ്റഡ് - ബോവിംഗ് ഫോറസ് പ്രൈവറ്റ് ലിമിറ്റഡ് - കൺസോർഷ്യമാണ് കരാറുകാരൻ. 4536 ലക്ഷം രൂപയാണ് പദ്ധതിയുടെ കരാർ തുക.

(ബി) പ്രസ്തുത പദ്ധതിയുടെ കരാർ പ്രകാരം ഉൾപ്പെടുത്തിയിരിക്കുന്ന പ്രവൃത്തികളും അവയ്ക്ക് വകയിരുത്തിയിരിക്കുന്ന തുകയും താഴെ പറയും പ്രകാരമാണ്.

| | |
|---|---|
| പട്ടിക എ | സിവിൽ പ്രവൃത്തികൾ - 32,57,70,040 രൂപ. |
| പട്ടിക ബി | പെൻസ്റ്റോക്ക് പൈപ്പുകളുടെ വിതരണം, ഫാബ്രിക്കേഷൻ, സ്ഥാപിക്കൽ എന്നിവ – 1,99,62,311 രൂപ. |
| പട്ടിക എ 1 | ഹൈഡ്രോ മെക്കാനിക്കൽ ഉപകരണങ്ങളുടെയും ഇലക്ട്രിക്കൽ ഉപകരണങ്ങളുടെയും ആസൂത്രണം, രൂപകല്പന, നിർമ്മാണം, വിതരണം എന്നിവ – 10,39,05,000 രൂപ. |
| പട്ടിക എ 2 | ഹൈഡ്രോ മെക്കാനിക്കൽ ഉപകരണങ്ങളുടെയും ഇലക്ട്രിക്കൽ ഉപകരണങ്ങളുടെയും സ്ഥാപിക്കൽ, പരിശോധനകൾ, ഉല്പാദനം ആരംഭിക്കൽ എന്നിവ – 39,70,000 രൂപ. |

(സി) പട്ടിക-എ പ്രകാരമുള്ള സിവിൽ നിർമ്മാണ പ്രവൃത്തികളുടെ 30-11-2014 വരെ പൂർത്തീകരിച്ച പ്രവൃത്തികൾ ശതമാനത്തിൽ താഴെ കൊടുക്കുന്നു.

| | |
|---|---|
| (i) ആക്സസ് റോഡുകൾ | 34.94% |
| (ii) വിയറും ഇൻടേക്ക് സ്ട്രക്ചറും | 14.63% |
| (iii) പവർ ചാനൽ | 34.56% |
| (iv) ഫോർബേ | 3.91% |

(v) പെൻസ്റ്റോക്ക് 11.36%

(vi) പവർ ഹൗസ്, ടെയിൽ റേസ്, സ്വിച്ച് യാർഡ് തുടങ്ങിയവ 20.29%

മേൽപ്പറഞ്ഞ പ്രവൃത്തികൾക്കായി 4,54,02,322 രൂപ കരാറുകാർക്ക് പാർട്ട് പേമെന്റായി 30-11-2014 വരെ നൽകിയിട്ടുണ്ട്. എസ്റ്റിമേറ്റിലെ മറ്റു പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല.

(ഡി) 2015 ഡിസംബറോടെ കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**സൗരോർജ്ജം ഉപയോഗിക്കൽ**

43 (2281) ശ്രീ. സി. മമ്മൂട്ടി :
ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഊർജ്ജോൽപാദനക്കാര്യത്തിൽ സൗരോർജ്ജം പരമാവധി ചൂഷണം ചെയ്യുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) കുറഞ്ഞ ചെലവിൽ സൗരോർജ്ജം ചൂഷണം ചെയ്യുന്നതിന് എന്തൊക്കെ ഗവേഷണ പ്രവർത്തനങ്ങൾ ഇതേവരെ നടത്തിയിട്ടുണ്ട് ; വിശദവിവരം നൽകാമോ;

(സി) ഇത് സംബന്ധിച്ച് കണ്ടെത്തലുകളോ സംവിധാനങ്ങളുടെ വികസനമോ ഉണ്ടായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സർക്കാർ പ്രഖ്യാപിച്ച സൗരോർജ്ജ നയം സംസ്ഥാനത്ത് 25-11-2013-ലെ ഗവൺമെന്റ് ഉത്തരവ് (P) No. 49/2013/PD പ്രകാരം നിലവിൽ വന്നു. പ്രസ്തുത സൗരോർജ്ജ നയമനുസരിച്ച് 2017-നുള്ളിൽ 500 MW-ഉം 2030 കാലയളവിനുള്ളിൽ 2500 MW സ്ഥാപിതശേഷിയുള്ള സൗരോർജ്ജ പ്ലാന്റുകൾ സംസ്ഥാനത്ത് സ്ഥാപിക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. പ്രസ്തുത സൗരോർജ്ജ നയത്തിലെ പ്രധാന ലക്ഷ്യങ്ങളിലൊന്ന് ലഭ്യമായ സൗരോർജ്ജം പരമാവധി ചൂഷണം ചെയ്യുക എന്നതാണ്. വൈദ്യുതി ഉത്പാദനം വർദ്ധിപ്പിക്കുന്നതിനായി സൗരോർജ്ജ മേഖലയിൽ ഗാർഹിക ഉപഭോക്താക്കൾക്കായി പതിനായിരം റൂഫ്ടോപ്പ് സൗരഗൃഹ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. പ്രസ്തുത പദ്ധതിയിലൂടെ ഒരു വീട്ടിൽ ഒരു കിലോവാട്ട് സൗരോർജ്ജ പ്ലാന്റാണ് സ്ഥാപിക്കുന്നത്. ഇതിൽ നിന്നും സൗരോർജ്ജത്തിന്റെ ലഭ്യതയ്ക്ക് അനുസരിച്ച് പ്രതിദിനം 3 -3.5 യൂണിറ്റ് വൈദ്യുതി

ഉത്പാദിപ്പിക്കാനാവും. കൂടാതെ ശൃംഖലാബന്ധിത സൗരോർജ്ജ വൈദ്യുതി ഉത്പാദനം പ്രോത്സാപിപ്പിക്കുന്നതിന് വേണ്ട നടപടികൾ അനെർട്ട് വിഭാവനം ചെയ്തു വരുന്നു. പ്രശസ്തത പദ്ധതികൾക്ക് അനെർട്ട് സബ്സിഡി ലഭ്യമാക്കുന്നുണ്ട്. അനെർട്ടിന്റെ മേൽനോട്ടത്തിൽ 2011 മുതൽ 2014 വരെ വിവിധ സർക്കാർ/ അർദ്ധ സർക്കാർ/സ്വകാര്യ സ്ഥാപനങ്ങളിലായി ആകെ 430.36 കിലോവാട്ട് സ്ഥാപിത ശേഷിയുള്ള സോളാർ പ്ലാന്റുകൾ സ്ഥാപിച്ചു കഴിഞ്ഞിട്ടുണ്ട്.

അനെർട്ടിന്റെ മേൽനോട്ടത്തിൽ ആകെ 152 കിലോവാട്ട് സ്ഥാപിത ശേഷിയുള്ള സോളാർ പ്ലാന്റുകൾ വിവിധ നിർവ്വഹണ ഘട്ടത്തിലാണ്. സൗരോർജ്ജം പരമാവധി ചൂഷണം ചെയ്യുന്നതിനായി സൗരോർജ്ജ റാന്തലുകൾ സബ്സിഡി നിരക്കിൽ നൽകിവരുന്നു. കഴിഞ്ഞ വർഷം 33000 സി.എഫ്.എൽ. റാന്തലുകൾ നൽകി. ഈ വർഷം 60000 സൗരോർജ്ജ റാന്തലുകൾ സബ്സിഡി നിരക്കിൽ നൽകുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിനായി ടെണ്ടർ വിളിക്കുന്നതിനായുള്ള നടപടികൾ നടന്നു വരുന്നു.

കൂടാതെ 45 വാട്ട് ശേഷി ഉള്ള സൗരോർജ്ജ എൽ.ഇ.ഡി. തെരുവ് വിളക്കുകൾ സബ്സിഡി നിരക്കിൽ സ്ഥാപിച്ചു വരുന്നു. 44,875 രൂപ വില വരുന്ന എൽ.ഇ.ഡി. സൗരോർജ്ജ തെരുവ് വിളക്കുകൾ 30,000 രൂപ സംസ്ഥാന സർക്കാരിന്റെ സബ്സിഡി കഴിഞ്ഞ് 14,875 രൂപയ്ക്ക് സർക്കാർ സ്ഥാപനങ്ങളിൽ സ്ഥാപിച്ചു വരുന്നു. സൗരോർജ്ജ നയത്തിലെ ലക്ഷ്യങ്ങൾ സാധൂകരിക്കുന്നതിന് വേണ്ടി കെ.എസ്.ഇ.ബി നടപ്പിലാക്കി വരുന്ന പദ്ധതികൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി&സി) സൗരോർജ്ജ സി.എഫ്.എൽ. റാന്തലുകൾക്ക് പകരമായി കൂടുതൽ പ്രകാശം ലഭിക്കുന്നതും, സൗരോർജ്ജ പാനലുകളുടെ ശേഷി കുറച്ചും, കൂടുതൽ കാലം പ്രവർത്തിക്കുന്നതും, സി.എഫ്.എൽ. റാന്തലിനെ അപേക്ഷിച്ച് വിലക്കുറവുള്ളതുമായ സൗരോർജ്ജ എൽഇ.ഡി. റാന്തലുകളുടെ ടെക്നിക്കൽ സ്പെസിഫിക്കേഷൻ തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ സൗരോർജ്ജ തെരുവ് വിളക്കുകൾക്കായി, നിലവിലുള്ള സൗരോർജ്ജ തെരുവ് വിളക്കുകളുടെ ന്യൂനതകൾ പരിഹരിച്ചുകൊണ്ട് കൂടുതൽ പ്രകാശം ലഭിക്കുന്നതും MPPT (Maximum Power Point Tracker) ടെക്നോളജിയോടു കൂടിയുള്ള പുതിയതരം സൗരോർജ്ജ തെരുവ് വിളക്കുകളുടെ ടെക്നിക്കൽ സ്പെസിഫിക്കേഷനും തയ്യാറാക്കി. ഇത് ഫീൽഡിലെ പ്രോജക്ടുകളിൽ സന്നിവേശിപ്പിച്ചിട്ടുമുണ്ട്.

## ബോർഡിന്റെ കടബാധ്യതകൾ

44 (2282) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കെ.എസ്.ഇ.ബി.-യുടെ നിലവിലുള്ള കടബാധ്യതകൾ എത്രയാണ് ; കടബാദ്ധ്യതകളുടെ എത്ര ശതമാനം ബോർഡിന് പിരിഞ്ഞു കിട്ടാനുണ്ട് ?

ഉത്തരം

ബോർഡിന്റെ കണക്കെടുപ്പ് പൂർത്തിയായ 31-10-2013-ലെ താത്കാലിക കണക്കുപ്രകാരം ബാങ്കുകളിൽ നിന്നും മറ്റു ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുമുള്ള കടബാധ്യതകൾ താഴെ നൽകുന്നു:

| | |
|---|---|
| വർക്കിംഗ് ക്യാപ്പിറ്റലിനു വേണ്ടിയുള്ള വായ്പ | 2,816.50 കോടി രൂപ |
| മൂലധന പദ്ധതിക്കു വേണ്ടിയുള്ള വായ്പ | 2,654.57 കോടി രൂപ |
| ആകെ | 5,471.07 കോടി രൂപ |

31-10-2013-ൽ വൈദ്യുതി ചാർജ്ജിനത്തിൽ ബോർഡിന് പിരിഞ്ഞുകിട്ടാനുള്ളത് 985.59 കോടി രൂപയാണ്. ഇത് മേൽ വിവരിച്ച കടബാധ്യതയുടെ 18% വരും.

**അധിക വൈദ്യുതി ഉപയോഗിക്കുന്നതിന് പിഴ**

45 (2283) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ഓഫീസുകൾ നവീകരിക്കുന്നതിന്റെ ഭാഗമായി സ്ഥാപിക്കപ്പെടുന്ന ഉപകരണങ്ങൾക്കുവേണ്ടി ഉപയോഗിക്കേണ്ടി വരുന്ന അധിക വൈദ്യുതിക്ക് പിഴ ഈടാക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അതാത് മാസം ഉപയോഗിക്കുന്ന വൈദ്യുതിയുടെ അളവിന്റെ അടിസ്ഥാനത്തിൽ വൈദ്യുതി ചാർജ്ജ് ഈടാക്കുന്ന ഇപ്പോഴത്തെ രീതിയിൽ കണക്ടഡ് ലോഡ് അധികരിച്ചു എന്ന പേരിൽ പിഴ ഈടാക്കുന്നതിന്റെ കാരണം അറിയിക്കാമോ ;

(സി) സർക്കാർ ഓഫീസുകളിൽ ഇതുസംബന്ധിച്ച സാങ്കേതിക വിദഗ്ധരില്ലാത്ത സാഹചര്യത്തിൽ ഉപകരണങ്ങൾ സ്ഥാപിക്കുന്ന ഏജൻസികൾക്കു തന്നെ കണക്ടഡ് ലോഡ് വർദ്ധനവ് സംബന്ധിച്ച വിവരങ്ങൾ കെ.എസ്.ഇ. ബി.-യെ അറിയിക്കാനുള്ള ഉത്തരവാദിത്വവും ഏൽപ്പിക്കുന്നതിന് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ&ബി) സപ്ലൈകോഡ്, 2014 റെഗുലേഷൻ 99, 153 പ്രകാരം കണക്ടഡ്

ലോഡിന്റെ 10 ശതമാനത്തിൽ അധികമായി സ്ഥാപിക്കപ്പെടുന്ന ഉപകരണങ്ങൾ ഔദ്യോഗികമായി ക്രമപ്പെടുത്തുന്നതിന് ഉപഭോക്താവ് ലൈസൻസിയുടെ മുമ്പാകെ അപേക്ഷ സമർപ്പിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇപ്രകാരം, യഥാസമയം കണക്ടഡ് ലോഡ് ക്രമീകരിച്ചിട്ടില്ലാത്ത ഉപഭോക്താക്കളിൽ നിന്നും അധിക തുക ഈടാക്കുന്നതിനും പ്രസ്തുത റെഗുലേഷനിൽ വ്യവസ്ഥയുണ്ട്.

(സി) രജിസ്റ്റേർഡ് ഉപഭോക്താക്കളുടെ ഉത്തരവാദിത്തമാണ് കണക്ടഡ് ലോഡ് സംബന്ധിച്ച വിശദാംശങ്ങൾ പുതുക്കേണ്ടത്. സർക്കാർ ഓഫീസുകളിൽ ഇതുസംബന്ധിച്ച് സാങ്കേതിക വിദഗ്ധർ ഇല്ലാത്ത പക്ഷം ഉപകരണങ്ങൾ സ്ഥാപിക്കുന്ന ഏജൻസികൾ തന്നെ കണക്ടഡ് ലോഡ് വർദ്ധനവ് സംബന്ധിച്ച വിവരങ്ങൾ രജിസ്റ്റേർഡ് ഉപഭോക്താവ് വഴി വൈദ്യുതി ബോർഡിനെ അറിയിക്കുന്നത് സംബന്ധിച്ച് കെ.എസ്.ഇ.ബി.-യുമായി കൂടിയാലോചിച്ച് തീരുമാനമെടുക്കാവുന്നതാണ്.

**പോത്തൻകോട് - കാട്ടാക്കട ഹൈടെൻഷൻ ലൈൻ**

46 (2284) <u>ശ്രീ. എം. എ. വാഹീദ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി പ്രസരണ ശേഷി മെച്ചപ്പെടുത്തുന്നതിനായി സ്ഥാപിച്ചതും, 2010-ൽ പൂർത്തിയാക്കുമെന്ന് പ്രഖ്യാപിച്ചിരുന്നതുമായ പോത്തൻകോട്-കാട്ടാക്കട ഹൈടെൻഷൻ ലൈനിന്റെ അവശേഷിക്കുന്ന പ്രവൃത്തികൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കുമോ ;

(ബി) ഈ പദ്ധതിയിൽ ആകെ എത്ര ടവറുകളാണ് സ്ഥാപിക്കുന്നത്; അതിൽ എത്രയെണ്ണം പൂർത്തിയായി; ബാക്കിയുള്ള ടവറുകളുടെ നിർമ്മാണം വൈകുന്നതിന്റെ കാരണം വിശദമാക്കുമോ ;

(സി) 2015 മാർച്ച് മാസത്തിന് മുമ്പ് ഈ പദ്ധതി കമ്മീഷൻ ചെയ്യാൻ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) അവശേഷിക്കുന്ന പ്രവൃത്തികൾ താഴെ പറയുന്നവയാണ്.

1. 6 ടവറുകളുടെ അടിത്തറ നിർമ്മാണം.
2. 37 ടവറുകൾ സ്ഥാപിക്കൽ.
3. 28.5 കിലോമീറ്റർ ലൈൻ വലിക്കലും അനുബന്ധ ജോലികളും.

(ബി) ആകെ സ്ഥാപിക്കേണ്ട 108 ടവറുകളിൽ 71 ടവറുകളുടെ നിർമ്മാണം പൂർത്തിയായി. ബാക്കി ടവറുകളുടെ നിർമ്മാണം പുരോഗമിക്കുന്നു.

ലൈൻ സംബന്ധിച്ച് നിലനിന്നിരുന്ന കോടതി വ്യവഹാരങ്ങൾ, സ്ഥല ഉടമകളുടെ എതിർപ്പുകൾമൂലം നിർമ്മാണത്തിനുള്ള സാധന സാമഗ്രികൾ അതതു സ്ഥലങ്ങളിൽ എത്തിക്കുവാനുള്ള തടസ്സം, കരാറുകാരന്റെ സാമ്പത്തിക പരാധീനത മുതലായവ ഈ ജോലിയുടെ പുരോഗതിക്ക് തടസ്സമുണ്ടാക്കിയിട്ടുണ്ട്.

(സി) 2015 മാർച്ച് മാസത്തിന് മുമ്പ് പദ്ധതി പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**പെരുന്തേനരുവി ചെറുകിട ജലവൈദ്യുത പദ്ധതി**

47 (2285) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെരുന്തേനരുവി ചെറുകിട ജലവൈദ്യുത പദ്ധതിയുടെ പണികൾ ഏതു ഘട്ടംവരെയായി എന്ന് വിശദമാക്കാമോ ; ഇനി എന്തൊക്കെ പണികളാണ് ബാക്കി നിൽക്കുന്നതെന്ന് പറയാമോ ; പദ്ധതി എന്ന് കമ്മീഷൻ ചെയ്യാനാണ് ഉദ്ദേശിക്കുന്നത് ;

(ബി) പദ്ധതിയുടെ ആകെ മുതൽമുടക്ക് എത്രയെന്ന് പറയാമോ ; എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഇവിടെ നിന്നും ഉത്പ്പാദിപ്പിക്കാൻ ഉദ്ദേശിക്കുന്നത് ; ഇവിടെ നിന്നും ഉത്പാദിപ്പിക്കുന്ന വൈദ്യുതി ഏതൊക്കെ പഞ്ചായത്തുകളിൽ വിതരണം ചെയ്യാനാണ് ഉദ്ദേശിക്കുന്നത് ;

(സി) വർഷത്തിൽ എല്ലാമാസവും ഇവിടെ നിന്നും വൈദ്യുതി ഉത്പ്പാദിപ്പിക്കാനാകുമോ ; ഏതൊക്കെ മാസങ്ങളിലാണ് വൈദ്യുതോത്പ്പാദനം ഇല്ലാതിരിക്കുന്നത് ; ഇതിന് കാരണം വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) പെരുന്തേനരുവി ചെറുകിട ജലവൈദ്യുത പദ്ധതിയുടെ പണികൾ 31% പൂർത്തിയായി. പവർ ചാനലിന്റെ 42 ശതമാനവും ഫോർബേയുടെ 36 ശതമാനവും പണികൾ പൂർത്തിയായി. പവർ ഹൗസിന്റെ കോൺക്രീറ്റിംഗ് ജോലികൾ ആരംഭിച്ചു. തടയണയുടെ എസ്കവേഷൻ ജോലികൾ (Right Bank ഒഴികെ) പൂർത്തിയായി. തടയണയുടെയും പവർ ഹൗസിന്റെയും പണികളും, പവർഹൗസിലെ ഇലക്ട്രോ മെക്കാനിക്കൽ ജോലികളും, പവർ ചാനൽ, ഫോർബേ എന്നിവയുടെ

ബാക്കി നിർമ്മാണങ്ങളും പൂർത്തീകരിക്കേണ്ടതുണ്ട്. പദ്ധതി 2015-ൽ കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) പദ്ധതിയുടെ മുതൽമുടക്ക് 6790 ലക്ഷം രൂപയാണ്. 6 MW വൈദ്യുതിയാണ് ഇവിടെ നിന്നും ഉൽപ്പാദിപ്പിക്കുവാൻ ഉദ്ദേശിക്കുന്നത്. ഇവിടെ നിന്നും ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി റാന്നി 110 കെ.വി. സബ്സ്റ്റേഷന്റെയും റാന്നി-പെരിനാട് 33 കെ.വി. സബ്സ്റ്റേഷന്റെയും പരിധിയിൽ വരുന്ന വെച്ചൂച്ചിറ, നാറാണംമൂഴി, പെരിനാട്, റാന്നി, റാന്നി - പഴവങ്ങാടി, റാന്നി-അങ്ങാടി എന്നീ പഞ്ചായത്തുകളിൽ വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നു.

(സി) വർഷത്തിൽ എല്ലാ മാസവും ഇവിടെ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുവാൻ സാധിക്കുകയില്ല. ജനുവരി മുതൽ മേയ് മാസം വരെ വൈദ്യുതി ഉൽപ്പാദനം പ്രതീക്ഷിക്കുന്നില്ല. റൺ ഓഫ് റിവർ പദ്ധതിയായതിനാൽ ഈ മാസങ്ങളിൽ വൈദ്യുതി ഉൽപ്പാദനത്തിന് ആവശ്യമായ ജലം നദിയിൽ ഉണ്ടാകാനിടയില്ല.

## കല്ല്യാശ്ശേരി മണ്ഡലത്തിലെ വൈദ്യുതി സെക്ഷൻ ഓഫീസ്

48 (2286) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കല്ല്യാശ്ശേരി മണ്ഡലത്തിലെ ഓരോ വൈദ്യുതി സെക്ഷൻ ഓഫീസുകളിലും എത്ര ഉപഭോക്താക്കളാണുള്ളത് ;

(ബി) പ്രസ്തുത മണ്ഡലത്തിൽ വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുവേണ്ടി എത്ര ഗാർഹിക അപേക്ഷകൾ നിലവിലുണ്ട്; പ്രസ്തുത അപേക്ഷകർക്ക് എപ്പോഴേക്ക് കണക്ഷൻ ലഭ്യമാക്കാൻ കഴിയും ;

(സി) അപേക്ഷ നൽകി എത്ര ദിവസത്തിനുള്ളിൽ വൈദ്യുതി കണക്ഷൻ ലഭ്യമാക്കാൻ കഴിയും ;

(ഡി) കല്ല്യാശ്ശേരി മണ്ഡലത്തിലെ പിലാത്തറ കേന്ദ്രീകരിച്ച് വൈദ്യുതി സെക്ഷൻ ഓഫീസ് തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദാംശം നൽകുമോ ?

### ഉത്തരം

(എ) വിശദാംശം താഴെ ചേർക്കുന്നു,

| | | |
|---|---|---|
| കുഞ്ഞിമംഗലം | - | 8470 |
| മാതമംഗലം | - | 5912 |
| പഴയങ്ങാടി | - | 20976 |

| | | |
|---|---|---|
| ധർമ്മശാല | - | 4225 |
| മാടായി | - | 10981 |
| പരിയാരം | - | 400 |
| ചെറുകുന്ന് | - | 15239 |

(ബി) 5-12-2014-ലെ കണക്കുപ്രകാരം പ്രസ്തുത സെക്ഷനുകളിൽ വൈദ്യുത കണക്ഷൻ ലഭിക്കുന്നതിനായി 11 ഗാർഹിക അപേക്ഷകൾ നിലവിലുണ്ട്. ടി കണക്ഷനുകൾ 10 ദിവസത്തിനുള്ളിൽ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014 പ്രകാരം, ലൈൻ നീട്ടൽ ആവശ്യമില്ലാത്ത വൈദ്യുതി കണക്ഷനുകൾ പൂർണ്ണമായ അപേക്ഷ ലഭിച്ച് 7 ദിവസപരിധിക്കുള്ളിൽ സ്ഥല പരിശോധന നടത്തി എസ്റ്റിമേറ്റ് തയ്യാറാക്കി, 30 ദിവസപരിധിക്കുള്ളിൽ വെതർ പ്രൂഫ് കണക്ഷനുകളും, 1 കി.മീറ്റർ വരെയുള്ള ഓവർ ഹെഡ് ലൈൻ നീട്ടൽ ആവശ്യമുള്ള വൈദ്യുതി കണക്ഷനുകൾ 45 ദിവസങ്ങൾക്കുള്ളിലും പിന്നീടുള്ള ഓരോ കിലോ മീറ്ററിനും 15 ദിവസം വീതവും വരെയുള്ള സമയപരിധിക്കുള്ളിൽ വൈദ്യുത കണക്ഷനുകൾ നൽകി വരുന്നു.

(ഡി) 25,000-ത്തിൽ കൂടുതൽ ഉപഭോക്താക്കൾ/50 ചതുരശ്ര കിലോ മീറ്റർ അഥവാ 20,000-ത്തിൽ കൂടുതൽ ഉപഭോക്താക്കൾ/100 ചതുരശ്ര കിലോ മീറ്റർ എന്നതിൽ കൂടുതൽ ഉപഭോക്താക്കൾ/വിസ്തൃതി ഉള്ള സെക്ഷനുകളാണ് ഇപ്പോൾ വിഭജനത്തിനായി പരിഗണിച്ചു വരുന്നത്. പഴയങ്ങാടി, മാതമംഗലം, പയ്യന്നൂർ, പരിയാരം എന്നീ ഇലക്ട്രിക്കൽ സെക്ഷനുകൾ മേൽ സൂചിപ്പിച്ച മാനദണ്ഡത്തിൽ ഉൾപ്പെടുന്നതല്ല. ആയതിനാൽ പ്രസ്തുത ഇലക്ട്രിക്കൽ സെക്ഷനുകൾ വിഭജിച്ച് പിലാത്തറ കേന്ദ്രമാക്കി ഒരു പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

### കേന്ദ്രപൂളിൽ നിന്നുള്ള വൈദ്യുതി

49 (2287) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കേന്ദ്രപൂളിൽ നിന്ന് എത്ര മെഗാവാട്ട് വൈദ്യുതിയാണ് കേരളത്തിന് അനുവദിച്ചിട്ടുള്ളത് ; ശരാശരി എത്ര മെഗാവാട്ട് വൈദ്യുതി ലഭിക്കുന്നുണ്ട്; അനുവദിച്ചിട്ടുള്ള മുഴുവൻ വൈദ്യുതിയും കൊണ്ടുവരുന്നതിന് ആവശ്യമായ ഗ്രിഡ് സംവിധാനം നിലവിലുണ്ടോ ; ഇത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ എന്താണ് ?

<u>ഉത്തരം</u>

1344.62 മെഗാവാട്ട്. ഇപ്പോൾ ശരാശരി 1100 മെഗാവാട്ട് വൈദ്യുതിയാണ് കേന്ദ്ര വിഹിതമായി ലഭിക്കുന്നത്. കേന്ദ്ര വിഹിതമായി ലഭിക്കുന്ന വൈദ്യുതി കേരളത്തിലേക്ക് എത്തിക്കുന്നതിന് ആവശ്യമായ ശേഷി നിലവിലുള്ള ഗ്രിഡിനുണ്ട്. എന്നാൽ കേന്ദ്രപൂളിൽ നിന്നല്ലാതെ മറ്റ് സ്രോതസ്സുകളിൽ നിന്നും വൈദ്യുതി എത്തിക്കേണ്ടതായി വരുമ്പോഴാണ് ഗ്രിഡിന്റെ അപര്യാപ്തത ഉണ്ടാവുന്നത്. കേന്ദ്ര വിഹിതവും കേരളത്തിന്റെ ആഭ്യന്തര ഉല്പാദനവുംകൊണ്ട് മാത്രം കേരളത്തിന്റെ ഊർജ്ജാവശ്യം നിറവേറ്റാൻ പര്യാപ്തമല്ല. ഇതിലേക്കായി കരാറടിസ്ഥാനത്തിൽ മറ്റു സ്ഥലങ്ങളിൽ നിന്നും അന്തർ സംസ്ഥാന ലൈനുകൾ വഴി വൈദ്യുതി എത്തിക്കേണ്ടതായി വരുമ്പോൾ ഗ്രിഡിന്റെ അപര്യാപ്തത മുഖ്യവിഷയമാണ്. പ്രസരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനായി താഴെ പറയുന്ന അന്തർ സംസ്ഥാന ലൈനുകൾ നിർമ്മിച്ചു വരുന്നു.

(i) 400 കെ.വി. മൈസൂർ - അരിക്കോട് ഡബിൾ സർക്യൂട്ട് ലൈൻ പ്രസ്തുത ലൈനിന്റെ കേരളത്തിലുള്ള ഭാഗത്തെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. കർണ്ണാടക ഭാഗത്ത് കാപ്പി കർഷകരുടെ എതിർപ്പുമൂലം തടസ്സപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങൾ പരിഹരിക്കുന്നതിനായി കർണ്ണാടക ഗവൺമെന്റ് രൂപീകരിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് പ്രകാരം നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻ പുനരാരംഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**(ii)** കൂടംകുളത്തുനിന്നും കേരളത്തിലേക്ക് വൈദ്യുതി കൊണ്ടു വരുന്നതിനായി നിർമ്മിക്കുന്ന 400 കെ.വി. തിരുനെൽവേലി മാടക്കത്തറ ലൈനിന്റെ ഇടമൺ-കൊച്ചി ഭാഗത്തെ നിർമ്മാണ പ്രവർത്തനങ്ങൾ പരിഹരിക്കുന്നതിനായുള്ള ചർച്ചകൾ അന്തിമഘട്ടത്തിലാണ്.

**(iii)** 400 കെ.വി. ഉഡുപ്പി (കർണ്ണാടക)-മൈലാട്ടി-അരിക്കോട് ഡബിൾസർക്യൂട്ട് ലൈനും മൈലാട്ടിയിൽ ഒരു 400 കെ.വി. സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള അനുമതിയും SPRC-യിൽ

നിന്നും ലഭിച്ചിട്ടുണ്ട്.

(iv) Raigarh – Pugalur – Madakkathara 800 kV HVDC ലൈനിന്റെ നിർമ്മാണം നടത്തുന്നതിനായി CEA-യ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. കൂടാതെ കർണ്ണാടകയിലെ കോനാജേയിൽ നിന്നും കേരളത്തിലേക്ക് വൈദ്യുതി കൊണ്ടു വരുന്ന കോനാജേ-മഞ്ചേശ്വരം 110 കെ.വി.ലൈനിന്റെ കേരളത്തിലെ ഭാഗത്തെ 110 കെ.വി. തവിടുഗൊളി-മൈലാട്ടി സിംഗിൾ സർക്യൂട്ട് ലൈൻ ഡബിൾ സർക്യൂട്ട് ലൈനാക്കി ശക്തിപ്പെടുത്തുവാനും വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു.

**തെരുവുവിളക്കുകൾ**

50 (2288) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തെരുവു വിളക്കുകൾ പ്രവർത്തിപ്പിക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ളത് ആരെയാണ് ;

(ബി) തെരുവു വിളക്കുകൾ യഥാസമയം പ്രവർത്തിപ്പിക്കുന്നതിലും കെടുത്തുന്നതിലും വീഴ്ചകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) തെരുവുവിളക്കുകൾ യഥാസമയം കെടുത്താത്തതുമൂലമുള്ള വൈദ്യുതി നഷ്ടം തടയുന്നതിനായി കെ.എസ്.ഇ.ബി.യുടെ പരിശോധനാ വിഭാഗത്തിന്റെ പ്രവർത്തനത്തിൽ ഇവ കൂടി ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) കെ.എസ്.ഇ.ബി. ലിമിറ്റഡിലെ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളിലെ ബ്രേക്ക് ഡൗൺ വിഭാഗത്തെയാണ് നിലവിൽ തെരുവ് വിളക്കുകൾ പ്രവർത്തിപ്പിക്കുന്നതിന് ചുമതലപ്പെടുത്തിയിരിക്കുന്നത്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014, റെഗുലേഷൻ 102 പ്രകാരം സ്ട്രീറ്റ് ലൈറ്റുകളുടെ മീറ്ററിംഗ് നടത്തേണ്ടതാകയാൽ കെ.എസ്.ഇ.ബി. യിൽ നിലവിലുള്ള എല്ലാ തെരുവ് വിളക്കുകൾക്കും, പുതുതായി സ്ഥാപിക്കുന്ന ലൈറ്റുകൾക്കും മീറ്ററിംഗ് ചെയ്യുന്നതിനും അവയുടെ പ്രവർത്തനങ്ങൾ സ്വയം നിയന്ത്രിക്കുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനുമുള്ള പ്രവർത്തനങ്ങൾ

പുരോഗമിച്ചു വരുന്നു. സ്ട്രീറ്റ് ലൈറ്റുകളുടെ പ്രവർത്തനം സ്വയം നിയന്ത്രിക്കുന്നതിനുള്ള ഓട്ടോമാറ്റിക് കൺട്രോളറുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾ ആരംഭിച്ചു കഴിഞ്ഞു. മാത്രമല്ല തെരുവ് വിളക്കുകൾ പകൽ സമയം കത്തിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ അത് അപ്പോൾത്തന്നെ ഓഫ് ചെയ്യുന്നതുമാണ്.

## ചാത്തൻകോട്ടുനട ചെറുകിട ജലവൈദ്യുത പദ്ധതി

51 (2289) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാത്തൻകോട്ടുനട ചെറുകിട ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങളിൽ നിന്നും നിലവിലുള്ള കരാർ കമ്പനി ഒഴിവായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പുതിയ കമ്പനിക്ക് കരാർ നൽകി പദ്ധതിയുടെ പ്രവർത്തനം പുനരാരംഭിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ചാത്തൻകോട്ടുനട ചെറുകിട ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങളിൽ നിന്നും നിലവിലുള്ള കരാറുകാരായ കോറമാൻഡൽ എനർജി പ്രൈവറ്റ് ലിമിറ്റഡ്-കോറമാൻഡൽ ഇൻഫ്രാസ്ട്രക്ചർ പ്രൈവറ്റ് ലിമിറ്റഡ്-ബോവിംഗ് ഫോറസ് പ്രൈവറ്റ് ലിമിറ്റഡ്-കൺസോർഷ്യം ഒഴിവായിട്ടില്ല.

(ബി) ബാധകമല്ല.

## 2006 മുതൽ 2011 വരെ വൈദ്യുതി വിതരണ രംഗത്ത് പൂർത്തീകരിച്ച പ്രവൃത്തികളുടെ വിശദാംശങ്ങൾ

52 (2290) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2006 മുതൽ 2011 വരെ വൈദ്യുതി വിതരണ രംഗത്ത് പൂർത്തീകരിച്ച പ്രവൃത്തികളുടെ താഴെപ്പറയും പ്രകാരമുള്ള വിശദാംശങ്ങൾ ഓരോ വർഷത്തെയും പ്രത്യേകമായി ലഭ്യമാക്കുമോ; 1. HT ലൈൻ നിർമ്മാണം എത്രയെന്ന കിലോമീറ്ററിൽ, 2. LT ലൈൻ നിർമ്മാണം എത്രയെന്ന കിലോമീറ്ററിൽ, 3. വിതരണ ട്രാൻസ്ഫോമർ സ്ഥാപിച്ചതിന്റെ എണ്ണം, 4. പുതുതായി നൽകിയ കണക്ഷനുകളുടെ എണ്ണം, 5. കേടായ മീറ്ററുകൾ മാറ്റി സ്ഥാപിച്ചതിന്റെ എണ്ണം.

(ബി) 2011 മുതൽ 2014 ഒക്ടോബർ വരെ മേൽപ്പറഞ്ഞ പ്രവൃത്തികൾ ഓരോ വർഷവും പൂർത്തീകരിച്ചതിന്റെ വിശദാംശങ്ങൾ പ്രത്യേകമായി ലഭ്യമാക്കുമോ ?

ഉത്തരം

(എ)

| | സാമ്പത്തിക വർഷം | | | | | |
|---|---|---|---|---|---|---|
| | 2005-06 | 2006-07 | 2007-08 | 2008-09 | 2009-10 | 2010-11 |

| | | | | | | |
|---|---|---|---|---|---|---|
| എച്ച്.റ്റി. ലൈൻ നിർമ്മാണം (കി.മീ.) | 1062.06 | 1820 | 1806.88 | 3018.4 | 3398.27 | 3644.67 |
| എൽ.റ്റി. ലൈൻ നിർമ്മാണം (കി.മീ.) | 7440.6 | 8228.5 | 8128.37 | 7636.27 | 7837.95 | 6928.69 |
| വിതരണ ട്രാൻസ്ഫോർമർ സ്ഥാപിച്ചതിന്റെ എണ്ണം (നമ്പർ) | 1751 | 2124 | 2553 | 4109 | 5790 | 5800 |
| പുതുതായി നൽകിയ കണക്ഷനുകളുടെ എണ്ണം (നമ്പർ) | 548521 | 478745 | 482766 | 444794 | 447817 | 442611 |
| കേടായ മീറ്ററുകൾ മാറ്റി സ്ഥാപിച്ചതിന്റെ എണ്ണം (നമ്പർ) | 636256 | 269844 | 580484 | 644256 | 1021538 | 708556 |

(ബി)

| പ്രവൃത്തികൾ | സാമ്പത്തിക വർഷം | | | | |
|---|---|---|---|---|---|
| | 2010-11 | 2011-12 | 2012-13 | 2013-14 | 2014 (ഏപ്രിൽ മുതൽ ഒക്ടോബർ വരെ) |
| എച്ച്.റ്റി. ലൈൻ നിർമ്മാണം (കി.മീ.) | 3644.67 | 2572.24 | 1579.21 | 1883.79 | 852.6 |
| എൽ.റ്റി. ലൈൻ നിർമ്മാണം (കി.മീ.) | 6928.69 | 4089 | 3066.16 | 3734.82 | 1776.99 |
| വിതരണ ട്രാൻസ്ഫോർമർ സ്ഥാപിച്ചതിന്റെ എണ്ണം (നമ്പർ) | 5800 | 4375 | 2643 | 3200 | 1783 |
| പുതുതായി നൽകിയ കണക്ഷനുകളുടെ എണ്ണം (നമ്പർ) | 442611 | 413669 | 403421 | 415216 | 228822 |
| കേടായ | 708556 | 615719 | 651072 | 1039790 | 173640 |

---

മീറ്ററുകൾ മാറ്റി
സ്ഥാപിച്ചതിന്റെ എണ്ണം
(നമ്പർ)

---

**ശബരി റെയിൽ**

53 (2291) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശബരി റെയിലിന്റെ കാലടി റെയിൽവേ സ്റ്റേഷൻ വരെയുള്ള നിർമ്മാണപ്രവൃത്തികൾ പൂർത്തീകരിക്കുന്നതിലെ കാലതാമസത്തിനു കാരണമെന്തെന്നു വിശദമാക്കാമോ ;

(ബി) ഇത് എന്നത്തേക്ക് പൂർത്തീകരിക്കുവാൻ സാധിക്കുമെന്നു വ്യക്തമാക്കാമോ;

(സി) അങ്കമാലി നിയോജക മണ്ഡലത്തിലൂടെ കടന്നുപോകുന്ന നിർദ്ദിഷ്ട റെയിൽപ്പാതയുടെ അലൈൻമെന്റിൽ എവിടെയെല്ലാമാണ് മേൽപ്പാലങ്ങൾ നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത് ?

ഉത്തരം

(എ) അങ്കമാലി മുതൽ കാലടി വരെയുള്ള റെയിൽവേ ലൈനിന്റെ പണികൾ പൂർത്തിയായി വരുന്നു. ലെവൽ ക്രോസിംഗുകളിൽ അണ്ടർ പാസുകളുടേയും ഓവർ ബ്രിഡ്ജുകളുടേയും നിർമ്മാണ പ്രവർത്തനങ്ങളുടെ ഭാഗമായി റെയിൽവേ ലൈനിന്റെ ഉയരത്തിൽ അൽപ്പം വ്യത്യാസം വരുത്തേണ്ടതിനാലാണ് കാലതാമസം ഉണ്ടാകുന്നത്.

(ബി) 31-12-2014-നകം പൂർത്തിയാക്കുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് റെയിൽവേ അറിയിച്ചിട്ടുണ്ട്.

(സി) രണ്ട് മേൽപ്പാലങ്ങളാണ് നിർദ്ദേശിച്ചിട്ടുള്ളത്. ഒന്ന് അങ്കമാലി എയർപോർട്ട് റോഡിൽ മനയ്ക്കപ്പടിയും മറ്റൊന്ന് നായത്തോടുമാണ്.

**വൈകി ഓടുന്ന ട്രെയിനുകൾ**

54 (2292) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ വഴിയുള്ള തീരദേശ റെയിൽവെ പാതയിൽക്കൂടി ഓടുന്ന എല്ലാ പാസഞ്ചർ ട്രെയിനുകളും വൈകിയാണ് ഓടുന്നതെന്നുള്ള വാർത്തകളും നിവേദനങ്ങളും

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് പരിഹരിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സ്ഥിരമായി ട്രെയിനുകൾ വൈകാറില്ല എന്നും സാങ്കേതിക തടസ്സങ്ങൾ കാരണം ചിലപ്പോൾ വൈകാറുണ്ടെന്നും റെയിൽവേയിൽ നിന്നും അറിഞ്ഞിട്ടുണ്ട്. എന്നിരുന്നാലും കഴിവതും ട്രെയിനുകൾ വൈകിയോടുന്ന സാഹചര്യങ്ങൾ ഒഴിവാക്കണമെന്ന് റെയിൽവേയോട് ആവശ്യപ്പെടുന്നതാണ്.

**സബർബൻ റെയിൽവേ പദ്ധതി**

55 (2293) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സബർബൻ റെയിൽവേ പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണ് ; വിശദാംശം നൽകുമോ ;

(ബി) പദ്ധതിയുടെ ആദ്യഘട്ട പുരോഗതികൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ ;

(സി) മലബാറിലെ ജനങ്ങളുടെ യാത്രാ ദുരിതത്തിന് പരിഹാരം കാണുന്നതിന് നിർദ്ദിഷ്ട സബർബൻ റെയിൽ മലബാറിലേക്കുകൂടി നീട്ടുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ഡി) സബർബൻ പദ്ധതി എത്രയുംവേഗം യാഥാർത്ഥ്യമാക്കാൻ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ ?

<u>ഉത്തരം</u>

(എ&ബി) സബർബൻ ട്രെയിൻ സർവ്വീസ് ആരംഭിക്കുന്നതിനുള്ള ഒരു പദ്ധതിക്ക് 1-1-2013-ൽ കേരള സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിരുന്നു. പദ്ധതിയുടെ സാധ്യതാ പഠനം മുംബൈ റെയിൽ വികാസ് കോർപ്പറേഷൻ ലിമിറ്റഡ് (MRVC) എന്ന പൊതുമേഖലാ കമ്പനിയെ

ഏല്പിക്കുകയും അവർ ടി പദ്ധതിയുടെ സാധ്യതാ പഠനം നടത്തിയ ശേഷം വിശദമായ പ്രോജക്ട് റിപ്പോർട്ട് (DPR) തയ്യാറാക്കി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി ചെലവ് പൂർണ്ണമായും സംസ്ഥാന സർക്കാർ വഹിക്കുമെന്നാണ് പദ്ധതിയുടെ DPR-ലെ ശുപാർശ.

(സി) DPR പ്രകാരം പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ തിരുവനന്തപുരത്ത് നിന്നും ചെങ്ങന്നൂർ വരെയാണ് സബർബൻ സർവ്വീസ് ഉദ്ദേശിക്കുന്നത്. തുടർന്ന് എറണാകുളം വരെ ദീർഘിപ്പിച്ച് രണ്ടര മണിക്കൂർ കൊണ്ട് തിരുവനന്തപുരം എറണാകുളം റൂട്ടിൽ ട്രെയിൻ സർവ്വീസ് നടത്താനാണ് ഉദ്ദേശിക്കുന്നത്. മലബാർ വരെ ഈ സേവനം ഏർപ്പെടുത്താൻ സാദ്ധ്യതാ പഠനം നടത്തിയിട്ടില്ല.

(ഡി) നിലവിലുള്ള റെയിൽവേ ലൈനുകളിൽ ട്രെയിനുകൾ ഒരു നിശ്ചിത ദൂരത്തേക്ക് മാത്രം ഓടിക്കുന്നതിനുള്ള പദ്ധതിയാണിത്. ഇൻഡ്യൻ റെയിൽവേയുടെ അടിസ്ഥാന സൗകര്യങ്ങൾ ഉപയോഗിച്ചാണ് പദ്ധതി നടപ്പാക്കേണ്ടി വരുന്നത്. അതിനാൽ പദ്ധതിയുടെ ഓപ്പറേഷൻ, മെയിന്റനൻസ് എന്നിവ സംബന്ധിച്ചും സ്പെഷ്യൽ പർപ്പസ് വെഹിക്കിളിന്റെ ഘടന സംബന്ധിച്ചും ഫണ്ടിംഗ് സംബന്ധിച്ചും ഒക്കെ വളരെ വിശദമായ വിലയിരുത്തലുകളും കൂടിയാലോചനകളും ആവശ്യമാണ്. ഇതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. റെയിൽവേ മന്ത്രാലയവുമായും കേന്ദ്ര സർക്കാരുമായും സംസ്ഥാന സർക്കാർ ഇതുസംബന്ധിച്ച് നിരന്തരമായി ഇടപെടൽ നടത്തുന്നുണ്ട്.

**വനിതാ ട്രെയിൻ യാത്രക്കാരുടെ സുരക്ഷ**

56 (2294) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആകെ എത്ര കിലോമീറ്റർ റെയിൽപ്പാതയുണ്ട് എന്നും ഇതിലൂടെ ദൈനംദിനം എത്ര ട്രെയിനുകൾ ഓടുന്നു എന്നും ദിനംപ്രതി ഇതിലൂടെ ശരാശരി എത്ര ജനങ്ങൾ യാത്ര ചെയ്യുന്നു എന്നും ആഭ്യന്തര വകുപ്പിന്റെ സഹായത്തോടെ പ്രസ്തുത യാത്രക്കാരുടെ സുരക്ഷയ്ക്കായി എത്ര സുരക്ഷാ ജീവനക്കാരെ നിയോഗിച്ചിട്ടുണ്ട് എന്നും അറിയാമോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്ത് ദിനംപ്രതി എത്ര വനിതാ റെയിൽ യാത്രികരുണ്ട് ; ഇവരുടെ സുരക്ഷയ്ക്കായി നിയോഗിച്ചിട്ടുള്ള വനിതാ സുരക്ഷാജീവനക്കാർ എത്ര ; വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്ത് ആകെ റെയിൽവേ സ്റ്റേഷനുകളുടെ എണ്ണം എത്ര; ഇതിൽ എത്ര സ്റ്റേഷനുകളിൽ സുരക്ഷാ ജീവനക്കാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്; വ്യക്തമാക്കുമോ;

(ഡി) ട്രെയിനുകളിൽ വനിതകൾക്കെതിരെ അതിക്രമം തുടർക്കഥയായി വരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടുവോ ; എങ്കിൽ ഈ സർക്കാർ കാലയളവിൽ നാളിതുവരെ ട്രെയിൻ യാത്രക്കിടയിൽ എത്ര കൊലപാതകങ്ങളും മറ്റ് പീഡനങ്ങളും നടന്നു എന്നും മേലിൽ ഇത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കാൻ സർക്കാർ എന്തു കർശന നടപടി സ്വീകരിക്കും എന്നും വ്യക്തമാക്കുമോ ;

(ഇ) R.P.F.-ന്റെ തിരുവനന്തപുരം, പാലക്കാട് റെയിൽവേ ഡിവിഷനുകളിൽ യാത്രക്കാരായ വനിതകളുടെ സംരക്ഷണത്തിന് നിലവിൽ നിയോഗിക്കപ്പെട്ട വനിതാ പോലീസുകാർ എത്ര; തുച്ഛമായ ഇത് പരിഹരിക്കുവാൻ കേന്ദ്ര സർക്കാരിനോട് എന്തെങ്കിലും സഹായം ആവശ്യപ്പെട്ടുവോ; വിശദാംശം വ്യക്തമാക്കുമോ ;

(എഫ്) വനിതാ യാത്രക്കാരുടെ സുരക്ഷ ഉറപ്പുവരുത്തുവാൻ സംസ്ഥാന സർക്കാർ പുതുതായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു; വിശദാംശം വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് ഏകദേശം 1003 കിലോമീറ്റർ റെയിൽ പാതയിലൂടെ പ്രതിദിനം ഓടുന്ന 77 എക്സ്പ്രസ് ട്രെയിനുകളിലും 44 പാസഞ്ചർ തീവണ്ടികളിലുമായി പ്രതിദിനം ശരാശരി 5.5 മുതൽ 6 ലക്ഷം വരെ ജനങ്ങൾ യാത്ര ചെയ്യുന്നു. ഇവരുടെ സുരക്ഷയ്ക്കായി റെയിൽവേ 790 സുരക്ഷാ ജീവനക്കാരെ നിയോഗിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് പ്രതിദിനം ട്രെയിൻ യാത്രയിലേർപ്പെടുന്ന ഏകദേശം 6 ലക്ഷം ആൾക്കാരിൽ 15 മുതൽ 20% വരെ സ്ത്രീകളാണ്. ഇവരുടെ സുരക്ഷയ്ക്കായി നിലവിൽ 2 വനിതാ എസ്.ഐ.-മാരുൾപ്പെടെ 33 വനിതാ റെയിൽവേ പോലീസ് ജീവനക്കാരെ റെയിൽവേ നിയോഗിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്ത് ആകെ 188 റെയിൽവേ സ്റ്റേഷനുകളുണ്ട്. സംസ്ഥാനത്തെ പ്രധാനപ്പെട്ട എല്ലാ റെയിൽവേ സ്റ്റേഷനുകളിലും സുരക്ഷാ ജീവനക്കാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്.

(ഡി) ട്രെയിനുകളിൽ സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ സർക്കാരിന്റെ കാലയളവിൽ ട്രെയിൻ യാത്രയ്ക്കായി ഇരിക്കവെ, പുറപ്പെടുന്നതിനു മുൻപ് ട്രെയിനിന് ഉള്ളിൽ വച്ചു നടന്ന ഒരു കൊലപാതകവും ട്രെയിൻ യാത്രയ്ക്കിടയിൽ ഒരു കൊലപാതകവും നടന്നിട്ടുണ്ട്. ട്രെയിനിൽ വച്ചു നടന്ന മറ്റ് പീഡനങ്ങളുടെ എണ്ണം 256. ട്രെയിനുകളിൽ സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് വനിതാ

പോലീസ് ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരെ ട്രെയിനുകളിൽ പട്രോളിംഗ് ഡ്യൂട്ടിക്കായി നിയോഗിച്ചിട്ടുണ്ട്. വനിതാ കോച്ചുകളിൽ പ്രത്യേകം വനിതാ പോലീസുകാരെ നിയോഗിച്ചിട്ടുണ്ട്. ട്രെയിൻ യാത്രയ്ക്കിടയിൽ എന്തെങ്കിലും കുറ്റകൃത്യങ്ങളുണ്ടായാൽ ഉടൻ തന്നെ പോലീസ് സഹായത്തിനായി 24 മണിക്കൂറും പ്രവർത്തിക്കുന്ന റെയിൽവേ അലർട്ട് നമ്പരുകളായ 9846200100, 9846200150, ആർ.പി.എഫ്. ഹെൽപ്പ് ലൈൻ നമ്പരായ 9995040000 എന്നിവയിൽ യാത്രക്കാർക്ക് ബന്ധപ്പെടാവുന്നതും ഉടനടി പോലീസ് നടപടികൾ സ്വീകരിക്കുന്നതുമാണ്. ടി നമ്പരുകൾ ട്രെയിനുകളിലും പ്ലാറ്റ്ഫോമുകളിലും പ്രദർശിപ്പിച്ചിട്ടുണ്ട്.

(ഇ) നിലവിൽ 2 വനിതാ എസ്.ഐ മാരുൾപ്പെടെ 33 വനിതാ റെയിൽവേ പോലീസ് ജീവനക്കാരെ റെയിൽവേ നിയോഗിച്ചിട്ടുണ്ട്. സൗമ്യയുടെ ദാരുണ മരണത്തെ തുടർന്ന് റെയിൽവേ നടത്തിയ പഠനത്തിൽ കേരളത്തിൽ ആർ.പി.എഫിൽ 1503 പുതിയ തസ്തികകൾ സൃഷ്ടിക്കണമെന്നുള്ള ദക്ഷിണ റെയിൽവേ മാനേജരുടെ നിർദ്ദേശം പരിഗണിച്ച് 2015-16-ലെ റെയിൽവേ ബഡ്ജറ്റിൽ അനുവദിക്കണമെന്ന ആവശ്യം കേന്ദ്ര സർക്കാരിനോട് 2015-16 റെയിൽവേ ബഡ്ജറ്റിന് മുന്നോടിയായി സംസ്ഥാനം സമർപ്പിച്ച മെമ്മോറാണ്ടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(എഫ്) ട്രെയിനുകളിൽ സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് വനിതാ പോലീസ് ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരെ ട്രെയിനുകളിൽ പട്രോളിംഗ് ഡ്യൂട്ടിക്കായി നിയോഗിച്ചിട്ടുണ്ട്. ട്രെയിൻ യാത്രയ്ക്കിടയിൽ എന്തെങ്കിലും കുറ്റകൃത്യങ്ങളുണ്ടായാൽ ഉടൻ തന്നെ പോലീസ് സഹായത്തിനായി 24 മണിക്കൂറും പ്രവർത്തിക്കുന്ന റെയിൽ അലർട്ട് നമ്പരുകളായ 9846200100, 9846200150, ആർ.പി.എഫ്. ഹെൽപ്പ് ലൈൻ നമ്പരായ 9995040000 എന്നിവയിൽ യാത്രക്കാർക്ക് ബന്ധപ്പെടാവുന്നതും ഉടനടി പോലീസ് നടപടികൾ സ്വീകരിക്കുന്നതുമാണ്. ടി നമ്പരുകൾ ട്രെയിനുകളിലും പ്ലാറ്റ്ഫോമുകളിലും പ്രദർശിപ്പിച്ചിട്ടുണ്ട്. ഇതിനു പുറമേ സംസ്ഥാന റെയിൽവേ പോലീസിന്റെ എണ്ണം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി 408 തസ്തികകൾ 28-7-2012-ലെ സർക്കാർ ഉത്തരവ് (എം.എസ്) 207/2012 പ്രകാരം 200 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ തീവണ്ടികളിൽ സ്ത്രീ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി 200 ഹോംഗാർഡുകളെ നിയമിക്കുന്നതിനായുള്ള നിർദ്ദേശം സംസ്ഥാന സർക്കാർ പരിഗണിച്ചു വരുന്നു.

**പുതിയ റെയിൽവേ പാതകൾക്കായി സർവ്വേകൾ**

57 (2295) ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വർഷങ്ങളായി പുതിയ റെയിൽപ്പാതകൾക്കായി സർവ്വേകൾ നടത്തുന്നുണ്ടെങ്കിലും അവയൊന്നും നടപ്പിലാക്കുന്നതിനുള്ള തുടർ പ്രവൃത്തികൾ നടക്കുന്നില്ലെന്ന ആക്ഷേപം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ;

(ബി) സംസ്ഥാനത്ത് നടത്തിയ പാതകളുടെ സർവ്വേകൾ എത്രയാണെന്നും, അവ ഏതൊക്കെയെന്നും വ്യക്തമാക്കുമോ ;

(സി) സർവ്വേകൾ പൂർത്തിയാക്കിയ ശേഷം തുടർ പ്രവൃത്തികൾ നടത്തുന്നതിനു തടസ്സമായി നിൽക്കുന്ന ഘടകങ്ങൾ എന്തൊക്കെയെന്ന് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ ;

(ഡി) ഇതിൽ സംസ്ഥാന സർക്കാരിന്റെ വീഴ്ച കാരണം തുടർ പ്രവൃത്തി സാധിക്കാത്ത ഏതെങ്കിലും പ്രോജക്റ്റുകൾ ഉണ്ടോയെന്നു വ്യക്തമാക്കുമോ ;

(ഇ) തുടർ പ്രവൃത്തികൾ നടപ്പാക്കാത്തതിനു കാരണം വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) വിലയിരുത്തിയിട്ടുണ്ട്.

(ബി) കാലാകാലങ്ങളായി റെയിൽവേ പ്രഖ്യാപിച്ച വിവിധ റെയിൽവേ ലൈനുകൾക്കായുള്ള സർവ്വേകളുടെയും അവയുടെ ഇപ്പോഴത്തെ സ്ഥിതിയുടെയും വിശദാംശം അനുബന്ധമായി വച്ചിരിക്കുന്നു.*

(സി) പരിശോധിച്ചിട്ടുണ്ട്. കാലാകാലങ്ങളായി റെയിൽവേ പ്രഖ്യാപിക്കുന്ന പുതിയ റെയിൽവേ ലൈനുകൾക്കുള്ള സർവ്വേ പൂർത്തീകരിച്ച് റെയിൽവേ ബോർഡിന് സമർപ്പിക്കുന്ന റിപ്പോർട്ടുകളിൽ സാമ്പത്തിക മെച്ചം (Economic viability) നേടുന്നതിനുള്ള ന്യായീകരണങ്ങൾ ഉൾക്കൊള്ളുന്നവയ്ക്കാണ് സാധാരണയായി റെയിൽവേ അംഗീകാരം നൽകുന്നത്. അങ്ങനെ അംഗീകാരം ലഭിക്കുന്ന പദ്ധതികളുടെ നടത്തിപ്പിന് ആവശ്യമായ ഫണ്ടിന്റെ ദൗർലഭ്യം ബാധിക്കാറുണ്ട്. പുതിയ ലൈനുകളുടെ അലൈൻമെന്റ് അന്തിമമായി തീരുമാനിക്കുന്നതും സ്ഥലമേറ്റെടുപ്പ് പൂർത്തിയാക്കുന്നതും ഇത്തരം പദ്ധതികളുടെ നടത്തിപ്പിനെ ബാധിക്കുന്ന മറ്റു കാരണങ്ങളാണ്.

(ഡി) അത്തരത്തിലുള്ള പദ്ധതികളൊന്നും ഇല്ല.

(ഇ) വിശദാംശം അനുബന്ധത്തിൽ* വിശദീകരിച്ചിട്ടുണ്ട്.

**ഫ്ലാഷ് ബോർഡ് സ്ഥാപിച്ചിട്ട് പ്രവർത്തിപ്പിച്ചിട്ടില്ലാത്ത കാര്യം**

58 (2296) <u>ശ്രീ. പി. കെ. ഗുരുദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം റെയിൽവേ സ്റ്റേഷനിൽ ട്രെയിനിന്റെ വരവും പോക്കും സംബന്ധിച്ച വിവരങ്ങൾ യാത്രക്കാർക്ക് അറിയുന്നതിന് വേണ്ടി ഫ്ലാഷ് ബോർഡ്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സ്ഥാപിച്ചിട്ട് നാളിതുവരെ പ്രവർത്തിപ്പിച്ചിട്ടില്ലാത്ത കാരണം വിശദമാക്കുമോ ;

(ബി) ഫ്ലാഷ് ബോർഡ് പ്രവർത്തിപ്പിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) അറൈവൽ/ഡിപ്പാർച്ചർ ഡിസ്പ്ലേ ബോർഡ് പ്രവർത്തിക്കുന്നുണ്ട്. എന്നാൽ കോച്ച് ഇൻഡിക്കേഷൻ ബോർഡ് പഴയ മോഡലായതിനാൽ കേടായ ശേഷം നന്നാക്കാൻ സാധിച്ചിട്ടില്ല. പുതിയ സോഫ്റ്റ്‌വെയർ ഉൾപ്പെടെ പുതിയ മോഡൽ സ്ഥാപിക്കേണ്ടതുണ്ട്.

(ബി) ഇക്കാര്യം റെയിൽവേയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

**റെയിൽവേ വികസനം**

59 (T2297) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ റെയിൽവേ വികസനവുമായി ബന്ധപ്പെട്ട് നടന്നു വരുന്ന പ്രധാന പ്രവൃത്തികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ;

(ബി) റെയിൽവേ ലൈൻ വൈദ്യുതീകരണം ഏതെല്ലാം മേഖലയിലാണ് നടക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) ഷൊർണ്ണൂർ മുതൽ മംഗലാപുരം വരെയുള്ള റെയിൽവേ ലൈൻ വൈദ്യുതീകരണ പ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

(ഡി) ഈ പ്രവൃത്തി എന്ന് പൂർത്തീകരിക്കാനാകുമെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) മുഖ്യമായും പിറവം റോഡ്-കുറുപ്പന്തറ, കുറുപ്പന്തറ-ചിങ്ങവനം, ചെങ്ങന്നൂർ-ചിങ്ങവനം, അമ്പലപ്പുഴ-ഹരിപ്പാട്, കുമ്പളം-തുറവൂർ, എറണാകുളം-കുമ്പളം പാതയിരട്ടിപ്പിക്കലും, പുനലൂർ-ഇടമൺ ഗേജ് മാറ്റവും, അങ്കമാലി-ശബരി

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

റെയിൽപ്പാത, തിരുനാവായ– ഗുരുവായൂർ റെയിൽപാതയും കൂടാതെ പാത വൈദ്യുതീകരണവും ആണ് സംസ്ഥാനത്ത് ഇപ്പോൾ തുടർന്നു വരുന്ന പ്രധാന റെയിൽവേ പ്രവൃത്തികൾ.

(ബി) ഷൊർണ്ണൂർ-മംഗലാപുരം, തിരുവനന്തപുരം-നാഗർകോവിൽ-തിരുനെൽവേലി ലൈൻ എന്നിവയുടെ വൈദ്യുതീകരണം നടന്നുവരുന്നു.

(സി) പണികൾ അന്തിമ ഘട്ടത്തിൽ ദ്രുതഗതിയിൽ പുരോഗമിക്കുന്നു.

(ഡി) മാർച്ച് 2016-ഓടുകൂടി പണികൾ പൂർത്തീകരിക്കാനാണ് റെയിൽവേ ഉദ്ദേശിക്കുന്നത് എന്ന് അറിയാൻ കഴിഞ്ഞു.

**കൊച്ചി മെട്രോ റെയിൽ പദ്ധതി**

60 (T2298) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചി മെട്രോ റെയിൽ പദ്ധതി യാഥാർത്ഥ്യമാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(ബി) പദ്ധതിയുടെ നിർമ്മാണ പുരോഗതി വിശദമാക്കുമോ ;

(സി) പദ്ധതി നിർവ്വഹണത്തിനുള്ള സാമ്പത്തിക സഹായങ്ങൾ എങ്ങനെയാണ് കണ്ടെത്തുന്നത് ; വിശദമാക്കുമോ ;

(ഡി) പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാൻ മിഷൻ 676 മുഖേന എന്തെല്ലാം കാര്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട് ; നടത്തിയിട്ടുണ്ടോ ?

ഉത്തരം

(എ&ബി) കൊച്ചി മെട്രോ റെയിൽ പദ്ധതിയുടെ സ്ഥലമെടുപ്പ് 93%

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

പൂർത്തിയാവുകയും 40.49 ഹെക്ടർ സ്ഥലം ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്. സിവിൽ ജോലി 35% പൂർത്തിയായിട്ടുമുണ്ട്. സിസ്റ്റം ടെണ്ടർ നടപടികൾ ഈ മാസം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) പദ്ധതിക്കായുള്ള കേരള സർക്കാരിന്റെ സാമ്പത്തിക വിഹിതം 1911.56 കോടി രൂപയാണ്. ഇതിൽ 753.73 കോടി ഓഹരി മൂലധന വിഹിതവും ഭൂമി വിലയായി 672 കോടിയും, കേന്ദ്ര നികുതി വിഹിതത്തിന്റെ മാച്ചിംഗ് കോൺട്രിബ്യൂഷനായി സംസ്ഥാനം വഹിക്കേണ്ട 248.5 കോടിയും, സംസ്ഥാന നികുതി വിഹിതമായ 237.33 കോടിയും ഉൾപ്പെടുന്നു. കഴിഞ്ഞ സാമ്പത്തിക വർഷങ്ങളിൽ കേരള സർക്കാർ നൽകിയ 550.75 കോടി രൂപയും പദ്ധതിക്കായി ചെലവഴിച്ചു കഴിഞ്ഞു. നടപ്പു സാമ്പത്തിക വർഷത്തിൽ നാളിതുവരെ കേരള സർക്കാരിൽ നിന്നും ലഭ്യമായ 151 കോടി രൂപയിൽ 100 കോടി രൂപ പദ്ധതി ചെലവുകൾക്കും 51 കോടി രൂപ ഭൂമി ഏറ്റെടുക്കുന്നതിനും വിനിയോഗിച്ചു. നടപ്പു സാമ്പത്തിക വർഷത്തിൽ 1501 കോടി രൂപയാണ് പദ്ധതി ചെലവിലേക്ക് ആവശ്യമുള്ളതായി കണക്കാക്കപ്പെട്ടിട്ടുള്ളത്. ഫ്രഞ്ച് വികസന ഏജൻസിയായ എ.എഫ്.ഡി.-യിൽ (Agence Francise De Development) നിന്നും തദ്ദേശീയ സ്ഥാപനമായ കാനറാ ബാങ്കിൽ നിന്നും പദ്ധതിക്കാവശ്യമായ വായ്പ ലഭ്യമാക്കുവാനുള്ള സാമ്പത്തിക ഉടമ്പടികൾ പൂർത്തിയായി. ഫ്രഞ്ച് ഏജൻസിയിൽ നിന്നുള്ള വായ്പയിൽ 161.7 കോടി രൂപ ഒക്ടോബർ മാസം വായ്പയെടുത്തിട്ടുണ്ട്. നാളിതുവരെ പദ്ധതി ചെലവിനാവശ്യമായ തുകയിൽ 22.4%-വും വിനിയോഗിക്കപ്പെട്ടു.

(ഡി) മിഷൻ 676-ന്റെ ഭാഗമായ നവരത്ന പ്രോജക്ടുകളിൽ ഒന്നാമത്തേത് കൊച്ചി മെട്രോ റെയിൽ പദ്ധതിയാണ്. പദ്ധതിക്കാവശ്യമായ ബാക്കി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. സിവിൽ ജോലികളും ഉദ്ദേശിച്ച പ്രകാരം പുരോഗമിക്കുന്നു. സിസ്റ്റം ടെണ്ടർ നടപടികൾ നിർദ്ദിഷ്ട സമയ പരിധിക്കുള്ളിൽ പൂർത്തീകരിച്ചുകൊണ്ട് കാലവിളംബം കൂടാതെ പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇടയ്ക്കിടെ അവലോകന യോഗങ്ങൾ നടത്തി പദ്ധതി പ്രവർത്തനങ്ങൾ സമയബന്ധിതമായി നടക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുകയും ചെയ്യുന്നുണ്ട്.

**അങ്കമാലി നിയോജക മണ്ഡലത്തിലൂടെ കടന്നുപോകുന്ന നിർദ്ദിഷ്ട ശബരി**

## റെയിൽപ്പാത

61 (2299) ശ്രീ.ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അങ്കമാലി നിയോജക മണ്ഡലത്തിലൂടെ കടന്നുപോകുന്ന നിർദ്ദിഷ്ട ശബരി റെയിൽപ്പാതയുടെ അലൈൻമെന്റിൽ എവിടെയെല്ലാമാണ് മേൽപ്പാലങ്ങൾ നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത് ;

(ബി) പ്രസ്തുത മേൽപ്പാലങ്ങളുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ ;

(സി) അങ്കമാലി നിയോജകമണ്ഡലത്തിലെ ലെവൽ ക്രോസ്സുകളിൽ നടപ്പിലാക്കുന്നതിനായി റെയിൽവേ നിർദ്ദേശിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാമെന്ന് അറിയിക്കുമോ ;

(ഡി) എന്തെല്ലാം നടപടികളാണ് ഇതിനായി സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ?

### ഉത്തരം

(എ) രണ്ട് മേൽപ്പാലങ്ങളാണ് നിർദ്ദേശിച്ചിട്ടുള്ളത്. അങ്കമാലി-എയർപോർട്ട് (നായത്തോട്) റോഡ്, മനയ്ക്കപ്പടി എയർപോർട്ട് റോഡ് എന്നിവിടങ്ങളിലാണ് മേൽപ്പാലങ്ങൾ പണിയാൻ നിർദ്ദേശിച്ചിട്ടുള്ളത്.

(ബി) മനയ്ക്കപ്പടി എയർപോർട്ട് ആർ.ഒ.ബി :

മേൽപ്പാലത്തിന്റെ റെയിൽവേ ലൈനിന് മുകളിലുള്ള ഭാഗത്തിന്റെ (ആർ. സി.സി.ബോക്സ്) പണി പൂർത്തീകരിച്ചു. അപ്രോച്ച് റോഡിനുള്ള ഭൂമി ഏറ്റെടുക്കാനുണ്ട്.

നായത്തോട് ആർ.ഒ.ബി :

റെയിൽവേ ലൈനിന് മുകളിലുള്ള മേൽപ്പാലത്തിന്റെ നിർമ്മിതിക്കായുള്ള (ആർ.സി.സി. ബോക്സ്) ജോലിക്ക് കരാറായിട്ടുണ്ട്. പാലം നിർമ്മാണം ആരംഭിച്ചിട്ടില്ല. അപ്രോച്ച് റോഡിനുള്ള സ്ഥലം ഏറ്റെടുക്കേണ്ടതായിട്ടുണ്ട്.

(സി) അങ്കമാലി നിയമസഭാ മണ്ഡലത്തിന്റെ പരിധിയിൽ വരുന്ന 2 ലെവൽ ക്രോസിംഗുകൾക്ക് പകരമായി താഴെപ്പറയുന്ന നിർമ്മിതിക്ക് റെയിൽവേ നിർദ്ദേശിച്ചിട്ടുണ്ട്.

1. ചാലക്കുടി കറുകുറ്റി സ്റ്റേഷനുകൾക്കിടയിൽ വരുന്ന ലെവൽ ക്രോസിംഗ് നം. 50-ന് രണ്ടുവരി മേൽപ്പാത നിർമ്മാണം
2. അങ്കമാലി യാർഡിലെവൽ ക്രോസിംഗ് നമ്പർ 61-ന് അടിപ്പാത നിർമ്മാണം.

(ഡി) മേൽ നിർമ്മിതികൾക്കുള്ള സ്കെച്ചുകൾ അംഗീകരിക്കപ്പെട്ടു. അനുമതിക്കായുള്ള നടപടികൾ പുരോഗമിക്കുന്നു.

## രാജ്യറാണി എക്സ്പ്രസ്സ്

62 (2300) ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലമ്പൂർ-തിരുവനന്തപുരം റൂട്ടിൽ സർവ്വീസ് നടത്തുന്ന രാജ്യറാണി എക്സ്പ്രസ്സ് സ്വതന്ത്ര ട്രെയിനാക്കി മാറ്റണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ രാജ്യറാണി എക്സ്പ്രസ്സ് സ്വതന്ത്ര ട്രെയിനാക്കി മാറ്റുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ;

(സി) രാജ്യറാണി എക്സ്പ്രസ്സ് സ്വതന്ത്ര ട്രെയിനാക്കി മാറ്റുന്നതിന് തടസ്സമുണ്ടെങ്കിൽ അധികമായി ഒരു എ.സി. കോച്ചും ഒരു സ്ലീപ്പർ കോച്ചും അനുവദിച്ച് കിട്ടുന്നതിന് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇക്കാര്യം കേന്ദ്രത്തോട് നിരന്തരമായി ആവശ്യപ്പെട്ടുവരുന്നു. 2015-16 റെയിൽവേ ബഡ്ജറ്റിന് മുന്നോടിയായി സംസ്ഥാനം സമർപ്പിച്ച മെമ്മോറാണ്ടത്തിൽ ഇക്കാര്യം ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) ഇക്കാര്യം ഇതിനകം തന്നെ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്.

## സംസ്ഥാനത്തെ റെയിൽവേയുടെ വികസനം

63 (2301) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ റെയിൽവേയുടെ വികസനം സംബന്ധിച്ച കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനായി 1-7-2011 മുതൽ 31-10-2014 വരെ റെയിൽവേ ബന്ധപ്പെട്ടവരുടെ എത്ര യോഗങ്ങൾ വിളിച്ച ചേർത്തു;

(ബി) സംസ്ഥാനത്തെ റെയിൽവേ സെക്ടർ എന്തെല്ലാം പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നതായി കണ്ടെത്തി; വിശദാംശം ലഭ്യമാക്കുമോ; അതു പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് നാളിതുവരെ സ്വീകരിച്ചത്;

(സി) സംസ്ഥാനത്തെ റെയിൽവേ കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനായി അവസാനം റെയിൽവേ എന്നാണ് യോഗം വിളിച്ചത്; അതിൽ എത്ര പാർലമെന്റംഗങ്ങൾ പങ്കെടുത്തു; വിശദാംശം ലഭ്യമാക്കാമോ ;

(ഡി) പാലക്കാട് റെയിൽവേ ഡിവിഷനു കീഴിലുള്ള എന്തെല്ലാം കാര്യങ്ങൾ ചർച്ച ചെയ്തു ; എന്തൊക്കെ തീരുമാനങ്ങൾ കൈക്കൊണ്ടു; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ-ഡി) റെയിൽവേയിൽ നിന്നും വിവരം ശേഖരിച്ചു നൽകുന്നതാണ്.

### കൊല്ലംകോട്-തൃശ്ശൂർ റെയിൽവേപ്പാത നിർമ്മാണം

64 (2302) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലംകോട്-തൃശ്ശൂർ റെയിൽവേപ്പാതയുമായി ബന്ധപ്പെട്ട് കേന്ദ്ര റെയിൽവേ ഉദ്യോഗസ്ഥർ നടത്തിയ സർവ്വേ എത്രത്തോളമായി എന്ന കാര്യം അറിയാമോ ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഇതുസംബന്ധിച്ച് സർക്കാർ ആവശ്യമായ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഈ പദ്ധതി സംബന്ധിച്ച് കേന്ദ്ര റെയിൽവേ മന്ത്രാലയവുമായി കത്തിടപാടുകൾ നടത്താറുണ്ടോ ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ഡി) ഈ റെയിൽപ്പാത എപ്പോൾ യാഥാർത്ഥ്യമാകുമെന്ന് സർക്കാരിന് സൂചനയുണ്ടോ ?

ഉത്തരം

(എ) സർവ്വേ റിപ്പോർട്ട് റെയിൽവേ ബോർഡിന് സമർപ്പിച്ചെങ്കിലും പദ്ധതി റെയിൽവേ ബോർഡ് തൽക്കാലം വേണ്ടെന്ന് വച്ചിരിക്കുകയാണ്.

(ബി-ഡി) 2015-16 റെയിൽവേ ബഡ്ജറ്റിന് മുന്നോടിയായി സംസ്ഥാനം സമർപ്പിച്ച മെമ്മോറാണ്ടത്തിൽ ഇക്കാര്യം ഉൾപ്പെടുത്തിയിട്ടുണ്ട്.

### മലിനീകരണ നിയന്ത്രണ ബോർഡിലെ നിയമനം

65 (2303) ശ്രീ. കെ. കെ.നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലിനീകരണ നിയന്ത്രണ ബോർഡിൽ ഏതെല്ലാം തസ്തികകളിലേക്കാണ്

നേരിട്ട് നിയമനം നടത്തുന്നത് എന്ന് വ്യക്തമാക്കാമോ; അതിന്റെ വിശദാംശങ്ങളും വെളിപ്പെടുത്തുമോ;

(ബി) ഇത് ഏതെല്ലാം തസ്തികകളാണെന്നും അതിന്റെ വിശദാംശങ്ങളും വെളിപ്പെടുത്തുമോ;

(സി) നിയമന രീതി വിശദമാക്കാമോ ?

ഉത്തരം

(എ) 20-6-2014-ലെ സ.ഉ.(കൈ) നമ്പർ 08/14/പരി. പ്രകാരം മലിനീകരണ നിയന്ത്രണ ബോർഡിലെ എഞ്ചിനീയറിംഗ്/സയന്റിഫിക് വിഭാഗങ്ങളിലെ തസ്തികകളിലേക്ക് എൽ.ബി.എസ്. മുഖേനയും മിനിസ്റ്റീരിയൽ വിഭാഗത്തിലെ തസ്തികകളിലേക്ക് ഐ.എം.ജി. മുഖേനയും നിലവിലുള്ളതും ആറ് മാസത്തിനകം ഉണ്ടാകാനിടയുള്ളതുമായ ഒഴിവുകൾക്കൂടി ചേർത്ത് ഒറ്റത്തവണ നേരിട്ട് നിയമനം നടത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

(ബി) എഞ്ചിനീയറിംഗ് വിഭാഗം :

അസിസ്റ്റന്റ് എഞ്ചിനീയർ - 13

സയന്റിഫിക് വിഭാഗം :

അസിസ്റ്റന്റ് സയന്റിസ്റ്റ് - 6

സീനിയർ സയന്റിഫിക് അസിസ്റ്റന്റ്/
ജൂനിയർ സയന്റിഫിക് അസിസ്റ്റന്റ് - 37

മിനിസ്റ്റീരിയൽ വിഭാഗം :

അസിസ്റ്റന്റ് - 26

കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് - 3

ടൈപ്പിസ്റ്റ് (കമ്പ്യൂട്ടർ അസിസ്റ്റന്റ്) - 17

ഡ്രൈവർ - 21

| | | |
|---|---|---|
| അറ്റൻഡർ | - | 10 |
| പ്യൂൺ/ബ്ലൂ പ്രിന്റർ | - | 29 |
| വാച്ച്മാൻ | - | 4 |
| ആകെ | - | 166 |

(സി) സർക്കാർ അംഗീകാരത്തോടെ പുറപ്പെടുവിച്ചിട്ടുള്ള കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് സർവ്വീസ് റെഗുലേഷൻസ്, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് സബോർഡിനേറ്റ് സർവ്വീസ് റെഗുലേഷൻസ് എന്നിവ പ്രകാരം ടെസ്റ്റിന്റെയും ഇന്റർവ്യൂവിന്റെയും അടിസ്ഥാനത്തിലാണ് നിയമനം നടത്തുക.

**ത്രിവേണി സ്റ്റോറുകളുടെ പ്രവർത്തനം**

66 (2304) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ ത്രിവേണി സ്റ്റോറുകൾ ഇപ്പോൾ ലാഭകരമായാണോ പ്രവർത്തിക്കുന്നത് ;

(ബി) ലാഭത്തിൽ പ്രവർത്തിക്കുന്ന എത്രയെണ്ണമാണുള്ളത് ; ജില്ല തിരിച്ച് വിശദമാക്കുമോ ;

(സി) ലാഭത്തിലല്ല എങ്കിൽ ഈ സ്ഥിതി വരാനുണ്ടായ സാഹചര്യങ്ങൾ എന്തൊക്കെയാണ് ;

(ഡി) പൊതുമാർക്കറ്റിൽ നിന്നും എത്ര ശതമാനം വിലക്കുറവിലാണ് ഇവയിലൂടെ സാധനങ്ങൾ വിൽക്കുന്നത് ;

(ഇ) സബ്സിഡിയുള്ള ഇനങ്ങൾ ഏതൊക്കെയാണ്; ഇവയുടെ വില എത്രയാണെന്ന് ഇനം തിരിച്ച് വിശദമാക്കാമോ ;

(എഫ്) മൊബൈൽ ത്രിവേണികൾ എല്ലാ മണ്ഡലത്തിലും ഇപ്പോൾ

സർവ്വീസ് നടത്തുന്നുണ്ടോ ;

(ജി) പൊന്നാനി മണ്ഡലത്തിലേക്ക് അനുവദിച്ച മൊബൈൽ ത്രിവേണിയിൽ ഒരു ദിവസം എത്ര രൂപയുടെ വില്പനയാണ് നടത്തുന്നത് ? സ്ഥിരമായി ഡ്രൈവറെയും ജീവനക്കാരെയും ഇതിലേക്ക് നിയമിച്ചിട്ടുണ്ടോ ; ഏതെങ്കിലും കാരണത്താൽ ഇവ ഓടാതിരിക്കാറുണ്ടോ ; ഓരോ ദിവസവും എത്ര രൂപയുടെ സ്റ്റോക്ക് ആണ് വണ്ടിയിലേക്ക് അനുവദിക്കുന്നത് എന്ന് വിശദമാക്കാമോ ; ആകെ എത്ര രൂപയുടെ സ്റ്റോക്ക് ആണ് വണ്ടിക്ക് അനുവദിച്ചിരിക്കുന്നത് ; ഇവയെ ലാഭകരമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിക്കാൻ പോകുന്നതെന്ന് വിശദമാക്കുമോ ; മലപ്പുറം ജില്ലയിൽ ലാഭകരമായി പോകുന്ന എത്ര മൊബൈൽ ത്രിവേണികളുണ്ട് ; എങ്കിൽ അവ ഏതെല്ലാം മണ്ഡലത്തിലേതാണ് ?

## ഉത്തരം

(എ) കേരളത്തിൽ നിലവിലുള്ള 248 ത്രിവേണികളിൽ 11 എണ്ണം ലാഭത്തിൽ പ്രവർത്തിച്ചുവരുന്നു.

(ബി) ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കും പ്രകാരമാണ്.

| ക്രമ നമ്പർ | ജില്ല | ലാഭകരമായി പ്രവർത്തിക്കുന്നവ |
|---|---|---|
| 1 | പത്തനംതിട്ട | 1 |
| 2 | ആലപ്പുഴ | 3 |
| 3 | എറണാകുളം | 2 |
| 4 | പാലക്കാട് | 5 |
| | ആകെ | 11 |

(സി) വിൽപ്പനയ്ക്കാവശ്യമായ സാധനങ്ങൾ ആവശ്യമായ അളവിൽ യഥാസമയം ലഭ്യമാക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ വിൽപ്പനയിലുണ്ടായ കുറവാണ് ഈ സ്ഥിതി വരാനുണ്ടായ സാഹചര്യം.

(ഡി) ത്രിവേണിയിലൂടെ വിതരണം ചെയ്യുന്ന നിത്യോപയോഗ സാധനങ്ങൾക്ക് 20 ശതമാനം വരെ പൊതുവിപണി/എം.ആർ.പി.-യെക്കാൾ വില കുറച്ചാണ് വിൽപ്പന നടത്തുന്നത്.

(ഇ) ഉത്സവകാലങ്ങളിൽ മാത്രമാണ് സ്റ്റോറുകളിലൂടെ സർക്കാർ സബ്സി

ഡിയോടെ 13 ഇനം സാധനങ്ങൾ വിപണനം നടത്തുന്നത്. 2014 ഓണം സബ്സിഡി വിപണിയിലെ വില താഴെപ്പറയും പ്രകാരമായിരുന്നു:

| ഇനം | വിൽപ്പന (കി.ഗ്രാമിന്) |
|---|---|
| ജയ/സുരേഖ അരി | 25 |
| കുറുവ അരി | 25 |
| മട്ട അരി | 25 |
| പച്ചരി | 22 |
| പഞ്ചസാര | 26 |
| ചെറുപയർ | 74 |
| വൻകടല | 45 |
| ഉഴുന്ന് | 63 |
| വൻപയർ | 41 |
| തുവരപരിപ്പ് | 60 |
| മുളക് | 70 |
| മല്ലി | 90 |
| വെളിച്ചെണ്ണ | 125 |

(എഫ്) എല്ലാ മണ്ഡലങ്ങളിലും മൊബൈൽ ത്രിവേണികൾ സജ്ജമാക്കി യിരുന്നുവെങ്കിലും 19 മൊബൈൽ ത്രിവേണികളുടെ പ്രവർത്തനങ്ങൾ ചില സാങ്കേതിക കാരണങ്ങളാൽ താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്.

(ജി) പൊന്നാനി മണ്ഡലത്തിലേക്ക് അനുവദിച്ച മൊബൈൽ ത്രിവേണിയിൽ ഒരു ദിവസം ശരാശരി 5267 രൂപയുടെ വിൽപ്പനയാണ് നടക്കുന്നത്. സ്ഥിരമായി ഡ്രൈവറെയും ജീവനക്കാരെയും ഇതിലേക്ക് നിയമിച്ചിട്ടില്ല. ഡ്രൈവറോ മറ്റ് ബന്ധപ്പെട്ട ജീവനക്കാരോ അവധിയിലായിരിക്കുമ്പോൾ വാഹനം ഓടാറില്ല. ഓരോ റൂട്ടിലെയും വിൽപ്പനയ്ക്കനുസൃതമായി ഗോഡൗണിലെ സ്റ്റോക്കിന്റെ ലഭ്യതയുടെ അടിസ്ഥാനത്തിലാണ് മൊബൈൽ ത്രിവേണിയിലേക്ക് സ്റ്റോക്ക് അനുവദിക്കുന്നത്. രണ്ട് ലക്ഷം മുതൽ രണ്ടര ലക്ഷം രൂപ വരെയുള്ള സ്റ്റോക്കാണ് ഓരോ മൊബൈൽ ത്രിവേണിക്കും പദ്ധതി പ്രകാരം അനുവദനീയമായിട്ടുള്ളത്. ത്രിവേണി സ്റ്റോറുകളുടെ

ദൈനംദിന വ്യാപാര മേഖലയിൽ വിനിയോഗിച്ചിരുന്ന പ്രവർത്തന ഫണ്ട് നിലനിർത്തി വ്യാപാരം കാര്യക്ഷമമായി മുന്നോട്ടുകൊണ്ടു പോകുന്നതിലുണ്ടായ തടസ്സങ്ങൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരികയാണ്. മലപ്പുറം ജില്ലയിൽ ലാഭകരമായി പ്രവർത്തിക്കുന്ന മൊബൈൽ ത്രിവേണികൾ ഒന്നുംതന്നെ ഇല്ല.

## നന്മ സ്റ്റോറിന്റെ പ്രവർത്തനം

67 (2305) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കൺസ്യൂമർ ഫെഡിന്റെ എത്ര നന്മ സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്; ഇവയിൽ എത്ര എണ്ണം ഇപ്പോൾ ലാഭത്തിൽ പ്രവർത്തിക്കുന്നുണ്ട് എന്ന് പേരു സഹിതം വ്യക്തമാക്കാമോ ;

(ബി) എന്തൊക്കെ ഉൽപ്പന്നങ്ങളാണ് ഇവിടെ നിന്നും സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നത് ; ഇവയ്ക്ക് മാർക്കറ്റ് വിലയേക്കാൾ എത്ര ശതമാനം തുക കുറച്ചാണ് വില്ക്കുന്നത് ; ഇപ്പോഴും സബ്സിഡി നിരക്കിൽ വിൽക്കേണ്ട എല്ലാ ഉത്പന്നങ്ങളും നന്മ സ്റ്റോറുകളിൽ ലഭ്യമാണോ ; ഇല്ലെങ്കിൽ കാരണം വിശദീകരിക്കാമോ ;

(സി) സബ്സിഡി നിരക്കിൽ വിൽക്കുന്ന ഉത്പ്പന്നങ്ങളുടെ നഷ്ടം നികത്തുന്നത് ആരാണ് ; ഈ സാമ്പത്തിക വർഷം എത്ര രൂപ ഇത്തരത്തിൽ സബ്സിഡി ഇനത്തിൽ കൺസ്യൂമർ ഫെഡിന് നൽകി എന്ന് പറയാമോ ?

### ഉത്തരം

(എ) സംസ്ഥാനത്ത് ഇപ്പോൾ കൺസ്യൂമർഫെഡിന്റെ ആഭിമുഖ്യത്തിൽ 865 നന്മ സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്. ഇവയിൽ ഒന്നുംതന്നെ ലാഭത്തിൽ പ്രവർത്തിക്കുന്നില്ല.

(ബി) ജയ അരി, കുറുവ അരി, കുത്തരി, പച്ചരി, പഞ്ചസാര, വെളിച്ചെണ്ണ, മല്ലി, മുളക്, ചെറുപയർ, ഉഴുന്ന് എന്നീ പത്ത് ഉൽപ്പന്നങ്ങളാണ് ഇവിടെനിന്നും പൊതു വിപണിയെക്കാൾ കുറഞ്ഞ നിരക്കിൽ വിതരണം ചെയ്യുന്നത്. ഇവയ്ക്ക് മാർക്കറ്റ് വിലയേക്കാൾ 20% വരെ കുറച്ചാണ് വിപണനം നടത്തുന്നത്. മേൽ പരാമർശിച്ച പത്ത് ഉൽപ്പന്നങ്ങളിൽ എല്ലാംതന്നെ സ്റ്റോറുകളിൽ ലഭ്യമാക്കാൻ

സാധനങ്ങളുടെ ദൗർലഭ്യംമൂലം സാധിക്കുന്നില്ല. നന്മ സ്റ്റോറുകളുടെ ദൈനംദിന വ്യാപാര മേഖലയിൽ വിനിയോഗിച്ചിരുന്ന പ്രവർത്തന ഫണ്ട് നിലനിർത്തി വ്യാപാരം കാര്യക്ഷമമായി മുന്നോട്ട് കൊണ്ടുപോകുന്നതിൽ നേരിട്ട തടസ്സങ്ങൾ മൂലമാണ് ചില അവസരങ്ങളിൽ ഉത്പന്നങ്ങൾ ലഭ്യമാക്കാൻ കഴിയാതെ വരുന്നത്.

(സി) സബ്സിഡി നിരക്കിൽ വിൽക്കുന്ന ഉൽപ്പന്നങ്ങളുടെ നഷ്ടം നികത്തുന്നത് സർക്കാരാണ്. സർക്കാർ സബ്സിഡി നൽകുന്നതിന്റെ അടിസ്ഥാനത്തിലാണ് സബ്സിഡി വിൽപ്പന നടത്തുന്നത്. ഈ സാമ്പത്തിക വർഷം ഉൽസവകാല വിൽപ്പന സബ്സിഡിയിനത്തിൽ 50 കോടി രൂപയാണ് കൺസ്യൂമർഫെഡിന് ലഭ്യമാക്കിയിരിക്കുന്നത്.

## കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിൽ വ്യാജ സർട്ടിഫിക്കറ്റ് വഴി ജോലി നേടിയ ജീവനക്കാർ

68 (2306) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിൽ ഡാറ്റ എൻട്രി ഓപ്പറേറ്റർ തസ്തികയിൽ നിയമനത്തിനുവേണ്ട വിദ്യാഭ്യാസ യോഗ്യത എന്തെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത തസ്തികയിൽ ഇപ്പോൾ എത്രപേർ ജോലി ചെയ്യുന്നു ; തസ്തികയുടെ പ്രൊമോഷൻ തസ്തികകൾ ഏതെല്ലാം; വ്യക്തമാക്കാമോ ?

(സി) നിശ്ചിത യോഗ്യതയില്ലാതെ ഡാറ്റ എൻട്രി ഓപ്പറേറ്റർ തസ്തികയിൽ നിയമനം നൽകിയ ആളെ നിയമവിരുദ്ധമായി അസിസ്റ്റന്റ് മാനേജർ തസ്തികയിലേക്ക് പ്രൊമോഷൻ നൽകിയിട്ടുണ്ടോ ; വിശദാംശം നൽകുമോ ;

(ഡി) വ്യാജ കമ്പ്യൂട്ടർ ഡിഗ്രി സർട്ടിഫിക്കറ്റ് ഹാജരാക്കി ജോലി നേടിയിട്ടുള്ള ആർക്കെങ്കിലുമെതിരെ നടപടി സ്വീകരിക്കുവാൻ സർക്കാർ നിർദ്ദേശിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചു ;

(ഇ) വ്യാജസർട്ടിഫിക്കറ്റ് നൽകി ജോലി നേടിയ വിഷയത്തിൽ കോടതികളിൽ കേസ് നിലവിലുണ്ടോ ; വിശദാംശം നൽകുമോ ;

(എഫ്) സർക്കാർ കേസിൽ കക്ഷി ചേർന്നിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ;

(ജി) സർക്കാർ കക്ഷി ചേരാത്തതുകൊണ്ട് വ്യാജ സർട്ടിഫിക്കറ്റ് ഉടമയ്ക്ക് അനുകൂലമായ കോടതിവിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത് ; വ്യാജസർട്ടിഫിക്കറ്റ് ഹാജരാക്കി ജോലി സമ്പാദിച്ചുവെന്ന് സർക്കാരിന് ബോധ്യപ്പെട്ട ഉദ്യോഗസ്ഥയെ ജോലിയിൽനിന്നും പിരിച്ചുവിടാൻ നടപടി സ്വീകരിക്കുമോ ; സർക്കാരിന്റെയും ക്ഷേമനിധി ബോർഡിന്റെയും അനാസ്ഥമൂലം വ്യാജ സർട്ടിഫിക്കറ്റുടമ കോടതിയിൽ നിന്നും നേടിയെടുത്ത അനുകൂലവിധിക്കെതിരെ അപ്പീൽ പോകുവാൻ ക്ഷേമനിധി ബോർഡോ സർക്കാരോ തയ്യാറാകുമോ; കേരള സഹകരണ വികസന ബോർഡിൽ ഡാറ്റ എൻട്രി തസ്തിക നിലവിലുണ്ടോ; ഇല്ലെങ്കിൽ ടി തസ്തിക ഇല്ലാതാക്കാനുള്ള കാരണമെന്താണ് ?

<u>ഉത്തരം</u>

(എ) അംഗീകൃത സർവ്വകലാശാല ബിരുദം, പി.ജി.ഡി.സി.എ.-യോ തത്തുല്യ യോഗ്യതയോ, ഒരു വർഷത്തെ പ്രവൃത്തി പരിചയം എന്നിവയാണ് ഡാറ്റാ എൻട്രി ഓപ്പറേറ്റർ തസ്തികയിലെ നിയമനത്തിന് വേണ്ട യോഗ്യത.

(ബി) ഈ തസ്തികയിൽ ഇപ്പോൾ ആരും ജോലി ചെയ്യുന്നില്ല. ശ്രീമതി രശ്മി വി. ആർ. ടി തസ്തികയിൽ ജോലി ചെയ്തിരുന്നു.

(സി) ബോർഡിൽ കമ്പ്യൂട്ടർവൽക്കരണത്തെത്തുടർന്ന് മുൻ സർക്കാരിന്റെ കാലത്ത് 8-11-2010-ലെ സർക്കാർ ഉത്തരവ് (നമ്പർ 689/2010/സഹ) പ്രകാരം സ്റ്റാഫ് പാറ്റേൺ പുതുക്കി നിശ്ചയിക്കുകയും ഡാറ്റാ എൻട്രി ഓപ്പറേറ്റർ തസ്തിക നിർത്തലാക്കുകയും ചെയ്തിരുന്നു. പഴയ സ്റ്റാഫ് പാറ്റേണിൽ എൽ.ഡി. ക്ലാർക്കിന് തൊട്ട് മുകളിൽ ശമ്പള സ്കെയിൽ അനുവദിച്ചിരുന്ന ഡാറ്റാ എൻട്രി ഓപ്പറേറ്റർ തസ്തിക അബോളിഷ് ചെയ്ത സാഹചര്യത്തിൽ ടിയാളെ ബോർഡ് ഭരണസമിതിയുടെ തീരുമാന പ്രകാരം അസിസ്റ്റന്റ് മാനേജർ തസ്തികയിൽ അബ്സോർബ് ചെയ്യുകയാണുണ്ടായത്.

(ഡി) ഡാറ്റാ എൻട്രി ഓപ്പറേറ്റർ തസ്തികയിൽ നിയമിക്കപ്പെട്ട ശ്രീമതി രശ്മി വി. ആർ. ഹാജരാക്കിയിരുന്ന കമ്പ്യൂട്ടർ സർട്ടിഫിക്കറ്റിന് സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ അംഗീകാരമില്ലായെന്ന് സർക്കാർ കണ്ടെത്തിയതുപ്രകാരം ടിയാൾക്കെതിരെ ആവശ്യമായ നടപടി സ്വീകരിക്കാൻ ബോർഡ് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിരുന്നു. തുടർന്ന് സർക്കാർ നിർദ്ദേശം സംബന്ധിച്ച് 28-3-2013-ൽ ചേർന്ന ബോർഡ് യോഗം ചർച്ച ചെയ്യുകയും ഈ വിഷയം സംബന്ധിച്ച് അന്വേഷണം നടത്തി ബോർഡ് മുമ്പാകെ റിപ്പോർട്ട് സമർപ്പിക്കുന്നതിന് ശ്രീ. ഇ. നാരായണൻ,

ശ്രീ. പി. വി. ബാലചന്ദ്രൻ, ശ്രീ. ഇ. കെ. ദിവാകരൻ എന്നിവർ ഉൾപ്പെട്ട അച്ചടക്ക സമിതിയെ ചുമതലപ്പെടുത്തുകയുമുണ്ടായി. അച്ചടക്ക സമിതി ഈ വിഷയം സംബന്ധിച്ച് അന്വേഷണം നടത്തി. ശ്രീമതി വി. ആർ. രശ്മിയിൽ നിന്ന് വിശദീകരണം തേടുകയും ആഫീസ് രേഖകളും ശ്രീമതി വി. ആർ. രശ്മിയുടെ വിശദീകരണവും പരിശോധിക്കുകയും ചെയ്തു. ശ്രീമതി രശ്മിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ മേൽ നടപടികൾ ആവശ്യമില്ലായെന്ന് അച്ചടക്ക സമിതി ബോർഡ് മുമ്പാകെ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ അച്ചടക്ക സമിതി റിപ്പോർട്ട് പരിഗണിച്ച് ഈ വിഷയത്തിൽ മേൽനടപടി ആവശ്യമില്ലായെന്ന് 3-7-2013-ലെ 5-ാം നമ്പർ തീരുമാന പ്രകാരം ബോർഡ് ഭരണ സമിതി തീരുമാനം കൈക്കൊണ്ടു.

(ഇ) വ്യാജ സർട്ടിഫിക്കറ്റ് നൽകി ജോലി നേടിയ വിഷയത്തിൽ ശ്രീ. സതീഷ് ചന്ദ്രൻ ലോകായുക്തയിൽ കേസ് നൽകിയിട്ടുണ്ട്. കൂടാതെ 8 വർഷം മുമ്പ് ഡാറ്റാ എൻട്രി തസ്തികയിൽ അപേക്ഷ നൽകിയ ശ്രീ. അശോക് എം. നായർ എന്ന ഉദ്യോഗാർത്ഥി ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ 28266/2013 നമ്പർ റിട്ട് പെറ്റീഷൻ ഫയൽ ചെയ്തിട്ടുണ്ട്. ടി റിട്ട് പെറ്റീഷനിലൂടെ ശ്രീ. അശോക് എം. നായർ ബോർഡിലെ അസിസ്റ്റന്റ് മാനേജർ ശ്രീമതി രശ്മി വി. ആർ-ന്റെ കമ്പ്യൂട്ടർ പി.ജി.ഡി.സി.എ. സർട്ടിഫിക്കറ്റ്, അസിസ്റ്റന്റ് മാനേജർ തസ്തികയിലേക്കുള്ള നിയമനം എന്നിവ സംബന്ധിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ ഉന്നയിച്ച വിഷയങ്ങൾ പരിശോധിച്ച് 3-9-2014-ലെ വിധിന്യായ പ്രകാരം ബഹുമാനപ്പെട്ട ഹൈക്കോടതി റിട്ട് പെറ്റീഷൻ തള്ളി ഉത്തരവായിട്ടുണ്ട്.

(എഫ്) സർക്കാരിനെ 3-ാം എതിർ കക്ഷിയാക്കിയാണ് ശ്രീ. അശോക് എം. നായർ WP(C) No.28266/2013 എന്ന റിട്ട് പെറ്റീഷൻ ഫയൽ ചെയ്തിരുന്നത്. പ്രസ്തുത റിട്ട് പെറ്റീഷന്റെ പകർപ്പ് അഡ്വക്കേറ്റ് ജനറലിനോട് ആവശ്യപ്പെട്ടിരുന്ന വെങ്കിലും ആയത് ലഭ്യമാക്കിയിട്ടുണ്ടായിരുന്നില്ല. ടി റിട്ട് പെറ്റീഷനിൽ സർക്കാർ ഉത്തരവുകൾ എന്തെങ്കിലും ചലഞ്ച് ചെയ്തിരുന്നോയെന്നതും പ്രസ്തുത റിട്ട് പെറ്റീഷന്റെ പകർപ്പ് ലഭ്യമാക്കാത്തതിനാൽ പരിശോധിക്കുവാനും കഴിഞ്ഞിട്ടില്ല. ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിച്ച് വരുന്ന അവസരത്തിൽ തന്നെ ബഹുമാനപ്പെട്ട ഹൈക്കോടതി വിധി പ്രസ്താവിക്കുകയാണുണ്ടായത്. കൂടാതെ സഹകരണ വികസന ക്ഷേമനിധി ബോർഡിലെ നിയമനങ്ങൾ നടത്തുന്നതിനും ജീവനക്കാർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതിനുമുള്ള പൂർണ്ണ അധികാരം ബോർഡ് ഭരണസമിതിക്കാണ്. ബോർഡിൽ വ്യാജ കമ്പ്യൂട്ടർ യോഗ്യത സർട്ടിഫിക്കറ്റ് ഹാജരാക്കി ജോലി നേടിയതിനെയാണ് റിട്ട് പെറ്റീഷനിൽ പ്രധാനമായും ചോദ്യം ചെയ്തിരിക്കുന്നതെന്ന് വിധിന്യായം പരിശോധിച്ചതിൽ മനസ്സിലാക്കുന്നു. ടി വിധിന്യായത്തിലെ ഖണ്ഡിക 5-ൽ ഗവൺമെന്റ് പ്ലീഡറുടെ ഭാഗം കൂടി കേട്ടിരുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്.

(ജി) സർക്കാർ കക്ഷി ചേരാത്തതിനാലാണ് ഈ കേസിൽ ആർക്കെങ്കിലും അനുകൂലമായി കോടതി വിധി വന്നതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ബോർഡിന്റെ രൂപീകരണം പ്രതിപാദിക്കുന്ന സർക്കാരിന്റെ 3-7-2000-ലെ ജി.ഒ.(പി) 108/ 2000/ സഹ നമ്പർ ഗസറ്റ് നോട്ടിഫിക്കേഷനിലെ (എസ്.ആർ.ഒ.616/2000)

ക്ലാസ് 16(ബി) പ്രകാരം ബോർഡിലെ ജീവനക്കാരുടെ നിയമനാധികാരി ബോർഡ് ഭരണസമിതിയാണ്. ആയതിനാൽ ബോർഡിലെ ജീവനക്കാർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കേണ്ട വിഷയം സംബന്ധിച്ച് ഉചിതമായി തീരുമാനം കൈക്കൊള്ളേണ്ടത് ബോർഡ് ഭരണ സമിതിയാണ്. 28266/13 നമ്പർ റിട്ട് പെറ്റീഷനിലെ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 3-9-2014-ലെ വിധി ന്യായത്തിനെതിരെ സർക്കാർ അപ്പീൽ നൽകുന്ന കാര്യം പരിശോധിച്ചുവരുന്നു. കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിൽ ഇപ്പോൾ ഡാറ്റാ എൻട്രി ഓപ്പറേറ്റർ തസ്തിക നിലവിലില്ല. ബോർഡിന്റെ പ്രവർത്തനങ്ങൾ എല്ലാം തന്നെ പ്രത്യേക സോഫ്റ്റ്‍വെയറുകളുടെ സഹായത്തോടെ കമ്പ്യൂട്ടറിലൂടെ ചെയ്യേണ്ട സാഹചര്യം കണക്കിലെടുത്ത് ഡാറ്റാ എൻട്രി ഓപ്പറേറ്റർ എന്ന തസ്തികയുടെ ആവശ്യകത ഇല്ലെന്ന ബോർഡിന്റെ അപേക്ഷ പരിഗണിച്ചാണ് തസ്തിക നിർത്തലാക്കിയത്.

**നന്മ സ്റ്റോറുകളിലെ ജീവനക്കാർ**

69 (2307) ശ്രീ. എ. എ. അസീസ് :
ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര നന്മ സ്റ്റോറുകളാണ് പ്രവർത്തിക്കുന്നതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ബി) നന്മ സ്റ്റോറുകളിൽ ഒരോന്നിലും എത്ര ജീവനക്കാരാണ് നിലവിലുള്ളത് ;

(സി) സംസ്ഥാനത്തെ ആകെ നന്മ സ്റ്റോറുകളിലായി എത്ര പേർ ജോലി നോക്കുന്നു ;

(ഡി) ഈ വകുപ്പിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലും താൽക്കാലികാടി സ്ഥാനത്തിലും ജോലി ചെയ്യുന്നവർ എത്ര പേരാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് കൺസ്യൂമർഫെഡ് നേരിട്ട് നടത്തുന്ന 865 നന്മ സ്റ്റോറുകളും സഹകരണ സംഘങ്ങൾ മുഖാന്തരം നടത്തുന്ന 751 നന്മ സ്റ്റോറുകളും ഉൾപ്പെടെ 1616 നന്മ സ്റ്റോറുകളാണ് പ്രവർത്തിക്കുന്നത്. നന്മ സ്റ്റോറുകളുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു:

| ജില്ല | കൺസ്യൂമർഫെഡ് നേരിട്ട് നടത്തുന്നവ | സഹകരണ സംഘങ്ങൾ നേരിട്ട് നടത്തുന്നവ | ആകെ |
|---|---|---|---|
| തിരുവനന്തപുരം | 121 | 130 | 251 |
| കൊല്ലം | 198 | 165 | 363 |
| പത്തനംതിട്ട | 135 | 108 | 243 |
| ആലപ്പുഴ | 69 | 51 | 120 |
| കോട്ടയം | 34 | 12 | 46 |
| ഇടുക്കി | 30 | 27 | 57 |
| എറണാകുളം | 57 | 20 | 77 |
| തൃശ്ശൂർ | 40 | 39 | 79 |
| പാലക്കാട് | 50 | 19 | 69 |
| മലപ്പുറം | 75 | 25 | 100 |
| കോഴിക്കോട് | 20 | 40 | 60 |
| വയനാട് | 9 | 23 | 32 |
| കണ്ണൂർ | 19 | 50 | 69 |
| കാസർഗോഡ് | 8 | 42 | 50 |
| ആകെ | 865 | 751 | 1616 |

(ബി) കൺസ്യൂമർഫെഡ് നേരിട്ട് നടത്തുന്ന ഓരോ നന്മ സ്റ്റോറിലും ശരാശരി രണ്ട് ജീവനക്കാർ വീതമാണ് നിലവിലുള്ളത്. സഹകരണ സംഘങ്ങൾ മുഖാന്തരം നടത്തുന്ന നന്മ സ്റ്റോറുകളിൽ അതാത് സംഘത്തിലെ ജീവനക്കാരാണ് സേവനം അനുഷ്ഠിക്കുന്നത്.

(സി) സംസ്ഥാനത്ത് കൺസ്യൂമർഫെഡ് നേരിട്ട് നടത്തുന്ന നന്മ സ്റ്റോറുകളിൽ 1697 പേരാണ് ജോലി നോക്കുന്നത്. സഹകരണ സംഘങ്ങളിലൂടെ നടത്തപ്പെടുന്ന നന്മ സ്റ്റോറുകളിൽ അതാത് സംഘങ്ങളിലെ ജീവനക്കാരാണ് സേവനമനുഷ്ഠിക്കുന്നത്.

(ഡി) നന്മ സ്റ്റോറുകളിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്ന

ജീവനക്കാർ ആരും തന്നെയില്ല. ദിവസവേതനാടിസ്ഥാനത്തിൽ 1652 പേർ ജോലി ചെയ്തുവരുന്നു.

**വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സഹകരണ വകുപ്പ് ഓഫീസുകൾ**

70(2308) <u>ശ്രീ. എ. പ്രദീപ്കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിൽ സഹകരണ വകുപ്പിന്റെ ഏതെല്ലാം ഓഫീസുകളാണ് വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നതെന്ന് വിശദമാക്കുമോ ;

(ബി) ഓരോ മാസവും എത്ര രൂപയാണ് വാടകയിനത്തിൽ ചെലവാകുന്നതെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) കോഴിക്കോട് ജില്ലയിൽ സഹകരണ വകുപ്പിന്റെ താഴെപ്പറയുന്ന ഓഫീസുകൾ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നു.

1. ജോയിന്റ് രജിസ്ട്രാർ (ജനറൽ ) ആഫീസ്
2. ജോയിന്റ് ഡയറക്ടർ (സഹകരണ ആഡിറ്റ്) ആഫീസ്
3. കോഴിക്കോട് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസ്
4. കോഴിക്കോട് അസിസ്റ്റന്റ് ഡയറക്ടർ (സഹകരണ ആഡിറ്റ്) ആഫീസ്
5. കൊയിലാണ്ടി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസ്
6. കൊയിലാണ്ടി അസിസ്റ്റന്റ് ഡയറക്ടർ (സഹകരണ ആഡിറ്റ്) ആഫീസ്
7. സഹകരണ ആർബിട്രേഷൻ കോടതി (നോർത്തേൺ)

(ബി) വാടകയിനത്തിൽ ഇപ്പോഴത്തെ പ്രതിമാസ ചെലവ് 120407 രൂപയാണ്.

**സഹകരണ മേഖലയിലെ നിക്ഷേപ സമാഹരണം**

71 (2309) <u>ശ്രീ. പി. എ. മാധവൻ</u> :
<u>ശ്രീ. വി. ഡി. സതീശൻ</u> :
<u>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ</u> :
<u>ശ്രീ. എം. എ. വാഹീദ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് സഹകരണ മേഖലയിൽ നിക്ഷേപ സമാഹരണത്തിലൂടെ എന്തെല്ലാം നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട് ;

(ബി) എത്ര രൂപയാണ് ഇതുവഴി സമാഹരിക്കാൻ ലക്ഷ്യമിട്ടിരുന്നത് ; വിശദമാക്കുമോ ;

(സി) നിക്ഷേപ സമാഹരണത്തിലൂടെ എത്ര രൂപ സമാഹരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ;

(ഡി) നിക്ഷേപ സമാഹരണത്തിൽ പ്രസ്തുത നേട്ടം കൈവരിക്കുന്നതിനു വേണ്ടി എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് ;

(ഇ) ഇതിനായി ഏതെല്ലാം തരം സഹകരണ ബാങ്കുകളും സംഘങ്ങളുമാണ് സഹകരിച്ചത് ; വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) ഈ സർക്കാരിന്റെ കാലത്ത് സഹകരണ മേഖലയിൽ നടത്തിയ 3 നിക്ഷേപ സമാഹരണ യജ്ഞങ്ങളിലൂടെ 16293 കോടി രൂപ സ്വരൂപിക്കാൻ കഴിഞ്ഞിട്ടുണ്ട്.

(ബി) 3 നിക്ഷേപ സമാഹരണ യജ്ഞങ്ങളിലൂടെ സമാഹരിക്കാൻ ലക്ഷ്യമിട്ട തുക ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| നവംബർ 2011 | - | 3000 കോടി രൂപ |
| ഡിസംബർ 2012 | - | 4500 കോടി രൂപ |
| ഡിസംബർ 2013 | - | 5000 കോടി രൂപ |

(സി) ഇതിലൂടെ സമാഹരിച്ച തുക സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| നവംബർ 2011 | - | 4425.09 കോടി രൂപ |
| ഡിസംബർ 2012 | - | 5194.36 കോടി രൂപ |
| ഡിസംബർ 2013 | - | 6674.00 കോടി രൂപ |

(ഡി) നിക്ഷേപ സമാഹരണത്തിൽ ഉണ്ടായ നേട്ടങ്ങൾ സ്ഥായിയായി നിലനിർത്തുന്നതിന് നിക്ഷേപകരുടെ വിശ്വാസം ആർജ്ജിക്കേണ്ടതുണ്ട്. പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളിലെയും സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ വരുന്നതും നിക്ഷേപം സ്വീകരിക്കുന്നതുമായ സഹകരണ സംഘങ്ങളിലെ നിക്ഷേപകരുടെ താൽപര്യം സംരക്ഷിക്കുന്നതിനും വിശ്വാസം ആർജ്ജിക്കുന്നതിനുമായി നിക്ഷേപ ഗ്യാരന്റി സ്കീം 2012 ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

(ഇ) പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ, അർബൻ സഹകരണ ബാങ്കുകൾ, എംപ്ലോയീസ് സഹകരണ സംഘങ്ങൾ, കാർഷികേതര വായ്പ സഹകരണ സംഘങ്ങൾ, ജില്ലാ സഹകരണ ബാങ്കുകൾ, പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ, ബൈലാ വ്യവസ്ഥകൾക്ക് വിധേയമായി നിക്ഷേപം സ്വീകരിക്കുന്ന ഇതര സഹകരണ സംഘങ്ങൾ, സംസ്ഥാന സഹകരണ ബാങ്ക്, സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് എന്നീ സഹകരണ സ്ഥാപനങ്ങളാണ് നിക്ഷേപ സമാഹരണ യജ്ഞത്തിൽ സഹകരിച്ചിട്ടുള്ളത്.

## സഹകരണ സംഘങ്ങളുടെ രജിസ്ട്രേഷൻ

72 (2310) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സഹകരണ സംഘങ്ങൾ പുതിയതായി രജിസ്റ്റർ ചെയ്യുന്നതിന് പുതിയ മാനദണ്ഡങ്ങളും നിയമങ്ങളും നടപ്പാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയവ രേഖാമൂലം ലഭ്യമാക്കുമോ ;

ഉത്തരം

സഹകരണ സംഘങ്ങൾ പുതിയതായി രജിസ്റ്റർ ചെയ്യുന്നതിന് പുതിയ മാനദണ്ഡങ്ങളും നിയമങ്ങളും നടപ്പിലാക്കിയിട്ടുണ്ട്. ആയവ അനുബന്ധം ആയി ചേർത്തിട്ടുണ്ട്. *

## സഹകരണ വകുപ്പിന്റെ ആലില പദ്ധതി

73 (2311) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പ് ഇപ്പോൾ ആരംഭിച്ചിട്ടുള്ള 'ആലില' പദ്ധതിയിലൂടെ എത്ര തരം വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട് എന്ന് വിശദമാക്കാമോ ;

(ബി) ഈ പദ്ധതികളിൽ നിന്നു ഏതെങ്കിലും സഹകരണ സ്ഥാപനങ്ങൾ പിന്മാറി നിൽക്കുന്നുണ്ടോ എന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) സഹകരണ വകുപ്പിന്റെ 'ആലില' പദ്ധതിയിലൂടെ ആകെ 59 തരം വൃക്ഷങ്ങൾ വിവിധ ജില്ലകളിലായി നട്ടുപിടിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്.

(ബി) എല്ലാ സഹകരണ സ്ഥാപനങ്ങളും ഈ പദ്ധതിയിൽ സജീവമായി പങ്കെടുക്കുന്നുണ്ട്.

## സഹകരണ ബാങ്കുകളിലെ വായ്പ പരിധി

74 (2312) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ആർ. സെൽവരാജ് :

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സഹകരണ ബാങ്കുകളിൽ വായ്പ പരിധി ഉയർത്തിയിട്ടുണ്ടോ ;

(ബി) ഏതെല്ലാം ബാങ്കുകൾ വഴി വിതരണം ചെയ്യുന്ന വ്യക്തിഗത വായ്പാ പരിധിയാണ് ഉയർത്തിയിട്ടുള്ളത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഏതെല്ലാം തരം വായ്പകൾക്കാണ് പരിധി ഉയർത്തിയിട്ടുള്ളത് ;

(ഡി) വായ്പാ പരിധി ഉയർത്തിയതു വഴി എന്തെല്ലാം നേട്ടങ്ങളാണ് വിവിധ വിഭാഗക്കാർക്ക് ലഭിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ, ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കുകൾ, ബാങ്കിംഗ് റെഗുലേഷൻ ആക്ടിന്റെ പരിധിയിൽ വരാത്ത കാർഷികേതര വായ്പാ സഹകരണ സംഘങ്ങൾ എന്നിവയിൽ നിന്നും അവയുടെ അംഗങ്ങൾക്ക് നൽകാവുന്ന വായ്പാ പരിധിയാണ് ഉയർത്തിയിട്ടുള്ളത്.

(സി) കാർഷികാനുബന്ധാവശ്യങ്ങൾക്കുള്ള വായ്പ, വ്യവസായ വായ്പ, ഭൂസ്വത്ത് വാങ്ങുന്നതിനുള്ള വായ്പ, പ്രൊഫഷണൽ വിദ്യാഭ്യാസ വായ്പ, സ്വർണ്ണ പണയ വായ്പ, വിവാഹ വായ്പ, ഭവന നവീകരണം/ഭവന നിർമ്മാണ വായ്പ (വീടും ഭൂസ്വത്തും വാങ്ങൽ-ഫ്ലാറ്റ് ഉൾപ്പെടെ), വീട്ടുപകരണങ്ങൾ വാങ്ങുന്നതിനുള്ള വായ്പ, ബിസിനസ്സ് വായ്പ, കുടുംബശ്രീ/എസ്.എച്ച്.ജി. വായ്പ, സാധാരണ വായ്പ (മോർട്ട്ഗേജ്), പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവിടങ്ങളിൽ മൂന്ന് സെന്റ് വരെ ഭൂമി ഉള്ളവർക്ക് ഭവനനിർമ്മാണത്തിനുള്ള വായ്പ, വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുള്ള വായ്പ എന്നീ വായ്പകളുടെ പരിധിയാണ് ഉയർത്തിയിട്ടുള്ളത്.

(ഡി) വായ്പാ പരിധി വർദ്ധിപ്പിച്ചതിനാൽ വിവിധ വിഭാഗങ്ങൾക്ക് വിവിധ ആവശ്യങ്ങൾക്ക് മതിയായ തോതിൽ വായ്പ ലഭ്യമാക്കുന്നതിന് സാധിച്ചിട്ടുണ്ട്. അതുവഴി സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളെ നിയന്ത്രിച്ച് സാധാരണക്കാരെ സഹായിക്കുവാൻ സഹകരണ മേഖലയ്ക്ക് സാധിച്ചിട്ടുണ്ട്.

**സഹകരണ വെൽഫെയർ ഫണ്ട് ബോർഡ്**

75 (2313) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ വെൽഫെയർ ഫണ്ട് ബോർഡ് എന്നു മുതലാണ് ആരംഭിച്ചത് ;

(ബി) അതിൽ എത്ര സ്ഥിരം ജീവനക്കാരുണ്ട്; തസ്തിക സഹിതം വ്യക്തമാക്കുമോ;

(സി) അതിൽ എത്ര താൽക്കാലിക ജീവനക്കാരുണ്ട്; അവർക്ക് എന്നാണ് നിയമനം നൽകിയിട്ടുള്ളത് ;

(ഡി) പ്രസ്തുത ബോർഡ് എന്തെല്ലാം ആനുകൂല്യങ്ങൾ നൽകിവരുന്നു ;

(ഇ) നാളിതുവരെ എത്ര തുക എത്ര പേർക്ക് നൽകി ;

(എഫ്) ആനുകൂല്യത്തിനായുള്ള അപേക്ഷകൾ സമയബന്ധിതമായി തീർപ്പു കല്പിക്കുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിലുണ്ടോ ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സഹകരണ വെൽഫെയർ ഫണ്ട് ബോർഡ് 1-4-1986 മുതലാണ് ആരംഭിച്ചത്.

(ബി) 32 സ്ഥിരം ജീവനക്കാരുണ്ട്. തസ്തിക ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| സീനിയർ സൂപ്രണ്ട് | - | 5 |
| ജൂനിയർ സൂപ്രണ്ട് | - | 3 |
| അപ്പർ ഡിവിഷൻ ക്ലാർക്ക് | - | 4 |
| ലോവർ ഡിവിഷൻ ക്ലാർക്ക് | - | 9 |
| യു.ഡി. ടൈപ്പിസ്റ്റ്/കമ്പ്യൂട്ടർ ഓപ്പറേറ്റർ | - | 1 |
| എൽ.ഡി. ടൈപ്പിസ്റ്റ്/കമ്പ്യൂട്ടർ ഓപ്പറേറ്റർ | - | 2 |
| അറ്റൻഡർ | - | 1 |
| പ്യൂൺ | - | 3 |
| ഡ്രൈവർ | - | |

| | | |
|---|---|---|
| | | 1 |
| പാർട്ട്-ടൈം-സ്വീപ്പർ | | - |
| | | 3 |
| | ആകെ | - 32 |

(സി) 11 താൽക്കാലിക ജീവനക്കാർ

| ക്രമ നമ്പർ | പേര് | തസ്തിക | നിയമനം നൽകിയ തീയതി |
|---|---|---|---|
| 1 | സുപ്രിയ ആഷാസ് | കമ്പ്യൂട്ടർ ഓപ്പറേറ്റർ | 25-5-2012 |
| 2 | അജിത പി. എ. | പാർട്ട്-ടൈം സ്വീപ്പർ | 10-10-2012 |
| 3 | ശാരിക കെ. വി. | എൽ.ഡി. ക്ലാർക്ക് | 16-12-2013 |
| 4 | രമ്യ റ്റി. വി. | എൽ.ഡി. ക്ലാർക്ക് | 16-12-2013 |
| 5 | ശ്രീകല ജെ. | എൽ.ഡി. ക്ലാർക്ക് | 16-12-2013 |
| 6 | ഷെറിൻ ബെന്നി | കമ്പ്യൂട്ടർ ഓപ്പറേറ്റർ | 16-12-2013 |
| 7 | സുഗന്ധി പതിയാരത്ത് | പ്യൂൺ | 16-12-2013 |
| 8 | ഷാനിൽ വി. കെ. | പാർട്ട്-ടൈം സ്വീപ്പർ | 16-12-2013 |
| 9 | സലിം | എൽ.ഡി. ക്ലാർക്ക് | 18-12-2013 |
| 10 | കെ. മുസ്തഫ | ഡ്രൈവർ | 21-6-2014 |
| 11 | സുഹൈൽ പി. | പ്യൂൺ | 1-8-2014 |

(ഡി) മരണാനന്തര ധനസഹായം, ചികിത്സാ ധനസഹായം, പിരിഞ്ഞു പോയവർക്ക് ഇൻസെന്റീവ് സഹിതം അടച്ച തുക തിരികെ നൽകൽ, അംഗങ്ങളുടെ മക്കൾക്കുള്ള ക്യാഷ് അവാർഡ് എന്നീ ആനുകൂല്യങ്ങൾ നൽകി വരുന്നു.

(ഇ) നാളിതുവരെ മരണാനന്തര ധനസഹായം 1626 പേർക്ക് 10,46,26,000 രൂപയും ചികിത്സാ ധനസഹായം 1756 പേർക്ക് 5,40,19,500 രൂപയും പിരിഞ്ഞു പോയ 19482 പേർക്ക് 18,07,86,095 രൂപയും 1009 പേർക്ക് ഇൻസെന്റീവ് ആയി 13,90,061 രൂപയും ക്യാഷ് അവാർഡ് 1893 പേർക്ക് 1,43,08,250 രൂപയും നൽകിയിട്ടുണ്ട്.

(എഫ്) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**സഹകരണ ബാങ്കുകളിലെ ഉദ്യോഗസ്ഥരുടെ സ്ഥാനക്കയറ്റം**

76 (2314) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന നാളിതുവരെ സംസ്ഥാനത്തെ സഹകരണ ബാങ്കുകളിലെ എത്ര സീനിയർ അക്കൗണ്ടന്റുമാരെ വിദ്യാഭ്യാസ യോഗ്യതയിൽ ഇളവുവരുത്തി സെക്രട്ടറിമാരായി നിയമിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് കണക്ക് വെളിപ്പെടുത്താമോ ;

(ബി) സഹകരണ ബാങ്കുകളിൽ സ്ഥാനക്കയറ്റത്തിനായി ഇളവുകൾ ആവശ്യപ്പെട്ട് എത്ര ഉദ്യോഗസ്ഥരുടെ എത്ര അപേക്ഷകൾ സർക്കാരിന്റെ മുന്നിലുണ്ടെന്ന് വിശദമാക്കാമോ ;

(സി) സഹകരണ ബാങ്കുകളിൽ സ്ഥാനക്കയറ്റത്തിനായി ഉദ്യോഗസ്ഥർ സമർപ്പിക്കുന്ന അപേക്ഷകളിൽ ചട്ടപ്രകാരം എന്തെല്ലാം ഇളവുകൾ നൽകുന്നുണ്ടെന്നും ആയതിന്റെ മാനദണ്ഡങ്ങളും വിശദീകരിക്കാമോ ;

ഉത്തരം

(എ) 13 സീനിയർ അക്കൗണ്ടന്റുമാരെ വിദ്യാഭ്യാസ യോഗ്യതയിൽ ഇളവു വരുത്തി സെക്രട്ടറിമാരായി നിയമിച്ചിട്ടുണ്ട്. ആയതിന്റെ ജില്ല തിരിച്ച വിവരം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ജില്ല | എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 1 |
| 2 | കൊല്ലം | ഇല്ല |
| 3 | പത്തനംതിട്ട | ഇല്ല |
| 4 | ആലപ്പുഴ | ഇല്ല |

| | | |
|---|---|---|
| 5 | കോട്ടയം | 1 |
| 6 | ഇടുക്കി | 2 |
| 7 | എറണാകുളം | 5 |
| 8 | തൃശ്ശൂർ | 1 |
| 9 | പാലക്കാട് | 1 |
| 10 | മലപ്പുറം | 1 |
| 11 | കോഴിക്കോട് | ഇല്ല |
| 12 | വയനാട് | 1 |
| 13 | കണ്ണൂർ | ഇല്ല |
| 14 | കാസർഗോഡ് | ഇല്ല |
| | ആകെ | 13 |

(ബി) 13 ഉദ്യോഗസ്ഥരുടെ 13 അപേക്ഷകൾ

(സി) സഹകരണ സംഘം/ബാങ്കുകളിൽ സ്ഥാനക്കയറ്റത്തിനായി നിശ്ചിത യോഗ്യത ഇല്ലാത്ത ഉദ്യോഗസ്ഥർക്കുവേണ്ടി സമർപ്പിക്കുന്ന അപേക്ഷകളിലെ അർഹതയും സീനിയോറിറ്റിയും കണക്കിലെടുത്ത് ചട്ടം 185(8) പ്രകാരം ഉദ്യോഗക്കയറ്റം ലഭിക്കപ്പെടേണ്ട തസ്തികയിലേക്കായി നിഷ്കർഷിച്ചിട്ടുള്ള ബിരുദ വിദ്യാഭ്യാസ യോഗ്യതയിൽ നിന്നും ഇളവ് നൽകുന്നുണ്ട്. അപ്രകാരം ഇളവ് നൽകുന്നതിനായി കേരള സഹകരണ സംഘം ചട്ടങ്ങളിലെ ചട്ടം 185 (8) (b) പ്രകാരം പാലിക്കപ്പെടേണ്ട മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു:

1. ജെ.ഡി.സി. പാസ്സായിരിക്കണം.
2. ഫീഡർ കാറ്റഗറിയിൽ 5 വർഷ സേവനം പൂർത്തിയായിരിക്കണം അല്ലെങ്കിൽ 53 വയസ്സ് പൂർത്തിയായിരിക്കുകയും ടിയാന്റെ അതേ തസ്തികയിൽ 20 വർഷ സേവനമുള്ള ഡിഗ്രി വിദ്യാഭ്യാസമുള്ള ജീവനക്കാർ ഇല്ലാതിരിക്കണം.
3. 45 വയസ്സ് പൂർത്തിയായിരിക്കണം.

**സഹകരണ ബാങ്കുകളിലെ ക്രമക്കേടുകൾ**

77 (2315) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ ബാങ്കുകളിലെ ക്രമക്കേടുകൾ കണ്ടെത്തുന്നതിനായി എന്തെല്ലാം തലത്തിലുള്ള പരിശോധനകളാണ് നിലവിൽ തുടർന്നുവരുന്നത് ;

(ബി) സഹകരണ സംഘങ്ങൾ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുന്നുവോ ;

(സി) ഹൈക്കോടതിയും മറ്റ് കോടതികളും ഇടപെട്ട് നടത്തിയ അന്വേഷണങ്ങളിൽ കണ്ടെത്തിയ സഹകരണ ബാങ്കുകളിലെ ക്രമക്കേടുകൾ സംബന്ധിച്ച അന്വേഷണ റിപ്പോർട്ടുകളിൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) യൂണിറ്റ് ഇൻസ്പെക്ടർമാർ, അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-മാർ, ജോയിന്റ് രജിസ്ട്രാർ (ജനറൽ)-മാർ എന്നീ തസ്തികകളിലെ ഉദ്യോഗസ്ഥർ എല്ലാ മാസവും ആകസ്മിക പരിശോധനയും വിശദ പരിശോധനയും നടത്തിവരുന്നു. പ്രാഥമിക പരിശോധനയിൽ ഗുരുതരമായ ക്രമക്കേടുകൾ കണ്ടെത്തിയാൽ സഹകരണ നിയമം വകുപ്പ് 65 പ്രകാരമുള്ള അന്വേഷണത്തിനും വകുപ്പ് 66 പ്രകാരമുള്ള പരിശോധനയ്ക്കും രജിസ്ട്രാറുടെ പ്രത്യേക ഉത്തരവിലൂടെ ജോയിന്റ് രജിസ്ട്രാർ (ജനറൽ), അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-മാരെ ചുമതലപ്പെടുത്തുന്നുണ്ട്. കൂടാതെ എല്ലാ വർഷവും സഹകരണ ആഡിറ്റർമാർ ആഡിറ്റ് നടത്തിവരുന്നു. പരാതികളിന്മേൽ സഹകരണ സംഘം രജിസ്ട്രാർ ഓഫീസിലെ ഇൻസ്പെക്ഷൻ സെൽ മുഖേനയും പരിശോധന നടത്തുന്നുണ്ട്. പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്കുകളിൽ അസിസ്റ്റന്റ് രജിസ്ട്രാർ/വാല്യേഷൻ ഓഫീസർ എന്നിവർ പരിശോധനകൾ നടത്തുന്നുണ്ട്. സഹകരണ സംഘം രജിസ്ട്രാർ അന്വേഷണത്തിന് കൈമാറുന്ന പരാതികളിൽ സഹകരണ വിജിലൻസ് വിഭാഗം അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നുണ്ട്.

(ബി) ബഹുമാനപ്പെട്ട സുപ്രീം കോടതി സിവിൽ അപ്പീൽ നമ്പർ 9017/2013-ന് മേൽ പുറപ്പെടുവിച്ച വിധിന്യായം കേരള സഹകരണ സംഘം നിയമപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സഹകരണ സംഘങ്ങൾ 2005-ലെ വിവരാവകാശ നിയമത്തിലെ വകുപ്പ് 2(4) പ്രകാരമുള്ള 'പബ്ലിക് അതോറിറ്റി' എന്ന നിർവചനത്തിൻകീഴിൽ ഉൾപ്പെടില്ലായെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ സംസ്ഥാന സർക്കാരിന്റെ ഗണ്യമായ സാമ്പത്തിക സഹായം ലഭിച്ചിട്ടുള്ള സഹകരണ സംഘങ്ങൾ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുമെന്നും ടി വിധിന്യായത്തിലെ പരാമർശങ്ങളുടെ അടിസ്ഥാനത്തിൽ കാണുന്നു.

(സി) വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

കൊല്ലം ജില്ല :

ഓച്ചിറ സർവ്വീസ് സഹകരണ ബാങ്ക്-സഹകരണ നിയമം വകുപ്പ് 66 പ്രകാരം അന്വേഷണം നടന്നുവരുന്നു.

പത്തനംതിട്ട ജില്ല :

കുളനട സർവ്വീസ് സഹകരണ ബാങ്ക്-അഡ്മിനിസ്ട്രേറ്ററെ നിയമിക്കുകയും ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ വിധിന്യായത്തിൽ പോലീസ് ചീഫിനോട് ഒരു സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം രൂപീകരിച്ച് അന്വേഷിക്കാൻ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്.

തൃശ്ശൂർ ജില്ല :

പുത്തൂർ സർവ്വീസ് സഹകരണ ബാങ്ക്-സഹകരണ നിയമം വകുപ്പ് 65 പ്രകാരം അന്വേഷണം നടന്നുവരുന്നു.

## സഹകരണ ബാങ്കുകളിലെ നിക്ഷേപങ്ങൾക്ക് ആദായനികുതി

78 (2316) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സഹകരണ ബാങ്കുകളിലെ നിക്ഷേപങ്ങൾക്ക് ആദായനികുതി ഈടാക്കുന്നതുമായി ബന്ധപ്പെട്ട് ആദായനികുതി വകുപ്പ് സംസ്ഥാന ഗവൺമെന്റിന് എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളത് ;

(ബി) കേരളത്തിലെ സഹകരണ മേഖലയുടെ ശക്തി ക്ഷയിപ്പിക്കുവാനും തകർക്കുവാനുമുള്ള ഈ നീക്കത്തിനെതിരെ സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിന് നിവേദനം നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്നാണ് നിവേദനം നൽകിയത് ;

(സി) നിവേദനത്തിൽ ഉന്നയിച്ച ആവശ്യങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത നിവേദനങ്ങൾക്ക് കേന്ദ്ര ഗവൺമെന്റ് നൽകിയ മറുപടി എന്താണെന്ന് വ്യക്തമാക്കുമോ ; മറുപടി കത്തുകളുടെ പകർപ്പ് ലഭ്യമാക്കുമോ ?

### ഉത്തരം

(എ) 1961-ലെ ആദായ നികുതി നിയമത്തിലെ വകുപ്പ് 133 ഉപവകുപ്പ് (6) പ്രകാരം സംസ്ഥാനത്തെ സഹകരണ സംഘങ്ങളിലെ/ബാങ്കുകളിലെ നിക്ഷേപ കരുടെ വിവരങ്ങൾ ആദായനികുതി വകുപ്പ് സഹകരണ സംഘങ്ങളോട് ആരാഞ്ഞിട്ടുള്ളതും ഈ പ്രക്രിയ സുഗമമാക്കുന്നതിന് വിവരങ്ങൾ ലഭ്യമാക്കാൻ സഹകരണ സംഘങ്ങൾക്ക് നിർദ്ദേശം നൽകണമെന്ന് സർക്കാരിനോട്

അഭ്യർത്ഥിച്ചിട്ടുള്ളതുമാണ്.

(ബി) ആദായനികുതി വകുപ്പ് നിക്ഷേപകരുടെ പൊതുവായ വിവരങ്ങൾ ആരായുന്ന വിഷയം സംബന്ധിച്ച് ബഹുമാനപ്പെട്ട കേരളാ മുഖ്യമന്ത്രിയും വകുപ്പുമന്ത്രിയും പ്രധാനമന്ത്രിക്കും കേന്ദ്ര ധനകാര്യ, കൃഷി വകുപ്പുമന്ത്രിമാർക്കും നിവേദനം നൽകിയിട്ടുണ്ട്. വകുപ്പുമന്ത്രി 3-12-2013-നും ബഹുമാനപ്പെട്ട മുഖ്യമന്ത്രി 27-6-2014, 21-10-2014 എന്നീ തീയതികളിലും ബഹുമാനപ്പെട്ട കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിമാർക്ക് കത്തയച്ചിരുന്നു.

(സി) സഹകരണ സ്ഥാപനങ്ങളിൽ 5 ലക്ഷം രൂപയ്ക്ക് മുകളിൽ സ്ഥിര നിക്ഷേപമുള്ളവരുടെയും 10,000 രൂപയ്ക്ക് മുകളിൽ വാർഷിക പലിശ കൈപ്പറ്റുന്നവരുടെയും വിവരങ്ങളാണ് ഇൻകം ടാക്സ് വകുപ്പ് ലഭ്യമാക്കാൻ ആവശ്യപ്പെട്ടിരുന്നത്. ആയത് യഥാക്രമം 10 ലക്ഷം രൂപയായും 30,000 രൂപയായും പരിധി വർദ്ധിപ്പിക്കണമെന്നാണ് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നത്.

(ഡി) കേരളത്തിൽ നിന്നുള്ള നിരന്തരമായ അഭ്യർത്ഥനമാനിച്ചു കൊണ്ട് 2 ലക്ഷം രൂപയ്ക്ക് മുകളിൽ നിക്ഷേപമുള്ളവരുടെ വിവരങ്ങൾ ശേഖരിക്കണമെന്ന ഇൻകം ടാക്സ് വകുപ്പിന്റെ തീരുമാനം പുനഃപരിശോധിക്കുകയും 2 ലക്ഷം രൂപ എന്ന പരിധി 5 ലക്ഷം രൂപയായി നിശ്ചയിച്ചിട്ടുണ്ടെന്നും ഇനിയും നിക്ഷേപ പരിധി 10 ലക്ഷം രൂപയായും പലിശ പരിധി 30,000 രൂപയായും വർദ്ധിപ്പിക്കണമെന്ന ആവശ്യം പരിഗണിക്കാൻ നിർവ്വാഹമില്ലെന്നും കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിമാർ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ അറിയിച്ചിട്ടുണ്ട്. പ്രസ്തുത കത്തുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.*

## നന്മ സ്റ്റോറുകളിലെ വിൽപ്പന കുറയുന്ന സാഹചര്യം

79 (2317) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നന്മ സ്റ്റോറുകളിൽ സബ്സിഡി ഇല്ലാത്തതും ഉപഭോക്താവിന് ആവശ്യമില്ലാത്തതുമായ വസ്തുക്കൾ വാങ്ങാൻ നിർബന്ധിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ആയതിനാൽ നൻമ സ്റ്റോറുകളിൽ നിന്നും ഉപഭോക്താക്കൾ അകന്നു പോവുന്ന സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ ;

(സി) നന്മ സ്റ്റോറുകളിലെ വിൽപ്പന കുറയുന്ന സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഡി) നന്മ സ്റ്റോറുകളിലെ വിൽപ്പന കുറയുന്നതിനാൽ ജീവനക്കാരുടെ ശമ്പളവും മറ്റും മുടങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; സ്ഥാപനത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) പരിശോധിച്ചിട്ടുണ്ട്. സാധനങ്ങളുടെ ലഭ്യതയിലുണ്ടായ കാലവിളംബംമൂലം വിൽപ്പന കുറവ് സംഭവിച്ചിട്ടുണ്ട്.

(ഡി) നന്മ സ്റ്റോറിലെ വിൽപ്പന കുറയുന്നതിനാൽ ജീവനക്കാരുടെ ശമ്പളം മുടങ്ങുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ വിൽപ്പന കുറഞ്ഞ ചില യൂണിറ്റുകളിൽ ജീവനക്കാരുടെ ശമ്പളം താമസിച്ചിട്ടുണ്ട്. എൻ.സി.ഡി.സി. അനുവദിച്ചിട്ടുള്ള ഫണ്ട് ഉൾപ്പെടെയുള്ള സാമ്പത്തിക സ്രോതസ്സുകൾ ഉപയോഗിച്ച് നന്മ സ്റ്റോറുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി സ്വീകരിച്ചുവരുന്നു.

**സഹകരണ സ്ഥാപനങ്ങളിലെ സാമ്പത്തിക ക്രമക്കേടുകൾ**

80 (2318) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സ്ഥാപനങ്ങളിൽ സാമ്പത്തിക ക്രമക്കേടുകൾ വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ക്രമക്കേടുകൾ ഇല്ലാതാക്കുന്നതിന് സഹകരണ വിജിലൻസ് വിഭാഗത്തിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുവാൻ സ്വീകരിച്ചുവരുന്ന മാർഗ്ഗങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(സി) സഹകരണ വകുപ്പിലെ ക്രമക്കേടുകൾ വർദ്ധിക്കുന്നതിന് കാരണം ജീവനക്കാരുടെ അഭാവമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സഹകരണ പ്രസ്ഥാനത്തിന്റെ വളർച്ചയ്ക്കാനുപാതികമായി സ്റ്റാഫ് പാറ്റേൺ നിലവിലുണ്ടോ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) സാമ്പത്തിക ക്രമക്കേടുകൾ വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ക്രമക്കേടുകൾ നിയന്ത്രിക്കുന്നതിനായി താഴെപ്പറയുന്ന നടപടികൾ കർശനമായി നടപ്പാക്കി വരുന്നു. സഹകരണ വകുപ്പ് തലത്തിൽ സംഘങ്ങളിൽ മിന്നൽ/വിശദ പരിശോധനകൾ നടത്തുകയും പരിശോധന വേളയിലും ആഡിറ്റ് വേളയിലും കണ്ടെത്തുന്ന ന്യൂനതകൾ, ക്രമക്കേടുകൾ എന്നിവയിന്മേൽ വിശദ പരിശോധനകൾ നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ ക്രിമിനൽ നിയമപ്രകാരമുള്ള നടപടികളടക്കമുള്ള മേൽനടപടികൾ ഉത്തരവാദികൾക്കെതിരെ സ്വീകരിച്ചുവരികയും മാത്രമല്ല സാമ്പത്തിക ക്രമക്കേടുകളിൽ ഭരണസമിതി ഉത്തരവാദിയാണെന്ന് അന്വേഷണത്തിൽ കണ്ടെത്തിയാൽ ഭരണസമിതിക്കെതിരെ കേരള സഹകരണ നിയമം, വകുപ്പ്, ചട്ടം അനുശാസിക്കുന്ന നടപടികൾ സ്വീകരിക്കുന്നു. കൂടാതെ സഹകരണ സംഘങ്ങളുടെ ആഡിറ്റ് ശക്തിപ്പെടുത്തി അഴിമതി കുറയ്ക്കുന്നതിനും ക്രമക്കേടുകൾ കണ്ടെത്തുന്നതിനും പ്രത്യേക ആഡിറ്റ് വിഭാഗം ഡയറക്ടർ ഓഫ് കോ-ഓപ്പറേറ്റീവ് ആഡിറ്റിന്റെ നേതൃത്വത്തിൽ പ്രവർത്തിച്ചുവരുന്നു. ഇതിനുപുറമേ ബാങ്കിംഗ് റെഗുലേഷൻ നിയമപ്രകാരം പ്രവർത്തിക്കുന്ന അർബൻ ബാങ്കുകൾ, ജില്ലാ സഹകരണ ബാങ്കുകൾ എന്നിവിടങ്ങളിൽ പരിശോധന നടത്തുന്നതിന് ഒരു ഇൻസ്പെക്ഷൻ സെൽ രജിസ്ട്രാറുടെ നിയന്ത്രണത്തിൽ രൂപീകരിച്ച് പ്രവർത്തനം തുടരുന്നു. സഹകരണ സ്ഥാപനങ്ങളിൽ സാമ്പത്തിക തിരിമറികൾ നടത്തിയ ജീവനക്കാരിൽനിന്നും ക്രമക്കേട് നടത്തിയ തുകകൾ ഈടാക്കുകയും സർവ്വീസിൽ നിന്ന് പിരിച്ചു വിട്ടും തസ്തികയിൽ നിന്ന് തരംതാഴ്ത്തിയും നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) സഹകരണ സംഘം രജിസ്ട്രാർ അന്വേഷണത്തിന് കൈമാറുന്ന പരാതികളിൽ അന്വേഷണം നടത്തി റിപ്പോർട്ട് സഹകരണ സംഘം രജിസ്ട്രാർക്ക് കൈമാറുന്നതിനുള്ള അധികാരം മാത്രമാണ് നിലവിലുള്ള സഹകരണ വിജിലൻസ് വിഭാഗത്തിന് നൽകിയിട്ടുള്ളത്. വിജിലൻസ് വിഭാഗത്തിന്റെ പ്രവർത്തനങ്ങളെ കുറിച്ച് നടത്തിയ വിലയിരുത്തലിൽ അടിയന്തര പ്രാധാന്യമുള്ള പരാതികളിൽ പോലും അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് വളരെയേറെ കാലതാമസം വരുന്നതായും ഒട്ടേറെ പരാതികൾ അന്വേഷണം പൂർത്തിയാകാതെ ബാക്കി നിൽക്കുന്നതായും കണ്ടെത്തിയിട്ടുണ്ട്. സഹകരണ സംഘങ്ങളിലെ ക്രമക്കേടുകളുടെ സ്വഭാവം ക്രിമിനൽ കേസുകളുടേതിൽനിന്നും വിഭിന്നമായതിനാൽ നിരന്തരമായ അന്വേഷണം നടത്തിക്കൊണ്ടു മാത്രമേ അത്തരം ക്രമക്കേടുകളും അഴിമതികളും തടയാൻ കഴിയുകയുള്ളൂ. ആയതിനാൽ സഹകരണ സംഘങ്ങളിലെ ക്രമക്കേടുകളും അഴിമതിയും ഫലപ്രദമായി തടയുന്നതിനും അംഗങ്ങളുടെ താൽപ്പര്യം പൂർണ്ണമായി സംരക്ഷിച്ച് സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിനും കാര്യക്ഷമമായ പ്രവർത്തനത്തിനുമായി നിലവിലുള്ള സഹകരണ വിജിലൻസ് വിഭാഗം പുനഃസംഘടിപ്പിക്കുന്നതിന് സർക്കാർ തീരുമാനിക്കുകയും തീരുമാനം

നടപ്പിലാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചുവരികയുമാണ്.

(സി) സഹകരണ വകുപ്പിൽ ക്രമക്കേടുകൾ വർദ്ധിക്കുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. 25-5-1981-ലെ ജി.ഒ. (എംഎസ്.) 191/81/എ.ഡി. ഉത്തരവ് പ്രകാരമുള്ള സ്റ്റാഫ് പാറ്റേണാണ് സഹകരണ വകുപ്പിൽ നിലവിലുള്ളത്. ആയതിനുശേഷം സഹകരണ സ്ഥാപനങ്ങളുടെ എണ്ണത്തിലും പ്രവർത്തനങ്ങളിലും പതിൻമടങ്ങ് വർദ്ധനവ് ഉണ്ടായി. സ്റ്റാഫ് പാറ്റേണിൽ മാറ്റം വരുത്തിയിട്ടില്ല. ഇതുകാരണം ജീവനക്കാരുടെ ജോലി ഭാരം അധികരിച്ചിട്ടുണ്ട്. ഇക്കാര്യങ്ങൾ സർക്കാർ പരിശോധിച്ചുവരുന്നു.

**സഹകരണ ബാങ്കുകൾക്ക് സർക്കാർ ഓഹരി**

81 (2319) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. വർക്കല കഹാർ :
ശ്രീ. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ ബാങ്കുകൾക്ക് സർക്കാർ ഓഹരി അനുവദിച്ചിട്ടുണ്ടോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(സി) എത്ര രൂപയാണ് പ്രസ്തുത ഇനത്തിൽ അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ ;

(ഡി) ഏതെല്ലാം തരം ബാങ്കുകൾക്കാണ് ഓഹരി അനുവദിച്ചിട്ടുള്ളത്; വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സഹകരണ ബാങ്കുകളുടെ ഓഹരി മൂലധന അടിത്തറ ശക്തിപ്പെടുത്തി കാർഷിക, കാർഷികേതര വായ്പ നൽകുവാൻ ബാങ്കുകളെ സഹായിക്കുകയും ടി ബാങ്കുകളുടെ കടം വാങ്ങുന്നതിനുള്ള കഴിവ് ഉയർത്തുകയുമാണ് ഇതിലൂടെ പ്രധാനമായും ഉദ്ദേശിച്ചിട്ടുള്ളത്.

(സി) 2013-14 വർഷം 1741.443 ലക്ഷം രൂപ വിവിധ പദ്ധതികളിലായി ഓഹരിയിനത്തിൽ അനുവദിച്ചിട്ടുണ്ട്.

(ഡി) സംസ്ഥാന സഹകരണ ബാങ്ക്, സംസ്ഥാന കാർഷിക ഗ്രാമ വികസന ബാങ്ക്, ജില്ലാ സഹകരണ ബാങ്കുകൾ, സർവ്വീസ് സഹകരണ ബാങ്കുകൾ

എന്നിവയ്ക്ക് സർക്കാർ ഓഹരിയായി ധനസഹായം നൽകിയിട്ടുണ്ട്.

**കർഷക സേവന കേന്ദ്രങ്ങൾ**

82 (2320) ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ വകുപ്പിന്റെ നേതൃത്വത്തിൽ കർഷക സേവന കേന്ദ്രങ്ങൾ രൂപീകരിക്കുവാനുദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) കർഷക സേവന കേന്ദ്രങ്ങളുടെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തന രീതികളും എന്തെല്ലാമാണ് ; വിശദാംശങ്ങൾ നൽകുമോ ;

(സി) കാർഷിക ഉല്പാദനം വർദ്ധിപ്പിക്കാൻ എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത കേന്ദ്രങ്ങളുടെ പ്രവർത്തനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) കർഷക സേവന കേന്ദ്രങ്ങളുടെ രൂപീകരണത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ?

**ഉത്തരം**

(എ) രൂപീകരിച്ചിട്ടുണ്ട്. 2012-13 സാമ്പത്തിക വർഷത്തിൽ കേരളത്തിലെ 14 ജില്ലകളിലെ തെരഞ്ഞെടുത്ത 40 ബ്ലോക്കുകളിലായി 40 സഹകരണ സംഘങ്ങളുടെ ആഭിമുഖ്യത്തിലും 2013-14 വർഷത്തിൽ 20 ബ്ലോക്കുകളിലെ 20 സഹകരണ സംഘങ്ങളുടെ ആഭിമുഖ്യത്തിലും കർഷക സേവന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് അനുവാദം നൽകിയിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ ഗ്രാമ പഞ്ചായത്തുകളിലെ കാർഷിക പ്രവർത്തനങ്ങൾ ബ്ലോക്കുതലത്തിൽ ഏകോപിപ്പിക്കുക, കർഷകർക്ക് ഗുണമേന്മയുള്ള വിത്ത്, വളം, കീടനാശിനി എന്നിവ ലഭ്യമാക്കുക, കർഷകർക്ക് ആവശ്യമായ ആധുനിക കാർഷികോപകരണങ്ങളുടെ സേവനം ലഭ്യമാക്കുക, ആധുനിക ശാസ്ത്രീയ കൃഷിരീതികളിൽ കർഷകർക്ക് പരിശീലനം നൽകുക, ആയതിനായി യുവജനക്ഷേമ വകുപ്പുമായി ചേർന്ന് പരിശീലന പരിപാടികൾ സംഘടിപ്പിക്കുക, കാർഷിക വിളകളുടെ ഉത്പാദന സംഭരണ വിതരണ പ്രവർത്തനങ്ങൾക്ക് മികച്ച

സംവിധാനങ്ങൾ ഏർപ്പെടുത്തുക, നബാർഡ്, എൻ.സി.ഡി.സി., സംസ്ഥാന ഹോർട്ടി കൾച്ചർ മിഷൻ എന്നീ സ്ഥാപനങ്ങളുമായി യോജിച്ച് കർഷകർക്ക് ധനസഹായം ലഭ്യമാക്കുക എന്നിവയാണ് പ്രധാന ലക്ഷ്യങ്ങൾ. ഓരോ പഞ്ചായത്തിലും സാങ്കേതിക പരിജ്ഞാനം ലഭിച്ച യുവാക്കൾ, വിദ്യാർത്ഥികൾ, സ്ത്രീകൾ, കാർഷിക ബിരുദ/ഡിപ്ലോമ യോഗ്യതയുള്ളവർ, കൃഷി വകുപ്പിലെ വിരമിച്ച ഉദ്യോഗസ്ഥർ തുടങ്ങി കാർഷിക പരിജ്ഞാനമുള്ളവരുടെ ഒരു കൂട്ടായ്മ രൂപീകരിക്കുക, കാർഷിക സർവ്വകലാശാല, കാർഷിക ഉപകരണ നിർമ്മാണ കമ്പനികൾ തുടങ്ങിയവയുടെ നേതൃത്വത്തിൽ പരിശീലനം നൽകുക, ഓരോ സെന്ററിലും സാങ്കേതിക വൈദഗ്ധ്യം നേടിയ 5 പേർ ഉൾപ്പെടുന്ന 25 അംഗങ്ങളുള്ള തൊഴിൽ സേന രൂപീകരിക്കുക, കാർഷിക സർവ്വകലാശാല, റെയ്ഡ്കോ തുടങ്ങിയവയുടെ സഹായത്തോടെ പരിശീലന പരിപാടികൾ സംഘടിപ്പിക്കുക തുടങ്ങിയവയാണ് പ്രധാന പ്രവർത്തനങ്ങൾ.

(സി) കർഷകർക്കാവശ്യമുള്ള ഗുണമേന്മയുള്ള വിത്ത്, വളം, കീടനാശിനി എന്നിവ ലഭ്യമാക്കുന്നതിലൂടെയും കൃഷിക്കനുയോജ്യമായ എല്ലാ കാർഷിക യന്ത്രങ്ങളുടെയും സേവനം ലഭ്യമാക്കുന്നതിലൂടെയും കർഷകന് വേണ്ട എല്ലാ കാർഷിക സേവനങ്ങളും ആവശ്യാനുസരണം ലഭ്യമാക്കുന്നതിലൂടെയും കാർഷിക ഉൽപ്പന്നങ്ങൾ ഫലപ്രദമായി സൂക്ഷിക്കുകയും വിപണനം ചെയ്യുകയും ചെയ്യുന്നതു വഴി മികച്ച ആദായം ലഭ്യമാക്കുന്നതിനും വിവിധ വകുപ്പുകൾ വഴി നടപ്പിലാക്കുന്ന കാർഷിക പ്രവർത്തനങ്ങൾ/പദ്ധതികൾ എന്നിവ ഏകോപിപ്പിച്ച് നടത്തുന്നതു വഴിയും കർഷകർക്ക് ആവശ്യമായ സാങ്കേതിക പരിശീലനം ലഭ്യമാക്കുന്നതു വഴിയും കാർഷിക ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ എല്ലാ പ്രവർത്തനങ്ങളും നടത്തുന്നതിലൂടെയും കാർഷിക ഉൽപ്പാദനം ഉയർത്തുവാൻ കഴിയുമെന്ന് വിലയിരുത്തിയിട്ടുണ്ട്.

(ഡി) 2012-13 സാമ്പത്തിക വർഷത്തിൽ കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട 40 സഹകരണ സംഘങ്ങൾ മുഖേന ആദ്യഘട്ടമായി 40 ഫാർമേഴ്സ് സർവ്വീസ് സെന്ററുകളും 2013-14-ൽ രണ്ടാം ഘട്ടമായി 20 സഹകരണ സംഘങ്ങളിൽ 20 ഫാർമേഴ്സ് സർവ്വീസ് സെന്ററുകളുമടക്കം ആകെ 60 ഫാർമേഴ്സ് സർവ്വീസ് സെന്ററുകൾ അനുവദിച്ചു നൽകുകയുണ്ടായി. 2012-13, 2013-14 കാലയളവിൽ അനുവദിച്ച കർഷക സേവന കേന്ദ്രങ്ങളിൽ 5 എണ്ണം ഒഴികെ മറ്റുള്ളവ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

## പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ടവരെ വായ്പാകുടിശിക തിരിച്ചടവിൽ നിന്നും ഒഴിവാക്കൽ

83 (2321) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിൽ നിന്നും വായ്പയെടുത്തിട്ടുള്ള പട്ടികജാതി/ പട്ടികവർഗ്ഗത്തിൽപ്പെട്ടവരെ വായ്പാ കുടിശിക തിരിച്ചടവിൽ നിന്നും ഒഴിവാക്കുന്ന പദ്ധതി നിലവിലുണ്ടോ ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; പ്രസ്തുത പദ്ധതി നിലവിലില്ലെങ്കിൽ പട്ടികവിഭാഗത്തിൽപ്പെട്ടവർക്ക് പരമാവധി പ്രയോജനം ചെയ്യുന്നവിധം ആയത് നടപ്പിലാക്കുവാൻ നടപടികൾ സ്വീകരിക്കുമോ ?

### ഉത്തരം

(എ) സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നിന്നും വായ്പയെടുത്തിട്ടുള്ള പട്ടികജാതിക്കാർക്ക് കടാശ്വാസം അനുവദിക്കുന്ന പദ്ധതി നിലവിലുണ്ട്.

(ബി) ഒന്നരലക്ഷം രൂപയോ അതിൽ താഴെയോ വാർഷിക വരുമാനമുള്ള പട്ടികജാതി വിഭാഗക്കാർ സഹകരണ സ്ഥാപനങ്ങളിൽനിന്നും എടുത്തിട്ടുള്ളതും 31-3-2006-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ വായ്പകളിൽ പരമാവധി 50,000 രൂപാവരെയുള്ള കടാശ്വാസം സർക്കാർ ഏറ്റെടുത്ത് 10-12-2013-ലെ സ.ഉ.(അച്ചടി) 99/13/പജപവവിവ നമ്പർ പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. 50,000 രൂപയിൽ താഴെയുള്ള വായ്പകളിൽ മുതലും വായ്പാ സ്ഥാപനം ധനകാര്യ സ്ഥാപനത്തിന് നൽകാനുള്ള പലിശയും ഉൾപ്പെടെ 50,000 രൂപ വരെ സർക്കാർ വഹിക്കുന്നതും ഇതിനുമുകളിൽ വരുന്ന പലിശ, പിഴപലിശ, മറ്റ് ചെലവുകൾ എന്നിവ വായ്പാ സ്ഥാപനം എഴുതിത്തള്ളേണ്ടതും 50,000 രൂപയ്ക്ക് മുകളിലുള്ള വായ്പകളിൽ മുതലും വായ്പാ സ്ഥാപനം ധനകാര്യ സ്ഥാപനത്തിന് നൽകാനുള്ള പലിശയും ഉൾപ്പെടെ 50,000 രൂപ വരെ സർക്കാർ ബാധ്യതയും ഇതിനുമുകളിൽ വരുന്ന പിഴപലിശ, വായ്പ ഈടാക്കാനുണ്ടായിട്ടുള്ള ചെലവ്, ധനകാര്യ സ്ഥാപനത്തിന് നൽകേണ്ട പലിശയിൽ കൂടുതലായി വായ്പാ സ്ഥാപനം ഈടാക്കിയിട്ടുള്ള പലിശ എന്നിവ വായ്പാ സ്ഥാപനം എഴുതിത്തള്ളേണ്ടതും ശേഷിക്കുന്ന മുതൽ തുക വായ്പാക്കാരന്റെ ബാധ്യതയുമായിരിക്കും. ടി പദ്ധതിക്കായി 12 കോടി രൂപ സർക്കാർ സഹകരണ സംഘം രജിസ്ട്രാർക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്.

## സംസ്ഥാന സഹകരണ വിജിലൻസ് വിഭാഗത്തിന്റെ ഘടന

84 (2322) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സഹകരണ വിജിലൻസ് വിഭാഗത്തിന്റെ ഘടനയും പ്രവർത്തനങ്ങളും വിശദമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സഹകരണ വിജിലൻസ് വിഭാഗം എത്ര പരാതികൾ സ്വീകരിച്ചിട്ടുണ്ട് ; ഇവയിൽ തീർപ്പാക്കിയ പരാതികൾ എത്ര ; കുറ്റക്കാർക്കെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(സി) സഹകരണ വിജിലൻസിന്റെ അധികാരങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ ;

(ഡി) വെഞ്ഞാറമൂട് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ് നമ്പർ 2419-ന്റെ പേരിൽ സഹകരണ വിജിലൻസിന് ഏതെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് ലഭിച്ചത്; ആരൊക്കെയാണ് പരാതിക്കാർ; ഈ പരാതികളിൽ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ?

### ഉത്തരം

(എ) തിരുവനന്തപുരം ആസ്ഥാനമായി പ്രവർത്തിക്കുന്ന സഹകരണ വിജിലൻസ് ആഫീസിലെ ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ് സഹകരണ വിജിലൻസ് ആഫീസറായും സഹകരണ വകുപ്പിലെ ജോയിന്റ് രജിസ്ട്രാർ (വിജിലൻസ്), രണ്ട് സഹകരണ ഇൻസ്പെക്ടർമാർ, രണ്ട് ഓഫീസ് അറ്റൻഡർമാർ മൂന്ന് സിവിൽ പോലീസ് ഓഫീസർമാർ എന്നിവർ ഉൾപ്പെട്ടതുമാണ് ഓഫീസ്. കൂടാതെ സഹകരണ വിജിലൻസ് ആഫീസറുടെ കീഴിൽ ദക്ഷിണ മേഖല (തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ) ആലപ്പുഴ ആസ്ഥാനമായും മദ്ധ്യമേഖല (കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്) തൃശ്ശൂർ ആസ്ഥാനമായും ഉത്തര മേഖല (മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ്) കണ്ണൂർ ആസ്ഥാനമായും മേഖലാ ആഫീസുകൾ പ്രവർത്തിച്ചു വരുന്നു. ഓരോ മേഖലാ ഓഫീസിലും പോലീസ് വകുപ്പിലെ ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ് റാങ്കിലുള്ള ഒരു ഉദ്യോഗസ്ഥൻ മേഖലാ സഹകരണ വിജിലൻസ് ആഫീസറായും പോലീസ് വകുപ്പിലെ ഒരു സർക്കിൾ ഇൻസ്പെക്ടർ, 3 വീതം സിവിൽ പോലീസ് ആഫീസർമാർ, സഹകരണ വകുപ്പിലെ ഒരു ഡെപ്യൂട്ടി രജിസ്ട്രാർ (വിജിലൻസ്), രണ്ട് സഹകരണ സംഘം ഇൻസ്പെക്ടർമാർ, രണ്ട്

ഓഫീസ് അറ്റൻഡർമാർ എന്നിവർ ഉൾപ്പെട്ടതാണ് മേഖലാ ആഫീസുകൾ. സഹകരണ സംഘങ്ങളിലെ അഴിമതിയും ദുർഭരണവും, സാമ്പത്തിക ക്രമക്കേടുകൾ, ഫണ്ട് ദുർവിനിയോഗം എന്നിവ സംബന്ധിച്ച് ലഭിക്കുന്ന പരാതികളിൽ പ്രാഥമിക അന്വേഷണം നടത്തി ലഭിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അതീവ ഗുരുതരമായ വിഷയങ്ങളിൽ സമഗ്രമായ അന്വേഷണത്തിനും വിശദമായ റിപ്പോർട്ടിനും വേണ്ടി സഹകരണ സംഘം രജിസ്ട്രാറുടെ ഉത്തരവ് പ്രകാരം പരാതികൾ സഹകരണ വിജിലൻസ് ആഫീസർക്ക് നൽകുകയും ടി പരാതികൾ അന്വേഷിച്ച് റിപ്പോർട്ട് സഹകരണ സംഘം രജിസ്ട്രാർക്ക് നൽകുകയും ചെയ്യുക എന്നുള്ളതാണ് സഹകരണ വിജിലൻസ് വിംഗിന്റെ കർത്തവ്യം. വിജിലൻസ് വിഭാഗത്തിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് നടത്തിയ വിലയിരുത്തലിൽ അടിയന്തര പ്രാധാന്യമുള്ള പരാതികളിൽപോലും അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് വളരെയേറെ കാലതാമസം വരുന്നതായും ഒട്ടേറെ പരാതികൾ അന്വേഷണം പൂർത്തിയാകാതെ ബാക്കി നിൽക്കുന്നതായും കണ്ടെത്തിയിട്ടുണ്ട്. സഹകരണ സംഘങ്ങളിലെ ക്രമക്കേടുകളുടെ സ്വഭാവം ക്രിമിനൽ കേസുകളുടേതിൽനിന്നും വിഭിന്നമായതിനാൽ നിരന്തരമായ പരിശോധനയും അന്വേഷണങ്ങളും നടത്തി കൊണ്ടുമാത്രമേ അത്തരം ക്രമക്കേടുകളും അഴിമതിയും തടയാൻ കഴിയുകയുള്ളൂ. ആയതിനാൽ സഹകരണ സംഘങ്ങളിലെ ക്രമക്കേടുകളും അഴിമതിയും ഫലപ്രദമായി തടയുന്നതിനും അംഗങ്ങളുടെ താൽപ്പര്യം പൂർണ്ണമായി സംരക്ഷിച്ച് സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിനും കാര്യക്ഷമമായ പ്രവർത്തനത്തിനുമായി നിലവിലുള്ള സഹകരണ വിജിലൻസ് വിഭാഗം പുനഃസംഘടിപ്പിക്കുന്നതിന് സർക്കാർ തീരുമാനിക്കുകയും തീരുമാനം നടപ്പിലാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചു വരികയുമാണ്.

(ബി) 60 എണ്ണം. 40 അന്വേഷണ റിപ്പോർട്ടുകൾ ലഭിച്ചതിൽ 16 അന്വേഷണ റിപ്പോർട്ടുകളിന്മേൽ നടപടികൾ ആവശ്യമില്ലെന്ന് ശിപാർശ ചെയ്തിട്ടുണ്ട്. എട്ട് അന്വേഷണ റിപ്പോർട്ടുകൾ സർക്കാരിന്റെ പരിശോധനയിലാണ്. ചില കേസുകളിൽ 2 വർഷവും അതിലധികം സമയമെടുത്തുകൊണ്ട് സഹകരണ നിയമം വകുപ്പ് 65, 66 പ്രകാരം അന്വേഷണം/പരിശോധന നടത്തുന്നതിനാൽ സമാന്തര അന്വേഷണം വിജിലൻസ് വിഭാഗം നടത്തേണ്ടതില്ലെന്ന് അഭിപ്രായപ്പെട്ടിട്ടുള്ളതായും സഹകരണ രജിസ്ട്രാറെ അറിയിച്ചതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) സഹകരണ സംഘം രജിസ്ട്രാർ അന്വേഷണത്തിന് കൈമാറുന്ന പരാതികളിൽ അന്വേഷണം നടത്തി റിപ്പോർട്ട് സഹകരണ രജിസ്ട്രാർക്ക്

കൈമാറുന്നതിനുള്ള അധികാരം മാത്രമാണ് സഹകരണ വിജിലൻസ് വിഭാഗത്തിന് നൽകിയിട്ടുള്ളത്. നേരിട്ട് അന്വേഷണം നടത്താനുള്ള അധികാരം വിജിലൻസിനില്ല.

(ഡി) 6-11-2013-ൽ ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ, എം.എൽ.എ.-യുടെ പരാതി സഹകരണ വിജിലൻസിന് ലഭിച്ചിട്ടുണ്ട്. കൂടാതെ ഇതേ വിഷയത്തിൽ ശ്രീമതി സുപ്രഭ മുതൽ 211 പേരും ചേർന്ന് സമർപ്പിച്ച മറ്റൊരു പരാതി 26-9-2011-ന് സഹകരണ രജിസ്ട്രാർക്കും ലഭിച്ചിരുന്നു. ടി പരാതികളിന്മേൽ സഹകരണ രജിസ്ട്രാർ തുടർ നടപടി സ്വീകരിച്ചു വരുന്നു.

## സംസ്ഥാന സഹകരണ ഡെപ്പോസിറ്റ് ഗ്യാരണ്ടി ഫണ്ട് ബോർഡ്

85 (2323) ശ്രീ എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സഹകരണ ഡെപ്പോസിറ്റ് ഗ്യാരണ്ടി ഫണ്ട് ബോർഡ് എന്നാണ് രൂപീകരിച്ചത്;

(ബി) എന്തെല്ലാം പ്രവർത്തനങ്ങൾ പ്രസ്തുത ബോർഡിൽ നടത്തിവരുന്നു ;

(സി) പ്രസ്തുത ബോർഡിന്റെ പ്രവർത്തന ഫണ്ട് എങ്ങനെയാണ് സ്വരൂപിക്കുന്നത് ;

(ഡി) സഹകരണ സ്ഥാപനങ്ങളിലെ നിക്ഷേപകരുടെ താല്പര്യം സംരക്ഷിക്കുന്നതിനായി നാളിതുവരെ എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്;

(ഇ) ബോർഡിന്റെ നിലവിലെ ആസ്തി എത്ര; ഡെപ്പോസിറ്റ് ഗ്യാരണ്ടി ഫണ്ടിൽ നിന്നും ഏതെങ്കിലും സർക്കാർ സ്ഥാപനത്തിന് വായ്പ നൽകിയിട്ടുണ്ടോ ;

(എഫ്) ഉണ്ടെങ്കിൽ ഏത് സ്ഥാപനത്തിന് ; എത്ര രൂപ നൽകിയിട്ടുണ്ട് ;

(ജി) എത്ര കാലത്തേക്കാണ് നൽകിയത്; എത്ര ശതമാനം പലിശയ്ക്ക് ; ആരുടെ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് വായ്പ നൽകിയത്; ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ; പ്രസ്തുത നടപടി സഹകരണ താൽപര്യത്തിന് വിരുദ്ധമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന് കാരണക്കാരയവരെ മാതൃകാപരമായി ശിക്ഷിക്കുമോ ; വ്യക്താക്കാമോ ?

### ഉത്തരം

(എ) 2-7-2012-ലെ ജി.ഒ. (പി) 81/2012/സഹ (എസ്.ആർ.ഒ. 492/12) സഹ നമ്പർ നോട്ടിഫിക്കേഷൻ പ്രകാരം കേരള സഹകരണ നിക്ഷേപ ഗ്യാരന്റി

ഫണ്ട് ബോർഡ് നിലവിൽ വന്നു.

(ബി) വായ്പ സംഘങ്ങളിലെ നിക്ഷേപകരുടെ നിക്ഷേപങ്ങൾക്ക് ഗ്യാരന്റി നൽകുന്നതിനും അതുവഴി നിക്ഷേപകർക്ക് സംഘങ്ങളിലുള്ള വിശ്വാസം വർദ്ധിപ്പിക്കുന്നതിനും നിക്ഷേപകരെ കൂടുതൽ ആകർഷിക്കുന്നതിനും വേണ്ടിയുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു.

(സി) സഹകരണ സംഘം രജിസ്ട്രാർ നോട്ടിഫൈ ചെയ്യുന്ന സംഘങ്ങളെ സ്കീമിൽ അംഗങ്ങളായി ചേർക്കുന്നു. ടി സംഘങ്ങളിൽ ടി സ്കീം നിലവിൽവന്ന സാമ്പത്തിക വർഷത്തിന്റെ ആണ്ടവസാനമുള്ള നിക്ഷേപ തുകയുടെ ബാക്കി നിൽപ്പിന് 100 രൂപയ്ക്കും അതിന്റെ ഭാഗങ്ങൾക്കും 10 പൈസ എന്ന നിരക്കിലും തുടർന്ന് നിക്ഷേപ സംഖ്യ വർദ്ധിക്കുന്ന മുറയ്ക്ക് മേൽപ്പറഞ്ഞ നിരക്കിന് ആനുപാതികമായും സംഘം ബോർഡിൽ ഒടുക്കുന്ന തുക വഴിയാണ് പ്രവർത്തന ഫണ്ട് സ്വരൂപിക്കുന്നത്.

(ഡി) നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡിന്റെ പരിരക്ഷ ഉറപ്പുവരുത്തുന്നതിന് പ്രത്യേക നിയമവ്യവസ്ഥകൾ കേരള സഹകരണ നിയമത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നിക്ഷേപകരുടെ താൽപര്യം സംരക്ഷിക്കുന്നതിനായി സഹകരണ സംഘങ്ങളെ നിക്ഷേപ സുരക്ഷാ ഫണ്ട് ബോർഡിൽ അംഗങ്ങളാക്കുന്ന നടപടി പുരോഗമിച്ചു കൊണ്ടിരിക്കുന്നു.

(ഇ-ജി) വിവിധ ജില്ലാ സഹകരണ ബാങ്കുകളിൽ ബോർഡിന് സ്ഥിര നിക്ഷേപ ഇനത്തിൽ 56,61,49,032 രൂപയുണ്ട്. ഗ്യാരന്റി ഫണ്ട് ബോർഡിൽ നിന്നും സർക്കാർ സ്ഥാപനങ്ങൾക്ക് വായ്പ നൽകിയിട്ടില്ല. എന്നാൽ വായ്പാ സഹകരണ സംഘമായ കെ.എസ്.എഫ്.ഇ. സ്റ്റാഫ് സഹകരണ സംഘത്തിന് 30-8-2014-ലെ ജി.ഒ. (ആർറ്റി.)നമ്പർ 491/14/ സഹ ഉത്തരവ് പ്രകാരം ഒരു പ്രത്യേക കേസായി സർക്കാരിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച് 6 കോടി രൂപ ഒരു വർഷത്തേക്ക് 10.5 ശതമാനം പലിശ നിരക്കിൽ സംഘത്തിന് നൽകുന്നതിന് നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡിന് അനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

**പ്രാഥമിക സഹകരണ സംഘങ്ങൾക്കുള്ള സഹായം**

86 (2324) <u>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രാഥമിക സഹകരണ സംഘങ്ങളെ പുഷ്ടിപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഉദ്ദേശ്യലക്ഷ്യങ്ങൾക്ക് വിരുദ്ധമായ വ്യവസ്ഥകളും, വായ്പാ മേഖല യെയും ത്രിതല വായ്പാ സംവിധാനത്തെയും ദുർബലപ്പെടുത്തുന്ന വ്യവസ്ഥകളും നിയമാവലിയിൽ ഉൾപ്പെടുത്തുന്നതും ഇതിനുവേണ്ടി നിയമാവലികൾ ഭേദഗതികൾ ചെയ്യുന്നതും ശ്രദ്ധയിൽ വന്നിട്ടുണ്ടോ ;

(സി) നിക്ഷേപകരുടെ താല്പര്യങ്ങൾ സംരക്ഷിച്ച് പ്രാഥമിക സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിന് പുതിയ നിർദ്ദേശങ്ങൾ നൽകുമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ ദുർബലമായ പ്രാഥമിക സഹകരണ സംഘങ്ങളെ സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി പുനരുദ്ധരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ കൂടുതൽ സഹകരണ സംഘങ്ങൾക്ക് ഓഹരി മൂലധനമായി തുക നൽകാനും ഓഫീസ് കെട്ടിട വിപുലീകരണം, ആധുനിക വത്കരണം, നവീകരണം, സ്ട്രോംഗ് റൂം, ക്യാഷ് കൗണ്ടർ, ലോക്കർ സൗകര്യങ്ങൾ തുടങ്ങിയ അടിസ്ഥാന സൗകര്യ വികസനത്തിനും ഗോഡൗണുകൾ നിർമ്മിക്കുന്നതിനും മറ്റ് സാമൂഹ്യ ആരോഗ്യ സേവനരംഗത്തെ ഇടപെടലുകൾക്കുമായി എൻ.സി.ഡി.സി.-യിൽ നിന്നും കൂടുതൽ ധനസഹായം ലഭ്യമാക്കി സംഘങ്ങളുടെ പ്രവർത്തനം കൂടുതൽ ഊർജ്ജിതപ്പെടുത്താൻ ലക്ഷ്യമിട്ടിട്ടുണ്ട്. കൂടാതെ കമ്പ്യൂട്ടർവത്കരണം, കോർ ബാങ്കിംഗ്, എ.ടി.എം. സംവിധാനം, സാങ്കേതിക നവീകരണം തുടങ്ങിയ ആധുനികവത്കരണ പദ്ധതികൾ നടപ്പിലാക്കുന്നതിനും മാതൃകാ പദ്ധതികൾ നടപ്പിലാക്കുന്ന പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളുടെ പ്രോത്സാഹനത്തിനായി ധനസഹായം നൽകിയും സംഘങ്ങളുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. നിക്ഷേപ രംഗത്തെ ഉണർവ് സ്ഥായിയായി നിലനിർത്തുന്നതിനും കൂടുതൽ നിക്ഷേപം ആകർഷിക്കുന്നതിനും പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളിലെ നിക്ഷേപത്തിന് സുരക്ഷിതത്വം ഉറപ്പ് വരുത്തുന്നതിനുമായി എല്ലാ സഹകരണ സംഘങ്ങളേയും കേരള സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീമിൽ ഉൾപ്പെടുത്തുന്നതിനും കുടിശ്ശിക നിവാരണ പദ്ധതി നടപ്പിലാക്കിയും ആർബിട്രേഷൻ, എക്സിക്യൂഷൻ കേസുകൾ തീർപ്പാക്കി സംഘങ്ങളുടെ കുടിശ്ശിക കുറയ്ക്കുന്നതിനുള്ള നടപടികളും നടപ്പിലാക്കുന്നതോടൊപ്പം സാമൂഹികക്ഷേമ പദ്ധതികൾ ഏറ്റെടുത്ത് ജനങ്ങളെ സംഘങ്ങളുടെ പ്രവർത്തനത്തിൽ അടുപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(ബി) അപൂർവ്വം ചില കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം അപാകതകൾ പരിഹരിക്കുന്നതിന് ജില്ലാ ജനറൽ ജോയിന്റ് രജിസ്ട്രാർമാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) പ്രാഥമിക സഹകരണ സംഘങ്ങളിലെ നിക്ഷേപത്തിന് സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനായി നിക്ഷേപ ഗ്യാരന്റി സ്കീം നടപ്പിലാക്കിവരുന്നുണ്ട്. നിക്ഷേപകരുടെ താത്പര്യം പൂർണ്ണമായും സംരക്ഷിച്ച് പ്രാഥമിക സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## ത്രിവേണി സൂപ്പർ മാർക്കറ്റുകളുടെ നഷ്ടം

87 (2325) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൺസ്യൂമർ ഫെഡിൽ നിലവിൽ എത്ര ത്രിവേണി സൂപ്പർ മാർക്കറ്റുകളാണ് ഉള്ളത് ;

(ബി) ഓരോ ത്രിവേണി സൂപ്പർ മാർക്കറ്റുകളിലും വില്പനയ്ക്കനുസൃതമായിട്ടാണോ ജീവനക്കാരെ നിയമിച്ചിട്ടുള്ളത് ;

(സി) ഇത്തരത്തിൽ നിയമിക്കപ്പെട്ടിട്ടുള്ള ജീവനക്കാർക്ക് വേതനം നൽകുന്നതു വഴി ഉണ്ടാകുന്ന സാമ്പത്തിക ബാധ്യത കൺസ്യൂമർ ഫെഡ് ഏതുവഴിക്കാണ് പരിഹരിക്കുന്നത് ;

(ഡി) നിലവിലുള്ള ത്രിവേണി സൂപ്പർ മാർക്കറ്റുകളിൽ ലാഭകരമായത് എത്ര; നഷ്ടത്തിൽ പ്രവർത്തിക്കുന്നവ എത്ര;

(ഇ) നഷ്ടത്തിന്റെയും ലാഭത്തിന്റെയും കണക്കുകൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ) കൺസ്യൂമർഫെഡിൽ നിലവിൽ 248 ത്രിവേണി സൂപ്പർമാർക്കറ്റുകളാണ് ഉള്ളത്.

(ബി) ഓരോ ത്രിവേണി സൂപ്പർമാർക്കറ്റുകളിലും കാലാകാലങ്ങളിൽ അവയുടെ വില്പനയ്ക്കനുസൃതമായിട്ടാണ് ജീവനക്കാരെ നിയമിക്കുന്നത്.

(സി) ഇത്തരത്തിൽ നിയമിക്കപ്പെട്ടിട്ടുള്ള ജീവനക്കാർക്ക് വേതനം നൽകുന്നതുവഴി ഉണ്ടാകുന്ന സാമ്പത്തിക ബാധ്യത പരിഹരിക്കുന്നതിനായി വിവിധ പുനരുദ്ധാരണ പദ്ധതികളും പ്രവർത്തനങ്ങളും ആവിഷ്കരിച്ച് നടപ്പാക്കുവാൻ കൺസ്യൂമർഫെഡ് ലക്ഷ്യമിട്ടിട്ടുണ്ട്.

(ഡി) നിലവിലുള്ള ത്രിവേണി സ്റ്റോറുകളിൽ 11 എണ്ണം ലാഭകരമായും

237 എണ്ണം നഷ്ടത്തിലുമാണ് പ്രവർത്തിക്കുന്നത്.

(ഇ) ത്രിവേണി സ്റ്റോറുകളിലെ 2013-14 വരെയുള്ള മൊത്തം നഷ്ടം 18.25 കോടി രൂപയും ലാഭത്തിൽ പ്രവർത്തിക്കുന്നവയുടെ മൊത്തം ലാഭം 21,83,236.95 രൂപയുമാണ്.

**റിസർവ് ബാങ്കിന്റെ ഭേദഗതികൾ**

88 (2326) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റിസർവ് ബാങ്ക് പുതുതായി ഇറക്കിയിട്ടുള്ള ഭേദഗതികൾ സംസ്ഥാനത്തെ സഹകരണ ബാങ്കുകളെ ദോഷകരമായി ബാധിക്കുന്ന വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതുമൂലം സഹകാരികൾക്കും, സഹകരണ ബാങ്കുകൾക്കും ഉണ്ടാകാവുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് സഹകരണ ബാങ്കുകളെ ബാധിക്കുന്ന ബാങ്കിംഗ് റെഗുലേഷൻ ആക്ട് ഭേദഗതികൾ റദ്ദാക്കുന്നതിനാവശ്യമായ അടിയന്തര ഇടപെടലുകളും നടപടികളും സർക്കാർ സ്വീകരിച്ചിട്ടുണ്ടോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. റിസർവ് ബാങ്കിന്റെ സർക്കുലർ പ്രകാരം സംസ്ഥാനത്തെ ജില്ലാ സഹകരണ ബാങ്കുകളുടെ എസ്.എൽ.ആർ. നിക്ഷേപം 2015 മാർച്ച് 31-ന് മുമ്പ് 5 ശതമാനവും 2016 മാർച്ച് 31-ന് മുമ്പ് 10 ശതമാനവും ബാക്കിയുള്ള തുക 2017 മാർച്ച് 31-ന് മുമ്പും ഗവൺമെന്റ് സെക്യൂരിറ്റികളിൽ നിക്ഷേപിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. സംസ്ഥാനത്തെ സഹകരണ ബാങ്കുകളുടെ എസ്.എൽ.ആർ. നിക്ഷേപ നിരക്ക് 25 ശതമാനത്തിൽനിന്ന് 22.5 ശതമാനമായി കുറച്ചത് വഴി സംസ്ഥാന സഹകരണ ബാങ്കിന്റെ നിക്ഷേപത്തിൽ കാര്യമായ കുറവുണ്ടാകും. ജില്ലാ സഹകരണ ബാങ്കുകളെ സംബന്ധിച്ച് എസ്.എൽ.ആർ. നിക്ഷേപം ഗവൺമെന്റ് സെക്യൂരിറ്റികളിൽ നിക്ഷേപിച്ചാൽ പലിശ നഷ്ടം സംഭവിക്കാനുള്ള സാദ്ധ്യതയുണ്ട്. ജില്ലാ സഹകരണ ബാങ്കുകൾ അവരുടെ നിക്ഷേപം ഗവൺമെന്റ് സെക്യൂരിറ്റികളിൽ നിക്ഷേപിക്കേണ്ടിവരികയും ആയതിനായി സംസ്ഥാന സഹകരണ ബാങ്കിൽനിന്നും വ്യാപകമായി തുക പിൻവലിക്കുന്ന സാഹചര്യം സംജാതമാകുകയും ചെയ്യുന്നത് സംസ്ഥാന സഹകരണ ബാങ്കിന്റെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കാനിടയുണ്ട്. ഗവൺമെന്റ് സെക്യൂരിറ്റികളിലെ നിക്ഷേപത്തിന് മറ്റ് രീതിയിലുള്ള എസ്.എൽ.ആർ. നിക്ഷേപത്തെ അപേക്ഷിച്ച് താരതമ്യേന കുറഞ്ഞ വരുമാനമേ ലഭിക്കുകയുള്ളൂ. ആയത് വഴി ജില്ലാ സഹകരണ ബാങ്കുകൾക്ക് നഷ്ടം സംഭവിക്കാൻ ഇടയുണ്ട്.

(ബി) ഇക്കാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

**കാസർഗോഡ് ജില്ലയിലെ ടൂറിസം മേഖലയിലുള്ള സഹകരണ സംഘങ്ങൾ**

89 (2327) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടൂറിസം മേഖലയിൽ കാസർഗോഡ് ജില്ലയിൽ എത്ര സഹകരണ സംഘങ്ങളാണ് ഉള്ളതെന്ന് പറയാമോ ;

(ബി) പ്രസ്തുത സംഘങ്ങളുടെ പേര്, പ്രവർത്തന പരിധി, പ്രവർത്തന മേഖല തിരിച്ച വിശദാംശങ്ങൾ ഇവ ലഭ്യമാക്കാമോ ;

(സി) ഈ മേഖലയിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾക്ക് എന്തൊക്കെ സഹായങ്ങളാണ് സർക്കാർ നൽകിവരുന്നതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) 7 സഹകരണ സംഘങ്ങൾ ഉണ്ട്.

(ബി) 1. മലനാട് ടൂറിസം സഹകരണ സംഘം ക്ലിപ്തം നമ്പർ എസ്. 413

2. മലബാർ ടൂറിസം സഹകരണ സംഘം ക്ലിപ്തം നമ്പർ എസ്. 373

3. ജില്ലാ ടൂറിസം ഡെവലപ്മെന്റ് സഹകരണ സംഘം

4. കോട്ടഞ്ചേരി ടൂറിസം ഡെവലപ്മെന്റ് സഹകരണ സംഘം

5. ബേക്കൽ ടൂറിസം സഹകരണ സംഘം

6. കാസർഗോഡ് ജില്ലാ ടൂറിസം ഡവലപ്മെന്റ് സഹകരണസംഘം

7. കാസർഗോഡ് ജില്ലാ ഹോട്ടൽ ആന്റ് ടൂറിസം സഹകരണ സംഘം

മുഴുവൻ സഹകരണ സംഘങ്ങളുടേയും പ്രവർത്തന പരിധി കാസർഗോഡ് ജില്ലയാണ്.

(സി) ടൂറിസം മേഖലയിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾക്ക് സംസ്ഥാന പദ്ധതി പ്രകാരം പിരിഞ്ഞു കിട്ടിയ ഓഹരി മൂലധനത്തിന്റെ 3 ഇരട്ടി പരമാവധി 2 ലക്ഷം രൂപ വരെ ഓഹരി മൂലധന സഹായം നൽകി വരുന്നുണ്ട്. കൂടാതെ സഹകരണ സംഘങ്ങൾക്ക് ടൂറിസം പ്രൊമോഷനുവേണ്ടി ഓഹരി, സബ്സിഡി എന്നിവ 1:2 അനുപാതത്തിൽ പ്രോജക്ടിന്റെ 50% വരെ പരമാവധി

20 ലക്ഷം രൂപ വരെയും ധനസഹായം നൽകിവരുന്നുണ്ട്. എൻ.സി.ഡി.സി. പദ്ധതി പ്രകാരം പ്രോജക്റ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഹരി, വായ്പ എന്നിങ്ങനെയും ധനസഹായം നൽകി വരുന്നുണ്ട്.

**കൺസ്യൂമർ ഫെഡ് ഹൈടെക് ക്ലിനിക്കുകൾ**

90 (2328) ശ്രീ. കെ. മുരളീധരൻ :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൺസ്യൂമർ ഫെഡ് ഹൈടെക് ക്ലിനിക്കുകൾ തുടങ്ങാനുദ്ദേശിക്കുന്നുണ്ടോ ;

(ബി) ഹൈടെക് ക്ലിനിക്കുകളുടെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തന രീതിയും എന്തെല്ലാമാണ് ;

(സി) ചികിത്സാരംഗത്തെ ചൂഷണം തടയാൻ പ്രസ്തുത ക്ലിനിക്കുകൾ എത്ര മാത്രം പ്രയോജനപ്പെടുമെന്നാണ് കരുതുന്നത് ; വിശദമാക്കാമോ ;

(ഡി) എന്തെല്ലാം ചികിത്സാ സൗകര്യങ്ങളാണ് ക്ലിനിക്കുകളിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ) കൺസ്യൂമർ ഫെഡ് ഹൈടെക് ക്ലിനിക്കുകൾ തുടങ്ങാൻ ഇപ്പോൾ പദ്ധതിയില്ല. എന്നാൽ ആലപ്പുഴ, തൃശ്ശൂർ ജില്ലകളിൽ ഹൈടെക് ക്ലിനിക്കൽ ലാബുകൾ ആരംഭിക്കുന്നതിന് കൺസ്യൂമർ ഫെഡറേഷൻ തീരുമാനിക്കുകയും ആലപ്പുഴ ജില്ലയിലെ ഹൈടെക് ക്ലിനിക്കൽ ലാബ് 2014 ഫെബ്രുവരി 20-ന് കായംകുളത്ത് പ്രവർത്തനം ആരംഭിക്കുകയും ചെയ്തു.

(ബി) രോഗ നിർണ്ണയത്തിനാവശ്യമായ ലബോറട്ടറി പരിശോധനകൾ, എക്സ്റേ, സ്കാനിംഗ് തുടങ്ങിയവ, ആംബുലൻസ് സൗകര്യം, ഒരു ഡോക്ടറുടെയും നഴ്സിന്റെയും സേവനം ലഭ്യമാക്കിക്കൊണ്ട് പ്രാഥമിക മെഡിക്കൽ എയ്ഡ് എന്നിവയാണ് ലക്ഷ്യമിടുന്നത്.

(സി) പൊതുജനങ്ങളിൽനിന്നും ഇപ്പോൾ ഈടാക്കുന്ന പരിശോധനാ ഫീസുകളുടെ മൂന്നിലൊന്ന് ഫീസ് ഈടാക്കി കുറഞ്ഞ ചെലവിൽ കൃത്യതയുള്ള പരിശോധനാ ഫലങ്ങൾ എത്രയും വേഗത്തിൽ ജനങ്ങൾക്ക് ലഭ്യമാക്കുന്നത് ചികിത്സാരംഗത്തെ ചൂഷണം തടയാൻ ഹൈടെക് ക്ലിനിക്കൽ ലാബുകൾ വഴി സാദ്ധ്യമാക്കാനുദ്ദേശിക്കുന്നു.

(ഡി) പ്രാഥമിക മെഡിക്കൽ എയ്ഡിന് ഒരു ഡോക്ടർ, ഒരു നഴ്സ്, എല്ലാവിധ രക്തപരിശോധനകളും, മലം, മൂത്രം, കഫം ഇവയുടെ പരിശോധന, ശരീര സ്രവങ്ങളിലെ ക്യാൻസർ പരിശോധന, പാപ്സ്മിയർ പരിശോധന, എഫ്.എൻ.എ.സി., ഇ.സി.ജി., എക്സ്റേ, സ്കാനിംഗ് എന്നീ സൗകര്യങ്ങളാണ് ക്ലിനിക്കുകളിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നത്.

**കൺസ്യൂമർ ഫെഡിനെ സംരക്ഷിക്കാൻ നടപടി**

91 (2329) <u>ശ്രീ. ജി. സുധാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2011-ലെ ഹൈക്കോടതി ഉത്തരവിനുശേഷം 2012 ജനുവരി മുതൽ കൺസ്യൂമർ ഫെഡിൽ ദിവസ വേതന അടിസ്ഥാനത്തിലും മാനേജ്മെന്റ് ട്രെയിനി വിഭാഗത്തിലുമായി എത്ര പേരെ നിയമിച്ചിട്ടുണ്ട് ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര നന്മ സ്റ്റോറുകൾ ആരംഭിച്ചുവെന്ന് നിയമസഭാ മണ്ഡലാടിസ്ഥാനത്തിൽ വ്യക്തമാക്കാമോ ;

(സി) കൺസ്യൂമർ ഫെഡിൽ ദിവസവേതന അടിസ്ഥാനത്തിൽ ജോലി ചെയ്യുവർക്ക് വേതനം നൽകിയ ഇനത്തിൽ 2012-13, 2013-14, 2014-15 വർഷങ്ങളിൽ 2014 ഒക്ടോബർ 31 വരെ ചെലവാക്കിയിട്ടുള്ള തുകയുടെ കണക്കുകൾ വിശദമാക്കാമോ ;

(ഡി) കൺസ്യൂമർ ഫെഡ് നന്മ പദ്ധതി പ്രകാരം വില കുറച്ചു വിൽക്കുന്ന തുക സംസ്ഥാന ഗവൺമെന്റോ കേന്ദ്ര ഗവൺമെന്റോ മറ്റ് ഇതര ഏജൻസികളോ സബ്സിഡിയായി നൽകാറുണ്ടോ ;

(ഇ) നന്മ സ്റ്റോറുകൾ വഴി വില കുറച്ച് വില്പന നടത്തിയ ഇനത്തിൽ 2011 മേയ് മുതൽ 2014 ഒക്ടോബർ 31 വരെ എത്ര രൂപ നഷ്ടം സംഭവിച്ചിട്ടുണ്ട്

(എഫ്) കൺസ്യൂമർ ഫെഡ് സബ്സിഡി നൽകിയ ഇനത്തിൽ നൽകേണ്ടുന്ന തുക സംസ്ഥാന ഗവൺമെന്റ് യഥാസമയം നൽകാത്തതുമൂലം ബാങ്കുകളിൽ നിന്നും വായ്പ എടുത്ത തുകയ്ക്ക് ഒരു വർഷം പലിശയിനത്തിൽ എത്ര രൂപയാണ് നൽകുന്നത് ;

(ജി) കൺസ്യൂമർ ഫെഡിനെ സംരക്ഷിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് ; വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) 2012 ജനുവരി മുതൽ കൺസ്യൂമർഫെഡിൽ ദിവസവേതനാടിസ്ഥാനത്തിൽ 3649 പേരുടെയും മാനേജ്മെന്റ് ട്രെയിനി വിഭാഗത്തിൽ 87 പേരുടെയും സേവനം

വിനിയോഗിച്ചിട്ടുണ്ട്.

(ബി) കൺസ്യൂമർ ഫെഡറേഷൻ നേരിട്ട് നടത്തുന്ന 865 നന്മ സ്റ്റോറുകളും സഹകരണ സംഘങ്ങളുടെ കീഴിൽ 751 നന്മ സ്റ്റോറുകളും ഉൾപ്പെടെ ആകെ 1616 നന്മ സ്റ്റോറുകൾ ആരംഭിച്ചിട്ടുണ്ട്. നന്മ സ്റ്റോറുകളുടെ നിയമസഭാ മണ്ഡലാടിസ്ഥാനത്തിലുള്ള ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

| | | | |
|---|---|---|---|
| (സി) | 2012-13 | - | 21.38 കോടി |
| | 2013-14 | - | 38.39 കോടി |
| | 2014-15 | - | 21.22 കോടി |
| | | | (2014 ഒക്ടോബർ 31 വരെ ) |
| | ആകെ | - | 80.99 കോടി |

(ഡി) ഇല്ല.

(ഇ) നന്മ പദ്ധതി ആരംഭിച്ച 2012-13 സാമ്പത്തിക വർഷത്തിലും 2013-14 സാമ്പത്തിക വർഷത്തിലും കൂടി ആകെ 53.89 കോടി രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. ഓരോ സാമ്പത്തിക വർഷത്തിന്റെ അടിസ്ഥാനത്തിൽ നഷ്ടം കണക്കാക്കുന്നതിനാൽ 2014 ഒക്ടോബർ 31 വരെയുള്ള നഷ്ടം കണക്കാക്കിയിട്ടില്ല.

(എഫ്) ബാങ്കുകളിൽ നിന്നും വായ്പയെടുത്ത തുകയ്ക്ക് ഒരു വർഷം പലിശയിനത്തിൽ ശരാശരി 26.29 കോടി രൂപ നൽകുന്നു.

(ജി) നന്മ സ്റ്റോറുകളിലൂടെ അനുവദിക്കുന്ന വിൽപ്പന വിലക്കുറവ് 10 ശതമാനമായി പരിമിതപ്പെടുത്തിയും എഫ്.എം.ജി.സി. ഇനങ്ങളുടെ വിൽപ്പന വർദ്ധിപ്പിച്ചും നന്മ സ്റ്റോറുകളുടെ എണ്ണം പഞ്ചായത്തടിസ്ഥാനത്തിൽ 2 ആക്കി പരിമിതപ്പെടുത്തിയും നന്മ സ്റ്റോറുകളിലെയും നന്മ പാക്കിംഗ് സെന്ററുകളിലെയും ജീവനക്കാരുടെ എണ്ണം കുറച്ചും കൺസ്യൂമർ ഫെഡറേഷന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു. എൻ.സി.ഡി.സി.-യിൽനിന്നും തൻവർഷം അനുവദിച്ച 50 കോടി രൂപ വിനിയോഗിച്ച് സപ്ലയർമാർക്കുള്ള കുടിശ്ശിക കുറയ്ക്കുന്നതിനും സ്റ്റോക്ക് സംഭരണം ശക്തമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## കോഴിക്കോട് ജില്ലയിൽ സഹകരണ സ്ഥാപനങ്ങളുടെ സഹായത്തോടെ പുതിയ കെട്ടിടം

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

92 (2330) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ സഹകരണ വകുപ്പിന്റെ അധീനതയിലുള്ള സ്ഥലത്ത് (സഹകരണഭവൻ നിൽക്കുന്ന സ്ഥലത്ത്) പുതിയ കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) ഈ സ്ഥലത്ത് സഹകരണ സ്ഥാപനങ്ങളുടെ സഹായത്തോടെ പുതിയ കെട്ടിടം സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ എന്നു വിശദമാക്കുമോ ?

ഉത്തരം

(എ) കോഴിക്കോട് ജില്ലയിൽ സഹകരണ വകുപ്പിന്റെ അധീനതയിലുള്ള സ്ഥലത്ത് പുതിയ ആഫീസ് കെട്ടിടം നിർമ്മിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. ജില്ലാ, താലൂക്കുകളിലെ ആഫീസുകൾക്കായി മന്ദിരം നിർമ്മിച്ചു നൽകുന്നതിന് കോഴിക്കോട് ജില്ലയിലെ സഹകരണ സംഘങ്ങൾ മുന്നോട്ടുവന്നിട്ടുണ്ട്. എന്നാൽ നിലവിലുള്ള കെട്ടിടത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് വിജിലൻസ് കേസുള്ള സാഹചര്യത്തിൽ നിലവിലുള്ള കെട്ടിടം പൊളിക്കുന്നതിന് അനുമതി ലഭിക്കേണ്ടതായുണ്ട്. പഴയ കെട്ടിടത്തിന്റെ നിർമ്മാണത്തിൽ അഴിമതി കണ്ടെത്തിയതിനെ തുടർന്ന് നഷ്ടത്തുക ബന്ധപ്പെട്ടവരിൽനിന്നും ഈടാക്കുന്നതിന് വിജിലൻസ് വകുപ്പ് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ടിയാളുകൾക്ക് പൊതുമരാമത്ത് വകുപ്പ് കാരണം കാണിക്കൽ നോട്ടീസ് നൽകിയിരിക്കുകയാണ്. പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് വിജിലൻസ് വകുപ്പിന്റെ അനുമതി ലഭിക്കുന്നതിന് അപേക്ഷിച്ചിട്ടുണ്ട്.

(ബി) ടി സ്ഥലത്ത് സഹകരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ അനുമതിയും അനുയോജ്യമായ പ്രൊപ്പോസലും ലഭിക്കുകയാണെങ്കിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**സ്കൂളുകളിൽ ശൗചാലയങ്ങൾ നിർമ്മിക്കാൻ നടപടി**

93 (2331) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ സംഘങ്ങളുടെ ലാഭവിഹിതം ഉപയോഗിച്ച് സ്കൂളുകളിൽ

ശൗചാലയങ്ങൾ നിർമ്മിക്കുന്ന പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) കേരളത്തിൽ ലാഭത്തിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) സംഘങ്ങളുടെ ലാഭവിഹിതം ഉപയോഗിച്ച് സ്കൂളുകളിൽ ശൗചാലയങ്ങൾ നിർമ്മിക്കുന്ന ഒരു പദ്ധതി സഹകരണ വകുപ്പ് വിഭാവനം ചെയ്തിട്ടുണ്ട്. ടി പദ്ധതിയുടെ രൂപരേഖയ്ക്ക് അന്തിമ രൂപമായിട്ടില്ല.

(ബി) കേരളത്തിൽ ലാഭത്തിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളുടെ വിവരങ്ങൾ തരംതിരിച്ച് ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| 1. | പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ, ഫാർമേഴ്സ് സർവ്വീസ് സഹകരണ സംഘം | 822 |
| 2. | എംപ്ലോയീസ് സഹകരണ സംഘം | 431 |
| 3. | വെൽഫെയർ സഹകരണ സംഘം | 36 |
| 4. | വനിതാ സഹകരണ സംഘം | 199 |
| 5. | അർബൻ സഹകരണ സംഘം | 46 |
| 6. | ഹൗസിംഗ് സഹകരണ സംഘങ്ങൾ | 39 |
| 7. | അഗ്രികൾച്ചറൽ ഇംപ്രൂവ്മെന്റ് സഹകരണ സംഘം | 44 |
| 8. | റൂറൽ ഡവലപ്മെന്റ് സഹകരണ സംഘങ്ങൾ | 30 |
| 9. | പി.സി.എ.ആർ.ഡി.ബി. (കാർഷിക വികസന ബാങ്കുകൾ) | 15 |
| 10. | ലേബർ കോൺട്രാക്ട് സഹകരണ സംഘം | 22 |
| 11. | ഹോസ്പിറ്റൽ സഹകരണ സംഘം | 9 |

| | | |
|---|---|---|
| 12. | മാർക്കറ്റിംഗ് സഹകരണ സംഘം | 14 |
| 13. | എഡ്യൂക്കേഷണൽ സഹകരണ സംഘം | 299 |
| 14. | അർബൻ സൊസൈറ്റി | 38 |
| 15. | ജില്ലാ സഹകരണ ബാങ്ക് | 12 |
| 16. | സഹകരണ ഫെഡറേഷനുകൾ | 3 |
| 17. | എസ് സി./എസ് ടി. സഹകരണ സംഘം | 4 |
| 18. | മറ്റുള്ളവ | 1676 |
| | ആകെ | 3739 |

**സഹകരണ വകുപ്പും കേസുകളും**

94 (2332) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാരിന്റെയും സഹകരണ രജിസ്ട്രാറിന്റെയും നടപടികളെ ചോദ്യം ചെയ്തുകൊണ്ടുള്ള എത്ര പെറ്റീഷനുകൾ കേരള ഹൈക്കോടതിയിൽ ഇപ്പോഴും പെഡിംഗിലായിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(ബി) ഹൈക്കോടതിയിൽ കെട്ടിക്കിടക്കുന്ന കേസുകളിൽ ഹിയറിംങ്ങ് പൂർത്തിയായിട്ടും വിധി പ്രസ്താവം പുറപ്പെടുവിച്ചിട്ടില്ലാത്തവ എത്രയാണ് ;

(സി) ജില്ലാ സഹകരണ ബാങ്കുകളുടെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് കോടതിയിലെത്തിയ എത്ര കേസുകളിൽ ഇനിയും വിധി പ്രസ്താവം ബാക്കി നില്പുണ്ട് ; കേസുകൾ നീണ്ടുപോകുന്നതിൽ സർക്കാരിന്റെയും ഗവൺമെന്റ് പ്ലീഡർമാരുടെയും ഭാഗത്തുണ്ടായ വീഴ്ചകൾ പരിശോധിക്കാമോ ?

<u>ഉത്തരം</u>

(എ) 5122 കേസുകൾ.

(ബി) 18 കേസുകളിൽ വിധി പുറപ്പെടുവിച്ചിട്ടില്ല.

(സി) ജില്ലാ സഹകരണ ബാങ്കുകളുടെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട്

കോടതിയിൽ 18 കേസുകൾ നിലവിലുണ്ട്. കേസുകൾ നീണ്ടുപോകുന്നതിൽ സർക്കാരിന്റെയും ഗവൺമെന്റ് പ്ലീഡർമാരുടേയും ഭാഗത്ത് വീഴ്ചകളൊന്നും ഉണ്ടായിട്ടില്ല.

## ആർബിട്രേഷൻ കോടതികളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ

95 (2333) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 2011-ലെ കേരള കോ-ഓപ്പറേറ്റീവ് 2-ാം ഭേദഗതി ഓർഡിനൻസിലെ സഹകരണ 2-ാം ഭേദഗതി ഓർഡിനൻസിൽ (2011-ലെ 44-ാം നമ്പർ ഓർഡിനൻസ്) സഹകരണ മൂലനിയമത്തിലെ S.70(A) സബ് സെക്ഷൻ (2) പ്രകാരം കോ-ഓപ്പറേറ്റീവ് ആർബിട്രേഷൻ കോടതികളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി കൊണ്ടുവന്ന ഭേദഗതി നിലവിൽ വന്നിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത ആർബിട്രേഷൻ കോടതികളുടെ നിലവാരം ഉയർത്തുന്നതിന് മേൽപ്പറഞ്ഞ ഭേദഗതി നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ നിയമഭേദഗതി നടത്തുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) 2011-ലെ 44-ാം നമ്പർ ഓർഡിനൻസ് വിവിധ കാരണങ്ങളാൽ നിയമമാക്കുവാൻ കഴിഞ്ഞില്ല. പ്രസ്തുത ഓർഡിനൻസിൽ ഉൾപ്പെടുത്തിയിരുന്ന ആർബിട്രേഷൻ കോടതി പ്രിസൈഡിംഗ് ഓഫീസർമാരുടെ യോഗ്യതകൾ സംബന്ധിച്ച് ഭേദഗതി വ്യവസ്ഥ, '7 വർഷത്തെ അഭിഭാഷകവൃത്തി പരിചയം, സേവനകാലം 3 വർഷം' എന്നിങ്ങനെ ഭേദഗതി വരുത്തി 14-2-2012-ലെ 137/2012 നമ്പർ വിജ്ഞാപന പ്രകാരം ഉത്തരവായിട്ടുണ്ട്.

## കൺസ്യൂമർഫെഡ്

96 (2334) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൺസ്യൂമർ ഫെഡിനുകീഴിൽ എത്ര നന്മസ്റ്റോറുകൾ, ത്രിവേണി സ്റ്റോറുകൾ എന്നിവ അനുവദിച്ചിട്ടുണ്ട് ; ജില്ല തിരിച്ച് എണ്ണം വ്യക്തമാക്കുമോ ;

(ബി) കൺസ്യൂമർ ഫെഡിനുകീഴിൽ ലാഭത്തിൽ പ്രവർത്തിക്കുന്ന എത്ര ത്രിവേണി, നന്മ സ്റ്റോറുകൾ ഉണ്ടെന്നും അവ എവിടെയൊക്കെയാണെന്നും വ്യക്തമാക്കുമോ ;

(സി) കൺസ്യൂമർ ഫെഡിന്റെ വിവിധ സ്റ്റോറുകളിലേക്ക് സാധനങ്ങൾ വാങ്ങിയ വകയിൽ വിതരണക്കാർക്ക് എത്ര രൂപ കൊടുക്കാനുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ഡി) സംസ്ഥാന ജില്ലാ ബാങ്കുകൾക്കും മറ്റും കൺസ്യൂമർ ഫെഡ് എത്ര കോടി രൂപ കൊടുത്തു തീർക്കാനുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പേരെ ജീവനക്കാരായി നിയമിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൺസ്യൂമർഫെഡിനു കീഴിൽ കൺസ്യൂമർഫെഡ് നേരിട്ട് നടത്തുന്ന 87 ത്രിവേണി സ്റ്റോറുകളും 865 നന്മ സ്റ്റോറുകളും സഹകരണ സംഘങ്ങൾ നടത്തുന്ന 751 നന്മ സ്റ്റോറുകളും ആരംഭിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു:

| ജില്ല | ത്രിവേണി | കൺസ്യൂമർഫെഡ് നേരിട്ട് നടത്തുന്ന നന്മ സ്റ്റോറുകൾ | സഹകരണ സംഘങ്ങൾ വഴി നടത്തുന്ന നന്മ സ്റ്റോറുകൾ |
|---|---|---|---|
| തിരുവനന്തപുരം | 4 | 121 | 130 |
| കൊല്ലം | 12 | 198 | 165 |
| പത്തനംതിട്ട | 3 | 135 | 108 |
| ആലപ്പുഴ | 10 | 69 | 51 |
| കോട്ടയം | 14 | 34 | 12 |
| ഇടുക്കി | 4 | 30 | 27 |

| | | | |
|---|---|---|---|
| എറണാകുളം | 15 | 57 | 20 |
| തൃശ്ശൂർ | 10 | 40 | 39 |
| പാലക്കാട് | 1 | 50 | 19 |
| മലപ്പുറം | ഇല്ല | 75 | 25 |
| കോഴിക്കോട് | 10 | 20 | 40 |
| വയനാട് | 2 | 9 | 23 |
| കണ്ണൂർ | 2 | 19 | 50 |
| കാസർഗോഡ് | ഇല്ല | 8 | 42 |
| ആകെ | 87 | 865 | 751 |

(ബി) കൺസ്യൂമർഫെഡിനു കീഴിൽ 11 ത്രിവേണി സ്റ്റോറുകളാണ് ലാഭത്തിൽ പ്രവർത്തിക്കുന്നത്. നന്മ സ്റ്റോറുകൾ ഒന്നുംതന്നെ ലാഭത്തിൽ പ്രവർത്തിക്കുന്നില്ല. ലാഭത്തിൽ പ്രവർത്തിക്കുന്ന ത്രിവേണി സ്റ്റോറുകളുടെ വിവരങ്ങൾ ഇനിപ്പറയും പ്രകാരമാണ്:

| ക്രമ നമ്പർ | ത്രിവേണി സ്റ്റോറുകൾ |
|---|---|
| 1 | അഗളി, പാലക്കാട് |
| 2 | കുട്ടനാട്, പാലക്കാട് |
| 3 | പട്ടാമ്പി, പാലക്കാട് |
| 4 | ചേർപ്പുളശ്ശേരി, പാലക്കാട് |
| 5 | ചിറവൂർ, പാലക്കാട് |
| 6 | ഗാന്ധിനഗർ, എറണാകുളം |
| 7 | ചേരാനല്ലൂർ, എറണാകുളം |
| 8 | പൊടിയാടി, പത്തനംതിട്ട |
| 9 | എൻ.റ്റിപി.സി., ചേപ്പാട്,ആലപ്പുഴ |
| 10. | ചാരുംമൂട്, ആലപ്പുഴ |
| 11. | മാവേലിക്കര, ആലപ്പുഴ |

(സി) 31-10-2014 വരെ കൺസ്യൂമർഫെഡിന്റെ വിവിധ സ്റ്റോറുകളിലേക്ക് സാധനങ്ങൾ വാങ്ങിയ വകയിൽ വിതരണക്കാർക്ക് 382.41 കോടി രൂപ ഫെഡറേഷൻ കൊടുക്കാനുണ്ട്.

(ഡി) സംസ്ഥാന-ജില്ലാ ബാങ്കുകൾക്കും മറ്റും കൺസ്യൂമർഫെഡ് 422.72 കോടി രൂപ കൊടുത്തു തീർക്കാനുണ്ട്.

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആശ്രിത നിയമനം പദ്ധതി പ്രകാരം 9 പേർക്ക് സ്ഥിരം നിയമനവും 4132 പേരെ ദിവസവേതനാടി സ്ഥാനത്തിലും നിയോഗിച്ചിട്ടുണ്ട്.

**സഹകരണ സംഘങ്ങൾക്കുള്ള സാമ്പത്തിക സഹായങ്ങൾ**

97 (2335) ശ്രീ. എ. എ. അസീസ് :

ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിൻ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സംഘങ്ങൾക്ക് എന്തൊക്കെ സാമ്പത്തിക സഹായങ്ങളാണ് നൽകുന്നത് ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം പ്രവർത്തനം അവസാനിപ്പിച്ച എത്ര സംഘങ്ങളാണ് സംസ്ഥാനത്തുള്ളതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾക്ക് നൽകുന്ന ധനസഹായത്തിന്റെ വിവരം ചുവടെ പരാമർശിക്കുന്നു:

(എ) സംസ്ഥാന പദ്ധതികൾ :

1. ജില്ലാ സഹകരണ ബാങ്കുകളിലും പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളിലും എസ് സി./എസ് ടി. സംഘങ്ങളിലും രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന സ്വയംസഹായ സംഘങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് ഓഹരിയിനത്തിലും സബ്സിഡിയിനത്തിലും ധനസഹായം നൽകുന്നു.

2. നെൽകൃഷിക്ക് പലിശ രഹിത വായ്പ നൽകുന്നതിന് സബ്സിഡി

3. മുൻവർഷത്തെക്കാൾ കൂടുതൽ കാർഷിക വായ്പ/നെൽകൃഷിക്ക് വായ്പ നൽകുന്ന സംഘങ്ങൾക്ക് പ്രോത്സാഹന സഹായം

4 .കൊയ്ത്തുമെതിയന്ത്രം വാങ്ങുന്നതിന് പ്രോത്സാഹന ഗ്രാന്റ്

5. വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ എന്നിവയ്ക്ക് കമ്പ്യൂട്ടർവത്ക്കരണം, കോർ ബാങ്കിംഗ്, എ.റ്റി.എം. സംവിധാനം, സാങ്കേതിക നവീകരണം, ആധുനികവത്കരണം എന്നിവയ്ക്കുള്ള ധനസഹായം

6. ബാങ്കുകളുടെ മൂലധന അടിത്തറ ശക്തിപ്പെടുത്താൻ ധനസഹായം

7. വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ വിപണന-സംസ്കരണ സംഘങ്ങൾ, ഉപഭോക്തൃ സഹകരണ സംഘങ്ങൾ, സഹകരണ ആശുപത്രികൾ, ബന്ധപ്പെട്ട ഫെഡറേഷനുകൾ, അപ്പക്സ് സ്ഥാപനങ്ങൾ, സ്വയം തൊഴിൽ കണ്ടെത്തുന്നതിന് രൂപീകൃതമായ സഹകരണ സംഘങ്ങൾ, വനിതാ സഹകരണ സംഘങ്ങൾ, മറ്റ് സഹകരണ സംഘങ്ങൾ എന്നിവയ്ക്ക് പദ്ധതികൾ നടപ്പിലാക്കുന്നതിന് ഓഹരി/വായ്പ/സബ്സിഡി എന്നീ ഇനത്തിലുള്ള ധനസഹായം.

8. സംയോജിത സഹകരണ വികസന പദ്ധതികൾക്ക് ധനസഹായം

9. ഉത്സവചന്തകൾ സംഘടിപ്പിക്കുന്നതിന് സഹായം

10. നബാർഡിന്റെ 'RIDF'എന്ന പദ്ധതിക്കുള്ള ധനസഹായം

11. മാതൃകാ സഹകരണ സംഘങ്ങൾക്കുള്ള സഹായം (ഓഹരി/വായ്പ/സബ്സിഡി)

12. സഹകരണ സംഘങ്ങളുടെ വികസനത്തിനും പുനരുദ്ധാരണത്തിനുമുള്ള സഹായം

13. വിനോദസഞ്ചാര പ്രോത്സാഹനത്തിന് സഹകരണ സംഘങ്ങൾക്ക്സഹായം

14. പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ നടപ്പിലാക്കുന്ന പദ്ധതികൾക്കുള്ള ധനസഹായം

15. പ്രാഥമിക സഹകരണ സംഘങ്ങൾ മുഖേന നടപ്പിലാക്കുന്ന കർഷക സേവന കേന്ദ്രങ്ങൾക്കുള്ള ധനസഹായം

16. കാർഷിക വിപണന മേഖലയെ ശക്തിപ്പെടുത്തുന്നതിന് സഹകരണ സ്ഥാപനങ്ങൾക്കുള്ള സഹായം

(ബി) <u>എൻ.സി.ഡി.സി./നബാർഡ് പദ്ധതി :</u>

എൻ.സി.ഡി.സി./നബാർഡ് തുടങ്ങിയ ഏജൻസികൾ മുഖേന ഓഹരി, വായ്പ സബ്സിഡി എന്നീ ഇനങ്ങളിലായി സംഘങ്ങൾക്ക് ഗോഡൗൺ നിർമ്മാണം, മറ്റ് പദ്ധതികൾ, വിവിധ സഹകരണ സംഘങ്ങൾക്കുള്ള പശ്ചാത്തല വികസനം, ഫെഡറേഷനുകൾക്കുള്ള ധനസഹായം എന്നിവ നൽകി വരുന്നു.

(ബി) 2014 ജൂൺ മാസം 30-ാം തീയതി വരെ സംസ്ഥാനത്താകെ 154 സംഘങ്ങളുടെ പ്രവർത്തനം അവസാനിപ്പിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം ചുവടെ പറയുന്നു:

തിരുവനന്തപുരം -

9

കൊല്ലം -

11

പത്തനംതിട്ട -

11

ആലപ്പുഴ -

39

കോട്ടയം -

13

ഇടുക്കി -

15

എറണാകുളം -

20

തൃശ്ശൂർ -

1

പാലക്കാട് -

7

മലപ്പുറം -

11

കോഴിക്കോട് -

4

വയനാട് -

4

കണ്ണൂർ -

5

കാസർഗോഡ് -

4

ആകെ - 154

**കേരഫെഡിന്റെ 2013-14-ലെ പ്രവർത്തനം**

98 (2336) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കേരഫെഡിന്റെ 2013-14-ലെ പ്രവർത്തനത്തെക്കുറിച്ചുള്ള സഹകരണ വകുപ്പ് രജിസ്ട്രാറുടെ ആഡിറ്റ് റിപ്പോർട്ട് പ്രകാരം വിവിധ ഇടപാടുകളിലൂടെ കേരഫെഡിന് ഉണ്ടായതായി കണക്കാക്കപ്പെട്ട നഷ്ടം എത്ര കോടി രൂപയുടേതാണെന്ന് വിശദമാക്കുമോ ?

ഉത്തരം

കേരഫെഡിന്റെ 2013-14-ലെ ആഡിറ്റ് ചെയ്ത ബാക്കിപത്ര പ്രകാരം 95,31,985.37 രൂപയാണ് അറ്റനഷ്ടം. കേരഫെഡിന്റെ 2013-14-ലെ ആഡിറ്റ് റിപ്പോർട്ട് പ്രകാരം വിവിധ ഇടപാടുകളിൽ നിയമവിധേയമല്ലാതെ ചെലവാക്കിയിട്ടുള്ള തുകകൾ ആഡിറ്റിൽ തടഞ്ഞിട്ടുണ്ട്. ആയതിന്റെ വിവരം ചുവടെ ചേർക്കുന്നു:

1. കരുനാഗപ്പള്ളി ഫാക്ടറിയിൽ ഫയർ ഫൈറ്റിംഗ് സംവിധാനം സ്ഥാപിക്കുന്നതിന് അധികം ചെലവാക്കിയ തുക-64400 രൂപ.

2. ഭരണസമിതി അംഗങ്ങൾക്ക് കോംപ്ലിമെന്റ് നൽകുന്നതിന് ചെലവാക്കിയ 5,84,500 രൂപയും ബോർഡ് അംഗങ്ങൾക്ക് സെയിൽസ് പ്രൊമോഷന് പ്രത്യേക ഉപഹാരം നൽകുന്നതിന് ചെലവാക്കിയ 4,18,350 രൂപയും പൊതുയോഗത്തിൽ പങ്കെടുത്ത അംഗങ്ങൾക്ക് ഗിഫ്റ്റ് എന്നിവ നൽകുന്നതിന് ചെലവാക്കിയിട്ടുള്ള 11,80,000 രൂപ ഉൾപ്പെടെ ആകെ ചെലവാക്കിയ തുകയായ 21,82,850 രൂപ (ഇരുപത്തിയൊന്ന് ലക്ഷത്തി എൺപത്തി രണ്ടായിരത്തി എണ്ണൂറ്റിയൻപത്).

3. സഹകരണ സംഘം രജിസ്ട്രാറുടെ അനുമതിയില്ലാതെ മൂന്ന് വാഹനങ്ങൾ വാങ്ങിയ തുകയായ 31,15,264 രൂപയും.

4. സഹകരണ സംഘം രജിസ്ട്രാറുടെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായും ഭരണസമിതിയുടെ അംഗീകാരമില്ലാതെയും മാർക്കറ്റിംഗ് കോ-ഓർഡിനേറ്റർക്ക് നൽകിയ ശമ്പളയിനത്തിൽ 4,64,516 രൂപയും റ്റി.എ. ഇനത്തിൽ നൽകിയ 76,851 രൂപയും ഉൾപ്പെടെ ആകെ 5,41,367 രൂപയും (അഞ്ചുലക്ഷത്തി നാല്പത്തിയൊന്നായിരത്തി മുന്നൂറ്റി അറുപത്തേഴ്).

5. കോൺട്രാക്ട് ജീവനക്കാർക്ക് അനധികൃതമായി നൽകിയിട്ടുള്ള തുകയായ 75,47,864 രൂപയും (2009-10 മുതൽ 2013-14 വരെ).

6. ശരിയായ നടപടിക്രമങ്ങൾ പാലിക്കാതെ പ്ലാന്റ് & മെഷീനറി സ്ഥാപിച്ചതിന് ചെലവാക്കിയ തുകയായ 3.14 കോടി രൂപയും.

7. ഡ്രയർ സ്ഥാപിച്ചതിന് ചെലവാക്കിയ 2,30,35,432 രൂപയും ആഡിറ്റിൽ തടഞ്ഞിട്ടുണ്ട്. കൂടാതെ 1,75,54,215 രൂപയുടെ 1887.55 ക്വിന്റൽ കൊപ്രസ്റ്റോക്കിൽ ഉൾപ്പെടുത്തിയിട്ടുമില്ല. ആയത് സ്റ്റോക്കിൽ കുറവായി ആഡിറ്റ് സർട്ടിഫിക്കറ്റിൽ കാണിച്ചിട്ടുണ്ട്. തുടർനടപടികൾ സ്വീകരിക്കുന്നതിന് ആഡിറ്റ് സർട്ടിഫിക്കറ്റ് കൃഷി വകുപ്പ് സെക്രട്ടറിക്ക് നൽകിയിട്ടുണ്ട്.

**സഹകരണ സ്ഥാപനങ്ങളിൽ ആദായനികുതി വകുപ്പിന്റെ ഇടപെടൽ**

99 (2337) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആദായനികുതി വകുപ്പിന്റെ നിരന്തരമായ ഇടപെടൽ കേരളത്തിലെ പ്രാഥമിക സഹകരണ സ്ഥാപനങ്ങൾ മുതൽ വിവിധ തലങ്ങളിലുള്ള സഹകരണ സ്ഥാപനങ്ങൾക്ക് സാങ്കേതികവും സുഗമവുമായ പ്രവർത്തനത്തിന് ഏറെ തടസ്സങ്ങൾ സൃഷ്ടിക്കുമെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം നൽകുമോ ;

(ബി) ഇക്കാര്യം പരിഹരിക്കുന്നതിന് ഈ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചോ ; എങ്കിൽ വിശദവിവരം നൽകുമോ ;

(സി) ഇക്കാര്യത്തിൽ വിശദവും സമഗ്രവുമായ ഒരു നിയമനിർമ്മാണത്തിനു ആലോചനയുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 1961-ലെ ആദായ നികുതി നിയമത്തിലെ വകുപ്പ് 133 ഉപവകുപ്പ് 6 പ്രകാരം പ്രാഥമിക സഹകരണ ബാങ്കുകളിലെ നിക്ഷേപകരുടെ പേര്, മേൽവിലാസം, നിക്ഷേപ തുക എന്നിവ അറിയിക്കാൻ ആദായനികുതി വകുപ്പ് സഹകരണ സംഘങ്ങൾക്ക്/ബാങ്കുകൾക്ക് നോട്ടീസ് നൽകിയിട്ടുണ്ട്. ഈ നോട്ടീസുകളെ ചോദ്യം ചെയ്ത് കതിരൂർ സർവ്വീസ് സഹകരണ ബാങ്ക് ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ ഫയൽ ചെയ്ത 7460/13 നമ്പർ സിവിൽ അപ്പീൽ (എസ്എൽപി 3976/2010) തീർപ്പാക്കിക്കൊണ്ട് 27-8-2013-ൽ ബഹുമാനപ്പെട്ട സുപ്രീംകോടതി പുറപ്പെടുവിച്ച വിധിന്യായത്തിൽ ആദായ നികുതി നിയമത്തിലെ

വകുപ്പ് 133(6) പ്രകാരം വിവരം ശേഖരിക്കാനുള്ള ആദായ നികുതി വകുപ്പിന്റെ അധികാരം ശരിവച്ചിട്ടുണ്ട്.

(ബി) ഈ വിഷയം സംബന്ധിച്ച് പ്രധാനമന്ത്രിക്കും കേന്ദ്ര ധനകാര്യ, കൃഷി വകുപ്പുമന്ത്രിമാർക്കും ബഹുമാനപ്പെട്ട കേരളാ മുഖ്യമന്ത്രിയും വകുപ്പുമന്ത്രിയും കത്തയയ്ക്കുകയും പ്രസ്തുത വിഷയത്തിന്റെ ഗൗരവം കേന്ദ്ര പാർലമെന്റിൽ ഉന്നയിക്കുന്നതിനായി പാർലമെന്റ് സമ്മേളനത്തിന് മുന്നോടിയായി ചേർന്ന എം.പി.-മാരുടെ സമ്മേളനത്തിൽ വിഷയം ചർച്ച ചെയ്യുകയും ചെയ്തിരുന്നു.

(സി) ആദായ നികുതി സംബന്ധിച്ച വിഷയം കേന്ദ്ര സർക്കാരിന്റെ അധികാര പരിധിയിൽ വരുന്നതിനാൽ ഇക്കാര്യത്തിൽ നിയമനിർമ്മാണത്തിനുള്ള അധികാരം പാർലമെന്റിലാണ് നിക്ഷിപ്തമായിട്ടുള്ളത്.

**എഫ്.എ.സി.ടി.-യുടെ പുനരുദ്ധാരണ പാക്കേജ്**

100 (T2338) <u>ശ്രീ. എളമരം കരീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എഫ്.എ.സി.ടി.-യുടെ പുനരുദ്ധാരണ പാക്കേജ് ഇതുവരെ കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇക്കാകാര്യത്തിൽ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്താൻ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എഫ്.എ.സി.ടി.-യുടെ പുനരുദ്ധാരണ പാക്കേജിന് കേന്ദ്ര സർക്കാരിന്റെ അംഗീകാരം നേടിയെടുക്കുവാൻ സംസ്ഥാന സർക്കാർ കേന്ദ്രത്തിൽ നിരന്തരം സമ്മർദ്ദം ചെലുത്തുന്നുണ്ട്. എഫ്.എ.സി.ടി.-യുടെ ദീർഘകാലാടിസ്ഥാനത്തിലുള്ള ലാഭകരമായ പ്രവർത്തനം ലക്ഷ്യംവച്ചുകൊണ്ട് എഫ്.എ.സി.ടി. സമർപ്പിച്ച 991 കോടി രൂപയുടെ സാമ്പത്തിക പാക്കേജ് കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള ബോർഡ് ഫോർ റീകൺസ്ട്രക്ഷൻ ഓഫ് പബ്ലിക് എന്റർപ്രൈസസ് (BRPSE) ശിപാർശ ചെയ്ത് കേന്ദ്ര രാസവളം മന്ത്രാലയം അംഗീകരിക്കുകയും കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക കാര്യങ്ങൾക്കായുള്ള മന്ത്രിതല സമിതിയുടെ അംഗീകാരത്തിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പാക്കേജിലൂടെ അനുവദിച്ച സാമ്പത്തിക സഹായം എത്രയും വേഗം എഫ്.എ.സി.ടി.-ക്ക് അനുവദിക്കണമെന്ന് അഭ്യർത്ഥിച്ചു കൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ബഹുമാനപ്പെട്ട കേന്ദ്ര പെട്രോളിയം പ്രകൃതി

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

വാതക വകുപ്പുമന്ത്രിക്ക് കത്തയിച്ചിട്ടുണ്ട്. നിർദ്ദിഷ്ട പാക്കേജിൽ വ്യവസ്ഥ ചെയ്തിട്ടുള്ള സാമ്പത്തിക സഹായം ലഭിക്കുന്നതിന് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുന്നതു കൂടാതെ എൽ.എൻ.ജി അധിഷ്ഠിത പ്രവർത്തനങ്ങൾക്കായി എഫ്.എ.സി.ടി. വാങ്ങുന്ന എൽ.എൻ.ജി.-ക്ക് KVAT ഒഴിവാക്കി നൽകുവാൻ സംസ്ഥാന സർക്കാർ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്.

**കൊടകര - പേരാമ്പ്ര,കനകമല ഖാദി യൂണിറ്റുകളുടെ നവീകരണം**

101 (2339) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കൊടകര പഞ്ചായത്തിലെ പേരാമ്പ്രയിലും കനകമലയിലുമുള്ള ഖാദി യൂണിറ്റുകളുടെ നവീകരണത്തിനും സംരക്ഷണത്തിനുമായി എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നും, ഇതിനായുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്നും വ്യക്തമാക്കാമോ ?

ഉത്തരം

കൊടകര പഞ്ചായത്തിൽപ്പെട്ട പേരാമ്പ്ര, കനകമല എന്നിവിടങ്ങളിലെ ഖാദി യൂണിറ്റുകൾ നവീകരിക്കുന്നതിന് 2013-14-ൽ 7 ലക്ഷം രൂപ അനുവദിച്ചിരുന്നു. ആയതിലേക്കുള്ള ടെണ്ടർ നടപടിക്രമങ്ങൾ പൂർത്തിയാക്കി. കുറഞ്ഞ തുക ക്വാട്ട് ചെയ്ത കരാറുകാർക്ക് സെലക്ഷൻ നോട്ടീസ് നൽകിക്കഴിഞ്ഞു. പണികൾ ഉടൻ ആരംഭിക്കുന്നതാണ്.

**സംസ്ഥാനത്തിന്റെ പൊതുകടം**

102 (2340) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2014 ഡിസംബർ 1 വരെയുള്ള കണക്ക് പരിശോധിക്കുമ്പോൾ സംസ്ഥാനത്തിന്റെ പൊതുകടം എത്ര?

ഉത്തരം

നടപ്പുസാമ്പത്തിക വർഷം 31-10-2014 വരെയുള്ള അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ മാത്രമേ ലഭ്യമായിട്ടുള്ളൂ. പ്രസ്തുത പ്രാഥമിക കണക്ക് ഉൾപ്പെടെ 31-10-2014 വരെ സംസ്ഥാനത്തിന്റെ പൊതുകടം 126530.33 കോടി രൂപയാണ്.

## ധനകാര്യവകുപ്പിലെ ഇ-ഫയലിംഗ്

103 (2341) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനകാര്യ വകുപ്പിൽ ഇ-ഫയലിംഗ് നടപ്പാക്കിയതിനുശേഷം ഫയൽ പരിശോധിക്കുന്നതിനും തീർപ്പാക്കുന്നതിനും കൂടുതൽ കാലതാമസം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ കാലതാമസം കുറയ്ക്കാൻ ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ ;

(സി) നിയോജക മണ്ഡലത്തിലെ പ്രധാന പ്രവൃത്തികൾ സംബന്ധിച്ച ഫയലുകളുടെ സ്ഥിതി എസ്.എം.എസ്. മുഖേനയോ ഇ-മെയിൽ മുഖേനയോ എം.എൽ.എ.-മാരെ അറിയിക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ ?

### ഉത്തരം

(എ) ധനകാര്യ വകുപ്പിൽ 2014 മാർച്ച് മുതലാണ് ഇ-ഫയലിംഗ് നടപ്പിലാക്കിയത്. പ്രാരംഭ ഘട്ടത്തിൽ സ്കാനിംഗിൽ ചില സാങ്കേതിക തടസ്സങ്ങൾ വന്നതിനാൽ ഫയലുകൾ തീർപ്പാക്കുന്നതിന് അല്പം കാലതാമസം വന്നിട്ടുണ്ട്. ഇപ്പോൾ ഫയൽ പരിശോധിക്കുന്നതിലും തീർപ്പാക്കുന്നതിലും കാലതാമസം ഉണ്ടാകുന്നില്ല.

(ബി) ഇപ്പോൾ ഇ-ഫയലിംഗ് വഴി ഫയലുകൾ പരിശോധിക്കുന്നതിലും തീർപ്പാക്കുന്നതിലും കാലതാമസമില്ല.

(സി) ഇ-ഫയലിംഗ് സോഫ്റ്റ്‌വെയർ വികസിപ്പിച്ചത് കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള നാഷണൽ ഇൻഫർമാറ്റിക്സ് സെന്ററാണ്. നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ പൊതുജനങ്ങൾക്ക് ഫയലിന്റെ സ്ഥിതി മനസ്സിലാക്കുന്നതിനായി പബ്ളിക് ഇന്റർഫെയിസ് സെക്യൂരിറ്റി ഓഡിറ്റിനുശേഷം ഉടൻ പുറത്തിറക്കുന്നതാണ്. ഇതുവഴി ഫയലിന്റെ സ്ഥിതി പൊതുജനങ്ങൾക്ക് മനസ്സിലാക്കാവുന്നതാണ്. ഫയലുകളുടെ സ്ഥിതി എസ്.എം.എസ്. മുഖേനയോ ഇ-മെയിൽ മുഖേനയോ എം.എൽ.എ.-മാരെ അറിയിക്കാൻ ഇപ്പോൾ വ്യവസ്ഥയില്ല.

## മണ്ഡലം ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി പൂർത്തിയാക്കിയ പ്രവൃത്തികൾ

104 (2342) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന

ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മണ്ഡലം ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി പൂർത്തിയാക്കിയ പ്രവൃത്തികൾക്ക് നിലവിൽ എൽ.സി. നൽകുന്ന നടപടി എപ്രകാരമാണെന്ന് വിശദമാക്കാമോ ;

(ബി) PWD മുഖേന ചെയ്യുന്ന പ്രവൃത്തികൾ സീനിയോറിറ്റി ലിസ്റ്റിലും മറ്റ് ഏജൻസികൾ മുഖേന ചെയ്യുന്നത് ഡെപ്പോസിറ്റ് വർക്കായി പരിഗണിച്ചും തുക (L.C) നൽകുന്ന നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കുമോ ;

(സി) ഒരേ പദ്ധതിയുടെ കീഴിൽ വിവിധ ഏജൻസി മുഖേന ചെയ്യുന്ന പ്രവൃത്തികൾക്ക് ഒരേ തരത്തിൽ തുക (L.C) നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്ന വിഷയം പരിഗണിക്കുമോ ; വിശദാംശങ്ങൾ അറിയിക്കുമോ ?

<u>ഉത്തരം</u>

(എ) പൊതുമരാമത്ത് പ്രവൃത്തികളുടെ ബില്ലുകൾ സംസ്ഥാനതല മുൻഗണനാ ക്രമത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ബഹുമാനപ്പെട്ട കേരളാ ഹൈക്കോടതിയുടെ CCC.803/2000-ന്റെയും അനുബന്ധ കേസുകളുടേയും ഉത്തരവിന്റെ അടിസ്ഥാനത്തിൽ കേന്ദ്രസഹായമുള്ള പദ്ധതികൾ, വിദേശ സഹായമുള്ള പദ്ധതികൾ, നബാർഡ് സഹായമുള്ള പദ്ധതികൾ എന്നിവ ഒഴികെയുള്ള മരാമത്ത് പ്രവൃത്തികളുടെ ബില്ലുകൾ സംസ്ഥാനതല മുൻഗണനാ ക്രമത്തിലാണ് മാറുന്നത്. പൊതുമരാമത്ത് ചീഫ് എഞ്ചിനീയർമാർ കൺട്രോളിംഗ് ഓഫീസറായിട്ടുള്ള ആസ്തി വികസന പദ്ധതി പ്രകാരമുള്ള മരാമത്ത് പണികളുടെ ബില്ലുകളും ഇപ്രകാരം സംസ്ഥാനതല മുൻഗണനാ ക്രമത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

(ബി) പി.ഡബ്ല്യു.ഡി. മുഖേന ചെയ്യുന്ന പ്രവൃത്തികൾ സീനിയോരിറ്റി ലിസ്റ്റിലും മറ്റ് ഏജൻസികൾ ചെയ്യുന്ന പ്രവൃത്തികൾ ഡെപ്പോസിറ്റ് വർക്കായി പരിഗണിച്ച് തുക നൽകുന്ന നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്ന് ചീഫ് എഞ്ചിനീയർമാർ അറിയിക്കുന്നു. പൊതുമരാമത്ത് വകുപ്പുകൾ ചെയ്യേണ്ട പ്രവൃത്തികൾ മറ്റ് ഏജൻസികൾ മുഖേന ചെയ്യുമ്പോഴും സംസ്ഥാനതല മുൻഗണനാക്രമത്തിൽ ഉൾപ്പെടുത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പൊതുമരാമത്ത് വകുപ്പ് മുഖാന്തിരം ചെയ്യുന്ന പ്രവൃത്തികളുടെ ബില്ലുകൾ സംസ്ഥാനതല മുൻഗണനാ ക്രമത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

(സി) പൊതുമരാമത്ത് വകുപ്പ് മുഖാന്തരമല്ലാതെ മറ്റ് ഏജൻസികളും ചെയ്യുന്ന പ്രവർത്തികൾ 21-7-2014 സ.ഉ.(പി)304/14/ധന പ്രകാരം സംസ്ഥാനതല മുൻഗണനാ ക്രമത്തിൽ അനുവദിക്കേണ്ടതാണെന്ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**പേരാമ്പ്ര മണ്ഡലത്തിലെ ആസ്തി വികസന ഫണ്ട്**

105 (2343) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസ്തി വികസന ഫണ്ട് സംബന്ധിച്ച് എന്തൊക്കെ ഉത്തരവുകൾ ഇറങ്ങിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ; പ്രസ്തുത ഉത്തരവുകളുടെ കോപ്പി ലഭ്യമാക്കുമോ ;

(ബി) പേരാമ്പ്ര മണ്ഡലത്തിൽ നിന്നും ഇതുവരെ എന്തൊക്കെ പ്രവൃത്തികളുടെ പ്രൊപ്പോസലുകൾ ലഭിച്ചു എന്നും ഏതൊക്കെ പ്രവൃത്തികൾക്ക് ഭരണാനുമതിയും, സാങ്കേതിക അനുമതിയും ലഭിച്ചു എന്നും വ്യക്തമാക്കുമോ; ഏതൊക്കെ പ്രവൃത്തികൾ പൂർത്തീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(സി) ഒരു സാമ്പത്തിക വർഷത്തെ പ്രവൃത്തി ആ വർഷം തന്നെ പൂർത്തിയാക്കാൻ കഴിയുന്ന രൂപത്തിൽ നടപടിക്രമങ്ങൾ ലഘൂകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) ആസ്തി വികസന ഫണ്ട് സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളുടെയും സർക്കുലറുകളുടെയും പകർപ്പ് അനുബന്ധമായി ചേർക്കുന്നു. *

(ബി) പേരാമ്പ്ര നിയോജക മണ്ഡലത്തിൽനിന്നും എം.എൽ.എ.-യുടെ ശിപാർശ സഹിതം ആസ്തിവികസന പദ്ധതിയുടെ മാർഗ്ഗരേഖകൾ പാലിച്ചുകൊണ്ട് 2012-13 വർഷത്തിൽ ധനവകുപ്പിൽ ലഭിച്ച ആകെ 500 ലക്ഷം അടങ്കൽ വരുന്ന 5 പ്രവൃത്തികൾക്കും 2013-14-ൽ ലഭിച്ച 100 ലക്ഷം അടങ്കൽ വരുന്ന ഒരു പ്രവൃത്തിക്കും ധനവകുപ്പിന്റെ അംഗീകാരത്തോടെ ഭരണാനുമതി പുറപ്പെടുവിച്ചിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ടി പ്രവൃത്തികളെല്ലാം നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. ഭരണാനുമതി ലഭിച്ചിട്ടുള്ള പ്രവൃത്തികൾ അനുബന്ധമായി ചേർക്കുന്നു.*

(സി) 28-12-2012-ലെ 73/12/ധന സർക്കുലറിലെ വ്യവസ്ഥകൾ പാലിക്കുന്നതിനാൽ ധനാനുമതി നൽകുന്നതിനോ തുടർന്ന് ഭരണാനുമതി പുറപ്പെടുവിക്കുന്നതിനോ കാലതാമസം നേരിടുന്നില്ല. ടി പ്രവൃത്തികൾ നിർവ്വഹണ വകുപ്പുകളോ/ഏജൻസികളോ ഏറ്റെടുത്ത് നടപ്പാക്കുമ്പോഴുണ്ടാകുന്ന സാങ്കേതിക തടസ്സങ്ങൾ ഒഴിച്ചാൽ പ്രവൃത്തികൾ നടപ്പാക്കുന്നതിൽ അകാരണമായി കാലതാമസം ഉണ്ടാകാറില്ല. ഇത്തരം തടസ്സങ്ങൾ ഒഴിവാക്കുവാൻ ധനവകുപ്പ് ബന്ധപ്പെട്ട ഭരണവകുപ്പുകൾക്കും നിർവ്വഹണ വകുപ്പുകൾക്കും നിർദ്ദേശം നൽകുന്നതാണ്.

**അധിക നികുതി**

106 (2344) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

2014-15-ലെ ബഡ്ജറ്റ് അവതരണത്തിന് ശേഷം ചുമത്തിയ അധിക നികുതിയിലൂടെ എത്രകോടി രൂപയുടെ അധിക വരുമാനമുണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

2014-15 ബഡ്ജറ്റ് അവതരണത്തിനുശേഷം ചുമത്തിയ അധിക നികുതികളുടെ ഫലമായി ഉണ്ടായിട്ടുള്ള വരുമാനത്തിലെ വർദ്ധനവ് വിലയിരുത്താറായിട്ടില്ല.

**റോഡ് നികുതിയും വാഹന നികുതിയും**

107 (2345) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കഴിഞ്ഞ മൂന്നു സാമ്പത്തിക വർഷങ്ങളിലെ ബഡ്ജറ്റിൽ പ്രതീക്ഷിച്ച റോഡ് നികുതിയും വാഹന നികുതിയും എത്രയെന്നും യഥാർത്ഥത്തിൽ ലഭിച്ചതും സാമ്പത്തിക വർഷം തിരിച്ച് വ്യക്തമാക്കുമോ ;

(ബി) ഓരോ വർഷവും ലഭിച്ച പ്രസ്തുത നികുതികൾക്ക് മുൻ വർഷങ്ങളിൽ നിന്നും വന്ന വർദ്ധനവിന്റെ ശതമാനം എത്ര വീതമെന്നും വർഷം തിരിച്ച്

വ്യക്തമാക്കുമോ ;

(സി) കഴിഞ്ഞ 3 സാമ്പത്തിക വർഷങ്ങളിൽ റോഡ് നികുതിയിലോ, വാഹന നികുതിയിലോ വർദ്ധനവ് വരുത്തിയിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ വിശദാംശങ്ങൾ എന്തൊക്കെയെന്നും വെളിപ്പെടുത്തുമോ ?

<u>ഉത്തരം</u>

(എ)

| റോഡ് നികുതി | ടാർജറ്റ് (രൂപ കോടിയിൽ) | കളക്ഷൻ (രൂപ കോടിയിൽ) |
|---|---|---|
| 2011-2012 | 1410.73 | 1500.91 |
| 2012-2013 | 1726.00 | 1831.15 |
| 2013-2014 | 2570.65 | 2091.77 |

(ബി) 2013-2014 വർഷം - മുൻവർഷത്തേക്കാൾ 14.24% നികുതി വരുമാന വർദ്ധന ഉണ്ടായിട്ടുണ്ട്.

2012-2013 വർഷം - മുൻവർഷത്തേക്കാൾ 22%

2011-2012 വർഷം - മുൻവർഷത്തേക്കാൾ 18.61%

(സി) ഉണ്ട്. ഫിനാൻസ് ആക്ട് 2012 പ്രകാരം നികുതി വർദ്ധനവ് വരുത്തിയിട്ടുണ്ട്.

1. 5 ലക്ഷം വരെ പർച്ചേസ് വാല്യൂവുള്ള സ്വകാര്യ ആവശ്യത്തിന് ഉപയോഗിക്കുന്ന പ്രൈവറ്റ് സർവ്വീസ് വെഹിക്കിൾസ്, മോട്ടാർ കാർ എന്നിവയുടെ നികുതി, അവയുടെ പർച്ചേസ് വാല്യൂവിന്റെ 6% ആയി നിജപ്പെടുത്തി.

2. 5 ലക്ഷത്തിന് മുകളിൽ 10 ലക്ഷം വരെ പർച്ചേസ് വാല്യൂവുള്ള മേൽ വിവരിച്ച വാഹനങ്ങളുടെ നികുതി പർച്ചേസ് വാല്യൂവിന്റെ 8% ആയി നിജപ്പെടുത്തി.

3. 10 ലക്ഷത്തിന് മുകളിൽ 15 ലക്ഷം വരെ പർച്ചേസ് വാല്യൂവുള്ള മേൽ വിവരിച്ച വാഹനങ്ങളുടെ നികുതി പർച്ചേസ് വാല്യൂവിന്റെ 10% ആയി നിജപ്പെടുത്തി.

4. 15 ലക്ഷത്തിന് മുകളിൽ പർച്ചേസ് വാല്യൂവുള്ള

മേൽവിവരിച്ച 15% ആയി | വാഹനങ്ങളുടെ നികുതി പർച്ചേസ് വാല്യൂവിന്റെ നിജപ്പെടുത്തി.

**ഇന്ധന നികുതിയിനത്തിൽ ഒഴിവാക്കിയ തുക**

108 (2346) ശ്രീ. പി. സി. ജോർജ് :
ഡോ. എൻ. ജയരാജ് :
ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരമേറ്റശേഷം എണ്ണക്കമ്പനികൾ ഇന്ധന വിലയിൽ എത്ര തവണ വർദ്ധനവ് വരുത്തിയെന്ന് വ്യക്തമാക്കുമോ ;

(ബി) ഇപ്രകാരം ഇന്ധന വിലയിൽ വർദ്ധന വരുത്തുക വഴി നികുതി ഇനത്തിൽ സംസ്ഥാനത്തിനു ലഭിക്കുമായിരുന്ന വരുമാനം എത്ര തവണ ഒഴിവാക്കിയെന്ന് വ്യക്തമാക്കുമോ ;

(സി) ഇപ്രകാരം നികുതി ഒഴിവാക്കുക വഴി ഖജനാവിന് എത്ര തുകയുടെ വരുമാന നഷ്ടമാണ് പ്രതിവർഷം ഉണ്ടായത് ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ പെട്രോളിന്റെ അടിസ്ഥാനവിലയിൽ എണ്ണക്കമ്പനികൾ 18 തവണയും ഡീസലിന് ഇതുവരെ 21 തവണയും വർദ്ധനവ് വരുത്തിയിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ പെട്രോളിന്റെ അടിസ്ഥാന വിലയിൽ എണ്ണക്കമ്പനികൾ 18 തവണ വർദ്ധനവ് വരുത്തിയിട്ടുണ്ട്. ഇതിൽ നാല് തവണ റവന്യൂ ന്യൂട്രൽ റേറ്റ് കണ്ടെത്തി നികുതി നിരക്ക് കുറച്ച് ക്രമീകരിച്ചിട്ടുണ്ട്. ഡീസലിന് ഇതുവരെ 21 തവണ അടിസ്ഥാന വിലയിൽ വർദ്ധനവ് വരുത്തിയപ്പോൾ രണ്ട് തവണ നികുതി നിരക്ക് കുറച്ച് ക്രമീകരിച്ചിട്ടുണ്ട്.

(സി) പെട്രോൾ, ഡീസൽ എന്നിവയ്ക്ക് എണ്ണക്കമ്പനികൾ വിൽക്കുന്ന വിലയുടെ ഒരു നിശ്ചിത ശതമാനമാണ് (ad valorem) നികുതിയായി

നിശ്ചയിക്കുന്നത്. അല്ലാതെ ലിറ്ററിന്മേൽ വില എന്തുതന്നെയായാലും ഒരു നിശ്ചിത തുകയായിട്ടല്ല നികുതി ചുമത്തുന്നത്. ഇപ്രകാരം ad valorem അടിസ്ഥാനത്തിൽ നികുതി ചുമത്തുമ്പോൾ അടിസ്ഥാന വില കുറയുമ്പോൾ സംസ്ഥാനത്തിന് ലഭിക്കേണ്ട നികുതിയിലും കുറവുണ്ടാകും. അതുപോലെതന്നെ അടിസ്ഥാന വില കൂട്ടുമ്പോൾ ലഭിക്കേണ്ട നികുതിയിൽ വർദ്ധനവുണ്ടാവുകയും ചെയ്യും. എണ്ണക്കമ്പനികൾ/കേന്ദ്രസർക്കാർ വില കൂട്ടുമ്പോഴും കുറയ്ക്കുമ്പോഴും ഇത്തരം വ്യതിയാനമുണ്ടാകുന്നു. വില വർദ്ധനവിന്റെ തോത് കൂടുതലായിട്ടുള്ള അവസരങ്ങളിൽ അത് റീട്ടെയിൽ വിലയിലുണ്ടാക്കുന്ന ഭാരം ലഘൂകരിക്കുവാനായി ലഭിക്കുമായിരുന്ന അധിക നികുതി വേണ്ടെന്ന് വച്ചുകൊണ്ട് നികുതി നിരക്ക് കുറച്ച് ക്രമീകരണം നടത്താറുണ്ട്. അതുപോലെ വിലക്കുറവിന്റെ തോത് കൂടുതലായ അവസരങ്ങളിൽ ലഭിച്ചുകൊണ്ടിരിക്കുന്ന റവന്യൂ വരുമാനം നിലനിർത്തുന്നതിനായി നികുതി നിരക്കിൽ വർദ്ധനവും വരുത്തിയിട്ടുണ്ട്. അതിനാൽ കൂടുതൽ നികുതി പിരിക്കുക എന്ന ലക്ഷ്യത്തോടെയല്ല നികുതി നിരക്ക് ഉയർത്തുന്നത്.

മുൻപറഞ്ഞ പ്രകാരം വിലവർദ്ധനവുമൂലം ലഭിക്കുമായിരുന്ന അധിക നികുതി വേണ്ടെന്ന് വച്ചുകൊണ്ട് നികുതി നിരക്കിൽ കുറവ് വരുത്തിയ വിവരങ്ങൾ താഴെ നൽകിയിരിക്കുന്നു.

പെട്രോൾ

| വിലവർദ്ധിപ്പിച്ച തീയതി | അടിസ്ഥാന വിലയിൽ ഉണ്ടായ വർദ്ധനവ് (വില ലിറ്ററിൽ) | അധിക നികുതിയായി ലഭിക്കുമായിരുന്ന പ്രതിമാസ വരുമാനം |
|---|---|---|
| 14-5-2011 | 5.00 | 11.00 |
| 16-9-2011 | 3.14 | 9.08 |
| 3-11-2011 | 1.82 | 5.10 |
| 24-5-2012 | 6.28 | 22.48 |

ഡീസൽ

| വിലവർദ്ധിപ്പിച്ച തീയതി | അടിസ്ഥാന വിലയിൽ ഉണ്ടായ വർദ്ധനവ് (വില ലിറ്ററിൽ) | അധിക നികുതിയായി ലഭിക്കുമായിരുന്ന പ്രതിമാസ വരുമാനം |
|---|---|---|

| | | |
|---|---|---|
| 25-6-2011 | 3.00 | 13.07 |
| 14-9-2012 | 5.00 | 19.95 |

**ആസ്തി വികസന പദ്ധതി - ഭരണാനുമതി ലഭിച്ച പദ്ധതികൾ**

109 (2347) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാര് അധികാരമേറ്റ ശേഷം നടപ്പാക്കുന്നതിനായി വിവിധ സാമാജികർ നിർദ്ദേശിച്ചിട്ടുള്ളതും നിയോജക മണ്ഡലം ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെട്ടതുമായ പദ്ധതികളുടെ നാളിതുവരെയുള്ള വിശദമായ വിവരങ്ങൾ ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ബി) അപ്രകാരം നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ഏതെല്ലാം പദ്ധതികൾക്ക് ഇതു വരെ ഭരണാനുമതി നൽകിയിട്ടുണ്ട് ; ജില്ല തിരിച്ച് വിശദമാക്കുമോ ?

ഉത്തരം

(എ&ബി) 11-6-2012-ലെ സർക്കാർ ഉത്തരവ് (പി) 332/12/ധന പ്രകാരം നിലവിൽ വന്ന ആസ്തി വികസന പദ്ധതിയിൻകീഴിൽ വിവിധ സാമാജികർ നിർദ്ദേശിച്ചതനുസരിച്ച് ഭരണ വകുപ്പ് ശിപാർശ ചെയ്യുതും 11-6-2012-ലെ മാർഗ്ഗരേഖകൾ പാലിച്ചുകൊണ്ട് ധനവകുപ്പിന് ലഭിച്ചതുമായ എല്ലാ പ്രവൃത്തികൾക്കും ഈ വകുപ്പ് അനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ സാമ്പത്തിക വർഷാടിസ്ഥാനത്തിൽ ജില്ല തിരിച്ച് അനുബന്ധമായി ചേർത്തിരിക്കുന്നു.* ധനാനുമതി നൽകുന്ന പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നത് ബന്ധപ്പെട്ട ഭരണ വകുപ്പുകളാണ്.

**ആസ്തി വികസന ഫണ്ടിൽ നിന്നും തലശ്ശേരി അസംബ്ലി മണ്ഡലത്തിലെ പ്രവൃത്തികൾ**

110 (2348) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2012-13, 2013-14, 2014-15 എന്നീ സാമ്പത്തിക വർഷങ്ങളിൽ ആസ്തി വികസന ഫണ്ടിൽ നിന്നും തലശ്ശേരി അസംബ്ലി മണ്ഡലത്തിലെ ഓരോ പ്രവൃത്തികൾക്കായി എന്തു തുക അനുവദിച്ചെന്ന് വിശദമാക്കാമോ ;

(ബി) അനുവദിച്ച തുകയനുസരിച്ച് എത്ര പ്രവൃത്തികൾ പൂർത്തീകരിച്ചെന്നും

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

എത്ര പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ടെന്നും വെളിപ്പെടുത്താമോ ;

(സി) പൂർത്തീകരിക്കാനുള്ള പ്രവൃത്തികളിൽ കാലതാമസം നേരിടാനുള്ള കാരണങ്ങൾ വിശദമാക്കാമോ ;

(ഡി) ഓരോ പദ്ധതിയും നടപ്പിലാക്കുന്ന ഏജൻസിയും വകുപ്പുകളും ഏതെന്നും ഓരോന്നും എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നും വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) തലശ്ശേരി നിയോജക മണ്ഡലത്തിൽ 2012-13 സാമ്പത്തിക വർഷം എം.എൽ.എ.-യുടെ നിർദ്ദേശപ്രകാരം ഭരണ വകുപ്പ് ശിപാർശയോടെ ആസ്തി വികസന പദ്ധതിയുടെ മാർഗ്ഗരേഖകൾ പാലിച്ചുകൊണ്ട് ധനവകുപ്പിൽ ലഭിച്ച ആകെ 500 ലക്ഷം രൂപ അടങ്കൽ വരുന്ന 5 പ്രവൃത്തികൾക്ക് അനുമതി നൽകിയിട്ടുണ്ട്. 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിൽ എം.എൽ.എ. ശിപാർശ ചെയ്ത് ഭരണ വകുപ്പിൽനിന്നും ധനാനുമതിക്കായി പ്രൊപ്പോസലുകൾ ഒന്നുംതന്നെ ലഭിക്കുകയുണ്ടായില്ല.

(ബി) തലശ്ശേരി നിയോജക മണ്ഡലത്തിൽ ആസ്തിവികസന പദ്ധതിയിൻ കീഴിൽ പൊതുമരാമത്ത് (ബിൽഡിംഗ്സ്) വകുപ്പിൻകീഴിൽ അനുവദിച്ച പ്രവൃത്തികളെല്ലാം നിർവ്വഹണത്തിന്റെ പല ഘട്ടങ്ങളിലാണ്. ഒന്നുംതന്നെ പൂർത്തീകരിച്ചിട്ടില്ല. പൊതുമരാമത്ത് (റോഡ്സ് & ബ്രിഡ്ജസ്) വകുപ്പിൻകീഴിൽ അനുവദിച്ചിട്ടുള്ളതിൽ ചൊക്ലി-പെരിയാണ്ടി സ്കൂൾ-പന്ന്യന്നൂർ-അരയാക്കൂർ മൊകേരി വയൽ റോഡ് എന്ന പ്രവൃത്തി പൂർത്തീകരിച്ചു കഴിഞ്ഞു.

(സി) പൊതുമരാമത്ത് (ബിൽഡിംഗ്സ്) വകുപ്പിൻകീഴിൽ അനുവദിച്ച പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ സാങ്കേതികാനുമതിക്കും ടെണ്ടർ നടപടികൾക്കുമുള്ള കാലതാമസമേ ഉണ്ടായിട്ടുള്ളൂ. പൊതുമരാമത്ത് (റോഡ്സ് & ബ്രിഡ്ജസ്) വകുപ്പിൻ കീഴിൽ അനുവദിച്ച പ്രവൃത്തികൾ ആരംഭിച്ചെങ്കിലും മഴ കാരണവും എസ്റ്റിമേറ്റിൽ ഭേദഗതി വരുത്തേണ്ടതിനാലും യഥാസമയം പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല.

(ഡി) തലശ്ശേരി നിയോജകമണ്ഡലത്തിൽ ആസ്തിവികസന പദ്ധതിയിൻ കീഴിൽ ഏറ്റെടുത്ത് നടപ്പിലാക്കുവാൻ അനുമതി നൽകിയിട്ടുള്ള രണ്ട് പ്രവൃത്തി കളുടെ നിർവ്വഹണ ചുമതല പൊതുമരാമത്ത് (റോഡ്സ് ആന്റ് ബ്രിഡ്ജസ്)-നും മൂന്ന് പ്രവൃത്തികളുടെ നിർവ്വഹണ ചുമതല പൊതുമരാമത്ത് (ബിൽഡിംഗ്സ്)

വകുപ്പുകൾക്കുമാണ്. പൊതുമരാമത്ത് (ബിൽഡിംഗ്സ്) വകുപ്പിന് കീഴിലുള്ള പ്രവർത്തികൾ 2015 മാർച്ചിനുള്ളിലും പൊതുമരാമത്ത് (റോഡ്സ് & ബ്രിഡ്ജസ്) വകുപ്പിന് കീഴിലുള്ളവ 2015 മേയ് മാസത്തിനുള്ളിലും പൂർത്തീകരിക്കുവാൻ കഴിയും.

## ആസ്തി വികസന ഫണ്ടിൽ നിന്നും നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലെ പ്രവൃത്തികൾ

111 (2349) <u>ശ്രീ. ആർ. സെൽവരാജ്</u> : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആസ്തി വികസന ഫണ്ടിൽ നിന്നും നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിൽ ഏതൊക്കെ പ്രവൃത്തികൾക്കാണ് അംഗീകാരം നൽകിയതെന്നും, പ്രസ്തുത പ്രവൃത്തികൾക്ക് അനുവദിച്ചിട്ടുള്ള തുകയും പേരും ഇനം തിരിച്ച് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. *

## പുതിയ പെൻഷൻ പദ്ധതി

112 (T2350) <u>ശ്രീ. വി. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1-4-2013 മുതൽ സർവ്വീസിൽ പ്രവേശിക്കുന്നവർക്ക് പുതിയ പെൻഷൻ പദ്ധതി ബാധകമാക്കികൊണ്ട് 16-3-2013-ൽ ഇറക്കിയ ഉത്തരവനുസരിച്ച് 2014 ഒക്ടോബർ മാസം വരെ എത്രപേർ ഈ പെൻഷൻ പരിധിയിൽ വന്നിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പെൻഷൻ പദ്ധതിയുടെ ഭാഗമായി പെൻഷൻ ഫണ്ട് നിക്ഷേപിക്കുന്ന സംവിധാനത്തിൽ ഏതെല്ലാം ഏജൻസികളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത് ; കേരള ഗവൺമെന്റ് ട്രഷറിയെ ഉൾപ്പെടുത്തുന്നതിൽ നിന്നും പിൻവാങ്ങാനുള്ള കാരണം വിവരിക്കാമോ ;

(സി) 1-4-2013 മുതലുള്ള ഓരോ മാസവും പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ സർക്കാർ നിക്ഷേപിക്കുന്ന തുകയെത്രയെന്ന് വെളിപ്പെടുത്താമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

ഉത്തരം

(എ) 2014 ഒക്ടോബർ മാസം വരെ 12,783 ജീവനക്കാർ ദേശീയ പെൻഷൻ പദ്ധതിയിൽ രജിസ്റ്റർ ചെയ്ത് PRAN (പെർമനന്റ് റിട്ടയർമെന്റ് അക്കൗണ്ട് നമ്പർ) കരസ്ഥമാക്കിയിട്ടുണ്ട്.

(ബി) 6-2-2014-ലെ സർക്കുലർ നമ്പർ 07/14/ധന ഖണ്ഡിക അനുസരിച്ച് ജീവനക്കാരുടെ പെൻഷൻ ഫണ്ട് കൈകാര്യം ചെയ്യുന്നതിന് ഭാരത സർക്കാർ/ PFRDA (പെൻഷൻ ഫണ്ട് റെഗുലേറ്ററി ആന്റ് ഡവലപ്മെന്റ് അതോറിറ്റി) PFMs (പെൻഷൻ ഫണ്ട് മാനേജേഴ്സ്)-നെ നിശ്ചയിച്ചിട്ടുണ്ട്. നിലവിൽ സംസ്ഥാനത്തു നിന്നുള്ള പെൻഷൻ ഫണ്ട് PFRDA സർക്കാർ മേഖലയിൽ അംഗീകരിച്ചിട്ടുള്ള മൂന്ന് PFMs ആയ എസ്.ബി.ഐ. പെൻഷൻ ഫണ്ട്സ് പ്രൈവറ്റ് ലിമിറ്റഡ്, യു.റ്റി.ഐ. റിട്ടയർമെന്റ് സൊല്യൂഷൻസ് ലിമിറ്റഡ്, എൽ.ഐ.സി. പെൻഷൻ ഫണ്ട് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങൾക്കാണ് സംസ്ഥാന സർക്കാർ നിശ്ചയിച്ചിട്ടുള്ള അനുപാതത്തിൽ അംഗീകൃത ഇൻവെസ്റ്റ്മെന്റ് പാറ്റേണിൽ നിക്ഷേപിക്കുന്നതിലേക്കായി കൈമാറി വരുന്നത്.

14-8-2008-ലെ ഗവൺമെന്റ് ഓഫ് ഇൻഡ്യയുടെ നോട്ടിഫിക്കേഷൻ എഫ് നമ്പർ 5(88)/2006-പി.ആർ. അനുസരിച്ച് ദേശീയ പെൻഷൻ പദ്ധതിയുടെ ഭാഗമായിട്ടുള്ള പെൻഷൻ ഫണ്ട് നിക്ഷേപിക്കുന്നതിനായുള്ള ഇൻവെസ്റ്റ്മെന്റ് പാറ്റേണിൽ ഗവൺമെന്റ് സെക്യൂരിറ്റികൾ, ഡെബ്റ്റ് സെക്യൂരിറ്റികൾ, ടേം ഡിപ്പോസിറ്റുകൾ, റുപ്പി ബോണ്ടുകൾ, മണി മാർക്കറ്റ് ഇൻസ്ട്രുമെന്റുകൾ, കമ്പനി ഷെയറുകൾ എന്നീ വിഭാഗങ്ങളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. പബ്ലിക് ലോൺ ശേഖരിക്കുന്നതിനുവേണ്ടി മാത്രമേ ഗവൺമെന്റ് സെക്യൂരിറ്റി പുറപ്പെടുവിക്കാവൂ എന്ന് നിയമപ്രകാരമുള്ള നിബന്ധനയുള്ളതും കേന്ദ്ര ഗവൺമെന്റ് ഉൾപ്പെടുത്തിയിട്ടുള്ള പെൻഷൻ ഫണ്ട് നിക്ഷേപ വിഭാഗങ്ങൾക്ക് പുറമേ പുതിയ വിഭാഗങ്ങളെ സ്വേച്ഛാപരമായി ഉൾപ്പെടുത്തുന്നതിന് സംസ്ഥാന സർക്കാരിന് അധികാരമില്ലാത്തതും നിലവിലെ നിക്ഷേപക്രമങ്ങളിൽ തന്നെ, പെൻഷൻ നിക്ഷേപങ്ങൾ സർക്കാർ സെക്യൂരിറ്റികളിൽ നിക്ഷേപിക്കുന്നതിന് ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളതിനാലും ട്രഷറികളിൽ നിക്ഷേപം സ്വീകരിക്കുന്നതുമൂലം സംസ്ഥാന ഗവൺമെന്റിന് ഋണ ബാദ്ധ്യത നേരിടേണ്ടി വരുമെന്നതിനാലും ദേശീയ പെൻഷൻ പദ്ധതി ഫണ്ട് നിക്ഷേപിക്കുന്ന സംവിധാനത്തിൽ ഗവൺമെന്റ് സെക്യൂരിറ്റികളിൽ കേരള ഗവൺമെന്റ് ട്രഷറി കൂടി ഉൾപ്പെടുത്തുന്നതിന് സാധിക്കുകയില്ല.

(സി) ഭാരത സർക്കാർ നിർദ്ദിഷ്ട പദ്ധതിക്കായി നിയോഗിച്ച PFRDA (പെൻഷൻ ഫണ്ട് റെഗുലേറ്ററി ആന്റ് ഡവലപ്മെന്റ് അതോറിറ്റി) നിഷ്കർഷിച്ചിട്ടുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കിയതിനും പ്രസ്തുത പദ്ധതിക്ക് അനിവാര്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയതിനും ശേഷം 2014 ഫെബ്രുവരി മാസം മുതലാണ് ദേശീയ പെൻഷൻ പദ്ധതി സംസ്ഥാനത്ത് പ്രാവർത്തികമായിട്ടുള്ളത്. ടി പദ്ധതിയുടെ ഭാഗമായി സർക്കാർ വിഹിതമായി 2014 മാർച്ച് 31 വരെ 1.21 ലക്ഷവും ഏപ്രിലിൽ 14.95 ലക്ഷവും മേയ് മാസത്തിൽ 57.34 ലക്ഷവും ജൂണിൽ 90 ലക്ഷവും ജൂലൈയിൽ 1.24 കോടിയും ആഗസ്റ്റിൽ 1.355 കോടിയും സെപ്റ്റംബറിൽ 1.44 കോടിയും ഒക്ടോബറിൽ 1.725 കോടിയും കൈമാറിയിട്ടുണ്ട്. 2013 ഏപ്രിൽ മുതലുള്ള കുടിശ്ശിക തുക (ജീവനക്കാരന്റെ വിഹിതം സഹിതം) ഒടുക്കുന്നതിനുള്ള നടപടിക്രമം സർക്കാർ രൂപീകരിച്ചു വരികയാണ്.

## പുതിയ നിർമ്മാണ പ്രവൃത്തികൾക്ക് ഭരണാനുമതി

113 (2351) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതിയ നിർമ്മാണ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നത് സാമ്പത്തിക പ്രതിസന്ധി കാരണം നിർത്തിവച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ ;

(ബി) 2013-14, 2014-15 സാമ്പത്തിക വർഷത്തെ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർക്ക് എത്ര കോടി രൂപയുടെ ബാദ്ധ്യതയാണ് കൊടുത്ത് തീർക്കാനുള്ളത്. വിശദമാക്കാമോ ;

(സി) കരാറുകാരുടെ ഏത് മാസം വരെയുള്ള ബില്ലുകളാണ് ഇതുവരെ പാസ്സാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ ;

(ഡി) MLA-മാരുടെ മണ്ഡല ആസ്തി വികസന ഫണ്ട് ഉപയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾപോലും ഏറ്റെടുത്ത് നടത്തുവാൻ കരാറുകാർ താൽപ്പര്യം കാണിക്കുന്നില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ആസ്തി വികസന ഫണ്ട് ഉപയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്ന കരാറുകൾക്ക് ബിൽ പാസ്സാക്കി നൽകുന്നതിനുള്ള പ്രത്യേക സംവിധാനം ഏർപ്പെടുത്താമോ; വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് പുതിയ നിർമ്മാണ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നത് നിർത്തിവച്ചിട്ടില്ല.

(ബി) ഭരണ വകുപ്പിൽനിന്ന് ധനകാര്യ വകുപ്പിൽ ലഭിച്ച നിർദ്ദേശമനുസരിച്ച് പൊതുമരാമത്ത് (നിരത്ത്, പാലം) വകുപ്പിൽ 1-1-2014 മുതൽ 31-8-2014 വരെയുള്ള കാലയളവിലേക്ക് 1343.47 കോടി രൂപയും ഇതേ കാലയളവിലേക്ക് പൊതുമരാമത്ത് (കെട്ടിടം) വകുപ്പിൽ 260.51 കോടി രൂപയും ജലവിഭവ വകുപ്പിൽ 1-1-2014 മുതൽ 31-7-2014 വരെ 61.42 കോടി രൂപയും ഉൾപ്പെടെ ആകെ 1665.40 കോടി രൂപ കരാറുകാർക്ക് കുടിശ്ശികയായി കൊടുത്തു തീർക്കാനുണ്ട്.

(സി) കരാറുകാരുടെ 31-12-2013 വരെയുള്ള ബില്ലുകൾ മാറുന്നതിന് ലറ്റർ ഓഫ് ക്രെഡിറ്റ് അനുവദിച്ചിട്ടുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ആസ്തി വികസന ഫണ്ട് ഉപയോഗിച്ചുള്ള നിർമ്മാണ പ്രവൃത്തികളുടെ ചെലവ്, ചീഫ് എഞ്ചിനീയർ കൺട്രോളിംഗ് ഓഫീസറായുള്ള ശീർഷകങ്ങളിൽ നിന്നും വഹിക്കുന്നുണ്ട്. അത്തരത്തിലുള്ള ശീർഷകങ്ങളിൽ ലറ്റർ ഓഫ് ക്രെഡിറ്റ് അനുവദിക്കുന്നത് ബില്ലുകളുടെ സംസ്ഥാനതല മുൻഗണനാക്രമത്തിലാണ്. ബഹുമാനപ്പെട്ട കേരളാ ഹൈക്കോടതിയുടെ CCC.803/2000-ന്റെയും അനുബന്ധ കേസുകളുടേയും ഉത്തരവിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സഹായമുള്ള പദ്ധതികൾ, വിദേശ സഹായമുള്ള പദ്ധതികൾ, നബാർഡ് സഹായമുള്ള പദ്ധതികൾ എന്നിവ ഒഴികെയുള്ള മരാമത്ത് പ്രവൃത്തികളുടെ ബില്ലുകൾക്ക് ലറ്റർ ഓഫ് ക്രെഡിറ്റ് അനുവദിക്കുന്നത് സംസ്ഥാനതല മുൻഗണനാക്രമത്തിലാണ്. ആയതിനാൽ ആസ്തിവികസന ഫണ്ട് ഉപയോഗിച്ച് പൂർത്തീകരിക്കുന്ന പ്രവൃത്തികളുടെ ബില്ലുകൾ പാസ്സാക്കി നൽകുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തുന്നത് ഇതു സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള കോടതിവിധികളുടെ ലംഘനമാകുന്നതാണ്.

**ശമ്പള കമ്മീഷന്റെ പ്രവർത്തനം**

114 (2352) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പള പരിഷ്കരണത്തിന് നിയോഗിച്ച കമ്മീഷന്റെ പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണെന്നും കമ്മീഷൻ റിപ്പോർട്ട് എപ്പോൾ സമർപ്പിക്കുമെന്നും അറിയിക്കാമോ ;

(ബി) കമ്മീഷൻ കാലാവധി വീണ്ടും ദീർഘിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ശമ്പള പരിഷ്കരണം ഏതു തീയതി മുതൽ ബാധകമാക്കാനാണ് ഉദ്ദേശിക്കുന്നത് ;

(ഡി) ശമ്പള കമ്മീഷൻ പുറപ്പെടുവിച്ച ചോദ്യാവലിക്ക് എത്ര സംഘടനകളും വ്യക്തികളും മറുപടി നൽകിയിട്ടുണ്ടെന്നും മറുപടികളുടെ പരിശോധനകൾ പൂർത്തിയായിട്ടുണ്ടോ എന്നും അറിയിക്കാമോ ;

(ഇ) സർവ്വീസ് സംഘടനാ പ്രതിനിധികളുമായുള്ള ചർച്ച നടത്താൻ തീരുമാനിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(എഫ്) ശമ്പള കമ്മീഷന്റെ പ്രവർത്തനത്തിനായി നിയമിച്ച ഉദ്യോഗസ്ഥരെല്ലാം പ്രസ്തുത ജോലിയിൽ പ്രവേശിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ) പത്താം ശമ്പള പരിഷ്കരണ കമ്മീഷന്റെ പ്രവർത്തനം അതിന്റെ മദ്ധ്യഘട്ടത്തിലാണ്. 2014 ഡിസംബർ 2 മുതൽ സർവ്വീസ് സംഘടനകളുമായുള്ള ചർച്ച കമ്മീഷൻ ആരംഭിച്ചു കഴിഞ്ഞു. ആയതിനാൽ കാലാവധിക്കുള്ളിൽ നിന്നുതന്നെ ശമ്പള പരിഷ്കരണ കമ്മീഷൻ ശിപാർശ സർക്കാരിന് സമർപ്പിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) 29-11-2014-ലെ സ.ഉ. (കൈ) നമ്പർ 521/14/ധന ഉത്തരവിലൂടെ കമ്മീഷന്റെ കാലാവധി 30-6-2015 വരെ സർക്കാർ ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്.

(സി) ശമ്പള പരിഷ്കരണ തീയതി എന്നുമുതൽ പ്രാബല്യത്തിൽ വരുത്തണമെന്ന് കമ്മീഷൻ റിപ്പോർട്ട് നൽകുമ്പോൾ മാത്രമേ വ്യക്തമാക്കാൻ കഴിയുകയുള്ളൂ.

(ഡി) ചോദ്യാവലിക്കുള്ള മറുപടിയായും നിവേദനങ്ങളായും നാളിതുവരെ കമ്മീഷന് 2138 മറുപടികൾ ലഭിച്ചിട്ടുണ്ട്. ഇതിന്റെ പരിശോധന ത്വരിത

വേഗത്തിൽ നടന്നുവരുന്നു.

(ഇ) 2014 ഡിസംബർ 2 മുതൽ സർവ്വീസ് സംഘടനകളുമായുള്ള ചർച്ച കമ്മീഷൻ ആരംഭിച്ചു കഴിഞ്ഞു.

(എഫ്) ശമ്പള പരിഷ്കരണ കമ്മീഷന്റെ പ്രവർത്തനത്തിനായി നിയമിച്ച 28 പേരും ജോലിയിൽ പ്രവേശിച്ചിട്ടുണ്ട്.

**കാലടി സാമൂഹികാരോഗ്യാശുപത്രിയിൽ എക്സ്റേ മെഷീൻ**

115 (2353) <u>ശ്രീ. ജോസ് തെറ്റയിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലടി സാമൂഹികാരോഗ്യാശുപത്രിയിൽ എക്സ്റേ മെഷീൻ സ്ഥാപിക്കുന്നതിനായി എം.എൽ.എ.-യുടെ ആസ്തിവികസനപദ്ധതിയിൽനിന്നും കഴിഞ്ഞ സാമ്പത്തികവർഷം അനുവദിച്ച 25 ലക്ഷം രൂപയ്ക്ക് ആരോഗ്യ വകുപ്പ് ഭരണാനുമതി നൽകിയിട്ടും ഇതിനായി ലെറ്റർ ഓഫ് ക്രെഡിറ്റ് ലഭ്യമാക്കുന്നതിലെ കാലതാമസത്തിനു കാരണം വിശദമാക്കാമോ ;

(ബി) ഇത് എന്നത്തേക്കു ലഭ്യമാക്കാൻ സാധിക്കുമെന്നു വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) പൊതുമരാമത്ത് പ്രവൃത്തികളുടെ ബില്ലുകൾ സംസ്ഥാനതല മുൻഗണനാ ക്രമത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ബഹുമാനപ്പെട്ട കേരളാ ഹൈക്കോടതിയുടെ CCC.803/2000-ന്റെയും അനുബന്ധ കേസുകളുടേയും ഉത്തരവിന്റെ അടിസ്ഥാനത്തിൽ കേന്ദ്രസഹായമുള്ള പദ്ധതികൾ, വിദേശ സഹായമുള്ള പദ്ധതികൾ, നബാർഡ് സഹായമുള്ള പദ്ധതികൾ എന്നിവ ഒഴികെയുള്ള മരാമത്ത് പ്രവൃത്തികളുടെ ബില്ലുകൾ സംസ്ഥാനതല മുൻഗണനാ ക്രമത്തിലാണ് മാറുന്നത്. ആസ്തി വികസന പദ്ധതി പ്രകാരമുള്ള മരാമത്ത് പണികളുടെ ബില്ലുകളും ഇപ്രകാരം സംസ്ഥാനതല മുൻഗണനാക്രമത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. കാലടി സാമൂഹികാരോഗ്യ ആശുപത്രിയിൽ എക്സ്റേ മെഷീൻ സ്ഥാപിച്ച ബിൽ 2014 ഫെബ്രുവരി മാസം സമർപ്പിച്ചതായാണ് കാണുന്നത്. 2013 ഡിസംബർ 31 വരെയുള്ള ബില്ലുകൾക്കാണ് ലറ്റർ ഓഫ് ക്രെഡിറ്റ് അനുവദിച്ചിട്ടുള്ളത്.

(ബി) 2014 ഫെബ്രുവരി മാസത്തെ ബില്ലുകൾക്കുള്ള ലറ്റർ ഓഫ് ക്രെഡിറ്റ് അനുവദിക്കുമ്പോൾ കാലടി സാമൂഹികാരോഗ്യ ആശുപത്രിയിൽ എക്സ്റേ മെഷീൻ സ്ഥാപിച്ച പ്രവൃത്തിയുടെ ബില്ലിനുള്ള ലറ്റർ ഓഫ് ക്രെഡിറ്റ് ലഭ്യമാകുന്നതാണ്.

**വാർഷിക പദ്ധതി നിർവ്വഹണം**

116 (2354) ശ്രീ. ജി. സുധാകരൻ :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധി കാരണം വാർഷിക പദ്ധതി നിർവ്വഹണം മന്ദഗതിയിലാണെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ ;

(ബി) ഈ വർഷം ഇതുവരെ സംസ്ഥാനത്തിന്റെ പദ്ധതി ചെലവ് എത്ര ശതമാനമാണ്; ഇതിന്റെ വകുപ്പുതല വിശദാംശം ലഭ്യമാക്കാമോ ; പദ്ധതി നിർവ്വഹണ പുരോഗതിയുടെ പ്രതിമാസ കണക്കുകൾ വിശദമാക്കാമോ ; പിന്നിട്ട രണ്ടു ക്വാർട്ടറുകളിൽ എത്ര ശതമാനം വീതം പദ്ധതി ചെലവുണ്ടായി ;

(സി) പ്രഖ്യാപിച്ച പദ്ധതികൾ പ്രാവർത്തികമാക്കുന്നതിന് ശേഷിച്ച കാലയളവിൽ ആവശ്യമായ തുക നൽകുന്നതിന് സാധിക്കുമെന്ന് കരുതുന്നുണ്ടോ?

<u>ഉത്തരം</u>

(എ) 'പ്ലാൻ സ്പേസി'-ലെ കണക്കുകൾ പ്രകാരം 2013-14-ലെ വാർഷിക പദ്ധതി നിർവ്വഹണ പുരോഗതി ഒക്ടോബർ 31 വരെ 25.4% ആയിരുന്നു. എന്നാൽ 2014-15-ലെ വാർഷിക പദ്ധതി പുരോഗതി ഒക്ടോബർ 31 വരെ 25% ആണ്.

(ബി) 31-10-2014 വരെ 'പ്ലാൻ സ്പേസ്'-ൽ ലഭ്യമായ കണക്കുകൾ അനുസരിച്ച് ഈ വർഷത്തെ സംസ്ഥാനത്തിന്റെ പദ്ധതി ചെലവ് 25% ആണ്. വകുപ്പുതല വിശദാംശം അനുബന്ധം I-ൽ ചേർക്കുന്നു.* പദ്ധതി നിർവ്വഹണ പുരോഗതിയുടെ പ്രതിമാസ കണക്കുകൾ അനുബന്ധം II-ൽ ചേർക്കുന്നു.* പിന്നിട്ട ക്വാർട്ടറുകളിൽ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

യഥാക്രമം 2.73%, 14.40% പദ്ധതി വിഹിതം ചെലവായിട്ടുണ്ട്.

(സി) പദ്ധതി നിർവ്വഹണത്തിന് നിലവിൽ നിയന്ത്രണമൊന്നും ഏർപ്പെടുത്തിയിട്ടില്ല. ഈ സാമ്പത്തിക വർഷത്തെ ശേഷിച്ച കാലയളവിലെ പദ്ധതി നടത്തിപ്പിന് ആവശ്യമായ ഫണ്ടിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിന് അധിക വിഭവ സമാഹരണ (ARM) നടപടികൾ ഊർജ്ജിതമാക്കിയിട്ടുണ്ട്.

**നികുതി കുടിശ്ശിക**

117 (2355) <u>ശ്രീ. എം. എ. ബേബി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോടതിയുടേയോ, സർക്കാരിന്റേയോ ആയിട്ടുള്ള സ്റ്റേകൾ (കോടതിയുടെ സ്റ്റേകൾ) മൂലം പിരിച്ചെടുക്കാൻ ബാക്കി നില്പുള്ള (നികുതി കുടിശ്ശിക) തുക എത്ര ;

(ബി) ഏതെല്ലാം നികുതികൾ എത്ര കോടി രൂപ വീതം പിരിച്ചെടുക്കാൻ സാധിക്കാത്തതായുണ്ടെന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) കോടതിയുടെ സ്റ്റേമൂലം 31-3-2014-ലെ കണക്ക് പ്രകാരം വാണിജ്യ നികുതി ഇനത്തിൽ പിരിച്ചെടുക്കാൻ ബാക്കി നില്പുള്ള (നികുതി കുടിശ്ശിക) 881.29 കോടി രൂപയും സർക്കാർ സ്റ്റേമൂലം പിരിച്ചെടുക്കാൻ ബാക്കി നിൽപ്പുള്ള (നികുതി കുടിശ്ശിക) 230.19 കോടി രൂപയുമാണ് (ഇൻസ്റ്റാൾമെന്റില്ലാതെ). കോടതിയുടെ സ്റ്റേമൂലം രജിസ്ട്രേഷൻ വകുപ്പിൽ 4.64 കോടി രൂപ (2014 ഒക്ടോബർ മാസം വരെ) പിരിച്ചെടുക്കാൻ ബാക്കി നിൽപ്പുണ്ട്. 31-10-2014-ലെ കണക്കുകൾ പ്രകാരം കോടതിയുടെ സ്റ്റേമൂലം അബ്കാരി കുടിശ്ശിക ഇനത്തിൽ 25,98,90,784 രൂപ പിരിച്ചെടുക്കാൻ ബാക്കിനിൽപ്പുണ്ട്. കോടതി സ്റ്റേമൂലം മോട്ടാർ വാഹന വകുപ്പിന് 42,00,000 രൂപ പിരിച്ചെടുക്കാൻ ബാക്കിനിൽപ്പുണ്ട്. മോട്ടാർ വാഹനം, എക്സൈസ്, രജിസ്ട്രേഷൻ എന്നീ വകുപ്പുകളിൽ സർക്കാർ തലത്തിൽ സ്റ്റേ നൽകിയിട്ടില്ല.

(ബി) രജിസ്ട്രേഷൻ വകുപ്പിന്റെ കണക്കുകൾ പ്രകാരം 1986-87 മുതൽ

2013-14 സാമ്പത്തിക വർഷം വരെ അണ്ടർ വാല്യുവേഷൻ കേസുകളിൽ നിന്നും 176.37 കോടി രൂപ പിരിഞ്ഞ് കിട്ടാനുണ്ട്. കോടതികൾ സ്റ്റേ ചെയ്തിരിക്കുന്ന വിവിധ അബ്കാരി കുടിശ്ശിക സംബന്ധമായ 25,98,90,784 രൂപയും റവന്യൂ റിക്കവറി സർട്ടിഫിക്കറ്റ് (RRC) മടങ്ങിയതിൽ ഉൾപ്പെട്ട 28,13,16,385 രൂപയും പിരിച്ചെടുക്കാൻ സാധിക്കാത്തതായി നിലനിൽക്കുന്നു. മോട്ടോർ വാഹന വകുപ്പിനെ സംബന്ധിച്ചിടത്തോളം പിരിച്ചെടുക്കാൻ സാധിക്കാത്തതായി യാതൊരു നികുതിയുമില്ല. മറ്റ് വകുപ്പുകളെ സംബന്ധിക്കുന്ന വിവരം ശേഖരിച്ചു നൽകുന്നതാണ്.

## എയ്ഡഡ് സ്കൂൾ ക്ലാർക്കുമാർക്ക് മുൻകാല പ്രാബല്യത്തോടെ ആനുകൂല്യം ലഭ്യമാക്കാൻ നടപടി

118 (2356) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എയ്ഡഡ് സ്കൂൾ ക്ലാർക്കുമാരുടെ ഗ്രേഡ് പുനഃസ്ഥാപിച്ചുകൊണ്ട് ഇറക്കിയ ഉത്തരവിൽ ആനുകൂല്യം ലഭ്യമാക്കിയത് മുൻകാല പ്രാബല്യമില്ലാതെ, ഉത്തരവിറങ്ങിയ തീയതി മുതലാണ് എന്നുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അനോമലി പരിഹരിച്ച് ആനുകൂല്യം ലഭ്യമാക്കുന്നത് ശമ്പള പരിഷ്കരണ തീയതി മുതൽ ആയതിനാൽ എയ്ഡഡ് സ്കൂൾ ക്ലാർക്കുമാർക്കും മുൻകാല പ്രാബല്യത്തോടെ ആനുകൂല്യം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഈ ഉത്തരവിന് യഥാക്രമം 1-7-2004, 1-7-2009 മുതൽ പ്രാബല്യം നൽകിയിട്ടുണ്ട്. എന്നാൽ സാമ്പത്തിക ആനുകൂല്യങ്ങൾക്ക് ഉത്തരവ് തീയതി മുതൽ മാത്രമേ പ്രാബല്യം നൽകിയിട്ടുള്ളൂ.

(ബി) സർക്കാരിന്റെ സാമ്പത്തിക സ്ഥിതി, ഇത്തരത്തിൽ ഗ്രേഡ് അനുവദിക്കുമ്പോൾ ഭാവിയിലുണ്ടാകാവുന്ന അധിക സാമ്പത്തിക ബാധ്യത മുതലായ ഘടകങ്ങളെ അടിസ്ഥാനമാക്കിയാണ് സർക്കാർ തീരുമാനങ്ങൾ കൈക്കൊള്ളുന്നത്. ഇത് സർക്കാരിന്റെ വിവേചനാധികാരമാണ്. ടി ഉത്തരവ് പ്രകാരമുള്ള ശമ്പള നിർണ്ണയങ്ങൾ സാങ്കൽപ്പികമായാണ് അനുവദിച്ചിട്ടുള്ളത്. അതിനാൽ ഉത്തരവ് തീയതി മുതൽക്കേ സാമ്പത്തികാനുകൂല്യത്തിന് അർഹത കൈവരുന്നുള്ളൂ. ഈ ഉത്തരവ് പുനഃപരിശോധിക്കുന്നതിന് സർക്കാരിന് ഇപ്പോൾ

ഉദ്ദേശ്യമില്ല.

**നടപ്പ് സാമ്പത്തിക വർഷം ലക്ഷ്യമിട്ട വരുമാനം**

119 (2357) ശ്രീ. എ. എ. അസീസ് :

ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നടപ്പ് സാമ്പത്തിക വർഷം ലക്ഷ്യമിട്ട വരുമാനം എത്രയാണ് ;

(ബി) നാളിതുവരെ എത്ര തുകയാണ് ലഭ്യമായത് ;

(സി) ലക്ഷ്യം കൈവരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) നടപ്പ് സാമ്പത്തിക വർഷം ലക്ഷ്യമിട്ട റവന്യൂ വരുമാനം 64842.35 കോടി രൂപയാണ്. അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം ഒക്ടോബർ 31 വരെയുള്ള വരുമാനം 30921.58 കോടി രൂപയാണ്.

(സി) ലക്ഷ്യമിട്ട റവന്യൂ വരുമാനം കൈവരിക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി റവന്യൂ കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള ഊർജ്ജിത പ്രവർത്തനങ്ങൾ നടത്തുവാനും നികുതി-നികുതിയേതര ഇനങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള എല്ലാ ഉപാധിരഹിത സ്റ്റേ ഉത്തരവുകളും പിൻവലിക്കാനും നികുതി പിരിവ് സംബന്ധമായി വിവിധ കോടതികൾ പുറപ്പെടുവിച്ചിട്ടുള്ള സ്റ്റേ ഉത്തരവുകൾ പിൻവലിപ്പിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനുപുറമേ നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനും നികുതി ചോർച്ച തടയുന്നതിനുമുള്ള ശക്തമായ നടപടികളും സ്വീകരിച്ചിട്ടുണ്ട്. നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി മദ്യം, സിഗരറ്റ് എന്നിവയുടെ നികുതി, ഭൂനികുതി, പ്ലാന്റേഷൻ നികുതി, മോട്ടോർ വാഹന നികുതി എന്നിവ പരിഷ്കരിച്ചിട്ടുണ്ട്. നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വിവിധ വകുപ്പുകളിൽ നിലവിലുള്ള ഫീസ്, സർവ്വീസ് ചാർജ് മുതലായവയുടെ നിരക്കുകൾ കാലോചിതമായി പരിഷ്കരിച്ചിട്ടുണ്ട്.

**പത്താം ശമ്പളകമ്മീഷൻ**

120 (T 2358) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(എ) സംസ്ഥാന ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പള പരിഷ്കരണത്തിനുള്ള പത്താം ശമ്പള കമ്മീഷനെ നിശ്ചയിച്ചുകൊണ്ടുള്ള മന്ത്രി സഭാ തീരുമാനമെടുത്തതെന്നാണ് ;

(ബി) പത്താം ശമ്പള കമ്മീഷനെ നിയമിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചതെന്നാണ് ; ഏത് ഉത്തരവുപ്രകാരം എന്നു വ്യക്തമാക്കുമോ ;

(സി) പത്താം ശമ്പള കമ്മീഷന് ഓഫീസ് അനുവദിച്ചുകൊണ്ടുള്ള ഉത്തരവു പുറപ്പെടുവിച്ചതെന്നാണ് ; ഏത് ഉത്തരവുപ്രകാരമാണെന്ന് വ്യക്തമാക്കുമോ ;

(ഡി) പത്താം ശമ്പള കമ്മീഷനിലേക്ക് ആകെ എത്ര ജീവനക്കാരെ നിയമിക്കുകയുണ്ടായി ;

(ഇ) പത്താം ശമ്പള കമ്മീഷനിലേക്ക് ജീവനക്കാരെ നിയമിച്ചുകൊണ്ടുള്ള ഉത്തരവു പുറപ്പെടുവിച്ചതെന്നാണ് ; ഏത് ഉത്തരവു പ്രകാരമാണ് വ്യക്തമാക്കുമോ ;

(എഫ്) ശമ്പള കമ്മീഷനെ നിശ്ചയിച്ചുകൊണ്ട് ഉത്തരവു പുറപ്പെടുവിച്ചപ്പോൾ നിശ്ചയിച്ചു നൽകിയ കാലാവധി എത്രയാണ് ;

(ജി) തുടർന്ന് എത്ര തവണ കാലാവധി ദീർഘിപ്പിച്ചു നൽകുകയുണ്ടായി ; അവസാനമായി ദീർഘിപ്പിച്ചു നൽകിയ കാലാവധി അവസാനിക്കുന്നതെപ്പോഴാണ് ; ശമ്പള കമ്മിഷനിൽ ഇപ്പോൾ ഏതെല്ലാം തസ്തികകളിലുള്ള എത്ര ജീവനക്കാർ ജോലിയിൽ പ്രവേശിപ്പിച്ചിട്ടുണ്ടെന്നു വ്യക്തമാക്കുമോ; ഇപ്പോഴത്തെ സാഹചര്യത്തിൽ ശമ്പള കമ്മീഷൻ റിപ്പോർട്ട് എപ്പോൾ ഗവൺമെന്റിന് സമർപ്പിക്കുമെന്നാണ് പ്രതീക്ഷിച്ചിട്ടുള്ളത് ; ശമ്പള കമ്മീഷൻ ശിപാർശകൾ പ്രകാരമുള്ള പുതിയ സേവന വേതന വ്യവസ്ഥകൾ എപ്പോൾ മുതൽ നടപ്പിലാക്കുവാൻ കഴിയും എന്നു വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാന ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പള പരിഷ്ക്കരണത്തിനുള്ള പത്താം ശമ്പള കമ്മീഷനെ നിശ്ചയിച്ചുകൊണ്ടുള്ള മന്ത്രിസഭാ തീരുമാനം 27-11-2013-ലാണ് കൈക്കൊണ്ടത്.

(ബി) 30-11-2013-ലെ സ.ഉ. (കൈ) നമ്പർ 583/2013/ധന പ്രകാരമാണ് പത്താം ശമ്പള കമ്മീഷനെ നിയമിച്ചിട്ടുള്ളത്.

(സി) 24-5-2014-ലെ സ.ഉ. (സാധാ) നമ്പർ 1277/2014/LSGD പ്രകാരമാണ് പത്താം ശമ്പള കമ്മീഷന് ഓഫീസ് അനുവദിച്ചിട്ടുള്ളത്.

(ഡി) പത്താം ശമ്പള കമ്മീഷനിലേക്ക് ആകെ 28 ജീവനക്കാരെ നിയമിക്കുകയുണ്ടായി.

(ഇ) 27-12-2013-ലെ ഓഫീസ് ഓർഡർ 104541/ഭരണം-ബി3/2013/ധന, 7-6-2014-ലെ സ.ഉ. (സാധാ) നമ്പർ 4544/2014/ധന, 3-7-2014-ലെ സ.ഉ. (സാധാ) നമ്പർ 5190/2014/ധന, 4-7-2014-ലെ സ.ഉ. (കൈ) നമ്പർ 261/2014/ധന, 10-9-2014-ലെ സ.ഉ. (സാധാ) നമ്പർ 6996/2014/ധന, 18-9-2014-ലെ സ.ഉ. (സാധാ) നമ്പർ 7121/2014/ധന, 24-9-2014-ലെ സ.ഉ. (സാധാ) നമ്പർ 7372/2014/ ധന, 16-10-2014-ലെ സ.ഉ. (സാധാ) നമ്പർ 7827/2014/ധന എന്നിവ പ്രകാരമാണ് പത്താം ശമ്പള കമ്മീഷനിലേക്ക് ജീവനക്കാരെ നിയമിച്ചത്.

(എഫ്) ശമ്പള കമ്മീഷനെ നിശ്ചയിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചപ്പോൾ ആറുമാസ കാലാവധിയാണ് നൽകിയിരുന്നത്.

(ജി) ശമ്പള കമ്മീഷന്റെ കാലാവധി ഇതുവരെ രണ്ട് തവണ ദീർഘിപ്പിച്ചു നൽകുകയുണ്ടായി. അവസാനമായി ദീർഘിപ്പിച്ചു നൽകിയ കാലാവധി 30-6-2015-ൽ അവസാനിക്കും. ശമ്പള കമ്മീഷനിൽ ഇപ്പോൾ ജോലിയിലുള്ള ജീവനക്കാരുടെയും തസ്തികകളുടെയും വിവരം ചുവടെ ചേർക്കുന്നു :

| തസ്തിക | ജീവനക്കാരുടെ എണ്ണം |
|---|---|
| അഡീഷണൽ സെക്രട്ടറി | 1 |
| ജോയിന്റ് സെക്രട്ടറി | 1 |
| അണ്ടർ സെക്രട്ടറി | 2 |
| സെക്ഷൻ ഓഫീസർ | 4 |
| അസിസ്റ്റന്റ് | 8 |
| കമ്പ്യൂട്ടർ അസിസ്റ്റന്റ് | 3 |
| കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 4 |
| ക്ലറിക്കൽ അസിസ്റ്റന്റ് | 1 |

| | |
|---|---|
| ഓഫീസ് അറ്റൻഡന്റ് | 4 |
| ആകെ | 28 |

ശമ്പള പരിഷ്ക്കരണ റിപ്പോർട്ട് 30-6-2015-നകം സർക്കാരിന് സമർപ്പിക്കാൻ കമ്മീഷന് കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ശമ്പള പരിഷ്കരണ തീയതി എന്നുമുതൽ പ്രാബല്യത്തിൽ വരുത്തണമെന്ന് കമ്മീഷൻ റിപ്പോർട്ട് നൽകുമ്പോൾ മാത്രമേ വ്യക്തമാക്കാൻ കഴിയുകയുള്ളൂ.

**കേന്ദ്ര സർക്കാർ സഹായത്തോടെ ആലപ്പുഴ ജില്ലയിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ**

121 (2359) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടെ ആരംഭിച്ച പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ ;

(ബി) കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടെ ആലപ്പുഴ ജില്ലയിൽ നടപ്പിലാക്കിവരുന്ന പദ്ധതികൾ, പ്രസ്തുത പദ്ധതികൾക്കായി അനുവദിച്ച തുക എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ;

(സി) 2014-15 സാമ്പത്തിക വർഷം കേന്ദ്ര ഗവൺമെന്റ് അനുവദിച്ച പദ്ധതികളും അതിന് അനുവദിച്ച തുകയും സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ;

(ഡി) 2014-15 സാമ്പത്തിക വർഷം ആലപ്പുഴ ജില്ലയ്ക്ക് അനുവദിച്ച പദ്ധതികൾ, അതിന് അനുവദിച്ച തുക എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കേന്ദ്രഗവൺമെന്റിന്റെ സഹായത്തോടെ ആരംഭിച്ച പദ്ധതികളുടെ വിശദാംശം അനുബന്ധം ആയി ചേർക്കുന്നു. *

(ബി) സംസ്ഥാനത്തിന്റെ മൊത്തത്തിലുള്ള വികസനം ലക്ഷ്യമിട്ടുകൊണ്ടാണ് സംസ്ഥാനത്ത് പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നത്. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് വിവിധ പദ്ധതി/വകുപ്പ് തിരിച്ചുള്ള കണക്കുകൾ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

മാത്രമേ സൂക്ഷിക്കുന്നുള്ളൂ. ജില്ല തിരിച്ചുള്ള, പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ടുള്ള, വിവരങ്ങൾ പ്രത്യേകം ക്രോഡീകരിച്ച് സൂക്ഷിക്കുന്നില്ല.

(സി) 2014-15 സാമ്പത്തിക വർഷം കേന്ദ്ര ഗവൺമെന്റ് അനുവദിച്ച പദ്ധതികളും അംഗീകരിച്ച തുകയും സംബന്ധിച്ച വിശദാംശം അനുബന്ധം ആയി ചേർക്കുന്നു.*

(ഡി) 'ബി' പിരിവിന്റെ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ബാധകമല്ല.

**അനധികൃത ചിട്ടി സ്ഥാപനങ്ങൾ**

122 (2360) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന അനധികൃത ചിട്ടി സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിന് വകുപ്പിന്റെ ആസ്ഥാനത്ത് നിലവിലുള്ള ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ഒരു നോഡൽ ഓഫീസറെ നിയമിച്ച് ഒരു കേന്ദ്രീകൃത സംവിധാനം പ്രവർത്തനം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദാംശം ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) അനധികൃത ചിട്ടി സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിനായി രജിസ്ട്രേഷൻ വകുപ്പിന്റെ നേതൃത്വത്തിൽ ചിട്ടി സ്ഥാപനങ്ങളിൽ പോലീസ് സഹായത്തോടെയും അല്ലാതെയും പരിശോധന നടത്തുകയും പല സ്ഥാപനങ്ങളിൽനിന്നും അനധികൃത ചിട്ടികൾ നടത്തുന്നതിന്റെ രേഖകൾ പിടിച്ചെടുക്കുകയും ഇത്തരം സ്ഥാപനങ്ങൾക്കെതിരെ ദി ചിട്ട് ഫണ്ട്സ് ആക്ട്, 1982-ന് വിധേയമായി തുടർ നടപടികൾ കൈക്കൊണ്ടു വരികയും ചെയ്യുന്നു. കൂടാതെ സംസ്ഥാനത്ത് വ്യാജ ചിട്ടികൾ നിയന്ത്രിക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ചുവരുന്ന നടപടികൾ വിലയിരുത്തുന്നതിനായി നികുതി വകുപ്പ് സെക്രട്ടറി ചെയർമാനും രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ കൺവീനറും വാണിജ്യ നികുതി കമ്മീഷണർ, കെ.എസ്.എഫ്.ഇ. മാനേജിംഗ് ഡയറക്ടർ,

ഡി.ജി.പി.-യുടെ പ്രതിനിധി, രജിസ്ട്രേഷൻ ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ, ഡെപ്യൂട്ടി രജിസ്ട്രാർ ഓഫ് ചിട്ട്സ് (ഹെഡ്ക്വാർട്ടേഴ്സ്) എന്നിവർ അംഗങ്ങളുമായി സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റിയും ജില്ലാ കളക്ടർ ചെയർമാനും ജില്ലാ രജിസ്ട്രാർ കൺവീനറും ജില്ലാ പോലീസ് സൂപ്രണ്ട്/സിറ്റി പോലീസ് കമ്മീഷണർ, സെയിൽസ് ടാക്സ് അസിസ്റ്റന്റ് കമ്മീഷണർ, ചിട്ടി ഇൻസ്പെക്ടർ/ചിട്ടി ആഡിറ്റർ എന്നിവർ അംഗങ്ങളുമായി ജില്ലാതല മോണിറ്ററിംഗ് സമിതിയും രൂപീകരിച്ചിട്ടുണ്ട്.

(ബി) കേന്ദ്ര ചിട്ടി നിയമം കേരളത്തിൽ നിലവിൽ വന്നതിനുശേഷം പ്രസ്തുത നിയമം കാര്യക്ഷമമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി രജിസ്ട്രേഷൻ വകുപ്പിന്റെ ആസ്ഥാനത്ത് നിലവിൽ ചിട്ടി വിഭാഗം മേധാവിയായി അസിസ്റ്റന്റ് ഇൻസ്പെക്ടർ ജനറൽ ഓഫ് ചിട്ടി/ഡെപ്യൂട്ടി രജിസ്ട്രാർ ഓഫ് ചിട്ട്സ് (ഹെഡ്ക്വാർട്ടേഴ്സ്), ഒരു ചിട്ടി പ്രോസിക്യൂട്ടിംഗ് ഇൻസ്പെക്ടർ, ഒരു ജൂനിയർ സൂപ്രണ്ട്, മൂന്ന് ക്ലാർക്കുമാർ എന്നീ ഉദ്യോഗസ്ഥരുണ്ട്. കൂടാതെ ചിട്ടി തർക്കപരിഹാരത്തിനായി 1982-ലെ കേന്ദ്ര ചിട്ടി നിയമത്തിലെ 64-ാം വകുപ്പ് പ്രകാരം ഒരു ചിട്ടി ആർബിട്രേറ്ററെയും നിയമിച്ചിട്ടുണ്ട്. ഇതിനുപുറമേ വ്യാജചിട്ടികൾ നിയന്ത്രിക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ചുവരുന്ന പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി സംസ്ഥാന ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ നോഡൽ ഓഫീസറെ നിയമിച്ച് ഒരു കേന്ദ്രീകൃത സംവിധാനം പ്രവർത്തനം ആരംഭിക്കുന്നതിന്റെ ആവശ്യകതയുള്ളതായി കരുതുന്നില്ല.

**വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ**

123 (2361) <u>ഡോ. കെ. ടി. ജലീൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വരുമാനം വർദ്ധിപ്പിക്കാനുള്ള ശ്രമങ്ങൾക്ക് വീഴ്ച സംഭവിച്ചിരിക്കുകയും സംസ്ഥാനത്തിന്റെ ചെലവ് വർദ്ധിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നതായി പറയപ്പെടുന്ന സ്ഥിതിവിശേഷം കണക്കിലെടുത്ത് ഇതുസംബന്ധിച്ച് സ്വീകരിച്ച പരിഹാര നടപടികൾ വിശദമാക്കാമോ ;

(ബി) പ്രസ്തുത പരിഹാര നടപടികളുടെ ഭാഗമായി ബഡ്ജറ്റ് കമ്മി കുറയ്ക്കുവാൻ

സാധിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾക്ക് വീഴ്ച സംഭവിച്ചതായി കരുതുന്നില്ല. എന്നാൽ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി എല്ലാത്തരം മദ്യം, വൈൻ, ബിയർ, സിഗററ്റ് എന്നിവയിന്മേലുള്ള നികുതി വർദ്ധിപ്പിച്ചിട്ടുണ്ട്. പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില കുറയുന്നതിന്റെ ഫലമായി നികുതിയിലുണ്ടാകുന്ന കുറവ് പരിഹരിക്കുന്നതിന് പ്രെട്രോളിന്റെ നികുതി ന്യൂട്രലാക്കി നിർത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഭൂമിയുടെ ന്യായവില പുനർനിർണ്ണയിച്ചിട്ടുണ്ട്. ഭൂനികുതി, തോട്ടം നികുതി എന്നിവയിൽ കാലോചിതമായ വർദ്ധനവ് വരുത്തുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. 19-9-2014-ലെ സ.ഉ. (പി) നമ്പർ 409/2014/ ധന പ്രകാരം നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വിദ്യാഭ്യാസ-ആരോഗ്യ വകുപ്പുകൾ ഒഴികെ എല്ലാ വകുപ്പുകളിലും നിലവിലുള്ള യൂസർ ചാർജ്ജുകളും ഫീസുകളും വർദ്ധിപ്പിച്ചിട്ടുണ്ട്. 19-9-2014-ലെ സ.ഉ. (പി) നമ്പർ 399/2014/ധന ഉത്തരവ് പ്രകാരം റവന്യൂ കുടിശ്ശികകൾ പിരിക്കുന്നത് സംബന്ധിച്ച് വിശദമായ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിനുള്ള ഊർജ്ജിത നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിനായി ഓരോ ജില്ലയിലും മന്ത്രിമാരുടെ അദ്ധ്യക്ഷതയിൽ മേൽനോട്ട സമിതികൾ രൂപീകരിക്കാൻ തീരുമാനിച്ചു. 10-11-2014-ലെ സ.ഉ. (പി) നമ്പർ 482/2014/ധന പ്രകാരം നികുതി കുടിശ്ശികയിന്മേൽ ഏർപ്പെടുത്തിയിട്ടുള്ള എല്ലാ ഉപാധിരഹിത സ്റ്റേകളും പിൻവലിച്ചു. ഒരു ലക്ഷത്തിൽ കൂടുതൽ തുകയ്ക്ക് മുകളിൽ സ്റ്റേ അനുവദിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുമന്ത്രിയും ധനമന്ത്രിയും മുഖേന മുഖ്യമന്ത്രിക്ക് ഫയൽ സർക്കുലേറ്റ് ചെയ്യേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. 25-9-2014-ലെ സ.ഉ. (എംഎസ്.) നമ്പർ 88/2014/WRD പ്രകാരം വാട്ടർ ചാർജ്ജ് പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. സർക്കാരിന്റെ വൻകിട പദ്ധതികളുടെ പൂർത്തീകരണത്തിനായി വരുന്ന ആറുമാസത്തിനുള്ളിൽ 1000 കോടി രൂപയെങ്കിലും ധനവിപണിയിൽ നിന്ന് സമാഹരിക്കുവാൻ കഴിയുമോയെന്ന് പരിശോധിക്കുവാനായി ആസൂത്രണ ബോർഡ് ഉപാദ്ധ്യക്ഷൻ ചെയർമാനായി ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. ക്ഷേമനിധി ബോർഡുകളുടെ കൈവശമുള്ള ഫണ്ട് ട്രഷറിയിൽ നിക്ഷേപിക്കാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

കൂടാതെ വിവിധ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നുമുള്ള ബാങ്ക് നിക്ഷേപങ്ങൾ ട്രഷറിയിലേക്ക് മാറ്റേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള അധിക വിഭവസമാഹരണ നിർദ്ദേശങ്ങൾ കൂടാതെ ചെലവ് ചുരുക്കലിനുള്ള നിർദ്ദേശങ്ങളും സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ മന്ത്രിമാർ സെപ്റ്റംബർ 2014 മുതൽ 2015 മാർച്ച് വരെയുള്ള അവരുടെ ശമ്പളത്തിൽ 20% കുറവ് വരുത്താൻ തീരുമാനിച്ചിട്ടുണ്ട്. 2015 മാർച്ച് 31 വരെ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനും സ്ഥാപനങ്ങളും ഏജൻസികളും രൂപീകരിക്കുന്നതിനും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) മേൽനടപടികളുടെ ഫലം ലഭിച്ചു തുടങ്ങുന്നതേയുള്ളൂ. അതിനാൽ ബഡ്ജറ്റ് കമ്മി കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ടോയെന്ന കാര്യം ഇപ്പോൾ പറയാൻ കഴിയില്ല.

**വാളയാർ ചെക്ക് പോസ്റ്റിൽ വിജിലൻസ് കളക്ട് ചെയ്ത നികുതി**

124 (2362) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വാളയാർ ചെക്ക് പോസ്റ്റിൽ 2014 നവംബറിൽ വിജിലൻസ് കളക്ട് ചെയ്ത നികുതി എത്രയാണ് ; സാധാരണയിൽ കൂടുതൽ നികുതി വരുമാനം പ്രസ്തുത ദിവസങ്ങളിൽ ഉണ്ടാകാനുള്ള കാരണം വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

വാണിജ്യ നികുതി വകുപ്പിലെ ഇന്റലിജൻസ് വിഭാഗം 2014 നവംബർ മാസം ചെക്ക് പോസ്റ്റിൽ Take over-ഉം Over Checking-ഉം നടത്തിയതുമൂലം 13.23 ലക്ഷം രൂപയുടെ നികുതി ഈടാക്കിയിട്ടുണ്ട്.

**നബാർഡ് വായ്പാ പദ്ധതി**

125 (2363) <u>ശ്രീ. ബെന്നി ബെഹനാൻ</u> :
<u>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി</u> :
<u>ശ്രീ. കെ. മുരളീധരൻ</u> :
<u>ശ്രീ. ജോസഫ് വാഴയ്ക്കൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന് ഈ സാമ്പത്തിക വർഷം നബാർഡ് വായ്പാ പദ്ധതി അനുവദിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എങ്കിൽ എത്ര കോടി രൂപയുടെ വായ്പയാണ് സംസ്ഥാനത്തിനു നൽകുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) കഴിഞ്ഞ സാമ്പത്തിക വർഷത്തേക്കാൾ എത്ര ശതമാനം കൂടുതലാണ് ഈ വർഷം അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ഡി) ഏതെല്ലാം മേഖലകളിൽ വിനിയോഗിക്കുവാനാണ് വായ്പ അനുവദിച്ചത് ; വിശദാംശങ്ങൾ നല്കാമോ ?

<u>ഉത്തരം</u>

(എ&ബി) സംസ്ഥാനത്തിന് ഈ സാമ്പത്തിക വർഷം നബാർഡ് 1000 കോടി രൂപയുടെ വായ്പാ പദ്ധതി അനുവദിച്ചിട്ടുണ്ട്.

(സി) കഴിഞ്ഞ സാമ്പത്തിക വർഷത്തേക്കാൾ 25% കൂടുതലാണ് ഈ വർഷം അനുവദിച്ചിട്ടുള്ളത്.

(ഡി) ഗ്രാമീണ മേഖലയിൽ ചുവടെ ചേർക്കുന്ന വിഭാഗങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിന് വേണ്ടിയാണ് നബാർഡ് വായ്പ അനുവദിച്ചിട്ടുള്ളത്.

1. കൃഷിയും അനുബന്ധ മേഖലകളും
2. മൃഗസംരക്ഷണം
3. വനം/വന്യജീവി സംരക്ഷണം
4. മത്സ്യബന്ധനം
5. തുറമുഖ വികസനം
6. ജലസേചനം
7. ആരോഗ്യ കുടുംബക്ഷേമം
8. കുടിവെള്ളം
9. വിദ്യാഭ്യാസം
10. റോഡുകളും പാലങ്ങളും

**വാളയാർ ചെക്ക്പോസ്റ്റിലെ നികുതി വരുമാനം**

126 (2364) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2013-14-ലെ ഇതുവരെയുള്ള വാളയാർ ചെക്ക്പോസ്റ്റിലെ നികുതി വരുമാനം എത്രയാണ്; കഴിഞ്ഞ വർഷത്തേക്കാൾ എത്ര ശതമാനം വർദ്ധനവാണ് ഉണ്ടായതെന്ന് വിശദമാക്കുമോ ?

<u>ഉത്തരം</u>

2013-14 സാമ്പത്തിക വർഷം 31-10-2013 വരെ വാളയാറിലെ നികുതി വരുമാനം 122.21 കോടി രൂപ ആയിരുന്നു. 2014-15 സാമ്പത്തിക വർഷം 31-10-2014 വരെ 131.14 കോടി രൂപയാണ് വരുമാനമായി ലഭിച്ചത്. 7 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

**ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ പൂർത്തീകരിക്കാനുള്ള സമയപരിധി**

127 (2365) <u>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് MLA- SDF-ൽ ഭരണാനുമതി നൽകിയതിനുശേഷം പ്രവൃത്തികൾ പൂർത്തീകരിക്കാനുള്ള സമയപരിധി എത്രയാണെന്ന് വിശദമാക്കാമോ ;

(ബി) റോഡിന്റെയും മറ്റും കാര്യത്തിൽ ഈ സമയപരിധിക്കുള്ളിൽ പൂർത്തിയാക്കാൻ പറ്റാത്ത സാഹചര്യം നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഇത്തരം പ്രവൃത്തികൾ പൂർത്തീകരിക്കാനുള്ള സമയം ഒരു വർഷമായി വർദ്ധിപ്പിക്കുന്ന വിഷയം പരിഗണിക്കുമോ ; വിശദാംശങ്ങൾ അറിയിക്കാമോ ?

<u>ഉത്തരം</u>

(എ) എം.എൽ.എ. ഫണ്ടിൻകീഴിലുള്ള പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സമയക്രമം നിശ്ചയിച്ചുകൊണ്ട് 20-11-2009-ൽ G.O(P) No.518/09/Fin പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| (i) | 25 ലക്ഷം രൂപവരെ | ഭരണാനുമതി നൽകിയ തീയതി മുതൽ 6 മാസം വരെ |

| | | |
|---|---|---|
| (ii) | 25 ലക്ഷം രൂപ മുതൽ 50 ലക്ഷം രൂപ വരെ | ഭരണാനുമതി നൽകിയ തീയതി മുതൽ 9 മാസം വരെ |
| (iii) | 50 ലക്ഷം രൂപ മുതൽ 75 ലക്ഷം രൂപ വരെ | ഭരണാനുമതി നൽകിയ തീയതി മുതൽ 12 മാസം വരെ |

(ബി&സി) റോഡിന്റെയും മറ്റും കാര്യത്തിൽ നിശ്ചിത പരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാൻ കഴിയാത്ത സാഹചര്യമുണ്ടെന്നും പ്രതികൂല കാലാവസ്ഥ, സൈറ്റ് കണ്ടീഷൻ മറ്റ് അപ്രതീക്ഷിത സാഹചര്യങ്ങൾ എന്നിവമൂലം സമയ പരിധിക്കകം പൂർത്തീകരിക്കാൻ കഴിയാതെ വരുന്ന പ്രവൃത്തികൾക്ക് സമയപരിധി ദീർഘിപ്പിച്ച് നൽകാറുള്ളതായി വിവിധ ജില്ലാ കളക്ടർമാർ അറിയിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് ആവശ്യമായ നിർദ്ദേശം എല്ലാ ജില്ലാകളക്ടർമാർക്കും നൽകുന്നതാണ്.

## ചേർത്തല മുഹമ്മ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്

128 (2366) <u>ശ്രീ. പി. തിലോത്തമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് കെട്ടിട വിഭാഗം ചീഫ് എൻജിനീയറുടെ ഓഫീസിൽ നിന്നും 18-3-2014-ൽ FB4/1747/എ 4 നമ്പരായി ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്ക് അയച്ച കത്ത് സെക്രട്ടേറിയറ്റിൽ ലഭിച്ചത് എന്നാണ്; മണ്ഡലം ആസ്തി വികസന ഫണ്ടിൽപ്പെടുത്തി 2013-ൽ ഭരണാനുമതി ലഭിച്ചതും സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ ചുമതലയിൽ ചേർത്തല മുഹമ്മ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് നിർമ്മിക്കുന്നതിനുവേണ്ടിയുള്ള ഉത്തരവനുസരിച്ച് പൊതുമരാമത്തിന്റെ ശീർഷകത്തിലെ തുക മാറി നിർമ്മിതി കേന്ദ്രത്തിന് കൈമാറുന്നതിനുള്ള സാങ്കേതികമായ തടസ്സം പരിഹരിക്കാൻ ഉത്തരവ് നൽകാനുള്ള പ്രസ്തുത കത്തിന് ധനകാര്യ വകുപ്പിൽ നിന്നും മറുപടി നൽകിയോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് പറയാമോ ;

(ബി) മേൽപറഞ്ഞ ഫയലിൽ നടപടി സ്വീകരിക്കാതെ ഏതെങ്കിലും ഉദ്യോഗസ്ഥൻ കാലതാമസം വരുത്തിയെങ്കിൽ, പ്രസ്തുത ഉദ്യോഗസ്ഥന്റെ പേരുവിവരം വെളിപ്പെടുത്തുമോ; കാലതാമസത്തിന്റെയും അതിന്റെ കാരണത്താൽ നിർമ്മാണം മുടങ്ങുകയും അഥവാ നടന്നാൽ തന്നെ കൂടുതൽ സാമ്പത്തിക ചെലവ് സർക്കാരിന് ഉണ്ടാവുകയും ചെയ്താൽ ഈ ഉദ്യോഗസ്ഥനെതിരെ ശിക്ഷണ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ചീഫ് എഞ്ചിനീയറുടെ 18-3-2014-ലെ കത്ത് ധനകാര്യ വകുപ്പിൽ ലഭിച്ചത് 27-3-2014-ലാണ്. ആസ്തി വികസന പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങളടങ്ങുന്ന സർക്കാർ ഉത്തരവ് 11-6-2012-ലെ G.O(P) 332/2012/ധന പ്രകാരമാണ് പുറപ്പെടുവിച്ചിട്ടുള്ളത്. ടി മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി താമസംവിനാ നടപടികൾ സ്വീകരിക്കുന്നുണ്ട്. ചേർത്തല മുഹമ്മയിലെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് നിർമ്മിക്കുന്നതിന് H&FWD ഭരണാനുമതി പുറപ്പെടുവിച്ച് PWD ബിൽഡിംഗ്സ് വഴി നടപ്പിലാക്കുന്നതിനുപകരം അക്രഡിറ്റഡ് ഏജൻസിയായ നിർമ്മിതി കേന്ദ്രത്തെയാണ് ചുമതല ഏൽപ്പിച്ചത്. അക്രഡിറ്റഡ് ഏജൻസികൾ വഴി നടപ്പിലാക്കുന്ന പ്രവൃത്തികളുടെ എഗ്രിമെന്റ് വയ്ക്കുന്നതിനും സ്ഥലം കൈമാറുന്നതിനും തുക ഡെപ്പോസിറ്റ് ചെയ്യുന്നതിനുമുള്ള സാങ്കേതിക തടസ്സം ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ, ഡെപ്പോസിറ്റ് വർക്കുകൾക്കുള്ള നടപടിക്രമങ്ങളെ സംബന്ധിച്ച് വ്യക്തത നൽകി 3-6-2014-ൽ 54/2014/ധന നമ്പർ സർക്കുലർ പുറപ്പെടുവിക്കുകയുണ്ടായി. ഈ സർക്കുലർ പൊതുമരാമത്ത് ചീഫ് എഞ്ചിനീയർക്കും അയച്ചുകൊടുത്തിട്ടുണ്ട്. എന്നാൽ ബിൽ തുക അഡ്വാൻസായി പിൻവലിക്കാൻ സാധിക്കാത്തതുകാരണം അക്രഡിറ്റഡ് ഏജൻസികൾ ചെയ്ത പ്രവൃത്തികളുടെ തുക ഡെപ്പോസിറ്റ് ചെയ്യാനുള്ള നിർദ്ദേശം നടപ്പിലാക്കാൻ കഴിയില്ലെന്ന് ചീഫ് എഞ്ചിനീയർ വീണ്ടും 16-8-2014-ലെ കത്ത് മുഖാന്തരം അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ജി.ഒ (പി)304/2014/ധന തീയതി 21-7-2014 ഉത്തരവ് പ്രകാരം അക്രഡിറ്റഡ് ഏജൻസികൾ ചെയ്യുന്ന പ്രവൃത്തികൾക്കുള്ള ബില്ലിനും സീനിയോരിറ്റി പ്രകാരം പേമെന്റ് നൽകുന്നതിന് ഭരണ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനെ തുടർന്ന് അക്രഡിറ്റഡ് ഏജൻസികൾ പ്രവൃത്തികൾ ഏറ്റെടുക്കുമ്പോൾ ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടതിന്റെ വെളിച്ചത്തിൽ അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം) ബന്ധപ്പെട്ട ചീഫ് എഞ്ചിനീയർ മാരുമായി 19-11-2014-ൽ യോഗം ചേരുകയും യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ആസ്തി വികസന പദ്ധതിയിലെ പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങൾ/വ്യവസ്ഥകൾ സംബന്ധിച്ച് കൂടുതൽ വ്യക്തത വരുത്തി സർക്കാർ ഉത്തരവുകൾ പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്. ടി യോഗത്തിന്റെ മിനിറ്റ്സ് ചീഫ് എഞ്ചിനീയർക്ക് അയച്ചുകൊടുത്തിട്ടുണ്ട്.

(ബി) ടി മറുപടിയുടെ വെളിച്ചത്തിൽ ചീഫ് എഞ്ചിനീയറുടെ കത്തിന്മേൽ നടപടി സ്വീകരിക്കുന്നതിൽ ഒരു ഉദ്യോഗസ്ഥനും വ്യക്തിപരമായ വീഴ്ചവരുത്തിയിട്ടില്ല. ആസ്തി വികസന ഫണ്ടിനുകീഴിൽ എം.എൽ.എ.-മാർ നിർദ്ദേശിക്കുന്ന പ്രവൃത്തികൾ ധനവകുപ്പിന്റെ 28-12-2012-ലെ 73/2012/ധന സർക്കുലർ അനുശാസിക്കുംവിധം

സമയബന്ധിതമായി പൂർത്തിയാക്കി ധനകാര്യാനുമതി നൽകുന്നതിന് പ്രത്യേക ശ്രദ്ധ നൽകാറുണ്ട്. ഇക്കാര്യത്തിൽ തുടർന്നും കൂടുതൽ ശ്രദ്ധ ചെലുത്തുന്നതാണ്.

**പന്തളത്തെ കുറുന്തോട്ടയം പാലം**

129 (2367) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പന്തളത്തെ കുറുന്തോട്ടയം പാലം പുനർനിർമ്മിക്കുന്നത് സംബന്ധിച്ച ഫയൽ നടപടി അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പൊതുമരാമത്ത് വകുപ്പിൽ നിന്നും അങ്ങയുടെ ആഫീസിൽ പരിഗണനയ്ക്കായി ശിപാർശ ചെയ്യപ്പെട്ടിട്ടുള്ള പ്രസ്തുത ഫയലിന്മേൽ സാധ്യമാകുന്ന ഫണ്ട് ലഭ്യത ഉറപ്പുവരുത്തുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ ;

(സി) ശബരിമലയുമായി ബന്ധപ്പെട്ട തെക്കേയിന്ത്യയിലെ തന്നെ പ്രധാന തീർത്ഥാടന കേന്ദ്രമായി മാറിക്കഴിഞ്ഞ പന്തളത്ത് ഇടുങ്ങിയ പാലം കാരണം ഉണ്ടാകുന്ന ഗതാഗതക്കുരുക്ക് സമയബന്ധിതമായി പരിഹരിക്കുന്നതിന് പ്രസ്തുത ഫയലിന്മേൽ സമയബന്ധിത അനുകൂലതീർപ്പ് സാദ്ധ്യമാക്കുമോ ?

ഉത്തരം

(എ-സി) പന്തളം ജംഗ്ഷനിൽ എം.സി. റോഡിലെ കുറുന്തോട്ടയം പാലം വീതി കൂട്ടുന്നതുമായി ബന്ധപ്പെട്ടുള്ള പ്രൊപ്പോസൽ ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ ശിപാർശ സഹിതം ധനകാര്യ വകുപ്പിൽ ലഭ്യമാക്കുകയും പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകാൻ ധനവകുപ്പ് അംഗീകരം നൽകുകയും ചെയ്തിട്ടുണ്ട്.

**പെൻഷൻ ഡിപ്പാർട്ട്മെന്റ് രൂപീകരണം**

130 (2368) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ സർവ്വീസ് പെൻഷൻകാർക്കും മറ്റു പെൻഷൻ വാങ്ങുന്നവർക്കും വേണ്ടി പൊതുഭരണ വകുപ്പിനുകീഴിൽ പെൻഷൻ ഡിപ്പാർട്ട്മെന്റ് രൂപീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) പെൻഷൻകാർ ഇന്നനുഭവിക്കുന്ന നിരവധി പ്രയാസങ്ങൾക്ക് പെൻഷൻ

ഡിപ്പാർട്ട്മെന്റ് രൂപീകരണം വഴി പരിഹാരമാവും എന്ന് കരുതുന്നുണ്ടോ ;

(സി) ഇതുസംബന്ധിച്ച് എന്തെങ്കിലും നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ;

(ഡി) ഇതുസംബന്ധിച്ച് എന്തെങ്കിലും പഠന റിപ്പോർട്ട് ഉണ്ടോ ; വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് 1-4-2013 മുതൽ ദേശീയ പെൻഷൻ പദ്ധതി (എൻ.പി.എസ്.) നിലവിൽ വന്ന സാഹചര്യത്തിലും പെൻഷൻകാരുടെ കാര്യങ്ങൾ ധനകാര്യ (പെൻഷൻ) വിഭാഗവും ട്രഷറി വകുപ്പും തൃപ്തികരമായ രീതിയിൽ നടത്തുന്നതിനാലും പെൻഷൻ ഡിപ്പാർട്ട്മെന്റ് രൂപീകരണത്തിന് ഉദ്ദേശിക്കുന്നില്ല.

(സി) യു.ഡി.എഫ്. സ്റ്റേറ്റ് കമ്മിറ്റിയും കേരളാ ഫിനാൻസ് സെക്രട്ടേറിയേറ്റ് അസോസിയേഷനും ഇതുസംബന്ധിച്ച് നിവേദനങ്ങൾ നൽകിയിട്ടുണ്ട്.

(ഡി) ഇല്ല.

## സ്റ്റേറ്റ് ടാക്സ് ആന്റ് ഡ്യൂട്ടീസ്

131 (2369) ഡോ. ടി. എം. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ സ്റ്റേറ്റ് ടാക്സ് ആന്റ് ഡ്യൂട്ടീസ് ഇനത്തിൽ ലക്ഷ്യമിട്ട തുക എത്രകോടി രൂപയാണ്; ഇത് മുൻ സാമ്പത്തിക വർഷം യഥാർത്ഥത്തിൽ ലഭിച്ചതിന്റെ എത്ര ശതമാനം അധിക തുകയായിരുന്നു ;

(ബി) 2014-15-ൽ നാളിതുവരെ ലഭിച്ച തുക എത്ര ; മുൻ സാമ്പത്തിക വർഷത്തെ ഇതേ കാലയളവിൽ ലഭിച്ച തുക എത്ര ; മുൻവർഷം ഇക്കാലയളവിൽ ലഭിച്ചതിന്റെ എത്ര ശതമാനം തുക ഈ വർഷം ഇതിനകം ലഭിക്കുകയുണ്ടായി ; വിശദമാക്കാമോ ;

(സി) ബഡ്ജറ്റിൽ ആദ്യ പകുതി വർഷം ലക്ഷ്യമിട്ടതിന്റെ എത്ര ശതമാനം നികുതി യഥാർത്ഥത്തിൽ ലഭിക്കുകയുണ്ടായി ?

ഉത്തരം

(എ) 2014-15-ലെ സംസ്ഥാന ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം സ്റ്റേറ്റ് ടാക്സ്

ആന്റ് ഡ്യൂട്ടീസ് ഇനത്തിൽ ലക്ഷ്യമിട്ട വരുമാനം 42467.49 കോടി രൂപയാണ്. ഇത് 2013-14-ൽ ഈ ഇനത്തിൽ ലഭിച്ച വരുമാനത്തേക്കാൾ 32.73 ശതമാനം കൂടുതലാണ്.

(ബി) അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം നടപ്പു സാമ്പത്തിക വർഷം ഒക്ടോബർ മാസം അവസാനിക്കുമ്പോൾ സ്റ്റേറ്റ് ടാക്സ് ആന്റ് ഡ്യൂട്ടീസ് ഇനത്തിൽ ലഭിച്ച വരുമാനം 19830.23 കോടി രൂപയാണ്. മുൻ സാമ്പത്തിക വർഷം സമാന കാലയളവിൽ ഈ ഇനത്തിൽ ലഭിച്ചത് 17936.78 കോടി രൂപയാണ്. മുൻവർഷത്തെ സമാന കാലയളവുമായി താരതമ്യപ്പെടുത്തുമ്പോൾ നടപ്പുസാമ്പത്തിക വർഷം ഒക്ടോബർ മാസം അവസാനിക്കുമ്പോൾ സ്റ്റേറ്റ് ടാക്സ് ആന്റ് ഡ്യൂട്ടീസിൽ നിന്നും ലഭിച്ച വരുമാനത്തിൽ 10.56 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

(സി) ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം 2014-15 സാമ്പത്തിക വർഷം സ്റ്റേറ്റ് ടാക്സ് ആന്റ് ഡ്യൂട്ടീസ് ഇനത്തിൽ പ്രതീക്ഷിക്കുന്ന ആകെ വരുമാനത്തിന്റെ 40 ശതമാനം സാമ്പത്തിക വർഷത്തിന്റെ ആദ്യ പകുതിയിൽ ലഭിച്ചിട്ടുണ്ട്.

**കാസർഗോഡ് ചെക്ക്പോസ്റ്റുകളിലെ അഴിമതി**

132 (2370) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കാസർഗോഡ് ജില്ലയിലേക്ക് കർണ്ണാടക അതിർത്തിയിലുള്ള ചെക്ക് പോസ്റ്റിലൂടെ കടന്നുവന്ന വാഹനങ്ങളിൽ എത്ര വാഹനങ്ങളിലെ ചരക്കുകൾക്കാണ്, നികുതി ഈടാക്കാത്തതിനാൽ ഇന്റലിജൻസ് വിഭാഗം പിടികൂടി നികുതി ഈടാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ; നികുതി ഈടാക്കാതെ കടത്തിവിട്ട ഉദ്യോഗസ്ഥർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ ?

ഉത്തരം

ഈ സാമ്പത്തികവർഷം കാസർഗോഡ് ജില്ലയിലെ കർണ്ണാടക അതിർത്തിയിലുള്ള ചെക്ക്പോസ്റ്റിലൂടെ കടന്നുവന്ന രണ്ട് ചരക്കുവാഹനങ്ങളിൽ നിന്നായി 7.25 ലക്ഷം രൂപ ഇന്റലിജൻസ് വിഭാഗം പിടികൂടി സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കിയിട്ടുണ്ട്. ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ അന്വേഷണം

നടന്നുവരുന്നു.

### ബാലുശ്ശേരി താലൂക്ക് ആശുപത്രിയിലെ തസ്തികകൾ

133 (2371) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി അസംബ്ലി മണ്ഡലത്തിലെ ബാലുശ്ശേരി താലൂക്ക് ആശുപത്രിയിൽ തസ്തികകൾ അനുവദിക്കുന്നത് സംബന്ധിച്ച് ആരോഗ്യ വകുപ്പ് ശിപാർശ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ടോ ;

(ബി) ഡോക്ടർമാർ ഇല്ലാത്തതു കാരണം ഉച്ചയ്ക്കുശേഷം അടച്ചിടേണ്ടി വരുന്ന ഈ താലൂക്ക് ആശുപത്രിയിൽ തസ്തികകൾ അനുവദിക്കുന്ന കാര്യം അനുഭാവപൂർവ്വം പരിഗണിക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) പുതിയ തസ്തികകൾ അനുവദിക്കുന്നതിന് നിയന്ത്രണം ഉള്ളതിനാൽ ശിപാർശ തൽക്കാലം പരിഗണിക്കാൻ നിർവ്വാഹമില്ല.

### ബാലുശ്ശേരി താലൂക്ക് ആശുപത്രിയിൽ ഡോക്ടർമാരെ അനുവദിക്കൽ

134 (2372) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാലുശ്ശേരി താലൂക്ക് ആശുപത്രിയിൽ ഉച്ചയ്ക്കുശേഷം ഡോക്ടർമാർ ഇല്ലാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇവിടെ ഡോക്ടർമാരെ നിയോഗിക്കുന്നതിന് ആരോഗ്യ വകുപ്പ് സമർപ്പിച്ച ശിപാർശ പരിഗണിച്ച് അനുമതി നൽകുമോ ?

<u>ഉത്തരം</u>

(എ) ധനകാര്യ വകുപ്പിന്റെ ശ്രദ്ധയിൽ വന്നിട്ടില്ല.

(ബി) പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിന് നിയന്ത്രണമുള്ളതിനാൽ ശിപാർശ തൽക്കാലം പരിഗണിക്കാൻ നിർവ്വാഹമില്ല.

### പങ്കാളിത്ത പെൻഷൻ പദ്ധതി

135 (2373) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന്

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

2013 ഏപ്രിലിനു മുമ്പ് സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി ചെയ്തവർക്ക് സർക്കാർ വകുപ്പുകളിൽ ജോലി ലഭിച്ചാൽ സ്റ്റാറ്റ്യൂട്ടറി പെൻഷൻ ലഭിക്കുമോ ; വിശദാംശം നൽകുമോ ?

<u>ഉത്തരം</u>

2013 ഏപ്രിൽ 1-നു മുമ്പ് കെ.എസ്.ആർ. ഭാഗം III ബാധകമായിട്ടുള്ള സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി ചെയ്തവർക്ക് 2013 ഏപ്രിൽ 1 മുതൽ സർക്കാർ വകുപ്പുകളിൽ ജോലി ലഭിച്ചാൽ കെ.എസ്.ആർ. ഭാഗം III പ്രകാരമുള്ള പെൻഷനിൽ തുടരുന്നതിന് അനുവദിച്ചുകൊണ്ട് 14-7-2014-ലെ സ.ഉ.(പി) നമ്പർ 279/2014/ധനം പ്രകാരം ഉത്തരവായിട്ടുണ്ട്. അത്തരക്കാർക്ക് പ്രസ്തുത സർക്കാർ ഉത്തരവിലെ നിബന്ധനകൾക്കു വിധേയമായി കെ.എസ്.ആർ. ഭാഗം III പ്രകാരമുള്ള പെൻഷൻ ആനുകൂല്യങ്ങൾക്ക് അർഹതയുണ്ട്.

**പങ്കാളിത്ത പെൻഷൻ വിഹിതം**

136 (2374) <u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2013 ഏപ്രിൽ ഒന്ന് മുതൽ നാളിതുവരെ എത്ര പേർ സംസ്ഥാന സർക്കാർ സർവ്വീസിൽ പ്രവേശിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ;

(ബി) ജീവനക്കാരിൽ നിന്ന് ശേഖരിച്ചതും, സർക്കാർ പങ്കാളിത്തവും ഉൾപ്പെടെ എത്ര തുക സംസ്ഥാന ട്രഷറിയിൽ നിക്ഷേപിച്ചെന്ന് വെളിപ്പെടുത്താമോ ;

(സി) ടി തുക മറ്റേതെങ്കിലും ബാങ്കുകളിലോ ഏജൻസികളിലോ നിക്ഷേപിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്താമോ ?

<u>ഉത്തരം</u>

(എ) 2013 ഏപ്രിൽ ഒന്നുമുതൽ 3-12-2014 വരെ സ്പാർക്ക് ഡേറ്റാ ബേസിൽ നിന്നും ലഭ്യമായ വിവരം അനുസരിച്ച് 27670 പേർ സംസ്ഥാന സർക്കാർ സർവ്വീസിൽ പ്രവേശിച്ചിട്ടുണ്ട്.

(ബി&സി) ദേശീയ പെൻഷൻ പദ്ധതിയിലെ ഫണ്ട് നിക്ഷേപവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചും 14-8-2008-ലെ കേന്ദ്ര സർക്കാരിലെ 5(88)/2006-പി.ആർ. എന്ന നോട്ടിഫിക്കേഷൻ പ്രകാരവും എസ്.ബി.ഐ. പെൻഷൻ ഫണ്ട് പ്രൈവറ്റ് ലിമിറ്റഡ്, യു.റ്റി.ഐ. റിട്ടയർമെന്റ് സൊല്യൂഷൻസ് ലിമിറ്റഡ്, എൽ.ഐ.സി. പെൻഷൻ ഫണ്ട് ലിമിറ്റഡ് എന്നീ ഫണ്ട് മാനേജർമാർ മുഖേന ഗവൺമെന്റ് സെക്യൂരിറ്റികൾ, ടേം ഡെപ്പോസിറ്റുകൾ റുപ്പി ബോണ്ടുകൾ, മണി മാർക്ക് ഇൻസ്ട്രുമെന്റുകൾ, കമ്പനി ഷെയറുകൾ എന്നീ വിഭാഗങ്ങളിലാണ് ദേശീയ പെൻഷൻ പദ്ധതിയിലെ പെൻഷൻ ഫണ്ട് നിക്ഷേപിക്കുന്നത്. പെൻഷൻ ഫണ്ടിലേക്ക് 31-10-2014 വരെ സംസ്ഥാന ജീവനക്കാർക്കുവേണ്ടി സർക്കാർ വിഹിതമായി 7.395 കോടി രൂപ നൽകിയിട്ടുണ്ട്. ദേശീയ പെൻഷൻ പദ്ധതിയിലെ പെൻഷൻ ഫണ്ട് നിക്ഷേപം സംബന്ധിച്ചുള്ള കേന്ദ്ര സർക്കാർ നോട്ടിഫിക്കേഷനിൽ സംസ്ഥാന ട്രഷറി ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ ദേശീയ പെൻഷൻ ഫണ്ട് സംസ്ഥാന ട്രഷറിയിൽ നിക്ഷേപിച്ചിട്ടില്ല.

## സാമ്പത്തിക ഓഡിറ്റിംഗ്

137 (2375) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമ്പത്തിക ഓഡിറ്റിംഗ് ശക്തിപ്പെടുത്തുന്നതിനായി പുറപ്പെടുവിച്ച 32/2005/ധന സർക്കുലറിന്റെ വിശദാംശം നൽകുമോ ;

(ബി) പ്രസ്തുത സർക്കുലറിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(സി) സാമ്പത്തിക ഓഡിറ്റിംഗ് ശക്തിപ്പെടുത്തുന്നതിന് ഈ സർക്കാർ പുതിയ കർമ്മ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) സർക്കുലർ 32/2005-ൽ താഴെപ്പറയുന്ന കാര്യങ്ങൾ നിർദ്ദേശിച്ചിരിക്കുന്നു.

1. എല്ലാ വകുപ്പുതലവന്മാരും തങ്ങളുടെ വകുപ്പിൽ ഫിനാൻസ് ഓഫീസർ/അക്കൗണ്ട്സ് ആഫീസർ തലവനായും മറ്റ് ഉന്നത ഉദ്യോഗസ്ഥർ അംഗങ്ങളായും ഒരു മോണിറ്ററിംഗ് കമ്മിറ്റി ഉണ്ടാക്കേണ്ടതും ഇവർ തങ്ങളുടെ ഓഫീസിലെ ഇന്റേണൽ ആഡിറ്റ് വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ സ്ഥിരമായി

വിലയിരുത്തേണ്ടതും ആഡിറ്റ് റിപ്പോർട്ടുകളുടെ തുടർ നടപടികൾ വിലയിരുത്തേണ്ടതുമാണ്.

2. പ്രസ്തുത മോണിറ്ററിംഗ് കമ്മിറ്റി ഓരോ മൂന്ന് മാസത്തിലും അതത് വകുപ്പുകളിലെ ഇന്റേണൽ ആഡിറ്റ് വിഭാഗത്തിന്റെ പ്രവർത്തനം വിലയിരുത്തേണ്ടതും വകുപ്പിന് കീഴിലുള്ള എല്ലാ ഓഫീസുകളിലും ആഡിറ്റും, ആഡിറ്റ് റിപ്പോർട്ടുകളുടെ തുടർനടപടികളും കൃത്യമായും കാര്യക്ഷമമായും നടപ്പാക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതും ആകുന്നു.

3. ഉപ ഓഫീസുകളിൽ ഓഡിറ്റ് ജോലികളും അതിന്റെ തുടർ നടപടികളും നടത്തുന്നതിലേക്കായി എല്ലാ ആഫീസുകളിലും ആഭ്യന്തര ക്രമീകരണത്തിലൂടെ പര്യാപ്തമായ ജീവനക്കാരെ ഇന്റേണൽ ആഡിറ്റ് വിഭാഗത്തിലേക്ക് നൽകേണ്ടതാണ്.

4. എല്ലാ വകുപ്പുതലവന്മാരും ദീർഘകാലമായി തീർപ്പാക്കാതെ അവശേഷിക്കുന്ന ആഡിറ്റ് തടസ്സവാദങ്ങൾ തീർപ്പാക്കുവാൻ അടിയന്തരവും സമയബന്ധിതവുമായ നടപടി എടുക്കേണ്ടതാണ്. ആവശ്യമെന്നു തോന്നുന്നപക്ഷം ആഡിറ്റ് കാലയളവിൽ ചുമതലയുണ്ടായിരുന്ന ഉദ്യോഗസ്ഥരുടെ സഹായവും തേടേണ്ട താണെന്നും ഇക്കാര്യത്തിൽ വീഴ്ചവരുത്തിയാൽ അത് ഗുരുതരമാണെന്ന് വിലയിരുത്തുകയും അത് ആ ഉദ്യോഗസ്ഥന്റെ വ്യക്തിപരമായ ബാദ്ധ്യതയായി കണക്കാക്കുകയും ചെയ്യുന്നതാണ്.

5. എല്ലാ ഓഫീസുകളിലും കേരള ഫിനാൻഷ്യൽ കോഡ് 1-ാം വാല്യത്തിൽ ആർട്ടിക്കൾ 63-ൽ നിഷ്കർഷിക്കുംപ്രകാരം ആഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

(ബി) എല്ലാ വകുപ്പുതലവന്മാരിൽ നിന്നും ഇതിനെ സംബന്ധിച്ച വിശദാംശങ്ങൾ ശേഖരിക്കേണ്ടതുണ്ട്. ആയത് ലഭ്യമായതിനുശേഷം അതുകൂടി ഏകോപിപ്പിച്ച് മറുപടി നൽകാവുന്നതാണ്.

(സി) പോലീസ്, മൃഗസംരക്ഷണ വകുപ്പ്, സാമൂഹ്യനീതി വകുപ്പ്, പഞ്ചായത്ത്, പബ്ലിക് ലൈബ്രറി, പുരാവസ്തു വകുപ്പ്, സാമൂഹിക നീതി വകുപ്പ്, ജലവിഭവ വകുപ്പ്, സ്റ്റേറ്റ് ഇൻഷ്വറൻസ് വകുപ്പ്, എക്സൈസ് ഇവ ഒഴികെയുള്ള എല്ലാ വകുപ്പുകളിലും 10-6-2005-ലെ 32/2005/ധന സർക്കുലർ പ്രകാരം ഇന്റേണൽ ആഡിറ്റ് വിഭാഗം രൂപീകരിക്കുകയും ആഡിറ്റ് റിപ്പോർട്ടുകൾ ധനകാര്യ (ഐ.എ.സി.) വകുപ്പിലേക്ക് അയച്ചുതരികയും ചെയ്യുന്നുണ്ട്. ഇന്റേണൽ ആഡിറ്റ് വിഭാഗം രൂപീകരിച്ചിട്ടില്ലാത്ത ടി വകുപ്പുകളുടെ തലവന്മാർക്ക് അർദ്ധ ഔദ്യോഗിക കത്ത് വഴി ഇന്റേണൽ ഓഡിറ്റ് വിഭാഗം രൂപീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇന്റേണൽ ആഡിറ്റിംഗ്

ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ധനകാര്യ വിഭാഗത്തിൽ പുനർവിന്യാസം വഴി ഒരു സെക്ഷൻ കൂടി (ഇന്റേണൽ ആഡിറ്റ് സെൽ) രൂപീകരിച്ചിട്ടുണ്ട്.

**സാമ്പത്തിക പ്രതിസന്ധി**

138 (2376) ശ്രീ. എം. എ. ബേബി :
ഡോ. ടി. എം. തോമസ് ഐസക് :
ശ്രീമതി കെ. കെ. ലതിക :
ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനങ്ങളുടെ മേൽ നികുതിഭാരമേൽപ്പിക്കാത്തവിധം സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചമാക്കുന്നതിന് വേണ്ട മാർഗ്ഗങ്ങൾ സ്വീകരിക്കുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സാമ്പത്തിക പ്രതിസന്ധി പരിഹരിക്കാൻ നിലവിലുള്ള നികുതികൾ കൃത്യമായി പിരിച്ചെടുക്കുന്നതുൾപ്പെടെ വരുമാനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ കഴിയുമെന്ന് പരിശോധിച്ചിട്ടുണ്ടോ ;

(സി) ഇക്കാര്യത്തിൽ വിവിധ മേഖലകളിലുള്ളവരുടെ നിർദ്ദേശങ്ങൾ സ്വീകരിക്കുന്നതിനും ആശയവിനിമയം നടത്തുന്നതിനും തയ്യാറാകാത്തത് പ്രതിസന്ധി കൂടുതൽ മൂർച്ഛിക്കുന്നതിനു കാരണമാകുന്നുണ്ടോ ?

ഉത്തരം

(എ) സാധാരണ ജനങ്ങൾക്കുമേൽ അധിക ഭാരമുണ്ടാകാത്ത തരത്തിലാണ് പുതിയ നികുതി നിർദ്ദേശം വിഭാവനം ചെയ്തിട്ടുള്ളത്. അതിനാൽ ഇത്തരം ആക്ഷേപങ്ങൾക്ക് അടിസ്ഥാനമില്ല.

(ബി) നിലവിലുള്ള സാമ്പത്തിക ഞെരുക്കം കുറയ്ക്കുന്നതിനായി സർക്കാർ വിവിധ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. 19-9-2014-ലെ സ.ഉ (പി) നമ്പർ 399/2014/ധന ഉത്തരവ് പ്രകാരം റവന്യൂ കുടിശ്ശികകൾ പിരിക്കുന്നത് സംബന്ധിച്ച് വിശദമായ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിനായി ഓരോ ജില്ലയിലും മന്ത്രിമാരുടെ അദ്ധ്യക്ഷതയിൽ മേൽനോട്ട സമിതികൾ രൂപീകരിച്ചു. 10-11-2014-ലെ സ.ഉ (പി) നമ്പർ 482/2014/ധന പ്രകാരം നികുതി കുടിശ്ശികയിന്മേൽ ഏർപ്പെടുത്തിയിട്ടുള്ള എല്ലാ ഉപാധിരഹിത സ്റ്റേകളും പിൻവലിച്ചു.

19-9-2014-ലെ സ.ഉ. (പി) നമ്പർ 409/2014/ധന പ്രകാരം നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വിദ്യാഭ്യാസ-ആരോഗ്യ വകുപ്പുകൾ ഒഴികെ എല്ലാ വകുപ്പുകളിലും നിലവിലുള്ള യൂസർ ചാർജ്ജുകളും ഫീസുകളും വർദ്ധിപ്പിച്ചിട്ടുണ്ട്. സർക്കാരിന്റെ വൻകിട പദ്ധതികളുടെ പൂർത്തീകരണത്തിനായി വരുന്ന ആറുമാസത്തിനുള്ളിൽ 1000 കോടി രൂപയെങ്കിലും ധനവിപണിയിൽ നിന്ന് സമാഹരിക്കുവാൻ കഴിയുമോ എന്ന് പരിശോധിക്കുവാനായി ആസൂത്രണ ബോർഡ് ഉപാദ്ധ്യക്ഷൻ ചെയർമാനായി ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്.

(സി) ഇല്ല.

**മാവേലിക്കര മണ്ഡലത്തിൽ തെക്കേക്കര ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണം.**

139 (2377) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ എം.എൽ.എ.-യുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി പി.ഡബ്ല്യൂ.ഡി. എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ച് ധനകാര്യ വകുപ്പിൽ നിന്നും ഭരണാനുമതി ലഭ്യമായ തെക്കേക്കര ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണം പ്രാവർത്തികമാക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്നു വ്യക്തമാക്കുമോ ;

(ബി) ഈ പ്രവൃത്തി പി.ഡബ്ല്യൂ.ഡി. കെട്ടിട വിഭാഗത്തിന് ഡെപ്പോസിറ്റ് വർക്കായാണ് ലഭിച്ചിട്ടുള്ളത് എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കുന്നതിന്, പി.ഡബ്ല്യൂ.ഡി.-ക്ക് ഡെപ്പോസിറ്റ് വർക്കായി ചെയ്യുന്നതിനുള്ള ധനകാര്യ വകുപ്പിൽ നിന്നുള്ള അനുമതി അടിയന്തരമായി ലഭ്യമാക്കുമോ; വിശദാംശങ്ങൾ നൽകുമോ ;

(ഡി) ഈ പ്രവൃത്തി പി.ഡബ്ല്യൂ.ഡി.-ക്ക് ഡെപ്പോസിറ്റ് വർക്കായി നൽകുന്നതിന് എൽ. എസ്. ജി. ഡി. കത്ത് ലഭ്യമാക്കിയിട്ടുണ്ടോ ; ഫയൽ നമ്പർ ലഭ്യമാക്കുമോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ&ബി) മാവേലിക്കര നിയോജകമണ്ഡലത്തിലെ തെക്കേക്കര ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിടനിർമ്മാണം എന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്

PWD എഞ്ചിനീയറിംഗ് വിഭാഗമാണ്. ആയതിനാലാണ് 3-6-2014-ലെ 54/2014/ Fin ഉത്തരവുപ്രകാരം ടി പ്രവർത്തി PWD-ക്ക് ഡെപ്പോസിറ്റ് വർക്കായി നടപ്പാക്കുന്നതിനും ഇതിലേക്കാവശ്യമായ തുക 4515-00-800-96 ഹെഡിൽ നിന്നും പിൻവലിച്ച് PWD-ക്ക് ഡെപ്പോസിറ്റ് വർക്കായി ചെയ്യുന്നതിനുള്ള അനുമതി നൽകി, 10-7-2014-ൽ G.O. (Rt) No. 1784/2014/LSGD പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് ഭരണാനുമതി നൽകിയിട്ടുള്ളത്. (ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.)*

(സി) പ്രവൃത്തി നടപ്പാക്കുന്നതിന് ധനാനുമതി നൽകിയിട്ടുള്ളതിനാൽ തുടർ നടപടികൾ സ്വീകരിക്കേണ്ടത് നിർവ്വഹണ വകുപ്പായ തദ്ദേശസ്വയംഭരണ വകുപ്പാണ്.

(ഡി) എൽ.എസ്.ജി.ഡി.-യിൽ നിന്നും കത്ത് ലഭിച്ചിട്ടില്ല.

## മാവേലിക്കര മണ്ഡലത്തിൽ എം.എൽ.എ.-യുടെ ആസ്തി വികസന പദ്ധതിയിലെ പ്രവൃത്തികൾ

**140 (2378)** <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലിക്കര മണ്ഡലത്തിൽ എം.എൽ.എ.-യുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിന്, ധനകാര്യ വകുപ്പിന്റെ അനുമതിക്ക് സമർപ്പിച്ചിട്ടുള്ള പ്രവൃത്തികളുടെ വിശദാംശങ്ങളും ഫയൽ നമ്പറുകളും ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന വിശദമാക്കുമോ ;

(സി) ഈ പ്രവൃത്തികൾക്ക് അടിയന്തരമായി ഭരണാനുമതി ലഭ്യമാക്കാമോ ?

<u>ഉത്തരം</u>

(എ-സി) മാവേലിക്കര നിയോജക മണ്ഡലത്തിൽ നടപ്പിലാക്കുന്നതിനായി ധനകാര്യാനുമതിക്കായി വകുപ്പിൽ ലഭിച്ചിട്ടുള്ള പ്രവൃത്തികളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.* ടി പ്രവൃത്തി നിർദ്ദേശങ്ങൾ ധനവകുപ്പിന്റെ പരിശോധനയിലാണ്. ധനാനുമതിക്കനുസൃതമായി ഭരണാനുമതി നൽകുന്നതിന് ബന്ധപ്പെട്ട ഭരണ വകുപ്പുകൾക്ക് നിർദ്ദേശം നൽകുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**സാമ്പത്തിക ബുദ്ധിമുട്ടുകൾ കണക്കിലെടുത്തുള്ള ചെലവു ചുരുക്കൽ**

141 (2379) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമ്പത്തിക ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് അനാവശ്യ ചെലവുകൾ ചുരുക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കുമോ ;

(ബി) വകുപ്പുകൾ ബാങ്കുകളിൽ പണം നിക്ഷേപിക്കുന്നതിന് പകരം ട്രഷറികളിൽ നിക്ഷേപിക്കുവാൻ ആവശ്യമായ നിർദ്ദേശം നൽകുമോ ;

ഉത്തരം

(എ) 19-9-2014-ലെ സ.ഉ. (പി) നമ്പർ 400/2014/ധന പ്രകാരം 2015 മാർച്ച് 31 വരെ പുതിയ തസ്തിക/പുതിയ സ്ഥാപനങ്ങൾ/ഏജൻസികൾ എന്നിവ സൃഷ്ടിക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തി.

പുതിയ വാഹനങ്ങൾ വാങ്ങുന്നതിനും, വിദേശയാത്രകൾക്കും നിയന്ത്രണം ഏർപ്പെടുത്തി. ആരോഗ്യ കുടുംബക്ഷേമം ഒഴികെയുള്ള വകുപ്പുകളിൽ നിന്നുള്ള ജീവനക്കാരുടെ വർക്കിംഗ് അറേഞ്ച്മെന്റ് നിർത്തലാക്കി. സർക്കാർ ഓഫീസുകളിൽ വൈദ്യുതി, ജലം, സ്റ്റേഷനറി എന്നിവയുടെ ഉപഭോഗം നിയന്ത്രിക്കുന്നതുൾപ്പെടെയുള്ള നിർദ്ദേശങ്ങൾക്കൊപ്പം മുൻകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള ചെലവു ചുരുക്കൽ ഉത്തരവുകളും കർശനമായി പാലിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. 1-12-2014-ലെ സ.ഉ. (പി) നമ്പർ 523/2014/ധന പ്രകാരം സർക്കാർ വകുപ്പുകൾ/പൊതുമേഖല സ്ഥാപനങ്ങൾ/സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ ഡയറികൾ അച്ചടിക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തി. സംസ്ഥാനത്തെ മന്ത്രിമാർ സെപ്റ്റംബർ 2014 മുതൽ 2015 മാർച്ച് വരെയുള്ള അവരുടെ ശമ്പളത്തിൽ 20% കുറവ് വരുത്താൻ തീരുമാനിച്ചിട്ടുണ്ട്. മുപ്പതിനായിരത്തോളം താത്ക്കാലിക തസ്തികകൾ അധികമാണെന്ന് സർക്കാർ കണ്ടെത്തിയിട്ടുണ്ട്. ഇവയുടെ 25 ശതമാനം 2014-15 ൽ തന്നെ നിർത്തലാക്കാനും തീരുമാനിച്ചിട്ടുണ്ട്. വകുപ്പുകളിൽ പുതുതായി വാഹനങ്ങൾ വാങ്ങുന്നതിനുപകരമായി വാഹനം വാടകയ്ക്ക് മാത്രമേ എടുക്കാവൂ, പുതുതായി ആരംഭിക്കുന്ന ഓഫീസുകളിൽ വാടകയ്ക്ക് മാത്രമേ വാഹനം അനുവദിക്കാവൂ, ദീർഘകാല ശമ്പളരഹിത അവധി അനുവദിക്കുന്നതുമൂലമുണ്ടാകുന്ന ഒഴിവുകൾ താത്കാലികമായി മാത്രമേ നികത്താവൂ

തുടങ്ങിയ നിർദ്ദേശങ്ങളും 11-10-2013-ലെ 515/2013/ധന. നമ്പർ ഉത്തരവുപ്രകാരം നൽകിയിട്ടുണ്ട്. 11-10-2013-ലെ സ.ഉ. (പി) നമ്പർ 515/13/ധന. 28-11-2013-ലെ സ.ഉ. (പി) നമ്പർ 580/13/ധന എന്നീ ഉത്തരവുകൾ വഴി ഡെപ്യൂട്ടേഷൻ അനുവദിക്കുന്നതിൽ ഏതാനും വ്യവസ്ഥകൾ ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) 27-3-2014-ലെ സർക്കുലർ നമ്പർ 31/2014/ധന പ്രകാരം വിവിധ വകുപ്പുകളുടെ ബാങ്ക് നിക്ഷേപങ്ങൾ ട്രഷറിയിലേക്ക് മാറ്റേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

**സർക്കാർ സ്റ്റേ ഉത്തരവുകൾ**

142 (2380) <u>ശ്രീ. എം. ചന്ദ്രൻ</u> :
<u>ശ്രീ. റ്റി. വി. രാജേഷ്</u> :
<u>ശ്രീ. ബാബു എം. പാലിശ്ശേരി</u> :
<u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉപാധികളില്ലാതെ സർക്കാർ സ്റ്റേ ഉത്തരവുകൾ നൽകിയത് സംസ്ഥാനത്തിന് സാമ്പത്തിക പ്രതിസന്ധിയുണ്ടാകുന്നതിന് പ്രധാന കാരണമായെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) ഇത്തരത്തിൽ സ്റ്റേകൾ നൽകുന്നതിന് സർക്കാർ എന്തെങ്കിലും മാനദണ്ഡങ്ങൾ പാലിക്കാറുണ്ടോ ;

(സി) സർക്കാർ സ്റ്റേ നൽകിയതുമൂലം എത്ര തുക സമാഹരിക്കാൻ സാധിക്കാതായിട്ടുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(ഡി) 2014-15-ലെ ബഡ്ജറ്റ് രേഖകൾ പ്രകാരം സംസ്ഥാനത്ത് പിരിച്ചെടുക്കാൻ ബാക്കി നില്പുള്ള മൊത്തം തുക എത്രയായിരുന്നു ; ഇതിനകം എന്തെങ്കിലും തുക പിരിച്ചെടുക്കുകയുണ്ടായോ ; വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) നിലവിൽ സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധിയില്ല. അനാവശ്യമായ സ്റ്റേ ഉത്തരവുകൾ സർക്കാർ അനുവദിച്ചു നൽകാറില്ല.

(ബി) 11-10-2013-ലെ സ.ഉ. (പി) നമ്പർ 515/2013/ധന എന്ന സർക്കാർ ഉത്തരവിന്റെ വ്യവസ്ഥകൾക്കനുസൃതമായാണ് സ്റ്റേയും തവണകളും നൽകുന്നത്.

(സി) ഇൻസ്റ്റാൾമെന്റ് ഉൾപ്പെടെ ഏകദേശം 308 കോടി രൂപയ്ക്ക് നികുതി വകുപ്പിൽ നിന്നും സ്റ്റേ നൽകിയിട്ടുണ്ട്.

(ഡി) 2014-15-ലെ ബഡ്ജറ്റ് രേഖകൾ പ്രകാരം സംസ്ഥാനത്ത് പിരിച്ചെടുക്കാൻ ബാക്കി നില്പുള്ള മൊത്തം തുക 32526.96 കോടി രൂപയാണ്. കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിനുള്ള ഊർജ്ജിത നടപടികൾ സർക്കാർ കൈക്കൊണ്ടു വരികയാണ്. 19-9-2014-ലെ സ.ഉ. (പി) നമ്പർ 399/2014/ധന ഉത്തരവ് പ്രകാരം റവന്യൂ കുടിശ്ശികകൾ പിരിക്കുന്നത് സംബന്ധിച്ച് വിശദമായ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. നികുതിപിരിവ് ഊർജ്ജിതമാക്കുന്നതിനായി ഓരോ ജില്ലയിലും മന്ത്രിമാരുടെ അദ്ധ്യക്ഷതയിൽ മേൽനോട്ട സമിതികൾ രൂപീകരിക്കാൻ തീരുമാനിച്ചു.

**കരാറുകാരുടെ കുടിശ്ശിക**

143 (2381) <u>ശ്രീ. ജി. സുധാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പി.ഡബ്ല്യൂ.ഡി. കരാറുകാർക്ക് ബില്ലുകൾ സമയബന്ധിതമായി മാറി പണം നൽകാത്തത് വികസന പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിച്ചു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ആസ്തി വികസന പദ്ധതിയിൽപ്പെട്ട പ്രവൃത്തികളുടെ ബില്ലുകൾ മാറി നൽകുന്നതിന് എന്തെങ്കിലും പ്രത്യേക പരിഗണന നൽകുന്ന കാര്യം പരിശോധിക്കുമോ ?

<u>ഉത്തരം</u>

(എ) വികസന പ്രവർത്തനങ്ങൾ തടസപ്പെട്ടിട്ടില്ല.

(ബി) പൊതുമരാമത്ത് പ്രവൃത്തികളുടെ ബില്ലുകൾ സംസ്ഥാനതല മുൻഗണനാ ക്രമത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ബഹുമാനപ്പെട്ട കേരളാ ഹൈക്കോടതിയുടെ CCC.803/2000-ന്റേയും അനുബന്ധ കേസുകളുടേയും ഉത്തരവിന്റെ അടിസ്ഥാനത്തിൽ കേന്ദ്രസഹായമുള്ള പദ്ധതികൾ, വിദേശ സഹായമുള്ള പദ്ധതികൾ, നബാർഡ് സഹായമുള്ള പദ്ധതികൾ എന്നിവ ഒഴികെയുള്ള മരാമത്ത് പ്രവൃത്തികളുടെ ബില്ലുകൾ സംസ്ഥാനതല മുൻഗണന ക്രമത്തിലാണ് മാറുന്നത്. പൊതുമരാമത്ത് വകുപ്പ് മുഖേന നടത്തുന്ന ആസ്തി വികസന പദ്ധതി പ്രകാരമുള്ള മരാമത്ത്

പണികളുടെ ബില്ലുകളും ഇപ്രകാരം സംസ്ഥാനതല മുൻഗണനാ ക്രമത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ആയതിനാൽ ഈ ബില്ലുകൾ മാറുന്നതിന് പ്രത്യേക പരിഗണന നൽകിയാൽ അത് ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവിന്റെ ലംഘനമാകുന്നതാണ്.

**കരാറുകാരുടെ കുടിശ്ശിക കൊടുത്തു തീർക്കുന്നതിന് നടപടി**

144 (2382) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കരാറുകാരുടെ കുടിശ്ശിക കൊടുത്തു തീർക്കാത്തതുമൂലം പൊതുമരാമത്ത് പ്രവർത്തികളുടെ ടെണ്ടർ നടപടികളും മറ്റും വൈകുന്നതും, തന്മൂലം പിന്നീട് അധിക സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുന്നതും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ കരാറുകാരുടെ കുടിശ്ശിക മുഴുവൻ അടിയന്തരമായി കൊടുത്തു തീർക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

ശ്രദ്ധയിൽപ്പെട്ടിട്ടില്ല ; കരാറുകാരുടെ കുടിശ്ശിക ഘട്ടം ഘട്ടമായി കൊടുത്തു തീർക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

**സംസ്ഥാനത്തെ സാമ്പത്തിക രംഗത്തെ പരിഷ്കരണങ്ങൾ**

145 (2383) ശ്രീ. സി. മോയിൻ കുട്ടി :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :
ശ്രീ. പി. ബി. അബ്ദുൾ റസാക് :
ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ സാമ്പത്തിക നിലയിൽ ആശങ്ക രേഖപ്പെടുത്തി കൊണ്ടുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതുസംബന്ധിച്ച വസ്തുതകൾ വെളിപ്പെടുത്തുമോ ;

(ബി) ഇതോടനുബന്ധിച്ച് വിഭവ സമാഹരണത്തിലും ചെലവു കാര്യത്തിലും പരിഷ്കരണമെന്തെങ്കിലും ആവശ്യമാണോ; എങ്കിൽ അതുസംബന്ധിച്ച് എന്തൊക്കെ പരിഷ്കരണങ്ങളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് ; വിശദവിവരം വെളിപ്പെടുത്തുമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തിന്റെ സാമ്പത്തിക നിലയിൽ ആശങ്കപ്പെടേണ്ടതായ കാര്യങ്ങൾ നിലവിലില്ല.

(ബി) അധിക വിഭവ സമാഹരണത്തിനായി നികുതി-നികുതിയേതര വരുമാനം വർദ്ധിപ്പിച്ചുകൊണ്ടും, അനാവശ്യ ചെലവുകൾ ഒഴിവാക്കിക്കൊണ്ടും, നികുതി കുടിശ്ശികപിരിച്ചെടുക്കുന്നതിന് ഊർജ്ജിത നടപടികൾ കൈക്കൊള്ളുക വഴിയും, സംസ്ഥാനത്തിന്റെ സാമ്പത്തികനില ഭദ്രമാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

**സർക്കാർ നിയന്ത്രിത സ്ഥാപനങ്ങളുടെ ബാങ്ക് നിക്ഷേപം**

146 (2384) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാന്റ് ഇൻ എയ്ഡ്, പദ്ധതി നടത്തിപ്പിനുള്ള സഹായം എന്നീ ഇനങ്ങളിൽ സർക്കാർ നിയന്ത്രണത്തിലുള്ള സൊസൈറ്റികൾ കോർപ്പറേഷനുകൾ, ബോർഡുകൾ എന്നിവയ്ക്ക് ഈ സാമ്പത്തിക വർഷം അനുവദിച്ച് നൽകിയ പണം പ്രസ്തുത സ്ഥാപനങ്ങൾ ട്രഷറിയിൽ നിന്നും പിൻവലിച്ച് ബാങ്കുകളിൽ നിക്ഷേപിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അത്തരം സ്ഥാപനങ്ങളുടെയും പണം നിക്ഷേപിക്കപ്പെട്ട ധനകാര്യ സ്ഥാപനങ്ങളുടെയും നിക്ഷേപത്തുകയുടെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) പദ്ധതി തുകകൾ ബാങ്കിൽ നിക്ഷേപിക്കുന്ന സർക്കാർ നിയന്ത്രിത സ്ഥാപനങ്ങൾക്ക് ആയതിന്റെ പലിശ തുക സർക്കാരിന്റെ റവന്യൂ ശീർഷകത്തിൽ ഒടുക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ ; ഇല്ലാത്തപക്ഷം ആയതിന് നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ&ബി) ക്ഷേമനിധി ബോർഡുകൾക്കും പൊതുമേഖലാ/സ്വയംഭരണ സ്ഥാപനങ്ങൾക്കും സർക്കാർ നൽകുന്ന ഫണ്ടുകൾ ട്രഷറിയിൽതന്നെ നിക്ഷേപിക്കണ മെന്ന് സർക്കാർ കാലാകാലങ്ങളിൽ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്.

പൊതുമേഖലാ സ്ഥാപനങ്ങൾ അവരുടെ തനത് ഫണ്ട്, ട്രഷറിയിലെ പലിശയേക്കാൾ കൂടുതൽ ലഭിക്കുന്ന സാഹചര്യത്തിൽ മാത്രമേ ബാങ്കുകളിൽ നിക്ഷേപിക്കാവൂ എന്നും നിർദ്ദേശം പുറപ്പെടവിച്ചിട്ടുണ്ട്. ബാങ്കിൽ നിക്ഷേപിച്ചിട്ടുള്ള സർക്കാർ ധനസഹായങ്ങളും ഫണ്ടുകളും തിരികെ ട്രഷറിയിൽ നിക്ഷേപിക്കണമെന്ന കർശന നിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. (27-3-2014 തീയതിയിലെ സർക്കുലർ നമ്പർ 31/2014/ധന.). ഈ സാമ്പത്തിക വർഷം അനുവദിച്ചു നൽകിയ പണം ട്രഷറിയിൽനിന്നും പിൻവലിച്ച് ബാങ്കുകളിൽ നിക്ഷേപിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ബാങ്ക് നിക്ഷേപത്തിൻമേൽ പലിശ ലഭിച്ചതായി റിപ്പോർട്ട് ചെയ്യപ്പെട്ട സാഹചര്യങ്ങളിലെല്ലാം അത് സർക്കാർ അക്കൗണ്ടിലേക്ക് തിരിച്ചടയ്ക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

**സർക്കാർ ജീവനക്കാർക്ക് ക്ഷാമബത്ത കുടിശ്ശിക**

147 (2385) ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ജീവനക്കാർക്ക് നിലവിൽ ക്ഷാമബത്ത കുടിശ്ശികയുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇത് എപ്പോൾ കൊടുത്തു തീർക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കേന്ദ്ര സർക്കാർ ജീവനക്കാർക്ക് 1-7-2014 പ്രാബല്യത്തിൽ അനുവദിച്ച 7% ക്ഷാമബത്തയ്ക്ക് അനുബന്ധമായി സംസ്ഥാന സർക്കാർ ജീവനക്കാർക്ക് 1-7-2014 മുതൽ അർഹതപ്പെട്ട ഒരു ഗഡു ക്ഷാമബത്ത കുടിശ്ശികയായിട്ടുണ്ട്.

(ബി) ഇക്കാര്യം പരിശോധിച്ചു വരുന്നു.

**കുടിശ്ശികയായ സർക്കാർ ബാദ്ധ്യതകൾ**

148 (2386) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാന സഹകരണബാങ്കിനും ഇതര സഹകരണ ബാങ്കുകൾക്കും കൊടുത്തു തീർക്കാനുള്ള കുടിശ്ശികയും കൺസ്യൂമർ ഫെഡറേഷന് കൊടുത്തു തീർക്കാനുള്ള സബ്സിഡി കുടിശ്ശികയും ഏറ്റവും ഒടുവിലത്തെ കണക്കുകൾ പ്രകാരം എത്ര വീതമാണെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

സംസ്ഥാന സഹകരണ ബാങ്കിനും, ആലപ്പുഴ, കോട്ടയം, പത്തനംതിട്ട, കൊല്ലം, മലപ്പുറം, കാസർഗോഡ് എന്നീ ജില്ലാ സഹകരണ ബാങ്കുകൾക്കും മൂലധന പര്യാപ്തത കൈവരിക്കുന്നതിനായി 2013-14 സാമ്പത്തിക വർഷം സംസ്ഥാന സഹകരണ ബാങ്കിന് 70 കോടി രൂപയും, 5 ജില്ലാ സഹകരണ ബാങ്കുകൾക്കും കൂടി 129.50 കോടി രൂപയും ചേർത്ത് ആകെ 199.50 കോടി രൂപ 4425-107-89 ശീർഷകത്തിൽ നിന്നും സർക്കാർ ഓഹരി മൂലധനമായി അനുവദിച്ച് ഉത്തരവായിരുന്നു. എന്നാൽ ടി ശീർഷകത്തിൽ മതിയായ തുക ലഭ്യമല്ലാതിരുന്നതിനാലും ഉപധനാഭ്യർത്ഥന മുഖേന തുക ഉടൻ ലഭ്യമാക്കാൻ കഴിയാതിരുന്നതിനാലും, ടി തുകയിൽ ജില്ലാ സഹകരണ ബാങ്കുകൾക്ക് ലഭിക്കേണ്ട 129.50 കോടി രൂപ സംസ്ഥാന സർക്കാരിനുവേണ്ടി സംസ്ഥാന സഹകരണ ബാങ്ക് അതാത് ജില്ലാ സഹകരണ ബാങ്കുകൾക്ക് 29-6-2013-ന് നൽകുകയും ചെയ്തു. 6-3-2014-ലെ 186/2014/സഹ നമ്പർ ഉത്തരവ്, 28-3-2014-ലെ 118/2014/ധന നമ്പർ ഉത്തരവ് പ്രകാരം 23 മാസക്കാലയളവിലെ ഒരു നിക്ഷേപ പദ്ധതിക്ക് അംഗീകാരം നൽകുകയും ആയത് പ്രകാരം 27.95 കോടി രൂപ സ്വരൂപിക്കുകയും ആയത് 2014-15-ലെ ഒന്നാം ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തി 4425-107-85 ശീർഷകത്തിൽ വകയിരുത്തിയിട്ടുണ്ട്. ടി തുക പിൻവലിച്ചു നൽകുന്നതിനുള്ള നടപടികൾ ധനകാര്യ വകുപ്പ് സ്വീകരിച്ചു വരുന്നുണ്ട്. കൂടാതെ 18-7-2014-ലെ സ.ഉ.(സാധാ) നമ്പർ 5565/2014/ധന ഉത്തരവ് പ്രകാരം കാലാവധി ദീർഘിപ്പിച്ചു നൽകിയതിന്റെ അടിസ്ഥാനത്തിൽ സ്വരൂപിച്ച 30.96 കോടി രൂപ രണ്ടാം ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നുണ്ട്. സഹകരണ സംഘം രജിസ്ട്രാർ ലഭ്യമാക്കിയ കണക്കുകളുടെ അടിസ്ഥാനത്തിൽ ഏറ്റവും ഒടുവിലത്തെ കണക്ക് പ്രകാരം കൺസ്യൂമർ ഫെഡറേഷന് 307.76 കോടി രൂപ കൊടുത്തു തീർക്കുവാനുണ്ടെന്ന് അവകാശപ്പെടുന്നു.

ഓണം, ബക്രീദ്, റംസാൻ തുടങ്ങിയ ഉത്സവ സീസണുകളിൽ പൊതു

വിപണിയിലെ വിലക്കയറ്റം തടയുന്നതിന് 13 ഇനം നിത്യോപയോഗ സാധന ങ്ങൾക്ക് കൺസ്യൂമർഫെഡ് മുഖേന സബ്സിഡി അനുവദിച്ചു വരുന്നു. ഉത്സവ സീസൺ കഴിഞ്ഞ് 2 മാസത്തിനുള്ളിൽ ആഡിറ്റ് ചെയ്ത കണക്കുകൾ ലഭ്യമാക്കി ആയത് ധനകാര്യ (പരിശോധനാ) വിഭാഗം പരിശോധിച്ച് ഉറപ്പുവരുത്തിയാൽ മാത്രമേ കൺസ്യൂമർ ഫെഡറേഷന് കൊടുത്തു തീർക്കുവാനുള്ള യഥാർത്ഥ സബ്സിഡി കുടിശ്ശിക കണ്ടെത്താൻ സാധിക്കുകയുള്ളൂ. എന്നാൽ യഥാസമയം കൺസ്യൂമർഫെഡിൽ നിന്നും ആഡിറ്റ് ചെയ്ത് കണക്കുകൾ ലഭ്യമാക്കാറില്ല.

## പൊതുമരാമത്തു പ്രവൃത്തികളുടെ ബില്ലുകൾ മാറികൊടുക്കുന്നതിന് മുൻഗണനാക്രമം പാലിക്കുന്നതിന് നടപടി

149 (2387) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പൊതുമരാമത്തു പ്രവൃത്തികളുടെ എത്ര കോടി രൂപ ഇനി കൊടുത്തു തീർക്കുവാനുണ്ടെന്ന് വെളിപ്പെടുത്താമോ ;

(ബി) ഏത് മാസം വരെയുള്ള ബില്ലുകളാണ് ഇപ്പോൾ കൊടുത്തിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ;

(സി) സംസ്ഥാനത്ത് പൊതുമരാമത്തു പ്രവൃത്തികളുടെ ബില്ലുകൾ മാറി കൊടുക്കുന്നതിൽ മുൻഗണനാക്രമം പാലിക്കുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ ?

### ഉത്തരം

(എ) ഭരണ വകുപ്പിൽ നിന്ന് ധനകാര്യ വകുപ്പിൽ ലഭിച്ച നിർദ്ദേശമനുസരിച്ച് പൊതുമരാമത്ത് (നിരത്ത്, പാലം) വകുപ്പിൽ 1-1-2014 മുതൽ 31-8-2014 വരെയുള്ള കാലയളവിലേക്ക് 1343.47 കോടി രൂപയും, ഇതേ കാലയളവിലേക്ക് പൊതുമരാമത്ത് (കെട്ടിടം) വകുപ്പിൽ 260.51 കോടി രൂപയും, ജലവിഭവ വകുപ്പിൽ 1-1-2014 മുതൽ 31-7-2014 വരെ 61.42 കോടി രൂപയും ഉൾപ്പെടെ ആകെ 1665.40 കോടി രൂപ കരാറുകാർക്ക് കുടിശ്ശികയായി കൊടുത്തു തീർക്കാനുണ്ട്.

(ബി) കരാറുകാരുടെ 31-12-2013 വരെയുള്ള ബില്ലുകൾ മാറുന്നതിന് ലറ്റർ

ഓഫ് ക്രെഡിറ്റ് അനുവദിച്ചിട്ടുണ്ട്.

(സി&ഡി) പൊതുമരാമത്ത് പ്രവൃത്തികളുടെ ബില്ലുകൾ സംസ്ഥാനതല മുൻഗണനാ ക്രമത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ബഹുമാനപ്പെട്ട കേരളാ ഹൈക്കോടതിയുടെ CCC.803/2000-ന്റേയും അനുബന്ധ കേസുകളുടേയും ഉത്തരവിന്റെ അടിസ്ഥാനത്തിൽ കേന്ദ്രസഹായമുള്ള പദ്ധതികൾ, വിദേശ സഹായമുള്ള പദ്ധതികൾ, നബാർഡ് സഹായമുള്ള പദ്ധതികൾ എന്നിവ ഒഴികെയുള്ള മരാമത്ത് പ്രവൃത്തികളുടെ ബില്ലുകൾ സംസ്ഥാനതല മുൻഗണനാ ക്രമത്തിലാണ് മാറുന്നത്. മുൻഗണനാ ക്രമം പാലിക്കുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**കുട്ടനാട്ടിലെ ജി മംഗലം പാലം, തൈച്ചേരി പാലം എന്നിവയുടെ നിർമ്മാണം**

150 (2388) <u>ശ്രീ. തോമസ് ചാണ്ടി</u> : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കുട്ടനാട്ടിലെ ജി മംഗലം പാലം, തൈച്ചേരി പാലം എന്നിവയുടെ നിർമ്മാണത്തിന് ഭരണാനുമതിയും സാമ്പത്തികാനുമതിയും ലഭ്യമാക്കുന്നതിന് സമർപ്പിച്ച അപേക്ഷയിന്മേൽ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

<u>ഉത്തരം</u>

ജി മംഗലം പാലത്തിന് ഭരണാനുമതി നൽകുന്ന വിഷയവുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ ധനകാര്യ വകുപ്പിൽ ലഭ്യമായിട്ടില്ല. പ്രസ്തുത പ്രൊപ്പോസൽ ധനകാര്യ വകുപ്പിൽ ലഭ്യമാകുന്നമുറയ്ക്ക് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. തൈച്ചേരി പാലം നിർമ്മാണവുമായി ബന്ധപ്പെട്ട വിഷയം ഭരണ വകുപ്പിന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ ഈ വകുപ്പിൽ പരിശോധിക്കുകയും സംസ്ഥാനത്തിന്റെ ഇപ്പോഴത്തെ സാമ്പത്തിക ബുദ്ധിമുട്ടുകളുടെ പശ്ചാത്തലത്തിൽ തൽക്കാലം മാറ്റിവക്കാൻ ഭരണ വകുപ്പിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

**ബഡ്ജറ്റുകളിൽ കേന്ദ്ര ഗവൺമെന്റിൽ നിന്നും പ്രതീക്ഷിച്ച തുക**

151 (2389) <u>ഡോ. ടി. എം. തോമസ് ഐസക്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ നിയമസഭയിൽ അവതരിപ്പിച്ച ബഡ്ജറ്റുകളിൽ ഓരോന്നിലും കേന്ദ്ര ഗവൺമെന്റിൽ നിന്നും ലഭിക്കുമെന്ന് പ്രതീക്ഷിച്ച തുക എന്തെല്ലാം ഇനങ്ങളിൽ എത്ര കോടി വീതമായിരുന്നു ; ബഡ്ജറ്റ് എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ഇനം തിരിച്ച് വെളിപ്പെടുത്താമോ ;

(ബി) ഓരോ ബഡ്ജറ്റിലും പ്രതീക്ഷിച്ച തുകയിൽ യഥാർത്ഥത്തിൽ ലഭിച്ച തുക എത്ര കോടി വീതമായിരുന്നു; ബഡ്ജറ്റ് എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ യഥാർത്ഥത്തിൽ ലഭിച്ച തുകകൾ സംബന്ധിച്ച് വിശദമാക്കാമോ ?

ഉത്തരം

(എ&ബി) ഈ സർക്കാർ നിയമസഭയിൽ അവതരിപ്പിച്ച ബഡ്ജറ്റുകളിൽ കേന്ദ്ര സർക്കാരിൽ നിന്നും കേന്ദ്ര നികുതി വിഹിതം, കേന്ദ്ര ധനസഹായം എന്നീ ഇനങ്ങളിൽ നിന്നും ലഭിക്കുമെന്ന് പ്രതീക്ഷിച്ച തുകയുടേയും ഇവയിൽ യഥാർത്ഥത്തിൽ ലഭിച്ച തുകയുടേയും അവയുടെ ശതമാന കണക്കും അടങ്ങിയ പട്ടിക അനുബന്ധമായി ചേർക്കുന്നു.*

## സർക്കാരിന്റെ ബാദ്ധ്യത

152 (2390) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

എം.എൽ.എ.-മാരുടെ നിയോജക മണ്ഡലം ആസ്തി വികസന പദ്ധതി, സർക്കാർ വകുപ്പുകൾ വഴി കൊടുത്തു തീർക്കാനുള്ള മറ്റ് ബാദ്ധ്യതകൾ, എന്നീ ഇനങ്ങളിൽ കുടിശ്ശികയായിട്ടുള്ള സർക്കാരിന്റെ ബാദ്ധ്യത, ഏറ്റവും ഒടുവിലത്തെ കണക്കുകൾ പ്രകാരം എത്ര വീതമാണെന്ന് വെളിപ്പെടുത്താമോ ;

ഉത്തരം

എം.എൽ.എ.-മാരുടെ നിയോജകമണ്ഡലം ആസ്തി വികസന പദ്ധതിക്ക് കീഴിൽ പൊതുമരാമത്ത് ചീഫ് എഞ്ചിനീയർമാർ കൺട്രോളിംഗ് ഓഫീസറായിട്ടുള്ള ശീർഷകങ്ങളിൽ 1-1-2014 മുതൽ 31-8-2014 വരെ കൊടുത്തു തീർക്കുവാനുള്ള കുടിശ്ശികയായ തുക 120.36 കോടി രൂപയാണ്. കൂടാതെ 1-1-2014 മുതൽ 31-8-2014 വരെ വിവിധ സർക്കാർ വകുപ്പുകൾ വഴി കരാറുകാർക്ക് കൊടുത്തു തീർക്കുവാൻ ആകെ 1665.40 കോടി രൂപ കുടിശ്ശികയായുണ്ട്.

## സംസ്ഥാനത്തിന്റെ കടം

153 (2391) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നടപ്പു വർഷം കടപ്പത്രം വഴി എത്ര കോടി രൂപ കടം എടുക്കുവാനാണ് റിസർവ് ബാങ്ക് അനുമതി നൽകിയിട്ടുള്ളത്;

(ബി) ആയതിൽ 2014 ഒക്ടോബർ 31 വരെ കടപ്പത്രം വഴി എത്ര കോടി രൂപ സമാഹരിച്ചു; നടപ്പുവർഷം എത്ര കോടി രൂപ കൂടി സമാഹരിക്കുവാൻ ഉദ്ദേശിക്കുന്നു;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വിശദമാക്കുമോ;

(സി) ഇങ്ങനെ കടമെടുക്കുന്ന തുക സംസ്ഥാനം വികസനച്ചെലവുകൾക്കാണോ ഉപയോഗിക്കുന്നത് ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ഡി) എന്നാൽ ഇപ്രകാരം കടമെടുക്കുന്ന തുക റവന്യൂ ചിലവുകൾക്കാണ് നിലവിൽ ഉപയോഗിക്കുന്നത് എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് നിയമവിരുദ്ധമാണെന്ന് കരുതുന്നുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ;

(ഇ) നിലവിൽ സംസ്ഥാനത്തിന്റെ സഞ്ചിത കടം എത്ര ; ഈ സാമ്പത്തിക വർഷം അവസാനമാകുമ്പോൾ സഞ്ചിതകടം എത്രയാകും എന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) 2014-15 സാമ്പത്തിക വർഷത്തിൽ കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് നിശ്ചയിച്ച നൽകിയിട്ടുള്ള വായ്പാ പരിധി അനുസരിച്ച് പൊതുവിപണിയിൽ നിന്നും കടപ്പത്രം വഴി 13950.76 കോടി രൂപ സമാഹരിക്കാവുന്നതാണ്.

(ബി) 2014 ഒക്ടോബർ 31 വരെ കടപ്പത്രം വഴി 8400 കോടി രൂപ സമാഹരിച്ചിട്ടുണ്ട്. നടപ്പ് വർഷം കേന്ദ്ര സർക്കാർ അനുവദിച്ച നൽകിയിട്ടുള്ള വായ്പാ പരിധിക്കുള്ളിൽ നിന്നുകൊണ്ട് മാത്രം കടമെടുക്കാനാണ് ഉദ്ദേശിക്കുന്നത്.

(സി&ഡി) സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് വേണ്ടിയാണ് പ്രധാനമായും കടപ്പത്രങ്ങൾ പുറപ്പെടുവിച്ചിരിക്കുന്നത്. വായ്പ എടുത്ത മുഴുവൻ തുകയും 'Consolidated fund'-ൽ വകയിരുത്തിയാണ് ചെലവുകൾക്കായി വിനിയോഗിക്കപ്പെടുന്നത്. 'Consolidated fund'-ൽ മറ്റു വരുമാനങ്ങളും ഉൾപ്പെടുന്നതു കൊണ്ട് വായ്പ എടുത്ത തുക ഏതൊക്കെ ചെലവുകൾക്കായി വിനിയോഗിക്കപ്പെട്ട തെന്ന് വേർതിരിക്കാനാവില്ല.

(ഇ ) അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം 2014 മാർച്ച് 31 വരെ സംസ്ഥാനത്തിന്റെ സഞ്ചിത കടം 1,19,009.07 കോടി രൂപയാണ്. ഈ സാമ്പത്തിക വർഷം അവസാനത്തിൽ സഞ്ചിതകടം എത്രയാകുമെന്ന് വ്യക്തമാക്കുവാൻ ഇപ്പോൾ കഴിയുകയില്ല.

**സംസ്ഥാനത്തിന്റെ പൊതുകടം**

154 (2392) <u>ശ്രീ. കെ. രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേൽക്കുമ്പോൾ സംസ്ഥാനത്തെ പൊതുകടം എത്രയായിരുന്നു ;

(ബി) 2014 ഒക്ടോബർ 31 വരെയുള്ള സംസ്ഥാനത്തെ പൊതുകടം എത്രയാണെന്ന് പറയാമോ ;

(സി) ഈ സർക്കാരിന്റെ കാലത്ത് ഏതെല്ലാം മേഖലയിൽനിന്നും കടമെടുത്തിട്ടുണ്ടെന്നും ഏതെല്ലാം ആവശ്യങ്ങൾക്കുവേണ്ടിയാണ് ഈ സംഖ്യ വിനിയോഗിച്ചതെന്നും വിശദമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേൽക്കുമ്പോൾ 31-3-2011 വരെ സംസ്ഥാനത്തിന്റെ പൊതുകടം 78,673.24 കോടി രൂപയായിരുന്നു.

(ബി) 2014 ഒക്ടോബർ 31 വരെയുള്ള അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്ക് ഉൾപ്പെടെ 31-10-2014 വരെ സംസ്ഥാനത്തിന്റെ പൊതുകടം 1266530. 33 കോടി രൂപയാണ്.

(സി) ഈ സർക്കാരിന്റെ കാലത്ത് 31-10-2014 വരെ (അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്ക് ഉൾപ്പടെ) 35375.18 കോടി രൂപ ആഭ്യന്തര കടമായും 595.76 കോടി രൂപ കേന്ദ്ര സർക്കാരിൽ നിന്നുള്ള കടമായും 11886.15 കോടി രൂപ പ്രോവിഡന്റ് ഫണ്ട്, ലഘുസമ്പാദ്യം എന്നിവയിൽ നിന്നുള്ള കടമായും എടുത്തിട്ടുണ്ട്. ഇപ്രകാരം കടമെടുക്കുന്ന തുക പ്രധാനമായും വികസന ചെലവുകൾക്കും ഉൽപ്പാദനപരമായ ആവശ്യങ്ങൾക്കുമാണ് ചെലവഴിക്കുന്നത്.

**സംസ്ഥാനത്തിന്റെ കടബാദ്ധ്യത**

155 (2393) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ കടബാദ്ധ്യത 2014 ജൂൺ 30 വരെ എത്ര തുകയായിരുന്നുവെന്ന് വ്യക്തമാക്കുമോ ;

(ബി) 2011 മാർച്ച് 31-ന് കടബാദ്ധ്യത എത്ര തുകയായിരുന്നു ;

(സി) വാണിജ്യ നികുതി ഇനത്തിൽ 2014 ജൂൺ 30 വരെ എത്ര തുക പിരിഞ്ഞ് കിട്ടാനുണ്ട് ;

(ഡി) പിരിഞ്ഞ് കിട്ടാനുള്ള തുകയിൽ സർക്കാർ സ്റ്റേ നൽകിയത് എത്ര തുകയ്ക്കാണ് ?

ഉത്തരം

(എ) സംസ്ഥാനത്തിന്റെ കടബാദ്ധ്യത 2014 ജൂൺ 30 വരെ 1,21,603.23 കോടി രൂപയായിരുന്നു.

(ബി) 2011 മാർച്ച് 31-ന് സംസ്ഥാനത്തിന്റെ കടബാദ്ധ്യത 78,673.24 കോടി രൂപയായിരുന്നു.

(സി) വാണിജ്യ നികുതി ഇനത്തിൽ 2014 ജൂൺ 30 വരെ 6459.25 കോടി രൂപ പിരിഞ്ഞുകിട്ടാനുണ്ട്.

(ഡി) പിരിഞ്ഞ് കിട്ടാനുള്ള തുകയിൽ സർക്കാർ സ്റ്റേ നൽകിയത് 276.82 കോടി രൂപയുമാണ്.

**സംസ്ഥാനത്തിന്റെ റവന്യൂകമ്മിയും ആളോഹരികടവും**

156 (2394) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേൽക്കുമ്പോൾ സംസ്ഥാനത്തിന്റെ റവന്യൂ കമ്മി, ആളോഹരി കടം എന്നിവ എത്ര വീതമായിരുന്നു എന്ന് വ്യക്തമാക്കുമോ ;

(ബി) ഇപ്പോൾ സംസ്ഥാനത്തിന്റെ റവന്യൂ കമ്മി, ആളോഹരികടം എന്നിവ എത്ര വീതമായിയെന്നു വിശദമാക്കുമോ ;

ഉത്തരം

(എ) ഈ സർക്കാർ അധികാരമേൽക്കുമ്പോഴുള്ള കാലയളവിലെ, 31-3-2011-ലെ കണക്ക് പ്രകാരം, റവന്യൂ കമ്മി 3,673.86 കോടി രൂപയും ആളോഹരികടം 23,564 രൂപയുമാണ്.

(ബി) അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം നടപ്പ് സാമ്പത്തിക വർഷം ഒക്ടോബർ 31 വരെയുള്ള റവന്യൂ കമ്മി 6,349.10 കോടി രൂപയാണ്. ഇപ്പോഴത്തെ ആളോഹരി കടം 35, 754 രൂപയാണ്.

**നടപ്പിലാക്കാത്ത കേന്ദ്രാവിഷ്കൃത പദ്ധതികൾ**

157 (2395) ശ്രീ. രാജു എബ്രഹാം :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അധികൃതരുടെ അനാസ്ഥയും കെടുകാര്യസ്ഥതയും കാരണം സംസ്ഥാനത്ത് വിവിധ വകുപ്പുകൾക്ക് കീഴിലായി നടപ്പിലാക്കേണ്ട കേന്ദ്രാവിഷ്കൃത പദ്ധതികൾ അവതാളത്തിലാവുകയും ഇതുവഴി കേന്ദ്രം അനുവദിച്ച കോടികളുടെ ഫണ്ട് പാഴാകുന്നതും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സമയബന്ധിതമായി പദ്ധതികൾ പൂർത്തിയാക്കാത്തതിനാൽ ഏതെല്ലാം പദ്ധതികൾക്ക് അനുവദിച്ച കേന്ദ്ര ഫണ്ട് നഷ്ടപ്പെടുകയുണ്ടായെന്ന് വ്യക്തമാക്കാമോ ;

(സി) സംസ്ഥാനത്തിന്റെ അനാസ്ഥ കാരണം കേന്ദ്ര പദ്ധതികൾ നടപ്പിലാ

ക്കാൻ സാധിക്കാത്തത് സംസ്ഥാനത്തിന്റെ വികസനത്തെയും തൊഴിൽ മേഖലയേയും പ്രതിസന്ധിയിലാക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുന്നതിന് സംസ്ഥാന സർക്കാർ ചെലവിടുന്ന തുക കേന്ദ്ര സർക്കാരിൽ നിന്നും യഥാസമയം വാങ്ങിയെടുക്കുന്നതിന് സാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ഇ) ഈ ഇനത്തിൽ എന്തു തുകയാണ് കേന്ദ്ര സർക്കാരിൽ നിന്നും ഈ സർക്കാരിന്റെ കാലയളവിൽ ലഭിക്കാനുള്ളതെന്ന് കണക്കാക്കിയിട്ടുണ്ടോ ;

(എഫ്) ഈ സർക്കാരിന്റെ കാലയളവിൽ കേന്ദ്രം അനുവദിച്ച ഫണ്ട് പദ്ധതി നടപ്പിലാക്കാത്തതിന്റെ പേരിൽ തിരിച്ചടക്കേണ്ടി വന്നിട്ടുണ്ടോയെന്ന് വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ-സി) കേന്ദ്ര പദ്ധതികളെ സംബന്ധിച്ച് കേന്ദ്രം നൽകുന്ന തുക അതാത് വർഷം വിനിയോഗിക്കുകയാണ് ചെയ്യുന്നത്. കേന്ദ്ര സർക്കാരിൽ നിന്ന് ലഭിക്കുന്ന തുക അതാത് വർഷം ചെലവഴിക്കുവാൻ സാധിക്കുന്നില്ലെങ്കിൽ, കേന്ദ്ര സർക്കാരിന്റെ അനുമതിയോടുകൂടി അടുത്ത വർഷം ഉപയോഗിക്കുവാൻ വ്യവസ്ഥയുണ്ട്. ആയതിനാൽ പദ്ധതിയും ഫണ്ടും നഷ്ടപ്പെടുന്നതായി കണക്കാക്കുവാൻ കഴിയുകയില്ല.

(ഡി) കേന്ദ്രാവിഷ്കൃത പദ്ധതികളിൽ ഭൂരിഭാഗവും റീ-ഇംപേഴ്സ്മെന്റ് അടിസ്ഥാനത്തിലാണ് പദ്ധതികൾ നടപ്പിലാക്കി യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സമർപ്പിക്കുന്ന മുറയ്ക്കാണ് കേന്ദ്ര സഹായം സംസ്ഥാനത്തിന് ലഭിച്ചു കൊണ്ടിരിക്കുന്നത്. എല്ലാ വർഷവും ആഗസ്റ്റ് മാസം 31-ാം തീയതിക്ക് മുമ്പായി ഒത്തുനോക്കിയ 'സ്റ്റേറ്റ്മെന്റ് ഓഫ് എക്സ്പെൻഡിച്ചർ' (SoE) അക്കൗണ്ടന്റ് ജനറലിന് ലഭ്യമാക്കുവാൻ എല്ലാ വകുപ്പ് മേധാവികൾക്കും നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

(എഫ്) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**സംസ്ഥാനത്തിന്റെ ആളോഹരി ഉപഭോഗം**

158 (2396) <u>ശ്രീ. വി. ചെന്താമരാക്ഷൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആളോഹരി ഉപഭോഗം സംബന്ധിച്ച ഏറ്റവും ഒടുവിലത്തെ ഔദ്യോഗിക കണക്കുകൾ പ്രകാരം സംസ്ഥാനത്തിന്റെ സ്ഥാനം ഏതാണ് ; വിശദാംശങ്ങൾ

വെളിപ്പെടുത്താമോ ?

<u>ഉത്തരം</u>

നാഷണൽ സാമ്പിൾ സർവ്വേ ആഫീസ് 2011-12-ൽ നടത്തിയ (68-ാം റൗണ്ട്) ഹൗസ്ഹോൾഡ് കൺസ്യൂമർ എക്സ്പെന്റിച്ചർ സർവ്വേ റിപ്പോർട്ട് (Report No.NSS.KL.(68/1.0)) പ്രകാരം ആളോഹരി ഉപഭോഗം സംബന്ധിച്ച് റൂറൽ മേഖലയിൽ കേരളം (സംസ്ഥാനങ്ങളിൽ) ഒന്നാം സ്ഥാനത്തും അർബൻ മേഖലയിൽ രണ്ടാം സ്ഥാനത്തുമാണ്. ഈ റിപ്പോർട്ട് പ്രകാരം റൂറൽ മേഖലയിലെ ആളോഹരി പ്രതിമാസ ഉപഭോഗച്ചെലവ് (Monthly per capita consumer expenditure) 2669 രൂപയും അർബൻ മേഖലയിൽ ആളോഹരി പ്രതിമാസ ഉപഭോഗച്ചെലവ് 3408 രൂപയുമാണ്.

**പെട്രോളിന്റെയും ഡീസലിന്റെയും നികുതി വർദ്ധന**

159 (2397) <u>ശ്രീ. സി. ദിവാകരൻ</u> :
<u>ശ്രീ. കെ. അജിത്</u> :
<u>ശ്രീ. പി. തിലോത്തമൻ</u> :
<u>ശ്രീ. ജി. എസ്. ജയലാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പെട്രോളിന്റെയും ഡീസലിന്റെയും മേൽ ലിറ്ററൊന്നിന് ഇപ്പോൾ എത്ര വീതം നികുതി ചുമത്തി; ഇത്തരത്തിൽ നികുതി വർദ്ധിപ്പിച്ചതിലൂടെ എത്ര അധിക വരുമാനം പ്രതീക്ഷിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്ത് പെട്രോളിന്റെയും ഡീസലിന്റെയും നികുതി വർദ്ധനവിലൂടെ അന്താരാഷ്ട്ര വിപണിയിലെ എണ്ണ വിലക്കുറവിന്റെ ആനുകൂല്യം ജനങ്ങൾക്ക് ലഭിക്കാതെപോയെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, ഉണ്ടെങ്കിൽ അത് പരിഹരിക്കുമോ?

<u>ഉത്തരം</u>

(എ) 2014 നവംബർ മാസം ഒന്നാം തീയതി എണ്ണക്കമ്പനികൾ പെട്രോളിന്റെ അടിസ്ഥാന വിലയിൽ 2.41 രൂപയുടെയും ഡീസലിന്റെ അടിസ്ഥാന വിലയിൽ 2.25 രൂപയുടേയും കുറവ് വരുത്തുകയുണ്ടായി. പ്രസ്തുത അവസരത്തിൽ പെട്രോളിന്റെ വിൽപ്പന നികുതി നിരക്ക് 27.42 ശതമാനവും ഡീസലിന്റേത് 21.04

ശതമാനവും ആയിരുന്നു. അടിസ്ഥാന വിലയിൽ കുറവ് വരുത്തിയപ്പോൾ കുറവിന് മുമ്പ് ലഭിച്ചുകൊണ്ടിരുന്ന നികുതി സംരക്ഷിക്കാനായി 19-11-2014 മുതൽ പെട്രോളിന്റെ നികുതി നിരക്ക് 28.72 ശതമാനമായും ഡീസലിന്റേത് 22.07 ശതമാനമായും ഉയർത്തിക്കൊണ്ട് പുനഃക്രമീകരിച്ചിട്ടുണ്ട്. ഇപ്രകാരം റവന്യൂ ന്യൂട്രൽ റേറ്റ് കണ്ടെത്തി നികുതി നിരക്ക് പുനഃക്രമീകരിച്ചില്ലായിരുന്നുവെങ്കിൽ പെട്രോളിന്റെ നികുതിയിനത്തിൽ പ്രതിമാസം 9.16 കോടി രൂപയുടെയും ഡീസലിൽ നിന്ന് 8.36 കോടി രൂപയുടേയും നികുതി നഷ്ടമുണ്ടാകുമായിരുന്നു.

(ബി) പെട്രോൾ, ഡീസൽ എന്നിവയ്ക്ക് എണ്ണക്കമ്പനികൾ വിൽക്കുന്ന വിലയുടെ ഒരു നിശ്ചിത ശതമാനമാണ് (ad valorem) നികുതിയായി നിശ്ചയിക്കുന്നത്. അല്ലാതെ ലിറ്ററിനുമേൽ വില എന്തുതന്നെയായാലും ഒരു നിശ്ചിത തുകയായിട്ടല്ല നികുതി ചുമത്തുന്നത്. ഇപ്രകാരം ad valorem അടിസ്ഥാനത്തിൽ നികുതി ചുമത്തുമ്പോൾ അടിസ്ഥാനവില കുറയുമ്പോൾ സംസ്ഥാനത്തിന് ലഭിക്കേണ്ട നികുതിയിലും കുറവുണ്ടാകും. അതുപോലെതന്നെ അടിസ്ഥാനവില കൂടുമ്പോൾ ലഭിക്കേണ്ട നികുതിയിൽ വർദ്ധനവുണ്ടാവുകയും ചെയ്യും. എണ്ണക്കമ്പനികൾ/ കേന്ദ്രസർക്കാർ വില കൂട്ടുമ്പോഴും കുറയ്ക്കുമ്പോഴും ഇത്തരം വ്യതിയാനം ഉണ്ടാകുന്നു. വില വർദ്ധനയുടെ തോത് കൂടുതലായിട്ടുള്ള അവസരങ്ങളിൽ അത് റീട്ടെയിൽ വിലയിലുണ്ടാക്കുന്ന ഭാരം ലഘൂകരിക്കുവാനായി വില വർദ്ധനവുമൂലം ലഭിക്കുമായിരുന്ന അധിക നികുതി വേണ്ടെന്ന് വച്ചുകൊണ്ട് നികുതി നിരക്ക് കുറച്ച് ക്രമീകരണം നടത്തിയിട്ടുണ്ട്. അതുപോലെ വിലക്കുറവിന്റെ തോത് കൂടുതലായ അവസരങ്ങളിൽ ലഭിച്ചുകൊണ്ടിരിക്കുന്ന റവന്യൂ വരുമാനം നിലനിർത്തുന്നതിനായി നികുതി നിരക്കിൽ വർദ്ധനവും വരുത്തിയിട്ടുണ്ട്. അതിനാൽ കൂടുതൽ നികുതി പിരിക്കുക എന്ന ലക്ഷ്യത്തോടെയല്ല നികുതിനിരക്ക് ഉയർത്തിയിട്ടുള്ളത്.

**സംസ്ഥാനങ്ങൾക്കുള്ള കേന്ദ്ര വിഹിതം**

160 (2398) <u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര നികുതി വരുമാനത്തിന്റെ പകുതി സംസ്ഥാനങ്ങൾക്ക് നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ധനകാര്യ കമ്മീഷന് നൽകിയ നിവേദനത്തിൽ കേന്ദ്രത്തിൽ നിന്നും എന്തെങ്കിലും മറുപടി ലഭിച്ചിട്ടുണ്ടോ ;

(ബി) സംസ്ഥാനത്തിന്റെ ജനസംഖ്യയോടൊപ്പം ജനസാന്ദ്രതയും കണക്കി

ലെടുത്ത് കൂടുതൽ കേന്ദ്ര വിഹിതം നൽകുന്നതിനായി നിവേദനം നൽകുമോ ;

(സി) കേരളത്തെ വികസിത സംസ്ഥാനങ്ങളിൽ രണ്ടാം സ്ഥാനത്ത് അവരോധിച്ച രഘുറാം രാജൻ റിപ്പോർട്ടിലെ ശിപാർശകൾ യാതൊരുവിധ സഹായങ്ങൾക്കും ബാധകമാക്കരുതെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ ;

(ഡി) പ്രതിശീർഷ വരുമാനം കൂടിയ സംസ്ഥാനങ്ങൾക്ക് കേന്ദ്ര വിഹിതം കുറയുന്ന തരത്തിലുള്ള മാനദണ്ഡങ്ങൾ ഒഴിവാക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ?

<u>ഉത്തരം</u>

(എ) പതിനാലാം ധനകാര്യ കമ്മീഷൻ അതിന്റെ റിപ്പോർട്ട് ഇതുവരെ കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടില്ല.

(ബി) സംസ്ഥാനത്തിന്റെ ജനസംഖ്യയോടൊപ്പം വനം, നഗരവത്ക്കരണം, വൃദ്ധജനസംഖ്യ, യഥാർത്ഥ ജനസാന്ദ്രത (effective density) തുടങ്ങിയ ഘടകങ്ങൾ കൂടി കണക്കിലെടുത്ത് കൂടുതൽ കേന്ദ്ര വിഹിതം നൽകണമെന്ന് സംസ്ഥാനം പതിനാലാം ധനകാര്യ കമ്മീഷന് സമർപ്പിച്ച നിവേദനത്തിൽ അഭ്യർത്ഥിച്ചിട്ടുണ്ട്.

(സി) കേന്ദ്ര സഹായം സംസ്ഥാനങ്ങൾക്ക് ലഭ്യമാക്കുന്നതിന് രഘുറാം രാജൻ റിപ്പോർട്ടിലെ ശിപാർശകൾ യാതൊരു കാരണവശാലും പരിഗണിക്കരുതെന്ന് ആവശ്യപ്പെട്ടുകൊണ്ട് 1-10-2013-ൽ മുഖ്യമന്ത്രി പ്രധാനമന്ത്രിക്ക് കത്തയച്ചിട്ടുണ്ട്.

(ഡി) മുൻധനകാര്യ കമ്മീഷനുകൾ വരുമാന അകലം (പ്രതിശീർഷ സംസ്ഥാന വരുമാനം) നികുതി വിഭജനത്തിനുള്ള ഒരു മാനദണ്ഡമാക്കിയതും അതിന് ഉയർന്ന വെയ്റ്റേജ് നൽകിയതും പ്രതിശീർഷ വരുമാനം കൂടിയ കേരളം പോലുള്ള സംസ്ഥാനങ്ങളുടെ നികുതി വിഹിതം കുറയുന്നതിന് ഇടയാക്കിയിട്ടുണ്ട്. അതിനാൽ വരുമാന അകലത്തിനു പകരം ജനസംഖ്യയും മൊത്തം സംസ്ഥാനങ്ങളുടെ നികുതി വിഹിതത്തിൽ സംസ്ഥാനത്തിന്റെ നികുതി വിഹിതവും തമ്മിലുള്ള വ്യത്യാസം (നികുതി കാര്യക്ഷമതാ അകലം) എന്ന മാനദണ്ഡം പരിഗണിക്കണ മെന്ന് പതിനാലാം ധനകാര്യ കമ്മീഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിന് കുറഞ്ഞ വെയ്റ്റേജ് നൽകണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

## 2014-ലെ ഗവർണറുടെ നയപ്രഖ്യാപനം

161 (T2399) <u>ശ്രീ. വി. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014 ലെ ഗവർണറുടെ നയപ്രഖ്യാപനത്തിൽ പുതുതായി പ്രഖ്യാപിച്ച

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

പദ്ധതികൾ നടപ്പാക്കാൻ എന്ത് തുകയാണ് നീക്കിവച്ചിട്ടുള്ളത് ;

(ബി) ഇതിൽ ആരംഭിച്ച പദ്ധതികൾ ഏതെല്ലാം ; ഇതിൽ ഓരോ പദ്ധതിയും നീക്കിവച്ച തുകയെത്ര; ചെലവഴിച്ച തുകയെത്ര ;

(സി) ഉപേക്ഷിച്ച പദ്ധതികൾ ഏതെല്ലാം?

ഉത്തരം

(എ&ബി) വിവിധ വകുപ്പുതലവന്മാരിൽനിന്നും ലഭ്യമായ വിശദാംശങ്ങൾ പ്രകാരം 2014-ലെ ഗവർണറുടെ പ്രഖ്യാപനത്തിൽ പുതുതായി പ്രഖ്യാപിച്ച പദ്ധതികൾ, പ്രസ്തുത പദ്ധതികൾക്കായി 2014-15-ലെ ബഡ്ജറ്റിൽ നീക്കിവച്ച തുക എന്നിവയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.* ഈ പദ്ധതികളിൽ മിക്കവയും നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. ചെലവഴിച്ച തുക സംബന്ധിച്ച വിശദാംശങ്ങൾ നടപ്പു സാമ്പത്തിക വർഷാവസാനത്തിനുശേഷം മാത്രമേ ലഭ്യമാവുകയുള്ളൂ.

(സി) വിവിധ വകുപ്പുതലവന്മാരിൽനിന്നും ലഭ്യമായ വിശദാംശങ്ങൾ പ്രകാരം പദ്ധതികളൊന്നുംതന്നെ ഉപേക്ഷിച്ചതായി കാണുന്നില്ല.

**നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ**

162 (2400) ഡോ. ടി. എം. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമ്പത്തിക പ്രതിസന്ധി മറികടക്കാൻ മന്ത്രിസഭായോഗ തീരുമാനത്തിന്റെയടിസ്ഥാനത്തിൽ ഏതെല്ലാം നിലയിലുള്ള വരുമാനം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട് ;

(ബി) വെള്ളക്കരം, മദ്യനികുതി, ബിയർ-വൈൻ നികുതി, സിഗരറ്റ് നികുതി, ഭൂനികുതി, പ്ലാന്റേഷൻ നികുതി, സർക്കാർ സേവനങ്ങൾക്കുള്ള ഫീസുകൾ തുടങ്ങി ഏതെല്ലാം നികുതികളും ഫീസുകളും എത്ര ശതമാനം വീതം വർദ്ധിപ്പിക്കുകയുണ്ടായിട്ടുണ്ട് ;

(സി) മേൽപ്പറഞ്ഞ ഓരോ ഇനത്തിലും വർദ്ധനയിലൂടെ പ്രതിവർഷം അധികമായി ലഭിക്കുന്ന തുകകൾ വിശദമാക്കാമോ ?

ഉത്തരം

(എ-സി) ധനകാര്യ മാനേജ്മെന്റ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി വിഭവ സംരക്ഷണത്തിനും അധികവിഭവ സമാഹരണത്തിനും ഉതകുന്ന നടപടികൾ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കൈക്കൊണ്ടിട്ടുണ്ട്. നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി മദ്യം, വൈൻ, ബിയർ, സിഗററ്റ് എന്നിവയിന്മേലുള്ള നികുതി വർദ്ധിപ്പിച്ചിട്ടുണ്ട്. എല്ലാത്തരം ഇന്ത്യൻ നിർമ്മിത വിദേശ മദ്യത്തിന്റെയും നികുതി 20 ശതമാനം വർദ്ധിപ്പിച്ചു. ഇതിനുപുറമേ പുതിയ നയത്തിന്റെ ഭാഗമായി നിർത്തലാക്കിയ ബാർ തൊഴിലാളികളുടെ പുനരധിവാസത്തിനായി നികുതിയിന്മേൽ 5 ശതമാനം അധിക സെസ് ഏർപ്പെടുത്താൻ തീരുമാനിച്ചു. ഇതുവഴി 1130 കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു. ബിയർ, വൈൻ എന്നിവയുടെ നികുതി 50 ശതമാനത്തിൽ നിന്നും 70 ശതമാനമായി വർദ്ധിപ്പിച്ചു. 100 കോടി രൂപ അധിക വരുമാനം ഇതിൽ നിന്നും പ്രതീക്ഷിക്കുന്നു. സിഗററ്റിന്മേലുള്ള നികുതി 22 ശതമാനത്തിൽ നിന്നും 30 ശതമാനമായി വർദ്ധിപ്പിക്കാനും ഇതിൽ 3 ശതമാനം കാൻസർ രോഗികളുടെ സംരക്ഷണത്തിന് വിനിയോഗിക്കാനും തീരുമാനിച്ചു. പ്രതിവർഷം 264 കോടി രൂപ പ്രതീക്ഷിക്കുന്നു.

പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില കുറയുന്നതിന്റെ ഫലമായി നികുതിയിലുണ്ടാകുന്ന കുറവ് പരിഹരിക്കുന്നതിന് പെട്രോളിന്റെ നികുതി ന്യൂട്രലാക്കി നിർത്തുന്നതിനായി നിരക്ക് 26.21 ശതമാനത്തിൽ നിന്നും 26.92 ശതമാനമായി വർദ്ധിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിലൂടെ 112 കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു. ഭൂമിയുടെ ന്യായവില പുനർനിർണ്ണയിച്ചിട്ടുണ്ട്. ഭൂനികുതി, തോട്ടം നികുതി എന്നിവയിൽ കാലോചിതമായ വർദ്ധനവ് വരുത്തുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. തന്മൂലം യഥാക്രമം 78 കോടി രൂപയുടേയും 3 കോടി രൂപയുടേയും അധിക വരുമാനം പ്രതീക്ഷിക്കുന്നു.

നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വിദ്യാഭ്യാസ, ആരോഗ്യ വകുപ്പ് ഒഴികെ മറ്റെല്ലാ വകുപ്പുകളിലും നിലവിലുള്ള യൂസർ ചാർജ്ജുകളും ഫീസുകളും 15 ശതമാനം മുതൽ 50 ശതമാനം വരെ വർദ്ധിപ്പിച്ചിട്ടുണ്ട്. 350 കോടി രൂപയുടെ അധിക വരുമാനമാണ് ഇതിലൂടെ പ്രതീക്ഷിക്കുന്നത്. നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിനുള്ള ഊർജ്ജിത നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നികുതി കുടിശ്ശികയിന്മേൽ ഏർപ്പെടുത്തിയിട്ടുള്ള എല്ലാ ഉപാധിരഹിത സ്റ്റേകളും പിൻവലിച്ചു. ഒരു ലക്ഷത്തിൽ കൂടുതൽ തുകയ്ക്ക് മുകളിൽ സ്റ്റേ അനുവദിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുമന്ത്രിയും ധനമന്ത്രിയും മുഖേന മുഖ്യമന്ത്രിക്ക് ഫയൽ സർക്കുലേറ്റ് ചെയ്യേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. 25-9-2014-ലെ സ.ഉ.(എംഎസ്.) നമ്പർ 88/2014WRD പ്രകാരം വാട്ടർ ചാർജ്ജ് പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. ഇതിൽ നിന്നും 176 കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു.

**നികുതി പിരിവിന് പുതിയ സ്രോതസ്സുകൾ**

163 (2401) <u>ശ്രീമതി കെ. എസ്. സലീഖ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ നികുതി പിരിവിന് കണ്ടെത്തിയ പുതിയ പ്രധാന സ്രോതസ്സുകൾ എന്തെല്ലാമെന്നും ഇവയിൽ ഓരോ സ്രോതസ്സുകളിൽ നിന്നും നടപ്പ് സാമ്പത്തിക വർഷം പിരിച്ചെടുക്കാൻ ഉദ്ദേശിച്ച തുക എത്രയെന്നും വ്യക്തമാക്കുമോ;

(ബി) ഇവയിൽ എത്ര തുക വീതം ഈ സാമ്പത്തിക വർഷം നാളിതുവരെ പിരിച്ചെടുത്തു ; ഇനി എത്ര തുക പിരിച്ചെടുക്കുവാനുണ്ട് ; പിരിച്ചെടുക്കുന്നതിൽ നികുതി വകുപ്പ് ഉദ്യോഗസ്ഥരിൽ ചിലർ അലംഭാവം കാണിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടുവോ ; എങ്കിൽ നടപ്പുവർഷം ഇത്തരം ഉദ്യോഗസ്ഥരിൽ എത്ര പേർക്കെതിരെ നടപടി സ്വീകരിച്ചുവെന്നും അവർ വഹിക്കുന്ന പദവി ഉൾപ്പെടെ വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്ത് മറ്റ് സംസ്ഥാനങ്ങളിൽ നിന്നും നികുതി നൽകാതെ കൊണ്ടുവരുന്ന ഉൽപന്നങ്ങൾ എപ്രകാരമുള്ളവയാണ് ; ചെക്ക് പോസ്റ്റുകളുടെ പ്രവർത്തന കാര്യക്ഷമതക്കുറവിന്റെ മറവിൽ മറ്റ് ഉൽപ്പന്നങ്ങൾ നികുതി വെട്ടിച്ച് സംസ്ഥാനത്ത് കൊണ്ടുവരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടുവോ ; എങ്കിൽ ഇത് പരിഹരിക്കാൻ സർക്കാർ എന്ത് അടിയന്തര നടപടി സ്വീകരിക്കണമെന്ന് വ്യക്തമാക്കുമോ ;

(ഡി) കാര്യക്ഷമമായി നികുതി പിരിച്ച് സർക്കാർ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും, ജനങ്ങളിൽ നിന്നും അധിക നികുതി ഈടാക്കുന്നത് നിർത്തലാക്കുവാനും എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) നിലവിലുള്ള നികുതി നിരക്കുകൾ കാലോചിതമായും യുക്തിസഹമായും പരിഷ്കരിച്ചുകൊണ്ട് അധിക വിഭവ സമാഹരണം നടത്തുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

(ബി) നിലവിലുള്ള നികുതി നിർദ്ദേശങ്ങൾ പ്രകാരം നികുതി പിരിവിൽ കാര്യമായ കുറവ് സംഭവിച്ചിട്ടില്ല. എന്നാൽ വർദ്ധനവിന്റെ തോതിൽ ഉദ്ദേശിച്ച ലക്ഷ്യം കൈവരിക്കാൻ സാധിച്ചിട്ടില്ല. നികുതി പിരിവിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥന്മാർക്കെതിരെ കർശന നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇതിന്റെ ഭാഗമായി വാണിജ്യനികുതി ഇൻസ്പെക്ടർമാർ, അസിസ്റ്റന്റ് കമ്മീഷണർമാർ ഉൾപ്പെടെ ഇരുപത്തിനാലോളം ഉദ്യോഗസ്ഥർക്കെതിരെ നടപടി കൈക്കൊണ്ടിട്ടുണ്ട്.

(സി&ഡി) ചെക്ക്പോസ്റ്റുകളിലെ പരിശോധന കർശനമാക്കിയിട്ടുണ്ട്. ഇത് രേഖാപരിശോധനയിൽ ചുരുങ്ങാതെ, സെലക്ടീവായി വിശദമായ ഫിസിക്കൽ വെരിഫിക്കേഷൻ നടത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ചെക്ക് പോസ്റ്റുകളിൽ ഇന്റലിജൻസ് വിഭാഗത്തിന്റെ ടേക്ക് ഓവറും, ഓവർ ചെക്കിംഗും ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തിനകത്തെ ചരക്കുവാഹനങ്ങളുടെ പരിശോധനയും കർശനമാക്കിയിട്ടുണ്ട്. എക്കണോമിക് ഇന്റലിജൻസ് വിംഗ് പുറം ഏജൻസികളിൽ നിന്നും ശേഖരിക്കുന്ന രേഖകൾ ഡീലർമാരുടെ റിട്ടേണുകളുമായി ഒത്തുനോക്കി നികുതി വെട്ടിപ്പ് കണ്ടുപിടിക്കുന്നുണ്ട്. നികുതി വെട്ടിപ്പിന് കൂടുതൽ സാദ്ധ്യതയുള്ള ചരക്കുകളിൽ മുൻകൂർ നികുതി ഏർപ്പെടുത്തുകയും ആയതിന്റെ തറവില സമയാസമയങ്ങളിൽ പുനർനിർണ്ണയിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ ആദായ നികുതി, കസ്റ്റംസ് തുടങ്ങിയ കേന്ദ്ര ഏജൻസികളുമായി സഹകരിച്ച് 360 ഡിഗ്രി മോണിറ്ററിംഗ് നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. നികുതി കുടിശ്ശിക റവന്യൂ റിക്കവറി നടപടികളിലൂടെ പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്.

## വില്പന നികുതി സ്റ്റേ

164 (2402) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്തെ വ്യാപാരികളിൽ എത്ര പേർക്ക് വില്പന നികുതി ഒടുക്കുവാനുള്ള അവധിയും സ്റ്റേയും അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ; ഇതിന്റെ അടിസ്ഥാനത്തിൽ എത്ര കോടി രൂപയുടെ വരുമാന നഷ്ടമുണ്ടായി ട്ടുണ്ടെന്നും വ്യക്തമാക്കാമോ ?

### ഉത്തരം

വിവരം ശേഖരിച്ചു നൽകുന്നതാണ്.

## നികുതി കുടിശ്ശിക

165 (2403) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതുതായി ഏർപ്പെടുത്തിയ പുതിയ നികുതി നിർദ്ദേശങ്ങൾ ഏതെല്ലാം ;

(ബി) നടപ്പു സാമ്പത്തിക വർഷം പിരിച്ചെടുത്ത നികുതി കുടിശ്ശിക എത്രയാണെന്നും ഇനി പിരിച്ചെടുക്കാനുള്ളത് എത്രയാണെന്നും അറിയിക്കുമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര തുകയുടെ നികുതി കുടിശ്ശികയ്ക്ക് സ്റ്റേ നൽകിയിട്ടുണ്ട് ;

(ഡി) ഏതെല്ലാം വകുപ്പുകളിൽ നിന്നും എത്ര നികുതി വീതം കുടിശ്ശികയായി പിരിഞ്ഞു കിട്ടാനുണ്ടെന്ന വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി എല്ലാത്തരം മദ്യം, വൈൻ, ബിയർ, സിഗററ്റ് എന്നിവയിന്മേലുള്ള നികുതി വർദ്ധിപ്പിച്ചിട്ടുണ്ട്. പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില കുറയുന്നതിന്റെ ഫലമായി നികുതിയിലുണ്ടാകുന്ന കുറവ് പരിഹരിക്കുന്നതിന് പെട്രോളിന്റെ നികുതി ന്യൂട്രലാക്കി നിർത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഭൂമിയുടെ ന്യായവില പുനർനിർണ്ണയിച്ചിട്ടുണ്ട്. ഭൂനികുതി, തോട്ടം നികുതി എന്നിവയിൽ കാലോചിതമായ വർദ്ധനവ് വരുത്തുന്നതിന് നടപടികൾ കൈക്കൊണ്ടിട്ടുണ്ട്

(ബി) കംപ്ട്രോളർ & ഓഡിറ്റർ ജനറലിന്റെ 31-3-2013-ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ കണക്കുകൾ പ്രകാരം ആകെ 12243.86 കോടി രൂപയുടെ നികുതി കുടിശ്ശിക പിരിച്ചെടുക്കാനുണ്ടായിരുന്നു. ഇതിൽ, വകുപ്പുതല കണക്കുകൾ പ്രകാരം 2013-14 സാമ്പത്തിക വർഷത്തിൽ 182.65 കോടി രൂപയും 2014-15 സാമ്പത്തിക വർഷത്തിൽ 31-10-2014 വരെ 61.067 കോടി രൂപയും പിരിച്ചെടുത്തിട്ടുണ്ട്. 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിൽ പിരിച്ചെടുക്കേണ്ടിയിരുന്നതുൾപ്പെടെ നിലവിലെ കണക്കുകൾ പ്രകാരമുള്ള നികുതി കുടിശ്ശിക 12739.48 കോടി രൂപയാണ്.

(സി) ഇൻസ്റ്റാൾമെന്റ് ഉൾപ്പെടെ ഏകദേശം 308 കോടി രൂപയ്ക്ക് നികുതി വകുപ്പിൽ നിന്നും സ്റ്റേ നൽകിയിട്ടുണ്ട്.

(ഡി)

| <u>വകുപ്പ്</u> | കുടിശ്ശിക (തുക കോടിയിൽ) |
|---|---|
| വാണിജ്യനികുതി വകുപ്പ് | 6678.25 |
| വനം വന്യജീവി വകുപ്പ് | 249.69 |
| ലോക്കൽ ഫണ്ട് ഓഡിറ്റ് | 20.52 |
| സ്റ്റേഷനറി | 10.60 |

| | |
|---|---|
| ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് | 5556.79 |
| എക്സൈസ് | 223.24 |
| മൈനിംഗ് & ജിയോളജി | 0.39 |
| ആകെ | 12739.48 |

## നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ആവിഷ്കരിച്ച പരിപാടികൾ

166 (2404) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിവിധ ഇനങ്ങളിലായി പിരിഞ്ഞുകിട്ടാനുള്ള നികുതി കുടിശ്ശിക എത്രയാണെന്ന് ഇനം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ ;

(ബി) നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് എന്തെല്ലാം പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട് ;

(സി) പ്രസ്തുത നടപടികളിലൂടെ എത്രമാത്രം നികുതികുടിശ്ശിക പിരിച്ചെടുക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വാണിജ്യനികുതി വകുപ്പിൽ പിരിഞ്ഞുകിട്ടുവാനുള്ള നികുതി കുടിശ്ശിക 31-3-2014 വരെ കണക്കാക്കിയിട്ടുള്ളത് 6565.84 കോടി രൂപയാണ്. രജിസ്ട്രേഷൻ വകുപ്പിൽ 2014 ഒക്ടോബർ മാസം വരെ 176.37 കോടി രൂപ പിരിഞ്ഞു കിട്ടുവാനുണ്ട്. മോട്ടോർ വാഹന വകുപ്പിൽ (കെ.എസ്.ആർ.ടി.സി.-യിൽ നിന്നും പിരിഞ്ഞുകിട്ടുവാനുള്ളത് ഉൾപ്പെടെ) 818.53 കോടി രൂപ പിരിഞ്ഞുകിട്ടുവാനുണ്ട്. എക്സൈസ് വകുപ്പിൽ 31-10-2014-ലെ കണക്കനുസരിച്ച് ആകെ 235,15,94,083 രൂപ അബ്കാരി കുടിശ്ശികയായി നിലനിൽക്കുന്നുണ്ട്.

(ബി) സംസ്ഥാനത്ത് പിരിഞ്ഞുകിട്ടുവാനുള്ള നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് വിവിധ വകുപ്പുകളിലായി ഊർജ്ജിത ശ്രമങ്ങൾ നടന്നു വരുന്നുണ്ട്. നികുതി കുടിശ്ശിക, റവന്യൂ റിക്കവറി നടപടികളിലൂടെ പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തുന്നതിന് 23-9-2014-ൽ ജില്ലാ കളക്ടർമാരുമായി ഒരു വീഡിയോ കോൺഫറൻസ് നടത്തി സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. റവന്യൂ റിക്കവറികളുടെ പുരോഗതി 13-10-2014-ൽ നടന്ന കളക്ടേഴ്സ് കോൺഫറൻസിൽ ചർച്ച ചെയ്യുകയും സമയബന്ധിത നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. വാണിജ്യ നികുതി വകുപ്പിൽ, KGST പീരിഡിലെ കുടിശ്ശിക നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിനായി ആംനസ്റ്റി സ്കീമിന്റെ കാലാവധി 2014 ഡിസംബർ 31 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. നിബന്ധനകൾക്ക്

വിധേയമല്ലാത്ത എല്ലാ സർക്കാർ സ്റ്റേ ഉത്തരവുകളും പിൻവലിച്ചു. ഹൈക്കോടതിയിൽ നിലവിൽ സ്റ്റേയുള്ള കേസുകളിൽ അഡ്വക്കേറ്റ് ജനറലുമായി ബന്ധപ്പെട്ട് അടിയന്തരമായി തീർപ്പുകല്പിച്ച് നികുതി പിരിച്ചെടുക്കുവാനുള്ള നടപടികൾ നടന്നുവരുന്നു. ഇതിനുപുറമെ ഡെപ്യൂട്ടി കമ്മീഷണർ (അപ്പീൽ), ട്രിബ്യൂണൽ എന്നിവയിൽ സ്റ്റേയിലുള്ള കേസുകളും അടിയന്തരമായി തീർപ്പാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കുടിശ്ശിക അസസ്സ്മെന്റുകൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും റിട്ടേൺ സ്ക്രൂട്ടിനിയുടെ നിലവാരം വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വാണിജ്യ നികുതി വകുപ്പിലെ ഇന്റലിജൻസ് അസിസ്റ്റന്റ് കമ്മീഷണർമാർ മുഖാന്തരമുള്ള കുടിശ്ശിക നികുതി പിരിവ് ഊർജ്ജിതമാക്കുവാനുദ്ദേശിച്ച്, ടാർജറ്റ് നിശ്ചയിച്ച് നൽകുകയും അതിന്റെ പുരോഗതി എല്ലാ മാസവും അവലോകനം നടത്തുകയും ചെയ്യുന്നു. എക്സൈസ് വകുപ്പുമായി ബന്ധപ്പെട്ട കുടിശ്ശിക പിരിവ് നടപടികൾ ഊർജ്ജിതപ്പെടുത്തുന്നതിനായി എല്ലാ ജില്ലാകളക്ടർമാർക്കും ഡെപ്യൂട്ടി കമ്മീഷണർമാർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കുടിശ്ശിക പിരിവ് നടപടികൾ ഊർജ്ജിതപ്പെടുത്തുന്നതിനായി സ്പെഷ്യൽ ഡ്രൈവ് സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

മോട്ടോർ വാഹന വകുപ്പിൽ കെ.എസ്.ആർ.ടി.സി. ഒഴികെയുള്ള കുടിശ്ശിക ഭൂരിഭാഗവും ബുക്ക് അരിയർ ആണ്. ഇത് കുറയ്ക്കുന്നതിനായി ഒരു തീവ്രയത്ന കുടിശ്ശിക നിവാരണമാസം (1-8-2014 മുതൽ 31-8-2014 വരെ) നടത്തിയിട്ടുണ്ട്. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു.

(സി) പ്രസ്തുത നടപടികളിലൂടെ പിരിച്ചെടുക്കുവാൻ കഴിഞ്ഞ നികുതി കുടിശ്ശികയുടെ വിശദവിവരം ചുവടെ ചേർക്കുന്നു:

| | |
|---|---|
| 1. എക്സൈസ് വകുപ്പ് | 1,28,33,265 രൂപ |
| 2. രജിസ്ട്രേഷൻ വകുപ്പ് | 150.57 കോടി രൂപ |
| 3. മോട്ടോർ വാഹന വകുപ്പ് (30-6-2014-വരെ ലഭ്യമായ കണക്കുകൾ പ്രകാരം) | 161,35,38,740 രൂപ |
| 4. വാണിജ്യ നികുതി വകുപ്പ് (31-10-2014-ലെ കണക്ക് പ്രകാരം) | 91.72 കോടി രൂപ |

### നികുതി വരുമാനങ്ങളുടെ സ്റ്റേ

167 (2405) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലഭിക്കേണ്ട വിവിധ നികുതി വരുമാനങ്ങൾക്ക് സർക്കാർ നൽകിയ സ്റ്റേ കാരണം എന്ത് തുക പിരിഞ്ഞുകിട്ടാനുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഉപാധികളോടെയുള്ള സ്റ്റേ മുഖാന്തരവും ഉപാധിരഹിത സ്റ്റേ മുഖാന്തരവും എത്ര

തുകയാണ് പിരിഞ്ഞുകിട്ടാനുള്ളതെന്ന് പ്രത്യേകം വ്യക്തമാക്കുമോ ?

ഉത്തരം

(എ) 31-3-2014-ലെ കണക്കനുസരിച്ച് നികുതി വകുപ്പിൽ ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ വാണിജ്യ നികുതിയിനത്തിൽ 230.19 കോടി രൂപയുടെ സർക്കാർ സ്റ്റേ (ഇൻസ്റ്റാൾമെന്റ് ഒഴികെ) കൊടുത്തിട്ടുണ്ട്. ലാന്റ് റവന്യൂ ഇനത്തിൽ സർക്കാർ നൽകിയ സ്റ്റേ ഇനത്തിൽ 40.79 കോടി രൂപയാണ് ഉൾപ്പെട്ടിരിക്കുന്നത്. മോട്ടോർ വാഹനം, എക്സൈസ്, രജിസ്ട്രേഷൻ എന്നീ വകുപ്പുകളിൽ സർക്കാർ തലത്തിൽ സ്റ്റേ നൽകിയിട്ടില്ല.

(ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

**വാണിജ്യ നികുതി ചെക്ക് പോസ്റ്റുകളിൽ നിന്നുള്ള വരുമാനത്തിലെ കുറവ്**

168 (2406) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തെ വിവിധ വാണിജ്യ നികുതി ചെക്ക് പോസ്റ്റുകളിൽ നിന്നും ഉണ്ടായ വരുമാനത്തിൽ എന്ത് തുകയുടെ കുറവ് സംഭവിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് സംസ്ഥാനത്തെ ചെക്ക് പോസ്റ്റുകളിൽ നിന്നും ഉണ്ടായ വരുമാനവുമായി താരതമ്യപ്പെടുത്തുമ്പോൾ എന്തു തുകയുടെ കുറവുണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിവിധ വാണിജ്യ നികുതി ചെക്ക് പോസ്റ്റുകളിൽ നിന്നുണ്ടായ വരുമാനത്തിൽ കുറവ് സംഭവിച്ചിട്ടില്ല. കഴിഞ്ഞ 5 വർഷങ്ങളിലെ ചെക്ക്പോസ്റ്റിൽ നിന്നുള്ള വരുമാനം മുൻകൂർ നികുതി ഉൾപ്പെടെ ചുവടെ ചേർക്കുന്നു:

| വർഷം | ലഭിച്ച വരുമാനം (കോടിയിൽ ) |
|---|---|
| 2009-10 | 276.46 |

| | |
|---|---|
| 2010-11 | 268.27 |
| 2011-12 | 659.72 |
| 2012-13 | 975.01 |
| 2013-14 | 1021.76 |

(ബി) കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് സംസ്ഥാനത്തെ ചെക്ക്പോസ്റ്റുകളിൽ നിന്ന് ഉണ്ടായ വരുമാനവുമായി താരതമ്യപ്പെടുത്തുമ്പോൾ ഈ സർക്കാരിന്റെ കാലത്ത് കുറവുണ്ടായിട്ടില്ല.

**ക്രഷർ യൂണിറ്റുകളിൽനിന്നുള്ള നികുതി വരുമാനം**

169 (2407) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന ക്രഷർ യൂണിറ്റുകളെ ഏതൊക്കെ വിഭാഗങ്ങളായി തിരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഓരോ കാറ്റഗറിയിലുംപെട്ട യൂണിറ്റുകൾക്ക് ചുമത്തിയിരിക്കുന്ന നികുതി നിരക്ക് എത്രയെന്ന് വ്യക്തമാക്കുമോ ;

(സി) 2012-13, 2013-14 വർഷങ്ങളിൽ ഓരോ വിഭാഗത്തിലുംപെട്ട ക്രഷർ യൂണിറ്റുകളിൽനിന്നും ലഭിച്ച നികുതി വരുമാനം എത്രയെന്ന് വിശദമാക്കുമോ ;

(ഡി) നിശ്ചയിക്കപ്പെട്ട നിരക്കിൽ തന്നെയാണോ ക്രഷർ യൂണിറ്റുകളിൽ നിന്ന് നികുതി ഈടാക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഇ) ക്രഷർ യൂണിറ്റുകൾക്ക് നികുതി അടവിന് കോമ്പൗണ്ടിംഗ് സമ്പ്രദായം അനുവദിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ&ബി) കേരള മൂല്യവർദ്ധിത നികുതി നിയമപ്രകാരം മെറ്റൽ ക്രഷർ യൂണിറ്റുകൾ വഴി ഉൽപ്പാദിപ്പിക്കുന്ന മെറ്റലുകളുടെ നികുതി നിരക്ക് 14.5 ശതമാനവും അല്ലാത്തവയ്ക്ക് 5 ശതമാനവുമാണ്. മെറ്റൽ/മാനുഫാക്ചേർഡ് സാന്റിന്റെ നികുതി നിരക്ക് 14.5 ശതമാനമാണ്. മെറ്റൽ/മാനുഫാക്ചേർഡ് സാന്റ് ഉൽപ്പാദകന്റെയോ

വ്യാപാരിയുടെയോ വാർഷിക വിറ്റുവരവ് പത്ത് ലക്ഷം രൂപ കവിയുകയാണെങ്കിൽ വകുപ്പ് 6(1) പ്രകാരം മുകളിൽ പരാമർശിച്ചിരിക്കുന്ന നിരക്കിൽ വിൽപ്പന വിലയിന്മേൽ നികുതി അടയ്ക്കുവാൻ ബാദ്ധ്യസ്ഥനാണ്. എന്നാൽ ഈ മേഖലയിലുള്ളവർക്ക് വകുപ്പ് 6(1) പ്രകാരം നികുതി ഒടുക്കുന്നതിന് ബദലായി അവർ തെരഞ്ഞെടുക്കുന്നപക്ഷം വകുപ്പ് 8(b) അനുസരിച്ച് കോമ്പൗണ്ടിംഗ് രീതിയിൽ നികുതി ഒടുക്കുവാനുള്ള വ്യവസ്ഥയും നിലവിലുണ്ട്. അതിനായി മെറ്റൽ/മാനുഫാക്ചേർഡ് സാന്റ് ഉൽപ്പാദിപ്പിക്കുന്ന യൂണിറ്റുകളെ അതിനുപ യോഗിക്കുന്ന യന്ത്രസാമഗ്രിയുടെ വായ്‌വട്ടത്തെ അഥവാ ഉൽപ്പാദനക്ഷമതയെ ആസ്പദമാക്കി വർഗ്ഗീകരിച്ച് കോമ്പൗണ്ടിംഗ് നികുതി ഏർപ്പെടുത്തിയിട്ടുണ്ട്. കേരള ധനകാര്യ നിയമം 2014 പ്രകാരം നിലവിലുള്ള നിരക്ക് അനുബന്ധമായി ചേർക്കുന്നു.*

(സി) 2012-13, 2013-14 വർഷങ്ങളിൽ ക്രഷർ മേഖലയിൽ നിന്നും ആകെ ലഭിച്ച കോമ്പൗണ്ടഡ് നികുതി വരുമാനം ഇപ്രകാരമാണ്. മെഷീനിന്റെ size തിരിച്ചുള്ള വരുമാനം ലഭ്യമല്ല.

| | | |
|---|---|---|
| 2012-13 | - | 50.83 കോടി |
| 2013-14 | - | 69.49 കോടി |

(ഡി) അതെ. എന്നാൽ വായ്‌വട്ടം തെറ്റായി ബോധിപ്പിച്ച് നികുതി ഒടുക്കുന്നവർക്കെതിരെ ആവശ്യമായ നികുതി പുനർനിർണ്ണയം നടത്തുകയും തെറ്റായ വിവരം നൽകി നികുതി വെട്ടിപ്പ് നടത്തിയതിന് ശിക്ഷാനടപടികളും സ്വീകരിക്കാറുണ്ട്.

(ഇ) ഉണ്ട്. വിശദാംശങ്ങൾ മുകളിൽ (എ), (ബി) പിരിവുകളിൽ വ്യക്തമാക്കിയിട്ടുണ്ട്.

**ബാറുകളും ഔട്ട്ലെറ്റുകളും അടച്ചുപൂട്ടിയതുമൂലമുള്ള വരുമാനനഷ്ടം**

170 (2408) <u>ശ്രീ. പി. കെ. ഗുരുദാസൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അബ്കാരി നയം പൂർണ്ണമായി നടപ്പിലാകുമ്പോൾ പ്രതിവർഷം, കിട്ടിക്കൊണ്ടിരിക്കുന്ന വരുമാനത്തിലുണ്ടാകുന്ന കുറവ് എത്ര കോടിയായിരിക്കും ?

<u>ഉത്തരം</u>

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

അബ്കാരി നയം പൂർണ്ണമായി നടപ്പിലാകുമ്പോൾ സംസ്ഥാനത്തെ ഫൈവ് സ്റ്റാർ ഒഴികെയുള്ള ബാർ ഹോട്ടലുകൾക്ക് മദ്യവ്യാപാരം നടത്തുന്നതിനുള്ള അനുമതി റദ്ദാക്കുന്നതിലൂടെ പ്രതിവർഷം ലൈസൻസ് ഫീസിനത്തിൽ 165.37 കോടി രൂപയുടേയും, ടി ബാർ ലൈസൻസുകളിൽ നിന്നും പിഴയിനത്തിൽ ലഭിച്ചിരുന്ന വരുമാനവും നഷ്ടമാകും. പ്രതിവർഷം 10 ശതമാനം കെ.എസ്.ബി.സി. ഔട്ട്ലെറ്റുകൾ നിർത്തലാക്കുന്നതുവഴി ലൈസൻസ് ഫീസിനത്തിൽ 24.57 കോടി രൂപയുടെ വരുമാന നഷ്ടമുണ്ടാകും. 2014 ആഗസ്റ്റ് മാസം അവസാനത്തോടുകൂടി 2014-15 സാമ്പത്തിക വർഷത്തെ മദ്യനയം പ്രഖ്യാപിച്ചതോടുകൂടി 2014 സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിലെ വിൽപ്പനയിൽ 2013-ലെ ഇതേ മാസങ്ങളിലെ വിൽപ്പനയേക്കാൾ കുറവു വന്നിട്ടുണ്ട്. എക്സൈസ് വരുമാനത്തിന്റെ പ്രധാന വരുമാന സ്രോതസ്സായ ഇന്ത്യൻ നിർമ്മിത വിദേശ മദ്യത്തിന്റെമേൽ ചുമത്തപ്പെടുന്ന എക്സൈസ് ഡ്യൂട്ടി മദ്യത്തിന്റെ വില്പനയുമായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നതിനാൽ എക്സൈസ് വരുമാനത്തിൽ കുറവു പ്രതീക്ഷിക്കുന്നുണ്ട്. കൃത്യമായ കണക്ക് കണക്കാക്കിയിട്ടില്ല.

**അതിർത്തി ചെക്ക് പോസ്റ്റുകളിൽ നികുതി പിരിവ്**

171 (2409) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ അതിർത്തി ചെക്ക് പോസ്റ്റുകളിൽ നടപ്പുവർഷം ഉദ്ദേശിച്ച നികുതി പിരിവ് എത്ര ;

(ബി) ഇതിൽ നാളിതുവരെ എത്ര തുക പിരിച്ചെടുത്തു ;

(സി) ഉദ്ദേശിച്ച ടാർജറ്റ് പിരിക്കാനാകാത്ത ചെക്ക് പോസ്റ്റുകൾ ഏതെല്ലാം ;

(ഡി) നികുതി നൽകേണ്ട ഉല്പന്നങ്ങൾ ചെക്ക്പോസ്റ്റുകൾ വഴി നികുതി നൽകാതെ കടത്തിയതുമായി ബന്ധപ്പെട്ട് നടപ്പുവർഷം നാളിതുവരെ എത്ര തുക പിഴ ഇനത്തിൽ ഈടാക്കി ; പ്രസ്തുത പ്രവണത തടയാൻ എന്തു കർശന നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(ഇ) നടപ്പുവർഷം തീരാൻ ഇനി കുറച്ച് മാസങ്ങൾ മാത്രം അവശേഷിക്കെ ചെക്ക് പോസ്റ്റുകൾ വഴി ഇനി പിരിച്ചെടുക്കുവാൻ ഉദ്ദേശിക്കുന്ന നികുതി എത്ര ; അതിനായി കഴിവുറ്റ ഉദ്യോഗസ്ഥരെ നിയമിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) സംസ്ഥാനത്തെ അതിർത്തി ചെക്ക്പോസ്റ്റുകൾക്ക് മാത്രമായി ടാർജറ്റ് നിശ്ചയിച്ചിട്ടില്ല. 31-10-2014 വരെ ചെക്ക് പോസ്റ്റുകളിലൂടെ 640.25 കോടി രൂപ പിരിച്ചെടുത്തിട്ടുണ്ട്.

(ഡി) നികുതി നൽകേണ്ട ഉല്പന്നങ്ങൾ ചെക്ക്പോസ്റ്റുകൾ വഴി നികുതി നൽകാതെ കടത്തിയതുമായി ബന്ധപ്പെട്ട് നടപ്പുവർഷം 31-10-2014-വരെ 25.74 കോടി രൂപ സെക്യൂരിറ്റി ഡെപ്പോസിറ്റായി പിരിച്ചെടുത്തിട്ടുണ്ട്. നവംബർ മാസത്തിലെ കണക്ക് ശേഖരിച്ച് നൽകുന്നതാണ്. ഇത്തരത്തിലുള്ള നികുതി വെട്ടിപ്പ് തടയുന്നതിനുവേണ്ടി ചെക്ക്പോസ്റ്റുകളിൽ ഇന്റലിജൻസ് വിഭാഗം ടേക്കോവറും ഓവർ ചെക്കിംഗും നടത്തുന്നുണ്ട്. 2014-15 സാമ്പത്തിക വർഷം 31-10-2014 വരെ 635 ടേക്കോവറുകൾ നടത്തിയിട്ടുണ്ട്. ക്രമക്കേടുകൾ കണ്ടെത്തിയ കേസുകളിൽ നടപടികൾ എടുത്തിട്ടുണ്ട്. കുറ്റക്കാരെന്ന് കണ്ടെത്തിയ ഉദ്യോഗസ്ഥർക്കെതിരെ സസ്പെൻഷൻ ഉൾപ്പെടെയുള്ള കർശന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഊടുവഴികളിലൂടെ നികുതി വെട്ടിച്ച് സാധനങ്ങൾ കടത്തി കൊണ്ടുവരുന്ന സാഹചര്യങ്ങൾ ഒഴിവാക്കാൻ ഇന്റലിജൻസ് സ്ക്വാർഡുകളുടെ സേവനം പരമാവധി പ്രയോജനപ്പെടുത്തുന്നു.

(ഇ) അതിർത്തി ചെക്ക്പോസ്റ്റുകൾക്ക് മാത്രമായി ടാർജറ്റ് നിശ്ചയിച്ചിട്ടില്ല. ചെക്ക്പോസ്റ്റുകളിൽ കഴിവുറ്റ ഉദ്യോഗസ്ഥരെയാണ് നിയമിക്കുന്നത്.

## ത്രീസ്റ്റാർ ബാർ ഹോട്ടലുകൾക്ക് മദ്യവ്യാപാരം

172 (2410) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ത്രീ സ്റ്റാർ ബാർ ഹോട്ടലുകൾക്ക് മദ്യവ്യാപാരം നടത്തുന്നതിനുള്ള അനുമതി റദ്ദാക്കുന്നതിലൂടെ സംസ്ഥാനത്തിന് വിൽപന നികുതി ഇനത്തിലും എക്സൈസ് നികുതി ഇനത്തിലും പ്രതിവർഷം എത്ര മാത്രം വരുമാന കുറവുണ്ടാകുമെന്നു വ്യക്തമാക്കുമോ ?

(ബി) വരുമാനത്തിലുണ്ടാകുന്ന ഈ കുറവ് പരിഹരിക്കുന്നതിന് ധനവകുപ്പ് കണ്ടെത്തിയിട്ടുള്ള ധനസമാഹരണ മാർഗ്ഗങ്ങൾ എന്തെല്ലാമാണ് ;

(സി) ഇതിന്റെ ഭാഗമായി എന്തെല്ലാം പുതിയ നികുതി നിർദ്ദേശങ്ങളാണ് നടപ്പിലാക്കിയതെന്നും പ്രസ്തുത നികുതി നിർദ്ദേശങ്ങളിലൂടെ ലക്ഷ്യമിടുന്ന അധിക വിഭവ സമാഹരണം എത്രയാണെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ 5 സ്റ്റാർ ഒഴികെയുള്ള ബാർ ഹോട്ടലുകൾക്ക് മദ്യവ്യാപാരം

നടത്തുന്നതിനുള്ള അനുമതി റദ്ദാക്കുന്നതിലൂടെ പ്രതിവർഷം ലൈസൻസ് ഫീസിനത്തിൽ 165.37 കോടി രൂപയുടെ വരുമാനക്കുറവ് എക്സൈസ് വകുപ്പിനുണ്ടാകും. കൂടാതെ ടി ബാർ ലൈസൻസുകളിൽ നിന്നും പിഴ ഇനത്തിൽ ലഭിച്ചിരിക്കുന്ന വരുമാനവും ബാറുകളിലെ മദ്യവില്പനയിലൂടെയും മദ്യത്തിൽ നിന്നുള്ള എക്സൈസ് ഡ്യൂട്ടിയിനത്തിൽ ലഭ്യമാകുന്ന വരുമാനവും നഷ്ടമാകും. വില്പന നികുതിയിനത്തിലെ കുറവ് കണക്കാക്കിയിട്ടില്ല.

(ബി & സി) വിവരം ശേഖരിച്ചുവരുന്നു.

**നികുതിയിനത്തിലെ വരുമാനവും പിരിഞ്ഞുകിട്ടുവാനുള്ള കുടിശ്ശികയും സംബന്ധിച്ച വിവരം**

173 (2411) ഡോ. ടി. എം. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 വർഷം സെയിൽസ് ടാക്സ്, വാല്യൂ ആഡഡ് ടാക്സ് എന്നിവ മുഖേന ബഡ്ജറ്റിൽ ലക്ഷ്യമിട്ട ആകെ തുക എത്ര; ഇതിനകം എന്തു തുക പിരിഞ്ഞുകിട്ടിയിട്ടുണ്ട്; ഇതേ കാലയളവിൽ മുൻവർഷം ലഭിച്ച വരുമാനം എത്രയായിരുന്നു; സ്വാഭാവിക വർദ്ധന എത്ര ശതമാനം ; ബഡ്ജറ്റിൽ പ്രതീക്ഷിച്ച സ്വാഭാവിക വർദ്ധന യഥാർത്ഥത്തിൽ ഉണ്ടായിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണങ്ങൾ വെളിപ്പെടുത്താമോ ;

(ബി) സംസ്ഥാനം നടപ്പാക്കിയ ടാക്സ് റവന്യൂവിൽ (പ്രിൻസിപ്പൽ ടാക്സസ്) പിരിച്ചെടുക്കാൻ സാധിച്ചിട്ടില്ലാത്ത ആകെ തുക എത്രയാണ് ; മേജർ ഇനം തിരിച്ച് വെളിപ്പെടുത്താമോ ;

(സി) 2005-ലെ കേരള ഫിസിക്കൽ സ്പോൺസർസിബിലിറ്റി റൂൾസ് 7 പ്രകാരമുള്ള ഫോം ബി 5-ൽ ഏറ്റവും ഒടുവിലത്തെ കണക്കുകൾ 2014-15-ലെ ബഡ്ജറ്റിന് അടിസ്ഥാനമാക്കി ലഭ്യമാക്കാമോ ?

ഉത്തരം

(എ) 2014-15 സാമ്പത്തിക വർഷം സെയിൽടാക്സ്, വാല്യൂ ആഡഡ് ടാക്സ് എന്നിവ മുഖേന ബഡ്ജറ്റിൽ ലക്ഷ്യമിട്ട തുക 31913.47 കോടി രൂപയാണ്. ഇതിനകം 30-11-2014 വരെ 17631.47 കോടി രൂപ പിരിഞ്ഞുകിട്ടിയിട്ടുണ്ട്. ഇതേ കാലയളവിൽ മുൻവർഷം ലഭിച്ച വരുമാനം 15888.36 കോടി രൂപയായിരുന്നു. കൈവരിച്ച വർദ്ധന 11 ശതമാനമാണ്. ബഡ്ജറ്റിൽ പ്രതീക്ഷിച്ച വർദ്ധന

ഉണ്ടായിട്ടില്ല. ഇതിനുള്ള കാരണങ്ങൾ അനുബന്ധം അയി ചേർക്കുന്നു.*

(ബി) 31-3-2014-ലെ കണക്കനുസരിച്ച് വാണിജ്യ നികുതി വകുപ്പിൽ പിരിച്ചെടുക്കാനുള്ള കുടിശ്ശിക 6565.84 കോടി രൂപയാണ്. ഇനം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| ഇനം | കുടിശ്ശിക (തുക കോടിയിൽ) |
|---|---|
| സെയിൽടാക്സ് | 4184.33 |
| വാല്യൂ ആഡഡ് ടാക്സ് | 2332.16 |
| അഗ്രിക്കൾച്ചറൽ ഇൻകം ടാക്സ് | 49.35 |

(സി) 'ബഡ്ജറ്റ് ഇൻ ബ്രീഫിൽ ഉൾപ്പെടുത്തിയ 'ബി 5' സ്റ്റേറ്റ്മെന്റിന്റെ പകർപ്പ് അനുബന്ധം ആയി ചേർക്കുന്നു.* എന്നാൽ 2012-13 സാമ്പത്തിക വർഷം അവസാനിക്കുമ്പോൾ വിവിധ ഇനങ്ങളിലായി പിരിച്ചെടുക്കാനുള്ള തുക 25608.04 കോടി രൂപ എന്നാണ് വാണിജ്യ നികുതി വകുപ്പ് അറിയിച്ചിരിക്കുന്നത്. പിരിഞ്ഞു കിട്ടുവാനുള്ള നികുതി കുടിശ്ശിക സംബന്ധിച്ച വിഷയം പുനഃപരിശോധിച്ചപ്പോൾ യഥാർത്ഥത്തിൽ 6713.91 കോടി രൂപ മാത്രമാണ് പിരിച്ചെടുക്കാനുള്ളതെന്ന് കണ്ടെത്തിയിട്ടുണ്ട്. ആയതിനാൽ ഇത് സംബന്ധിച്ച് ആവശ്യമായ തിരുത്ത് വരുത്തുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിക്കുന്നതാണ്.

## സ്വർണ്ണത്തിന്റെ വിൽപ്പന നികുതി

174 (2412) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്വർണ്ണത്തിന് വിൽപ്പന നികുതി എത്ര ശതമാനമാണെന്നും ഒരു വർഷം എത്ര കിലോ സ്വർണ്ണം വിൽക്കുന്നു എന്നും വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത വിൽപ്പനയിലൂടെ ഒരു വർഷം എത്ര കോടി രൂപ വിൽപ്പന നികുതിയിനത്തിൽ ലഭിക്കുന്നു എന്ന് വ്യക്തമാക്കുമോ ;

(സി) ബില്ല് നൽകാതെ നടക്കുന്ന സ്വർണ്ണ വിൽപ്പനയിലൂടെ നികുതി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഇനത്തിൽ ലഭിക്കേണ്ട എത്ര കോടി രൂപ നഷ്ടപ്പെടുന്നു എന്ന് വ്യക്തമാക്കുമോ ; ഇതു തടയാൻ എന്ത് നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) കേരള മൂല്യവർദ്ധിത നികുതി നിയമപ്രകാരം ബുള്ള്യൻ, സ്വർണ്ണ നാണയം എന്നിവയുടെ നികുതി നിരക്ക് 1 ശതമാനവും സ്വർണ്ണാഭരണങ്ങളുടെ നിരക്ക് 5 ശതമാനവുമാണ്. വ്യാപാരികൾക്ക് അവർ തെരഞ്ഞെടുക്കുന്നപക്ഷം വകുപ്പ് 6(1) അനുസരിച്ച് മേൽ പരാമർശിച്ചിട്ടുള്ള നിരക്കിൽ നികുതി ഒടുക്കുന്നതിനുപകരം വകുപ്പ് 8 അനുസരിച്ച് കോമ്പൗണ്ടഡ് വ്യവസ്ഥയിലും നികുതി ഒടുക്കാവുന്നതാണ്. വാണിജ്യ നികുതി വകുപ്പിന് സമർപ്പിക്കുന്ന റിട്ടേണുകളിൽ സ്വർണ്ണത്തിന്റെ തൂക്കം/അളവ് സംബന്ധിച്ച വിവരങ്ങൾ വ്യാപാരികൾ രേഖപ്പെടുത്തേണ്ടതായിട്ടില്ല. മാസത്തിലുള്ള മൊത്തം വിറ്റുവരവും അതിന് നിശ്ചിത നിരക്കിലുള്ള നികുതിയുമാണ് അവർ റിട്ടേണിൽ രേഖപ്പെടുത്തേണ്ട തായിട്ടുള്ളത്. ക്വാണ്ടിറ്റിവൈസ് ഡീറ്റെയിൽസ് വ്യാപാരികളുടെ കണക്ക് പുസ്തകങ്ങൾ പരിശോധിച്ചാൽ ലഭ്യമാകും. എന്നാൽ റിട്ടേൺ സൂക്ഷ്മ പരിശോധനയിൽ എന്തെങ്കിലും പൊരുത്തക്കേടുകൾ കാണിക്കുമ്പോഴോ നികുതി വെട്ടിപ്പ് സംശയിക്കുന്ന വേളയിലോ മാത്രമേ കണക്കു പുസ്തകങ്ങൾ വകുപ്പ് പരിശോധിക്കാറുള്ളൂ. ആയതിനാൽ ഓരോ വ്യാപാരിയും എത്ര കിലോ സ്വർണ്ണം വിൽക്കുന്നുവെന്ന കണക്ക് ലഭ്യമല്ല.

(ബി) കഴിഞ്ഞ കൊല്ലം (2013-14) സ്വർണ്ണമേഖലയിൽ നിന്നും ലഭിച്ച മൊത്ത നികുതി വരുമാനം 491.53 കോടി രൂപയാണ്. ഇതിൽ 310.76 കോടി രൂപ കോമ്പൗണ്ടിംഗ് ഇനത്തിൽ ലഭിച്ച നികുതിയാണ്.

(സി) മറ്റേതു കച്ചവടത്തേയും പോലെ സ്വർണ്ണത്തിലും കണക്കിൽപ്പെടാതെയുള്ള വിൽപ്പനകൾ നടത്തി നികുതി വെട്ടിക്കുന്ന സ്ഥിതിവിശേഷമുണ്ട്. ബില്ലോ വ്യാപാര സ്ഥാപനമോ ഇല്ലാതെയുള്ള കച്ചവടവും സ്യൂട്ട് കേസുകളിലും മറ്റും സുഗമമായി കടത്തുവാനുള്ള സൗകര്യവും കാരണം നികുതി ചോർച്ച ഈ മേഖലയിൽ കൂടുതലാണ്. സ്വർണ്ണത്തിന്റെ നികുതി ഘടനയിൽ രണ്ടുതരം നികുതിദായകരാണ്

നിലവിലുള്ളത്. (1) പൊതുവിഭാഗത്തിൽപ്പെടുന്നവരും (2) കോമ്പൗണ്ടിംഗ് സമ്പ്രദായം തെരഞ്ഞെടുത്തവരും. സ്വർണ്ണ മേഖലയിൽ ഫലപ്രദമായ കടപരിശോധനയും സ്റ്റോക്ക് തിട്ടപ്പെടുത്തലും കണക്ക് വിളിച്ചുള്ള റിട്ടേൺ/ അസസ്സ്മെന്റ് തീർപ്പാക്കലും പരീക്ഷിച്ച് പരാജയപ്പെട്ടതിന്റെ അടിസ്ഥാ നത്തിൽ, ഈ മേഖലയിൽ നിന്നും കൂടുതൽ വരുമാനം നേടുന്നതിനുവേണ്ടിയാണ് കോമ്പൗണ്ടിംഗ് വ്യവസ്ഥ നടപ്പിലാക്കിയിട്ടുള്ളത്. കേരളത്തിലെ വൻകിട സ്വർണ്ണവ്യാപാരികൾ മിക്കവരും കോമ്പൗണ്ടിംഗ് രീതിയിൽ നികുതി ഒടുക്കുന്നവരാണ്. ഏറെ നികുതി ചോർച്ചയുള്ള മേഖലയായിരിന്നിട്ടുകൂടി ആകർഷ കമായ കോമ്പൗണ്ടിംഗ് വ്യവസ്ഥയിലൂടെ ഈ മേഖലയിൽ നിന്നും വരുമാന വർദ്ധനവ് ഉണ്ടായിട്ടുണ്ട്. വകുപ്പ് 6 പ്രകാരം നികുതി ഒടുക്കുന്ന നോൺ കോമ്പൗണ്ടഡ് വ്യാപാരികളെ സംബന്ധിച്ച് അവർ സമർപ്പിക്കുന്ന പ്രതിമാസ റിട്ടേണുകളും കണക്കുകളും പരിശോധിക്കുകയും ആവശ്യമെങ്കിൽ കടപരിശോധന നടത്തി സ്റ്റോക്കുകൾ പരിശോധിച്ച് മേൽ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നുണ്ട്.

**ഉഴവൂർ സബ്ട്രഷറിയുടെ കെട്ടിടനിർമ്മാണം**

175 (2413) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉഴവൂർ സബ്ട്രഷറിയുടെ കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട് മിനി സിവിൽ സ്റ്റേഷൻ പണിയുന്നതിന് LAC-ADF വഴി നിർമ്മാണം നടത്തുന്നതിന് ട്രഷറി വകുപ്പിന്റെ അനുമതിക്കായി ഇപ്പോൾ നിലവിൽ ട്രഷറി ഡയറക്ടറേറ്റിലുള്ള ഫയൽ നമ്പർ 8085/A1/2013 എന്ന ഫയലിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ;

(ബി) കോട്ടയം ജില്ലാ ട്രഷറി ഓഫീസിൽ നിന്നും ഇതുസംബന്ധിച്ച് റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കാമോ ;

(സി) പഴയ ട്രഷറി ബിൽഡിംഗ് പൊളിക്കുന്നതിനുള്ള അനുമതി എത്രയും വേഗം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഇത് സംബന്ധിച്ച് 2010/ 2014/VIP/Min(Fi&L) നമ്പർ പെറ്റീഷനിൽ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) ട്രഷറി ഡയറക്ടറുടെ 8085/എ 1/2013 നമ്പർ ഫയലിന്മേലുള്ള റിപ്പോർട്ട് 6-12-2014-ൽ ധനവകുപ്പിൽ ലഭിക്കുകയുണ്ടായി. ആയത് പരിശോധിച്ച്

ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

(ബി) റിപ്പോർട്ട് ട്രഷറി ഡയറക്ടർക്ക് ലഭിച്ചിട്ടുണ്ട്. ആയതിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

(സി) 2010/2014/VIP/Min(Fi&L) നമ്പർ പെറ്റീഷന്മേലുള്ള ട്രഷറി ഡയറക്ടറുടെ റിപ്പോർട്ട് 6-12-2014-ൽ ധനവകുപ്പിൽ ലഭിക്കുകയുണ്ടായി. സ്ട്രോംഗ് റൂം, സർവ്വർ റൂം, കൗണ്ടറുകൾ, കമ്പ്യൂട്ടറുകളുടെ പ്രവർത്തിനാവശ്യമായ ഇലക്ട്രിക്കൽ, നെറ്റ്‌വർക്ക് കേബിളിങ്ങ് മുതലായ ഭൗതിക സാഹചര്യങ്ങളോടുകൂടിയതും അനുയോജ്യമായ വിസ്തൃതിയുള്ളതുമായ കെട്ടിടം ഇടപാടുകാർക്കുകൂടി സൗകര്യ പ്രദമായ സ്ഥലത്ത് പഞ്ചായത്ത് ചെലവിൽ ലഭ്യമാകുന്ന മുറയ്ക്ക് ഉചിതമായ അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

**ചേർത്തല സബ് ട്രഷറി**

176 (2414) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിനി സിവിൽസ്റ്റേഷൻ അനക്സിന്റെ നിർമ്മാണത്തിനുവേണ്ടി ചേർത്തല സബ് ട്രഷറി മാറ്റി സ്ഥാപിക്കുന്ന നടപടി ഏതു ഘട്ടംവരെയായി എന്നു വ്യക്തമാക്കാമോ ;

(ബി) ചേർത്തല സബ് ട്രഷറി മാറ്റിസ്ഥാപിക്കുന്നതിന് സട്രോംഗ് റൂം അടക്കമുള്ള സംവിധാനം ഒരുക്കുന്നതിനായി എത്ര രൂപയുടെ എസ്റ്റിമേറ്റാണ് സമർപ്പിക്കപ്പെട്ടത് എന്നു വിശദമാക്കാമോ ;

(സി) ഇതിനുവേണ്ടി പണം അനുവദിച്ചു നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ പണം അനുവദിക്കാത്തത് എന്തുകൊണ്ടാണെന്നു വ്യക്തമാക്കുമോ ?

ഉത്തരം

(എ) ചേർത്തല സബ്ട്രഷറിക്കായി നിലവിലുള്ള മിനി സിവിൽസ്റ്റേഷൻ മെയിൻ കെട്ടിടത്തിൽ ട്രഷറിക്കായി കൗണ്ടർ നിർമ്മിക്കുന്നതിന് PWD-യിൽ നിന്നും 8.5 ലക്ഷത്തിന്റെ എസ്റ്റിമേറ്റിന് അനുമതി നൽകിയിട്ടുണ്ട്. പണി പൂർത്തിയാകുന്ന മുറയ്ക്ക് സബ്ട്രഷറി മാറ്റിസ്ഥാപിക്കുന്നതും മിനിസിവിൽ സ്റ്റേഷനു വേണ്ടി സ്ഥലം ഒഴിഞ്ഞുകൊടുക്കുന്നതുമാണ്.

(ബി) 8.5 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്

(സി) പണം നൽകുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. എത്രയുംവേഗം പണം നൽകുന്നതാണ്.

**കൊയിലാണ്ടി സബ്ട്രഷറിക്ക് പുതിയ കെട്ടിടം**

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

177 (2415) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കൊയിലാണ്ടി സബ്ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

ഉണ്ട്. കൊയിലാണ്ടി താലൂക്ക് പന്തലായനി അംശം ദേശത്ത് റീ.സ.39/1/ബി-യിൽപ്പെട്ട ജലസേചന വകുപ്പിന്റെ കൈവശമുള്ള 15 സെന്റ് ഭൂമി ഇതിനായി കണ്ടെത്തിയിട്ടുണ്ട്. ഭൂമി കൈമാറ്റത്തിനായി റവന്യൂ വകുപ്പിന് അപേക്ഷ നൽകിയിട്ടുണ്ട്. ടി ഭൂമി കൈമാറികിട്ടുന്ന മുറയ്ക്ക് ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**പയ്യന്നൂർ സബ് ട്രഷറിക്ക് പുതിയ കെട്ടിടം**

178 (2416) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കാലപ്പഴക്കത്താൽ പൊട്ടിപ്പൊളിഞ്ഞ് അപകടാവസ്ഥയിലായ പയ്യന്നൂർ സബ് ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

<u>ഉത്തരം</u>

പയ്യന്നൂർ സബ്ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി പ്ലാനും എസ്റ്റിമേറ്റും അടിന്തരമായി ലഭ്യമാക്കുവാൻ പൊതുമരാമത്ത് വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇവ ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ കൈക്കൊള്ളുന്നതാണ്.

**ചട്ടഞ്ചാൽ സബ്ട്രഷറി**

179 (2417) <u>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ ചട്ടഞ്ചാൽ സബ്ട്രഷറി എത്ര വർഷമായി വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നുവെന്ന് വിശദമാക്കാമോ ;

(ബി) പ്രസ്തുത സ്ഥാപനത്തിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് ചട്ടഞ്ചാൽ ടൗണിൽ തന്നെ റവന്യൂ ഭൂമി കൈമാറി കിട്ടിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ ;

(സി) അനുവദിച്ച് കിട്ടിയ സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിന് എന്തെങ്കിലും

നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ?

ഉത്തരം

(എ) 6-11-1999 മുതൽ കാസർഗോഡ് ജില്ലയിലെ ചട്ടഞ്ചാൽ സബ്ട്രഷറി വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്.

(ബി&സി) 23-10-2013-ലെ സർക്കാർ ഉത്തരവ് നമ്പർ ജി.ഒ.(എംഎസ്.) 463/13/റവന്യൂ പ്രകാരം 10 സെന്റ് ഭൂമി ട്രഷറി വകുപ്പിന് അനുവദിച്ച് ഉത്തരവായിട്ടുണ്ട്. പ്രസ്തുത സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു.

## കാരുണ്യ ബെനവലന്റ് പദ്ധതി പ്രകാരം ആരംഭിച്ച ഡയാലിസിസ് സെന്ററുകൾ

180 (2418) ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ശ്രീ. പി.സി. ജോർജ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാരുണ്യ ബെനവലന്റ് പദ്ധതി പ്രകാരം ആരംഭിച്ച ഡയാലിസിസ് സെന്ററുകൾ ഏതെല്ലാമാണ് ;

(ബി) പ്രസ്തുത സെന്ററുകളിലൂടെ പ്രതിദിനം ശരാശരി എത്ര വൃക്കരോഗികൾ ഡയാലിസിസിന് വിധേയരാകുന്നുണ്ട് ; ഈ ഇനത്തിൽ വൃക്കരോഗികൾക്കായി പ്രതിമാസം ശരാശരി എത്ര തുക ചെലവഴിക്കുന്നുണ്ടെന്ന് അറിയിക്കാമോ ;

(സി) ഇപ്രകാരം സംസ്ഥാനത്ത് കൂടുതൽ ഡയാലിസിസ് സെന്ററുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുവോ ; എങ്കിൽ പുതുതായി ഏതെല്ലാം കേന്ദ്രങ്ങളിൽ ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട് എന്നീ 5 സർക്കാർ മെഡിക്കൽ കോളേജുകളിൽ 10 മെഷീനുകൾ വീതമുള്ള കാരുണ്യ ഡയാലിസിസ് സെന്ററുകൾ സ്ഥാപിക്കാൻ അനുമതി നൽകിയിട്ടുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ കാരുണ്യ ഡയാലിസിസ് യൂണിറ്റിന്റെ പ്രവർത്തനം 11-7-2013 മുതൽ പൂർണ്ണമായ രീതിയിൽ ആരംഭിച്ചിട്ടുണ്ട്. വൃക്കരോഗികൾക്ക് യഥാസമയം ഡയാലിസിസ് ലഭ്യമാക്കുന്നതിന് പദ്ധതി വ്യവസ്ഥകളും നിരക്കുകളും അനുസരിച്ച് ചികിത്സ നൽകാനായി സംസ്ഥാനത്തെ 31

സ്വകാര്യ ഡയാലിസിസ് സെന്ററുകൾക്ക് അംഗീകാരം നൽകുകയും അവയിൽ 27 എണ്ണം പ്രവർത്തനക്ഷമവുമാണ്. ഇവയുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) രോഗികളുടെ എണ്ണത്തിന്റേയും ചെലവു വരുന്ന തുകയുടേയും ശരാശരി വിവരങ്ങൾ താഴെ ചേർക്കുന്നു:

| | |
|---|---|
| തിരുവനന്തപുരം മെഡിക്കൽ കോളേജ് കാരുണ്യ ഡയാലിസിസ് സെന്ററിൽ ശരാശരി | - 30 എണ്ണം |
| സ്വകാര്യ ഡയാലിസിസ് സെന്ററുകളിൽ | - 425 എണ്ണം |
| മറ്റു സർക്കാർ ആശുപത്രികൾ എണ്ണം | - 100 |
| ശരാശരി ചെലവാകുന്ന തുക | - |

1,08,22,500 രൂപ

(സി) സ്ഥലസൗകര്യവും ഡോക്ടർമാരുടെ സേവന സൗകര്യവും ലഭ്യമാകുന്ന മുറയ്ക്ക് ആവശ്യപ്പെടുന്ന എല്ലാ ആശുപത്രികളിലും പദ്ധതിവ്യവസ്ഥകൾക്ക് വിധേയമായി ഡയാലിസിസ് സെന്ററുകൾ തുടങ്ങുന്നതാണ്.

**കേരള സംസ്ഥാന ലോട്ടറി**

181 (2419) <u>ശ്രീ. കെ. രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിലവിലുള്ള ഓരോ ലോട്ടറിയുടെയും എത്ര ടിക്കറ്റുകൾ വീതമാണ് അച്ചടിക്കുന്നതെന്നും അവ എവിടെയെല്ലാമാണ് അച്ചടിക്കുന്നതെന്നും പറയാമോ ;

(ബി) ലോട്ടറി ടിക്കറ്റ് വിറ്റുവരവിൽ കഴിഞ്ഞ വർഷം എത്ര തുകയാണ് ലഭ്യമായതെന്നും ഈ വർഷം പ്രതീക്ഷിക്കുന്ന വിറ്റുവരവ് എത്രയാണെന്നും ലാഭം എത്രയാണെന്നും പറയാമോ ;

(സി) ഏജന്റുമാരുടെ വർദ്ധനവും ടിക്കറ്റ് വില്പനയിലെ വർദ്ധനവും അതുവഴി ജില്ലാ ഭാഗ്യക്കുറി ഓഫീസുകളിലെ ബുദ്ധിമുട്ടുകളും പരിഗണിച്ച് പ്രസ്തുത ഓഫീസുകളുടെ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) ലോട്ടറി വില്പന കേന്ദ്രങ്ങളിലെ സുരക്ഷിതത്വവും വർദ്ധിച്ച സാമ്പത്തിക ഇടപാടുകളും പരിഗണിച്ച് ഈ ഓഫീസുകളിൽ താല്ക്കാലിക ജീവനക്കാർക്കു പകരം സ്ഥിരം തസ്തികകൾ സൃഷ്ടിക്കുവാൻ നടപടികൾ സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് നിലവിൽ 7 പ്രതിവാര ഭാഗ്യക്കുറികളും വർഷത്തിൽ 6 ബമ്പർ ഭാഗ്യക്കുറികളും അച്ചടിച്ച് വിതരണം ചെയ്യുന്നുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) 2013-14 സാമ്പത്തിക വർഷം 3793.84 കോടി രൂപ വിറ്റുവരവുണ്ടായിട്ടുണ്ട്. ഇതിൽ ലാഭം 788.42 കോടി രൂപയാണ്. 2014-15 സാമ്പത്തിക വർഷം പ്രതീക്ഷിക്കുന്ന വിറ്റുവരവ് 5500 കോടി രൂപയും, ലാഭം ഏകദേശം 1175 കോടി രൂപയുമാണ്.

(സി) ജില്ലാ ഭാഗ്യക്കുറി ഓഫീസുകളിൽ വർദ്ധിച്ചുവരുന്ന തിരക്ക് പരിഗണിച്ച് ആവശ്യമായ സജ്ജീകരണങ്ങൾ ഏർപ്പെടുത്തുന്നകാര്യം പരിശോധിച്ചു വരികയാണ്. ജില്ലാഭാഗ്യക്കുറി ഓഫീസുകളുടെ പ്രവർത്തനം പൂർണ്ണമായും കമ്പ്യൂട്ടർ വൽക്കരിക്കുന്നതിനും നിലവിലെ ടിക്കറ്റ് വിതരണം കാര്യക്ഷമമാക്കുന്നതിനുമായി software enhancement അടക്കമുള്ള പരിഷ്കരണങ്ങളും പരിഗണനയിലാണ്. കൂടാതെ സ്ഥലപരിമിതിയുള്ള ഓഫീസുകൾ പുതിയ കെട്ടിടങ്ങളിലേക്ക് മാറ്റുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്.

(ഡി) നിലവിൽ പരിഗണനയിലില്ല.

**അന്യസംസ്ഥാന ലോട്ടറികൾ**

182 (2420) <u>ഡോ. ടി. എം. തോമസ് ഐസക്</u> :
<u>ശ്രീ. ഇ. പി. ജയരാജൻ</u> :
<u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u> :
<u>ശ്രീ. വി. ശിവൻകുട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അന്യസംസ്ഥാന ലോട്ടറി മാഫിയകളെ നിയന്ത്രിക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള നിയമനിർമ്മാണം ആവശ്യമാണോ ; വിശദാംശം വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്ത് ഇന്നത്തെ സാഹചര്യത്തിൽ അന്യസംസ്ഥാന ലോട്ട

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

റികൾക്ക് പ്രവർത്തിക്കുന്നതിന് എന്തെങ്കിലും നിയമ തടസ്സം നിലവിലുണ്ടോ ;

(സി) സംസ്ഥാനത്ത് ചൂതാട്ട ലോട്ടറികൾ പോലുള്ളവ പ്രവർത്തിക്കുന്നത് തടയാൻ നിയമനിർമ്മാണം നടത്തുന്നതിന് സംസ്ഥാനത്തിന് അധികാരം ലഭ്യമാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) അന്യസംസ്ഥാന ലോട്ടറി മാഫിയകളെ പൂർണ്ണമായും നിയന്ത്രിക്കുന്നതിന് കേന്ദ്ര നിയമത്തിൽ ഭേദഗതി ആവശ്യമാണെന്ന് കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ട്. ലോട്ടറി മാഫിയകളുടെ നിയമലംഘനങ്ങൾ തടയുന്നതിനും ലോട്ടറി നിയമങ്ങളും ചട്ടങ്ങളും കൃത്യമായി പാലിക്കപ്പെടുന്നതിനും ഒരു സംസ്ഥാനത്തിന്റെ ഭാഗ്യക്കുറികൾ മറ്റ് സംസ്ഥാനത്ത് പ്രവർത്തിക്കുന്നതിന് ബന്ധപ്പെട്ട സംസ്ഥാനങ്ങൾ തമ്മിൽ ഒരു ഉഭയകക്ഷി കരാറിൽ ഒപ്പിടേണ്ടതാണെന്ന തരത്തിൽ ലോട്ടറി നിയമത്തിൽ ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) അന്യസംസ്ഥാന ലോട്ടറികൾക്ക് 1998-ലെ കേന്ദ്ര ഭാഗ്യക്കുറി (നിയന്ത്രണ) നിയമം, 2010-ലെ ഭാഗ്യക്കുറി (നിയന്ത്രണ) ചട്ടം, കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവയ്ക്ക് വിധേയമായി, ഭാഗ്യക്കുറി ഡയറക്ടറുടെ No Objection Certificate-ന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കാവുന്നതാണ്.

(സി) ചൂതാട്ട ലോട്ടറികൾ നിയന്ത്രിക്കുന്നതിന് നിലവിലുള്ള നിയമങ്ങൾ പര്യാപ്തമാണ്. എന്നാൽ ലോട്ടറി മാഫിയകൾ നടത്തുന്ന നിയമലംഘനങ്ങൾ തടയുന്നതിന് സംസ്ഥാന സർക്കാരിന് അധികാരമുണ്ടെങ്കിലും നിലവിൽ കോടതി തീർപ്പുകൽപ്പിക്കുവാനുള്ള നിയമലംഘനം സംബന്ധിച്ച കേസ്സുകളിൽ അന്തിമ വിധിവരുന്നതുവരെ നിയമലംഘനം നടത്തുന്നവരെ അറസ്റ്റ് ചെയ്യുന്നതും അത്തരക്കാരുടെ സ്ഥാപനങ്ങൾ പരിശോധിക്കുന്നതും ബഹുമാനപ്പെട്ട സുപ്രീംകോടതി തടഞ്ഞിട്ടുണ്ട്. പ്രസ്തുത കേസ്സുകളിൽ സംസ്ഥാനത്തിനനുകൂലമായ വിധി വരുന്ന പക്ഷം നിയമലംഘനം നടത്തുന്നവർക്കെതിരെ അറസ്റ്റ് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കാൻ സാധിക്കും. നിലവിൽ ഗയിമിംഗ് ആക്ട്, ഇന്ത്യൻ പീനൽ കോഡിന്റെ വിവിധ വകുപ്പുകൾ എന്നിവ പ്രകാരം നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

**അന്യസംസ്ഥാന ലോട്ടറികളുടെ അനിയന്ത്രിതമായ പ്രവർത്തനം**

183 (2421) ശ്രീ. കെ. ശിവദാസൻ നായർ :

ശ്രീ. അൻവർ സാദത്ത് :

ശ്രീ. ജോസഫ് വാഴയ്ക്കൻ :

ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ സിക്കിം ലോട്ടറി ഉൾപ്പെടെയുള്ള അന്യസംസ്ഥാന ലോട്ടറികൾ അനിയന്ത്രിതമായി പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശം നൽകുമോ ;

(ബി) അവർ തട്ടിപ്പ് നടത്തുന്നതായി കണ്ടെത്തിയിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(സി) ഇവയെ നിയന്ത്രിക്കുവാൻ നിലവിലുള്ള നിയമങ്ങൾ പര്യാപ്തമാണെന്ന് കരുതുന്നുണ്ടോ ; വിശദാംശം നൽകുമോ ?

ഉത്തരം

(എ&ബി) ഇല്ല. ഇപ്പോൾ അന്യസംസ്ഥാന ലോട്ടറികൾ കേരളത്തിൽ പ്രവരത്തിക്കുന്നില്ല.

(സി) കേന്ദ്ര ലോട്ടറി നിയമപ്രകാരം ലോട്ടറി രംഗത്ത് നടക്കുന്ന നിയമലംഘനങ്ങൾ തടയുന്നതിന് സംസ്ഥാന സർക്കാരിന് അധികാരമുണ്ടെങ്കിലും നിലവിൽ തീർപ്പുകൽപ്പിക്കുവാനുള്ള നിയമലംഘനം സംബന്ധിച്ച കേസ്സുകളിൽ അന്തിമ വിധി വരുന്നതുവരെ നിയമലംഘനം നടത്തുന്നവരെ അറസ്റ്റ് ചെയ്യുന്നതും അത്തരക്കാരുടെ സ്ഥാപനങ്ങൾ പരിശോധിക്കുന്നതും ബഹുമാനപ്പെട്ട സുപ്രീം കോടതി തടഞ്ഞിട്ടുണ്ട്. പ്രസ്തുത കേസ്സുകളിൽ സംസ്ഥാനത്തിനനുകൂലമായ വിധി വരുന്നപക്ഷം നിയമലംഘനം നടത്തുന്നവർക്കെതിരെ അറസ്റ്റ് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കാൻ സാധിക്കും.

## കേരള പേപ്പർ ലോട്ടറി നികുതി നിയമപ്രകാരം രജിസ്ട്രേഷനുവേണ്ടി ലഭിച്ച അപേക്ഷകൾ

184 (2422) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് കേരള പേപ്പർ ലോട്ടറികളിന്മേലുള്ള നികുതി നിയമപ്രകാരം സംസ്ഥാനത്ത് രജിസ്ട്രേഷനുവേണ്ടി ലഭിച്ച അപേക്ഷകൾ

എത്ര ; ആരുടേതൊക്കെ ; വിശദമാക്കാമോ ;

(ബി) രജിസ്ട്രേഷൻ അനുവദിച്ചുകൊണ്ട് ആരിൽ നിന്നെല്ലാം നികുതി സ്വീകരിച്ചിട്ടുണ്ട് ; ഏതെല്ലാം തീയതികളിൽ ;

(സി) ഏതെല്ലാം അന്യസംസ്ഥാന ലോട്ടറികളുടെ വില്പന ഇപ്പോൾ സംസ്ഥാനത്ത് നടക്കുന്നുണ്ട് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഗോവ, നാഗാലാന്റ്, മിസോറാം എന്നീ സംസ്ഥാനങ്ങളുടെയും ബോഡോലാന്റ് ടെറിട്ടോറിയൽ കൗൺസിലിന്റെയും ലോട്ടറികളുടെ രജിസ്ട്രേഷനുവേണ്ടിയുള്ള അപേക്ഷകൾ ലഭിച്ചിരുന്നു. ഇതിൽ ഗോവ, നാഗാലാന്റ് എന്നീ ലോട്ടറികളുടെ രജിസ്ട്രേഷനുവേണ്ടിയുള്ള അപേക്ഷകൾ നിരസിച്ചിട്ടുണ്ട്. ബോഡോലാന്റ് ടെറിട്ടോറിയൽ കൗൺസിൽ, മിസോറാം എന്നിവയുടെ അപേക്ഷകൾ ലോട്ടറി നിയമങ്ങളുടെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ പരിശോധിച്ചുവരുന്നു.

(ബി) ആരിൽ നിന്നും നികുതി സ്വീകരിച്ചിട്ടില്ല.

(സി) നിലവിൽ അന്യസംസ്ഥാന ലോട്ടറികൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നില്ല.

**കാരുണ്യ ഡയാലിസിസ് സെന്ററുകൾ**

185 (2423) ശ്രീ. ആർ. സെൽവരാജ് :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :

ശ്രീ. ബെന്നി ബെഹനാൻ :

ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ചികിത്സാ ധനസഹായ പദ്ധതിയുടെ ഭാഗമായി കാരുണ്യ ഡയാലിസിസ് സെന്റർ പ്രവർത്തനത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ ;

(ബി) പ്രസ്തുത സെന്ററുകളുടെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനരീതിയും എന്തൊക്കെയാണ് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) വൃക്കരോഗികൾക്ക് കൂടുതൽ ചികിത്സാ സൗകര്യം ലഭ്യമാക്കുന്നതിന് എന്തെല്ലാം സൗകര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ;

(ഡി) ഏതെല്ലാംതരം ആശുപത്രികളിലാണ് കാരുണ്യ ഡയാലിസിസ് സെന്ററുകൾ പ്രവർത്തിക്കുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്. തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട് എന്നീ 5 സർക്കാർ മെഡിക്കൽ കോളേജുകളിൽ 10 മെഷീനുകൾ വീതമുള്ള കാരുണ്യ ഡയാലിസിസ് സെന്ററുകൾ സ്ഥാപിക്കാൻ അനുമതി നൽകിയിട്ടുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ കാരുണ്യ ഡയാലിസിസ് യൂണിറ്റിന്റെ പ്രവർത്തനം 11-7-2013 മുതൽ പൂർണ്ണമായ രീതിയിൽ ആരംഭിച്ചിട്ടുണ്ട്. വൃക്കരോഗികൾക്ക് യഥാസമയം ഡയാലിസിസ് ലഭ്യമാക്കുന്നതിന് പദ്ധതി വ്യവസ്ഥകളും നിരക്കുകളും അനുസരിച്ച് ചികിത്സ നൽകാനായി സംസ്ഥാനത്തെ 31 സ്വകാര്യ ഡയാലിസിസ് സെന്ററുകൾക്ക് അംഗീകാരം നൽകുകയും അവയിൽ 27 എണ്ണം പ്രവർത്തനക്ഷമവുമാണ്.

കാരുണ്യ ബെനവലന്റ് ഫണ്ടിന്റെ സഹായത്തോടെ സംസ്ഥാനത്തെ 27 ജില്ല/താലൂക്ക് സർക്കാർ ആശുപത്രികളിൽകൂടി സംസ്ഥാന ആരോഗ്യവകുപ്പ് ഡയാലിസിസ് സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി&സി) 1. കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നും ധനസഹായം അനുവദിച്ച ഭൂരിപക്ഷം വൃക്കരോഗികൾക്കും തുടർച്ചയായി ഡയാലിസിസ് നടത്തികൊടുക്കാൻ ആശുപത്രികൾക്ക് കഴിയുന്നില്ലെന്നും പല സർക്കാരാശുപത്രികളിലും സ്ഥല സൗകര്യവും, വിദഗ്ധ ഡോക്ടർമാരും ഉണ്ടെങ്കിലും ആവശ്യമായ ഡയാലിസിസ് മെഷീനുകൾ ഇല്ലാത്തതിനാൽ സാധാരണക്കാർ സ്വകാര്യ ആശുപത്രികളെ ആശ്രയിക്കുന്ന വെന്നും പദ്ധതി അവലോകന യോഗത്തിൽ ബോദ്ധ്യമായതിന്റെ അടിസ്ഥാനത്തിലാണ് വൃക്കരോഗികളുടെ ചികിത്സാ ധനസഹായ തുക മുൻകൂറായി ലഭ്യമാക്കി സർക്കാർ ആശുപത്രികളിൽ ഡയാലിസിസ് സെന്ററുകൾ തുടങ്ങാൻ തീരുമാനിച്ചത്. ഈ സ്കീമിൽ നിന്നും ധനസഹായത്തോടെ കാരുണ്യ സെന്ററുകളിൽ ചികിത്സ തേടുന്ന

ഗുണഭോക്താക്കൾക്ക് കുടുംബത്തിന് പരമാവധി അനുഭവിക്കാവുന്ന 2 ലക്ഷം രൂപ എന്ന പരിധിയിൽ.

2. ഒരു ഡയാലിസിസ് 650 രൂപ നിരക്കിൽ തുക മുൻകൂറായി ആശുപത്രിയിലേക്ക് നൽകുന്നതാണ്.

3. ഡയാലിസിസിന് ചികിത്സാ പാക്കേജിൽ നിശ്ചയിച്ചിട്ടുള്ള 650 രൂപ നിരക്ക് ഒരു പൊതുനിരക്കായി നിശ്ചയിക്കുവാനും രോഗിക്ക് രോഗാവസ്ഥയുടെ തോതനുസരിച്ച് നൽകേണ്ട എർത്രോപൊയിറ്റൺ മരുന്നുകൾ കെ.എം.എസ്.സി.എൽ. മാർക്കറ്റ് വിലയിൽ നിന്ന് കുറഞ്ഞ നിരക്കിൽ ആശുപത്രികളിൽ ലഭ്യമാക്കുവാനും ഇതനുസരിച്ച് കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്ന് ധനസഹായം നൽകുമ്പോൾ ഡയാലിസിസിനുള്ള തുക മാത്രം ആശുപത്രികൾക്ക് നൽകാനും മരുന്നിന്റെ വില കെ.എം.സി.എൽ-ന് നൽകുവാനും തീരുമാനിച്ചിട്ടുണ്ട്.

4. രോഗികൾക്ക് കുറഞ്ഞ നിരക്കിൽ ഡയാലിസിസ് ചെയ്യുന്നതിനുള്ള കൂടുതൽ സൗകര്യം സർക്കാർ ആശുപത്രികളിൽ ലഭ്യമാകും.

5. കാരണ്യ മുഖേനയുള്ള സൗജന്യ ഡയാലിസിസിനുശേഷം ഈ പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് സ്വന്തം ചെലവിൽ പ്രസ്തുത സെന്ററിൽ ഡയാലിസിസ് ചെയ്യുമ്പോൾ ആശുപത്രിയിൽ സാധാരണ ഈടാക്കുന്ന നിരക്കിൽ നിന്നും കുറഞ്ഞത് 10 ശതമാനം കുറവിൽ ഡയാലിസിസ് ചെയ്യാൻ സൗകര്യം ലഭിക്കും.

6. ഡയാലിസിസിന് സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള ചുമതല സർക്കാർ സ്ഥാപനമായ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനാണ് നൽകിയിട്ടുള്ളത്. ഇതു സംബന്ധിച്ചുള്ള ധാരണാപത്രം കാരുണ്യ ബെനവലന്റ് ഫണ്ട് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ, ബന്ധപ്പെട്ട ആശുപത്രി എന്നിവരുമായി ഒപ്പിടുന്നു.

കാരുണ്യ ഡയാലിസിസ് സെന്ററിന്റെ പ്രവർത്തനം:

1. 10 ഡയാലിസിസ് മെഷീനുകളുള്ളതാണ് ഒരു യൂണിറ്റ്.
2. മൂന്ന് ഷിഫ്റ്റായി പ്രവർത്തിക്കും.
3. ഒരു ഷിഫ്റ്റിൽ 10 രോഗികൾ വീതം ഒരു ദിവസം 30 പേർക്ക് ഡയാലിസിസ് നൽകും.
4. ഒരു ആഴ്ച ഒരു രോഗിക്ക് ശരാശരി 2 ഡയാലിസിസ് വീതം 2 ലക്ഷം രൂപ ഉപയോഗിച്ച് കുറഞ്ഞത് 121 ആഴ്ച ഡയാലിസിസ് നൽകും.
5. ഡയാലിസിസിന്റെ ഭാഗമായി വരുന്ന പരിശോധനകളും ചികിത്സകളും ബന്ധപ്പെട്ട ആശുപത്രിയിൽ നിന്നും സൗജന്യമായി നൽകുന്നതാണ്.
6. കാരുണ്യ ഡയാലിസിസ് സെന്ററിന്റെ പ്രവർത്തനം പൂർണ്ണമായും ബന്ധപ്പെട്ട ആശുപത്രിയുടെ നിയന്ത്രണത്തിലായിരിക്കും.
7. കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നും ചികിത്സാ ധനസഹായം അനുവദിക്കുന്ന രോഗികളുടെ അഭാവത്തിൽ മാത്രമേ മറ്റു രോഗികളെ ഡയാലിസിസിനായി ഈ സെന്റുകളിൽ പരിഗണിക്കുകയുള്ളൂ.
8. കൂടുതൽ രോഗികൾക്ക് ധനസഹായം അനുവദിക്കുന്ന മുറയ്ക്ക് മറ്റ് രോഗികളെ ഒഴിവാക്കും
9. കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നും ചികിത്സാ ധനസഹായം നൽകുന്ന 90 രോഗികളുടെ ഡയാലിസിസ് തീരുന്ന മുറയ്ക്ക് അല്ലെങ്കിൽ രണ്ടരവർഷം കഴിയുമ്പോൾ ഡയാലിസിസ് സെന്ററിന്റെ ഉടമസ്ഥാവകാശം ബന്ധപ്പെട്ട ആശുപത്രിക്ക് കൈമാറുന്നതാണ്.
10. ഡയാലിസിസ് സെന്ററിന്റെ ഉടമസ്ഥാവകാശം ബന്ധപ്പെട്ട ആശുപത്രിക്ക് കൈമാറിയശേഷവും കാരുണ്യബെനവലന്റ് ഫണ്ടിൽ നിന്നും പുതിയ ഗുണഭോക്താക്കൾക്ക് ഈ സെന്ററുകളിൽ ഡയാലിസിസ് നടത്തുന്നതിനായി തുക അനുവദിക്കും

(ഡി) ചികിത്സാ സൗകര്യമുള്ള സർക്കാർ ആശുപത്രികൾ, അക്രെഡിറ്റഡ് സ്വകാര്യ ആശുപത്രികൾ എന്നിവിടങ്ങളിൽ ഡയാലിസിസ് സെന്റർ പ്രവർത്തിക്കുന്നു.

## കാരുണ്യ ബെനവലന്റ് പദ്ധതി

186 (2424) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാരുണ്യ ബനവലന്റ് പദ്ധതി പ്രകാരം ഗുരുതര രോഗം ബാധിച്ച വർക്കും

ശസ്ത്രക്രിയ തീയതി നിശ്ചയിച്ചിട്ടുള്ളവർക്കും, മുൻഗണനാക്രമം പാലിക്കാതെ അടിയന്തരമായി തുകയനുവദിക്കാൻ എന്തെങ്കിലും വ്യവസ്ഥകളുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ബി) കാരുണ്യ ബെനവലന്റ് പദ്ധതി പ്രകാരം ഗുരുതരരോഗം ബാധിച്ചവർക്കും ശസ്ത്രക്രിയ തീയതി നിശ്ചയിച്ചിട്ടുള്ളവർക്കും, മുൻഗണനാക്രമം പാലിക്കാതെ അടിയന്തരമായി തുക അനുവദിക്കാൻ എന്തെങ്കിലും വ്യവസ്ഥകളുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) ശസ്ത്രക്രിയയ്ക്കുശേഷവും മാസംതോറും വലിയതുക മരുന്നിനും മറ്റുമായി ചെലവഴിക്കേണ്ടി വരുന്ന രോഗികൾക്ക് തുടർന്നും സഹായം നൽകുന്നതിൽ എന്തെങ്കിലും നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോ ; വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ&ബി) രോഗി അപേക്ഷ സമർപ്പിക്കുന്ന തീയതി മുതലുള്ള ചികിത്സയ്ക്കാണ് ധനസഹായത്തിന് അർഹത. അപേക്ഷ സമർപ്പിക്കാതിരിക്കുകയും എന്നാൽ അടിയന്തരമായി സർക്കാരാശുപത്രികളിൽ സർജറിക്കു വിധേയരാകുകയും ചെയ്യുന്ന രോഗികൾ സർജറി കഴിഞ്ഞ് 72 മണിക്കൂറിനുള്ളിൽ അപേക്ഷ സമർപ്പിച്ചാലും പ്രസ്തുത അപേക്ഷ ചികിത്സാധനസഹായം അനുവദിക്കുന്നതിന് പരിഗണിക്കുന്നതാണ്. ഈ 72 മണിക്കൂറിനുള്ളിൽ സർക്കാരവധി വന്നാൽ അടുത്ത പ്രവർത്തി ദിവസവും അപേക്ഷ സ്വീകരിക്കുന്നതാണ്. അപേക്ഷ നൽകിയ ശേഷം അടിയന്തര ചികിത്സ ആവശ്യമായ രോഗികൾക്ക് ബന്ധപ്പെട്ട ഡോക്ടറുടെ സർട്ടിഫിക്കറ്റ് പ്രകാരം ചികിത്സ നടത്തുന്നതിന് 24 മണിക്കൂറിനുള്ളിൽ പ്രീ-ആതറൈസേഷൻ നൽകുന്നതിന് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അപേക്ഷ സംസ്ഥാനതല കമ്മിറ്റിയിലേക്ക് ശിപാർശ ചെയ്തതിനുശേഷം അടിയന്തരചികിത്സ ആവശ്യമായ രോഗികൾക്ക് 12 മണിക്കൂറിനുള്ളിൽ ചികിത്സ നടത്തുന്നതിനുള്ള പ്രീ-ആതറൈസേഷൻ ഇ-മെയിലായി ബന്ധപ്പെട്ട ആശുപത്രിയിലേക്ക് നൽകുന്നതാണ്.

(സി) കാരുണ്യ ബെനവലന്റ് പദ്ധതിപ്രകാരം നിലവിൽ പരമാവധി ചികിത്സാ ധനസഹായമായി അനുവദിക്കുന്നത് 2 ലക്ഷം രൂപയാണ്. ഹീമോഫീലിയ രോഗികൾക്ക് ഇപ്പോൾ നൽകിവരുന്ന ധനസഹായമായ രണ്ടുലക്ഷം രൂപയ്ക്കുള്ള ഫാക്ടറുകൾ (മരുന്ന്) ഉപയോഗിച്ചുകഴിഞ്ഞ് തുടർന്നും ഫാക്ടറുകൾ ആവശ്യമായി വന്നാൽ ഒരു ലക്ഷം രൂപ കൂടി കാരുണ്യ ഫണ്ടിൽ നിന്നും ചികിത്സാ സഹായമായി അനുവദിക്കുന്നുണ്ട്. ഹീമോഫീലിയ രോഗികൾക്ക് 3 ലക്ഷം രൂപ എന്ന പരിധി

ഒഴിവാക്കി ചികിത്സ സൗജന്യമായി നൽകുന്ന കാര്യം തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയിൽ അവയവദാതാവിനുള്ള ചികിത്സയ്ക്കായി ഒരു ലക്ഷം രൂപകൂടി അനുവദിക്കാനും ഉത്തരവായിട്ടുണ്ട്. കൂടുതൽ തുടർ ചികിത്സാ സഹായം അനുവദിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നും ചികിത്സാ ധനസഹായത്തിന് അപേക്ഷ സമർപ്പിക്കുന്നതിന്റെ നടപടിക്രമങ്ങൾ**

187 (2425) <u>ശ്രീ. കെ. കെ. ജയചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നും ചികിത്സാ ധനസഹായത്തിന് അപേക്ഷിക്കുമ്പോൾ രോഗിയും കുടുംബാംഗങ്ങളും വീടിന്റെ മേൽക്കൂര കാണത്തക്ക വിധമുള്ള ഫോട്ടോ സമർപ്പിക്കേണ്ടതുണ്ടോ ;

(ബി) പലപ്പോഴും രോഗി അടിയന്തരമായി ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെടുമ്പോൾ ഇപ്രകാരം ഫോട്ടോ ഇല്ലാത്തവർ അപേക്ഷ നൽകാൻ ബുദ്ധിമുട്ടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) രോഗിയും കുടുംബാംഗങ്ങളും വീടിന്റെ മേൽക്കൂര കാണത്തക്കവിധമുള്ള ഫോട്ടോ സമർപ്പിക്കുന്നത് വരുമാനം തെളിയിക്കുന്നതിനോ മറ്റ് കാര്യങ്ങൾക്കോ പര്യാപ്തമല്ല എന്നതിനാൽ അപേക്ഷയുടെ കൂടെ കുടുംബഫോട്ടോ ഉൾപ്പെടുത്തണമെന്നുള്ള നിർദ്ദേശം പിൻവലിക്കുന്ന കാര്യം പരിഗണിക്കുമോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വിശദീകരിക്കുമോ ?

<u>ഉത്തരം</u>

(എ) സമർപ്പിക്കേണ്ടതുണ്ട്.

(ബി) ഉണ്ട്. എന്നാൽ രോഗി അപേക്ഷ നൽകുമ്പോൾ വീടിന്റെ മേൽക്കൂര കാണത്തക്കവിധമുള്ള ഫോട്ടോ നൽകാൻ സാധിക്കാതെ വരുന്ന അവസരങ്ങളിൽ ബന്ധുക്കൾ നൽകുന്ന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ചികിത്സാ ധനസഹായം നൽകി വരുന്നു. ഇത്തരം കേസുകളിൽ കഴിയുന്നത്ര വേഗം ഇത്തരത്തിലുള്ള ഫോട്ടോ നൽകണമെന്ന് ആവശ്യപ്പെടാറുണ്ട്.

(സി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

**കാരുണ്യ ബെനവലന്റ് ഫണ്ട്**

188 (2426) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കാരുണ്യ ബെനവലന്റ് ഫണ്ട് ലഭിക്കുന്നതിന് വേണ്ടി ശ്രീ. മത്തായി പി. കെ., പുന്നൂർപിള്ളി, വേങ്ങൂർ പി. ഒ., എറണാകുളം എന്നയാൾ സമർപ്പിച്ച അപേക്ഷയിന്മേൽ തുക അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എത്ര രൂപ അനുവദിച്ചു എന്നും എപ്പോൾ വിതരണം ചെയ്തുവെന്നും അറിയിക്കുമോ ?

ഉത്തരം

തുക അനുവദിച്ചിട്ടില്ല. ശ്രീ. മത്തായിയുടെ അപേക്ഷയുമായി ബന്ധപ്പെട്ട് ചികിത്സാ രേഖകൾ ഹാജരാക്കുന്നതിനായി കാരുണ്യ ബെനവലന്റ് ഫണ്ട് ഹെഡ് ഓഫീസിൽ നിന്നും 12-10-2014-ൽ കത്ത് നൽകിയിട്ടുണ്ട്. ബന്ധപ്പെട്ട രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് അവ പരിശോധിച്ച് അപേക്ഷ പരിഗണിക്കുന്നതാണ്.

**ലോട്ടറി നറുക്കെടുപ്പിന് യന്ത്രം**

189 (2427) ശ്രീ. എം. എ. വാഹീദ് :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോട്ടറി നറുക്കെടുപ്പിന് യന്ത്രം ഉപയോഗിക്കുന്ന രീതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ; വ്യക്തമാക്കാമോ ;

(ബി) ആയതിന്റെ സവിശേഷതകൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

(സി) ഏതെല്ലാം പൊതുമേഖല സ്ഥാപനങ്ങളാണ് ഇതിനുവേണ്ടി സഹകരിച്ചിട്ടുള്ളത് ; വ്യക്തമാക്കാമോ ;

(ഡി) ആയതിന്റെ കാര്യക്ഷമതയും സുതാര്യതയും ഉറപ്പ് വരുത്തുവാൻ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ;

(ഇ) നറുക്കെടുപ്പിൽ പൊതുജനങ്ങൾക്ക് പങ്കെടുക്കുവാൻ അവസരം നൽകുമോ

എന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) 1-7-2013 മുതൽ നറുക്കെടുപ്പ് യന്ത്രം ഉപയോഗിച്ച് നറുക്കെടുക്കുന്ന രീതിക്ക് തുടക്കം കുറിച്ചിട്ടുണ്ട്.

(ബി) നറുക്കെടുപ്പ് യന്ത്രം ഉപയോഗിക്കുന്നതുമൂലം നറുക്കെടുപ്പ് പ്രക്രിയയിൽ മാനുഷിക ഇടപെടൽ കുറയുകയും സുതാര്യതയും കാര്യക്ഷമതയും വർദ്ധിക്കുകയും ചെയ്തിട്ടുണ്ട്. ഇതുമൂലം കൂടുതൽ ലോട്ടറി നമ്പരുകൾ കുറഞ്ഞ സമയത്തിൽ നറുക്കെടുപ്പിൽ ഉൾക്കൊള്ളിക്കാൻ കഴിയുന്നു. ഇതുകൂടാതെ വർദ്ധിച്ചു വരുന്ന ടിക്കറ്റ് വിൽപ്പനക്കനുസരിച്ച് നറുക്കെടുപ്പ് പ്രക്രിയയിൽ ആവശ്യമായ ക്രമീകരണങ്ങൾ വരുത്തുവാൻ സാധിക്കുന്നു.

(സി) സിഡ്കോയും, M/s. മെറ്റൽ ഇൻഡസ്ട്രീസുമാണ് ഇതിലേക്ക് സഹകരിച്ചിട്ടുള്ളത്.

(ഡി) നറുക്കെടുപ്പിന് യന്ത്രത്തിന്റെ കാര്യക്ഷമത കാലോചിതമായി പരിശോധിച്ച് ഉറപ്പുവരുത്തുന്നതിന് ഒരു ടെക്നിക്കൽ കമ്മിറ്റി നിലവിലുണ്ട്. സർക്കാർ അനുശാസിക്കുന്ന നിയമപ്രകാരമുള്ള രീതിയിൽ സുതാര്യത ഉറപ്പു വരുത്തിയാണ് നറുക്കെടുപ്പ് മെഷീൻ വഴി നറുക്കെടുപ്പുകൾ നടത്തിവരുന്നത്.

(ഇ) നറുക്കെടുപ്പിൽ പൊതുജനങ്ങൾക്ക് പങ്കെടുക്കുവാൻ അവസരം നൽകുന്നുണ്ട്.

**കാരുണ്യ പദ്ധതി**

190 (2428) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അവയവദാതാക്കൾക്കും കാരുണ്യ പദ്ധതി പ്രകാരം സഹായം നൽകുന്ന കാര്യം സർക്കാർ പരിഗണിക്കുമോ ;

(ബി) കാരുണ്യ പദ്ധതിയിൽ ചികിത്സാ ധനസഹായം നൽകുന്നതിന്റെ തുക ഉയർത്തുന്ന കാര്യം പരിഗണനയിലുണ്ടോ ;

(സി) മരുന്നുകളുടെ വില വർദ്ധനവിന്റെ ഫലമായി ഇപ്പോൾ കാരുണ്യ ബെനവലന്റ് സ്കീമിലെ ചെക്ക് ലിസ്റ്റിൽ മാറ്റം വരുത്തുവാൻ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) പരിഗണിച്ചിട്ടുണ്ട്. അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയിൽ രോഗിക്കു

പുറമേ അവയവദാതാവിനുള്ള ചികിത്സയ്ക്കായി കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നും ഒരു ലക്ഷം രൂപ അനുവദിക്കുന്നതാണ്. വൃക്കദാതാവും വൃക്ക സ്വീകരിക്കുന്ന രോഗിയും ഒരേ റേഷൻകാർഡിൽ പേരുള്ളവരായാൽ പ്രസ്തുത കുടുംബത്തിന് അനുവദിക്കുന്ന പരമാവധി ചികിത്സാ ധനസഹായത്തുക 3 ലക്ഷം രൂപയായിരിക്കും.

(ബി) ഹീമോഫീലിയ രോഗികൾക്ക് ഇപ്പോൾ നൽകിവരുന്ന ധനസഹായമായ രണ്ടുലക്ഷം രൂപയ്ക്കുള്ള ഫാക്ടറുകൾ (മരുന്ന്) ഉപയോഗിച്ചു കഴിഞ്ഞ് തുടർന്നും ഫാക്ടറുകൾ ആവശ്യമായി വന്നാൽ ഒരു ലക്ഷം രൂപ കൂടി കാരുണ്യ ഫണ്ടിൽ നിന്നും ചികിത്സാ സഹായമായി അനുവദിക്കാൻ ഉത്തരവായിട്ടുണ്ട്. ഹീമോഫീലിയ രോഗികൾക്ക് 3 ലക്ഷം രൂപ എന്ന പരിധി ഒഴിവാക്കി ചികിത്സ സൗജന്യമായി നൽകുന്ന കാര്യം തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. ചികിത്സാ ധനസഹായത്തിന്റെ തുക വർദ്ധിപ്പിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(സി) കാരുണ്യ പദ്ധതിയുടെ പാക്കേജ് പരിഷ്കരണത്തിനായി എക്സ്പെർട്ട് കമ്മിറ്റി രൂപീകരിക്കുന്നതിനും പാക്കേജ് വിപുലീകരിക്കുന്നതിനും നടപടി സ്വീകരിക്കുന്നതിന് 5-11-2014-ൽ ബഹുമാനപ്പെട്ട ധനകാര്യ മന്ത്രിയുടെ അദ്ധ്യക്ഷയതിൽ കൂടിയ യോഗത്തിൽ ആരോഗ്യ വകുപ്പ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

## താലൂക്ക് തലത്തിൽ ലോട്ടറി ഓഫീസുകൾ ആരംഭിക്കുന്നതും പാലക്കാട് ജില്ലാ ലോട്ടറി ഓഫീസിലെ സ്ഥലപരിമിതിയും

191 (2429) <u>ശ്രീ. എം. ചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) താലൂക്ക് തലത്തിൽ ലോട്ടറി ഓഫീസ് ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ ;

(ബി) ലോട്ടറി ക്ഷേമനിധിയിലെ അംഗങ്ങൾ, കാരുണ്യ പദ്ധതിയനുസരിച്ച് അപേക്ഷ സമർപ്പിക്കുന്ന രോഗികൾ, മറ്റു ബന്ധപ്പെട്ടവർ എന്നിവർക്ക് ഇതുമൂലം സൗകര്യം ഉണ്ടാകുമെന്ന് കരുതുന്നുണ്ടോ ;

(സി) പാലക്കാട് ജില്ലാ ലോട്ടറി ഓഫീസിലെ സ്ഥലപരിമിതി ലോട്ടറി വകുപ്പിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ ;

(ഡി) പാലക്കാട് സിവിൽ സ്റ്റേഷനിൽത്തന്നെ താഴത്തെ നിലയിൽ

അനുയോജ്യമായ സ്ഥലത്തേക്ക് ഈ ഓഫീസ് മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) കട്ടപ്പന, പുനലൂർ, താമരശ്ശേരി എന്നിവിടങ്ങളിൽ താലൂക്ക് ഭാഗ്യക്കുറി ഓഫീസുകൾ ആരംഭിച്ചിട്ടുണ്ട്. മറ്റ് 11 ജില്ലകളിൽക്കൂടി താലൂക്കുതല ഓഫീസുകൾ തുടങ്ങുന്ന കാര്യം പരിശോധിച്ചുവരുന്നു.

(ബി) ഉണ്ട്.

(സി&ഡി) ശ്രദ്ധയിൽ വന്നിട്ടുണ്ട്. സ്ഥലത്തിന്റെ ലഭ്യതയും സൗകര്യങ്ങളും പരിശോധിച്ച് അനുയോജ്യമായ പ്രൊപ്പോസൽ ഭാഗ്യക്കുറി ഡയറക്ടറിൽ നിന്നും ലഭിക്കുന്ന മുറയ്ക്ക് ഇതുസംബന്ധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**ലോട്ടറി വകുപ്പിനെ ആധുനികവത്ക്കരിക്കുന്നതിന് നടപടി**

192 (2430) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൂർണ്ണമായ തോതിൽ കമ്പ്യൂട്ടർ സൗകര്യങ്ങളൊരുക്കി സംസ്ഥാന ലോട്ടറി വകുപ്പിനെ ആധുനികവത്ക്കരിക്കുന്നതിനും ആവശ്യമായ സ്റ്റാഫിനെ നിയമിക്കുന്നതിനും ലോട്ടറി പ്രിന്റിംഗ് കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) സാധാരണക്കാരായ തൊഴിൽരഹിതരുടെ അപേക്ഷ പ്രകാരം ഏജൻസി അനുവദിക്കുന്നതിനും ആവശ്യപ്രകാരമുള്ള ലോട്ടറി ലഭ്യമാക്കുന്നതിനും സമ്മാനങ്ങൾ പരിഷ്ക്കരിക്കുന്നതിനും കമ്മീഷൻ വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ ;

(സി) താലൂക്കടിസ്ഥാനത്തിൽ ലോട്ടറി ഓഫീസുകൾ അനുവദിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ?

<u>ഉത്തരം</u>

(എ) ഭാഗ്യക്കുറി ഓഫീസുകളിലെ വർദ്ധിച്ചുവരുന്ന തിരക്ക് പരിഗണിച്ച് ആവശ്യമായ സജ്ജീകരണങ്ങൾ ഏർപ്പെടുത്തുന്നകാര്യം പരിശോധിച്ചു വരികയാണ്. ഓഫീസുകളുടെ പ്രവർത്തനം പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിച്ച് വകുപ്പിനെ ആധുനികവൽക്കരിക്കുന്നതിന് നിലവിലെ ടിക്കറ്റ് വിതരണം കാര്യക്ഷമമാക്കുന്നതിനുമായി software enchancement അടക്കമുള്ള പരിഷ്ക്കരണങ്ങൾ പരിഗണനയിലാണ്.

സംസ്ഥാന ഭാഗ്യക്കുറി ടിക്കറ്റുകൾ അച്ചടിക്കുന്ന പ്രസ്സുകളിലെ കാര്യക്ഷമത

വർദ്ധിപ്പിക്കുന്നതിനായി എറണാകുളം KBPS പ്രസ്സിന് 5 കളർ ഷീറ്റ് ഫെഡ് മെഷീൻ വാങ്ങുന്നതിനായി ഭാഗ്യക്കുറി വകുപ്പിൽ നിന്നും 6 കോടി രൂപ വായ്പ അനുവദിക്കാൻ സർക്കാർ ഉത്തരവായിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം C-apt പ്രസ്സിന് ഒരു 4 കളർ വെബ് ഓഫ്സെറ്റ് മെഷീൻ വാങ്ങാൻ 4.5 കോടി രൂപയുടെ വായ്പ വകുപ്പിൽ നിന്ന് അനുവദിക്കാനും സർക്കാർ ഉത്തരവായിട്ടുണ്ട്. ഇതുകൂടാതെ 2.5 കോടി രൂപയുടെ അധിക വായ്പാത്തുക കൂടി അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് C-apt സമർപ്പിച്ചിട്ടുള്ള പുതിയ പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു. ടിക്കറ്റ് അച്ചടിയിലെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനായി വാട്ടർമാർക്ക് പേപ്പറിൽ ലോട്ടറി ടിക്കറ്റുകൾ അച്ചടിക്കുന്നതിനുള്ള ശ്രമങ്ങളും വകുപ്പ് നടത്തി വരികയാണ്.

(ബി) 18 വയസ്സ് പൂർത്തിയാക്കിയ ഏതൊരു വ്യക്തിക്കും തിരിച്ചറിയൽ കാർഡിന്റെ പകർപ്പ്, ഫോട്ടോ എന്നിവ ഹാജരാക്കി 300 രൂപ ഏജൻസി രജിസ്ട്രേഷൻ ഫീസുമൊടുക്കി ജില്ലാ ഭാഗ്യക്കുറി ഓഫീസുകളിൽ നിന്നും ഭാഗ്യക്കുറി ഏജൻസി എടുക്കാവുന്നതാണ്. 63 ലക്ഷം ടിക്കറ്റുകൾ അച്ചടിക്കത്തക്കവിധം സമ്മാന ഘടന തയ്യാറാക്കിയിട്ടുള്ള പൗർണ്ണമി, വിൻവിൻ, അക്ഷയ, ഭാഗ്യനിധി എന്നീ ഭാഗ്യക്കുറികളുടെ (മുഖവില 30 രൂപ) 56 ലക്ഷം ടിക്കറ്റുകളും, 35 ലക്ഷം ടിക്കറ്റുകൾ അച്ചടിക്കത്തക്കവിധം സമ്മാനഘടന തയ്യാറാക്കിയിട്ടുള്ള കാരുണ്യ, കാരുണ്യ പ്ലസ് (മുഖവില 50 രൂപ) എന്നീ ഭാഗ്യക്കുറികളുടെ 30 ലക്ഷം ടിക്കറ്റുകളും 40 രൂപ മുഖവിലയുള്ള ധനശ്രീ ഭാഗ്യക്കുറിയുടെ 30 ലക്ഷം ടിക്കറ്റുകളും നിലവിൽ അച്ചടിച്ച് വിതരണം ചെയ്തുവരുന്നു. പ്രതിവാര ഭാഗ്യക്കുറികളുടെ നിലവിലുള്ള സമ്മാനഘടന പരിഷ്കരിക്കുന്ന കാര്യം പരിഗണനയിലാണ്. കമ്മീഷൻ വർദ്ധിപ്പിക്കുന്നകാര്യം ഇപ്പോൾ പരിഗണനയിലില്ല.

(സി) കട്ടപ്പന, പുനലൂർ, താമരശ്ശേരി എന്നിവിടങ്ങളിൽ താലൂക്ക് ഭാഗ്യക്കുറി ഓഫീസുകൾ ആരംഭിച്ചിട്ടുണ്ട്. മറ്റ് 11 ജില്ലകളിൽക്കൂടി താലൂക്ക് ഓഫീസുകൾ ആരംഭിക്കുന്നകാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

**കെ.എസ്.എഫ്.ഇ-യുടെ പുതിയ ബ്രാഞ്ചുകളും വിദ്യാഭ്യാസ വായ്പയും**

193 (2431) ശ്രീ. എ. എ. അസീസ് :

ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കെ.എസ്.എഫ്.ഇ. സംസ്ഥാനത്ത് പുതുതായി എത്ര ബ്രാഞ്ചുകളാണ് ആരംഭിച്ചത് ;

(ബി) കെ.എസ്.എഫ്.ഇ. വിദ്യാഭ്യാസ സമ്പാദ്യ പദ്ധതികളായി ഏതൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കെ.എസ്.എഫ്.ഇ.-യുടെ 124 പുതിയ ബ്രാഞ്ചുകൾ ആരംഭിച്ചു.

(ബി) 'കെ.എസ്.എഫ്.ഇ. പ്രൊഫഷണൽ എഡ്യൂകെയർ ചിട്ടി പദ്ധതി' ആണ് വിദ്യാഭ്യാസ സമ്പാദ്യ പദ്ധതിയായി ആവിഷ്ക്കരിച്ചിരിക്കുന്നത്.

**കെ.എസ്.എഫ്.ഇ. ജീവനക്കാർക്ക് പെൻഷൻ പദ്ധതി**

194 (2432) ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കെ.എസ്.എഫ്.ഇ. ജീവനക്കാർക്ക് പെൻഷൻ പദ്ധതി ആരംഭിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

ഉത്തരം

കെ.എസ്.എഫ്.ഇ.-യിൽ ഇ.പി.എഫ്., ഓർഗ്ഗനൈസേഷന്റെ EPF-95 എന്ന പെൻഷൻ പദ്ധതി ഇപ്പോൾ നിലവിലുണ്ട്. പുതിയ പെൻഷൻ പദ്ധതി ആവിഷ്ക്കരിക്കുന്നതിന് കെ.എസ്.എഫ്.ഇ. ജീവനക്കാരുടെ സംഘടനകളും മാനേജ്മെന്റും തമ്മിൽ പെൻഷൻ ഫണ്ടിന്റെ കാര്യത്തിൽ സമയവായത്തിലെത്തിയിട്ടില്ലാത്തതിനാൽ സർക്കാർ ഇക്കാര്യത്തിൽ മറ്റ് നടപടികൾ സ്വീകരിച്ചിട്ടില്ല.

**കെ.എസ്.എഫ്.ഇ.-യുടെ പുതിയ ബ്രാഞ്ചുകൾ**

195 (2433) ശ്രീ. അൻവർ സാദത്ത് :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. എ. റ്റി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം കെ.എസ്.എഫ്.ഇ.-യുടെ എത്ര പുതിയ ബ്രാഞ്ചുകൾ ആരംഭിച്ചു ;

(ബി) നിലവിൽ ലാഭത്തിലല്ലാത്ത എത്ര ബ്രാഞ്ചുകൾ ഉണ്ട് ;

(സി) പുതിയ റീജിയണൽ ഓഫീസും സോണൽ ഓഫീസുകളും ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) ഇതിനായി വേണ്ടി വരുന്ന അധിക ചെലവ് എത്രയാണ് ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കെ.എസ്.എഫ്.ഇ.-യുടെ 124 പുതിയ ബ്രാഞ്ചുകൾ ആരംഭിച്ചു.

(ബി) 2013-14 ആഡിറ്റ് ചെയ്യാത്ത താല്ക്കാലിക കണക്കുപ്രകാരം 165 ബ്രാഞ്ചുകൾ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്.

(സി & ഡി) കെ.എസ്.എഫ്.ഇ.-യുടെ സമഗ്രമായ വികസനം മുന്നിൽക്കണ്ട്, കമ്പനി restructure ചെയ്യുന്നതു സംബന്ധിച്ച് ഒരു പ്രൊഫഷണൽ ഏജൻസി വഴി പഠനം നടത്തി വിശദമായ റിപ്പോർട്ട് സമർപ്പിക്കാൻ കെ.എസ്.എഫ്.ഇ. മാനേജിംഗ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. ടി പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള വിശദമായ ശിപാർശകൾ ലഭിച്ച ശേഷമേ പുതിയ റീജിയണൽ/സോണൽ ഓഫീസുകൾ ആരംഭിക്കേണ്ടതുണ്ടോയെന്നും ഇതിന് വേണ്ടിവരുന്ന അധിക ചെലവും തീരുമാനിക്കാൻ കഴിയൂ. ആവശ്യപ്പെട്ട പ്രകാരമുള്ള പഠന റിപ്പോർട്ട് ലഭ്യമായിട്ടില്ല.

**പ്രൊഫഷണൽ എഡ്യൂകെയർ ചിട്ടി പദ്ധതി**

196 (2434) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.എഫ്ഇ.-യുടെ നേതൃത്വത്തിൽ സംസ്ഥാനത്ത് പ്രൊഫഷണൽ എഡ്യൂകെയർ ചിട്ടി പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതിയുടെ നിർവ്വഹണം എപ്രകാരമെന്ന് വ്യക്തമാക്കുമോ ;

(സി) കെ.എസ്.എഫ്ഇ.-യുടെ ഏതെല്ലാം ശാഖയിലാണ് ഈ പദ്ധതി നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതി ഏതെല്ലാം ശാഖകളിലേക്ക് വ്യാപിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) പ്രൊഫഷണൽ രംഗത്തെ പഠനം വളരെ ചെലവേറി വരുന്ന ഈ കാലഘട്ടത്തിൽ കുട്ടികളുടെ ഉന്നത വിദ്യാഭ്യാസത്തിന് സഹായകമാകുന്നതിനു വേണ്ടി കെ.എസ്.എഫ്.ഇ. വിഭാവനം ചെയ്ത് നടപ്പിലാക്കിയ നൂതന വിദ്യാഭ്യാസ പദ്ധതിയാണ് പ്രൊഫഷണൽ എഡ്യൂകെയർ ചിട്ടി പദ്ധതി. കുട്ടികളിൽ സമ്പാദ്യ ശീലം വളർത്തുക എന്ന ഒരു ലക്ഷ്യംകൂടി ഈ പദ്ധതി പ്രകാരം കെ.എസ്.എഫ്.ഇ. നടപ്പിലാക്കുന്നുണ്ട്. അവരുടെ ചെറിയ സമ്പാദ്യങ്ങൾ കെ.എസ്.എഫ്.ഇ. നൽകിയിട്ടുള്ള ഒരു സേവിംഗ് പോട്ടിൽ നിക്ഷേപിക്കുകയും ആയത് അതാത് സ്കൂൾ അധികൃതർ സൂക്ഷിക്കുകയും ചിട്ടിയുടെ തീയതിയിൽ അത് തുറന്ന് തവണ സംഖ്യയ്ക്ക് ഉപയോഗിക്കുകയും ചെയ്യുന്ന രീതിയാണ് ആവിഷ്കരിച്ചിരിക്കുന്നത്. 5 മുതൽ 10 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്കുവേണ്ടി അവരുടെ രക്ഷകർത്താവിന്റെ പേരിൽ പ്രതിമാസ തവണകളായി 2000, 3000, 5000 രൂപ നിരക്കിൽ 30, 40, 60, 70, 80, 90 മാസ കാലാവധിയുള്ള ചിട്ടികളിൽ ചേർന്നുകൊണ്ട് ഈ പദ്ധതിയിൽ അംഗങ്ങളാകാം. ഇതിനായി കെ.എസ്.എഫ്.ഇ-യുടെ 7 മേഖലകളിൽ നിന്നും തെരഞ്ഞെടുത്ത 7 ശാഖകളിൽ ഈ പദ്ധതി പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിച്ചിട്ടുണ്ട്. പദ്ധതി കൂടുതൽ ശാഖകളിലേയ്ക്ക് താമസിയാതെ വ്യാപിപ്പിക്കുന്നതാണ്. ചിട്ടിപിടിച്ച ശേഷം ചിട്ടിയുടെ കാലാവധി തീരുന്നതുവരെ അതായത് കുട്ടിയുടെ +2 വിദ്യാഭ്യാസം കഴിയുന്നതുവരെ കെ.എസ്.എഫ്.ഇ.-യുടെ CSDT എന്ന സ്ഥിര നിക്ഷേപപദ്ധതിയിൽ നിക്ഷേപിക്കുന്നതാണ്. പ്രസ്തുത നിക്ഷേപത്തിന് സാധാരണ സ്ഥിര നിക്ഷേപത്തിൽ നിന്നും അധികമായി പലിശ നൽകുന്നതായിരിക്കും. മറ്റെല്ലാ കാര്യങ്ങളും സാധാരണ ചിട്ടി നിയമപ്രകാരം തന്നെയാണ് നടപ്പിലാക്കുക.

(സി)

| ശാഖ | | ജില്ല |
|---|---|---|
| വഴുതക്കാട് | - | തിരുവനന്തപുരം |
| വടയാറ്റുകോട്ട | - | കൊല്ലം |
| കാഞ്ഞിരപ്പള്ളി | - | കോട്ടയം |
| പാലാരിവട്ടം | - | എറണാകുളം |
| ചെമ്പുകാവ് | - | തൃശ്ശൂർ |
| മലപ്പുറം | - | മലപ്പുറം |
| പയ്യന്നൂർ | - | കണ്ണൂർ |

(ഡി) പദ്ധതി കൂടുതൽ ശാഖകളിലേക്ക് വ്യാപിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നു.

**തോട്ടം മേഖലയിലെ നികുതി വെട്ടിപ്പുകൾ**

**197 (2435)** ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടം മേഖലയിൽ നടക്കുന്ന നികുതി വെട്ടിപ്പുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കമ്പനികാര്യ നിയമത്തിലെ 394-ാം വകുപ്പിന്റെ മറവിൽ ഹൈക്കോടതിയിൽ നൽകുന്ന ഹർജിയിലൂടെ ആയിരക്കണക്കിന് ഏക്കർ ഭൂമിയുടെ കൈമാറ്റം ഫീസോ സ്റ്റാമ്പ് ഡ്യൂട്ടിയോ അടയ്ക്കാതെ നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ;

(സി) ഷെയർ കൈമാറ്റത്തിലൂടെ നടക്കുന്ന ഈ ഭൂമി കൈമാറ്റത്തിലൂടെ സർക്കാരിന് നഷ്ടപ്പെടുന്ന തുക എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ ;

(ഡി) ഇതിനെതിരെ എന്തെങ്കിലും നിയമനടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ;

(ഇ) ഇതിനായി നിയമനിർമ്മാണം നടത്താൻ സർക്കാർ ആലോചിക്കുന്നുണ്ടോ?

ഉത്തരം

(എ-സി) തോട്ടം മേഖലയിൽ ഈടാക്കുന്ന ഒരു നികുതി പ്ലാന്റേഷൻ ടാക്സാണ്. മെസ്സേഴ്സ് എച്ച്.എം.എൽ. ലിമിറ്റഡ് കമ്പനികാര്യ നിയമപ്രകാരം ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഹർജി നൽകി ഭൂമി കൈമാറ്റം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 1956-ലെ കമ്പനീസ് ആക്ട് വകുപ്പ് 394 പ്രകാരം, ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ അനുമതി നേടിക്കൊണ്ട് കമ്പനികൾക്കിടയിൽ വിവിധ അമാൽഗമേഷൻ സ്കീമുകൾ നടപ്പാക്കി വരുന്നുണ്ടെന്നും ഇത്തരം സ്കീമുകളിലൂടെ വൻതോതിൽ സ്ഥാവര വസ്തുക്കൾ സ്റ്റാമ്പ് ഡ്യൂട്ടിയും രജിസ്ട്രേഷൻ ഫീസും കൂടാതെ കൈമാറ്റം ചെയ്യപ്പെടുന്നുണ്ടെന്നും തൻമൂലം ഖജനാവിന് ഭീമമായ റവന്യൂ നഷ്ടം ഉണ്ടാകുന്നതായും ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിലെ റവന്യൂ വകുപ്പ് സ്പെഷ്യൽ ഗവൺമെന്റ് പ്ലീഡർ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. റവന്യൂ നഷ്ടം സംബന്ധിച്ച് കൃത്യമായ കണക്ക് വകുപ്പിൽ ലഭ്യമല്ല.

(ഡി&ഇ) 1959-ലെ സ്റ്റാമ്പ് ആക്ടിൽ ഭേദഗതി വരുത്താതെ, അമാൽഗമേഷൻ

മുഖേന സ്ഥാവര വസ്തുക്കൾ കൈമാറ്റം ചെയ്യുന്നതിന് സ്റ്റാമ്പ് ഡ്യൂട്ടി ചുമത്തുവാൻ കഴിയുന്നതല്ല. 1958-ലെ Bombay Stamp Act-ന് അനുസരണമായോ The Indian Stamp (Amendment) Bill 2014-ലെ ബന്ധപ്പെട്ട ഭേദഗതിക്കനുസരണമായോ കേരള മുദ്രപ്പത്രനിയമത്തിലും ഭേദഗതി വരുത്തിക്കൊണ്ട് കോടതിയുടെ അനുമതിയോടെ നടപ്പാക്കി വരുന്ന അമാൽഗമേഷൻ സ്കീമുകൾ മുഖേന മുദ്രയിനത്തിൽ ഉണ്ടാകുന്ന റവന്യൂ ചോർച്ച തടയാവുന്നതാണ്. ഇന്ത്യൻ സ്റ്റാമ്പ് ആക്ടിന് അനുസരണമായിട്ടാണ് കേരള മുദ്രപ്പത്ര നിയമം നിർമ്മിച്ചിരിക്കുന്നത് എന്നതിനാൽ, The Indian Stamp (Amendment) Bill, 2014-ലെ ബന്ധപ്പെട്ട ഭേദഗതിയുടെ മാതൃക സ്വീകരിക്കുന്നതായിരിക്കും അഭികാമ്യം. എന്നാൽ 2014-ലെ ഇന്ത്യൻ സ്റ്റാമ്പ് (ഭേദഗതി) ബിൽ പാർലമെന്റ് പാസ്സാക്കിയിട്ടില്ലാത്തതിനാൽ പ്രസ്തുത നിയമത്തിൽ ഭേദഗതി നിലവിൽ വന്നതിനുശേഷം മാത്രമേ 1959-ലെ കേരള സ്റ്റാമ്പ് ആക്ടിൽ ഭേദഗതി വരുത്തുന്ന കാര്യം പരിഗണിക്കുവാൻ കഴിയുകയുള്ളൂ.

## കെ.എഫ്.സി.-യുടെ സി.എം.ഡി.-ക്കെതിരെ ഛത്തീസ്ഗഡിൽ അവിഹിത ഭൂമി ഇടപാട് കേസ്

198 (2436) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എഫ്.സിയുടെ സി.എം.ഡി.-ക്കെതിരെ ഛത്തീസ്ഗഡിൽ അവിഹിത ഭൂമി ഇടപാടുമായി ബന്ധപ്പെട്ട് അഴിമതി കേസ് ചാർജ് ചെയ്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ സി.എം.ഡി.-യെ തൽസ്ഥാനത്തു നിന്നു നീക്കി മേൽ നടപടി സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ ;

(സി) ഇതുമായി ബന്ധപ്പെട്ട് സർക്കാർ തലത്തിൽ എന്തെങ്കിലും അന്വേഷണം നടത്തുകയുണ്ടായോ ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതുസംബന്ധിച്ച ഒരു പരാതി ലഭിച്ചിട്ടുണ്ട്.

(ബി&സി) ഈ വിഷയവുമായി ബന്ധപ്പെട്ട് ലഭിച്ച പരാതിയിൽ ഒരു അന്വേഷണം നടത്താൻ ഉത്തരവായിട്ടുണ്ട്.

## കെ.എഫ്.സി.-യുടെ സാമ്പത്തികനില

199 (2437) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എഫ്.സി.-യുടെ 2013-14 സാമ്പത്തിക വർഷത്തെ സാമ്പത്തിക നില 2012-13 സാമ്പത്തിക വർഷത്തേക്കാൾ മെച്ചപ്പെട്ടിട്ടുണ്ടോ ; എങ്കിൽ രണ്ട് സാമ്പത്തിക വർഷത്തെയും സാമ്പത്തിക നില വ്യക്തമാക്കാമോ ;

(ബി) കെ.എഫ്.സി.-യുടെ നിഷ്ക്രിയ ആസ്തിയുടെ നിലവാരം 2014 മാർച്ച് 31 നം, 2014 സെപ്റ്റംബർ 30 നം എത്രയെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) 2013-14 സാമ്പത്തിക വർഷത്തിൽ വായ്പാ വിതരണവും തിരിച്ചടവും മുൻവർഷത്തേക്കാൾ മെച്ചപ്പെട്ടിട്ടുണ്ട്. രണ്ട് സാമ്പത്തിക വർഷത്തെയും സാമ്പത്തിക വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

(₹ in Crores)

| Financial Year | 2013-14 | 2012-13 |
|---|---|---|
| Portfolio size | 1800.37 | 1401.43 |
| Sanctions | 989.62 | 661.39 |
| Disbursement | 754.73 | 475.94 |
| Recovery | 565.13 | 540.22 |
| Total income | 266.19 | 257.70 |
| Total expenditure | 197.88 | 154.00 |
| Operating Profit | 68.32 | 103.70 |
| Net profit | 40.61 | 66.83 |
| Capital adequacy Ratio (%) | 21.37 | 24.61 |

| | | |
|---|---|---|
| Net NPA% | 0.35 | 0.36 |

(ബി) കെ.എഫ്.സി.-യുടെ നിഷ്ക്രിയ ആസ്തി 2014 മാർച്ച് 31-ന് 0.35 ശതമാനമാണ്. നിഷ്ക്രിയ ആസ്തിക്കുള്ള കരുതൽ വർഷാവസാനം ലാഭനഷ്ടക്കണക്കുകൾ തയ്യാറാക്കുന്ന സമയത്ത് മാത്രമേ കണക്കാക്കാറുള്ളൂ. അതിനാൽ സെപ്തംബർ 30, 2014-ന്റെ നിഷ്ക്രിയ ആസ്തി ലഭ്യമല്ല.

**വ്യവഹാര നയം**

200 (2438) ശ്രീ. കെ. അച്ചുതൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വ്യവഹാര നയം നടപ്പാക്കിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) സർക്കാർ കക്ഷിയായിട്ടുള്ള കേസ്സുകളിൽ തീർപ്പ് കല്പിക്കുന്നതിനും അനാവശ്യ വ്യവഹാരങ്ങൾ ഒഴിവാക്കുന്നതിനും എന്തെല്ലാം കാര്യങ്ങളാണ് നയത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ;

(ഡി) പ്രസ്തുത നയം നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വ്യക്തമാക്കാമോ ;

<u>ഉത്തരം</u>

(എ) 3-12-2011-ലെ സ.ഉ.(അച്ചടി) നമ്പർ 12/2011/നിയമം പ്രകാരം സംസ്ഥാന വ്യവഹാരനയം നടപ്പാക്കിയിട്ടുണ്ട്.

(ബി) സംസ്ഥാന വ്യവഹാരനയത്തിന്റെ പ്രധാന ലക്ഷ്യം സംസ്ഥാന സർക്കാരിനെ കൂടുതൽ കാര്യക്ഷമവും ഉത്തരവാദിത്വവുമുള്ള വ്യവഹാരിയാക്കി മാറ്റുകയും സർക്കാർ കക്ഷിയായുള്ള കേസുകൾ തീർപ്പാക്കുന്നതിനുള്ള ശരാശരി കാലാവധി പതിനഞ്ച് വർഷത്തിൽ നിന്നും മൂന്ന് വർഷമായി കുറയ്ക്കുക എന്നതു മാണ്. കൂടാതെ കേസുകളുടെ നടത്തിപ്പ് ഏകോപിതമായും സമയബന്ധിതമായും പൂർത്തിയാക്കുകയും ശരിയായ കേസ്സുകൾ ഫലപ്രദമായി നടത്തുകയും അനാവശ്യ വ്യവഹാരങ്ങൾ പ്രോത്സാഹിപ്പിക്കാതിരിക്കുകയും വഴി സംസ്ഥാന ഖജനാവിന്

കേസ് നടത്തിപ്പിൽ വരുന്ന ഭീമമായ ചെലവ് ലഘൂകരിക്കുകയും ചെയ്യുക എന്നതുമാണ്.

(സി) സംസ്ഥാന വ്യവഹാരനയത്തിന്റെ യഥാർത്ഥ ലക്ഷ്യം കൈവരിക്കുന്നതിനായി എല്ലാ ജില്ലകളിലും താലൂക്കുതല എംപവേർഡ് കമ്മിറ്റികളും ജില്ലാതല എംപവേർഡ് കമ്മിറ്റികളും സംസ്ഥാനതല എംപവേർഡ് കമ്മിറ്റിയും രൂപീകരിച്ചു. പ്രസ്തുത കമ്മിറ്റികൾ സർക്കാർ കക്ഷിയായിട്ടുള്ള എല്ലാ കേസുകളും പരിശോധിക്കുകയും അവയിൽ അനാവശ്യ വ്യവഹാരങ്ങൾ ഒഴിവാക്കുന്നതിനായി ലോക് അദാലത്ത് വഴിയോ ബദൽ തർക്ക പരിഹാര സംവിധാനങ്ങൾ വഴിയോ തീർപ്പാക്കാനുള്ള നടപടികൾ സ്വീകരിക്കുകയും അതുസംബന്ധിച്ച് ശിപാർശ നിയമ വകുപ്പിന് നൽകേണ്ടതുമാണ്. താലൂക്കുതല എംപവേർഡ് കമ്മിറ്റിയുടെ ചെയർമാൻ ബന്ധപ്പെട്ട തഹസിൽദാർ ആയിരിക്കും ജില്ലാതല എംപവേർഡ് കമ്മിറ്റിയുടെ ചെയർമാൻ ജില്ലാ കളക്ടറും മെമ്പർ സെക്രട്ടറി ജില്ലാ ലാ ആഫീസറുമാണ്. നിലവിൽ എട്ട് ജില്ലകളിൽ ജില്ലാ ലാ ആഫീസറുടെ തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. ശേഷിക്കുന്ന ജില്ലകളിൽ അവ സൃഷ്ടിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. വ്യവഹാര നയം നടപ്പിലാക്കുന്നതിൽ നിയമ (നോഡൽ) ആഫീസറുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും നയത്തിൽ വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്. സംസ്ഥാനതല എംപവേർഡ് കമ്മിറ്റിയുടെ ചെയർമാൻ അഡ്വക്കേറ്റ് ജനറലും, മെമ്പർ സെക്രട്ടറി നിയമ സെക്രട്ടറിയുമാണ്. സർക്കാർ കക്ഷിയായുള്ള കേസ്സുകളിൽ സത്യവാങ്മൂലമോ പത്രികയോ മറ്റും ഫയൽ ചെയ്യുന്നതിനായി അനാവശ്യമായി അവധിക്ക് അപേക്ഷിക്കുന്നത് കർശനമായി ഒഴിവാക്കുവാൻ വ്യവഹാരനയത്തിൽ നിർദ്ദേശമുണ്ട്. കോടതികളിൽ സർക്കാരിനായി സമർപ്പിക്കേണ്ട സംഗതികൾ യഥാസമയം അതാതു വകുപ്പുകളുമായി ബന്ധപ്പെട്ട കൃത്യമായുള്ള നിർദ്ദേശങ്ങൾ നൽകുന്നതിനും അവ ഫയൽ ചെയ്യുന്നതിനും വേണ്ടിയുള്ള നിർദ്ദേശം വ്യവഹാര നയത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. പ്രസ്തുത കാര്യങ്ങൾ ഏകോപിപ്പിച്ച് കോടതി വ്യവഹാരം കാര്യക്ഷമമായി നടത്തിക്കുന്നതിന് നിയമ (നോഡൽ) ആഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സർക്കാർ കക്ഷിയായുള്ള കേസ്സുകൾ മാറ്റിവയ്ക്കുന്നതിനുവേണ്ടി കോടതി സർക്കാരിനെതിരെ പിഴ ചുമത്തുന്നത് ഗൗരവമായി കാണുന്നതും അത്തരം സാഹചര്യത്തിൽ വകുപ്പുതലവൻ എംപവേർഡ് കമ്മിറ്റി മുമ്പാകെ വിശദീകരണം നൽകേണ്ടതുമാണ്. ഏത് ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നാണോ വീഴ്ച ഉണ്ടായതെന്ന് പരിശോധിച്ച് പ്രസ്തുത ഉദ്യോഗസ്ഥരിൽ നിന്നും പിഴത്തുക ഈടാക്കുന്നതുമാണ്.

(ഡി) സംസ്ഥാന വ്യവഹാരനയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി താലൂക്ക്

അടിസ്ഥാനത്തിലും, ജില്ലാ അടിസ്ഥാനത്തിലും, ഓരോ എംപവേർഡ് കമ്മിറ്റി വീതം രൂപീകരിച്ചിട്ടുണ്ട്. ഇവയുടെ റിപ്പോർട്ടുകളും നിർദ്ദേശങ്ങളും പരിശോധിച്ച് വേണ്ട നടപടികളും നിർദ്ദേശങ്ങളും നൽകുന്നതിനുവേണ്ടി സംസ്ഥാനതല എംപവേർഡ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റികൾ മാസത്തിൽ ഒരു തവണയെങ്കിലും യോഗം ചേരണമെന്ന് വ്യവഹാര നയത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ എല്ലാ ജില്ലകളിലും കമ്മിറ്റികൾ കൂടുകയും സർക്കാർ കക്ഷിയായിട്ടുള്ള കേസുകളുടെ നടത്തിപ്പ് വിശകലനം ചെയ്യാറുമുണ്ട്. സംസ്ഥാന വ്യവഹാരനയം നടപ്പിലാക്കുന്നതിനായി വിവിധ വകുപ്പുകളിൽ ഇപ്പോൾ ജോലി ചെയ്യുന്ന ലാ ആഫീസർമാരെ നിയമ (നോഡൽ) ആഫീസർമാരായി ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ നിലവിൽ ലാ ആഫീസർ ഇല്ലാത്ത വകുപ്പുകളിൽ നിയമ (നോഡൽ) ആഫീസർമാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. നിലവിൽ എട്ട് ജില്ലകളിൽ നിയമ (നോഡൽ) ആഫീസർമാരെ നിയമിച്ചിട്ടുണ്ട്. മറ്റ് ആറ് ജില്ലകളിൽ കൂടി നിയമ (നോഡൽ) ആഫീസർമാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**സർക്കാർ അഭിഭാഷകരുടെ നിയമനം**

201 (2439) <u>ശ്രീമതി കെ. കെ. ലതിക</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ കക്ഷിയായിട്ടുള്ള കേസുകൾ കൈകാര്യം ചെയ്യുന്നതിനായി വിവിധ കോടതികളിലും ട്രൈബ്യൂണലുകളിലുമായി എത്ര അഭിഭാഷകരെ നിയമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഏതൊക്കെ തസ്തികകളിലേക്കാണ് പ്രസ്തുത നിയമനം നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത തസ്തികകളുടെ സേവനവേതന വ്യവസ്ഥകൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ-സി) വിവരം ശേഖരിച്ചു വരുന്നു.

**പാർപ്പിട സമുച്ചയ പദ്ധതി**

202 (2440) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പാവപ്പെട്ടവർക്കും ദുർബല വിഭാഗങ്ങളിൽപ്പെട്ടവർക്കും സ്വന്തമായി ഒരു വീട് നിർമ്മിച്ചു നൽകുന്നതിന് എന്തൊക്കെ പദ്ധതികളാണ് ഹൗസിംഗ് ബോർഡ് മുഖേന നടപ്പിലാക്കിവരുന്നത് എന്ന് പദ്ധതിയുടെ പേരും വിശദാംശങ്ങളും സഹിതം വ്യക്തമാക്കാമോ ;

(ബി) സംസ്ഥാനത്ത് വീട് വയ്ക്കുന്നതിനുള്ള സ്ഥലത്തിന്റെ വിസ്തൃതി ചുരുങ്ങി വരുന്നതിനാൽ ഇത്തരം വിഭാഗങ്ങളിൽപ്പെടുന്നവർക്കായി പാർപ്പിട സമുച്ചയ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ ഇത്തരം പദ്ധതി നടപ്പാക്കാൻ എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ പാവപ്പെട്ടവർക്കും ദുർബ്ബല വിഭാഗങ്ങളിൽപ്പെട്ടവർക്കും സ്വന്തമായി വീട് ലഭ്യമാക്കുകയെന്ന ഉദ്ദേശ്യലക്ഷ്യത്തോടെ ബോർഡ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികളാണ് സാഫല്യം ഭവന പദ്ധതിയും ഗൃഹശ്രീ ഭവന പദ്ധതിയും. ടി പദ്ധതികൾ സംബന്ധിച്ചുള്ള വിശദാംശം ചുവടെ ചേർത്തിരിക്കുന്നു:

സാഫല്യം ഭവനപദ്ധതി :

സമൂഹത്തിലെ ഭൂ-ഭവനരഹിതരായ ദുർബ്ബല വിഭാഗത്തിൽപ്പെട്ട ദാരിദ്ര രേഖയ്ക്ക് താഴെയുള്ളവർക്ക് സന്നദ്ധ സംഘടന/കാരുണ്യവാന്മാരായ വ്യക്തികളുടെ സഹകരണത്തോടെയും സർക്കാർ സബ്സിഡിയോടു കൂടിയും ഫ്ലാറ്റുകൾ നിർമ്മിച്ചു നൽകുന്ന പദ്ധതിയാണിത്. 280 ച. മീറ്റർ വിസ്തീർണ്ണമുള്ള ഫ്ലാറ്റുകളുടെ നിർമ്മാണച്ചെലവ് 3.50 ലക്ഷം രൂപയാണ്. ഇതിൽ 2 ലക്ഷം രൂപ സർക്കാർ സബ്സിഡിയും, 1 ലക്ഷം രൂപ ഹഡ്കോയിൽ നിന്നും വായ്പയും, 25000 രൂപ സന്നദ്ധ സംഘടനാ വിഹിതവും, 25000 രൂപ ഗുണഭോക്തൃ വിഹിതവുമാണ്. ബോർഡിന്റെ കൈവശമുള്ള അനുയോജ്യമായ സ്ഥലങ്ങളിലും പഞ്ചായത്ത് ലഭ്യമാക്കുന്ന ഭൂമിയിലുമാണ് പദ്ധതി നടപ്പിലാക്കുന്നത്. വായ്പയായി യൂണിറ്റൊന്നിന് 1 ലക്ഷം രൂപ സമാഹരിക്കുന്നതിന്

പകരം പഞ്ചായത്ത് വിഹിതമായി യൂണിറ്റൊന്നിന് 1 ലക്ഷം രൂപ ലഭ്യമാക്കുന്ന പഞ്ചായത്തുകൾക്ക് മുൻഗണന നൽകി പദ്ധതി നടപ്പിലാക്കി വരുന്നു.

ഗൃഹശ്രീ ഭവന പദ്ധതി :

സ്വന്തമായി 2 സെന്റ്/3 സെന്റ് ഭൂമിയെങ്കിലും കൈവശമുള്ള ദുർബല വിഭാഗം (EWS)/ താഴ്ന്ന വരുമാനവിഭാഗ (LIG) ത്തിൽപ്പെട്ടവർക്ക് സന്നദ്ധ സംഘടന/ എൻ.ജി.ഒ/കാരുണ്യവാന്മാരായ വ്യക്തികൾ എന്നിവരുടെ സഹകരണത്തോടെ വീട് നിർമ്മാണത്തിനായി 2 ലക്ഷം രൂപ സർക്കാർ സബ്സിഡി നൽകുന്ന പദ്ധതിയായ ഗൃഹശ്രീ ഭവന പദ്ധതി ഹൗസിംഗ് ബോർഡ് മുഖേന നടപ്പിലാക്കി വരുന്നു. ബോർഡ് നിഷ്കർഷിച്ചിട്ടുള്ള അർഹതാ മാനദണ്ഡങ്ങൾക്കനുസരിച്ച് തെരഞ്ഞെടുക്കപ്പെടുന്ന ദുർബല/താഴ്ന്ന വരുമാന വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾ 1 ലക്ഷം രൂപയും അവരെ സ്പോൺസർ ചെയ്യുന്ന സന്നദ്ധ സംഘടന/ എൻ.ജി.ഒ/കാരുണ്യവാന്മാരായ വ്യക്തികൾ എന്നിവർ 1 ലക്ഷം രൂപയും ഈ പദ്ധതിയിൽ നിക്ഷേപിക്കേണ്ടതാണ്. നിർമ്മാണ പുരോഗതി കണക്കിലെടുത്ത് ഈ 4 ലക്ഷം രൂപ 4 ഗഡുക്കളിലായി ഗുണഭോക്താക്കൾക്ക് അനുവദിക്കുന്നതാണ്. സ്പോൺസർ മുഖേനയാണ് ഗുണഭോക്താവ് ബോർഡിൽ അപേക്ഷ സമർപ്പിക്കേണ്ടത്.

(ബി) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഭൂ-ഭവനരഹിതരായ വിഭാഗക്കാർക്ക് ബോർഡ് നടപ്പിലാക്കുന്ന സാഫല്യം ഭവന പദ്ധതിയിലൂടെ ഫ്ലാറ്റ് സമുച്ചയങ്ങളാണ് നിർമ്മിക്കുന്നത്. കൂടാതെ താഴ്ന്നവരുമാനക്കാർക്കായി പഞ്ചായത്ത് ലഭ്യമാക്കുന്ന ഭൂമിയിൽ സർക്കാർ സബ്സിഡിയോടുകൂടി ഫ്ലാറ്റ് സമുച്ചയങ്ങൾ നിർമ്മിക്കാൻ ഉദ്ദേശിച്ചിട്ടുള്ള സങ്കേതം ഭവന പദ്ധതിക്ക് തത്വത്തിൽ സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. 2 ലക്ഷം രൂപ സർക്കാർ സബ്സിഡിയും, 2 ലക്ഷം രൂപ പഞ്ചായത്ത് ഗുണഭോക്താക്കൾക്കുവേണ്ടി വായ്പ സമാഹരിച്ച് ലഭ്യമാക്കേണ്ടതും ബാക്കി 1 ലക്ഷം രൂപ ഗുണഭോക്തൃ വിഹിതമായും ലഭ്യമാക്കിയിട്ടാണ് ഈ പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്.

**ഭവന പദ്ധതികൾ**

203 (2441) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന

ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ നിലവിലുള്ള ഭവന പദ്ധതികൾ ഏതെല്ലാം; ഇവയിൽ സംസ്ഥാന സർക്കാരിന്റെയും കേന്ദ്ര സർക്കാരിന്റെയും പദ്ധതികൾ ഇനം തിരിച്ച് വിശദമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ എത്ര വീടുകൾ നല്കിയിട്ടുണ്ട്, ഇവയ്ക്ക് ഓരോ വർഷവും ചെലവാക്കിയ തുക എത്രയാണെന്ന് അറിയിക്കുമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതിയതായി ഏതെങ്കിലും ഭവന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതെല്ലാം ; ഇതു വഴി എത്ര പേർക്ക് ഭവന നിർമ്മാണത്തിന് സഹായം നല്കി ; ഇതിന് എത്ര തുക ചെലവാക്കിയിട്ടുണ്ട് ; വിശദാംശം നല്കുമോ ;

(ഡി) സംസ്ഥാനത്തെ ഭവനരഹിതരുടെ എണ്ണം കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നല്കുമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാന ഭവന നിർമ്മാണ ബോർഡുവഴി സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന ഭവന പദ്ധതികളുടെ വിശദാംശം അനുബന്ധം ആയി ചേർത്തിരിക്കുന്നു.* കേന്ദ്ര സർക്കാർ ഗ്രാന്റും സംസ്ഥാന സർക്കാർ വിഹിതവും വിനിയോഗിച്ച് ബോർഡ് വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. നിർമ്മാണ ചെലവിന്റെ എസ്റ്റിമേറ്റ് തുകയുടെ 75% കേന്ദ്ര സർക്കാർ ഗ്രാന്റായും 25% തുക സംസ്ഥാന സർക്കാർ വിഹിതമായി ബജറ്റിലൂടെയും ലഭ്യമാകുന്നുണ്ട്.

(ബി) വിശദാംശം അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

(സി) വിശദാംശം അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

(ഡി) ലാന്റ് റവന്യൂ കമ്മീഷണറുടെ 26-11-2013-ലെ റിപ്പോർട്ട് അനുസരിച്ച് സംസ്ഥാനത്ത് സ്വന്തമായി ഭവനമില്ലാത്തവരായി 470606 കുടുംബങ്ങളുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വിശദാംശം അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

**ഭവന നിർമ്മാണ പദ്ധതികൾ**

204 (2442) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏതൊക്കെ ഭവന നിർമ്മാണ പദ്ധതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അനുവദിച്ച EMS ഭവന നിർമ്മാണ പദ്ധതി, M.N. ഗോവിന്ദൻനായർ ലക്ഷം വീട് പുനരുദ്ധാരണ പദ്ധതി തുടങ്ങിയവയിലെ ഗുണഭോക്താക്കൾക്കുള്ള അവസാന ഗഡു തുകകൾ നൽകിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എത്ര പേർക്കാണ് ഭവന നിർമ്മാണത്തിനായി തുക അനുവദിച്ചിട്ടുള്ളത് ;

<u>ഉത്തരം</u>

(എ) സുരക്ഷാ ഭവന പദ്ധതി, എം. എൻ. ലക്ഷം വീട് പുനർനിർമ്മാണ പദ്ധതി, എം. എൻ. ലക്ഷം വീട് മേൽക്കൂര പുതുക്കിപ്പണിയുന്ന പദ്ധതി, സാഫല്യം ഭവന പദ്ധതി, ഇന്നൊവേറ്റീവ് ഭവന പദ്ധതി, സർക്കാർ ഭൂമിയിൽ സർക്കാർ ജീവനക്കാർക്കുള്ള ഭവന പദ്ധതി, പാരസ്പര്യം മാതൃകയിലുള്ള ഫ്ലാറ്റ് നിർമ്മാണ പദ്ധതികൾ, ഗൃഹശ്രീ ഭവന പദ്ധതി എന്നീ ഭവന പദ്ധതികൾ കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് മുഖേന നടപ്പിലാക്കി വരുന്നു. സർക്കാർ സബ്സിഡിയിൽ ഗൃഹശ്രീ ഭവന പദ്ധതി പ്രാബല്യത്തിൽ വന്ന സാഹചര്യത്തിൽ തീരെ കുറഞ്ഞ തുക സബ്സിഡിയായി നൽകുന്ന സുരക്ഷാ ഭവന പദ്ധതിക്ക് പ്രസക്തിയില്ലാത്തതിനാൽ 2013 മാർച്ച് 31-നകം നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ച വീടുകൾക്കുകൂടി സബ്സിഡി തുക വിതരണം ചെയ്ത് സുരക്ഷാ ഭവന പദ്ധതി നിർത്തലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(ബി&സി) വിവരം ശേഖരിച്ചു വരുന്നു.

**കേരള സ്റ്റേറ്റ് ഹൗസിംഗ് കോർപ്പറേഷൻ നല്കുന്ന ഭവന വായ്പ**

205 (2443) <u>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സ്റ്റേറ്റ് ഹൗസിംഗ് കോർപ്പറേഷൻ നൽകുന്ന ഭവനവായ്പ കുടിശ്ശിക തിരിച്ചടക്കുന്നതിന് നിലവിൽ ഗുണഭോക്താക്കൾക്ക് എന്തൊക്കെ

ഇളവുകളാണ് നൽകുന്നതെന്ന് വെളിപ്പെടുത്താമോ ;

(ബി) എല്ലാ വരുമാന ഗ്രൂപ്പുകാർക്കും ഒരേ തരത്തിലുള്ള ഇളവുകളാണോ അനുവദിക്കുന്നത് ; വിശദാംശങ്ങൾ അറിയിക്കാമോ ;

(സി) ലോൺ എടുത്ത വ്യക്തി മരണപ്പെട്ടാൽ കുടിശ്ശിക തിരിച്ചടയ്ക്കുന്നതിന് ബന്ധപ്പെട്ടവർക്ക് കോർപ്പറേഷൻ എന്തെങ്കിലും പ്രത്യേക ആനുകൂല്യം നൽകാറുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ?

<u>ഉത്തരം</u>

(എ-സി) കേരള സ്റ്റേറ്റ് ഹൗസിംഗ് കോർപ്പറേഷൻ രൂപീകരിച്ചിട്ടില്ല. കേരള സ്റ്റേറ്റ് ഹൗസിംഗ് ഡവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ് പ്രവർത്തനം ആരംഭിച്ചിട്ടില്ല.

**സമഗ്ര ഭവന പുനരധിവാസ പദ്ധതി**

206 (2444) <u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u> :
<u>ശ്രീ. റ്റി. എൻ. പ്രതാപൻ</u> :
<u>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ</u> :
<u>ശ്രീ. ആർ. സെൽവരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും കീഴിൽ നടപ്പിലാക്കി വരുന്ന ഭവന പദ്ധതികൾ സമന്വയിപ്പിച്ച് സമഗ്ര ഭവന പുനരധിവാസ പദ്ധതിക്ക് രൂപം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതുമൂലം എന്തെല്ലാം നേട്ടങ്ങളും ഗുണങ്ങളുമാണ് ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഇതിനായി സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും കീഴിൽ നടപ്പിലാക്കി വരുന്ന ഭവന പദ്ധതികൾ സമന്വയിപ്പിച്ച് സമഗ്ര ഭവന പുനധിവാസ പദ്ധതിക്ക് രൂപം നൽകാൻ ഉദ്ദേശിക്കുന്നു. ഭവനം, ടാക്സസ്, റവന്യൂ, ഫിനാൻസ്,

നിയമം, തദ്ദേശ സ്വയംഭരണം, സാമൂഹ്യക്ഷേമം, പട്ടികജാതി/പട്ടികവർഗ്ഗ വികസനം, ഫിഷറീസ് തുടങ്ങിയ വിവിധ സർക്കാർ വകുപ്പുകളുമായി സഹകരിച്ചാണ് സമഗ്ര ഭവന പുനരധിവാസ പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്.

(ബി) ഭവന നിർമ്മാണത്തോടൊപ്പം പ്രാഥമിക അടിസ്ഥാന സേവനങ്ങൾ നൽകുന്നതിനും ആവാസ വ്യവസ്ഥയുടെ സുസ്ഥിരവും സമഗ്രവുമായ വികസനത്തിനും കഴിയുന്നതാണ് 'എല്ലാവർക്കും ഭൂമി എല്ലാവർക്കും വീട്' എന്ന പദ്ധതി. പാവപ്പെട്ടവർക്കുവേണ്ടി ഗ്രാമ പ്രദേശങ്ങളിൽ ഇന്ദിര ആവാസ് യോജന പദ്ധതി പ്രകാരവും നഗരപ്രദേശങ്ങളിൽ രാജീവ് ആവാസ് യോജന പദ്ധതി പ്രകാരവുമുള്ള സഹായധനതുക സമാഹരിച്ചും മറ്റും വിവിധ പദ്ധതികളിൽ നിന്നുള്ള ധനസ്രോതസ്സ് ഉപയോഗിച്ചുകൊണ്ടും അധികമായി വേണ്ടിവരുന്ന തുക മറ്റ് സ്രോതസ്സുകളിൽ (നികുതിയില്ലാത്ത ബോണ്ടുകൾ, പലിശയിളവുള്ള വായ്പ, കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി തുടങ്ങിയവ) നിന്നും കണ്ടെത്തിയുമാണ് സമഗ്ര ഭവന പുനരധിവാസ പദ്ധതി തയ്യാറാക്കി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്.

(സി) ഇതിനായി സോഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിക്കുന്ന കാര്യം പരിഗണനയിലാണ്. വിവിധ വകുപ്പുകളുടെ ശരിയായ കൂട്ടായ്മയും വിവിധ ഭവന പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ സമഗ്രമായ ഏകോപനത്തിനും, സമയബന്ധിതമായും പ്രത്യേക ദൗത്യ രീതിയിൽ പ്രവർത്തിക്കുന്നതിനുംവേണ്ടി സമഗ്ര ഭവന പുനരധിവാസ പദ്ധതിയുടെ രൂപരേഖ തയ്യാറാക്കുന്നതിന്റെയും പദ്ധതി നടപ്പാക്കുന്നതിന്റെയും ചുമതല നിർവ്വഹിക്കുന്നതിന് സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ എന്ന നിലയ്ക്ക് സർക്കാരിന്റെ അധീനതയിലുള്ള ഒരു പബ്ലിക് കമ്പനി രൂപീകരിക്കുന്ന കാര്യം പരിശോധിച്ചു വരുന്നു.

(ഡി) സമഗ്ര ഭവന പുനരധിവാസ പദ്ധതി നടപ്പിലാക്കുന്നതിലേക്കായി ധനകാര്യ നിയമ ഭവന വകുപ്പുമന്ത്രി, റവന്യൂ വകുപ്പുമന്ത്രി, നഗരകാര്യ-ന്യൂനപക്ഷക്ഷേമ വകുപ്പുമന്ത്രി, പഞ്ചായത്ത്-സാമൂഹ്യക്ഷേമ വകുപ്പുമന്ത്രി, വനം, കായികം വകുപ്പുമന്ത്രി, പട്ടികവർഗ്ഗക്ഷേമ വകുപ്പുമന്ത്രി, ഗ്രാമവികസന വകുപ്പുമന്ത്രി എന്നിവർ ഉൾപ്പെടുന്ന മന്ത്രിസഭാ ഉപസമിതി രൂപീകരിച്ചിട്ടുണ്ട്. ഈ പദ്ധതിക്കുവേണ്ടി തയ്യാറാക്കിയ പശ്ചാത്തല വിവരണ റിപ്പോർട്ട് പ്രസ്തുത ഉപസമിതി പരിശോധിച്ചുവരുന്നു.

**കുട്ടനാട്ടിലെ ഗൃഹശ്രീ പദ്ധതി**

207 (2445) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗൃഹശ്രീ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് കുട്ടനാട്ടിൽ നിന്നും എത്ര അപേക്ഷകളാണ് ലഭ്യമായതെന്ന് ഗുണോഭോക്താക്കളുടെ പേരുസഹിതം വിശദമാക്കിയ റിപ്പോർട്ട് ലഭ്യമാക്കുമോ ;

(ബി) ഗൃഹശ്രീ പദ്ധതിക്ക് ഗുണോഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡം വിശദമാക്കുമോ ;

(സി) ശ്രീ. മണിക്കുട്ടൻ എം. ബി., മന്നത്തു വീട്, കുന്നമ്മ ഈസ്റ്റ് കാവാലം പി. ഒ. കുട്ടനാട് എന്ന വ്യക്തിയുടെ അപേക്ഷ പരിഗണിച്ച് ഗൃഹശ്രീ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഗൃഹശ്രീ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് കുട്ടനാട്ടിൽ നിന്ന് കാരുണ്യവാന്മാരായ വ്യക്തികളിൽ നിന്ന് 9-ഉം, സർക്കാർ ഇതര സംഘടനകളിൽ നിന്നും 9-ഉം അടക്കം ആകെ 18 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അപേക്ഷകളുടെ വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) സ്വന്തമായി 2 സെന്റ്/3 സെന്റ് ഭൂമിയെങ്കിലും കൈവശമുള്ള ദുർബല (EWS)/താഴ്ന്ന വരുമാന വിഭാഗ (LIG)-ത്തിൽപ്പെട്ടവർക്ക് സന്നദ്ധ സംഘടന/ എൻ.ജി.ഒ/കാരുണ്യവാന്മാരായ വ്യക്തികൾ എന്നിവരുടെ സഹകരണത്തോടെ വീട് നിർമ്മാണത്തിനായി 2 ലക്ഷം രൂപ സർക്കാർ സബ്സിഡി നൽകുന്ന പദ്ധതിയായ ഗൃഹശ്രീ ഭവന പദ്ധതി ഹൗസിംഗ് ബോർഡ് മുഖേന നടപ്പിലാക്കി വരുന്നു. ബോർഡ് നിഷ്കർഷിച്ചിട്ടുള്ള അർഹതാ മാനദണ്ഡങ്ങൾക്കനുസരിച്ച് തെരഞ്ഞെടുക്കപ്പെടുന്ന ദുർബല/താഴ്ന്ന വരുമാനം വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾ 1 ലക്ഷം രൂപയും അവരെ സ്പോൺസർ ചെയ്യുന്ന സന്നദ്ധ സംഘടന/ എൻ.ജി.ഒ/കാരുണ്യവാന്മാരായ വ്യക്തികൾ എന്നിവർ 1 ലക്ഷം രൂപയും ഈ പദ്ധതിയിൽ നിക്ഷേപിക്കേണ്ടതാണ്. നിർമ്മാണ പുരോഗതി കണക്കിലെടുത്ത് ഈ 4 ലക്ഷം രൂപ 4 ഗഡുക്കളിലായി ഗുണഭോക്താക്കൾക്ക് അനുവദിക്കുന്നതാണ്. സ്പോൺസർ മുഖേനയാണ് ഗുണഭോക്താവ് ബോർഡിൽ അപേക്ഷ സമർപ്പിക്കേണ്ടത്.

(സി) ശ്രീ. മണിക്കുട്ടൻ എം. ബി. മന്നത്തുവീട്, കുന്നമ്മ ഈസ്റ്റ്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കാവാലം പി. ഒ. കുട്ടനാട് എന്ന വ്യക്തിക്കുവേണ്ടി ശ്രീ. കെ. കെ. അരവിന്ദാക്ഷൻ സ്പോൺസറായി നൽകിയ അപേക്ഷ 24-11-2014 ലാണ് ബോർഡിന് ലഭിച്ചിട്ടുള്ളത്. ഗൃഹശ്രീ ഭവന പദ്ധതി നടപ്പിലാക്കുന്നതിന് 2014-15 സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുള്ള തുക ബോർഡിന് ലഭ്യമാക്കുന്ന മുറയ്ക്ക് 2014-15 സാമ്പത്തിക വർഷത്തിൽ ലഭിച്ച അപേക്ഷകൾ പരിഗണനയ്ക്ക് വിധേയമാക്കുന്നതാണ്.

**ചാലക്കുടിയിൽ വ്യാപാര സമുച്ചയം**

208 (2446) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടിയിൽ ഹൗസിംഗ് ബോർഡിന്റെ ഒഴിഞ്ഞുകിടക്കുന്ന സ്ഥലത്ത് ഒരു വ്യാപാര സമുച്ചയം നിർമ്മിക്കുന്നതിനായുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;

(ബി) വ്യാപാര സമുച്ചയത്തിന്റെ നിർമ്മാണം ഉടൻ ആരംഭിക്കുന്നതിനായുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ചാലക്കുടിയിൽ ഭവന നിർമ്മാണ ബോർഡിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് 5 നിലകളുള്ള ഒരു കൊമേഴ്സ്യൽ കോംപ്ലക്സ് പാരസ്പര്യം മാതൃകയിൽ നടപ്പിലാക്കുന്നതിനുള്ള പദ്ധതി രൂപകൽപ്പന ചെയ്തിട്ടുണ്ട്. പാരസ്പര്യം മാതൃകയിൽ പദ്ധതി നടപ്പിലാക്കുന്നതിന് (ഉപഭോക്താക്കളിൽ നിന്നും വിൽപ്പന വില നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിൽ മുൻകൂറായി ശേഖരിച്ചുകൊണ്ട് നടപ്പിലാക്കുന്ന പദ്ധതി) മതിയായ ഉപഭോക്താക്കളെ ഉറപ്പാക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു.

**എമർജിംഗ് കേരള**

209 (2447) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എമർജിംഗ് കേരളയുടെ ഭാഗമായി ധാരണാപത്രത്തിൽ ഒപ്പുവച്ച

ഏതെല്ലാം കമ്പനികളാണ് നിർമ്മാണ പ്രവർത്തനം ആരംഭിച്ചത് ;

(ബി) നിർമ്മാണ പ്രവർത്തനം ആരംഭിച്ച കമ്പനികൾ എത്ര കോടി രൂപ വീതം മുതൽ മുടക്കാനാണ് പദ്ധതി ?

ഉത്തരം

(എ&ബി) എമർജിംഗ് കേരളയുടെ ഭാഗമായി താഴെപ്പറയുന്ന രണ്ട് പദ്ധതികൾക്കാണ് ധാരണാപത്രം ഒപ്പുവച്ചത്.

1. Capacity expansion of Refinery Plant and setting up of petrochemical plant at Kochi by BPCL

   12,000 കോടിയുടെ നിക്ഷേപം പ്രതീക്ഷിക്കുന്ന പ്രസ്തുത പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്.

2. Implementation of Advanced Diploma course in Automotive Mechatronics (ADAM) course at Govt. Engineering College, Barton Hill, Thiruvananthapuram

   ഒരു കോടി രൂപയുടെ നിക്ഷേപമുള്ളതാണ് പ്രസ്തുത പദ്ധതി/കോഴ്സ്, ഇതിന്റെ ആദ്യ ബാച്ചിന്റെ ഉദ്ഘാടനം 2014 ജനുവരി 24-ന് നിർവ്വഹിച്ചു.

**പുതിയതായി തുടങ്ങിയ വ്യവസായ സ്ഥാപനങ്ങൾ**

210 (2448) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എന്തൊക്കെ വ്യവസായ സ്ഥാപനങ്ങളാണ് സംസ്ഥാനത്ത് ആരംഭിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ;

(ബി) ഇത് എവിടെയൊക്കെ ആണ് സ്ഥാപിച്ചിട്ടുള്ളത്; വിശദാംശങ്ങൾ നല്കാമോ ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ

വാണിജ്യ ഡയറക്ടേറ്റ് മുഖാന്തരം ആരംഭിച്ചിട്ടുള്ള പദ്ധതികളുടെ വിശദവിവരം അനുബന്ധം ആയി ചേർത്തിട്ടുണ്ട്.* കെ.എസ്.ഐ.ഡി.സി. മുഖേന ആരംഭിച്ചിട്ടുള്ള പദ്ധതികളുടെ വിശദ വിവരവും കിൻഫ്ര മുഖേന ആരംഭിച്ച പദ്ധതികളുടെ വിശദവിവരവും അനുബന്ധം ആയി ചേർത്തിട്ടുണ്ട്. *

**പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കുന്നതിനുള്ള കർമ്മപദ്ധതി**

211 (2449) ശ്രീ. വർക്കല കഹാർ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കാൻ കർമ്മപദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനരീതിയും വിശദമാക്കുമോ ;

(സി) പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കാനും ഉല്പാദനത്തിനനുസരിച്ച് തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ നൽകുന്നതിനും എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ&ബി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ നഷ്ടത്തിൽ പ്രവർത്തിക്കുന്നതിന്റെ അടിസ്ഥാന കാരണങ്ങൾ കണ്ടെത്തി ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവത്ക്കരണമുൾപ്പെടെയുള്ള നവീകരണ വിപുലീകരണ പദ്ധതികൾ ആവിഷ്ക്കരിച്ചും വിപണനരംഗം ശക്തിപ്പെടുത്തിയും പ്രവർത്തനം മെച്ചപ്പെടുത്തുന്ന നടപടികൾ ഇതിനകംതന്നെ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമേഖലാ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സ്ഥാപനങ്ങൾക്ക് നൽകിയ സാമ്പത്തിക സഹായത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

| Year | Amount in crores |
|---|---|
| 2011-12 | 135.08 |
| 2012-13 | 199.1 |
| 2013-14 | 229.49 |

ഈ സാമ്പത്തിക വർഷം വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനായി 150 കോടി രൂപ നീക്കി വച്ചിട്ടുണ്ട്. ഇതിൽ നിന്നും തുക അനുവദിച്ചുവരുന്നു. ഈ സ്ഥാപനങ്ങളുടെ പ്രവർത്തനം മന്ത്രിതലത്തിലും സെക്രട്ടറി തലത്തിലും അവലോകനം നടത്തുകയും ചെയ്തുവരുന്നു.

(സി&ഡി) നഷ്ടത്തിന്റെ അടിസ്ഥാന കാരണങ്ങൾ കണ്ടെത്തി ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവത്ക്കരണമുൾപ്പെടെയുള്ള നവീകരണ വിപുലീകരണ പദ്ധതികൾ സർക്കാർ ധനസഹായത്തോടെ നടപ്പിലാക്കി കമ്പനികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുകയാണ് ലക്ഷ്യം. പദ്ധതി പ്രകാരമുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. ഇതിന്റെ ഭാഗമായി കൂടുതൽ ഉൽപ്പാദനവും വിറ്റുവരവും നേടുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് അതാത് സ്ഥാപനങ്ങളിൽ നിലവിലുള്ള മാനദ്ണ്ഡങ്ങളനുസരിച്ചുള്ള ആനുകൂല്യം നൽകി വരുന്നു.

## ലാഭത്തിൽ പ്രവർത്തിച്ച പൊതുമേഖലാസ്ഥാപനങ്ങൾ

212 (2450) പ്രൊഫ സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് എത്ര പൊതു മേഖലാ സ്ഥാപനങ്ങളാണ് ലാഭത്തിൽ പ്രവർത്തിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ;

(ബി) ഇവയിൽ എല്ലാ സ്ഥാപനങ്ങളും ഇപ്പോഴും ലാഭത്തിൽ പ്രവർത്തിക്കുന്നുണ്ടോ

യെന്ന് വിശദമാക്കാമോ ;

(സി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പൊതു മേഖല സ്ഥാപനങ്ങളാണ് ലാഭത്തിൽ പ്രവർത്തിക്കുന്നതെന്ന് വിശദാംശം വെളിപ്പെടുത്തുമോ ?

<u>ഉത്തരം</u>

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 2010-11-ൽ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ 23 സ്ഥാപനങ്ങളാണ് ലാഭത്തിൽ പ്രവർത്തിച്ചത്.

(ബി) ഇല്ല. 2010-11-ൽ ലാഭകരമായി പ്രവർത്തിച്ച 23 (ഇരുപത്തിമൂന്ന്) സ്ഥാപനങ്ങളിൽ 9 (ഒൻപത്) സ്ഥാപനങ്ങൾ 2013-14 കാലയളവിൽ നഷ്ടത്തിലാണ് പ്രവർത്തിച്ചത്. (*സ്ഥാപനങ്ങളുടെ ആഡിറ്റുകൾ പൂർത്തിയായി വരുന്ന മുറയ്ക്കുള്ള കണക്കുകൾ പ്രകാരമാണ് മുകളിൽ പ്രതിപാദിച്ചിരിക്കുന്നത്.)

(സി) ടെക്സ്റ്റൈൽ മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാണ് കൂടുതലും നഷ്ടത്തിൽ പ്രവർത്തിക്കുന്നത്. ആഗോള പ്രതിസന്ധിമൂലമുണ്ടായ അസംസ്കൃത വസ്തുക്കളുടെ ക്രമാതീതമായ വിലക്കയറ്റവും ഉൽപ്പന്നങ്ങളുടെ വിലയിടിവുമാണ് ടെക്സ്റ്റൈൽ മേഖലയിലുള്ള കമ്പനികൾ നഷ്ടത്തിലാകാനുള്ള പ്രധാന കാരണം. അധിക ധനസഹായമായി 60 കോടി രൂപയുടെ പ്രത്യേക സാമ്പത്തിക പാക്കേജ് ഈ മേഖലയ്ക്ക് നൽകിയെങ്കിലും കാര്യമായ പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടില്ല. ആഗോളതലത്തിലുണ്ടായിട്ടുള്ള വ്യവസായമാന്ദ്യവും ഇറക്കുമതിയും പൊതുമേഖലാസ്ഥാപനങ്ങളുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. സർക്കാർ ഏജൻസികളിൽ നിന്ന് ലഭിച്ചിരുന്ന ഓർഡറുകളുടെ അപര്യാപ്തത, കാലപ്പഴക്കമുള്ള മെഷിനറികളുടെ തകരാറുകൾമൂലം ഉൽപ്പാദനത്തിൽ നേരിടുന്ന തടസ്സങ്ങൾ, പ്രവർത്തന മൂലധനത്തിന്റെ അഭാവം തുടങ്ങിയ പ്രധാന കാരണങ്ങളാണ് സ്ഥാപന ങ്ങളുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചത്.

(ഡി) സംസ്ഥാനത്തെ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ 2013-14 കാലയളവിലെ കണക്കുകൾ പ്രകാരം 15 സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിക്കുന്നു. വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

**കെ.എം.എം.എൽ-ലെ ഇന്ധനം**

213 (2451) <u>ശ്രീ. സി. കെ. സദാശിവൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എ) കെ.എം.എം.എൽ.-ന്റെ ഇൽമനൈറ്റ് ബെനിഫിസിയേഷൻ പ്ലാന്റിൽ 2014 മേയ് മാസം മുതൽ NPF പെട്രോളിയം കോക്ക് യൂണിറ്റ്-200 ഉപയോഗിക്കേണ്ടതില്ല എന്ന് തീരുമാനിക്കാനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ ;

(ബി) NPF പെട്രോളിയം കോക്ക്-200 ഇന്ധനമായി ഉപയോഗിക്കാത്തതു മൂലം കമ്പനിക്ക് 9 കോടിയോളം രൂപ നഷ്ടമുണ്ടാകുമെന്ന് കമ്പനിയുടെ ഫിനാൻസ് വിഭാഗം കണക്കാക്കിയിട്ടുള്ള റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ ?

<u>ഉത്തരം</u>

(എ) U-200 ക്ലോറിനേഷൻ പ്ലാന്റിൽ പ്യൂരിഫിക്കേഷൻ വിഭാഗത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷം (2013-14) സെപ്റ്റംബർ മാസം മുതൽ നവംബർ മാസം വരെ അനുഭവപ്പെട്ട സാങ്കേതിക തകരാറുമൂലം ഉൽപ്പാദനം നിർത്തി വയ്ക്കുകയും അതുമൂലം ഗണ്യമായ ഉത്പ്പാദന നഷ്ടവും സാമ്പത്തിക നഷ്ടവുമുണ്ടായി. U-200 ഉപയോഗിക്കേണ്ട Calcined Petroleum Coke-ൽ അടങ്ങാവുന്ന ജലാംശത്തിന്റെയും സൾഫറിന്റെയും അളവ് 0.1%-ഉം 2.0%-വുമാണ്. എന്നാൽ ഇൽമനൈറ്റ് ബെനിഫിസിയേഷൻ പ്ലാന്റിൽ നിന്നുള്ള NPF-Cock-ൽ സൾഫറിന്റെയും അളവ് മേൽ പറഞ്ഞതിനേക്കാൾ ഗണ്യമായ തോതിലുണ്ട്. മേൽപ്പറഞ്ഞ സാങ്കേതിക തകരാറിനെപ്പറ്റി വിശദമായ പഠനം കമ്പനിയിലെ സാങ്കേതിക സമിതി നടത്തുകയുണ്ടായി. അവരുടെ കണ്ടെത്തലുകൾ പ്രകാരം സാങ്കേതിക തകരാറിന്റെ ഒരു പ്രധാന കാരണം ഇൽമനൈറ്റ് ബെനിഫിസിയേഷൻ പ്ലാന്റിൽ നിന്നുള്ള NPF-Cock-U-200-ൽ ഉപയോഗിക്കുന്നതും അതിൽ അടങ്ങിയിട്ടുള്ള അളവിൽ കവിഞ്ഞ ജലാംശവുമാണ്. ഇതിനുപുറമേ NPF-Cock-ൽ അടങ്ങിയിട്ടുള്ള ജലാംശത്തിന്റെ അളവ് കൂടുന്തോറും U-200 ഉപയോഗിക്കുന്ന അസംസ്കൃത വസ്തുക്കളായ ക്ലോറിന്റേയും lime-ന്റെയും ഉപഭോഗവും വർദ്ധിക്കുന്നതായി കണ്ടെത്തി. മാത്രമല്ല NPF-ൽ അടങ്ങിയിട്ടുള്ള താരതമ്യേന ഉയർന്ന തോതിലുള്ള സൾഫർ, മലിനീകരണ നിയന്ത്രണ ബോർഡ് പുകക്കുഴലിലൂടെ പുറന്തള്ളുന്നതിന് അനുവദിച്ചിട്ടുള്ള emission gases അളവിൽ കൂടുതൽ തോതിൽ ഉണ്ടാകാനുള്ള സാദ്ധ്യതയും വർദ്ധിപ്പിക്കുന്നു. മേൽപ്പറഞ്ഞ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ 2014 മേയ് മാസം മുതൽ U-200-ൽ NPF-Cock- ഉപയോഗിക്കേണ്ടതില്ല എന്ന തീരുമാനത്തിൽ എത്തിച്ചേർന്നു.

(ബി) പകർപ്പ് ഉള്ളടക്കം ചെയ്തിരിക്കുന്നു.*

**ചവറ കെ.എം.എം.എൽ. കമ്പനിയുടെ ലാഭ-നഷ്ടക്കണക്കുകൾ**

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

214 (2452) <u>ശ്രീ. എളമരം കരീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2010-11 മുതൽ 2012-13 വരെയുള്ള കാലയളവിൽ ചവറ കെ.എം.എം.എൽ.-ലെ പിഗ്മെന്റ് പ്രൊഡക്ഷൻ എത്രയായിരുന്നു എന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത കമ്പനിയുടെ, 2010-11, 2011-12, 2012-13 വർഷങ്ങളിലെ ലാഭം/നഷ്ടം എത്രയാണെന്നുള്ളത് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) 2010-11 മുതൽ 2012-13 വരെയുള്ള കമ്പനിയുടെ പിഗ്മെന്റ് ഉത്പാദനം ചുവടെ ചേർക്കുന്നു:

| | |
|---|---|
| 2010-11 | 36879 MT |
| 2011-12 | 29117 MT |
| 2012-13 | 27016 MT |

(ബി) 2010-11 മുതൽ 2012-13 വരെയുള്ള കമ്പനിയുടെ ലാഭം (PAT) ചുവടെ ചേർക്കുന്നു:

| | |
|---|---|
| 2010-11 | 2811.92 ലക്ഷം |
| 2011-12 | 11545.00 ലക്ഷം |
| 2012-13 | 3588.63 ലക്ഷം |

**യുവ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന് നടപടികൾ**

215 (2453) <u>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യുവ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) യുവ സംരംഭകർക്ക് ആവശ്യമായ സാങ്കേതിക പരിശീലനം നൽകുന്നതിന് ഫിനിഷിംഗ് സെന്ററുകളും മികവിന്റെ കേന്ദ്രങ്ങളും സംഘടിപ്പിക്കുമോ ;

(സി) യുവ സംരംഭകരിലൂടെ കേരളത്തിലെ വ്യാവസായിക-സാമ്പത്തിക തൊഴിലവസര രംഗത്ത് പുത്തൻ ഉണർവ്വുണ്ടാക്കുന്നതിന് പുതിയ നയവും

പദ്ധതികളും ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) യുവസംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു:

1. റാസ്പ്ബെറി പൈ പ്രോഗ്രാം : സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 2500 സ്കൂൾ വിദ്യാർത്ഥികൾക്ക് റാസ്പ്ബെറി പൈ കിറ്റ് വിതരണം ചെയ്യുവാനും അതിലൂടെ അവരിലെ പ്രോഗ്രാമിംഗ് നൈപുണ്യം വികസിപ്പിക്കുവാനും സംസ്ഥാന സർക്കാർ രൂപം നൽകിയ പദ്ധതിയാണ് റാസ്പ്ബെറി പൈ പ്രോഗ്രാം.
2. നേതൃത്വ പരിശീലന പരിപാടി : സംസ്ഥാന സർക്കാർ രൂപം നൽകിയ വിവിധ സംരംഭകത്വ പരിപാടികളിലൂടെയും സംരംഭകത്വ വികസന ക്ലബ്ബുകളിലൂടെയും വളർന്നുവന്ന വിവിധ വിദ്യാർത്ഥികളിൽ നേതൃത്വ പരിശീലന പാടവം വളർത്തുവാനായി സ്റ്റാൻഫോർഡും ഹാർവാർഡും പോലുള്ള യൂണിവേഴ്സിറ്റികൾ സന്ദർശിക്കാൻ അവസരം ഒരുക്കുക എന്നതാണ് ഈ പദ്ധതി വഴി ലക്ഷ്യമിടുന്നത്.
3. അന്തർദ്ദേശീയ സംരംഭകത്വ എക്സ്ചേഞ്ച് പരിപാടി : 2013-14-ൽ യുവസംരംഭക വിദ്യാർത്ഥികളെ സംസ്ഥാന സർക്കാർ സിലിക്കൺ വാലിയിലേക്ക് അയച്ചിരുന്നു. ഈ പരിപാടിയിലൂടെ വിദ്യാർത്ഥികളിൽ വന്ന മാറ്റത്തെ അടിസ്ഥാനമാക്കി സംസ്ഥാന സർക്കാർ 10-ഓളം യുവ വിദ്യാർത്ഥികളെ എല്ലാ വർഷവും സിലിക്കൺവാലിയിലേക്ക് അയയ്ക്കുവാനും അവിടെ വിദ്യാർത്ഥികൾക്ക് എല്ലാ സൗകര്യങ്ങൾ ഒരുക്കുവാനുമായി ഒരു സിലിക്കൺ ലാൻഡ് പാഡ് നിർമ്മിക്കുവാൻ തീരുമാനമെടുക്കുകയും ചെയ്തു. കൂടാതെ വിദ്യാർത്ഥികളെ വിവിധ അന്തർദ്ദേശീയ കോൺഫറൻസുകളിൽ പങ്കെടുപ്പിക്കുക എന്ന ലക്ഷ്യത്തോടെ രൂപം നൽകിയ പദ്ധതിയാണ് അന്തർദേശീയ സംരംഭകത്വ എക്സ്ചേഞ്ച് പരിപാടി.
4. സ്റ്റാർട്ട്അപ്പ് ബൂട്ട് ക്യാമ്പ് : കേരളത്തിലെ വിദ്യാർത്ഥികളിൽ സംരംഭകത്വം വളർത്തുവാനും നൂതന ആശയങ്ങൾക്ക് പ്രോത്സാഹനം നൽകുവാനുമായി സംസ്ഥാന സർക്കാർ രൂപം കൊടുത്ത പദ്ധതിയാണ് സ്റ്റാർട്ട്അപ്പ് ബൂട്ട് ക്യാമ്പ്. ഇതിന്റെ ഭാഗമായി കേരളത്തിലെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും സംരംഭകത്വ വികസന ക്ലബ്ബുകൾ ആരംഭിക്കാനാണ് ലക്ഷ്യമിടുന്നത്.

5. ഫാബ് ലാബ് : ഇലക്ട്രോണിക്സ് മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനും ഇതിലേക്ക് കൂടുതൽ വിദ്യാർത്ഥികളെ ആകർഷിപ്പിക്കുവാനുമായി തിരുവനന്തപുരത്തെ ടെക്നോപാർക്കിലും കൊച്ചിയിലെ കിൻഫ്രയിലും ഫാബ് ലാബുകൾ സ്ഥാപിക്കുന്നുണ്ട്.

6. സ്റ്റാർട്ട്അപ്പ് ബോക്സ് ക്യാമ്പയ്ൻ : കേരളത്തിലെ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളെ സംരംഭകരായി വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ സംരംഭകത്വ പ്രചരണ പരിപാടി സംഘടിപ്പിക്കുവാനും വിദ്യാർത്ഥികൾക്ക് സ്റ്റാർട്ട്അപ്പ് ബോക്സുകൾ വിതരണം ചെയ്യുവാനുമായി രൂപം നൽകിയ പദ്ധതിയാണ് സ്റ്റാർട്ട്അപ്പ് ബോക്സ് ക്യാമ്പയ്ൻ.

7. യുവ സംരംഭകത്വ സമ്മിറ്റ് : യുവ സംരംഭകത്വത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാനത്തെ കേരളാ സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ആന്റ് ഡവലപ്പ്മെന്റ് കോർപ്പറേഷൻ-യംഗ് എന്റർപ്രണേഴ്സ് സമ്മിറ്റ് എന്ന പരിപാടി നടത്തുകയുണ്ടായി. കേരളത്തിലെ വിവിധ കോളേജുകളിൽ നിന്നും 4000-ത്തോളം വിദ്യാർത്ഥി വിദ്യാർത്ഥിനികൾ പങ്കെടുത്തിരുന്നു.

(ബി) യുവ സംരംഭകർക്ക് ആവശ്യമായ സാങ്കേതിക പരിശീലനം നൽകുന്നതിനായി സ്റ്റാർട്ട്അപ്പ് ബൂട്ട് ക്യാമ്പ് എന്ന പരിപാടി സംഘടിപ്പിക്കുന്നുണ്ട്. കേരളത്തിലെ വിദ്യാർത്ഥികളിൽ സംരംഭകത്വം വളർത്തുവാനും നൂതന ആശയങ്ങൾക്ക് പ്രോത്സാഹനം നൽകുവാനുമായി സംസ്ഥാന സർക്കാർ രൂപം കൊടുത്ത പദ്ധതിയാണ് സ്റ്റാർട്ടഅപ്പ് ബൂട്ട് ക്യാമ്പ്. ഇതിന്റെ ഭാഗമായി കേരളത്തിലെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും സംരംഭകത്വ വികസന ക്ലബ്ബുകൾ ആരംഭിക്കുവാനും പദ്ധതിയിടുന്നുണ്ട്.

(സി) ഉണ്ട്. ഇതിന്റെ ഭാഗമായി കേരളാ ടെക്നോളജി സ്റ്റാർട്ടഅപ്പ് പോളിസിയുടെ കരട് രൂപം തയ്യാറാക്കുകയും പൊതുജനാഭിപ്രായം ആരായുന്നതിനായി പ്രധാനപ്പെട്ട വെബ്സൈറ്റുകളിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. ഇതിൽ നിന്നും ലഭിച്ച അഭിപ്രായത്തെ അടിസ്ഥാനപ്പെടുത്തി സ്റ്റാർട്ട്അപ്പ് പോളിസിയുടെ അന്തിമ രൂപം തയ്യാറാക്കി വരുന്നു.

**ഓരോ ജില്ലകൾക്കും അനുയോജ്യമായ വ്യവസായങ്ങൾ**

216 (2454) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :
ശ്രീ. സി. മോയിൻകുട്ടി :

ശ്രീ. പി. കെ. ബഷീർ :

ശ്രീ. പി. ബി. അബ്ദുൾ റസാക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഓരോ ജില്ലകൾക്കും അനുയോജ്യമായ വ്യവസായങ്ങൾ കണ്ടെത്തുന്നത് സംബന്ധിച്ച എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശങ്ങൾ നൽകാമോ ;

(സി) ഓരോ പ്രദേശങ്ങൾക്കും നിർദ്ദേശിച്ച വ്യവസായം തുടങ്ങുന്നവർക്ക് പ്രത്യേകമായി എന്തെങ്കിലും സഹായങ്ങൾ നൽകുന്നുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ ഓരോ ജില്ലയ്ക്കും അനുയോജ്യമായ വ്യവസായങ്ങൾ കണ്ടെത്തുന്നത് സംബന്ധിച്ച് എല്ലാ വർഷവും വകുപ്പുതലത്തിൽ സാദ്ധ്യതാ പഠനം നടത്താറുണ്ട്.

(ബി) ഓരോ ജില്ലയിലെയും വ്യാവസായിക വിദഗ്ധർ, ബാങ്കുകൾ, വ്യവസായികൾ, മറ്റു വകുപ്പുതലവൻമാർ എന്നിവരെ ഉൾപ്പെടുത്തി യോഗം ചേരുകയും പ്രസ്തുത യോഗത്തിൽ ഓരോ ജില്ലയ്ക്കും ഏതു വ്യവസായമാണ് അനുയോജ്യമെന്ന് കണ്ടെത്തുകയും ആയതിന് യോജിച്ച പദ്ധതിയുടെ രൂപരേഖ വ്യവസായികൾക്കായി സജ്ജമാക്കുകയും ചെയ്യുന്നുണ്ട്.

(സി) ഇല്ല. എന്നാൽ സ്വയം സംരംഭകത്വ സഹായ പദ്ധതി പ്രകാരം താഴെപ്പറയുന്ന സഹായങ്ങൾ നൽകി വരുന്നു:

(1) പിന്നോക്ക ജില്ല (പത്തനംതിട്ട, ഇടുക്കി, വയനാട്, കാസർഗോഡ്)- യിലെ സംരംഭങ്ങൾ. ആകെ സ്ഥിരാസ്തികളുടെ 10% അധിക ധനസഹായം (പരമാവധി 10 ലക്ഷം രൂപ) നിക്ഷേപ സഹായമായി നൽകുന്നു.

(2) താഴെപ്പറയുന്ന വ്യവസായ മേഖലകളെ ഊന്നൽ വ്യവസായ മേഖലയായി കണക്കാക്കി ആകെ സ്ഥിരാസ്തികളുടെ 10% പരമാവധി 10 ലക്ഷം രൂപ നിക്ഷേപ സഹായമായി നൽകുന്നു.

1. റബ്ബർ അധിഷ്ഠിത വ്യവസായം
2. ഇൻഫർമേഷൻ ടെക്നോളജി
3. കാർഷിക-ഭക്ഷ്യോൽപ്പന്ന വ്യവസായം.

4. റെഡിമെയ്ഡ് ഗാർമെന്റ് വ്യവസായം
5. ആയുർവേദ മരുന്നു നിർമ്മാണം
6. മൈനിംഗ്
7. സമുദ്രോൽപ്പന്നങ്ങൾ
8. ലഘു എഞ്ചിനീയറിംഗ്
9. ബയോ ടെക്നോളജി
10. 100% കയറ്റുമതി വ്യവസായങ്ങൾ (export oriented)

**കേരള സ്റ്റേറ്റ് ഏജൻസി ഫോർ എക്സ്പാൻഷൻ ഓഫ് കാഷ്യൂ കൾട്ടിവേഷൻ ഏജൻസിയുടെ പ്രവർത്തനം**

217 (2455) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സ്റ്റേറ്റ് ഏജൻസി ഫോർ എക്സ്പാൻഷൻ ഓഫ് കാഷ്യൂ കൾട്ടിവേഷൻ ഏജൻസിയുടെ ഇപ്പോഴത്തെ പ്രവർത്തനം സംബന്ധിച്ച വിശദാംശം നൽകുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ഹെക്ടർ സ്ഥലത്ത് കശുമാവ് കൃഷി വ്യാപിപ്പിച്ചു എന്നറിയിക്കുമോ ;

(സി) നാഷണൽ ഹോർട്ടികൾച്ചർ മിഷനിൽ നിന്നും 2012-13, 2013-14 , 2014-15 എന്നീ സാമ്പത്തിക വർഷം എത്ര തുക അനുവദിച്ചു എന്നറിയിക്കാമോ ;

(ഡി) പ്രസ്തുത തുകയുടെ ചെലവ് സംബന്ധിച്ച വിശദാംശം നൽകുമോ;

(ഇ) 2015-16 സാമ്പത്തിക വർഷത്തേക്കുവേണ്ടി പുതിയ പ്രൊപ്പോസൽ നാഷണൽ ഹോർട്ടികൾച്ചർ മിഷന് സമർപ്പിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കുമോ?

ഉത്തരം

(എ) 2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ജൈവ കശുമാവ് കൃഷി വികസനവും അസംസ്കൃത തോട്ടണ്ടി സംഭരണവും എന്ന പദ്ധതിക്കായി കേരള സ്റ്റേറ്റ് ഏജൻസി ഫോർ എക്സ്പാൻഷൻ ഓഫ് കാഷ്യൂ കൾട്ടിവേഷന് 450 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പദ്ധതി വിഹിതത്തിന്റെ അടിസ്ഥാനത്തിൽ, നടപ്പ് സാമ്പത്തിക വർഷം 3150 ഹെക്ടർ സ്ഥലത്ത് കശുമാവ് കൃഷി വ്യാപിപ്പിച്ചിട്ടുണ്ട്. കൂടാതെ 2012-13, 2013-14 സാമ്പത്തിക വർഷത്തിൽ നൽകിയ കശുമാവിൻ തൈകൾക്കുള്ള ധനസഹായ വിതരണം നടന്നുകൊണ്ടിരിക്കുന്നു. കൂടാതെ

കർഷകർക്കായുള്ള ട്രെയിനിംഗുകളും സെമിനാറുകളും സംഘടിപ്പിച്ചുകൊണ്ടിരിക്കുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 11450 ഹെക്ടർ സ്ഥലത്ത് കശുമാവ് കൃഷി വ്യാപിപ്പിച്ചിട്ടുണ്ട്.

(സി) നാഷണൽ ഹോർട്ടികൾച്ചർ മിഷനിൽ നിന്നും 2012-13 സാമ്പത്തിക വർഷത്തിൽ 300 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്. 2013-14, 2014-15 എന്നീ സാമ്പത്തിക വർഷങ്ങളിൽ തുകയൊന്നും ഏജൻസിക്ക് ലഭിച്ചിട്ടില്ല.

(ഡി) പ്രസ്തുത തുക ഉപയോഗിച്ച് ഏജൻസി കർഷകർക്കുള്ള ധനസഹായമായി 271.02 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. കൂടാതെ ട്രെയിനിംഗിനും സെമിനാറുകൾക്കുമായി 1.49 ലക്ഷം രൂപയും മിഷൻ മാനേജ്മെന്റിനത്തിൽ 27.48 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്.

(ഇ) സുസ്ഥിര കശുമാവ് കൃഷി വികസനം രണ്ടാംഘട്ടം എന്ന പദ്ധതിക്കായി 4889.69 ലക്ഷം രൂപയുടെ കരട് നിർദ്ദേശങ്ങൾ സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ മുഖേന കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

**കൊല്ലം ജില്ലയിൽ കാഷ്യൂ ബോർഡ്**

218 (T2456) <u>ശ്രീ. പി. കെ. ഗുരുദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ആസ്ഥാനമായി കാഷ്യൂ ബോർഡ് സ്ഥാപിക്കുന്നത് സംബന്ധിച്ച നടപടികളുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) കാഷ്യൂ ബോർഡ് സ്ഥാപിക്കുന്നതിന് പ്ലാനിംഗ് കമ്മീഷൻ ശിപാർശ ചെയ്ത സാഹചര്യത്തിൽ 14-8-2012-ൽ കേന്ദ്ര സർക്കാരിന് അയച്ച കത്തിന് മറുപടി ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(സി) പ്രസ്തുത വിഷയം പുതിയ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടു വരുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ ; ഇല്ലെങ്കിൽ ആയതിനാവശ്യമായ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) 26-4-2013-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബഹുമാനപ്പെട്ട കേന്ദ്ര വാണിജ്യവ്യവസായ വകുപ്പുമന്ത്രിയും നടത്തിയ കൂടിക്കാഴ്ചയിൽ പ്രത്യേകമായി കാഷ്യൂ ബോർഡ് രൂപീകരിക്കണമെന്ന വിഷയം ചർച്ച ചെയ്തു. കേന്ദ്രവാണിജ്യ വ്യവസായ വകുപ്പ് ഈ ശിപാർശ അനുകൂലിക്കുന്നുവെങ്കിലും കേന്ദ്ര സർക്കാരിൻ

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

കീഴിലുള്ള പല വകുപ്പുകൾക്കും വിഭിന്ന അഭിപ്രായമുണ്ടെന്നും ആയതിനാൽ കേന്ദ്ര വാണിജ്യ മന്ത്രാലയവും കേരള സർക്കാരും ഒരിക്കലും കൂടി പ്രസ്തുത വിഷയം പ്ലാനിംഗ് കമ്മീഷന്റെ ശ്രദ്ധയിൽ കൊണ്ടുവരണമെന്നും ചർച്ചയിൽ തീരുമാനിച്ചു. ഈ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കൊല്ലം ആസ്ഥാനമായി കാഷ്യൂ ബോർഡ് രൂപീകരിക്കുന്നതിന് കേരള സർക്കാരിന്റെ പൂർണ്ണ സഹകരണവും പിന്തുണയും ഉണ്ടാകുമെന്നും പ്രസ്തുത വിഷയം സജീവമായി പരിഗണിക്കണ മെന്നും കാണിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി 6-1-2014-ൽ പ്ലാനിംഗ് കമ്മീഷൻ ഉപാദ്ധ്യക്ഷന് വീണ്ടും കത്ത് അയച്ചിട്ടുണ്ട്.

(ബി) കാഷ്യൂ ബോർഡ് സ്ഥാപിക്കുന്നതിന് പ്ലാനിംഗ് കമ്മീഷൻ ശിപാർശ ചെയ്തിരുന്നുവെങ്കിലും 14-8-2012-ൽ കേന്ദ്ര സർക്കാരിന് അയച്ച കത്തിന് മറുപടി ലഭിച്ചിട്ടില്ല.

(സി) ഇല്ല. ഈ വിഷയം പുതിയ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടു വരുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**വ്യവസായ മേഖലയിൽ യെസ് സംഗമം വഴി പുതിയ സംരംഭങ്ങൾ**

219 (2457) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :

ശ്രീ. എസ്. ശർമ്മ :

ശ്രീ. എ. എം. ആരിഫ് :

ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വികസന കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ നടന്ന യെസ് സംഗമം വഴി വ്യവസായ മേഖലയിൽ എന്തെല്ലാം പുതിയ സംരംഭങ്ങൾ തുടങ്ങാൻ ധാരണയായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) എന്തെല്ലാം കാര്യങ്ങൾ ലക്ഷ്യമിട്ടാണ് യെസ് സംഗമം സംഘടിപ്പിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) ഇതിൽ ഏതെല്ലാം പദ്ധതികൾ പ്രാവർത്തികമാക്കുന്നതിനുള്ള ധാരണകൾ ഉണ്ടാക്കിയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംരംഭകത്വ ആശയങ്ങൾ മനസ്സിലുള്ള വിദ്യാർത്ഥി-യുവതലമുറയെ

സംരംഭകത്വത്തിലേക്ക് കൂടുതൽ ആകർഷിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് യുവസംരംഭകത്വ സംഗമം 2014 സെപ്റ്റംബറിൽ കൊച്ചിയിൽ സംഘടിപ്പിച്ചത്. വിദ്യാർത്ഥി/യുവസംരംഭകരുടെ നൂതന ആശയങ്ങളുടെ പ്രദർശനവും, സംരംഭകത്വത്തിൽ വിജയിച്ച സംരംഭകരോടും, യുവസംരംഭകരോടും ആശയ വിനിമയം നടത്തുന്നതിനുള്ള അവസരവും പ്രസ്തുത സംഗമത്തിന്റെ ഭാഗമായി സംഘടിപ്പിക്കുകയുണ്ടായി. വിദ്യാർത്ഥി/യുവസംരംഭകർക്ക് നൂതന ആശയങ്ങളുടെ സാക്ഷാത്കാരത്തിനുള്ള മാർഗ്ഗനിർദ്ദേശ ക്ലാസ്സുകളും ഇതിന്റെ ഭാഗമായി സംഘടിപ്പിച്ചു. യുവസംരംഭകർക്ക് ആവശ്യമായ ധനസഹായം ലഭ്യമാക്കുന്നതിലേക്കായുള്ള സീഡ് ഫണ്ടിംഗിന്റെ പ്രഖ്യാപനവും സംഗമത്തിന്റെ ഭാഗമായി നടക്കുകയുണ്ടായി.

(ബി) കേരളത്തിലെ വിദ്യാർത്ഥി സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനും അവർക്ക് വേണ്ട സഹായങ്ങൾ നൽകുന്നതിനുമായി 2011-ൽ സംസ്ഥാന സർക്കാർ സ്റ്റുഡന്റ് എന്റർപ്രണർഷിപ്പ് പോളിസി പുറത്തിറക്കുകയുണ്ടായി. പ്രസ്തുത പോളിസിയെ അടിസ്ഥാനമാക്കി വിദ്യാർത്ഥി/യുവസംരംഭകരുടെ സംരംഭകത്വ ആശയങ്ങളെ യാഥാർത്ഥ്യമാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും പ്രോത്സാഹനങ്ങളും നൽകുക എന്ന ഉദ്ദേശത്തോടുകൂടിയാണ് 2014 സെപ്റ്റംബർ 12-ാം തീയതി യുവ സംരംഭക സംഗമം സംഘടിപ്പിച്ചത്. കൂടാതെ, യുവസംരംഭകരുടെ സംരംഭകത്വ ആശയങ്ങൾക്ക് ആവശ്യമായ പ്രചോദനം നൽകുക, യുവതലമുറയെ തൊഴിൽ അന്വേഷകരിൽ നിന്നും തൊഴിൽദാതാക്കളാക്കി മാറ്റുക, യുവസംരംഭകരുടെ സംരംഭകത്വ ആശയങ്ങൾ സാക്ഷാത്കരിക്കുന്നതിന് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുക, കേരളത്തെ യുവസംരംഭകരുടെ സംരംഭകത്വ കേന്ദ്രമാക്കി മാറ്റുക, സംരംഭകരുടെ നൂതന ആശയങ്ങളുടെ പ്രദർശനത്തിനായുള്ള വേദിയൊരുക്കുക എന്നീ കാര്യങ്ങൾ കൂടി ലക്ഷ്യമിട്ടാണ് യെസ് സംഗമം സംഘടിപ്പിച്ചത്.

(സി) സംരംഭകരുടെ ആശയങ്ങളെ വിജയിപ്പിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിലേക്കായുള്ള ഇൻക്യുബേഷൻ സ്പേസ്, മെൻഡറിംഗ് സപ്പോർട്ട്, ആശയങ്ങൾ സമർപ്പിക്കുന്നതിനുള്ള അവസരം, സാമ്പത്തിക സഹായം തുടങ്ങിയ സഹായങ്ങളാണ് 'യെസ്' സംഗമത്തിൽ യുവ സംരംഭകർ പ്രധാനമായും ആവശ്യപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ മേൽപ്പറഞ്ഞ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു:

1. സാമ്പത്തിക സഹായം-യുവ സംരംഭകർക്ക് ആവശ്യമായ സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനായി കെ.എസ്.ഐ.ഡി.സി.-യും, കെ.എഫ്.സി.-യും സംയുക്തമായി ഒരു ധനകാര്യ സ്കീം ആരംഭിക്കാൻ തീരുമാനമായിട്ടുണ്ട്.

2. ആവശ്യമായ മെൻഡറിംഗ് നൽകുന്നതിലേക്കായി കെ.എസ്.ഐ.ഡി.സി.ടൈ., സി.ഐ.ഐ. എന്നീ ഏജൻസികളുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.

3. ഇൻക്യുബേഷൻ സ്പേസ് യുവസംരംഭകർക്കായി എറണാകുളം ജില്ലയിൽ കെ.എസ്.ഐ.ഡി.സി.-യുടെ ഇൻക്യുബേഷൻ സെന്റർ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. കൂടാതെ, കെ.എസ്.ഐ.ഡി.സി.-യുടെ ഇൻക്യുബേഷൻ സെന്ററുകൾ കോഴിക്കോട്, അങ്കമാലി, തിരുവനന്തപുരം എന്നിവിടങ്ങളിലും സജ്ജമാക്കുന്നതിനുള്ള നടപടികൾ എടുത്തു വരുന്നു. സംസ്ഥാനത്തെ വിവിധ കോളേജുകളിലും ഇൻക്യുബേഷൻ സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

**വ്യവസായ വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ**

220 (2458) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വ്യവസായ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ ഏതൊക്കെയെന്നും പ്രസ്തുത സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട വ്യവസായ സംബന്ധമായ വിവരങ്ങളും ഓരോ സ്ഥാപനവും ആരംഭിക്കുന്നതിനായി ചെലവഴിച്ച മൂലധനവും എത്രയെന്ന് വെളിപ്പെടുത്തുമോ ;

(ബി) വ്യവസായവകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ കഴിഞ്ഞ 3 വർഷങ്ങളിലെ പ്രവർത്തനങ്ങളിൽ ലാഭവും നഷ്ടവും വരുത്തിയ കമ്പനികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ ;

(സി) 2010-11 വർഷത്തിൽ ലാഭത്തിൽ പ്രവർത്തിച്ചിരുന്ന ഏതെങ്കിലും പൊതുമേഖലാ സ്ഥാപനം തുടർന്നു വരുന്ന വർഷങ്ങളിൽ നഷ്ടമുണ്ടാക്കിയതായി കണ്ടെത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുൻ വർഷങ്ങളിൽ നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന ഏതെങ്കിലും സ്ഥാപനം ലാഭത്തിൽ ആയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ഇ) വ്യവസായവകുപ്പിനു കീഴിൽ പ്രവർത്തനമില്ലാതെ കിടക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ ഏതൊക്കെയെന്നും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അത്തരത്തിലുള്ള ഏതെങ്കിലും സ്ഥാപനം പ്രവർത്തനം നിർത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ അധീനതയിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ പട്ടികയും പ്രസ്തുത സ്ഥാപനങ്ങളുടെ ബന്ധപ്പെട്ട വ്യവസായ സംബന്ധമായ വിവരങ്ങളും ഓരോ സ്ഥാപനവും ആരംഭിക്കുന്നതിനായി ചെലവഴിച്ച മൂലധനത്തിന്റെ വിവരവും അനുബന്ധം ആയി ചേർക്കുന്നു.*

(ബി) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ 2011-12 മുതൽ 2013-14 വരെ കാലയളവിലെ ലാഭനഷ്ടക്കണക്കുകളുടെ വിവരം അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

(സി) ഉണ്ട്. 2010-11-ൽ ലാഭവും പിന്നെയുള്ള വർഷങ്ങളിൽ നഷ്ടവും രേഖപ്പെടുത്തിയ പൊതുമേഖലാ സ്ഥാപനങ്ങളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) ഉണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

1. 2010-11-ൽ നഷ്ടത്തിലായിരുന്ന Travancore-Cochin Chemicals Ltd., 2011-12, 2012-13 എന്നീ കാലയളവിൽ ലാഭത്തിലാണ് പ്രവർത്തിച്ചത്.
2. 2010-11-ൽ നഷ്ടത്തിലായിരുന്ന Travancore Cements Ltd, 2012-13-ൽ ലാഭമുണ്ടാക്കി.
3. 2010-11-ൽ നഷ്ടത്തിലായിരുന്ന Kerala State Cashew Workers Apex Industrial Co-operative Society Ltd. (CAPEX)

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

2013-14-ൽ ലാഭമുണ്ടാക്കി.

(ഇ) സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ അധീനതയിൽ വർഷങ്ങളായി പ്രവർത്തനം നിലച്ചുകിടക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു:

1. Keltron Counters Ltd – Non-operational since 2002
2. Keltron Power Devices Ltd – Operations stopped in 2001
3. Keltron Rectifiers Ltd–Operations stopped in 2003 based on BIFR decision.
4. Kerala State Detergents & Chemicals Ltd – Non-operational since 2002.
5. Astral Watches Ltd – Non-operational since 2002
6. Kerala Garments Ltd – Non-operational since 2007
7. Kerala Special Refractories Ltd – Operations stoped in 2000
8. Sidkel Television Ltd. - Operations stopped in 2001

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളൊന്നും പ്രവർത്തനം നിർത്തലാക്കിയിട്ടില്ല.

**വ്യവസായ വികസനത്തിൽ വളർച്ചയുടെ അഭാവം**

221 (2459) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ വ്യവസായ വികസനത്തിൽ വളർച്ചയുടെ അഭാവം ഉള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ: ഉണ്ടെങ്കിൽ ഇതിൻെറ കാരണം എന്തെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര വ്യവസായ സ്ഥാപനങ്ങൾ പുതിയതായി ആരംഭിച്ചു; വിശദാംശം ലഭ്യമാക്കാമോ ;

(സി) വിവിധ സർക്കാർ ഏജൻസികളുടെ ക്ലിയറൻസ് ലഭിക്കുന്നതിനായി എന്തെല്ലാം സൗകര്യങ്ങളാണ് നവസംരംഭകർക്കായി ഒരുക്കിയിട്ടുള്ളതെന്ന് വിശദീകരിക്കുമോ ;

(ഡി) ആധുനിക സാങ്കേതിക വിദ്യയിലുണ്ടായിട്ടുള്ള വളർച്ച ഉപയോഗപ്പെടുത്തി വ്യവസായ വികസനത്തിന് എന്തെല്ലാം പദ്ധതികൾ ആണ് ആവിഷ്കരിച്ചിരിക്കുന്ന തെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 47912 വ്യവസായ സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(സി) നവസംരംഭകർക്ക് വിവിധ സർക്കാർ ഏജൻസികളുടെ ക്ലിയറൻസ് ലഭിക്കുന്നതിനായി ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ എന്റർപ്രണർ ഗൈഡൻസ് സെല്ലുകളും കെ.എസ്.ഐ.ഡി.സി.-യുടെ കീഴിൽ ഒരു ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ കൗൺസിലും ഇൻവെസ്റ്റ്മെന്റ് ക്ലിയറൻസ് ബോർഡും പ്രവർത്തിച്ചുവരുന്നു.

(ഡി) ജില്ലാ വ്യവസായ കേന്ദ്രങ്ങൾ നടത്തിവരുന്ന ടെക്നോളജി ക്ലിനിക്കുകൾക്ക് പുറമേ Technology Incubation Centres, Industry Varsity Linkage Scheme, Entrepreneur Guidance Cell ഉന്നത വിദ്യാഭ്യാസ വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന Additional Skill Acquisition Programme (ASAP) തൊഴിൽ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന Kerala Acadamy of skill Excellence (KASE) എന്നിവ ആധുനിക സാങ്കേതികവിദ്യ സംരംഭകരെ പരിചയപ്പെടുത്തുന്നു.

**വ്യവസായ സംരംഭങ്ങൾക്ക് രൂപം കൊടുക്കുന്ന നടപടി**

222 (2460) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
ശ്രീ. എം. ചന്ദ്രൻ :
ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ വികസന സാദ്ധ്യതകൾക്കും പ്രായോഗികതയ്ക്കും അനുസൃതമായി വ്യവസായ സംരംഭങ്ങൾക്ക് രൂപം കൊടുക്കുന്നതിന് നടപടി സ്വീകരിക്കുന്നില്ല എന്ന ആക്ഷേപത്തിലുള്ള നിലപാട് വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്ത് കാർഷിക മേഖലയിൽ ഉല്പാദിപ്പിക്കുന്ന വിഭവങ്ങൾ ഉപയോഗപ്പെടുത്തി വ്യവസായ സംരംഭങ്ങൾ ചെറുകിട മേഖലയിൽ ആരംഭിക്കുന്നതിനും അതിന് ബൃഹത്തായ രീതിയിൽ മാർക്കറ്റുകൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള സാദ്ധ്യതകൾ ഉപയോഗപ്പെടുത്തുന്നില്ല എന്ന പരാതിയിന്മേലുള്ള നിലപാട് അറിയിക്കുമോ ;

(സി) ഇത്തരത്തിലുള്ള വ്യവസായ സംരംഭങ്ങൾ വ്യവസായവകുപ്പിന് കീഴിൽ തന്നെ ആരംഭിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇത്തരത്തിൽ ഒരു ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി&സി) കൃഷി, വ്യവസായ വകുപ്പുകൾക്കുകീഴിൽ കാർഷിക വിഭവങ്ങൾ ഉപയോഗപ്പെടുത്തി വ്യവസായ സംരംഭങ്ങൾ നടപ്പിലാക്കി വരുന്നു. സംസ്ഥാനത്തിന്റെ വികസന സാദ്ധ്യതകൾക്കും പ്രായോഗികതയ്ക്കും അനുസൃതമായി കാർഷിക ഉല്പന്നങ്ങളുടെ മൂല്യവർദ്ധിത വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രോത്സാഹനവും ധനസഹായവും കൃഷി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്മോൾ ഫാർമേഴ്സ് അഗ്രോ ബിസിനസ്സ് കൺസോർഷ്യം (എസ്.എഫ്.എ.സി) എന്ന സ്ഥാപനം മുഖേന ചെയ്തുവരുന്നു. കാർഷിക വിഭവങ്ങളുടെ മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ഉല്പാദനത്തിന് പ്രോത്സാഹനവും ധനസഹായവും എസ്.എഫ്.എ.സി. നൽകുന്നുണ്ട്. നാളികേരാധിഷ്ഠിതമായ ഏഴ് വ്യവസായങ്ങൾക്കായി 79,97,600 രൂപയും, പഴം, പച്ചക്കറി, സുഗന്ധവ്യഞ്ജനങ്ങൾ അടിസ്ഥാനമാക്കിയുള്ള 15 വ്യവസായ സംരംഭങ്ങൾക്ക് 45,41,042 രൂപയും ഇതിനകം എസ്.എഫ്.എ.സി. മുഖേന ധനസഹായം നൽകിയിട്ടുണ്ട്. സർക്കാർ തലത്തിൽ സംഘടിപ്പിക്കുന്ന എക്സിബിഷനുകളിലും വിപണനമേളകളിലും സംരംഭകരുടെ ഉല്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനും വിപണനം നടത്തുന്നതിനും അതിലൂടെ ഉല്പന്നങ്ങൾക്ക് വേണ്ടത്ര പ്രചാരണം നൽകുന്നതിനുമുള്ള അവസരങ്ങൾ ഇപ്പോൾ നൽകി വരുന്നു. സംസ്ഥാനത്ത് കാർഷിക മേഖലയിൽ വികസന സാധ്യതകൾ വളർത്തുന്നതിനായി കേരള സർക്കാർ "BIOFACH- Global Agromeet 2014” 2014 നവംബറിൽ കൊച്ചിയിൽ വച്ച് നടത്തുകയുണ്ടായി. കാർഷികമേഖലയിലധിഷ്ഠിതമായി സെമിനാറുകളും, എക്സിബിഷനുകളും ഈ പരിപാടിയുടെ ഭാഗമായി നടത്തുകയുണ്ടായി.

**മലബാർ സിമന്റ്സ് തുറന്ന് പ്രവർത്തിപ്പിക്കാൻ നടപടി**

223 (2461) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യത്തിന്

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മലബാർ സിമന്റ്സ് പള്ളിപ്പുറം യൂണിറ്റ് തുറന്ന് പ്രവർത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണെന്നും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വിശദമാക്കുമോ ; ഈ കമ്പനി എന്ന് തുറന്ന് പ്രവർത്തിക്കുമെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

മലബാർ സിമന്റ്സിന്റെ പ്രവർത്തിക്കാതെ കിടക്കുന്ന പള്ളിപ്പുറം യൂണിറ്റ് തുറന്ന് പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ അടിയന്തര പ്രാധാന്യത്തോടെ നടന്നുവരുന്നു. കുറേക്കാലമായി പ്രവർത്തിക്കാതിരുന്നതിനാൽ വേണ്ടി വരുന്ന അറ്റകുറ്റപ്പണികളും അനുബന്ധ ജോലികളും പൂർത്തിയായിവരുന്നു. പള്ളിപ്പുറം പ്ലാന്റിൽ ജീവനക്കാരുടെ അഭാവംമൂലം വാളയാർ പ്ലാന്റിലുള്ളവരുടെ സേവനം ഇതിനായി ഉപയോഗിച്ചുവരുന്നു. യൂണിറ്റ് തുറന്നു പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ ക്ലിങ്കർ, ജിപ്സം, ഫ്ലൈ ആഷ് മുതലായവ അടിയന്തരമായി പ്ലാന്റിൽ എത്തിക്കുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു. 2015 ആരംഭത്തോടെ യൂണിറ്റ് പ്രവർത്തനസജ്ജമാകുമെന്ന് പ്രതീക്ഷിക്കുന്നു.

## കശുവണ്ടി വികസന കോർപ്പറേഷൻ, കാപ്പെക്സ് എന്നീ സ്ഥാപനങ്ങളിലെ തൊഴിലാളികൾക്കുള്ള തൊഴിൽദിനങ്ങൾ

**224 (2462)** <u>ശ്രീ. പി. കെ. ഗുരുദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കശുവണ്ടി വികസന കോർപ്പറേഷൻ, കാപ്പെക്സ് എന്നീ സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് എത്ര തൊഴിൽദിനങ്ങൾ നൽകി എന്ന് വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) സ്വകാര്യ കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികൾക്ക് എത്ര തൊഴിൽ ദിനങ്ങൾ ലഭിച്ചു എന്നറിയിക്കാമോ ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കശുവണ്ടി വികസന കോർപ്പറേഷൻ, കാപെക്സ് എന്നിവിടങ്ങളിലെ 2011-2014 വർഷങ്ങളിലെ തൊഴിൽ ദിനങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

<u>കശുവണ്ടി വികസന കോർപ്പറേഷൻ</u> :

| | | |
|---|---|---|
| 2011 | - | 288 |
| 2012 | - | 231 |
| 2013 | - | 222 |
| 2014 (നവംബർ വരെ) | - | 155 |

കാപെക്സ് :

| | | |
|---|---|---|
| 2011 | - | 216 |
| 2012 | - | 274 |
| 2013 | - | 211 |
| 2014 (ഡിസംബർ 3 വരെ) | - | 227 |

(ബി) സ്വകാര്യ കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികൾക്ക് ലഭിച്ച തൊഴിൽ ദിനങ്ങൾ വർഷം തിരിച്ച് ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| 2011 – 12 | - | 199 |
| 2012 -13 | - | 209 |
| 2013 -14 | - | 216 |

2014 നവംബർ വരെ 119.

**മാവൂരിലെ ഗ്രാസിം വക സ്ഥലം ഏറ്റെടുക്കൽ**

225 (2463) ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവൂരിലെ ഗ്രാസിം വക സ്ഥലം ഏറ്റെടുക്കുന്നതിന് നിയമനിർമ്മാണം നടത്തുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ ;

(ബി) ഇതു സംബന്ധിച്ച് കോഴിക്കോട് ജില്ലയിലെ എം.എൽ.എ.-മാർ ഒപ്പിട്ട നിവേദനം ലഭിച്ചിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) ഉണ്ട്. ഗ്രാസിം ഇൻഡസ്ട്രീസ് പ്രവർത്തിച്ചിരുന്ന ഭൂമി ഉപയോഗപ്പെടുത്തി ഒരു ഐ. ടി. പാർക്ക്, വിദ്യാഭ്യാസ സ്ഥാപനം, വൊക്കേഷണൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, ആയുർവേദ യൂണിവേഴ്സിറ്റി എന്നിവ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം ആദിത്യ ബിർള ഗ്രൂപ്പ് സർക്കാരിന് സമർപ്പിച്ചിരുന്നു. എന്നാൽ 2005 മുതൽ തുടർച്ചയായി ആവശ്യപ്പെട്ടിട്ടും ഇതുസംബന്ധിച്ച വിശദമായ പ്രോജക്ട് റിപ്പോർട്ട് സർക്കാരിൽ ലഭ്യമായിട്ടില്ലാത്ത സാഹചര്യത്തിൽ കമ്പനിയുടെ കൈവശമുള്ള ഭൂമി തിരിച്ചെടുത്ത് ഇവിടെ വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനായി കിൻഫ്രയ്ക്ക് കൈമാറുവാൻ 27-8-2013-ൽ കൂടിയ യോഗത്തിൽ തീരുമാനിക്കുകയുണ്ടായി. ഇതനുസരിച്ച് ഭൂമി തിരിച്ചെടുക്കുന്നതിന് സർക്കാർ നൽകിയ ഉത്തരവിനെതിരെ കമ്പനി ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിന്നും നേടിയ സ്റ്റേ ഓർഡർ നീക്കിക്കിട്ടുന്നതിന് നടപടി സ്വീകരിക്കാൻ അഡ്വക്കേറ്റ് ജനറലിന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനുശേഷം, ഒക്ടോബർ 2014-ൽ, മാവൂരിൽ ഒരു Hi-Tech Industrial Service Township സ്ഥാപിക്കുന്നതിനുള്ള സാധ്യതാ റിപ്പോർട്ട് കമ്പനി സർക്കാരിന് സമർപ്പിച്ചു. ഇതുസംബന്ധിച്ച് സാധ്യതാ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ കിൻഫ്ര മാനേജിംഗ് ഡയറക്ടർക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

**പുനലൂർ പേപ്പർ മിൽ**

226 (2464) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുനലൂർ പേപ്പർ മിൽ ഉൽപ്പാദനം ആരംഭിക്കത്തക്കവിധം പ്രവർത്തന സജ്ജമായോ ; എന്നത്തേക്ക് പ്രവർത്തനം ആരംഭിക്കുന്നതിനാണ് ഇപ്പോൾ തീരുമാനിച്ചിട്ടുള്ളത് ;

(ബി) പേപ്പർ മിൽ പുനരാരംഭത്തിന്റെ ഭാഗമായി നടത്തേണ്ടി വന്ന പ്രധാന പ്രവർത്തനങ്ങൾ വിശദമാക്കുമോ ;

(സി) പുനലൂർ പേപ്പർ മിൽ കമ്പനിയുടെ ഭൂമി വിൽക്കുന്നതുമായി ബന്ധപ്പെട്ട് കമ്പനി ബോർഡ് യോഗം ചർച്ച ചെയ്യുകയോ തീരുമാനം എടുക്കുകയോ ചെയ്തിട്ടുണ്ടോ ;

പ്രസ്തുത ഭൂമി വില്പന സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) പുനലൂർ പേപ്പർ മിൽ ഉല്പാദനം ആരംഭിക്കത്തക്കവിധം പ്രവർത്തന സജ്ജമായിട്ടുണ്ട്. മില്ലിന്റെ പ്രവർത്തനം 2014 ഡിസംബറിൽ തുടങ്ങുന്നതിനാണ് കമ്പനി തീരുമാനിച്ചിരിക്കുന്നത്.

(ബി) പുനരാരംഭത്തിന്റെ ഭാഗമായുള്ള പ്രധാന പ്രവർത്തനങ്ങൾ താഴെ പറയുന്നു.

(1) താഴെപ്പറയുന്ന സ്ഥാപനങ്ങളുമായുള്ള ബാദ്ധ്യതകൾ കമ്പനി തീർത്തു.

(a) IFCI

(b) IDBI

(c) കോട്ടക് മഹീന്ദ്രാ ബാങ്ക് ലിമിറ്റഡ്

(d) വാണിജ്യനികുതി വകുപ്പ്

(e) കെ.എസ്.ഇ.ബി

(f) 20-11-2008-ൽ ലേബർ കമ്മീഷണറുടെ സാന്നിദ്ധ്യത്തിൽ ഒപ്പുവച്ച MoU അനുസരിച്ച് തൊഴിലാകളികൾക്ക് കൊടുത്തു തീർക്കേണ്ട തുക (1982 മുതൽ കുടിശ്ശിക ആയത്) കൊടുത്ത് തീർത്തു. കമ്പനി അടച്ചു പൂട്ടിയതുമൂലമുണ്ടായ തൊഴിൽ നഷ്ടപരിഹാരമായി എല്ലാ തൊഴിലാളികൾക്കും goodwill compensation ആയിവർഷം തോറും 1000 രൂപ എന്ന രീതിയിൽ നഷ്ടപരിഹാരം നൽകി.

2 ബഹുമാനപ്പെട്ട കോടതിയിൽ നിന്നും നിയമിച്ച റിസീവറെ 24-4-2010-ൽ വിടുതൽ ചെയ്തു.

3. പഴയ മാനേജ്മെന്റിൽ നിന്നും SEBI മുഖേന പുതിയ മാനേജ്മെന്റ് കമ്പനി ഏറ്റെടുത്തു.

4. മെഷിനറി നവീകരണം-യൂണിറ്റിൽ 4 പ്ലാന്റുകളാണ് ഉണ്ടായിരുന്നത്. അതിൽ ഒന്ന് പഴയതും പുനരുപയോഗത്തിന് സാധിക്കാത്തതുമായതിനാൽ ഉപേക്ഷിക്കേണ്ടി വന്നു. ഒരു പ്ലാന്റ് മുഴുവനും പ്രവർത്തന സജ്ജമാക്കി ആദ്യഘട്ടം പൂർത്തീകരിച്ചു. മറ്റുള്ളവ തുടർന്നുള്ള ഘട്ടങ്ങളിൽ പ്രവർത്തിപ്പിക്കുവാനും തീരുമാനിച്ചു. ഒരു മെഷീന്റെ കപ്പാസിറ്റി 50 TPD യിൽ നിന്നും 90 TPD ആയി വർദ്ധിപ്പിച്ചു.

5. 110 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിച്ചു.

6. പുതിയ ബോയിലർ സ്ഥാപിച്ചു.

7. നിലവിലുള്ള കെട്ടിടങ്ങളുടെ റിപ്പയറിംഗ് നടത്തി.

8. ലോണിനായി ബാങ്കുകളെയും ധനകാര്യ സ്ഥാപനങ്ങളെയും സമീപിച്ചുവെങ്കിലും അവർ തയ്യാറാകാത്തിനെ തുടർന്ന് സ്വന്തം ഫണ്ട് കമ്പനി കണ്ടെത്തി.

9. ഫാക്ടറീസ് &ബോയിലേഴ്സ് വകുപ്പിനെയും മലിനീകരണ നിയന്ത്രണ ബോർഡിനെയും സമ്മതപത്രങ്ങൾക്കായി സമീപിച്ചു.

10. വേസ്റ്റ് പേപ്പറും ഇറക്കുമതി ചെയ്ത പൾപ്പും അസംസ്കൃത വസ്തുക്കളായി ഉപയോഗിക്കാൻ തീരുമാനിച്ചു.

11. പുതിയ Pulping System സ്ഥാപിച്ചു.

12. വൈദ്യുതീകരണ സംവിധാനം പരിഷ്കരിച്ചു.

13. മലിനജലം ഒഴിവാക്കുന്നതിന് Krofta സ്ഥാപിച്ചു.

(സി) പുനലൂർ പേപ്പർ മില്ലിന്റെ നിലവിലുള്ള സാമ്പത്തിക ബാദ്ധ്യതകൾ തീർപ്പാക്കുന്നതിനും പ്രവർത്തന മൂലധനം കണ്ടെത്തുന്നതിനുമായി കമ്പനിയുടെ സ്വന്തം ഭൂമി ഉൾപ്പെടെയുള്ള സ്ഥിരം ആസ്തികൾ വിൽക്കുകയോ പാട്ടത്തിന് നൽകുകയോ ചെയ്യുന്നത് സംബന്ധിച്ച് 27-9-2014-ൽ ചേർന്ന വാർഷിക പൊതുയോഗത്തിൽ ചർച്ച ചെയ്യുകയും ഇക്കാര്യത്തിൽ തീരുമാനമെടുക്കുന്നതിന് കമ്പനിയുടെ ഡയറക്ടർ ബോർഡിനെ ചുമതലപ്പെടുത്തിയിട്ടുള്ളതായും ഓഹരി ഉടമകൾ ഇക്കാര്യം അംഗീകരിച്ചതായും കമ്പനി അറിയിച്ചിട്ടുണ്ട്. എന്നാൽ BIFR ഉൾപ്പെടെയുള്ള ബന്ധപ്പെട്ട അധികാരികളിൽ നിന്നും അനുമതി ലഭിച്ചതിനുശേഷം മാത്രമേ ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കാൻ കമ്പനിക്ക് കഴിയുകയുള്ളൂ. ഈ വിഷയം പരിശോധിച്ച് അടിയന്തരമായി റിപ്പോർട്ട് സമർപ്പിക്കുവാൻ കൊല്ലം ജില്ലാ വ്യവസായ കേന്ദ്രത്തിലെ ജനറൽ മാനേജർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**കശുവണ്ടി വ്യവസായം നേരിടുന്ന പ്രധാന പ്രതിസന്ധി**

227 (2465) ശ്രീ. എം. എ. ബേബി :

ശ്രീ. പി. കെ. ഗുരുദാസൻ :

ശ്രീമതി പി. അയിഷാ പോറ്റി :

ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കശുവണ്ടി വ്യവസായം നേരിടുന്ന പ്രധാന പ്രതിസന്ധിയെന്താണെന്ന് അവലോകനം നടത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രതിസന്ധി പരിഹരിക്കുന്നതിന് ഈ മേഖലയിലെ ട്രേഡ് യൂണിയനുകൾ നൽകിയ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇക്കാര്യത്തിൽ എന്ത് അനുഭാവപൂർണ്ണമായ നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) നടത്തിയിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) കേരളത്തിലെ കശുവണ്ടി വ്യവസായം നേരിടുന്ന പ്രധാന പ്രതിസന്ധികളാണ് ആഭ്യന്തര വിപണിയിൽ നിന്നുള്ള തോട്ടണ്ടിയുടെ ലഭ്യതക്കുറവും കുടിവറുപ്പ് എന്ന പേരിൽ അറിയപ്പെടുന്ന അനധികൃത കശുവണ്ടി സംസ്കരണവും വിപണനവും കശുമാവ് കൃഷിയുടെ വ്യാപനവും അതുവഴി തോട്ടണ്ടിയുടെ ഉല്പാദനം വർദ്ധിപ്പിക്കുക എന്ന ഉദ്ദേശത്തോടുകൂടി 2007-ൽ സംസ്ഥാന സർക്കാർ കേരളാ കശുമാവ് കൃഷി വികസന ഏജൻസി (കെ.എസ്.എ.സി.സി.) സ്ഥാപിച്ചു നാളിതുവരെയായി. കെ.എസ്.എ.സി.സി. ഏകദേശം 24000 ഹെക്ടർ സ്ഥലത്ത് അത്യുൽപ്പാദനശേഷിയുള്ള കശുമാവിൻതൈകൾ ഉപയോഗിച്ച് കശുമാവ് കൃഷി വ്യാപനം നടത്തിയിട്ടുണ്ട്. ഇവയിൽ നിന്നും പൂർണ്ണതോതിലുള്ള വിളവ് വരും വർഷങ്ങളിലെ വിപണിയിൽ പ്രതിഫലിക്കും. വറുത്ത തോട്ടണ്ടി അനുബന്ധ സംസ്കരണ പ്രക്രീയകൾ ചെയ്യുന്ന ആവശ്യത്തിലേക്കായി അനധികൃത സംസ്കരണ കേന്ദ്രങ്ങളിലേക്ക് കൊണ്ടുവന്ന് കുടിവറുപ്പ് സമ്പ്രദായം പ്രോത്സാഹിപ്പിക്കുന്ന രീതിയിൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൂടാതെ ഷെല്ലിംഗിനുശേഷം വരുന്ന ഉണങ്ങിയ പരിപ്പ് തോട് പൊളിക്കൽ, തരംതിരിക്കൽ തുടങ്ങിയ സംസ്കരണ പ്രക്രീയകൾക്കായി വീടുകളിലെത്തിച്ച് ജോലി ചെയ്യിപ്പിക്കുന്ന പ്രവണതയും വ്യാപകമാണ്. ഇത്തരം നടപടികൾ ചെറുക്കുന്നതിലേക്കായി കാഷ്യൂ സ്പെഷ്യൽ ഓഫീസിൽ നിന്നും അനധികൃത സംസ്കരണ കേന്ദ്രങ്ങൾ കണ്ടെത്തുകയും അവ നിർത്തിവയ്ക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയും സാധ്യമായ കേന്ദ്രങ്ങളിൽ നിയമപ്രകാരം റെയിഡ്,

സീഷർ എന്നിവ നടത്തി കോടതികളിൽ കേസ് ചാർജ്ജ് ചെയ്യുന്നുണ്ട്. 1967-ലെ അൺരജിസ്റ്റേഡ് കാഷ്യൂനട്ട് ഫാക്ടറീസ് (പ്രൊഹിബിഷൻ) ആക്ട് അനുസരിച്ച് നിരവധി റെയിഡുകൾ നടത്തുകയും നിരവധി കേസുകൾ കുടിവറുപ്പ് നടത്തിയവർക്കെതിരെ കോടതിയിൽ ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. പ്രവർത്തന മൂലധനത്തിന്റെ അപര്യാപ്തതയാണ് കശുവണ്ടി വികസന കോർപ്പറേഷനും കാപെക്സും നേരിടുന്ന പ്രധാന പ്രതിസന്ധി. സർക്കാർ നൽകുന്ന പ്ലാൻഫണ്ട് ഉപയോഗിച്ച് ഫാക്ടറികളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും തൊഴിലാളികൾക്ക് തുടർച്ചയായി തൊഴിൽ നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ കാഷ്യൂ കോർപ്പറേഷനും കാപെക്സും സ്വീകരിച്ചു വരുന്നു.

## കോട്ടയം ടെക്സ്റ്റയിൽസിലെ പ്രതിസന്ധി

228 (2466) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയം ടെക്സ്റ്റയിൽസിൽ ഇന്ന് നിലനിൽക്കുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ ;

(ബി) കോട്ടയം ടെക്സ്റ്റയിൽസിൽ വൈവിദ്ധ്യവൽക്കരണം നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(സി) കോട്ടയം ടെക്സ്റ്റയിൽസിൽ ജീവനക്കാരുടെ ആനുകൂല്യങ്ങളും റിട്ടയർമെന്റ് ആനുകൂല്യങ്ങളും നൽകുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

<u>ഉത്തരം</u>

(എ) ടെക്സ്റ്റയിൽ മേഖലയിലെ വ്യാവസായിക മാന്ദ്യം ഇപ്പോഴും നിലനിൽക്കുകയാണ്. ഈ കാലയളവിൽ, കോട്ടയം ടെക്സ്റ്റയിൽസ് ഉൾപ്പെടെ കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കീഴിലുള്ള നാലു മില്ലുകളും നഷ്ടത്തിലാണ് പ്രവർത്തിച്ചു വരുന്നത്. തുടർച്ചയായ നഷ്ടംമൂലം പ്രവർത്തന മൂലധനത്തിൽ ശോഷണമുണ്ടാകുകയും അക്കാരണത്താൽ അസംസ്കൃത വസ്തുക്കൾ ആവശ്യാനുസരണം ശേഖരിക്കുന്നതിനും മറ്റു ബാദ്ധ്യതകൾ നിറവേറ്റുന്നതിനും സാധിക്കാതെ വന്നു. ഈ അവസ്ഥ തരണം ചെയ്യുന്നതിനായി കഴിഞ്ഞ മൂന്നു സാമ്പത്തിക വർഷത്തിനുള്ളിൽ കോട്ടയം ടെക്സ്റ്റയിൽസിന് 815.29 ലക്ഷം രൂപ നൽകിയിരുന്നു. ഈ സാമ്പത്തിക വർഷം കോർപ്പറേഷന്റെ കീഴിലുള്ള മില്ലുകളുടെ പ്രവർത്തന മൂലധനത്തിനായി 5 കോടി രൂപ അനുവദിക്കുന്നതിന് ഭരണാനുമതി നൽകിയിരുന്നു. ഇതിൽ 1.55 കോടി രൂപ കോട്ടയം ടെക്സ്റ്റയിൽസിന് വേണ്ടി വകയിരുത്തിയിട്ടുള്ളതാണ്. ഈ തുക ലഭിച്ചാലുടൻ മില്ലിന്റെ പ്രവർത്തന

മൂലധനത്തിനായി വിനിയോഗിക്കുന്നതാണ്.

(ബി) കോട്ടയം ടെക്സ്റ്റയിസിൽ സർക്കാർ അനുവദിച്ച 1.69 കോടി രൂപകൊണ്ട് നിലവിലുള്ള മെഷീനറികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നുണ്ട്.

(സി) കോട്ടയം ടെക്സ്റ്റയിൽസിൽ ജീവനക്കാരുടെ ആനുകൂല്യങ്ങളും റിട്ടയർമെന്റ് ആനുകൂല്യങ്ങളും നൽകുന്നതിന് സാമ്പത്തിക പ്രതിസന്ധിമൂലം താമസം വന്നിട്ടുണ്ട്. കടുത്ത സാമ്പത്തിക പ്രതിസന്ധിക്കിടയിലും കോട്ടയം ടെക്സ്റ്റയിൽസിൽ നിന്നും 2011 നവംബർ മുതൽ റിട്ടയർ ചെയ്ത ജീവനക്കാരുടെ കുടിശ്ശികകൾ ഈ വർഷം കൊടുത്തു തീർക്കുവാൻ സാധിച്ചു. എന്നിരുന്നാലും, 2014 ജനുവരി മുതലുള്ള പ്രോവിഡൻഡ് ഫണ്ട്, ഇ.എസ്.ഐ. ഗ്രാറ്റുവിറ്റി തുടങ്ങിയവയിൽ ഒരു കോടിയോളം രൂപ കുടിശ്ശികയായി കൊടുക്കുവാനുണ്ട്.

**കൊല്ലത്ത് കിൻഫ്രാ പാർക്കും റബ്ബർ പാർക്കും തുടങ്ങാൻ നടപടി**

229 (2467) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിൽ പിറവന്തൂർ - പുനലൂർ കിൻഫ്രാ പാർക്കിലെ നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിൽ ആണെന്ന് വ്യക്തമാക്കുമോ ;

(ബി) വ്യവസായ പാർക്ക് ആരംഭിക്കുവാൻ ധാരണാപത്രം ഒപ്പിട്ടിട്ടുണ്ടോ ;

(സി) കിൻഫ്രയ്ക്ക് ലഭ്യമായ സ്ഥലത്ത് റബ്ബർ പാർക്ക് ആരംഭിക്കുന്നതിനുള്ള അനുവാദം ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ബന്ധപ്പെട്ട സർക്കാർ ഉത്തരവ് ഏതെന്ന് വ്യക്തമാക്കുമോ ; ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ഡി) റബ്ബർ പാർക്ക് സർക്കാർ സംരംഭമാണോ; സ്വകാര്യ സംരംഭം ആണെങ്കിൽ സംരംഭകർ ആരെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കൊല്ലം ജില്ലയിലെ പിറവന്തൂരിൽ കിൻഫ്ര സ്ഥാപിക്കുന്ന 12 ഏക്കറിലെ വ്യവസായ പാർക്കിൽ അടിസ്ഥാന സൗകര്യങ്ങളായ റോഡുകൾ, വൈദ്യുതി എന്നിവയുടെ ഒന്നാംഘട്ട പ്രവർത്തനങ്ങൾ പൂർത്തിയായി വരുന്നു. ഇതുകൂടാതെ പ്രസ്തുത പാർക്കിൽ തന്നെ 65000 ചതുരശ്ര അടിയുള്ള ഒരു സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി (SDF)-യുടെ നിർമ്മാണം പൂർത്തീകരിച്ചു കഴിഞ്ഞു. ഇതിന്റെ അനുബന്ധ പണികളും പൂർത്തീകരിച്ചു വരുന്നു. കൂടാതെ ബാക്കി 51 ഏക്കറിൽ റബ്ബർ പാർക്ക് സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) ഇല്ല.

(സി) ഉണ്ട്. 5-11-2012-ലെ ജി.ഒ.(ആർറ്റി.) നമ്പർ 1635/2012/ ഐ.ഡി.

ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) കിൻഫ്രയും കേന്ദ്ര വാണിജ്യ മന്ത്രാലയത്തിന്റെ കീഴിലുള്ള റബ്ബർ ബോർഡും ചേർന്നുള്ള സംയുക്ത സംരംഭമാണ് റബ്ബർ പാർക്ക്.

**കിൻഫ്ര-ഭൂമി ഏറ്റെടുക്കൽ നടപടി**

230 (2468) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിൻഫ്ര 1999 മുതൽ 2013 മാർച്ച് വരെ എത്ര ഏക്കർ ഭൂമി ഏറ്റെടുത്തിരുന്നു ? ഇതിന്റെ ജില്ല തിരിച്ച കണക്ക് ലഭ്യമാക്കാമോ ;

(ബി) ഓരോ ജില്ലയിലും എത്ര ശതമാനം ഭൂമി നിലവിൽ വ്യാവസായിക വികസനത്തിന് ഉപയോഗിക്കുന്നുവെന്ന് വ്യക്തമാക്കാമോ ;

(സി) ലൈസൻസ് എഗ്രിമെന്റനുസരിച്ച് വാണിജ്യ ഉത്പാദനം ആരംഭിക്കാത്തതിനാൽ ഭൂമി തിരിച്ചെടുക്കാതെ എഗ്രിമെന്റ് ലംഘിച്ച കമ്പനികൾ ഏതെല്ലാം പാർക്കിലാണെന്നും കമ്പനിയുടെ പേരുവിവരവും വ്യക്തമാക്കുമോ; ഇത്തരത്തിൽ എത്ര ഏക്കർ ഭൂമി നിലവിലുണ്ട് ;

(ഡി) പ്രസ്തുത ഭൂമിയിൽ 2014 ഒക്ടോബർ വരെ എത്ര ഏക്കർ തിരിച്ചു പിടിച്ചുവെന്ന് വെളിപ്പെടുത്താമോ ;

(ഇ) ഇൻകെൽ എന്ന കമ്പനി KSIDC-യിൽ നിന്നും 2014 ഒക്ടോബർ വരെ എത്ര ഏക്കർ ഭൂമി പാട്ടത്തിനെടുത്തു ; ഇത് ഏതെല്ലാം ജില്ലകളിൽ ഏതെല്ലാം താലൂക്കുകളിൽ എത്ര ഏക്കർ വീതമാണ് ;

(എഫ്) ഓരോ സ്ഥലത്തും നിശ്ചയിച്ച പാട്ട തുകയെത്ര ; ഇതിൽ ഇൻകെൽ അടച്ച തുകയെത്രയെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) കിൻഫ്ര 1999 മുതൽ 2013 മാർച്ച് വരെ വ്യവസായ ആവശ്യങ്ങൾക്കായി 1934 ഏക്കർ ഭൂമി ഏറ്റെടുത്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| 1 | തിരുവനന്തപുരം | 93.63 ഏക്കർ |
| 2 | കൊല്ലം | 63.00 ഏക്കർ |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

| | | |
|---|---|---|
| 3 | പത്തനംതിട്ട | 122.19 ഏക്കർ |
| 4 | കോട്ടയം | 0.83 ഏക്കർ |
| 5 | ഇടുക്കി | 16.67 ഏക്കർ |
| 6 | എറണാകുളം | 433.21 ഏക്കർ |
| 7 | തൃശ്ശൂർ | 73.66 ഏക്കർ |
| 8 | പാലക്കാട് | 476.72 ഏക്കർ |
| 9 | മലപ്പുറം | 20.21 ഏക്കർ |
| 10 | കോഴിക്കോട് | 102.58 ഏക്കർ |
| 11 | കണ്ണൂർ | 397.05 ഏക്കർ |
| 12 | വയനാട് | 50.00 ഏക്കർ |
| 13 | കാസർഗോഡ് | 84.25 ഏക്കർ |
| | ആകെ | 1934.00 ഏക്കർ |

ഇതുകൂടാതെ, കണ്ണൂർ എയർപോർട്ടിന്റെ നോഡൽ ഏജൻസി എന്ന നിലയിൽ 1698 ഏക്കർ ഭൂമിയും ഏറ്റെടുത്തിട്ടുണ്ട്.

(ബി) കിൻഫ്ര ഇതുവരെ 9 ജില്ലകളിലായി വ്യാവസായിക വികസനത്തിന് ഉപയോഗപ്പെടുത്തിയിട്ടുള്ള ഭൂമിയുടെ ശതമാന കണക്കുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു. *

(സി-എഫ്) വിവരം ശേഖരിച്ചു വരുന്നു.

**പരമ്പരാഗത വ്യവസായ മേഖലകളിലെ തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ**

231 (T2469) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരമ്പരാഗത വ്യവസായ മേഖലകളിലെ തൊഴിലാളികൾ ഉന്നയിച്ചു വരുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് ട്രേഡ് യൂണിയൻ നേതാക്കളുടെ യോഗം

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

വിളിക്കുകയുണ്ടായോ ;

(ബി) പ്രസ്തുത യോഗതീരുമാനങ്ങൾ വിശദമാക്കുമോ ;

(സി) പ്രസ്തുത തീരുമാനങ്ങൾ നടപ്പായിട്ടുണ്ടോ ; ഇല്ലെങ്കിൽ നടപ്പാക്കാൻ നടപടികൾ സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) പരമ്പരാഗത വ്യവസായ മേഖലയിലെ തൊഴിലാളികളുടെ പ്രശ്നങ്ങൾ സംബന്ധിച്ച് 28-1-2014-ന് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ തൊഴിലാളി യൂണിയൻ പ്രതിനിധികളെ പങ്കെടുപ്പിച്ചുകൊണ്ട് യോഗം ചേർന്നിരുന്നു. കയർമേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്റെ ഭാഗമായി 30-5-2014 തീയതിയിൽ റവന്യൂ-കയർ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ട്രേഡ് യൂണിയൻ പ്രതിനിധികളുമായി ചർച്ച നടത്തിയിരുന്നു.

(ബി) ഓരോ വ്യവസായത്തിനും വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരേയും യൂണിയൻ നേതാക്കളേയും പങ്കെടുപ്പിച്ചുകൊണ്ട് ചർച്ചകൾ നടത്തുവാൻ തീരുമാനിച്ചു. ഓരോ വ്യവസായതലത്തിലുള്ള ചർച്ചകൾക്കു ശേഷം മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം കൂടി അന്തിമ തീരുമാനം കൈക്കൊള്ളുവാനും തീരുമാനിച്ചു. പരമ്പരാഗത വ്യവസായ മേഖലയിലെ തൊഴിലാളികൾ നേരിടുന്ന ജപ്തി നടപടികൾക്ക് ആറു മാസത്തേക്ക് മൊറട്ടോറിയം പ്രഖ്യാപിക്കുവാനും ഖാദി തൊഴിലാളികൾക്ക് നിലവിൽ നൽകിവരുന്ന പ്രൊഡക്ഷൻ ഇൻസെന്റീവ് ഒരു കഴി നൂൽ ഉൽപ്പാദിപ്പിക്കുന്നതിന് നിലവിലുള്ള 30 പൈസ 60 പൈസയായും നെയ്ത്തു തൊഴിലാളികൾക്ക് ഒരു കഴി നൂൽ നെയ്യുന്നതിന് 90 പൈസ 180 പൈസയായും വർദ്ധിപ്പിക്കുവാനും ഖാദി തൊഴിലാളികൾക്ക് നൽകി വരുന്ന ഇൻകം സപ്പോർട്ട് സ്കീം പ്രകാരമുള്ള തുക മാസംതോറും വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനും തീരുമാനമായി. ആഭ്യന്തര തൊണ്ടു സംഭരണത്തിന് ക്രിയാത്മകവും ഫലപ്രദവുമായ ഒരു പദ്ധതി എല്ലാവരും കൂടി ചർച്ച ചെയ്ത് കണ്ടെത്തണമെന്നും മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗം തീരുമാനമെടുത്തിരുന്നു. നാളികേര തൊണ്ട് സംഭരണത്തിന് വരുംവർഷത്തിൽ സർക്കാർ മുന്തിയ പരിഗണന നൽകുവാനും കയർ പിരിമേഖലയിലെ കൂലി 260 രൂപയിൽ നിന്നും 1-3-2014 മുതൽ 300 രൂപയായി വർദ്ധിപ്പിക്കുവാനും വർദ്ധിപ്പിച്ച കൂലി സംഘങ്ങൾ നൽകേണ്ടിവരുന്നതിനാൽ കയറിന്റെ സംഭരണവില അതനുസരിച്ച് പുതുക്കി നിശ്ചയിക്കുവാൻ കയർഫെഡിന് നിർദ്ദേശം നൽകുവാനും

ഉൽപ്പന്നങ്ങളുടെ വിലയും അതനുസരിച്ച് നിശ്ചയിക്കുവാൻ ഗ്രീവൻസ് കമ്മിറ്റി കൂടുവാൻ കയർ കോർപ്പറേഷന് നിർദ്ദേശം നൽകുവാനും തൊഴിലാളികൾക്ക് തൊഴിൽ നൽകുമെന്ന് ഉറപ്പുള്ള സംഘങ്ങളെ കൂടുതൽ പ്രാധാന്യം നൽകി സഹായിക്കുമെന്നും തൊണ്ട് സംഭരിച്ച് ചകിരിയാക്കുന്നതിന് ഒരു പുതിയ ആകർഷകമായ പദ്ധതി ആവിഷ്കരിക്കുമെന്നും റവന്യൂ-കയർ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗങ്ങളിൽ തീരുമാനമെടുത്തിരുന്നു.

(സി) പരമ്പരാഗത വ്യവസായ മേഖലയിലെ തൊഴിലാളികൾ നേരിടുന്ന ജപ്തി നടപടികൾക്ക് മൊറട്ടോറിയം പ്രഖ്യാപിക്കുന്നത് സംബന്ധിച്ച് ഓരോ മേഖലയിലും ഉൾപ്പെടുന്ന സാമ്പത്തിക ബാദ്ധ്യത പ്രത്യേകം കാണിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ വ്യവസായ വാണിജ്യ ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഖാദി തൊഴിലാളികൾക്ക് നിലവിൽ നൽകിവരുന്ന പ്രൊഡക്ഷൻ ഇൻസെന്റീവ് ഒരു കഴി നൂൽ ഉല്പാദിപ്പിക്കുന്നതിന് നിലവിലുള്ള 30 പൈസ 60 പൈസയായും നെയ്ത്തു തൊഴിലാളികൾക്ക് ഒരു കഴി നൂൽ നെയ്യുന്നതിന് 90 പൈസ 180 പൈസയായും വർദ്ധിപ്പിക്കുമെന്ന തീരുമാനവും നടപ്പാക്കുന്നതിനായി നടപടി ആരംഭിച്ചിട്ടുണ്ട്. കൂടാതെ ഖാദി തൊഴിലാളികൾക്ക് നൽകിവരുന്ന ഇൻകം സപ്പോർട്ട് സ്കീം പ്രകാരമുള്ള തുക മാസം തോറും വിതരണം ചെയ്യുന്നതിനുള്ള തീരുമാനം നടപ്പിലാക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. കയർ മേഖലയിലെ ചകിരിക്ഷാമം പരിഹരിക്കുന്നതിന്റെ ഭാഗമായി കയർ സംഘങ്ങൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും സബ്സിഡി നിരക്കിൽ ചകിരി വിതരണം ചെയ്യുന്നതിനായി സർക്കാർ കയർഫെഡിനെ ചുമതലപ്പെടുത്തുകയും ഇതിനായി കയർഫെഡിന് ധനസഹായം അനുവദിക്കുകയും ചെയ്തു. കയർപിരി മേഖലയിലെ കുറഞ്ഞ കൂലി 300 രൂപയായി വർദ്ധിപ്പിച്ചു. കയറിന്റെ സംഭരണവില പുതുക്കി നിശ്ചയിച്ചു. ഗ്രീവൻസ് കമ്മിറ്റി കൂടി കയർ ഉൽപ്പന്നങ്ങളുടെ വിലയും പുതുക്കി നിശ്ചയിച്ചു. ചകിരി ഉൽപ്പാദനത്തിന് നാളികേര വികസന ബോർഡുമായി ചേർന്നുള്ള പദ്ധതിക്ക് സർക്കാർ അംഗീകാരം നൽകി.

## മാവൂരിൽ പരിസ്ഥിതി സൗഹൃദ വ്യവസായം

232 (2470) ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവൂരിൽ പരിസ്ഥിതി സൗഹൃദ വ്യവസായം ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

ഉത്തരം

(എ &ബി) മാവൂരിലെ ഗ്രാസിം ഇൻഡസ്ട്രീസ് ലിമിറ്റഡ് പ്രവർത്തിച്ചിരുന്ന സ്ഥലം ഉപയോഗപ്പെടുത്തി ഹൈടെക് ഇൻഡസ്ട്രിയൽ സർവ്വീസസ് ടൗൺഷിപ്പ് സ്ഥാപിക്കുന്നതിന് കമ്പനി സമർപ്പിച്ച സാധ്യത റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരുന്നു.

**പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന മികവ് വിലയിരുത്താൻ നടപടി**

233 (2471) ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന മികവ് വിലയിരുത്താൻ റേറ്റിംഗ് ഘടന നടപ്പിലാക്കുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വിശദമാക്കാമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തന രീതിയും വിശദമാക്കുമോ ;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത് ;

(ഡി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ-ഡി) സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കേന്ദ്രപൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളിൽ നടപ്പിലാക്കിയിട്ടുള്ള MoU സംവിധാനം പ്രാവർത്തികമാക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ സ്വീകരിച്ചിരുന്നു. ഇതിന്റെ ഭാഗമായി 21 സ്ഥാപനങ്ങളുടെ പരീക്ഷണാടിസ്ഥാനത്തിലുള്ള MoU തയ്യാറാക്കുകയും അവയിൽ 10 സ്ഥാപനങ്ങളുടെ വിശദമായ വിലയിരുത്തൽ നടത്തിയിട്ടുമുണ്ട്. ഈ സംവിധാനത്തിന്റെ ഭാഗമായി ഉടമ്പടിയിൽ ഏർപ്പെടേണ്ട സർക്കാരും പൊതുമേഖലാ സ്ഥാപനങ്ങളും അവലംബിക്കേണ്ട നയപരവും സാങ്കേതികപരവുമായ നടപടിക്രമങ്ങൾ പൂർത്തിയാക്കി തെരഞ്ഞെടുക്കുന്ന സ്ഥാപനത്തിൽ ഈ സംവിധാനം നടപ്പിലാക്കുവാനാണ് ലക്ഷ്യമിടുന്നത്.

(ബി) MoU സംവിധാനം നടപ്പിലാക്കുന്നതുവഴി പൊതുമേഖലാ സ്ഥാപനങ്ങളുടെ

ഉൽപ്പാദനക്ഷമത, വിറ്റുവരവ്, ലാഭം, സാമ്പത്തിക അച്ചടക്കം, ഉൽപ്പന്നത്തിന്റെ ഗുണമേന്മയും അംഗീകാരവും, തൊഴിലാളി-മാനേജ്മെന്റ് ബന്ധം, Research & Development സ്ഥാപനങ്ങളുമായുള്ള ബന്ധം, സാമൂഹിക പ്രതിബന്ധത എന്നീ മേഖലകളിൽ നേട്ടങ്ങൾ കൈവരിക്കാൻ സാധിക്കുന്നതാണ്.

**പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ**

234 (2472) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ എത്ര പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുണ്ടെന്നും അവ ഏതെല്ലാമാണെന്നും അറിയിക്കുമോ ;

(ബി) ഈ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്കായി 2011-2014 കാലയളവിൽ ഓരോ വർഷവും എന്ത് തുക വീതം ചെലവഴിച്ചിട്ടുണ്ട്; ഈ കാലയളവിൽ ഓരോ സ്ഥാപനങ്ങളിൽ നിന്നും പ്രതിവർഷം ലഭിച്ച വരുമാനം എത്രയാണ്; ഇനം തിരിച്ചുള്ള പട്ടിക ലഭ്യമാക്കുമോ ;

(സി) സംസ്ഥാനത്ത് നഷ്ടത്തിൽ പ്രവർത്തിക്കുന്ന എത്ര പൊതുമേഖലാ സ്ഥാപനങ്ങളുണ്ട്; ലാഭത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഏതെല്ലാം; വിശദമാക്കുമോ ;

(ഡി) 2011-2014 കാലയളവിൽ സർക്കാർ സാമ്പത്തിക സഹായം നൽകിയിട്ടുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ ഏതെല്ലാമാണെന്നും നൽകിയ തുക എത്ര വീതമാണെന്നും അറിയിക്കുമോ ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതിയതായി ആരംഭിച്ച പൊതുമേഖലാ സ്ഥാപനങ്ങൾ ഏതെല്ലാമാണെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ അധീനതയിൽ 43 പൊതുമേഖലാ സ്ഥാപനങ്ങളും ഒരു സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷനടക്കം 44 സ്ഥാപനങ്ങളാണ് നിലവിൽ പ്രവർത്തിക്കുന്നത്. പട്ടിക അനുബന്ധം ആയി ചേർക്കുന്നു.*

(ബി) 2011-12 മുതൽ 2013-14 വരെ വ്യവസായവകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്കായി ചെലവഴിച്ച തുകയുടെ (ധനസഹായം) വിശദവിവരവും ഈ സ്ഥാപനങ്ങളുടെ 2011-12 മുതൽ 2013-14 വരെ കാലയളവിലെ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ലാഭനഷ്ടക്കണക്കുകളുടെ വിവരവും അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

(സി) സംസ്ഥാനത്തെ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ 2013-14 കാലയളവിൽ 15 സ്ഥാപനങ്ങൾ ലാഭത്തിലും 29 സ്ഥാപനങ്ങൾ നഷ്ടത്തിലും പ്രവർത്തിച്ചു. വിശദവിവരം അനുബന്ധം ആയി ചേർക്കുന്നു.* [സ്ഥാപനങ്ങളുടെ ആഡിറ്റുകൾ പൂർത്തിയായി വരുന്ന മുറയ്ക്കുള്ള കണക്കുകളാണ് സമർപ്പിച്ചിട്ടുള്ളത്.]

(ഡി) 2011-12 മുതൽ 2013-14 വരെയുള്ള വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാസ്ഥാപനങ്ങൾക്കായി ചെലവഴിച്ച തുകയുടെ (ധനസഹായം) വിശദവിവരം സ്ഥാപനാടിസ്ഥാനത്തിൽ അനുബന്ധം ആയി ചേർത്തിട്ടുണ്ട്.*

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിന്റെ അധീനതയിൽ പുതുതായി പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളൊന്നും ആരംഭിച്ചിട്ടില്ല.

**ഗെയിലിന്റെ വാതക പൈപ്പ് ലൈൻ**

235 (T2473) <u>ശ്രീ. ഇ. കെ. വിജയൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗെയിലിന്റെ നിർദ്ദിഷ്ട കൊച്ചി മംഗലാപുരം വാതകപൈപ്പ് ലൈൻ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് പാരിസ്ഥിക-സാമൂഹിക ആഘാതങ്ങളെ സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഭൂമി നഷ്ടപ്പെടുന്നവരെക്കുറിച്ചുള്ള വിവരശേഖരം നടത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കിയാലുണ്ടാകുന്ന അപകട സാദ്ധ്യതയെ തരണം ചെയ്യുന്നതിന് എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ?

<u>ഉത്തരം</u>

(എ) കേന്ദ്രസർക്കാരിന്റെ കീഴിലുള്ള സ്ഥാപനമായ ഗെയിൽ (ഇന്ത്യ) ലിമിറ്റഡാണ് കൊച്ചി-മംഗലാപുരം-ബാംഗ്ലൂർ ഗ്യാസ് പൈപ്പ് ലൈൻ പദ്ധതി ഏറ്റെടുത്തിട്ടുള്ളത്. പദ്ധതിയുമായി ബന്ധപ്പെട്ട് പാരിസ്ഥിതിക-സാമൂഹിക ആഘാതങ്ങളെ സംബന്ധിച്ച് ഗെയിൽ (ഇന്ത്യ) ലിമിറ്റഡ് പരിശോധന നടത്തിയിട്ടുണ്ട്.

(ബി) ഗ്യാസ് പൈപ്പ് ലൈൻ കടന്നുപോകുന്ന സ്ഥലത്തെ ഭൂമിയുടെ

---

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

വിനിയോഗാവകാശം (RoU) മാത്രമേ ഗെയിലിനുള്ളൂ. അതിനാൽ ആർക്കും ഭൂമി നഷ്ടപ്പെടുന്ന സാഹചര്യം ഉണ്ടാകുന്നില്ല. പെട്രോളിയം ആന്റ് മിനറൽ പൈപ്പ് ലൈൻ ആക്ട് സെക്ഷൻ 3(1) പ്രകാരമുള്ള നോട്ടീസിന്റെ പകർപ്പ് ബന്ധപ്പെട്ട ഭൂവുടമകൾ കൈപ്പറ്റിയിട്ടുണ്ട്. കൂടാതെ പ്രസ്തുത നോട്ടീസിന്റെ കോപ്പി ബന്ധപ്പെട്ട വില്ലേജ്, താലൂക്ക്, പഞ്ചായത്ത് ആഫീസുകളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ ആക്ടിലെ സെക്ഷൻ 6(1) പ്രകാരം ഗസറ്റ് നോട്ടിഫിക്കേഷനും കേന്ദ്ര സർക്കാർ പ്രസിദ്ധികരിച്ചിട്ടുണ്ട്.

(സി) രാജ്യത്തെ ഇതര സ്ഥലങ്ങളിലെ പൈപ്പ് ലൈനുകളിൽ ഉപയോഗിക്കുന്ന പ്രകൃതി വാതകത്തിൽ നിന്ന് വിഭിന്നമായി സംസ്കരിച്ചതും ഈർപ്പരഹിതവുമായ പ്രകൃതി വാതകമാണ് കേരളത്തിലെ പൈപ്പ് ലൈൻ പദ്ധതിയിൽ ഉപയോഗിക്കുന്നത് എന്നതിനാൽ അപകട സാധ്യത താരതമ്യേന വളരെ കുറവാണ്. അന്തർദ്ദേശീയവും ദേശീയവുമായ ഏറ്റവും പുതിയ സുരക്ഷാ ഗുണനിലവാര മാനദണ്ഡങ്ങൾ പൈപ്പിന്റെ നിർമ്മാണഘട്ടത്തിലും പൈപ്പ് സ്ഥാപിക്കുന്ന ഘട്ടത്തിലും ഗെയിൽ പാലിക്കുന്നുണ്ട്. സ്ഥാപിച്ച വാതക പൈപ്പ് ലൈനിന്റെ മർദ്ദം, താപം, തുരുമ്പ് ചെറുക്കൽ സംവിധാനം എന്നിവ ഓൺലൈൻ വഴി നിരീക്ഷിക്കാനും നിയന്ത്രിക്കാനുമുള്ള "റീജിയണൽ ഗ്യാസ് മാനേജ്മെന്റ് സെന്റർ" (കൺട്രോൾ റൂം) 24 മണിക്കൂറും പരിചയ സമ്പന്നരായ സാങ്കേതിക വിദഗ്ധരുടെ കീഴിൽ കൊച്ചിയിൽ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. ഈ സെന്ററിന്റെ പ്രവർത്തനങ്ങൾ ഡൽഹിയിൽ സ്ഥാപിച്ചിരിക്കുന്ന നാഷണൽ ഗ്യാസ് മാനേജ്മെന്റ് സെന്ററിൽ നിന്നുകൂടി നിരീക്ഷിക്കാവുന്നതും നിയന്ത്രിക്കാവുന്നതുമാണ്.

**സിഡ്കോയിലെ വിവിധ തസ്തികകളിലേക്കുള്ള നിയമനം**

236 (2474) <u>ശ്രീ. വി. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സിഡ്കോയിലെ വിവിധ തസ്തികകളിലേക്കുള്ള നിയമനം പി.എസ്.സി./ എംപ്ലോയ്മെന്റ്/റിക്രൂട്ട്മെന്റ് ബോർഡ് എന്നിങ്ങനെ ഏത് സംവിധാനത്തിലൂടെയാണ് നടത്തുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത നിയമനങ്ങളിൽ സംവരണ വ്യവസ്ഥ പാലിക്കാറുണ്ടോ ;

(സി) മാനേജർ (മാർക്കറ്റിംഗ്) തസ്തികയുടെ കേഡർ സ്ട്രെങ്ത് എത്രയാണ്; ഇപ്പോൾ ഈ വിഭാഗത്തിൽ എത്ര ഒഴിവുകളുണ്ട് ;

(ഡി) 11-8-2013-ന് നടത്തിയ പരീക്ഷയുടെ അടിസ്ഥാനത്തിൽ മാനേജർ (മാർക്കറ്റിംഗ്) തസ്തികയിലേയ്ക്ക് എത്ര പേരുടെ റാങ്ക് ലിസ്റ്റാണ് പ്രസിദ്ധീകരിച്ചിട്ടുള്ളത് ; ഇതിൽ എത്ര പേരെ നിയമിച്ചു ; ഇവരുടെ ജാതി തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സിഡ്കോയിൽ അടിസ്ഥാന ശമ്പളം 11,070 രൂപ വരെയുള്ള തസ്തികകളിലേക്കുള്ള നിയമനം പി.എസ്.സി. മുഖേന നടത്തിവരുന്നു. സിഡ്കോ സ്റ്റാഫ് റെഗുലേഷൻ 9 (ഡി) പ്രകാരം ചില തസ്തികകളിലേക്ക് നേരിട്ടുള്ള നിയമനം എഴുത്തു പരീക്ഷയുടെയും കൂടിക്കാഴ്ചയുടേയും അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെടുന്നവരുടെ പട്ടികയിൽ നിന്ന് നിയമനം നടത്തുന്നുണ്ട്.

(ബി) ഉണ്ട്.

(സി) മാനേജർ (മാർക്കറ്റിംഗ്) തസ്തികയുടെ കേഡർ സ്ട്രെങ്ത് 14 ആണ്. ഇപ്പോൾ ഈ വിഭാഗത്തിൽ 5 ഒഴിവുകളാണ് നിലവിലുള്ളത്.

(ഡി) 103 പേരുടെ റാങ്ക് ലിസ്റ്റാണ് പ്രസിദ്ധീകരിച്ചിട്ടുള്ളത്. ഇതിൽ 9 പേരെ നിയമിച്ചു കഴിഞ്ഞു. ഇവരുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

## കുറ്റ്യാടി നാളികേര പാർക്ക്

237 (2475) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഐ.ഡി.സി.-യുടെ ആഭിമുഖ്യത്തിലുള്ള കുറ്റ്യാടി നാളികേര പാർക്കിന്റെ നാളിതുവരെയുള്ള പ്രവർത്തനപുരോഗതി വിശദമാക്കുമോ;

(ബി) പ്രസ്തുത നാളികേര പാർക്കിന്റെ പ്രവർത്തനം എപ്പോൾ തുടങ്ങാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കെ.എസ്.ഐ.ഡി.സി.-യുടെ ആഭിമുഖ്യത്തിൽ കുറ്റ്യാടിയിൽ 115

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഏക്കറിൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന നാളികേര പാർക്കിന്റെ സ്ഥലമെടുപ്പ് നടപടികൾ 2015 ജനവരിയോടുകൂടി പൂർത്തിയാകുമെന്ന് കരുതുന്നു. പ്രസ്തുത പാർക്കിനുള്ളിൽ ചെയ്യാനുദ്ദേശിച്ചിട്ടുള്ള മാതൃകാ ഫാക്ടറിക്കും റോഡിനും വേണ്ടിയുള്ള സ്ഥലം നിർണ്ണയിക്കുന്നതിനുള്ള ഭൂമി അളന്നു തിട്ടപ്പെടുത്തൽ നടപടി പൂർത്തിയായിട്ടുണ്ട്.

(ബി) പ്രസ്തുത നാളികേര പാർക്കിന്റെ സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയായി കഴിഞ്ഞാൽ രണ്ട് വർഷത്തിനകം പാർക്ക് പ്രവർത്തനം ആരംഭിക്കുന്നതാണ്.

**നിർമ്മാണ മേഖലയിലെ പ്രതിസന്ധി**

238 (2476) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ നിർമ്മാണമേഖല പ്രതിസന്ധി നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് പരിഹരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) നിർമ്മാണമേഖലയ്ക്ക് ആവശ്യമായ അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവാണ് ഇപ്പോൾ നേരിടുന്ന പ്രതിസന്ധിക്ക് കാരണമായിട്ടുള്ളത്. ബഹുമാനപ്പെട്ട സുപ്രീംകോടതി, കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം, ദേശീയ ഹരിത ട്രൈബ്യൂണൽ എന്നിവയുടെ ഉത്തരവുകൾ പ്രകാരം ചെറുകിട ധാതു ഖനനത്തിന് പരിസ്ഥിതി ക്ലിയറൻസ് നിർബന്ധമാക്കിയിട്ടുള്ളതാണ് ഇതിനു കാരണം. എന്നാൽ സംസ്ഥാനം നേരിടുന്ന പ്രതിസന്ധി കണക്കിലെടുത്ത്, ടി ക്ലിയറൻസ് സമ്പാദിക്കുന്നതിന് ക്വാറി ഉടമകൾക്ക് ഒരു വർഷത്തെ സാവകാശം നൽകി കൊണ്ട് 10-1-2014-ന് സംസ്ഥാന സർക്കാർ ഉത്തരവായിട്ടുണ്ട്. മണലിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി അന്യസംസ്ഥാനത്തുനിന്നും വിദേശത്തുനിന്നും മണൽ ഇറക്കുമതി ചെയ്യുന്നതിനും ഡാമുകളിൽ നിന്നും മണൽ എടുക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പുഴകളിലെ മണൽ ആഡിറ്റ് സമയബന്ധിതമായി പൂർത്തീകരിക്കുവാനും നടപടി സ്വീകരിച്ചിട്ടുണ്ട്. മണ്ണിന്റെ ലഭ്യതയ്ക്കായി ചട്ടങ്ങളിൽ ഇളവ് നൽകുകയും റെയിവേയുടെ പാത ഇരട്ടിപ്പിക്കലിനും കൊച്ചി മെട്രോയുടെ പ്രവൃത്തികൾക്കുമായി ധാതു ലഭ്യത ഉറപ്പുവരുത്തുവാൻ നടപടി സ്വീകരിച്ചു. പരിസ്ഥിതി ക്ലിയറൻസിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനായി കേന്ദ്ര സർക്കാരിനോട് ശിപാർശ ചെയ്തിട്ടുണ്ട്.

**നിർമ്മാണ മേഖലയിലെ പ്രതിസന്ധികൾ**

239 (2477) ശ്രീ. എളമരം കരീം :
ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീ. സി. കൃഷ്ണൻ :
ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ നിർമ്മാണ മേഖല നേരിടുന്ന പ്രധാന പ്രതിസന്ധികൾ എന്തൊക്കെയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ബി) നിർമ്മാണ മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിന് സർക്കാരിന്റെ ഭാഗത്തുനിന്നും ക്രിയാത്മകമായ യാതൊരു നടപടിയും സ്വീകരിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) നിർമ്മാണ മേഖലയിലെ പ്രതിസന്ധി സംസ്ഥാനത്തിന് ഏതെല്ലാം തരത്തിൽ ദോഷകരമായി ബാധിക്കുന്നുവെന്ന് സർക്കാർ പരിശോധിച്ചിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ ; നിർമ്മാണ സാമഗ്രികൾക്കും അസംസ്കൃത വസ്തുക്കൾക്കുമുണ്ടായ വില വർദ്ധന വിലയിരുത്തിയിട്ടുണ്ടോ ;

(ഡി) പ്രതിസന്ധിമൂലം ഈ മേഖലയിലെ തൊഴിലാളികളുടെ പ്രയാസങ്ങൾ പരിഹരിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. ആവശ്യമായ അസംസ്കൃത വസ്തുക്കൾ സുഗമമായി ലഭ്യമാകാതെ വരുന്നതാണ് ഇന്ന് സംസ്ഥാനത്തെ നിർമ്മാണ മേഖല നേരിടുന്ന പ്രധാന പ്രതിസന്ധി. അസംസ്കൃത വസ്തുക്കളുടെ ഖനനത്തിനുള്ള പാരിസ്ഥിക അനുമതി സംബന്ധിച്ച് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം, ബഹുമാനപ്പെട്ട സുപ്രീം കോടതി, ദേശീയ ഹരിത ട്രൈബ്യൂണൽ എന്നിവയുടെ ഉത്തരവുകൾ നിർമ്മാണ മേഖലയെ ദോഷകരമായി ബാധിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. എന്നാൽ ഇപ്രകാരമുള്ള പ്രതിസന്ധി പരിഹരിക്കുന്നതിനായി ഹ്രസ്വകാല ഖനന പെർമിറ്റുകൾ സമ്പാദിക്കുന്നതിനുള്ള പാരിസ്ഥിതികാനുമതി നേടിയെടുക്കുന്നതിനായി ക്വാറി ഉടമകൾക്ക് ഒരു വർഷത്തെ സാവകാശം നൽകികൊണ്ടുള്ള ഉത്തരവ് ഗവൺമെന്റ് 10-1-2014-ൽ പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കാർ പ്രോത്സാഹനത്തോടുകൂടി വിദേശത്തുനിന്നും, അന്യസംസ്ഥാനങ്ങളിൽ നിന്നും മണൽ ഇറക്കുമതി ചെയ്തു വരുന്നു. കൂടാതെ കേരളത്തിലെ ഡാമുകളിൽ നിന്നും മണൽ നീക്കം ചെയ്യുന്നതിനുള്ള ടെണ്ടർ നടപടികളിൽ സ്വീകരിക്കേണ്ട

നടപടികളെ സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ സെക്രട്ടറിതല സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) ഉണ്ട്. നിർമ്മാണ മേഖലയിലെ പ്രതിസന്ധി കാരണം അസംസ്കൃതവസ്തുക്കളുടെ ലഭ്യതക്കുറവും വിലവർദ്ധനവും, തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) കേരള സംസ്ഥാന നിർമ്മാണ തൊഴിലാളി ട്രേഡ് യൂണിയനുകളുടെ 17-6-2014-ലെ അവകാശപ്രഖ്യാപന രേഖയിലെ ആവശ്യങ്ങളിൽ തീരുമാന മെടുത്തുവരുന്നു. ധാതുക്കളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും പ്രതിസന്ധി പരിഹരിക്കുന്നതിനുമായി ചെറുകിട ധാതുക്കളുടെ ലൈസൻസ് അനുവദിക്കുന്നതിനുള്ള പാരിസ്ഥിതികാനുമതിയുടെ നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനായി കേന്ദ്ര ഗവൺമെന്റിനോട് ശിപാർശ ചെയ്തിട്ടുണ്ട്.

## കോഴിക്കോട് സ്റ്റീൽ കോംപ്ലക്സ്

240 (2478) <u>ശ്രീ. എളമരം കരീം</u> : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കോഴിക്കോട് സ്റ്റീൽ കോംപ്ലക്സിന്റെ 2010-11, 2011-12, 2012-13 വർഷങ്ങളിൽ ലാഭമോ നഷ്ടമോ എത്ര രൂപ വീതമാണെന്ന് വ്യക്തമാക്കുമോ ;

<u>ഉത്തരം</u>

സ്റ്റീൽ കോംപ്ലക്സ് ലിമിറ്റഡ് (സെയിൽ-എസ്.സി.എൽ കേരളാ ലിമിറ്റഡ്)-ന്റെ 2010-11, 2011-12, 2012-13 എന്നീ വർഷങ്ങളിലെ നഷ്ടം ചുവടെ ചേർക്കുന്നു:

<u>രൂപ ലക്ഷത്തിൽ</u>

| 2010-11 | 2011-12 | 2012-13 |
|---|---|---|
| -837.56 | -471.38 | -326.79 |

## പൊതുമേഖലാ വ്യവസായങ്ങൾ

241 (2479) <u>ശ്രീമതി ഗീതാ ഗോപി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യവസായ വകുപ്പിനു കീഴിൽ സംസ്ഥാനത്ത് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന വ്യവസായ സ്ഥാപനങ്ങളുടെ പട്ടിക ലഭ്യമാക്കുമോ ;

(ബി) ഇതിൽ ലാഭത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സ്ഥാപനങ്ങൾ ഏതെല്ലാമെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ അധീനതയിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ പട്ടിക അനുബന്ധം ആയി ചേർക്കുന്നു.*

(ബി) ഇവയിൽ 2013-14 കാലയളവിൽ ലാഭത്തിൽ പ്രവർത്തിച്ച സ്ഥാപനങ്ങളുടെ പട്ടിക അനുബന്ധം ആയി ചേർക്കുന്നു*

**അങ്കമാലിയിൽ കിൻഫ്ര വ്യവസായ പാർക്ക്**

242 (2480) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലിയിൽ സ്ഥാപിക്കുന്നതിനായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള കിൻഫ്ര വ്യവസായ പാർക്കിനായി ഭൂമി ഏറ്റെടുക്കുന്നതിനെതിരെ 2008-ലെ നെൽവയൽ-തണ്ണീർത്തടസംരക്ഷണ നിയമത്തിലെ വ്യവസ്ഥകളെ ബന്ധപ്പെടുത്തി ലാൻഡ് അക്വിസിഷൻ നടപടി ചോദ്യം ചെയ്തുകൊണ്ട് ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) 33795/2010 കേസ്സിലെ സ്റ്റേ ഉത്തരവ് ഒഴിവാക്കിക്കിട്ടുന്നതിനായി സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ, സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ&ബി) ഈ കേസിൽ കിൻഫ്രയുടെ എതിർ സത്യവാങ്മൂലം ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുണ്ട്. പ്രസ്തുത കേസ് എത്രയും വേഗം തീർപ്പാക്കണമെന്ന് ഹൈക്കോടതിയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**സംസ്ഥാനത്ത് നാടൻ തോട്ടണ്ടിയുടെ ഉല്പാദനവും സംഭരണവും**

243 (2481) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നാടൻ തോട്ടണ്ടിയുടെ സംഭരണം ഉത്പാദനത്തിന്റെ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

എത്ര ശതമാനമാണ് ;

(ബി) സ്വകാര്യ സ്ഥാപനങ്ങൾ നാടൻ തോട്ടണ്ടി പരമാവധി സംഭരിക്കുമ്പോൾ ഇറക്കുമതി ചെയ്ത തോട്ടണ്ടിയുടെ സംഭരണത്തിന് പ്രാധാന്യം നൽകുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) സംസ്ഥാനത്തെ തോട്ടണ്ടി ഗുണമേന്മയിൽ ലോകത്തിൽ ശ്രേഷ്ഠമായ താണെന്ന റിപ്പോർട്ടുകൾ നിലനിൽക്കുന്ന സാഹചര്യത്തിൽ നാടൻ തോട്ടണ്ടിയുടെ പരമാവധി സംഭരണത്തിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഡയറക്ടറേറ്റ് ഓഫ് കാഷ്യൂനട്ട് ആന്റ് കൊക്കോ ഡവലപ്മെന്റ് (ഡി.സി.സി.ഡി.)-യുടെ കണക്കുകൾ പ്രകാരം കേരളത്തിലെ കഴിഞ്ഞ 3 വർഷത്തെ തോട്ടണ്ടിയുടെ ആഭ്യന്തര ഉല്പാദനം ചുവടെ ചേർക്കും പ്രകാരമാണ്:

| വർഷം | വിസ്തൃതി (ഹെക്ടർ) | ഉല്പാദനം (മെട്രിക് ടൺ) |
|---|---|---|
| 2011-12 | 83000 | 73000 |
| 2012-13 | 84880 | 76960 |
| 2013-14 | 84930 | 83120 |

ആഭ്യന്തരമായി ഉല്പാദിപ്പിക്കുന്ന തോട്ടണ്ടി മുഴുവൻ (100%) കേരളത്തിലെ കശുവണ്ടി വ്യവസായത്തിൽ തന്നെ സംസ്കരിക്കുന്നുണ്ട്.

(ബി) ഇന്ത്യയിൽ ആകെ പ്രതിവർഷം 16 ലക്ഷം മെട്രിക് ടൺ തോട്ടണ്ടി സംസ്കരണത്തിന് ആവശ്യമാണ്. ഇതിൽ ആഭ്യന്തര ഉല്പാദനം 8 ലക്ഷം മെട്രിക് ടണ്ണിൽ താഴെയാണ്. കുറവു വരുന്ന 50 ശതമാനത്തിന് ഇറക്കുമതിയെ ആശ്രയിക്കുന്നു. കഴിഞ്ഞ 3 വർഷത്തെ ഇന്ത്യയിൽ ഇറക്കുമതി ചെയ്ത തോട്ടണ്ടിയുടെ അളവ് ചുവടെ ചേർക്കുന്നു.

| വർഷം | അളവ് (മെട്രിക് ടൺ) |
|---|---|
| 2011-12 | 809825 |
| 2012-13 | 892365 |
| 2013-14 | 771356 |

കശുവണ്ടി വികസന കോർപ്പറേഷനും കാപെക്സും പ്രോസസിംഗിന് ഇറക്കുമതി തോട്ടണ്ടിയെയാണ് പ്രധാനമായും ആശ്രയിക്കുന്നത്. ഫെബ്രുവരി മുതൽ ഏപ്രിൽ വരെയാണ് സംസ്ഥാനത്ത് നാടൻ തോട്ടണ്ടി ലഭിക്കുന്നത്. എന്നാൽ വർഷം മുഴുവനും സംസ്കരണം നടത്തണമെങ്കിൽ ഇറക്കുമതി തോട്ടണ്ടിയെ ആശ്രയിക്കേണ്ട സാഹചര്യമാണുള്ളത്. സംസ്കരണശേഷി സമീപകാലത്തായി വർദ്ധിച്ചിട്ടുള്ളതിനാൽ തോട്ടണ്ടി ഇറക്കുമതിയും ആനുപാതികമായി ഉയർന്നിട്ടുണ്ട്.

(സി) കശുവണ്ടി വികസന കോർപ്പറേഷൻ നാടൻ തോട്ടണ്ടി സംഭരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. എല്ലാ സീസണിലും കാപെക്സ് നാടൻ തോട്ടണ്ടി പരമാവധി സംഭരിച്ചു വരുന്നുണ്ട്.

**ബ്രഹ്മോസിന് കൈമാറിയ ടെൽക്കിന്റെ ആസ്തി സംബന്ധിച്ച ധാരണ**

244 (2482) <u>ശ്രീ. കെ. രാധാകൃഷ്ണൻ</u> :
<u>ശ്രീ. എസ്. ശർമ്മ</u> :
<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u> :
<u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനമായ ടെൽക്കിന്റെ ആസ്തിയും മറ്റും ബ്രഹ്മോസിന് കൈമാറുമ്പോൾ ഉണ്ടാക്കിയ ധാരണയനുസരിച്ച് പ്രവർത്തിക്കുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ടെൽക്ക് ഏറ്റെടുക്കുന്ന സമയത്തെ വാഗ്ദാനം എന്തൊക്കെയായിരുന്നു എന്നും കൈമാറ്റ സമയത്തെ വാഗ്ദാനം നടപ്പിലാക്കാത്തതിന്റെ കാരണം എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ ;

(സി) ബ്രഹ്മോസിന് ആവശ്യമായ പ്രവൃത്തികൾ ലഭിക്കുന്നതിനുള്ള പ്രതിബന്ധങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇത് പരിഹരിക്കുന്നതിനും വാഗ്ദാനം അനുസരിച്ച് ബ്രഹ്മോസ് പ്രവർത്തിപ്പിക്കുന്നതിനും എന്ത് നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനമായ കെൽടെക്കിന്റെ ആസ്തിയാണ് ബ്രഹ്മോസിന് കൈമാറിയത്. ഇതുമായി ബന്ധപ്പെട്ട് ഉണ്ടാക്കിയ ധാരണയനുസരിച്ച് പ്രവർത്തിക്കുന്നില്ലെന്ന ആക്ഷേപം സർക്കാരിന്റെ

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) കെൽടെക് ബ്രഹ്മോസ് ഏറ്റെടുക്കുന്ന സമയത്തുണ്ടായ കരാറിലെ പ്രധാനപ്പെട്ട ധാരണകൾ ചുവടെ ചേർക്കുന്നു:

1. കെൽടെക്കിന്റെ ആസ്തിബാദ്ധ്യതകളും ജീവനക്കാരെയും ഒരു രൂപ വില നൽകി ബ്രഹ്മോസ് എയറോ സ്പേസ് പ്രൈവറ്റ് ലിമിറ്റഡ് ഏറ്റെടുക്കുന്നതായിരിക്കും
2. കെൽടെക്കിന്റെ ജീവനക്കാരുടെ സേവനങ്ങൾ സംരക്ഷിക്കേണ്ടതാണ്.
3. കെൽടെക്കിന്റെ തുടർന്നുള്ള പ്രവർത്തനങ്ങൾക്ക് വിവിധ തലങ്ങളിൽ നിന്ന് ലഭിക്കേണ്ടുന്ന നിയമപരവും അല്ലാത്തതുമായ അനുമതികൾ നേടിയെടുക്കാൻ ബ്രഹ്മോസിന് ആവശ്യമായ എല്ലാ സഹായവും സംസ്ഥാന സർക്കാർ നൽകും.
4. ബ്രഹ്മോസിന്റെ തുടർ വികസന പ്രവർത്തനങ്ങൾക്ക് ആവശ്യമായി വരുന്ന അധികസ്ഥലം ലഭ്യമാക്കുന്നതിന് സംസ്ഥാന സർക്കാർ സാധ്യമായ എല്ലാ സഹായവും നൽകും.
5. ഏതെങ്കിലും സാഹചര്യത്തിൽ ഭാരത സർക്കാർ ഈ കമ്പനിയിൽ നിന്ന് പിൻമാറുകയോ ഭാരത സർക്കാരിന്റെ കീഴിലുള്ളതല്ലാത്ത മറ്റേതെങ്കിലും സ്ഥാപനത്തിന് ഓഹരികളുടെ ഭൂരിഭാഗം കൈമാറ്റം ചെയ്യാനുദ്ദേശിക്കുന്ന പക്ഷം ഇക്കാര്യത്തിൽ ആദ്യ പരിഗണന സംസ്ഥാന സർക്കാരിന് നൽകേണ്ടതാണ്.
6. 100 ശതമാനം ബ്രഹ്മോസ് എയ്റോ സ്പേസ് പ്രൈവറ്റ് ലിമിറ്റഡിന്റെ കീഴിൽ പ്രവർത്തിക്കുന്നതും, റിട്ടയർ ചെയ്തതോ സർവ്വീസിലുള്ളതോ ആയ സാങ്കേതിക വിദഗ്ധൻ/ശാസ്ത്രജ്ഞൻ/മാനേജ്മെന്റ് വിദഗ്ധൻ എന്നീ ഗണത്തിൽപ്പെട്ട സർക്കാരിന്റെ ഒരു പ്രതിനിധി അടങ്ങുന്നതായിരിക്കും പുനഃസംഘടിപ്പിക്കപ്പെടുന്ന കമ്പനിയുടെ ഡയറക്ടർ ബോർഡ്.
7. കെൽടെക്കിനെ ബ്രഹ്മോസ് ഏറ്റെടുക്കുന്ന വിവരം ഉചിതമായ രീതിയിൽ ബന്ധപ്പെട്ടവരെ ഔദ്യോഗികമായി അറിയിക്കേണ്ട ബാധ്യത സംസ്ഥാന സർക്കാരിനാണ്. കൈമാറ്റ കരാർ നിലവിൽ വന്ന തീയതി മുതൽ കെൽടെക് ഒരു സംസ്ഥാന പൊതുമേഖലാ സ്ഥാപനമല്ലാതായിത്തീരുന്നതാണ്.

8. ഈ ഉടമ്പടി റദ്ദാക്കാനോ പിൻവലിക്കാനോ കഴിയാത്തതായിരിക്കും.

9. കെൽടെക്കിനെ ബ്രഹ്മോസ് ഏറ്റെടുത്തതിനുശേഷം ഭാവിയിൽ അവിചാരിതമായ പ്രശ്നങ്ങൾ എന്തെങ്കിലും ഉണ്ടാകുന്നപക്ഷം, പ്രസ്തുത പ്രശ്നങ്ങൾ, വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയും, ബ്രഹ്മോസ് എയ്റോ സ്പേസ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറും സംയുക്തമായി പരിശോധിച്ച് ആവശ്യമായ പരിഹാരം കണ്ടെത്തേണ്ടതാണ്. മേൽ വിവരിച്ച ധാരണകളെല്ലാം പാലിക്കപ്പെടുന്നുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിലവിൽ ബ്രഹ്മോസിന് 175 കോടിയോളം രൂപയുടെ പൂർത്തീകരിക്കേണ്ട ഓർഡറുകളുണ്ട്.

(ഡി) ബാധകമല്ല.

## സ്റ്റാർട്ട്അപ്പ് നയം പ്രഖ്യാപിക്കാൻ നടപടി

245 (2483) ശ്രീ. പാലോട് രവി :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ജോസഫ് വാഴയ്ക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്റ്റാർട്ട്അപ്പ് നയം പ്രഖ്യാപിക്കാനുദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) നയത്തിന്റെ കരട് രൂപം തയ്യാറാക്കിയിട്ടുണ്ടോ ;

(ഡി) നയം എന്നാണ് പ്രഖ്യാപിക്കാനുദ്ദേശിക്കുന്നത് ?

### ഉത്തരം

(എ) ഉണ്ട്. അതിന്റെ ഭാഗമായി കേരളാ ടെക്നോളജി സ്റ്റാർട്ട്അപ്പ് പോളിസിയുടെ കരട് രൂപം തയ്യാറാക്കുകയും പൊതുജനാഭിപ്രായം ആരായുന്നതിനായി പ്രധാനപ്പെട്ട വെബ്സൈറ്റുകളിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. ഇതിൽ നിന്നും ലഭിച്ച അഭിപ്രായത്തെ അടിസ്ഥാനപ്പെടുത്തി സ്റ്റാർട്ട്അപ്പ് പോളിസിയുടെ അന്തിമ രൂപം തയ്യാറാക്കി വരുന്നു.

(ബി) കേരളത്തിലെ യുവതീയുവാക്കളെ ശാസ്ത്രസാങ്കേതിക മേഖലകളിൽ

വളർത്തിയെടുക്കുക, അവരിലെ കഴിവുകളെ പ്രോത്സാഹിപ്പിക്കുക, അവരുടെ സ്വപ്നങ്ങൾ യഥാർത്ഥ്യമാക്കുക എന്ന ലക്ഷ്യത്തോടെ രൂപം കൊടുത്ത നയമാണ് ടെക്നോളജി സ്റ്റാർട്ട്അപ്പ് നയം. ഇതുവഴി കേരളത്തെ സംരംഭകത്വ സമൂഹമായി വളർത്തുകയും വിവിധ മേഖലകളിൽ സ്റ്റാർട്ട്അപ്പ് കമ്പനികളെ വളർത്തി എടുക്കുകയുമാണ് ഗവൺമെന്റ് ലക്ഷ്യമിടുന്നത്. ഇന്ത്യയിലെ തന്നെ നൂതന കമ്പനികളുടെ നമ്പർ വൺ മേഖലയായി മാറുവാൻ ലോകത്തിലെ 5 പ്രധാന സ്റ്റാർട്ട്അപ്പ് സമൂഹത്തിൽ ഒന്നാകുകയും ചെയ്യുവാൻ വേണ്ട പദ്ധതികൾ കേരള ഗവൺമെന്റ് ആരംഭിച്ചു കഴിഞ്ഞു. ടെക്നോളജി സ്റ്റാർട്ട്അപ്പ് നയത്തിന്റെ വിശദാംശങ്ങൾ കേരള ഗവണമെന്റ്, കേരളാ സ്റ്റേറ്റ് ഐ.റ്റി. മിഷൻ, ഐ.റ്റി. അറ്റ് കേരളാ, ടെക്നോപാർക്ക് ടെക്നോളജി ബിസിനസ്സ് ഇൻക്യുബേറ്റർ തുടങ്ങിയവയുടെ വെബ്സൈറ്റുകളിൽ പ്രസിദ്ധീകരിച്ചിരുന്നു. അതിൽ നിന്നും ലഭിച്ച പൊതുജനാഭിപ്രായത്തെ അടിസ്ഥാനമാക്കി നയത്തിന്റെ അന്തിമ രൂപം തയ്യാറാക്കി വരുന്നു.

(സി) ഉണ്ട്.

(ഡി) കരട് നയത്തിന് ഉടൻതന്നെ അന്തിമ രൂപം നൽകുന്നതാണ്.

## ട്രാവൻകൂർ ടൈറ്റാനിയത്തിലെ ടൈറ്റാനിയം ഡയോക്സൈഡ് പിഗ്മെന്റ് ഉത്പാദനം

246 (2484) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ട്രാവൻകൂർ ടൈറ്റാനിയത്തിൽ 2010-2014 കാലയളവിൽ എത്ര മെട്രിക് ടൺ ടൈറ്റാനിയം ഡയോക്സൈഡ് പിഗ്മെന്റ് ഉൽപ്പാദിപ്പിച്ചു എന്ന് വർഷം തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഉൽപ്പാദനത്തിൽ ഗണ്യമായ കുറവുണ്ടായതിന്റെ കാരണം വ്യക്തമാക്കാമോ ;

(സി) ഉൽപ്പാദനവും വിപണനവും മെച്ചപ്പെടുത്തി കമ്പനിയെ തകർച്ചയിൽ നിന്ന് രക്ഷിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2010-2014 കാലയളവിലെ ഉത്പാദനം താഴെ കൊടുത്തിരിക്കുന്നു:

| വർഷം | ഉത്പാദനം (മെട്രിക് ടൺ) |
|---|---|

| | |
|---|---|
| 2010-11 | 15749 |
| 2011-12 | 12701 |
| 2012-13 | 11550 |
| 2013-14 | 10817 |

(ബി) 2010-11 വർഷത്തിനുശേഷം ഉത്പാദനത്തിൽ തുടർച്ചയായ കുറവുണ്ടായിട്ടുണ്ട്. ഇതിനുള്ള കാരണങ്ങൾ താഴെ വിശദീകരിക്കുന്നു:

2011-ന് ശേഷം ഇന്ത്യയിലെ ടൈറ്റാനിയം ഡയോക്സൈഡ് വിപണിയിൽ കൂടുതലായി അനുഭവപ്പെടുന്ന മത്സര സ്വഭാവവും, (പ്രത്യേകിച്ചും ചൈനീസ് ഉല്പന്നങ്ങളും, ഉല്പന്ന ഗുണമേന്മ വർദ്ധിപ്പിച്ച് വിപണിയെ ശക്തമായി സ്വാധീനിക്കുന്ന ആഭ്യന്തര ഉത്പാദകരും) അതുവഴി കമ്പോള വിലയിൽ വന്ന ഗണ്യമായ ഇടിവും, ഉല്പന്നത്തിന്റെ ഉപഭോക്താക്കളായ പെയിന്റ്, പ്ലാസ്റ്റിക് തുടങ്ങിയ വ്യവസായങ്ങളുടെ കുറഞ്ഞ വളർച്ചാനിരക്ക് കാരണം ഉല്പന്നത്തിന്റെ ആവശ്യകതയിൽ ഉണ്ടാക്കിയ ഇടിവുംമൂലമാണ് ഈ കാലയളവിൽ ക്രമാനുഗതമായ ഇടിവ് ഉല്പാദനത്തിലും വിപണനത്തിലും വന്നുചേർന്നത്. വിപണിയിലുള്ള ഈ മാന്ദ്യവും മത്സരവും തുടരുകയാണ്.

(സി) കമ്പനിയെ തകർച്ചയിൽ നിന്നും രക്ഷിക്കാൻ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്:

1. മെച്ചപ്പെട്ട ഉല്പാദന മാനേജ്മെന്റ്
2. ഉയർന്ന വിഭവക്ഷമതയും, ഉല്പാദന ക്ഷമതയും ഉറപ്പുവരുത്തിയുള്ള ചെലവ് ചുരുക്കൽ പ്രക്രിയ.
3. മെച്ചപ്പട്ട വിപണനതന്ത്രം വില നിർണ്ണയത്തിലെ സന്നദ്ധ പ്രതികരണ രീതികളും

   എന്നാൽ വിപണിയിൽ ശരിയായ വിപണന തന്ത്രങ്ങൾ സ്വീകരിക്കുവാൻ കമ്പനിയുടെ ഉയർന്ന ഉല്പാദന ചെലവും മറ്റ് കാരണങ്ങളും പ്രായോഗിക ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നുണ്ട്. വിപണിയിൽ അതിരൂക്ഷമായ വിലയിടിവ് നേരിടേണ്ടി വന്നതിനാലും കമ്പനിയുടെ ഉല്പന്നത്തിന്റെ വിൽപ്പനയിൽ ഇടിവ് സംഭവിച്ചതിനാലും കമ്പനി ഇപ്പോൾ സാമ്പത്തിക പ്രതിസന്ധി

നേരിട്ടുകൊണ്ടിരിക്കുകയാണ്. പ്രസ്തുത കാരണത്താൽ ഉല്പാദനം കുറയ്ക്കേണ്ട സാഹചര്യം നിലനിൽക്കുകയാണ്. ഉല്പാദനത്തിലെ വൈവിദ്ധ്യവത്ക്കരണം, പ്ലാന്റിന്റെ ആധുനികവത്ക്കരണം നടപ്പിലാക്കി ഉയർന്ന ഉത്പാദനക്ഷമത കൈവരിക്കുക എന്നീ പ്രവർത്തനങ്ങൾ ദീർഘകാലാടിസ്ഥാനത്തിൽ നടപ്പിലാക്കി ഉല്പാദനവും, വിപണനവും കൂടുതൽ ഫലപ്രദമാക്കി കമ്പനിയുടെ പ്രവർത്തനം മെച്ച പ്പെടുത്തുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

## ട്രാവൻകൂർ ടൈറ്റാനിയത്തിലെ ക്രമക്കേടുകൾ

247 (2485) <u>ശ്രീ. വി. ശിവൻകുട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ട്രാവൻകൂർ ടൈറ്റാനിയത്തിൽ ജോലി ചെയ്യാതെ കോൺട്രാക്റ്റ് സൈറ്റിൽ ജോലി ചെയ്തതായി തെറ്റായി കാണിച്ച് ഇ.എസ്.ഐ., പി.എഫ്. അടച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതുസംബന്ധിച്ച് അന്വേഷണം നടത്തുകയുണ്ടായോ;

(സി) ഏത് ഏജൻസിയാണ് അന്വേഷണം നടത്തിയത് എന്നും അന്വേഷണത്തിൽ എന്തെല്ലാം ക്രമക്കേടാണ് കണ്ടെത്തിയതെന്നും വ്യക്തമാക്കാമോ ;

(ഡി) കുറ്റക്കാരായവരുടെ പേരുവിവരവും ഇവർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്നും വ്യക്തമാക്കാമോ? ഇല്ലെങ്കിൽ കാരണം അറിയിക്കാമോ ;

(ഇ) ഈ ക്രമക്കേടിൽ ഏതെങ്കിലും സംഘടനാ ഭാരവാഹികൾ ഉൾപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആരാണെന്നും ഏത് സംഘടനയുടെ ഭാരവാഹിയാണെന്നും വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സിൽ ജോലി ചെയ്യാതെ കോൺട്രാക്ട് സൈറ്റിൽ ജോലി ചെയ്തതായി തെറ്റായി കാണിച്ച് ഇ.എസ്.ഐ, പി.എഫ്. അടച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി-ഇ) ബാധകമല്ല.

## ട്രാവൻകൂർ ടൈറ്റാനിയത്തിൽ നിലവിൽ അംഗീകരിക്കപ്പെട്ടിട്ടുള്ള ഓഫീസർ

**തസ്തിക**

248 (2486) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ട്രാവൻകൂർ ടൈറ്റാനിയത്തിൽ നിലവിൽ അംഗീകരിക്കപ്പെട്ടിട്ടുള്ള ഓഫീസർ തസ്തികകളുടെ എണ്ണം എത്രയാണ് എന്ന വിവരം ലഭ്യമാക്കാമോ;

(ബി) നിലവിൽ എത്ര ഓഫീസർമാരാണ് പ്രസ്തുത സ്ഥാപനത്തിൽ ജോലി ചെയ്യുന്നത് എന്ന് അറിയിക്കുമോ ;

(സി) പ്രസ്തുത സ്ഥാപനത്തിലേക്ക് എക്സിക്യൂട്ടീവ് ട്രെയിനികളെ റിക്രൂട്ട് ചെയ്യാൻ തീരുമാനിക്കുകയുണ്ടായോ;

(ഡി) എങ്കിൽ എത്ര പേരെ റിക്രൂട്ട് ചെയ്തുവെന്നും റിക്രൂട്ട് ചെയ്യാനുള്ള കാരണം എന്താണെന്നും വ്യക്തമാക്കാമോ ;

(ഇ) എക്സിക്യൂട്ടീവ് ട്രെയിനികൾക്ക് സർക്കാർ എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നതെന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) അംഗീകരിക്കപ്പെട്ട ഓഫീസർ തസ്തികകളുടെ എണ്ണം 126 ആണ്.

(ബി) നിലവിൽ 106 (നീണ്ട അവധി/ഡെപ്യൂട്ടേഷൻ ഉൾപ്പെടെ) പേരാണ് ഓഫീസർ തസ്തികയിൽ ജോലി ചെയ്യുന്നത്.

(സി&ഡി) എക്സിക്യൂട്ടീവ് ട്രെയിനി എന്ന തസ്തിക കമ്പനിയിലില്ല. എന്നാൽ കമ്പനിയിലെ അസിസ്റ്റന്റ് പ്ലാന്റ് മാനേജർ തസ്തികയിൽ സ്ഥിര നിയമനം നടത്തുന്നതിലേക്കായി മാനേജ്മെന്റ് ട്രെയിനി (കെമിക്കൽ) തസ്തികയിലെ മൂന്ന് ഒഴിവുകൾ 29-10-2014-ൽ കമ്പനി വിജ്ഞാപനം ചെയ്തിട്ടുണ്ട്.

(ഇ) മാനേജ്മെന്റ് ട്രെയിനികൾക്ക് സർക്കാരിൽ നിന്നും ആനുകൂല്യങ്ങളൊന്നും നൽകുന്നില്ല.

**ഇൻക്യൂബേറ്റർ സെന്ററുകൾ**

249 (2487) <u>ശ്രീ. പി. തിലോത്തമൻ</u> :
<u>ശ്രീ. ചിറ്റയം ഗോപകുമാർ</u> :
<u>ശ്രീ. വി. ശശി</u> :

<u>ശ്രീമതി ഗീതാ ഗോപി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിദ്യാർത്ഥികൾക്കായി വ്യവസായ വികസന കോർപ്പറേഷൻ ഇൻക്യൂബേറ്റർ സെന്ററുകൾ ആരംഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര സെന്ററുകൾ പ്രവർത്തനം ആരംഭിച്ചു ; മൊത്തം എത്ര സെന്ററുകൾ ആണ് സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുള്ളത്; അവ എവിടെയെല്ലാം ;

(ബി) പ്രസ്തുത സെന്ററുകളുടെ പ്രവർത്തന ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(സി) ഏതെല്ലാം തരം വ്യവസായങ്ങൾക്കാണ് ഈ സെന്ററുകൾ പ്രാമുഖ്യം നൽകുന്നതെന്ന് വെളിപ്പെടുത്തുമോ ?

<u>ഉത്തരം</u>

(എ) കെ.എസ്.ഐ.ഡി.സി.-യുടെ നേതൃത്വത്തിൽ പുതുസംരംഭകർക്കായി വിവിധ സ്ഥലങ്ങളിൽ ബിസിനസ് ഇൻക്യൂബേഷൻ സെന്ററുകൾ തുടങ്ങാനാണ് പദ്ധതിയിട്ടിരിക്കുന്നത്. ഇതിന്റെ ഭാഗമായി ആദ്യത്തെ ഇൻക്യൂബേഷൻ സെന്റർ കൊച്ചി കിൻഫ്ര പാർക്കിൽ 2014 നവംബർ മാസം 13-ാം തീയതി പ്രവർത്തനം ആരംഭിച്ചു. ഇതുകൂടാതെ, അങ്കമാലിയിൽ INKEL Tower, കോഴിക്കോട് വ്യവസായ വളർച്ചാ കേന്ദ്രം, തിരുവനന്തപുരത്ത് ലൈഫ് സയൻസ് ഇൻക്യുബേറ്റർ എന്നീ പുതിയ ഇൻക്യുബേറ്ററുകൾ തുടങ്ങാൻ കെ.എസ്.ഐ.ഡി.സി. നടപടി എടുത്തിട്ടുണ്ട്.

(ബി) പുതിയ സംരംഭകർക്ക് വിവിധ മേഖലകളിലുള്ളവരുടെ ആശയങ്ങൾ പ്രാവർത്തികമാക്കാനുള്ള അവസരമാണ് കെ.എസ്.ഐ.ഡി.സി. നൽകുന്നത്. ഇതിനുവേണ്ടി അടിസ്ഥാന സൗകര്യങ്ങളോടുകൂടിയ സ്ഥലവും അനുബന്ധ സഹായവും ലഭ്യമാക്കുന്നതാണ്.

(സി) കാക്കനാട് കിൻഫ്ര പാർക്കിൽ തുടങ്ങിയിരിക്കുന്ന ഇൻക്യുബേഷൻ സെന്ററിൽ ഇൻഫർമേഷൻ ടെക്നോളജി ഇലക്ട്രോണിക്സിനും പ്രാമുഖ്യം നൽകും അങ്കമാലിയിലെ ഇൻകെൽ ടവറിലും കോഴിക്കോട് വ്യവസായ വളർച്ചാ കേന്ദ്രത്തിലും തുടങ്ങാനിരിക്കുന്ന ഇൻക്യൂബേഷൻ സെന്ററുകളിൽ നാളികേര അനുബന്ധ വ്യവസായങ്ങൾക്കും മറ്റു ഭക്ഷ്യസംസ്കരണ വ്യവസായങ്ങൾക്കും തിരുവനന്തപുരത്ത് ലൈഫ് സയൻസ് പാർക്കിൽ തുടങ്ങാനിരിക്കുന്ന ഇൻക്യൂബേറ്ററിൽ ലൈഫ് സയൻസ് അനുബന്ധ വ്യവസായങ്ങൾക്കുമാണ് പ്രാമുഖ്യം നൽകിയിരിക്കുന്നത്.

**പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണം**

250 (2488) <u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിനും നവീകരണത്തിനുമായി നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ;

(ബി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കേന്ദ്ര പൊതുമേഖല സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിനായി നടപ്പാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(സി) കേന്ദ്ര സർക്കാർ ഏജൻസികളുമായും, സംസ്ഥാന സർക്കാർ വകുപ്പുകളുമായും ബന്ധപ്പെട്ട കേന്ദ്ര - സംസ്ഥാന പൊതുമേഖല സ്ഥാപനങ്ങൾക്ക് കൂടുതൽ ഓർഡറുകൾ നേടുന്നതിനും വാണിജ്യ വ്യവസായ രംഗം വിപുലീകരിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തി കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള ദീർഘവീക്ഷണത്തോടെയുള്ള വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരികയാണ്. പൊതുമേഖലാ സ്ഥാപനങ്ങൾ നഷ്ടത്തിൽ പ്രവർത്തിക്കുന്നതിന്റെ അടിസ്ഥാന കാരണങ്ങൾ കണ്ടെത്തി ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവത്ക്കരണ മുൾപ്പെടെയുള്ള നവീകരണ വിപുലീകരണ പദ്ധതികൾ ആവിഷ്കരിച്ചും വിപണന രംഗം ശക്തിപ്പെടുത്തിയും പ്രവർത്തനം മെച്ചപ്പെടുത്തുന്ന നടപടികൾ ഇതിനകം തന്നെ ആരംഭിച്ചിട്ടുണ്ട്.

വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനായി കഴിഞ്ഞ മൂന്ന് വർഷമായി 563.68 കോടി രൂപയുടെ സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷം ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള 150 കോടി രൂപ പൊതുമേഖലാ സ്ഥാപനങ്ങൾക്കുള്ള വികസന പദ്ധതികൾക്കായി അനുവദിച്ചുവരുന്നു.

(ബി) ലാഭത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഫാക്ട് ലിമിറ്റഡ് നേരിടുന്ന വൻസാമ്പത്തിക പ്രതിസന്ധി കണക്കിലെടുത്ത് ഫാക്ടിന്റെ എൽ.എൻ.ജി. അധിഷ്ഠിത പ്രവർത്തനങ്ങൾക്ക് വാങ്ങുന്ന എൽ.എൻ.ജി.-യിന്മേലുള്ള 14.5 ശതമാനം മൂല്യവർദ്ധിത നികുതി (കെ.വി.എ.റ്റി.) ഒഴിവാക്കിക്കൊടുക്കാൻ സംസ്ഥാന സർക്കാർ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. ഫാക്ടിന്റെ ദീർഘകാലാടിസ്ഥാനത്തിലുള്ള ലാഭകരമായ പ്രവർത്തനം ലക്ഷ്യം വച്ചുകൊണ്ട് ഫാക്ട് സമർപ്പിച്ച 991 കോടി രൂപയുടെ സാമ്പത്തിക പാക്കേജ് കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള ബോർഡ് ഫോർ റീകൺസ്ട്രക്ഷൻ ഓഫ് പബ്ലിക് എന്റർപ്രൈസസ് (ബി.ആർ.പി.എസ്.ഇ.) ശിപാർശ ചെയ്ത് കേന്ദ്ര രാസവളം മന്ത്രാലയം അംഗീകരിക്കുകയും, കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക കാര്യങ്ങൾക്കായുള്ള മന്ത്രിതല സമിതിയുടെ അംഗീകാരത്തിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പാക്കേജിലൂടെ അനുവദിച്ച സാമ്പത്തിക സഹായം എത്രയുംവേഗം ഫാക്ടിന് അനുവദിക്കണമെന്നഭ്യർത്ഥിച്ചുകൊണ്ട് ബഹുമാനപ്പെട്ട കേന്ദ്ര മുഖ്യമന്ത്രി, ബഹുമാനപ്പെട്ട പെട്രോളിയം പ്രകൃതി വാതക വകുപ്പുമന്ത്രിക്ക് കത്തയച്ചിട്ടുണ്ട്. മറ്റു കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിക്കുന്ന വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ഉണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു :

- സിമന്റ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുമായി സഹകരിച്ച് മലബാർ സിമന്റ്സിന് ക്ലിങ്കർ ലഭ്യമാക്കി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു.
- കോട്ടൺ കോർപ്പറേഷൻ ഓഫ് ഇന്ത്യയുമായി സഹകരിച്ച് ടെക്സ്റ്റയിൽ മില്ലുകൾക്ക് ആവശ്യമായ ഗുണമേന്മയുള്ള പഞ്ഞി ലഭ്യമാക്കി.
- കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ആന്ധ്രപ്രദേശ് സർക്കാരിൽ നിന്നും ഓർഡറുകൾ കരസ്ഥമാക്കിയിട്ടുണ്ട്.
- കെൽ, ട്രാക്കോ എന്നീ സ്ഥാപനങ്ങൾ കർണ്ണാടക സർക്കാർ സ്ഥാപനമായ ബെസ്റ്റ്കോമിൽ നിന്ന് കൂടുതൽ ഓർഡറുകൾ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നേടി വിപണി വിപുലീകരണം നടത്തിയിട്ടുണ്ട്.

- കെൽട്രോണിന്റെ പ്രവർത്തന വിപുലീകരണത്തിന്റെ ഭാഗമായി വി.എസ്.എസ്.സി.-യുമായി യോജിച്ച് പ്രവർത്തനം നടത്തുന്നുണ്ട്. കൂടാതെ കേന്ദ്ര പ്രതിരോധ വകുപ്പിൽ നിന്നും വകുപ്പിന്റെ കീഴിലുള്ള ഏജൻസികളിൽനിന്നും കൂടുതൽ ഓർഡറുകൾ ലഭിച്ചുവരുന്നു.
- സ്റ്റീൽ&ഇൻഡസ്ട്രിയൽ ഫോർജിംഗ്സിന് വി.എസ്.എസ്.സി.-യിൽ നിന്നും കേന്ദ്ര പ്രതിരോധ വകുപ്പിൽ നിന്നും ഓർഡറുകൾ ലഭിക്കുന്നുണ്ട്.
- മേൽപ്പറഞ്ഞവ കൂടാതെ മറ്റുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്കും കേരളത്തിലെ ഇതര സർക്കാർ വകുപ്പുകളിൽനിന്നും ഇതര സംസ്ഥാനങ്ങളിലെ വകുപ്പുകളിൽ നിന്നും ആവശ്യമായ ഓർഡറുകൾ ലഭിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നുണ്ട്.

**യെസ് സംഗമം 2014**

251 (2489) ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. പി. സി വിഷ്ണുനാഥ് :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് 'യെസ്' (Young Entrepreneur Summit) 2014 സംഘടിപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) എന്തെല്ലാം ആശയങ്ങളാണ് സമ്മിറ്റ് വഴി മുന്നോട്ട് വച്ചത്;

(ഡി) എന്തെല്ലാം തുടർനടപടികളാണ് ഇതിന്മേൽ നടപ്പാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത് ; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ) ഉണ്ട്. കേരളത്തിലെ വിദ്യാർത്ഥി സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനും

അവർക്ക് വേണ്ട സഹായങ്ങൾ നൽകുന്നതിനുമായി 2011-ൽ സംസ്ഥാന സർക്കാർ സ്റ്റുഡന്റ് എന്റർപ്രണർഷിപ്പ് പോളിസി പുറത്തിറക്കുകയുണ്ടായി. പ്രസ്തുത പോളിസിയെ അടിസ്ഥാനമാക്കി വിദ്യാർത്ഥി/ യുവസംരംഭകരുടെ സംരഭകത്വ ആശയങ്ങളെ യാഥാർത്ഥ്യമാക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളും പ്രോത്സാഹനങ്ങളും നൽകുക എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് 2014 സെപ്റ്റംബർ 12-ാം തീയതി യുവ സംരംഭക സംഗമം സംഘടിപ്പിച്ചത്. കേരളത്തിന്റെ വിവിധ മേഖലകളിൽ വിജയം കൈവരിച്ചിട്ടുള്ള സംരംഭകരും യുവ സംരംഭകരും അവരുടെ അനുഭവങ്ങൾ പ്രസ്തുത സംഗമത്തിൽ പങ്കുവച്ചു. പല മേഖലകളിലുള്ള സംരഭകത്വ ആശയങ്ങളുമായി സംസ്ഥാനത്തെ വിവിധ കോളേജുകളിൽ നിന്നുള്ള വിദ്യാർത്ഥികൾ ഉൾപ്പെടെ ഏകദേശം 4000-ത്തോളം യുവതീയുവാക്കളാണ് യുവസംരഭകത്വ സംഗമത്തിൽ പങ്കെടുത്തത്.

(ബി) 'യുവസംരംഭക സംഗമത്തിന്റെ' ഉദ്ദേശ്യലക്ഷ്യങ്ങൾ താഴെ നൽകിയിരിക്കുന്നു:

- യുവസംരംഭകരുടെ സംരംഭകത്വ ആശയങ്ങൾക്ക് ആവശ്യമായ പ്രചോദനം നൽകുക.
- യുവതലമുറയെ തൊഴിൽ അന്വേഷകരിൽ നിന്നും തൊഴിൽ ദാതാക്കളാക്കി മാറ്റുക.
- യുവസംരംഭകരുടെ സംരംഭകത്വ ആശയങ്ങൾ സാക്ഷാത്കരിക്കുന്നതിന് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുക.
- കേരളത്തെ യുവസംരംഭകരുടെ സംരംഭകത്വ കേന്ദ്രമാക്കി മാറ്റുക.
- സംരംഭകരുടെ നൂതന ആശയങ്ങളുടെ പ്രദർശനത്തിനായുള്ള വേദിയൊരുക്കുക.

(സി&ഡി) യുവസംരംഭകത്വ സംഗമം 2014-ന്റെ ഭാഗമായി യുവ/വിദ്യാർത്ഥി സംരംഭകർക്ക് അവരുടെ നൂതനമായ ആശയങ്ങൾ സമർപ്പിക്കുന്നതിനുള്ള അവസരം നൽകുകയുണ്ടായി. ഇതിന്റെ ഭാഗമായി അഗ്രികൾച്ചർ & ഫുഡ് പ്രോസസിങ്ങ്, ഇലക്ട്രോണിക്സ് & ഡിജിറ്റൽ മീഡിയ, ഹെൽത്ത് കെയർ & ലൈഫ് സയൻസ്, ബിസിനസ് ഇന്നവേഷൻ & ഗ്രീൻ ടെക്നോളജി, ടൂറിസം & ഹോസ്പിറ്റാലിറ്റി, മാനുഫാക്ചറിംഗ്, ഇൻഫർമേഷൻ ടെക്നോളജി തുടങ്ങി ഏഴ് മേഖലകളിൽനിന്നും ഏകദേശം അഞ്ഞൂറോളം ആശയങ്ങളാണ് ലഭിച്ചത്. ഇവയിൽനിന്നും തെരഞ്ഞെടുത്ത മികച്ച പത്ത് ആശയങ്ങൾക്ക് അവാർഡും നൽകുകയുണ്ടായി. ധനസഹായവും, ഇൻക്യൂബേഷൻ സ്പേസും ആവശ്യപ്പെട്ടിട്ടുള്ള യുവ സംരംഭകരുടെ ആശയങ്ങളെ യാഥാർത്ഥ്യമാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

## ആലപ്പുഴ KSDP-യുടെ നഷ്ടം നികത്താൻ നടപടി

252 (2490) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ KSDP-യിലെ ഉത്പാദനം, കഴിഞ്ഞ രണ്ട് സാമ്പത്തിക വർഷങ്ങളിലായി ഗണ്യമായി കുറഞ്ഞു വരുന്നതും കോടികളുടെ നഷ്ടം ഉണ്ടാകുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്റെ കാരണം എന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ; ഇതിനു കാരണക്കാരായവർ ആരെല്ലാമാണെന്ന് പറയാമോ ;

(ബി) റാണിറ്റിഡിൻ ഗുളികകൾ പോലുള്ള മരുന്നുകളുടെ ഉത്പാദനം ആലപ്പുഴ KSDP-യിൽ പരാജയപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതിന്റെ കാരണം എന്താണെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ടോ ;

(സി) ആലപ്പുഴ KSDP-യിൽ ഒഴിവുള്ള അസിസ്റ്റന്റ് ഗ്രേഡ് II, ഡ്രൈവർ തസ്തികകളിലേക്ക് PSC വഴി നിയമനം നടത്താത്തത് എന്തുകൊണ്ടാണെന്ന് പറയാമോ; മാനേജ്മെന്റിന് താല്പര്യമുള്ളവരെ താല്ക്കാലിക സ്വഭാവത്തിൽ എട്ടും പത്തും വർഷങ്ങളായി അവിടെ നിലനിർത്തിയിരിക്കുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്; ഇത് പ്രധാനമായും മുൻകാലങ്ങളിൽ വിറ്റാമിൻ എ-യ്ക്ക് നൽകിയതും ഇപ്പോൾ പ്രവർത്തനമില്ലാത്തതുമായ വിറ്റാമിൻ എ പദ്ധതിക്ക് നൽകിയ വായ്പയുടെ പലിശയിനത്തിലെ വർദ്ധനവ്, കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും ലഭിച്ച ഓർഡറുകളിൽ കഴിഞ്ഞ സാമ്പത്തിക വർഷം വിലയിൽ വന്ന കുറവ്, ഉത്പാദനത്തിന് ആവശ്യമായ അസംസ്കൃത വസ്തുക്കളുടെ വില വർദ്ധനവ്, കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും ആവശ്യമായ ഓർഡറുകൾ ലഭിക്കാത്തത്, പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പാക്കാതെവന്ന സാഹചര്യം, അതിന്മേൽ വന്ന വായ്പയുടെ പലിശ എന്നീ കാരണങ്ങളാണ് ഇതിന് കാരണമായത്.

(ബി) ഉണ്ട്; റാണിറ്റിഡിൻ ഗുളികകൾ പാക്ക് ചെയ്യേണ്ടത് സ്ട്രിപ്പ് പാക്കിംഗ് ടെക്നോളജി ഉപയോഗിച്ചാണ്. എന്നാൽ മുൻകാലങ്ങളിൽ ബ്ലിസ്റ്റർ പാക്ക് ടെക്നോളജി ഉപയോഗിച്ചതാണ് മരുന്നിന്റെ ഉത്പാദനം പരാജയപ്പെടാൻ കാരണം. ഗുളികകൾ നല്ല രീതിയിൽ ഉത്പാദിപ്പിക്കാൻ കഴിഞ്ഞെങ്കിലും

പാക്കിംഗിൽ വന്ന പോരായ്മയാണ് ഇതിന്റെ പ്രധാന കാരണമെന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സ്ലിപ്പ് പായ്ക്ക് ചെയ്യാനുള്ള ക്രമീകരണങ്ങൾ എടുത്തിട്ടുണ്ട്. അതോടൊപ്പം അന്തരീക്ഷത്തിലെ ഈർപ്പം ടി മരുന്നിന്റെ ഉത്പാദനത്തിൽ പ്രധാന പങ്ക് വഹിക്കുന്നു. ഇത് നിയന്ത്രിച്ച് നിർത്തുന്നതിനുള്ള സ്ഥിരം സംവിധാനം കെ.എസ്.ഡി.പി.-യുടെ നോൺ ബീറ്റാലാക്ടം പ്ലാന്റിൽ ഇല്ല. എങ്കിലും ലഭ്യമായിട്ടുള്ള താൽക്കാലിക സംവിധാനം ഉപയോഗിച്ച് ടി മരുന്നിന്റെ ഉത്പാദനം നടത്തുവാനുള്ള ക്രമീകരണങ്ങൾ എടുത്തിട്ടുണ്ട്.

(സി) കെ.എസ്.ഡി.പി.-യിൽ അസിസ്റ്റന്റ് ഗ്രേഡ് II എന്ന ഒരു തസ്തിക നിലവിലില്ല. ജൂനിയർ അസിസ്റ്റന്റ്, ഡ്രൈവർ ഗ്രേഡ് II എന്നീ തസ്തികകളുടെ ഒഴിവുകൾ 18-7-2011-ലും, പിന്നീട് 4-8-2012, 6-11-2012, 26-3-2013, 29-5-2013 എന്നീ തീയതികളിലെ കത്തുകൾ മുഖേനയും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. ടി ജീവനക്കാരുടെ കുറവ് നികത്തുന്നതിനായി കമ്പനിയിലെ ഉത്പാദനത്തെയും, വിതരണത്തെയും ബാധിക്കാത്ത രീതിയിൽ താത്ക്കാലിക ജീവനക്കാരെ ആവശ്യമുള്ള ദിവസങ്ങളിൽ മാത്രം ദിവസക്കൂലി അടിസ്ഥാനത്തിൽ ജോലി ചെയ്യിക്കുന്നുണ്ട്.

## കെ.എം.എം.എൽ.-ലെ ക്രമക്കേട്

253 (2491) <u>ശ്രീ. എം. എ. ബേബി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എം.എം.എൽ.-ലെ വിവിധ കോൺട്രാക്റ്റ് വർക്കുകൾക്ക് കോൺട്രാക്റ്റ് തുകയ്ക്ക് പുറമേ കോൺട്രാക്ടർമാർ അടക്കേണ്ട സർവ്വീസ് ടാക്സ് കൂടി അധികമായി കോൺട്രാക്ടർമാർക്ക് നൽകിയിട്ടുള്ളതു സംബന്ധിച്ച 2011-C&AG-യുടെ ഓഡിറ്റ് റിപ്പോർട്ടിൽ എത്ര ലക്ഷം രൂപയാണ് ക്രമക്കേട് കണ്ടെത്തിയത് എന്ന് വ്യക്തമാക്കാമോ ;

(ബി) ഇതുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചതെന്നും, നടപടി സ്വീകരിച്ചില്ലെങ്കിൽ എന്താണ് നടപടി സ്വീകരിക്കാത്തതിന് കാരണമെന്നും വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) കെ.എം.എം.എൽ.-ലെ കോൺട്രാക്ടർ 'ഭവാനി ഇറക്ടേഴ്സ്' എന്ന

സ്ഥാപനത്തിന് കോൺട്രാക്ട് തുകയ്ക്ക് പുറമേ കോൺട്രാക്ടർ അടയ്ക്കേണ്ട സർവ്വീസ് ടാക്സ് കൂടി അധികമായി കോൺട്രാക്ടർക്ക് നൽകിയതിനെ സംബന്ധിച്ച് 2011-ൽ സി ആന്റ് എ.ജി.-യുടെ ഓഡിറ്റ് പ്രകാരം കമ്പനി 51.86 ലക്ഷം രൂപ അധികമായി നൽകിയിട്ടുണ്ട്.

(ബി) 1-10-2014-ൽ കൂടിയ ഡയറക്ടർ ബോർഡ് ഇക്കാര്യം ചർച്ച ചെയ്യുകയും അടുത്ത ഡയറക്ടർ ബോർഡ് യോഗത്തിൽ വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. അതിൻപ്രകാരമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

## കെ.എം.എം.എൽ.-ൽ നിയമം ലംഘിച്ച് ഖനന കോൺട്രാക്ട് നൽകിയ നടപടി

254 (2492) <u>ശ്രീ. എം. എ. ബേബി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എം.എം.എൽ.-ൽ നിയമം ലംഘിച്ചാണ് മൈനിംഗ് സൈറ്റിൽ ഖനന കോൺട്രാക്ട് നൽകിയതെന്ന് ബഹു. ഹൈക്കോടതി കണ്ടെത്തിയതിനു ശേഷം നടന്ന റീ-ടെണ്ടറിൽ കമ്പനിക്ക് എത്ര കോടി രൂപ നേട്ടമുണ്ടായി എന്ന് വ്യക്തമാക്കാമോ ;

(ബി) കമ്പനിയിൽ നിയമം ലംഘിച്ച് ടെണ്ടർ നടപടിക്രമത്തിൽ ബോധപൂർവ്വം വീഴ്ച വരുത്തി കമ്പനിക്ക് നഷ്ടമുണ്ടാക്കിയ ഉദ്യോഗസ്ഥർ ആരൊക്കെയാണെന്നും ഇവർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചതെന്നും വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) കമ്പനിക്ക് 1,33,75,236.00 രൂപ ലാഭം ഉണ്ടായി.

(ബി) കമ്പനിയിൽ നിലനിൽക്കുന്ന എല്ലാ നിയമങ്ങളും പാലിച്ചുകൊണ്ടു തന്നെയാണ് ടെണ്ടർ നടപടികൾ പൂർത്തീകരിച്ചത്.

## ചവറ റേഞ്ച്- ധാതുമണൽ സമ്പത്ത്

255 (2493) <u>ശ്രീ. കെ. ശിവദാസൻ നായർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ചവറ റേഞ്ച് എന്നറിയപ്പെടുന്ന നീണ്ടകര മുതൽ

കായംകുളം വരെയുള്ള തീരത്തുള്ള ധാതുമണൽ സമ്പത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(ബി) ഇത് ഖനനം ചെയ്യുന്നതിനും ഗുണകരമായി വിനിയോഗിക്കുന്നതിനും എന്തൊക്കെ പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(സി) കേരളത്തെ മറ്റൊരു ഗൾഫാക്കി മാറ്റാൻ സാധ്യതയുള്ളതാണ് ഈ ധാതുസമ്പത്തെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരളത്തിൽ കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി താലൂക്കിൽ നീണ്ടകര മുതൽ കായംകുളം പൊഴിവരെയുള്ള കടൽത്തീരവും, ആലപ്പാട്, അഴീക്കൽ, ചെറിയഴിക്കൽ, പന്മന, ശ്രായികടവ് എന്നീ ഭാഗങ്ങളിലും ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ, കായംകുളം, കാർത്തികപ്പള്ളി, ചേർത്തല എന്നീ ഭാഗങ്ങളിലുമാണ് ധാതുമണൽ ധാരാളമായി കണ്ടുവരുന്നത്. ഈ പ്രദേശങ്ങളിൽ ചില ഭാഗത്ത് പൊതുമേഖലസ്ഥാപനങ്ങളായ കേരള മിനറൽ & മെറ്റൽസ് ലിമിറ്റഡ് (K.M.M.L), ഇന്ത്യൻ റെയർ എർത്ത്സ് ലിമിറ്റഡ് (I.R.E.L) എന്നീ സ്ഥാപനങ്ങൾക്ക് ധാതുമണൽ ഖനനത്തിന് അനുമതി നൽകിയിട്ടുണ്ട്. K.M.M.L. ചവറ, ട്രാവൻകൂർ ടൈറ്റാനിയം (TTP), തിരുവനന്തപുരം എന്നീ പൊതുമേഖലാ സ്ഥാപനങ്ങൾ ഇവിടെ നിന്നുള്ള ധാതുമണൽ ഉപയോഗിച്ച് മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഉത്പാദിപ്പിക്കുന്നു.

ജനങ്ങൾ തിങ്ങിപ്പാർക്കുന്ന ഈ മേഖലയിലെ ധാതുസമ്പത്ത് ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിന് സ്ഥലവാസികളെക്കൂടി വിശ്വാസത്തിലെടുത്തുകൊണ്ടുള്ള പ്രവർത്തനങ്ങൾക്കാണ് മുൻതൂക്കം നൽകുന്നത്. കേന്ദ്ര സർക്കാർ സ്ഥാപനങ്ങളായ ഇന്ത്യൻ ബ്യൂറോ ഓഫ് മൈൻസ്, ഡയറക്ടർ ജനറൽ ഓഫ് മൈൻ സേഫ്റ്റി, കേന്ദ്ര അറ്റോമിക് എനർജി ഡിപ്പാർട്ടുമെന്റ് എന്നിവയുടെ കർശന നിയന്ത്രണത്തിലാണ് ഖനനം നടത്തുന്നത്. കൂടാതെ ഖനനത്തിന് കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെയും, തീരദേശ പരിപാലന അതോറിറ്റിയുടെയും മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കുന്നുണ്ട്.

ധാതുമണലിന്റെ ലഭ്യതക്കുറവുമൂലം പൊതുമേഖലാ സ്ഥാപനങ്ങളായ ഐ.ആർ.ഇ.എൽ., ട്രാവൻകൂർ ടൈറ്റാനിയം, കെ.എം.എം.എൽ. എന്നീ കമ്പനികളുടെ സ്ഥാപിത ശേഷി പൂർണ്ണമായി ഉപയോഗിക്കാൻ സാധിക്കുന്നില്ല.

(സി) ഉണ്ട്. പരിസ്ഥിതി പ്രശ്നങ്ങൾ ലഘൂകരിച്ച്, പ്രദേശവാസികൾക്ക് ബുദ്ധിമുട്ടുണ്ടാകാത്ത വിധത്തിൽ ധാതുമണൽ ഖനനം ചെയ്ത്, ശുദ്ധീകരിച്ച്, കൂടുതൽ മൂല്യവർദ്ധിത ഉത്പന്നങ്ങൾ പൊതുമേഖലാ സ്ഥാപനങ്ങളായ K.M.M.L., TTP എന്നിവ മുഖാന്തരം ഉത്പാദിപ്പിക്കുവാൻ സാധിക്കും.

## ധാതുസമ്പത്ത് സംരക്ഷിക്കുന്നതിന് മൈനിംഗ് & ജിയോളജി വകുപ്പ് ആവിഷ്കരിച്ച പദ്ധതികൾ

256 (2494) <u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തുള്ള ധാതുസമ്പത്തിനെക്കുറിച്ച് വിശദമായ സർവ്വേ നടത്തിയിട്ടുണ്ടോ ; എങ്കിൽ ഈ സർവ്വേയുടെ അടിസ്ഥാനത്തിൽ ധാതുസമ്പത്ത് സംരക്ഷിക്കുന്നതിന് ആവിഷ്കരിച്ച പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ;

(ബി) കേരളത്തിൽ മൈനിംഗ് & ജിയോളജി വകുപ്പിന്റെ കീഴിൽ എത്ര ലബോറട്ടറികൾ പ്രവർത്തിക്കുന്നുണ്ടെന്നും എന്തെല്ലാം പ്രവർത്തനങ്ങളാണ് പ്രസ്തുത ലാബുകളിൽ നടക്കുന്നതെന്നും വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്. സംസ്ഥാനത്ത് ചൈനക്ലേ, ഇൽമനൈറ്റ്, റൂട്ടൈൽ, സിർക്കോൺ, സില്ലിമനൈറ്റ്, സിലിക്കാ സാൻഡ്, ലൈംഷെൽ, ലൈംസ്റ്റോൺ, ബോക്സൈറ്റ്, ക്വാർട്ട്സ്, ഗ്രാഫൈറ്റ്, സ്വർണ്ണം, ഇരുമ്പ് എന്നീ വൻകിട ധാതുക്കളും, ചെറുകിട ധാതുക്കളായ ഗ്രാനൈറ്റ് ബിൽഡിംഗ് സ്റ്റോൺ, ഗ്രാനൈറ്റ് ഡൈമെൻഷൻ സ്റ്റോൺ, ലാറ്ററൈറ്റ്, ലൈംഷെൽ, ബ്രിക്ക്ക്ലേ, ഓർഡിനറി സാൻഡ് എന്നിവയുമാണ് പ്രധാനപ്പെട്ട ധാതു നിക്ഷേപങ്ങൾ. തിരുവനന്തപുരം ജില്ലയിലെ മേൽതോന്നയ്ക്കൽ, പള്ളിപ്പുറം, വെയിലൂർ, അണ്ടൂർക്കോണം, ആഴൂർ എന്നീ വില്ലേജുകൾ, കൊല്ലം ജില്ലയിലെ കുണ്ടറ, മുളവന, പള്ളിമൺ, വെളിച്ചിക്കാല, കണ്ണനൂർ

ജില്ലയിലെ പഴയങ്ങാടി, കണ്ണപുരം, മാടായി, കാസർഗോഡ് ജില്ലയിലെ എരിക്കുളം, നീലേശ്വരം, സീതാംഗോളി, മിയാപദവ് എന്നീ സ്ഥലങ്ങളിലും ചീനക്കളിമൺ നിക്ഷേപം കണ്ടെത്തിയിട്ടുണ്ട്. ആലപ്പുഴ മുതൽ ചേർത്തലയിലെ പാണാവള്ളി വരെയുള്ള തീരപ്രദേശത്താണ് സിലിക്കാമണൽ നിക്ഷേപമുള്ളത്. തിരുവനന്തപുരം ജില്ലയിലെ മംഗലപുരം, ശാസ്തവട്ടം, കൊല്ലം ജില്ലയിലെ പോരുവഴി, ചക്കുവള്ളി, കാസർഗോഡ് ജില്ലയിലെ കുമ്പള എന്നീ സ്ഥലങ്ങളിൽ ബോക്സൈറ്റ് നിക്ഷേപമുണ്ട്. എറണാകുളം ജില്ലയിലെ വടകോട്, നാഗപ്പുഴ, കോട്ടയം ജില്ലയിലെ ചിറക്കടവ്, തിരുവനന്തപുരം ജില്ലയിലെ വേളി, കുറിച്ചൽ, വെള്ളനാട് എന്നീ സ്ഥലങ്ങളിൽ ഗ്രാഫൈറ്റ് നിക്ഷേപമുണ്ട്. ആലപ്പുഴ, കോട്ടയം , കാസർഗോഡ് എന്നീ ജില്ലകളിലെ ചതുപ്പ് പ്രദേശങ്ങൾ, നദീമുഖങ്ങൾ, കായലുകൾ എന്നിവിടങ്ങളിൽ കക്കാ നിക്ഷേപമുണ്ട്. പാലക്കാട് ജില്ലയിലെ വാളയാർ പ്രദേശത്ത് ചുണ്ണാമ്പ് നിക്ഷേപവും വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരിയിലും മാനന്തവാടിയിലും വൈത്തിരിയിലും ക്വാർട്ട്സ് നിക്ഷേപവും കണ്ടെത്തിയിട്ടുണ്ട്. കൊല്ലം ജില്ലയിലെ നീണ്ടകര മുതൽ ആലപ്പുഴ ജില്ലയിലെ തോട്ടപ്പള്ളി വരെയുള്ള തീരപ്രദേശത്ത് ധാതുമണൽ നിക്ഷേപവും കോഴിക്കോട്, മലപ്പുറം ജില്ലകളിൽ ഇരുമ്പയിരിന്റെ നിക്ഷേപവും മലപ്പുറം ജില്ലയിൽ നിലമ്പൂർ താഴ്വരയിലും പാലക്കാട് ജില്ലയിൽ അട്ടപ്പാടി പ്രദേശത്തും സ്വർണ്ണ നിക്ഷേപവും കണ്ടെത്തിയിട്ടുണ്ട്. കൊല്ലം, ആലപ്പുഴ ജില്ലകളുടെ തീരപ്രദേശങ്ങളിൽ നിന്നും ധാതുമണൽ കടത്ത് തടയുന്നതിന് പോലീസ് ഉദ്യോഗസ്ഥരുടെ സ്ക്വാഡ് പ്രവർത്തിക്കുന്നുണ്ട്. അതുപോലെ ചേർത്തല താലൂക്കിൽ സിലിക്കാ മണൽ ഖനനവും കടത്തും നിയന്ത്രിക്കുന്നതിനും നിരീക്ഷിക്കുന്നതിനുമായി പ്രത്യേക സ്ക്വാഡ് പ്രവർത്തിക്കുന്നു. കൂടാതെ Mines and Minerals (Development & Regulation) Act 1957, Mineral Concession Rules 1960, Kerala Minor Mineral Concession Rules 1967 എന്നിവ കർശനമായി പാലിച്ച് വൻകിട ധാതുക്കളുടേയും ചെറുകിട ധാതുക്കളുടേയും ഖനനം നിയന്ത്രിച്ച് വരുന്നു.

(ബി) സംസ്ഥാനത്ത് മൈനിംഗ് ആൻറ് ജിയോളജി വകുപ്പിന്റെ കീഴിൽ കെമിക്കൽ ലബോറട്ടറി, മിനറോളജി ആൻറ് ജെം ടെസ്റ്റിംഗ് ലബോറട്ടറി എന്നീ രണ്ട് ലബോറട്ടറികളാണുള്ളത്. കെമിക്കൽ ലാബിൽ സ്വർണ്ണം, വെള്ളി, ചെമ്പ്, അലുമിനിയം, ഇരുമ്പ് മുതലായ അയിരുകളും സിലിക്കാ സാൻഡ്, ക്ലേ, പാറ മുതലായ ധാതുക്കളും പരിശോധിച്ച് റിപ്പോർട്ട് നൽകുന്നു. കൂടാതെ മണൽ സാമ്പിൾ

തരംതിരിച്ച് റിപ്പോർട്ട് നൽകുന്നു. മിനറോളജി ആന്റ് ജെം ടെസ്റ്റിംഗ് ലാബിൽ പാറകളുടേയും ധാതുക്കളുടേയും തിൻസെക്ഷൻ പരിശോധന, രത്നക്കല്ലുകൾ പരിശോധിച്ച് അവയുടെ ഇനവും സ്വാഭാവിക സ്റ്റോൺ ആണോ സിന്തറ്റിക് സ്റ്റോൺ ആണോ എന്നും പരിശോധിച്ച് റിപ്പോർട്ടും സർട്ടിഫിക്കറ്റും നൽകുന്നു.

**കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ്**

257 (2495) <u>ശ്രീ. എം. എ. ബേബി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ് (കെ.എം.എം.എൽ.)-ലെ രാസമാലിന്യങ്ങൾ കേരള എൻവൈറോ ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (K.E.I.L) എന്ന കമ്പനിക്ക് കൈമാറാൻ നീക്കമുണ്ടായിരുന്നോ ; ഇതിനായി കണക്കാക്കിയിരുന്ന മതിപ്പു ചെലവ് എത്രയായിരുന്നു ; വ്യവസായ വകുപ്പ് ഈ നീക്കം റദ്ദ് ചെയ്യാൻ കാരണമെന്തായിരുന്നു ;

(ബി) വ്യവസായ വകുപ്പ് റദ്ദ് ചെയ്ത പ്രസ്തുത കരാർ പുനഃസ്ഥാപിക്കുന്നതിനായി ഗ്രീൻ ട്രൈബ്യൂണലിൽ കേസ് പുരോഗമിക്കവേ തൊഴിൽ വകുപ്പുമന്ത്രിയുടെ നിർദ്ദേശാനുസരണം കോടതിക്കു പുറത്തു ധാരണയുണ്ടാക്കുന്നതിനു സർക്കാർ അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ ഇതു കമ്പനിയുടെ പ്രവർത്തനത്തെ എങ്ങനെ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ ?

<u>ഉത്തരം</u>

(എ) കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡിലെ രാസ മാലിന്യമായ അയൺ ഓക്സൈഡിന്റെ ചെറിയൊരു ഭാഗം കേരള എൻവൈറോ ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (K.E.I.L) എന്ന കമ്പനിക്ക് 2010-ഒക്ടോബർ മുതൽ 2014 ആഗസ്റ്റ് വരെ നൽകിക്കൊണ്ടിരുന്നു. 2004-ൽ സുപ്രീം കോടതിയുടെ മോണിറ്ററിംഗ് സമിതി സംസ്ഥാനത്തെ വ്യവസായ സ്ഥാപനങ്ങളിലെ മാലിന്യങ്ങളെക്കുറിച്ച് പരിശോധിച്ച് നൽകിയ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലാണ് കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ നേതൃത്വത്തിൽ മറ്റ് പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളും സ്വകാര്യ സ്ഥാപനങ്ങളുമായി ചേർന്ന് സംയുക്ത മേഖലയിൽ കേരള എൻവൈറോ ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ് ആരംഭിച്ചത്. അപകടകരമായ രാസമാലിന്യങ്ങൾ സംസ്കരിക്കുന്നതിന് കേരളത്തിൽ നിലവിലുള്ള ഏക സ്ഥാപനമാണിത്. കെ.എം.എം.എൽ.-ന്റെ ശേഖരത്തിലുള്ള ഏകദേശം 2.5 ലക്ഷം

ടൺ അയൺ ഓക്സൈഡിന്റെ ഒരു ചെറിയ അളവായ 9162 ടൺ മാത്രമാണ് ഈ സ്ഥാപനത്തിന് സംസ്കരിക്കാനായി നൽകിയിട്ടുള്ളത്. ഇതിന് ചെലവായ മൊത്തം തുക ഏകദേശം 3 കോടി 16 ലക്ഷം രൂപയാണ്. അയൺ ഓക്സൈഡ് ഇവിടെ ശേഖരിക്കുകയും ഉത്പാദിപ്പിക്കുകയും ചെയ്യുന്നതുകൊണ്ട് പരിസര മാലിന്യം ഉണ്ടാകുന്നുണ്ടോ ഉണ്ടെങ്കിൽ അതിന് പരിഹാരമാർഗ്ഗങ്ങൾ എന്തൊക്കെയാണെന്ന് പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി National Environment Engg & Research Institute നാഗ്പൂർ-നെ ഏൽപ്പിച്ചിരിക്കുകയാണ്. ഇവരുടെ നിർദ്ദേശങ്ങൾ ഏപ്രിൽ 2015-ൽ ലഭിക്കുന്ന മുറയ്ക്ക് ഗ്രീൻ ട്രിബ്യൂണൽ നിർദ്ദേശ പ്രകാരം വേണ്ട നടപടികൾ കൈക്കൊള്ളുന്നതാണ്. അയൺ ഓക്സൈഡ് മാലിന്യം നീക്കം ചെയ്യുന്നത് അടുത്ത ഒരു തീരുമാനം ഉണ്ടാകുന്നതുവരെ നിർത്തിവയ്ക്കാൻ സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ഗ്രീൻ ട്രിബ്യൂണലിൽ കെ.എം.എം.എൽ.-ന് എതിരായുള്ള കേസിൽ പറഞ്ഞിരിക്കുന്ന പരാതിയിൽ എന്ത് നടപടികൾ കൈക്കൊള്ളണം എന്നതിനെ കുറിച്ച് ബഹു. തൊഴിൽ വകുപ്പുമന്ത്രി വിളിച്ചുചേർത്ത യോഗത്തിലെ വിഷയങ്ങളിൽ ഒന്നുമാത്രമായിരുന്നു കേരള എൻവൈറോ ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിന് മാലിന്യം നൽകുന്നത് സംബന്ധിച്ചുള്ളത്. ഇത് പ്രാബല്യത്തിലുണ്ടായിരുന്ന ധാരണ പ്രകാരമുള്ള മാലിന്യ നീക്കം സംബന്ധിച്ച് മാത്രമാണ്. അത് നിയമ പ്രകാരം കെ.എം.എം.എൽ. പാലിക്കേണ്ടതായതുകൊണ്ടാണ് ഉൾപ്പെടുത്തിയത്. കൂടാതെ ഗ്രീൻ ട്രിബ്യൂണലിൽ നൽകിയിരിക്കുന്ന കേസിലെ ഒരപേക്ഷകൂടിയാണിത്. കേരള എൻവൈറോ ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിന് മാലിന്യം നൽകുന്നത് നിർത്തിവയ്ക്കാനായി നിർദ്ദേശം നൽകിയതിനുശേഷം ഗ്രീൻ ട്രിബ്യൂണൽ നിർദ്ദേശപ്രകാരമല്ലാതെ ഒരു യോഗവും നടത്തിയിട്ടില്ല. മാലിന്യം നീക്കം ചെയ്യുന്നതിന് കമ്പനിക്ക് അധിക ചെലവ് ഉണ്ടാകുന്നുണ്ട്. എന്നാൽ അപകടകരമായ അയൺ ഓക്സൈഡ് മാലിന്യം മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിർദ്ദേശ പ്രകാരം കൈകാര്യം ചെയ്യേണ്ടത് നിയമപ്രകാരം കമ്പനിയുടെ ഉത്തരവാദിത്തമാണ്.

## കടലാടിപ്പാറയിൽ ബോക്സൈറ്റ് ഖനനം

258 (2496) <u>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ കിനാനൂർ - കരിന്തളം പഞ്ചായത്തിലെ

കടലാടിപ്പാറയിൽ ബോക്സൈറ്റ് ഖനനത്തിന് അനുമതി നൽകുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും നടപടികൾ ആരംഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഏത് കമ്പനിയുടെ അപേക്ഷ പ്രകാരമാണ് ഇത്തരത്തിൽ നടപടികൾ തുടങ്ങാൻ ആരംഭിച്ചിട്ടുള്ളത് ; വിശദാംശങ്ങൾ അറിയിക്കാമോ ;

(സി) അനുമതി നൽകുന്നതുമായി ബന്ധപ്പെട്ട് നാളിതുവരെ എന്തൊക്കെ തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ട് ; വിശദാംശങ്ങൾ അറിയിക്കാമോ ?

<u>ഉത്തരം</u>

(എ) കാസർഗോഡ് ജില്ലയിൽ കിനാനൂർ വില്ലേജിൽ റീ-സർവ്വേ നമ്പർ 198/പാർട്ട് ഉൾപ്പെടുന്ന 80.9370 ഹെക്ടർ സർക്കാർ പുറമ്പോക്ക് ഭൂമിയിൽ ജി.ഒ. (എംഎസ്.) 54/07/ഐ.ഡി. തീയതി 25-4-2007 പ്രകാരം ബോക്സൈറ്റ് ഖനനത്തിന് മെ. ആഷാപുര മൈൻകെം ലിമിറ്റഡ്, മുംബൈ എന്ന കമ്പനിക്ക് സർക്കാർ അനുമതി നൽകിയിരുന്നു. എന്നാൽ പൊതുജനങ്ങളുടെയും ജനപ്രതിനിധികളുടെയും വ്യാപക പരാതിയും, പ്രസ്തുത ഭൂമി സീറോ ലാൻഡ് ലെസ് സ്കീമിൽ ഉൾപ്പെട്ടതാണെന്ന കാസർഗോഡ് ജില്ലാ കളക്ടറുടെ റിപ്പോർട്ടും പരിഗണിച്ച് തുടർ നടപടികൾ നിർത്തി വച്ചിരിക്കുകയാണ്. ഈ വിഷയത്തിൽ റവന്യൂ വകുപ്പിന്റെ അന്വേഷണം നടന്നുവരുന്നു.

(ബി) മെ. ആഷാപുര മൈൻകെം ലിമിറ്റഡ്, ജീവൻ ഉദ്യോഗ് ബിൽഡിംഗ്, മൂന്നാം നില, 278 ഡി.എൻ.റോഡ്, ഫോർട്ട്, മുബൈ-400 001 എന്ന കമ്പനിയുടെ.

(സി) മൈനിംഗ് ലീസ് അനുവദിച്ച സ്ഥലം പുറമ്പോക്ക് ഭൂമി ആയതിനാൽ മിനറൽ കൺസഷൻ റൂൾസ് 1960-ലെ റൂൾ 22(3) ബി പ്രകാരം ഖനനം നടത്തുന്നതിന് മുമ്പായി ജില്ലാ കളക്ടറിൽ നിന്നും നിരാക്ഷേപ പത്രം, ഇന്ത്യൻ ബ്യൂറോ ഓഫ് മൈൻസ് അംഗീകരിച്ച മൈൻ പ്ലാൻ, സർവ്വേ ആന്റ് ലാന്റ് റെക്കോർഡ്സ് വകുപ്പ് ഡയറക്ടറേറ്റിൽ നിന്നും സർവ്വേ മാപ്പ് എന്നിവ ഹാജരാക്കാത്തതിനാൽ ലീസ് ഡീഡ് എക്സിക്യൂട്ട് ചെയ്തിട്ടില്ല. ലീഡ് ഡീഡ് എക്സിക്യൂട്ട് ചെയ്യുന്നതിന് അനുവദിച്ചിട്ടുള്ള കാലാവധി 22-11-2014-ൽ അവസാനിച്ചു. തുടർന്ന്, കമ്പനിക്ക് കാലാവധി ദീർഘിപ്പിച്ചു നൽകിയിട്ടില്ല. ഈ പ്രദേശങ്ങളിൽ ഖനനം നടത്തുന്നതിനെതിരെ ഉയർന്നുവന്ന വമ്പിച്ച പൊതുജന പ്രക്ഷോഭവും, ജനപ്രതിനിധികൾ ഉൾപ്പെടെയുള്ളവർ ഉയർത്തിയ പ്രതിഷേധവും കണക്കിലെടുത്ത്, ടി ഖനനാനുമതി സർക്കാർ പുനഃപരിശോധിച്ചു വരികയാണ്. കൂടാതെ പരാമർശിത സ്ഥലം സീറോ ലാൻഡ് ലെസ് സ്കീമിൽ ഉൾപ്പെട്ടതാണെന്നും

ആയത് സ്വകാര്യ കമ്പനിക്ക് ഖനനത്തിന് വിട്ട് നൽകാവുന്നതല്ലെന്നും, കാസർഗോഡ് ജില്ലാ കളക്ടർ അറിയിച്ചു. ആയതിനാൽ ഈ വിഷയത്തിൽ വിശദമായ അന്വേഷണം നടത്താൻ റവന്യൂ വകുപ്പിനെ ചുമതലപ്പെടുത്തി യിരിക്കുകയാണ്. റവന്യൂ വകുപ്പിന്റെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു.

**ഹാൻടെക്സ്- അന്യ സംസ്ഥാനങ്ങളിൽ നിന്നുള്ള തുണിത്തരങ്ങളുടെ സംഭരണം**

259 (2497) ശ്രീ. മാത്യു റ്റി. തോമസ് :
ശ്രീമതി ജമീല പ്രകാശം :
ശ്രീ. സി. കെ. നാണു :
ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2013-14 ലും 2014-15 വർഷത്തിൽ ഇതുവരെയും, കേരളത്തിൽ ഉൽപാദിപ്പിക്കാത്ത തുണിത്തരങ്ങൾ, ഹാൻടെക്സ് സംഭരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഏതൊക്കെ സ്ഥാപനങ്ങളുടെ, എത്ര രൂപയുടെ തുണിത്തരങ്ങളാണ് ഇത്തരത്തിൽ സംഭരിച്ചിട്ടുള്ളത് ;

(സി) കേരളത്തിനകത്തുള്ള സംഘങ്ങളിൽ നിന്ന് മാത്രം തുണിത്തരങ്ങൾ സംഭരിക്കാതെ അന്യ സംസ്ഥാനങ്ങളിൽ നിന്ന് തുണിത്തരങ്ങൾ സംഭരിക്കാനുണ്ടായ സാഹചര്യം വിശദമാക്കാമോ ;

(ഡി) അന്യ സംസ്ഥാനങ്ങളിൽ നിന്ന് തുണിത്തരങ്ങൾ സംഭരിക്കാൻ ഏത് ഉത്തരവ് മുഖേനയാണ് ഗവൺമെന്റ് ഹാൻടെക്സിന് അനുവാദം നൽകിയിട്ടുള്ളത് ;

(ഇ) ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്

(ബി) സ്ഥാപനങ്ങളുടെയും തുകയുടെയും വിവരങ്ങൾ ചുവടെ ചേർത്തിട്ടുണ്ട്:

| സ്ഥാപനം | 2013-14<br>(തുക) (രൂപ) | 2014-15<br>(തുക) (രൂപ) |
|---|---|---|

| | | |
|---|---|---|
| ആൾ ഇന്ത്യാ ഹാന്റ്ലൂം | 2,69,310.00 | 9,08,452.00 |
| എൻ.എസ്.ഐ.സി | 3,40,65,172.60 | 4,58,00,468.50 |
| ഹാന്റ്ലൂം ഹൗസ്, കേരളം | 44,51,568.00 | 1,86,36,554.00 |

(സി) സംസ്ഥാനത്ത് ഉത്പാദിപ്പിക്കാത്തതും ആവശ്യത്തിനനുസരിച്ച് ഉത്പാദിപ്പിക്കുവാൻ കഴിയാത്തതുമായ ഉത്പന്നങ്ങൾ ആവശ്യകത അനുസരിച്ച് മറ്റ് സംസ്ഥാനങ്ങളിൽ നിന്നും സംഭരിക്കേണ്ടി വരുന്നുണ്ട്.

(ഡി&ഇ) ഹാൻടെക്സിന്റെ ഭരണസമിതി തീരുമാനപ്രകാരമാണ് അനുവാദം നൽകിയിട്ടുള്ളത്. സർക്കാർ ഉത്തരവില്ല.

**കൈത്തറി സംഘങ്ങളുടെ കടബാദ്ധ്യതകൾ വീട്ടുന്നതിന് കേന്ദ്രസഹായം**

**260 (2498)** <u>ശ്രീ. കെ. രാജു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൈത്തറി സംഘങ്ങളുടെ കടബാദ്ധ്യതകൾ വീട്ടുന്നതിന് സഹായം നൽകുന്നതിലേക്കായി കേന്ദ്ര ടെക്സ്റ്റൈൽസ് വകുപ്പ് സംസ്ഥാനത്തിന് എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത തുകയിൽ എത്ര ബാക്കി നിൽപ്പുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) എത്ര സംഘങ്ങൾക്ക് ഇനിയും സഹായം ലഭ്യമാക്കുവാനുണ്ടെന്ന് വ്യക്തമാക്കുമോ; അങ്ങനെയുള്ള സംഘങ്ങൾക്കുകൂടി കേന്ദ്ര സഹായം ലഭ്യമാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കൈത്തറി സംഘങ്ങളുടെ കടബാദ്ധ്യതകൾ വീട്ടുന്നതിന് സഹായം നൽകുന്നതിലേക്കായി കേന്ദ്ര സർക്കാർ 2 ഘട്ടങ്ങളിലായി തുക അനുവദിച്ച് നൽകിയിട്ടുണ്ട്. ഒന്നാം ഘട്ടത്തിൽ 23,03,05,268 രൂപ അനുവദിച്ചിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ ഒന്നാം ഗഡുവായി 58 കോടി രൂപയും, രണ്ടാം ഗഡുവായി 83 കോടി രൂപയും കേന്ദ്ര സഹായം ലഭിച്ചിട്ടുണ്ട്.

(ബി) ഒന്നാം ഘട്ടത്തിൽ ലഭിച്ച 23,03,05,268 രൂപ മുഴുവനായും ചെലവഴിച്ചിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ ഒന്നാം ഗഡുവായി 58 കോടി രൂപയും, രണ്ടാം ഗഡുവായി

83 കോടി രൂപയും കേന്ദ്ര സഹായം ലഭിച്ചിട്ടുണ്ട്. അതിൽ 57.35 കോടി രൂപ നാളിതുവരെ വിനിയോഗിച്ചിട്ടുണ്ട്.

(സി) 73 സംഘങ്ങൾക്ക് ഇനിയും സഹായം ലഭ്യമാക്കുവാനുണ്ട്. കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരം ഈ സംഘങ്ങൾ ഈ പാക്കേജിന്റെ പരിധിയിൽ വരുന്നില്ല. ഈ സംഘങ്ങൾക്ക് സഹായം ലഭിക്കണമെങ്കിൽ മാനദണ്ഡങ്ങളിൽ ഇളവ് വരുത്തണം. അത് കേന്ദ്രസർക്കാരാണ് തീരുമാനിക്കുന്നത്.

**പരമ്പരാഗത ഖാദി ഗ്രാമ വ്യവസായങ്ങളുടെ നവീകരണം**

261 (2499) <u>ശ്രീ. ചിറ്റയം ഗോപകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരമ്പരാഗത ഖാദി ഗ്രാമ വ്യവസായങ്ങളുടെ നവീകരണത്തിനും മറ്റുമായി പി. ഗോപിനാഥൻ നായർ കമ്മിറ്റിയുടെ ശുപാർശ പ്രകാരം എത്ര തുക നാളിതുവരെ അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ ;

(ബി) പ്രസ്തുത തുക ഏതെല്ലാം ഇനത്തിൽ ചെലവഴിച്ചു എന്നുള്ള വിവരം ഇനം തിരിച്ച് അറിയിക്കുമോ ;

(സി) പരമ്പരാഗത ഖാദി വ്യവസായത്തിന്റെ പോഷണത്തിനായി എന്തെല്ലാം ഇതര പദ്ധതികളാണ് നിലവിൽ ആവിഷ്കരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതെന്ന് അറിയിക്കാമോ ?

<u>ഉത്തരം</u>

(എ) 1521 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത തുക താഴെപ്പറയുന്ന ഇനത്തിൽ ചെലവഴിച്ചു വരുന്നു.

| | | |
|---|---|---|
| 1. ചർക്കകൾ വാങ്ങുന്നതിന് | - | 117 ലക്ഷം |
| 2. തറികൾ വാങ്ങുന്നതിന് | - | 260 ലക്ഷം |
| 3. പരിശീലനം | - | 78 ലക്ഷം |
| 4. റെഡിമെയ്ഡ് പാവ് യൂണിറ്റ് | - | 160 ലക്ഷം |
| 5. പുതിയ വർക്ക് ഷെഡ് നിർമ്മാണം | - | 225 ലക്ഷം |
| 6. നിലവിലെ വർക്ക് ഷെഡ് റിപ്പയർ | - | 180 ലക്ഷം |
| 7. പ്രവർത്തന മൂലധനം | - | 376 ലക്ഷം |
| | | 1396 ലക്ഷം |

| | | |
|---|---|---|
| | | രൂപ |
| 8.ഡൈ ഹൈസുകൾ സ്ഥാപിക്കുന്നതിന് | - | 50 ലക്ഷം രൂപ (രണ്ട് എണ്ണം) |
| 9. കോട്ടൺ ഗോഡൗൺ സ്ഥാപിക്കുന്നതിന് | - | 50 ലക്ഷം രൂപ |
| 10. സിൽക്ക് യൂണിറ്റ് ആരംഭിക്കുന്നതിന് | - | 25 ലക്ഷം രൂപ |
| ആകെ | | |
| | | 1521 ലക്ഷം രൂപ |

(സി) ഉത്തരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

**പാർവ്വതി മില്ലിന്റെ കൈവശമുള്ള ഭൂമി സർക്കാർ ഏറ്റെടുക്കുന്നതിനു നടപടി**

262 (2500) <u>ശ്രീ. പി. കെ. ഗുരുദാസൻ</u> : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പാർവ്വതി മില്ലിന്റെ കൈവശമുള്ള ഭൂമി സർക്കാർ ഏറ്റെടുക്കുന്നതിന്റെ ഭാഗമായി നാഷണൽ ടെക്സ്റ്റൈൽസ് കോർപ്പറേഷനോട് ആവശ്യപ്പെട്ട റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ ; ഉണ്ടെങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

റിപ്പോർട്ട് ലഭിച്ചിട്ടില്ല.

**ഹാന്റക്സിലെ ഫൈനാൻസ് മാനേജരുടെ നിയമനം**

263 (2501) <u>ശ്രീ. മാത്യു റ്റി. തോമസ്</u> :
<u>ശ്രീമതി ജമീല പ്രകാശം</u> :
<u>ശ്രീ. ജോസ് തെറ്റയിൽ</u> :
<u>ശ്രീ. സി. കെ. നാണു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹാന്റക്സിൽ നിലവിലുള്ള ഫൈനാൻസ് മാനേജരെ കോൺട്രാക്ട് വ്യവസ്ഥയിൽ ആണോ നിയമിച്ചിട്ടുള്ളത് ;

(ബി) എങ്കിൽ പ്രസ്തുത ഉദ്യോഗസ്ഥനെ നിയമിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(സി) ഈ ഉദ്യോഗസ്ഥന്റെ കോൺട്രാക്ടിന്റെ കാലാവധി കഴിഞ്ഞിട്ടുണ്ടോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) എങ്കിൽ കാലാവധി കഴിഞ്ഞിട്ടും ഈ ഉദ്യോഗസ്ഥനെ ഫൈനാൻസ് മാനേജർ തസ്തികയിൽ തുടരാൻ അനുവദിക്കുന്നതിന്റെ കാരണം വിശദമാക്കാമോ ;

(ഇ) ഹാന്റക്സിൽ കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കുന്നുണ്ടോ ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(എഫ്) എങ്കിൽ കമ്പ്യൂട്ടറൈസേഷനുവേണ്ടി ഇതുവരെ എത്ര തുക ചെലവാക്കിയിട്ടുണ്ട് ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ) കോൺട്രാക്ട് വ്യവസ്ഥയിൽ അല്ല നിയമിച്ചിട്ടുള്ളത്.

(ബി-ഡി) ബാധകമല്ല

(ഇ) ഹാന്റക്സിൽ കെൽട്രോൺ മുഖാന്തരം കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കി വരുന്നുണ്ട്. ഇൻവെന്ററി, വിൽപ്പന, എന്നിവ കമ്പ്യൂട്ടറൈസ് ചെയ്ത് കഴിഞ്ഞിട്ടുണ്ട്. ഇപ്പോൾ സംഭരണശാലകൾ കമ്പ്യൂട്ടറൈസ് ചെയ്തിട്ടുണ്ട്. വിൽപ്പനശാലകളിലെ കമ്പ്യൂട്ടറൈസേഷൻ പുരോഗമിച്ചുവരുന്നു.

(എഫ്) ഹാന്റക്സിൽ കമ്പ്യൂട്ടറൈസേഷനുവേണ്ടി ഇതുവരെ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

## ഹാന്റക്സിന്റെ തുണി ഇടപാട്

264 (2502) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരമേറ്റ ശേഷം NSIC-Housur ബ്രാഞ്ചിൽ നിന്നും ഹാന്റക്സ് എത്ര രൂപ വിലയുള്ള തുണിത്തരങ്ങൾ വാങ്ങി, പ്രസ്തുത ഇടപാടിന് ഹാന്റക്സ് ഭരണ സമിതിയുടെ അംഗീകാരം ഉണ്ടായിരുന്നോ, ടി ഇടപാടുകൾ നടന്ന തീയതി, ബില്ലുകളുടെ പകർപ്പുകൾ എന്നിവയും, ഇതുസംബന്ധിച്ച് ഹാൻടെക്സ് പുറത്തിറക്കിയ ഉത്തരവുകളുടെ പകർപ്പുകളും ലഭ്യമാക്കുമോ?

ഉത്തരം

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

1,10,59,849 രൂപയുടെ തുണിത്തരങ്ങൾ സംഭരിച്ചു. ആയതിന് ഹാന്റെക്സ് ഭരണ സമിതിയുടെ അംഗീകാരം ഉണ്ടായിരുന്നു. ഹാന്റക്സിൽ നിന്നും ഇതുസംബന്ധിച്ച് ഉത്തരവുകളൊന്നും ഇറക്കിയിട്ടില്ല. ഇക്കാര്യത്തിലുള്ള ഭരണസമിതി യോഗതീരുമാനം, ഇൻവോയിസ് എന്നിവയുടെ പകർപ്പുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

**ഹാന്റക്സിന്റെ മാനേജിംഗ് ഡയറക്ടർ നിയമനം**

265 (2503) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹാന്റക്സിന്റെ ബൈലോ പ്രകാരവും ബഹു. ഹൈക്കോടതിയുടെ ഉത്തരവുപ്രകാരവും വ്യവസായ വകുപ്പിലെ ജോയിന്റ് ഡയറക്ടർ റാങ്കിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനെത്തന്നെ ഹാന്റക്സിന്റെ മാനേജിംഗ് ഡയറക്ടറായി നിയമിക്കണം എന്നു നിഷ്കർഷിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇപ്പോൾ അവിടെ മാനേജിംഗ് ഡയറക്ടറെ നിയമിച്ചത് മേൽപറഞ്ഞ നിബന്ധനകൾ വിധേയമായിട്ടല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ആയതു തിരുത്തുവാൻ നടപടി സ്വീകരിക്കുമോ ;

(ഡി) ഇപ്പോഴത്തെ ഹാന്റക്സിന്റെ മാനേജിംഗ് ഡയറക്ടറുടെ പേരിൽ എത്ര വിജിലൻസ് കേസുകൾ ഉണ്ടായിട്ടുണ്ട് എന്നും ആയതിന്റെ വിശദാംശങ്ങളും ലഭ്യമാക്കുമോ ;

(ഇ) പ്രസ്തുത മാനേജിംഗ് ഡയറക്ടറെ നാളിതുവരെയുള്ള സർവ്വീസിൽ എത്രതവണ സസ്പെന്റ് ചെയ്തിട്ടുണ്ടെന്നും ആയതിന്റെ ഓരോന്നിന്റെയും കാരണങ്ങളും വിശദമാക്കുമോ ;

(എഫ്) ഹാന്റെക്സിന്റെ മാനേജിംഗ് ഡയറക്ടറായി നിയമിക്കപ്പെടുന്നതിന് പ്രസ്തുത വ്യക്തിക്ക് ഉള്ള യോഗ്യതകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഫുൾടൈം സർക്കാർ ഉദ്യോഗസ്ഥനായിരിക്കണം എന്ന് ബൈലായിൽ നിഷ്കർഷിച്ചിട്ടുണ്ട്.

(ബി&സി) ഹാന്റക്സിൽ ഇപ്പോൾ മാർക്കറ്റിംഗ് മാനേജർക്ക് മാനേജിംഗ് ഡയറക്ടറുടെ അധിക ചുമതലയാണ് നൽകിയിട്ടുള്ളത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) രണ്ട് വിജിലൻസ് കേസ്സുകൾ ഉണ്ടായിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ഇ) രണ്ട് പ്രാവശ്യം സസ്പെന്റ് ചെയ്തിട്ടുണ്ട്. ആയതിന്റെ കാരണങ്ങൾ പിരിവ് ഡി'-യുടെ ഉത്തരത്തോടൊപ്പമുള്ള അനുബന്ധത്തിൽ വിശദമാക്കിയിട്ടുണ്ട്.

(എഫ്) ഹാന്റക്സിലെ മാർക്കറ്റിംഗ് മാനേജർക്ക് മാനേജിംഗ് ഡയറക്ടറുടെ അധികചുമതലയാണ് നൽകിയിട്ടുള്ളത്.

## ഇ-പേമെന്റ് ഗേറ്റ്‌വേ

**266 (2504)** ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇ-പേമെന്റ് ഗേറ്റ്‌വേ നിലവിൽ വന്നിട്ടുണ്ടോ ;

(ബി) ഇതിന്റെ ലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(സി) സർക്കാർ സേവനങ്ങൾക്കാവശ്യമായി വരുന്ന പണമിടപാടുകൾ ഓൺലൈനായി നടത്താൻ എന്തെല്ലാം സൗകര്യങ്ങളാണ് ഇതിലുള്ളതെന്ന് വിശദമാക്കുമോ ;

(ഡി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ) നിലവിൽ വന്നിട്ടുണ്ട്.

(ബി) സർക്കാർ സേവനങ്ങൾ ഓൺലൈനായി പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന അവസരത്തിൽ അത്തരം സേവനങ്ങളുമായി ബന്ധപ്പെട്ട ഫീസുകളും മറ്റും ബാങ്കിന്റെ സഹകരണത്തോടെ ഓൺലൈനായി അടയ്ക്കുവാൻ സഹായിക്കുന്ന സംവിധാനമാണ് ഇ-പേമെന്റ്. ഈ സംവിധാനം വിവിധ സർക്കാർ സ്ഥാപനങ്ങളുടെ ഓൺലൈൻ സംവിധാനവുമായി യോജിപ്പിച്ച് പണമിടപാടുകൾ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നടത്താൻ സാധിക്കുന്നതാണ്. ഇതുകൂടാതെ ട്രഷറിയിലേക്ക് നേരിട്ട് ഓൺലൈൻ ആയി പണമടയ്ക്കുന്നതിനുള്ള സംവിധാനവും നിലവിലുണ്ട്.

(സി) ക്രെഡിറ്റ് കാർഡ്/ഡെബിറ്റ് കാർഡ്/ഇന്റർനെറ്റ് ബാങ്കിംഗ് മുതലായ നിരവധി സൗകര്യങ്ങൾ വഴി പണമിടപാട് നടത്താനുള്ള സൗകര്യം ലഭ്യമാണ്.

(ഡി) ഓൺലൈൻ ആയി പണമിടപാട് നടത്തുന്നതിനുള്ള ഫീസ് വിവരവും വിവിധ ഇ-ഗവേണൻസ് പദ്ധതികളിലേക്ക് ഇവ നടപ്പിലാക്കുന്നതിനുള്ള അനുമതിയും സർക്കാർ നൽകിയിട്ടുണ്ട്. ഇതുപ്രകാരം കേരള സ്റ്റേറ്റ് ഐ.ടി. മിഷൻ, ഇ-പേമെന്റ് ഗേറ്റ്‌വേ നടപ്പിലാക്കുന്നതിനുള്ള മാസ്റ്റർ എഗ്രിമെന്റ് ഒപ്പിട്ടതിനെ തുടർന്ന് സർക്കാർ/അർദ്ധ സർക്കാർ തലത്തിൽ വിവിധ സ്ഥാപനങ്ങൾ ഈ സംവിധാനം നടപ്പിൽ വരുത്തുകയുണ്ടായി. ബാങ്കുകളെ കൂടാതെ ട്രഷറിയെയും ഉൾപ്പെടുത്തി ഇ-പേമെന്റ് നടപ്പാക്കുന്നതിനായുള്ള ഇ-ട്രഷറി സംവിധാനത്തിന് അനുമതി നൽകുകയുണ്ടായി.

**ഐ.ടി മേഖലയിലെ സ്വകാര്യ ഹൈടെക് പാർക്കുകൾ**

267 (2505) <u>ശ്രീ. വർക്കല കഹാർ</u> :
<u>ശ്രീ. അൻവർ സാദത്ത്</u> :
<u>ശ്രീ. എം. പി. വിൻസെന്റ്</u> :
<u>ശ്രീ. റ്റി. എൻ. പ്രതാപൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.ടി. മേഖലയിൽ സ്വകാര്യ ഹൈടെക് പാർക്കുകളെ സഹായിക്കുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വ്യക്തമാക്കാമോ ;

(സി) എന്തെല്ലാം ധനസഹായങ്ങളാണ് പ്രസ്തുത പദ്ധതിയിലൂടെ നൽകാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) ധനസഹായം നൽകുന്നതിന് എന്തെല്ലാം നിബന്ധനകളാണ് ഈ

പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) കേരളത്തിലെ ഐ.ടി. മേഖലയിൽ 2020-ഓടെ അഞ്ചുലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് സർക്കാരിന്റെ 2012-ലെ ഐ.ടി. പോളിസി വിഭാവനം ചെയ്യുന്നു. ഇതിലേക്കായി 500 ലക്ഷം ചതുരശ്ര അടി കെട്ടിടങ്ങൾ നിർമ്മിക്കേണ്ടതായിട്ടുണ്ട്. എന്നാൽ സർക്കാർ മേഖലയിൽ ഇത്രയും വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ നിർമ്മിക്കുവാനും അതിനാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ കണക്കിലെടുത്തുമാണ് സ്വകാര്യ മേഖലയിൽ, ഐ.ടി. ഹൈടെക് പാർക്കുകൾ പ്രോത്സാഹിപ്പിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുള്ളത്. ഇതിലൂടെ ഐ.ടി. മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുവാനും സ്വകാര്യ പങ്കാളിത്തം വർദ്ധിപ്പിക്കുവാനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും സർക്കാർ ലക്ഷ്യമിടുന്നു.

(സി) സ്വകാര്യ ഐ.ടി. ഹൈടെക് പാർക്കുകൾക്ക് സർക്കാർ ധനസഹായങ്ങളൊന്നും നൽകുന്നില്ല. എന്നാൽ ഇവയ്ക്ക് താഴെപ്പറയുന്ന ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

- ഫ്ലോർ ഏരിയാ റേഷ്യോ 5 വരെ.
- കേരള ഇൻഡസ്ട്രിയൽ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ്സ് ആന്റ് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏരിയ ഡവലപ്മെന്റ് ആക്ട് 1999 പ്രകാരം ലൈസൻസുകളും ക്ലിയറൻസുകളും വേഗത്തിൽ ലഭിക്കുന്നതിനുവേണ്ടി സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ് രൂപീകരിക്കുന്നതാണ്.
- സ്വകാര്യ ഹൈടെക് പാർക്കുകളിലെ പ്രോസസിംഗ് ഏരിയ പ്രവർത്തിക്കുന്ന യൂണിറ്റുകളിലേക്കുള്ള വൈദ്യുതി ഹൈടെൻഷൻ 1 (HT1) അല്ലെങ്കിൽ ലോ ടെൻഷൻ-iv (LT- iv) പ്രകാരമുള്ള വൈദ്യുതി നിരക്കിന് അർഹതയുണ്ടാകും.
- ഹൈടെക് പാർക്കുകളിലെ കെട്ടിടങ്ങളും സ്ഥലവും വ്യവസായ യൂണിറ്റുകൾക്ക് പാട്ടത്തിന് കൊടുക്കുമ്പോൾ സ്റ്റാമ്പ് ഡ്യൂട്ടിയിൽ ഇളവ് അനുവദിക്കുന്നതാണ്.

പ്രസ്തുത ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് താഴെപ്പറയുന്ന നിബന്ധനകൾ പാലിക്കേണ്ടതാണ്.

1. കുറഞ്ഞത് 20 ഏക്കർ സ്ഥലമെങ്കിലും ഉണ്ടായിരിക്കണം.
2. 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ആക്ടിൽ നിർവ്വചിച്ച പ്രകാരമുള്ള തണ്ണീർത്തട പ്രദേശമായിരിക്കുവാൻ പാടില്ല.
3. പാർക്കിന്റെ വികസന പദ്ധതിയിൽ, പ്രോസസിംഗ് ഏരിയ, ഹൗസിംഗ് ഏരിയ, കൊമേഴ്സ്യൽ സ്പേസ്, വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങിയവ ഉൾപ്പെടുത്തേണ്ടതാണ്.
4. പാർക്കിന് സർട്ടിഫിക്കേഷൻ ലഭിച്ച് 7 വർഷത്തിനുള്ളിൽ കുറഞ്ഞത് 10 ലക്ഷം ചതുരശ്ര അടി സ്ഥലം കെട്ടിടം നിർമ്മിക്കേണ്ടതാണ്.
5. മലിനജല സംസ്കരണത്തിനായി സർക്കാർ നിഷ്കർഷിച്ച പ്രകാരമുള്ള സംസ്കരണ യൂണിറ്റ് സ്ഥാപിക്കുകയും സംസ്കരണം നടത്തി ഉപയോഗിക്കേണ്ടതുമാണ്.
6. പാർക്കിലെ ഖരമാലിന്യങ്ങൾ പുറന്തള്ളാനുള്ള പദ്ധതികൾ അപേക്ഷയിൽ ഉണ്ടായിരിക്കേണ്ടതാണ്.
7. കെട്ടിടങ്ങളുടെ ഉയരം, കേരള മുനിസിപ്പാലിറ്റി കെട്ടിട ചട്ടങ്ങൾ/കേരള പഞ്ചായത്ത് കെട്ടിട ചട്ടങ്ങൾ (KMBR/KPBR) എന്നിവ പ്രകാരവും, കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ നിബന്ധനകൾക്ക് വിധേയവുമായി നിയന്ത്രിക്കേണ്ടതാണ്.
8. കേരള മുനിസിപ്പാലിറ്റി കെട്ടിട ചട്ടങ്ങൾ/കേരള പഞ്ചായത്ത് കെട്ടിട ചട്ടങ്ങൾ ( KMBR/KPBR ) എന്നിവയിലെ ചട്ടങ്ങൾ അനുസരിച്ചും, കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ നിബന്ധനകൾക്കനുസരിച്ചുള്ള പാർക്കിംഗ് സൗകര്യങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്.
9. പാർക്കിന്റെ ആവശ്യത്തിനായുള്ള വെള്ളത്തിന്റെയും വൈദ്യുതിയുടെയും ലഭ്യത അപേക്ഷയിൽ വ്യക്തമാക്കേണ്ടതാണ്.

(ഡി) ബാധകമല്ല.

**നൂറ് സ്മാർട്ട് സിറ്റി പദ്ധതി**

268 (T2506) ശ്രീ. എം. എ. ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനം സ്മാർട്ട് സിറ്റി പദ്ധതിക്കായി സ്ഥലങ്ങൾ നിർദ്ദേശിച്ചതിനു ശേഷം അവ അംഗീകരിച്ചുകിട്ടുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ;

(ബി) നിർദ്ദേശിക്കപ്പെട്ട നഗരങ്ങൾക്ക് കേന്ദ്ര സ്മാർട്ട് സിറ്റി പദ്ധതി പ്രകാരം ഇതിനകം ലഭിച്ച സഹായങ്ങൾ എന്തെല്ലാമാണ് ; സഹായം ലഭിക്കുന്നതിലേക്ക് സംസ്ഥാന ഗവൺമെന്റ് ചെയ്യേണ്ടതായ കാര്യങ്ങൾ എല്ലാം നിർവ്വഹിക്കപ്പെട്ടിട്ടുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ&ബി) കേന്ദ്ര സർക്കാർ ബഡ്ജറ്റിൽ സ്മാർട്ട് സിറ്റി പദ്ധതി സംബന്ധിച്ച പ്രഖ്യാപനം നടത്തിയതല്ലാതെ അതുസംബന്ധിച്ച അന്തിമമാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ സംസ്ഥാന സർക്കാർ ഇക്കാര്യത്തിൽ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

**അക്ഷയ കേന്ദ്രങ്ങളിലൂടെ കൂടുതൽ സേവനങ്ങൾ**

269 (2507) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

അക്ഷയ കേന്ദ്രങ്ങളിലൂടെ കൂടുതൽ സേവനങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

നിലവിലെ വിവിധ സേവനങ്ങൾക്ക് പുറമേ Food establishment Licensing and Registration അപേക്ഷ, വെൽഫെയർ ബോർഡുകളുടെ അംശാദായം സ്വീകരിക്കൽ, രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റ്, വൊക്കേഷണൽ ഹയർ സെക്കണ്ടറി എഡ്യൂക്കേഷൻ, വാട്ടർ അതോറിറ്റി തുടങ്ങിയവ നടത്തിവരുന്ന സേവനങ്ങൾ, അപ്പാ സി.എസ്.സി. വഴി നാഷണൽ പെൻഷൻ സ്കീം, എപ്പിക് കാർഡ് പ്രിന്റിംഗ്, ക്ഷീര വികസന വകുപ്പിനു കീഴിലുള്ള പാൽ സൊസൈറ്റി ജീവനക്കാർക്കു വേണ്ടി കമ്പ്യൂട്ടർ ട്രെയിനിംഗ്, റേഷൻ കാർഡ് പുതുക്കുന്നതിനുള്ള വിവര ശേഖരണം തുടങ്ങിയ സേവനങ്ങൾ ഈ വർഷം ലഭ്യമാക്കുവാനാണ് ഉദ്ദേശിക്കുന്നത്.

**തലശ്ശേരി അസംബ്ലി മണ്ഡലത്തിൽ ഐ.ടി. പാർക്ക്**

270 (2508) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

നൽകുമോ :

(എ) തലശ്ശേരി അസംബ്ലി മണ്ഡലത്തിൽ ഐ.ടി. പാർക്ക് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഐ.ടി. പാർക്ക് സ്ഥാപിക്കണമെന്നാവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോ ;

(സി) ഐ.ടി. പാർക്ക് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ഇതിനകം എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഇക്കാര്യം പരിശോധിക്കുന്നതാണ്.

(ബി) ഇല്ല.

(സി) ബാധകമല്ല.

**ടെക്നോളജി ഇന്നോവേഷൻ സോൺ**

271 (2509) ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടെക്നോളജി ഇന്നോവേഷൻ സോണിൽ സ്റ്റാർട്ട്അപ്പ് സംരംഭങ്ങൾ കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ബി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ) കേരളത്തിലെ യുവാക്കളെ തൊഴിൽ അന്വേഷകർ എന്നതിനേക്കാൾ തൊഴിൽ ദാതാക്കളായി വളർത്തുക എന്ന ലക്ഷ്യത്തോടെ മുന്നോട്ട് കൊണ്ടുവന്ന പദ്ധതിയാണ് സംരംഭകത്വ വികസനം. നൂതന ആശയങ്ങളും ഇൻക്യുബേഷൻ പദ്ധതികളും ഒരു മേഖലയിൽ തന്നെ ഒതുക്കി നിർത്തേണ്ട പദ്ധതികൾ അല്ല. ഓരോ വർഷവും ഒരു ലക്ഷത്തിലധികം വിദ്യാർത്ഥികളാണ് കേരളത്തിൽ ഉന്നത വിദ്യാഭ്യാസം പൂർത്തിയാക്കി ഇറങ്ങുന്നത്. ഈ വിദ്യാർത്ഥികളെ വേണ്ട രീതിയിൽ

പരിശീലിപ്പിച്ചെടുത്താൽ നമുക്ക് പല മേഖലകളിലും യുവ സംരംഭകരെ വളർത്തിയെടുക്കാൻ സാധിക്കും. അതിന്റെ ഭാഗമായി കൊച്ചിയിലെ കിൻഫ്ര ഹൈടെക്ക് പാർക്കിൽ 13.2 ഏക്കർ സ്ഥലത്ത് ഇന്നോവേഷൻ സോണിനായി 3 ലക്ഷം സ്ക്വയർഫീറ്റിൽ കെട്ടിട നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ 1 ലക്ഷം സ്ക്വയർഫീറ്റിലുള്ള രണ്ടാമത്തെ കെട്ടിടം പൂർത്തിയായി വരുന്നു. ഈ കെട്ടിടം സ്റ്റാർട്ട്അപ്പ് വില്ലേജിന് കൈമാറും. ടെക്നോളജി ഇന്നോവേഷൻ സോൺ കെട്ടിടത്തിൽ ഏർപ്പെടുത്തിയിരിക്കുന്ന സൗകര്യങ്ങൾ ചുവടെ ചേർക്കുന്നു:

1. ഓഫീസ് സൗകര്യം: ഓരോ നൂതന കമ്പനികൾക്കും 10 മുതൽ 15 വരെ ആൾക്കാരെ ഉൾകൊള്ളിക്കുവാനുള്ള സ്ഥല സൗകര്യം ഒരുക്കുന്നതാണ്.

2. റിസർച്ച് സൗകര്യം : സംരംഭകർക്ക് വിവിധ പരീക്ഷണങ്ങളും അവരുടെ ആശയങ്ങളുടെ ടെസ്റ്റുകളും നടത്തുവാനായി ഒരു റിസർച്ച് സ്ഥലം ഒരുക്കുന്നതാണ്.

3. ഏയ്ഞ്ചൽ സോൺ : സംരംഭകരെ നിക്ഷേപകരുമായികൂട്ടിയിണക്കുവാനായി ഓഫീസ് സ്ഥലം ഒരുക്കുന്നതാണ്.

4. എക്സിബിഷൻ സോൺ : കമ്പനിക്കാർക്ക് അവരുടെ ഉത്പന്നങ്ങൾ പ്രദർശിപ്പിക്കുവാനുള്ള സ്ഥല സൗകര്യം ഒരുക്കുന്നതാണ്.

5. ലോകോത്തര സമ്മേളന സ്ഥലം : കമ്പനിക്കാർക്ക് വിവിധ സമ്മേളനങ്ങൾ നടത്തുവാനും വിവിധ യൂണിവേഴ്സിറ്റികളുമായി വെബ് ക്ലാസ്സസ് സംഘടിപ്പിക്കുവാനുമായി സ്ഥല സൗകര്യം ഒരുക്കുന്നതാണ്.

6. റിക്രിയേഷൻ സെന്റർ : സംരംഭകർക്ക് വിവിധ കലാ-കായിക വിനോദങ്ങൾക്കുള്ള സൗകര്യം ഒരുക്കുന്നതാണ്.

7. കഫറ്റേരിയ : വിവിധ ഇൻക്യുബേഷൻ കമ്പനികൾക്ക് കഫറ്റേരിയ സംവിധാനം ഒരുക്കുുന്നതാണ്.

8. താമസസ്ഥലം : വിവിധ വിദ്യാർത്ഥി-വിദ്യാർത്ഥിനികൾക്കായി പ്രത്യേക താമസസ്ഥലം

ഒരുക്കുന്നതാണ്. കൂടാതെ വിവിധ പരിശീലന പരിപാടികളും, ശില്പശാലകളും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) ഇതിനായി സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു:

1. റാസ്പ്ബെറി പൈ പ്രോഗ്രാം :

   സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 2500 സ്കൂൾ വിദ്യാർത്ഥികൾക്ക് റാസ്പ്ബെറി പൈ കിറ്റ് വിതരണം ചെയ്യുവാനും അതിലൂടെ അവരിലെ പ്രോഗ്രാമിംഗ് നൈപുണ്യം വികസിപ്പിക്കുവാനും സംസ്ഥാന സർക്കാർ രൂപം നൽകിയ പദ്ധതിയാണ് റാസ്പ്ബെറി പൈ പ്രോഗ്രാം.

2. നേതൃത്വ പരിശീലന പരിപാടി :

   സംസ്ഥാന സർക്കാർ രൂപം നൽകിയ വിവിധ സംരംഭകത്വ പരിപാടികളിലൂടെയും സംരംഭകത്വ വികസന ക്ലബ്ബുകളിലൂടെയും വളർന്നുവന്ന വിവിധ വിദ്യാർത്ഥികളിൽ നേതൃത്വ പരിശീലന പാടവം വളർത്തുവാനായി സ്റ്റാൻഫോർഡും ഹാർവാർഡും പോലുള്ള യൂണിവേഴ്സിറ്റികൾ സന്ദർശിക്കാൻ അവസരം ഒരുക്കുക എന്നതാണ് ഈ പദ്ധതി വഴി ലക്ഷ്യമിടുന്നത്.

3. അന്തർദ്ദേശീയ സംരംഭകത്വ എക്സ്ചേഞ്ച് പരിപാടി :

   2013-14-ൽ 5 യുവ സംരംഭക വിദ്യാർത്ഥികളെ സംസ്ഥാന സർക്കാർ സിലിക്കൺ വാലിയിലേക്ക് അയച്ചിരുന്നു. ആ പരിപാടിയിലൂടെ വിദ്യാർത്ഥികളിൽ വന്ന മാറ്റത്തെ അടിസ്ഥാനമാക്കി സംസ്ഥാന സർക്കാർ 10-ഓളം യുവവിദ്യാർത്ഥികളെ എല്ലാ വർഷവും സിലിക്കൺ വാലിയിലേക്ക് അയയ്ക്കുവാനും അവിടെ വിദ്യാർത്ഥികൾക്ക് എല്ലാ സൗകര്യങ്ങൾ ഒരുക്കുവാനുമായി ഒരു സിലിക്കൺ ലാൻഡ് പാഡ് നിർമ്മിക്കുവാൻ തീരുമാനമെടുക്കുകയും ചെയ്തു. കൂടാതെ വിദ്യാർത്ഥികളെ വിവിധ അന്തർദ്ദേശീയ കോൺഫറൻസുകളിൽ പങ്കെടുപ്പിക്കുക എന്ന ലക്ഷ്യത്തോടെ രൂപം നൽകിയ പദ്ധതിയാണ് അന്തർദേശീയ സംരംഭകത്വ എക്സ്ചേഞ്ച് പരിപാടി.

4. സ്റ്റാർട്ട്അപ്പ് ബ്യൂട്ട് ക്യാമ്പ് :

കേരളത്തിലെ വിദ്യാർത്ഥികളിൽ സംരംഭകത്വം വളർത്തുവാനും നൂതന ആശയങ്ങൾക്ക് പ്രോത്സാഹനം നൽകുവാനുമായി സംസ്ഥാന സർക്കാർ രൂപം കൊടുത്ത പദ്ധതിയാണ് സ്റ്റാർട്ട്അപ് ബൂട്ട് ക്യാമ്പ്. ഇതിന്റെ ഭാഗമായി കേരളത്തിലെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും സംരംഭകത്വ വികസന ക്ലബ്ബുകൾ ആരംഭിക്കാനുമാണ് ലക്ഷ്യമിടുന്നത്.

5. ഫാബ് ലാബ് :

ഇലക്ട്രോണിക്സ് മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനും ഇതിലേക്ക് കൂടുതൽ വിദ്യാർത്ഥികളെ ആകർഷിപ്പിക്കുവാനുമായി തിരുവനന്തപുരത്തെ ടെക്നോ പാർക്കിലും കൊച്ചിയിലെ കിൻഫ്രയിലും ഫാബ് ലാബുകൾ സ്ഥാപിക്കുന്നുണ്ട്.

6. സ്റ്റാർട്ട്അപ്പ് ബോക്സ് ക്യാമ്പയിൻ :

കേരളത്തിലെ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളെ സംരംഭകരായി വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ സംരംഭകത്വ പ്രചരണ പരിപാടി സംഘടിപ്പിക്കുവാനും വിദ്യാർത്ഥികൾക്ക് സ്റ്റാർട്ട്അപ്പ് ബോക്സുകൾ വിതരണം ചെയ്യുവാനുമായി രൂപം നൽകിയ പദ്ധതിയാണ് സ്റ്റാർട്ട്അപ്പ് ബോക്സ് ക്യാമ്പയിൻ.

## സർവ്വീസ് പ്ലസ് പദ്ധതി

272 (2510) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഐ.റ്റി. വകുപ്പ് സർവ്വീസ് പ്ലസ് പദ്ധതിയിലൂടെ എന്തൊക്കെ സേവനങ്ങളാണ് ജനങ്ങൾക്ക് ലഭ്യമാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത് ; ഇവ ഏതു ഘട്ടത്തിലാണ്; വിശദമാക്കാമോ ?

ഉത്തരം

ആദ്യ ഘട്ടത്തിൽ സേവനാവകാശ നിയമത്തിൽ ഉൾപ്പെട്ടിട്ടുള്ള സേവനങ്ങൾ സർവ്വീസ് പ്ലസ് വഴി നൽകാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. എക്സൈസ് വകുപ്പിന്റെ രണ്ട്

സേവനങ്ങളും വനം വകുപ്പിന്റെ ഒരു സേവനവും സർവ്വീസ് പ്ലസിൽ ലഭ്യമാണ്. സ്റ്റോർ പർച്ചേസ് വകുപ്പിന്റെ മൂന്ന് സേവനങ്ങൾ സർവ്വീസ് പ്ലസ് വഴി നടപ്പാക്കുന്നതിനുള്ള നടപടിക്രമങ്ങൾ അന്തിമഘട്ടത്തിലാണ്.

**മാവേലിക്കര മണ്ഡലത്തിൽ ഐ.ടി. പാർക്ക്**

273 (2511) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലിക്കര മണ്ഡലത്തിൽ ഒരു ഐ.ടി. പാർക്ക് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) മാവേലിക്കരയിൽ ഒരു മിനി ഐ.ടി. പാർക്ക് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) മാവേലിക്കര മണ്ഡലത്തിൽ സർക്കാർ മേഖലയിൽ ഐ.ടി. പാർക്ക് ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല, പ്രാവർത്തികവുമല്ല. സ്വന്തമായി ഭൂമിയും മൂലധനവുമുള്ള സ്വകാര്യ സംരംഭകർക്ക് സ്വകാര്യ ഐ.ടി. പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ പദ്ധതി അനുസരിച്ച് മാവേലിക്കരയിൽ സ്വകാര്യ ഐ.ടി. പാർക്ക് സ്ഥാപിക്കുവാനായി മുന്നോട്ടുവരുന്നവർക്ക് എല്ലാ സഹായവും നൽകുന്നതാണ്.

**സ്മാർട്ട് സിറ്റിയുടെ ഒന്നാംഘട്ട പ്രവർത്തനം**

274 (2512) ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. റ്റി. യു. കുരുവിള :
ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കൊച്ചി സ്മാർട്ട് സിറ്റിയുടെ ഒന്നാംഘട്ട പ്രവർത്തനം എന്നത്തേക്ക്

ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

കൊച്ചി സ്മാർട്ട് സിറ്റിയുടെ ഒന്നാംഘട്ടത്തിലെ 6.5 ലക്ഷം ചതുരശ്രയടി വിസ്തീർണ്ണമുള്ള ഐ.ടി. കെട്ടിടത്തിന്റെ നിർമ്മാണം 2015 മാർച്ച് മാസത്തോടുകൂടി പൂർത്തിയാക്കി പ്രവർത്തനം ആരംഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**സർക്കാർ ആഫീസുകളിലെ കമ്പ്യൂട്ടർവൽക്കരണം**

275 (2513) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഐ.ടി. നയത്തിന്റെ ഭാഗമായി സംസ്ഥാനത്തെ മുഴുവൻ സർക്കാർ വകുപ്പുകളും കമ്പ്യൂട്ടർവൽക്കരിച്ചിട്ടുണ്ടോ ;

(ബി) വിവിധ സർക്കാർ ആഫീസുകളെ കമ്പ്യൂട്ടറുമായി ബന്ധിപ്പിക്കുന്ന ഏകീകരണ സമ്പ്രദായം ഫലപ്രാപ്തിയിൽ എത്തിയിട്ടില്ല എന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) സർക്കാർ വകുപ്പുകളിൽ ഓൺലൈൻ വഴി ലഭിക്കുന്ന അപേക്ഷകളിന്മേലും പരാതികളിലും നടപടി നാമമാത്രമായി ചുരുങ്ങുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) സർക്കാർ ആഫീസുകളിലെ കമ്പ്യൂട്ടർവൽക്കരണം പൂർണ്ണമായും പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കും ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ ഭൂരിഭാഗം സർക്കാർ വകുപ്പുകളും കമ്പ്യൂട്ടർവത്ക്കരണത്തിന്റെ പാതയിലാണ്. പൊതുജനങ്ങൾ അടുത്തിടപഴകുന്ന പ്രധാന വകുപ്പുകളായ റവന്യൂ, മോട്ടോർ വാഹനം, വാണിജ്യ നികുതി, പോലീസ്, വിദ്യാഭ്യാസം, തദ്ദേശസ്വയംഭരണം, രജിസ്ട്രേഷൻ, കൃഷി, ആരോഗ്യം, ട്രഷറി, ഭക്ഷ്യ പൊതു വിതരണം, സർവ്വേ, വനം, പൊതുമരാമത്ത്, ജലവിഭവം, എംപ്ലോയ്മെന്റ്

തുടങ്ങിയ വകുപ്പുകളെല്ലാം കമ്പ്യൂട്ടർവത്ക്കരണവുമായി ബഹുദൂരം മുന്നോട്ട് പോയികഴിഞ്ഞു.

(ബി) കമ്പ്യൂട്ടർ ഏകീകരണ സംവിധാനം പ്രാവർത്തികമാക്കുന്നതിനായുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതികളായ സ്റ്റേറ്റ് ഡാറ്റാ സെന്റർ (SDC), കേരള സ്റ്റേറ്റ് വൈഡ് ഏരിയ നെറ്റ്‌വർക്ക് (KSWAN) എന്നിവ രാജ്യത്ത് ആദ്യമായി നടപ്പിലാക്കിയ സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം. വിവിധ സർക്കാർ ആഫീസുകളിലുള്ള കമ്പ്യൂട്ടറുകളെ സംസ്ഥാന ഡാറ്റാ സെന്ററുമായി ബന്ധിപ്പിക്കുന്നതിനുള്ള പദ്ധതിയാണ് കേരള സ്റ്റേറ്റ് വൈഡ് ഏരിയ നെറ്റ്‌വർക്ക് അഥവാ KSWAN. ടി പദ്ധതി പ്രകാരം KSWAN ശൃംഖല സംസ്ഥാനത്ത് ബ്ലോക്ക് തലംവരെ ലഭ്യമാണ്. സംസ്ഥാനത്തെ 3320-ഓളം ആഫീസുകൾ ഈ ശൃംഖല മുഖേന ബന്ധിപ്പിച്ചിട്ടുണ്ട്. പഞ്ചായത്ത് തലത്തിൽ കമ്പ്യൂട്ടറുകളെ ബന്ധിപ്പിക്കുന്ന ശൃംഖലയായ നാഷണൽ ഒപ്റ്റിക്കൽ ഫൈബർ നെറ്റ്‌വർക്ക് (NOFN) പദ്ധതി നടപ്പിലാക്കി വരുകയാണ്.

(സി) സംസ്ഥാനത്ത് ഓൺലൈൻ ആയി ഏറ്റവും കൂടുതൽ അപേക്ഷകൾ ലഭിക്കുന്നത് ഇ-ഡിസ്ട്രിക്ട് പദ്ധതി മുഖേനയാണ്. ഇ-ഡിസ്ട്രിക്ട് മുഖേന ഇതുവരെ ഒരു കോടി നാലു ലക്ഷത്തിൽപ്പരം അപേക്ഷകളാണ് ലഭ്യമായത്. ഇതിൽ 92 ശതമാനത്തിലധികം അപേക്ഷകളിന്മേൽ തീർപ്പ് കൽപ്പിച്ചിട്ടുണ്ട്. ഇ-ഡിസ്ട്രിക്ട് പദ്ധതി മുഖേന വില്ലേജാഫീസുകളിൽ ലഭിക്കുന്ന അപേക്ഷകളിന്മേൽ കാലതാമസം കൂടാതെ നടപടി സ്വീകരിക്കുന്നതിന് മേൽനോട്ടം നിർവ്വഹിക്കാനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്. വാണിജ്യ നികുതി വകുപ്പിൽ മുഴുവൻ വ്യാപാരികളും തങ്ങളുടെ മൂല്യവർദ്ധിത നികുതി (Value Added Tax) റിട്ടേണുകൾ ഫയൽ ചെയ്യുന്നതും, റിട്ടേൺ പ്രകാരമുള്ള നികുതി ഒടുക്കുന്നതും ഓൺലൈൻ മുഖേനയാണ്. മോട്ടോർ വാഹന വകുപ്പിൽ ഭൂരിഭാഗം അപേക്ഷകളും ഓൺലൈൻ മുഖേന സ്വീകരിച്ചാണ് നടപടികൾ കൈക്കൊള്ളുന്നത്. കോൾ സെന്ററുകൾ മുഖേന ലഭിക്കുന്ന പരാതികളിലും സത്വര നടപടികൾ കൈക്കൊള്ളുന്നുണ്ട്.

(ഡി) 2012-ലെ ഐ.ടി. നയത്തിലെ പ്രഖ്യാപനത്തിനനുസരിച്ച് പദ്ധതി വിഹിതത്തിന്റെ മൂന്ന് ശതമാനം ഇ-ഗവേണൻസ് പദ്ധതികൾക്കായി വകയിരുത്തുവാൻ എല്ലാ വകുപ്പുകൾക്കും നിർദ്ദേശം നൽകി. വിവര സാങ്കേതിക വിദ്യയുടെ പ്രയോജനവും പ്രയോഗവും ഉറപ്പുവരുത്താൻ താഴെപ്പറയുന്ന പ്രവർത്തനങ്ങളാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്.

1. സ്റ്റേറ്റ് ഡാറ്റാ സെന്ററിൽ എല്ലാ ഗവൺമെന്റ് വകുപ്പുകളുടെയും ഡാറ്റാ സൂക്ഷിക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തിവരുന്നു.
2. KSWAN വഴി സ്റ്റേറ്റ് ഡാറ്റാ സെന്ററുമായി വിവിധ സർക്കാർ ഓഫീസുകളെ ബന്ധിപ്പിക്കുന്നതിനുള്ള നടപടി തുടർന്നുവരുന്നു.
3. പഞ്ചായത്ത് തലത്തിലുള്ള സർക്കാർ ഓഫീസുകളിലെ കമ്പ്യൂട്ടറുകളെ ബന്ധിപ്പിക്കുന്ന പദ്ധതി (NOFN) നടപ്പിലാക്കി വരുന്നു.
4. ഇ-പ്രൊക്യൂർമെന്റ് പദ്ധതി എല്ലാ സർക്കാർ വകുപ്പുകളിലേക്കും വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.
5. ഡിജിറ്റൽ ഫയൽ നീക്കം സാധ്യമാക്കുന്ന ഇ-ഓഫീസ് പദ്ധതിയിൽ കൂടുതൽ വകുപ്പുകളെ ഉൾപ്പെടുത്തിവരുന്നു.
6. ഇ-ഡിസ്ട്രിക്ട് പദ്ധതിയിൽ കൂടുതൽ സേവനങ്ങൾ ഉൾപ്പെടുത്തി വരുന്നു.
7. കൂടുതൽ സർക്കാർ സേവനങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് സർവ്വീസ് പ്ലസ് പദ്ധതി വിപുലപ്പെടുത്തിവരുന്നു.
8. എല്ലാ സർക്കാർ സേവനങ്ങളേയും ഒരു ഏകീകൃത പോർട്ടലിന്റെ കീഴിൽ ഉൾപ്പെടുത്തുന്ന പദ്ധതിയായ SSDG സംവിധാനത്തിന് തുടക്കം കുറിച്ചിട്ടുണ്ട്.

### ടെക്നോസിറ്റി

276 (2514) ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യ ങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ടെക്നോസിറ്റിക്കുവേണ്ടി സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് നാളിതുവരെ എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്. ;

(ബി) ഏതെല്ലാം കമ്പനികൾക്കാണ് സ്ഥലം കൈമാറിയിട്ടുള്ളത് ;

(സി) സ്ഥലം ലഭ്യമായ ഏതെല്ലാം കമ്പനികളാണ് നിർമ്മാണത്തിന് തറക്കല്ലിട്ടത് ; അവയുടെ പ്രവർത്തനം തുടങ്ങിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) 373.27 കോടി രൂപ (ഭൂമി ഏറ്റെടുക്കുന്നതിനായി 302.72 കോടിയും പലിശയിനത്തിൽ 70.55 കോടിയും)

(ബി) ടാറ്റാ കൺസൾട്ടൻസി സർവ്വീസസിന് 97 ഏക്കറും ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ് -കേരളയ്ക്ക് 10.33 ഏക്കറും ഇൻഫോസിസിന് 49.84 ഏക്കറും സൺടെക്കിന് 10 ഏക്കറും കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസിന് 5 ഏക്കറും അനുവദിച്ചിട്ടുണ്ട്.

(സി) ഇന്ത്യൻ ഇസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ്-കേരള, സൺടെക് എന്നീ കമ്പനികൾ തറക്കല്ലിട്ട് നിർമ്മാണ പ്രവർത്തനങ്ങളുടെ പ്രാരംഭ നടപടികൾ നടത്തിവരുന്നു. ടാറ്റാ കൺസൾട്ടൻസി സർവ്വീസസിന്റെ പ്രവർത്തനങ്ങൾക്ക് തറക്കല്ലിടുകയും മാസ്റ്റർ പ്ലാൻ തയ്യാറാവുകയും ചെയ്തിട്ടുണ്ട്.

**ടെക്നോപാർക്ക് ടെക്നോളജി ബിസിനസ് ഇൻക്യുബേഷൻ സെന്റർ**

**277 (2515)** <u>ശ്രീ. ചിറ്റയം ഗോപകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവരസാങ്കേതിക വകുപ്പിന്റെ കീഴിൽ തിരുവനന്തപുരം ടെക്നോ പാർക്കിൽ കേന്ദ്ര ശാസ്ത്രസാങ്കേതിക വകുപ്പിന്റെ സഹായത്തോടെ ടെക്നോ പാർക്ക് ടെക്നോളജി ബിസിനസ്സ് ഇൻക്യുബേഷൻ സെന്റർ എന്ന യൂണിറ്റ് പ്രവർത്തിച്ചു വരുന്നുണ്ടോ ;

(ബി) ഇതിന്റെ പ്രവർത്തന വ്യാപ്തിയെ സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ ;

(സി) ഈ യൂണിറ്റിന്റെ ഭരണപരമായ നിയന്ത്രണം എങ്ങനെയെന്നുള്ള വിവരം, നിലവിലുള്ള ഉദ്യോഗസ്ഥരുടെ തസ്തിക തിരിച്ചുള്ള പട്ടിക സഹിതം ലഭ്യമാക്കുമോ ; ഇവരുടെ ശമ്പളയിനത്തിനായി പ്രതിമാസം എത്ര തുക ചെലവിടുന്നുവെന്ന് അറിയിക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) തിരുവനന്തപുരത്തെ ടെക്നോപാർക്കും ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ കേന്ദ്ര ശാസ്ത്രസാങ്കേതിക വകുപ്പും ചേർന്ന് സംയുക്തമായി 2006-ൽ ആരംഭിച്ച പദ്ധതിയാണ് ടെക്നോപാർക്ക് ടെക്നോളജി ബിസിനസ്സ് ഇൻക്യുബേറ്റർ. നൂതനമായ ആശയങ്ങളെ കണ്ടെത്തി അവയെ ഒരു ബിസിനസ്സ് സ്ഥാപനമായി ഉയർത്തി കൊണ്ടുവരുവാൻ മതിയായ മാർഗ്ഗനിർദ്ദേശങ്ങളും ധനസഹായവും പരിശീലനങ്ങളും സ്ഥലസൗകര്യങ്ങളുമുൾപ്പെടെ വിവിധ ബിസിനസ്സുകാരുമായി ബന്ധപ്പെടുവാനുള്ള അവസരം ഒരുക്കുക എന്നതുമാണ് ടെക്നോപാർക്ക് ടെക്നോളജി ബിസിനസ്സ് ഇൻക്യുബേറ്ററിന്റെ പ്രധാന ലക്ഷ്യം. ടെക്നോപാർക്ക്-റ്റി.ബി.ഐ. ആരംഭിച്ച മറ്റ് സംരംഭങ്ങൾ ചുവടെ ചേർക്കുന്നു:

1. നാഷണൽ സെന്റർ ഫോർ ഇന്നവേഷൻ, ഇൻക്യുബേഷൻ ആന്റ്

എന്റർപ്രണർഷിപ്പ്.

2. ടെക്നോപാർക്ക് ടെപ്പ്-ഔട്ട്റീച്ച് കം ക്ലസ്റ്റർ ഇന്നവേഷൻ സെന്റർ.
3. ടെക്നോപാർക്ക് സോഫ്റ്റ്‌വെയർ എഞ്ചിനീയറിംഗ് കോംപിറ്റൻസി സെന്റർ.
4. സൈബർ സെക്യൂരിറ്റി അസ്സസ്മെന്റ് സെന്റർ.
5. ഇലക്ട്രോണിക്സ് ആന്റ് എംബഡഡ് ലാബ്.
6. മൊബൈൽ കമ്മ്യൂണിക്കേഷൻ ലാബ്.
7. സോഫ്റ്റ്‌വെയർ എഞ്ചിനീയറിംഗ് ലാബ്.
8. ഓപ്പൺ -ഐ-സ്പെയ്സ്.
9. ഇന്നവേഷൻ ആന്റ് എന്റർപ്രണർഷിപ്പ് ഡവലപ്മെന്റ് സെൽ.

(സി) ടെക്നോപാർക്ക് ടെക്നോളജി ബിസിനസ്സ് ഇൻക്യുബേഷൻ സെന്ററിലെ ഉദ്യോഗസ്ഥന്മാരുടെ തസ്തിക തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| നമ്പർ | പേര് | തസ്തിക |
|---|---|---|
| 1 | സൂര്യ തങ്കം എസ് | അസിസ്റ്റന്റ് മാനേജർ |
| 2 | മേരി തോമസ് | അസിസ്റ്റന്റ് മാനേജർ |
| 3 | വരുൺ. ജി. | അസിസ്റ്റന്റ് ടെക്നിക്കൽ ഓഫീസർ |
| 4 | വിനോദ് കുമാർ. ബി. ജി. | അസിസ്റ്റന്റ് ടെക്നിക്കൽ ഓഫീസർ |
| 5 | വിഷാൽ. ബി | അസിസ്റ്റന്റ് ടെക്നിക്കൽ ഓഫീസർ |
| 6 | ആര്യ കൃഷ്ണൻ. ഇ | ജൂനിയർ ടെക്നിക്കൽ ഓഫീസർ |
| 7 | ഗോകുൽ. വി. | ജൂനിയർ എക്സിക്യൂട്ടീവ് |
| 8 | സജ്ന. എ. | ജൂനിയർ എക്സിക്യൂട്ടീവ് |
| 9 | മനു. എസ്. | ജൂനിയർ എക്സിക്യൂട്ടീവ് |

ഇവരുടെ ശമ്പളയിനത്തിലേക്കായി പ്രതിമാസം 244923 രൂപ ചെലവിടുന്നുണ്ട്.

**അക്ഷയ കേന്ദ്രങ്ങൾ കൂടുതൽ പൊതുജന സൗഹൃദമാക്കുന്നതിന് നടപടി**

278 (2516) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അക്ഷയ കേന്ദ്രങ്ങളിൽനിന്നും ലഭിക്കുന്ന സേവനങ്ങൾക്ക് സർക്കാർ നിശ്ചയിച്ചതിലും കൂടുതൽ ഫീസ് ചില കേന്ദ്രങ്ങളിൽ ഈടാക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് സംബന്ധിച്ച് പാലക്കാട് ജില്ലയിൽ കഴിഞ്ഞ 6 മാസത്തിനുള്ളിൽ എത്ര പരാതികൾ ലഭിച്ചു ; ഇവയിൻമേൽ എന്തു നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ ;

(സി) അക്ഷയ കേന്ദ്രങ്ങളിൽ നിയമിക്കപ്പെടുന്നവർക്ക് നിശ്ചിത യോഗ്യതയുണ്ടെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉറപ്പു വരുത്താറുണ്ടോ ; ജില്ലാ തലത്തിൽ ഇക്കാര്യം ആരാണ് പരിശോധിക്കുന്നത് ;

(ഡി) ജില്ലയിലെ എല്ലാ അക്ഷയ കേന്ദ്രങ്ങളിലും സേവനങ്ങൾക്ക് സർക്കാർ നിശ്ചയിച്ചിട്ടുള്ള ഫീസ് നിരക്ക് എഴുതി പ്രദർശിപ്പിച്ചിട്ടുണ്ടോ ;

(ഇ) അക്ഷയ കേന്ദ്രങ്ങൾ കൂടുതൽ പൊതുജന സൗഹൃദമാക്കുന്നതിന് സർക്കാർ തലത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) മൂന്ന് പരാതികൾ ലഭിച്ചിട്ടുണ്ട്. സർക്കാർ നിബന്ധനകൾ പാലിക്കണമെന്നും സേവന നിരക്കുകളുടെ പട്ടിക നിർബന്ധമായും പ്രദർശിപ്പിക്കണമെന്നും പ്രസ്തുത അക്ഷയ സെന്ററുകൾക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) പൊതു പരസ്യത്തിലൂടെ പ്രീഡിഗ്രി/പ്ലസ് ടു വിദ്യാഭ്യാസ അടിസ്ഥാന യോഗ്യതയുള്ളവരിൽ നിന്നും അപേക്ഷ സ്വീകരിച്ച് ഓൺലൈനായി നടത്തുന്ന പരീക്ഷയുടെയും തുടർന്ന് അഭിമുഖത്തിന്റെയും അടിസ്ഥാനത്തിലാണ് സംരംഭകരെ തെരഞ്ഞെടുത്ത് വരുന്നത്. എന്നാൽ ഇത്തരത്തിൽ തെരഞ്ഞെടുക്കുന്ന അക്ഷയ സംരംഭകരുടെ കീഴിലുള്ള അക്ഷയ കേന്ദ്രത്തിൽ നിയമിക്കപ്പെടുന്നവരുടെ യോഗ്യതകൾ എന്തൊക്കെ ആകണം എന്ന് നിഷ്കർഷിച്ചിട്ടില്ല.

(ഡി) എല്ലാ അക്ഷയ കേന്ദ്രങ്ങളിലും സേവനങ്ങൾക്ക് സർക്കാർ

നിശ്ചയിച്ചിട്ടുള്ള ഫീസ് നിരക്ക് എഴുതി പ്രദർശിപ്പിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. മാത്രമല്ല ഫീസ് നിരക്ക് അക്ഷയയുടെ ഔദ്യോഗിക വെബ് സൈറ്റായ www.akshaya.kerala.gov.in-ലും ലഭ്യമാണ്.

(ഇ) ഉണ്ട്. ജനങ്ങൾക്ക് ഉത്തമവും കാര്യക്ഷമവുമായി പരമാവധി സേവനങ്ങൾ ലഭ്യമാക്കുന്നതിന് അക്ഷയ സംരംഭകരെ സന്നദ്ധരാക്കുന്നതിന് 'പാഠശാല' എന്നൊരു പരിശീലന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്.

## അട്ടപ്പാടി പാക്കേജ്

279 (2517) ശ്രീ. എ. കെ. ബാലൻ :
ശ്രീ. എം. ഹംസ :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അട്ടപ്പാടി പാക്കേജിന്റെ ഭാഗമായി പരമ്പരാഗത കാർഷിക വികസനത്തിന് അനുവദിച്ച തുകയിൽ ഭൂരിഭാഗവും ഇടനിലക്കാർ തട്ടിയെടുത്തതായ വാർത്തകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കാമോ ;

(സി) ആദിവാസി മേഖലയിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ പ്രഖ്യാപിക്കുന്ന പദ്ധതികളിലെ തുകകൾ ഇടനിലക്കാരും ഉദ്യോഗസ്ഥരും തട്ടിയെടുക്കുന്നതായും ഇതുമൂലം ആദിവാസികൾക്ക് ദുരിതത്തിൽ നിന്നും കരകയറാൻ സാധിക്കുന്നില്ലെന്നുമുള്ള വാർത്തകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) പ്രാക്തന ഗോത്ര വിഭാഗങ്ങൾക്കുള്ള പാക്കേജടക്കം പല പദ്ധതികളും പ്രഖ്യാപനത്തിൽ മാത്രം ഒതുങ്ങുന്നു എന്ന പരാതിയിൽ സർക്കാർ നിലപാട് വ്യക്തമാക്കുമോ ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ബാധകമല്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) സംസ്ഥാനത്തെ പ്രത്യേക ദുർബല ഗോത്ര വർഗ്ഗ വിഭാഗക്കാർക്ക് വേണ്ടി സർക്കാർ നടപ്പിലാക്കിവരുന്ന വിവിധ ക്ഷേമ പദ്ധതികൾ കാര്യക്ഷമമായിത്തന്നെ നടന്നുവരുന്നുണ്ട്. ഇക്കാര്യത്തിൽ പ്രഖ്യാപനത്തിൽ മാത്രം ഒതുങ്ങുന്നുവെന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**പട്ടികവർഗ്ഗക്കാരുടെ വായ്പ കുടിശ്ശിക**

280 (2518) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പട്ടികവർഗ്ഗക്കാരിൽ നിന്നും വായ്പ കുടിശ്ശിക എഴുതി തള്ളുന്നതിന് ലഭിച്ച മൊത്തം അപേക്ഷകൾ എത്ര ;

(ബി) വായ്പ കുടിശ്ശിക എഴുതിത്തള്ളൽ പദ്ധതി പ്രകാരം അർഹതപ്പെട്ടവരിൽ നിന്നും അപേക്ഷ ക്ഷണിച്ചത് എപ്പോഴായിരുന്നു ;

(സി) ലഭിച്ച അപേക്ഷകരുടെ ഹർജി പരിഗണിക്കാൻ എന്തു തുക ചെലവ് പ്രതീക്ഷിക്കുന്നു ; എത്ര അപേക്ഷകരുടെ ഹർജികൾ പരിഗണിച്ച് കുടിശ്ശിക എഴുതി തള്ളിയിട്ടുണ്ട് ; ഇതിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുക എത്ര ;

(ഡി) തുക എഴുതിത്തള്ളിയ ഇനത്തിൽ സഹകരണ സ്ഥാപനങ്ങൾക്കും, കോർപ്പറേഷനും, ബാങ്കുകൾക്കും സർക്കാർ കൊടുത്തുതീർത്ത തുക എത്ര; അവശേഷിക്കുന്നവ എത്ര ?

ഉത്തരം

(എ ) 5678 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) വായ്പ കുടിശ്ശിക എഴുതിത്തള്ളൽ പദ്ധതി പ്രകാരം അർഹതപ്പെട്ടവരിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നതിനായി 22-8-2014-ൽ പത്ര വിജ്ഞാപനവും 10-9-2014-ൽ തുടർ പത്രക്കുറിപ്പും ഇറക്കിയിരുന്നു.

(സി) അപേക്ഷകളുടെ വിവരങ്ങൾ ക്രോഡീകരിച്ച് വരികയാണ്. ആയത് പൂർണ്ണമായാൽ മാത്രമേ തുക കണക്കാക്കാൻ കഴിയുകയുള്ളൂ. ഇതുവരെ ഈ പദ്ധതി പ്രകാരം ആരുടെയും വായ്പാ കുടിശ്ശിക എഴുതിത്തള്ളിയിട്ടില്ല. ബഡ്ജറ്റിൽ ഇതിനായി 2 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(ഡി) ബാധകമല്ല.

## സർക്കാർ പ്രഖ്യാപിച്ച പുതിയ പദ്ധതികൾ

281 (2519) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികവർഗ വികസന വകുപ്പിൽ പുതിയതായി പ്രഖ്യാപിച്ച പദ്ധതികൾ എന്തെല്ലാം; ഇതിൽ നടപ്പിലാക്കിയ പദ്ധതികളും അവയുടെ വിശദവിവരങ്ങളും നൽകുമോ; കൂടാതെ, ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ കഴിയാതെ പോയത്; വിശദവിവരം നൽകുമോ ;

(ബി) ഗോത്രസാരഥി പദ്ധതി നിലവിൽ എവിടെയെങ്കിലും നിർത്തലാക്കിയതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ, വിശദവിവരം നൽകുമോ ;

(സി) ആറളത്തെ കുട്ടികൾക്കു പഠനത്തിനായി സ്കൂളിൽ പോകുന്നതിനുള്ള യാത്രാസൗകര്യം മുടങ്ങിയതായുള്ള മാദ്ധ്യമവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ, എന്തുകൊണ്ട് പ്രസ്തുത യാത്രാസൗകര്യം മുടങ്ങി ; വിശദവിവരം നൽകുമോ ?

ഉത്തരം

(എ) പ്രഖ്യാപിച്ച പദ്ധതികൾ സംബന്ധിച്ച വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) ഗോത്രസാരഥി പദ്ധതി നിലവിലെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തൊട്ടാകെ തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽ നടപ്പാക്കി വരുന്നുണ്ട്.

(സി) ഇല്ല.

## മലപ്പുറം ജില്ലയിൽ പട്ടികവർഗ്ഗ വകുപ്പിൽ നിന്നും ചികിത്സാനുകൂല്യം

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

282 (2520) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിൽ പട്ടികവർഗ്ഗത്തിൽപ്പെട്ട ആളുകൾക്ക് പ്രസ്തുത വകുപ്പിൽ നിന്നും 2014 ഏപ്രിൽ ഒന്നു മുതൽ എത്രപേർക്ക് ചികിത്സാ ആനുകൂല്യം നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(ബി) ഇതിൽ മന്ത്രിമാരുടെയും എം.എൽ.എ.-മാരുടെയും ശിപാർശക്കത്തോടെയുള്ള അപേക്ഷകൾ എത്രയുണ്ടെന്നും ആരുടെയൊക്കെയെന്നും അതുവച്ച് അനുവദിച്ചവരുടെ പേരുവിവരവും അനുവദിച്ച തുകയും വിശദമാക്കാമോ ?

ഉത്തരം

(എ) 2014 ഏപ്രിൽ 1 മുതൽ നവംബർ 30 വരെ 1736 പേർക്ക് ചികിത്സാ ധനസഹായം അനുവദിച്ചിട്ടുണ്ട്.

(ബി) അപേക്ഷകൾ പരിശോധിച്ച് അർഹമായ ആനുകൂല്യങ്ങൾ നൽകിക്കൊണ്ടിരിക്കുകയാണ്.

**എസ്.ടി. പ്രൊമോട്ടർമാർ**

283 (2521) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര എസ്.ടി. പ്രൊമോട്ടർമാർ ജോലി ചെയ്യുന്നുവെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ബി) എസ്.ടി. പ്രൊമോട്ടർമാരെ തെരഞ്ഞെടുക്കുന്നതിനുള്ള യോഗ്യതയും മാനദണ്ഡങ്ങളും എന്തെല്ലാമാണ് ; ഇതൊരു സ്ഥിരം തസ്തികയാണോ; വ്യക്തമാക്കുമോ ;

(സി) എസ്.ടി. പ്രൊമോട്ടർമാർക്ക് നിശ്ചയിക്കപ്പെട്ടിട്ടുള്ള ജോലി എന്താണ് ഇവർക്കു നിശ്ചയിച്ചിട്ടുള്ള വേതനം എത്രയെന്ന് വ്യക്തമാക്കുമോ ;

(ഡി) പല എസ്.ടി. പ്രൊമോട്ടർമാരും കൃത്യമായ വിവരശേഖരണം നടത്തി വകുപ്പിനെ അറിയിക്കാത്തതുമൂലം ആദിവാസി സമൂഹങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് ഇപ്പോൾ 1168 എസ്.ടി. പ്രൊമോട്ടർമാർ ജോലി ചെയ്യുന്നു. ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) എസ്.ടി. പ്രൊമോട്ടർമാരുടെ മിനിമം വിദ്യാഭ്യാസ യോഗ്യത 8-ാം ക്ലാസ്സും പ്രായപരിധി 25-നും 50-നും മദ്ധ്യേയുമായിരിക്കണം. കൂടാതെ ഹെൽത്ത് പ്രൊമോട്ടർമാരായി നിയമനം ലഭിക്കണമെങ്കിൽ നേഴ്സിംഗ്, പാരാമെഡിക്കൽ കോഴ്സുകൾ പഠിച്ചവർക്കും ആയുർവേദം/പാരമ്പര്യവൈദ്യം എന്നിവയിൽ പ്രാവീണ്യം നേടിയവരുമായിരിക്കണം. മാനദണ്ഡം അനുബന്ധമായി ചേർക്കുന്നു.* ഇതൊരു സ്ഥിരം തസ്തികയല്ല.

(സി) സർക്കാരിന്റെ വിവിധ വകുപ്പുകൾ, ഏജൻസികൾ തുടങ്ങിവ നടത്തുന്ന വിവിധ ക്ഷേമ പ്രവർത്തനങ്ങൾ ഗുണഭോക്താക്കളിൽ എത്തിക്കുക, പട്ടികവർഗ്ഗക്കാരെയും സർക്കാരിനേയും തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു കണ്ണിയായി പ്രവർത്തിക്കുക, സംസ്ഥാനത്തെ വിവിധ ആശുപത്രികളിൽ ചികിത്സ തേടിയെത്തുന്ന പട്ടികവർഗ്ഗക്കാർക്ക് ആവശ്യമായ ചികിത്സ ഉറപ്പാക്കുക എന്നിവയാണ് പട്ടികവർഗ്ഗ/ഹെൽത്ത് പ്രൊമോട്ടർമാരുടെ കർത്തവ്യങ്ങൾ. പട്ടികവർഗ്ഗ/ഹെൽത്ത് പ്രമോട്ടർമാർക്ക് പ്രതിമാസം 4000 രൂപ ഓണറേറിയവും, ഹെൽത്ത് പ്രൊമോട്ടർമാർക്ക് ഓണറേറിയത്തിന് പുറമേ 500 രൂപ യാത്രാ ബത്തയും നൽകി വരുന്നു.

(ഡി) പട്ടികവർഗ്ഗ പ്രൊമോട്ടർ കൃത്യമായ വിവര ശേഖരണം നടത്താതെ പട്ടികവർഗ്ഗ സമൂഹങ്ങൾക്ക് ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്ന ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെങ്കിലും ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാരുടെ സമയോചിതമായ ഇടപെടലുകൾമൂലം പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുവാൻ കഴിയുന്നുണ്ട്. ഇപ്രകാരം ഏതെങ്കിലും പ്രൊമോട്ടർമാർ കർത്തവ്യം നിറവേറ്റുന്നില്ലായെന്ന് ശ്രദ്ധയിൽപ്പെട്ടാൽ യഥാസമയം അവർക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്.

**ജനനി ജന്മസുരക്ഷ പദ്ധതി**

284 (2522) <u>ശ്രീ. എസ്. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എ) ആദിവാസികളായ ഗർഭിണികളെ സഹായിക്കാൻ ആരംഭിച്ച ജനനി ജന്മസുരക്ഷ പദ്ധതി പ്രകാരം നാളിതുവരെയായി എത്ര അപേക്ഷകൾ ലഭിച്ചു എന്ന് ജില്ല തിരിച്ചിട്ടുള്ള വിവരം ലഭ്യമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഗർഭിണികൾക്ക് എത്ര രൂപയാണ് നൽകുന്നത് എന്ന് വ്യക്തമാക്കാമോ ;

(സി) ഇതുവരെ അപേക്ഷിച്ച എല്ലാവർക്കും സഹായം നൽകാൻ കഴിഞ്ഞിട്ടുണ്ടോ ;

(ഡി) അപേക്ഷിച്ചവരിൽ എത്ര പേർക്ക് ധനസഹായം നൽകാൻ കഴിഞ്ഞു എന്നും അപേക്ഷിച്ചവരിൽ എത്ര വർഷം മുൻപുള്ളവർക്ക് വരെ ധനസഹായം നല്കാനുണ്ടെന്നും ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ ;

(ഇ) ധനസഹായം യഥാസമയം ലഭിക്കാതെ പോഷക ആഹാര കുറവുമൂലം ഗർഭിണികളും ഗർഭസ്ഥശിശുക്കളും മരണമടയുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എത്രപേർ മരണമടഞ്ഞു എന്ന് ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ ;

<u>ഉത്തരം</u>

| | | | |
|---|---|---|---|
| (എ) | തിരുവനന്തപുരം | - | 301 |
| | കൊല്ലം, ആലപ്പുഴ | - | 90 |
| | പത്തനംതിട്ട | - | 76 |
| | കോട്ടയം | - | 272 |
| | എറണാകുളം | - | 94 |
| | ഇടുക്കി | - | 808 |
| | തൃശ്ശൂർ | - | 73 |
| | പാലക്കാട് | - | 842 |
| | മലപ്പുറം | - | 209 |
| | കോഴിക്കോട് | - | 187 |

| | | |
|---|---|---|
| വയനാട് | - | 3098 |
| കണ്ണൂർ | - | 798 |
| കാസർഗോഡ് | - | 1002 |
| ആകെ | - | 7850 |

(ബി) ഗർഭധാരണത്തിന്റെ മൂന്നാംമാസം മുതൽ കുട്ടിക്ക് 1 വയസ്സ് പൂർത്തിയാകുന്നതുവരെ (പരമാവധി 18 മാസം) പ്രതിമാസം 1000 രൂപ നിരക്കിൽ ധനസഹായം മണിയോർഡറായി അയച്ചുകൊടുക്കുന്നു.

(സി &ഡി) 2013 ജൂൺ മാസം മുതലാണ് പദ്ധതി ആരംഭിച്ചത്. ലഭിച്ച അപേക്ഷകളിൽ സൂക്ഷ്മ പരിശോധന പൂർത്തിയാക്കി അർഹരെന്ന് കണ്ടെത്തിയ മുഴുവൻ പേർക്കും ധനസഹായം അനുവദിച്ചിട്ടുണ്ട്.

(ഇ) ജനനി ജന്മരക്ഷാ പദ്ധതി പ്രകാരമുള്ള ധനസഹായം ലഭ്യമാകാതെ ഗർഭിണികളും ഗർഭസ്ഥ ശിശുക്കളും മരണമടഞ്ഞതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ആദിവാസി ഭവന പദ്ധതികൾ**

285 (2523) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആദിവാസി ഊരുകളിൽ എത്ര കുടുംബങ്ങൾക്ക് വീടില്ല എന്ന് കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ ; എങ്കിൽ എത്ര പേർക്കെന്നാണ് കണ്ടെത്തിയിട്ടുള്ളത് ;

(ബി) ഭവനരഹിതരായ ആദിവാസി കുടുംബങ്ങളെ സഹായിക്കാൻ എന്തു പദ്ധതികളാണ് ഈ സർക്കാർ നടപ്പാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ ആദിവാസി കുടികളിലും എത്ര വീടുകൾ വീതം നിർമ്മിച്ചുനൽകിയെന്നും ഇതിനായി എത്ര തുക ചെലവഴിച്ചു എന്നും വ്യക്തമാക്കുമോ ;

(ഡി) ആദിവാസികളുടെ ഭവനനിർമ്മാണ പദ്ധതി പ്രകാരം പണികൾ ആരംഭിച്ചതിനുശേഷം പൂർത്തിയാകാതെ കിടക്കുന്ന വീടുകൾ എത്ര വീതമെന്ന്

ജില്ല തിരിച്ച് വ്യക്തമാക്കുമോ ; ഇത് പൂർത്തിയാക്കാൻ കഴിയാത്തതെന്തെന്നും ഇതിനുത്തരവാദികളായ ഉദ്യോഗസ്ഥർക്കും കരാറുകാർക്കുമെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ ;

(ഇ) ആദിവാസികളുടെ ഭവന നിർമ്മാണത്തിനായി കേന്ദ്ര സർക്കാരിന്റെ ഏതെങ്കിലും പദ്ധതികൾ നിലവിലുണ്ടോയെന്നും ഇതുവഴി എത്ര വീടുകളാണ് പൂർത്തിയാക്കിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്. ഭവനരഹിതരായ 30308 പട്ടികവർഗ്ഗ കുടുംബങ്ങളുണ്ട്.

(ബി) പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്ന ജനറൽ ഹൗസിംഗ് സ്കീം, ഐ.എ.വൈ. പദ്ധതി മുഖാന്തരമുള്ള ഭവന നിർമ്മാണം, ഹഡ്കോ ലോൺ മുഖാന്തരം നിർമ്മിക്കുന്ന വീടുകൾ എന്നിവയിലൂടെ ഭവനരഹിത പട്ടിക വർഗ്ഗക്കാർക്കായി സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കി വരുന്നു.

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ആദിവാസി കുടുംബങ്ങൾക്ക് വീട് നിർമ്മിച്ച് നൽകിയതിന്റെ ജില്ലതിരിച്ചുള്ള വിവരവും ഇതിനായി ചെലവഴിച്ച തുക സംബന്ധിച്ച വിവരവും അനുബന്ധം ആയി ചേർക്കുന്നു.*

(ഡി) വിവിധ ഭവന നിർമ്മാണ പദ്ധതി പ്രകാരം അനുവദിച്ചതും പണി പൂർത്തിയാകാത്തതുമായ വീടുകളുടെ വിവരം അനുബന്ധം ആയി ചേർക്കുന്നു.*

കെട്ടിട നിർമ്മാണ സാമഗ്രികളുടെ ദൗർലഭ്യം, വിദഗ്ദ്ധരായ തൊഴിലാളികളുടെ അഭാവം, നിർമ്മാണ പ്രവൃത്തികൾ നടക്കുന്ന പ്രദേശത്തെ ദുർഘടാവസ്ഥ എന്നിവ മൂലം നിർമ്മാണ പ്രവൃത്തികൾ വൈകാറുണ്ട്. ഇതുസംബന്ധിച്ച അപാകതകൾ ശ്രദ്ധയിൽപ്പെട്ടാൽ ടി ഉദ്യോഗസ്ഥർക്കും കരാറുകാർക്കുമെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്.

(ഇ) ഇല്ല.

**വനാവകാശ നിയമപ്രകാരം ആദിവാസികൾക്ക് ഭൂമി നല്കുന്നതിന് സ്വീകരിച്ച നടപടികൾ**

286 (2524) <u>ശ്രീ. എ. കെ. ബാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനാവകാശ നിയമപ്രകാരം ആദിവാസികൾക്ക് ഭൂമി നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിനായി ഫോറസ്റ്റ് റൈറ്റ് കമ്മിറ്റി, സബ് ഡിവിഷണൽ കമ്മിറ്റി, ജില്ലാതല കമ്മിറ്റി, എസ്റ്റേറ്റ്ലവൽ കമ്മിറ്റി എന്നിവ ഇപ്പോൾ നിലവിലുണ്ടോ ; ഉണ്ടെങ്കിൽ ഈ കമ്മിറ്റികൾ എന്നാണ് പുനഃസംഘടിപ്പിച്ചതെന്ന് വ്യക്തമാക്കുമോ ; ഇത് സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ച ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത കമ്മിറ്റികൾ എത്ര ഭൂമി വിതരണം ചെയ്യാൻ ശിപാർശ ചെയ്തിട്ടുണ്ട് ; ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ നൽകുമോ ;

(ഡി) അതുപ്രകാരം വിതരണം ചെയ്ത ഭൂമിയുടെ വിവരങ്ങൾ ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) വനാവകാശ നിയമ പ്രകാരം പട്ടികവർഗ്ഗക്കാർക്ക് ഭൂമിയുടെ കൈവശ രേഖ നൽകുന്നതിന് അർഹരായ ആളുകളുടെ പക്കൽനിന്നും അപേക്ഷകൾ ശേഖരിക്കുകയും ആയത് ഫോറസ്റ്റ് റൈറ്റ്സ് കമ്മിറ്റി/സബ് ഡിവിഷണൽ കമ്മിറ്റി/ ജില്ലാതല കമ്മിറ്റി മുഖേന പരിശോധിച്ച് പാസ്സാക്കി കൈവശരേഖകൾ വിതരണം ചെയ്യുന്നു.

(ബി) ഉണ്ട്. (എസ്റ്റേറ്റ് ലെവൽ കമ്മിറ്റി നിലവിലില്ല) ഇടുക്കി ജില്ലയിൽ സബ്ഡിവിഷണൽ കമ്മിറ്റി, ജില്ലാതല കമ്മിറ്റി എന്നിവ പുനഃസംഘടിപ്പിച്ചിട്ടുണ്ട്. ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. 3-6-2008-ലെ സ.ഉ.(എംഎസ്.) നമ്പർ 62/08/പജപവവിവ., 10-4-2012-ലെ സ.ഉ (എംഎസ്.) നമ്പർ 56/12/പജപവവിവ, 17-7-2012-ലെ സ.ഉ (എംഎസ്.) നമ്പർ 111/12/ പജപവവിവ അനുബന്ധം-1.*

(സി&ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 8223 കുടുംബങ്ങൾക്ക് 12652.34 ഏക്കർ ഭൂമി വിതരണം ചെയ്യാൻ ശിപാർശ ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം ആയി ചേർക്കുന്നു.* അതുപ്രകാരം ഭൂമി വിതരണം ചെയ്തിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പട്ടുവം മോഡൽ റസിഡൻഷ്യൽ സ്കൂൾ

287 (2525) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ കണ്ണൂർ ജില്ലയിലെ പട്ടുവത്ത് പ്രവർത്തിക്കുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളിൽ നിലവിൽ എത്ര തസ്തികകളുണ്ട്; എത്ര തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ട്; ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത സ്കൂളിന്റെ അടിസ്ഥാന സൗകര്യവികസനത്തിനായി ഇപ്പോൾ നടന്നുവരുന്ന പ്രവൃത്തികളുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ ?

ഉത്തരം

(എ) പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ കണ്ണൂർ ജില്ലയിലെ പട്ടുവത്ത് പ്രവർത്തിക്കുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളിൽ നിലവിൽ 31 അദ്ധ്യാപക തസ്തികകളും 18 അനദ്ധ്യാപക തസ്തികകളും ഉണ്ട്. ക്ലാർക്ക്, വാച്ച്മാൻ, സെക്യൂരിറ്റി എന്നീ തസ്തികകൾ നിലവിൽ ഒഴിഞ്ഞു കിടക്കുന്നുണ്ട്. ക്ലാർക്ക് തസ്തികയിലെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വാച്ച്മാൻ/സെക്യൂരിറ്റി തസ്തിക പട്ടികവർഗ്ഗ വികസന വകുപ്പിന്റെ സ്പെഷ്യൽ റൂളിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ക്ലാർക്ക്, വാച്ച്മാൻ, സെക്യൂരിറ്റി തസ്തികകൾ ഒഴികെ മറ്റെല്ലാ തസ്തികകളിലും സ്ഥിര നിയമനം/കരാർ നിയമനം/ദിവസ വേതന നിയമനം എന്നീ വ്യവസ്ഥയിൽ ഒഴിവുകൾ നികത്തിയിട്ടുണ്ട്.

(ബി) പട്ടുവം മോഡൽ റസിഡൻഷ്യൽ സ്കൂളിന്റെ നിലവിലുള്ള കെട്ടിടം നവീകരിക്കുന്നതിനും അധീഷണലായി സ്റ്റാഫ് ക്വാർട്ടേഴ്സ്, ലൈബ്രറി, റീഡിംഗ് റൂം, വിസിറ്റേഴ്സ് റൂം, വാച്ച്മാൻ ക്യാബിൻ എന്നിവ നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ടെണ്ടർ നടപടികൾ അവസാനഘട്ടത്തിലാണ്.

## ആദിവാസി കോളനികളിലെ പ്രായപൂർത്തിയാകാത്തവർക്ക് ബോധവൽക്കരണം

288 (2526) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആദിവാസി കോളനികളിൽ പ്രായപൂർത്തിയാകാത്തവർ വിവാഹിതരാകുന്നതും

കുട്ടികൾ ജനിക്കുന്നതും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതെല്ലാം പ്രദേശങ്ങളിൽ നിന്നുമാണ് ഇത്തരം സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്;

(ബി) ഇത്തരം കുടുംബങ്ങൾക്ക് ശാരീരികവും മാനസികവുമായി പരിരക്ഷ, പാർപ്പിടം, ആഹാരം എന്നിവ നൽകാൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ ;

(സി) മേലിൽ ഇത്തരം അനാരോഗ്യകരമായ പ്രവണതകൾ ഉണ്ടാകാതി രിക്കാൻ കൗൺസിലിംഗ് അടക്കമുള്ള ബോധവൽക്കരണ പരിപാടികൾ തുടങ്ങാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്. ഇടുക്കി ജില്ലയിലെ മാങ്കുളം പഞ്ചായത്തിലും, മലപ്പുറം ജില്ലയിലെ ചാലിയാർ ഗ്രാമപഞ്ചായത്തിലെ വെറ്റിലക്കൊല്ലി കോളനി, കണ്ണൂർ ജില്ലയിലെ ആറളം ഫാമിലെ 9-ാം നമ്പർ ബ്ലോക്ക്, ആലപ്പുഴ ജില്ലയിൽ മാരാരിക്കുളം തെക്ക് പഞ്ചായത്തിലെ പാതിരാപ്പള്ളി എന്നീ പ്രദേശങ്ങളിലാണ് ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്.

(ബി) ശൈശവ വിവാഹം നടത്തിയ കുടുംബങ്ങൾക്ക് പ്രത്യേകമായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടില്ല. എന്നിരുന്നാലും ഇത്തരം കേസ്സുകൾ ശ്രദ്ധയിൽപ്പെട്ടയുടൻ താഴെപ്പറയുന്ന പ്രകാരം നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇടുക്കി ജില്ലയിലെ കുട്ടിയെ വകുപ്പ് ഇടപെട്ട് അച്ഛനമ്മമാരുടെ സംരക്ഷണത്തിലാക്കിയിട്ടുണ്ട്. മലപ്പുറം ജില്ലയിൽ ചാലിയാർ ഗ്രാമപഞ്ചായത്തിലെ കുട്ടിയെ മണിമൂളി പ്രീ-മെട്രിക് ഹോസ്റ്റലിൽ ചേർത്ത് തുടർ പഠനം നടത്തുന്നതിനും നടപടി സ്വീകരിച്ചിരുന്നു. കണ്ണൂർ ജില്ലയിൽ ആറളം 9-ാം നമ്പർ ബ്ലോക്കിലെ കുട്ടിക്ക് സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി പ്രകാരമുള്ള ചികിത്സാ ധനസഹായം നൽകിയിട്ടുണ്ട്. ആലപ്പുഴ ജില്ലയിലെ കുട്ടിയെ മായിത്തറ പ്രീ-മെട്രിക് ഹോസ്റ്റലിലെ അന്തേവാസിയാക്കി ചേർത്തല ഗവൺമെന്റ് ഗേൾസ് ഹയർസെക്കണ്ടറി സ്കൂളിൽ ചേർത്ത് തുടർ പഠനം നടത്തി വരുന്നു.

(സി) നടപടി സ്വീകരിച്ചിട്ടുണ്ട്. ഇത്തരം അനാരോഗ്യകരമായ പ്രവണതകൾ ഉണ്ടാകാതിരിക്കാൻ ബോധവത്ക്കരണ ക്ലാസ്സുകൾ, കൗൺസിലിംഗ് എന്നിവ എല്ലാ ജില്ലകളിലും നടത്തിവരുന്നുണ്ട്. വയനാട്, ഇടുക്കി, മലപ്പുറം, തിരുവനന്തപുരം, പാലക്കാട് ജില്ലകളിൽ പ്രത്യേകമായി വനിതാ സോഷ്യൽ വർക്കർമാരെ ഇത്തരം ബോധവത്ക്കരണം നടത്തുന്നതിന് നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**ആദിവാസി പ്രദേശങ്ങൾക്ക് പ്രത്യേക പരിരക്ഷ നൽകാൻ നടപടി**

289 (2527) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ ആദിവാസി പ്രദേശങ്ങൾക്ക് പ്രത്യേക പരിരക്ഷ നൽകാൻ എന്തെങ്കിലും പുതിയ പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്ത് ; എന്തൊക്കെയാണ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളെന്ന വിശദീകരിക്കാമോ ;

(ബി) ആദിവാസി ഗ്രാമസഭാ നിയമം (പെസ) നടപ്പാക്കുന്നതിനുള്ള നീക്കം ഏതു ഘട്ടം വരെയായി എന്ന വിശദമാക്കാമോ ;

(സി) ആദിവാസികൾക്ക് സ്വന്തം ഭൂമി പണയം വയ്ക്കാൻ കഴിയാതെ പോകുന്ന സാഹചര്യങ്ങളിൽ ഇവരുടെ സാമ്പത്തിക ആവശ്യങ്ങൾ നിറവേറ്റുന്നതിനായി പ്രത്യേക ഭൂപണയ ബാങ്കുകൾ ആദിവാസി കേന്ദ്രങ്ങളിൽ ആരംഭിക്കാൻ നീക്കമുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ ?

ഉത്തരം

(എ) ഇല്ല.

(ബി) പഞ്ചായത്ത് രാജ് വ്യവസ്ഥകൾ (പട്ടികവർഗ്ഗ മേഖലയിലേക്ക് വ്യാപിപ്പിക്കൽ) നിയമം 1996 സംബന്ധിച്ച് വിശദാംശങ്ങൾ പട്ടികവർഗ്ഗ സംഘടനകളുമായി ചർച്ച ചെയ്യുന്നതിനുവേണ്ടിയും, അവരുടെ നിർദ്ദേശങ്ങൾ/ അഭിപ്രായങ്ങൾ കൂടി കണക്കിലെടുത്തശേഷം മാത്രം അന്തിമ തീരുമാനം കൈക്കൊള്ളുവാനും 14-10-2014-ലെ പട്ടികവർഗ്ഗ സംഘടനകളുമായുള്ള യോഗത്തിൽ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി സർക്കാർ വിശദമായ കുറിപ്പ് തയ്യാറാക്കി എല്ലാ ആദിവാസി സംഘടനാ നേതാക്കൾക്കും വിതരണം ചെയ്തിട്ടുണ്ട്.

(സി) ഇല്ല.

**ആദിവാസി ആരോഗ്യബോധവൽക്കരണ പ്രൊമോട്ടർമാർ**

290 (2528) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആദിവാസികൾക്കിടയിൽ ആരോഗ്യ ബോധവൽക്കരണം നടത്തുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ബി) ആരോഗ്യ ബോധവൽക്കരണത്തിനായി പ്രൊമോട്ടർമാരെ നിയമിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

(സി) പ്രൊമോട്ടർമാർക്ക് എന്തെല്ലാം പരിശീലനങ്ങളാണ് നൽകുന്നതെന്ന് വിശദമാക്കുമോ ;

(ഡി) പ്രസ്തുത പ്രൊമോട്ടർമാരെ തെരെഞ്ഞെടുക്കുന്ന രീതി വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) ആദിവാസികൾക്കിടയിൽ ആരോഗ്യ ബോധവത്ക്കരണം നടത്തുന്നതിനായി സാമൂഹ്യ ഐക്യദാർഢ്യപക്ഷാചാരണത്തോടനുബന്ധിച്ച് ആരോഗ്യ വകുപ്പുമായി ചേർന്ന് ബോധവത്ക്കരണ പരിപാടികൾ നടത്തിവരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള മൊബൈൽ മെഡിക്കൽ യൂണിറ്റിലെ ഡോക്ടർമാരുടെ നേതൃത്വത്തിൽ പ്രത്യേക ആരോഗ്യ ബോധവത്ക്കരണ പരിപാടികൾ പട്ടികവർഗ്ഗ സങ്കേതങ്ങൾ കേന്ദ്രീകരിച്ച് സംഘടിപ്പിക്കുന്നുണ്ട്. മഴക്കാലപൂർവ്വ രോഗങ്ങൾ മുന്നിൽ കണ്ട് ആരോഗ്യ ബോധവത്ക്കരണ പരിപാടികൾ വിവിധ പട്ടികവർഗ്ഗ സങ്കേതങ്ങളിൽ നടത്തിവരുന്നുണ്ട്. കിർത്താഡ്സ് മുഖാന്തരം ആരോഗ്യ അവബോധ പരിപാടിയും ആരോഗ്യ ക്യാമ്പും സംഘടിപ്പിച്ചുവരുന്നു. കൂടാതെ പട്ടികവർഗ്ഗ വികസന വകുപ്പും ആരോഗ്യ വകുപ്പുമായി ചേർന്ന് 18 മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ സ്റ്റുഡന്റ് ഹെൽത്ത് പ്രൊമോട്ടർ പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. ഇവർ പട്ടികവർഗ്ഗ കോളനികളിൽ ആരോഗ്യ ബോധവത്ക്കരണം നടത്തിവരുന്നു.

(ബി) ഇല്ല. നിലവിൽ ആരോഗ്യ ബോധവത്ക്കരണ പരിപാടികളിൽ പ്രൊമോട്ടർമാരുടെ സേവനം പ്രയോജനപ്പെടുത്തുന്നുണ്ട്.

(സി) 2014 വർഷം പുതിയതായി തെരെഞ്ഞെടുക്കപ്പെട്ട എസ് റ്റി. പ്രൊമോട്ടർമാർക്ക് വിവിധ ജില്ലകളിൽ 23 സ്ഥലങ്ങളിലായി പരിശീലന പരിപാടികൾ സംഘടിപ്പിച്ച് ആരോഗ്യമേഖല ഉൾപ്പെടെയുള്ള വിഷയങ്ങളിൽ

പരിശീലനം നൽകിയിട്ടുണ്ട്.

(ഡി) സംസ്ഥാനത്ത് പ്രചാരത്തിലുള്ള മാധ്യമങ്ങളിൽ പരസ്യം നൽകി ആയതിന്റെ അടിസ്ഥാനത്തിൽ ലഭിക്കുന്ന അപേക്ഷകളിൽ നിന്നും നിർദ്ദിഷ്ട യോഗ്യതയുള്ളവരെ ഓരോ ജില്ലകളിലും പ്രത്യേകമായി ഇന്റർവ്യൂ നടത്തുകയും അതിൽ നിന്നും യോഗ്യതയുടെയും മാനദണ്ഡത്തിന്റെയും അടിസ്ഥാനത്തിൽ റാങ്ക് ലിസ്റ്റ് തയ്യാറാക്കി മുൻഗണനാ ക്രമത്തിലാണ് പ്രൊമോട്ടർമാരെ നിയമിക്കുന്നത്.

**പ്രാക്തന ഗോത്ര വർഗ്ഗ പദ്ധതി**

291 (2529) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രാക്തന ഗോത്ര വർഗ്ഗ പദ്ധതിയിൽ ഇതുവരെ എത്ര രൂപ ചെലവഴിച്ചു ;

(ബി) ഈ പദ്ധതിയുടെ ഭാഗമായി കിണർ നിർമ്മിച്ച് വെള്ളം സംഭരിച്ച് പ്രകൃതിദത്ത ഉറവിടത്തിൽ നിന്നും വെള്ളം വിതരണം ചെയ്യുന്ന പദ്ധതി നടപ്പാക്കിയത് ഏതെല്ലാം ഊരിലാണ്; ഓരോ സ്ഥലത്തും എത്ര രൂപ ചെലവായെന്ന് വ്യക്തമാക്കാമോ ;

(സി) പ്രാക്തന ഗോത്ര പദ്ധതിയുടെ ഭാഗമായി അട്ടപ്പാടിയിൽ മാത്രം എത്ര രൂപ ചെലവഴിച്ചു ; ഈ പദ്ധതിയുടെ ഭാഗമായി അട്ടപ്പാടിയിലെ ഏതെല്ലാം ഊരുകളിൽ എത്ര വീടുകൾ നിർമ്മിക്കാൻ പദ്ധതിയിട്ടു ; അതിൽ പൂർത്തീകരിച്ചത് എത്ര ; പൂർത്തീകരിക്കാത്തത് എത്ര ; വിശദാംശം നല്കുമോ ;

(ഡി) അട്ടപ്പാടിയിൽ മറ്റെന്തെല്ലാം കാര്യങ്ങൾക്കാണ് പദ്ധതിയുടെ ഫണ്ട് ചെലവഴിച്ചത് ; ഓരോന്നിനും എത്ര രൂപ ചെലവഴിച്ചുവെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) പ്രാക്തന ഗോത്രവർഗ്ഗ പദ്ധതിയിൽ പതിമൂന്നാം ധനകാര്യ കമ്മീഷന്റെ പ്രത്യേക അവാർഡ് തുകയായ 148 കോടി രൂപ ലഭിച്ചതിൽ ഇതുവരെ 1,17,89,39,001 രൂപ ചെലവഴിച്ചു.

(ബി) പി.വി.റ്റി.ജി. പദ്ധതി പ്രകാരം കിണർ നിർമ്മിച്ച് വെള്ളം സംഭരിച്ച് വിതരണം ചെയ്യുന്ന പദ്ധതി താഴെ പറയുന്ന ഊരുകളിൽ (കോളനി) നടപ്പാക്കി വരുന്നു.

1. ആണ്ടൂർ
2. ചിനിക്കമൂല
3. ഞമലത്ത്
4. ചുണ്ടക്കുഴി
5. പാടിക്കൊല്ലി
6. രാമഗിരി
7. യൂക്കാലിക്കവല
8. വെള്ളിത്തോട്
9. മാക്കുറ്റി
10. ചുരക്കുനി
11. കൊന്നമ്പറ്റ
12. പാട്യമ്പം
13. കടമ്പക്കാട്ട്
14. കുഴിമൂല
15. ചുണ്ടപ്പാടി
16. കാക്കമല
17. രാസള്ളി
18. ചിലമൂല
19. മാലക്കാപ്പ്
20. മാറോട്
21. മറുകര
22. ചെട്ട്യാലത്തൂർ
23. പിലാക്കാവ്
24. പൂവള്ളി

മേൽ വിവരിച്ച കോളനികളിൽ കിണർ നിർമ്മാണം പൂർത്തീകരിച്ചതിന്റെ

കംപ്ലീഷൻ കം വാല്യുവേഷൻ സർട്ടിഫിക്കറ്റ് എഞ്ചിനീയറിൽ നിന്നും ലഭിച്ചിട്ടില്ല. ആയതിനാൽ പണി പൂർത്തീകരിച്ചതിന്റെ തുക അനുവദിച്ചിട്ടില്ല.

(സി) പ്രാക്തന ഗോത്ര പദ്ധതിയുടെ ഭാഗമായി അട്ടപ്പാടിയിൽ മാത്രം ഇതുവരെ 6,00,89,271 രൂപ ചെലവഴിച്ചു. താഴെപ്പറയുന്ന 14 ഊരുകളിൽ 97 വീടുകൾ നിർമ്മിക്കാൻ പദ്ധതിയിട്ടു. 97 വീടുകളുടെയും പണി പുരോഗമിക്കുന്നു.

1. ഗലസി
2. തുടുക്കി
3. കടുകമണ്ണ്
4. ആനവായ്
5. തടിക്കുണ്ട്
6. കിണറ്റുകര
7. ഭൂതയാർ
8. പഴയൂർ
9. ഇടവാണി
10. മേലെമൂലക്കൊമ്പ്
11. പാലൂർ
12. ഗൊട്ടിയാർക്കണ്ടി
13. കറുക്കത്തിക്കല്ല്
14. പാലപ്പട

(ഡി) ഭവന നിർമ്മാണം ഉൾപ്പെടെ ഭക്ഷ്യ സഹായ പദ്ധതി, മൊബൈൽ മെഡിക്കൽ യൂണിറ്റ്, പ്രത്യേക അംഗൻവാടി, ഹെൽത്ത് പ്രൊമോട്ടർമാർ, റോഡ് നിർമ്മാണം എന്നീ പദ്ധതികൾക്കാണ് ഫണ്ട് ചെലവഴിച്ചത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു:

| പദ്ധതി | ചെലവഴിച്ച തുക |
|---|---|
| ഭവന നിർമ്മാണം | 1,37,12,500 |
| മൊബൈൽ മെഡിക്കൽ യൂണിറ്റ് | 17,50,000 |
| ഭക്ഷ്യ സഹായ പദ്ധതി | 1,34,67,284 |
| പ്രത്യേക അംഗൻവാടി | 1,31,347 |

| | |
|---|---|
| ഹെൽത്ത് പ്രൊമോട്ടർമാർ | 10,28,140 |
| റോഡ് നിർമ്മാണം | 3,00,00,000 |
| ആകെ | 6,00,89,271 |

**ട്രൈബൽ പ്രൊമോട്ടർമാരുടെ സേവനം**

292 (2530) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പട്ടികവർഗ്ഗ വികസന പദ്ധതികളുടെ ഫലങ്ങൾ ഗുണഭോക്താക്കളിൽ എത്തിക്കാൻ ഏതെല്ലാം ജില്ലകളിലാണ് ട്രൈബൽ പ്രൊമോട്ടർമാരുടെ സേവനം ലഭ്യമായിട്ടുള്ളതെന്ന് വിശദീകരിക്കാമോ ;

(ബി) പ്രൊമോട്ടർമാരായി പ്രവർത്തിക്കുന്നവർക്ക് നിലവിൽ എന്തെല്ലാം ആനുകൂല്യങ്ങളാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) ഇവർക്ക് ഓണറേറിയവും യാത്രാബത്തയും നൽകുന്നുണ്ടോ ; ഉണ്ടെങ്കിൽ എത്രയാണെന്ന് വ്യക്തമാക്കാമോ ;

(ഡി) പ്രൊമോട്ടർമാരെ സർക്കാർ ജീവനക്കാരായി പരിഗണിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ) കേരളത്തിലെ 14 ജില്ലകളിലും ട്രൈബൽ പ്രൊമോട്ടർമാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്.

(ബി&സി) എസ്. ടി. പ്രൊമോട്ടർമാർക്കും ഹെൽത്ത് പ്രൊമോട്ടർമാർക്കും പ്രതിമാസം 4000 രൂപ വീതം ഓണറേറിയവും ഹെൽത്ത് പ്രൊമോട്ടർമാർക്ക് ഓണറേറിയത്തിന് പുറമേ യാത്രാബത്തയായി 500 രൂപയും നൽകി വരുന്നു. കൂടാതെ ഓണക്കാലത്ത് ഉത്സവബത്തയും അനുവദിച്ചുവരുന്നുണ്ട്.

(ഡി) ഇല്ല.

(ഇ) ബാധകമല്ല.

## പൂക്കോട് എം.ആർ.എസ്. കെട്ടിട നിർമ്മാണത്തിന്റെ പുരോഗതി

293 (2531) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൂക്കോട് എം.ആർ.എസ്. കെട്ടിട നിർമ്മാണത്തിന്റെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ;

(ബി) പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണം ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ വിശദമാക്കുമോ ;

(സി) പ്രസ്തുത പദ്ധതി എന്നേക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) ഉണ്ട്. 12.96 കോടി രൂപ ചെലവിൽ പൂക്കോട് മോഡൽ റസിഡൻഷ്യൽ സ്കൂൾ കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ട്. തുടർന്ന് പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ കിറ്റ്കോയെ ഏൽപ്പിക്കുകയും, കിറ്റ്കോ അധികൃതർ ടെണ്ടർ നടപടികൾ പൂർത്തിയാക്കി 2014 ജൂലൈ മാസം മുതൽ പ്രവൃത്തികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. 20 മാസമാണ് കരാർ കാലാവധി.

## ഹാംലെറ്റ് വികസന പദ്ധതിയുമായി ബന്ധപ്പെട്ട ഉത്തരവുകൾ

294 (2532) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഹാംലെറ്റ് വികസന പദ്ധതിയുമായി ബന്ധപ്പെട്ട് എത്ര സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട് ; ആയതിന്റെ ഓരോ പകർപ്പുകൾ ലഭ്യമാക്കുമോ ;

(ബി) ഹാംലെറ്റ് വികസന പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ പ്രിൻസിപ്പൽ സെക്രട്ടറിയ്ക്ക് നൽകിയ കത്തുകളുടെ ഓരോ പകർപ്പുകൾ ലഭ്യമാക്കാമോ ;

(സി) ഹാംലെറ്റ് വികസന പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് സർക്കാർ ഇറക്കിയ ഉത്തരവുകളിലെ സൂചനകളിൽ പരാമർശിക്കപ്പെട്ടിട്ടുള്ള ഡയറക്ടറുടെ കത്തുകളുടെ ഓരോ പകർപ്പുകൾ വീതം ലഭ്യമാക്കാമോ ?

ഉത്തരം

(എ-സി) എട്ട്. ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളുടെ ഓരോ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.*

## അട്ടപ്പാടി വാലി ഇറിഗേഷൻ പദ്ധതിയുടെ ഭാഗമായി കുടിയിറക്കപ്പെട്ട ആദിവാസി കുടുംബങ്ങൾ

295 (2533) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അട്ടപ്പാടി വാലി ഇറിഗേഷൻ പദ്ധതിയുടെ ഭാഗമായി എത്ര ആദിവാസി കുടുംബങ്ങളെ കുടിയിറക്കി ; കുടിയിറക്കപ്പെട്ട ആദിവാസി കുടുംബങ്ങളുടെ എത്ര ഏക്കർ ഭൂമിയാണ് ഏറ്റെടുത്തത് ;

(ബി) ഇവരിൽ എത്ര കുടുംബങ്ങളെ പുനരധിവസിപ്പിച്ചു ; എത്ര പേർക്ക് നഷ്ടപരിഹാരം നൽകി ;

(സി) പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥയെന്താണ് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 83 ആദിവാസി കുടുംബങ്ങളെ കുടിയിറക്കി. 60 ഏക്കർ ഭൂമി ഏറ്റെടുത്തു.

(ബി) 51 കുടുംബങ്ങളെ പുനരധിവസിപ്പിച്ചു. എല്ലാവർക്കും നഷ്ടപരിഹാരം നൽകി.

(സി) പദ്ധതി ഇപ്പോഴും പര്യവേക്ഷണ ഘട്ടത്തിലാണ്. പുതുക്കിയ C.P.W.D. (DSR-2014) നിരക്ക് പ്രകാരം എസ്റ്റിമേറ്റ് റിവൈസ് ചെയ്യുകയും വനം-പാരിസ്ഥിതിക അനുമതികൾക്കായി അപേക്ഷ സമർപ്പിക്കുകയും അനന്തര നടപടികൾ കൈക്കൊള്ളുകയും ചെയ്തു വരുന്നു.

## അട്ടപ്പാടി പാക്കേജ്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

296 (2534) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ പ്രഖ്യാപിച്ച അട്ടപ്പാടി പാക്കേജിന്റെ വിശദവിവരം നൽകുമോ ; ആയത് നടപ്പിലാക്കുന്നതിൽ സർക്കാരിന് വീഴ്ച പറ്റിയതായി അംഗീകരിക്കുന്നുവെന്ന മാദ്ധ്യമ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാം കാര്യങ്ങളിലാണ് സർക്കാരിന് വീഴ്ച പറ്റിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) അട്ടപ്പാടിയിൽ തുടരെത്തുടരെ നടക്കുന്ന ശിശുമരണത്തിനെതിരെ നടന്ന സമരത്തിന്റെ പശ്ചാത്തലത്തിൽ സർക്കാർ അംഗീകരിച്ച പാക്കേജ് എന്തെല്ലാമാണ്; വിശദവിവരം നൽകുമോ ;

(സി) പ്രസ്തുത പാക്കേജ് നടപ്പിലാക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പിന് നേതൃത്വം നൽകാൻ പ്രസ്തുത വകുപ്പിന് തനതായ ഒരു പ്രോജക്ട് ഓഫീസ് ഇല്ലെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ആയത് പരിഹരിക്കും എന്നു പറയുന്നതല്ലാതെ ഈ പ്രശ്നത്തിൽ പരിഹാരം കാണുന്നതിനും പ്രോജക്ട് ഓഫീസ് (ട്രൈബൽ) ആരംഭിക്കുന്നതിനും പ്രഖ്യാപനം വിട്ട് ആത്മാർത്ഥമായ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ&ബി) അട്ടപ്പാടി പാക്കേജ് എന്ന പദ്ധതി പ്രത്യേകമായി നിലവിലില്ല. എന്നാൽ അട്ടപ്പാടിയിലെ ശിശുമരണങ്ങൾ ശ്രദ്ധയിൽപ്പെട്ടതിനുശേഷം വിവിധ സർക്കാർ വകുപ്പുകളുടെ പ്രവർത്തനം ഏകോപിപ്പിച്ചുകൊണ്ടുള്ള തുടർനടപടികളാണ് സ്വീകരിച്ചുവരുന്നത്. അട്ടപ്പാടിയിൽ പദ്ധതി നടപ്പാക്കുന്നതിനും വിവിധ വകുപ്പുകൾ നടപ്പാക്കുന്ന പദ്ധതികൾ ഏകോപിപ്പിക്കുന്നതിനും ഒറ്റപ്പാലം സബ്കളക്ടറെ നോഡൽ ഓഫീസറായി ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പദ്ധതി നടത്തിപ്പിൽ

വീഴ്ച പറ്റുന്നത് ശ്രദ്ധയിൽപ്പെട്ടാൽ ഉചിതമായ നടപടി സർക്കാർതലത്തിൽ സ്വീകരിക്കുന്നതാണ്. കൂടാതെ, സ്ഥലം എം.പി., എം.എൽ.എ., ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, മെമ്പർ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്, മൂന്ന് ഗ്രാമ പഞ്ചായത്തുകളിലെ പ്രസിഡന്റുമാർ, ഒറ്റപ്പാലം സബ്കളക്ടർ (മെമ്പർ കൺവീനർ) എന്നിവരടങ്ങുന്ന ഒൻപതംഗ ഏകോപന സമിതി രൂപീകരിക്കുക, ഭക്ഷ്യ പൊതു വിതരണ വകുപ്പ് മുഖേന മുമ്പ് നൽകിയതുപോലെ റാഗി വിതരണം ചെയ്യുക, അട്ടപ്പാടി മേഖലയിൽ ഇപ്പോൾ നടന്നുവരുന്ന എല്ലാ നിർമ്മാണ പ്രവർത്തികളും ഈ സാമ്പത്തിക വർഷംതന്നെ പൂർത്തീകരിക്കുക, NREG പദ്ധതിയുടെ കീഴിൽ കുറഞ്ഞത് 200 തൊഴിൽ ദിനങ്ങളെങ്കിലും ലഭിക്കാൻ വേണ്ട നടപടി സ്വീകരിക്കുക, അട്ടപ്പാടി മേഖലയിലെ പൊതു നിക്ഷേപ പദ്ധതികളെ നിലവിലുള്ള ട്രഷറി നിയന്ത്രണത്തിൽ നിന്ന് ഒഴിവാക്കുക, കുടിവെള്ള പ്രശ്നം പരിഹരിക്കുക, പുതിയ അംഗൻവാടികൾ ആരംഭിക്കുക, തുടങ്ങിയ തീരുമാനങ്ങൾ 12-11-2014-ാം തീയതിയിലെ മന്ത്രിസഭായോഗം കൈക്കൊണ്ട് നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) അട്ടപ്പാടിയിൽ വിവിധ വകുപ്പുകൾ നടത്തുന്ന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും നേതൃത്വം നൽകാനുമാണ് ഒറ്റപ്പാലം സബ് കളക്ടറെ നോഡൽ ഓഫീസറായി നിയമിച്ചിട്ടുള്ളത്. അതിനാൽ ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**കാസർഗോഡ് ജില്ലയിലെ പട്ടികവർഗ്ഗ വിഭാഗത്തിന്റെ ഉന്നമനം**

297 (2535) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ ആകെ പട്ടികവർഗ്ഗ ജനസംഖ്യ, പട്ടികവർഗ്ഗ കുടുംബങ്ങൾ എന്നിവ സംബന്ധിച്ച പഞ്ചായത്ത് തിരിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ബി) പട്ടികവർഗ്ഗ വിഭാഗത്തിന്റെ ഉന്നമനത്തിനായി ജില്ലയിൽ എത്ര ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാരാണുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) ജില്ലയിലെ മറാഠി വിഭാഗം കൂടി പട്ടികവർഗ്ഗ ലിസ്റ്റിൽ ഉൾപ്പെട്ട സാഹചര്യത്തിൽ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) ജനസംഖ്യാനുപാതികമായി ജില്ലയിലെ പട്ടികവർഗ്ഗ വിഭാഗത്തിന് ലഭിക്കേണ്ട അർഹമായ ഫണ്ട് ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിലെ പട്ടികവർഗ്ഗ ജനസംഖ്യ 48857 ആണ്. പഞ്ചായത്ത് തിരിച്ചുള്ള വിവരം അനുബന്ധം ആയി ചേർക്കുന്നു.* 29-1-2014-ലെ സ.ഉ. (കൈ)നമ്പർ 06/2014/പജപവവിവ സർക്കാർ ഉത്തരവ് പ്രകാരം മറാഠി സമുദായത്തെ പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെടുത്തിയതിനാൽ കാസർഗോഡ് ജില്ലയിലെ ഇപ്പോഴത്തെ പട്ടികവർഗ്ഗ ജനസംഖ്യ 81937 ആണ്. പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങൾ അനുബന്ധം ആയി ചേർക്കുന്നു.*

(ബി) കാസർഗോഡ് ജില്ലയിൽ മൂന്ന് ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ മാരാണുള്ളത്.

(സി) കാസർഗോഡ് ജില്ലയിൽ മറാഠി വിഭാഗം കൂടി പട്ടികവർഗ്ഗ ലിസ്റ്റിൽ ഉൾപ്പെട്ട സാഹചര്യത്തിൽ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാരുടെ എണ്ണം വർദ്ധിപ്പിക്കുന്ന വിഷയം സർക്കാർ പരിശോധിച്ച് വരികയാണ്.

(ഡി) ഉണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം ജനസംഖ്യാനുപാതികമായി അനുവദിക്കുന്നത് സംസ്ഥാന ധനകാര്യ കമ്മീഷനായതിനാൽ കാസർഗോഡ് ജില്ലയിലെ ഈ പ്രശ്നം സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

**കാസർഗോഡ് ജില്ലയിലെ പട്ടികവർഗ്ഗ കോളനികൾ**

298 (2536) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ ആകെ എത്ര പട്ടികവർഗ്ഗ കോളനികളാണുള്ള തെന്ന് പഞ്ചായത്തു തിരിച്ച കണക്കുകൾ ലഭ്യമാക്കാമോ ;

(ബി) ജില്ലയിലെ ആകെ പട്ടികവർഗ്ഗ കുടുംബങ്ങൾ, ആകെ ജനസംഖ്യ എന്നിവ സംബന്ധിച്ച പഞ്ചായത്തു തിരിച്ച് കണക്കുകൾ വിശദമാക്കാമോ ;

(സി) ഇതിൽ സ്വന്തമായി കൈവശഭൂമിയുള്ള കുടുംബങ്ങൾ എത്രയെന്ന്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പഞ്ചായത്തു തിരിച്ച കണക്കുകൾ ലഭ്യമാക്കാമോ ;

(ഡി) കൈവശമിരിക്കുന്ന ഭൂമിക്ക് പട്ടയമില്ലാത്ത കുടുംബങ്ങൾ എത്രയുണ്ടെന്ന് പഞ്ചായത്തു തിരിച്ച കണക്കുകൾ വിശദമാക്കാമോ ;

(ഇ) ഭൂമി പതിച്ചുനൽകുന്നതിനു നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ, വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ&ബി) കാസർഗോഡ് ജില്ലയിലെ പട്ടികവർഗ്ഗ കോളനികൾ, പട്ടിക വർഗ്ഗ കുടുംബങ്ങൾ, ആകെ പട്ടികവർഗ്ഗ ജനസംഖ്യ എന്നിവ സംബന്ധിച്ച പഞ്ചായത്ത് തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർക്കുന്നു.*

(സി) 2008-ലെ കണക്ക് പ്രകാരം 9049 കുടുംബങ്ങൾക്ക് പട്ടയം ഉണ്ട്. മറാഠി വിഭാഗത്തെക്കൂടി പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെടുത്തിയ സാഹചര്യത്തിൽ പഞ്ചായത്ത് തിരിച്ചുള്ള കണക്കുകൾ ലഭ്യമല്ല.

(ഡി) 2008-ലെ വിവരമനുസരിച്ച് 2961 കുടുംബങ്ങൾക്ക് പട്ടയം ലഭിക്കാനുണ്ട്. ഇതുസംബന്ധിച്ച് മറാഠി വിഭാഗത്തിന്റെ ഉൾപ്പെടെയുള്ള പുതിയ കണക്കുകൾ ലഭ്യമല്ല.

(ഇ) പട്ടയം ലഭിച്ചിട്ടില്ലാത്ത പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുവാൻ റവന്യൂ അധികൃതർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**പറമ്പിക്കുളം കുരിയാർകുറ്റി കോളനിയിലെ ഭവനപദ്ധതി**

299 (2537) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) പറമ്പിക്കുളം കുരിയാർകുറ്റി കോളനിയിലെ ഭവന പദ്ധതിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശം നൽകുമോ ;

(ബി) കുരിയാർകുറ്റി കോളനിയിൽ നിലവിൽ എത്ര വീടുകളാണ് അനുവദിച്ചിട്ടുള്ളത് , എത്രയെണ്ണം പൂർത്തീകരിച്ചു, ഇതിനായി അനുവദിച്ച ഫണ്ട്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

എന്നിവ സംബന്ധിച്ച വിശദാംശം നൽകുമോ ?

## ഉത്തരം

(എ) പറമ്പിക്കുളം കുരിയാർകുറ്റി കോളനിയിൽ പി.വി.റ്റി.ജി. മുഖാന്തരം പട്ടികവർഗ്ഗക്കാർക്കായി ഭവന നിർമ്മാണ പദ്ധതി ആരംഭിച്ചിട്ടുണ്ട്. വീടുകളുടെ നിർമ്മാണം പുരോഗമിച്ചുവരുന്നു.

(ബി) 56 വീടുകളാണ് അനുവദിച്ചിട്ടുള്ളത്. ഇവയുടെയെല്ലാം ഒന്നാം ഘട്ട നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ഭവന നിർമ്മാണത്തിനായി 2225-02-794-92 (പ്ലാൻ) ശീർഷകത്തിൽ നിന്നും നാളിതുവരെ 21 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

## പട്ടികവർഗ്ഗ ക്ഷേമ പദ്ധതികൾ

300 (2538) ശ്രീ. റ്റി. എ. അഹമ്മദ് കബീർ :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികവർഗ്ഗ ക്ഷേമ പ്രവർത്തനങ്ങൾക്കായി ആവിഷ്കരിച്ച നടപ്പാക്കുന്ന പദ്ധതികളുടെ നടത്തിപ്പ് മോണിറ്റർ ചെയ്യാൻ നിലവിലുള്ള സംവിധാനം എന്താണെന്ന് വിശദമാക്കുമോ ;

(ബി) 2013-14 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പട്ടികവർഗ്ഗ ക്ഷേമത്തിനായുള്ള ഏതൊക്കെ പുതിയ പദ്ധതികളാണ് ഉൾപ്പെടുത്തിയിരുന്നത് എന്നതിന്റെ വിശദവിവരം നൽകാമോ ;

(സി) ഇവയിൽ എത്ര പദ്ധതികൾ നടപ്പാക്കിയെന്നും, എന്തൊക്കെ പ്രയോജനങ്ങൾ ഉണ്ടായെന്നും വെളിപ്പെടുത്തുമോ ?

## ഉത്തരം

(എ) പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ ചെയർമാനും ജോയിന്റ് ഡയറക്ടർ, കൺവീനറും ഡെപ്യൂട്ടി ഡയറക്ടർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ജില്ലാ ഓഫീസർമാർ എന്നിവർ അംഗങ്ങളായും രൂപീകരിച്ച കമ്മിറ്റി സംസ്ഥാന തലത്തിൽ പദ്ധതി വിനിയോഗം വിലയിരുത്തുന്നുണ്ട്. പദ്ധതി നടത്തിപ്പിന്റെ സാമ്പത്തിക ഭൗതീക നേട്ടങ്ങൾ ജില്ലാ ഓഫീസർമാർ നേരിട്ട്

വിലയിരുത്തുകയും ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ജില്ലാതലത്തിൽ ചേരുന്ന ജില്ലാ വികസന സമിതി യോഗത്തിലും വിലയിരുത്തുന്നുണ്ട്. കൂടാതെ ഡയറക്ടറേറ്റിൽ നിന്നുള്ള നിയന്ത്രണ ഉദ്യോഗസ്ഥർ എല്ലാ ജില്ലകളിലും സന്ദർശനം നടത്തി പുരോഗതി വിലയിരുത്തുന്നു. 2012-13 സാമ്പത്തിക വർഷം മുതൽ കോർപ്പസ് ഫണ്ട് ജില്ലാതല വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതിയോടെ ജില്ലകളിൽ നടപ്പാക്കുന്നു. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പദ്ധതി നടത്തിപ്പ് സ്ഥലം എം.എൽ.എ. ചെയർമാനായും പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡവലപ്മെന്റ് ഓഫീസർ കൺവീനറായും ബന്ധപ്പെട്ട വകുപ്പിന്റെ ജില്ലാ മേധാവി, ബന്ധപ്പെട്ട പഞ്ചായത്ത് പ്രസിഡന്റ്, ഇതര ജനപ്രതിനിധികൾ എന്നിവർ മെമ്പർമാരുമായ ഒരു കമ്മിറ്റിയുടെ നിരീക്ഷണത്തിലാണ് നടത്തി വരുന്നത്. ജില്ലാതല ഉദ്യോഗസ്ഥർ എല്ലാ മാസവും 5-ാം തീയതിക്കകം മാസാന്ത്യ പദ്ധതി പുരോഗതി വിവരം ഡയറക്ടറുടെ വിലയിരുത്തലിനായി ലഭ്യമാക്കുന്നുണ്ട്. ഈ പ്രവർത്തനങ്ങളിലൂടെ പട്ടികവർഗ്ഗ വികസനത്തിന് അനുവദിക്കുന്ന തുക പ്രസ്തുത മേഖലകളിൽത്തന്നെ പൂർണ്ണമായും ചെലവഴിക്കുന്നുവെന്ന് ഉറപ്പാക്കുന്നതിന് കഴിയുന്നുണ്ട്. പദ്ധതി നടത്തിപ്പ് ഏകോപിപ്പിക്കുന്നതിനായി ഡയറക്ടറേറ്റിൽ ഒരു പ്ലാനിംഗ് മോണിറ്ററിംഗ് സെൽ നിലവിലുണ്ട്. കൂടാതെ സർക്കാർ തലത്തിലും അവലോകനം നടത്തുന്നുണ്ട്.

(ബി) 2013-14 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പട്ടികവർഗ്ഗ ക്ഷേമത്തിനായി ഉൾപ്പെടുത്തിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.

- <u>ഹാംലെറ്റ് ഡവലപ്മെന്റ് പദ്ധതി</u>:

  2013-14 വർഷം മുതൽ തെരഞ്ഞെടുക്കുന്ന സങ്കേതങ്ങളുടെ സമഗ്ര വികസനത്തിനുള്ള ഹാംലെറ്റ് ഡവലപ്മെന്റ് പദ്ധതി നടപ്പാക്കി വരുന്നു.

- <u>ജനനി ജന്മരക്ഷ</u> :

  പട്ടികവർഗ്ഗക്കാരായ അമ്മമാരുടെയും കുഞ്ഞുങ്ങളുടെയും പോഷകാഹാര കുറവ് പരിഹരിക്കുന്നതിനായി അമ്മമാർക്ക് ഗർഭകാലത്ത്-മൂന്നാം മാസം മുതൽ കുട്ടി ജനിച്ച് ഒരു വയസ്സുവരെ പ്രതിമാസം 1000 രൂപ

വീതം ധനസഹായം നൽകുന്ന പദ്ധതിയാണ് ജനനി-ജന്മരക്ഷ.

- ഗോത്ര സാരഥി:

14 വയസ്സ് വരെയുള്ള എല്ലാ പട്ടികവർഗ്ഗ കുട്ടികൾക്കും വിദ്യാഭ്യാസം നൽകുന്ന വ്യവസ്ഥ നിലവിലുണ്ട്. 2013-14 സാമ്പത്തിക വർഷത്തിൽ ടി പദ്ധതിയിലൂടെ ഉൾവനത്തിലും വനാന്തര പ്രദേശങ്ങളിലും താമസിക്കുന്ന പട്ടികവർഗ്ഗ കുട്ടികൾക്ക് സ്കൂളിൽ എത്തിച്ചേരാനുള്ള വാഹന സൗകര്യം ഏർപ്പെടുത്തുക എന്നതാണ് ടി പദ്ധതിയിലൂടെ നടപ്പിലാക്കി വരുന്നത്.

ഇതേസമയം 2013-14-ലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരുന്നില്ലെങ്കിലും പട്ടികവർഗ്ഗക്കാരുടെ പുനരധിവാസത്തിന് (റ്റി.ആർ.ഡി.എം.) വകയിരുത്തിയ 20 കോടി രൂപയിൽ നിന്ന് 15 കോടി രൂപ വിനിയോഗിച്ച് ഭൂരഹിതരായ പട്ടിക വർഗ്ഗക്കാർക്ക് 25 സെന്റ് മുതൽ 1 ഏക്കർ വരെ ഭൂമി 10 ലക്ഷം രൂപയിൽ കവിയാതെയുള്ള തുകയ്ക്ക് വാങ്ങി നൽകുന്ന 'ആശിക്കുന്ന ഭൂമി ആദിവാസികൾക്ക് സ്വന്തം' എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ടി പദ്ധതി ഈ വർഷവും നടപ്പിലാക്കി വരുന്നു.

(സി) 2013-14 വർഷം ആരംഭിച്ച പുതിയ 4 പദ്ധതികളും നടപ്പിലാക്കുകയും ഇപ്പോഴും തുടർ പദ്ധതികളായി നടപ്പിലാക്കി വരികയും ചെയ്യുന്നു. ജനനി ജന്മരക്ഷ പദ്ധതിമൂലം അമ്മയുടെയും കുഞ്ഞിന്റെയും ആരോഗ്യ പരിപാലനത്തിനും പോഷകാഹാരകുറവ് പരിഹരിക്കുന്നതിനും തജ്ജന്യമായ ശിശു മരണങ്ങൾ കുറയ്ക്കുന്നതിനും സാധിക്കുന്നുണ്ട്. ഗോത്രസാരഥി പദ്ധതിമൂലം വനത്തിനുള്ളിലും വനാന്തര പ്രദേശങ്ങളിൽ താമസിക്കുന്ന പട്ടികവർഗ്ഗ കുട്ടികളെ സ്കൂളിൽ എത്തിക്കുവാനും കൊഴിഞ്ഞുപോക്ക് കുറയ്ക്കുവാനും സാധിച്ചു. ഹാംലെറ്റ് വികസന പദ്ധതിമൂലം തെരഞ്ഞെടുത്ത ഹാംലെറ്റുകളുടെ അടിസ്ഥാന സൗകര്യം ഉൾപ്പെടെയുള്ള വികസന പദ്ധതികൾ നടപ്പിലാക്കുവാൻ സാധിച്ചു. ആശിക്കുന്ന ഭൂമി ആദിവാസികൾക്ക് സ്വന്തം എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 2013-14 വർഷം പട്ടികവർഗ്ഗ പുനരധിവാസമിഷൻ മുഖേന 345 ഗുണഭോക്താക്കൾക്ക് 154.43 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്. നടപ്പുവർഷവും ടി പദ്ധതി നടപ്പിലാക്കി വരുന്നു.

## സ്റ്റുഡന്റ്സ് ഹെൽത്ത് എഡ്യൂക്കേഷൻ പ്രൊമോട്ടർ പദ്ധതി

301 (2539) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :

ശ്രീ. വി. പി. സജീന്ദ്രൻ :

ശ്രീ. കെ. അച്ചുതൻ :

ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റുഡന്റ്സ് ഹെൽത്ത് എഡ്യൂക്കേഷൻ പ്രൊമോട്ടർ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ;

(ബി) പട്ടികവർഗ്ഗ കോളനികളിലും ആദിവാസി വിദ്യാർത്ഥികൾക്കിടയിലും ആരോഗ്യ ശുചിത്വ ബോധവൽക്കരണം നടത്തുവാൻ എന്തെല്ലാമാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ;

(സി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി ഏതെല്ലാം ഏജൻസികളാണ് സഹകരിക്കുന്നത് ;

(ഡി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി ആരെയൊക്കെയാണ് ചുമതലപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(ഇ) പ്രസ്തുത പദ്ധതി എന്ന് മുതൽ നടപ്പാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ തെരഞ്ഞെടുക്കപ്പെട്ട 130 വിദ്യാർത്ഥി വിദ്യാർത്ഥിനികൾക്ക് ആരോഗ്യ പരിപാലനം, പ്രഥമ ശുശ്രൂഷ, വ്യക്തി ശുചിത്വം, സാമൂഹിക ശുചത്വം, കുടിവെള്ള പരിപാലനം, ജീവിത ശൈലി രോഗങ്ങൾക്കെതിരെയുള്ള പ്രതിരോധം, പുകവലി, പാൻപരാഗ്, പാൻമസാല, മദ്യം, മയക്കമരുന്ന് എന്നിവയുടെ ഉപയോഗം കൊണ്ടുള്ള ദൂഷ്യങ്ങൾ എന്നിവകളിൽ ആരോഗ്യവകുപ്പുമായി ചേർന്ന് പരിശീലനം നൽകി, മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ ഹെൽത്ത് ക്ലബ്ബുകൾ രൂപീകരിക്കുകയും പരിശീലനം ലഭിച്ച വിദ്യാർത്ഥികൾ മറ്റ് വിദ്യാർത്ഥികൾക്കും പട്ടികവർഗ്ഗ സങ്കേതങ്ങളിലും ആരോഗ്യ പരിപാലന ബോധവത്ക്കരണ ക്ലാസ്സുകൾ നടത്തുകയും ചെയ്യുകയാണ് സ്റ്റുഡന്റ് ഹെൽത്ത് എഡ്യൂക്കേഷൻ പ്രൊമോട്ടർ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ.

(ബി) ആലപ്പുഴ ഗവൺമെന്റ് റ്റി.ഡി. മെഡിക്കൽ കോളേജിലെ ഡോക്ടർമാർ മുഖേന, തെരഞ്ഞെടുക്കപ്പെട്ട 130 വിദ്യാർത്ഥി-വിദ്യാർത്ഥിനികൾക്കും അദ്ധ്യാപകർക്കുമായി പരിശീലനം നടത്തി പട്ടികവർഗ്ഗ വികസന വകുപ്പിലെ എല്ലാ മോഡൽ റസിഡൻഷ്യൽ സ്കൂളിലും പ്രസ്തുത പരിശീലനം പൂർത്തിയാക്കിയ വിദ്യാർത്ഥികൾ മുഖേന അതാത് സ്കൂളുകളിലെ ബയോളജി ടീച്ചർ കൺവീനറായി രൂപീകരിച്ച ഹെൽത്ത് ക്ലബ്ബുകൾ വഴി സ്ഥാപനത്തിലും മറ്റ് പട്ടികവർഗ്ഗ സങ്കേതങ്ങളിലും ആരോഗ്യ പരിപാലന ബോധവത്ക്കരണ ക്ലാസ്സുകളും ശുചിത്വ പരിപാടികളും നടത്തുക എന്നീ കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

(സി) കുടുംബശ്രീ, ആരോഗ്യ വകുപ്പ്, പട്ടികവർഗ്ഗ വികസന വകുപ്പ് എന്നിവരുടെ സഹകരണത്തോടെയാണ് പദ്ധതി നിർവ്വഹിക്കുന്നത്.

(ഡി) പദ്ധതിയുടെ നടത്തിപ്പിനായി ഹെൽത്ത് ക്ലബ്ബുകൾ അതാത് മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ രൂപീകരിച്ച് പ്രവർത്തനം നടത്തുന്നതാണ്. പ്രസ്തുത ഹെൽത്ത് ക്ലബ്ബുകളിൽ സ്കൂൾ പ്രിൻസിപ്പാൾ/ഹെഡ്മാസ്റ്റർ ചെയർമാനും, പ്രാഥമിക ആരോഗ്യകേന്ദ്രത്തിലെ മെഡിക്കൽ ഓഫീസർ ഉപദേശകനും, ത്രിതല പഞ്ചായത്തിലെ അംഗങ്ങൾ, പി.റ്റി.എ. പ്രതിനിധി, ഒരു സാമൂഹ്യ പ്രവർത്തകൻ, സ്കൂൾ ലീഡർ, ഒരു അദ്ധ്യാപകൻ എന്നിവർ അംഗങ്ങളും ആയിരിക്കുന്നതാണ്.

(ഇ) 2013-14 അദ്ധ്യയന വർഷാരംഭം മുതൽ പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

## ഗോത്രവർഗ്ഗ ഗ്രാമങ്ങളിൽ ഹാംലറ്റ് ഡെവലപ്മെന്റ് പദ്ധതി

302 (2540) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. ആർ . സെൽവരാജ് :
ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തെരഞ്ഞെടുത്ത ഗോത്രവർഗ്ഗ ഗ്രാമങ്ങളിൽ ഹാംലറ്റ് ഡവലപ്മെന്റ് പദ്ധതി ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(സി) പ്രസ്തുത പദ്ധതി വഴി എന്തെല്ലാം ആനുകൂല്യങ്ങളും സേവനങ്ങളുമാണ് ലഭിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) പദ്ധതി രൂപീകരണത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) തെരഞ്ഞെടുത്ത പട്ടികവർഗ്ഗ സങ്കേതങ്ങളിൽ പദ്ധതി ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിലൂടെയും വികസന പ്രവർത്തനങ്ങളിലൂടെയും കോളനികളുടെ സമഗ്രവികസനം നടപ്പാക്കി കോളനി നിവാസികളായ പട്ടികവർഗ്ഗ വിഭാഗത്തിന്റെ ജീവിത നിലവാരം ഉയർത്തി അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

(സി) റോഡ്, നടപ്പാത എന്നിവ നിർമ്മാണം, വാർത്താവിനിമയ സൗകര്യം മെച്ചപ്പെടുത്തൽ, കുടിവെള്ള പദ്ധതി, ഡ്രെയിനേജ് സംവിധാനം, വൈദ്യുതീകരണം, സൗരോർജ്ജ വൈദ്യുതീകരണം, സൗരോർജ്ജ വിളക്ക് സ്ഥാപിക്കൽ, ശുചീകരണ പ്രവർത്തനങ്ങൾ, ഭവന പുനരുദ്ധാരണം, മാലിന്യ സംസ്കരണം, കമ്മ്യൂണിറ്റി ഹാൾ/ കളിസ്ഥലം തുടങ്ങിയ പൊതുസൗകര്യങ്ങൾ, ജലസേചനം, അടുക്കളത്തോട്ടം നിർമ്മാണം തുടങ്ങിയ പ്രവർത്തനങ്ങൾ പദ്ധതിയിലുൾപ്പെടുന്നു.

(ഡി) 2013-14 വർഷത്തെ തെരഞ്ഞെടുക്കപ്പെട്ട സങ്കേതങ്ങളിൽ ഹാംലെറ്റ് ഡവലപ്മെന്റ് പദ്ധതി നടപ്പാക്കൽ അവസാന ഘട്ടത്തിലാണ്. 2014-15 വർഷം ഹാംലെറ്റ് ഡവലപ്മെന്റ് പദ്ധതിക്കായി തെരഞ്ഞെടുത്ത 25 പട്ടികവർഗ്ഗ സങ്കേതങ്ങളിൽ പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

**പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഫർണിച്ചർ**

303 (2541) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> :
<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> :
<u>ശ്രീ. സി. പി. മുഹമ്മദ്</u>
<u>ശ്രീ. ടി. എൻ. പ്രതാപൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഫർണിച്ചർ നൽകാനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിന്റെ ലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത് ;

(ഡി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ) 2013-14 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഹൈസ്കൂൾ, ഹയർ സെക്കണ്ടറി സ്കൂൾ, കോളേജ് തലങ്ങളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഫർണിച്ചർ നൽകുന്ന പദ്ധതി ഉൾപ്പെടുത്തിയിരുന്നു.

(ബി) ഹൈസ്കൂൾ, ഹയർ സെക്കണ്ടറി കോളേജ് തലത്തിൽ പഠിക്കുന്ന എല്ലാ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും പഠന മേശയും കസേരയും നൽകുവാനാണ് പദ്ധതിയിലൂടെ ഉദ്ദേശിച്ചിരുന്നത്. പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പഠന സൗകര്യം വർദ്ധിപ്പിക്കുകയും പഠനത്തിന് പ്രോത്സാഹനം നൽകുകയുമായിരുന്നു പദ്ധതിയുടെ ഉദ്ദേശ്യം.

(സി&ഡി) 9-5-2013-ന് ചേർന്ന സബ്ജക്ട് കമ്മിറ്റിയുടെ ശിപാർശ പരിഗണിച്ച് പദ്ധതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പാക്കുന്നതിനുള്ള ശിപാർശ സർക്കാരിന് സമർപ്പിച്ചിരുന്നു. തുടർന്ന് പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രായോഗിക ബുദ്ധിമുട്ട് കാരണം പദ്ധതി ഉപേക്ഷിക്കുകയായിരുന്നു.

**എൻ.ജി.ഒ.-കൾക്ക് കൈമാറിയ പദ്ധതികൾ**

304 (2542) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികവർഗ്ഗ വകുപ്പിന്റെ ഏതെല്ലാം പദ്ധതികളാണ് എൻ.ജി.ഒ.-കൾക്ക് കൈമാറി നൽകിയിട്ടുള്ളത്; ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ സഹിതം വിശദവിവരം നൽകുമോ ; എത്ര കോടി രൂപയുടെ പദ്ധതികളാണ് നൽകിയിട്ടുള്ളത്;

(ബി) ഇപ്രകാരം ഉത്തരവു നൽകുവാനുണ്ടായ കാരണങ്ങൾ വ്യക്തമാക്കുമോ ;

(സി) ഇതിൽ ഭവനനിർമ്മാണപദ്ധതികൾ ഏതെങ്കിലും എൻ.ജി.ഒ.-കൾക്കു നൽകിയിട്ടുണ്ടോ ; എങ്കിൽ, പദ്ധതി നൽകിയ സംഘടന, നൽകിയിട്ടുള്ള തുക എന്നിവയുൾപ്പെടെ വിശദവിവരം നൽകുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വയനാട്ടിലെ മുക്കിൽ പീടികയിൽ 10 ഗ്രീൻ ഹോംസ് പണിയുന്നതിനായി ജി.ഒ. (ആർറ്റി.) നമ്പർ 183/2013/പജ.പവ.വിവ. തീയതി, 11-2-2013, ജി.ഒ. (ആർറ്റി.) നമ്പർ 1285/2013/പജ.പവ.വിവ. തീയതി 13-9-2013 എന്നിവ പ്രകാരം M/s. സ്വാമിനാഥൻ ഫൗണ്ടേഷന് 42.44 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. ഉത്തരവുകളുടെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

(ബി) M/s. സ്വാമിനാഥൻ ഫൗണ്ടേഷൻ നൽകിയ പ്രൊപ്പോസൽ പട്ടികവർഗ്ഗ വിഭാഗക്കാർക്ക് പ്രയോജനപ്രദമാവുമെന്ന് കണ്ടെത്തിയ സാഹചര്യത്തിലാണ് ഉത്തരവ് നൽകിയത്.

(സി) പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഭവന നിർമ്മാണ പദ്ധതികൾ ഒന്നുംതന്നെ എൻ.ജി.ഒ.-കൾക്ക് നൽകിയിട്ടില്ല.

## പട്ടികവർഗ്ഗ ക്ഷേമത്തിനായി 2013-14 വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയ തുക

305 (2543) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികവർഗ്ഗ ക്ഷേമത്തിനായി 2013-14 വർഷത്തെ ബഡ്ജറ്റിൽ എത്ര തുകയാണ് വകയിരുത്തിയിരുന്നതെന്ന് അറിയിക്കുമോ ;

(ബി) എന്തെല്ലാം പ്രവർത്തനങ്ങൾക്കായിരുന്നു പ്രസ്തുത തുക വകയിരുത്തിയിരുന്ന തെന്ന് വിശദമാക്കാമോ ;

(സി) 2013-14 സാമ്പത്തിക വർഷം അവസാനിച്ചപ്പോൾ എത്ര തുകയാണ് പ്രസ്തുത ഇനത്തിൽ ചെലവഴിച്ചതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എ) പട്ടികവർഗ്ഗ ക്ഷേമത്തിനായി 2013-14 വർഷത്തെ ബഡ്ജറ്റിൽ, സംസ്ഥാന/കേന്ദ്ര സഹായ പദ്ധതികളിൽ ഉൾപ്പെടുത്തി പട്ടികവർഗ്ഗ വികസന വകുപ്പിന് 319.3325 കോടി രൂപയാണ് വകയിരുത്തിയിരുന്നത്.

(ബി) പട്ടികവർഗ്ഗക്കാരുടെ വിദ്യാഭ്യാസ ആരോഗ്യ-പശ്ചാത്തല സൗകര്യങ്ങൾക്കും മറ്റ് ക്ഷേമ പ്രവർത്തനങ്ങൾക്കുമാണ് തുക വകയിരുത്തിയിരുന്നത്.

(സി) 2013-14 സാമ്പത്തിക വർഷത്തിൽ 303.34 കോടി രൂപ ചെലവഴിക്കുകയുണ്ടായി.

**യുവജന കമ്മീഷൻ**

306 (2544) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് യുവജന കമ്മീഷൻ പ്രവർത്തിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ യുവജന കമ്മീഷൻ നിലവിൽ വന്ന ഉത്തരവ് ഇറങ്ങിയ തീയതി എന്നാണെന്നും, യുവജന കമ്മീഷന്റെ ഘടന എന്താണെന്നും വ്യക്തമാക്കാമോ ;

(ബി) യുവജന കമ്മീഷന്റെ ഭാരവാഹികൾ ആരൊക്കെയാണെന്നും ഈ സമിതിയുടെ പ്രവർത്തനങ്ങൾക്കായി പ്ലാൻ, നോൺ-പ്ലാൻ പദ്ധതികളിൽ ഉൾപ്പെടുത്തി സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ടോയെന്നും, ഉണ്ടെങ്കിൽ എത്ര തുക വീതമാണ് അനുവദിച്ചിട്ടുള്ളതെന്നും വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. 2014-ലെ കേരള സംസ്ഥാന യുവജന കമ്മീഷൻ ആക്ട് (2014-ലെ ആറാം ആക്ട്) പ്രകാരം 2014 ഫെബ്രുവരി 13-ന് കേരള സംസ്ഥാന യുവജന കമ്മീഷൻ നിലവിൽ വന്നു. കമ്മീഷന്റെ ഘടന ആക്ടിൽ വ്യക്തമായി പ്രതിപാദിക്കുന്നുണ്ട്. ആയതിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.* ചെയർപേഴ്സണും 12 അംഗങ്ങളും ചേർന്നതാണ് യുവജന കമ്മീഷൻ. പേര് വിവരം ചുവടെചേർക്കുന്നു:

അഡ്വ. ആർ. വി. രാജേഷ് - ചെയർപേഴ്സൺ
ശ്രീ. ശിവരാമൻ. കെ.
ശ്രീ. കെ. വിനോദ്
ശ്രീ. കെ. സി. വിപിൻ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ശ്രീ. സുജിത് പോൾ
ശ്രീ. ഖാദർ മന്യ
അഡ്വ. സ്വപ്ന ജോർജ്ജ് അംഗങ്ങൾ
ശ്രീ. എ. എം. രമേശൻ
ശ്രീ. സുമേഷ് ആൻഡ്രൂസ്
ശ്രീ. നാരായണൻകുട്ടി. എം.
ശ്രീ. അഷ്റഫ് അലി. ടി.എ.
അഡ്വ. ആർ. ആർ. സഞ്ജയ് കുമാർ
കുമാരി എ. ബിജി

യുവജന കമ്മീഷന്റെ പ്രവർത്തനങ്ങൾക്കായി 2013-14 സാമ്പത്തിക വർഷത്തിൽ പദ്ധതിയേതര വിഹിതമായി 52.5 ലക്ഷവും (അൻപത്തി രണ്ട് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) 2014-15 സാമ്പത്തിക വർഷത്തിൽ പദ്ധതി വിഹിതമായി 50 ലക്ഷം (അൻപത് ലക്ഷം രൂപ മാത്രം) രൂപയും പദ്ധതിയേതര വിഹിതത്തിന്റെ ശമ്പള വിഹിതമായി 35 ലക്ഷവും ( മുപ്പത്തിയഞ്ച് ലക്ഷം രൂപ മാത്രം) ശമ്പളേതര വിഹിതമായി 3 ലക്ഷവും (മൂന്ന് ലക്ഷം രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്.

**യൂത്ത് സെന്ററുകൾ**

307 (2545) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യുവജനക്ഷേമ പദ്ധതികൾ ജനകീയമാക്കുന്നതിനും താഴെത്തട്ടിലേക്ക് പ്രയോജനം ലഭിക്കുന്നതിനുമായി നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ബി) സംസ്ഥാനത്ത് എത്ര യൂത്ത് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട് ; ഇവയുടെ ഇപ്പോഴത്തെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ ;

(സി) യൂത്ത് സെന്ററുകളുടെ പ്രവൃത്തി ജില്ലാ - സംസ്ഥാന തലത്തിൽ ഏകോപിപ്പിക്കുന്നതിനും വിപുലീകരിക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ?

ഉത്തരം

(എ) എല്ലാ ജില്ലകളിലും ജില്ലാ യൂത്ത് കോ-ഓർഡിനേറ്റർമാർ നിലവിലുണ്ട്. പഞ്ചായത്ത് തലങ്ങളിൽ പഞ്ചായത്ത് യൂത്ത് കോ-ഓർഡിനേറ്റർമാരെ നിയമിച്ചു വരുന്നു. ജില്ലാ യൂത്ത് കോ-ഓർഡിനേറ്റർമാരും പഞ്ചായത്ത് യൂത്ത്

കോ-ഓർഡിനേറ്റർമാരും അതാത് സ്ഥലങ്ങളിലെ യൂത്ത് ക്ലബ്ബുകളുമായി ചേർന്ന് യുവജന ക്ഷേമ ബോർഡിന്റെ പ്രവർത്തനങ്ങൾ ജനകീയമാക്കി താഴെത്തട്ടിലേക്ക് എത്തിച്ചു കൊണ്ടിരിക്കുന്നു.

(ബി&സി) സംസ്ഥാനത്ത് എല്ലാ ജില്ലകളിലുമായി 14 യൂത്ത് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. ഇവ ജില്ലാ ഓഫീസുകളായി പ്രവർത്തിക്കുന്നു. പദ്ധതി പ്രവർത്തനവും പുരോഗതിയും എല്ലാ മാസവും വിലയിരുത്തുന്നു. ഓരോ മാസവും ജില്ലാതല പദ്ധതികളുടെ ഭൗതിക പുരോഗതിയും ധനവിനിയോഗവും വിലയിരുത്തുകയും തുടർന്ന് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകാറുമുണ്ട്. യൂത്ത് ക്ലബ്ബുകളുടെ പ്രവർത്തനവും യുവജനങ്ങൾക്കുണ്ടാകുന്ന പ്രയോജനവും അവരിൽ നിന്നുള്ള ഫീഡ്ബാക്കും ഓരോ പദ്ധതി തിരിച്ച് സംസ്ഥാന ഓഫീസിൽ അറിയിക്കുന്നു. ഈ റിപ്പോർട്ടുകൾ അപഗ്രഥിച്ച് സംസ്ഥാന മീറ്റിംഗുകൾ നടത്തി പോരായ്മകൾ പരിഹരിച്ച് വരുന്നു.

**യുവസംരംഭക സംഗമം**

308 (2546) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. പി. സി വിഷ്ണുനാഥ് :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. വി. റ്റി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യുവജന ബോർഡിന്റെ നേതൃത്വത്തിൽ യുവസംരംഭക സംഗമം സംഘടിപ്പിച്ചിട്ടുണ്ടോ ;

(ബി) ഇതുവഴി എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത സംഗമത്തിൽ ചർച്ച ചെയ്തത്;

(ഡി) ഇതിന്മേൽ എന്തെല്ലാം തുടർനടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) യുവജനങ്ങൾ തൊഴിലന്വേഷകരാകാതെ തൊഴിൽ ദാതാക്കളായി മാറുന്നതിന് പ്രോത്സാഹനം നൽകുന്നതിന്റെ ഭാഗമായി പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിനുവേണ്ട പരിശീലനവും മാർഗ്ഗ നിർദ്ദേശവും നൽകി പുതിയൊരു സംരംഭക സംസ്കാരം വളർത്തിയെടുക്കുവാനാണ് ഇതിലൂടെ ഉദ്ദേശിക്കുന്നത്.

(സി) യുവ സംരംഭകർ സംരംഭങ്ങൾ ആരംഭിക്കുമ്പോൾ നേരിട്ട പ്രതിസന്ധികൾ, നിയമപരമായ സാദ്ധ്യതകൾ, വിഷമങ്ങൾ ഇവ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ എന്നിവയാണ് പ്രധാനമായും ചർച്ച ചെയ്യപ്പെട്ടത്. കൂടാതെ, വിജയകരമായി സംരംഭങ്ങൾ ആരംഭിച്ച് നടപ്പിലാക്കിയവരുടെ അനുഭവങ്ങൾ പങ്ക് വയ്ക്കൽ, മറ്റുള്ള യുവജനങ്ങൾക്ക് പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് പ്രചോദനം നൽകൽ എന്നിവയും സംഗമത്തിന്റെ ഭാഗമായി നടന്നു.

(ഡി) എന്റർപ്രണർഷിപ്പ് ഡവലപ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യയുടെ സഹകരണത്തോടുകൂടി തിരുവനന്തപുരം, തൃശ്ശൂർ, വയനാട് എന്നീ ജില്ലകളിലെ 498 യുവജനങ്ങൾക്ക് പരിശീലനം നൽകുകയും ഇതിൽ 200-ഓളം പേർ സ്വയം സംരംഭകരായി മാറുകയും ചെയ്തു. ഈ സാമ്പത്തിക വർഷം 9 ജില്ലകളിൽക്കൂടി പരിശീലനം വ്യാപിപ്പിക്കുന്നതാണ്. തുടർന്ന് 2015-16 സാമ്പത്തിക വർഷം ബാക്കി ജില്ലകളിലും പരിശീലനം നൽകാൻ ഉദ്ദേശിക്കുന്നുണ്ട്.

**പുനർജനി പദ്ധതി**

309 (2547) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. പി. സി വിഷ്ണുനാഥ് :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ പുനർജനി പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(സി) സർക്കാർ ആശുപത്രികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ആശുപത്രികളിലെ കേടായ ഉപകരണങ്ങളുടെ അറ്റകുറ്റ പണി ചെയ്യുന്നതിനും എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) ആരെല്ലാമാണ് പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ പുനർജനി പദ്ധതി 2013-

14 സാമ്പത്തിക വർഷം നടപ്പാക്കി കഴിഞ്ഞു.

(ബി) പുനർജനി പദ്ധതി ഒരു എഡ്യൂക്കേഷണൽ പ്രോഗ്രാമാണ്. സാമൂഹിക പ്രവർത്തനത്തിലൂടെ വ്യക്തിത്വ വികാസം സാദ്ധ്യമാക്കാനും വിദ്യാർത്ഥികളുടെ സാമൂഹിക ബോധം വളർത്തി അവരെ വികസന പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുന്നതിനും രാജ്യത്തിന്റെ വികസനത്തിൽ വിദ്യാർത്ഥികളുടെ പങ്ക് ബോദ്ധ്യപ്പെടുത്തുന്നതിനും, പ്രതിബന്ധതയുള്ള ഏത് തൊഴിലിലും മഹത്വം കണ്ടെത്തുന്ന ഉയർന്ന വ്യക്തിത്വമുള്ള യുവതലമുറയെ വാർത്തെടുക്കുന്നതിനും പുനർജനിയിലൂടെ ലക്ഷ്യമിടുന്നു. കൂടാതെ, കേരളത്തിലെ ബഹുഭൂരിപക്ഷം സാധാരണക്കാർ ആശ്രയിക്കുന്ന ആശുപ്രതികളിലെ സൗകര്യങ്ങളിൽ പരിതാപകരമായ അവസ്ഥ നിലനിൽക്കുന്നതിനാൽ ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾക്ക് പരിഹാരം തേടുന്നതിനും ലക്ഷ്യമിട്ട് കേരള സംസ്ഥാന യുവജനക്ഷേമ ബോർഡും നാഷണൽ സർവ്വീസ് സ്കീമിന്റെ ടെക്നിക്കൽ സെല്ലും കൈകോർത്ത് കേരളത്തിലെ എല്ലാ ജില്ലകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട മെഡിക്കൽ കോളേജ്, ജനറൽ ആശുപത്രികൾ, താലൂക്ക് ആശുപത്രികൾ എന്നിവ ഉൾപ്പെടെ 40 സർക്കാർ ആശുപത്രികളിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക എന്നതും പുനർജനി പദ്ധതിയുടെ ലക്ഷ്യമാണ്.

(സി) സർക്കാർ ആശുപത്രികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും, ആശുപത്രികളിലെ കേടായ ഉപകരണങ്ങളുടെ അറ്റകുറ്റപ്പണി ചെയ്യുന്നതിനുമായി കോ-ഓർഡിനേറ്റർ, അസി. കോ-ഓർഡിനേറ്റർ, കൺവീനർമാർ എന്നിവരടങ്ങുന്ന ഒരു പ്രോജക്ട് ടീമാണ് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയത്.

സർവ്വേ നടത്തി പദ്ധതി നടപ്പാക്കാനുള്ള ആശുപത്രികൾ തെരഞ്ഞെടുക്കുകയും അതാത് ആശുപത്രികളിലെ പ്രോജക്ട് നടത്തിപ്പിനായി പദ്ധതി നിർവ്വാഹക സമിതി രൂപപ്പെടുത്തുകയും ചെയ്തിരുന്നു. ചെയർമാൻ, ജനറൽ കൺവീനർ, 2 കൺവീനർമാർ എന്നിവരടങ്ങിയതായിരുന്നു പദ്ധതി നിർവ്വാഹക സമിതി. തെരഞ്ഞെടുത്ത ആശുപത്രികളെക്കുറിച്ച് പഠിച്ച് അവിടെ ചെയ്യേണ്ടിവരുന്ന അറ്റകുറ്റപ്പണികൾ, മറ്റ് ജോലികൾ, അതിനാവശ്യമായ റിസോഴ്സുകൾ (മനുഷ്യ വിഭവശേഷി, പണം, വസ്തുക്കൾ, സമയം) ഇവയെക്കുറിച്ച് മുൻധാരണയുണ്ടാക്കുക, റിസോഴ്സ് സംഘടിപ്പിക്കുക, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും നിശ്ചിത ആശുപത്രികളുടെയും അനുമതി, സഹകരണം ഇവ നേടിയെടുക്കുക. പദ്ധതി പ്രദേശത്തിനടുത്തുള്ള യുവജനസംഘടനകളെ പദ്ധതിയുടെ ആവശ്യകത

ബോദ്ധ്യപ്പെടുത്തുക, പദ്ധതിയിൽ അവരുടെ പങ്കാളിത്തം ഉറപ്പാക്കുക, സാങ്കേതിക പരിജ്ഞാനമുള്ള 75 എൻ.എസ്.എസ്. വോളണ്ടിയർമാരേയും 25 സ്റ്റാഫിനെയും ഓരോ ഹോസ്പിറ്റലിനുമായി പ്രത്യേകം തെരഞ്ഞെടുക്കുക, പദ്ധതി പ്രദേശത്ത് അധികമായി വേണ്ടിവരുന്ന സാങ്കേതിക സേവന ക്യാമ്പ് നടത്തുക എന്നീ പ്രവർത്തനങ്ങളും നടത്തിയിരുന്നു.

(ഡി) കേരള സംസ്ഥാന യുവജനക്ഷേമ ബോർഡും നാഷണൽ സർവ്വീസ് സ്കീമിന്റെ കേരള ടെക്നിക്കൽ സെല്ലുമാണ് ഇതുമായി സഹകരിച്ചിട്ടുള്ളത്.

**യുവജനക്ഷേമ ബോർഡ് - പദ്ധതികളും ചെലവുകളും**

310 (2548) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ 2012-13, 2013-14, 2014-15 കാലയളവിൽ എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയത് എന്ന് വിശദമാക്കാമോ ;

(ബി) ഓരോ പരിപാടിക്കും ചെലവായ തുക എത്രയാണെന്നും ഗുണഭോക്താക്കൾ എത്രയാണെന്നും സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പുതുതായി എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ&ബി) കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ 2012-13, 2013-14 കാലയളവിൽ നടപ്പിലാക്കിയ പദ്ധതികൾ, ചെലവാക്കിയ തുക, ഗുണഭോക്താക്കൾ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.* 2014-15-ൽ സംരംഭകത്വ വികസന പരിപാടി, കാപ്പൊലി, കേരളോത്സവം, ഭാരത് ദർശൻ (പട്ടികവർഗ്ഗം), യൂത്ത് ലീഡർഷിപ്പ് ക്യാമ്പ്, അഡ്വഞ്ചർ കാർണിവൽ എന്നീ പരിപാടികൾ നടപ്പിലാക്കി വരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) തിരുവനന്തപുരത്ത് യൂത്ത് ഭവൻ നിർമ്മാണവും വയനാട്ടിൽ പനമരത്ത് യൂത്ത് ഭവൻ നിർമ്മാണവും 2015-16 സാമ്പത്തിക വർഷത്തിൽ പൂർത്തീകരിക്കും. മുൻവർഷങ്ങളിലെ പദ്ധതികളുടെ തുടർ പ്രവർത്തനങ്ങൾക്കും പൂർത്തീകരണത്തിനുമാണ് 2015-16 വർഷത്തിൽ മുൻഗണന നൽകുക.

**തൃശ്ശൂർ മൃഗശാല**

311 (2549) <u>ശ്രീമതി ഗീതാ ഗോപി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ മൃഗശാല പുത്തൂരിലേക്ക് മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി അറിയിക്കുമോ ;

(ബി) പ്രസ്തുത മൃഗശാല മാറ്റി സ്ഥാപിക്കുന്നതിന് കാലപരിധി നിശ്ചയിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ എപ്പോഴേക്ക് മാറ്റി സ്ഥാപിക്കാൻ കഴിയും എന്ന് അറിയിക്കുമോ ?

<u>ഉത്തരം</u>

(എ-സി) തൃശ്ശൂർ മൃഗശാല പുത്തൂരിലേക്ക് മാറ്റി സ്ഥാപിക്കുന്നതിന് കാലപരിധി നിശ്ചയിച്ചിട്ടില്ല. വനം വകുപ്പാണ് മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നത്. പുത്തൂർ മൃഗശാലയിലെ പണി പൂർത്തിയാകുന്ന മുറയ്ക്ക് തൃശ്ശൂർ മൃഗശാലയിലെ മൃഗങ്ങളെ മാറ്റുന്നതാണ്.

**തിരുവനന്തപുരം മൃഗശാലയിലെ അനക്കോണ്ട പാമ്പുകൾ**

312 (2550) <u>ശ്രീ. വി. ശിവൻകുട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം മൃഗശാലയിൽ അനക്കോണ്ട പാമ്പുകളെ കൂടുകളിലേക്ക് തുറന്നുവിടാൻ ടി മൃഗശാലയിലെ ജീവനക്കാരല്ലാത്ത ആരുടെയെങ്കിലും സേവനം തേടിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അവരുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ഇക്കാര്യത്തിന് സർക്കാരിൽനിന്ന് അനുമതി നൽകിയിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ സർക്കാരനുമതിയില്ലാതെ ജീവനക്കാരനല്ലാത്ത ഒരാളെ കൊണ്ട് പ്രസ്തുത കൃത്യം നിർവ്വഹിപ്പിച്ച ഉദ്യോഗസ്ഥർക്കെതിരെ എന്ത് നടപടി സ്വീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത് ?

<u>ഉത്തരം</u>

(എ&ബി) അനക്കോണ്ട പാമ്പുകളെ കൂടുകളിലേക്ക് തുറന്ന് വിടാൻ ജീവനക്കാർ അല്ലാത്ത ആരുടേയും സേവനം തേടിയിട്ടില്ല. എന്നാൽ അനക്കോണ്ടയെ പ്രദർശനത്തിനായി കൂട്ടിലേക്ക് മാറ്റിയപ്പോൾ പബ്ലിസിറ്റിക്കായി കേരളത്തിലെ ഏറ്റവും കൂടുതൽ പാമ്പുകളെ (രാജവെമ്പാല ഉൾപ്പെടെ) പിടികൂടി ജനങ്ങളുടെ ജീവൻ രക്ഷിച്ച വാവ സുരേഷിനെ അതിഥിയായി ക്ഷണിച്ചിട്ടുണ്ടായിരുന്നു.

(സി&ഡി) മൃഗങ്ങൾ/പക്ഷികൾ/ഉരഗങ്ങൾ എന്നിവയെ ഒരു കൂട്ടിൽ നിന്നും മറ്റൊരു കൂട്ടിലേക്ക് മാറ്റുമ്പോൾ പങ്കെടുക്കുന്ന വ്യക്തികൾക്കുള്ള അനുമതി സർക്കാരിൽ നിന്നും ആവശ്യപ്പെടേണ്ടതില്ല.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

[AM 9.30

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ഇന്ന് റൂൾ 50 അനുസരിച്ച് അടിയന്തര പ്രമേയത്തിന് ഒരു നോട്ടീസ് നൽകിയിട്ടുണ്ട്. ഇതേ വിഷയംതന്നെ ശ്രീ. പി. ശ്രീരാമകൃഷ്ണൻ കഴിഞ്ഞ ആഴ്ച സബ്മിഷനായിട്ട് തന്നു. അന്ന് സഭയിൽ ഉന്നയിക്കാൻ അവസരം ലഭിക്കാത്തതുകൊണ്ട് അതിന്റെ മറുപടി എല്ലാ അംഗങ്ങൾക്കും കൊടുക്കുകയായിരുന്നു. നിയമനിർമ്മാണവുമായി ബന്ധപ്പെട്ട് നമ്മുടെ സഭ ദീർഘസമയം ചർച്ച ചെയ്തു. അതേ വിഷയമാണ് ഇന്ന് അടിയന്തരപ്രമേയമായി നോട്ടീസ് നൽകിയിരിക്കുന്നത്. അതുകൊണ്ട് ഞാൻ ബഹുമാനപ്പെട്ട പി. ശ്രീരാമകൃഷ്ണൻ തുടങ്ങിയവരോട് ചോദിക്കട്ടെ,

നമുക്ക് ഇത് ഒരു സബ്മിഷനായിട്ട് മാറ്റിയാൽ പോരെ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, 60 ദിവസമായി അവിടെ തുടർന്നു വരുന്ന നിരാഹാര സമരമാണ്. ഇന്ന് രാവിലെ അവിടെ അടി നടന്നതിനെത്തുടർന്ന് ഒരു അടിയന്തര ഇഷ്യൂ ഉണ്ടായിരിക്കുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ : ഞാൻ ചെയറിന്റെ ഒരു അഭിപ്രായം പറഞ്ഞു എന്നേ ഉള്ളൂ, അടിയന്തരപ്രമേയമായി എടുക്കാം.

## II അടിയന്തരപ്രമേയം

### അനിശ്ചിതകാല നിരാഹാര സമരം

മി. ഡെപ്യൂട്ടി സ്പീക്കർ : പൊതുവിദ്യാഭ്യാസം സംരക്ഷിക്കണമെന്ന് ആവശ്യപ്പെട്ട് കാലിക്കറ്റ് സർവ്വകലാശാലയിലെ ഗവേഷണ വിദ്യാർത്ഥികൾ ഉൾപ്പെടെ രണ്ട് മാസമായി നടത്തി വരുന്ന അനിശ്ചിതകാല നിരാഹാര സമരം യൂണിവേഴ്സിറ്റിയുടെ ഭരണ, അക്കാഡമിക് പ്രവർത്തനങ്ങൾ സ്തംഭനാവസ്ഥയിലാക്കി യിരിക്കുകയും ചെയ്തിരിക്കുന്നതുമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന സ്ഥിതി വിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ പി. ശ്രീരാമകൃഷ്ണൻ, വി. എസ്. സുനിൽകുമാർ, സി. കെ. നാണു, എ. കെ ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, ബഹുമാനപ്പെട്ട ചെയർ ഇവിടെ പറഞ്ഞതുപോലെ കഴിഞ്ഞ ആഴ്ച ഈ വിഷയം സംബന്ധിച്ച് ഒരു സബ്മിഷൻ ഉന്നയിച്ചിരുന്നു. അതിന് മറുപടിയും കൊടുത്തിരുന്നു. അതിനുശേഷം സ്വയംഭരണ കോളേജിനെക്കുറിച്ചുള്ള ചർച്ചയിലും ഈ കാര്യങ്ങൾ വിവിധ മെമ്പർമാർ ഉന്നയിച്ചു. അപ്പോൾ അതിനും മറുപടി പറഞ്ഞതാണ്. ഈ അടിയന്തരപ്രമേയത്തിൽ പറഞ്ഞിട്ടുള്ളത് സ്വാശ്രയ വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുന്നതിനായി റെഗുലർ വിദ്യാർത്ഥികളെ ഹോസ്റ്റലിൽ നിന്ന് പുറത്താക്കി എന്നാണ്. ഒരു റെഗുലർ വിദ്യാർത്ഥിയേയും അവിടെ നിന്ന് പുറത്താക്കിയിട്ടില്ല. വൈസ് ചാൻസിലറിനെതിരെ രൂക്ഷമായ അഭിപ്രായ

വ്യത്യാസമുണ്ട്. അത് ഈ ഇഷ്യൂവിൽ മാത്രമല്ല, പല കാര്യങ്ങളിലും പല യൂണിവേഴ്സിറ്റികളിലും സിൻഡിക്കേറ്റുമായും മറ്റ് ഉദ്യോഗസ്ഥന്മാരുമായും അഭിപ്രായ വ്യത്യാസങ്ങളുണ്ട്. യൂണിവേഴ്സിറ്റികൾ ആട്ടോണമി സ്വഭാവം ഉള്ള സ്ഥാപനങ്ങളാണ്. അതനുസരിച്ച് അവിടത്തെ കാര്യങ്ങളിൽ സർക്കാർ ഇടപെടുന്നതിന് പരിമിതികളുണ്ട്, ഇടപെടാൻ പറ്റുന്ന കാര്യങ്ങളിൽ സർക്കാർ ഇടപെടുന്നുമുണ്ട്. പൊതുഖജനാവിലെ പണം ഉപയോഗിച്ച് നിർമ്മിച്ച ഹോസ്റ്റൽ നിർദ്ധനരും, പിന്നോക്ക ദളിത് വിഭാഗങ്ങളിൽപ്പെട്ടവരുമായ റഗുലർ വിദ്യാർത്ഥികൾക്ക് അപ്രാപ്യമാക്കി സ്വാശ്രയ കോഴ്സുകളിലെ വിദ്യാർത്ഥികൾക്കായി തുറന്നുകൊടുത്തു കൊണ്ടുള്ള യൂണിവേഴ്സിറ്റി വൈസ് ചാൻസലറുടെ തലതിരിഞ്ഞ നീക്കത്തിനെതിരെയാണ് സമരം. ബിരുദാനന്തര ബിരുദ ക്ലാസ്സുകളിലും ഗവേഷണ വിഷയങ്ങളിലും പ്രാവീണ്യം നേടുന്നതിന് കഠിനാധ്വാനം ചെയ്യുന്ന ആയിരക്കണക്കിന് വിദ്യാർത്ഥികൾ ഉള്ളപ്പോൾ അവർക്കെല്ലാം മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകാനുള്ള പശ്ചാത്തല സൗകര്യം ഒരുക്കാൻ യൂണിവേഴ്സിറ്റി തയ്യാറാകുന്നില്ല എന്നാണ് പറയുന്നത്. അവിടെ ആവശ്യമുള്ള കുട്ടികൾക്കെല്ലാം ഹോസ്റ്റൽ സൗകര്യം നൽകിയിട്ടുണ്ട്. തീസിസ് വരെ സബ്മിറ്റ് ചെയ്ത് ആവശ്യമില്ലാതെ താമസിച്ചിരുന്ന കുട്ടികളെ ഒഴിവാക്കി എന്നുള്ളത് ശരിയാണ്, അത് എല്ലാപേരും അംഗീകരിച്ചതുമാണ്. ഇപ്പോൾ എല്ലാപേർക്കും ആവശ്യത്തിനുള്ള അക്കോമഡേഷൻ കൊടുത്തിട്ടുമുണ്ട്. ഓൾഡ് ബ്ലോക്കിൽ 56 മുറിയുണ്ട്, റൂമിന്റെ കപ്പാസിറ്റി 52 ആണ്, അതിൽ 52 കുട്ടികളുണ്ട്. ന്യൂ ബ്ലോക്കിൽ 100 റൂമുണ്ട്, 97 ആണ് കപ്പാസിറ്റി അതിൽ 97 പേർ ഉണ്ട്. ന്യൂ അനക്സിൽ 51 ആണ് കപ്പാസിറ്റി അതിൽ 150 പേർ ഉണ്ട്. അവിടെയാണ് സ്വാശ്രയ വിദ്യാർത്ഥികൾ ഉണ്ടായിരുന്നത്, അവർക്കുവേണ്ടി നിലവിലുള്ള ഹോസ്റ്റലിൽ ഒരു പുതിയ ബ്ലോക്ക് തന്നെ പണിത് അവിടെയാണ് അവരെ താമസിപ്പിക്കാൻവേണ്ടി തീരുമാനിച്ചിരുന്നത്, അതിനെതിരായിട്ടാണ് സമരം വന്നത്. സമരം കുറച്ചു നീണ്ടുപോയി. പല ചർച്ചകളും നടന്നു. അതുകഴിഞ്ഞ് മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽ ചർച്ച നടത്തി. ആ ചർച്ചയിൽ പറഞ്ഞത്, അവർ ആദ്യം താമസിച്ചിരുന്നത് ക്വാർട്ടേഴ്സുകളിലാണ്. ആ ക്വാർട്ടേഴ്സുകളെല്ലാം ഉപയോഗശൂന്യമായതിന്റെ അടിസ്ഥാനത്തിലാണ് അവരെ ഇങ്ങോട്ട് മാറ്റാൻ തീരുമാനിച്ചത്. ഇപ്പോൾ താമസിക്കുന്നവരുടെ കൂടെ അല്ല, പുതിയ ബ്ലോക്കിലേക്കാണ്. അതിന് സമ്മതിക്കാതെ വന്നപ്പോൾ മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ യോഗം ചേർന്ന് അവരെ പഴയ ഗസ്റ്റ് ഹൗസിലേക്ക് മാറ്റാനും താൽക്കാലികമായി ഭക്ഷണത്തിനുവേണ്ടി പ്രത്യേക സംവിധാനം ഉണ്ടാക്കാനും തീരുമാനിച്ചു. അതിനും

സമ്മതിച്ചില്ല, നിലവിലുള്ള ഒരു ഹോസ്റ്റലിൽ ഭക്ഷണശാല ഒഴിഞ്ഞുകിടക്കുന്നു. അവിടെ ഇവർക്ക് കൊടുക്കാൻ പറഞ്ഞപ്പോൾ അതിനും സമ്മതിച്ചില്ല. ഈ രീതിയിലുള്ള ഒരു നിഷേധാത്മകമായ നയം സ്വീകരിച്ചതു കൊണ്ടാണ് ആ സമരം തീരാതിരിക്കുന്നത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ഗസ്റ്റ് ഹൗസിൽ താമസം മാറ്റി അവിടെ ഭക്ഷണം അറേഞ്ച് ചെയ്യാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ടോ ?

ശ്രീ. പി. കെ. അബ്ദു റബ്ബ്: നൽകിയിട്ടുണ്ട്, ഗസ്റ്റ് ഹൗസിലേക്ക് ഇപ്പോൾ താമസം മാറ്റാനും അവിടെ ഭക്ഷണശാല ഉണ്ടാക്കാനും വേണ്ടിയുള്ള ശ്രമങ്ങൾ നടത്താൻ തീരുമാനിച്ചു. കൂടാതെ 8 കോടി രൂപ ചെലവിൽ പുതിയ ഹോസ്റ്റൽ നിർമ്മാണത്തിനുവേണ്ടിയുള്ള കാര്യങ്ങൾ സിൻഡിക്കേറ്റ് അംഗീകരിച്ചു, ഇവിടുത്തെ യോഗത്തിലും അംഗീകരിച്ചു. ഈ കാര്യങ്ങൾ ഒന്നും അംഗീകരിക്കാതെ സമരം നടത്തിക്കൊണ്ടിരിക്കുകയാണ്. കഴിഞ്ഞ ആഴ്ച ഞാൻ പറഞ്ഞു, അതിൽ ശ്രീ. എളമരം കരീം ഇടപെട്ടു, ഞാൻ ശ്രീ. എ. പ്രദീപ് കുമാറിനോടും പറഞ്ഞു. വൈസ് ചാൻസിലറുമായി നടത്തിയ ചർച്ചകളൊക്കെ പരാജയപ്പെടുകയാണുണ്ടായത്. സിൻഡിക്കേറ്റും ഉപസമിതിയും ചർച്ചചെയ്തു, ഒന്നും വിജയിച്ചില്ല. ഒരു നിഷേധാത്മകമായ നയം സ്വീകരിച്ചതു കൊണ്ടാണ് സമരം തീരാതിരിക്കുന്നത് എന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഈ വിഷയം അടിയന്തരപ്രമേയമായി അവതരിപ്പിച്ച് ചർച്ച ചെയ്യേണ്ട ആവശ്യമുണ്ടെന്ന് ഞാൻ കരുതുന്നില്ല.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ : സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിപോലെ അത്ര ലഘുവായ ഒരു പ്രശ്നമല്ല ഇത്. പുതിയ ഗസ്റ്റ്ഹൗസ് ഹോസ്റ്റലിൽ കുട്ടികളെ താമസിപ്പിക്കുവാനും അവിടെ നിന്നുതന്നെ ഭക്ഷണം കൊടുക്കാനുമുള്ള നിർദ്ദേശം കൊടുത്തുവെന്ന് അദ്ദേഹം ഇവിടെ പറഞ്ഞു. ആർക്കാണ് നിർദ്ദേശം കൊടുത്തതെന്ന് എന്ന് ഇതുവരേയും സമരം നടത്തുന്ന വിദ്യാർത്ഥികൾക്കോ, സമരസമിതിക്കോ അറിയില്ല. അങ്ങനെ ഒരു നിർദ്ദേശം അവിടെ ഉയർന്നു വന്നിട്ടില്ല, ചർച്ച ചെയ്തിട്ടേയില്ല. ഈ സഭയിലെ 14 അംഗങ്ങൾ സമരം ഒത്തുതീർപ്പാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് അവിടെ സത്യാഗ്രഹമിരിക്കുകയുണ്ടായി. ഇൻഡ്യയുടെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള സർവ്വകലാശാലകളിലെ വിദ്യാർത്ഥികൾ ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് ഈ സമരത്തിൽ പങ്കുചേരുകയുണ്ടായി.

പലതരത്തിലുള്ള സർഗ്ഗാത്മകമായ സമരരീതികൾ വികസിപ്പിക്കുന്ന ഒരു പ്രസ്ഥാനം തന്നെയായി മാറിയിരിക്കുകയാണ്. കേരളത്തിലെ എല്ലാ സർവ്വകലാശാലകളിൽ നിന്നുള്ള കുട്ടികൾ അവിടെ വന്നുപോകുന്നു. കഴിഞ്ഞ 62 ദിവസമായി തീർത്തും സമാധാനപരമായി നടക്കുന്ന സമരത്തെ ഇന്ന് രാവിലെ എം.എസ്.എഫ്. നേതാക്കളുടെ നേതൃത്വത്തിൽ ആക്രമിക്കുകയും മെസ്സിൽ കയറി കുക്കിനെ ഉൾപ്പെടെ മാരകമായി പരിക്കേൽപ്പിക്കുകയുമാണ് ഉണ്ടായത്. ഇത് ആദ്യമായിട്ടല്ല നിരന്തരമായി ആവർത്തിച്ചുകൊണ്ടിരിക്കുകയാണ്. സമരം നടത്തുന്ന വിദ്യാർത്ഥികളുടെ ഭാഗത്തുനിന്ന് എന്തെങ്കിലും തരത്തിലുള്ള പ്രകോപനമോ, അനിഷ്ടസംഭവങ്ങളോ ഇന്നേവരെ റിപ്പോർട്ട് ചെയ്തിട്ടില്ല. മന്ത്രി ഇവിടെ പറഞ്ഞു, എല്ലാ സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട് എന്ന്. 1600 കുട്ടികളാണ് അവിടെ ലേഡീസ് ഹോസ്റ്റലിൽ താമസിക്കുന്നത്. 600 കുട്ടികൾക്കാണ് അവിടെ യഥാർത്ഥത്തിൽ താമസ സൗകര്യമുള്ളത്. ലേഡീസ് ഹോസ്റ്റലിലെ കുട്ടികൾ താമസിക്കുന്നത് പുഴുക്കളെപ്പോലെയാണ് എന്ന് റിപ്പോർട്ട് എഴുതി വച്ചത് സിൻഡിക്കേറ്റിന്റെ ഉപസമിതിയാണ്. ഗവേഷക വിദ്യാർത്ഥികൾ ഉൾപ്പെടുന്ന സർവ്വകലാശാലാ ഹോസ്റ്റലിൽ പാമ്പു കടിയേറ്റ് നിരവധി തവണ കുട്ടികൾ ആശുപത്രിയിലായിട്ടുണ്ട്. പാമ്പുകടിയിൽനിന്നും രക്ഷിക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് അർദ്ധരാത്രിയിൽ ആയിരക്കണക്കിന് പെൺകുട്ടികൾ നേരം പുലരുംവരെ വൈസ് ചാൻസിലറുടെ വീട് ഉപരോധിക്കുകയും ജില്ലാ കളക്ടർ ഇടപെട്ട് ഒത്തുതീർപ്പ് ഉണ്ടാക്കുകയും ചെയ്തുവെങ്കിലും ഒരു ചുക്കും നടന്നിട്ടില്ല. 600 പേർ താമസിക്കുന്നിടത്ത് ഇപ്പോൾ 1200 കുട്ടികളാണ് താമസിക്കുന്നത്. അദ്ദേഹം പറഞ്ഞു, മെൻസ് ഹോസ്റ്റലിൽ എല്ലാപേർക്കും സൗകര്യമുണ്ട് എന്ന്. കോഴിക്കോട് സർവ്വകലാശാല ഹോസ്റ്റലുകളിൽ 289 റെഗുലർ വിദ്യാർത്ഥികൾക്കുള്ള സൗകര്യമാണുള്ളത്. 382 പേരാണ് ഇപ്പോൾ താമസിച്ചുകൊണ്ടിരിക്കുന്നത്. പട്ടികജാതി വിദ്യാർത്ഥികൾ ഉൾപ്പെടെ 127 റെഗുലർ വിദ്യാർത്ഥികൾ വെയിറ്റിംഗ് ലിസ്റ്റിൽ കാത്തു നിൽക്കുമ്പോൾ 289 കുട്ടികൾക്ക് താമസസൗകര്യമുള്ളിടത്ത് 382 പേരെ അഡ്മിറ്റ് ചെയ്തതിനുശേഷം സ്വാശ്രയ കോളേജുകളിൽ നിന്നുവരുന്ന ബി.പി.എഡ്. വിദ്യാർത്ഥികളെയും അങ്ങോട്ട് കുത്തിത്തിരുകിയത് ആരുടെ താൽപ്പര്യത്തിനുവേണ്ടിയാണ് എന്നുള്ളതാണ് പ്രശ്നം. ഒരു ഹോസ്റ്റലിലെ പ്രശ്നം എന്നതിനപ്പുറം ഇതിന് ചില മാനങ്ങളുണ്ട്. ഇത് ലീഗിന്റെ വകുപ്പാണ്. ലീഗ് മന്ത്രി ഭരിക്കും, ഞങ്ങൾ ഇഷ്ടമുള്ളതുപോലെ നയിക്കും എന്ന ഒരു സമീപനമാണ് തുടർച്ചയായിട്ട് സ്വീകരിക്കുന്നത്. അങ്ങനെ കാണുന്ന ഒരു വിഭാഗത്തിന്റെ കയ്യിലെ പാവയായി വിദ്യാഭ്യാസ വകുപ്പുമന്ത്രി മാറിയതുകൊണ്ടാണ് ഇത്തരം സംഭവങ്ങൾ

ഉണ്ടാകുന്നത്. അദ്ദേഹം ആരോ എഴുതിക്കൊടുത്ത അസത്യം നിറഞ്ഞ മറുപടി തുടർച്ചയായി സഭയിൽ വായിച്ചുകൊണ്ടിരിക്കുകയാണ്. അദ്ദേഹം പറയുന്നത് സത്യസന്ധമായ കാര്യങ്ങൾ അല്ല. ഞാൻ അദ്ദേഹത്തോട് ചോദിക്കുന്നത്, ഇപ്പോൾ ബി.പി.എഡിൽ പഠിക്കുന്ന കുട്ടികൾ എവിടെയാണ് താമസിക്കുന്നത്? അവരിപ്പോൾ റെഗുലർ കോഴ്സുകളിലെ കുട്ടികൾ താമസിക്കുന്ന സ്ഥലത്താണോ താമസിക്കുന്നത് ? അല്ലല്ലോ, അവരെ അവിടെ ബലം പ്രയോഗിച്ച് ചേർക്കാൻ ശ്രമിച്ചതിന്റെ ഭാഗമായിട്ടാണ് പ്രശ്നമുണ്ടായത്. ഗസ്റ്റ് ഹൗസിലെ ആ ക്യാന്റീനിൽ നിന്ന് ഭക്ഷണം കൊടുക്കില്ല എന്ന് തീരുമാനിച്ചതിന്റെ കാരണം എന്താണ്? മുഖ്യമന്ത്രി വിളിച്ചു ചേർത്ത യോഗത്തിൽ ഗസ്റ്റ്ഹൗസ് ഹോസ്റ്റലിൽ ഇവരെ താമസിപ്പിക്കാം, അവർക്ക് ഭക്ഷണം കൊടുക്കുന്ന കാര്യം ആലോചിക്കാം എന്ന് പറഞ്ഞിട്ട് ഇന്നേവരെ ആ ഗസ്റ്റ്ഹൗസ് ഹോസ്റ്റലിൽ നിന്ന് ഇവർക്ക് ഭക്ഷണം കൊടുത്തിട്ടില്ല. റെഗുലർ വിദ്യാർത്ഥികൾ താമസിക്കുന്ന സ്ഥലത്ത് അവർ സ്വതന്ത്രമായി നടത്തുന്ന മെസ്സിൽ നിന്നും ഭക്ഷണമുണ്ടാക്കി അവിടെ കൊണ്ടുപോയി വിതരണം ചെയ്യണമെന്ന് വാശിപിടിക്കുന്നത് ആരുടെ വാശിയാണ് ? എന്താണ് ഈ വാശിക്ക് അർത്ഥമുള്ളത്; ഇത് ഒരു വിവാദത്തിൽ ഒതുങ്ങി നിൽക്കുന്നതാണോ ; കോഴിക്കോട് സർവ്വകലാശാലയെക്കുറിച്ച് ഈ സഭയിൽ അപമാനകരമായ രീതിയിൽ എത്രയെത്ര വിവാദങ്ങൾ നമ്മൾ ചർച്ച ചെയ്തു? ട്രസ്റ്റുകൾക്ക് ഭൂമി വ്യാപകമായി വിതരണം ചെയ്തു. നിരോധനാജ്ഞ പ്രഖ്യാപിക്കുക, അഞ്ചുപേർ കൂടിനിൽക്കാൻ പാടില്ല എന്ന് സർവ്വകലാശാലക്കുള്ളിൽ വൈസ് ചാൻസലറുടെ നിരോധനാജ്ഞ. സി. എച്ച്. ചെയറിനുവേണ്ടി ഏക്കറു കണക്കിന് ഭൂമി കൊടുതത്തിലുണ്ടായ വിവാദം. തുഗ്ലക്ക് പരിഷ്കാരങ്ങൾ കൊണ്ടുവന്ന് നിരന്തരമായ അസ്വാരസ്യങ്ങൾ സൃഷ്ടിക്കുക, ഗവേഷകർക്ക് പഞ്ചിംഗ് കൊണ്ടുവരിക, ഇൻഡ്യയിൽ ഒരു സർവ്വകലാശാലയിലും ഗവേഷണം നടത്തുന്ന ആളുകൾക്ക് സമയം നിശ്ചയിച്ച് പഞ്ചിംഗ് കൊണ്ടു വന്നിട്ടില്ല. ഗവേഷകർക്ക് പഞ്ചിംഗ് ഏർപ്പെടുത്തിയതിനെതിരായിട്ടുള്ള പ്രക്ഷോഭം അവിടെയുണ്ടായി. സിൻഡിക്കേറ്റിലെ യു.ഡി.എഫ്. അംഗങ്ങളും വി.സി.യും തമ്മിലുള്ള തർക്കം കേരള സർവ്വകലാശാലയുടെ സിൻഡിക്കേറ്റ് ചരിത്രത്തിൽ ആദ്യമായിട്ടാണ്. സിൻഡിക്കേറ്റിൽ വച്ച് പരസ്പരം മർദ്ദനം, അത് തീർക്കാൻ മുഖ്യമന്ത്രിയുടെയും വ്യവസായ വകുപ്പുമന്ത്രിയുടെയും യോഗങ്ങൾ, ഈ ഭരണവുമായി ബന്ധമില്ലാത്ത തങ്ങളുടെ നേതൃത്വത്തിലുള്ള സന്ധിസംഭാഷണങ്ങൾ, ഇതൊക്കെ കേരളത്തിൽ നടന്നുകൊണ്ടിരിക്കുകയാണ്. ഇപ്പോഴത്തെ സമരം പൊട്ടിപ്പുറപ്പെട്ടതല്ല. ശ്രീ. ഉബൈദുള്ള വിഷമിക്കേണ്ട ഞാൻ പറയട്ടെ. ഞാൻ പറഞ്ഞ് തീർന്നിട്ട്

നിങ്ങൾ സംസാരിച്ചോളൂ.. (ബഹളം...)

മി. ഡെപ്യൂട്ടി സ്പീക്കർ : ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി പ്ലീസ്..... (ബഹളം) ശ്രീ. ഷംസുദ്ദീൻ പ്ലീസ്...(ബഹളം)..പ്ലീസ്...പ്ലീസ്....

ശ്രീ. പി. ശ്രീരാമകൃഷ്ണൻ : മുസ്ലീംലീഗിന്റെ ബഹുമാന്യനായ നേതാവ് അദ്ധ്യക്ഷനായിട്ടുള്ള പാർട്ടിയുടെ രാഷ്ട്രീയ നിലപാടിനെപ്പറ്റി ഇവിടെ മിണ്ടാൻ പാടില്ലേ ?

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : സർ, പോയിന്റ് ഓഫ് ഓർഡർ. (ബഹളം).....

മി. ഡെപ്യൂട്ടി സ്പീക്കർ : ശ്രീ അബ്ദുറഹിമാൻ രണ്ടാത്താണി, അടിയന്തരപ്രമേയ സമയത്ത് പോയിന്റ് ഓഫ് ഓർഡർ ഇല്ല. പ്ലീസ്...(ബഹളം) ...........

ശ്രീ. പി. ശ്രീരാമകൃഷ്ണൻ : മുസ്ലീം ലീഗിന്റെ സംസ്ഥാന പ്രസിഡന്റ് ആണ് തങ്ങൾ. കേരളത്തിലെ എല്ലാ രാഷ്ട്രീയ പാർട്ടി നേതാക്കൻമാരെപ്പറ്റിയും ഇവിടെ പ്രസംഗങ്ങളിലും ആക്ഷേപങ്ങളിലും ഉന്നയിക്കാറുണ്ട്. അവരുടെയൊന്നും മുകളിൽ തങ്ങളെ ആരും പ്രതിഷ്ഠിച്ചിട്ടില്ല. മുസ്ലീം ലീഗിന്റെ സംസ്ഥാന പ്രിസിഡന്റ് ആയിരിക്കുന്നിടത്തോളംകാലം അദ്ദേഹം വിമർശനം കേൾക്കേണ്ടതായിട്ട് വരും. (ബഹളം..) അല്ലെങ്കിൽ ലീഗിന്റെ പ്രസിഡന്റ് സ്ഥാനത്തുനിന്നും അദ്ദേഹം മാറട്ടെ. ഞാൻ പറയുന്നത്, ഇത്തരം സന്ധിസംഭാഷണങ്ങളൊക്കെ കുറെ നടന്നു. ആ സന്ധിസംഭാഷണങ്ങളിലൊന്നും തീരുമാനമായില്ല. ഇപ്പോഴത്തെ സമരം എങ്ങനെ പൊട്ടിപ്പുറപ്പെട്ടുവെന്ന് മന്ത്രി മനസ്സിലാക്കണം. കോഴിക്കോട് സർവ്വകലാശാലയുടെ സ്റ്റാറ്റ്യൂട്ട് 42-ാം അദ്ധ്യായത്തിൽ ഡിപ്പാർട്ടുമെന്റ് എന്ന് പറഞ്ഞാൽ രജിസ്ട്രാർക്ക് കീഴിലുള്ള കാമ്പസ്സ് പരിധിയിൽപ്പെടുന്നതാണ്. കോസ്റ്റ് ബേസ്ഡ് സ്വാശ്രയ കോഴ്സുകൾ ആരംഭിക്കുന്നത് 12 വർഷം മുമ്പാണ്. അത് ഡിപ്പാർട്ടുമെന്റുകളുടെ കീഴിലുള്ള കാമ്പസ്സ് പരിധിയിൽ വരുന്നതല്ല. സർവ്വകലാശാലയുടെ സ്റ്റാറ്റ്യൂട്ട് പാലിക്കണോ എന്ന ചോദ്യത്തിന് മന്ത്രി ഉത്തരം നൽകിയാൽ മതി. കോസ്റ്റ് ബേസ്ഡ് കോഴ്സുകളും 42-ാം അദ്ധ്യായത്തിൽ പറയുന്ന കാമ്പസ്സ് പരിധിയിൽ വരുന്ന കോഴ്സുകളും ഒരേപോലെയാണോ, മുൻ വർഷത്തെ പ്ലാൻ ഫണ്ടിൽനിന്നും ഇത് എങ്ങനെയാണ് പൊട്ടിപ്പുറപ്പെട്ടത് ? പ്ലാൻ ഫണ്ടിൽ നിന്നും ഒരു ഹോസ്റ്റലിന്റെ അനക്സ് നിർമ്മിക്കുകയാണ്. ആ അനക്സ് സ്പോർട്ട്സ് ഹോസ്റ്റലായിട്ട് ഉത്തരവിറക്കിക്കൊണ്ട് കുഴപ്പമുണ്ടാക്കുകയാണ്. നേരത്തെ പറഞ്ഞതുപോലെ പട്ടികജാതി വിദ്യാർത്ഥികളുൾപ്പെടെ പത്തിരുന്നൂറോളം വരുന്ന റഗുലർ

വിദ്യാർത്ഥികൾ അവസരം കാത്ത് പുറത്ത് ക്യൂ നിൽക്കുന്ന സമയത്ത് അവരെ വകഞ്ഞു മാറ്റിക്കൊണ്ട്, ഒരു ഉത്തരവിലൂടെ സ്പോർട്ട്സ് ഹോസ്റ്റലായി സ്വാശ്രയ ബി.പി.എഡ്. കുട്ടികളെ അവിടെ അഡ്മിറ്റ് ചെയ്യുവാനായി ശ്രമിക്കുകയാണ്. ഇത് സ്വാഭാവികമായിട്ടും പ്രതിഷധമുണ്ടാക്കില്ലേ? ആ പ്രതിഷേധത്തിന്റെ ഭാഗമായിട്ട് റഗുലർ വിദ്യാർത്ഥികൾ അവിടെ ഒരു ധർണ്ണ നടത്തി. ആ ധർണ്ണയെ ആക്രമിച്ച് എട്ട് പേർക്ക് മാരകമായി പരുക്കേൽപ്പിച്ചു. അവരിൽ പലരും ആശുപത്രികളിൽ പ്രവേശിക്കപ്പെട്ടു. എന്ത് അടിസ്ഥാനത്തിലാണ് ഇത്തരത്തിലൊരു പ്രകോപനത്തിന് നേതൃത്വം കൊടുത്തത്? മാരകമായ പരിക്കു പറ്റിയ കുട്ടികൾ അനാഥമാകുന്ന സാഹചര്യം വന്നപ്പോൾ, സർവ്വകലാശാലയിലെ വിദ്യാർത്ഥികൾ തിരഞ്ഞെടുത്ത് വിജയിപ്പിച്ച ഡിപ്പാർട്ടുമെന്റ് സ്റ്റുഡന്റ്സ് യൂണിയനാണ് ആ സമരം ഏറ്റെടുത്തത്. ഒരു വിദ്യാർത്ഥി സംഘടനയല്ല ആ പ്രശ്നം ഏറ്റെടുത്തത്. ആ സമരം 61 ദിവസമായിട്ട് തുടരുകയാണ്. 61 ദിവസമായി തുടരുന്ന സമരത്തിൽ അവർ ആവശ്യപ്പെടുന്ന ഒരേ ഒരു കാര്യം, റഗുലർ വിദ്യാർത്ഥികൾക്കുവേണ്ടി ആരംഭിച്ചിട്ടുള്ള സ്ഥാപനങ്ങൾ റഗുലർ വിദ്യാർത്ഥികൾക്കുതന്നെ ലഭിക്കണം എന്നാണ്. ഇവർ സ്വാഭാവികമായിട്ടും നീതിയല്ലേ ആവശ്യപ്പെടുന്നത്? ഇവിടെ നമ്മുടെ സർവ്വകലാശാലയിലെ ബൗദ്ധിക നേതൃത്വം CREAM ആണ് ഈ സമരത്തിന് നേതൃത്വം നൽകുന്നത്. ആ സമരത്തോട് എന്ത് സമീപനമാണ് ഈ ഗവൺമെന്റ് സ്വീകരിക്കുന്നത്? അദ്ദേഹം കഴിഞ്ഞ ആഴ്ച ഇവിടെ പറഞ്ഞത് വൈസ്ചാൻസിലർ യോഗം വിളിച്ച് ചർച്ച നടത്തുമെന്നാണ്. എന്ത് ചർച്ച ; ആര് ചർച്ച നടത്തി; ആര് ഇടപെട്ടു? ആരും ഇടപെടാൻ തയ്യാറായിട്ടില്ല. ഇപ്പോൾ ഉയർന്നു വരുന്ന ഒരു ചോദ്യം, സ്വാശ്രയ വിദ്യാർത്ഥികൾക്ക് പഠിക്കണ്ടേ? അവർക്ക് താമസിക്കുവാൻ സൗകര്യം വേണ്ടേ? അവരെ രണ്ടാം നിര പൗരന്മാരായി കാണുന്നത് ശരിയാണോ? ഇങ്ങനെയൊരു വാദം ഉന്നയിച്ച് ഈ പ്രശ്നത്തിന്റെ മുനയൊടിക്കാൻവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രിയുൾപ്പടെയുള്ള ആളുകൾ ശ്രമിക്കുകയാണ്. കോസ്റ്റ് ബേസ്ഡ് കോഴ്സുകൾ ആരംഭിച്ചിട്ട് 12 വർഷമായി അവരിൽനിന്നും വൻതുക ഫീസിനത്തിൽ വാങ്ങി ശേഖരിച്ചു വച്ചിട്ടുണ്ട്. അത് ചെലവഴിച്ചിട്ടുണ്ടോ, മന്ത്രി അത് പരിശോധിച്ചിട്ടുണ്ടോ? അവർക്ക് കെട്ടിടം ഉണ്ടാക്കാനുള്ള ശ്രമം നടത്തിയിട്ടുണ്ടോ ? ഒഴിഞ്ഞുകിടക്കുന്ന ഹോസ്റ്റലുകൾ അവിടെയില്ലേ ? പട്ടികവർഗ്ഗ വിദ്യാർത്ഥികൾ ഉൾപ്പടെയുള്ള റഗുലർ വിദ്യാർത്ഥികൾക്ക് സൗകര്യം നിഷേധിക്കുന്നതിനുപകരം മൂന്ന് ഹോസ്റ്റൽ കെട്ടിടങ്ങൾ അവിടെ ഒഴിഞ്ഞു കിടക്കുകയല്ലേ? ഗസ്റ്റ് ഹൗസ് ഹോസ്റ്റൽ, അവിടെയാണ് മുഖ്യമന്ത്രി അവരെ താമസിപ്പിക്കണമെന്നും ഭക്ഷണം കൊടുക്കണെ

മെന്നും നിർദ്ദേശിച്ചതെന്നാണ് അങ്ങ് ഇപ്പോൾ ഈ സഭയിൽ പറഞ്ഞത്. പക്ഷേ ഇതുവരെ അത് നടപ്പായിട്ടില്ല. ഫോറിൻ സ്റ്റുഡന്റ്സിന്റെ ഹോസ്റ്റലിൽ താമസിക്കാൻ ആളില്ലാതെ പൂട്ടിക്കിടക്കുകയാണ്. പഴയ സ്പോർട്ട്സ് ഹോസ്റ്റൽ ഒഴിഞ്ഞു കിടക്കുകയാണ്. അവിടെയൊന്നും തമാസിപ്പിക്കാൻ പറ്റില്ല റഗുലർ വിദ്യാർത്ഥികളുടെ ഹോസ്റ്റലിൽ സൗകര്യക്കുറവുള്ളിടത്ത് എട്ടും പത്തും കുട്ടികൾ നിലത്ത് കിടന്നുറങ്ങുന്നിടത്തു തന്നെ ഞങ്ങൾക്ക് താമസിക്കണമെന്ന് വാശിപിടിക്കുന്നത് രാഷ്ട്രീയമായ താൽപര്യത്തിന്റെ പേരിലാണ്. ആ രാഷ്ട്രീയമായ താൽപര്യത്തിന് കൂട്ടുനിൽക്കലല്ല അങ്ങയുടെ ജോലി അത് നിർഭാഗ്യകരമായ സമീപനമാണ്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u> : ശ്രീ. പി. ശ്രീരാമകൃഷ്ണൻ, ഇപ്പോൾ പത്ത് മിനിട്ടായി.

<u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u> : സർ, ഞാൻ ഉടനെ അവസാനിപ്പിക്കാം. നീരാളി പിടിക്കുന്നതുപോലെ സർവ്വകലാശാലയുടെ പ്ലാൻ ഫണ്ടും യു.ജി.സി. ഫണ്ടുമൊക്കെ ഉപയോഗിച്ച് കെട്ടിയുയർത്തിയ സ്ഥാപനങ്ങളും സൗകര്യങ്ങളും സ്വാശ്രയ കോഴ്സുകൾ പിടിച്ച് വിഴുങ്ങുന്ന അനുഭവം ആദ്യത്തേതല്ല, കുറച്ച് കാലമായി ഇതേ രീതിയിൽ തുടരുകയാണ്. ഇതിനെല്ലാം നേതൃത്വം കൊടുക്കലും കൂട്ടുനിൽക്കലുമാണോ വിദ്യാഭ്യാസ വകുപ്പിന്റെയും മന്ത്രിയുടെയും ജോലി ? ഞാൻ ചില ഉദാഹരണങ്ങൾ പറയാം, സ്വാശ്രയ കമ്പ്യൂട്ടർ സയൻസ്, എം.എസ്.സി. ഡിപ്പാർട്ടുമെന്റിന്റെ പി.ജി. ക്ലാസ്സ് റൂമിലാണ് നടക്കുന്നത്. സ്വാശ്രയ സോഷ്യോളജി കോഴ്സ് ഫോക്ക് ലോർ ക്ലാസ്സ് മുറികളിലും സ്വാശ്രയ റേഡിയോളജിക്കൽ ഫിസിക്സ് കോഴ്സ് ഫിസിക്സ് ഡിപ്പാർട്ടുമെന്റിന്റെ എം.എസ്.സി. കുട്ടികളുടെ ലാബിലും ഫിസിക്സ്, മാത്സ് ക്ലാസ്സുകളിലുമായിട്ടാണ് നടക്കുന്നത്. ഹെൽത്ത് സയൻസിന്റെ സ്വാശ്രയ കോഴ്സുകൾ യു.ജി.സി. പ്ലാൻ ഫണ്ടുപയോഗിച്ച് നിർമ്മിച്ച കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. യു.ജി.സി. ഫണ്ടിൽനിന്നും തുടർച്ചയായി സെൽഫ് ഫിനാൻസിംഗ് കോഴ്സുകൾക്ക് ഇങ്ങനെ പണം ചെലവഴിക്കുന്നതുമായി ബന്ധപ്പെട്ട് എ.ജി.-യുടെ ആഡിറ്റ് ഒബ്ജക്ഷനില്ലായെന്ന് മന്ത്രി തന്നെ പറയട്ടെ. എ.ജി.-യുടെ ഒബ്ജക്ഷൻ ഇല്ലേ? സെൽഫ് ഫിനാൻസിംഗ് കോഴ്സുകൾക്ക് വേണ്ടി കമ്പ്യൂട്ടർ വാങ്ങിയതാണ് എ.ജി. ഒബ്ജക്ട് ചെയ്തിരിക്കുന്നത്. സെൽഫ് ഫിനാൻസിംഗ് എന്ന് പറഞ്ഞാൽ എന്താണെന്ന് എ.ജി. ഓർമ്മപ്പെടുത്തിയിട്ടുണ്ട്. മന്ത്രി ഇവിടെ പറഞ്ഞ ഒരു കാര്യം കൂടി വ്യക്തമാക്കിയാൽ മതി. എന്താണ് സെൽഫ് ഫിനാൻസിംഗ് എന്ന് പറയുന്ന വാക്കിന്റെ അർത്ഥം. അവരവരുടെ ഫീസുപയോഗിച്ച് സ്വയം പ്രവർത്തിക്കേണ്ട സ്ഥാപനങ്ങളാണല്ലോ സെൽഫ് ഫിനാൻസിംഗ് സ്ഥാപനങ്ങൾ

എന്ന് പറയുന്നത്. സർവ്വകലാശാലയുടെയും യു.ജി.സി.-യുടെയും പ്ലാൻ ഫണ്ടുമുപയോഗിച്ച് നിർമ്മിച്ച കെട്ടിടങ്ങളിലും സൗകര്യങ്ങളിലേക്കും നുഴഞ്ഞുകയറുന്നതിന് സൗകര്യമൊരുക്കി ക്കൊടുത്ത്, സർവ്വകലാശാല കാമ്പസ്സിനെ മുഴുവൻ ഇങ്ങനെ സ്വാശ്രയ സ്ഥാപനങ്ങളുടെ ഒരു ആസ്ഥാനമാക്കി മാറ്റുന്ന വിദ്യാഭ്യാസ കച്ചവടത്തിനല്ലേ നിങ്ങൾ നേതൃത്വം കൊടുക്കുന്നത്. ആ പ്രശ്നം ഉന്നയിക്കുമ്പോൾ മറ്റെന്തെങ്കിലും കാര്യങ്ങൾ പറഞ്ഞിട്ട് കാര്യമുണ്ടോ ? ഇത്തരം സമീപനങ്ങൾ സ്വീകരിക്കുന്നത് ആദ്യമായിട്ടല്ല. ഞാൻ ഒന്നുരണ്ട് ഉദാഹരണങ്ങൾ മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താം. അദ്ദേഹം അറിഞ്ഞിട്ടുണ്ടോയെന്ന് എനിക്കറിയില്ല. ചില കോളേജുകളിൽ, വാലിലാപുഴയിലെ ഒരു കോളേജിലും കോണ്ടോട്ടിയിലെ ഒരു കോളേജിലും ബത്തേരിയിലെ ഒരു കോളേജിലും റെഗുലേഷൻ അനുസരിച്ച് M.Com പാസ്സായവർക്ക് മാത്രമേ B.Ed-ന് ചേരാൻ സാധിക്കുകയുള്ളൂ. പക്ഷേ പരീക്ഷ പാസ്സാകുന്നതിനുമുമ്പ് കുറേ കുട്ടികൾ B.Ed-ന് ചേരുകയാണ്. ഒന്നാം സെമസ്റ്ററിൽ വി.സി.-യുടെ പ്രത്യേക പെർമിഷനോടുകൂടിയാണ് പരീക്ഷ എഴുതാൻ അനുവാദം കൊടുത്തത്. സർവ്വകലാശാല റെഗുലേഷന് വിരുദ്ധമാണെന്നുള്ളതുകൊണ്ട് രണ്ടാം സെമസ്റ്ററിലെ പരീക്ഷയെഴുതാൻ സർവ്വകലാശാല അനുവാദം കൊടുത്തില്ല. അപ്പോൾ ഗവൺമെന്റ് ഒരു ഭരണകക്ഷി എം.എൽ.എ.-യുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ഇതെല്ലാം റെഗുലറൈസ് ചെയ്യണമെന്ന് പറഞ്ഞുകൊണ്ട് ഒരു ഉത്തരവിറക്കുകയാണ്. കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാലയിൽ റെഗുലേഷന് വിരുദ്ധമായി കുട്ടികളെ പരീക്ഷയെഴുതിക്കാൻ സർക്കാർ ഇന്നേവരെ ഉത്തരവിറക്കിയിട്ടുണ്ടോ? ഞാൻ അതിന്റെ കോപ്പി മേശപ്പുറത്തുവയ്ക്കാൻ തയ്യാറാണ്. അതുമാത്രമാണോ, സഭ മനസ്സിലാക്കണം. എം.എസ്.എഫ്-ന്റെ നേതാവായ ശ്രീ. അബ്ദുൾ വഹാബ് തിരൂരങ്ങാടി പി.എസ്. എം.ഒ. കോളേജിലെ വിദ്യാർത്ഥിയാണ്. പി.എസ്.എം.ഒ. കോളേജ് വിദ്യാഭ്യാസ വകുപ്പുമന്ത്രി ഉൾപ്പെടുന്ന മാനേജുമെന്റ് കോളേജാണ്. ആ വിദ്യാർത്ഥിക്ക് ആവശ്യത്തിന് ഹാജരില്ലാത്തതുകൊണ്ട് പരീക്ഷയെഴുതാൻ അനുവാദം കൊടുത്തില്ല. കോളേജിന്റെ നടപടിക്കെതിരെ വിക്ടിമൈസേഷനുണ്ടെന്ന് പറഞ്ഞ് ഈ വിദ്യാർത്ഥി സർവ്വകലാശാലയ്ക്ക് ഒരു പരാതി കൊടുത്തിരുന്നു. ആ പരാതി കിട്ടി ഒരാഴ്ചയ്ക്കുള്ളിൽ ഈ കുട്ടിക്ക് മാത്രമായി പരീക്ഷ നടത്താൻ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനിച്ചു. പരീക്ഷ നടത്തിയെന്ന് മാത്രമല്ല, പരീക്ഷയുടെ പിറ്റേദിവസം റിസൾട്ട് പ്രസിദ്ധീകരിക്കുകയും ചെയ്തു. അതുമാത്രമല്ല, മുമ്പ് പരീക്ഷയെഴുതി തോറ്റ തീയതിക്ക് ആ വിദ്യാർത്ഥിക്ക് മാർക്ക് ലിസ്റ്റും കൊടുത്തു...........(ബഹളം)......... ഞാൻ പറയുന്നതിൽ എന്തെങ്കിലും തെറ്റായിട്ടുള്ള കാര്യങ്ങളുണ്ടെങ്കിൽ വിദ്യാഭ്യാസ

വകുപ്പുമന്ത്രി ഇവിടെ മറുപടി പറയും. ഇതൊക്കെ തെളിവുസഹിതം പറയുന്നതാണ്. ഇത്തരത്തിൽ വഴിവിട്ട നീക്കങ്ങൾ നടത്തുന്നതിന്റെ ഭാഗമായി സർവ്വകലാശാലയ്ക്ക് എന്താണ് സംഭവിക്കുന്നത്? .........(ബഹളം).........

സ്റ്റേറ്റ് കൊടുത്ത പ്ലാൻ ഫണ്ട് 17 കോടി രൂപ ലാപ്സായിരിക്കുകയാണ്. സ്വാശ്രയ സ്ഥാപനങ്ങളെ പോഷിപ്പിക്കാനുള്ള തെരക്കിനിടയിൽ യു.ജി.സി.-യുടെ ഫണ്ടായ 6 കോടി രൂപയും സ്റ്റേറ്റിന്റെ 17 കോടി രൂപയും ലാപ്സാക്കിയിരിക്കുകയാണ്. സ്റ്റേറ്റ് പ്ലാൻ ഫണ്ട് 17 കോടി രൂപ, അതിൽ ഒരു രൂപ തൊട്ടിട്ടില്ല. ഒരു ഡിപ്പാർട്ടുമെന്റിൽ 5 അദ്ധ്യാപകർ മിനിമം വേണമെന്ന് ഒരു നിയമമുണ്ട്. 5 അദ്ധ്യാപകരില്ലാത്ത 8 ഡിപ്പാർട്ടുമെന്റുകൾ ഇപ്പോൾ ആ സർവ്വകലാശാലയിലുണ്ട്. ലാബ്, ക്ലാസ് റൂം സൗകര്യങ്ങളൊന്നും വർദ്ധിപ്പിക്കുന്നില്ല. നാനോ ടെക്നോളജി, കമ്പ്യൂട്ടർ സയൻസ് എന്നിവയ്ക്ക് യു.ജി.സി. പണം കൊടുത്തു. അതെല്ലാം ലാപ്സായിപ്പോയി. ആരെയും നിയമിക്കുന്നില്ല. ലീഗ് വൽക്കരണം ഈ സർവ്വകലാശാലയെ പരിപൂർണ്ണമായി തകർക്കുകയാണ് ചെയ്യുന്നത്. അതിന്റെ ഭാഗമായി സർവ്വകലാശാലയിൽ ലീഗല്ലാതെ, എം.എസ്.എഫ്.-നും അല്ലാതെ ആർക്കും ഒരു ന്യായവും കിട്ടാത്ത സ്ഥിതിവിശേഷം വന്നിരിക്കുകയാണ്. ഇതുകൊണ്ട് നിങ്ങൾ വേദനിപ്പിക്കുന്നത് കേരളത്തിലെ സെക്കുലർ മനസ്സിനെയാണ്. ഇതിന്റെ ഭാഗമായി സർവ്വകലാശാല ക്യാമ്പസ്സിൽ വർഗ്ഗീയവൽക്കരണത്തിന്റെ സാഹചര്യമാണ് വളർന്നുവരുന്നത്. ലീഗിന്റെ, എം.എസ്.എഫ്.-ന്റെ ഈ ധിക്കാരത്തിനെതിരായി കുട്ടികൾ വർഗ്ഗീയമായി സംഘടിക്കുന്നതിലേക്ക് കാര്യങ്ങളെത്തിക്കുകയാണ്. കേരളത്തിലെ ഉന്നതമായ ഒരു സർവ്വകലാശാലാ ക്യാമ്പസ്സിനെ വർഗ്ഗീയ വൽകരിക്കാൻ നേതൃത്വം കൊടുക്കുന്ന ഒരു വകുപ്പായി വിദ്യാഭ്യാസ വകുപ്പ് മാറിയിരിക്കുകയാണ്. സർവ്വകലാശാല ക്യാമ്പസിലുള്ള സെക്കുലർ മനസ്സിനെ വേദനിപ്പിക്കുന്ന ധിക്കാരപരമായ സമീപനം തുടർച്ചയായി സ്വീകരിക്കുമ്പോൾ ഭരണകക്ഷിയിലെ ആളുകളും ഇതിനെതിരായി ശക്തമായി എതിർക്കുകയാണ്. ശ്രീ. റ്റി. എൻ. പ്രതാപനും ഇതിനെതിരെ വികാരമുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അവരെല്ലാം മാപ്പ് സാക്ഷികളായി തുടരുകയാണ്. ഇത് കേവലം രാഷ്ട്രീയമായി മാത്രം കാണരുത്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u> : ശ്രീ. പി. ശ്രീരാമകൃഷ്ണൻ, പ്ലീസ് കൺക്ലൂഡ്.

<u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u> : സർ, ഈ പ്രശ്നം പരിഹരിക്കാൻ മുഖ്യമന്ത്രി ഇടപെടണം. 62 ദിവസമായി നടക്കുന്ന സമാധാനപരമായ സമരം

ഒത്തുതീർപ്പാക്കാനും റഗുലർ വിദ്യാർത്ഥികൾക്കുള്ള സൗകര്യങ്ങൾ അവർക്ക് ഉറപ്പുവരുത്താനും മുഖ്യമന്ത്രി ഇടപെട്ട് ഒരു ഒത്തുതീർപ്പുണ്ടാക്കണമെന്ന് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുകയാണ്. ഇത് സഭ നിർത്തിവച്ച് ഗൗരവപൂർവ്വം ചർച്ച ചെയ്യണമെന്ന് അഭ്യർത്ഥിക്കുകയാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, ഞാൻ നേരത്തെ പറഞ്ഞതുപോലെ നിലവിലുള്ള ഒരു കുട്ടിയേയും ഒഴിപ്പിച്ചിട്ടല്ല അവിടെ പ്രവേശനം നൽകിയത്......(ബഹളം)....... ഞാൻ പറയട്ടെ..........(ബഹളം).........

മി. ഡെപ്യൂട്ടി സ്പീക്കർ: നിങ്ങൾക്ക് മറുപടി വേണ്ടേ; ബഹുമാനപ്പെട്ട മന്ത്രിയെ മറുപടി പറയാൻ അനുവദിക്കാതിരുന്നാൽ എന്താണ് ചെയ്യുന്നത്?

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, സ്വാശ്രയ വിദ്യാർത്ഥികൾക്ക് യൂണിവേഴ്സിറ്റി ക്യാമ്പസിൽ ആദ്യമായി അക്കൊമഡേഷൻ കൊടുക്കുകയല്ല, അവർ നേരത്തെ തന്നെ അവിടത്തെ സ്റ്റാഫ് ക്വാർട്ടേഴ്സുകളിൽ താമസിച്ചിരുന്നു. ആ സ്റ്റാഫ് ക്വാർട്ടേഴ്സ്സുകൾ ഉപയോഗശൂന്യമായപ്പോൾ അത് റിപ്പയർ ചെയ്യാൻവേണ്ടി നിലവിലുള്ള ഹോസ്റ്റലിൽ ഒരു ബ്ലോക്കുണ്ടാക്കി അവരെ മാറ്റുകയാണ് ചെയ്തത്. നിലവിലുള്ള ഒരു കുട്ടിയേയും ഒഴിപ്പിക്കുകയോ ആ കുട്ടികൾ താമസിക്കുന്ന മുറിയിലേക്ക് പുതിയ കുട്ടികളെ അഡ്മിറ്റ് ചെയ്യുകയോ ചെയ്തിട്ടില്ല. അതാണ് ഒരു വിഷയം..........(ബഹളം).........

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. പി. ശ്രീരാമകൃഷ്ണൻ........ മിനിസ്റ്റർ പറഞ്ഞ് തുടങ്ങിയതേയുള്ളൂ. അങ്ങ് എന്തിനാണ് ഉടനെ എണീക്കുന്നത് ?

ശ്രീ. പി. കെ. അബ്ദു റബ്ബ് : സർ, കായിക വിദ്യാർത്ഥികൾ മറ്റ് വിദ്യാർത്ഥികളെപ്പോലെയല്ല. അവർക്ക് അതിരാവിലെയും വൈകിട്ടുമൊക്കെ പ്രാക്ടീസുണ്ടാകും. അവർക്ക് ഹോസ്റ്റലിലോ അല്ലെങ്കിൽ അവിടെത്തന്നെയോ അക്കൊമഡേഷൻ ലഭിച്ചില്ലെങ്കിൽ പഠനം മുന്നോട്ടുപോകുകയില്ല. ഇതുപോലെയുള്ള സ്വാശ്രയ വിദ്യാർത്ഥിനികളും റഗുലർ വിദ്യാർത്ഥിനികളും എത്രയോ വർഷമായിട്ട് അവിടത്തെ വനിതാ ഹോസ്റ്റലിൽ താമസിക്കുന്നുണ്ട്. അവിടെ യാതൊരു പ്രശ്നവുമില്ല, സമരവുമില്ല. എന്തെങ്കിലും ഗൂഢമായ ലക്ഷ്യം വച്ചുകൊണ്ടാണ് ഈ സമരമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കേണ്ടത്

അടച്ചിട്ടിട്ടുള്ള പഴയ ഗസ്റ്റ്ഹൗസിന്റെ ഭാഗം സ്വാശ്രയ വിദ്യാർത്ഥികൾക്ക് താമസിക്കാൻ വിട്ടുകൊടുത്ത് അവിടെത്തന്നെ മെസ്സും ഏർപ്പാട് ചെയ്തു കൊടുക്കണമെന്നൊരു നിർദ്ദേശം ഗവൺമെന്റ് കൊടുത്തിട്ട് അവിടുത്തെ സർവ്വകലാശാല നടപ്പാക്കാത്തതാണോ പ്രശ്നം. അങ്ങനെയൊരു നിർദ്ദേശം മുഖ്യമന്ത്രി കൊടുത്തിട്ടും അവിടുത്തെ സർവ്വകലാശാല നടപ്പാക്കാത്തതാണെങ്കിൽ, അങ്ങനെയൊരു നിർദ്ദേശം ഗവൺമെന്റ് കൊടുത്തിട്ടുണ്ടോയെന്ന് സഭയിൽ അങ്ങ് വ്യക്തമാക്കണം.

<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u>: സർ, നേരത്തെ ഞാൻ സഭയിൽ പറഞ്ഞിട്ടുണ്ട്. അങ്ങനെയൊരു നിർദ്ദേശം മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടന്ന ചർച്ചയിൽവന്നു. സമരം ഒത്തുതീർപ്പാക്കാനും അവിടുത്തെ പ്രശ്നങ്ങൾ പരിഹരിക്കാനും ഒരു പൊതുസമിതി ഉണ്ടാക്കിയിരുന്നു. ആ സമിതിയിൽ ഡോ. എം. എം. ബഷീർ അടക്കമുള്ള ആളുകളും സിൻഡിക്കേറ്റ് മെമ്പർമാരും ഉണ്ട്. സിൻഡിക്കേറ്റ് മെമ്പർമാരിൽ സി.പി.എം.-ന്റെ പ്രതിനിധിയുമുണ്ടായിരുന്നു. അവരെല്ലാംകൂടി ചർച്ച ചെയ്താണ് ഒരു തീരുമാനമെടുത്തത്. പഴയ ഗസ്റ്റ് ഹൗസിലേക്ക് കുട്ടികളെ മാറ്റാനും അവിടെ ഭക്ഷണശാല ഉണ്ടാക്കുന്നതുവരെ താൽക്കാലികമായി നിലവിലുള്ള ഹോസ്റ്റലിൽ നിന്ന് ഭക്ഷണം കൊടുക്കാനുമാണ് തീരുമാനിച്ചത്. ആ തീരുമാനം വിദ്യാർത്ഥികളുമായി സിൻഡിക്കേറ്റ് ഉപസമിതി ചർച്ച ചെയ്തിട്ടും സമരക്കാർ സമ്മതിച്ചില്ല. നിലവിലുള്ള ഹോസ്റ്റലിൽത്തന്നെ ഒഴിഞ്ഞുകിടക്കുന്ന പഴയ ഭക്ഷണശാലയിൽ ഭക്ഷണം കൊടുക്കാൻ ഏർപ്പാട് ചെയ്തപ്പോൾ അതിനും സമ്മതിച്ചില്ല. ഇപ്പോൾ അവിടെ താമസിക്കുന്ന കുട്ടികൾ ഹോട്ടലുകളിൽനിന്നാണ് ഭക്ഷണം കഴിക്കുന്നത്. അത് പ്രതിപക്ഷ ഉപനേതാവിന് പരിശോധിക്കാം. സർവ്വകലാശാലയിലെ സ്വാശ്രയ കോളേജിലെ മുഴുവൻ സീറ്റുകളും മെറിറ്റടിസ്ഥാനത്തിൽമാത്രം പ്രവേശനം നൽകുന്നവയാണ്. ഫീസ് ഇളവില്ലായെന്ന് മാത്രമേയുള്ളൂ. സർവ്വകലാശാല ആക്ട് സെക്ഷൻ 2(24) വിദ്യാർത്ഥിയെ സംബന്ധിച്ച് നിർവ്വചിക്കുന്നുണ്ട്. Student means a part time or full time student receiving instruction or carrying on research in any of the colleges or recognized institutions. ഈ നിർവ്വചനത്തിന്റെ പരിധിയിൽ സർവ്വകലാശാല ക്യാമ്പസിൽ പഠിക്കുന്ന എല്ലാവരും ഉൾപ്പെടും. ഫീസ് ഇളവോടുകൂടി സർവ്വകലാശാല കോഴ്സ് നടത്തുന്നില്ലായെന്ന ഒറ്റകാരണത്താൽ ഉയർന്ന ഫീസ് നൽകി പഠിക്കേണ്ടിവരുന്ന വിദ്യാർത്ഥികളെ സ്വാശ്രയ കോഴ്സുകാരെന്ന് വേർതിരിച്ച് കാണാൻ സർവ്വകലാശാലയ്ക്കാകില്ല. ആരെയും മാറ്റിനിർത്തുകയെന്നതല്ല

സർവ്വകലാശാലയുടെ നയം, മറിച്ച് ഉൾക്കൊള്ളുകയെന്നുള്ളതാണ്. Hostel means a unit of residents for the students of the University or the Colleges or the Institutions maintain by or affiliated to the University in accordance with the provisions of the act or Statutes or Ordinances, എന്നാണ് സർവ്വകലാശാല ആക്ട് സെക്ഷൻ 2(12)-ൽ പറയുന്നത്. ഇതനുസരിച്ച് വിദ്യാർത്ഥികൾക്ക് താമസിക്കാനുള്ളതാണ് ഹോസ്റ്റൽ. ഇതിനെ വിദ്യാർത്ഥികളുടെ കോഴ്സിന്റെ സ്വാശ്രയ സ്വഭാവവുമായി കൂട്ടിക്കുഴയ്ക്കേണ്ടതില്ല. ലഭ്യമായ ഹോസ്റ്റൽ സൗകര്യം എല്ലാ വിഭാഗം വിദ്യാർത്ഥികൾക്കും കൊടുക്കുന്നതിനാണ് സർവ്വകലാശാല നടപടി സ്വീകരിച്ചിട്ടുള്ളത്. 40 കിലോമീറ്ററിന് പുറത്തുനിന്നു വരുന്ന എല്ലാപേർക്കും ഹോസ്റ്റൽ സൗകര്യം ലഭ്യമാക്കാനാണ് തീരുമാനം. ഇവർക്കുശേഷം 40 കിലോമീറ്ററിനുള്ളിലുള്ള അപേക്ഷകരെ പരിഗണിക്കും. കായിക വിദ്യാർത്ഥികൾക്ക് പുരുഷ ഹോസ്റ്റലിൽ പ്രവേശനം നൽകുന്നതിനെതിരെയുള്ള സമരം അനിയന്ത്രിതമായതിനെ തുടർന്നാണ് രണ്ടുതവണ പല പ്രധാന വകുപ്പുകളും നിർത്തിവയ്ക്കേണ്ടിവന്നത്. ഈ സമരം പെട്ടെന്ന് തീർക്കാവുന്നതേയുള്ളൂ. കഴിഞ്ഞ തവണ ഞാൻ പറഞ്ഞതാണ്. വൈസ് ചാൻസലറോട് സംസാരിക്കുമെന്ന് അന്ന് ശ്രീ. എളമരം കരീം ഇടപെട്ട് പറഞ്ഞു. മുഖ്യമന്ത്രിയുടെ മീറ്റിംഗ് കഴിഞ്ഞതിനു ശേഷം അവരെ ചർച്ചയ്ക്ക് പലതവണ വിളിച്ചു. അവർ ചർച്ചയ്ക്ക് പോകുന്നില്ല. അതാണ് വസ്തുത. അതുകൊണ്ട് ഇത് പെട്ടെന്നുതന്നെ തീർക്കാവുന്ന പ്രശ്നമാണ്. പുതിയ ഹോസ്റ്റൽ കെട്ടിടമുണ്ടാക്കാൻ ഇവിടെത്തന്നെ തീരുമാനിച്ചതനുസരിച്ച് 8 കോടി രൂപ അതിന് മാറ്റിവച്ചിട്ടുണ്ട്. അതിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കാൻ പോകുകയാണ്.

ശ്രീ. സി. ദിവാകരൻ : സർ, മുഖ്യമന്ത്രിയുടെ നിർദ്ദേശം നടപ്പിലാക്കിയാൽ മതി.

ശ്രീ. പി. കെ. അബ്ദു റബ്ബ് : സർ, നടപ്പിലാക്കാൻ സമ്മതിക്കാത്തത് സമരക്കാരാണ്....(ബഹളം)....സമരക്കാരെ പറഞ്ഞയച്ചാൽ മതി. വേറെ പ്രശ്നമൊന്നുമില്ല. 8,53,00,000 രൂപ ചെലവിൽ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കാൻ സിൻഡിക്കേറ്റ് തീരുമാനിച്ചിട്ടുണ്ട്. അവരെ ഗസ്റ്റ് ഹൗസിലേക്ക് മാറ്റി ഗസ്റ്റ് ഹൗസിൽ പുതിയ ഭക്ഷണസൗകര്യം ഏർപ്പെടുത്തുകയോ അല്ലെങ്കിൽ നിലവിലുള്ള പഴയ ഭക്ഷണശാല അവർക്ക് ഭക്ഷണമുണ്ടാക്കാൻ വിട്ടുകൊടുക്കുകയോ ചെയ്താൽ വളരെ പെട്ടെന്നുതന്നെ സമരം തീരും... (ബഹളം).... സമരം തീരണം, എന്തുകൊണ്ടാണ് പെൺകുട്ടികളുടെ കാര്യത്തിൽ ഈ പ്രശ്നമില്ലാത്തത് ? ....

(ബഹളം)... അവിടെ പട്ടികജാതി വിദ്യാർത്ഥികളൊക്കെ പുറത്താണെന്ന് ശ്രീ. പി. ശ്രീരാമകൃഷ്ണൻ പറഞ്ഞു. അവിടെ ഹോസ്റ്റലിന് ആപ്ലിക്കേഷനുള്ളത് M.Phil, Ph.D-ക്കുള്ള 21 പേർക്കും പി.ജി.-ക്കുള്ള 8 പേർക്കുമാണ്. 29 പേരാണ് അപേക്ഷിച്ചിട്ടുള്ളത്. ഈ 47 കായിക വിദ്യാർത്ഥികൾ മറ്റ് സ്ഥലങ്ങളിൽ താമസിച്ചാൽ ഈ പ്രശ്നം പരിഹരിക്കാൻ കഴിയും. അതിന് നിങ്ങൾ തയ്യാറാകുന്നില്ല. അതിന് നിങ്ങൾ തയ്യാറാകണമെന്ന് അപേക്ഷിക്കുന്നു. അതുകൊണ്ട് ഇത് സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട കാര്യമില്ല.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഞാൻ ഇടപെട്ട് തീർക്കണമെന്നുള്ള ഒരു നിർദ്ദേശം കൂടി ശ്രീ. പി. ശ്രീരാമകൃഷ്ണൻ അവസാനം പറയുകയുണ്ടായി. വിദ്യാഭ്യാസ വകുപ്പുമന്ത്രിയും ഞാനും കൂടി ഒരുമിച്ചാണ് യോഗം വിളിച്ചത്. ആ യോഗത്തിൽ വിദ്യാർത്ഥി പ്രതിനിധികൾ ഇല്ലായിരുന്നു. യൂണിവേഴ്സിറ്റിയുടെ അധികാരികൾ ഉണ്ടായിരുന്നു. കാലിക്കറ്റ് യൂണിവേഴ്സിറ്റിയുമായി ബന്ധപ്പെട്ട എല്ലാ പ്രശ്നങ്ങൾക്കും പരിഹാരമുണ്ടാകണമെന്ന് ആഗ്രഹിക്കുന്ന എല്ലാ വിഭാഗക്കാരുമുണ്ടായിരുന്നു. ഞങ്ങൾ പല പ്രശ്നങ്ങളെക്കുറിച്ച് സംസാരിച്ചതിനു ശേഷം ഈ പ്രശ്നത്തെക്കുറിച്ചും ചർച്ച ചെയ്തു. ഈ കാര്യങ്ങളിൽ തുറന്ന മനസ്സാണ് ആ മീറ്റിംഗിൽ ഉണ്ടായിരുന്ന എല്ലാവരും പ്രകടിപ്പിച്ചത്. പ്രശ്നം തീരണം, ഈ രീതിയിൽ പോകുന്നത് ശരിയല്ല എന്നായിരുന്നു മീറ്റിംഗിൽ പങ്കെടുത്ത എല്ലാവരുടേയും അഭിപ്രായം. അതിന്റെ അടിസ്ഥാനത്തിൽ വിദ്യാർത്ഥികളുടെ പ്രശ്നം വന്നപ്പോൾ വിദ്യാർത്ഥികൾ ഇല്ലെങ്കിലും അവരുടെ വികാരങ്ങൾ ഉൾക്കൊള്ളുന്ന പ്രതിനിധികൾ അവിടെയുണ്ടായിരുന്നു. അവരുടെ വികാരം കൂടി കണക്കിലെടുക്കണമെന്ന് അവർ പറഞ്ഞു. ഗസ്റ്റ് ഹൗസിൽ ഹോസ്റ്റൽ സൗകര്യം ഒരുക്കിയാൽ പ്രശ്നം തീരുമെന്ന് പറഞ്ഞു. വിദ്യാഭ്യാസ വകുപ്പുമന്ത്രി അപ്പോൾ തന്നെ ഗസ്റ്റ് ഹൗസിൽ അതിനാവശ്യമായ സൗകര്യങ്ങൾ ചെയ്തുകൊടുക്കാനും നിർദ്ദേശം കൊടുത്തു. അതിനുവേണ്ട നടപടികളെടുക്കാൻ ആ യോഗത്തിൽ വച്ച് വിദ്യാഭ്യാസ വകുപ്പുമന്ത്രി നിർദ്ദേശം കൊടുത്തു. അടുത്ത പ്രശ്നം ഭക്ഷണം കഴിക്കുന്ന കാര്യമാണ്. ഭക്ഷണം ഈ ഹോസ്റ്റലിൽ നിന്ന് രണ്ടു കൂട്ടർക്കും ആയിക്കൂടെ എന്ന നിർദ്ദേശം വന്നപ്പോൾ വിദ്യാർത്ഥികൾ ഇല്ലെങ്കിലും അവരുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും അറിയാവുന്നവർ പറഞ്ഞത് അത് ഒരു വിഭാഗത്തിന് എതിർപ്പുണ്ടാക്കുമെന്നാണ്. അങ്ങനെയാണെങ്കിൽ ഭക്ഷണം കഴിക്കുന്നതിനുള്ള സംവിധാനവും ഗസ്റ്റ് ഹൗസിൽതന്നെ ഉണ്ടാക്കുക എന്ന നിർദ്ദേശമാണ് നൽകിയത്. ഗസ്റ്റ് ഹൗസിൽ താമസം അവിടെ തന്നെ ആഹാരമെന്നുള്ളത് എല്ലാപേരും അംഗീകരിച്ചു. പക്ഷേ, അവിടെ വന്ന ഒരേ ഒരു പ്രശ്നം, ആ ഗസ്റ്റ് ഹൗസിൽ ആഹാരം കൊടുക്കുന്നതിനുള്ള ക്രമീകരണങ്ങൾ

നടത്തണമെങ്കിൽ അല്പം സമയം ആവശ്യമാണെന്ന് പറഞ്ഞു. അതുവരെ ഈ ഹോസ്റ്റലിൽ നിന്ന് ഭക്ഷണം കഴിക്കുക പെർമനന്റായിട്ടുള്ള സൗകര്യം ഗസ്റ്റ് ഹൗസിൽ കൊടുക്കുക. ഇങ്ങനെയുള്ള ഒരു ധാരണയിലാണ് അവിടെനിന്ന് പിരിഞ്ഞത്. അല്പ ദിവസം ഹോസ്റ്റലിൽ നിന്ന് ഭക്ഷണം കൊടുക്കുന്നതിനോടുള്ള എതിർപ്പ് ഒരു ഭാഗത്തുനിന്ന് ഉയർന്നുവന്നു. ഇതിനുശേഷം ഈ പ്രശ്നം തീർക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ ഒരു കത്ത് എനിക്ക് ലഭിച്ചു. വീണ്ടും ഇതിനെക്കുറിച്ച് അന്വേഷിച്ചു, അതിൽനിന്നും ആദ്യത്തെ നിർദ്ദേശം തെറ്റിപ്പോയതായി മനസ്സിലായി. ഹോസ്റ്റലിൽ നിന്ന് ഭക്ഷണം കഴിക്കാനുള്ള തീരുമാനം സമ്മതിച്ചു കഴിഞ്ഞാൽ ഗസ്റ്റ് ഹൗസിൽ സൗകര്യം ഉണ്ടാക്കുന്നതിന് വളരെയേറെ കാലതാമസമുണ്ടാകുമെന്നും അങ്ങനെ നീണ്ടുപോയാൽ എന്നും ഈ ഹോസ്റ്റലിൽ നിന്നുതന്നെ ഭക്ഷണം കഴിക്കുന്ന സ്ഥിതി ഉണ്ടാകുമെന്നും അതിനെ അംഗീകരിക്കാൻ സാധിക്കില്ലെന്നുമുള്ള വികാരമാണ് ഉയർന്നുവന്നത്. ഇത് തീർക്കാൻ നമുക്ക് ഒരു വിഷമവുമില്ല. ഞാൻ ഒരു നിർദ്ദേശംകൂടി വയ്ക്കുകയാണ്, നമുക്ക് ഗസ്റ്റ് ഹൗസിൽ ഭക്ഷണം കഴിക്കുന്നതിനുള്ള സൗകര്യം ഒരുക്കുന്നതിന് ഒരു ടൈം ലിമിറ്റ് വച്ചേക്കാം.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: ഡിപ്പാർട്ടുമെന്റ് സ്റ്റുഡന്റ്സ് യൂണിയനാണ് 60 ദിവസമായി നിരാഹാരം കിടക്കുന്നത്. അവരുടെ പ്രതിനിധികളെ മുഖ്യമന്ത്രിയുടെ ഓഫീസിൽ ഇന്നോ നാളേയോ വിളിച്ചാൽ ഞങ്ങളും കൂടി സഹകരിക്കാം. ഈ പ്രശ്നം തീർക്കുന്നതാണ് നല്ലത്. തീർക്കാൻ കഴിയുന്ന ഈ പ്രശ്നം ചർച്ച ചെയ്ത് തീർക്കുന്നതാണ് നല്ലത്. ഞങ്ങൾക്ക് ഈ പ്രശ്നം നിലനിർത്തണമെന്നുള്ള ഉദ്ദേശ്യമില്ല. മുഖ്യമന്ത്രിയോ ബന്ധപ്പെട്ട വകുപ്പുമന്ത്രിയോ ഇടപെട്ട് പെട്ടെന്ന് തീർത്താൽ മതി.

ശ്രീ. പി. കെ. അബ്ദു റബ്ബ്: ഗസ്റ്റ് ഹൗസിൽ ഭക്ഷണസൗകര്യം ഉണ്ടാക്കുന്നതിന് സമയം എടുക്കുന്ന കാര്യം പറഞ്ഞു. അതേയവസരത്തിൽ ഇപ്പോൾ നിലവിലുള്ള ഹോസ്റ്റലിൽ തന്നെ ഉപയോഗിക്കാതെ കിടക്കുന്ന ഭക്ഷണശാല ഈ ആവശ്യത്തിനായി പ്രത്യേകമായി കൊടുക്കാനും വൈസ് ചാൻസിലറും സിൻഡിക്കേറ്റും സമ്മതിച്ചിട്ടുണ്ട്. ഇവർ അതും അംഗീകരിച്ചിട്ടില്ല. അതുവേണമെങ്കിൽ പെട്ടെന്നുതന്നെ ചെയ്യാവുന്ന കാര്യമാണ്.

ശ്രീ. ഉമ്മൻ ചാണ്ടി: ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ നിർദ്ദേശം ഞാൻ സ്വീകരിക്കുന്നു. ഈ പ്രശ്നം വളർത്തുകയല്ല പരിഹരിക്കുകയാണ് ചെയ്യേണ്ടത്. വിദ്യാഭ്യാസ വകുപ്പുമന്ത്രിയും ഞാനും കൂടി വിദ്യാർത്ഥികളുടെ പ്രതിനിധികളെ അടിയന്തരമായി നാളെത്തന്നെ വിളിച്ച് ചർച്ച ചെയ്ത് തീരുമാനമെടുക്കുന്നതാണ്. നിങ്ങൾ ചെയ്യേണ്ടത് ഇവിടെവന്ന രണ്ടു നിർദ്ദേശങ്ങളിൽ ഏതെങ്കിലും ഒരു നിർദ്ദേശം അംഗീകരിക്കുന്നതിന് അവരോടുകൂടി ഉപദേശിക്കണം. അങ്ങനെ ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻ ശ്രമിക്കാം. നാളെ തന്നെ അവരെ വിളിക്കാം.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെയും വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തര പ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

പ്രതിപക്ഷ നേതാവ് (ശ്രീ വി. എസ്. അച്ചുതാനന്ദൻ) : മുഖ്യമന്ത്രിയുടെയും വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെയും നിർദ്ദേശത്തോട് യോജിച്ച് പ്രതിപക്ഷ ഉപനേതാവായ ശ്രീ. കോടിയേരി ബാലകൃഷ്ണൻ കൂടി ഇടപെട്ട് ഇത് തീർക്കുന്നതിനു വേണ്ടി എല്ലാവിധത്തിലുള്ള സഹായവും ചെയ്യും. വിദ്യാഭ്യാസ മന്ത്രിയും അതുപോലെ മുഖ്യമന്ത്രിയും നിർദ്ദേശം കൊടുത്തിട്ടു പോലും അത് തെറ്റിക്കുന്ന, രണ്ട് ശമ്പളം കൈപ്പറ്റിയ മാന്യനാണല്ലോ വി.സി. അതുകൊണ്ട് അദ്ദേഹത്തിന്റെ കാര്യമൊന്ന് ശ്രദ്ധിച്ചുകൊള്ളണമെന്നാണ് എന്റെ റിക്വസ്റ്റ്.

10.07 AM]

## III ശ്രദ്ധ ക്ഷണിക്കൽ

മി. ഡെപ്യൂട്ടി സ്പീക്കർ : ഒരു കാര്യം സഭയുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുന്നു. ശ്രീ. രാജു എബ്രഹാം ഒരു ഒബ്ജക്ഷൻ തന്നിട്ടുണ്ട്. ഇന്നത്തേക്ക് ശ്രദ്ധ ക്ഷണിക്കൽ വേണമെന്ന് ബഹുമാനപ്പെട്ട കെ. ബി. ഗണേഷ് കുമാർ എന്നോട് ആവശ്യപ്പെട്ടത് 1-ാം തീയതിയാണ്. 9-ാം തീയതിക്ക് ഡേറ്റ് ഇട്ട് സമ്മതിക്കുകയും ചെയ്തു. ശ്രീ. രാജു എബ്രഹാം ഇതേ വിഷയം ഒരു സബ്മിഷനുവേണ്ടി 4-ാം തീയതി ചെയറിനോട് ആവശ്യപ്പെട്ടു. പക്ഷേ, ഈ വിഷയമാണ് ശ്രദ്ധ ക്ഷണിക്കലായി വന്നതെന്ന് ചെയറിന് അറിയില്ലായിരുന്നു. സബ്മിഷൻ ശ്രീ. രാജു എബ്രഹാമിന് കൊടുക്കാമെന്നും പറഞ്ഞു. എന്തായാലും ഒന്നാം തീയതി ശ്രദ്ധ ക്ഷണിക്കലിന് ശ്രീ. കെ. ബി. ഗണേഷ് കുമാർ നോട്ടീസ് തന്നതാണ്. ശ്രീ. രാജു എബ്രഹാം നാലാം തീയതി ഇതേ വിഷയം സംബന്ധിച്ച് സബ്മിഷന് നോട്ടീസ് തന്ന വിവരവും കൂടി ശ്രദ്ധയിൽപ്പെടുത്തുന്നു.

## (1) പുനലൂർ - മൂവാറ്റുപുഴ റോഡിന്റെ തകർച്ച

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, ശ്രീ. രാജു എബ്രഹാമും ഞാനും ഉന്നയിക്കുന്ന വിഷയം ഒന്നുതന്നെയാണ്. അദ്ദേഹം പറയുന്നതു തന്നെയാണ് ഞാനും പറയാൻ പോകുന്നത്. കഴിഞ്ഞ പന്ത്രണ്ടുവർഷം മുമ്പ് പുനലൂർ - മൂവാറ്റുപുഴ റോഡ് കെ.എസ്.റ്റി.പി. ഏറ്റെടുത്തു എന്ന നിലയിൽ ലോകബാങ്കിന്റെ സഹായത്തോടെ മൂവാറ്റുപുഴയിൽ നിന്നും പുനലൂർ വരെ, അതായത് ഏറ്റവും കൂടുതൽ അയ്യപ്പഭക്തന്മാർ കടന്നുപോകുന്ന റോഡ് നവീകരിക്കുന്നതിനുവേണ്ടിയുള്ള തീരുമാനമെടുക്കുകയും അതിനുവേണ്ടി ഡോ. എം. കെ. മുനീർ മന്ത്രിയായിരിക്കുന്ന കാലത്ത് ടെണ്ടർ വിളിക്കുകയും ചെയ്തതാണ്. ആ ടെണ്ടർ ഒരു ദേശീയ കമ്പനി എടുക്കുകയും സ്ഥലമില്ലാത്തതുകൊണ്ട് ഒടുവിൽ ആ കോൺട്രാക്ട് അവസാനിക്കുകയായിരുന്നു. 12 വർഷം മുമ്പ് കൊല്ലം, പത്തനംതിട്ട, കോട്ടയം, ജില്ലകളിലെ മൂന്ന് സെക്ഷനുകളിൽ തഹസീൽദാർ ഓഫീസുകൾ രൂപീകരിക്കുകയും 90 ശതമാനം സ്ഥലമെടുപ്പ് പൂർത്തീകരിക്കുകയും ചെയ്തതാണ്. 2013-ലാണ് ഇത് പൂർത്തിയായത്. കച്ചവടക്കാരെ ഒഴിപ്പിക്കുകയും കടകൾ പൊളിച്ചു മാറ്റുകയും പഞ്ചായത്ത് കെട്ടിടങ്ങൾ പൊളിച്ചുമാറ്റുകയും മരങ്ങളെല്ലാം മുറിച്ചു മാറ്റുകയും ചെയ്തു.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. സി. പി. മുഹമ്മദ്)

എന്നിട്ടും മൂവാറ്റുപുഴയിൽ നിന്നും പൊൻകുന്നംവരെ മാത്രമാണ് ചെയ്തത്. അതുകഴിഞ്ഞ് തൊടുപുഴ മുതൽ മൂവാറ്റുപുഴവരെ 17 കി. മീറ്റർ ചെയ്തു. അതിനുശേഷം പൊൻകുന്നംവരെ ഇപ്പോൾ ടെണ്ടർ വിളിച്ചിട്ടുണ്ട്. അതിൽ പൊൻകുന്നം മുതൽ പുനലൂർ വരെ പി.പി.പി. ആയി നടപ്പിലാക്കുമെന്നാണ് ഇപ്പോൾ പറയുന്നത്. പക്ഷേ, ഇതിലുള്ള അപകടം ചീഫ് എഞ്ചിനീയറോട് ചോദിക്കുമ്പോൾ കെ.എസ്.ടി.പി.-ക്ക് ഫണ്ടില്ലാത്തതുകൊണ്ട് ഏറ്റെടുത്തില്ല എന്നാണ് അവർ പറയുന്നത്. അങ്ങനെ ഫണ്ടില്ല എന്ന് പറയുന്നതോടൊപ്പംതന്നെ ശബരിമല സീസണിൽ ഏറ്റവും കൂടുതൽ അയ്യപ്പന്മാർ തമിഴ്നാട്ടിൽ നിന്നും കേരളത്തിൽ നിന്നും കടന്നുപോകുന്ന ഈ വഴിയിൽ യാതൊരുവിധ നിർമ്മാണ പ്രവർത്തനങ്ങളും 12 കൊല്ലമായി നടക്കുന്നില്ല. വെറുതെ ഒരു മെയിന്റനൻസ് മാത്രമാണ് നടത്തുന്നത്. മെയിന്റനൻസിനുവേണ്ടി പണം അനുവദിക്കുന്നു. ഈ വർഷത്തെ സ്ഥിതി എന്താണ്? സാധാരണ ശബരിമല സീസൺ വരുമ്പോൾ പത്തനംതിട്ട-കൊല്ലം ജില്ലകളിൽ രണ്ടു കോടിയിലധികം രൂപ അനുവദിക്കാറുണ്ട്. സാമ്പത്തിക ഞെരുക്കമാണെന്ന പേരിൽ ഇത്തവണ അനുവദിച്ചത് വെറും 35 ലക്ഷം രൂപയാണെന്ന് വളരെ ദുഃഖത്തോടെ പറയുകയാണ്. ശബരിമല റോഡുകൾ

ഉൾപ്പെടെ ഇവിടെയുള്ള അനേകം റോഡുകൾ അടക്കം മെയിന്റനൻസ് ചെയ്യുന്നത് ആ ഫണ്ട് ഉപയോഗിച്ചാണ്. പക്ഷേ, തന്നത് വെറും 35 ലക്ഷം രൂപയിൽ ഒതുക്കിയാണ്. അത് വലിയ ബുദ്ധിമുട്ട് ഉണ്ടാക്കിയിട്ടുണ്ട്. ഇതിന്റെയെല്ലാം കാരണമെന്താണ് ? ബഹുമാനപ്പെട്ട മന്ത്രിയുടെ സെക്രട്ടറിയെ ഈ അടുത്ത കാലത്ത് വിജിലൻസ് പിടിക്കുകയും അദ്ദേഹത്തെ സസ്പെന്റ് ചെയ്യുകയും ചെയ്തു. അതുമായി ബന്ധപ്പെട്ട് ഞാൻ പറഞ്ഞപ്പോൾ കാട്ടുപോത്തിനെ കാണിക്കുമെന്ന് പറഞ്ഞു. കാട്ടു പോത്തുകളാണ്, ഒന്നല്ല, ഒരാൾ ഒറ്റക്ക് മോഷ്ടിക്കാറില്ല. അഞ്ചു പേർ ചേർന്ന് മോഷ്ടിച്ചാൽ അഞ്ചുപേരെയും പിടിക്കണം. ഒരാളെ മാത്രം പിടിച്ചിട്ട് കാര്യമില്ല. സൂരജ് കുറ്റകാരനോ അല്ലയോ എന്നു പറയാൻ ഞാൻ ആളല്ല. അനധികൃത സ്വത്ത് സമ്പാദിച്ചതിന് നടപടി എടുക്കാൻ തീരുമാനിച്ച ഗവൺമെന്റ് നടപടി നല്ലതുതന്നെയാണ് എന്നു ഞാൻ പറയുന്നു. വിജിലൻസ് മന്ത്രിയുടെ നടപടി നല്ലത് എന്നു വിശ്വസിക്കുന്ന ആളാണ് ഞാൻ. ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്. ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ ഓഫീസ് കേന്ദ്രീകരിച്ച് നടക്കുന്ന കടുത്ത അഴിമതിക്ക് പരിഹാരമുണ്ടാക്കണം....(ബഹളം)...ഞാൻ എന്താണ് പറയുന്നതെന്ന് ക്ഷമയോടെ കേൾക്കണം. കാരണം ഒരു എം.എൽ.എ. എന്നുള്ള നിലയിൽ അപമാനം സഹിക്കേണ്ടിവരുന്ന സ്ഥിതിയാണ് ഇത്തരം കാര്യങ്ങളുമായി മന്ത്രിയുടെ ഓഫീസിൽ ചെല്ലുമ്പോൾ അനുഭവിക്കേണ്ടിവരുന്നത്. എന്നെപ്പോലെ ഭരണ പക്ഷത്തും പ്രതിപക്ഷത്തുമിരിക്കുന്ന 141 എം.എൽ.എ.-മാരും വളരെ ശ്രദ്ധയോടെ ഇത് കേൾക്കണം. വളരെ മോശമായ സമീപനമാണുണ്ടാകുന്നത്. മന്ത്രിയുടെ ഓഫീസിൽ ജോലി ചെയ്യുന്ന മൂന്നുപേർ, അഴമതിക്കുപേരുകേട്ട എ. നസിമുദ്ദീൻ, പേഴ്സണൽ അസിസ്റ്റന്റ്, എം. അബ്ദുൾ റാഫി, സ്പെഷ്യൽ പ്രൈവറ്റ് സെക്രട്ടറി, ആർ. പി. റഹീം, അസിസ്റ്റന്റ് പ്രൈവറ്റ് സെക്രട്ടറി, മന്ത്രിയുടെ സ്റ്റാഫിലുള്ള ഈ മൂന്നുപേരാണ് ഭരിക്കുന്നത്. ഭരണപക്ഷത്തിരിക്കുന്നവർ കണ്ണടച്ച് ഇരുട്ടാക്കരുത്. ഞാൻ ഭരണപക്ഷത്താണ്. ഞാൻ ഇന്നും യു.ഡി.എഫ്. ആണ്. ഞാൻ കയ്യാലപ്പുറത്തിരിക്കുകയല്ല. ഞാൻ പറയുന്നത് കേൾക്കണം. ശ്രീ. ശിവദാസൻ നായർ, നമ്മൾ കണ്ണടച്ച് ആക്ഷേപിക്കുകയല്ല വേണ്ടത്. ഞാൻ പറയുന്നത് മനസ്സിലാക്കു. എന്താണ് നടക്കുന്നത് ; ഒരു എം.എൽ.എ.-യുടെ ഫയൽ വന്നാൽ ആ ഫയലിന് നീങ്ങാൻ സമയമില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഇക്കാര്യങ്ങളെല്ലാം ഞാൻ പറഞ്ഞിട്ടുണ്ട്. എഴുതിയും കൊടുത്തിട്ടുണ്ട്. ഇക്കാര്യങ്ങളെല്ലാം അദ്ദേഹത്തിന് ബോദ്ധ്യമുള്ളതാണ്. ഓഫീസുകളിൽ ഫയൽ പിടിച്ചുവയ്ക്കുകയാണ്. ഏത് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്കാണ്, പേഴ്സണൽ സ്റ്റാഫിനാണ്....... (ബഹളം)........ആരും ബഹളം വയ്ക്കണ്ട, ഇതിൽ അസഹിഷ്ണത കാണിക്കരുത്........ (ബഹളം)........

(ഭരണ-പ്രതിപക്ഷാംഗങ്ങൾ അവരവരുടെ സീറ്റുകളിൽ എഴുന്നേറ്റുനിന്ന് ബഹളം വച്ചു.)

മി. ചെയർമാൻ: അദ്ദേഹം പറയട്ടെ...... അദ്ദേഹം പ്രസംഗിക്കട്ടെ..... എല്ലാവരും ഇരിക്കൂ.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, ഞാൻ കേരളത്തിലെ ജനങ്ങൾക്കു വേണ്ടിയാണ് പറയുന്നത്. ഈ അഴിമതി ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്. മന്ത്രിയുടെ ഓഫീസ് കേന്ദ്രീകരിച്ച് കോടിക്കണക്കിന് രൂപയുടെ അഴിമതി നടക്കുന്നതിനെക്കുറിച്ച് ഞാൻ പറയുന്നു, അത് കേൾക്കാൻ അവസരം നൽകണം.

മി. ചെയർമാൻ : ശ്രീ. കെ. ബി. ഗണേഷ് കുമാർ, അങ്ങ് വിഷയത്തിൽ ഒതുങ്ങിനിന്ന് സംസാരിക്കൂ.

ശ്രീ. കെ. ബി. ഗണേഷ് കുമാർ : സർ, ഞാൻ ആരെയും കുറ്റപ്പെടുത്തുകയല്ല, ബഹുമാനപ്പെട്ട മന്ത്രിയെ അപമാനിക്കുന്നതുമല്ല, പക്ഷെ മന്ത്രിയുടെ ഓഫീസിൽ നടക്കുന്ന അഴിമതിയെക്കുറിച്ച് എന്റെ സഹപ്രവർത്തകനായ എന്റെ സുഹൃത്തായ മന്ത്രിയെ അറിയിച്ചുകൊടുക്കേണ്ടത് എന്റെ ഉത്തരവാദിത്വമാണ്. ഞാൻ എൽ.ഡി.എഫ്.-ൽ പോകുന്ന ആളല്ല, എൽ.ഡി.എഫ്.-ൽ പോകാൻ എന്റെ പാർട്ടി നിർദ്ദേശിച്ചിട്ടില്ല. ഞാൻ മന്ത്രിസഭയിൽ ഉള്ള ആളല്ല, എനിക്ക് മന്ത്രിയാകാൻ ആഗ്രഹവുമില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് അറിയാം, എന്നെ മന്ത്രിസ്ഥാനത്തു നിന്ന് ആരോ ഇറക്കിവിട്ടെന്നാണ് ചിലർ ധരിച്ചിരിക്കുന്നത്. അങ്ങനെ ഇറക്കിവിട്ടതല്ല, മന്ത്രിപ്പണി പോയതുമല്ല, അദ്ദേഹം സത്യം പറയും. ഞാൻ മന്ത്രിസ്ഥാനമൊഴിഞ്ഞ ഏപ്രിൽ 1-ന് ഒന്നരമാസം മുമ്പ് എന്റെ വ്യക്തിപരമായ കാര്യങ്ങളാൽ ഞാൻ രാജിവയ്ക്കുന്നു എന്നുള്ള രാജിക്കത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് നൽകി. സ്നേഹത്തോടെ അദ്ദേഹം അത് നിരസിച്ചു. അല്ലാതെ ആരും ഇറക്കിവിട്ടതല്ല......

മി. ചെയർമാൻ: ശ്രീ. കെ. ബി. ഗണേഷ് കുമാർ, അങ്ങയുടെ വിഷയം റോഡാണ്. ആ വിഷയത്തിൽ ഒതുങ്ങിനിന്നുകൊണ്ട് സംസാരിക്കൂ.

ശ്രീ. കെ. ബി. ഗണേഷ് കുമാർ : അതുകൊണ്ട് എന്റെ സഹപ്രവർത്തകനായ ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞിനോട് ഞാൻ പറയാം ; നിങ്ങൾ മനസ്സിലാക്കണം, എനിക്ക് പറയാൻ വേറെ വേദിയില്ല, മാധ്യമങ്ങളെ വിളിച്ചുകൂട്ടി പറയുന്നത്

ശരിയല്ല. ഞാൻ തെരഞ്ഞെടുക്കപ്പെട്ട എം.എൽ.എ. ആണ്. എനിക്ക് പറയാൻ പറ്റിയ വേദി ഇതാണ്. ബഹുമാനപ്പെട്ട പി. കെ. കുഞ്ഞാലിക്കുട്ടി സർ, അങ്ങും എം.എൽ.എ.-മാരോട് വളരെ മാന്യമായി പെരുമാറുന്ന ആളാണ്. അങ്ങയുടെ പാർട്ടിയിലെ ഒരു മന്ത്രിയുടെ ഓഫീസിലെ സ്റ്റാഫിനെക്കുറിച്ചാണ് പറയുന്നത്. അത് അങ്ങ് സഹിഷ്ണുതയോടെ കേൾക്കണം. ഇവർ വൻ അഴിമതിയാണ് നടത്തുന്നത്. എ. നസിമുദ്ദീന്റെ പേരിൽ മാർച്ചുമാസത്തിൽ വിജിലൻസ് അന്വേഷണം നടത്തിയിട്ടില്ലേ ; ഇയാളെ മാറ്റാൻ തീരുമാനിച്ചില്ലേ ; .....(ബഹളം) ........ ബഹളം വയ്ക്കാതെ കാര്യം പറയുമ്പോൾ അത് കേൾക്കണം.

<u>മി. ചെയർമാൻ</u>: ശ്രീ. കെ. ബി. ഗണേഷ് കുമാർ, ചെയർ പറയട്ടെ, ഒരംഗം ഏതൊരാളിനും എതിരായി അപകീർത്തിപ്പെടുത്തുന്നതോ കുറ്റക്കാരനാക്കുന്നതോ ആയ സ്വഭാവമുള്ള ഏതൊരാരോപണവും ഉന്നയിക്കാനുദ്ദേശിക്കുന്ന സംഗതിയ്ക്ക് മുൻകൂട്ടിയുള്ള നോട്ടീസ് സ്പീക്കർക്കും ഒരു മറുപടിക്കു വേണ്ടിയുള്ള ആവശ്യത്തിനായി ആ സംഗതിയിൽ ഒരന്വേഷണം നടത്താൻ മന്ത്രിക്കും കഴിയത്തക്കവണ്ണം ബന്ധപ്പെട്ട മന്ത്രിക്കും നൽകാത്തപക്ഷം ഉന്നയിക്കാൻ പാടില്ലാത്തതാണ്. അങ്ങൊരു സീനിയർ മെമ്പറാണ്. അതുകൊണ്ട് ഈ ശ്രദ്ധ ക്ഷണിക്കലിൽ പറഞ്ഞ വിഷയത്തിലൊതുങ്ങി സംസാരിക്കണം.

<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u>: സർ, ഉന്നയിക്കുന്നില്ല. പിന്നെ വേറൊരു കാര്യം, എഴുതിത്തന്നാൽ പ്രസംഗിക്കാൻ അവസരം നൽകുമെങ്കിൽ ആ മന്ത്രിക്കെതിരായി മാത്രമല്ല, വേറെ മന്ത്രിമാർക്കെതിരെയും ആരോപണമുണ്ട്. അതുകൂടി വായിക്കാം. ..... (ബഹളം)........

<u>മി. ചെയർമാൻ</u> : അത് ഒരു മെമ്പർ എന്നുള്ള നിലയിൽ താങ്കളുടെ അവകാശമാണ്. ഇപ്പോൾ സമ്മതിക്കാൻ പറ്റില്ല. അത് താങ്കളുടെ ഇഷ്ടം.

<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u> : പറയാൻ അനുവദിക്കണം. ഇത് മന്ത്രിക്ക് എതിരെയല്ല. മന്ത്രിയുടെ ഓഫീസിൽ നടക്കുന്ന കാര്യത്തെക്കുറിച്ചാണ്. ഒരു വ്യക്തിക്കെതിരെയല്ല.

<u>മി. ചെയർമാൻ</u> : മന്ത്രിക്കെതിരായാലും മന്ത്രിയുടെ ഓഫീസിനെതിരായാലും അതിന് മറുപടി പറയാൻ മന്ത്രിക്ക് അവകാശമുണ്ട്.

(ഭരണ-പ്രതിപക്ഷാംഗങ്ങൾ അവരവരുടെ സീറ്റുകളിൽ എഴുന്നേറ്റുനിന്ന് ബഹളം വച്ചുകൊണ്ടിരുന്നു)

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, ഇവിടെ എന്താണ് നടക്കുന്നത് ? മുഖ്യമന്ത്രിയുടെ ഓഫീസിൽ ചില ആളുകൾ എന്തോ കുഴപ്പം കാണിക്കുന്നു എന്നറിഞ്ഞപ്പോൾ പേഴ്സണൽ സ്റ്റാഫിലുള്ള ആ ആളുകളെ അദ്ദേഹം പറഞ്ഞുവിട്ടു. അങ്ങനെ മാതൃക കാണിച്ച ആളാണ് അദ്ദേഹം.

മി. ചെയർമാൻ : നിങ്ങൾക്ക് അതുന്നയിക്കാം. പക്ഷെ അക്കാര്യം ബഹുമാനപ്പെട്ട മന്ത്രി അറിയണം. മന്ത്രിയുടെ സ്റ്റാഫാണ്.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: എന്നാൽ മന്ത്രിക്ക് അറിയാവുന്ന കാര്യം ചോദിക്കാം. ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ ചോദിച്ചു, നോൺ പ്ലാൻ ഫണ്ടിൽ നിന്നും എന്തെങ്കിലും കിട്ടുമോ എന്ന്, അങ്ങും ഒരു എം.എൽ.എ. ആണ് ചെയറിൽ ഇരിക്കുമ്പോഴാണ് ചോദിക്കുന്നത്. ഇവിടെ ഇരിക്കുന്ന എല്ലാ എം.എൽ.എ.- മാരും കേൾക്കണം. നോൺ പ്ലാൺ ഫണ്ടിൽ നിന്നും രണ്ടോ മൂന്നോ റോഡ് തരുമോ എന്നു ചോദിച്ചപ്പോൾ അദ്ദേഹം നോൺ പ്ലാൻ ഫണ്ട് എന്ന പേരിൽ ഒരു ഹെഡ്ഡില്ല എന്നാണ് പറഞ്ഞത്. പക്ഷെ അദ്ദേഹം തന്നെ പ്രസിദ്ധീകരിച്ച 'ജനഹൃദയങ്ങളിലൂടെ' എന്ന പ്രസിദ്ധീകരണത്തിൽ അദ്ദേഹം തന്നെ പറയുന്നു, എല്ലാവരും കേൾക്കണം, അഴിമതിയും അനീതിയും ഒന്നുതന്നെയാണ്, ഒരു നാണയത്തിന്റെ രണ്ടു വശങ്ങളാണ്.

മി. ചെയർമാൻ : നിങ്ങളുടെ calling attention 6 മിനിറ്റ് കഴിഞ്ഞു. പ്ലീസ് കൺക്ലൂഡ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഒരംഗത്തിന് പറയാനുള്ള കാര്യങ്ങൾ പറയാനുള്ള അവസരം കൊടുക്കണം. ഇത് നീതി നിഷേധമാണ്.

മി. ചെയർമാൻ : ..... (ബഹളം)........ അതൊന്നും അനുവദിക്കാൻ പറ്റില്ല. calling attention-ന് ചില നിയമങ്ങളും ചട്ടങ്ങളുമുണ്ട്. ഭീഷണിപ്പെടുത്തുകയൊന്നും വേണ്ട. വ്യവസ്ഥാപിതമായ രീതിയിൽ എഴുതിക്കൊടുത്ത് അദ്ദേഹത്തിന് ഉന്നയിക്കാം. ഇത് calling attention ആണ്. സംസാരിക്കുന്നതിന് പരിധിയുണ്ട് പ്ലീസ് കൺക്ലൂഡ്........ എല്ലാവരും ഇരിക്കണം.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: ചട്ടമനുസരിച്ച് ആരോപണമൊന്നും ഉന്നയിക്കുന്നില്ല. എനിക്ക് നീതി നൽകിയാൽ മതിയാകും. അഴിമതിയൊന്നും ഉന്നയിക്കുന്നില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ഒരു മെമ്പർ എന്നുള്ള നിലയിൽ അദ്ദേഹത്തിന് പറയാൻ അവസരം കൊടുക്കണം. നീതി നിഷേധിക്കരുത്.

മി. ചെയർമാൻ : അതൊന്നും അനുവദിക്കാൻ പറ്റില്ല. calling attention- ന് ചില നിയമങ്ങളും ചട്ടങ്ങളുമുണ്ട്. ഭീഷണിപ്പെടുത്തുകയൊന്നും വേണ്ട. പ്ലീസ് കൺക്ലൂഡ്........എല്ലാവരും ഇരിക്കൂ. പ്ലീസ് കൺക്ലൂഡ്........... 7 മിനിട്ടായി.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: അഴിമതിയൊന്നും ഉന്നയിക്കുന്നില്ല. നീതിനിഷേധത്തെക്കുറിച്ചാണ് പറയുന്നത്. ഒരു എം.എൽ.എ. എന്നുള്ള നിലയിൽ എനിക്ക് കിട്ടേണ്ട നീതി ഉറപ്പാക്കണം. നോൺ പ്ലാൻ ഫണ്ട് ഇല്ലായെന്ന് അദ്ദേഹം എം.എൽ.എ.-മാരോട് പറയുന്നു, എന്നോട് പലവട്ടം പറഞ്ഞു........ (ബഹളം)........ ഞാൻ പറയുന്നത് എല്ലാവർക്കും കേൾക്കാം. അദ്ദേഹം തന്നെ പ്രസിദ്ധീകരിച്ച 'ജനഹൃദയങ്ങളിലൂടെ' എന്ന പ്രസിദ്ധീകരണത്തിൽ മണ്ഡലത്തിലെ 394 ഗ്രാമീണ റോഡുകൾ നോൺ പ്ലാൻ ഫണ്ടുപയോഗിച്ച് പുനരുദ്ധാരണ പ്രവർത്തനം നടത്തുന്നു,

മി. ചെയർമാൻ : ശ്രീ. കെ. ബി. ഗണേഷ് കുമാർ, പ്ലീസ് കൺക്ലൂഡ്..........

ശ്രീ. കെ. ബി. ഗണേഷ് കുമാർ: കളമശ്ശേരി നിയോജക മണ്ഡലത്തിൽ, ഏലൂർ, കളമശ്ശേരി മുനിസിപ്പാലിറ്റികൾ, കരമാലൂർ പഞ്ചായത്ത്, കുന്നകര ഇവിടെയെല്ലാം നോൺ പ്ലാൻ ഫണ്ട് ഉപയോഗിച്ച് പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തുകയാണ്. ബഹുമാനപ്പെട്ട മന്ത്രി തന്റെ മണ്ഡലത്തിലെ ഒരു മുനിസിപ്പാലിറ്റിയിൽ 103 റോഡുകളാണ് നോൺപ്ലാൻ ഫണ്ടിൽ നിന്നും അനുവദിച്ചിരിക്കുന്നത്. ഒരു പഞ്ചായത്തിൽ 64 റോഡുകൾ, കളമശ്ശേരി മുനിസിപ്പാലിറ്റിയിൽ 83 റോഡുകൾ കൊടുത്തിരിക്കുന്നു, 15 പാലങ്ങൾ കൊടുത്തിരിക്കുന്നു. ഒരു നബാർഡ് റോഡിനു വേണ്ടി എം.എൽ.എ. ബഹുമാനപ്പെട്ട മന്ത്രിയുടെ ഓഫീസിൽച്ചെന്ന് തെണ്ടുമ്പോൾ, ഗണേഷ് കുമാറിന് ഒരു റോഡ് കൊടുക്കാൻ പറ്റുമോ എന്ന് മന്ത്രി ചോദിക്കുമ്പോൾ സൈഡിൽ നിൽക്കുന്ന ഈ മൂന്ന് മാന്യന്മാർ പറ്റില്ല എന്നുപറയുമ്പോൾ ലജ്ജിച്ച് ഇറങ്ങിപ്പോകേണ്ടി വന്നു. ഞാൻ നിയമസഭയിൽ ഓടിളക്കി വന്ന ആളല്ല. ഇവിടെയിരിക്കുന്ന എല്ലാവരേയും പോലെ തെരഞ്ഞെടുക്കപ്പെട്ടുവന്നവനാണ്. എന്നെ അധിക്ഷേപിച്ചിട്ടുണ്ട്. ഞാൻ ഫയലുകൾ വ്യക്തമാക്കാം. ഞാൻ കൂടതലൊന്നും പറയുന്നില്ല. ഒരു ആരോപണവും പറയുന്നില്ല. എല്ലാ എം.എൽ.എ.-മാരും കേൾക്കണം. എനിക്ക് പറയാനുള്ളത് മുഴുവൻ പറയാൻ സമ്മതിക്കില്ലെങ്കിൽ, കേരള നിയമസഭയിൽ എനിക്കും ഇന്നാട്ടിലെ ജനങ്ങൾക്കും വിശ്വാസമുണ്ട്, അതുകൊണ്ട് ഈ നിയമസഭ ഒരു സമിതിയെ നിയമിക്കണം. ആ സമിതി മുമ്പാകെ എല്ലാ

രേഖകളും ഞാൻ ഹാജരാക്കാം. ആ സമിതി രേഖകൾ കണ്ടതിനുശേഷം ഞാൻ പറയുന്നതിൽ കഴമ്പുണ്ടെന്നു കണ്ടാൽ അത് സിബി.ഐ.-ക്കോ അല്ലെങ്കിൽ ആ സമിതി നിശ്ചയിക്കുന്ന അന്വേഷണ ഏജൻസിക്കോ അത് ഏൽപ്പിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഞാൻ പറയാനുള്ള കാര്യങ്ങൾ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നു. ബഹുമാനപ്പെട്ട കുഞ്ഞാലിക്കുട്ടി സാഹിബ് അദ്ദേഹത്തിന്റെ കക്ഷി നേതാവാണ്. ഈ മൂന്ന് ഉദ്യോഗസ്ഥർ പണം കളക്ട് ചെയ്യുന്നത് പത്രങ്ങളിൽ വന്നിട്ടുണ്ട്. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സ്ഥലം മാറ്റത്തിന് 30 ലക്ഷം രൂപ മുതൽ 60 ലക്ഷം രൂപ വരെയാണ്. ഇത് ആർക്കുവേണ്ടിയാണ് ? അങ്ങ് പറയണം.

മി. ചെയർമാൻ പ്ലീസ് കൺക്ലൂഡ്.

ശ്രീ. കെ. ബി. ഗണേഷ് കുമാർ : ഞാൻ കൺക്ലൂഡ് ചെയ്യുകയാണ്.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) : സർ, ഒരു ശ്രദ്ധ ക്ഷണിക്കലിന് നിയമസഭയുടെ ചട്ടം ലംഘിച്ചുതന്നെയാണ് അദ്ദേഹം അനാവശ്യമായ കാര്യങ്ങളിവിടെ ഉന്നയിച്ചിരിക്കുന്നത്....(ബഹളം).....എന്നെ പറയാൻ അനുവദിക്കില്ലേ ; ഞാൻ പറയുന്നത് നിങ്ങൾ കേൾക്കു ....

മി. ചെയർമാൻ : ബഹുമാനപ്പെട്ട മിനിസ്റ്റർ സംസാരിക്കട്ടെ...

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, എനിക്ക് പറയണ്ടെ, ഞാൻ പറയുന്നത് നിങ്ങൾ കേൾക്കു. തീർച്ചയായിട്ടും ഇത് ചട്ടവിരുദ്ധമാണ്. നിയമസഭയിൽ വ്യക്തമായ നിയമങ്ങളും ചട്ടങ്ങളുമൊക്കെയുണ്ട്. അതെല്ലാം ലംഘിച്ചാണ് അദ്ദേഹം ഈ പ്രശ്നം ഇവിടെ ഉന്നയിച്ചത്. ന്യായമായും എനിക്ക് എഴുതിത്തരാം, ബഹുമാനപ്പെട്ട സ്പീക്കർക്ക് എഴുതിത്തരാം. ഇതൊന്നും ചെയ്യാതെയാണ് അദ്ദേഹം ഒരു ശ്രദ്ധ ക്ഷണിക്കലിലൂടെ ഉന്നയിച്ചത്. തീർച്ചയായും ഇത് ചട്ടവിരുദ്ധമാണ്. അദ്ദേഹം മൂന്ന് സ്റ്റാഫിന്റെ പേരെടുത്തു പറഞ്ഞു. അതിൽ ഒരാൾ നിയമസഭയിലെ ഓഫീസേഴ്സ് ചെയറിൽ ഇരുന്ന ആളാണ്. ഇവിടെ ആരോപിച്ചതുപോലെയുള്ള ഒരു സംഗതിയും അദ്ദേഹത്തിനെതിരെയില്ല. എ. നസിമുദ്ദീനെക്കുറിച്ച് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ആഭ്യന്തര വകുപ്പുമന്ത്രി ആയിരുന്ന സമയത്ത് ഒരു പരാതി വന്നു. അതിനെക്കുറിച്ച് വിശദമായി പരിശോധിച്ച് അടിസ്ഥാനരഹിതമാണെന്ന് തെളിഞ്ഞ വിഷയമാണ്. ഐ. എം. അബ്ദു റഹിമാന് other duty ആണുള്ളത്. ഈ ഓഫീസുമായി അദ്ദേഹത്തിന് യാതൊരു ബന്ധവുമില്ല. അങ്ങയെ ആരുടെയോ പ്രേതം ആവേശിച്ചതു പോലെയാണ് എനിക്ക് തോന്നിയത്. വാസ്തവത്തിൽ ശ്രീ. കെ. ബി. ഗണേഷ്

കുമാറല്ല ഇവിടെ സംസാരിച്ചത് എന്നെനിക്ക് വളരെ വ്യക്തമായി. തീർച്ചയായിട്ടും അടിസ്ഥാനരഹിതമായ ഈ ആരോപണങ്ങൾ ഞാൻ നിഷേധിക്കുകയാണ്. അദ്ദേഹം പറഞ്ഞ ഈ സംഗതിക്ക് പ്രതിപക്ഷത്തുനിന്ന് വളരെയേറെ ആവേശം കൊണ്ടു. ആരെങ്കിലും ഒരു മെമ്പർ ഉത്തരവാദിത്വത്തോടുകൂടി ഇത് ശരിയാണെന്ന് എഴുതിത്തന്നാൽ ഞാൻ അതിന് നടപടി സ്വീകരിക്കാം. ഭരണ-പ്രതിപക്ഷത്തുള്ള എം.എൽ.എ.-മാർ പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ ഓഫീസിൽ ബന്ധപ്പെടുന്ന ആളുകളാണ്. അവർക്ക് അങ്ങനെയൊരു അനുഭവമുണ്ടെങ്കിൽ റെഡി, ഒരു കുഴപ്പവുമില്ല. അപ്പോൾ ഒരാൾക്കും ഒരനുഭവവുമില്ല, പക്ഷേ ശ്രീ. കെ. ബി. ഗണേഷ് കുമാർ സംസാരിച്ചപ്പോൾ നിങ്ങൾ വളരെ ആവേശത്തോടുകൂടി പ്രതിപക്ഷവും അതിനോടൊപ്പംകൂടി, വളരെ സങ്കടകരമായ സംഗതിയാണ്, ഒരു വകുപ്പ് എങ്ങനെ നന്നായിട്ട് കൊണ്ടുപോകാൻ സാധിക്കില്ല എന്നുള്ളതിന് തെളിവാണ് ഇന്ന് നിയമസഭയിൽ കണ്ട വളരെ ഖേദകരമായ സ്ഥിതിവിശേഷം. അതുകൊണ്ട് ആ വിഷയം, ശ്രീ. കെ. ബി. ഗണേഷ് കുമാറാണ് ഉന്നയിച്ചത് എന്നുള്ളതുകൊണ്ട് ഞാൻ തള്ളിക്കളയില്ല, വളരെ ഗൗരവമായി അത് പരിഗണിക്കും എന്നുകൂടി പറയുന്നു. ഒന്നുരണ്ട് വിഷയങ്ങൾ കൂടി ഇവിടെ ഉന്നയിച്ചു. ശബരിമലയെ ഇതിൽ ദുരുപയോഗപ്പെടുത്തിയതിൽ വളരെ ഖേദവും ദുഃഖവുമുണ്ട്. കഴിഞ്ഞ മൂന്നുവർഷക്കാലമായി ഈ ഗവൺമെന്റ് ശബരിമലയിൽ ചെയ്ത കാര്യങ്ങളിൽ ദേവസ്വം ബോർഡിന്റെ good certificate ലഭിച്ചിട്ടുണ്ട്. ശ്രീ. രാജു എബ്രഹാം, ശ്രീ. പി. സി. ജോർജ് എന്നിവർ പറയട്ടെ കഴിഞ്ഞ മൂന്നുവർഷക്കാലം ശബരിമലയിൽ എന്തൊക്കെ ചെയ്തു എന്ന്. അദ്ദേഹം പറഞ്ഞ ഇക്കാര്യങ്ങളിൽ എന്തെങ്കിലും വീഴ്ച വന്നിട്ടുണ്ടെങ്കിൽ തീർച്ചയായും നടപടികൾ സ്വീകരിക്കും എന്നുകൂടി പറഞ്ഞു കൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്യുതാനന്ദൻ) : സർ, നിയമസഭാ സമിതിയെക്കൊണ്ട് അന്വേഷിപ്പിക്കാൻ സന്നദ്ധമാണോയെന്ന് ബഹുമാനപ്പെട്ട മെമ്പർ ചോദിക്കുകയുണ്ടായി. അതുസംബന്ധിച്ച് എന്താണ് ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ അഭിപ്രായം ?

മി. ചെയർമാൻ : ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്, അഴിമതിയാരോപണം വ്യവസ്ഥാപിതമായി എഴുതിക്കൊടുക്കണം. ഇത് അദ്ദേഹം ശ്രദ്ധ ക്ഷണിക്കലിനിടയിൽ പറഞ്ഞ ഒരു കാര്യമാണ്. ഇവിടെ ഭരണപക്ഷമാണോ പ്രതിപക്ഷമാണോയെന്ന് നോക്കിയിട്ടല്ല ഒരു ശ്രദ്ധ ക്ഷണിക്കലിൽ ചെയർ റൂളിംഗ് നൽകുന്നത്. അതുകൊണ്ട് വ്യവസ്ഥാപിതമായ രീതിയിൽ എഴുതിക്കൊടുക്കാൻ അങ്ങ് ഉപദേശിക്കുകയാണ് വേണ്ടത്.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: അദ്ദേഹം എന്തുകൊണ്ടാണ് അവസാനം ഈ പ്രൊപ്പോസൽ വച്ചത് ?

മി. ചെയർമാൻ: അഴിമതി ഉന്നയിക്കുമ്പോൾ അത് എഴുതിക്കൊടുക്കുകയാണ് വേണ്ടത്. ഇക്കാര്യം ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന് അറിയാവുന്നതാണല്ലോ.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയോട് എനിക്കൊരു ചോദ്യം ചോദിക്കാനുണ്ട്. ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി സത്യം മാത്രം പറയുന്ന ആളാണെന്ന് നമുക്ക് ബോദ്ധ്യമുണ്ട്. കാരണം ഈ ഉദ്യോഗസ്ഥന്റെ പേരിൽ അഴിമതി അന്വേഷണം നടക്കുകയാണെന്ന് അദ്ദേഹം നിയമസഭയിൽ പറഞ്ഞിട്ടുണ്ട്. അയാൾ എവിടെ എന്ന് ചോദിച്ചപ്പോൾ, കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ, 2013 നാലാം മാസം അദ്ദേഹം ലീവിലാണെന്ന കാര്യം എഴുതിക്കൊടുത്തിട്ടുണ്ട്. അദ്ദേഹം ലീവിലാണോ എന്ന കാര്യം ഇവിടത്തെ ഓഫീസേഴ്സ് ഗ്യാലറിയിലോ മന്ത്രിയുടെ ഓഫീസിലോ നോക്കിയാൽ അറിയാൻ സാധിക്കുന്നതാണ്. ഞാൻ അതെക്കുറിച്ച് കൂടുതലൊന്നും പറയുന്നില്ല. അദ്ദേഹം സത്യം മാത്രം പറയുന്ന നല്ലൊരു മനുഷ്യൻ. ഇതുസംബന്ധിച്ച് പരാതി പറഞ്ഞില്ല എന്ന് പറയരുത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി തെരഞ്ഞെടുപ്പിനു ശേഷം ഒരു കത്ത് അയച്ചിരുന്നു. താങ്കൾ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ജനങ്ങളുമായി ബന്ധപ്പെട്ട് എന്തെല്ലാം അറിഞ്ഞു ? വളരെ സ്നേഹത്തോടെ അദ്ദേഹം അയച്ച നല്ല കത്ത് ഞാൻ വളരെ സന്തോഷത്തോടെ സ്വീകരിക്കുകയും കൃത്യമായ മറുപടി കൊടുക്കുകയും ചെയ്തു. അതിന്റെ 4-ാം പാരഗ്രാഫ് ഞാൻ വായിക്കാം.....(ബഹളം).....

മി. ചെയർമാൻ: ബഹുമാനപ്പെട്ട മെമ്പർ, താങ്കൾ ചോദ്യം ചോദിക്കൂ. ശ്രദ്ധക്ഷണിക്കലിൽ ഒരു ഉപചോദ്യം ചോദിക്കാം....(ബഹളം)....

ശ്രീ. കെ. ബി. ഗണേഷ് കുമാർ: ഇത് ഇവിടെ പറയേണ്ടതില്ലെങ്കിൽ മാധ്യമങ്ങൾക്കും പ്രതിപക്ഷാംഗങ്ങൾക്കും കൊടുത്തേക്കാം. ശരി. ആയിക്കോട്ടെ ......(ബഹളം)...... ഇവിടെ പി.പി.പി. അടിസ്ഥാനത്തിൽ ഈ റോഡ് നിർമ്മിക്കുമെന്നാണ് ഇപ്പോൾ അറിയാൻ കഴിഞ്ഞിട്ടുള്ളത്. ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി മറുപടി പറഞ്ഞില്ല. പി.പി.പി. അടിസ്ഥാനത്തിൽ റോഡ് നിർമ്മിക്കുമ്പോൾ അയ്യപ്പഭക്തന്മാർക്കും പാവപ്പെട്ട നാട്ടുകാർക്കും കർഷകർക്കും ടോൾ ഏർപ്പെടുത്തുമോ എന്നറിയാൻ താൽപ്പര്യമുണ്ട് ; അത് എങ്ങനെയാണ് നടത്തുന്നത് ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : സർ, കെ.എസ്.റ്റി.പി. റോഡിന് ടോൾ ഇല്ല എന്നുള്ള സന്തോഷകരമായ സംഗതി ബഹുമാനപ്പെട്ട മെമ്പറെ ഞാൻ അറിയിക്കുകയാണ്. ഒരിക്കലും ടോൾ ഏർപ്പെടുത്തുകയില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യങ്ങൾ ഒരു നിയമസഭാ സമിതിയെക്കൊണ്ട് അന്വേഷിപ്പിക്കണമെന്നാണ്. അതേപ്പറ്റി എന്താണ് അഭിപ്രായം ?......(ബഹളം)........

മി. ചെയർമാൻ: ഒരു ഭരണകക്ഷി മെമ്പറാണോ, പ്രതിപക്ഷ മെമ്പറാണോ എന്നുള്ളതല്ല വിഷയം. ഇവിടത്തെ വിഷയം ശ്രദ്ധ ക്ഷണിക്കലാണ്. അതിന്റെ നടപടിക്രമങ്ങൾ കഴിഞ്ഞു. ബാക്കിയുള്ള കാര്യങ്ങൾ ബഹുമാനപ്പെട്ട മെമ്പർ നിയമപരമായി എഴുതികൊടുത്താൽ അത് തീരുമാനിക്കേണ്ടത് ഗവൺമെന്റാണ്. അക്കാര്യം ഗവൺമെന്റ് പിന്നീട് പ്രഖ്യാപിക്കുന്നതായിരിക്കും. ഇതിന് ചില കീഴ്വഴക്കങ്ങളൊക്കെയുണ്ട്.

### (2) ഇന്ദിരാ ആവാസ് യോജന പദ്ധതിക്കുള്ള സംസ്ഥാന വിഹിതം

ശ്രീ. എ. കെ. ബാലൻ: സർ, പട്ടികജാതി-പട്ടികവർഗ്ഗങ്ങൾ, ന്യൂനപക്ഷങ്ങൾ, ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവർ എന്നിവരുടെ ഭവനനിർമ്മാണ പദ്ധതിയായ 'ഇന്ദിരാ ആവാസ് യോജന' ഇപ്പോഴും പ്രതിസന്ധിയിലാണ്. കഴിഞ്ഞ നാലു വർഷത്തിനിടയിൽ, ഗുണഭോക്താക്കളായി തെരഞ്ഞെടുക്കപ്പെട്ടവരിൽ പകുതിയോളം പേർക്കും ഭവനനിർമ്മാണം പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല. ഗുണഭോക്താക്കളായി തെരഞ്ഞെടുക്കപ്പെട്ടതിനെത്തുടർന്ന് നിലവിലുള്ള കുടിലുകൾ പൊളിച്ച് പണിയാരംഭിച്ചവർ ഇപ്പോഴും നിർമ്മാണം പൂർത്തിയാക്കാൻ സാധിക്കാതെ പെരുവഴിയിലാണ്. പ്രസ്തുത പദ്ധതി കേന്ദ്ര ഗവൺമെന്റിന്റെ പേരിലാണെങ്കിലും പണം കണ്ടെത്തേണ്ട ഉത്തരവാദിത്വം മുഴുവനും ത്രിതലപഞ്ചായത്തുകൾക്കാണ്. അതുകൊണ്ട് ഗുണഭോക്താക്കൾ കണ്ണീരും കയ്യുമായി കയറിയിറങ്ങുന്നത് ബ്ലോക്ക് പഞ്ചായത്തുകളിലാണ്. പ്രസ്തുത വിഷയം സംബന്ധിച്ച് കഴിഞ്ഞ നിയമസഭാ സമ്മേളനത്തിലും ഞാൻ ഉന്നയിച്ചിരുന്നു. അന്ന് ഞാൻ പറഞ്ഞതെല്ലാം സത്യവിരുദ്ധമാണെന്നും പദ്ധതി പൊളിയുകയില്ല യൂണിറ്റ് കോസ്റ്റിന്റെ സംസ്ഥാന വിഹിതം ഈ സർക്കാർ വർദ്ധിപ്പിച്ചുവെന്നാണ് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി മറുപടി നൽകിയത്. എന്നാൽ ആ വിഹിതം വർദ്ധിപ്പിച്ചത് നല്ലതുതന്നെയാണ്. പക്ഷേ എന്തുകൊണ്ടാണ് പാവങ്ങൾക്ക് ഭവനനിർമ്മാണം പൂർത്തിയാക്കാൻ സാധിക്കാത്തതെന്ന് ഗവൺമെന്റ് വ്യക്തമാക്കിയിട്ടില്ല. സംസ്ഥാന സർക്കാരിന്റെ

വിഹിതം പൂർണ്ണമായി അതാത് വർഷം നൽകാത്തതാണ് ഈ പ്രശ്നത്തിന്റെ പ്രധാന കാരണം. ഇക്കാര്യം സർക്കാരിന് ഒരിക്കലും നിഷേധിക്കാൻ കഴിയുകയില്ല. 2011-12 മുതൽ 2014-15 വരെയുള്ള സർക്കാർ വിഹിതം പൂർണ്ണമായും നൽകിയെന്ന് ഗവൺമെന്റിന് പറയാൻ സാധിക്കില്ല. 2011-12 വർഷത്തിൽ ഓരോ വീടിനും 75,000 രൂപവീതം ധനസഹായം നൽകുമെന്ന് സർക്കാർ പ്രഖ്യാപിച്ചിരുന്നു. എന്നാൽ ആ വർഷം അനുവദിച്ച വീടുകൾ 59,620 ആണ്. ഈ വീടുകൾക്ക് സർക്കാർ നൽകേണ്ടിയിരുന്ന ധനസഹായം 447.15 കോടി രൂപയായിരുന്നു. എന്നാൽ അവർക്ക് ഒരു രൂപപോലും ഈയിനത്തിൽ കൊടുത്തിട്ടില്ല. പകരം ബ്ലോക്ക് പഞ്ചായത്തുകളോട് സഹകരണ ബാങ്കുകളിൽ നിന്ന് വായ്പയെടുക്കാനാണ് നിർദ്ദേശിച്ചിരുന്നത്. സർക്കാർ ഇക്കാര്യത്തിൽ ഗ്യാരന്റി നൽകുമെന്നും പറഞ്ഞിരുന്നു. എന്നാൽ സർക്കാർ ഗ്യാരന്റി നൽകാത്തതിനാൽ പണം ലഭിച്ചത് വെറും 50 കോടി രൂപമാത്രമായിരുന്നു. ഗ്രാമവികസന വകുപ്പ് മറ്റു മേഖലയിൽ ചെലവഴിക്കേണ്ട പണം വകമാറ്റി 75 കോടിയും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ 25 കോടിയും ഇതിനുവേണ്ടി ചെലവഴിച്ചു. അപ്പോൾ 447 കോടി രൂപ വേണ്ടയിടത്ത് 150 കോടി രൂപ മാത്രമേ ലഭിച്ചുള്ളൂ. ഫലത്തിൽ 35,010 വീടുകൾ മാത്രമാണ് ആ വർഷം പൂർത്തിയായത്. തുടർന്നുള്ള വർഷങ്ങളിൽ കേന്ദ്രവിഹിതം യൂണിറ്റിന് 70,000 രൂപയായി വർദ്ധിപ്പിച്ചതിനെ ത്തുടർന്ന് സംസ്ഥാന വിഹിതം 50,000 രൂപയായി കുറഞ്ഞു. ആ തുക സർക്കാർ നേരിട്ട് നൽകാൻ തീരുമാനിക്കുകയും ചെയ്തു. ബാക്കി തുകയായ 80,000 രൂപ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോട് 25:50:25 എന്ന അനുപാതത്തിൽ നൽകാനും നിർദ്ദേശിച്ചു. പക്ഷേ സംസ്ഥാന വിഹിതം നൽകുന്ന കാര്യത്തിൽ ഇപ്പോഴും ഗവൺമെന്റ് പഴയ സ്ഥിതിയിൽ തന്നെയാണ്. ആലത്തൂർ ബ്ലോക്ക് പഞ്ചായത്തിന് ഇതുവരെ ലഭിക്കാനുള്ള തുക 5,74,70,000 രൂപയാണ്. ഈ വർഷം നൽകാനുള്ള 221 ലക്ഷത്തിൽനിന്ന് ഒരു പൈസപോലും നൽകിയിട്ടില്ല. കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്തിന് ലഭിക്കാനുള്ള തുക 3,50,50,000 രൂപയാണ്. ഈ വർഷം ലഭിക്കേണ്ട 192 ലക്ഷത്തിൽനിന്ന് ഒരു പൈസപോലും നൽകിയിട്ടില്ല. ഈ സാമ്പത്തികവർഷം അവസാനിക്കാൻ ഇനി നാല് മാസം മാത്രമേയുള്ളൂ. ഇത് ഈ രണ്ട് ബ്ലോക്കുകളിലെ കാര്യം മാത്രമാണ്. സംസ്ഥാനത്താകെയുള്ള പ്രതിസന്ധിയെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രിക്ക് ഊഹിക്കാവുന്നതേയുള്ളൂ. 2013-14 വർഷത്തിൽ 45,738 വീടുകളാണ് നൽകിയിട്ടുള്ളത്. 2014-15 വർഷത്തിൽ 59,060 വീടുകൾക്ക് 50,000 രൂപ നിരക്കിൽ സർക്കാർ നൽകേണ്ട ധനസഹായം 523.99 കോടി രൂപയാണ്. ഇതിനായി ബഡ്ജറ്റിൽ ഒരു തുകയും

വകയിരുത്തിയിട്ടില്ല. 2013-14 വർഷത്തെ സപ്ലിമെന്ററി ഡിമാന്റിൽ 96 കോടി രൂപ അനുവദിച്ചു. ബാക്കി 428 കോടി രൂപ ഇനിയും നൽകാത്തതിനാൽ ആകെ പൂർത്തീകരിക്കേണ്ട 1,04,798 വീടുകളിൽ പകുതി മാത്രമേ പൂർത്തീകരിച്ചിട്ടുള്ളൂ. ഇതുതന്നെ പണം ലഭിക്കുമെന്ന പ്രതീക്ഷയിൽ കെട്ടുതാലി പണയംവച്ചും കിടപ്പാടം പണയപ്പെടുത്തിയും ബ്ലേഡുകാരിൽ നിന്ന് പലിശയ്ക്കെടുത്തും ഓരോരുത്തരും പൂർത്തിയാക്കിയതാണ്. ഇതിന് നിവൃത്തിയില്ലാത്ത അവസ്ഥയിലാണ് പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗക്കാർ. കഴിഞ്ഞ നിയമസഭയിൽ ഇതേ വിഷയത്തിലെ ശ്രദ്ധക്ഷണിക്കലിന് രേഖാമൂലം നൽകിയ മറുപടിയിൽ 2012-13, 2013-14 വർഷങ്ങളിലായി 355.7 കോടി രൂപ നൽകാനുണ്ടെന്നാണ് മന്ത്രിതന്നെ സമ്മതിച്ചിട്ടുള്ളത്. ഈ വർഷത്തെ തുക കൂടി കൂട്ടിയാൽ 650 കോടിയോളം രൂപ കുടിശ്ശികയാണ്. അതിനാൽ ഇന്ദിരാ ആവാസ് യോജന പദ്ധതിയിലേക്ക് സർക്കാർ വിഹിതമായി നൽകേണ്ട തുക അടിയന്തരമായി ലഭ്യമാക്കിയാൽ മാത്രമേ ഒരു ലക്ഷത്തോളം വീടുകളുടെ പണി പൂർത്തീകരിക്കാൻ കഴിയുകയുള്ളൂ. ധനകാര്യ വകുപ്പിന്റെ ശക്തമായുള്ള നിയന്ത്രണമാണ് ഈ സ്ഥിതിയിലേക്ക് എത്തിച്ചിട്ടുള്ളത് എന്ന വസ്തുതകൂടി ഞാൻ ബഹുമാനപ്പെട്ട ചെയറിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു. ഇതുമായി ബന്ധപ്പെട്ട് എന്ത് നിലപാടാണ് സ്വീകരിക്കുന്നത് എന്നത് സംബന്ധിച്ച് കേരളത്തിലെ വീട് നഷ്ടപ്പെട്ട, ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള എസ് സി./എസ് ടി. വിഭാഗങ്ങൾ വളരെ ശ്രദ്ധയോടുകൂടിയാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടി പ്രതീക്ഷിക്കുന്നത്. ഇതാണ് ശ്രദ്ധ ക്ഷണിക്കലിന്റെ ഭാഗമായി എനിക്ക് പൊതുവായി സൂചിപ്പിക്കാനുള്ളത്.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച കാര്യങ്ങൾ യാഥാർത്ഥ്യങ്ങൾക്ക് നിരക്കുന്നതല്ല. 2010-11 വരെ ഇന്ദിരാ ആവാസ് യോജന പദ്ധതിയിൽ പൊതുവിഭാഗത്തിന് 75000 രൂപയും പട്ടികജാതിക്കാർക്ക് ഒരു ലക്ഷം രൂപയും പട്ടികവർഗ്ഗത്തിന് ഒന്നേകാൽ ലക്ഷം രൂപയുമാണ് നൽകിയിരുന്നത്. ഈ ഗവൺമെന്റ് പൊതുവിഭാഗത്തിനും പട്ടികജാതിക്കാർക്കും 2 ലക്ഷം രൂപയായും എസ് ടി. വിഭാഗത്തിന് രണ്ടരലക്ഷം രൂപയായും തുക വർദ്ധിപ്പിച്ചതിനാൽ പണം അധികമായി കണ്ടെത്തേണ്ടിവന്നു. കേന്ദ്ര ഗവൺമെന്റ് നൽകുന്ന സഹായത്തിനുപുറമേ 2012-13-ൽ ഒരു വീടിന് 75000 രൂപ വീതവും 2013-14 മുതൽ 50000 രൂപയും നൽകാൻ തീരുമാനിച്ചു. ഇതിനുപുറമെ ആവശ്യമായ പണം ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകളുടെ പ്ലാൻ ഫണ്ടിൽ

നിന്ന് കണ്ടെത്താൻ നിർദ്ദേശം നൽകുകയുണ്ടായി. ഇതനുസരിച്ച് 2012-13-ൽ നൽകേണ്ടിയിരുന്ന 336.76 കോടി രൂപയിൽ 155.795 കോടി രൂപയും 2013-14-ൽ നൽകേണ്ടിയിരുന്ന 228.69 കോടി രൂപയിൽ 108.12 കോടി രൂപയും സർക്കാർ കൊടുത്തുകഴിഞ്ഞു. കൂടാതെ ബ്ലോക്ക് പഞ്ചായത്തിൽ വിവിധ കാരണങ്ങളാൽ ചെലവഴിക്കാതെ കിടന്ന ഐ.എ.വൈ. പദ്ധതിയിലെ അക്കൗണ്ടിലെ പണവും 2013-14 -ൽ പഞ്ചായത്തുകൾ ഏറ്റെടുത്ത ചില പ്രോജക്ടുകളിൽ ചെലവഴിക്കാതെ കിടന്ന തുകയും ചേർത്ത് 148 കോടി രൂപ അനുവദിക്കുകയും അത് ചെലവഴിക്കുകയും ചെയ്തു. 2014-15-ൽ ലഭ്യമാകാനുള്ള 50,000 രൂപ നിരക്കിൽ ആവശ്യമായ തുകയടക്കം സർക്കാർ ഈയിനത്തിൽ അധികമായി കൊടുക്കാൻ ബാക്കിയുള്ളത് 613.15 കോടി രൂപയാണ്. അതിനുവേണ്ടി 650 കോടി രൂപ സംസ്ഥാന ഗവൺമെന്റിന് ഒരാഴ്ച മുമ്പ് ഹഡ്കോയുടെ വായ്പ ലഭിച്ചു കഴിഞ്ഞു. അത് സംബന്ധിച്ച നടപടികൾ ആരംഭിച്ചു കഴിഞ്ഞു. ആ വായ്പ ലഭിച്ചു കഴിഞ്ഞാൽ കുടിശ്ശിക കൊടുത്തു തീർക്കും. അങ്ങ് പറഞ്ഞതുപോലെ ഒരു പ്രതിസന്ധിയും ഈ രംഗത്തില്ല. തുക വർദ്ധിപ്പിച്ചപ്പോഴുണ്ടായ ചില സാമ്പത്തിക പ്രയാസങ്ങളുണ്ട്. 75000 രൂപ കൊടുത്താൽ ഒരു വീട് നിർമ്മിക്കാൻ സാധ്യമാണോ ? ഈ സർക്കാർ തുക വർദ്ധിപ്പിച്ചതുകൊണ്ട് ഐ.എ.വൈ. പദ്ധതി ആകർഷകമായി. അതിന്റെ ബാധ്യത ഏറ്റെടുത്തത് സംസ്ഥാന ഗവൺമെന്റും പഞ്ചായത്തുകളുമാണ്. തുക വർദ്ധിപ്പിച്ചില്ലെങ്കിൽ ആരും വീട് പണിയില്ല. നല്ല ഉദ്ദേശത്തിലാണ് ഇത് ചെയ്തത്. കുറെ പ്രയാസങ്ങളുണ്ടായി, എല്ലാ ബാധ്യതയും ഹഡ്കോ വായ്പ കിട്ടിക്കഴിയുമ്പോൾ കൊടുത്തുതീർക്കുമെന്ന് അറിയിക്കുകയാണ്.

ശ്രീ. എ. കെ. ബാലൻ: സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് ഞാൻ പറഞ്ഞ കാര്യം തന്നെയാണ്. 613 കോടി രൂപ കുടിശ്ശികയുണ്ടെന്ന് ഞാൻ പറഞ്ഞത് ബഹുമാനപ്പെട്ട മന്ത്രിയും സമ്മതിച്ചിട്ടുണ്ട്. ആ തുക നൽകുന്നതിനായി 650 കോടി രൂപ ഹഡ്കോയിൽനിന്ന് വായ്പയെടുക്കുന്നുണ്ട്. ആ വായ്പ കിട്ടിയാൽ കൊടുക്കാമെന്നാണ് പറഞ്ഞത്, അത് ശരിതന്നെയാണ്. ഞാൻ വാസ്തവ വിരുദ്ധമായിട്ടുള്ള യാതൊന്നും പറഞ്ഞിട്ടില്ല. ഇന്ദിരാ ആവാസ് യോജനയുമായി ബന്ധപ്പെട്ടുകൊണ്ട് ഗ്രാമവികസന വകുപ്പിൽനിന്ന് എനിക്ക് കിട്ടിയിട്ടുള്ള കണക്കിന്റെ അടിസ്ഥാനത്തിലാണ് ഞാൻ പറഞ്ഞത്. ആ കണക്കിൽ ബഹുമാനപ്പെട്ട മന്ത്രിക്ക് ഡിസ്പ്യൂട്ട് ഇല്ല. തുക വർദ്ധിപ്പിച്ചത് നല്ലതുതന്നെയാണ്. അതിനോട് ഒരു തരത്തിലുള്ള വിയോജിപ്പുമില്ല. പക്ഷേ വീടുകളെല്ലാം പൊളിഞ്ഞതിനുശേഷം 3 വർഷം കഴിഞ്ഞ് വർദ്ധിപ്പിച്ച തുക കിട്ടിയിട്ട് കാര്യമില്ല. ഉപഭോക്താവിനെ

സംബന്ധിച്ച് ഇതിന്റെ ഗുണം അവർക്ക് ലഭ്യമാവുകയില്ല. അതുകൊണ്ട് ഈ തുക അടിയന്തരമായി ലഭ്യമാക്കുന്നതിനും വിതരണം ചെയ്യുന്നതിനുമുള്ള നടപടി സ്വീകരിക്കണം. ഇന്ദിരാ ആവാസ് യോജന പ്രകാരം ഇപ്പോൾ രണ്ട് ലക്ഷം രൂപയാണ് കൊടുക്കുന്നത്. രണ്ട് ലക്ഷം രൂപയിൽ, 70000 രൂപ സെൻട്രൽ ഗവൺമെന്റും 50000 രൂപ സ്റ്റേറ്റ് ഗവൺമെന്റും 40000 രൂപ ബ്ലോക്ക് പഞ്ചായത്തും 20000 രൂപ ജില്ലാ പഞ്ചായത്തും 20000 രൂപ ഗ്രാമപഞ്ചായത്തുമാണ് നൽകുന്നത്. ഇപ്പോൾ പട്ടികജാതി പട്ടികവർഗ്ഗ വകുപ്പ് ഈ തുക 3 ലക്ഷമാക്കിയിട്ടുണ്ട്. 3 ലക്ഷം കിട്ടുമെന്ന ധാരണയിൽ എസ് സി./എസ് ടി. വിഭാഗക്കാർ ഐ.എ.വൈ. പദ്ധതിയിൽ അപേക്ഷിക്കുന്നില്ല. എന്നാൽ പട്ടികജാതി/ പട്ടികവർഗ്ഗ വകുപ്പ് വർദ്ധിപ്പിച്ച തുക നൽകുന്നുമില്ല. അതിന്റെ ഭാഗമായി ബഹുമാനപ്പെട്ട മന്ത്രി ഇടപെട്ട് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഒരു ലക്ഷം രൂപ വർദ്ധിപ്പിച്ച് 3 ലക്ഷം രൂപയാക്കണം. അല്ലെങ്കിൽ ഈ പദ്ധതി പൊളിഞ്ഞു പോകും. അതുകൂടി ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

ശ്രീ. കെ. സി. ജോസഫ്: സർ, എസ് സി വിഭാഗത്തിന് മൂന്ന് ലക്ഷവും എസ് ടി. വിഭാഗത്തിന് രണ്ടരലക്ഷവുമാണ്. അങ്ങ് പറഞ്ഞതുപോലെ എസ് സി. വിഭാഗത്തിന് 3 ലക്ഷമാക്കിയതുകൊണ്ട് അപേക്ഷകർ ഐ.എ.വൈ. ഓപ്റ്റ് ചെയ്യുന്നില്ല. ഈ തുക യൂണിഫോമാക്കാൻ നടപടി സ്വീകരിക്കുന്നുണ്ട്.

10.37 AM]

## IV സബ്മിഷൻ

### (1) ടെലിവിഷൻ ചാനലുകളിലെ ജീവനക്കാർക്ക് ശമ്പളവും ആനുകൂല്യങ്ങളും

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്യുതാനന്ദൻ): സർ, സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന ടെലിവിഷൻ ചാനലുകളിലെ മാധ്യമപ്രവർത്തകരടക്കമുള്ള ജീവനക്കാർക്ക് മാസങ്ങളായി ശമ്പളവും മറ്റാനുകൂല്യങ്ങളും ലഭിക്കാത്തതുമൂലം വലിയ കഷ്ടതകൾ അനുഭവിക്കുകയാണ്. കേരളത്തിലെ ആദ്യ മുഴുവൻ സമയ വാർത്താ ചാനലായ ഇന്ത്യാ വിഷൻ മാധ്യമ പ്രവർത്തകർക്ക് ശമ്പളം നൽകിയിട്ട് മൂന്ന് മാസം കഴിയുന്നു. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി ഡോ. എം. കെ. മുനീറാണ് ഈ ചാനലിന്റെ സ്ഥാപക ചെയർമാൻ. മന്ത്രിക്കും കുടുംബത്തിനും ഈ കമ്പനിയിൽ വലിയ പങ്കാളിത്തമുള്ളതുകൊണ്ട്

ഉത്തരവാദിത്വത്തിൽനിന്ന് ഒഴിഞ്ഞുമാറാൻ കഴിയില്ല. ബഹുമാനപ്പെട്ട മന്ത്രി കൈകാര്യം ചെയ്യുന്നത് സാമൂഹ്യനീതി വകുപ്പാണ് എന്നതാണ് ഏറെ രസകരം. ഇന്ത്യാ വിഷൻ മാത്രമല്ല, ടി.വി. ന്യൂസ് ചാനനിലെ സ്ഥിതിയും ഇതുതന്നെയാണ്. ഫോർത്ത് എസ്റ്റേറ്റ് എന്ന് വിളിക്കപ്പെടുന്ന മാധ്യമങ്ങളിലെ ജീവനക്കാർ അനുഭവിച്ചുകൊണ്ടിരിക്കുന്ന ഈ ദുരവസ്ഥ സർക്കാർ കണ്ടില്ലെന്ന് നടിക്കുകയാണ്. തൊഴിൽ വകുപ്പുമന്ത്രി തന്റെ മന്ത്രി സുഹൃത്ത് ഉൾപ്പെടെയുള്ളവരുടെ തൊഴിലാളി വിരുദ്ധ നടപടികൾ നിസ്സംഗതയോടുകൂടി കണ്ടുകൊണ്ടിരിക്കുകയാണ്. കേരളത്തിൽ നഗ്നമായ തൊഴിൽനിയമ ലംഘനം വ്യാപകമായി നടന്നു കൊണ്ടിരിക്കുന്നു. സ്വകാര്യ സ്ഥാപനങ്ങളിലും കോർപ്പറേറ്റ് സ്ഥാപനങ്ങളിലും ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് സംരക്ഷണം ഉറപ്പാക്കുന്നതിന് സർക്കാർ തയ്യാറാകുന്നില്ല. തൊഴിലാളികളിൽനിന്ന് പിടിക്കുന്ന പ്രോവിഡന്റ് ഫണ്ട്, ഇ.എസ്.ഐ. ക്ഷേമനിധി വിഹിതം എന്നിവ കൃത്യമായി ബന്ധപ്പെട്ട വകുപ്പുകളിൽ അടയ്ക്കുന്നില്ല. ഇത് ഗുരുതരമായ കുറ്റമാണ്. ആയതിനാൽ അടിയന്തരമായി തൊഴിൽ വകുപ്പുമന്ത്രി മാധ്യമപ്രവർത്തകരുടെ കാര്യങ്ങളിൽ ഇടപെട്ട് അവർക്ക് ശമ്പളവും മറ്റാനുകൂല്യങ്ങളും ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും നിയമപരമായി ജീവനക്കാരിൽ നിന്നും പിടിച്ചെടുത്ത തുക അടയ്ക്കാതിരിക്കുന്ന ഉദ്യോഗസ്ഥരെ അറസ്റ്റ് ചെയ്ത് ജയിലിലടയ്ക്കണമെന്നും ഞാൻ ആവശ്യപ്പെടുകയാണ്.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, സംസ്ഥാനത്തുള്ള ടെലിവിഷൻ ചാനലുകൾ വിവിധ മാനേജ്മെന്റുകളുടെ കീഴിൽ പ്രവർത്തിച്ചുവരുന്നു. ടി ചാനലുകളിൽ മാധ്യമ പ്രവർത്തകരുൾപ്പെടെ വിവിധ തസ്തികകളിലായി ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്. എന്നാൽ അവർക്ക് ശമ്പളവും ആനുകൂല്യവും ലഭിക്കുന്നില്ലെന്ന കാര്യം പ്രതിപക്ഷ നേതാവ് ഉന്നയിച്ചിരിക്കുകയാണ്. അദ്ദേഹം നോട്ടീസ് നൽകിയതിൽ വ്യക്തമായി ഒരു ചാനലിനെയും പരാമർശിച്ചിരുന്നില്ല, പൊതുവായിട്ടാണ് പറഞ്ഞിരുന്നത്. സഭയിലാണ് അദ്ദേഹം ചാനലിന്റെ പേര് പറഞ്ഞത്. ശമ്പളവും ആനുകൂല്യങ്ങളും കൃത്യമായി നൽകുന്ന മാനേജ്മെന്റുകൾ നിലവിലുണ്ട്. ആയതിനാൽ ഇക്കാര്യത്തിൽ എല്ലാ മാനേജ്മെന്റുകളെയും കുറ്റപ്പെടുത്താൻ സാധിക്കുകയില്ല. ദൃശ്യ മാധ്യമങ്ങളുടെ മാനേജ്മെന്റുകളുടെമേൽ നിലവിലുള്ള ചട്ടപ്രകാരം സംസ്ഥാന ഗവൺമെന്റിന് പരിമിതമായ നിയന്ത്രണങ്ങളേയുള്ളൂ. ദൃശ്യമാധ്യമങ്ങളിലെ ജീവനക്കാർക്ക് ശമ്പളം നൽകാതിരിക്കുക എന്നത് നിർഭാഗ്യകരമാണ്. സർക്കാരിന് ഈ വിഷയത്തിൽ ഇടപെടാൻ പരിമിതികളുണ്ടെങ്കിലും അങ്ങ് സഭയിൽ ഉന്നയിച്ച ബന്ധപ്പെട്ട ചാനലുകളുടെ പേരു വിവരങ്ങൾ തൊഴിൽ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ നടപടി സ്വീകരിക്കുന്നതാണ്.

## (2) ഹിരണ്യനല്ലൂർ ക്ഷേത്രം അഗ്നിക്കിരയായ സംഭവം

ശ്രീ. ചിററയം ഗോപകുമാർ: സർ, എന്റെ മണ്ഡലത്തിലെ പള്ളിക്കൽ പഞ്ചായത്തിലെ ഇളംപള്ളിൽ ഹിരണ്യനല്ലൂർ മഹാദേവ ക്ഷേത്രത്തിലെ തീപിടുത്തം ക്രൈംബ്രാഞ്ച് അന്വേഷിക്കണമെന്ന ആവശ്യമാണ് ഈ സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുന്നത്. 2014 സെപ്റ്റംബർ മാസം 21-ാം തീയതി പുലർച്ചെ 5.15-ന് ക്ഷേത്രത്തിലെ കീഴ്ശാന്തി ക്ഷേത്രനട തുറക്കാൻ ചെന്നപ്പോഴാണ് ക്ഷേത്രത്തിന് തീ പിടിച്ച വിവരമറിയുന്നത്. ക്ഷേത്രത്തിന്റെ ശ്രീകോവിൽ പൂർണ്ണമായും കത്തി നശിച്ചു. ഫയർഫോഴ്സ് എത്തി തീ അണച്ചെങ്കിലും വിവരം അറിഞ്ഞ് ഞാൻ രാവിലെ 7.15-ന് അവിടെയെത്തിയപ്പോഴും പോലീസ് എത്തിയിട്ടില്ല. ഞാൻ അവിടെ നിന്ന് ജില്ലാ പോലീസ് ചീഫിനെ ഫോൺ ചെയ്ത് വിവരം അറിയിച്ചതിനെത്തുടർന്ന് 10.30 മണിക്ക് ശേഷമാണ് പോലീസ് ഉദ്യോഗസ്ഥർ എത്തിയത്. സംഭവം നടന്നിട്ട് ഇന്ന് ഏകദേശം 79 ദിവസമായിരിക്കുകയാണ്. യാതൊരന്വേഷണവും അതുമായി ബന്ധപ്പെട്ട് നടന്നിട്ടില്ല. അവിടെ ഉണ്ടായിരുന്ന 20 കിലോഗ്രാമോളം വെളിച്ചെണ്ണയിൽ പകുതിയോളം നഷ്ടപ്പെട്ടു. ശ്രീകോവിലിന്റെ ഉപദേവതയുടെ പ്രതിഷ്ഠ പൂർണ്ണമായും കത്തിനശിച്ചു. അവിടെ വൈദ്യുതിലൈൻ ഇല്ലാത്തതുകൊണ്ട് ഷോർട്ട് സർക്യൂട്ടാണ് തീപിടുത്തത്തിന് കാരണമെന്ന് പറയാൻ കഴിയില്ല. ബോധപൂർവ്വമായി ആരോ തീവച്ചതാണ്. ഇതുസംബന്ധിച്ച് ശാസ്ത്രീയമായിട്ടുള്ള യാതൊരു അന്വേഷണവും നടന്നിട്ടില്ല. ആ പ്രദേശത്തെ ഭക്തജനങ്ങൾ പ്രതിഷേധത്തിലാണ്. നവംബർ 7-ാം തീയതി ഞാനടക്കം അവിടത്തെ എല്ലാ വിഭാഗം ആളുകളും രാവിലെ മുതൽ വൈകുന്നേരം വരെ ഉപവാസ സമരമിരുന്നു. അന്നുതന്നെ ഇതുസംബന്ധിച്ച് ക്രൈംബ്രാഞ്ച് അന്വേഷണം വേണമെന്നാവശ്യപ്പെട്ട് ആഭ്യന്തര വകുപ്പുമന്ത്രിക്ക് നിവേദനം കൊടുത്തിരുന്നു. ഇത്രയും ദിവസമായിട്ടും അന്വേഷണം നടക്കാത്തതുകൊണ്ട്, യഥാർത്ഥ വസ്തുത പുറത്തുകൊണ്ടുവരുന്നതിനും കുറ്റക്കാരെ കണ്ടെത്തുന്നതിനും ശാസ്ത്രീയമായ അന്വേഷണം നടത്തുന്നതിനും ഈ കേസ് ക്രൈംബ്രാഞ്ചിനെ ഏൽപ്പിക്കണമെന്ന് ബഹുമാന്യനായ ആഭ്യന്തര വകുപ്പു മന്ത്രിയോട് ഞാൻ ആവശ്യപ്പെടുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, അടൂർ പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട പഴകുളം ഇളംപള്ളിൽ ഹിരണ്യനല്ലൂർ മഹാദേവ ക്ഷേത്രശ്രീകോവിൽ 20-9-2014-ന് രാത്രി 7.45-നും 21-9-2014 പുലർച്ചെ 5.15-നും മദ്ധ്യേ ഏതോവിധം കത്തിനശിച്ചു.

ഇക്കാര്യം ശ്രീ. ചിറ്റയം ഗോപകുമാർ എന്റെ ശ്രദ്ധയിൽപ്പെടുത്തിയതാണ്. റവന്യൂ വകുപ്പുമന്ത്രി ശ്രീ. അടൂർ പ്രകാശ് സ്ഥലം സന്ദർശിച്ചതാണ്. ഈ കേസ്സിന്റെ അന്വേഷണം അടൂർ പോലീസ് സബ് ഇൻസ്പെക്ടർ ഏറ്റെടുക്കുകയും ഫോറൻസിക് സയൻസ് ലബോറട്ടറി ഉദ്യോഗസ്ഥർ, വിരലടയാള വിദഗ്ദ്ധർ, പോലീസ് ഫോട്ടോഗ്രാഫർ, ഡോഗ് സ്ക്വാഡ് എന്നീ വിഭാഗങ്ങളെക്കൊണ്ട് തെളിവെടുപ്പ് നടത്തുകയും വിശദമായി അന്വേഷണം നടത്തുന്നതിന് 13-10-2014-ന് അടൂർ പോലീസ് സർക്കിൾ ഇൻസ്പെക്ടറെ ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ്. 20-9-2014-ന് രാത്രി 7.45 മണിയോടെ ക്ഷേത്രത്തിലെ കീഴ്ശാന്തി അരുണും ക്ഷേത്ര മാനേജർ വിശ്വനാഥ പിള്ളയും നടയടച്ച് പോയിട്ടുള്ളതും പിറ്റേദിവസം പുലർച്ചെ പതിവായുള്ള പൂജയ്ക്ക് കീഴ്ശാന്തി എത്തിയ സമയം ശ്രീകോവിലിൽ തീ കത്തുന്നത് കാണുകയുമാണുണ്ടായത്. തീപിടുത്തത്തിൽ ശ്രീകോവിലിന് ഉള്ളിലെ വിഗ്രഹങ്ങൾക്കൊന്നും കേടുപാട് സംഭവിക്കുകയോ വസ്തുക്കൾ മോഷണം പോവുകയോ ചെയ്തിട്ടില്ല. അമ്പലവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന 33 പേരെ പോലീസ് ചോദ്യം ചെയ്തു. മറ്റ് ക്ഷേത്രങ്ങളിലുണ്ടായ മോഷണങ്ങളെപ്പറ്റിയും അതിലെ പ്രതികളെപ്പറ്റിയും സ്ഥലത്തെ മൊബൈൽ ഫോൺ ടവർ കേന്ദ്രീകരിച്ച് ഫോൺ കോളുകളുടെ വിവരം ശേഖരിച്ചും അന്വേഷണം നടത്തിയിട്ടുണ്ട്. നാളിതുവരെ തീപിടുത്തത്തിന്റെ കാരണം വെളിവായിട്ടില്ല. ബഹുമാനപ്പെട്ട മെമ്പറുടെ അഭ്യർത്ഥന മാനിച്ച് ഈ കേസ് ക്രൈംബ്രാഞ്ചിന് ട്രാൻസ്ഫർ ചെയ്യാനുള്ള ഉത്തരവ് നൽകുകയാണ്.

### (3) കിസ് ഓഫ് ലവ് പ്രവർത്തകർക്കുനേരെ ഉണ്ടായ ആക്രമണം

ശ്രീ. എ. പ്രദീപ്കുമാർ: സർ, കോഴിക്കോട് ജില്ലയിൽ വർഗ്ഗീയ, ഫാസിസ്റ്റ് സംഘടനകൾ ഡൗൺടൗൺ ഹോട്ടൽ, അടിച്ചുതകർത്ത സംഭവത്തെ തുടർന്ന് അതിനെതിരെയുള്ള പ്രതിഷേധം എല്ലാ സ്ഥലത്തും ഉയർന്നുവരികയാണ്. കൊച്ചിയിലും ചുംബന സമരം നടന്നു. കിസ് ഓഫ് ലവ് പ്രവർത്തകർ രണ്ട് ദിവസം മുമ്പാണ് വൈകുന്നേരം കോഴിക്കോട് പ്രതിഷേധവുമായി വന്നതും ചുംബന സമരം നടത്തിയതും. അവിടെ വീണ്ടും പരസ്യമായി പ്രഖ്യാപിച്ചുകൊണ്ട് ഹനുമാൻസേന, ശിവസേന തുടങ്ങിയ ഫാസിസ്റ്റ് സംഘടനകളും അതിന്റെ പ്രവർത്തകരും വന്ന് സമരത്തിൽ പങ്കെടുത്തവരെ ഭീകരമായി മർദ്ദിച്ചു. ഇന്നലെ സഭയിൽ ആ വിഷയം പരാമർശിക്കപ്പെട്ടതാണ്.

മി. ചെയർമാൻ: ഈ വിഷയം ഇന്നലെ സഭയിൽ പരാമർശിച്ചതും ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞതുമാണ്.

ശ്രീ. എ. പ്രദീപ്കുമാർ: സർ, ബഹുമാനപ്പെട്ട മന്ത്രി സഭയിൽ ഉള്ളപ്പോഴല്ല പറഞ്ഞത്. ആ ആക്രമണത്തിൽ ഷൂട്ട് ചെയ്യാൻ വന്ന സിനിമാ പ്രവർത്തകയായ പ്രശസ്ത തിരക്കഥാകൃത്ത് ശ്രീമതി ദീദി ദാമോദരൻ ആക്രമിക്കപ്പെട്ടു. മാതൃഭൂമിയിൽ ജോലി ചെയ്യുന്ന അവരുടെ ഭർത്താവ് ശ്രീ. പ്രേംചന്ദും ഉണ്ടായിരുന്നു. സമരക്കാരെ ഫാസിസ്റ്റുകൾ അക്രമിക്കുന്നത് കണ്ട് സമരക്കാരോട് ഐക്യദാർഢ്യം പ്രഖ്യാപിച്ച് തന്റെ ഭാര്യയുടെ നെറുകയിൽ ചുംബിച്ച പ്രേംചന്ദിനേയും ഭാര്യ ദീദിയേയും ഭീകരമായി തല്ലി. ഈ സംഭവത്തോട് പോലീസ് സ്വീകരിച്ച നടപടിയാണ് ഞാനിവിടെ ഉന്നയിക്കാൻ ഉദ്ദേശിക്കുന്നത്. പോലീസുകാർ ക്രിമിനലുകളെ സംരക്ഷിക്കുന്ന നിലപാട് സ്വീകരിച്ചു. സമരത്തിൽ പങ്കെടുക്കുന്നവരുടെ ഉടുവസ്ത്രം ഉരിയുമെന്നും അവരെ കൈകാര്യം ചെയ്യുമെന്നും ഹനുമാൻസേന നേരത്തെ തന്നെ പോസ്റ്ററിട്ടിരുന്നു. അത് തടയാനുള്ള ഒരു നടപടിയും പോലീസിന്റെ ഭാഗത്തു നിന്നുമുണ്ടായില്ല. സിറ്റി പോലീസ് കമ്മീഷണർ പരസ്യമായി എല്ലാ ചാനലുകളിലും അഭിമുഖം കൊടുത്തു. അദ്ദേഹം പറഞ്ഞത്, പരസ്യമായി ചുംബിച്ചു കഴിഞ്ഞാൽ തല്ലുകൊണ്ടെന്നുവരുമെന്നാണ്. തല്ലിയ ആളുകളെ ന്യായീകരിക്കുന്ന സമീപനമാണ് അദ്ദേഹം പറഞ്ഞത്. സമരക്കാർക്ക് സംരക്ഷണം കൊടുക്കാൻ പോലീസിന് ഉത്തരവാദിത്തമില്ല; അതിനുള്ള നേരം പോലീസിനില്ല ; വേറെ പണിയുണ്ട് എന്ന രീതിയിൽ അക്രമികൾക്ക് ഊർജ്ജം പകരുന്ന നിലപാട് സിറ്റി പോലീസ് കമ്മീഷണറുടെ ഭാഗത്തുനിന്നും ഉണ്ടായി. ഇത് ഗവൺമെന്റിന്റെ നിലപാടാണോയെന്നറിയണം ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി ഇന്നലെ പറഞ്ഞത്, സമരം ചെയ്യുന്നവരോടും അതിനെ എതിർക്കുന്നവരോടും ഗവൺമെന്റിന് ഒരേ സമീപനമാണെന്നാണ്. പരിഷ്കൃത ജനാധിപത്യ സമൂഹത്തിലെ ഒരു ഗവൺമെന്റിന്, ഒരു മതേതര സമീപനം സ്വീകരിക്കുന്ന ഗവൺമെന്റിന് അഭികാമ്യമായ നിലപാടാണോ ഇതെന്ന് അങ്ങ് വ്യക്തമാക്കേണ്ടതുണ്ട്. ഇന്നത്തെ മാതൃഭൂമിയിൽ വന്നിട്ടുള്ള മുഖപ്രസംഗം ഞാൻ ഉദ്ധരിക്കുകയാണ്. "ചുംബന സമരത്തെ പ്രതീകാത്മകമായ ഒരു പ്രതിഷേധ പ്രകടനമായാണ് കാണേണ്ടത്. ലൈംഗികോദ്ദേശ്യമോ മറ്റുള്ളവരുടെ വികാരങ്ങൾ വ്രണപ്പെടുത്തൽ ലക്ഷ്യമോ ഇല്ലാത്ത അത്തരമൊരു പ്രതിഷേധ പ്രകടനത്തിന് അവസരം നൽകുന്നതാണ് ഇന്ത്യൻ ജനാധിപത്യം. പരസ്യചുംബനം പാപവും പാരമ്പര്യവിരുദ്ധവുമാണെന്ന് ധരിക്കുന്നവരുടെ അറിവില്ലായ്മയെപ്പറ്റി സഹതപിക്കാനേ കഴിയൂ. വ്യക്തിപരമായ പ്രവൃത്തി മാത്രമായല്ല ചുംബനം മനുഷ്യസമൂഹത്തിൽ ഉപയോഗിക്കപ്പെടുന്നത്. മണ്ണിനെ ചുംബിക്കലും പവിത്ര പദവിയുള്ളവരുടെ കൈ ചുംബിക്കലും 'ഫ്ലയിങ്

കിസ്സും' മതചിഹ്നങ്ങളെ ചുംബിക്കലും അന്ത്യചുംബനമർപ്പിക്കലുമെല്ലാം മനുഷ്യ സമൂഹത്തിലുണ്ട്. പരസ്യമായി ആലിംഗനം ചെയ്ത് ചുംബിക്കുന്ന ആധ്യാത്മിക വ്യക്തിത്വങ്ങൾ ഇന്ത്യൻ സമൂഹത്തിന് പരിചിതമാണ്. പ്രതീകാത്മകമായ ക്രിയകളാണവ. ചുംബനത്തെയോ അതിന്റെ പ്രതീകാത്മക ആവിഷ്കാരങ്ങളേയോ കേരളവും വിലക്കിയിട്ടില്ല." ഇത് പൊതുവായ സമീപനമാണ്. ഈ സമയത്താണ് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി ഇന്നലെ പറഞ്ഞത്, ചുംബന സമരത്തിൽ പങ്കെടുത്തവരോടും അതിനെ എതിർത്തവരോടും ഒരേ നിലപാടാണ് ഗവൺമെന്റിനുള്ളത് എന്നാണ്. ആ നിലപാട് വച്ചാണ് അങ്ങയുടെ പോലീസ് കമ്മീഷണർ ഈ നിലയ്ക്കുള്ള പ്രതികരണം നടത്തിയതും. സാംസ്കാരിക പ്രവർത്തകർക്കെതിരെ അക്രമം നടത്തിയ ഒരാളെപ്പോലും അറസ്റ്റ് ചെയ്തിട്ടില്ല. കേരളത്തിന്റെ സാംസ്കാരിക രാഷ്ട്രീയ ഭൂപടത്തിൽ വന്നിരിക്കുന്ന ഹനുമാൻസേന എന്ന വികൃത ജന്മത്തിലുള്ള ഒരാളേയും അറസ്റ്റ് ചെയ്തിട്ടില്ല. സാധാരണ സമരങ്ങളിൽ പങ്കെടുക്കുന്ന കുട്ടികളുടെ വീട് കയറി റെയ്ഡ് ചെയ്ത് പിടിക്കുകയാണ് പോലീസ് ചെയ്യുന്നത്.

മി. ചെയർമാൻ : പ്ലീസ് കൺക്ലൂഡ്. ഇതെല്ലാം ഇന്നലെ പറഞ്ഞതാണ്.

ശ്രീ. എ. പ്രദീപ്കുമാർ: സർ, ഞാൻ അവസാനിപ്പിക്കുകയാണ്. ജനാധിപത്യം ശക്തിപ്പെടാൻ ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി ഇന്നലെ ഇവിടെ പറഞ്ഞ നിലപാട് തിരുത്തണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. രണ്ടാമതായി, ഈ ഫാസിസ്റ്റുകൾക്കെതിരെ ശക്തമായ നിലപാട് സ്വീകരിക്കണം. ഏതുരീതിയിൽ സമരം ചെയ്യണമെന്ന് സമൂഹത്തിലെ ജനാധിപത്യ പക്വതയുള്ള ആളുകൾ തീരുമാനിക്കട്ടെ. ജനാധിപത്യപരമായ പ്രതിഷേധങ്ങൾക്ക് സംരക്ഷണം കൊടുക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, 7-12-2014 പകൽ 3.00 മണിക്ക് കോഴിക്കോട് കസബ പോലീസ് സ്റ്റേഷൻ പരിധിയിൽ 'കിസ് ഇൻ സ്ട്രീറ്റ് ' എന്ന പേരിൽ ചുംബന പരിപാടിയുമായി 3 സ്ത്രീകൾ ഉൾപ്പെടെ 40 ആളുകളുടെ സംഘം 'തെരുവിൽ ചുംബിക്കും ; ചുംബനം നമ്മുടെ അവകാശമാണ് ' എന്ന മുദ്രാവാക്യം മുഴക്കി ബസ് സ്റ്റാന്റ് പരിസരത്തെത്തി. ഈ സമയം ചുംബന സമരത്തെ എതിർത്തുകൊണ്ട് 30 പേർ സംഘമായി സമരക്കാർക്കെതിരെയെത്തി. സമര അനുകൂലികളും എതിർക്കുന്നവരും തമ്മിൽ സംഘർഷത്തിലേക്ക് നീങ്ങുമെന്ന സ്ഥിതി ആയപ്പോൾ സ്ഥലത്തുണ്ടായിരുന്ന പോലീസ് ഇരുകൂട്ടരേയും അറസ്റ്റ് ചെയ്ത് കസബ പോലീസ് സ്റ്റേഷനിലേക്ക് മാറ്റി.

ക്രൈം നമ്പർ 1074/14 u/s 151 Cr.P.C. ആയും ക്രൈം നമ്പർ 1075/14 u/s 151 Cr.P.C. ആയും രണ്ട് കേസ്സുകൾ രജിസ്റ്റർ ചെയ്തു. ഇതിനിടെ ചുംബന സമരക്കാരും അതിനെ എതിർക്കുന്നവരും ചെറിയ ഗ്രൂപ്പുകളായി നഗരത്തിന്റെ പല ഭാഗങ്ങളിലും സംഘടിക്കാൻ തുടങ്ങി. അതിൽ ചുംബിക്കാൻ ശ്രമിച്ച ചില ആളുകളും അതിനെ എതിർക്കാൻ ശ്രമിച്ചവരും തമ്മിൽ കിഡ്സൺ കോർണർ ജംഗ്ഷനിൽ ഏറ്റുമുട്ടൽ ഉണ്ടായപ്പോൾ പോലീസ് സ്ഥലത്തെത്തി ലാത്തി വീശി രണ്ടുവിഭാഗക്കാരെയും വിരട്ടി ഓടിച്ചു. ഇക്കാര്യത്തിൽ ടൗൺ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 1015/14 u/s 160 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്യുകയും രണ്ട് പേരെ അറസ്റ്റ് ചെയ്ത് ജാമ്യത്തിൽ വിടുകയും ചെയ്തു. അറസ്റ്റിനിടെ വനിതാ പോലീസിനെ തടസ്സപ്പെടുത്തിയതിന് ക്രൈം നമ്പർ 1076/14 u/s 117(E) of K.P. Act പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് പ്രതിയെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ചുംബന സമരത്തെ പോലീസ് നിരോധിച്ചിട്ടില്ല. ചുംബന സമരക്കാരും അതിനെ എതിർക്കുന്നവരും തമ്മിൽ സംഘർഷമുണ്ടായ സന്ദർഭത്തിൽ പോലീസ് ക്രമസമാധാനം ഉറപ്പുവരുത്താനുള്ള ഇടപെടൽ മാത്രമാണ് നടത്തിയത്. ഏതാണ്ട് രണ്ടായിരത്തിൽപ്പരം ആളുകൾ കാഴ്ചക്കാരായി ബസ് സ്റ്റാന്റ് പരിസരത്ത് നിന്നിരുന്നു. ഇതുസംബന്ധിച്ച് ഞാൻ ഇന്നലെ പറഞ്ഞത് ശ്രീ. എ. പ്രദീപ് കുമാർ തെറ്റിദ്ധരിച്ചിരിക്കുകയാണ്. ചുംബന സമരം നടത്താനും അതിനെതിരെ പ്രതിഷേധിക്കാനുമുള്ള അവകാശം ഈ നാട്ടിലുണ്ട്. ഈ പ്രതിഷേധങ്ങളെയൊന്നും ഗവൺമെന്റ് എതിർക്കുന്നില്ല. ഗവൺമെന്റ് ഒരു സമരത്തേയും നിരോധിച്ചിട്ടുമില്ല.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ഡോ. ടി. എം. തോമസ് ഐസക്: സർ, പ്രതിഷേധിക്കാനുള്ള അവകാശമുണ്ട്. നിയമവിധേയമായി നടത്തുന്ന സമരത്തെ കയ്യേറ്റം ചെയ്യുന്നതിനുള്ള അവകാശമുണ്ടോ?

ശ്രീ. രമേശ് ചെന്നിത്തല: സർ, അങ്ങനെ കയ്യേറ്റം ചെയ്തിട്ടുള്ള ആളുകളുടെ പേരിൽ കേസ്സെടുക്കുകയും അവരെ അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. പിന്നീട് അവർക്ക് ജാമ്യം ലഭിച്ചു. ലിജീഷ് 31 വയസ്സ്, ചുംബന സമരത്തെ എതിർത്ത നിധീഷ് 26 വയസ്സ് എന്നിവരെയാണ് പോലീസ് അറസ്റ്റ് ചെയ്തത്.

ശ്രീമതി കെ. കെ. ലതിക: സർ, അപ്പോൾത്തന്നെ അവർക്ക് ജാമ്യവും കൊടുത്തു.

ശ്രീ. രമേശ് ചെന്നിത്തല: സർ, ജാമ്യമുള്ള വകുപ്പാണ്. ഈ കുറ്റത്തിന്

307 വകുപ്പ് ചുമത്താൻ സാധിക്കുമോ; ജാമ്യമുള്ള വകുപ്പല്ലേ ചുമത്താൻ സാധിക്കുകയുള്ളൂ. ചെയ്യുന്ന കുറ്റത്തിനല്ലാതെ നടപടിയെടുക്കാൻ സാധിക്കുമോ ?

ഡോ. ടി. എം. തോമസ് ഐസക് : സർ, അറസ്റ്റ് ചെയ്യപ്പെട്ടിട്ടുള്ള ചില വ്യക്തികൾ ഇതിനുമുമ്പ് നിരന്തരമായി ഗുണ്ടാ ആക്രമണങ്ങൾ നടത്തിയിട്ടുള്ള വരാണെന്ന് 'ടൈംസ് ഓഫ് ഇൻഡ്യ' എന്ന പത്രത്തിൽ വിശദമായി വാർത്ത വന്നിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ, നാളെ ഒരാൾ ഇത് ചെയ്യാൻ ധൈര്യപ്പെടാത്ത രീതിയിൽ, ഇവർക്കെതിരെ കർശനമായ നടപടി സ്വീകരിക്കാൻ അങ്ങ് തയ്യാറാകുമോ ?

ശ്രീ. രമേശ് ചെന്നിത്തല: സർ, അത് പരിശോധിക്കാം. ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഏത് സമരത്തിനോടും യാതൊരു എതിർപ്പുമില്ല. അത് ചുംബന സമരമാണെങ്കിലും മറ്റ് പ്രതിഷേധ സമരങ്ങളാണെങ്കിലും അതിലൊന്നും ഗവൺമെന്റിന് എതിർപ്പില്ല. പക്ഷേ അതൊരു ക്രമസമാധാന പ്രശ്നമായി മാറുമ്പോൾ പോലീസിന് ഇടപെടേണ്ടി വരും. അതാണ് ഞാൻ പറഞ്ഞത്. ശ്രീ. എ. പ്രദീപ് കുമാർ തെറ്റിദ്ധരിച്ചതാണ്. ഗവൺമെന്റിന് പറയാനുള്ളത് ഇതാണ്.

ശ്രീ. സാജു പോൾ: സർ, എറണാകുളത്ത് മറൈൻ ഡ്രൈവിൽ വലിയ സമരാഭാസം നടന്നു, കോഴിക്കോട് കഴിഞ്ഞു. ഇനി അടുത്തത് ആലപ്പുഴയിലാണെന്നാണ് പറയുന്നത്. പതിനായിരത്തോളം പേരാണ് മറൈൻ ഡ്രൈവിൽ സംഘടിച്ചത്. അങ്ങനെ അവിടെ ആളുകൾ ഒത്തുചേരാതിരിക്കാനുള്ള മുൻകരുതൽ എന്തുകൊണ്ട് പോലീസ് സ്വീകരിക്കാത്തത് ?

ശ്രീ. രമേശ് ചെന്നിത്തല : സർ, അത് നിരോധിക്കാതിരുന്നതാണ്. സമരങ്ങളെപ്പറ്റി വ്യത്യസ്ത അഭിപ്രായങ്ങളുണ്ട്. അത് പോലീസ് ഒരിക്കലും നിരോധിച്ചിട്ടില്ല. നിരോധിക്കണമെന്ന അഭിപ്രായക്കാരുണ്ട്. പക്ഷേ ഗവൺമെന്റെടുത്ത സമീപനം ഇത് നിരോധിക്കേണ്ട എന്നുള്ളതാണ്. ചുംബന സമരം നടത്താനും അതിൽ പ്രതിഷേധിക്കാനുമൊക്കെയുള്ള അവകാശം നമ്മുടെ നാട്ടിൽ ജനാധിപത്യ പരമായിട്ടുണ്ട്. എല്ലാവർക്കും അവരുടെ വ്യക്തി സ്വാതന്ത്ര്യമുണ്ട്. ഈ സമരത്തിൽ പങ്കെടുക്കുന്നതിനെക്കാൾ കൂടുതൽ ആളുകൾ കാണാനാണ് വരുന്നത്. രണ്ടായിരം ആളുകളാണ് കോഴിക്കോട് തടിച്ചുകൂടിയത്. അവർ ഇത് കാണാൻ വന്നവരാണ്. മാത്രവുമല്ല, കോഴിക്കോട് സിറ്റിയുടെ വിവിധ ഭാഗങ്ങളിൽ ഈ സമരം നടക്കുകയാണ്. പോലീസിന് മുൻകൂട്ടി അറിവില്ലാത്ത നിലയിൽ ഇത് സംഭവിച്ചതു കൊണ്ടാണ് അതിനെ നിയന്ത്രിക്കാൻ സാധിക്കാത്തതും ഈ പറഞ്ഞ സംഭവം മിഠായിത്തെരുവിലും മറ്റ് സ്ഥലങ്ങളിലുമുണ്ടായതും. ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം, ഈ സമരങ്ങൾക്കൊന്നും എതിരല്ല. ഇപ്പോൾത്തന്നെ സെക്ഷൻ 294 ഐ.പി.സി.

പ്രകാരം മറ്റുള്ളവർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന തരത്തിൽ പൊതു സ്ഥലത്തുവച്ച് obscene act ചെയ്യുന്നത് കുറ്റകരമാണ്. ആ സെക്ഷൻ ഈ സംഭവിത്തനകത്ത് പ്രയോഗിച്ചിട്ടില്ല. ചുംബന സമരത്തെ ഒരു obscene act ആയി കണ്ടിട്ടില്ല.

ശ്രീ. വി. എസ്. സുനിൽ കുമാർ : സർ, ചുംബന സമരത്തെ obscene act ആയി കണ്ടില്ലായെന്നുള്ളത് നല്ല കാര്യം തന്നെ, പക്ഷെ അവിടെ സമരത്തിൽ പങ്കെടുത്ത വനിതാ പ്രവർത്തകരായ ആളുകളുടെ വസ്ത്രം വലിച്ചുകീറുന്നത് ഉൾപ്പടെയുള്ള വളരെ ഗുരുതരമായ കുറ്റകൃത്യം നടന്നിട്ടുണ്ട്. അത് ചെയ്തിരിക്കുന്നത് ഹനുമാൻ സേനക്കാരാണ്. അവരെ എന്തുകൊണ്ട് അറസ്റ്റ് ചെയ്യുന്നില്ല ?

ശ്രീ. രമേശ് ചെന്നിത്തല : സർ, അറസ്റ്റ് ചെയ്തിട്ടുണ്ട്. ശ്രീ. വി. എസ്. സുനിൽ കുമാർ ഒരു കാര്യം മനസ്സിലാക്കണം, അവർ പ്രഖ്യാപിച്ചിരുന്ന സ്ഥലത്തല്ല സമരം നടത്തിയത്. നേരത്തെ പ്രഖ്യാപിച്ചിരുന്നത് ബസ് സ്റ്റാന്റിൽ സമരം നടത്തുമെന്നായിരുന്നു. അതിനാൽ അവിടെ പോലീസുണ്ടായിരുന്നു. അവർ മിഠായിത്തെരുവിലും കിഡ്സൺ കോർണറിലും മറ്റ് പല സ്ഥലങ്ങളിലും സമരം നടത്തിയാൽ പോലീസെങ്ങനെ അറിയും? അവർ പ്രഖ്യാപിച്ച സ്ഥലത്ത് പോലീസുണ്ടായിരുന്നു. വേറെ സ്ഥലങ്ങളിലാകുമ്പോൾ പോലീസിന് അവിടെ എത്തേണ്ട സമയം വേണ്ടിവരും. ഒരു നിശ്ചിത സ്ഥലം പ്രഖ്യാപിച്ച് അവിടെ സമരം നടത്തുമ്പോൾ പോലീസ് അവിടെയുണ്ടായിരുന്നു. നിശ്ചിത സമയത്ത് ഒരു നിശ്ചിത സ്ഥലത്ത് സമരം നടത്തുമെന്ന് പറഞ്ഞിട്ട് അവിടെ നടത്താതെ മറ്റ് പല സ്ഥലങ്ങളിലും നടത്തിയാൽ പോലീസിന് എന്തുചെയ്യാൻ സാധിക്കും? അങ്ങനെയൊരു കൺഫ്യൂഷനാണ് അവിടെ ഉണ്ടായത്. പോലീസിന്റെ ഭാഗത്തുനിന്നും ഒരു തരത്തിലുള്ള തെറ്റും ഉണ്ടായിട്ടില്ല.

ശ്രീ. പി. സി. ജോർജ്: സർ, എനിക്കൊരു സംശയമുള്ളത് ഭാര്യയും ഭർത്താവും നടുറോഡിൽ വന്ന് ചുംബിക്കണമെന്ന് എന്താണ് നിർബന്ധം ? ഇൻഡ്യയ്ക്കൊരു സംസ്കാരമുണ്ട്, കേരളത്തിന് ഒരു തനതായ സംസ്കാരമുണ്ട്. ആ സംസ്കാരം തകർക്കുന്നതിനോട് എനിക്ക് യോജിക്കാൻ സാധിക്കില്ല.

ശ്രീ. രമേശ് ചെന്നിത്തല: സർ, അതുകൊണ്ട് ഗവൺമെന്റ് എടുത്ത സമീപനം ഇതാണ്, ഒരു സമരത്തെയും ഗവൺമെന്റ് നിരോധിക്കുന്നില്ല. ആർക്കും സമരം

ചെയ്യുന്നതിനുള്ള അധികാരമുണ്ട്. പക്ഷെ അതൊരു ക്രമസമാധാന പ്രശ്നമായി മാറുകയാണെങ്കിൽ പോലീസ് അതിൽ ഇടപെടുകയും നടപടി സ്വീകരിക്കുകയും ചെയ്യും.

## (4) കുനമ്മാവ് സെന്റ് ഫിലോമിനാസ് ദേവാലയം തീർത്ഥാടന കേന്ദ്രമായി സംരക്ഷിക്കൽ

ശ്രീ. വി. ഡി. സതീശൻ: സർ, വിശുദ്ധ പദവിയിലേക്കുയർത്തപ്പെട്ട ചാവറ കുര്യാക്കോസ് ഏലിയാസ് അച്ചൻ തന്റെ വിദ്യാഭ്യാസ, പ്രേഷിത പ്രവർത്തനങ്ങൾ നടത്തിയ സ്ഥലമാണ് കുനമ്മാവ് സെന്റ് ഫിലോമിനാസ് ദേവാലയം. എല്ലാ പള്ളിയോടൊപ്പവും ഒരു പള്ളിക്കൂടം വേണമെന്ന് നിർബന്ധം പിടിക്കുകയും പിന്നാക്ക ജനവിഭാഗങ്ങളെക്കൂടി വിദ്യാഭ്യാസത്തിന്റെ മുഖ്യധാരയിലേക്ക് കൈപിടിച്ച് കൊണ്ടുവരികയും ചെയ്ത കേരളത്തിലെ വിദ്യാഭ്യാസ രംഗത്തെ ഏറ്റവും വലിയ നവോത്ഥാന നായകൻ കൂടിയായിരുന്നു അദ്ദേഹം. അദ്ദേഹം ജീവിച്ച കുനമ്മാവ് ജംഗ്ഷൻ ഇന്ന് കേരളത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട വിദ്യാഭ്യാസത്തിന്റെ ഡെസ്റ്റിനേഷൻ പോയിന്റാണ്. ആറായിരത്തിലധികം വിദ്യാർത്ഥികളും അഞ്ഞൂറിലധികം അദ്ധ്യാപകരും വന്നുപോകുന്ന ഒരു സ്ഥലമായി അവിടം മാറിയിരിക്കുകയാണ്. അദ്ദേഹത്തിന്റെ ഭൗതീക ശരീരം അടക്കം ചെയ്തിരിക്കുന്ന സ്ഥലം കൂടിയാണ് കുനമ്മാവ് സെന്റ് ഫിലോമിനാസ് ദേവാലയം. അതൊരു തീർത്ഥാടന കേന്ദ്രമായി പ്രഖ്യാപിച്ചിരിക്കുന്ന ഈ സാഹചര്യത്തിൽ സംസ്ഥാന സർക്കാരിന്റെ പിന്തുണയും ധനസഹായവും കൂടി ഈ തീർത്ഥാടന കേന്ദ്രത്തിനുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ബഹുമാനപ്പെട്ട അംഗം വി. ഡി. സതീശൻ ഇവിടെ പറഞ്ഞ നിർദ്ദേശം ഗവൺമെന്റ് കാര്യമായിട്ടെടുക്കുന്നതാണ്. ചാവറ അച്ചനെ ഇപ്പോൾ വിശുദ്ധനായി പ്രഖ്യാപിച്ചിരിക്കുകയാണ്. കുനമ്മാവ് സെന്റ് ഫിലോമിനാസ് ദേവാലയത്തെ ഒരു തീർത്ഥാടന കേന്ദ്രമായി പ്രഖ്യാപിച്ചിരിക്കുന്ന സാഹചര്യത്തിൽ തീർത്ഥാടകരുടെ വലിയൊരു നിരതന്നെ അവിടെ എത്തിച്ചേരും. അതുകൂടി കണക്കിലെടുത്തുകൊണ്ട് അവിടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുവേണ്ട നടപടി ഗവൺമെന്റ് സ്വീകരിക്കും. ശ്രീ. വി. ഡി. സതീശൻ അവിടെയുള്ള പൊതു പ്രവർത്തകരുമായും ജനപ്രതിനിധികളുമായും സംസാരിച്ച്

ആവശ്യമായ നിർദ്ദേശങ്ങൾ തന്നാൽ അതും ഗവൺമെന്റ് പ്രത്യേകമായി പരിഗണിക്കുന്നതാണ്. അക്കാര്യത്തിൽ വേണ്ട നേതൃത്വം ശ്രീ. വി. ഡി. സതീശൻ ഏറ്റെടുക്കണമെന്നുകൂടി ഞാൻ ആവശ്യപ്പെടുകയാണ്. ഇക്കാര്യം തീർച്ചയായും ഗവൺമെന്റ് പരിഗണിക്കുന്നതാണ്.

## (5) മെഡിക്കൽ കോളേജിന്റെ പ്രവർത്തനം

ശ്രീ. പി. കെ. ഗുരുദാസൻ: സർ, കൊല്ലം പാർവതി മിൽ പ്രവർത്തിച്ചിരുന്ന 16.75 ഏക്കർ സ്ഥലം കേന്ദ്ര ഗവൺമെന്റിൽനിന്നും തിരികെയെടുത്ത് അവിടെ മെഡിക്കൽ കോളേജ് ആരംഭിക്കണമെന്ന് കൊല്ലം ജില്ലയിലെ രാഷ്ട്രീയ പാർട്ടികളും ജനപ്രതിനിധികളും ഒറ്റക്കെട്ടായി ആവശ്യപ്പെടുന്ന ഒന്നാണ്. ഗവൺമെന്റ് മെഡിക്കൽ കോളേജ് ഇല്ലാത്ത എല്ലാ ജില്ലകളിലും മെഡിക്കൽ കോളേജ് ആരംഭിക്കുമെന്ന ഗവൺമെന്റിന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ഈ ആവശ്യ മുന്നയിക്കുന്നത്. പാർവതി മിൽ നിരവധി വർഷങ്ങളായി പ്രവർത്തന രഹിതമാണ്. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് നാഷണൽ ടെക്സ്റ്റൈൽ കോർപ്പറേഷൻ തന്നെ മിൽ നവീകരിച്ച് പുനരാരംഭിക്കണമെന്ന് കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തിയതാണ്. അന്ന് കേന്ദ്ര ടെക്സ്റ്റൈൽ മന്ത്രിയായിരുന്ന ശ്രീ. ദയാനിധി മാരൻ 2010 സെപ്റ്റംബർ 16-ാം തീയതി പാർവതി മിൽ റിവൈവ് ചെയ്ത് പ്രവർത്തനക്ഷമമാക്കാമെന്ന് രേഖാമൂലം മറുപടി നൽകിയിരുന്നു. നാലുവർഷം കഴിഞ്ഞിട്ടും ഈ മിൽ പ്രവർത്തിപ്പിക്കാൻ ഒരു നടപടിയും സ്വീകരിച്ചില്ല. 1974 ഡിസംബർ 21-ന് പ്രസ്തുത മിൽ കേരളാ ടെക്സ്റ്റൈൽ കോർപ്പറേഷനിൽനിന്നും നാഷണൽ ടെക്സ്റ്റൈൽ കോർപ്പറേഷൻ ഏറ്റെടുത്തതാണ്. 2013 ജൂൺ മാസം പാർവതി മിൽ സ്ഥിതി ചെയ്യുന്ന ഭൂമി തിരിച്ചെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും അവിടെ മെഡിക്കൽ കോളേജ് ആരംഭിക്കണമെന്നും ഞാൻ വ്യവസായ വകുപ്പുമന്ത്രിക്കും ആരോഗ്യ വകുപ്പുമന്ത്രിക്കും നിവേദനം നൽകി. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഞാനും കൊല്ലം ജില്ലയിലെ വിവിധ രാഷ്ട്രീയ പ്രസ്ഥാനങ്ങളും നിവേദനം നൽകുകയുണ്ടായി. 2008-ൽ പ്രസ്തുത മിൽ അടക്കം രാജ്യത്തെ 11 ടെക്സ്റ്റൈൽ മില്ലുകൾ സംബന്ധിച്ച് ചില റിയൽ എസ്റ്റേറ്റ് കമ്പനിയുമായി കേന്ദ്ര ഗവൺമെന്റ് എം.ഒ.യു. ഉണ്ടാക്കിയിരുന്നു. സംസ്ഥാന ഗവൺമെന്റുമായോ തൊഴിലാളി സംഘടനകളുമായോ ആലോചിക്കാതെ വളരെ രഹസ്യമായിട്ടാണ് എൻ.റ്റി.സി. ഈ എം.ഒ.യു. ഉണ്ടാക്കിയത്. പ്രസ്തുത എം.ഒ.യു.-ന്റെ കാലാവധി 2009 ജൂലൈ 12-ന് അവസാനിച്ചു.

കാലാവധികഴിഞ്ഞ് 428 ദിവസത്തിനുശേഷം 14-9-2010-ൽ ആണ് എം.ഒ.യു. ടെർമിനേറ്റ് ചെയ്തത്. ടെർമിനേഷൻ നടപടികൾക്കെതിരെ പ്രസ്തുത റിയൽ എസ്റ്റേറ്റ് ഉടമകൾ ഡൽഹിയിലെ ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും 2012 ആഗസ്റ്റ്14-ന് ഹൈക്കോടതി വിധി വരികയും ചെയ്തു. ഇത് സംബന്ധിച്ച് ആർബിട്രേഷൻ ട്രൈബ്യൂണൽ തീരുമാനിക്കട്ടെയെന്നാണ് ഹൈക്കോടതി വിധിച്ചത്. ഹൈക്കോടതിയിൽ കേസ് നിലനിൽക്കുന്നതായും ഫാക്ടറി പ്രവർത്തനത്തിലാണെന്നുമുള്ള പ്രചരണം അടിസ്ഥാനരഹിതമാണ്. ഏതാനും തൊഴിലാളികൾ മില്ലിൽ ദിവസവും പോയി ഹാജർ വയ്ക്കുന്നതൊഴിച്ചാൽ അവിടെ ഒരു ജോലിയുമില്ല. ആർബിട്രേഷൻ ട്രൈബ്യൂണലിൽ കക്ഷി ചേരുകയും കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തി പ്രസ്തുത ഭൂമി ലഭ്യമാക്കാൻ അടിയന്തര നടപടി സ്വീകരിക്കുകയും ചെയ്യണമെന്നുള്ളതാണ് എന്റെ ആവശ്യം. കൊല്ലം ജില്ലാ ആശുപത്രിയും വിക്ടോറിയാ ആശുപത്രിയും സ്ഥിതി ചെയ്യുന്ന ആശുപത്രി സമുച്ചയം 10 ഏക്കർ സ്ഥലമാണ്. ഈ സമുച്ചയത്തിന് സമീപമാണ് പാർവതി മില്ലിന്റെ 16.75 ഏക്കർ സ്ഥലം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടപേടണ്ട വിഷയമാണിതെന്ന് ആരോഗ്യ വകുപ്പുമന്ത്രി എന്നോട് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ മുഖ്യമന്ത്രി തന്നെ മറുപടി പറയണമെന്നാണ് എന്റെ അഭ്യർത്ഥന.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, കൊല്ലം ജില്ലയിൽ കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള ഇ.എസ്.ഐ. കോർപ്പറേഷനിൽ ഒരു മെഡിക്കൽ കോളേജിന്റെ നിർമ്മാണ പ്രവർത്തനം പൂർത്തിയായിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും മെഡിക്കൽ കോളേജ് വഴിയുള്ള ചികിത്സാ സൗകര്യം ലഭ്യമാക്കുന്നതിനും കൂടുതൽ വിദ്യാർത്ഥികൾക്ക് മെഡിക്കൽ വിദ്യാഭ്യാസം പ്രാപ്തമാക്കുന്നതിനും വേണ്ടി സർക്കാർ മേഖലയിൽ മെഡിക്കൽ കോളേജ് സ്ഥാപിക്കുക എന്നതാണ് സർക്കാർ വിഭാവന ചെയ്യുന്നത്. ഇതിന് ആവശ്യമായ ഭൂമിയും മറ്റ് അനുബന്ധ സൗകര്യങ്ങളും വ്യവസ്ഥാപിതമായ മാർഗ്ഗങ്ങളിലൂടെ കണ്ടെത്താനാണ് ലക്ഷ്യമിടുന്നത്. ഒരു മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിനായി ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ അനുമതിയും അംഗീകാരവും ആവശ്യമാണ്. പ്രസ്തുത അംഗീകാരം നൽകുന്നതിനായി ഇന്ത്യൻ മെഡിക്കൽ കൗൺസിൽ ചില മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. മെഡിക്കൽ കോളേജിനുവേണ്ട അടിസ്ഥാന സൗകര്യങ്ങൾ, കെട്ടിടങ്ങൾ, അദ്ധ്യാപക അനദ്ധ്യാപക തസ്തികകൾ, പാരാമെഡിക്കൽ തസ്തികകൾ എന്നിവയെ സംബന്ധിച്ചെല്ലാം ഇന്ത്യൻ മെഡിക്കൽ കൗൺസിൽ കൃത്യമായ മാനദണ്ഡങ്ങൾ

നിശ്ചയിച്ചിട്ടുണ്ട്. കൊല്ലത്ത് മെഡിക്കൽ കോളേജ് ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് നിലവിൽ സർക്കാർ തലത്തിൽ നടപടികൾ തുടങ്ങുന്നതിനാവശ്യമായ പ്രൊപ്പോസലുകൾ ലഭ്യമായിട്ടില്ല. കൊല്ലം ജില്ലാ ആശുപത്രിയും വിക്ടോറിയാ ആശുപത്രിയും സ്ഥിതി ചെയ്യുന്ന 10.23 ഏക്കർ സ്ഥലത്തിനടുത്ത് വർഷങ്ങളായി പ്രവർത്തനരഹിതമായി കിടക്കുന്ന പാർവ്വതി മില്ലിന്റെ 16.75 ഏക്കർ സ്ഥലം കൂടി ഏറ്റെടുത്ത് മെഡിക്കൽ കോളേജ് തുടങ്ങുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് ബഹുമാനപ്പെട്ട നിയമസഭാ അംഗം ചൂണ്ടിക്കാണിച്ചത്. മേൽപ്പറഞ്ഞ സ്ഥലസൗകര്യം ഒരു മെഡിക്കൽ കോളേജ് തുടങ്ങുന്നതിന് പര്യാപ്തമാണോയെന്നും ഇന്ത്യൻ മെഡിക്കൽ കൗൺസിൽ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്കനുസൃതമായ ഭൂപ്രദേശമാണോയെന്നും പരിശോധിക്കേണ്ടതുണ്ട്. ഈ പരിശോധന പൂർത്തിയാക്കി പ്രസ്തുത പ്രദേശം യോജിച്ചതാണെന്ന് കണ്ടെത്തുന്ന പക്ഷം ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. ഇതുമായി ബന്ധപ്പെട്ട് ജനപ്രതിനിധികളുമായി ഈ മാസം തന്നെ ഒരു ചർച്ച നടത്തുന്നതാണ്. അതനുസരിച്ചുള്ള തീരുമാനം എടുക്കുന്നതിനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ആരോഗ്യ വകുപ്പുമന്ത്രി അങ്ങയുടെ സബ്മിഷന് മറുപടി പറഞ്ഞു. എല്ലാ ജില്ലകളിലും ഗവൺമെന്റ് മെഡിക്കൽ കോളേജ് എന്നുള്ളത് ഈ ഗവൺമെന്റിന്റെ നയമാണ്. കൊല്ലം ജില്ല ഒഴികെ 13 ജില്ലകളിലും ഏതാണ് സ്ഥലമെന്നും അതുസംബന്ധിച്ചുള്ള മറ്റ് അനുബന്ധ നടപടികളും ഏതാണ്ട് രൂപമായിക്കഴിഞ്ഞു. ഇനി തീരുമാനിക്കാനുള്ള ഒരു ജില്ലയാണ് കൊല്ലം. കൊല്ലം ജില്ലയെ സംബന്ധിച്ച നിർദ്ദേശം നേരത്തെതന്നെ ഗവൺമെന്റിന്റെ ശ്രദ്ധയിലുണ്ട്. പക്ഷെ, ഒരു പ്രധാന പ്രശ്നം കേന്ദ്ര ഗവൺമെന്റിൽ നിന്നും പാർവ്വതി മില്ലിന്റെ സ്ഥലം വിട്ടുകിട്ടുകയെന്നുള്ളതാണ്. സ്ഥലം കിട്ടിയാൽ ജില്ലാ ആശുപത്രിയും വിക്ടോറിയാ ആശുപത്രിയുമായി ഒരു ഓവർ ബ്രിഡ്ജ് വഴി ബന്ധപ്പെടുത്തി same campus എന്ന നിലയിൽ പ്രവർത്തിക്കാനുള്ള സാദ്ധ്യതയുണ്ട്. കേന്ദ്ര ഗവൺമെന്റിൽനിന്ന് സ്ഥലം വിട്ടുകിട്ടുകയെന്നുള്ളതാണ് പ്രശ്നം. സ്ഥലം വിട്ടുകിട്ടുന്ന കാര്യത്തിൽ പലതിലും കേന്ദ്ര ഗവൺമെന്റിൽനിന്ന് അനുകൂലമായ നിലപാടല്ല ഉള്ളത്. പാലക്കാട് പട്ടികജാതി വിഭാഗത്തിന്റെ വകയായുള്ള ഒരു വിധത്തിലും മെഡിക്കൽ കോളേജിന് യോജിക്കാത്ത സ്ഥലം ചോദിച്ചിട്ടുപോലും അവർ തന്നില്ല. സംസ്ഥാന ഗവൺമെന്റ് ഒരു പ്രത്യേക സാഹചര്യത്തിൽ അത് ഏറ്റെടുത്തു, കോടതിയിൽ പോയി, കോടതിയുടെ അംഗീകാരത്തോടുകൂടിയാണ് അതവിടെ സ്ഥാപിച്ചത്. ഹരിപ്പാട് തുടങ്ങുന്ന

മെഡിക്കൽ കോളേജിന് എൻ.റ്റി.പി.സി.-യുടെ സ്ഥലം ചോദിച്ചു, അവർ സ്ഥലം തരാമെന്ന് പറഞ്ഞെങ്കിലും സ്ഥലം തന്നില്ല. നമ്മൾ മറ്റു നിയമപരമായ നടപടികളുമായി മുന്നോട്ടുനീങ്ങി സ്ഥലമെടുക്കുന്നതിന് ശ്രമിക്കുകയാണ്. അതുകൊണ്ട് സ്ഥലത്തിന്റെ കാര്യത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ സമീപനം എങ്ങനെയായിരിക്കുമെന്നറിയില്ല. ഏതായാലും ഇക്കാര്യം പ്രത്യേകമായി ഗവൺമെന്റ് പരിശോധിക്കും. ഇതിനുള്ള സാദ്ധ്യത പരമാവധി പ്രയോജനപ്പെടുത്താൻ ശ്രമിക്കും.

ശ്രീ. പി. കെ. ഗുരുദാസൻ: സർ, ആർബിട്രേഷൻ ട്രൈബ്യൂണലിൽ നമ്മൾ കക്ഷി ചേരണം. കേരളാ ടെക്സ്റ്റൈൽ കോർപ്പറേഷനിൽ നിന്ന് 1974 ഡിസംബറിൽ കേന്ദ്ര ഗവൺമെന്റ് നിയമപ്രകാരം എടുത്ത മിൽ ആണ്. അന്നും നമുക്ക് നഷ്ടപരിഹാരം കിട്ടിയിട്ടില്ല. 16.75 ഏക്കർ സ്ഥലം, കൊല്ലം നഗരത്തിന്റെ ഹൃദയഭാഗമാണ്. സ്ഥലമെടുക്കുന്നതിന് ആർബിട്രേഷൻ ട്രൈബ്യൂണലിൽ ഗവൺമെന്റ് കക്ഷി ചേരണമെന്നതാണ് എന്റെ ആവശ്യം.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, തീർച്ചയായും അതുൾപ്പെടെയുള്ള കാര്യങ്ങൾ പരിശോധിക്കാം. പക്ഷേ നിയമ നടപടിയിലേക്ക് പോയാൽ വരുന്ന കാലതാമസത്തെ കുറിച്ച് ആശങ്കയുണ്ട്. എന്നാലും അങ്ങ് പറഞ്ഞ കാര്യം പ്രത്യേകം ശ്രദ്ധിക്കുന്നതാണ്.

### (6) ഗതാഗതക്കുരുക്ക്

ശ്രീ. പി. ബി. അബ്ദുൾ റസാക്: സർ, നാഷണൽ ഹൈവേ 17-ൽ മഞ്ചേശ്വരം സെയിൽസ് ടാക്സ് ചെക്ക്പോസ്റ്റിൽ പരിശോധനയ്ക്കായി വാഹനങ്ങൾ നിർത്തിയിടുന്നതുമൂലം നിത്യേന മണിക്കൂറുകളോളം ഉണ്ടാകുന്ന ഗതാഗതക്കുരുക്കിന് അടിയന്തരമായി പരിഹാരമുണ്ടാകണമെന്നാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. ദിവസേന കാസർഗോഡ് പയ്യന്നൂർ ഭാഗത്തുനിന്ന് നിരവധി ആംബുലൻസുകൾ കടന്നുപോകുന്ന പ്രദേശമാണ് ഇത്. സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളും മറ്റുമുള്ളതുകൊണ്ട് മംഗലാപുരത്തെയാണ് കൂടുതലും ആശ്രയിക്കുന്നത്. കൂടാതെ ആയിരക്കണക്കിന് വിദ്യാർത്ഥികൾ രാവിലെ ഏഴ് മണിക്ക് വീട്ടിൽ നിന്നു പോയാൽ ഗതാഗതക്കുരുക്ക് കാരണം രാത്രി വളരെ വൈകി മാത്രമാണ് വീട്ടിൽ തിരിച്ചെത്താൻ സാധിക്കുന്നത്. ഡിപ്പാർട്ട്മെന്റ് ആവശ്യപ്പെട്ട സ്ഥലത്തിന് 100 മീറ്റർ വടക്കോട്ടുമാറി അവിടെ വേറെയും സ്ഥലങ്ങളുണ്ട്. താത്കാലികമായി വാഹനങ്ങൾ നിർത്തിയിടാനുള്ള സംവിധാനത്തിനുവേണ്ടി എൻ.എച്ച്. ഡിവിഷൻ

60 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഗവൺമെന്റിലേക്ക് അയച്ചിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതുപോലെതന്നെ താഴ്ന്നുകിടക്കുന്ന വൈദ്യുതി ലൈൻ ഉയർത്തുന്നതിന് ആവശ്യമായ ഫണ്ട് കണ്ടെത്തണമെന്ന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ ആവശ്യപ്പെട്ടിരുന്നു. പോലീസ് എയ്ഡ് പോസ്റ്റ് അവിടെയുണ്ടെങ്കിലും ദിവസേന പോലീസിനെ അനുവദിക്കാനുള്ള സൗകര്യമില്ലെന്നാണ് പോലീസ് ഉദ്യോഗസ്ഥരിൽ നിന്നും അറിയാൻ കഴിഞ്ഞത്. അതുപോലെതന്നെ 50 വർഷം മുമ്പ് സ്ഥാപിച്ച ആർ.ടി.ഒ. ചെക്ക് പോസ്റ്റ് അതേ സ്ഥലത്തുതന്നെ നിലനിൽക്കുകയാണ്. 15 മീറ്റർ സ്ഥലം മാത്രമാണ് റോഡിനുള്ളത്. പ്രസ്തുത സ്ഥലത്ത് താത്കാലിക ഷെഡ്ഡുമുണ്ട്. അതിലേക്ക് ആർ.റ്റി.ഒ.-കൂടി മാറ്റിയാൽ തടസ്സങ്ങൾ മാറ്റാൻ സാധിക്കും. നാല് വകുപ്പുമായി ചേർന്ന് യോഗം വിളിച്ച് ചേർത്ത് നൂറ് കണക്കിന് വാഹനങ്ങൾ നിർത്തിയിടുന്നതിനുള്ള സ്ഥലം ഒരുക്കിയെടുക്കാൻ അടിയന്തര നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, നിലവിൽ കേരളത്തിലേക്ക് പ്രവേശിക്കുന്ന ചരക്ക് വാഹനങ്ങൾ വാണിജ്യ നികുതി ചെക്ക് പോസ്റ്റിൽ നിന്നും നൂറ് മീറ്റർ വടക്കുമാറി സ്ഥിതിചെയ്യുന്ന എക്സൈസ് ചെക്ക് പോസ്റ്റ് പോയിന്റിൽ പരിശോധനയ്ക്ക് വിധേയമായ ശേഷം വെയിംഗ് ബ്രിഡ്ജിൽ പ്രവേശിച്ച് വാണിജ്യ നികുതി ചെക്ക് പോസ്റ്റ് പരിസരത്ത് ഹൈവേയിൽ പാർക്ക് ചെയ്യുന്നതാണ് ഗതാഗതക്കുരുക്കിന് പ്രധാന കാരണം. ഇത് എക്സൈസ് ചെക്ക് പോയിന്റ് മുതൽ വാണിജ്യ നികുതി വകുപ്പിന്റെ ഇൻ ടോക്കൺ കൗണ്ടർ വരെ നിയന്ത്രണാതീതമായ ഗതാഗത കുരുക്കിന് കാരണമാകുന്നു. ഇതു പരിഹരിക്കുന്നതിന് എക്സൈസ് ചെക്ക് പോയിന്റ് നൂറ് മീറ്റർ വടക്കോട്ട് മാറ്റി സ്ഥാപിക്കുന്നകാര്യം പരിശോധിച്ചുവെങ്കിലും സാങ്കേതിക തടസ്സങ്ങൾമൂലം അത് സാദ്ധ്യമായില്ല. ഗതാഗതക്കുരുക്ക് നിയന്ത്രിക്കാൻ പോലീസ് എയ്ഡ് പോസ്റ്റ് പ്രവർത്തനം തുടങ്ങിയെങ്കിലും അവരുടെ സേവനം ഉച്ചയ്ക്ക് രണ്ടു മണി മുതൽ രാത്രി പത്ത് മണിവരെ മാത്രമേ ലഭ്യമാകുന്നുള്ളൂ. അത് 24 മണിക്കൂറും ലഭ്യമാക്കുന്നത് സഹായകരമായിരിക്കും. പോലീസ് എയ്ഡ് പോസ്റ്റിന് വടക്കുഭാഗത്ത് റോഡ് വളരെ വീതി കുറവാണ്. ഇതും ഗതാഗത കുരുക്കിന് മറ്റൊരു കാരണമാണ്. ഇത് പരിഹരിക്കുന്നതിന് സംയോജിത ചെക്ക്

പോസ്റ്റിനായി സർക്കാർ ഏറ്റെടുത്ത ഭൂമിയിൽ ഹൈവേയോട് ചേർന്ന ഭാഗം ചരക്ക് വാഹനത്തിന് പാർക്കിംഗ് ഏരിയയായി ഉപയോഗിക്കുന്നതിന് വനം വകുപ്പിന്റെ അനുമതിയോടുകൂടി പാഴ്മരങ്ങൾ മുറിച്ച് മാറ്റുകയും താഴ്ന്നുകിടക്കുന്ന വൈദ്യുതി ലൈനുകൾ ഉയർത്തി പാർക്കിംഗ് ഏരിയ പ്രവർത്തനം ഉടനടി ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പാർക്കിംഗ് ഏരിയയുടെ പ്രവർത്തനം ആരംഭിക്കുന്നതോടുകൂടി ഗതാഗതക്കുരുക്ക് നിയന്ത്രിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## (7) അദ്ധ്യാപക നിയമനം

ശ്രീ. എം. വി. ശ്രേയാംസ് കുമാർ: സർ, വയനാട് ജില്ലയിലെ വിദ്യാഭ്യാസ മേഖല പൊതുവേ പിന്നോക്കാവസ്ഥയിലാണുള്ളത്. 2009-10-ൽ 12 RMSA സ്കൂളുകളും 2013-14-ൽ 6 സ്കൂളുകളും വയനാട് ജില്ലയിൽ അനുവദിച്ചിരുന്നു. 3281 കുട്ടികളാണ് ഇവിടെ പഠിക്കുന്നത്. ഈ വർഷമാരംഭിച്ച റിപ്പൺ, കുറുമ്പാല, ബീനാച്ചി, തോറ്റമല തുടങ്ങിയ സ്കൂളുകളിൽ ഒരു അദ്ധ്യാപക തസ്തികപോലും അനുവദിച്ചിട്ടില്ല. ജില്ലാ പഞ്ചായത്തും പി.ടി.എ.-യും കൂടി പണമെടുത്ത് ദിവസ വേതനാടിസ്ഥാനത്തിലാണ് അവർക്ക് ശമ്പളം നൽകി വരുന്നത്. ഇത് അധികനാൾ തുടരാൻ സാധിക്കില്ല. സർക്കാരിന്റെ ഇപ്പോഴുള്ള സാഹചര്യം കണക്കിലെടുത്ത് പുതിയ തസ്തിക സൃഷ്ടിക്കുന്നത് പ്രയാസകരമാണെന്നറിയാം. അദ്ധ്യാപക ബാങ്കിൽ മൂവായിരത്തോളം അദ്ധ്യാപകരുണ്ടെന്നാണ് പറയുന്നത്. എന്നാൽ വയനാട് ജില്ലയിലെ അദ്ധ്യാപക ബാങ്കിൽ ഒരാൾ പോലുമില്ല. ഒന്നുകിൽ ഈ മൂവായിരം അദ്ധ്യാപകരിൽ നിന്നും കുറച്ചുപേരെ ഇവിടെ റീ-ഡിപ്ലോയ് ചെയ്യണം; അല്ലെങ്കിൽ ഇപ്പോൾ വിവിധ ജില്ലകളിലായി ജോലി നോക്കുന്ന വയനാട് ജില്ലയിൽ നിന്നുള്ള അദ്ധ്യാപകരെ സ്ഥലംമാറ്റി ഇവിടെ കൊണ്ടുവരികയോ അല്ലെങ്കിൽ വർക്കിംഗ് അറേഞ്ച്മെന്റ് നടത്തിയോ ഈ പ്രശ്നത്തിന് പരിഹാരം കണ്ടില്ലെങ്കിൽ കുട്ടികളുടെ ഭാവി അനിശ്ചിതത്വത്തിലാകും. മാത്രമല്ല മാനവവിഭവശേഷി മന്ത്രാലയത്തിന്റെ അപ്രൂവലും ഇതിന് ലഭിച്ചിട്ടില്ല. സ്കൂളുകൾ അനുവദിച്ചതുകൊണ്ട് മാത്രമായില്ല, പഠിപ്പിക്കുന്നതിന് അദ്ധ്യാപകരും വേണം. കേരളത്തിലെ മറ്റ് ജില്ലകളിൽ അദ്ധ്യാപകർ കൂടുതലാണ്. അവരെ റീ-ഡിപ്ലോയ് ചെയ്ത് വയനാട് ജില്ലയിലെ പ്രശ്നം പരിഹരിക്കണം. വയനാട്ടിലെ വിദ്യാഭ്യാസ മേഖലയിലെ പ്രശ്നങ്ങൾ നിരവധി തവണ ഞാൻ ഉന്നയിച്ചെങ്കിലും പലതിനും പരിഹാരമായിട്ടില്ല. ഇതും പരിഹാരമാകാതെ പോകരുത്, ഇതിന് പരിഹാരം കണ്ടെത്തണം എന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, വയനാട്

ജില്ലയിൽ RMSA പദ്ധതി പ്രകാരം 2009-10 വർഷം അപ്ഗ്രേഡ് ചെയ്ത 12 സ്കൂളുകളും 2010-11 വർഷം അപ്ഗ്രേഡ് ചെയ്ത 2 സ്കൂളുകളും പ്രവർത്തിക്കുന്നുണ്ട്. ഈ 14 സ്കൂളുകളിലും കേന്ദ്ര മാനവവിഭവശേഷി മന്ത്രാലയം അംഗീകരിച്ച പദ്ധതി പ്രകാരം അനുവദിച്ച എച്ച്.എം.-1, എച്ച്.എസ്.എ.-5, ഓഫീസ് അസിസ്റ്റന്റ്/ മൾട്ടി ടാസ്ക് സപ്പോർട്ടിംഗ് സ്റ്റാഫ്-1 എന്നീ തസ്തികകളിലെ ജീവനക്കാർക്ക് RMSA ശമ്പളം നൽകുന്നുണ്ട്. ഈ 14 സ്കൂളുകളിലും അധിക അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കാനും പുനർവിന്യാസത്തിലൂടെ അദ്ധ്യാപകരെ നിയമിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2013-14 വർഷം RMSA പദ്ധതിയിൽ ഉൾപ്പെടുത്തുവാനായി സമർപ്പിച്ച 30 സ്കൂളുകളുടെ പ്രൊപ്പോസൽ കേന്ദ്ര മാനവ വിഭവശേഷി വകുപ്പിന്റെ പരിഗണനയിലാണ്. ഞാൻ കഴിഞ്ഞ ദിവസം നിയമസഭയിൽ പറഞ്ഞതുപോലെ എട്ടാം ക്ലാസ് ഇപ്പോൾ RMSA-യിൽ വരുന്നില്ല എന്നതാണ് കാരണം. ഗവൺമെന്റ് ഇപ്പറഞ്ഞ 30 സ്കൂളുകളിലും എട്ടാം ക്ലാസ് ആരംഭിക്കുകയും അദ്ധ്യാപകരെ വച്ച് ക്ലാസ് നടത്തുകയാണ്. അതിനുശേഷം 9-ാം ക്ലാസ് മുതലാണ് മാനവവിഭവശേഷി മന്ത്രാലയം പരിഗണിക്കുന്നത്. 30 സ്കൂളുകളുടെ പ്രൊപ്പോസൽ കേന്ദ്ര മാനവവിഭവശേഷി വകുപ്പിന്റെ പരിഗണനയിലാണ്. ഈ വിഭാഗത്തിൽ വയനാട് ജില്ലയിൽ 6 സ്കൂളുകളുണ്ട്. 7-9-2013-ലെ G.O.(Ms) No. 249/2013/പൊ.വി.വ. പ്രകാരം ഈ സ്കൂളുകളിൽ എട്ടാം ക്ലാസ് തുടങ്ങാൻ സംസ്ഥാന സർക്കാർ അനുമതി നൽകിയിട്ടുണ്ട്. മാനവവിഭവശേഷി മന്ത്രാലയത്തിന്റെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് അദ്ധ്യാപക നിയമനവുമായി ബന്ധപ്പെട്ട് RMSA തുടർനടപടികൾ എടുക്കുന്നതാണ്. എങ്കിലും 2014-15 വർഷം തസ്തിക നിർണ്ണയം നടത്തിയപ്പോൾ അധികമായി വന്ന അദ്ധ്യാപകരെ ടി സ്കൂളുകളിൽ പുനർവിന്യസിക്കുന്നതിനും അപ്രകാരം അദ്ധ്യാപകരില്ലെങ്കിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിനും വേണ്ട നിർദ്ദേശം വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് നൽകിയിട്ടുണ്ട്. 2009-10 വർഷം അപ്ഗ്രേഡ് ചെയ്ത 12 സ്കൂളുകളിൽ കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട് നൽകിയ ഫണ്ട് ഉപയോഗിച്ച് രണ്ട് സ്കൂളുകളിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ബാക്കി 10 സ്കൂളുകളിൽ ഇ-ടെണ്ടറിംഗ് പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ : അടുത്ത സബ്മിഷൻ ശ്രീ. മാത്യു റ്റി. തോമസിന്റേതാണ്. ഇതേ സബ്മിഷൻ തന്നെ ശ്രീ. സി. എഫ്. തോമസും നൽകിയിട്ടുണ്ട്. പക്ഷേ ശ്രീ. മാത്യു റ്റി. തോമസിന് സബ്മിഷൻ നൽകിയതിനുശേഷമാണ്

ശ്രീ. സി. എഫ്. തോമസിന്റെ സബ്മിഷൻ കത്ത് കിട്ടുന്നത്. ഈ ആവശ്യം രണ്ടുപേരും ഉന്നയിച്ചിട്ടുണ്ട്. ശ്രീ. മാത്യു റ്റി. തോമസിന് സബ്മിഷൻ അവതരിപ്പിക്കാം.

## (8) താറാവ് കർഷകർ നേരിടുന്ന പ്രതിസന്ധി

ശ്രീ. മാത്യു റ്റി. തോമസ്: സർ, പക്ഷിപ്പനി കാരണം കുട്ടനാട്, അപ്പർ കുട്ടനാട് മേഖലയിലെ താറാവുകൾ വ്യാപകമായി ചത്തൊടുങ്ങുകയുണ്ടായി. എന്നാൽ അതേസമയം തന്നെ പക്ഷിപ്പനി കാണപ്പെട്ട പ്രദേശത്തിന്റെ ഒരു കിലോമീറ്റർ ചുറ്റളവിലുള്ള എല്ലാ പക്ഷികളെയും കേന്ദ്ര ഗവൺമെന്റിന്റെ പ്രോട്ടോക്കോൾ പ്രകാരം കൊന്നൊടുക്കുക മാത്രമല്ല അത് കത്തിച്ച് കളയുകയും ചെയ്യുന്ന പ്രവർത്തനങ്ങളിൽ ജനപ്രതിനിധികൾ അടക്കം ഏർപ്പെടേണ്ടി വന്നു. അങ്ങനെ ചത്തൊടുങ്ങിയതും കൊന്നൊടുക്കിയതുമായ താറാവുകൾക്ക് 200 രൂപ വീതവും രണ്ടുമാസം പ്രായമാകാത്തതിന് 150 രൂപ വീതവും നഷ്ടപരിഹാരം കൊടുക്കാമെന്ന് ഗവൺമെന്റ് തീരുമാനിക്കുകയും ചെയ്തു. എന്നാൽ ആ തുക ഇതുവരെ വിതരണം ചെയ്തു കഴിഞ്ഞിട്ടില്ല. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ റൂൾ 300 പ്രകാരം ഒരു പ്രസ്താവന നടത്തിയപ്പോൾ അനുബന്ധമായി ചേർത്ത ലിസ്റ്റിൽ പത്തനംതിട്ട ജില്ലയിൽ രണ്ട് കള്ളിംഗ് ടീമുകൾ മാത്രം പ്രവർത്തിച്ചുവെന്നാണ് പറഞ്ഞിട്ടുള്ളത്. പക്ഷേ അവിടെ പത്ത് കള്ളിംഗ് ടീമുകൾ പ്രവർത്തിച്ചു. ആ കണക്ക് ബഹുമാനപ്പെട്ട മന്ത്രി നിയമസഭയിൽ വച്ചിട്ടില്ല. 200 രൂപ എന്നത് വർദ്ധിപ്പിച്ചു കൊടുക്കണമെന്നതാണ് എന്റെ ഒന്നാമത്തെ ആവശ്യം. അതിലും ഗൗരവമായ പ്രശ്നം, ഈ പക്ഷിപ്പനിയുടെ ഭീതിമൂലം താറാവ് കർഷകരുടെ മേഖല മുഴുവൻ ഇന്ന് പ്രതിസന്ധിയിലാണ്. ക്രിസ്തുമസ് അടുത്തുവരികയാണ്. താറാവുകർഷകർ പ്രധാനമായും ആശ്രയിക്കുന്നത് ക്രിസ്തുമസ് സീസണിലെ താറാവ് കച്ചവടത്തെയാണ്. താറാവിനെ ഇന്ന് ആർക്കും വേണ്ട. മുട്ടയ്ക്ക് ഇന്ന് വിപണിയില്ല. 5000 രൂപ വായ്പയെടുത്ത് താറാവുകൾക്ക് ഒരു ദിവസംതീറ്റ വാങ്ങിക്കൊടുത്തു കഴിഞ്ഞാൽ ആ താറാവിടുന്ന മുട്ട ഇന്ന് വിപണിയിൽ ആർക്കും വേണ്ടാത്ത അവസ്ഥയാണ്. ഹാച്ചറിയിൽ വിരിയിച്ച് വച്ചിരിക്കുന്ന താറാവ് കുഞ്ഞുങ്ങളെ ആരും വാങ്ങുന്നില്ല. പക്ഷിപ്പനി വന്നതിനേക്കാൾ പ്രധാനമായും ഈ പക്ഷിപ്പനിയുടെ ഭീതിമൂലം താറാവ് കർഷകമേഖലയിൽ നിൽക്കുന്ന മുഴുവൻ ആളുകളും ഇന്ന് പ്രതിസന്ധിയിൽ എത്തി നിൽക്കുകയാണ്. നാളെ താറാവ് കർഷകർ സെക്രട്ടേറിയറ്റ് പടിക്കൽ സമരം നടത്തുകയാണ്. അവരുടെ മുഴുവൻ വായ്പയും കടബാദ്ധ്യതയും എഴുതിത്തള്ളുകയും അവരെ സഹായിക്കുകയും അതേസമയം നാട്ടിൽ നിന്ന് ഈ ഭീതി മാറ്റി

വിപണിയിൽ ഒരു ഉണർവ്വിന് അവസരമൊരുക്കി കൊടുക്കുകയും ചെയ്യാൻ കഴിയുന്ന ബോധപൂർവ്വമായ പരിപാടികളിൽ സർക്കാർ ഏർപ്പെടണം. വലിയ പ്രതിസന്ധി ഈ മേഖലയിലെ കർഷകർ അനുഭവിക്കുന്നു. അതിനാൽ അവരുടെ മുഴുവൻ വായ്പയും എഴുതിത്തള്ളാൻ നടപടിയുണ്ടാകണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുന്നത്.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട സി. എഫ്. തോമസിന് ഒരു വാചകം പറയാം.

ശ്രീ. സി. എഫ്. തോമസ്: സർ, ഇപ്പോൾ വന്നിരിക്കുന്ന ഏറ്റവും വലിയ പ്രശ്നം എന്നുപറയുന്നത് കൈവശമുള്ള താറാവിനെ വിൽക്കാനും സാധിക്കുന്നില്ല, സംരക്ഷിക്കാനുള്ള ചെലവ് കർഷകരുടെ കയ്യിലുമില്ല എന്നതാണ്. സാമ്പത്തിക ശേഷിയില്ലാത്തവരാണ് താറാവ് കർഷകർ. അതുകൊണ്ട് അവരെ സഹായിക്കണം. അവർക്കാവശ്യമായ സാമ്പത്തിക ക്രമീകരണം ചെയ്യണം. വായ്പകൾ ഗവൺമെന്റ് എഴുതിത്തള്ളണം. താറാവ് കർഷകരുടെ നാളത്തെ സമരത്തിന്റെ കാര്യം പ്രത്യേകം ശ്രദ്ധയിൽപ്പെടുത്തുകയാണ്.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) : സർ, ബഹുമാന്യരായ എം.എൽ.എ.-മാരായ മാത്യു റ്റി. തോമസും സി. എഫ്. തോമസും ഇവിടെ ഉന്നയിച്ച കാര്യം വളരെയധികം ഗൗരവമുള്ളതും വേദനാജനകവുമാണ്. കേരളത്തിലാദ്യമായാണ് ഇത്തരത്തിൽ പക്ഷിപ്പനി റിപ്പോർട്ട് ചെയ്യപ്പെടുന്നത്. പക്ഷിപ്പനി റിപ്പോർട്ട് ചെയ്തതിനെത്തുടർന്ന് ജനപ്രതിനിധികളും കർഷകരും മറ്റു ഉദ്യോഗസ്ഥന്മാരുമടക്കം ഏറ്റവും നല്ല പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി. ഏറ്റവും വേദനാജനകമായ ഒരു കള്ളിംഗ് പ്രവർത്തനമാണ് നടത്തിയത്. ജാഗ്രതയോടുകൂടി കാര്യങ്ങൾ നടത്തി. ഏകദേശം 100 ശതമാനത്തോളം പരിപൂർണ്ണമായി ഇന്ന് പക്ഷിപ്പനി ഇല്ല എന്ന് സ്ഥിരീകരിക്കപ്പെട്ടിരിക്കുകയാണ്.

ആലപ്പുഴ ജില്ലയിലെ പുറക്കാട്, തലവടി, ചെന്നിത്തല, കോട്ടയം ജില്ലയിലെ അയ്മനം, കുമരകം, പത്തനംതിട്ട ജില്ലയിലെ പെരിങ്ങര എന്നിവിടങ്ങളിൽ പക്ഷിപ്പനി 24-11-2014-ന് സ്ഥിരീകരിക്കുകയും 26-11-2014 മുതൽ തന്നെ പ്രതിരോധത്തിനായി കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുള്ള പ്രോട്ടോക്കോൾ പ്രകാരം യുദ്ധകാലാടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കുകയും ചെയ്തു. രോഗവ്യാപനം

തടയുന്നതിന്റെ ഭാഗമായി രോഗബാധിത പ്രദേശത്തിന് ഒരു കിലോമീറ്റർ ചുറ്റളവിലുള്ള മുഴുവൻ പക്ഷികളെയും വളർത്തുപക്ഷികളെയും നശിപ്പിച്ച് ശാസ്ത്രീയമായി സംസ്കരിക്കുകയും രോഗം കൂടുതൽ പ്രദേശങ്ങളിലേക്ക് വ്യാപിക്കാതിരിക്കുന്നതിനായി എല്ലാ മുൻകരുതൽ നടപടികൾ സ്വീകരിക്കുകയും ചെയ്തു.

നശിപ്പിച്ച പക്ഷികൾക്കും രോഗംമൂലം മരണപ്പെട്ട പക്ഷികൾക്കും നഷ്ടപരിഹാരമായി രണ്ട് മാസം വരെ പ്രായമുള്ള പക്ഷികൾക്ക് 100 രൂപയും രണ്ട് മാസത്തിനു മുകളിൽ പ്രായമുള്ളവയ്ക്ക് 200 രൂപയും വച്ച് അപ്പപ്പോൾ നൽകുകയും ചെയ്തിട്ടുണ്ട്. രോഗപ്രതിരോധ നടപടികൾ ക്രോഡീകരിക്കുവാൻ ജില്ലാ ഭരണകൂടം ജാഗ്രതയോടെ ഉണർന്ന് പ്രവർത്തിച്ചതുമൂലവും റവന്യൂ, മൃഗസംരക്ഷണം, ആരോഗ്യം, ആഭ്യന്തരം, പഞ്ചായത്ത്, മുനിസിപ്പാലിറ്റി തുടങ്ങിയ വകുപ്പുകളും ജനപ്രതിനിധികൾ, കർഷകർ എന്നിവരുടെയും ഫലപ്രദമായ ഇടപെടലിലൂടെയും രോഗവ്യാപനം ഫലപ്രദമായി തടയുവാൻ സാധിച്ചിട്ടുണ്ട്. രോഗബാധ നിയന്ത്രണ വിധേയമായ സ്ഥലങ്ങളിൽ ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. കർഷകരുടെ ആശങ്ക ദൂരീകരിക്കുന്നതിനും അവരെ താറാവ് കൃഷിയിലേക്ക് തിരികെ കൊണ്ടുവരുന്നതിനും ആവശ്യമായ ബോധവത്ക്കരണം വെറ്ററിനറി സർവ്വകലാശാലയുടെയും മൃഗസംരക്ഷണ വകുപ്പിന്റെയും ആഭിമുഖ്യത്തിൽ നൽകിയിട്ടുണ്ട്. താറാവ് കർഷകരും പല ജനപ്രതിനിധികളും വന്ന് കാണുകയും ചെയ്തിട്ടുണ്ട്. കുട്ടനാട് മേഖലയിലെ താറാവ് കൃഷി പുനരുദ്ധരിക്കുന്നതിനും കർഷകരുടെ ആശങ്കകൾ ദൂരീകരിക്കുന്നതിനുമുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനുമായി കർഷക പ്രതിനിധികളുടെയും ഈ മേഖലയിലെ വിദഗ്ദ്ധരുടേയും ഒരു യോഗം 12-12-2014-ന് കാർഷികോല്പാദന കമ്മീഷണറുടെ അദ്ധ്യക്ഷതയിൽ കൂടുവാൻ തീരുമാനിച്ചിട്ടുണ്ട്. തുടർന്ന് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഈ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനും താറാവ് കർഷകരുടെ വിവിധ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും ശാസ്ത്രീയമായ താറാവു വളർത്തലിന് ഒരു മാർഗ്ഗരേഖ സൃഷ്ടിക്കുന്നതിനും ഒരു ആക്ഷൻ പ്ലാൻ തയ്യാറാക്കുന്നതിലേക്കുമായി മേഖലയിലെ എം.എൽ.എ.-മാരേയും, എം.പി.-മാരേയും വിദഗ്ദ്ധരേയും ഉൾപ്പെടുത്തി വിപുലമായ ഒരു യോഗം 16-12-2014-ന് ചേരുവാനും തീരുമാനിച്ചിട്ടുണ്ട്. അതിൽ കിട്ടുന്ന നിർദ്ദേശങ്ങൾ വച്ചുകൊണ്ട് വളരെ ശാസ്ത്രീയമായ രീതിയിൽ, പ്രത്യേകിച്ച് മാലിന്യങ്ങളടക്കം സംസ്കരിക്കുന്ന രൂപത്തിലേക്കുള്ള, നല്ല പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകാൻ കർഷകരുടെ ഭാഗത്തുനിന്ന് വയ്ക്കുന്ന നിർദ്ദേശങ്ങളു

ജനപ്രതിനിധികൾ പറയുന്ന അഭിപ്രായങ്ങളും ഉൾക്കൊണ്ടുകൊണ്ട് ഒരു ആക്ഷൻ പ്ലാൻ തയ്യാറാക്കുകയാണ് ലക്ഷ്യം. നേരത്തെ ബഹുമാനപ്പെട്ട മാത്യു റ്റി. തോമസ് സൂചിപ്പിച്ച വിഷയത്തിൽ വന്നത് അച്ചടിപിശകാണ്. ആ തെറ്റ് തിരുത്തിയിട്ടുണ്ട്. രണ്ടല്ല, പത്ത് കള്ളിംഗ് ടീമെന്ന് തിരുത്തിയിട്ടുണ്ട്. അവിടെ മാലിന്യങ്ങൾ കുന്നുകൂടുന്നുണ്ട്. അത് വളരെ ഗൗരവത്തോടെ കാണേണ്ടതാണ്. ഈ മാലിന്യങ്ങളിലൂടെയും ദേശാടനപക്ഷികളിൽ കൂടിയും ഈ രോഗം പകരാമെന്നതാണ് ശാസ്ത്രീയമായി പറയുന്നത്. അത് രണ്ടും ഉൾക്കൊള്ളിച്ചുകൊണ്ട് വളരെ വലിയ ആക്ഷൻ പ്ലാൻ തയ്യാറാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## (9) വൈദ്യുതി ലൈൻ ഡബിൾ സർക്യൂട്ടാക്കൽ

ശ്രീ. എ. റ്റി. ജോർജ്: സർ, കൂടംകുളം തെർമൽ സ്റ്റേഷനിൽ നിന്ന് കേന്ദ്രപൂൾ വഴി കേരളത്തിന് ലഭിക്കേണ്ട വൈദ്യുതി കൂടംകുളത്തു നിന്നും ഏറ്റവും ദൂരം കുറവായ എസ്.ആർ.പുത്തൂർ-പാറശ്ശാല സബ് സ്റ്റേഷൻ വഴി ലഭ്യമാക്കിയാൽ വൈദ്യുതി ബോർഡിന് ഏറെ ലാഭമുണ്ടാക്കാൻ കഴിയുമെന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. ഇപ്പോൾ കുഴിത്തുറ-പാറശ്ശാല 110 കെ.വി. ലൈനിൽ നിന്ന് 70 ആമ്പിയർ കറന്റ് എടുക്കുവാനുള്ള കപ്പാസിറ്റി മാത്രമാണുള്ളത്. നിലവിലെ conductor-ഉം ടവറും മാറ്റി സിംഗിൾ സർക്യൂട്ടിന് പകരം ഡബിൾ ലൈനാക്കിയാൽ വൈദ്യുതി എത്തിക്കാൻ സാധിക്കും. കൂടംകുളം താപവൈദ്യുതി നിലയത്തിൽനിന്നും കേന്ദ്രപൂളിൽ ലഭിക്കേണ്ട വൈദ്യുതി പാഴാക്കുകയാണ് നമ്മൾ ചെയ്യുന്നത്. കൂടംകുളം പദ്ധതിയിൽ നിന്നും കേരളത്തിന് ലഭിക്കേണ്ട വൈദ്യുതി വിഹിതം എത്തിക്കാനുള്ള ഏറ്റവും എളുപ്പമുള്ള വഴി കൂടംകുളം-എസ്.ആർ.പുത്തൂർ-പാറശ്ശാല സബ് സ്റ്റേഷൻ വഴിയാണ്. നിലവിൽ ലൈനുള്ളതുകൊണ്ടും ദൂരം കുറവായതിനാലും പ്രസരണ നഷ്ടവും മറ്റ് ചെലവുകളും കുറവായിരിക്കും. ഇപ്പോൾ പാറശ്ശാല പ്രദേശത്തും തിരുവനന്തപുരം ജില്ലയിലെ തെക്കൻ പ്രദേശങ്ങളിലും വൈദ്യുതി കട്ട് പ്രഖ്യാപിതമായും അപ്രഖ്യാപിതമായും ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. അതിനാൽ കൂടംകുളം താപ നിലയത്തിൽ നിന്ന് കേന്ദ്രപൂൾ വഴി നമുക്ക് ലഭിക്കേണ്ട വൈദ്യുതി നഷ്ടപ്പെടുത്തരുതെന്നും ഏറ്റവും അടുത്ത പാറശ്ശാല സബ് സ്റ്റേഷനിലേയ്ക്കുള്ള ലൈൻ ഡബിൾ സർക്യൂട്ട് ആക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും ഈ സബ്മിഷനിലൂടെ ഞാൻ അഭ്യർത്ഥിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീമതി ജമീലാ പ്രകാശം)

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) : സർ, കൂടംകുളം വൈദ്യുതി നിലയത്തിൽ നിന്ന് വൈദ്യുതി കൊണ്ടുവരുന്നതിന് ഇപ്പോഴുണ്ടാക്കുന്ന ലൈൻ തിരുനെൽവേലി-കൊച്ചി-മാടക്കത്തറ ആണ്. കൊച്ചിയിലെ പള്ളിക്കരയിൽ വന്ന് മാടക്കത്തറയിലേക്ക് പോവുകയാണ്. അത് 400 കെ. വി. സബ് സറ്റേഷനാണ്. അതാണ് PGCL (Power Grid Corporation of India Limited) ഉണ്ടാക്കുന്നത്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത്, 110 കെ.വി. ഡബിൾ സർക്യൂട്ട് ആക്കണമെന്നാണ്. അത് ഡബിൾ സർക്യൂട്ട് ആക്കിയാലും ഇത് രണ്ടും രണ്ട് വഴിയാണെന്ന് മാത്രമല്ല 400 കെ.വി. വൈദ്യുതി കൊണ്ടുവരാൻ കഴിയില്ല. ആ ലൈൻ 400 കെ. വി. ആണ്. ഇവിടെയുള്ളത് 110 കെ.വി. ആണ്. ഇത് രണ്ട് വഴിയായാണ് വരുന്നത്. അത് ഡബിൾ സർക്യൂട്ട് ആക്കിയാലും ഒരു 110 കെ.വി.യും കൂടി കിട്ടുമെന്നല്ലാതെ ഇത് 400 കെ.വി. ആകില്ല. അതുകൊണ്ട് ഒട്ടും പ്രായോഗികമാകില്ല. ഇപ്പോഴുള്ള സിംഗിൾ ലൈൻ ഡബിൾ സർക്യൂട്ട് ആക്കി എന്തെങ്കിലും ചെയ്യാൻ കഴിയുമോയെന്നുള്ള കാര്യം പരിശോധിക്കാം. എന്നാലും ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ purpose serve ചെയ്യില്ല. കൂടംകുളത്ത് നിന്ന് കൊണ്ടുവരുന്നതിനാണ് ഇപ്പോൾ ലൈൻ വലിക്കുന്നത്. വേറെയും CGS -ൽ നിന്ന് കിട്ടുന്നത് ഈ ലൈൻ വഴി കൊണ്ടുവരുവാൻ സാധിക്കും. പക്ഷേ, കൂടംകുളത്തുനിന്ന് കിട്ടിയ വൈദ്യുതി നമുക്ക് നഷ്ടപ്പെടുന്നില്ല. ഇപ്പോൾ നമ്മൾ വളഞ്ഞ് തിരിഞ്ഞ് വളരെ ദൂരം ചുറ്റി കൊണ്ടുവരുന്നതുകൊണ്ട് പത്ത് ശതമാനത്തോളം പവർ ട്രാൻസ്മിഷൻ ലോസ് ഉണ്ടാകുന്നുണ്ട്. കൂടംകുളത്ത് നിന്ന് 300 മെഗാവാട്ട് വൈദ്യുതി നമുക്ക് ലഭിക്കുമെങ്കിലും പത്ത് ശതമാനം വച്ച് 30 മെഗാവാട്ടെങ്കിലും ട്രാൻസ്മിഷൻ ലോസ് ഉണ്ടാകും. അതുമാത്രമല്ല ഇടമൺ-കൊച്ചി ലൈൻ നമുക്ക് അത്യാവശ്യമാണ്. 30 ശതമാനം ലോസ് കുറയ്ക്കാൻ വേണ്ടി മാത്രമല്ല വീണ്ടും നമ്മൾ CGS -ൽ നിന്നും കിട്ടുന്ന പവർ കൊണ്ടുവരാനും ഈ ലൈൻ വളരെ അത്യാവശ്യമായിട്ടുള്ളതാണ്. അതുകൊണ്ട് ഈ പറഞ്ഞത് പ്രായോഗികമല്ല എന്നാലും ആ സബ് സ്റ്റേഷൻ ഡബിൾ സർക്യൂട്ടാക്കിയാൽ അവിടത്തെ വോൾട്ടേജ് പ്രശ്നം പരിഹരിക്കാൻ എത്രത്തോളം പ്രായോഗികമാണെന്നുള്ളത് പരിശോധിക്കും. ഇടമൺ-കൊച്ചിക്ക് പകരം ആ ലൈൻകൊണ്ട് പ്രയോജനമുണ്ടാകില്ല.

## (10) റാങ്ക് ഹോൾഡേഴ്സിന്റെ നിരാഹാര സമരം

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, സർക്കാർ ആശുപത്രികളിലേക്കുള്ള ഒഴിവുകളിലേക്ക് 2010-ൽ പ്രസിദ്ധീകരിച്ച പി.എസ്.സി. റാങ്ക് ലിസ്റ്റിൽപ്പെട്ട നഴ്സുമാർക്ക് ഇനിയും നിയമനം ലഭിച്ചിട്ടില്ല. 1353 പേരുടെ ലിസ്റ്റ് ഇപ്പോഴും നിലവിലുണ്ട്. നിയമസഭയിൽ 18-6-2014-ൽ ബഹുമാനപ്പെട്ട മന്ത്രി നൽകിയ ഉത്തരത്തിൽ 808 ഒഴിവുകളുണ്ടെന്ന് വെളിപ്പെടുത്തിയിട്ടും നിയമനം നടത്താത്ത പശ്ചാത്തലത്തിൽ പി.എസ്.സി. റാങ്ക് ഹോൾഡർമാരായ നഴ്സുമാരുടെ പ്രതിനിധികൾ ഇപ്പോൾ സെക്രട്ടേറിയറ്റിന് മുമ്പിൽ അനിശ്ചിതകാല നിരാഹാര സമരം നടത്തിക്കൊണ്ടിരിക്കുകയാണ്. അതിൽ നിരാഹാരസമരം നടത്തിക്കൊണ്ടിരിക്കുന്ന രാഖിയെന്ന നഴ്സിന്റെ സ്ഥിതി വളരെയധികം വിഷമകരമായ അവസ്ഥയിൽ എത്തിയിരിക്കുകയാണ്. നഴ്സുമാരുടെ സമരം 11 ദിവസം കഴിഞ്ഞിരിക്കുകയാണ്. ഇന്നലെ പ്രതിപക്ഷ നേതാവ് ശ്രീ. വി. എസ്. അച്യുതാനന്ദൻ ഉൾപ്പെടെയുള്ളവർ പോയി സന്ദർശിച്ചതാണ്. ഈ സാഹചര്യത്തിൽ ആ നിരാഹാര സമരം നീട്ടിക്കൊണ്ടു പോകുന്നത് നഴ്സുമാരോട് കാണിക്കുന്ന വലിയ അവഗണനയാണ്. ഇക്കാര്യത്തിൽ സർക്കാർ ഇടപെടണം. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ആളുകൾക്ക് ജോലി കൊടുക്കുമെന്ന് ഗവൺമെന്റ് പ്രഖ്യാപിച്ചതാണ്. ആ പ്രഖ്യാപനം നടപ്പിൽ വരുത്തുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കണം. മന്ത്രിതലത്തിൽ ചർച്ച നടന്നുവെന്നാണ് എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞത്. ഇക്കാര്യത്തിൽ എത്രയും പെട്ടെന്ന് ഒരു തീരുമാനമുണ്ടാക്കി നിരാഹാര സമരം ഒത്തുതീർപ്പാക്കാൻ സർക്കാർ അടിയന്തര ഇടപെടൽ നടത്തണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) : സർ, ആരോഗ്യ വകുപ്പിൽ ഡി.എച്ച്.എസ്.-ന്റെ കീഴിൽ സ്റ്റാഫ് നഴ്സ് ഗ്രേഡ്-II തസ്തികയൊന്നും തന്നെ ഒഴിഞ്ഞുകിടക്കുന്നില്ല. ഒഴിവുകൾ അപ്പോൾ തന്നെ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നഴ്സ് ഗ്രേഡ്-II റാങ്ക് ലിസ്റ്റ് നിലവിൽ വന്നത് 12-11-2013-ലാണ്. സാധാരണ നിലയിൽ റാങ്ക് ലിസ്റ്റിന്റെ കാലാവധി മൂന്ന് വർഷമാണ്. അതുകൊണ്ട് റാങ്ക് ലിസ്റ്റിന്റെ കാലാവധി തീരാറായിയെന്ന് പറയുന്നത് ശരിയല്ല. ഇനിയും രണ്ട് വർഷത്തോളം റാങ്ക് ലിസ്റ്റിന് കാലാവധിയുണ്ട്. സെക്രട്ടേറിയറ്റിന് മുന്നിൽ നിരാഹാരസമരം നടത്തുന്ന നഴ്സിംഗ് റാങ്ക് ഹോൾഡേഴ്സിന്റെ ആവശ്യം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ നിലവിലുള്ള ഒഴിവിലേക്ക് മേൽപ്പറഞ്ഞ റാങ്ക് ലിസ്റ്റിൽ നിന്ന് നിയമനം നടത്തണമെന്നുള്ളതാണ് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന ഹോസ്പിറ്റൽ സ്റ്റാഫിന്മേലുള്ള ഡ്യുവൽ കൺട്രോൾ സിസ്റ്റം

നിർത്തലാക്കിക്കൊണ്ട് 1-6-2007-ൽ ഉത്തരമുണ്ടാവുകയും 11-5-2011-ൽ സ്പെഷ്യൽ റൂൾസ് നിലവിൽ വരികയും ചെയ്തതനുസരിച്ച് നിയമനാധികാരവും ഭരണചുമതലയും മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നേരിട്ട് നിക്ഷിപ്തമായി. സ്പെഷ്യൽ റൂൾസ് പ്രകാരം ഹെഡ് നഴ്സ്, സ്റ്റാഫ് നഴ്സ് ഗ്രേഡ്-I, ഗ്രേഡ്-II തുടങ്ങിയ നഴ്സിംഗ് സ്റ്റാഫിന്റെ നിയമനാധികാരം മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്കാണ്. 31-7-2010-ലെ ഗസറ്റ് നോട്ടിഫിക്കേഷൻ പ്രകാരം സ്റ്റാഫ് നഴ്സ് ഗ്രേഡ്-II നിയമനത്തിനായി കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ അപേക്ഷ ക്ഷണിച്ചിരുന്നു. മേൽപ്പടി നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുമ്പോൾ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റിന് കീഴിലുള്ള സ്റ്റാഫ് നഴ്സ് ഗ്രേഡ്-II നിയമനം സംബന്ധിച്ച മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ സ്പെഷ്യൽ റൂൾസ് നിലവിൽ വന്നിട്ടില്ലായിരുന്നു. പി.എസ്.സി. നോട്ടിഫിക്കേഷൻ വന്ന സമയത്ത് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റ്, ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ് എന്നിവയിലെ നിയമനങ്ങൾ നടത്തിയിരുന്നത് ഒന്നിച്ചായിരുന്നതിനാൽ 12-11-2013-ൽ പ്രസിദ്ധീകരിച്ച നിലവിലെ റാങ്ക് ലിസ്റ്റിൽ നിന്ന് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ ഒഴിവുകൾ നികത്തണമെന്ന ആവശ്യം ഉന്നയിച്ച് സ്റ്റാഫ് നഴ്സ് ഗ്രേഡ്-II റാങ്ക് ഹോൾഡേഴ്സ് അസോസിയേഷൻ സർക്കാരിന് നിവേദനം സമർപ്പിച്ചിരുന്നു. 12-11-2013-ൽ പ്രസിദ്ധീകരിച്ച സ്റ്റാഫ് നഴ്സ് ഗ്രേഡ്-II റാങ്ക് ലിസ്റ്റിൽ നിന്ന് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ ഒഴിവുകൾ ആരോഗ്യ വകുപ്പിന് നികത്താൻ കഴിയുമോ എന്ന വിഷയത്തിൽ പി.& എ.ആർ. വകുപ്പിന്റെ ഉപദേശം തേടിയിരുന്നു. മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ 11-5-2011-ന് സ്പെഷ്യൽ റൂൾസ് വരുന്നതിന് മുമ്പുണ്ടായ ഒഴിവുകൾ പി.എസ്.സി.-യുടെ സമ്മതത്തോടുകൂടി മറ്റ് ലിസ്റ്റിൽ നിന്ന് നികത്തുന്നതിന് തടസ്സമില്ലായെന്ന് പി&എ.ആർ. വകുപ്പ് അഭിപ്രായപ്പെട്ടു. അതനുസരിച്ച് സ്പെഷ്യൽ റൂൾസ് നിലവിൽവന്ന ദിവസം വരെ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ നിലവിലുണ്ടായിരുന്ന സ്റ്റാഫ് നഴ്സ് ഗ്രേഡ്-II ഒഴിവുകൾ നിലവിലെ റാങ്ക് ലിസ്റ്റിൽ നിന്ന് നികത്താമോയെന്ന കാര്യത്തിൽ പി.എസ്.സി.-യിൽ നിന്ന് ഉപദേശം തേടിയിരിക്കുകയാണ്. പി.എസ്.സി.-യിൽനിന്ന് മറുപടി ലഭിച്ചതിനുശേഷം ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്. ഈ വിവരം റാങ്ക് ഹോൾഡേഴ്സിന്റെ അസോസിയേഷൻ പ്രതിനിധികളുമായി നടത്തിയ ചർച്ചയിൽ അറിയിച്ചിട്ടുണ്ട്. 2007-ൽ ഡ്യൂവൽ കൺട്രോൾ സിസ്റ്റം നിർത്തുന്നതിന് ഉത്തരവായി എങ്കിലും പി.എസ്.സി. അപേക്ഷ ക്ഷണിച്ചത് 2010-ലാണ്. 2011-ലാണ് സ്പെഷ്യൽ റൂൾസ് നിലവിൽ വന്നത്. സ്പെഷ്യൽ റൂൾസ് നിലവിൽ വന്നപ്പോൾ ഡി.എം.ഇ.-യിൽ 850-ഓളം

ഒഴിവുകളുണ്ട്. അവിടെ സ്പെഷ്യൽ റൂൾസ് നിലവിൽ വന്നപ്പോൾ കേരളത്തിലെ മെഡിക്കൽ കോളേജിലേക്കുവേണ്ടി അപേക്ഷ ക്ഷണിക്കുകയും ടെസ്റ്റ് നടത്തുകയും ചെയ്തു. ഷോർട്ട് ലിസ്റ്റും റാങ്ക് ലിസ്റ്റും ഒരാഴ്ചയ്ക്കുള്ളിൽ വരാൻ പോവുകയാണ്. സ്പെഷ്യൽ റൂൾസ് വന്ന സാഹചര്യത്തിൽ ഡി.എം.ഇ.-യുടെ ലിസ്റ്റിൽ നിന്ന് ഈ കുട്ടികളെ നിയമിക്കാൻ നിർവ്വാഹമില്ല. ഈ ഒരു സാഹചര്യത്തിൽ നിയമപരമായി എന്ത് ചെയ്യാൻ കഴിയുമെന്നുള്ളത് ആലോചിച്ചതിന് ശേഷം മാത്രമേ ചെയ്യാൻ സാധിക്കൂ.

<u>ശ്രീ. വി. ശിവൻകുട്ടി</u>: സർ, ഈ രണ്ട് ഒഴിവുകളും ചേർത്തല്ലേ പി.എസ്.സി. നോട്ടിഫിക്കേഷൻ ഇറക്കിയത് ?

<u>ശ്രീ. വി. എസ്. ശിവകുമാർ</u>: സർ, 2010-ൽ രണ്ടുംകൂടി ഒരുമിച്ചാണ് പി.എസ്.സി. അപേക്ഷ ക്ഷണിച്ചത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത്, 2007-ൽ ഡ്യൂവൽ സിസ്റ്റം നിർത്തലാക്കുകയും 2010-ൽ ടെസ്റ്റിന് വിളിക്കുകയും 2011-ൽ സ്പെഷ്യൽ റൂൾസ് നിലവിൽ വരികയും 2013-ൽ റിസൾട്ട് വരികയും ചെയ്തു. സ്പെഷ്യൽ റൂൾസ് വരുന്നതിന് മുമ്പുള്ള കാര്യം എന്ത് ചെയ്യാൻ കഴിയുമെന്നുള്ളത് പി.എസ്.സി.-യോട് ചോദിച്ചിരിക്കുകയാണ്. നിയമപരമായിട്ടല്ലാതെ ഒരു കാര്യവും ചെയ്യാൻ കഴിയുന്ന സാഹചര്യമല്ല. ഈ വിഷയവുമായി ബന്ധപ്പെട്ട് ഒരു മാസത്തിന് മുമ്പ് മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ യോഗം ചേർന്നതാണ്. കുട്ടികൾ സമരം നടത്തുന്ന പശ്ചാത്തലത്തിൽ നമ്മുടെ ഡിപ്പാർട്ടുമെന്റ് മുഴുവൻ മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ യോഗം ചേർന്നതാണ്. ഇന്നലെ വീണ്ടും ഞാൻ റാങ്ക് ഹോൾഡേഴ്സ് പ്രതിനിധികളുമായി സംസാരിച്ചിരുന്നു. എന്റെ കൂടെ ശ്രീ. വി. ശിവൻകുട്ടി എം.എൽ.എ. അടക്കമുള്ള ആളുകളുണ്ടായിരുന്നു. ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഇതിനപ്പുറമേ ഒരു കാര്യവും ചെയ്യാൻ കഴിയുന്ന സാഹചര്യമല്ല. കുട്ടികളെ സഹായിക്കുകയെന്നുള്ളതാണ് ഗവൺമെന്റിന്റെ സമീപനം. ഈ കുട്ടികളുടെ കുഴപ്പം കൊണ്ടല്ല ഇങ്ങനെ സംഭവിച്ചതെന്നുള്ളത് ഗവൺമെന്റിന് അറിയാം. ഇക്കാര്യത്തിൽ എന്ത് ചെയ്യാൻ കഴിയുമെന്നുള്ളത് നിയമപരമായി ആലോചിച്ച് ഗവൺമെന്റ് നടപടി സ്വീകരിക്കുന്നതാണ്.

<u>ശ്രീ. വി. ശിവൻകുട്ടി</u> : സർ, മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ കൂടിയ യോഗത്തിന്റെ മിനിട്ട്സ് എങ്കിലും തരണ്ടേ ? 8 ദിവസം കൊണ്ട് ഒരു കുട്ടി അവിടെ നിരാഹാരം കിടക്കുകയാണ്. ആ കുട്ടി അവിടെ കിടന്ന് മരിച്ചുപോയാൽ ആര് ഉത്തരം പറയും?

<u>ശ്രീ. വി. എസ്. ശിവകുമാർ</u> : സർ, ഒരു മാസം മുമ്പാണ് മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ യോഗം കൂടിയത്.

## (11) തൃപ്രയാർ ക്ഷേത്രത്തിലെ അടിസ്ഥാന സൗകര്യങ്ങൾ

ശ്രീമതി ഗീതാ ഗോപി : സർ, കേരളത്തിലെ Tourism Pilgrim Package-മായി ബന്ധപ്പെട്ടാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. കേരളത്തിലെ വളരെ പ്രധാനപ്പെട്ട തീർത്ഥാടന കേന്ദ്രമാണ് തൃപ്രയാർ ശ്രീരാമ ക്ഷേത്രം. ഈ ക്ഷേത്രത്തിൽ എത്തിച്ചേരുന്ന ഭക്തരുടെ തിരക്ക് ഇപ്പോൾ വളരെയധികം വർദ്ധിച്ചിരിക്കുകയാണ്. കേരള സംസ്ഥാന ടൂറിസം വകുപ്പിൽ നിന്ന് നാല് ക്ഷേത്രങ്ങൾക്കാണ് നാലമ്പല ദർശനവുമായി ബന്ധപ്പെട്ട് ടൂറിസം വികസന ഫണ്ട് ലഭിച്ചിട്ടുള്ളത്. ഈ ശ്രീരാമ ക്ഷേത്രത്തിന്റെ മറ്റ് വികസന താൽപ്പര്യങ്ങൾകൂടി മുൻനിർത്തിക്കൊണ്ട് ബഹുമാനപ്പെട്ട ടൂറിസം വകുപ്പുമന്ത്രി ഒരു കോടി രൂപയുടെ ഫണ്ടാണ് അനുവദിച്ചത്. ക്ഷേത്രത്തിൽ എത്തിച്ചേരുന്ന ഭക്തജനങ്ങൾക്ക് മതിയായ ശുചിത്വ റൂമുകൾ, ടോയ്‌ലെറ്റ്, ക്ലോക്ക് റൂം, ടൂറിസം സെന്റർ, വാഹന പാർക്കിംഗ് സൗകര്യം, ഫുഡ് കോർട്ട് എന്നീ സംവിധാനങ്ങൾക്കുവേണ്ടിയാണ് ഒരു കോടി രൂപ അനുവദിച്ചത്. എന്നാൽ ഭരണാനുമതി ലഭിച്ച് അതിന്റെ നിർമ്മാണം ആരംഭിക്കുന്ന ഘട്ടത്തിൽത്തന്നെ Archeological Survey of India പ്രവൃത്തി നിർത്തിവയ്ക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നടപടി എടുത്തിരിക്കുകയാണ്. അവിടെ എത്തുന്ന തീർത്ഥാടകർക്കാവശ്യമായിട്ടുള്ള സംവിധാനങ്ങൾ ഒരുക്കാൻ സംസ്ഥാന ഗവൺമെന്റ് ഒരു കോടി രൂപ അനുവദിക്കുകയും അതിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുകയും ചെയ്തതിനുശേഷം അത് പാതിവഴിയിൽവച്ച് നിർത്തിവയ്ക്കേണ്ടി വന്നതിനാൽ അതിന്റെ വികസനം തടസ്സപ്പെടുകയാണ്. ശബരിമല ക്ഷേത്രത്തിൽ വരുന്ന അത്രയുംതന്നെ ഭക്തർ ഈ ശ്രീരാമ ക്ഷേത്രത്തിലും വരികയാണ്. നിർത്തിവച്ച പ്രവൃത്തി വളരെ ശോചനീയമായ അവസ്ഥയിൽ നിൽക്കുന്നു. മാത്രമല്ല, അവിടെയെത്തുന്ന ഭക്തർക്ക് കൃത്യമായി സേവനം നൽകുവാൻ ദേവസ്വം ബോർഡിന് കഴിയാതെ വരുന്നു. ഇതുസംബന്ധിച്ച് അടിയന്തരമായി കേന്ദ്രവുമായി ബന്ധപ്പെട്ട് നിർത്തിവച്ച പ്രവൃത്തികൾ പൂർത്തീകരിക്കാനും ടൂറിസം വികസനത്തിനും തീർത്ഥാടകർക്ക് സേവനം നൽകുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനും സംസ്ഥാന ടൂറിസം വകുപ്പുമന്ത്രി അടിയന്തര നടപടി സ്വീകരിക്കണം.

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ): സർ, ശ്രീമതി ഗീതാ ഗോപി ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ തൃപ്രയാർ ശ്രീരാമ ക്ഷേത്രത്തിന് രണ്ട് ഘട്ടങ്ങളിലായി 15 ലക്ഷവും ഒരു കോടിയും രൂപ വീതം ഗവൺമെന്റ് അനുവദിച്ചു. രണ്ട് പദ്ധതികളും

തുടങ്ങുന്നതിനുള്ള എല്ലാ നടപടികളും ടൂറിസം വകുപ്പിന്റെ ഭാഗത്തു നിന്നും പൂർത്തീകരിച്ചതാണ്. ഈ ക്ഷേത്രവുമായി ബന്ധപ്പെട്ട് ടൂറിസം വകുപ്പ് ആരംഭിക്കാനിരിക്കുന്ന പദ്ധതി സ്ഥലം പൂർണ്ണമായും കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള ആർക്കിയോളജി വകുപ്പിന്റെ കീഴിലായതിനാൽ പദ്ധതി പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകുന്നതിനിടയിൽ അത് നിർത്തിവയ്ക്കണമെന്ന് സംസ്ഥാന ഗവൺമെന്റിനോട് ആവശ്യപ്പെട്ടു. അതിന്റെ അടിസ്ഥാനത്തിലാണ് ഏതാണ്ട് ഒരു കോടി രൂപയിലധികം തുക വരുന്ന രണ്ട് പ്രവൃത്തികളും നിർത്തിവച്ചിട്ടുള്ളത്. ഈ പദ്ധതിക്ക് ക്ലിയറൻസ് ലഭിക്കുന്നതിനായി നിർവ്വഹണ ഏജൻസിയായ കിറ്റ്കോ (KITCO) 30-1-2014-ൽ ആർക്കിയോളജി ഡയറക്ടർക്ക് അപേക്ഷ സമർപ്പിക്കുകയും ചെയ്തു. കൂടാതെ എത്രയും വേഗം പദ്ധതി ആരംഭിക്കുന്നതിനുള്ള അനുമതി ലഭ്യമാക്കണമെന്ന് ടൂറിസം വകുപ്പ് ആർക്കിയോളജി വകുപ്പിനോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര പുരാവസ്തു വകുപ്പിന്റെ അനുമതി ലഭ്യമാക്കാനുള്ള എല്ലാ നടപടികളും ഗവൺമെന്റിന്റെ നേതൃത്വത്തിൽ നടത്തിവരുന്നു, എത്രയുംവേഗം അനുമതി ലഭിക്കുമെന്ന് പ്രതീക്ഷിക്കുകയാണ്. അനുമതി ലഭിച്ചാലുടനെ ഈ പദ്ധതി എത്രയും പെട്ടെന്ന് പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## (12) തങ്കളം - കോഴിപ്പിള്ളി ബൈപ്പാസ് റോഡ് നിർമ്മാണം പൂർത്തീകരണം

ശ്രീ. റ്റി. യു. കുരുവിള : സർ, ഗുരുതരമായ ഒരു ആരോപണത്തെക്കുറിച്ചാണ് ഞാൻ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. കോതമംഗലത്ത് തങ്കളം - കോഴിപ്പിള്ളി ബൈപ്പാസിന്റെ നിർമ്മാണത്തിൽ ഒരു ഓഫീസർ സർവ്വേ നമ്പർ തെറ്റായി രേഖപ്പെടുത്തിയതുകൊണ്ട് ഗവൺമെന്റിന് കോടികളുടെ നഷ്ടമാണ് വന്നിട്ടുള്ളത്. ഇക്കാര്യം ഞാൻ പല പ്രാവശ്യം ചൂണ്ടിക്കാണിക്കുകയും ഇവിടെ സബ്മിഷനായി ഉന്നയിക്കുകയും ചെയ്തിട്ടുണ്ട്. സർവ്വേ നമ്പർ മനഃപൂർവ്വം മാറ്റിയതുകൊണ്ട് ആ സ്ഥലം ഉടമയ്ക്ക് വലിയ ബുദ്ധിമുട്ടുണ്ടായിട്ടുണ്ട്. സ്ഥലം ഉടമ ഹൈക്കോടതിയിൽ പോവുകയും അനുകൂലമായി വിധി സമ്പാദിക്കുകയും ചെയ്തു. ഈ വർക്ക് എടുത്ത കോൺട്രാക്ടർ മാർക്കറ്റ് റേറ്റിനേക്കാൾ 25.39 ശതമാനം കുറച്ചാണ് വർക്ക് എടുത്തത്. സ്ഥലം ലഭിക്കാത്തതുകൊണ്ട് കോൺട്രാക്ടർ ആ വർക്ക് ഉപേക്ഷിച്ചു. 2008-ലെ ഷെഡ്യൂൾ പ്രകാരമാണ് ആ വർക്ക് നടത്തുന്നത്. ആ വർക്ക് റീ-ടെണ്ടർ ചെയ്യുമ്പോൾ പുതിയ ഷെഡ്യൂൾ അനുസരിച്ച് നിർമ്മാണച്ചെലവിൽ ആറ് കോടി രൂപയുടെയെങ്കിലും വ്യത്യാസം വരും. ഒരു ഉദ്യോഗസ്ഥൻ മനഃപൂർവ്വം വരുത്തിയ തെറ്റുകൊണ്ട് ഖജനാവിന് ഇത്രയും കോടി രൂപയുടെ നഷ്ടമാണ് വരുന്നത്. പല പ്രാവശ്യം ഇക്കാര്യം ചൂണ്ടിക്കാണിച്ചിട്ടും തിരുത്തിക്കൊടുക്കാൻ തയ്യാറാകാത്ത ആ

ഉദ്യോഗസ്ഥൻ ആരാണെന്ന് കണ്ടുപിടിച്ച് മാതൃകാപരമായി ശിക്ഷിക്കുവാൻ ഗവൺമെന്റ് തയ്യാറാകണമെന്ന് ജനപ്രതിനിധി എന്ന നിലയിൽ ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. മനഃപൂർവ്വം ഇതുപോലെയുള്ള തെറ്റുകൾ വരുത്തുന്ന ഉദ്യോഗസ്ഥൻമാരെ മാതൃകാപരമായി ശിക്ഷിക്കേണ്ടതാണ്. അല്ലെങ്കിൽ നമ്മുടെ രാജ്യത്തിനുതന്നെ ആപത്താണ്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ഗൗരവമായി ഇക്കാര്യം കണക്കിലെടുത്ത് ആ ഉദ്യോഗസ്ഥന്റെ പേരിൽ നടപടി സ്വീകരിക്കുന്നതോടൊപ്പം മുടങ്ങിക്കിടക്കുന്ന തങ്കളം - കോഴിപ്പിള്ളി ബൈപ്പാസ് റോഡിന്റെ വർക്ക് എത്രയുംവേഗം തീർക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് ഈ സബ്മിഷനിലൂടെ ഉന്നയിക്കാനുള്ളത്.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, എറണാകുളം ജില്ലയിലെ തങ്കളം - കോഴിപ്പിള്ളി ബൈപ്പാസിനുവേണ്ടി 3.2552 ഹെക്ടർ സ്ഥലം 2009-ൽ ഏറ്റെടുത്ത് പൊതുമരാമത്ത് വകുപ്പിന് കൈമാറിയിട്ടുള്ളതാണ്. ഭൂമി ഏറ്റെടുത്തതിനുശേഷം സർവ്വേ നമ്പരിൽ വന്ന പിശക് സംബന്ധിച്ച് ഭൂ ഉടമകളിൽ ഒരാൾ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസിൽ ബഹുമാനപ്പെട്ട ഹൈക്കോടതി സ്റ്റേ അനുവദിക്കുകയുണ്ടായി. പിന്നീട് ഈ സ്റ്റേ ബഹുമാനപ്പെട്ട ഹൈക്കോടതി തന്നെ നീക്കം ചെയ്തിട്ടുള്ളതാണ്. പ്രസ്തുത കേസിലെ വിധിയിൽ, രേഖകൾ ഹാജരാക്കാൻ സാധിക്കുന്നപക്ഷം ടിയാന് നഷ്ടപരിഹാരം നൽകാനും അല്ലാത്ത പക്ഷം കോടതിയിൽ കെട്ടിവയ്ക്കാനും ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവായി. അതിന്റെ അടിസ്ഥാനത്തിൽ സർവ്വേ നമ്പർ 1032/1-ൽപ്പെട്ട 1.47 ആർ സ്ഥലത്തിന് നഷ്ടപരിഹാരം ടി കക്ഷിക്ക് നൽകുകയും രേഖകൾ ഹാജരാക്കാൻ സാധിക്കാത്ത 7 ആർ സ്ഥലത്തിന്റെ നഷ്ടപരിഹാരം 21-2-2012-ൽ മൂവാറ്റുപുഴ സബ്കോടതിയിൽ കെട്ടിവയ്ക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത കേസ് 10-11-2014-ൽ സബ് കോടതി തിരിച്ചയച്ചിട്ടുള്ളതാണ്. 2014-ൽ വീണ്ടും ടിയാൻ ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ട്. ജില്ലാ വികസന സമിതിയിൽ ഈ വിഷയം ഉന്നയിച്ചതിനെത്തുടർന്ന് പ്രസ്തുത സ്ഥലം വീണ്ടും സർവ്വേ നടത്താൻ ജില്ലാ കളക്ടർ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ സർവ്വേ ഡെപ്യൂട്ടി ഡയറക്ടർ സ്ഥലം പരിശോധിക്കുകയും വീണ്ടും റീ സർവ്വേ ചെയ്ത് പുതുക്കിയ റിക്കാർഡുകൾ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. സമയബന്ധിതമായി റിപ്പോർട്ട് നൽകാതെ കാലതാമസം ഉണ്ടാക്കുന്നുണ്ടെങ്കിൽ ബന്ധപ്പെട്ടവരുടെ പേരിൽ നടപടി സ്വീകരിക്കുന്നതാണെന്ന് 17-6-2014-ൽ ബഹുമാനപ്പെട്ട അംഗത്തിന്റെ സബ്മിഷന് മറുപടിയായി ഞാൻ ഈ സഭയിൽത്തന്നെ മറുപടി നൽകിയിട്ടുള്ളതാണ്. എന്നാൽ ഈ വിഷയത്തിൽ ഏതെങ്കിലും ഉദ്യോഗസ്ഥർ മനഃപൂർവ്വം വീഴ്ച വരുത്തിയതായി കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്ന് എറണാകുളം

ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ ഒരു ഉദ്യോഗസ്ഥന്റെ വീഴ്ച മൂലം പ്രസ്തുത ബൈപ്പാസിന്റെ നിർമ്മാണ പ്രവർത്തനത്തിൽ കാലതാമസം വന്നതിനാൽ ആറ് കോടിയോളം രൂപയുടെ നഷ്ടം ഗവൺമെന്റിന് സംഭവിച്ചിരിക്കുന്നു എന്നാണ് ബഹുമാനപ്പെട്ട അംഗം ഈ സഭയിൽ ഉന്നയിച്ചിട്ടുള്ളത്. തീർച്ചയായും ഈ കാര്യം ഗൗരവത്തോടുകൂടി കാണുന്നതാണ്. ഏതെങ്കിലും ഉദ്യോഗസ്ഥൻ തെറ്റ് ചെയ്തിട്ടുണ്ടെങ്കിൽ അതാരാണെന്ന് കണ്ടെത്തുന്നതിന് പ്രത്യേകമായി ഒരു ഉന്നത ഉദ്യോഗസ്ഥനെ നിയോഗിച്ചുകൊണ്ട് അന്വേഷണം നടത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് ബഹുമാനപ്പെട്ട അംഗത്തെ ഞാൻ അറിയിക്കുകയാണ്.

## (13) സാനിട്ടേഷൻ വർക്കർമാരുടെ പ്രശ്നങ്ങൾ

ശ്രീ. ജെയിംസ് മാത്യു: സർ, കേരളത്തിലെ 60 മുനിസിപ്പാലിറ്റികളിലെയും 5 കോർപ്പറേഷനുകളിലെയും സാനിട്ടറി വർക്കേഴ്സിന്റെ ജോലിഭാരം തിട്ടപ്പെടുത്തണം എന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുന്നത്. നമ്മുടെ സംസ്ഥാനം നേരിടുന്ന ഏറ്റവും ഗുരുതരമായ ഒരു പ്രശ്നമാണ് മാലിന്യ നിർമ്മാർജ്ജനം. മാലിന്യ നിർമ്മാർജ്ജനം ഏറ്റവും കൂടുതൽ നഷ്ടമാകുന്നത് നഗരപ്രദേശങ്ങളിലാണ് നഗരപ്രദേശങ്ങളിലെ മാലിന്യ സംസ്കരണത്തിന്റെ ചുമതല നേരിട്ട് നിർവ്വഹിക്കാൻ ഉത്തരവാദപ്പെട്ട ആളുകളാണ് കണ്ടിൻജന്റ് സാനിട്ടറി വർക്കേഴ്സ്. സംസ്ഥാനത്ത് അവരുടെ ജോലിഭാരം സംബന്ധിച്ച് നിലവിൽ ഒരു വ്യവസ്ഥയുമില്ല. നഗരങ്ങൾ അനുദിനം വികസിക്കുകയും, ജനസംഖ്യയും, റോഡുകളും ഇടറോഡുകളും വർദ്ധിക്കുകയാണ്. എന്നാൽ ഇതിനനുസരിച്ച് ശുചീകരണത്തൊഴിലാളികളുടെ എണ്ണത്തിൽ യാതൊരു വർദ്ധനവുമില്ല. ഒരൊറ്റ അനുഭവം മാത്രം പരിശോധിച്ചാൽ ഇത് വളരെ വ്യക്തമാണ്. തിരുവനന്തപുരം മുനിസിപ്പാലിറ്റി 1940-ലാണ് കോർപ്പറേഷനായത്. അന്ന് 32 വാർഡുകളിലായി 1,28,480 ആളുകളാണ് നഗരവാസികളായി ഉണ്ടായിരുന്നത്. 2014-ൽ തിരുവനന്തപുരം കോർപ്പറേഷനിൽ 100 വാർഡുകളും 9,72,000 ജനസംഖ്യയുമുണ്ട്. 1940-ൽ നഗരശുചീകരണത്തിനു വേണ്ടി സ്ഥിരം തൊഴിലാളികളായി 1087 പേരാണുണ്ടായിരുന്നത്. എന്നാൽ 2014 ആയപ്പോൾ നഗരശുചീകരണത്തിനുവേണ്ടി തിരുവനന്തപുരം കോർപ്പറേഷനിൽ 761 പേരാണുള്ളത്. ഇതിന് കോർപ്പറേഷനുകളും മുനിസിപ്പാലിറ്റികളും പറയുന്ന ഒരു പ്രധാനപ്പെട്ട കാരണം അവർക്ക് ആവശ്യമായ പ്ലാൻ ഫണ്ട് ഗവൺമെന്റ് വകയിരുത്തുന്നില്ല എന്നുള്ളതാണ്. ഫണ്ടിന്റെ പരിമിതി കാരണം സാനിട്ടറി വർക്കേഴ്സിന്റെ വർക്ക് ലോഡ് അസസ് ചെയ്ത് കാലാനുസൃതമായി എണ്ണം

വർദ്ധിപ്പിച്ചുകൊടുക്കാൻ ഒരു നഗരസഭയ്ക്കും കോർപ്പറേഷനും കഴിയുന്നില്ല. മാലിന്യമുക്ത കേരളം പദ്ധതിയെന്നു പറഞ്ഞ് നമ്മുടെ മന്ത്രിമാരും എം.എൽ.എ.-മാരും ഓരോ ദിവസവും ഓരോ സ്ഥലങ്ങളിൽ പോകും. മന്ത്രി ഒരു എലിയെ എടുത്തുപൊക്കി കാണിക്കും, ലോകം മുഴുവനും ഇത് കാണും. യഥാർത്ഥത്തിൽ ഇത് മുഴുവൻ വൃത്തിയാക്കുന്ന സാനിട്ടറി വർക്കേഴ്സിന്റെ ജോലിയെപ്പറ്റി ഗവൺമെന്റിന് യാതൊരു ധാരണയുമില്ല. വൃത്തിഹീനമായ അന്തരീക്ഷത്തിൽ ജോലി ചെയ്യുന്ന അവരുടെ ആരോഗ്യ പരിരക്ഷയ്ക്ക് ആവശ്യമായ ഉപാധികൾ ഉറപ്പുവരുത്തുക, ന്യായമായ വേതനം കൊടുക്കുക ഇതിലെല്ലാം കടുത്ത അലംഭാവമാണ് സർക്കാർ കാണിക്കുന്നത്. നിരവധി വർഷങ്ങൾ താല്ക്കാലികമായി ജോലി ചെയ്താൽ മാത്രമേ അവർക്ക് സ്ഥിരം തൊഴിലാളികളാകാൻ സാധിക്കുകയുള്ളൂ. അവർക്ക് ഹാജർ ബുക്കില്ല, അവിടത്തെ ഹെൽത്ത് ഇൻസ്പെക്ടർ വന്ന് ഹാജർ വിളിക്കുകയാണ് ചെയ്യുന്നത്. ബ്രിട്ടീഷുകാരന്റെ കാലത്തുണ്ടായിരുന്നതുപോലെയാണിത്. ഹാജർ വിളിക്കുമ്പോൾ മുമ്പിൽ വന്ന് നിന്നില്ലെങ്കിൽ അന്ന് ലീവായി കണക്കാക്കും. ഹെൽത്ത് ഇൻസ്പെക്ടർമാരുടെ വിവേചനത്തിനനുസരിച്ചാണ് ഇവരുടെ സേവനവേതന വ്യവസ്ഥകൾ. ഇതിന്റെ ഫലമായി അവർക്ക് സർവ്വീസ് ബുക്കില്ല. ഇങ്ങനെ ഒരവസ്ഥ കേരളത്തിൽ വേറെ ഏതെങ്കിലും ക്ലാസ്സ് IV ജീവനക്കാർക്ക് ഉണ്ടാകുമോ? കണ്ടിൻജന്റ്/സാനിട്ടറി വർക്കേഴ്സ് ഒരു മാസം പണിമുടക്കിയാൽ കേരളം ഇന്നു കാണുന്നതു പോലെയായിരിക്കില്ല, ചീഞ്ഞുനാറി മനുഷ്യന് നടക്കാൻ പറ്റാത്ത അവസ്ഥയുണ്ടാകും. അങ്ങനെയുള്ള ഈ തൊഴിലാളികളുടെ കാര്യത്തിൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നോ മുനിസിപ്പാലിറ്റി/കോർപ്പറേഷന്റെ ഭാഗത്തു നിന്നോ യാതൊരു പരിഗണനയും ഉണ്ടാകുന്നില്ല. ഇക്കാര്യത്തിൽ അടിയന്തര പ്രാധാന്യത്തോടുകൂടി ഗവൺമെന്റ് ശ്രദ്ധ പതിപ്പിക്കണം. പ്രത്യേകിച്ച് നഗരകാര്യ വകുപ്പുമന്ത്രി ഇതിൽ ഇടപെടണം. ഇവർക്ക് മതിയായ തൊഴിൽസാഹചര്യം ഉറപ്പുവരുത്തണം. അവർക്ക് സർവ്വീസ് ബുക്ക് ഏർപ്പെടുത്തി പെൻഷൻ കിട്ടാനുള്ള സൗകര്യം ഉറപ്പുവരുത്തുകയും അവരുടെ വർക്ക് ലോഡ് അസസ് ചെയ്ത് ആ പോസ്റ്റ് സംബന്ധിച്ച് വ്യവസ്ഥയുണ്ടാക്കുകയും വേണം. അതല്ലാതെ മാലിന്യമുക്ത കേരളം അടുത്തയാഴ്ച ശരിയാകും, അല്ലെങ്കിൽ ഒക്ടോബർ 2-ന് റെഡിയാകും എന്നു പറയുന്നത് ശരിയല്ല. അതുകൊണ്ട് ഈ തൊഴിലാളികളുടെ കാര്യത്തിൽ ഗൗരവപൂർവ്വമായ ഒരു ഇടപെടൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണം എന്ന് ഈ സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുകയാണ്.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി):

സർ, സംസ്ഥാനത്തെ വിവിധ നഗരസഭകളിലായി കണ്ടിൻജന്റ് ജീവനക്കാരുടെ 5111 തസ്തികകൾ നിലവിലുണ്ട്. പൊതുനിരത്തുകൾ, പൊതുസ്ഥലങ്ങൾ, ഓടകൾ, മാർക്കറ്റുകൾ, അറവുശാലകൾ തുടങ്ങിയവയുടെ വൃത്തിയാക്കൽ, പൊതു കക്കൂസുകളുടെ ശുചീകരണം, കൊതുക് നിവാരണ പ്രവർത്തനങ്ങൾ എന്നിവ ഉൾപ്പെടെയുള്ള വിവിധ ആരോഗ്യ/ശുചീകരണ പ്രവർത്തനങ്ങളാണ് ഈ തൊഴിലാളികൾ മുഖേന നിർവ്വഹിക്കുന്നത്. ഈ തസ്തികകളിൽ നിയമനം നടത്തുന്നതിനുള്ള അധികാരം അതാത് നഗരസഭകൾക്കാണ്. കണ്ടിൻജന്റ് വിഭാഗം ജീവനക്കാർക്ക് പുറമെ മാലിന്യശേഖരണത്തിനും ശുചീകരണ പ്രവർത്തനങ്ങൾക്കും കുടുംബശ്രീ യൂണിറ്റുകളെ പരമാവധി ഉപയോഗിക്കുവാൻ സർക്കാർ നിർദ്ദേശം നല്കിയിട്ടുണ്ട്. ഇതിനുപുറമേ നഗരസഭകളുടെ വിസ്തീർണ്ണം, സൃഷ്ടിക്കുന്ന ഖരമാലിന്യങ്ങളുടെ അളവ്, ജനസംഖ്യ, നഗരസഭകളുടെ സാമ്പത്തിക ശേഷി, നിലവിലുള്ള ജീവനക്കാരുടെ എണ്ണം എന്നിവ കണക്കാക്കി മതിയായ ജീവനക്കാർ ഇല്ലെന്ന് ബോധ്യപ്പെടുകയാണെങ്കിൽ അത്യാവശ്യം ജീവനക്കാരെ ദിവസവേതന അടിസ്ഥാനത്തിൽ ശുചീകരണപ്രവർത്തനങ്ങൾക്ക് നിയമിക്കുവാൻ സർക്കാർ അനുമതി നല്കിയിട്ടുണ്ട്. തിരുവനന്തപുരം കോർപ്പറേഷനിൽ 300 തൊഴിലാളികളെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കാൻ സർക്കാർ അനുമതി നല്കിയിരുന്നു. കൊല്ലം മുനിസിപ്പൽ കോർപ്പറേഷനിൽ മഴക്കാലപൂർവ്വ ശുചീകരണത്തിനായി 75 തൊഴിലാളികളെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കാൻ സർക്കാർ ഉത്തരവായിരുന്നു. പ്രമുഖ ഉത്സവങ്ങളുമായി ബന്ധപ്പെട്ട കാലയളവിൽ മാലിന്യം നീക്കം ചെയ്യുന്നതിനും ശുചീകരണ പ്രവർത്തനങ്ങൾക്കുമായി അധിക തൊഴിലാളികളെ നിയമിക്കുവാൻ വിവിധ നഗരസഭകൾക്ക് സർക്കാർ അനുമതി നല്കിയിട്ടുണ്ട്. ഖരമാലിന്യങ്ങൾ കേന്ദ്രീകൃത നിലയിൽ ശേഖരിച്ച് സംസ്കരിക്കുന്ന രീതിക്ക് പകരം ഉറവിടത്തിൽത്തന്നെ സംസ്കരിക്കുന്ന രീതി സ്വീകരിച്ചു തുടങ്ങിയതോടെ മാലിന്യം നീക്കം ചെയ്യുന്നതിന്റെ ആവശ്യം ഗണ്യമായി കുറഞ്ഞുവെന്നത് ഒരു വസ്തുതയാണ്. മഴക്കാല ശുചീകരണം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ വാർഡുതല സാനിട്ടേഷൻ സമിതിയുടെ മേൽനോട്ടത്തിൽ ജനപങ്കാളിത്തത്തോടെ അധികതൊഴിലാളികളെ ഉപയോഗിച്ചാണ് ചെയ്യുന്നത്. ഇത്തരം പ്രവർത്തനങ്ങളുടെ ഭാഗമായി നഗരസഭകളുടെ ശുചീകരണവിഭാഗം

തൊഴിലാളികളുടെ ജോലിഭാരം മുൻകാലത്തെ അപേക്ഷിച്ച് വളരെ കുറഞ്ഞുവെന്നാണ് കണക്കാക്കിയിരിക്കുന്നത്. ഏതെങ്കിലും നഗരസഭകളുടെ സാനിട്ടേഷൻ പ്രവൃത്തികളുമായി ബന്ധപ്പെട്ട് ജീവനക്കാരുടെ അപര്യാപ്തതയോ അമിത ജോലിഭാരമോ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണെങ്കിൽ ആയത് പരിഹരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. മുനിസിപ്പൽ ജീവനക്കാരുടെ പൊതുവെയുള്ള പ്രശ്നങ്ങൾ പഠിക്കാനും അത് പരിഹരിക്കാനും എന്തൊക്കെ മാർഗ്ഗങ്ങളാണ് സ്വീകരിക്കേണ്ടതെന്ന് പഠിക്കാൻവേണ്ടി ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി ചെയർമാനായിട്ടുള്ള ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. അവരുടെ റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്.

## (14) സിമന്റ് പാത്ര നിർമ്മാണ മേഖല നേരിടുന്ന പ്രതിസന്ധി

ശ്രീ. സി. കെ. നാണു: സർ, വടകര നിയോജക മണ്ഡലത്തിലെ പാക്കയിൽ എന്നു പറയുന്ന പ്രദേശത്തെ മൂന്ന്-നാല് വാർഡുകളിലുള്ള ജനങ്ങൾ സ്വാതന്ത്ര്യസമ്പാദനത്തിനു മുമ്പുമുതൽതന്നെ, ഒരു കുടിൽ വ്യവസായം എന്നുള്ള നിലയ്ക്ക് സിമന്റ് പാത്ര നിർമ്മാണത്തിൽ ഏർപ്പെട്ടുവരുന്നു. കേരളത്തിൽ മാത്രമല്ല കർണ്ണാടകത്തിലും തമിഴ്നാട്ടിലുമൊക്കെ ആദ്യകാലത്ത് അവർ സിമന്റ് പാത്രങ്ങൾ വിറ്റിരുന്നു. ആ പ്രദേശത്തുള്ള ചില ആളുകൾ പിന്നീട് കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ സിമന്റ് പാത്ര നിർമ്മാണത്തിൽ ഏർപ്പെട്ടിരുന്നു. സിമന്റ് പാത്ര നിർമ്മാണത്തിന് പ്രധാനമായും ആവശ്യമുള്ളത് സിമന്റും മണലുമാണ്. ആവശ്യത്തിന് മണൽ ലഭിച്ചിരുന്ന കാലത്ത് ആ തൊഴിൽ നിർബാധം നടന്നുവന്നിരുന്നു. എന്നാൽ കുറച്ച് മാസങ്ങളായി സിമന്റ് പാത്ര നിർമ്മാണമേഖല സ്തംഭനത്തിലാണ്. അതിനുകാരണം അമിത വിലകൊടുത്ത് മണൽ വാങ്ങിയാൽ ഉദ്ദേശിച്ച വിലക്ക് പാത്രങ്ങൾ മാർക്കറ്റ് ചെയ്യാൻ സാധിക്കുന്നില്ല എന്നതാണ്. മണൽ എടുക്കുന്ന സ്ഥലം ഇവരുടെ പ്രദേശത്തിന് വളരെ അടുത്താണ്. ലോറിയിൽ കൊണ്ടുവരാതെതന്നെ തോണി വഴി അവരുടെ പ്രദേശങ്ങളിലേക്ക് മണൽ എത്തിക്കാനുള്ള സൗകര്യവുമുണ്ട്. അതുകൊണ്ട്, ഒരു പ്രദേശത്തുള്ള ആളുകൾ അവരുടെ ജീവസന്ധാരണത്തിനുവേണ്ടി പരമ്പരാഗതമായി ചെയ്തുവരുന്ന ഒരു കുടിൽ വ്യവസായം എന്നുള്ള നിലയ്ക്ക്, സാധാരണ മണൽ അനുവദിക്കുന്ന റേറ്റ് ഒഴിവാക്കി കുറഞ്ഞ വിലയ്ക്ക് മണൽ നല്കാനും അവരുടെ ജോലി സ്ഥലത്തേക്ക് തോണിയിൽ മണൽ എത്തിക്കാനുമുള്ള നടപടി ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ച് അനേകം കുടുംബങ്ങളെ രക്ഷിക്കണമെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിച്ച

കൊള്ളുന്നു. വളരെ മുമ്പുതന്നെ, ബഹുമാനപ്പെട്ട മന്ത്രി വടകരയിൽ വന്നപ്പോൾ അവർ മന്ത്രിക്ക് നിവേദനം നല്കിയതാണ്.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, വടകര മുനിസിപ്പാലിറ്റിയിൽ ഉൾപ്പെടുന്ന വടകര തുറമുഖത്ത് പരിസ്ഥിതി നിയമങ്ങൾക്കും നിയന്ത്രണങ്ങൾക്കും വിധേയമായി തദ്ദേശവാസികളായ പരമ്പരാഗത മണൽ വാരൽ തൊഴിലാളികളുടെ തൊഴിൽ സുരക്ഷ ഉറപ്പാക്കിയെടുക്കുന്നതിന് 16-8-2013-ലെ സർക്കാർ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ഇതനുസരിച്ച് പൂർണ്ണമായും തദ്ദേശവാസികളായ മണൽ വാരൽ തൊഴിലാളികളാൽ രൂപീകൃതമായ കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾക്കാണ് പെർമിറ്റ് നൽകുന്നത്. സുതാര്യമായ ടെണ്ടർ നടപടികളിലൂടെ യോഗ്യതയുള്ള സഹകരണ സംഘങ്ങളെ തെരഞ്ഞെടുക്കുന്ന നടപടിയാണ് നിലവിലുള്ളത്. 17-8-2013 ലെ ടെണ്ടർ പ്രകാരം Vadakara Port Manual Dredging Workers Co-operative Society-യാണ് വടകരയിൽ മാനുവൽ ഡ്രഡ്ജിംഗ് നടത്തി വരുന്നത്. ഈ സംഘം ഡ്രഡ്ജ് ചെയ്തുമാറ്റുന്ന മണൽ ആവശ്യക്കാർക്ക് ഓൺലൈനായി ബുക്ക് ചെയ്യുന്നതിനുള്ള സംവിധാനം ലഭ്യമാണ്. ഇത്തരം ബുക്കിംഗിലൂടെ മണൽ ലഭിക്കുന്നവർക്ക് നിയമാനുസൃതമായ തുക കൊടുത്ത് കടവുകളിൽനിന്നും മണൽ വാങ്ങാവുന്നതാണ്. ടെണ്ടർ നടപടികളിലൂടെ നിശ്ചയിക്കുന്ന തുകയാണ് ഓരോ തുറമുഖത്തേയും മണലിന്റെ വില്പന വില. ഇത് സംസ്ഥാന തുറമുഖ വകുപ്പിന് കീഴിലുള്ള എല്ലാ തുറമുഖങ്ങൾക്കും ബാധകമാണ്. ഇത്തരത്തിൽ നിശ്ചയിക്കുന്ന തുകയിൽ ഇളവ് വരുത്തുന്നതിന് തുറമുഖ വകുപ്പിന് അധികാരമില്ല. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ നിർദ്ദേശമനുസരിച്ച് അടുത്ത വർഷത്തേക്കുള്ള ടെണ്ടർ നടപടികൾ 31-12-2014-നകം പൂർത്തിയാക്കേണ്ടതുണ്ട്. നിലവിൽ വടകരയിൽ രണ്ട് സോണുകൾ ഉണ്ടെങ്കിലും ഒരു സഹകരണ സംഘം മാത്രമാണ് മാനുവൽ ഡ്രഡ്ജിംഗിനായി യോഗ്യത നേടിയിരുന്നത്. ഗവൺമെന്റ് ഉത്തരവ് പ്രകാരവും ടെണ്ടർ നിബന്ധന പ്രകാരവും യോഗ്യതയുള്ളപക്ഷം ഒരു സൊസൈറ്റിക്കുകൂടി വടകരയിൽ മാനുവൽ ഡ്രഡ്ജിംഗിന് അനുമതി നൽകുവാൻ സാധിക്കുന്നതാണ്. തുറമുഖത്തുനിന്നും ഡ്രഡ്ജിംഗ് ചെയ്തുകൊണ്ട് പോകുന്ന പദാർത്ഥങ്ങളുടെ അളവ് ഉറപ്പുവരുത്തുന്നതിന് ഓൺലൈൻ ബുക്കിംഗ്, വാഹന പാസ്സ് എന്നിവ പരിശോധിക്കേണ്ടതാണ്. ഓൺലൈൻ ബുക്കിംഗോ വാഹന പാസ്സോ ഇല്ലാതെ ഡ്രഡ്ജ് ചെയ്ത മണൽ

തോണികൾ വഴി ഇവിടെ നേരിട്ട് വിൽപ്പന നടത്തുന്നത് പരിശോധിക്കാനുള്ള സംവിധാനം നിലവിൽ വടകര തുറമുഖത്തിനില്ല. അതിനാൽ മറ്റ് തുറമുഖങ്ങളെപ്പോലെ കടവുകളിൽനിന്നും ബുക്കിംഗ്, വാഹന പാസ്സ് എന്നിവവഴി മണൽ ലഭ്യമാക്കി സിമന്റ് പാത്രങ്ങളും മറ്റും നിർമ്മിക്കുന്ന സൊസൈറ്റികൾക്ക് അത് ലഭ്യമാക്കുന്ന രീതിയിൽ മാറ്റം വരുത്തുവാൻ നിർവ്വാഹമില്ല. ഓരോ തുറമുഖങ്ങളിലും ടെണ്ടർ നടപടികളിലൂടെ നിശ്ചയിക്കപ്പെടുന്ന മണലിന്റെ വില്പന വില വാഹന പാസ്സ് ഉൾപ്പെടെയുള്ളതാണ്. ഇതാണ് ഔദ്യോഗികമായ മറുപടി. എന്നാൽ സിമന്റ് പാത്രനിർമ്മാണ തൊഴിലാളികളുടെ പ്രശ്നം അങ്ങ് ചൂണ്ടിക്കാണിച്ച സാഹചര്യത്തിൽ എന്ത് പ്രായോഗിക നടപടികൾ ഇക്കാര്യത്തിൽ സ്വീകരിക്കാൻ സാധിക്കുമെന്ന് പരിശോധിക്കുന്നതാണ്.

## (15) ടോൾ പിരിവ് നിർത്തലാക്കൽ

ശ്രീ. സി. പി. മുഹമ്മദ് : സർ, തൃശ്ശൂർ-മലപ്പുറം റോഡിലെ ഷൊർണ്ണൂർ-കൊച്ചി പാലത്തിലേയും പുലാമന്തോൾ പാലത്തിലേയും ടോൾ പിരിവുകൾ നിർത്തലാക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഈ രണ്ട് പാലങ്ങളും പൂർത്തിയായിട്ട് പന്ത്രണ്ട് വർഷത്തോളമായി. അഞ്ച് കോടി രൂപയിലധികം ചെലവുവരാത്ത പാലങ്ങളുടെ ടോൾ പിരിവ് നിർത്തുമെന്ന് പറഞ്ഞിട്ടും പുലാമന്തോൾ പാലത്തിന്റെ ടോൾ പിരിവ് ഇതുവരെ നിർത്താൻ സാധിച്ചിട്ടില്ല. ഇപ്പോൾ അതിന്റെ പരിധി പത്ത് കോടി രൂപയാക്കി മാറ്റിയിട്ടുണ്ട്. പുലാമന്തോൾ പാലത്തിന് മൂന്ന് കോടിയിൽപ്പരം രൂപ മാത്രമേ ചെലവായിട്ടുള്ളൂ. Roads and Bridges Development Corporation ആണ് ആ വർക്ക് ഏറ്റെടുത്തത് എന്നതുകൊണ്ട് അതിന്റെ ടോൾ പിരിവ് നിർത്താതിരിക്കുന്നത് തെറ്റാണ്. അത് ജനങ്ങളെ ബോദ്ധ്യപ്പെടുത്താൻ സാധിക്കില്ല. കൊച്ചി പാലത്തിന് ടോൾ പിരിവ് നടത്തിയതുവഴി എത്ര രൂപ പിരിഞ്ഞുകിട്ടിയെന്ന് പരിശോധിക്കാനും പുലാമന്തോൾ പാലത്തിന്റെ ടോൾ പിരിവ് ഉടൻതന്നെ നിർത്തലാക്കാനും വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് ): സർ, ഷൊർണ്ണൂർ-കൊച്ചി പാലം നിർമ്മിച്ചിരിക്കുന്നത് പൊതുമരാമത്ത് വകുപ്പും പുലാമന്തോൾ പാലം നിർമ്മിച്ചത് Roads and Bridges Development Corporation-ഉം ആണ്. പൊതുമരാമത്ത് വകുപ്പ് സർക്കാർ ഫണ്ട് ഉപയോഗിച്ച് നിർമ്മാണം നടത്തുമ്പോൾ ആർ.ബി.ഡി.സി.കെ. ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും

കടമെടുത്ത തുക കൊണ്ടാണ് നിർമ്മാണം നിർവ്വഹിക്കുന്നത്. പൊതുമരാമത്ത് വകുപ്പ് ടോൾ പിരിവ് നടത്തുന്നത് Kerala Tolls Act 1976 പ്രകാരവും ആർ.ബി.ഡി.സി.കെ. ടോൾ പിരിക്കുന്നത് Kerala Road Fund Act 2001 പ്രകാരവുമാണ്. Kerala Tolls Act പ്രകാരവും Kerala Road Fund Act പ്രകാരവും ടോൾ കാലാവധി ടോൾ പിരിവ് തുടങ്ങി 15 വർഷം പൂർത്തിയാകുന്നതുവരെയോ നിർമ്മാണ ചെലവും പലിശയും ചേർത്തുവരുന്ന തുക പൂർണ്ണമായും പിരിഞ്ഞു കിട്ടുന്നതുവരെയോ മാത്രമാണ്. ഷൊർണ്ണൂർ-കൊച്ചി പാലത്തിന്റെ ടോൾ പിരിവ് തുടങ്ങിയത് 26-1-2003-ലും പുലാമന്തോൾ പാലത്തിന്റെ ടോൾ പിരിവ് തുടങ്ങിയത് 9-3-2005 മുതലുമാണ്. പത്ത് കോടി രൂപയിൽ കുറവ് നിർമ്മാണ ചെലവ് വരുന്ന പാലങ്ങളെയാണ് Kerala Tolls Act-ലെ ഭേദഗതി പ്രകാരം ടോൾ പിരിവിൽ നിന്നും ഒഴിവാക്കിയിട്ടുള്ളത്. ഷൊർണ്ണൂർ-കൊച്ചി പാലത്തിന്റെ നിർമ്മാണച്ചെലവ് 11.95 കോടി രൂപയായതിനാൽ ഇതിനെ ടോൾ പിരിവിൽനിന്നും ഇപ്പോൾ ഒഴിവാക്കാൻ സാധിക്കുകയില്ല. പുലാമന്തോൾ പാലത്തിന്റെ നിർമ്മാണച്ചെലവ് മൂന്ന് കോടി നാല്പത്തിയഞ്ച് ലക്ഷം രൂപയാണെങ്കിലും ആർ.ബി.ഡി.സി.കെ. സർക്കാർ സഹായമില്ലാതെ ബാങ്കിൽ നിന്നും വായ്പ എടുത്താണ് പാലം നിർമ്മിച്ചിരിക്കുന്നത്. അതിനാൽ 15 വർഷമോ നിർമ്മാണച്ചെലവ് പൂർണ്ണമായും തിരിച്ച് ലഭിക്കുന്നതുവരെയോ ടോൾ പിരിക്കാൻ അവകാശമുണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ അഭ്യർത്ഥന മാനിച്ച് ടോൾ പിരിവ് നടത്തിയതിലൂടെ എത്ര രൂപ പിരിഞ്ഞുകിട്ടിയെന്ന് പരിശോധിച്ചതിനു ശേഷം പുലാമന്തോൾ പാലത്തിന്റെ ടോൾ പിരിവ് നിർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## (16) നാലുവരിപ്പാത നിർമ്മാണം

ശ്രീ. ബാബു എം. പാലിശ്ശേരി : സർ, തൃശ്ശൂർ-കുറ്റിപ്പുറം സ്റ്റേറ്റ് ഹൈവേ റോഡ് വൻതോതിൽ ഗതാഗതക്കുരുക്കുള്ള റോഡാണ്. ആയിരക്കണക്കിന് വാഹനങ്ങളാണ് ദിനംപ്രതി ഈ റോഡിലൂടെ കടന്നുപോകുന്നത്. ഈ റോഡിന്റെ തൃശ്ശൂർ മുതൽ കേച്ചേരിവരെയുള്ള ഭാഗം നാലുവരിയാക്കുന്ന പ്രവൃത്തി മന്ദഗതിയിലാണെങ്കിലും നടന്നുവരുന്നുണ്ട്. കേച്ചേരി മുതൽ ചൂണ്ടൽ വരെയുള്ള ഭാഗത്ത് ലാന്റ് അക്വിസിഷനും മറ്റും നടന്നുവരികയാണ്. ഈ റോഡിൽത്തന്നെ കെ.എസ്.ടി.പി. പണി കഴിപ്പിച്ച് പി.ഡബ്ല്യൂ.ഡി.-ക്ക് കൈമാറിയ ചൂണ്ടൽ മുതൽ കുറ്റിപ്പുറം വരെയുള്ള ഭാഗം റോഡിന് ഗതാഗതത്തിരക്കിനനുസൃതമായി

മതിയായ വീതിയില്ലാത്തതിനാൽ വലിയ ട്രാഫിക് ജാമും ഇടയ്ക്കിടയ്ക്ക് അപകടങ്ങളുമുണ്ടാകാറുണ്ട്. ഈ ഭാഗത്തുണ്ടായ അപകടങ്ങളിലൂടെ നിരവധി പേരാണ് മരണമടഞ്ഞിട്ടുള്ളത്. റോഡ് വികസനത്തിനായി ഏറ്റെടുത്ത സ്ഥലം പല ഭാഗത്തും ഉപയോഗിക്കാതെ കിടക്കുകയാണ്. ഇത് ഉപയോഗപ്പെടുത്തി പെരുമ്പിലാവ് മുതൽ കുറ്റിപ്പുറം വരെയുള്ള ഭാഗത്ത് നാലുവരിപ്പാത നിർമ്മിക്കുകയും ഡിവൈഡർ പണിയുകയും ചെയ്താൽ ഗതാഗതക്കുരുക്കിനും ഇടയ്ക്കിടെയുണ്ടാകുന്ന വാഹനാപകടങ്ങൾക്കും വലിയ തോതിൽ പരിഹാരമുണ്ടാകും. അതിനുള്ള നടപടി ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. അതിനായി ഒരിഞ്ചുഭൂമിപോലും ഇനി അക്വിസിഷൻ നടത്തേണ്ടതായിട്ടില്ല. ഇന്ന് ഐക്യരാഷ്ട്രസഭയുടെ അഴിമതിവിരുദ്ധ ദിനമാണ്. ഞാൻ അഴിമതി ആക്ഷേപമൊന്നും ഉന്നയിക്കുകയല്ല, ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിലേക്ക് ഒരു കാര്യം കൊണ്ടുവരികയാണ്. ഈ സർക്കാർ അധികാരത്തിലെത്തി നാല് വർഷം പിന്നിട്ടിട്ടും എന്റെ മണ്ഡലത്തിൽ ഒരു റോഡു പോലും പണിതിട്ടില്ല. രണ്ട് കോടിയിലധികം വരുന്ന ഗുരുവായൂരപ്പഭക്തന്മാരും ശബരിമല തീർത്ഥാടകരും ഉൾപ്പെടെ നാല് കോടി ആളുകൾ പ്രതിവർഷം സഞ്ചരിക്കുന്ന കുന്ദംകുളം മുതൽ ഗുരുവായൂർ വരെയുള്ള റോഡിന് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പണം അനുവദിക്കുകയും ടെണ്ടർ കഴിഞ്ഞ് കരാറെടുത്ത് അറ്റകുറ്റപ്പണികൾ നടത്തിയതുമാണ്. ആ വർക്കുപോലും ഇപ്പോൾ നടത്തുന്നില്ല. അതിനായി പി.ഡബ്ല്യൂ.ഡി. ഉദ്യോഗസ്ഥന്മാർ കോൺട്രാക്ടറെ നിർബന്ധിക്കുന്നില്ല, കോൺട്രാക്ടർ ചെയ്യുന്നുമില്ല. ഇക്കാര്യത്തിൽ അവഗണനയുണ്ട് എന്നതിൽ ഒരു തർക്കവുമില്ല. ഈ ഗവൺമെന്റ് വന്നതിനുശേഷം ഒരു റോഡുപോലും എന്റെ മണ്ഡലത്തിൽ പണിതിട്ടില്ല എന്ന കാര്യം ഒന്നുകൂടി അങ്ങയുടെ ശ്രദ്ധയിൽ പെടുത്തുകയാണ്.

പൊതുമരാമത്ത് വകുപ്പുമന്ത്രി (<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u>) : സർ, തൃശ്ശൂർ-കുറ്റിപ്പുറം സ്റ്റേറ്റ് ഹൈവേ റോഡിൽ തൃശ്ശൂർ മുതൽ ചൂണ്ടൽ വരെയുള്ള ഭാഗം നാലുവരിപ്പാതയാക്കുന്നതിനുള്ള പ്രവൃത്തികൾ നടന്നുവരികയാണ്. ഈ റോഡിൽ ചൂണ്ടൽ മുതൽ കുറ്റിപ്പുറം വരെയുള്ള ഭാഗം കെ.എസ്.ടി.പി.-1 പദ്ധതിയിൽപ്പെടുത്തി 28-2-2011-ൽ രണ്ടുവരിപ്പാതയായി നിർമ്മാണം പൂർത്തിയാക്കിയിട്ടുള്ളതാണ്. റോഡ് നിർമ്മാണത്തിനുമുമ്പ് വാഹനങ്ങളുടെ കണക്ക്, അപകടങ്ങളുടെ നിരക്ക് എന്നിവ പരിശോധിച്ച് നല്ല നിലവാരത്തിലാണ് ഈ റോഡുകൾ നിർമ്മിച്ചിട്ടുള്ളത്.

ഇതിനുവേണ്ടി ഏറ്റെടുത്ത പരമാവധി സ്ഥലങ്ങൾ ഉപയോഗിച്ച് നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ. ഉന്നയിച്ച പ്രകാരം പെരുമ്പിലാവ് മുതൽ കുറ്റിപ്പുറം വരെയുള്ള ഭാഗം നാലുവരിപ്പാതയായി വികസിപ്പിക്കുന്നതിന് സ്ഥലം ഏറ്റെടുക്കുന്നതുൾപ്പെടെയുള്ള കാര്യം ഗവൺമെന്റ് ഗൗരവമായി പരിഗണിക്കുന്നതാണ്. മുമ്പ് ഏറ്റെടുത്ത സ്ഥലങ്ങളിൽ ചില ഭാഗങ്ങൾ മാത്രമാണ് ഉപയോഗിക്കാതെ കിടക്കുന്നത്. ഇത് ഓക്സ്ബോ (Oxbow) ലാന്റുകളാണ്. നാലുവരി പാതയാക്കുമ്പോൾ സർവ്വീസ് റോഡും മീഡിയനുകളും ഉൾപ്പെടെയുള്ള സംവിധാനങ്ങൾ ആവശ്യമായി വരും. അതനുസരിച്ച് സ്ഥലം ഏറ്റെടുക്കേണ്ടതുണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ നിർദ്ദേശം സജീവമായി പരിഗണിച്ച് സർവ്വേ ഉൾപ്പെടെയുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടത്തുന്നതും ചൂണ്ടിക്കാണിച്ച കാര്യങ്ങൾ വളരെ ഗൗരവമായി എടുക്കുന്നതുമാണ്.

## (17) കനോലി കനാൽ ശുദ്ധീകരിക്കൽ

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, 1848-ൽ ബ്രിട്ടീഷുകാരനായ മലബാർ കളക്ടർ കെ. വി. കനോലി നിർമ്മിച്ച ജലപാതയാണ് കനോലി കനാൽ. താനൂർ നിയോജക മണ്ഡലത്തിലൂടെ ഏകദേശം 11 കിലോമീറ്ററോളം ജനസാന്ദ്രത കൂടിയ തീരദേശം വഴിയാണ് ഇത് കടന്നുപോകുന്നത്. ഈ കനാൽ ആഴംകൂട്ടി ഗതാഗതയോഗ്യമാക്കി ബോട്ട് സർവ്വീസുകൾ ആരംഭിക്കുന്നതാണെന്ന് ഈ സർക്കാരിന്റെ പ്രഥമ ബഡ്ജറ്റ് പ്രസംഗത്തിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പ്രഖ്യാപിച്ചിരുന്നതാണ്. എന്നാൽ പ്രസ്തുത കനാൽ മാലിന്യമുക്തമാക്കുന്നതിന് കനാലിൽ അടിഞ്ഞുകൂടിയ ചെളിയും പായലും നീക്കം ചെയ്യുമെന്നും തീര സംരക്ഷണ പ്രവൃത്തികൾക്കാണ് പ്രാമുഖ്യം നൽകുന്നതെന്നും ഈ സഭയിൽ ഒരു ചോദ്യത്തിന് ഉത്തരമായി ബഹുമാനപ്പെട്ട മന്ത്രി അറിയിച്ചിട്ടുണ്ട്. താനൂർ-പരപ്പനങ്ങാടി ഇറിഗേഷൻ സെക്ഷന്റെ കീഴിലാണ് ഈ കനാൽ സ്ഥിതി ചെയ്യുന്നത്. അതിൽ തിരൂർ സെക്ഷന്റെ കിഴിലുള്ള 2 കിലോമീറ്റർ ദൂരംവരെ മാത്രമാണ് ഇപ്പോൾ പ്രവൃത്തി നടക്കുന്നത്. രണ്ടര കിലോമീറ്റർ ദൂരത്തിന് 16.25 കോടി രൂപയുടെ ഡി.പി.ആർ. സമർപ്പിച്ചിട്ടുമുണ്ട്. ബാക്കി ഭാഗത്തിന്റെ പ്രവൃത്തി പൂർത്തീകരിച്ചില്ലെങ്കിൽ അത് അപകടകരമായ അവസ്ഥയിലേക്ക് നീങ്ങും. കനാലിന്റെ ഇരുവശത്തും ജനങ്ങൾ തിങ്ങിപ്പാർക്കുന്നതിനാൽ, ഈ കനാലിൽ ചെളിയും മാലിന്യവും നിറഞ്ഞ് ഗുരുതരമായ മലിനീകരണ പ്രശ്നമായി

മാറുമെന്ന ഭീതിയിലുമാണ്. ആയതിനാൽ താനൂർ പട്ടണത്തോട് ചേർന്ന് കിടക്കുന്ന കൂടുതൽ ജനസാന്ദ്രതയുള്ള ഭാഗമെങ്കിലും ഇരുകരകളും സംരക്ഷിച്ച് ചെളിയും മാലിന്യവും നീക്കം ചെയ്ത് ഗുരുതരമായ ഈ പ്രശ്നത്തിന് പരിഹാരം കാണാൻ നടപടിയുണ്ടാകണമെന്ന് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, മലപ്പുറം ജില്ലയിൽ കൂടി കടന്നുപോകുന്ന താനൂർ കൂട്ടായി കനാലിലെ താനൂർ മണ്ഡലത്തിൽകൂടി കടന്നുപോകുന്ന കനോലി കനാലിന്റെ നീളം 11 കിലോമീറ്ററാണ്. ഇതിൽ 360 മീറ്റർ നീളത്തിൽ കനാലിന്റെ വികസനപ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്. 1920 മീറ്റർ നീളത്തിൽ 900 ലക്ഷം രൂപ അടങ്കൽ തുകയുള്ള വികസനപ്രവർത്തനങ്ങൾ ഇപ്പോൾ നടന്നുവരുന്നു. ശേഷിക്കുന്ന 9724 മീറ്റർ നീളത്തിൽ നാല് പ്രവൃത്തികൾക്ക് 5290 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രസ്തുത പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതാണ്. ബാക്കിയുള്ള 6000 മീറ്റർ നീളം വികസനത്തിന് പദ്ധതി തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. പ്രസ്തുത കനാൽ മാലിന്യമുക്തമാക്കുന്നതിനായി കനാലിൽ അടിഞ്ഞുകൂടിയ പായലും ചെളിയും നീക്കം ചെയ്യുന്ന പ്രവർത്തനങ്ങളും അവയുടെ തീരസംരക്ഷണത്തിന് ആവശ്യമായ പ്രവൃത്തികളുമാണ് പ്രധാനമായും ചെയ്തുവരുന്നത്. അതുമൂലം ഒരു പരിധിവരെ കനാൽ മാലിന്യമുക്തമാക്കാൻ കഴിയുന്നു. കൂടാതെ ആശുപത്രികൾ, ഹോട്ടലുകൾ, വ്യവസായ സ്ഥാപനങ്ങൾ എന്നിവയിലെ മലിനജലം തുറന്നുവിടുന്നത് ശ്രദ്ധയിൽപ്പെട്ടാൽ അത് നടത്തുന്നവർക്കെതിരെ നടപടി സ്വീകരിക്കാൻ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ചുമതലപ്പെടുത്തിയിരിക്കുന്നു. 18 കിലോ മീറ്റർ നീളത്തിൽ കനോലി കനാലിന്റെ ശുചീകരണത്തിനായി ഏകദേശം 3 കോടി രൂപ ചെലവുവരും. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് പദ്ധതികൾ നടപ്പിലാക്കുന്നതാണ്. മെമ്പർ ഉന്നയിച്ച വിഷയത്തിന്റെ ഗൗരവം കണക്കിലെടുത്ത് അടിയന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

### (18) കുടിവെള്ള പദ്ധതികൾ കമ്മിഷൻ ചെയ്യൽ

ശ്രീ. ആർ. രാജേഷ്: സർ, മാവേലിക്കര അസംബ്ലി നിയോജക മണ്ഡലത്തിലെ രണ്ട് പ്രധാന കുടിവെള്ള പദ്ധതികളാണ് നൂറനാട്-പാറ്റൂർ കുടിവെള്ള പദ്ധതിയും, ഭരണിക്കാവ് തെക്കേക്കര കുറത്തിക്കാട് കുടിവെള്ള

പദ്ധതിയും. ഈ രണ്ട് കുടിവെള്ള പദ്ധതികളുടെയും നിർമ്മാണം ആരംഭിച്ചിട്ട് ഒന്നര പതിറ്റാണ്ട് കഴിഞ്ഞു. അതിരൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന സ്ഥലമാണ് മാവേലിക്കര മണ്ഡലം. ഡിസംബർ മാസം പകുതി മുതൽ ജൂൺമാസം പകുതി വരെയുള്ള ആറ് മാസക്കാലം മണ്ഡലത്തിലെ എല്ലാ പഞ്ചായത്തുകളിലും കുടിവെള്ളം ടാങ്കറിൽ കൊണ്ടുവന്ന് വിതരണം ചെയ്യുകയാണ്. ഈ പദ്ധതികൾ പൂർത്തീകരിക്കുന്നതിൽ ഉദ്യോഗസ്ഥരുടെ കടുത്ത അലംഭാവമുണ്ട്. കുറത്തിക്കാട് കുടിവെള്ള പദ്ധതി പൂർത്തീകരിക്കുന്നതിന് റെയിൽവേയുടെ സഹായം ആവശ്യമുണ്ട്. അതിന് അടിയന്തരമായി ഗവൺമെന്റ് ഇടപെടണം. നൂറനാട് കുടിവെള്ള പദ്ധതി പൂർത്തിയാക്കുന്നതിന് ആവശ്യമായ ഫണ്ടുകൂടി അനുവദിച്ചു കൊണ്ട് എത്രയും പെട്ടെന്ന് ഈ രണ്ട് കുടിവെള്ള പദ്ധതികളും കമ്മീഷൻ ചെയ്ത് കുടിവെള്ള പ്രശ്നം പരിഹരിക്കാൻ സത്വര നടപടി സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, നൂറനാട്-പാറ്റൂർ കുടിവെള്ള പദ്ധതിയുടെ പണി ഏതാണ്ട് 80 ശതമാനത്തോളം പൂർത്തിയായിട്ടുണ്ട്. എന്നാൽ എടപ്പോണിൽ കിണറിന് മുകളിലുള്ള പമ്പ് ഹൗസ് പുനർ നിർമ്മിക്കേണ്ടതുണ്ട്. ആയതിന്റെയും പാനൽ ബോർഡ് സ്ഥാപിക്കാനുള്ള കെട്ടിടത്തിന്റെയും എസ്റ്റിമേറ്റും തയ്യാറാക്കി പരിശോധിച്ചുവരികയാണ്. കൂടാതെ ജലശുദ്ധീകരണ ശാലയിൽനിന്നും പമ്പ് ചെയ്യുന്നതിന് 95 എച്ച്.പി. പമ്പുസെറ്റും (രണ്ടെണ്ണം) ഒരു ഇലക്ട്രിക്കൽ സബ്സ്റ്റേഷനും സ്ഥാപിക്കുന്നതിന് നടപടി എടുത്തുവരികയാണ്. ഇതെല്ലാം പൂർത്തിയാകുന്ന മുറയ്ക്ക് നൂറനാട്-പാറ്റൂർ കുടിവെള്ള പദ്ധതി കമ്മീഷൻ ചെയ്യാൻ സാധിക്കും. കുറത്തിക്കാട് ശുദ്ധജല പദ്ധതിയുടെ പ്രവൃത്തികൾ 85 ശതമാനത്തോളം പൂർത്തീകരിച്ചു. 400 എം.എം. സി.ഐ. ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ സ്ഥാപിക്കുന്നതിന്റെ ഭാഗമായി മാവേലിക്കര കല്ലുമല റെയിൽവേ ക്രോസിംഗ്, പ്രായിക്കര പാലം ക്രോസിംഗ്, മാവേലിക്കര മുനിസിപ്പൽ റോഡിലുള്ള പൈപ്പ് സ്ഥാപിക്കൽ എന്നിവ പൂർത്തിയാക്കാനുണ്ട്. കല്ലുമല റെയിൽവേ ട്രാക്ക് ക്രോസിംഗിനായി 20 ലക്ഷം രൂപ അടയ്ക്കുകയും അനുമതി കിട്ടുകയും ചെയ്തിരുന്നു. എന്നാൽ ഈ സ്ഥലത്ത് റെയിൽവേ സബ് വേ നിർമ്മിക്കുന്നതിനുള്ള നടപടിയുമായി മുന്നോട്ടുപോകുന്നതിനാൽ കിട്ടിയ അനുമതി മരവിപ്പിച്ചിരിക്കുകയാണ്. പ്രായിക്കര പാലത്തിലൂടെ പൈപ്പ് സ്ഥാപിക്കുന്നതിനുള്ള

അനുമതി കെ.എസ്.ടി.പി.-യിൽ നിന്നും ലഭിച്ചിട്ടില്ല. മുനിസിപ്പൽ റോഡിലൂടെ പൈപ്പ് സ്ഥാപിക്കുന്നതിനുള്ള അനുമതി ലഭിച്ചെങ്കിലും മഞ്ചാടി കോളനി നിവാസികളുടെയും തദ്ദേശ നിവാസികളുടെയും എതിർപ്പുമൂലം പൈപ്പ് സ്ഥാപിക്കൽ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. ഇപ്പോൾ തടസ്സം മാറിയിട്ടുണ്ട്. പണി ഉടനെ ആരംഭിക്കുന്നതാണ്. ശുദ്ധീകരണശാലയുടെ അറ്റകുറ്റപ്പണികളും സബ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികളും ത്വരിതപ്പെടുത്തുന്നതാണ്. എത്രയും പെട്ടെന്ന് രണ്ട് ശുദ്ധജല പദ്ധതികളും കമ്മിഷൻ ചെയ്യാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## (19) ദിവസവേതന ഡ്രൈവർമാരുടെ പിരിച്ചുവിടൽ

ശ്രീ. സി. മോയിൻകുട്ടി: സർ, വളരെയേറെ സഹാനുഭൂതി, മാനുഷിക പരിഗണന അർഹിക്കുന്ന ഗൗരവതരമായ ഒരു വിഷയമാണ് മന്ത്രിയുടെ ശ്രദ്ധയിൽ പ്പെടുത്താനുള്ളത്. കേരളത്തിലെ വിവിധ പഞ്ചായത്തുകളിൽ 1991 മുതൽ 10-25 കൊല്ലങ്ങളായി ഡ്രൈവർമാരായി ജോലി ചെയ്യുന്ന ആളുകളുണ്ട്. പി.എസ്.സി. മുഖേനയുള്ള നിയമനത്തിന്റെ ഭാഗമായിട്ടാണ് പഞ്ചായത്ത് ഡ്രൈവർമാരെ പിരിച്ചു വിട്ടത്. തീർച്ചയായും നല്ല കാര്യമാണ്. പക്ഷെ ഈ പാവപ്പെട്ടവരുടെ ഗതി എന്താണ് എന്നതിനെക്കുറിച്ച് തീർച്ചയായും ഗവൺമെന്റ് ഗൗരവമായി കാണണമെന്നാണ് എനിക്ക് അപേക്ഷിക്കാനുള്ളത്. ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്ന ഇവർ ഭാവിയിൽ ജോലിസ്ഥിരത ഉറപ്പ് കിട്ടും എന്ന് പ്രതീക്ഷിച്ചു കൊണ്ടാണ് ജോലിയിൽ പ്രവേശിച്ചിട്ടുള്ളത്. നിരവധി വർഷങ്ങളായി ഇവർ ജോലി ചെയ്യുന്നു. ഇവരുടെ കുടുംബം ഇന്ന് അനാഥാവസ്ഥയിലാണ്. വിവാഹപ്രായമെത്തിയ മക്കൾ, രോഗം ബാധിച്ച മാതാപിതാക്കൾ, മറ്റ് ജീവൽപ്രശ്നങ്ങൾ തുടങ്ങി ഇവരുടെ പ്രശ്നം ഗൗരവമായി കാണണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് പറയാനുള്ളത്. അങ്ങേയറ്റത്തെ സഹാനുഭൂതി അർഹിക്കുന്ന ആളുകളാണ് ഇവർ. 23 വർഷം വരെ ജോലി ചെയ്തവർ ഉണ്ട്. എന്റെ സുഹൃത്ത് ശ്രീ. പുരുഷൻ കടലുണ്ടി അവിടെ ഇരിക്കുകയാണ്. അദ്ദേഹത്തിന്റെ നിയോജക മണ്ഡലത്തിലെ ഒരു പഞ്ചായത്തിൽ ഗണേശൻ എന്ന് പേരുള്ള എന്റെ ഒരു സുഹൃത്ത് 23 വർഷമായി ജോലി ചെയ്യുകയാണ്. അതുപോലെ ശ്രീ. എളമരം കരീമിന്റെ മണ്ഡലത്തിൽ രാമനാട്ടുകര പഞ്ചായത്തിൽ 21 വർഷമായി ജോലി ചെയ്യുന്ന ഡ്രൈവർമാരുണ്ട്. അതുപോലെ എന്റെ മണ്ഡലത്തിൽ 9 വർഷവും അതിൽ കൂടുതലും വർഷം ജോലി ചെയ്തിരുന്ന ബെന്നി അടക്കമുള്ള പല

കൂട്ടുകാരുമുണ്ട്. വെറും 17 രൂപ ശമ്പളത്തിലാണ് 1991-ൽ ജോലി ആരംഭിച്ചത്. ഇപ്പോൾ 450 രൂപ കൊടുക്കുന്നുണ്ട്. കഴിഞ്ഞ നവംബർ 7-ാം തീയതി കോഴിക്കോട് കളക്ടറേറ്റിൽ കുടുംബങ്ങളോടൊപ്പം വമ്പിച്ച തോതിൽ പ്രക്ഷോഭ സമരം ആരംഭിച്ചു. ഇവരെ എങ്ങനെ സഹായിക്കുമെന്ന് കനിവുള്ള, ദയവുള്ള ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടിയുടെയും മുനീറിന്റെയും ഗവൺമെന്റ് ശ്രദ്ധിക്കണ മെന്നാണ് എനിക്ക് പറയാനുള്ളത്. ഏതെങ്കിലും വിധത്തിൽ എവിടെയെങ്കിലും നിയമനം കൊടുത്ത് ഇനി വരാൻ പോകുന്ന ദിവസക്കൂലി ഇനത്തിലുള്ള ഡ്രൈവർമാരുടെ തസ്തികയിലോ മറ്റേതെങ്കിലും സംവിധാനത്തിലോ ഇവരെ എങ്ങനെ സഹായിക്കാൻ സാധിക്കുമെന്നതിനെക്കുറിച്ച് ഗവൺമെന്റ് സജീവമായി ആലോചിക്കണം. ഒരു സ്ഥിരം ജോലി പ്രതീക്ഷിച്ചുകൊണ്ട് 17 രൂപ ദിവസക്കൂലി വേതനത്തിൽ ജോലി ആരംഭിച്ച ഇവരോട് സഹാനുഭൂതിയാണ് കാട്ടേണ്ടത്. ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തു നിന്നും അനുകൂലമായ ഒരു മറുപടി ഉണ്ടാകുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്.

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): സർ, സംസ്ഥാനത്ത് ആകെയുള്ള 978 ഗ്രാമപഞ്ചായത്തുകളിൽ 54 പഞ്ചായത്തുകളിലാണ് ഡ്രൈവർ തസ്തിക നിലവിലുണ്ടായിരുന്നത്. വാഹനമുള്ള മറ്റു ഗ്രാമപഞ്ചായത്തുകളിൽ തസ്തിക ഇല്ലാതിരുന്നതിനാൽ ദിവസ വേതനാടിസ്ഥാനത്തിൽ താൽക്കാലികമായാണ് ഡ്രൈവർമാരെ നിയമിച്ചിരുന്നത്. ഗ്രാമപഞ്ചായത്ത് കമ്മിറ്റികളാണ് ഈ ഡ്രൈവർമാരെ നിയമിച്ചിട്ടുള്ളത്. 25-2-2014-ലെ സർക്കാർ ഉത്തരവ് നമ്പർ 51/2014 തദ്ദേശസ്വയംഭരണ വകുപ്പ് പ്രകാരം തിരുവനന്തപുരം-3, ആലപ്പുഴ-3, കോട്ടയം-31, ഇടുക്കി-11, മലപ്പുറം-9, കോഴിക്കോട്-40 എന്നിങ്ങനെ 91 ഗ്രാമ പഞ്ചായത്തുകളിലായി 97 ഡ്രൈവർ തസ്തികകൾ അനുവദിക്കുകയുണ്ടായി. ടി തസ്തികകളിലെ നിയമനം പി.എസ്.സി. വഴി നടത്തിയ സാഹചര്യത്തിലാണ് ടി ഗ്രാമപഞ്ചായത്തുകളിൽ താൽക്കാലിക അടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്ന ഡ്രൈവർമാരെ പിരിച്ചുവിടാനുള്ള സാഹചര്യം ഉണ്ടായത്. നിയമപരമായി ഇങ്ങനെ മാത്രമേ ചെയ്യാൻ സാധിക്കുകയുള്ളൂ. മറ്റ് ജില്ലകളിലേക്കും പി.എസ്.സി. ലിസ്റ്റ് വരുമ്പോൾ അതിനനുസരിച്ച് വീണ്ടും ഇതുപോലെയുള്ള പിരിച്ചുവിടൽ പ്രതീക്ഷിക്കുകയാണ്. പക്ഷെ എങ്ങനെ ഇവരെ സംരക്ഷിക്കാൻ സാധിക്കുമെന്നുള്ളത് മുഖ്യമന്ത്രി അടക്കമുള്ളവരുമായി ചർച്ച ചെയ്ത് വേറെ ഏതെങ്കിലും മാർഗ്ഗമുണ്ടോയെന്ന് പരിശോധിക്കുന്നതാണ്.

## (20) മുതലമട പഞ്ചായത്തിൽ കാൻസർ രോഗം

ശ്രീ. വി. ചെന്താമരാക്ഷൻ: നെന്മാറ നിയോജക മണ്ഡലത്തിലെ മുതലമട

പഞ്ചായത്തിലെ മാവിൻതോപ്പുകളിൽ എൻഡോസൾഫാൻ ഉപയോഗിക്കുന്നതുമൂലം ആ പ്രദേശത്ത് വൻതോതിൽ കാൻസർ രോഗം വരുന്നതായും ജനിതക വൈകല്യത്തോടെ കുട്ടികൾ ജനിക്കുന്നതായും ആക്ഷേപമുണ്ട്. ഇതുസംബന്ധിച്ച് കഴിഞ്ഞ നിയമസഭാ യോഗത്തിൽ ഒരു സബ്മിഷൻ ഉന്നയിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ 29-10-2014-ൽ തൃശ്ശൂർ മെഡിക്കൽ കോളേജിൽ നിന്നും ഒരു മെഡിക്കൽ സംഘം മുതലമട പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ക്യാമ്പ് സംഘടിപ്പിച്ചു ആ മെഡിക്കൽ സംഘം നൽകിയ റിപ്പോർട്ടിൽ പറയുന്നത് പരിശോധനയ്ക്ക് വിധേയമായവരിൽ 29 ഓളം പേർക്കും കുഴപ്പങ്ങളുണ്ടെന്നും കൃത്യമായി എന്തു കൊണ്ടാണ് അത് സംഭവിക്കുന്നതെന്ന് പറയാൻ കഴിയില്ലെന്നും അതുകൊണ്ട് വിശദമായ പരിശോധന ആവശ്യമാണെന്നുമാണ്. മുതലമട, കൊല്ലങ്കോട്, ഇലവഞ്ചേരി പഞ്ചായത്തുകളിൽ വീടുവീടാന്തരം പരിശോധന നടത്തണം. ആക്ഷേപം ശരിയാണെങ്കിൽ ശക്തമായ നടപടിയുണ്ടാകണം. കാസർഗോഡ് എൻഡോസൾഫാൻമൂലം ആളുകൾ അനുഭവിക്കുന്ന ഗുരുതരമായ സ്ഥിതിവിശേഷം പാലക്കാട് ആവർത്തിക്കാൻ സമ്മതിക്കില്ല. ഇതിന്റെ അടിസ്ഥാനത്തിൽ ഊഹാപോഹങ്ങൾ പ്രചരിച്ചു കൊണ്ടിരിക്കുകയാണ്. മുതലമട ഗ്രാമപഞ്ചായത്ത് തെക്കേ ഇന്ത്യയിൽ മാമ്പഴം ഉല്പാദിപ്പിക്കുന്ന പ്രധാനപ്പെട്ട കേന്ദ്രമാണ്. കോടിക്കണക്കിനു രൂപയുടെ വിറ്റുവരവാണ് ആ പ്രദേശത്തുള്ളത്. ഗ്രാമീണമായ രീതിയിൽ ജീവിച്ച ആളുകൾ മാവിൻകൃഷി ആരംഭിച്ചതോടുകൂടി സാമ്പത്തികമായി മെച്ചപ്പെട്ടു. ആ കൃഷിയെ നശിപ്പിക്കുന്ന രീതിയിലുള്ള പ്രചരണമാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. അതിൽ വസ്തുത എന്താണെന്ന് പരിശോധിച്ച് അതിനെ സംബന്ധിച്ച കൃത്യമായ നിഗമനത്തിലെത്താൻ കഴിയണം. എൻഡോസൾഫാൻ ഉപയോഗിക്കുന്നതുമായി ബന്ധപ്പെട്ട പ്രശ്നമാണെങ്കിൽ അത് തടയണം. അതല്ലെങ്കിൽ മാവുകൃഷി സംരക്ഷിക്കുന്നതുമായി ബന്ധപ്പെട്ടുള്ള ശരിയായ നിലപാടിലെത്താനും വളരെ വിശദമായ പരിശോധന നടത്താനും പാലക്കാട് ജില്ലയിൽ മന്ത്രിതന്നെ ഒരു യോഗം വിളിച്ചുകൂട്ടുന്നത് നന്നായിരിക്കും. പാലക്കാട് ജില്ലയുടെ വിവിധ പഞ്ചായത്തുകളിൽ ഇതിനെ സംബന്ധിച്ചുള്ള പരിശോധന നടത്തണമെന്ന് മെഡിക്കൽ സംഘം ഗവൺമെന്റിന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ജില്ലയിലെ ഒരു പ്രശ്നമെന്ന നിലയിൽ മന്ത്രി ഒരു യോഗം വിളിച്ചുകൂട്ടി ഈ വിഷയം ഗൗരവമായി പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് എന്റെ ആവശ്യം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): പാലക്കാട് മുതലമട ഗ്രാമപഞ്ചായത്തിലെ മാവിൻതോപ്പിൽ എൻഡോസൾഫാൻ കീടനാശിനി ഉപയോഗിക്കുന്നതുമൂലം പ്രദേശത്ത് വൻതോതിൽ കാൻസർ രോഗം വരുന്നതായോ ജനിതകവൈകല്യത്തോടെ കുട്ടികൾ ജനിക്കുന്നതായോ ആരോഗ്യ വകുപ്പിന്റെ പ്രാഥമിക പരിശോധനയിൽ

സ്ഥിരീകരിക്കപ്പെട്ടിട്ടില്ല. ഇതുമായി ബന്ധപ്പെട്ട പഠനത്തിനുവേണ്ടി തൃശ്ശൂർ മെഡിക്കൽ കോളേജിനെ ചുമതലപ്പെടുത്തിയിരുന്നു. 29-10-2014-ൽ നടന്ന മെഡിക്കൽ ക്യാമ്പിലും ഇക്കാര്യം സ്ഥിരീകരിക്കപ്പെട്ടിട്ടില്ല. വിദഗ്ദ്ധപഠനങ്ങളിലൂടെ മാത്രമേ എൻഡോസൾഫാൻ ബാധിതരെ കണ്ടെത്താൻ കഴിയുള്ളൂവെന്ന് മെഡിക്കൽ കോളേജ് അധികൃതരും മലബാർ കാൻസർ സെന്റർ അധികൃതരും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ മുതലമട ഗ്രാമപഞ്ചായത്തിലെ ജനങ്ങളിൽ കാൻസർ രോഗം ബാധിക്കുന്നത് എൻഡോസൾഫാൻ കീടനാശിനി ഉപയോഗം മൂലമാണോയെന്ന് സ്ഥിരീകരിക്കുന്നതിന് വിശദമായ പഠനം ആവശ്യമാണ്. ആരോഗ്യ-പരിസ്ഥിതി-കൃഷി വകുപ്പുകളുടെ സംയുക്ത പഠനത്തിലൂടെ മാത്രമേ ഇതുസംബന്ധിച്ച സ്ഥിരീകരണം സാദ്ധ്യമാവുകയുള്ളൂ. ആയതിനാൽ ഈ വിഷയം സംബന്ധിച്ച് ഒരു വിദഗ്ദ്ധപഠനം നടത്തുന്നതിനാവശ്യമായിട്ടുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ, ഇതുമായി ബന്ധപ്പെട്ട് മന്ത്രിമാർ ഉൾപ്പെടുന്ന ഒരു യോഗം പാലക്കാട് വിളിച്ചുചേർക്കുന്നതാണ്.

12.13 AM]

## V മേശപ്പുറത്തുവച്ച കടലാസുകൾ

### (1) ലിസ്റ്റ് 1 ചട്ടം 47 (2) പ്രകാരമുള്ളത്

1. വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) : സർ, താഴെപ്പറയുന്ന കടലാസുകൾ ഊർജ്ജ വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ ഒൻപതാം സമ്മേളനത്തിലെ 5105, 5111, 5125, 5126, 5127, പതിനൊന്നാം സമ്മേളനത്തിലെ 373, 2060, 6521, 7868 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും

2. മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) : സർ, താഴെപ്പറയുന്ന കടലാസുകൾ സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിലെ 1009 എന്ന

നമ്പരിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അതിന് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും

3. ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനത്തിലെ 1746, 3400, പതിനൊന്നാം സമ്മേളനത്തിലെ 2114, 2129, 2147, 3792, T3812 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

4. വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ പത്താം സമ്മേളനത്തിലെ 2448, 3953, പതിനൊന്നാം സമ്മേളനത്തിലെ 2253, 3879, 3887, 3894, 8004 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക്

യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

5. പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (കുമാരി പി. കെ. ജയലക്ഷ്മി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ പത്താം സമ്മേളനത്തിലെ 2477, 4005, പതിനൊന്നാം സമ്മേളനത്തിലെ 6675 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

(2) ലിസ്റ്റ് II ചട്ടം 236 (5) പ്രകാരമുള്ളത്

1. മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി) : സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

വിദ്യാഭ്യാസം സംബന്ധിച്ച വിഷയനിർണ്ണയ സമിതി VI-ന്റെ 2013-14 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത്

റിപ്പോർട്ടിലെ 64, 65 എന്നീ ഖണ്ഡികകളിലെ ശിപാർശയിന്മേലും, ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച വിഷയനിർണ്ണയ സമിതി XIV-ന്റെ 2013-14 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ 37-ാം നമ്പർ ഖണ്ഡികയിലെ ശിപാർശയിന്മേലും സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റ് യഥാസമയം നൽകുന്നതിന് കാലതാമസം നേരിട്ടതിനുള്ള വിശദീകരണമടങ്ങുന്ന കാലതാമസപത്രികകൾ.

2. വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) : സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

വിദ്യാഭ്യാസം സംബന്ധിച്ച വിഷയനിർണ്ണയ സമിതി VI-ന്റെ 2013-14 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ 23, 38, 39, 40, 41, 42, 60, 61 എന്നീ ഖണ്ഡികകളിലെ ശിപാർശയിന്മേൽ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റ് യഥാസമയം നൽകുന്നതിന് കാലതാമസം നേരിട്ടതിനുള്ള വിശദീകരണമടങ്ങുന്ന കാലതാമസ പത്രികകൾ.

3. റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) : സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി II-ന്റെ 2012-13 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ 20, 21 എന്നീ ഖണ്ഡികകളിലെ ശിപാർശയിന്മേൽ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റ് യഥാസമയം നൽകുന്നതിന് കാലതാമസം നേരിട്ടതിനുള്ള വിശദീകരണമടങ്ങുന്ന കാലതാമസപത്രിക.

4. ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) : സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി XI-ന്റെ 2012-13 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ 14, 19, 20, 23, 24 എന്നീ ഖണ്ഡികകളിലെ ശിപാർശയിന്മേൽ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റ് യഥാസമയം നൽകുന്നതിന് കാലതാമസം നേരിട്ടതിനുള്ള വിശദീകരണമടങ്ങുന്ന കാലതാമസ പത്രിക.

5. മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) : സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി V-ന്റെ 2013-14 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ 116 മുതൽ 118 വരെയുള്ള ഖണ്ഡികകളിലെ ശിപാർശയിന്മേലും 124 മുതൽ 135 വരെയുള്ള ഖണ്ഡികകളിലെ ശിപാർശകളിന്മേലും സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റ് യഥാസമയം നൽകുന്നതിന് കാലതാമസം നേരിട്ടതിനുള്ള വിശദീകരണമടങ്ങുന്ന കാലതാമസപത്രിക.

6. പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) : സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി V-ന്റെ 2013-14 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ 44-ാം നമ്പർ ഖണ്ഡികയിലെ ശിപാർശയിന്മേൽ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റ് യഥാസമയം നൽകുന്നതിന് കാലതാമസം നേരിട്ടതിനുള്ള വിശദീകരണമടങ്ങുന്ന കാലതാമസപത്രിക.

7. ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച വിഷയ നിർണ്ണയ സമിതി I-ന്റെ 2013-14 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ 38, 39 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേലും വിദ്യാഭ്യാസം സംബന്ധിച്ച വിഷയനിർണ്ണയ സമിതി VI-ന്റെ 2013-14 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ 85, 92, 95, 96 എന്നീ ഖണ്ഡികകളിലെ ശിപാർശയിന്മേലും തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി IX-ന്റെ 2013-14 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ 66 മുതൽ 73 വരെയുള്ള ഖണ്ഡികകളിലെ ശിപാർശയിന്മേലും സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റ് യഥാസമയം നൽകുന്നതിന് കാലതാമസം നേരിട്ടതിനുള്ള വിശദീകരണമടങ്ങുന്ന

കാലതാമസപത്രികകൾ

8. ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

ജലവിഭവം സംബന്ധിച്ച വിഷയനിർണ്ണയ സമിതി III-ന്റെ 2013-14 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ 1, 2, 3, 4, 6, 7, 8, 9, 11, 13, 15, 18, 19 എന്നീ ഖണ്ഡികകളിലെ ശിപാർശയിന്മേലും 2012-13 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ 3, 6 എന്നീ ഖണ്ഡികകളിലെ ശിപാർശയിന്മേലും 2011-12 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ 31, 42, 66, 67 എന്നീ ഖണ്ഡികകളിലെ ശിപാർശയിന്മേലും സ്വീകരിച്ച നടപടി സ്റ്റേറ്റുമെന്റ് യഥാസമയം നൽകുന്നതിന് കാലതാമസം നേരിട്ടതിനുള്ള വിശദീകരണമടങ്ങുന്ന കാലതാമസപത്രികകൾ.

9. വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തു വയ്ക്കുന്നു :

വ്യവസായവും ധാതുക്കളും സംബന്ധിച്ച വിഷയനിർണ്ണയ സമിതി IV-ന്റെ 2013-14 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ 1, 2, 3, 4, 26, 27, 28, 29, 65 എന്നീ ഖണ്ഡികകളിലെ ശിപാർശയിന്മേലും 2012-13 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ 80, 81, 82 എന്നീ ഖണ്ഡികകളിലെ ശിപാർശയിന്മേലും സ്വീകരിച്ച നടപടി സ്റ്റേറ്റുമെന്റ് യഥാസമയം നൽകുന്നതിന് കാലതാമസം നേരിട്ടതിനുള്ള വിശദീകരണമടങ്ങുന്ന കാലതാമസപത്രികകൾ.

10. നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി IX-ന്റെ 2013-14 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ 43 മുതൽ 55 വരെയുള്ള

ഖണ്ഡികകളിലെ ശിപാർശയിന്മേൽ സ്വീകരിച്ച നടപടി സ്റ്റേറ്റുമെന്റ് യഥാസമയം നൽകുന്നതിന് കാലതാമസം നേരിട്ടതിനുള്ള വിശദീകരണമടങ്ങുന്ന കാലതാമസപത്രിക.

11. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) : സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി I-ന്റെ 2013-14 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ 14, 15, 16, 24, 26, 36 എന്നീ ഖണ്ഡികകളിലെ ശിപാർശയിന്മേലും 2010-11 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ 16-ാം നമ്പർ ഖണ്ഡികയിലെ ശിപാർശയിന്മേലും സ്വീകരിച്ച നടപടി സ്റ്റേറ്റുമെന്റ് യഥാസമയം നൽകുന്നതിന് കാലതാമസം നേരിട്ടതിനുള്ള വിശദീകരണമടങ്ങുന്ന കാലതാമസ പത്രികകൾ.

12. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) : സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച വിഷയനിർണ്ണയ സമതി IX-ന്റെ 2013-14 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ 56 മുതൽ 65 വരെയുള്ള ഖണ്ഡികകളിലെ ശിപാർശയിന്മേലും സാമൂഹ്യസേവനം സംബന്ധിച്ച വിഷയ നിർണ്ണയ സമിതി XIII-ന്റെ 2012-13 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ 51-ാം നമ്പർ ഖണ്ഡികയിലെ ശിപാർശയിന്മേലും 2011-12 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ 42, 46 എന്നീ ഖണ്ഡികകളിലെ ശിപാർശയിന്മേലും സ്വീകരിച്ച നടപടി സ്റ്റേറ്റുമെന്റ് യഥാസമയം നൽകുന്നതിന് കാലതാമസം നേരിട്ടതിനുള്ള വിശദീകരണമടങ്ങുന്ന കാലതാമസപത്രികകൾ.

13. പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (കുമാരി പി. കെ. ജയലക്ഷ്മി): സർ, താഴെപ്പറയുന്ന കടലാസുകൾ

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി VII-ന്റെ 2013-14 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ 3 മുതൽ 14 വരെയുള്ള ഖണ്ഡികകളിലെ ശിപാർശയിന്മേലും 20, 21, 23, 25, 27, 28, 32, 37, 39, 45, 46 എന്നീ ഖണ്ഡികകളിലെ ശിപാർശയിന്മേലും 2012-13 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ 36-ാം നമ്പർ ഖണ്ഡികയിലെ ശിപാർശയിന്മേലും 2011-12 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ 26, 38, 39 എന്നീ ഖണ്ഡികകളിലെ ശിപാർശയിന്മേലും സ്വീകരിച്ച നടപടി സ്റ്റേറ്റുമെന്റ് യഥാസമയം നൽകുന്നതിന് കാലതാമസം നേരിട്ടതിനുള്ള വിശദീകരണമടങ്ങുന്ന കാലതാമസപത്രികകൾ.

14 ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി II-ന്റെ 2011-12 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ 21 മുതൽ 37 വരെയുള്ള ഖണ്ഡികകളിലെ ശിപാർശയിന്മേലും 39, 40 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേലും ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി XII-ന്റെ 2013-14 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ 19, 20, 21, 27, 33, 34, 36, 37, 40, 48, 49, 50, 51 എന്നീ ഖണ്ഡികകളിലെ ശിപാർശയിന്മേലും 2012-13 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പട്ടർട്ടിലെ 26-ാം നമ്പർ ഖണ്ഡികയിലെ ശിപാർശയിന്മേലും സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റ് യഥാസമയം നൽകുന്നതിന് കാലതാമസം നേരിട്ടതിനുള്ള വിശദീകരണമടങ്ങുന്ന കാലതാമസപത്രികകൾ.

## VI റിപ്പോർട്ട് സമർപ്പണം

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ഹർജികൾ സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ എട്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ : റിപ്പോർട്ട് സമർപ്പിക്കപ്പെട്ടിരിക്കുന്നു.

## VII അറിയിപ്പ്

മി. ഡെപ്യൂട്ടി സ്പീക്കർ : ഒരു കാര്യം സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഇന്ന് 7 മണിക്ക് മെമ്പേഴ്സ് ലോഞ്ചിൽ വച്ച് ഒരു ചടങ്ങുണ്ട്. സംസ്ഥാനത്ത് കൃഷി വകുപ്പ് നടപ്പിലാക്കി വരുന്ന ജൈവ-കാർഷിക പദ്ധതി സംബന്ധിച്ച് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി വിശദീകരണം നടത്തുന്നതാണ്. പ്രസ്തുത ചടങ്ങിൽ എല്ലാ നിയമസഭാ സാമാജികരും പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഇതിൽ പങ്കെടുക്കുന്നതിന് എം.എൽ.എ. ഹോസ്റ്റലിൽ നിന്ന് വൈകുന്നേരം 6.45-നും തിരിച്ചുപോകുന്നതിനും വാഹനം ഏർപ്പാട് ചെയ്തിട്ടുണ്ട്.

## VIII പ്രത്യേക പരാമർശം

### ശ്രീ. കെ. ബി. ഗണേഷ് കുമാർ, എം.എൽ.എ ഉന്നയിച്ച ആരോപണങ്ങൾ സംബന്ധിച്ച്

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്യുതാനന്ദൻ) : സർ, അങ്ങ് ഇല്ലാതിരുന്ന സന്ദർഭത്തിൽ, പാനൽ ഓഫ് ചെയർമാൻ അദ്ധ്യക്ഷത വഹിച്ച അവസരത്തിൽ ഇവിടെ ഭരണകക്ഷിയിലെ ഒരംഗം അഴിമതിയെ സംബന്ധിച്ച് ഉന്നയിച്ചു. അതുസംബന്ധിച്ച് മുഖ്യമന്ത്രിക്ക് പരാതി അയച്ചിരുന്നു, സഭയിലെ അംഗങ്ങളടങ്ങുന്ന ഒരു അന്വേഷണ സമിതി ഇതേപ്പറ്റി അന്വേഷിക്കാൻ തയ്യാറാകണമെന്നാണ് അദ്ദേഹം ആവശ്യപ്പെട്ടത്. ഇന്ന് ലോക അഴിമതിവിരുദ്ധ ദിനമാണ്. അതുസംബന്ധിച്ച് എല്ലാ മന്ത്രിമാരുടെയും ഓഫീസുകളിൽ ഉദ്യോഗസ്ഥരെല്ലാം കൂടി പ്രതിജ്ഞ ചെയ്യുന്ന വിവരം അറിയാൻ കഴിഞ്ഞു. ഈ കാര്യത്തെ സംബന്ധിച്ച് ഭരണകക്ഷി അംഗമായ ശ്രീ. കെ. ബി. ഗണേഷ് കുമാറിനുണ്ടായ അനുഭവങ്ങൾ കുറച്ചുമുമ്പ് ഇവിടെ വിവരിച്ചു. തെളിവ് സഹിതം അദ്ദേഹം പറയുകയുണ്ടായി. അതേക്കുറിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അഭിപ്രായമെന്താണ് ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : അദ്ദേഹം ഉന്നയിച്ചു. മന്ത്രി അത് നിഷേധിച്ചു. ഇനി അതുസംബന്ധിച്ച് പരിശോധിച്ചുമാത്രമേ ഗവൺമെന്റിന് പറയാൻ സാധിക്കുകയുള്ളൂ. അത് പരിശോധിക്കും. അതിനുശേഷം അത് സംബന്ധിച്ചുള്ള തീരുമാനമെടുക്കും. ...........(ബഹളം)............

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : ഒരു നിയമസഭാ കമ്മിറ്റിയെക്കൊണ്ട് അന്വേഷിപ്പിക്കണം. ...... (ബഹളം)............

മി. ഡെപ്യൂട്ടി സ്പീക്കർ:...........(ബഹളം)............ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് അത് ഉന്നയിച്ചു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ അതിന് മറുപടിയും പറഞ്ഞു. ഇനി അതിനെപ്പറ്റി ചർച്ചയില്ല.........(ബഹളം)......ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ, ബഹുമാനപ്പെട്ട അംഗങ്ങൾ ഒരു കാര്യം മനസ്സിലാക്കണം, നിയമസഭാ വേദിയിൽ ഒരടിസ്ഥാനവുമില്ലാതെ ഏത് ആരോപണവും ഉന്നയിക്കാമെന്നാണോ ധരിക്കുന്നത്; അത് ശരിയല്ല. ആവശ്യത്തിൽക്കൂടുതൽ പബ്ലിസിറ്റി കിട്ടുന്നുവെന്ന് പറഞ്ഞ് ഒരടിസ്ഥാനവുമില്ലാത്ത ആരോപണം നിയമസഭാ വേദികളിൽ ഉന്നയിക്കുന്നത് ശരിയല്ല. അത് അനുവദിക്കാൻ സാദ്ധ്യമല്ല. യെസ്...യെസ്.....(ബഹളം)......

(ഗവൺമെന്റ് നടപടിയിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസ്സിനുമുന്നിൽവന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

12.20 PM]

## IX നിയമനിർമ്മാണകാര്യം

### സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2014-ലെ കേരള മാരിടൈം ബോർഡ് ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം

മി. ഡെപ്യൂട്ടി സ്പീക്കർ : ബഹുമാനപ്പെട്ട മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രിക്ക് സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2014-ലെ കേരള മാരിടൈം ബോർഡ് ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) : സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2014-ലെ കേരള മാരിടൈം ബോർഡ് ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ

അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

(പ്രതിപക്ഷാംഗങ്ങൾ മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തി കൊണ്ടിരുന്നു.)

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, കേരളത്തിൽ സമ്പന്നമായ ഒരു തുറമുഖ സംസ്കാരം ചരിത്രാതീത കാലം മുതൽ നമുക്ക് ഉണ്ടായിരുന്നു. എന്നാൽ കേരളത്തിലെ തുറുമുഖങ്ങളുടെ സാദ്ധ്യത പിന്നീട് പ്രയോജനപ്പെടുത്താൻ സാധിക്കാതെ പോയിട്ടുണ്ട്. അതുകൊണ്ട് കേരളത്തിലെ തുറമുഖങ്ങളുടെ സാദ്ധ്യതകൾ വീണ്ടെടുക്കുന്നതിനുള്ള ലക്ഷ്യം വച്ചുകൊണ്ട് കൂടുതൽ സാമ്പത്തിക സ്വാതന്ത്ര്യത്തോടുകൂടി, പ്രവർത്തന സ്വാതന്ത്ര്യത്തോടുകൂടി പ്രവർത്തിക്കത്തക്ക വിധത്തിലാണ് മാരിടൈം ബോർഡ് ബിൽ രൂപീകരിക്കാൻ തീരുമാനിച്ചത്. കേരളത്തിലെ തുറമുഖങ്ങൾക്ക് ഇന്നുള്ള അനന്തസാധ്യതകൾ രാജ്യത്തിനും ജനങ്ങൾക്കും ഗുണകരമായ തരത്തിൽ ഉപയോഗപ്പെടുത്തേണ്ടതുണ്ട്. അന്താരാഷ്ട്ര കപ്പൽ ചാലുമായുള്ള കേരളത്തിന്റെ ഭൂമിശാസ്ത്രപരമായ സാമീപ്യം നമുക്ക് പ്രതീക്ഷ നൽകുന്നു. ആഗോളവൽക്കരണത്തിന്റെ ഫലമായി അന്താരാഷ്ട്ര ചരക്ക് നീക്കത്തിന്റെ തോത് ഗണ്യമായി വർദ്ധിച്ച പശ്ചാത്തലത്തിൽ തുറമുഖങ്ങളുടെ പ്രാധാന്യം ഏറെ ഉയർന്നിരിക്കുകയാണ്. ലോകത്തെ ചരക്കു നീക്കത്തിന്റെ 90 ശതമാനവും കൈകാര്യം ചെയ്യുന്നത് കടൽമാർഗ്ഗമാണെന്നാണ് കണക്കുകൾ. ഇന്ത്യയുടെ ചരക്കുനീക്കമാണെങ്കിൽ അളവിന്റെ 95 ശതമാനവും മൂല്യത്തിന്റെ 70 ശതമാനവും കൈകാര്യം ചെയ്യുന്നത് 12 മേജർ തുറമുഖങ്ങളും 200-ഓളം വരുന്ന ചെറുതുറമുഖങ്ങളുമാണ്. രാജ്യത്തെ തുറമുഖങ്ങൾ വഴിയുള്ള ചരക്കുഗതാഗതം വരുംകാലങ്ങളിൽ വൻതോതിൽ വർദ്ധിക്കുമെന്നാണ് ഇപ്പോൾ കണക്കാക്കപ്പെട്ടിരിക്കുന്നത്. ഈ പശ്ചാത്തലത്തിൽ കേരളത്തിന്റെ 595 കിലോമീറ്റർ ദൈർഘ്യമുള്ള തീരദേശത്ത്, തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ, 3 ഇടത്തരം തുറമുഖങ്ങൾ ഉൾപ്പെടെ, 17 തുറമുഖങ്ങൾക്ക് വർദ്ധിച്ച പ്രാധാന്യമാണുള്ളത്. കഴിഞ്ഞ 3 വർഷത്തിനുള്ളിൽ തുറമുഖ വികസനത്തിനായി ഈ സർക്കാർ 119.52 കോടി രൂപ ചെലവഴിച്ചുകൊണ്ട് ഈ മേഖലയ്ക്ക് ഊന്നൽ നൽകിവരികയാണ്.

ചെറുകിട തുറമുഖങ്ങളുടെ നിർമ്മാണം, പ്രവർത്തനം, പരിപാലനം, പരിരക്ഷ

തുടങ്ങിയവയും ഇന്ത്യൻ തുറമുഖ ചട്ടങ്ങൾ മൂലം നിക്ഷിപ്തമായ കർത്തവ്യങ്ങളും, കപ്പൽ മന്ത്രാലയത്തിന്റെയും കപ്പൽ ഗതാഗത വകുപ്പിന്റെയും മറ്റും നിയമങ്ങൾ നടപ്പിലാക്കൽ, വിവിധ തരത്തിലുള്ള ജലവാഹനങ്ങളിലെ ജീവനക്കാരുടെ യോഗ്യത നിർണ്ണയിച്ച് പരിശീലനവും സർട്ടിഫിക്കറ്റുകളും നൽകൽ, വാണിജ്യവും നിയമപരവുമായ ചുമതലകൾ നിർവ്വഹിക്കൽ എന്നിവ ഇപ്പോൾ നിർവ്വഹിക്കുന്നത് തുറമുഖ വകുപ്പ്, കേരള സംസ്ഥാന മാരിടൈം വികസന കോർപ്പറേഷൻ, കേരള സംസ്ഥാന മാരിടൈം സൊസൈറ്റി എന്നിവയാണ്. ഈ സ്ഥാപനങ്ങൾ തമ്മിലുള്ള ഏകോപനത്തിൽ അപര്യാപ്തതയുള്ളതിനാൽ ത്വരിതഗതിയിലുള്ള വികസന പ്രവർത്തനത്തിന് തടസ്സം സൃഷ്ടിക്കുന്നുണ്ട്. വകുപ്പുകളേയും സ്ഥാപനങ്ങളേയും ഇതര ഏജൻസികളേയും ഏകോപിപ്പിച്ച് മാരിടൈം പ്രവർത്തനങ്ങളുടെ നിർവ്വഹണത്തിനും നിയന്ത്രണത്തിനും നടത്തിപ്പിനുമായി ഒരു മാരിടൈം ബോർഡ് രൂപീകരിക്കുന്ന തിനാണ് ഈ നിയമ നിർമ്മാണം വഴി ഉദ്ദേശിക്കുന്നത്.

മാരിടൈം ബോർഡിന് സർക്കാർ വകുപ്പുകളേക്കാൾ കൂടുതൽ സാമ്പത്തിക സ്വാതന്ത്ര്യം ഉണ്ടായിരിക്കും. അതിനാൽ കൂടുതൽ വേഗതയിൽ തീരുമാനങ്ങൾ കൈക്കൊള്ളാൻ കഴിയും. കൂടാതെ കേന്ദ്ര ഫണ്ടുകളും ഗ്രാന്റുകളും യഥാസമയം ലഭ്യമാക്കി തുറമുഖ വികസനം ത്വരിതപ്പെടുത്തുന്നതിന് സഹായിക്കും. ഈ മേഖലയിലെ എല്ലാ സ്ഥാപനങ്ങളെയും ഡിപ്പാർട്ടുമെന്റുകളേയും ഏകോപിപ്പിച്ച് പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനുള്ള അധികാരവും മാരിടൈം ബോർഡിനുണ്ടായിരിക്കും. മഹാരാഷ്ട്ര, തമിഴ്നാട്, ഗുജറാത്ത് എന്നീ സംസ്ഥാനങ്ങളിൽ മാരിടൈം ബോർഡുകൾ രൂപീകരിച്ചിട്ടുണ്ട്. 'മാരിടൈം സംസ്ഥാന വികസന കൗൺസിൽ' സംസ്ഥാനത്ത് മാരിടൈം ബോർഡ് രൂപീകരിക്കണമെന്ന് ശിപാർശ ചെയ്തിട്ടുണ്ട്. അതുപോലെ സംസ്ഥാനത്തെ തീരദേശ സുരക്ഷയും ഗൗരവമേറിയ കാര്യമാണ്. തുറമുഖങ്ങളിലെ പ്രവർത്തനങ്ങളും തീരദേശ സുരക്ഷയും ഏകോപിപ്പിച്ച് നടപ്പിലാക്കാൻ സംസ്ഥാന മാരിടൈം ബോർഡ് രൂപീകരിക്കുന്നതോടെ സാധ്യമാകും. ഇതിനായി ഇന്ത്യൻ നേവി, തീരദേശ സംരക്ഷണ സേന തുടങ്ങിയവയുടെ പ്രാതിനിധ്യം മാരിടൈം ബോർഡിൽ ഉറപ്പാക്കിയിട്ടുണ്ട്.

പ്രാരംഭ നടപടിയെന്ന നിലയിൽ തുറമുഖ വകുപ്പ്, കേരള സംസ്ഥാന മാരിടൈം വികസന കോർപ്പറേഷൻ, കേരള സംസ്ഥാന മാരിടൈം സൊസൈറ്റി എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ടാണ് മാരിടൈം ബോർഡ് രൂപീകരിക്കുന്നത്.

സംസ്ഥാനത്തെ 17 ചെറുകിട തുറമുഖങ്ങളുടെ സമഗ്രവികസനം ലക്ഷ്യമിട്ടു കൊണ്ടുള്ള ഭരണ സംവിധാനമാണ് മാരിടൈം ബോർഡ്. നിലവിൽ ഈ സ്ഥാപനങ്ങളും വകുപ്പുകളും നിർവ്വഹിച്ചുപോരുന്ന എല്ലാ പ്രവർത്തികളും സംസ്ഥാന മാരിടൈം ബോർഡിന് കീഴിൽ വരും. കാര്യക്ഷമമായ പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പാക്കുന്നതിന് തീരുമാനങ്ങൾക്ക് വേഗത വേണം. സമഗ്രപദ്ധതികൾ നടപ്പിലാക്കുന്നതിന് ആവശ്യമായ ഫണ്ടും ഉറപ്പാക്കേണ്ടതുണ്ട്. ഭരണപരമായ Autonomy-യും സാമ്പത്തിക self sufficiency-യും ഉറപ്പാക്കുന്നതിന് അനുയോജ്യമായ ഒരു ഉന്നതാധികാര ഭരണ സംവിധാനമായിട്ടാണ് മാരിടൈം ബോർഡിന് രൂപം നൽകിയിട്ടുള്ളത്.

ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയർമാനായിട്ടുള്ള ഈ ബോർഡിൽ അംഗങ്ങളായി തുറമുഖം, ജലവിഭവം, ഗതാഗതം എന്നീ വകുപ്പുമന്ത്രിമാരുമുണ്ടാകും. ചീഫ് സെക്രട്ടറി അടക്കമുള്ള വിവിധ വകുപ്പ് സെക്രട്ടറിമാർ, കേന്ദ്ര ഷിപ്പിംഗ് മന്ത്രാലയം, കോസ്റ്റ് ഗാർഡ്, ഇന്ത്യൻ നേവി എന്നിവരുടെ പ്രതിനിധികളും, കൊച്ചിൻ പോർട്ട് ട്രസ്റ്റിന്റെ ചെയർമാനും, VISL-ന്റെ CEO-യും ഉൾപ്പെടെ 16 അംഗങ്ങൾ ഉൾപ്പെടുന്നതാണ് മാരിടൈം ബോർഡ്. ബോർഡ് രൂപീകരിക്കുന്നതോടെ തുറമുഖ വകുപ്പിൽ നിലവിലുള്ള ജീവനക്കാർ ബോർഡിന്റെ ജീവനക്കാരാകും.

സംസ്ഥാന ബഡ്ജറ്റിനെ പൂർണ്ണമായും depend ചെയ്യാതെ പൊതു വിപണിയിൽനിന്ന് കടമെടുക്കാൻ ഈ ബോർഡിന് സ്വാതന്ത്ര്യം നൽകുന്നതാണ്. അന്താരാഷ്ട്ര ഏജൻസികളിൽനിന്നും സാങ്കേതിക-സാമ്പത്തിക സഹായം നേടാനുള്ള അധികാരവും ബോർഡിനുണ്ടായിരിക്കും.

കപ്പലുകൾ അടുക്കുന്നതിനും ചരക്ക് ഇറക്കുന്നതിനുമുള്ള വാർഫ്, പിയർ, ആങ്കറേജ് മുതലായവ നിർണ്ണയിക്കുന്നതിനുള്ള അധികാരം ബോർഡിനുണ്ടാകും. നിലവിൽ തുറമുഖങ്ങളിൽ നൽകിക്കൊണ്ടിരിക്കുന്ന സർവ്വീസുകൾ തുടർന്നും നൽകുന്നതിനുള്ള അധികാരം ബോർഡിനായിരിക്കും. തുറമുഖത്ത് നൽകുന്ന സേവനങ്ങളുടെ നിരക്ക് നിശ്ചയിക്കുന്നതിന് ചാപ്റ്റർ 7-ലെ വ്യവസ്ഥകൾ പ്രകാരം ബോർഡിന് അധികാരം നൽകുന്നു. എന്നാൽ സർക്കാരിന് പ്രസ്തുത നിരക്കുകളിൽ ഇളവ് നൽകുന്നതിനോ ഒഴിവാക്കുന്നതിനോ അധികാരമുണ്ടാകും. ബോർഡിന് ലഭിക്കുന്ന വരവുകൾ സംബന്ധിച്ച വിശദാംശങ്ങൾ ചാപ്റ്റർ 9-ൽ പ്രതിപാദിക്കുന്നു. ബോർഡിന് ഒരു ജനറൽ ഫണ്ട് ഉണ്ടായിരിക്കുന്നതാണ്. ചെറുകിട തുറമുഖങ്ങളുടെ വികസനവും പ്രവർത്തനവും സംബന്ധിച്ച് പോർട്ടിന്റെ പ്രവർത്തനത്തിലുണ്ടാകുന്ന

പ്രശ്നങ്ങൾ പരിഹരിക്കുന്നതിലേക്കായി ബോർഡിന് ഉപദേശം നൽകുന്നതിനായി വാണിജ്യ-വ്യാപാര-ഷിപ്പിംഗ് തുടങ്ങിയ മേഖലകളിലെ പ്രതിനിധികളെ ഉൾപ്പെടുത്തി ഒരു പോർട്ട് കൺസൾട്ടേറ്റീവ് കമ്മിറ്റി രൂപീകരിക്കുന്നതിന് ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. പോർട്ടിന്റെ ദൈനംദിന പ്രവർത്തനങ്ങളിലുണ്ടാകുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്ത് പരിഹരിക്കുന്നതിനായി ഓരോ പോർട്ടിലും തുറമുഖ ഓഫീസർ ചെയർമാനായി ഓരോ പ്രാദേശിക ഉപദേശക സമിതി രൂപീകരിക്കുന്നതിന് ബില്ലിലെ വ്യവസ്ഥകൾ പ്രകാരം സർക്കാരിന് അധികാരം നൽകുന്നു.

മാരിടൈം ബോർഡ് രൂപീകരിക്കുന്നതിനായുള്ള കരട് പ്രസിഡന്റിന്റെ അംഗീകാരത്തിന് അയയ്ക്കുകയുണ്ടായി. പ്രസിഡന്റിന്റെ അംഗീകാരം ലഭിച്ചതിനെ തുടർന്ന് ഓർഡിനൻസായി പുറപ്പെടുവിച്ചിരുന്നു. ഈ ബിൽ 4-12-2014-ലെ സബ്ജക്ട് കമ്മിറ്റിയിൽ വിശദമായി പരിശോധിച്ച് നിർദ്ദേശിച്ച ചില ഭേദഗതികൾ ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 16-ഉം 17-ഉം വകുപ്പുകളിൽ നടത്തിയ ഭേദഗതികൾ ആവശ്യമില്ലാത്തതിനാൽ അപ്രകാരം ഭേദഗതി വരുത്തേണ്ടതില്ലെന്ന് നിയമ വകുപ്പ് ഉപദേശിച്ചിട്ടുണ്ട്. ഈ ബിൽ നിയമമാക്കുന്നതിന് എല്ലാ ബഹുമാന്യ അംഗങ്ങളുടേയും സഹകരണം അഭ്യർത്ഥിക്കുന്നു.

(പ്രതിപക്ഷാംഗങ്ങൾ സീറ്റിൽ ഇല്ലാതിരുന്നതിനാൽ വിയോജനക്കുറിപ്പ് നൽകിയിരുന്ന അംഗങ്ങൾ സംസാരിച്ചില്ല.)

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. ബെന്നി ബെഹനാൻ, അങ്ങേക്ക് 1 (എ) ഭേദഗതി അവതരിപ്പിക്കാവുന്നതാണ്.

ശ്രീ. ബെന്നി ബെഹനാൻ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2014-ലെ കേരള മാരിടൈം ബോർഡ് ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഈ ബില്ലിന്റെ പ്രസക്തിയും അതിന്റെ പ്രാധാന്യവും കണക്കിലെടുത്താൽ വളരെ പ്രയോജനകരമാണ്. നേരത്തേ മറ്റുസംസ്ഥാനങ്ങളിലെല്ലാം മാരിടൈം ബോർഡ് രൂപീകരിച്ചിരിച്ചിട്ടുണ്ട്. ആ സംസ്ഥാനങ്ങളിലെ ബില്ലുകൾ പരിശോധിച്ചാൽ നമുക്കറിയാം, മാരിടൈം സെക്ടർ മുഴുവനുമുണ്ട്. പോർട്ട് മാത്രമല്ല, ഫിഷറീസ്, ഇൻലാൻഡ് വാട്ടർ, ഹാർബർ എഞ്ചിനീയറിംഗ്, ഹൈഡ്രോഗ്രാഫിക് സർവ്വേ വിംഗ് എന്നിവയുണ്ട്. ഇതെല്ലാം കൂടി ഉൾപ്പെടുത്തി ഈ ബിൽ വിപുലപ്പെടുത്തണമെന്നാണ് എനിക്ക് നിർദ്ദേശിക്കാനുള്ളത്. ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

(പ്രതിപക്ഷാംഗങ്ങൾ മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തി കൊണ്ടിരുന്നു.)

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2014-ലെ കേരള മാരിടൈം ബോർഡ് ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഈ ബില്ലിനെ ഞാൻ സ്വാഗതം ചെയ്യുകയാണ്. കുറേക്കൂടി വ്യക്തത ചില കാര്യങ്ങളിൽ വരേണ്ടതായിട്ടുണ്ട്. ഏതായാലും ഒരു മാരിടൈം സ്റ്റേറ്റ് എന്ന നിലയ്ക്ക് മറ്റു സംസ്ഥാനങ്ങളുടെ രീതിയിലുള്ള നിയമനിർമ്മാണമാണ് ഇവിടെ വന്നിരിക്കുന്നത്. ഇതിനകത്ത് ഫിഷറീസ് സെക്ടർ ഫിഷിംഗ് ഹാർബറിൽ കൊണ്ടുവരാൻ പാടില്ല എന്ന അഭിപ്രായം എനിക്കുണ്ട്. അതുപോലെ തന്നെ പോർട്ടുകളുടെ വികസനത്തിന് എങ്ങനെയാണ് ഫണ്ട് രൂപീകരിക്കുന്നത് എന്നതിനെക്കുറിച്ചും വ്യക്തതയുണ്ടാകണം. അതുപോലെ തന്നെ വികസിപ്പിക്കാവുന്ന മറ്റൊരു സെക്ടറാണ് ക്രൂയിസിംഗ്. യാത്രാക്കപ്പലുകൾ വിദേശത്തു നിന്നും വരുന്നുണ്ട്, ഇന്ത്യയ്ക്കകത്തുനിന്നും വരുന്നുണ്ട്. പോർട്ടുകളുടെ വികസനത്തിന് അടിസ്ഥാനപരമായി ഫണ്ട് കണ്ടെത്താനും യാത്രാക്കപ്പലുകൾ കൂടി ഈ ചരക്കുകപ്പലുകളുടെ കൂടെത്തന്നെ നമ്മുടെ തുറമുഖങ്ങളിൽ അടുപ്പിക്കാനുമുള്ള ഒരു പ്രൊവിഷൻ കൂടി ഈ ബില്ലിൻ, ഉണ്ടാകണം. തീർച്ചയായും നല്ല നിർദ്ദേശങ്ങൾ വരുമ്പോൾ അംഗീകരിക്കാൻ അങ്ങ് തയ്യാറാകണമെന്ന് പറഞ്ഞുകൊണ്ട് ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുകയാണ്.

(പ്രതിപക്ഷ ബഹളത്തെത്തുടർന്ന് പ്രസ്തുത ബില്ലിന്റെ അനന്തരഘട്ടങ്ങൾ പൂർത്തീകരിച്ചില്ല)

മി. ഡെപ്യൂട്ടി സ്പീക്കർ: ഇന്നത്തെ സഭാനടപടികളെല്ലാം പൂർത്തിയായി.

ഓർഡർ.... .ഓർഡർ...സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2014 ഡിസംബർ മാസം 10-ാം തീയതി രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 12.30-ന് പിരിഞ്ഞു.)